# കേരള നിയമസഭാ നടപടികൾ

## പതിനഞ്ചാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

2022 ജൂലൈ 21, വ്യാഴം

# ഔദ്യോഗിക റിപ്പോർട്ട്

വാല്യം 188 - നമ്പർ 15

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

# കേരള നിയമസഭാ നടപടികൾ

## പതിനഞ്ചാം കേരള നിയമസഭ

### അഞ്ചാം സമ്മേളനം

2022 ജൂലൈ 21, വ്യാഴം

സ്പീക്കർ
ശ്രീ. എം. ബി. രാജേഷ്

ഡെപ്യൂട്ടി സ്പീക്കർ
ശ്രീ. ചിറ്റയം ഗോപകുമാർ

സെക്രട്ടറി-ഇൻ-ചാർജ്ജ്
ശ്രീമതി കവിത ഉണ്ണിത്താൻ

ചീഫ് എഡിറ്റർ
ശ്രീമതി എസ്. ജയശ്രീ

എഡിറ്റിംഗ് ബ്രാഞ്ച്
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

# മന്ത്രിസഭാംഗങ്ങൾ

| | | |
|---|---|---|
| മുഖ്യമന്ത്രി | : | ശ്രീ. പിണറായി വിജയൻ |
| മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി | : | ശ്രീ. വി. അബ്ദുറഹിമാൻ |
| തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പുമന്ത്രി | : | ശ്രീ. അഹമ്മദ് ദേവർകോവിൽ |
| ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി | : | ശ്രീ. ജി. ആർ. അനിൽ |
| ഗതാഗത വകുപ്പുമന്ത്രി | : | ശ്രീ. ആന്റണി രാജു |
| ധനകാര്യ വകുപ്പുമന്ത്രി | : | ശ്രീ. കെ. എൻ. ബാലഗോപാൽ |
| ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി | : | ഡോ. ആർ. ബിന്ദു |
| മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി | : | ശ്രീമതി ജെ. ചിഞ്ചുറാണി |
| തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി | : | ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ |
| വൈദ്യുതി വകുപ്പുമന്ത്രി | : | ശ്രീ. കെ. കൃഷ്ണൻകുട്ടി |
| പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി | : | ശ്രീ. പി. എ. മുഹമ്മദ് റിയാസ് |
| കൃഷി വകുപ്പുമന്ത്രി | : | ശ്രീ. പി. പ്രസാദ് |
| പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി | : | ശ്രീ. കെ. രാധാകൃഷ്ണൻ |
| റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി | : | ശ്രീ. കെ. രാജൻ |
| നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി | : | ശ്രീ. പി. രാജീവ് |
| ജലവിഭവ വകുപ്പുമന്ത്രി | : | ശ്രീ. റോഷി അഗസ്റ്റിൻ |
| വനം-വന്യജീവി വകുപ്പുമന്ത്രി | : | ശ്രീ. എ. കെ. ശശീന്ദ്രൻ |
| പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി | : | ശ്രീ. വി. ശിവൻകുട്ടി |
| സഹകരണ-രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പുമന്ത്രി | : | ശ്രീ. വി. എൻ. വാസവൻ |
| ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി | : | ശ്രീമതി വീണാ ജോർജ് |

# ഉള്ളടക്കം


പേജ്

**I ചോദ്യോത്തരങ്ങൾ**

1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ

2. അടിയന്തര ചോദ്യം ...

3. രേഖാമൂലം നൽകിയ ഉത്തരങ്ങൾ ...

(i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ ...

(ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ ...

**II ചരമോപചാരം**

ടി. ശിവദാസമേനോൻ, പി. രാഘവൻ, പി. ഗോപിനാഥൻ നായർ എന്നിവരുടെ നിര്യാണം ...

**III അടിയന്തരപ്രമേയം**

കർഷക സമൂഹം നേരിടുന്ന പ്രതിസന്ധി ...
- ശ്രീ. ടി. സിദ്ദിഖ്
(അവതരണാനുമതി നിഷേധിച്ചു)

**IV ശ്രദ്ധ ക്ഷണിക്കൽ**

(1) നേമം റെയിൽവേ ടെർമിനൽ പദ്ധതി
- ശ്രീ. ഐ. ബി. സതീഷ് ...

(2) ആശ്വാസകിരണം, സ്നേഹസ്പർശം, വി-കെയർ പദ്ധതി ഗുണഭോക്താക്കൾക്ക് സാമ്പത്തിക സഹായം
- ശ്രീ. സജീവ് ജോസഫ് ...

## V സബ്മിഷൻ

(1) സ്വർണ്ണക്കള്ളക്കടത്ത് കേസ്
- പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ) ...

(2) സബ്കനാലുകളുടെയും ഫീൽഡ് ചാലുകളുടെയും നവീകരണം
- ശ്രീ. കെ. ഡി. പ്രസേനൻ ...

(3) കണ്ണമാലിയിൽ വില്ലേജ് ഓഫീസ്
- ശ്രീ. കെ. ജെ. മാക്സി ...

(4) കഴക്കൂട്ടം സിവറേജ് പദ്ധതി
- ശ്രീ. കടകംപള്ളി സുരേന്ദ്രൻ ...

(5) കോതമംഗലത്ത് പ്രകൃതിക്ഷോഭംമൂലമുള്ള നാശനഷ്ടം
- ശ്രീ. ആന്റണി ജോൺ ...

## VI ചട്ടം 300 അനുസരിച്ചുള്ള പ്രസ്താവന

സംസ്ഥാന താൽപ്പര്യങ്ങൾ സംരക്ഷിക്കേണ്ടതിന്റെ ആവശ്യകത
- ധനകാര്യ വകുപ്പുമന്ത്രി
(ശ്രീ. കെ. എൻ. ബാലഗോപാൽ) ...

## VII ഗവൺമെന്റ് പ്രമേയം

അർഹരായ മുഴുവൻ ജനങ്ങളെയും റേഷൻ സമ്പ്രദായത്തിൽ ഉൾപ്പെടുത്താൻ നടപടി
- ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി ...
(ശ്രീ. ജി. ആർ. അനിൽ)

## VIII നിയമനിർമ്മാണകാര്യം

താഴെപ്പറയുന്ന ബില്ലുകളുടെ അവതരണവും അനന്തരഘട്ടങ്ങളും

(1) 2022-ലെ കേരള ധനവിനിയോഗ (7-ാം നമ്പർ) ബിൽ ...

(2) 2022-ലെ കേരള ധനവിനിയോഗ (8-ാം നമ്പർ) ബിൽ ...

## IX അവകാശലംഘന പ്രശ്നങ്ങൾ

1. പരിഗണനയിലിരിക്കുന്നവ

2. അനുമതി നിഷേധിച്ചവ

## X പ്രമേയം

സഭ അനിശ്ചിതകാലത്തേയ്ക്ക് പിരിയുന്നത് സംബന്ധിച്ച്
- മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ)

## XI അവലോകനം

**അനുബന്ധം**

# കേരള നിയമസഭാ നടപടികൾ

## പതിനഞ്ചാം കേരള നിയമസഭ

### അഞ്ചാം സമ്മേളനം

2022 ജൂലൈ 21, വ്യാഴം

---

വാല്യം 188}　　　ഔദ്യോഗിക റിപ്പോർട്ട്　　　{നമ്പർ 15

---

നിയമസഭ 2022 ജൂലൈ മാസം 21-ാം തീയതി വ്യാഴാഴ്ച രാവിലെ 09.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എം. ബി. രാജേഷിന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

**I ചോദ്യോത്തരങ്ങൾ**

(ഈ സമ്മേളനകാലത്തിലേയ്ക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

**1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ**

മി. സ്പീക്കർ: ഓർഡർ...... ഓർഡർ..... (ചോദ്യം നമ്പർ *421)

ഉന്നത വിദ്യാഭ്യാസ മേഖലയുടെ ശാക്തീകരണം

1 (*421) ശ്രീ. ആന്റണി ജോൺ:
ശ്രീ. കടകംപള്ളി സുരേന്ദ്രൻ:
ശ്രീ. എച്ച്. സലാം:
ശ്രീ. കെ. പ്രേംകുമാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉന്നത വിദ്യാഭ്യാസ മേഖലയുടെ ശാക്തീകരണത്തിനായി പുതുതായി തൊണ്ണൂറ്റിയാറ് കോടിയിൽപരം രൂപയുടെ പദ്ധതികൾക്ക് തുടക്കം കുറിച്ചിട്ടുണ്ടോ; എങ്കിൽ അവ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) പഠനം വിലയിരുത്തൽ, പരീക്ഷ എന്നിവയ്ക്ക് ഓപ്പൺ സോഴ്സ് ലേണിംഗ് മാനേജ്മെന്റ് സിസ്റ്റമായ മോഡ്യുലാർ ഒബ്ജക്ട് ഓറിയന്റഡ് ഡൈനാമിക് ലേണിംഗ് എൻവയോൺമെന്റ് പ്രയോജനപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ ഇതിന്റെ നേട്ടങ്ങൾ എന്തെല്ലാമെന്ന് അറിയിക്കാമോ;

(സി) സർവ്വകലാശാലകൾക്ക് യു.ജി.സി. സൗജന്യമായി നൽകിവന്നിരുന്ന ഇ-ജേണൽ നിർത്തലാക്കിയ സാഹചര്യത്തിൽ

ഗവേഷണത്തിന് സഹായകരമാകുന്നതിന് സംസ്ഥാന സർക്കാർ ഇ-ജേണൽ കൺസോർഷ്യം ആരംഭിച്ചിട്ടുണ്ടോ?

ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു): സർ,

(എ) സംസ്ഥാനത്തെ ഉന്നതവിദ്യാഭ്യാസ രംഗത്ത് ബൃഹത്തായ മാറ്റങ്ങൾ കൊണ്ടുവരുന്നതിന് 21.05.2022-ലെ 747/2022-ാം നമ്പർ സർക്കാർ ഉത്തരവുപ്രകാരം താഴെപ്പറയുന്ന സമഗ്ര പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്.

- ഇ-ജേർണൽ കൺസോർഷ്യം.
- ബ്രെയിൻ ഗെയിൻ (ലോകമെമ്പാടുമുള്ള കേരളീയ അക്കാദമിക് ഡയസ്പോറയെ കുറിച്ചുള്ള ഡാറ്റാബേസ്).
- സ്റ്റേറ്റ് അസ്സെസ്മെന്റ് ആന്റ് അക്രെഡിറ്റേഷൻ സെന്റർ (SAAC).
- ഡിജികോൾ.
- കേരള അക്കാദമിക് ലൈബ്രറി നെറ്റ്‌വർക്കിന്റെ (കാൽനെറ്റ്) വികസനം.
- ചീഫ് മിനിസ്റ്റേഴ്സ് നവകേരള പോസ്റ്റ് ഡോക്ടറൽ ഫെലോഷിപ്പ്.

- കേരള ഇൻസ്റ്റിറ്റ്യൂഷണൽ റാങ്കിംഗ് ഫ്രെയിംവർക്ക് (KIRF).
- അദ്ധ്യാപക പരിശീലന പദ്ധതി.
- ഓൺലൈൻ ഡിജിറ്റൽ ശേഖരം.
- എറുഡൈറ്റ് സ്കോളർ-ഇൻ-റെസിഡൻസ് പ്രോഗ്രാം.
- കോളേജുകളുടെ ക്ലസ്റ്റർ പദ്ധതി
- കാസർഗോഡ്, കണ്ണൂർ, പാലക്കാട് എന്നിവിടങ്ങളിൽ പുതിയ ക്ലസ്റ്റർ
- ഉന്നതവിദ്യാഭ്യാസ സർവ്വേ.

(ബി) കേരളത്തിലെ എല്ലാ ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളിലും ഡിജിറ്റൽ വിദ്യാഭ്യാസത്തിന് സൗകര്യമൊരുക്കാൻ ഉദ്ദേശിച്ചുകൊണ്ട് ഉന്നതവിദ്യാഭ്യാസ കൗൺസിലും ഡിജിറ്റൽ സർവ്വകലാശാലയും സംയുക്തമായി ആവിഷ്കരിച്ച് സമർപ്പിച്ച പദ്ധതിയാണ് 'ഡിജിറ്റൽ എനേബിൾമെന്റ് ഓഫ് ഹയർ എഡ്യൂക്കേഷൻ ഇൻസ്റ്റിറ്റ്യൂഷൻസ് ഇൻ കേരള' (Digital Enablement of Higher Education Institutions in Kerala). 'Let's go digital' എന്നാണ് പദ്ധതിയെ നാമകരണം ചെയ്തിരിക്കുന്നത്. കേരളത്തിലെ മുഴുവൻ ഉന്നതവിദ്യാഭ്യാസ

സ്ഥാപനങ്ങളിലേയും അദ്ധ്യയനം (Teaching), പഠനം (Learning), വിലയിരുത്തൽ (Assessment), പരീക്ഷ (Examination) ഇവയെല്ലാം പൊതുവായ Moodle ലേണിംഗ് മാനേജ്മെന്റ് സിസ്റ്റത്തിൽ കൊണ്ടുവരികയാണ് ഡിജിറ്റൽ എനേബിൾമെന്റ് ഓഫ് ഹയർ എഡ്യൂക്കേഷൻ പദ്ധതിയിലൂടെ ഉദ്ദേശിക്കുന്നത്. LMS നടപ്പിലാക്കുന്നതിലൂടെ സംസ്ഥാനതലത്തിലും ഓരോ വിദ്യാഭ്യാസ സ്ഥാപനതലത്തിലും ആവശ്യമായ ഓൺലൈൻ പഠനസംവിധാനമാണ് വിഭാവനം ചെയ്യുന്നത്.

അതിവേഗം പ്രാവർത്തികമാക്കാൻ കഴിയുന്നതും എന്നാൽ ചെലവ് കുറഞ്ഞതുമായൊരു കേന്ദ്രീകൃത മാതൃകയാണിത്. Virtual Machine Docker Containers System (VMDCS) എന്ന ടെക്നോളജി അടിസ്ഥാനപ്പെടുത്തിയാണ് ഇത് നടപ്പിലാക്കുന്നത്. ഈ മാതൃകയ്ക്ക് പരിമിതമായ മെഷീൻ സംവിധാനം മതിയാകും. സർവ്വകലാശാലകളിലെയും കോളേജുകളിലെയും എല്ലാ വിദ്യാർത്ഥികൾക്കും അദ്ധ്യാപകർക്കും Moodle പോർട്ടൽ ലഭ്യത ഇത് ഉറപ്പാക്കുന്നു. ഓപ്പൺ സോഴ്സ് ലേണിംഗ്

സിസ്റ്റമായിട്ടുള്ള മോഡുലാർ ഒബ്ജക്ട് ഓറിയന്റഡ് ഡൈനാമിക് ലേണിംഗ് എൻവയോൺമെന്റാണിത്.

ഇതിനാവശ്യമായ സാങ്കേതികസഹായവും സെർവർ സൗകര്യവും ഡിജിറ്റൽ യൂണിവേഴ്സിറ്റി ഉന്നതവിദ്യാഭ്യാസ കൗൺസിലിന് നൽകുന്നു. ഇതുപയോഗിച്ച് ഓരോ കോളേജിനും യൂണിവേഴ്സിറ്റിക്കും അവരുടേതായ അക്കാദമിക് പ്രവർത്തനങ്ങൾ നടത്തുന്നതിനാവശ്യമായ Moodle LMS സംവിധാനം ഒരുക്കാവുന്നതാണ്. അദ്ധ്യാപകർക്ക് ആവശ്യാനുസരണം പ്രയോജനപ്പെടുത്താവുന്ന രീതിയിലാണിത് ആവിഷ്കരിച്ചിട്ടുള്ളത്.

(സി) സംസ്ഥാന സർക്കാർ ഇ-ജേണൽ കൺസോർഷ്യം ആരംഭിക്കുന്നതിനായി ഉന്നതവിദ്യാഭ്യാസ കൗൺസിലിന് അനുമതി നൽകിയിട്ടുണ്ട്. സർവ്വകലാശാലകൾക്ക് യു.ജി.സി. സൗജന്യമായി നൽകിവന്നിരുന്ന ഇ-ജേണൽ പദ്ധതി (UGC INFLIBNET) നിർത്തലാക്കിയ സാഹചര്യത്തിൽ, സംസ്ഥാനത്തെ എല്ലാ സർവ്വകലാശാലകൾക്കും ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും ഗവേഷണ പ്രവർത്തനത്തിനും മറ്റും അനിവാര്യമായ ഇ-ജേണൽ കൺസോർഷ്യം (State level E-Journal Consortium) പ്രവർത്തനക്ഷമമായിട്ടുണ്ട്. പ്രമുഖ

പ്രസാധകരുമായിട്ടുള്ള കരാർ നടപടികൾ പൂർത്തീകരിച്ച് പദ്ധതി നിലവിൽ വന്നിട്ടുണ്ട്.

ശ്രീ. ആന്റണി ജോൺ: സർ, നമ്മുടെ കുട്ടികൾക്ക് മെച്ചപ്പെട്ട വിദ്യാഭ്യാസം ഉറപ്പുവരുത്തുകയെന്നതാണ് സുപ്രധാന കാര്യം. വിദ്യാഭ്യാസത്തിനായി നീക്കിവയ്ക്കുന്ന ഓരോ രൂപയും ഭാവിയിലേയ്ക്കുള്ള നിക്ഷേപമാണെന്ന കാഴ്ചപ്പാടിൽത്തന്നെയാണ് ഒന്നാം പിണറായി വിജയൻ സർക്കാർ മുന്നോട്ടുപോയതും ഇപ്പോൾ രണ്ടാം പിണറായി സർക്കാർ മുന്നോട്ടുപോകുന്നതും. ഉന്നതവിദ്യാഭ്യാസ മേഖല മാറ്റത്തിന്റെ പാതയിലാണ്. കേരള സർവ്വകലാശാലയ്ക്ക് ലഭിച്ച ദേശീയ അംഗീകാരം കേരളത്തിന്റെ ഉന്നതവിദ്യാഭ്യാസ മേഖലയെ ലോക നിലവാരത്തിലെത്തിക്കുകയെന്ന ലക്ഷ്യത്തോടെ എൽ.ഡി.എഫ്. സർക്കാർ നടപ്പാക്കുന്ന പദ്ധതികൾക്ക് കരുത്തുപകരുന്നതാണ്. ഉന്നത വിദ്യാഭ്യാസ രംഗത്തെ ഗുണമേന്മ മെച്ചപ്പെടുത്തുന്നതിനുവേണ്ടി സംസ്ഥാനതലത്തിൽ രൂപീകൃതമായ അസെസ്സ്മെന്റ് ആന്റ് അക്രെഡിറ്റേഷൻ സെന്റർ ഏതെല്ലാം തരത്തിൽ സഹായകരമാകുമെന്ന് വിശദീകരിക്കുമോ?

ഡോ. ആർ. ബിന്ദു: സർ, സംസ്ഥാനത്തെ സർവ്വകലാശാലകളെയും കോളേജുകളെയും ഔപചാരികമായി വിലയിരുത്തുകയെന്ന ലക്ഷ്യത്തോടെയാണ് ഉന്നത വിദ്യാഭ്യാസ കൗൺസിലിനുകീഴിൽ അസെസ്സ്മെന്റ് ആന്റ് അക്രെഡിറ്റേഷൻ സെന്റർ ആരംഭിച്ചിട്ടുള്ളത്. സംസ്ഥാനത്തെ കോളേജുകളെ NAAC-ന്റെ മാതൃകയിൽ ചില മാനദണ്ഡങ്ങൾ കൂട്ടിച്ചേർത്തുകൊണ്ട് വിലയിരുത്തുകയെന്നതാണ് ഇതിലൂടെ ഉദ്ദേശിക്കുന്നത്. സംസ്ഥാനത്തെ മുഴുവൻ സർവ്വകലാശാലകളും സർക്കാർ എയ്ഡഡ് കോളേജുകളും സ്വയംഭരണ കോളേജുകളും സ്വാശ്രയ കോളേജുകളും State Assessment and Accreditation Centre (SAAC)-ന്റെ അവലോകന പരിധിയിൽ വരുന്നുണ്ട്. National Assessment and Accreditation Council (NAAC) വിഭാവനം ചെയ്തിട്ടുള്ള 5 കോർ വാല്യൂസിനുപുറമേ, social inclusiveness- സാമൂഹികമായ ഉൾച്ചേരൽ, equity and excellence- തുല്യതയും മികവും, scientific temper- ശാസ്ത്രബോധം, secular outlook- മതനിരപേക്ഷ കാഴ്ചപ്പാട് എന്നീ സംസ്ഥാനാധിഷ്ഠിത മാനദണ്ഡങ്ങൾകൂടി SAAC-ൽ സ്വീകരിച്ചിട്ടുണ്ട്. മാവേലിക്കര ബിഷപ് മൂർ കോളേജ്, ഫറൂഖ് ട്രെയിനിംഗ് കോളേജ്

എന്നിവയ്ക്ക് SAAC 'A' Grade ലഭ്യമായിട്ടുണ്ട്. കൂടുതൽ സ്ഥാപനങ്ങളെ SAAC അക്രെഡിറ്റേഷന് വിധേയമാക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇത്തരത്തിലൊരു സംവിധാനത്തിന്റെ ഭാഗമായി NAAC റാങ്കിംഗ് മെച്ചപ്പെടുത്തുന്നതിനും ദേശീയവും അന്തർദ്ദേശീയവുമായിട്ടുള്ള റാങ്കിംഗിൽ മുന്നോട്ടുവരുന്നതിനും ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് നല്കാൻ കഴിയുകയും പ്രസ്തുത മാനദണ്ഡങ്ങളെ സംബന്ധിച്ച കാഴ്ചപ്പാടുകൾ പ്രായോഗികതലത്തിൽ ആവിഷ്കരിക്കാൻ സഹായിക്കുകയും ചെയ്യാനാകുമെന്നതാണ് ഇതിന്റെ പ്രത്യേകത.

ശ്രീ. ആന്റണി ജോൺ: സർ, സർവ്വകലാശാലകൾക്കുള്ളിൽ സ്വയംഭരണാധികാരമുള്ള ഇന്റർയൂണിവേഴ്സിറ്റികളും സ്കൂളുകളും സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ടോ; പ്രസ്തുത പ്രവൃത്തിയുടെ പുരോഗതി അറിയിക്കുമോ?

ഡോ. ആർ. ബിന്ദു: സർ, ആറ് സ്ഥാപനങ്ങളെ മികവിന്റെ കേന്ദ്രങ്ങളായി തെരഞ്ഞെടുത്ത് അതുമായി ബന്ധപ്പെട്ട പ്രാരംഭ പ്രവർത്തനങ്ങളിലേയ്ക്ക് കടന്നിരിക്കുകയാണ്. തുടർന്ന് മുപ്പതോളം ഓട്ടോണമസ് ഇന്റർ യൂണിവേഴ്സിറ്റി, ഇന്റർ ഡിസിപ്ലിനറി സെന്ററുകൾ

സ്ഥാപിക്കുമെന്നാണ് പ്രഖ്യാപിച്ചിട്ടുള്ളത്. സർവ്വകലാശാലകളും ഇതര സ്ഥാപനങ്ങളും ഇതുസംബന്ധിച്ച നിർദ്ദേശങ്ങൾ സമർപ്പിച്ചിട്ടുണ്ട്. വിദഗ്ദ്ധരും പണ്ഡിതരും ബുദ്ധിജീവികളും ഉൾപ്പെടുന്ന ദേശീയാടിസ്ഥാനത്തിലുള്ള സമിതിയാണ് പ്രസ്തുത നിർദ്ദേശങ്ങൾ പരിശോധിച്ചുകൊണ്ടിരിക്കുന്നത്. നിലവിൽ 6 സ്ഥാപനങ്ങൾക്കാണ് സമിതിയുടെ അനുമതി ലഭ്യമായിട്ടുള്ളത്. പ്രസ്തുത സ്ഥാപനങ്ങളുടെ പ്രവർത്തനം ആരംഭിക്കുന്ന ഘട്ടത്തിലേയ്ക്ക് കടന്നിരിക്കുകയാണ്.

(ശ്രീ. കടകംപള്ളി സുരേന്ദ്രൻ സീറ്റിലില്ലാതിരുന്നതിനാൽ ചോദ്യം ഉന്നയിച്ചില്ല.)

ശ്രീ. എച്ച്. സലാം: സർ, കേരളത്തിന്റെ അനിവാര്യതയായി തീർന്നിരിക്കുന്ന വൈജ്ഞാനിക സമൂഹത്തിലേയ്ക്കുള്ള മാറ്റത്തിന് കാലഘട്ടത്തിനനുസരിച്ചുള്ള പുനഃസംഘടന പ്രധാനമാണ്. ഗവേഷകർക്കും വിദ്യാർത്ഥികൾക്കും അദ്ധ്യാപകർക്കും ഓൺലൈൻ ലൈബ്രറി സൗകര്യമൊരുക്കാൻ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ?

ഡോ. ആർ. ബിന്ദു: സർ, സർവ്വകലാശാലകളിലും കോളേജുകളിലുമുള്ള ലൈബ്രറികളിലെ ഡിജിറ്റൽ ശേഖരം സമാഹരിച്ചുകൊണ്ടും അവിടെ

ലഭ്യമായ റിസോഴ്സസ് പരസ്പരം ബന്ധിപ്പിച്ചുകൊണ്ടും കാൽനെറ്റ് എന്ന ഡിജിറ്റൈസ് ലൈബ്രറി സംവിധാനം ഒരുക്കുന്നതിനുള്ള നടപടികൾ പൂർത്തീകരണഘട്ടത്തിൽ എത്തിയിരിക്കുകയാണ്. സർവ്വകലാശാലകളാണ് ആദ്യഘട്ടത്തിൽ ഇതിലുൾപ്പെടുന്നത്. എല്ലാ കാറ്റലോഗുകളും ഡിജിറ്റൈസ് ചെയ്ത് ലഭ്യമാക്കും. കോളേജുകളുടെ ഡിജിറ്റൽ റിസോഴ്സസ്കൂടി ഇതിലേയ്ക്ക് ബന്ധിപ്പിക്കുന്നതിനുള്ള നടപടി തുടർന്ന് സ്വീകരിക്കുന്നതാണ്.

<u>ശ്രീ. കെ. പ്രേംകുമാർ</u>: സർ, ഉന്നതവിദ്യാഭ്യാസ രംഗത്ത് മികച്ച നിലയിലുള്ള മുന്നേറ്റങ്ങൾക്ക് കേരളം തയ്യാറെടുക്കുകയാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നവകേരള പോസ്റ്റ് ഡോക്ടറൽ ഫെലോഷിപ്പ് പദ്ധതിയിൽ കൂടുതൽ ഗവേഷകരെ ഉൾപ്പെടുത്തുമോ?

<u>ഡോ. ആർ. ബിന്ദു</u>: സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നവകേരള പോസ്റ്റ് ഡോക്ടറൽ ഫെലോഷിപ്പിൽ ആദ്യഘട്ടമെന്ന രീതിയിൽ 77 യുവ ഗവേഷകരെയാണ് തെരഞ്ഞെടുത്തിട്ടുള്ളത്. 500 പോസ്റ്റ് ഡോക്ടറൽ ഫെലോഷിപ്പുകൾ 5 വർഷംകൊണ്ട് വിതരണം ചെയ്യുമെന്നാണ് പ്രഖ്യാപിച്ചിട്ടുള്ളത്. കേരളത്തിന്റെ അടിസ്ഥാന മേഖലകളായ കൃഷി, വ്യവസായം, ആരോഗ്യം തുടങ്ങിയവയിലും റബ്ബർ ടെക്നോളജി, നാനോ

സയൻസ്, ജിനോമിക്സ് തുടങ്ങിയ നവവൈജ്ഞാനിക മേഖലകളിലും ആഴത്തിൽ ഗവേഷണം നടത്തി കേരളത്തിന്റെ സമ്പദ്ഘടനയുടെ വിപുലീകരണത്തിനും കേരളീയരുടെ ജീവിതസൗകര്യങ്ങളുടെ മെച്ചപ്പെടുത്തലിനും സഹായകരമാകുന്ന പ്രവർത്തനങ്ങൾക്കാണ് നവകേരള പോസ്റ്റ് ഡോക്ടറൽ ഫെലോഷിപ്പുകൾ അനുവദിക്കുന്നത്. വിദഗ്ദ്ധസമിതി പരിശോധിച്ച് തെരഞ്ഞെടുക്കപ്പെട്ടവയാണ് 77 ഗവേഷകർ സബ്മിറ്റ് ചെയ്ത പ്രൊപ്പോസലുകൾ. അതിനാവശ്യമായ എല്ലാ രേഖകളും കൈമാറിയ വിപുലമായൊരു പരിപാടി സംഘടിപ്പിക്കപ്പെട്ടിരുന്നു. ഒട്ടുമിക്ക ഗവേഷകരും പ്രസ്തുത ഗവേഷക പ്രവർത്തനങ്ങളിലേയ്ക്ക് എത്തിച്ചേർന്നിരിക്കുകയാണ്.

ശ്രീ. സണ്ണി ജോസഫ്: സർ, പരീക്ഷകൾ കൃത്യസമയത്ത് നടത്തുകയെന്നതാണ് സർവ്വകലാശാലകളുടെ പ്രധാന ഉത്തരവാദിത്വം. എന്നാൽ കണ്ണൂർ സർവ്വകലാശാല ഇക്കാര്യത്തിൽ കുപ്രസിദ്ധി നേടിയിരിക്കുകയാണ്. പരീക്ഷാ നടത്തിപ്പിലെ ക്രമക്കേടുകൾ എല്ലാവർഷവും ആവർത്തിക്കുകയാണ്. കഴിഞ്ഞ വർഷത്തെ അതേ ചോദ്യപേപ്പർതന്നെ വീണ്ടും കൊടുക്കുകയാണ്. ഒരു വർഷം മാത്രമല്ല, പല വർഷങ്ങളിലും ഇങ്ങനെയുണ്ടാകാറുണ്ട്. അതിനുത്തരവാദികളായവർക്കെതിരെ

നടപടിയെടുക്കാറുണ്ടോ; വിദ്യാർത്ഥികളുടെയും രക്ഷിതാക്കളുടെയും ഈ വിഷയത്തിലുള്ള പ്രശ്നങ്ങളും പ്രതിസന്ധികളും പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ; ഇത്തരത്തിലുള്ള ചോദ്യപേപ്പർ വിതരണം ആവർത്തിക്കുന്നില്ലെന്ന് ഗവൺമെന്റ് ഉറപ്പുവരുത്തുമോ?

ഡോ. ആർ. ബിന്ദു: സർ, ഇക്കാര്യം കഴിഞ്ഞ സഭാസമ്മേളനത്തിലും ഉന്നയിച്ചിരുന്നതാണ്. കണ്ണൂർ സർവ്വകലാശാലയിൽ നടത്തിയ രണ്ട് പരീക്ഷകളിലാണ് ഇത്തരമൊരു ആവർത്തനം സംഭവിച്ചത്. ഇതുസംബന്ധിച്ച് പരിശോധിച്ച് നടപടിയെടുക്കുന്നതിന് സിൻഡിക്കേറ്റിന്റെ സബ്കമ്മിറ്റികളെ ചുമതലപ്പെടുത്തിയിട്ടുണ്ട്; ഇക്കാര്യത്തിൽ മാതൃകാപരമായ നടപടി സ്വീകരിച്ചുവരികയാണ്. ഇതര സർവ്വകലാശാലകളിലെ അദ്ധ്യാപകരാണ് ചോദ്യപേപ്പർ തയ്യാറാക്കുന്നത് എന്നതാണ് അതിലുള്ള ഒരു പ്രശ്നം. മാത്രമല്ല, ചോദ്യപേപ്പറിന്റെ വിശദാംശങ്ങൾ കൃത്യമായി അറിയാനും പരിശോധിക്കാനുമുള്ള സംവിധാനം പരീക്ഷാ കൺട്രോളർക്കോ മറ്റുള്ളവർക്കോ ഇല്ല. രഹസ്യസ്വഭാവം കാത്തുസൂക്ഷിക്കുന്നതുമായി ബന്ധപ്പെട്ട് ഉത്തരവാദിത്വത്തോടെ കൈകാര്യം ചെയ്യപ്പെടുന്നുവെന്നുള്ളതുകൊണ്ടുതന്നെ അദ്ധ്യാപകർ സമർപ്പിക്കുന്ന

ചോദ്യപേപ്പർ പരിശോധിക്കാനുള്ള സംവിധാനവും നിലവിലില്ല. ചോദ്യപേപ്പറിന്റെ കെട്ടുപൊട്ടിക്കുന്ന സന്ദർഭത്തിലാണ് ന്യൂനത നിലനിൽക്കുന്നുണ്ടെന്ന വിവരം പലപ്പോഴും അറിയാൻ കഴിയുന്നത്. വരുംകാലങ്ങളിൽ അത് പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരികയാണ്.

ശ്രീ. കെ. എം. സച്ചിൻദേവ്: സർ, എ. പി. ജെ. അബ്ദുൾ കലാം ശാസ്ത്ര സാങ്കേതിക സർവ്വകലാശാലയുടെ ആസ്ഥാന കേന്ദ്രം നിർമ്മിക്കുന്നതിനും വിപുലീകരണത്തിനുമാവശ്യമായ പദ്ധതി സംസ്ഥാന ഗവൺമെന്റ് ആരംഭിച്ചുകഴിഞ്ഞിട്ടുണ്ട്. അതുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾ എത്രത്തോളമായെന്ന് വിശദമാക്കാമോ?

ഡോ. ആർ. ബിന്ദു: സർ, ഭൂമി ഏറ്റെടുക്കുന്നതിനാവശ്യമായിട്ടുള്ള പണം അനുവദിച്ചുകഴിഞ്ഞിട്ടുണ്ട്; അതിന്റെ നടപടികൾ പുരോഗമിച്ചുവരികയാണ്.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, ഉന്നതവിദ്യാഭ്യാസരംഗത്തെ ആഗോളതലത്തിലേയ്ക്ക് ഉയർത്താനുള്ള നടപടികളുമായി ബഹുമാനപ്പെട്ട വകുപ്പുമന്ത്രിയും ഈ ഗവൺമെന്റും മുന്നോട്ടുപോകുന്നുവെന്നത് സന്തോഷകരമാണ്. അതേസമയം കഴിഞ്ഞ

മാസം ഇന്ത്യയിലെ ഏറ്റവും നല്ല കോളേജ് ഏതാണെന്ന് തെരഞ്ഞെടുക്കുന്നതിന് ഇന്ത്യാ ടുഡേ ഒരു സർവ്വേ നടത്തിയിരുന്നു. എല്ലാ സർവ്വേകളും ശരിയാകണമെന്നില്ല. But some surveys are useful എന്ന തരത്തിൽ, സോഷ്യൽ സയൻസ് സെക്ടറിൽ രാജഗിരി കോളേജ് മാത്രമാണ് രണ്ടാം റാങ്കിൽ വന്നത്. ആയിരത്തോളം സ്ഥാപനങ്ങളുള്ള നമ്മുടെ സംസ്ഥാനത്തെ മറ്റൊരു സ്ഥാപനവും അതിൽ ഉൾപ്പെട്ടില്ല. ഇപ്പോൾ കേരള യൂണിവേഴ്സിറ്റിക്ക് 'എ പ്ലസ് പ്ലസ് ഗ്രേഡ് ലഭിച്ചുവെന്ന് പറയുന്നുണ്ട്. ഇന്നലെ കേരള യൂണിവേഴ്സിറ്റിയിലെ നിയമനവുമായി ബന്ധപ്പെട്ട് സി.&എ. ജി.-യുടെ റിപ്പോർട്ട് വന്നിട്ടുണ്ട്. കരാർ അടിസ്ഥാനത്തിൽ പത്തുശതമാനം ആളുകളെ മാത്രമേ നിയമിക്കാൻ പാടുള്ളൂവെങ്കിലും 23 ശതമാനം പേരെ നിയമിച്ചിരിക്കുന്നുവെന്നാണ് ചൂണ്ടിക്കാണിച്ചിരിക്കുന്നത്. വിദ്യാഭ്യാസ മേഖല മികവുറ്റതാകണമെങ്കിൽ നല്ല വിദ്യാർത്ഥികളുണ്ടാകണം, നല്ല അദ്ധ്യാപകരെ തെരഞ്ഞെടുക്കണം, കരിക്കുലത്തിൽ ഫ്ലെക്സിബിലിറ്റിയുമുണ്ടാകണം. അതുപോലെതന്നെ അദ്ധ്യാപകരിലും പരമാവധി വൈവിദ്ധ്യമുണ്ടാകണം. ഈയൊരു തലത്തിലേയ്ക്ക് യൂണിവേഴ്സിറ്റികളെയും മറ്റ് വിദ്യാഭ്യാസ സ്ഥാപനങ്ങളെയും

ഉയർത്തിക്കൊണ്ടുവരാൻ ഉന്നതവിദ്യാഭ്യാസ കൗൺസിലും ഉന്നതവിദ്യാഭ്യാസ വകുപ്പും ആവശ്യമായ നിലപാടുകൾ സ്വീകരിക്കുമോ?

ഡോ. ആർ. ബിന്ദു: സർ, തീർച്ചയായും സ്വീകരിക്കും. ഇന്ത്യാ ടുഡേയുടെ സർവ്വേയെക്കുറിച്ച് ആദ്യം സൂചിപ്പിക്കാം. അതൊരു അംഗീകൃത സർവ്വേയായി കണക്കാക്കാൻ കഴിയില്ല. ദേശീയാടിസ്ഥാനത്തിൽ, എൻ.ഐ.ആർ.എഫ്. റാങ്കിംഗിൽ കേരളത്തിലെ നാല് സർവ്വകലാശാലകൾ ആദ്യത്തെ 100 റാങ്കിൽ ഉൾപ്പെടുന്നുണ്ട്. അതുപോലെ ആദ്യത്തെ 100 കോളേജുകളിൽ നമ്മുടെ സംസ്ഥാനത്തുനിന്ന് 17 കോളേജുകളും തെരഞ്ഞെടുക്കപ്പെട്ടിട്ടുണ്ട്. ഇന്ത്യാ ടുഡേയുടെ സർവ്വേ മാനദണ്ഡങ്ങൾ അർബൻ കണ്ടീഷൻസിന്റെ അടിസ്ഥാനത്തിലുള്ളതാണ്. നാഗരിക മേഖലയിൽ പ്രവർത്തിക്കുന്ന കോളേജുകളെയാണ് പ്രധാനമായും അവർ വിലയിരുത്തുന്നത്. സ്വാഭാവികമായും ഒരു മാധ്യമം എന്ന രീതിയിൽ തീർച്ചയായും അവരുടേതായിട്ടുള്ള മുൻവിധികൾ ആ സർവ്വേയിലുണ്ടായിരിക്കുമെന്ന കാര്യത്തിൽ യാതൊരു തർക്കവുമില്ല. അതൊരു മാനദണ്ഡമായിട്ടോ അല്ലെങ്കിൽ ഒരു സമിതിയുടെ ആഭിമുഖ്യത്തിലുള്ള അംഗീകൃത വിലയിരുത്തലായിട്ടോ കണക്കാക്കാൻ

കഴിയില്ല. ധാരാളം ആത്മനിഷ്ഠാ ഘടകങ്ങൾ അതിലുണ്ടായിട്ടുണ്ടെന്നുള്ള കാര്യത്തിൽ യാതൊരു തർക്കവുമില്ല. സർവ്വകലാശാലകളുടെയും കോളേജുകളുടെയും നിലവാരം ഉയർത്തുന്നതിനുവേണ്ടി മികച്ച പ്രവർത്തനങ്ങൾക്കാണ് ഉന്നതവിദ്യാഭ്യാസ വകുപ്പ് നേതൃത്വം നൽകിക്കൊണ്ടിരിക്കുന്നത്. കരിക്കുലം റിവിഷനുമായി ബന്ധപ്പെട്ട് നിയോഗിച്ചിട്ടുള്ള മൂന്ന് ഉന്നതവിദ്യാഭ്യാസ കമ്മീഷനുകളുടെയും റിപ്പോർട്ടുകൾ ലഭ്യമാകുന്ന മുറയ്ക്ക് ഉടൻതന്നെ സമഗ്രവും സമൂലവുമായിട്ടുള്ള പരിവർത്തനം ഉന്നതവിദ്യാഭ്യാസരംഗത്ത് സാധ്യമാകുന്ന വിധത്തിലുള്ള പരിഷ്കാരങ്ങൾ നടപ്പാക്കാൻ കഴിയും. കരിക്കുലത്തിന്റെ ഫ്ലെക്സിബിലിറ്റിയുടെ കാര്യത്തിൽ കാലാനുസൃതമായ മാറ്റങ്ങളുണ്ടാക്കാൻ കഴിയുമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. അതിന് ഗവൺമെന്റിനോടൊപ്പം നിൽക്കണമെന്നാണ് പ്രതിപക്ഷത്തോട് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

ചീഫ് വിപ്പ് (ഡോ. എൻ. ജയരാജ്): സർ, ഉന്നതവിദ്യാഭ്യാസരംഗത്ത് 1991 കാലഘട്ടത്തിൽ നടപ്പിലാക്കിയ യു.ജി.സി. പാക്കേജിലൂടെ സമൂലമായ ഉന്നമനമായിരുന്നു ലക്ഷ്യംവച്ചിരുന്നത്. യു.ജി.സി-യുടെ ഇംപ്ലിമെന്റേഷൻകൊണ്ട് അദ്ധ്യാപകരുടെ സേവന-വേതന വ്യവസ്ഥകളിൽ

ഒരുപാട് മാറ്റങ്ങളുണ്ടായി. എന്നാൽ അടിസ്ഥാനപരമായി അക്കാദമിക് നിലവാരങ്ങളിൽ കാര്യമായ പുരോഗതിയുണ്ടായില്ലെന്നുള്ള വിലയിരുത്തലുകൾകൊണ്ടാണ് ഇത്തരമൊരു സംവിധാനത്തെക്കുറിച്ച് നമുക്ക് ചിന്തിക്കേണ്ടി വന്നത്. ഈ പദ്ധതി നടപ്പിലാക്കുമ്പോൾ അദ്ധ്യാപകർക്ക് കൃത്യമായ പരിശീലനം ലഭിക്കുന്ന സ്ഥിതിയുണ്ടാകും. ഓറിയന്റേഷൻ, റിഫ്രഷർ കോഴ്സുകൾ എന്നിവ നടപ്പിലാക്കി സർവ്വകലാശാലയുടെ കീഴിലുള്ള സ്ഥാപനങ്ങളെക്കൂടി ശാക്തീകരിക്കുകയും അദ്ധ്യാപക പരിശീലനം നിരന്തരമായ ഒരു പ്രക്രിയയാക്കി മാറ്റുകയും ചെയ്തെങ്കിൽ മാത്രമേ അടിസ്ഥാനപരമായി അക്കാദമിക് നിലവാരം വർദ്ധിപ്പിക്കാൻ സഹായകരമാകുകയുള്ളൂ. അക്കാര്യത്തിൽ ഗവൺമെന്റ് സ്വീകരിക്കാനുദ്ദേശിക്കുന്ന നിലപാടുകൾ എന്തൊക്കെയാണ്?

ഡോ. ആർ. ബിന്ദു: സർ, അദ്ധ്യാപനത്തിന്റെയും ബോധനത്തിന്റെയും കാര്യത്തിൽ കാലാനുസൃതമായിട്ടുള്ള പരിവർത്തനങ്ങൾ ഉണ്ടാകേണ്ടതുണ്ട്. ഈയൊരു വർഷക്കാലയളവിൽ 2500-ഓളം അദ്ധ്യാപകർക്ക് ഉന്നതവിദ്യാഭ്യാസ കൗൺസിൽ മികച്ച പരിശീലനം നൽകിക്കഴിഞ്ഞിട്ടുണ്ട്. തുടർച്ചയായ ഒരു പ്രോസസ്സായി അതിനെ മുന്നോട്ടുകൊണ്ടുപോകാൻ

തന്നെയാണ് ഉദ്ദേശിച്ചിട്ടുള്ളത്. അതിനായി ഉന്നതവിദ്യാഭ്യാസ കൗൺസിലിന്റെ ആഭിമുഖ്യത്തിൽത്തന്നെ ഒരു അദ്ധ്യാപക പരിശീലന പദ്ധതി ലക്ഷ്യംവയ്ക്കുന്നുണ്ട്. അദ്ധ്യാപനത്തിലേയ്ക്ക് ആദ്യമായി കടന്നുവരുന്ന ഒരാൾക്ക് 'ഇൻഡക്ഷൻ കോഴ്സ്' എന്നനിലയിലും നിലവിൽ അദ്ധ്യാപനത്തിൽ തുടർന്നുവരുന്നവർക്ക് 'റിഫ്രഷർ കോഴ്സുകൾ' എന്നുള്ള നിലയിലും ഏറ്റവും പുതിയ സാങ്കേതികവിദ്യ ഉപയോഗിക്കാൻ വൈദഗ്ദ്ധ്യം നൽകി അവരെ പ്രാപ്തരാക്കുന്നതുവരെയുള്ള കാര്യങ്ങൾ പരിശീലിപ്പിക്കുന്ന വിധത്തിൽ വിശദമായ പരിശീലന പദ്ധതികൾക്കാവശ്യമായ സ്ഥിരം സംവിധാനം എന്നതാണ് ആ പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത്.

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, ഉന്നതവിദ്യാഭ്യാസ മേഖലയുടെ ശാക്തീകരണം പുതിയതായി വരുന്ന ദേശീയ വിദ്യാഭ്യാസ നയവുമായി കൂട്ടിച്ചേർത്ത് വായിക്കേണ്ടിവരും. അടിസ്ഥാനപരമായ ഒരുപാട് മാറ്റങ്ങളാണ് ദേശീയ വിദ്യാഭ്യാസ നയത്തിന്റെ ഭാഗമായിട്ടുണ്ടാകുന്നത്. ഇത് മൂന്നുതരത്തിലുള്ള സർവ്വകലാശാലകൾ വഴി നടപ്പിലാക്കാം. അതനുസരിച്ചാണ് ഇത് രൂപപ്പെടുത്തിയെടുക്കേണ്ടത്. സംസ്ഥാനത്തെ 90 ശതമാനം സർക്കാർ

കോളേജുകളിലും ഇപ്പോൾ സ്ഥിരം പ്രിൻസിപ്പൽമാരില്ലാത്ത വിചിത്രമായ സാഹചര്യമാണ് നിലനിൽക്കുന്നത്. കഴിഞ്ഞ നാലുവർഷക്കാലമായി ഒഴിവുകളൊന്നും നികത്തപ്പെട്ടിട്ടില്ല. എത്രയുംപെട്ടെന്ന് സ്ഥിരം പ്രിൻസിപ്പൽമാരെ നിയമിക്കണം. സ്ഥിരം പ്രിൻസിപ്പൽമാർ ഇല്ലാത്തത് വിദ്യാഭ്യാസമേഖലയുടെ അക്കാദമിക് രംഗത്തെ ഗുരുതരമായി ബാധിക്കും. അത് പരിഹരിക്കാനുള്ള നടപടി ഗവൺമെന്റ് സ്വീകരിക്കുമോ?

ഡോ. ആർ. ബിന്ദു: സർ, അത് പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. പ്രിൻസിപ്പൽമാരുടെ നിയമനം സംബന്ധിച്ച് വ്യക്തത വരുത്തി വൈസ് ചാൻസലറുടെ നേതൃത്വത്തിൽ അപേക്ഷ ക്ഷണിച്ച് യോഗ്യരായവരുടെ ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുണ്ട്. അതുസംബന്ധിച്ച് ലഭിച്ചിട്ടുള്ള പരാതികൾ പരിശോധിച്ചുവരികയാണ്. അതിനുശേഷം സ്ഥിരം പ്രിൻസിപ്പൽമാരെ എത്രയുംപെട്ടെന്ന് നിയമിക്കുന്നതിന് സാധിക്കുന്നതാണ്.

ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ: സർ, കേരള സർവ്വകലാശാല 'എ പ്ലസ് പ്ലസ്' ഗ്രേഡ് നേടി മികച്ച സർവ്വകലാശാലയായി മാറിയിരിക്കുകയാണ്. കേരളത്തെ വൈജ്ഞാനികസമൂഹമാക്കുന്നതിന് സംസ്ഥാനത്ത് എൻറോൾമെന്റ് റേഷ്യോ വർദ്ധിപ്പിക്കുന്നതിനും ബിരുദ-ബിരുദാനന്തര

കോഴ്സുകളിലെ സീറ്റുകളുടെ എണ്ണവും ഗുണനിലവാരവും വർദ്ധിപ്പിക്കുന്നതിനും സംസ്ഥാന സർക്കാർ സ്വീകരിച്ചിരിക്കുന്ന തുടർനടപടികളുടെ നിലവിലെ സ്ഥിതി എന്താണെന്ന് വിശദീകരിക്കാമോ?

ഡോ. ആർ. ബിന്ദു: സർ, സീറ്റ് വർദ്ധനവിന്റെ കാര്യത്തിൽ കഴിഞ്ഞ വർഷം സ്വീകരിച്ച അതേ നടപടിയാണ് തുടരുന്നത്. ഇതിന്റെ ഭാഗമായി നിലവിലുള്ള കോഴ്സുകളിൽ ആവശ്യാനുസരണം സീറ്റുകൾ ലഭ്യമാകും. അതുമാത്രമല്ല, പുതുതലമുറ കോഴ്സുകളടക്കം ആവശ്യമുള്ളവ ഈ അക്കാദമിക് വർഷത്തിൽ ആരംഭിക്കാനാണ് തീരുമാനിച്ചിട്ടുള്ളത്.

ശ്രീ. കെ. പി. എ. മജീദ്: സർ, കാലിക്കറ്റ് യൂണിവേഴ്സിറ്റിയുടെ പരീക്ഷാ നടത്തിപ്പുമായി ബന്ധപ്പെട്ടാണ് എനിക്ക് ചോദിക്കാനുള്ളത്. പരീക്ഷാ നടത്തിപ്പിലെ ക്രമക്കേടുകളും കൃത്യസമയത്ത് പരീക്ഷകൾ നടത്താതിരിക്കുകയും റിസൾട്ട് സമയത്ത് പബ്ലിഷ് ചെയ്യാതിരിക്കുകയും ഉത്തരക്കടലാസ് അപ്രത്യക്ഷമാകുകയും ചെയ്യുന്ന സംഭവങ്ങൾ കാലിക്കറ്റ് യൂണിവേഴ്സിറ്റിയിൽ നിരന്തരമായി നടക്കുന്നത് ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഭാവിയിൽ ഇത്തരം കാര്യങ്ങൾ ആവർത്തിരിക്കാൻ എന്ത് നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്?

ഡോ. ആർ. ബിന്ദു: സർ, സർവ്വകലാശാല പരീക്ഷകളുടെ സമഗ്ര പരിഷ്കരണത്തിനുവേണ്ടി നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിന് നിയോഗിച്ച കമ്മീഷനിൽ വിവിധ സർവ്വകലാശാലകളിൽനിന്നും പരീക്ഷാ മേഖലയിൽ പ്രവർത്തനപരിചയമുള്ള വിദഗ്ദ്ധരെയാണ് അംഗങ്ങളായി നിയമിച്ചിരുന്നത്. വളരെ മൂർത്തമായ നിർദ്ദേശങ്ങളാണ് കമ്മിറ്റി സമർപ്പിച്ചിട്ടുള്ളത്. ഡിജിറ്റൽ സൗകര്യങ്ങൾക്കൂടി ഉപയോഗപ്പെടുത്തി പരീക്ഷാപരിഷ്കരണത്തിന് ഒരുങ്ങുകയാണ്. ഈ അക്കാദമിക വർഷത്തോടെ ആ പ്രശ്നങ്ങൾക്കൊക്കെ പരിഹാരം കാണാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. സർവ്വകലാശാലകളെ സംബന്ധിച്ചിടത്തോളം കുട്ടികളുടെ എണ്ണക്കൂടുതൽകൊണ്ട് ഏറ്റവും ഭാരിച്ച ചുമതലയായി വരുന്നത് പരീക്ഷാ നടത്തിപ്പാണ്. അത്തരമൊരു സാഹചര്യത്തിൽ പുതിയ പരിഷ്കരണങ്ങൾ സഹായകരമാകുമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. ഈ അക്കാദമിക വർഷത്തോടുകൂടി ആധുനിക രീതിയിൽ യാതൊരു പിഴവുമില്ലാതെ പരീക്ഷകൾ നടത്താൻ സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്.

ശ്രീ. വി. ജോയി: സർ, National Institutional Ranking Framework (NIRF)-ന്റെ റാങ്കിംഗിൽ കേരള സർവ്വകാലശാലയ്ക്ക് 'എ പ്ലസ് പ്ലസ്' ലഭിച്ചതാണ്. അതുമായി ബന്ധപ്പെട്ട് നമ്മുടെ സർവ്വകലാശാലകൾക്കുണ്ടാകുന്ന നേട്ടങ്ങൾ എന്തൊക്കെയാണെന്ന് വിശദീകരിക്കാമോ?

ഡോ. ആർ. ബിന്ദു: സർ, ഉന്നത ഗ്രേഡും എ പ്ലസ് പ്ലസ് പദവിയും സർവ്വകലാശാലയുടെ perception ഉയർത്തുകയും വിദേശങ്ങളിൽനിന്നും ഇതരസംസ്ഥാനങ്ങളിൽ നിന്നുമൊക്കെ കൂടുതൽ കുട്ടികളെ ആകർഷിക്കാൻ സാധിക്കുമെന്നുമാത്രമല്ല ഏകദേശം 700 കോടി രൂപയോളം വരുന്ന സംവിധാനങ്ങൾക്കുള്ള എല്ലാ സാധ്യതകളും ഇതിന്റെ ഭാഗമായി ലഭ്യമാകുന്നതുമാണ്. ഗവേഷണ സൗകര്യങ്ങളും അടിസ്ഥാന സൗകര്യങ്ങളും വികസിപ്പിക്കുന്നതിലൂടെ അനന്തസാധ്യതകളാണ് സർവ്വകലാശാലയ്ക്ക് ലഭിക്കുന്നത്.

ശ്രീ. ഐ. സി. ബാലകൃഷ്ണൻ: സർ, പതിനാലാം കേരള നിയമസഭയിലും പതിനഞ്ചാം കേരള നിയമസഭയിലും സുൽത്താൻ

ബത്തേരി നിയോജകമണ്ഡലത്തിൽ സർക്കാർ ആർട്സ് ആന്റ് സയൻസ് കോളേജ് ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട വിഷയം ഞാൻ സബ്മിഷനായി ഉന്നയിച്ചിരുന്നു. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നിർദ്ദേശമനുസരിച്ച് ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെ കീഴിൽ സുൽത്താൻ ബത്തേരിയിൽ സർക്കാർ കോളേജ് ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട റിപ്പോർട്ട് ഗവൺമെന്റിന്റെ പരിഗണനയിലുള്ളതാണ്. അവിടത്തെ വിദ്യാർത്ഥികളുടെയും രക്ഷിതാക്കളുടെയും പൊതുജനങ്ങളുടെയും പ്രധാനപ്പെട്ട ആവശ്യമാണിത്. ഇക്കാര്യം ഗവൺമെന്റ് പരിഗണിക്കണമെന്ന് അഭ്യർത്ഥിക്കുന്നതിനോടൊപ്പംതന്നെ അത് എത്രയുംപെട്ടെന്ന് ആരംഭിക്കാനുള്ള നടപടി സ്വീകരിക്കുമോ?

<u>ഡോ. ആർ. ബിന്ദു</u>: സർ, സർക്കാരിന്റെ സാമ്പത്തിക സ്ഥിതിയനുസരിച്ച് കൂടുതൽ ഗവൺമെന്റ് കോളേജുകൾ അനുവദിക്കാൻ തീരുമാനമെടുക്കുന്ന മുറയ്ക്ക് ഈ ആവശ്യവും പരിഗണിക്കുന്നതാണ്. വയനാട് ജില്ല ആദിവാസി മേഖലയായതുകൊണ്ട് മുന്തിയ പരിഗണന നൽകാനും സാധിക്കും.

<u>ശ്രീ. വി. കെ. പ്രശാന്ത്</u>: സർ, ഉന്നതവിദ്യാഭ്യാസ മേഖലയിൽ മികച്ച നേട്ടം ആർജ്ജിച്ചതുകൊണ്ടാണ് കേരള യൂണിവേഴ്സിറ്റിക്ക് 'എ പ്ലസ് പ്ലസ്' ഗ്രേഡ് ലഭിച്ചത്. അതുപോലെതന്നെ എൻ.ഐ.ആർ.എഫ്-ന്റെ റാങ്കിംഗിൽ തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജിന് ദേശീയ തലത്തിൽ ഇരുപതാം റാങ്കും കേരളത്തിൽ ഒന്നാം സ്ഥാനവും ലഭിച്ചിരിക്കുകയാണ്. അതും വലിയൊരു നേട്ടമാണ്. സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളിൽക്കൂടി ഇത്തരത്തിൽ ഇടപെടാൻ സാധിക്കുമോ; പോളിടെക്നിക്കുകളിൽ പാർട്ട്-ടൈം കോഴ്സുകൾ ആരംഭിക്കാൻ പദ്ധതിയുണ്ടോ?

<u>ഡോ. ആർ. ബിന്ദു</u>: സർ, ഇപ്പോൾ പോളിടെക്നിക്കുകളും അക്രെഡിറ്റേഷൻ നടപടികൾ പൂർത്തീകരിച്ചുവരികയാണ്. മൂന്ന് പോളിടെക്നിക്കുകൾക്ക് ദേശീയ അക്രെഡിറ്റേഷൻ ലഭിച്ചിട്ടുണ്ട്. Industry on campus പദ്ധതിയാരംഭിച്ച് നടപടികൾ പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്. ഈയടുത്ത വർഷങ്ങളിലായി മികച്ച രീതിയിലുള്ള അടിസ്ഥാന സൗകര്യ വിപുലീകരണം

പോളിടെക്നിക്കുകളിൽ ഉണ്ടായിട്ടുണ്ട്. വീണ്ടും മികവിന്റെ കേന്ദ്രങ്ങളായി വളർത്താനാണ് ഉദ്ദേശിക്കുന്നത്. ഇൻഡസ്ട്രിയുമായി ബന്ധപ്പെട്ട് ടെക്നിക്കൽ എഡ്യൂക്കേഷനുകീഴിലുള്ള എല്ലാ സ്ഥാപനങ്ങളിലും ആവശ്യമായ കോഴ്സുകൾ വിഭാവനം ചെയ്ത് നടപ്പിലാക്കി മുന്നേറുകയാണ്.

ശ്രീ. നജീബ് കാന്തപുരം: സർ, മലബാറിലെ പ്ലസ് വൺ അഡ്മിഷനെക്കാൾ പരിതാപകരമാണ് ഉന്നത വിദ്യാഭ്യാസ രംഗത്തെ സ്ഥിതി. കടുത്ത വിവേചനമാണ് അവിടെ നിലനിൽക്കുന്നത്. പ്രത്യേകിച്ചും പ്ലസ് ടു പാസ്സായ പത്ത് ശതമാനം കുട്ടികൾക്കുപോലും അഡ്മിഷൻ നേടാൻ സാധിക്കാത്ത സ്ഥിതിയാണുള്ളത്. മലബാറിൽ ജനസംഖ്യാനുപാതികമായി യു.ജി./പി.ജി./റിസർച്ച് സംവിധാനങ്ങളിൽ സീറ്റുകൾ ഏർപ്പെടുത്താനുള്ള പ്രത്യേക പദ്ധതി തയ്യാറാക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ?

ഡോ. ആർ. ബിന്ദു: സർ, ഉന്നതവിദ്യാഭ്യാസ രംഗത്ത് മലബാർ മേഖലയോട് യാതൊരു വിവേചനവും നിലനിൽക്കുന്നില്ല. കാലിക്കറ്റ് സർവ്വകലാശാലയും കണ്ണൂർ സർവ്വകലാശാലയുമൊക്കെ ആ

കാഴ്ചപ്പാടോടുകൂടിയാണ് രൂപീകൃതമായതെന്ന് ബഹുമാനപ്പെട്ട അംഗത്തിന് അറിയാമെന്ന് പ്രതീക്ഷിക്കുകയാണ്. സീറ്റ് വർദ്ധിപ്പിച്ചില്ലെങ്കിൽപോലും എല്ലാ കുട്ടികളെയും ഉൾക്കൊള്ളാനാവശ്യമായ സീറ്റുകൾ മലബാർ മേഖലയിലുണ്ടായിരുന്നു. കഴിഞ്ഞ വർഷത്തെ സീറ്റ് വർദ്ധനവിനുശേഷം സീറ്റുകൾ ഒഴിഞ്ഞുകിടക്കുന്ന പല കോളേജുകളും മലബാർ മേഖലയിലുണ്ടെന്ന കാര്യംകൂടി സൂചിപ്പിക്കാൻ ഞാൻ ഈയവസരം ഉപയോഗിക്കുകയാണ്. യാതൊരു കാരണവശാലും കുട്ടികൾക്ക് വിദ്യാഭ്യാസ സാഹചര്യങ്ങളുടെ ലഭ്യതക്കുറവ് അവിടെ ഉണ്ടാകുന്നതല്ല.

<u>ശ്രീ. കെ. വി. സുമേഷ്</u>: സർ, ഹയർ എഡ്യൂക്കേഷൻ മേഖലയിൽ ആധുനികവൽക്കരണത്തിന് ഗവൺമെന്റ് ശക്തമായ നേതൃത്വം നൽകിവരികയാണ്. പ്രൊഫഷണൽ ന്യൂ ജനറേഷൻ കോഴ്സുകളുണ്ട്. സൗണ്ട് എഞ്ചിനീയറിംഗ് കോഴ്സ് നിർമ്മാണമേഖലയിൽ വളരെ അത്യാവശ്യമുള്ളതാണ്. ആ കോഴ്സ് ബംഗളൂരുവിൽ പഠിപ്പിക്കുന്നുണ്ട്. വിഷ്വൽ ഇഫക്ട് ഇൻ ആനിമേഷൻ എന്നത് സാങ്കേതിക മേഖലയിൽ

വളരെ പ്രാധാന്യമുള്ള കോഴ്സാണ്. അതും നമ്മുടെ നാട്ടിലില്ല. ഇത്തരം ന്യൂ ജനറേഷൻ കോഴ്സുകൾ ആരംഭിക്കാൻ ശ്രമിക്കുമോ?

ഡോ. ആർ. ബിന്ദു: സർ, ബഹുമാനപ്പെട്ട അംഗത്തിന്റെ നിർദ്ദേശത്തിന് നന്ദി രേഖപ്പെടുത്തുന്നു. ഇതിനാവശ്യമായ നടപടി സ്വീകരിക്കാം.

ഹോർട്ടികോർപ്പിന്റെ പ്രവർത്തനം കാര്യക്ഷമമാക്കാൻ നടപടി

2 (*422) ശ്രീമതി ഒ. എസ്. അംബിക:
ശ്രീ. കെ. ബാബു (നെന്മാറ):
ശ്രീ. എം. രാജഗോപാലൻ:
ശ്രീമതി ശാന്തകുമാരി കെ.: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിപണിവില ഉയർന്നുനിൽക്കുമ്പോഴും പച്ചക്കറി, പഴം കൃഷിയിൽ ഏർപ്പെടുന്ന കർഷകരുടെ ഉൽപ്പന്നങ്ങൾക്ക് ന്യായവില ലഭിക്കാത്ത സാഹചര്യത്തിൽ ഇടനിലക്കാരുടെ അമിതചൂഷണം ഒഴിവാക്കാൻ ഹോർട്ടികോർപ്പിന്റെ ഇടപെടൽ കാര്യക്ഷമമാക്കാൻ നടപടിയെടുത്തിട്ടുണ്ടോ;

(ബി) കൃഷി വകുപ്പിന്റെ നിയന്ത്രണത്തിലുള്ള മാർക്കറ്റുകൾ കൂടുതൽ വിപുലപ്പെടുത്തി സംഭരണത്തിലെയും വിപണനത്തിലെയും അമിതചൂഷണം നിയന്ത്രിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) പഴം, പച്ചക്കറി കർഷകർ നേരിടുന്ന വിലത്തകർച്ചയ്ക്ക് പരിഹാരമെന്ന നിലയിൽ ശീതീകൃത സംഭരണശാലകൾ സ്ഥാപിക്കുന്ന കാര്യം പരിഗണനയിലുണ്ടോ എന്ന് വ്യക്തമാക്കാമോ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. പി. പ്രസാദ്): സർ,

(എ) ഉണ്ട്.

(ബി) ഉണ്ട്. കൃഷി വകുപ്പിന്റെ നേരിട്ടുള്ള നിയന്ത്രണത്തിൽ 1208 മാർക്കറ്റുകളാണ് നിലവിലുള്ളത്. ഈ മാർക്കറ്റുകളുടെ പ്രവർത്തനം അവലോകനം ചെയ്ത് ഏറ്റവും നന്നായി പ്രവർത്തിക്കുന്നവയെ ഗ്രേഡ് ചെയ്ത് പ്രവർത്തനക്ഷമമാക്കാനുള്ള നടപടികൾ നടന്നുവരികയാണ്. വിപണന മേഖലയിൽ കൂടുതൽ "കൃഷിക്കൂട്ട"-ങ്ങളെ സജ്ജമാക്കാനുള്ള പ്രവർത്തനങ്ങളും നടന്നുവരുന്നു. കൂടാതെ, പഴം പച്ചക്കറികളുടെ സംഭരണ-വിതരണ രംഗത്ത് ഉൽപ്പാദകരേയും ഉപഭോക്താക്കളേയും സംരക്ഷിക്കുകയെന്ന ദൗത്യവുമായി

പ്രവർത്തിക്കുന്ന ഹോർട്ടികോർപ്പിന് സംസ്ഥാനത്ത് 13 ജില്ലാ സംഭരണ കേന്ദ്രങ്ങളും 6 ഉപസംഭരണ കേന്ദ്രങ്ങളുമുണ്ട്. അവയുടെ കീഴിൽ 126 സ്വന്തം സ്റ്റാളുകളും 188 ലൈസൻസി സ്റ്റാളുകളുമുണ്ട്. ഈ കേന്ദ്രങ്ങൾ മുഖേന ഇടനിലക്കാരെ ഒഴിവാക്കി ഹോർട്ടികോർപ്പ്, പഴം-പച്ചക്കറി സംഭരണ-വിതരണ രംഗത്ത് കാര്യക്ഷമമായി ഇടപെടുന്നുണ്ട്. പഴവും പച്ചക്കറികളും ഹോർട്ടികോർപ്പുമായി സഹകരിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളുടെ ഉൽപ്പന്നങ്ങളും പൊതുജനങ്ങൾക്ക് മിതമായ വിലയ്ക്ക് ഒരു സ്ഥലത്തുനിന്നുതന്നെ ലഭ്യമാക്കുന്നതിനായി എല്ലാ നിയോജകമണ്ഡലത്തിലും ജനപ്രതിനിധികളുടെ സഹകരണത്തോടുകൂടി 140 ഗ്രാമശ്രീ ഹോർട്ടി ബസാറുകളും പഞ്ചായത്ത്/ കോർപ്പറേഷൻ/മുനിസിപ്പാലിറ്റി എന്നിവിടങ്ങളിൽ 1,232 ഗ്രാമശ്രീ സൂപ്പർസ്റ്റാളുകളും വരുംവർഷങ്ങളിൽ ആരംഭിക്കുന്നതിനുള്ള പ്രാരംഭ നടപടി ഹോർട്ടികോർപ്പ് സ്വീകരിച്ചിട്ടുണ്ട്. ഇതുകൂടാതെ ബ്ലോക്കുതല സംഭരണ ഉപകേന്ദ്രങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടി ഹോർട്ടികോർപ്പ് സ്വീകരിച്ചുവരുന്നു. വി.എഫ്.പി.സി.കെ-യുടെ നേതൃത്വത്തിലുള്ള 289

സ്വാശ്രയകർഷക സമിതികളും കാർഷിക ഉൽപ്പന്നങ്ങളുടെ വിപണനത്തിൽ സജീവമായി ഇടപെടുന്നുണ്ട്.

(സി) ആർ.ഐ.ഡി.എഫ്, എം.ഐ.ഡി.എച്ച്. എന്നീ ഫണ്ടുകൾ ഉപയോഗിച്ച് കേരള സ്റ്റേറ്റ് ഭൂവികസന കോർപ്പറേഷൻ മുഖേന 4 ഇന്റഗ്രേറ്റഡ് പാക്ക് ഹൗസുകൾ തിരുവനന്തപുരം, തൃശ്ശൂർ, ഇടുക്കി, എറണാകുളം എന്നീ ജില്ലകളിൽ നടപ്പിലാക്കാനുള്ള നടപടികൾ ഹോർട്ടികോർപ്പ് സ്വീകരിച്ചുവരുന്നു. അതോടൊപ്പം ആനുവൽ പ്ലാൻ 2022-23 പദ്ധതി പ്രകാരം ഇടുക്കി ജില്ലയിൽ കോൾഡ് ചെയിൻ പദ്ധതി നടപ്പിലാക്കുന്നതിനായി 185 ലക്ഷം രൂപയുടെ അനുമതിയും ഹോർട്ടികോർപ്പിന് നല്കിയിട്ടുണ്ട്. കൂടാതെ കൃഷി വകുപ്പിന്റെ 19 സഞ്ചരിക്കുന്ന ശീതീകരണ സംഭരണശാലകളും ജില്ലകൾ കേന്ദ്രീകരിച്ച് ഉടൻ പ്രവർത്തനസജ്ജമാകും.

<u>ശ്രീമതി ഒ. എസ്. അംബിക</u>: സർ, നിലവിൽ ഹോർട്ടികോർപ്പിന് എത്ര ഷോപ്പുകളും ഫ്രാഞ്ചൈസികളുമുണ്ട്; അവയിൽ ലാഭത്തിൽ പ്രവർത്തിക്കുന്നവ എത്രയെന്നും കഴിഞ്ഞ സാമ്പത്തിക വർഷത്തെ

വിറ്റുവരവിൽ ഉണ്ടായിട്ടുള്ള സാമ്പത്തികനഷ്ടം എത്രയെന്നും വിശദീകരിക്കാമോ?

ശ്രീ. പി. പ്രസാദ്: സർ, കേരളത്തിലുനീളം 126 സ്വന്തം സ്റ്റാളുകളും 188 ഫ്രാഞ്ചൈസികളുമുണ്ട്. ഇതിൽ 12 സ്വന്തം സ്റ്റാളുകൾ മാത്രമാണ് ലാഭത്തിൽ പ്രവർത്തിക്കുന്നത്. കഴിഞ്ഞ സാമ്പത്തിക വർഷത്തെ വിറ്റുവരവിലുണ്ടായ നഷ്ടം ഏകദേശം 52,50,000 രൂപയാണെന്നുകൂടി അറിയിക്കുന്നു.

ശ്രീമതി ഒ. എസ്. അംബിക: സർ, സംസ്ഥാനത്തെ തേൻ കർഷകരെ സഹായിക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് ഹോർട്ടികോർപ്പുവഴി നടപ്പിലാക്കുന്നതെന്നും നാഷണൽ ഹണി മിഷനുമായി ബന്ധപ്പെട്ട് എന്തെല്ലാം പ്രവർത്തനങ്ങളാണ് നടപ്പിലാക്കിവരുന്നതെന്നും വിശദീകരിക്കാമോ?

ശ്രീ. പി. പ്രസാദ്: സർ, നാഷണൽ ഹണി മിഷനുമായി ബന്ധപ്പെട്ട് നാല് പദ്ധതികൾക്കുവേണ്ടി ഇടപെടൽ നടത്തിയിരുന്നു. ആലപ്പുഴ, ഇടുക്കി ജില്ലകളിൽ രണ്ട് പദ്ധതികൾ അനുവദിച്ചിട്ടുണ്ട്. കേരളത്തിലെ പഴം-പച്ചക്കറി മേഖലയുമായി ബന്ധപ്പെട്ട കർഷകരിൽനിന്നും ഉൽപ്പന്നങ്ങൾ

സമാഹരിക്കുന്നതിനും വിപണനം ചെയ്യുന്നതിനുമുള്ള പദ്ധതികളാണ് നടപ്പിലാക്കിയിരിക്കുന്നത്. ഹോർട്ടികോർപ്പിന്റെ പ്രവർത്തനത്തിന് പുനഃസംഘടന അനിവാര്യമാണെന്നാണ് സർക്കാർ കാണുന്നത്. അതിനുള്ള നടപടിയിലേയ്ക്ക് നീങ്ങിയിട്ടുമുണ്ട്.

ശ്രീ. കെ. ബാബു (നെന്മാറ): സർ, പഴം-പച്ചക്കറി ഉൽപ്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുക, സുരക്ഷിത പഴം-പച്ചക്കറി ഉൽപ്പാദനം പ്രോൽസാഹിപ്പിക്കുക എന്നീ ലക്ഷ്യങ്ങളോടുകൂടി നടത്തിയ പ്രവർത്തനത്തിന്റെ ഭാഗമായി ഉൽപ്പാദനത്തിൽ വലിയതോതിൽ വർദ്ധനവുണ്ടാക്കാൻ കഴിഞ്ഞതിൽ അഭിമാനിക്കുന്നു. കാലാവസ്ഥാ വ്യതിയാനത്തിന്റെ ഭാഗമായി മാംഗോ സിറ്റി എന്നറിയപ്പെടുന്ന എന്റെ നിയോജകമണ്ഡലത്തിലെ മുതലമടയിലെ മാങ്ങ ഉൽപ്പാദനരംഗത്തും പച്ചക്കറി ഉൽപ്പാദനരംഗത്തും വൻതോതിലുള്ള വിളനാശമാണ് കഴിഞ്ഞ വർഷമുണ്ടായിട്ടുള്ളത്. ഏകദേശം നാൽപ്പത് മുതൽ എൺപത് ശതമാനം വരെ വിളനാശമുണ്ടായിട്ടുണ്ട്. അത്തരത്തിൽ വിളനാശം സംഭവിക്കുന്ന കർഷകരെ സഹായിക്കാനാവശ്യമായ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത്?

ശ്രീ. പി. പ്രസാദ്: സർ, വിളനാശം പ്രകൃതിക്ഷോഭങ്ങളുടെ പട്ടികയിൽപ്പെടുത്തി കർഷകരെ സഹായിക്കാനുള്ള പദ്ധതികളും വിള ഇൻഷ്വറൻസുമായി ബന്ധപ്പെട്ട പദ്ധതികളും നിലവിലുണ്ട്. ഈ പദ്ധതികളിലൂടെ കർഷകരെ സഹായിക്കാനുള്ള പരമാവധി കാര്യങ്ങൾ സർക്കാർ ചെയ്തുവരുന്നുണ്ട്.

ശ്രീ. എം. രാജഗോപാലൻ: സർ, കാസർഗോഡ് ജില്ലയിൽ ഹോർട്ടികോർപ്പ് സംഭരണകേന്ദ്രം ഇതുവരെ ആരംഭിച്ചിട്ടില്ല. ഹോൾസെയിൽ മാർക്കറ്റ് തുടങ്ങുമെന്ന പ്രഖ്യാപനവും പ്രാവർത്തികമാക്കിയിട്ടില്ല. കേരളത്തിൽ ഹോർട്ടികോർപ്പിനുകീഴിൽ എത്ര സംഭരണകേന്ദ്രങ്ങളും വിപണന കേന്ദ്രങ്ങളും പ്രവർത്തിക്കുന്നുണ്ടെന്നും കഴിഞ്ഞ മൂന്ന് വർഷത്തിനിടയിൽ സ്ഥാപനത്തിലെ ക്രമക്കേടുകളുടെ പേരിൽ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്നും വിശദമാക്കാമോ?

ശ്രീ. പി. പ്രസാദ്: സർ, സംഭരണ-വില്പന കേന്ദ്രങ്ങളെക്കുറിച്ച് ഞാൻ നേരത്തെ സൂചിപ്പിച്ചിരുന്നു. ബഹുമാനപ്പെട്ട അംഗം ചോദിച്ചതുപോലെ ഹോർട്ടികോർപ്പിന്റെ സംഭരണ കേന്ദ്രം സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് ഗൗരവമായൊരു ഇടപെടൽ നടത്തേണ്ടതുണ്ടെന്ന് കണക്കാക്കിയതിന്റെ

അടിസ്ഥാനത്തിലുള്ള പരിശോധനകൾ നടത്തിയിരുന്നു. അതിന്റെ ഭാഗമായി ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം പതിനാല് പേർക്കെതിരെ നടപടി സ്വീകരിക്കുകയും ചില കേസുകൾ പോലീസിന് കൈമാറുകയും ചെയ്തിട്ടുണ്ട്. മറ്റുചില കേസുകൾ വിജിലൻസിന് കൈമാറുന്ന നിലയിലേയ്ക്കെത്തിയിട്ടുമുണ്ട്. അക്കാര്യങ്ങളിലെല്ലാം യാതൊരു വിട്ടുവീഴ്ചയുമില്ലാത്ത നിലപാടുകൾ സ്വീകരിക്കുന്നതാണ്. ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചതുപോലെ നിലവിൽ കാസർഗോഡ് ജില്ലയിൽ സംഭരണകേന്ദ്രം ഇല്ലെന്നത് ഒരു യാഥാർത്ഥ്യമാണ്. അനുയോജ്യമായ സ്ഥലം ലഭ്യമാകുന്നതിനുള്ള പ്രയാസമാണ് ഇപ്പോഴുള്ളത്. അവിടെയൊരു സംഭരണ കേന്ദ്രമാരംഭിക്കുമെന്നത് പ്രഖ്യാപനമല്ല. ഉൽപ്പന്നങ്ങൾ സംഭരിക്കുന്നതിനും എല്ലായിടങ്ങളിലും എത്തിക്കുന്നതിനും അനുയോജ്യമായ സ്ഥലമാണ് അനിവാര്യമായിട്ടുള്ളത്. അത് കണ്ടെത്തുന്നതിന് പ്രയാസമുണ്ടായിട്ടുണ്ടെന്ന് ഞാൻ സമ്മതിക്കുന്നു. വളരെ വേഗത്തിൽത്തന്നെ കാസർഗോഡ് സംഭരണകേന്ദ്രം ആരംഭിക്കുന്നതായിരിക്കും.

ശ്രീമതി ശാന്തകുമാരി കെ.: സർ, കർഷകർ ഉൽപ്പാദിപ്പിക്കുന്ന ഉൽപ്പന്നങ്ങൾക്ക് മാന്യമായ വില ലഭ്യമാക്കുകയും വിപണി കണ്ടെത്തുകയും

ഉപഭോക്താക്കൾക്ക് ന്യായവിലയ്ക്ക് പഴം-പച്ചക്കറി തുടങ്ങിയവ ലഭ്യമാക്കി പൊതുവിപണിയിൽ ഉണ്ടാകുന്ന വിലക്കയറ്റത്തിന്റെ രൂക്ഷതയിൽനിന്ന് പൊതുജനങ്ങളെ കരകയറ്റുന്ന ദൗത്യം വിജയകരമായി നടപ്പിലാക്കുകയും ചെയ്യുന്ന സംസ്ഥാനമാണ് കേരളം. ആ നിലയിൽ കർഷകർക്ക് ഏറെ ആശ്വാസകരമായ വിളകൾക്ക് താങ്ങുവില ലഭ്യമാക്കുകയെന്നതിന്റെ അടിസ്ഥാനത്തിൽ കേരളത്തിൽ ഏതെല്ലാം വിളകൾക്കാണ് ഇപ്പോൾ താങ്ങുവില പ്രഖ്യാപിച്ചിട്ടുള്ളതെന്നും നടപ്പിലാക്കിക്കൊണ്ടിരിക്കുന്നതെന്നും വിശദമാക്കാമോ?

<u>ശ്രീ. പി. പ്രസാദ്</u>: സർ, കേരളത്തിൽ പതിനാറ് ഇനം പഴം-പച്ചക്കറികൾക്കാണ് ഇത്തരത്തിൽ താങ്ങുവില നിശ്ചയിച്ചിട്ടുള്ളത്. പതിനാറിനങ്ങളുടെയും പേര് പ്രത്യേകമായി എടുത്തുപറയുന്നില്ല. കേരളത്തിലെ കർഷകരെ സഹായിക്കുകയെന്നതാണ് ഇത്തരം നടപടികളിലൂടെ സർക്കാർ ലക്ഷ്യംവച്ചിട്ടുള്ളത്. വിപണിവിലയുടെ കാര്യത്തിൽ ഇടപെടൽ നടത്തേണ്ടതായിട്ടുണ്ട്. വിപണിയിൽ പച്ചക്കറിയുടെ വില ക്രമാതീതമായി ഉയർന്നുവരുന്ന സാഹചര്യത്തിൽ വിപണി ഇടപെടൽ എന്ന പേരിൽ പുറത്തുനിന്നുപോലും പച്ചക്കറികൾ കൊണ്ടുവരേണ്ടിവന്നു.

സംസ്ഥാനത്തിന് പുറത്തുനിന്ന് പച്ചക്കറി കൊണ്ടുവന്ന് കേരളത്തിൽ വിപണനം നടത്തുകയെന്നുള്ളതല്ല ഹോർട്ടികോർപ്പിന്റെയോ കൃഷി വകുപ്പിന്റെയോ പ്രധാനപ്പെട്ട ഉദ്ദേശ്യം. ഇപ്പോഴും അതിനല്ല പ്രാധാന്യം നൽകുന്നത്. ഇവിടെ ഉൽപ്പാദിപ്പിക്കുന്ന കാർഷികോല്പന്നങ്ങൾതന്നെ കൂടുതൽ ഉപയോഗിക്കുകയെന്ന തരത്തിലേയ്ക്കാണ് എത്തേണ്ടത്. മലയാളികളുടെ ഭക്ഷണശീലത്തിൽ ഉരുളക്കിഴങ്ങും സവാളയും തക്കാളിയുമെല്ലാം വന്നപ്പോൾ നാടൻ ഇനങ്ങൾ ഒഴിവാക്കുന്ന രീതിയിലേയ്ക്കെത്തി. ഏറ്റവും കൂടുതൽ ഫൈബർ കണ്ടന്റുണ്ടെന്ന് പറയപ്പെടുന്ന ചേനയും ചേമ്പും അടക്കമുള്ള ഉൽപ്പന്നങ്ങൾ ഒഴിവാക്കപ്പെടുകയും മറ്റു പലതും പുറത്തുനിന്ന് വരികയും ചെയ്യുന്നു. ഇപ്പോൾ മലയാളിക്ക് ഉരുളക്കിഴങ്ങില്ലെങ്കിൽ വല്ലാത്ത പ്രതിസന്ധിയുണ്ടാകുന്നുവെന്ന തരത്തിലേയ്ക്ക് എത്തിയിരിക്കുകയാണ്. അതുകൊണ്ടാണ് പുറത്തുനിന്നുപോലും ചില പച്ചക്കറികൾ കൊണ്ടുവരേണ്ട അവസ്ഥയുണ്ടാകുന്നത്. കേരളത്തിലെ കാർഷികോൽപ്പന്നങ്ങൾ മാത്രമായി വിപണനം നടത്തുമ്പോൾ ഉപഭോക്താവ് ഹോർട്ടികോർപ്പ് ഔട്ട്ലെറ്റിലേയ്ക്ക് വരാത്ത ഒരവസ്ഥയുണ്ടാകുമെന്നത് യാഥാർത്ഥ്യമാണ്. അതുകൊണ്ട്

കേരളത്തിന് ആവശ്യമായ പച്ചക്കറികൾ ഇവിടെത്തന്നെ ഉൽപ്പാദിപ്പിക്കാനാണ് ഉദ്ദേശിക്കുന്നത്. പതിനാറ് ലക്ഷം ടൺ അധികം പച്ചക്കറി ഉല്പാദിപ്പിക്കാൻ നമുക്ക് കഴിഞ്ഞിട്ടുണ്ട്. നമ്മുടെ കർഷകർ ഉൽപ്പാദിപ്പിക്കുന്ന പച്ചക്കറികൾതന്നെ ഉപയോഗിക്കുന്ന രീതിയിലേയ്ക്ക് എത്തുന്നതിനുള്ള സംവിധാനമുണ്ടാകും. അക്കാര്യത്തിൽ ഫലപ്രദമായ ഇടപെടലുണ്ടാകുമെന്ന് അറിയിക്കുകയാണ്.

ശ്രീ. രമേശ് ചെന്നിത്തല: സർ, ബഹുമാനപ്പെട്ട മന്ത്രി ആദ്യത്തെ ചോദ്യത്തിന് വിശദമായ മറുപടി പറഞ്ഞില്ല. ഇടനിലക്കാരുടെ ചൂഷണമാണ് ഇന്ന് കർഷകർ നേരിടുന്ന വലിയ പ്രശ്നം. വിപണിയിൽ വില കൂടിയാലും കർഷകർക്ക് വേണ്ടത്ര വില ലഭിക്കുന്നില്ലെന്നത് വസ്തുതയാണ്. വട്ടവടയിൽ കർഷകർ ഉൽപ്പാദിപ്പിക്കുന്ന പച്ചക്കറികൾക്ക് വില നൽകുന്നതിൽ കുടിശ്ശികയുണ്ടാകുന്നുവെന്നത് നിരന്തരമായി ഉയർന്നുവരുന്ന വാർത്തയാണ്. ഉല്പന്നങ്ങൾക്ക് യഥാസമയം വില ലഭിക്കുന്നില്ലെന്നുള്ള പരാതി വ്യാപകമായി ഉയർന്നുവരികയാണ്. അതോടൊപ്പംതന്നെ ജൈവ പച്ചക്കറികൾ ടി ഔട്ട്ലെറ്റുകളിലൂടെ വിതരണം ചെയ്യാനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. പി. പ്രസാദ്: സർ, ജൈവ പച്ചക്കറികൾ ഔട്ട്ലെറ്റുകളിലൂടെ വിതരണം ചെയ്യാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. അക്കാര്യത്തിൽ ഫലപ്രദമായ ഇടപെടലുകൾ സർക്കാർ നടത്തുന്നതായിരിക്കും. ശീതകാല പച്ചക്കറികളുടെ ഉൽപ്പാദനം നടക്കുന്നത് വട്ടവട, കാന്തല്ലൂർ തുടങ്ങിയ മേഖലകളിലാണ്. അവിടങ്ങളിൽ പച്ചക്കറിയുല്പാദന സമയത്തുതന്നെ അതായത്, കർഷകൻ കൃഷി ഇറക്കുമ്പോൾതന്നെ മറ്റുപല മേഖലകളിലുമുള്ളവർ അവിടേയ്ക്ക് എത്തുകയും പണം കടം കൊടുക്കുകയും തുടർന്ന് കർഷകർക്ക് അവരുടെ ഉൽപ്പന്നം ഇടനിലക്കാർക്കുതന്നെ കൊടുക്കേണ്ടിവരികയും ചെയ്യുന്ന സാഹചര്യത്തെ സർക്കാർ ഗൗരവകരമായി കാണുന്നു. ഞാൻ കൃഷി വകുപ്പുമന്ത്രിയായി ചുമതലയേറ്റെടുത്തതിനുശേഷം വട്ടവടയിലും കാന്തല്ലൂരിലും നേരിട്ടുപോയി കൃഷിയിടങ്ങൾ സന്ദർശിച്ച് കർഷകരെയും ജനപ്രതിനിധികളെയും വിളിച്ചുകൂട്ടി ആവശ്യമായ ഇടപെടലുകൾ നടത്തിയിട്ടുണ്ട്. ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചതുപോലെ കർഷകർക്ക് നൽകാൻ കുടിശ്ശികയുണ്ടായിരുന്നു. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം കർഷകർക്ക് നൽകാനുണ്ടായിരുന്ന 21.25 കോടി രൂപയുടെ കുടിശ്ശിക നൽകിയ വിവരം

സഭയെ അറിയിക്കുകയാണ്. 2022 മാർച്ച് 31 വരെ വ്യക്തിഗത കർഷകർക്ക് കൊടുക്കാനുള്ള മുഴുവൻ കുടിശ്ശികയും ഹോർട്ടികോർപ്പ് കൊടുത്തുതീർത്തുവെന്നും അറിയിക്കുകയാണ്. കർഷക സംഘങ്ങളുടെ തുക ഇനിയും കുറച്ചുകൂടി കൊടുത്തുതീർക്കാനുണ്ട്. സംസ്ഥാനത്തിന് പുറത്തുനിന്ന് ചിലയിനം പച്ചക്കറികൾ വാങ്ങിയ വകയിൽ ഏജൻസികൾക്ക് തുക കൊടുക്കാൻ ബാക്കിയുണ്ട്. മുൻകാലങ്ങളിലൊന്നും ബഡ്ജറ്റിന്റെ ഭാഗമായി ഹോർട്ടികോർപ്പിനെ സഹായിക്കുന്ന രീതി ഉണ്ടായിരുന്നില്ല. ഈ വർഷത്തെ ബഡ്ജറ്റിൽ മാർക്കറ്റ് ഇന്റർവെൻഷനുവേണ്ടി ചരിത്രത്തിലാദ്യമായി 15 കോടി രൂപ ഹോർട്ടികോർപ്പിനുവേണ്ടി നീക്കിവച്ചിട്ടുണ്ടെന്നുള്ള കാര്യംകൂടി അറിയിക്കുന്നു. നിരവധി പ്രതിസന്ധികൾ അവിടെയുണ്ടെന്ന കാര്യം അങ്ങേയ്ക്കും ശ്രീ. രമേശ് ചെന്നിത്തലയ്ക്കും അറിയാവുന്നതാണ്. നിലവിൽ ഹോർട്ടികോർപ്പിൽ ജോലി ചെയ്യുന്ന ജീവനക്കാരുടെ എണ്ണം കൂടുതലാണ്. അതൊരു സാമൂഹിക യാഥാർത്ഥ്യം കൂടിയാണ്. ഗ്രേഡ് തിരിച്ച് ഉദ്യോഗസ്ഥർക്ക് പ്രത്യേക ഉത്തരവാദിത്വം ഇപ്പോൾ ഏൽപ്പിച്ചിട്ടുണ്ട്. അതിനനുസരിച്ച് പ്രവർത്തിക്കാത്തവരുണ്ടെങ്കിൽ വിട്ടുവീഴ്ചയില്ലാത്ത നടപടിയെടുക്കുന്നതാണ്.

ഹോർട്ടികോർപ്പ് കർഷകനെ സഹായിക്കാൻവേണ്ടി നിലകൊള്ളുന്ന സ്ഥാപനമാണ്. അതിനനുസരിച്ചുള്ള പ്രവർത്തനമാണ് നടത്തേണ്ടത്. അതിനുള്ള ഇടപെടലുകൾ നടത്തുന്നതായിരിക്കും. പതിനാറിനം പഴം-പച്ചക്കറികൾക്ക് വിലവർദ്ധനവുണ്ടാകുന്ന സന്ദർഭങ്ങളിലെല്ലാം വി.എഫ്.പി.സി.കെ., ഹോർട്ടികോർപ്പ്, മറ്റു സംഭരണ കേന്ദ്രങ്ങൾ എന്നിവയുടെ ഇടപെടലുകളോടുകൂടി ഉല്പന്നങ്ങൾ സംഭരിക്കാനുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. ഹോർട്ടികോർപ്പിനെ സംബന്ധിച്ച് ഗ്രേഡ് തിരിച്ച് മാർക്കറ്റ് സ്റ്റഡി നടത്തേണ്ടതുണ്ട്. യാതൊരു മാർക്കറ്റ് സ്റ്റഡിയുമില്ലാതെ എത്രത്തോളം വിൽപ്പന നടക്കുമെന്നുപോലും ആലോചിക്കാതെ ഒരു സ്ഥാപനം തുടങ്ങുകയും അവിടേയ്ക്കാവശ്യമായ സ്റ്റാഫിനെ നിയമിക്കുകയും ചെയ്യും. എന്നാൽ ടി സ്ഥാപനം വൻ നഷ്ടത്തിലേയ്ക്കായിരിക്കും പോകുന്നത്. ഇനി മുതൽ ഇങ്ങനെയൊരു സാഹചര്യമുണ്ടാവില്ല. മാർക്കറ്റ് സ്റ്റഡി നടത്തുന്നതിനായി നിയോഗിച്ച പഠനസമിതിയുടെ റിപ്പോർട്ട് ലഭിച്ചാലുടൻതന്നെ ഹോർട്ടികോർപ്പ് ഉദ്യോഗസ്ഥരുമായി ചർച്ച ചെയ്യുന്നതാണ്. ഇതിനായി ബഹുമാനപ്പെട്ട എം.എൽ.എ-മാരുടെ നിർദ്ദേശം പരിഗണിക്കുന്നതായിരിക്കും. ഏതെല്ലാം

പ്രദേശങ്ങളിലാണ് ഔട്ട്‌ലെറ്റുകൾ സ്ഥാപിക്കേണ്ടതെന്നത് അവർ ആലോചിക്കും. ഗ്രാമപഞ്ചായത്ത് അടിസ്ഥാനത്തിൽപോലും ജനപ്രതിനിധികളെ ഉൾപ്പെടെ നേരിൽക്കണ്ട് ചർച്ച നടത്തി അവരെക്കൂടി വിശ്വാസത്തിലെടുത്ത് മാത്രമേ ഗ്രാമശ്രീ ഔട്ട്‌ലെറ്റുകൾ ആരംഭിക്കുകയുള്ളൂ. ഔട്ട്‌ലെറ്റുകൾ ലാഭകരമാക്കി പ്രവർത്തിപ്പിക്കാനുപകരിക്കുന്ന തരത്തിലും ഗവൺമെന്റ് നൽകുന്ന തുക കർഷകരിലേയ്ക്കുതന്നെ എത്തുന്ന തരത്തിലും അതിനെ പുന:സംഘടിപ്പിക്കുന്ന വിധത്തിലുള്ള ഇടപെടലുകൾ നടത്തുന്നതായിരിക്കും.

ശ്രീ. സജി ചെറിയാൻ: സർ, കഴിഞ്ഞ ആറ് വർഷമായി കേരളത്തിന്റെ കാർഷികമേഖലയിൽ വൻകുതിച്ചുചാട്ടമാണ് ഉണ്ടായിരിക്കുന്നത്. അതിന് ഏറ്റവും വലിയ ഉദാഹരണമാണ് എന്റെ നിയോജകമണ്ഡലത്തെ സമ്പൂർണ്ണ തരിശുരഹിതമാക്കി മാറ്റുന്നതിന് വലിയതരത്തിലുള്ള സഹായം ചെയ്തത്. സമ്പൂർണ്ണ തരിശുരഹിത നിയോജകമണ്ഡലം പദ്ധതി യാഥാർത്ഥ്യമാക്കാൻ നൽകിയ ഫണ്ട് ചെലവഴിക്കുന്നതിന് എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ നിലവിലുള്ള സംവിധാനത്തിലെ കുറവുകൾ പരിഹരിക്കാൻ കഴിയുമോ?

എഞ്ചിനീയറിംഗ് വിഭാഗത്തെ ശാക്തീകരിക്കേണ്ടതും ഏകോപിപ്പിക്കേണ്ടതും അനിവാര്യമാണ്. എന്റെ നിയോജകമണ്ഡലത്തിൽ നൽകിയ ഫണ്ട് സമയബന്ധിതമായി ചെലവഴിക്കുന്നതിന് സാങ്കേതികമായ ചില തടസ്സങ്ങളാണ് എഞ്ചിനീയറിംഗ് വിഭാഗം പറയുന്നത്. ഇക്കാര്യം പരിശോധിക്കുന്നതോടൊപ്പം പദ്ധതി പൂർത്തീകരിക്കുന്ന ഘട്ടത്തിൽ ഒറ്റപ്പെട്ട ചില ബണ്ടുകളും ഇലക്ട്രിക് കണക്ഷനുകളും മോട്ടോറുകളും പമ്പുകളും സ്ഥാപിച്ചാൽ വലിയ രീതിയിലുള്ള മാറ്റവുമുണ്ടാകും. തരിശായി കിടന്ന 2500 ഹെക്ടർ ഭൂമിയിൽ കൃഷി ചെയ്ത് 10000 ടൺ നെല്ല് ഉല്പാദിപ്പിച്ച നിയോജകമണ്ഡലമാണ് ചെങ്ങന്നൂർ. അതിന് സഹായിച്ച ബഹുമാനപ്പെട്ട മന്ത്രിയെയും വകുപ്പിനെയും അഭിനന്ദിക്കുന്നു. ശേഷിക്കുന്ന പ്രവൃത്തികൂടി പൂർത്തീകരിച്ച് പദ്ധതി സമ്പൂർണ്ണമായി നടപ്പാക്കാൻ എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ ഏകോപനവും ശാക്തീകരണവും നടപ്പാക്കാനാവശ്യമായ ഫണ്ട് ലഭ്യമാക്കുമോ?

<u>ശ്രീ. പി. പ്രസാദ്</u>: സർ, തീർച്ചയായും. ബഹുമാന്യരായ നിരവധി അംഗങ്ങൾ അവരുടെ നിയോജകമണ്ഡലങ്ങളിൽ കാർഷികമേഖലയെ

ഉയർത്തിക്കൊണ്ടുവരുന്നതിനും ഫലപ്രദമായി ഇടപെടൽ നടത്തുന്നതിനുമായി നിരവധി പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്. അതിന് ഞാൻ എല്ലാവരെയും അഭിനന്ദിക്കുന്നു. ശ്രീ. സജി ചെറിയാന്റെ നിയോജകമണ്ഡലത്തിൽ നടപ്പിലാക്കുന്ന പദ്ധതി അതിലൊന്നാണ്. ഇവിടെ നേരത്തെ ചോദ്യം ഉന്നയിച്ച ശ്രീ. രമേശ് ചെന്നിത്തലയുടെ മണ്ഡലത്തിൽ 'ഹരിതം ഹരിപ്പാട്' പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. ബഹുമാന്യനായ സ്പീക്കറുടെ മണ്ഡലത്തിലും കാർഷികമേഖലയ്ക്കുവേണ്ടിയുള്ള സമാന പദ്ധതി നടപ്പിലാക്കി വരികയാണ്. ഈ പദ്ധതികൾ നടപ്പിലാക്കുന്ന എല്ലാ അംഗങ്ങളെയും കൃഷി വകുപ്പിനുവേണ്ടി അഭിനന്ദിക്കാൻ ഞാൻ ഈ അവസരം വിനിയോഗിക്കുകയാണ്. ശ്രീ. സജി ചെറിയാൻ സൂചിപ്പിച്ച പദ്ധതിയുടെ പൂർത്തീകരണത്തിനാവശ്യമായ എല്ലാ സഹായവും സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടാകുമെന്ന് അറിയിക്കുകയാണ്. എഞ്ചിനീയറിംഗ് മേഖലയുമായി ബന്ധപ്പെട്ടുള്ള പോരായ്മകൾ പരിഹരിച്ച് ആ പദ്ധതി സമയബന്ധിതമായി പൂർത്തിയാക്കാനുള്ള എല്ലാ ഇടപെടലുകളും വകുപ്പിന്റെ

ഭാഗത്തുനിന്നുണ്ടാകും. കൃത്യമായ അവസരങ്ങളിൽ വകുപ്പുമന്ത്രി എന്ന നിലയിൽ ഞാൻ നേരിട്ട് അതിന്റെ മോണിറ്ററിംഗും നടത്തുന്നതായിരിക്കും.

ശ്രീ. കുറുക്കോളി മൊയ്തീൻ: സർ, കേരളത്തിൽ 16 ഇനം പച്ചക്കറികൾ ഹോർട്ടികോർപ്പ് മുഖേന സംഭരിക്കാൻ നേരത്തെ തീരുമാനിക്കുകയുണ്ടായി. പിന്നീട് കിഴങ്ങുവർഗ്ഗങ്ങൾകൂടി സംഭരിക്കാൻ തീരുമാനിച്ചു. ഇതിനെല്ലാംകൂടി കേരളത്തിൽ എത്ര സംഭരണ കേന്ദ്രങ്ങളാണുള്ളത്. ഇപ്പോൾ പല ഉൽപ്പന്നങ്ങളും ഒറ്റത്തവണ സംഭരിച്ച് നിർത്തലാക്കിയതായാണ് കാണാൻ കഴിയുന്നത്. ഇതിന്റെ സംഭരണം എപ്പോൾ പുനരാരംഭിക്കാനാണ് ഉദ്ദേശിക്കുന്നത്?

ശ്രീ. പി. പ്രസാദ്: സർ, വിലവ്യത്യാസം വരുന്ന ഉൽപ്പന്നങ്ങൾ എല്ലായിടത്തുനിന്നും സംഭരിക്കാനാണ് നിശ്ചയിച്ചിട്ടുള്ളത്. അതുകൊണ്ട് സംഭരണം നിർത്തുന്ന സ്ഥിതിവിശേഷമുണ്ടാകില്ല. കേരളത്തിൽ കൃഷി വകുപ്പിന്റെ കീഴിൽ 300 സംഭരണ കേന്ദ്രങ്ങളുണ്ട്. ഇതുകൂടാതെ 250 PACS-കളെ (Primary Agricultural Credit Society) ചുമതലപ്പെടുത്തിയിട്ടുണ്ട്. സംഭരണകേന്ദ്രങ്ങളുടെ എണ്ണം വർദ്ധിപ്പിക്കുന്നതോടൊപ്പം കേരളത്തിലെ കർഷകർക്ക് അവരുടെ

ഉൽപ്പന്നങ്ങൾ വിറ്റഴിക്കാൻ സാധിക്കാത്തവിധം ബുദ്ധിമുട്ടിലേയ്ക്ക് പോകരുതെന്നാണ് സർക്കാർ കണക്കുകൂട്ടുന്നത്. അതിനാവശ്യമായ നടപടി സ്വീകരിക്കും. ഇപ്പോൾ 300 സംഭരണ കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ട്. ഇതുകൂടാതെ PACS-ന്റേതായി 250 സംഭരണ കേന്ദ്രങ്ങൾ കൂടിയുണ്ട്. ഇവയെല്ലാം പൂർണ്ണമായി പ്രവർത്തനസജ്ജമാക്കുകയും ചെയ്യും.

<u>ശ്രീ. കോവൂർ കുഞ്ഞുമോൻ</u>: സർ, ഹോർട്ടികോർപ്പിന്റെ സ്റ്റാളുകളിൽ പഴം-പച്ചക്കറികളുടെ ലഭ്യതക്കുറവ് അനുഭവപ്പെടുന്നുണ്ട്. ഉദാഹരണത്തിന്, ഒരു വീട്ടമ്മ സാമ്പാറിനും അവിയലിനുമുള്ള പച്ചക്കറി വാങ്ങാൻ ഹോർട്ടികോർപ്പിന്റെ സ്റ്റാളിലേയ്ക്ക് വരുമ്പോൾ ചിലപ്പോൾ സവാളയോ തക്കാളിയോ അവിടെയുണ്ടാകാറില്ല. അതിനായി അവർ മറ്റ് കടകളിലേയ്ക്ക് പോകും. ഇതിന്റെ ഫലമായി ഹോർട്ടികോർപ്പിന്റെ പല സ്റ്റാളുകളും അടച്ചുപൂട്ടേണ്ടിവരുന്നു. എന്റെ നിയോജകമണ്ഡലത്തിലെ ഭരണിക്കാവ്, ശാസ്താംകോട്ട, ചക്കുവള്ളി എന്നീ സ്ഥലങ്ങളിൽ പ്രവർത്തിച്ചിരുന്ന മൂന്ന് സ്റ്റാളുകൾ അടുത്തകാലത്തായി അടച്ചുപൂട്ടി. അത് റീ-ഓപ്പൺ ചെയ്യുന്നതിനായി ഞാൻ ജില്ലാ മാനേജരെ വിളിച്ചുപറഞ്ഞു.

സ്റ്റാളുകളിലെല്ലാം വൈകുന്നേരം 3 മണിക്കുശേഷമാണ് പച്ചക്കറികളുടെ ലോഡ് വരുന്നത്. രാവിലെ ലോഡ് വന്നാൽ ഗുണകരമായിരിക്കും. ബഹുമാനപ്പെട്ട മന്ത്രി അക്കാര്യം ശ്രദ്ധിക്കുന്നത് ഉചിതമായിരിക്കും. നിർത്തലാക്കിയ മൂന്ന് സ്റ്റാളുകളും റീ-ഓപ്പൺ ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

<u>ശ്രീ. പി. പ്രസാദ്</u>: സർ, ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ച മൂന്ന് സ്റ്റാളുകളും എന്ത് കാരണത്താലാണ് നിർത്തലാക്കിയെന്നത് പരിശോധിക്കാം. നിർത്തലാക്കുന്നതിന് ചില ഘടകങ്ങളുണ്ട്. ലാഭത്തിൽ പ്രവർത്തിക്കാൻ സാധ്യമാകുന്നതും കഴിയുന്നതുമായ സ്റ്റാളുകൾ തീർച്ചയായും നിലനിർത്തുന്നതായിരിക്കും. സ്റ്റാളുകൾ ബോധപൂർവ്വമായി അടച്ചുപൂട്ടുകയെന്നത് സർക്കാരിന്റെ നയമല്ല. പച്ചക്കറി ലോഡ് എത്തിക്കുന്ന സമയത്തെക്കുറിച്ച് ഹോർട്ടികോർപ്പിലെ ഉന്നത ഉദ്യോഗസ്ഥരുമായി സംസാരിക്കാം. പ്രസ്തുത സ്റ്റാളുകൾ നിലനിർത്തിക്കൊണ്ടുപോകാൻ കഴിയുന്നതാണെങ്കിൽ തീർച്ചയായും അത്തരത്തിൽ മുന്നോട്ടുപോകുന്നതാണ്.

<u>ശ്രീ. ഡി. കെ. മുരളി</u>: സർ, മാർക്കറ്റിംഗ് സ്റ്റഡി നടത്തുമെന്നും സംഭരണ-വിതരണത്തിൽ ശ്രദ്ധിക്കുമെന്നും ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത് സ്വാഗതാർഹമാണ്. കഴിഞ്ഞ ഗവൺമെന്റിന്റെയും ഈ ഗവൺമെന്റിന്റെയും ഇടപെടലിന്റെ ഭാഗമായി ഒട്ടേറെപ്പേർ കൃഷിയിലേയ്ക്ക് കടന്നുവന്നതിന്റെ ഫലമായി സീസണലായി ചില പച്ചക്കറികളുടെ ഉല്പാദനം വർദ്ധിച്ചിട്ടുണ്ട്. അത്തരം പച്ചക്കറികൾ സംഭരിക്കാൻ ഹോർട്ടികോർപ്പ് മടിച്ചുനിൽക്കുന്നതായി അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അത് പരിഹരിക്കാനുള്ള നടപടി സ്വീകരിക്കുമോ?

<u>ശ്രീ. പി. പ്രസാദ്</u>: സർ, തീർച്ചയായും ഈ പ്രശ്നം പരിഹരിക്കുന്നതാണ്. ഹോർട്ടികോർപ്പിനെയും സംഭരണകേന്ദ്രങ്ങളെയും ശക്തിപ്പെടുത്തും. 'ഞങ്ങളും കൃഷിയിലേയ്ക്ക് " എന്ന പദ്ധതി നല്ലനിലയിൽ നടക്കുന്ന നിയോജകമണ്ഡലങ്ങളിലൊന്നാണ് ബഹുമാനപ്പെട്ട അംഗത്തിന്റേത്. 20 ശതമാനം കൃഷിക്കൂട്ടങ്ങളും സംഭരണം, സംസ്കരണം, വിപണനം എന്നിവയിലാണ് ശ്രദ്ധ കേന്ദ്രീകരിക്കുന്നത്. ആ പ്രശ്നം പൂർണ്ണമായും പരിഹരിക്കാനാണ് സർക്കാർ ആഗ്രഹിക്കുന്നത്. എവിടെയെങ്കിലും പോരായ്മകളുണ്ടെങ്കിൽ ചൂണ്ടിക്കാണിച്ചാൽ

അടിയന്തരമായി വകുപ്പിന്റെ ഇടപെടലുണ്ടാകുമെന്ന കാര്യം ഉറപ്പുനൽകുകയാണ്.

<u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ</u>: സർ, കേരളത്തിൽ ചക്ക, മാങ്ങ, വാഴപ്പഴം, പൈനാപ്പിൾ, നാളികേരം തുടങ്ങിയ ഉല്പന്നങ്ങൾ സംസ്കരിക്കാതെ അയൽസംസ്ഥാനങ്ങളിലേയ്ക്ക് വിപണനം നടത്തുന്നുണ്ട്. ഇവ മൂല്യവർദ്ധിത ഉല്പന്നങ്ങളാക്കിമാറ്റി അയൽസംസ്ഥാനങ്ങൾ ലാഭം കൊയ്യുന്നു. കേരളത്തിൽ ആഭ്യന്തര സുസ്ഥിര വിപണിയില്ലാത്തതുകൊണ്ടല്ലേ ഇത് സംഭവിക്കുന്നത്; ഇക്കാര്യത്തിൽ എന്തെല്ലാം നടപടികളാണ് ഗവൺമെന്റ് സ്വീകരിച്ചിട്ടുള്ളത്?

<u>ശ്രീ. പി. പ്രസാദ്</u>: സർ, ഇതിനായി നമ്മുടെ രീതികൾതന്നെ മാറേണ്ടതുണ്ട്. പഴങ്ങൾ എന്നുപറഞ്ഞാൽ ആപ്പിൾ, ഓറഞ്ച്, മുന്തിരി മാത്രമാണെന്ന നിലയിലാണ് കാണുന്നത്. ഒരു രോഗിയെക്കാണാൻ പോകുന്നയാൾ ചക്കപ്പഴം കൊണ്ടുപോകുന്നില്ല. ആപ്പിൾ വാങ്ങിക്കൊണ്ട് പോകാനാണ് ശ്രമിക്കുന്നത്. അത് നമ്മുടെ attitude ആണ്. പാലോട് ടി.ബി.ജി.&ആർ.ഐ-യുടെ പഠന റിപ്പോർട്ടിൽ പറയുന്നത് ആപ്പിൾ, ഓറഞ്ച്, മുന്തിരി എന്നിവയിൽ അടങ്ങിയിരിക്കുന്നതുപോലെയുള്ള

ഗുണമേന്മ ചക്കയിലും മാങ്ങയിലുമുണ്ടെന്നാണ്. നാം അത് പാഴാക്കിക്കളയുകയാണ്. വിപണനത്തിനുമാത്രമല്ല, മൂല്യവർദ്ധിത ഉല്പന്നങ്ങളാക്കി മാറ്റുന്നത് സംബന്ധിച്ചാണ് ആലോചിക്കുന്നത്. ഇവ യഥാസമയം സംഭരിച്ച് സംസ്കരിച്ചശേഷം വിപണനം നടത്തുന്നതിനുവേണ്ട നടപടി സ്വീകരിച്ചിട്ടുണ്ട്. വ്യവസായ വകുപ്പ് ഇതുമായി ബന്ധപ്പെട്ട സ്ഥാപനങ്ങൾ ആരംഭിച്ചിട്ടുണ്ട്. കേരളത്തിൽ നൂറുകണക്കിന് സ്ഥാപനങ്ങൾ കൊണ്ടുവരാൻ സാധിക്കുന്ന, വാല്യൂ ആഡഡ് പ്രോഡക്ട് നിർമ്മിക്കാൻ കഴിയുന്നൊരു മേഖലയാണിത്. ഇതിനായി തൃശ്ശൂർ ജില്ലയിലെ മാളയിൽ ആരംഭിച്ച കേന്ദ്രം ഉദ്ദേശിച്ച അർത്ഥത്തിൽ മുന്നോട്ടുകൊണ്ടുപോകുന്നതിൽ ചില തടസ്സങ്ങളുണ്ടായി. സർക്കാരിന്റെ മേൽനോട്ടത്തിലുള്ള ഈ സ്ഥാപനം അടിയന്തരമായി പ്രവർത്തനസജ്ജമാക്കും. നിലവിൽ Farmer Producer Organization (FPO)-കൾ കേരളത്തിൽ ആരംഭിച്ചിട്ടുണ്ട്. എഫ്.പി.ഒ-കളിൽ പലതും പഴവർഗ്ഗങ്ങളുടെ സംഭരണത്തിന്റെയും സംസ്കരണത്തിന്റെയും രംഗത്തേയ്ക്കാണ് വരുന്നത്. വിദേശമാർക്കറ്റുകളിലടക്കം കയറ്റുമതി ചെയ്യാൻ സാധിക്കുന്നതാണിത്. ഇത് ഫലപ്രദമായി

ഉപയോഗപ്പെടുത്തണമെന്നാണ് കൃഷി വകുപ്പ് ആലോചിക്കുന്നത്. ഇതിനായി ബഹുമാനപ്പെട്ട എല്ലാ അംഗങ്ങളുടെയും പിന്തുണ ഉണ്ടാകണമെന്ന് ഒരിക്കൽകൂടി അഭ്യർത്ഥിക്കുകയാണ്.

ശ്രീ. വി. ആർ. സുനിൽ കുമാർ: സർ, കൃഷി ചെയ്യുന്നതിന് നാം നേരിടുന്ന നിരവധി പ്രശ്നങ്ങളിലൊന്നാണ് ഭൂമിയുടെ കുറവ്. ആയത് പരിഹരിക്കുന്നതിനുവേണ്ടി ശാസ്ത്രീയ രീതിയിലുള്ള, സ്ഥലപരിമിതിയുള്ള പ്രദേശങ്ങളിൽ അത്യുല്പാദനശേഷിയുള്ള വിത്തിനങ്ങൾ ഉപയോഗിച്ച് കൃഷി നടത്തുന്നതിനുള്ള പദ്ധതികൾ സർക്കാരിന്റെ പരിഗണനയിലുണ്ടോ; വിശദീകരിക്കാമോ?

ശ്രീ. പി. പ്രസാദ്: സർ, തീർച്ചയായും അതൊരു ഘടകംതന്നെയാണ്. പണ്ടുകാലങ്ങളിൽ നമ്മൾ കരുതിയിരുന്നത് മണ്ണുണ്ടെങ്കിൽ മാത്രമേ കൃഷി ചെയ്യാൻ സാധിക്കുകയുള്ളൂവെന്നാണ്. ഹൈഡ്രോപോണിക്സ് പോലുള്ള സാങ്കേതിക വിദ്യകളിലൂടെ മണ്ണില്ലാതെ കൃഷി ചെയ്യാൻ കഴിയുന്ന രീതി നമ്മെ അത്ഭുതപ്പെടുത്തുകയാണ്. ഇതെല്ലാം ഫലപ്രദമായി വിനിയോഗിക്കാൻ സാധിക്കേണ്ടതുണ്ട്. അത്യുല്പാദനശേഷിയുള്ള വിത്തിനങ്ങളുണ്ടാകണം. ഞങ്ങളും കൃഷിയിലേയ്ക്ക് എന്ന

പദ്ധതിയിൻകീഴിൽ 10000 കൃഷിക്കൂട്ടങ്ങൾ ലക്ഷ്യംവച്ചപ്പോൾ, 24000 കൃഷിക്കൂട്ടങ്ങൾ വരികയുണ്ടായി; ഇവർക്കെല്ലാം വിത്ത് വിതരണം ചെയ്യേണ്ടതുണ്ട്. ബഹുമാന്യരായ പല അംഗങ്ങളും വിത്തുകളും തൈകളും ആവശ്യപ്പെട്ടിട്ടുണ്ട്. സാധാരണ വിത്തുകളല്ല മറിച്ച് ഉല്പാദനശേഷിയുള്ള ഹൈബ്രിഡ് ഇനങ്ങൾ വേണം. സർവ്വകലാശാലകളുമായും കൃഷി വകുപ്പിന്റെ ഫാമുകളുമായും ബന്ധപ്പെട്ട് കൂടുതൽ വിത്തുകൾ ഉല്പാദിപ്പിച്ച് വിതരണം നടത്തുന്നതിനുള്ള ഇടപെടൽ നടത്തുന്നതാണ്. സ്ഥലപരിമിതിയുള്ളയിടങ്ങളിൽ അത്യുല്പാദനശേഷിയുള്ള വിത്തിനങ്ങൾ ഉപയോഗിച്ച് കൃഷി ചെയ്യുന്നതിനും അതോടൊപ്പം ഹൈഡ്രോപോണിക്സ് അടക്കമുള്ള പുതിയ സാങ്കേതികവിദ്യകൾ ഉപയോഗപ്പെടുത്തിക്കൊണ്ടുള്ള കൃഷിരീതികൾ അവലംബിക്കാനുമുള്ള പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കുന്നതായിരിക്കും. ....(ബഹളം)....

മി. സ്പീക്കർ: വളരെ കുറച്ച് ചോദ്യങ്ങൾക്കുമാത്രം അവസരം ലഭിച്ചിട്ടുള്ള അംഗങ്ങളെയാണ് ഇപ്പോൾ പരിഗണിക്കുന്നത്.

ശ്രീ. എ. രാജ: സർ, കർഷകരുടെ ദുരിതങ്ങൾ നേരിട്ട് മനസ്സിലാക്കി അവ പരിഹരിക്കുന്നതിനായി കൃഷി വകുപ്പുമന്ത്രി നടത്തുന്ന ഇടപെടലുകൾ

അഭിനന്ദനാർഹമാണ്. പ്രത്യേക പദവി ലഭിച്ച ഉല്പന്നമാണ് എന്റെ നിയോജകമണ്ഡലത്തിൽ ഉല്പാദിപ്പിക്കുന്ന മറയൂർ ശർക്കര. എന്നാൽ മറയൂർ ശർക്കര എന്ന വ്യാജേന മറ്റ് സംസ്ഥാനങ്ങളിൽനിന്ന് സംസ്ഥാനത്തെ വിപണിയിൽ ശർക്കര എത്തുന്നത് തടയുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

ശ്രീ. പി. പ്രസാദ്: സർ, തീർച്ചയായും. ഇത് വളരെ ഗൗരവതരമായ കാര്യമാണ്. ജി.ഐ. പദവി ലഭിച്ച ഉല്പന്നങ്ങളിലൊന്നാണ് മറയൂർ ശർക്കര. അന്യസംസ്ഥാനങ്ങളിൽനിന്ന് പഞ്ചസാര ചേർത്ത ശർക്കര ഇവിടെ കൊണ്ടുവന്ന് മറയൂർ ശർക്കര എന്ന പേരിൽ വിപണനം നടത്തുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ബഹുമാനപ്പെട്ട അംഗവും ഞാനും ആ മേഖല സന്ദർശിച്ചപ്പോൾ കർഷകരടക്കം ഇങ്ങനെയൊരു പരാതി നൽകിയിട്ടുണ്ട്. അത് തടയുന്നതിന് സർക്കാരിന്റെ ഫലപ്രദമായ ഇടപെടലുണ്ടാകും.

റബ്ബർ കർഷകരുടെ ദുരിതം പരിഹരിക്കാൻ നടപടി

3 (*423) ശ്രീ. കെ. ബി. ഗണേഷ് കുമാർ:
ശ്രീ. കോവൂർ കുഞ്ഞുമോൻ:
ശ്രീ. മാത്യു ടി. തോമസ്:

ശ്രീ. തോമസ് കെ. തോമസ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി പറയാമോ:

(എ) റബ്ബർ ഷീറ്റ്, റബ്ബർ ലാറ്റക്സ് എന്നിവയ്ക്ക് കാർഷികോല്പന്ന പദവി ലഭ്യമാക്കാൻ സർക്കാർ സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കുമോ;

(ബി) റബ്ബർ കർഷകർ നേരിടുന്ന ദുരിതം പരിഹരിക്കുന്നതിന് പുതിയതായി ആവിഷ്കരിച്ചിട്ടുള്ള മറ്റ് പദ്ധതികൾ, ഇവയുടെ പുരോഗതി എന്നിവ വിശദമാക്കുമോ?

മി. സ്പീക്കർ: ദീർഘമായ മറുപടിയാണെങ്കിൽ ബഹുമാനപ്പെട്ട മന്ത്രിക്ക് മേശപ്പുറത്ത് വയ്ക്കാവുന്നതാണ്. ഇന്ന് ഒരു അടിയന്തര ചോദ്യംകൂടി ഉൾപ്പെടുത്തിയിട്ടുണ്ട്.

കൃഷി വകുപ്പുമന്ത്രി (ശ്രീ. പി. പ്രസാദ്): സർ, മറുപടി മേശപ്പുറത്തുവയ്ക്കുന്നു.+

ശ്രീ. കെ. ബി. ഗണേഷ് കുമാർ: സർ, റബ്ബർ കയറ്റുമതിയുമായി ബന്ധപ്പെട്ട് കേന്ദ്ര സർക്കാർ നടപ്പിലാക്കാൻപോകുന്ന റബ്ബർ ആക്ടിന്റെ കരട് തയ്യാറായിരിക്കുകയാണ്. കേരളത്തിലെ റബ്ബർ കർഷകരെ ദോഷകരമായി

\+ അനുബന്ധമായി ചേർത്തിട്ടുണ്ട്.

ബാധിക്കുന്ന പല വ്യവസ്ഥകളും ഈ ആക്ടിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്നാണ് അറിയാൻ കഴിഞ്ഞത്. അക്കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത ആക്ടിൽ കേന്ദ്ര ഗവൺമെന്റ് വരുത്താനുദ്ദേശിക്കുന്ന ഭേദഗതികൾക്കെതിരെ സംസ്ഥാന ഗവൺമെന്റ് എന്തൊക്കെ ഇടപെടലുകൾ നടത്താനാണ് ഉദ്ദേശിക്കുന്നത്?

ശ്രീ. പി. പ്രസാദ്: സർ, ബഹുമാനപ്പെട്ട അംഗം ഗൗരവതരമായ ഒരു പ്രശ്നമാണ് ഉന്നയിച്ചിരിക്കുന്നത്. റബ്ബർ ആക്ടുമായി ബന്ധപ്പെട്ട വിഷയം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് ഇക്കാര്യത്തിലുള്ള കേരളത്തിന്റെ ആശങ്ക നിരവധി തവണ കേന്ദ്ര ഗവൺമെന്റിനെ അറിയിക്കുകയുണ്ടായി. കഴിഞ്ഞ ദിവസം കേന്ദ്ര കൃഷി വകുപ്പുമന്ത്രി സംസ്ഥാന കൃഷി വകുപ്പുമന്ത്രിമാരുടെ ഒരു യോഗം ബംഗളൂരുവിൽ വിളിച്ചുചേർത്തിരുന്നു. ആ യോഗത്തിലും കേരളത്തിന്റെ താൽപ്പര്യം സംരക്ഷിക്കണമെന്നും കേരളത്തിലെ റബ്ബർ കർഷകരെ സഹായിക്കണമെന്നും ആവശ്യപ്പെട്ടിട്ടുണ്ട്. നമ്മളെല്ലാവരുംചേർന്ന് കേന്ദ്ര സർക്കാരിൽ ശക്തമായ സമ്മർദ്ദം ചെലുത്തുകയും സമരം ചെയ്യേണ്ടതുമായ ഒരവസ്ഥയിലേയ്ക്കായിരിക്കും എത്തിച്ചേരുക. ഈ ആക്ടുകൂടി പ്രാബല്യത്തിൽ

വന്നാൽ കേരളത്തിലെ റബ്ബർ കർഷകർ ഇപ്പോൾതന്നെ അനുഭവിക്കുന്ന ബുദ്ധിമുട്ട് രൂക്ഷമാകും.

ശ്രീ. കെ. ബി. ഗണേഷ് കുമാർ: സർ, മലയോര മേഖല ഒഴികെയുള്ള പ്രദേശങ്ങളിൽ നട്ടുവളർത്തുന്ന റബ്ബർതൈകൾ കാട്ടുപന്നികളും വലിയ വൃക്ഷങ്ങൾ കാട്ടാനകളും നശിപ്പിക്കുകയാണ്. ഇതിനെല്ലാം നഷ്ടപരിഹാരം നൽകുന്നത് വനം വകുപ്പാണ്. അതിനായി സങ്കീർണ്ണമായ നടപടിക്രമങ്ങൾ പൂർത്തീകരിക്കേണ്ടതുമുണ്ട്. കൃഷി ഓഫീസർ സാക്ഷ്യപ്പെടുത്തിയതിനുശേഷം വനം വകുപ്പിന്റെ അനുമതി ലഭിക്കണമെന്ന പ്രോസസ്സ് കൂടിയുണ്ട്. എന്നാൽപോലും തുച്ഛമായ തുകയാണ് നഷ്ടപരിഹാരമായി ലഭിക്കുന്നത്. വനം വകുപ്പ് നൽകുന്ന തുകയ്ക്കുപുറമെ കൃഷി വകുപ്പുകൂടി കർഷകർക്ക് നഷ്ടപരിഹാരം നൽകണം. ഒരു റബ്ബർ തൈ പരിപാലിച്ച് വളർത്തിയെടുക്കുന്നതിന് അനേകം വർഷങ്ങൾ വേണ്ടിവരും. അങ്ങനെ നട്ടുവളർത്തുന്ന റബ്ബർ മരങ്ങൾ കാട്ടാന നശിപ്പിക്കുമ്പോൾ ഉണ്ടാകുന്നത് ഭീമമായ നഷ്ടമാണ്. അതിനിടയിൽ പുതിയൊരു തൈ നട്ടുപിടിപ്പിക്കാനും കഴിയില്ല. ആ സ്ഥലം വർഷങ്ങളോളം വെറുതെകിടക്കും. അതുകൊണ്ട്

മെച്ചപ്പെട്ടൊരു തുക കർഷകർക്ക് നഷ്ടപരിഹാരമായി നൽകാൻ കൃഷി വകുപ്പ് തയ്യാറാകുമോ?

<u>ശ്രീ. പി. പ്രസാദ്</u>: സർ, പ്രകൃതിക്ഷോഭം, വന്യമൃഗങ്ങളുടെ ശല്യം എന്നിവമൂലമുണ്ടാകുന്ന കൃഷിനാശത്തിന് സാമ്പത്തിക സഹായവും ഇൻഷ്വറൻസ് പരിരക്ഷയുമാണ് ഇപ്പോൾ കർഷകർക്ക് ലഭിക്കുന്നത്. നഷ്ടപരിഹാരം തിട്ടപ്പെടുത്താൻവേണ്ടി കൃഷി വകുപ്പിനെയാണ് നിയോഗിച്ചിട്ടുള്ളത്. കൃഷി വകുപ്പ് തിട്ടപ്പെടുത്തുന്ന നഷ്ടപരിഹാരത്തോടൊപ്പം വനം വകുപ്പ് നൽകുന്ന പത്തുശതമാനം തുകയും ചേർത്താണ് ഇപ്പോൾ ആനുകൂല്യം നൽകിവരുന്നത്. ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചതുപോലെ കൃഷിക്കാർക്ക് കുറെക്കൂടി സഹായകരമായ രീതിയിലുള്ള സ്മാർട്ട് വിള ഇൻഷ്വറസ് പദ്ധതി നടപ്പാക്കുന്നതിനെക്കുറിച്ച് കൃഷി വകുപ്പ് ആലോചിച്ചുവരികയാണ്. ഇക്കാര്യംകൂടി പരിഗണിക്കുന്നതാണ്. വനമേഖലയിൽ കൂടുതൽ സഹായം നൽകേണ്ടത് അത്യന്താപേക്ഷിതമാണ്. അക്കാര്യവും പ്രത്യേകം പരിശോധിക്കുന്നതാണ്.

## 2. **അടിയന്തര ചോദ്യം**

വാനര വസൂരി പ്രതിരോധ നടപടികൾ

ശ്രീ. എ. പി. അനിൽ കുമാർ: സർ, താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി പറയാമോ:

(എ) രാജ്യത്ത് ആദ്യമായി, സംസ്ഥാനത്ത് വാനര വസൂരി സ്ഥിരീകരിച്ച സാഹചര്യത്തിൽ സ്വീകരിച്ചിട്ടുള്ള പ്രതിരോധ നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(ബി) വാനര വസൂരി ഏതൊക്കെ രീതിയിൽ പകരാൻ സാധ്യതയുണ്ടെന്ന് അറിയിക്കുമോ; രോഗപ്പകർച്ച തടയാൻ ജനങ്ങൾ സ്വീകരിക്കേണ്ട മുൻകരുതലുകൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(സി) ആദ്യമായി വാനര വസൂരി സ്ഥിരീകരിച്ച കൊല്ലം ജില്ലയിൽ ആരോഗ്യ വകുപ്പിന്റെ ഭാഗത്തുനിന്നും ഏകോപനത്തിൽ വീഴ്ചയുണ്ടായതായി വാർത്തകൾ വന്നതിന്റെ നിജസ്ഥിതി പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ ഇത്തരം വീഴ്ചകൾ ആവർത്തിക്കാതിരിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ;

(ഡി) സംസ്ഥാനത്ത് നിപ വൈറസ് വീണ്ടും റിപ്പോർട്ട് ചെയ്യപ്പെടാൻ ഇടയാക്കിയ സാഹചര്യംകൂടി വിശകലനം ചെയ്ത് വാനര വസൂരി രോഗം കൂടുതൽ ആളുകളിലേയ്ക്ക് പടരാതെ തുടക്കത്തിൽത്തന്നെ നിയന്ത്രണ വിധേയമാക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്): സർ,

(എ) ഷാർജയിൽനിന്നും 12.7.2022-ന് എത്തിയ കൊല്ലം ജില്ലക്കാരനായ 34 വയസ്സുള്ള ഒരു പുരുഷനിലാണ് വാനര വസൂരി ആദ്യം സ്ഥിരീകരിച്ചത്. അദ്ദേഹം ഇപ്പോൾ തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയിൽ ചികിത്സയിലാണ്. രോഗിയുടെ ചികിത്സയ്ക്കായി മെഡിക്കൽ ടീം രൂപീകരിക്കുകയും അവരുടെ നേതൃത്വത്തിൽ ചികിത്സ നല്കിവരികയും ചെയ്യുന്നു. രോഗിയുമായി അടുത്തിടപഴകിയ രണ്ട് കുടുംബാംഗങ്ങൾ മെഡിക്കൽ കോളേജ് ആശുപത്രിയിൽ ക്വാറന്റയിനിലുണ്ട്. ഇവർക്ക് രോഗലക്ഷണമുണ്ടോയെന്ന് നിരീക്ഷിച്ചുവരുന്നു. ഇവരുടെ സാമ്പിളുകളുടെ ആദ്യ പരിശോധനാഫലങ്ങൾ നെഗറ്റീവാണ്. 13.7.2022-ൽ ദുബായിൽനിന്ന് മംഗലാപുരം വിമാനത്താവളത്തിലെത്തിയ

കണ്ണൂർ സ്വദേശിയായ 31 വയസ്സുകാരനാണ് രണ്ടാമത് പോസിറ്റീവായത്. ഇദ്ദേഹം പരിയാരം മെഡിക്കൽ കോളേജിലെ ഐസൊലേഷൻ വാർഡിലാണുള്ളത്. രണ്ട് രോഗികളുടെയും ആരോഗ്യനില തൃപ്തികരമാണ്. രണ്ട് കേസ്സുകളിലും രോഗികളുടെ ബന്ധുക്കൾ, വിമാനങ്ങളിലുണ്ടായിരുന്നവർ, ക്യാബിൻ ക്രൂ, ബാഗേജ് കൈകാര്യം ചെയ്യുവർ തുടങ്ങി എല്ലാ കോണ്ടാക്റ്റുകളെയും കണ്ടെത്തുകയും നിരീക്ഷണത്തിലാക്കുകയും ചെയ്തിട്ടുണ്ട്. ആദ്യമായി മങ്കിപോക്സ് റിപ്പോർട്ട് ചെയ്ത സാഹചര്യത്തിൽ, ഇത്തരം രോഗികൾ ഇനിയും വരാൻ സാധ്യതയുള്ളതിനാൽ Outbreak monitoring Unit-ന്റെ നേതൃത്വത്തിൽ, മെഡിക്കൽ കോളേജ് ആശുപത്രികളിൽ കാഷ്വാലിറ്റികളിൽത്തന്നെ റെഡ് ചാനൽ രൂപീകരിച്ചിട്ടുണ്ട്. ഇത്തരം രോഗികളെ ഐസൊലേറ്റ് ചെയ്യുന്നതിനും ചികിത്സിക്കുന്നതിനുമുള്ള പ്രത്യേക സൗകര്യം ഒരുക്കിയിട്ടുണ്ട്. രോഗം സ്ഥിരീകരിക്കപ്പെട്ട വ്യക്തിയിൽനിന്നുള്ള സാമ്പിൾ പരിശോധനയിൽ വെസ്റ്റ് ആഫ്രിക്കൻ വിഭാഗത്തിൽപ്പെട്ട വൈറസ് അഥവാ West African Strain മൂലമുള്ള രോഗബാധയാണെന്ന് കണ്ടെത്തിയിട്ടുണ്ട്. ഇത് താരതമ്യേന പകർച്ചക്കുറവുള്ളതും മരണനിരക്ക് കുറവുള്ളതുമാണ്.

ഈ വകഭേദംമൂലമുള്ള ചില വെല്ലുവിളികളുണ്ട്. പ്രത്യക്ഷത്തിൽ പുറത്തുകാണുന്ന ശരീരഭാഗങ്ങളിലല്ലാതെയും റാഷസ് വരാമെന്നുള്ളതാണ് അതിലൊന്ന്. ഇത്തരത്തിലുള്ള രോഗബാധ യു.കെ. പോലുള്ള രാജ്യങ്ങളിൽ കൂടുതലാണ്. ഇതുൾപ്പെടെയുള്ള സാഹചര്യങ്ങളിൽ വൈറസ്ബാധ ഡയഗ്നോസ് ചെയ്യുന്നതിനും ചികിത്സ ഉറപ്പാക്കുന്നതിനും ത്വക്ക്രോഗ വിദഗ്ദ്ധർക്കും മറ്റ് ഡോക്ടർമാർക്കും ആരോഗ്യ പ്രവർത്തകർക്കും കൃത്യമായ പരിശീലനം നൽകിയിട്ടുണ്ട്. ഗർഭിണികൾക്ക് വൈറസ്ബാധ ഉണ്ടാകാതെ നോക്കുകയെന്നത് പ്രധാനമാണ്. സംസ്ഥാനത്ത് വാനര വസൂരി സ്ഥിരീകരിച്ച സാഹചര്യത്തിൽ താഴെപ്പറയുന്ന പ്രതിരോധ നടപടികൾ സ്വീകരിച്ചിട്ടുണ്ട്:

ആദ്യ കേസ് റിപ്പോർട്ട് ചെയ്തപ്പോൾതന്നെ സ്റ്റേറ്റ് റാപ്പിഡ് റെസ്പോൺസ് ടീം ചേർന്നുകൊണ്ട് നിരീക്ഷണ-ചികിത്സാ-പരിശോധനാ മാനദണ്ഡങ്ങൾ ഒരിക്കൽക്കൂടി ചർച്ച ചെയ്യുകയും ആവശ്യമായ നിർദ്ദേശങ്ങൾ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.

എൻ.ഐ.വി. പൂനെയിൽനിന്നും രോഗസ്ഥിരീകരണ റിപ്പോർട്ട് ലഭിച്ചയുടൻതന്നെ നടത്തിയ മീറ്റിംഗിൽ സംസ്ഥാന മെഡിക്കൽ ബോർഡ്

അംഗങ്ങൾ, ഡി.എം.ഒ-മാർ, ഡി.എസ്.ഒ-മാർ, ഉന്നത ഉദ്യോഗസ്ഥർ, സംസ്ഥാന പൊതുജനാരോഗ്യ ടീമംഗങ്ങൾ എന്നിവർ പങ്കെടുത്തിട്ടുണ്ട്. രോഗം സ്ഥിരീകരിച്ചവരുടെ സമ്പർക്കപ്പട്ടിക തയ്യാറാക്കുകയും സമ്പർക്കത്തിലുള്ളവരെ നിരീക്ഷണത്തിലാക്കുകയും ചെയ്തിട്ടുണ്ട്. മറ്റ് സംസ്ഥാനങ്ങളിലുള്ളവരും ഇതിലുണ്ട്. കുടുംബാംഗങ്ങൾ, ആരോഗ്യപ്രവർത്തകർ, ടാക്സി-ഓട്ടോ ഡ്രൈവർമാർ, വിമാനത്തിൽ ഒപ്പം യാത്ര ചെയ്തവർ, ക്യാബിൻ ക്രൂ, എയർപോർട്ട് ജീവനക്കാർ തുടങ്ങിയവരുടെ വിവരങ്ങൾ ശേഖരിച്ചുകൊണ്ട് പ്രൈമറി കോൺടാക്ടുകളെയും അല്ലാത്തവരെയും വേർതിരിച്ച് നിരീക്ഷണത്തിലാക്കുകയാണ് ചെയ്തിട്ടുള്ളത്. 21 ദിവസമാണ് ഇൻകുബേഷൻ കാലാവധി. സമ്പർക്കപ്പട്ടികയിലുള്ള എല്ലാവരെയും 21 ദിവസം കർശനമായി നിരീക്ഷിക്കാനും എല്ലാവരിലും രോഗലക്ഷണങ്ങളുടെ നിരീക്ഷണം നടത്താനും എല്ലാ ജില്ലകൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. ആശാവർക്കർമാരുൾപ്പെടെയുള്ള ഫീൽഡ് വർക്കേഴ്സ് വഴി ഗൃഹസന്ദർശനം നടത്തി രോഗനിരീക്ഷണം നടത്തുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. രോഗികൾക്കും സമ്പർക്കത്തിലുള്ളവർക്കും സൈക്കോ സോഷ്യൽ സപ്പോർട്ട് നൽകുന്നതിനുള്ള പ്രവർത്തനങ്ങളും

നടക്കുന്നുണ്ട്. സമ്പർക്കപ്പട്ടികയിലുള്ള എല്ലാവരുടേയും രോഗനിരീക്ഷണം ദിവസവും രണ്ടുതവണ ഫോണിലൂടെയും നടത്തിവരുന്നുണ്ട്. ലക്ഷണങ്ങളുള്ളവരെ ജില്ലയിലെ നിയുക്ത ആശുപത്രികളിലേയ്ക്ക് മാറ്റുകയും കർശനമായി ഐസൊലേഷനിൽ നിരീക്ഷിക്കുകയും ചെയ്യുന്നുണ്ട്. 4 അന്താരാഷ്ട്ര എയർപോർട്ടുകളിലും അന്താരാഷ്ട്ര യാത്രക്കാരെ നിരീക്ഷിക്കുവാനുള്ള സംവിധാനം ഏർപ്പെടുത്തുകയുണ്ടായി. അവിടെ ഹെൽപ്പ് ഡെസ്കാണുള്ളത്.

എല്ലാ ജില്ലകളിലും രോഗലക്ഷണങ്ങളുള്ളവരെ പ്രവേശിപ്പിക്കുവാനായി പ്രത്യേകം ആശുപത്രികൾ, ഐസൊലേഷൻ സൗകര്യങ്ങൾ എന്നിവ സജ്ജമാക്കിയിട്ടുണ്ട്. സാമ്പിളുകൾ പരിശോധനയ്ക്ക് അയച്ചിരുന്നത് പൂനെ എൻ.ഐ.വി-യിലായിരുന്നു. കഴിഞ്ഞ ദിവസം മുതൽ സംസ്ഥാനത്ത്, ആലപ്പുഴ എൻ.ഐ.വി. ലാബിലും പരിശോധന ആരംഭിച്ചിട്ടുണ്ട് എന്നതാണ് ഏറ്റവും പ്രധാനപ്പെട്ട കാര്യം. സംസ്ഥാനത്ത് 28 ലാബുകളിൽ ആർ.ടി.പി.സി.ആർ. സൗകര്യമുണ്ട്. ഈ 28 ലാബുകളിലും ആവശ്യമായ കിറ്റുകളെത്തിച്ചുകൊണ്ട് മങ്കിപോക്സ് പരിശോധന നടത്തുന്നതിനുവേണ്ടിയുള്ള ക്രമീകരണങ്ങൾ ഒരുക്കിയിട്ടുണ്ട്. രോഗികളെയും സമ്പർക്കത്തിലുള്ളവരെയും

ആശുപത്രികളിലേയ്ക്ക് മാറ്റുവാനായി പ്രത്യേക ആംബുലൻസ് സംവിധാനം ജില്ലകളിൽ ഒരുക്കിയിട്ടുണ്ട്. ഡോക്ടർമാരുൾപ്പെടെയുള്ള ആരോഗ്യപ്രവർത്തകർക്ക് പ്രത്യേക പരിശീലനം നൽകുകയും തുടർപരിശീലനം നടത്തിവരികയുമാണ്. സംസ്ഥാനത്ത് മാസ് മീഡിയാ വിഭാഗവും ജില്ലാ മാസ് മീഡിയാ വിഭാഗവും ബോധവൽക്കരണ സാമഗ്രികൾ തയ്യാറാക്കുകയും മാധ്യമങ്ങളിലൂടെ പ്രചരിപ്പിച്ചുവരികയും ചെയ്യുന്നു. കഴിഞ്ഞ ദിവസം നടന്ന ഒരു പരിശീലന പരിപാടിയിൽ 25,000-ത്തോളം പേർ പങ്കെടുത്തിരുന്നു. ആ രീതിയിലുള്ള പരിശീലനങ്ങളും ബോധവൽക്കരണ പ്രവർത്തനങ്ങളും നടത്തുന്നുണ്ട്.

മി. സ്പീക്കർ: ഉപചോദ്യമുന്നയിക്കുന്നതിന് സമയമുണ്ടാകുമോ?

ശ്രീമതി വീണാ ജോർജ്: സർ, മറുപടിയുടെ ബാക്കിഭാഗം മേശപ്പുറത്തുവയ്ക്കുന്നു+.

ശ്രീ. എ. പി. അനിൽ കുമാർ: സർ, ലോകമെമ്പാടും മങ്കിപോക്സ് രോഗം കൂടുതലായി റിപ്പോർട്ട് ചെയ്തുകൊണ്ടിരിക്കുകയാണ്. ആഗസ്റ്റ് മാസത്തോടെ ലോകത്ത് രോഗികളുടെ എണ്ണം ഒരു ലക്ഷം കവിയുമെന്നാണ് ആരോഗ്യ വിദഗ്ദ്ധർ പറയുന്നത്. മലയാളികൾ ലോകത്തിന്റെ എല്ലാ

+ അനുബന്ധമായി ചേർത്തിട്ടുണ്ട്.

ഭാഗത്തുമുള്ളതുകൊണ്ടുതന്നെ ഏത് രോഗം പിടിപെട്ടാലും ആദ്യം കേരളത്തിൽ റിപ്പോർട്ട് ചെയ്യുന്നൊരു സാഹചര്യമുണ്ട്. ഇത്തരമൊരു സാഹചര്യത്തിൽ മരുന്ന്, പ്രതിരോധം എന്നീ കാര്യങ്ങളിലാണ് ശ്രദ്ധിക്കേണ്ടത്. പ്രതിരോധത്തിൽ പ്രധാനപ്പെട്ടത് ഐസൊലേഷനാണ്. നേരത്തെ പ്രഖ്യാപിച്ച രീതിയിൽ ഓരോ നിയോജകമണ്ഡലത്തിലും ഓരോ ഐസൊലേഷൻ സെന്ററുകൾ അടിയന്തരമായി തുടങ്ങാനുള്ള നടപടി സ്വീകരിക്കുമോ; അതോടൊപ്പംതന്നെ മങ്കിപോക്സിനുള്ള വാക്സിനേഷൻ എത്രമാത്രം ഫലപ്രദമാണെന്ന് പരിശോധിച്ചിട്ടുണ്ടോ?

<u>മി. സ്പീക്കർ:</u> ഓർഡർ....ഓർഡർ.... ചോദ്യോത്തരവേള അവസാനിച്ചിരിക്കുന്നു.

(ചോദ്യോത്തരസമയം കഴിഞ്ഞു.)

## രേഖാമൂലം നൽകിയ ഉത്തരങ്ങൾ

## (i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

<u>ആശ്വാസ കിരണം പദ്ധതി</u>

4 (*424)<u>ശ്രീ. റോജി എം. ജോൺ</u>:

<u>ശ്രീ. അൻവർ സാദത്ത്</u>:

ശ്രീ. എ. പി. അനിൽ കുമാർ:

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു) സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യ സുരക്ഷാ മിഷന്റെ ആശ്വാസ കിരണം പദ്ധതി മുടങ്ങിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കാമോ?

കേരള സാമൂഹ്യ സുരക്ഷാ മിഷൻ നടപ്പിലാക്കിവരുന്ന ആശ്വാസകിരണം പദ്ധതിപ്രകാരമുള്ള പ്രതിമാസ ധനസഹായം ഫണ്ടിന്റെ ലഭ്യതയ്ക്കനുസൃതമായി നൽകിവരുന്നുണ്ട്. നിലവിൽ പ്രസ്തുത പദ്ധതിക്ക് 92412 ഗുണഭോക്താക്കളാണുള്ളത്. സാമൂഹ്യനീതി വകുപ്പിന്റെ 11.10.2012-ലെ സർക്കാർ ഉത്തരവ് (എം.എസ്) നം.60/2012 പ്രകാരം ആശ്വാസകിരണം പദ്ധതിയുടെ മാനദണ്ഡം ലഘൂകരിക്കുകയും ആനുകൂല്യം ലഭിക്കുന്ന ശയ്യാവലംബർ, ബുദ്ധിമാന്ദ്യം, ഓട്ടിസം, സെറിബ്രൽ പാൾസി, മാനസിക വൈകല്യമുള്ളവർ, മാനസിക രോഗികൾ എന്നിവർക്ക് പുറമെ 100% അന്ധത ബാധിച്ചവരെയും പ്രായാധിക്യംകൊണ്ടും ക്യാൻസർ മുതലായ പലവിധ ഗുരുതരമായ രോഗങ്ങളാലും കിടപ്പിലായവരെയും

ദൈനംദിന കാര്യങ്ങൾക്ക് പരസഹായം ആവശ്യമാവുകയും ചെയ്യുന്ന അവസ്ഥയിലുള്ള മുഴുവൻ ആളുകളുടെ പരിചാരകരെയും ഈ പദ്ധതിയിൽ ഉൾപ്പെടുത്തുകയുണ്ടായി. തന്മൂലം പ്രസ്തുത പദ്ധതിയിലെ അപേക്ഷകളുടെ എണ്ണം ക്രമാതീതമായി വർദ്ധിക്കുകയും ബഡ്ജറ്റ് വിഹിതത്തിനേക്കാൾ കൂടുതൽ തുക പദ്ധതിക്ക് ആവശ്യമായിവരുന്ന സാഹചര്യം സംജാതമാകുകയും ചെയ്തു.

ഗുണഭോക്താക്കളുടെ എണ്ണം വർഷം തോറും വർദ്ധിക്കുന്നതുമൂലം ബഡ്ജറ്റ് വിഹിതത്തിനു പുറമേ അധിക ധനവിനിയോഗം ആവശ്യമായി വരുന്നുണ്ട്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സഹായ വിതരണം സമയബന്ധിതമായി നടപ്പിലാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സഹായ വിതരണം സമയബന്ധിതമായി നടപ്പിലാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. 2021-22 സാമ്പത്തിക വർഷത്തിൽ ടി പദ്ധതിക്കായി 40 കോടി രൂപയാണ് പദ്ധതി വിഹിതമായി അനുവദിച്ചിരുന്നത്. ഈ സർക്കാർ അധികാരത്തിൽ

വന്നതിനുശേഷം ടി തുക ഉപയോഗിച്ച് 9 ജില്ലകളിലെ ഗുണഭോക്താക്കൾക്ക് 7 മാസത്തെയും 5 ജില്ലകളിലെ ഗുണഭോക്താക്കൾക്ക് 6 മാസത്തെയും കുടിശ്ശിക ധനസഹായം അനുവദിച്ചുനൽകിയിട്ടുണ്ട്.

(സി) മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികളെയടക്കം പരിചരിക്കുന്ന മാതാപിതാക്കൾക്ക് നൽകിവരുന്ന പ്രസ്തുത പദ്ധതി അട്ടിമറിക്കുന്നതിനുള്ള ശ്രമം നടക്കുന്നുവെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കാമോ?

ആശ്വാസകിരണം പദ്ധതി അട്ടിമറിക്കുന്നതിനുള്ള ശ്രമം നടക്കുന്നുവെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഈ പദ്ധതിപ്രകാരം പ്രതിമാസം നൽകുന്ന ധനസഹായം ഫണ്ടിന്റെ ലഭ്യതയ്ക്കനുസൃതമായി നൽകി വരുന്നുണ്ട്. കഴിഞ്ഞ സാമ്പത്തിക വർഷം (2021-22) ബഡ്ജറ്റ് വിഹിതമായി ലഭിച്ച 40 കോടി രൂപ ചെലവഴിച്ച് ഒമ്പത് ജില്ലകളിലെ ഗുണഭോക്താക്കൾക്ക് 7 മാസത്തെയും അഞ്ച് ജില്ലകളിലെ ഗുണഭോക്താക്കൾക്ക് 6 മാസത്തെയും കുടിശ്ശിക ധനസഹായം വിതരണം ചെയ്തു. കൊല്ലം, പത്തനംതിട്ട, കോട്ടയം, ഇടുക്കി, കാസർഗോഡ്, വയനാട് എന്നീ ജില്ലകളിലെ 20,000 ഗുണഭോക്താക്കൾക്ക് 2020 സെപ്റ്റംബർ

മാസം വരെയുള്ള കുടിശ്ശികയാണ് ഇപ്രകാരം വിതരണം ചെയ്തത്. 8,82,23,074 (എട്ട് കോടി എൺപത്തി രണ്ട് ലക്ഷത്തി ഇരുപത്തി മൂവായിരത്തി എഴുപത്തിനാല്) രൂപയാണ് ഇതിനായി ചെലവ് വന്നത്. ബാക്കി 8 ജില്ലകളിലെ 76086 ഗുണഭോക്താക്കൾക്ക് 2020 ആഗസ്റ്റ് മാസം വരെയുള്ള ധനസഹായം അനുവദിച്ച് നൽകിയിട്ടുണ്ട്. ഇതിനായി 31,17,63,744 (മുപ്പത്തിയൊന്ന് കോടി പതിനേഴ് ലക്ഷത്തി അറുപത്തിമൂവായിരത്തി എഴുന്നൂറ്റി നാല്പത്തി നാല്) രൂപ ചെലവഴിച്ചിട്ടുണ്ട്. നടപ്പ് സാമ്പത്തിക വർഷം 42.5 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. ടി തുക ഉപയോഗിച്ച് ഗുണഭോക്താക്കൾക്ക് കഴിയുന്നത്രവേഗം ധനസഹായം വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. സാമൂഹ്യക്ഷേമ വകുപ്പിന്റെ 11.10.2012-ലെ സർക്കാർ ഉത്തരവ് (എം.എസ്) നം. 60/2012 പ്രകാരം ആശ്വാസകിരണം പദ്ധതിയുടെ മാനദണ്ഡം ലഘൂകരിക്കുകയും ആനുകൂല്യം ലഭിക്കുന്ന ശയ്യാവലംബർ, ബുദ്ധിമാന്ദ്യം, ഓട്ടിസം, സെറിബ്രൽ പാൾസി, മാനസിക വൈകല്യമുള്ളവർ, മാനസിക രോഗികൾ എന്നിവർക്ക് പുറമെ 100% അന്ധത ബാധിച്ചവരെയും പ്രായാധിക്യംകൊണ്ടും ക്യാൻസർ മുതലായ

പലവിധ ഗുരുതരമായ രോഗങ്ങളാലും കിടപ്പിലായവരെയും ദൈനംദിന കാര്യങ്ങൾക്ക് പരസഹായം ആവശ്യമാവുകയും ചെയ്യുന്ന അവസ്ഥയിലുള്ള മുഴുവൻ ആളുകളുടെ പരിചാരകരെയും ഈ പദ്ധതിയിൽ ഉൾപ്പെടുത്തി ഉത്തരവായി. തന്മൂലം ടി പദ്ധതിയിലെ അപേക്ഷകളുടെ എണ്ണം ക്രമാതീതമായി വർദ്ധിക്കുകയും ബഡ്ജറ്റ് വിഹിതത്തിനേക്കാൾ കൂടുതൽ തുക പദ്ധതിക്ക് ആവശ്യമായി വരുന്ന സാഹചര്യം സംജാതമാകുകയും ചെയ്തിട്ടുണ്ട്.

ഗുണഭോക്താക്കളുടെ എണ്ണം വർഷംതോറും വളരെ കൂടി വരുന്നതിനാൽ അധിക തുക ലഭ്യമാക്കുന്നതിനായി നടപടി സ്വീകരിച്ചുവരുന്നു. കൂടാതെ നിലവിലുള്ള ഗുണഭോക്താക്കളുടെ ലൈഫ് സർട്ടിഫിക്കറ്റ് ശേഖരിക്കുന്നതിനും ഗുണഭോക്താക്കളുടെ സർട്ടിഫിക്കറ്റ് ആധാറുമായി ബന്ധിപ്പിക്കുന്നതിനുമുള്ള നടപടി സ്വീകരിച്ചുവരുന്നു.

## മൂല്യവർദ്ധിത പാലുല്പന്നങ്ങൾ

5 (*425)ശ്രീമതി ദെലീമ:

ശ്രീ. സി. കെ. ഹരീന്ദ്രൻ:

ശ്രീ. ഒ. ആർ. കേളു:

<u>ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി <u>(ശ്രീമതി ജെ. ചിഞ്ചുറാണി)</u> സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലയളവിൽ പാലിന്റെ ആഭ്യന്തര ഉല്പാദനം വർദ്ധിപ്പിച്ച് അയൽ സംസ്ഥാനത്തുനിന്നും ഇറക്കുമതി ചെയ്യുന്ന പാലിന്റെ അളവ് ഗണ്യമായി കുറയ്ക്കുന്നതിനും പാലുല്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുന്ന നിലയിലേയ്ക്ക് സംസ്ഥാനത്തെ മാറ്റുന്നതിനും നടത്തിയിട്ടുള്ള പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ?

പാലിന്റെ ആഭ്യന്തര ഉൽപ്പാദനം വർദ്ധിപ്പിച്ച് അയൽ സംസ്ഥാനത്തുനിന്നും ഇറക്കുമതി ചെയ്യുന്ന പാലിന്റെ അളവ് ഗണ്യമായി കുറയ്ക്കുന്നതിനും പാലുൽപ്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുന്ന നിലയിലേയ്ക്ക് സംസ്ഥാനത്തെ മാറ്റുന്നതിനുമായി ക്ഷീരവികസന വകുപ്പും മിൽമയും മേഖലാ യൂണിയനുകളും വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നുണ്ട്.

സഹകരണ മേഖലയിലെ 2016-17-ലെ പ്രതിദിന ശരാശരി പാൽ സംഭരണം 16.27 ലക്ഷം ലിറ്റർ ആയിരുന്നത് 2021-22 ൽ 21.19 ലക്ഷം

ലിറ്റർ ആയി വർദ്ധിച്ചു. അതായത് പ്രതിദിന സംഭരണത്തിൽ 4.92 ലക്ഷം ലിറ്റർ പാലിന്റെ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. പാലുല്പാദനത്തിൽ സ്വയം പര്യാപ്തതയ്ക്ക് അടുത്തെത്താൻകഴിഞ്ഞ നേട്ടം സുസ്ഥിരമാക്കുന്നതിനായി ക്ഷീരവികസന വകുപ്പിന്റെ മിൽക്ക് ഷെഡ് ഡെവലപ്പ്മെന്റ് പദ്ധതിയിൽ സർക്കാർ സബ്സിഡിയോടെ ഉരുക്കളെ വാങ്ങി നൽകുന്ന പദ്ധതികൾ ഉൾപ്പെടുത്തിയിട്ടുണ്ട്. കിടാരി പാർക്ക്, ക്ഷീര ഗ്രാമം എന്നീ പദ്ധതികൾ നടപ്പിലാക്കിവരുന്നു. കാലിത്തീറ്റ സബ്സിഡി, ക്ഷീരസംഘങ്ങൾ മുഖേന സബ്സിഡി നിരക്കിൽ പച്ചപ്പുല്ലും വൈക്കോലും കർഷകർക്ക് നൽകുന്ന പദ്ധതി കൂടാതെ വിവിധ തീറ്റപ്പുൽകൃഷി വികസന പദ്ധതികളും ക്ഷീരവികസന വകുപ്പ് നടപ്പിലാക്കിയിട്ടുണ്ട്. സർക്കാർ സ്വീകരിച്ചുവരുന്ന ശാസ്ത്രീയ പ്രജനന നയവും മെച്ചപ്പെട്ട ചികിത്സാ സൗകര്യങ്ങളും സംസ്ഥാനത്തിന്റെ ക്ഷീരമേഖലയുടെ അഭിവൃദ്ധിക്ക് നാന്ദിയായിട്ടുണ്ട്.

(ബി) പാൽ കേടുകൂടാതെ ദീർഘനാൾ സൂക്ഷിക്കുന്നതിനും മൂല്യവർദ്ധിത ഉല്പന്നങ്ങളാക്കി മാറ്റുന്നതിനും ലക്ഷ്യമിട്ട് നടത്തുന്ന പ്രവർത്തനങ്ങൾ സംബന്ധിച്ച വിശദാംശം നൽകാമോ?

പാലുല്പാദനം ഗണ്യമായി വർദ്ധിക്കുന്ന നിലവിലെ സാഹചര്യത്തിൽ എല്ലാ മിൽമാ പ്ലാന്റുകളിലും പാലുല്പന്നങ്ങൾ നിർമ്മിച്ചുവരുന്നുണ്ട്. പാൽ കേടുകൂടാതെ 90 ദിവസം വരെ അന്തരീക്ഷ ഊഷ്മാവിൽ സൂക്ഷിക്കാൻ കഴിയുന്ന ലോംഗ് ലൈഫ് മിൽക്കിന്റെ വിപണനം മലബാർ മേഖലാ യൂണിയൻ ആരംഭിച്ചിട്ടുണ്ട്. കർഷകർ ഉല്പാദിപ്പിക്കുന്ന പാൽ മുഴുവൻ സംഭരിക്കുന്നതിനും കൂടുതൽ മൂല്യവർദ്ധിത ഉല്പന്നങ്ങൾ നിർമ്മിക്കുന്നതിനുമുള്ള പദ്ധതി പരിഗണനയിലുണ്ട്. സംസ്ഥാനത്തുതന്നെ പാൽപ്പൊടി നിർമ്മിക്കുന്നതിനുള്ള പദ്ധതിയുടെ ഭാഗമായി മലബാർ മേഖലാ സഹകരണ ക്ഷീരോല്പാദക യൂണിയന്റെ ഉടമസ്ഥതയിൽ മലപ്പുറം ജില്ലയിലുള്ള മൂർക്കനാട് 53 കോടി രൂപ മുതൽമുടക്കിൽ ആധുനിക പാൽപ്പൊടി നിർമ്മാണ ഫാക്ടറിയുടെ നിർമ്മാണപ്രവർത്തനങ്ങൾ പുരോഗമിക്കുകയും ചെയ്തുവരുന്നു. കൂടാതെ ക്ഷീരപരിശീലന കേന്ദ്രങ്ങൾ മുഖേന വ്യക്തികൾക്കും ഗ്രൂപ്പുകൾക്കും ചെറുകിട മൂല്യവർദ്ധിത ഉല്പന്ന യൂണിറ്റുകൾ ആരംഭിക്കുന്നതിനുള്ള പരിശീലനവും നൽകിവരുന്നു. പാൽ മൂല്യവർദ്ധിത ഉല്പന്നങ്ങളാക്കി വിൽക്കുന്നതിന് ക്ഷീരസംഘങ്ങൾക്കും

ധനസഹായം നൽകുന്നുണ്ട്. ഇത്തരത്തിൽ ഉല്പാദിപ്പിക്കുന്ന ഉല്പന്നങ്ങൾ ക്ഷീരസംഘങ്ങൾ മുഖേന വിപണനം ചെയ്തുവരുന്നുണ്ട്.

മിൽമയുടെ തിരുവനന്തപുരം മേഖലാ യൂണിയൻ പ്രതിദിനം എകദേശം 40000 ലിറ്റർ പാൽ വിവിധ മൂല്യവർദ്ധിത ഉല്പന്നങ്ങളായി മാറ്റുന്നുണ്ട്. ഇപ്രകാരം ഉല്പാദിപ്പിക്കുന്ന മൂല്യവർദ്ധിത ഉല്പന്നങ്ങളുടെ ഷെൽഫ് ലൈഫ് തൈര് - 10 ദിവസം, ഐസ്ക്രീം - ഒരു വർഷം, നെയ് - ആറുമാസം, പേട ഒരു മാസം എന്നിങ്ങനെയാണ്. സാധാരണ പാലിനെ അപേക്ഷിച്ച് മൂല്യവർദ്ധിത ഉല്പന്നങ്ങൾക്ക് അധിക ഷെൽഫ് ലൈഫ് ലഭിക്കുന്നു.

എറണാകുളം മേഖലായൂണിയനിൽ മൂല്യവർദ്ധിത ഉല്പന്നങ്ങളുടെ വില്പന വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി പുതിയ ഉല്പന്നങ്ങളായ ക്യാരറ്റ് പേട, പാഷൻഫ്രൂട്ട് ഐസ്ക്രീം, ചിക്കു ഐസ്ക്രീം, ഫ്രൂട്ട് നട്ട് ഐസ്ക്രീം മുതലായ ഉല്പന്നങ്ങൾ പുതിയതായി വിപണിയിൽ ഇറക്കിയിട്ടുണ്ട്.

(സി) പാലിന്റെ ഉല്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനായി സർക്കാർ അവലംബിച്ചിരിക്കുന്ന ശാസ്ത്രീയ മാർഗ്ഗങ്ങൾ സംബന്ധിച്ച് അവലോകനം നടത്തിയിട്ടുണ്ടോ; വിശദമാക്കുമോ?

ഇന്ത്യയിൽത്തന്നെ പശുക്കളുടെ ഉല്പാദനക്ഷമതയിൽ രണ്ടാം സ്ഥാനത്താണ് കേരളം. സൂക്ഷ്മമായ ആസൂത്രണത്തോടുകൂടി ശാസ്ത്രീയമായ രീതിയിൽ പ്രജനനം നടപ്പിലാക്കയതിന്റെ ഫലമാണ് നമ്മുടെ ക്ഷീരമേഖലയിൽ നിലവിലുള്ള ഉൽപ്പാദനക്ഷമത കൈവരിച്ചതിന്റെ കാരണം. ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിന് ശാസ്ത്രീയമായ പശുപരിപാലന മുറകൾ അവലംബിക്കേണ്ടതുണ്ട്. ഇതിനായി മൃഗസംരക്ഷണ വകുപ്പും ക്ഷീരവികസന വകുപ്പും കേരള കന്നുകാലിവികസന ബോർഡും മിൽമയും വിവിധ പ്രവർത്തനങ്ങൾ ഏറ്റെടുത്തുവരുന്നു. ശാസ്ത്രീയമായ കന്നുകുട്ടി പരിപാലന പദ്ധതി, തീറ്റപ്പുൽകൃഷി വികസന പദ്ധതി, മിൽക്ക് ഷെഡ് വികസന പദ്ധതി, യന്ത്രവത്കൃത പശു പരിപാലന രീതികൾ അവലംബിക്കുന്നതിനുള്ള പദ്ധതികൾ, കുളമ്പ് രോഗം നിയന്ത്രണ പദ്ധതി, ശാസ്ത്രീയ പശുപരിപാലനത്തിനാവശ്യമായ വിജ്ഞാനവ്യാപന പ്രവർത്തനങ്ങൾ, മൃഗചികിത്സാ സേവനം, വന്ധ്യതാ നിവാരണ പ്രവർത്തനങ്ങൾ തുടങ്ങിയ പ്രവർത്തനങ്ങളിലൂന്നി പശുക്കളിലെ ഉല്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഈ ഏജൻസികൾ നടത്തിവരികയാണ്. കൂടാതെ ഭ്രൂണമാറ്റം, ഐ.വി.എഫ്. തുടങ്ങിയ

സാങ്കേതിക വിദ്യകൾ പ്രയോഗിച്ച് ഉല്പാദനക്ഷമത കൂടിയ പശുക്കുട്ടികളെ ഉല്പാദിപ്പിക്കുവാനും ഉല്പാദനശേഷി കൂടിയ പശുക്കളിൽ നിന്നും ഭ്രൂണം ശേഖരിക്കുവാനുമുള്ള പദ്ധതികൾ കേരള കന്നുകാലി വികസന ബോർഡ് ആസൂത്രണം ചെയ്തുവരുന്നു. സന്തതി പരിശോധനയിലൂടെ ഏറ്റവും മെച്ചമായ കാളകളെ കണ്ടെത്തി പ്രജനന പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കുന്ന നടപടികളും വിത്തുകാളകളെ ജീനോമിക് സെലക്ഷനിലൂടെ തെരഞ്ഞെടുത്ത് പ്രജനന പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കുന്ന പ്രവർത്തനങ്ങളും കേരള കന്നുകാലിവികസന ബോർഡ് നടത്തിവരുന്നു.

## ബ്രെയിൻ ഗെയിൻ പദ്ധതി

6 (*426) ശ്രീ. കെ. എം. സച്ചിൻദേവ്:
ശ്രീ. കെ. യു. ജനീഷ് കുമാർ:
ശ്രീ. കെ. ഡി. പ്രസേനൻ:
ശ്രീ. എം. വിജിൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഉന്നത വിദ്യാഭ്യാസ രംഗത്തെ അക്കാദമിക മാറ്റവും ഗവേഷണ നിലവാരവും ഉയർത്തുകയെന്ന ലക്ഷ്യത്തോടെ ആവിഷ്കരിച്ചിട്ടുള്ള ബ്രെയിൻ ഗെയിൻ പദ്ധതിയെക്കുറിച്ച് വിശദമാക്കാമോ?

കേരളത്തിന് പുറത്ത് വിവിധ മേഖലകളിൽ പ്രവർത്തിക്കുന്ന പ്രഗത്ഭരായ വ്യക്തികളുടെ വിജ്ഞാനസമ്പത്ത് സംസ്ഥാനത്തിന്റെ ഉന്നത വിദ്യാഭ്യാസ രംഗത്ത് പ്രയോജനപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ കേരള സംസ്ഥാന ഉന്നതവിദ്യാഭ്യാസ കൗൺസിൽ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്ന പദ്ധതിയാണ് ബ്രെയിൻ ഗെയിൻ. Building Up Database of the Keralite - Academic Diaspora around the Globe എന്ന പേരിലാണ് ഈ പ്രോജക്ട് നടപ്പിലാക്കിവരുന്നത്. വിദേശത്തുള്ള സർവ്വകലാശാലകളിലെയും ഗവേഷണ സ്ഥാപനങ്ങളിലെയും ശാസ്ത്രജ്ഞർ, സാമൂഹിക ശാസ്ത്രജ്ഞർ, മെഡിക്കൽ പ്രൊഫഷണലുകൾ, ടെക്നോക്രാറ്റുകൾ/ബഹുരാഷ്ട്ര സ്ഥാപനങ്ങളുടെ സി.ഇ.ഒ-മാർ, സാമ്പത്തിക വിദഗ്ദ്ധർ, പരിസ്ഥിതി/ബയോകെമിസ്ട്രി/സുസ്ഥിരത/പ്രതിബദ്ധത/ ദുരന്തമാനേജ്മെന്റ് മേഖലകളിൽ പ്രവർത്തിക്കുന്ന പ്രശസ്തരായവരുടെ വിശദാംശങ്ങൾ ഈ ഡാറ്റാബേസിൽ ഉൾപ്പെടുന്നു.

എം.ജി, കേരള, വെറ്ററിനറി സർവ്വകലാശാലകൾ, തോന്നയ്ക്കലിലെ വൈറോളജി ഇൻസ്റ്റിറ്റ്യൂട്ട് എന്നീ സ്ഥാപനങ്ങൾ ഉന്നതവിദ്യാഭ്യാസ കൗൺസിലുമായി സഹകരിച്ച് ഈ പദ്ധതി നടപ്പിലാക്കാനുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചുകഴിഞ്ഞു. സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ അക്കാദമിക്, ഗവേഷണ പ്രവർത്തനങ്ങളുടെ ഗുണനിലവാരം വർദ്ധിപ്പിക്കുന്നതിന് ഇത് ഏറെ സഹായകരമായിരിക്കും.

(ബി) ഗവേഷകർക്ക് നോബൽ സമ്മാന ജേതാക്കളുമായി ആശയവിനിമയം നടത്താനും സംവദിക്കാനും എറ്യുഡൈറ്റ് സ്കോളർ ഇൻ റെസിഡെൻസ് പദ്ധതി ആരംഭിച്ചിട്ടുണ്ടോ എന്ന് അറിയിക്കാമോ?

സംസ്ഥാനത്തെ സർവ്വകലാശാലകളിലെയും കോളേജുകളിലെയും അക്കാദമിക് സമൂഹത്തിന് നൊബേൽ ജേതാക്കളടക്കമുള്ള അക്കാദമിക് വിദഗ്ദ്ധരുമായി ആശയവിനിമയം നടത്തുന്നതിനും അതിലൂടെ അക്കാദമിക് നെറ്റ്‌വർക്ക് വികസിപ്പിക്കുന്നതിനുമാണ് എറുഡൈറ്റ് സ്കോളർ ഇൻ റസിഡൻസ് പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്.

വിദേശത്തുനിന്നും വിവിധ സർവ്വകലാശാലകളിലെ മറ്റ് ഗവേഷണ സ്ഥാപനങ്ങളിലുമായി പ്രവർത്തിക്കുന്ന നോബൽ ജേതാക്കൾ

ഉൾപ്പെടെയുള്ള ശാസ്ത്രജ്ഞരെയും മറ്റു പ്രതിഭകളെയും സംസ്ഥാനത്തേയ്ക്ക് ചെറിയ കാലയളവിലേയ്ക്ക് ക്ഷണിച്ചുകൊണ്ടുവന്ന് സംസ്ഥാനത്തെ ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളുമായി ഇടപഴകാനും അവിടങ്ങളിലെ അദ്ധ്യാപകർക്കും വിദ്യാർത്ഥികൾക്കും ഇരുവരുമായി സംയുക്ത ഗവേഷണ സാധ്യതകൾ പരസ്പര ആശയവിനിമയത്തിലൂടെ നടപ്പിലാക്കുവാനുമുള്ള ലക്ഷ്യത്തോടുകൂടിയാണ് ഈ പദ്ധതി ആവിഷ്കരിച്ചിരിക്കുന്നത്.

ഇത്തരത്തിൽ സംസ്ഥാനം സന്ദർശിച്ച എറുഡൈറ്റ് സ്കോളർമാരുമായി ചേർന്ന് നിരവധി അക്കാദമിക പ്രോജക്ടുകളും പ്രബന്ധങ്ങളും സംസ്ഥാനത്തെ സർവ്വകലാശാല/കോളേജ് അദ്ധ്യാപകരും ഗവേഷകരും തയ്യാറാക്കിയിട്ടുണ്ട്. ഇതുകൂടാതെ നിരവധി അദ്ധ്യാപകർക്കും ഗവേഷകർക്കും വിദേശ സർവ്വകലാശാലകളും ഗവേഷണ സ്ഥാപനങ്ങളും സന്ദർശിക്കാനും സഹകരിക്കാനും അവസരമുണ്ടായി.

(സി) പോസ്റ്റ് ഡോക്ടറൽ ഗവേഷകർക്ക് പ്രതിമാസം അമ്പതിനായിരവും ഒരു ലക്ഷവും വീതം ഫെലോഷിപ്പ് നൽകി ഗവേഷണം പ്രോത്സാഹിപ്പിക്കാൻ പ്രഖ്യാപിച്ച പദ്ധതി പ്രാവർത്തികമായിട്ടുണ്ടോയെന്ന് അറിയിക്കാമോ?

ജ്ഞാനോല്പാദനമേഖലയിൽ വമ്പിച്ച നിക്ഷേപത്തിന് തയ്യാറെടുക്കുന്നതിന്റെ ഭാഗമായി റീ-ബിൽഡ് കേരളയുമായി ബന്ധപ്പെട്ടുള്ള വിഷയാന്തര ഗവേഷണത്തിനായി Chief Minister's Nava Kerala Post Doctoral Fellowship (CMNPF)-കൾ സർക്കാർ ഏർപ്പെടുത്തിയിട്ടുണ്ട്. ആദ്യഘട്ടത്തിൽ പത്തോളം വിശാല വിജ്ഞാന മേഖലയിൽ 77 ഫെലോഷിപ്പുകൾ വിതരണം ചെയ്തു കഴിഞ്ഞു. അഞ്ച് വർഷം കൊണ്ട് 500 ഫെലോഷിപ്പുകൾ വിതരണം ചെയ്യാനാണ് ഉദ്ദേശിക്കുന്നത്. ആദ്യ വർഷം പ്രതിമാസം 50,000 രൂപയും രണ്ടാം വർഷം പ്രതിമാസം 1 ലക്ഷം രൂപയുമാണ് ഫെലോഷിപ്പ് തുക.

മുഖ്യമന്ത്രിയുടെ നവകേരള പോസ്റ്റ് ഡോക്ടറൽ ഫെലോഷിപ്പുകൾക്കായി ലഭിച്ച അപേക്ഷകളിൽ നിന്നും ഇതിനായി 10 പഠന വിഷയ മേഖലകളിലായി (Ten domain areas) നിയോഗിച്ച സ്ക്രീനിംഗ്-കം-സെലക്ഷൻ കമ്മിറ്റിയാണ് (Screening-cum-Selection Committee) യോഗ്യരായവരെ തെരഞ്ഞെടുത്തത്. അപേക്ഷകർക്ക് ലഭിച്ചിട്ടുള്ള അവാർഡുകൾ, ഫെലോഷിപ്പുകൾ, റെഫേർഡ് ജേർണലുകളിലെ പ്രസിദ്ധീകരണങ്ങൾ, ഗവേഷണ പ്രൊപ്പോസലുകളുടെ മികവ് എന്നീ

മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലാണ് തെരഞ്ഞെടുപ്പ് നടത്തിയിട്ടുള്ളത്. നവകേരള സൃഷ്ടിക്ക് ഉതകുന്ന തരത്തിലുള്ള ഗവേഷണ പ്രൊപ്പോസലുകളാണ് ഫെലോഷിപ്പിനായി പരിഗണിക്കപ്പെട്ടത്.

(ഡി) ഗവേഷണ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിൽ ലോകോത്തര നിലവാരത്തിലുള്ള ലബോറട്ടറികളും ലൈബ്രറികളും സജ്ജീകരിക്കാൻ നടപടിയെടുത്തിട്ടുണ്ടോ; വ്യക്തമാക്കുമോ?

ഗവേഷണ പഠനം പ്രോത്സാഹിപ്പിക്കുക എന്ന ലക്ഷ്യത്തോടെ 2021-22 അക്കാദമിക വർഷം Performance Linked Encouragement for Academic Endeavour (PLEASE) പദ്ധതി ആരംഭിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതിയുടെ ഭാഗമായി വിവിധ സർവ്വകലാശാലകൾക്കും കോളേജുകൾക്കും ഗവേഷണ പ്രവർത്തനങ്ങൾക്കും ലബോറട്ടറി നിർമ്മാണത്തിനും ഇന്റേൺഷിപ്പ് പ്രവർത്തനങ്ങൾക്കുമായി ആകെ 20 കോടി രൂപ കോളേജ് വിദ്യാഭ്യാസ വകുപ്പ് മുഖേന അനുവദിച്ചുനൽകിയിരുന്നു. കൂടാതെ കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി നൂതന ശാസ്ത്ര-സാങ്കേതിക ഉപകരണങ്ങൾ വാങ്ങുന്നതിനായി ഭരണാനുമതിയും നൽകിയിട്ടുണ്ട്.

ഇതുകൂടാതെ ഗവേഷണ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി ചുവടെപ്പറയുന്ന പദ്ധതികളും ആവിഷ്കരിച്ചിട്ടുണ്ട്.

1. കേരള അക്കാദമിക് ലൈബ്രറി നെറ്റ്‌വർക്ക് (കാൽനെറ്റ്): കേരള സംസ്ഥാന ഉന്നതവിദ്യാഭ്യാസ കൗൺസിലിന്റെ നേതൃത്വത്തിൽ സംസ്ഥാനത്തെ 11 സർവ്വകലാശാല ലൈബ്രറികളിലെ 15 ലക്ഷത്തോളം പുസ്തകങ്ങളും തീസിസുകളും കൂട്ടിയിണക്കി സംസ്ഥാനതലത്തിൽ കേരള അക്കാദമിക് ലൈബ്രറി നെറ്റ്‌വർക്ക് (Kerala Academic Library Network - KALNET) പ്രവർത്തനം ആരംഭിച്ചു.

2. ഇ-ജേർണൽ കൺസോർഷ്യം:- സർവ്വകലാശാലകൾക്ക് യു.ജി.സി സൗജന്യമായി നൽകിവന്നിരുന്ന ഇ-ജേർണൽ പദ്ധതി (UGC INFLIBNET) നിർത്തലാക്കിയ സാഹചര്യത്തിൽ സംസ്ഥാനത്തെ എല്ലാ സർവ്വകലാശാലകൾക്കും ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും ഗവേഷണ പ്രവർത്തനത്തിനുംമറ്റും അനിവാര്യമായ ഇ-ജേർണൽ വിഭവങ്ങൾ പ്രദാനം ചെയ്യുന്നതിനാണ് സംസ്ഥാനതല ഇ-ജേർണൽ കൺസോർഷ്യം (State Level E-Journal Consortium) രൂപീകരിച്ചത്. പ്രമുഖ പ്രസാധകരായ എൽസെവിയർ, Knimbus എന്നിവരുമായി കരാറുണ്ടാക്കാനുള്ള നടപടികൾ

ആരംഭിച്ചു. എൽസെവിയർ ഗ്രൂപ്പിന്റെ പ്രസിദ്ധീകരണങ്ങളായ സയൻസ് ഡയറക്ടും സ്കോപ്പസും ഇതിൽ ഉൾപ്പെടുന്നു.

തോട്ടവിളകളുടെ സംരക്ഷണം

7 (*427) ശ്രീ. ജോബ് മൈക്കിൾ:
ഡോ. എൻ. ജയരാജ്:
ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ:
ശ്രീ. പ്രമോദ് നാരായൺ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി (ശ്രീ. പി. പ്രസാദ്) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പ്രധാന തോട്ടവിളകളായ റബ്ബർ, തേയില, കാപ്പി, ഏലം എന്നിവയുടെ ഉല്പാദനവും കയറ്റുമതിയും വർദ്ധിപ്പിച്ച് സംസ്ഥാനത്തിന്റെ സമ്പദ്ഘടനയെ ശക്തിപ്പെടുത്തുന്നത് സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ?

ഏലവുമായി ബന്ധപ്പെട്ട് പഠനം നടത്തുന്നതിന് കേരള അഗ്രികൾച്ചർ യൂണിവേഴ്സിറ്റിയെ ചുമതലപ്പെടുത്തുകയും റിപ്പോർട്ട് സർക്കാരിൽ 2022 മേയ് മാസം സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. റബ്ബർ, തേയില, കാപ്പി എന്നിവയുടെ കാര്യത്തിൽ ഇത്തരം ഒരു പഠനം നടത്തിയിട്ടില്ല.

(ബി) തോട്ടവിളകളുടെ പുനർനടീലിനും അവയുടെ ഉല്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനുമായി എന്തെല്ലാം മാർഗ്ഗങ്ങളാണ് കണ്ടെത്തിയിട്ടുള്ളതെന്നും അവയിൽ ഏതൊക്കെ പ്രായോഗികമാക്കിയിട്ടുണ്ടെന്നും അറിയിക്കാമോ?

റബ്ബറിന്റെ പുനർനടീലിനും പരിപാലനത്തിനുമായി റബ്ബർ ബോർഡ് ധനസഹായം നൽകിവരുന്നു. റബ്ബർ ബോർഡ് കർഷകർക്ക് അത്യുല്പാദന ശേഷിയുള്ള തൈകളും ഉല്പാദനോപാധികളും നൽകിവരുന്നതോടൊപ്പം ആധുനിക കൃഷിരീതികളിലും സംസ്കരണത്തിനുമുള്ള പരിശീലനവും സാങ്കേതികോപദേശങ്ങളും നൽകുന്നു.

സ്റ്റേറ്റ് ഫാമിംഗ് കോർപ്പറേഷനിൽ പുനർനടീലിനും ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനും റബ്ബർ ബോർഡ് വികസിപ്പിച്ചെടുത്ത RRII 400 സീരീസ് റബ്ബർ തൈകൾ പ്ലാന്റ് ചെയ്തുവരുന്നു. അതോടൊപ്പം റബ്ബർ കർഷകർക്ക് ലഭ്യമാക്കുവാൻവേണ്ടി അത്യുല്പാദനശേഷിയുള്ള റബ്ബർ തൈകളുടെ ഉൽപ്പാദനവും വിൽപ്പനയും കോർപ്പറേഷന്റെ നഴ്സറിയിൽക്കൂടി നടത്തിവരുന്നു.

കാപ്പിയുടെ ഉല്പാദനവും ഉല്പാദനക്ഷമതയും വർദ്ധിപ്പിക്കുന്നതിനായി കോഫി ബോർഡ് അത്യുല്പാദനശേഷിയുള്ള തൈകൾ കർഷകർക്ക് നൽകിവരുന്നു. അതോടൊപ്പം ആധുനിക കൃഷിരീതികളിൽ കർഷകർക്ക് ആവശ്യമായ പരിശീലനവും സാങ്കേതികോപദേശങ്ങളും നവീന പ്രജനന രീതികളും നൂതന ഉല്പാദനോപാധികളും തത്സമയ വിപണി വിവരങ്ങളും നൽകുന്നു.

കാപ്പിയിൽ പുനർനടീൽ നടപ്പിലാക്കുന്നതിന് ക്ളീൻ റീപ്ലാന്റിംഗ്, കോളർ പ്രൂണിംഗ് എന്നീ രീതികൾ നടപ്പിലാക്കുന്നുണ്ട്. ഇതിൽ ക്ളീൻ റീപ്ലാന്റിംഗ് രീതിയാണ് കർഷകർ ഉല്പാദനവർദ്ധനവിനായി പ്രായോഗികമായി ഉപയോഗിച്ചുവരുന്നത്.

ഏലത്തിന്റെ ഉല്പാദനവും ഉൽപ്പാദനക്ഷമതയും വർദ്ധിപ്പിക്കുന്നതിനും കയറ്റുമതി വർദ്ധിപ്പിക്കുന്നതിനും സ്പൈസസ് ബോർഡ് പദ്ധതികൾ ആവിഷ്ക്കരിക്കുകയും കേരളത്തിലെ ഏലം കർഷകർക്ക് പുനർനടീലിന് സബ്സിഡി ലഭ്യമാക്കുകയും ചെയ്യുന്നുണ്ട്. രോഗബാധയില്ലാത്തതും ഉല്പാദനക്ഷമതയുള്ളതും നിലവാരമുള്ളതുമായ തൈകൾ ഉല്പാദിപ്പിക്കുന്നതിനും ജലസേചന സംവിധാനങ്ങൾ ഒരുക്കുന്നതിനും സഹായം നൽകിവരുന്നു.

കൂടാതെ കർഷകർക്ക് ആവശ്യമായ ട്രെയിനിംഗും സാങ്കേതിക അറിവുകളും ബോർഡ് നൽകിവരുന്നു.

തോട്ടവിളകളുടെ പുനർനടീലിനും ഉല്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനുമായി സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ കേരള മുഖാന്തരം നടപ്പിലാക്കുന്ന മിഷൻ ഫോർ ഇന്റഗ്രേറ്റഡ് ഡെവലപ്പ്മെന്റ് ഓഫ് ഹോർട്ടികൾച്ചർ (MIDH) പദ്ധതിയിലെ കൃഷിത്തോട്ടങ്ങളുടെ പുനരുദ്ധാരണം, വിളവിസ്തൃതി വ്യാപനം എന്നീഘടകങ്ങളിൽ ഉൾപ്പെടുത്തി തോട്ടവിളകളായ കശുമാവ്, കൊക്കോ എന്നിവയ്ക്ക് ധനസഹായം നൽകുന്നുണ്ട്.

സംസ്ഥാനത്തെ പ്രധാന തോട്ടവിളയായ തെങ്ങിന്റെ പുനർനടീലും തദ്വാര അവയുടെ ഉല്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനും ലക്ഷ്യമിട്ട് ആസൂത്രണം ചെയ്ത സംസ്ഥാന പദ്ധതിയിൽ വർഷംതോറും രോഗ/കീട ബാധയില്ലാത്ത, ഉല്പാദനക്ഷമതയുള്ള തെങ്ങിൻതൈകൾ കർഷകർക്ക് വിതരണം ചെയ്യുന്നുണ്ട്. എല്ലാ വിളകളിലും ഉല്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിന് ശാസ്ത്രീയ കൃഷിരീതികൾ അവലംബിക്കുന്നതിനായി

കാർഷിക സർവ്വകലാശാലയും കൃഷി വകുപ്പിന്റെ പരിശീലന കേന്ദ്രങ്ങൾ വഴിയും കർഷകർക്ക് പരിശീലനം നൽകിവരുന്നുണ്ട്.

കാർഷികോല്പന്നങ്ങളുടെ സമാഹരണവും വിപണനവും

8 (*428)ശ്രീ. വി. ആർ. സുനിൽകുമാർ:
ശ്രീ. പി. എസ്. സുപാൽ:
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ:
ശ്രീ. വാഴൂർ സോമൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി (ശ്രീ. പി. പ്രസാദ്) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കാർഷികോല്പന്നങ്ങളുടെ സംഭരണം, വിപണനം എന്നിവയ്ക്ക് ആവശ്യമായ സൗകര്യങ്ങളും സംവിധാനങ്ങളും ഏർപ്പെടുത്തേണ്ടത് കാർഷികമേഖലയുടെ പുനരുജ്ജീവനത്തിന് അത്യന്താപേക്ഷിതമാണെന്ന് വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ?

ഉണ്ട്. സംസ്ഥാനത്ത് കാർഷികോല്പന്നങ്ങളുടെ സംഭരണം, വിപണനം എന്നിവയ്ക്കാവശ്യമായ സൗകര്യങ്ങളും സംവിധാനങ്ങളും ഏർപ്പെടുത്തേണ്ടത് കാർഷികമേഖലയുടെ പുനരുജ്ജീവനത്തിന് അത്യന്താപേക്ഷിതമാണ്.

കൃഷി വകുപ്പ് വിവിധ പദ്ധതിപ്രകാരം സ്ഥാപിച്ചിട്ടുള്ള ഇക്കോ ഷോപ്പുകൾ, എ ഗ്രേഡ് ക്ലസ്റ്ററുകൾ, ബ്ലോക്ക് ലെവൽ ഫെഡറേറ്റഡ് ക്ലസ്റ്ററുകൾ, ആഴ്ച്ചച്ചന്തകൾ, നഗര വഴിയോര ആഴ്ച്ചച്ചന്തകൾ തുടങ്ങിയവ മുഖേന അതത് ഗ്രാമപഞ്ചായത്ത്/ബ്ലോക്ക് പ്രദേശങ്ങളിൽ കർഷകർ ഉല്പാദിപ്പിക്കുന്ന പഴം-പച്ചക്കറികൾ കർഷകർ നേരിട്ട് ഉപഭോക്താക്കൾക്ക് വിപണനം നടത്തുന്നതിനുള്ള സംവിധാനം ഒരുക്കിയിട്ടുണ്ട്. സംസ്ഥാനത്ത് തിരുവനന്തപുരം, എറണാകുളം, കോഴിക്കോട്, വയനാട് ജില്ലകളിൽ പ്രവർത്തിക്കുന്ന 6 കാർഷിക മൊത്തവ്യാപാര വിപണികളിലും കർഷകർക്ക് നേരിട്ട് അവരുടെ പച്ചക്കറികൾ എത്തിച്ച് ലേലത്തിൽ ഉൽപ്പന്നങ്ങൾ ന്യായവിലയ്ക്ക് വിറ്റഴിക്കുവാനുള്ള സംവിധാനവും കൃഷി വകുപ്പ് ഒരുക്കിയിട്ടുണ്ട്.

കൃഷി വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന വെജിറ്റബിൾ ആന്റ് ഫ്രൂട്ട്സ് പ്രൊമോഷൻ കൗൺസിൽ കേരളം (VFPCK)-യുടെ കീഴിൽ സംസ്ഥാനത്തൊട്ടാകെയുള്ള 289 'സ്വാശ്രയ കർഷക വിപണികൾ' മുഖേന ന്യായവിലയ്ക്ക് കർഷകരിൽനിന്നും സംഭരിച്ച് വിപണനം നടത്തിവരുന്നു. കൂടാതെ കൃഷി വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന 'ഹോർട്ടികോർപ്പും'

കർഷകരിൽനിന്നും പഴം പച്ചക്കറികൾ സംഭരിച്ച് ഹോർട്ടികോർപ്പിന്റെ ഔട്ട്ലെറ്റുകൾ മുഖേന വിപണനം നടത്തിവരുന്നു.

(ബി) സംസ്ഥാനത്തെ കർഷകരിൽ നിന്നും ഉല്പന്നങ്ങൾ സംഭരിക്കുന്നതിന് നിലവിലുള്ള സംവിധാനങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കുമോ?

സംസ്ഥാനത്ത് കർഷകരിൽ നിന്നും ഉല്പന്നങ്ങൾ സംഭരിക്കുന്നതിന് ചുവടെ കൊടുത്തിരിക്കുന്ന പദ്ധതികൾ നിലവിലുണ്ട്.

(i)<u>കേരള ഫാം ഫ്രഷ് ഫ്രൂട്സ് ആന്റ് വെജിറ്റബിൾസ് - അടിസ്ഥാന വില പദ്ധതി</u>

കാർഷിക ഉല്പന്നങ്ങൾക്ക് ഇടനിലക്കാരുടെ ചൂഷണം ഒഴിവാക്കി ന്യായവില ലഭ്യമാക്കുന്നതിനായി "കേരള ഫാം ഫ്രഷ് പഴം പച്ചക്കറി അടിസ്ഥാന വില പദ്ധതി" 2020 നവംബർ 1-ന് പ്രാബല്യത്തിൽ വന്നു. മരച്ചീനി, നേന്ത്രൻ, കൈതച്ചക്ക, കുമ്പളം, വെള്ളരി, പാവൽ, പടവലം, വള്ളിപ്പയർ, തക്കാളി, വെണ്ട, ക്യാബേജ്, ക്യാരറ്റ്, ഉരുളക്കിഴങ്ങ്, ബീൻസ്, ബീറ്റ്റൂട്ട്, വെളുത്തുള്ളി എന്നീ 16 ഇനം പഴം-പച്ചക്കറികൾക്ക് അടിസ്ഥാനവില പ്രഖ്യാപിച്ചിട്ടുണ്ട്. അതിൻപ്രകാരം ഉൽപ്പന്നങ്ങൾ

നിലവിലെ അടിസ്ഥാനവിലയ്ക്ക് നോട്ടിഫൈ ചെയ്ത 300 മാർക്കറ്റുകൾ വഴി സംഭരിക്കുകയും കൃഷി വകുപ്പിന്റെ നേരിട്ടുള്ള നിയന്ത്രണത്തിൽ ഈ വിപണികൾ പ്രവർത്തിക്കുന്നതിനാൽ ഇടനിലക്കാരുടെ ചൂഷണം ഒഴിവാക്കി പ്രാദേശികമായി കർഷകർക്ക് നല്ല വില ലഭിക്കുന്നതിനും അതോടൊപ്പം ഉപഭോക്താക്കൾക്ക് ന്യായവിലയ്ക്ക് ഉൽപ്പന്നങ്ങൾ ലഭ്യമാക്കാനും വഴിയൊരുക്കുന്നു.

(ii) <u>പച്ചത്തേങ്ങ സംഭരണം</u>

സംസ്ഥാനത്ത് ചില ജില്ലകളിൽ പച്ചത്തേങ്ങയുടെ വില കുറയുന്ന സാഹചര്യത്തിൽ പച്ചത്തേങ്ങ സംഭരണം പുനരാരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് 14.01.2022-ൽ സർക്കാർ ഉത്തരവായിരുന്നു. നിലവിൽ കിലോഗ്രാമിന് 32 രൂപയാണ് പച്ചത്തേങ്ങയുടെ താങ്ങുവിലയായി സർക്കാർ നിശ്ചയിച്ചിട്ടുള്ളത്. അതിൻപ്രകാരം സംഭരിച്ചുവരുന്നു.

(iii) <u>കൊപ്ര സംഭരണം</u>

കേന്ദ്ര സർക്കാരിന്റെ കൊപ്രയുടെ താങ്ങുവില (പി.എസ്.എസ്.) പദ്ധതി 2022 പ്രകാരം സംസ്ഥാനത്ത് സഹകരണ സംഘങ്ങൾ മുഖേന

കൊപ്ര സംഭരിച്ച് നാഫെഡിന് കൈമാറുന്നതിന് കേരഫെഡിനെയും മാർക്കറ്റ്ഫെഡിനെയും സ്റ്റേറ്റ് ലെവൽ ഏജൻസികളായി പ്രഖ്യാപിച്ചിട്ടുണ്ട്. എന്നാൽ, നാഫെഡിന്റെ അനുമതി ലഭിക്കാത്തതിനാൽ കേരഫെഡിന് സംഭരണം ആരംഭിക്കാൻ കഴിഞ്ഞിട്ടില്ല.

(iv) സപ്ലൈകോ വഴി നെല്ല് സംഭരണം

കേന്ദ്ര സർക്കാർ അതത് വർഷത്തിലേയ്ക്കായി പ്രഖ്യാപിക്കുന്ന നെല്ലിന്റെ താങ്ങുവിലയോടൊപ്പം സംസ്ഥാന സർക്കാർ പ്രോത്സാഹന ബോണസായി അനുവദിക്കുന്ന അധികതുകകൂടി നൽകിയാണ് സിവിൽ സപ്ലൈസ് കോർപ്പറേഷൻ കർഷകരിൽനിന്നും നെല്ല് സംഭരിച്ചുവരുന്നത്.

(സി) കർഷകരിൽനിന്നും ഉല്പന്നങ്ങൾ നേരിട്ട് സംഭരിക്കുന്നതിന് നിലവിലുള്ള സംവിധാനങ്ങൾ ശക്തിപ്പെടുത്തുന്നതിനും പുതിയ സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിനും ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ?

ഉണ്ട്. കൃഷി വകുപ്പ് വിവിധ പദ്ധതിപ്രകാരം സ്ഥാപിച്ചിട്ടുള്ള ഇക്കോ ഷോപ്പുകൾ, എ ഗ്രേഡ് ക്ലസ്റ്ററുകൾ, ബ്ലോക്ക് ലെവൽ ഫെഡറേറ്റഡ് ക്ലസ്റ്ററുകൾ, ആഴ്ച്ചചന്തകൾ, നഗര വഴിയോര ആഴ്ച്ചചന്തകൾ തുടങ്ങിയവ വഴി അതത് ഗ്രാമപഞ്ചായത്ത്/ബ്ലോക്ക് പ്രദേശങ്ങളിൽ കർഷകർ ഉല്പാദിപ്പിക്കുന്ന

പഴം-പച്ചക്കറികൾ ഇടത്തട്ടുകാരുടെ ചൂഷണം ഒഴിവാക്കി കർഷകർക്ക് നേരിട്ട് ഉപഭോക്താക്കൾക്ക് വിപണനം നടത്തുന്നതിനുള്ള സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്.

സംസ്ഥാനത്ത് തിരുവനന്തപുരം, എറണാകുളം, കോഴിക്കോട്, വയനാട് എന്നീ ജില്ലകളിലുള്ള 6 കാർഷിക മൊത്തവ്യാപാര വിപണികളിലും കർഷകർക്ക് നേരിട്ട് അവരുടെ പച്ചക്കറികൾ എത്തിച്ച് ലേലത്തിൽ ന്യായവിലയ്ക്ക് വിറ്റഴിക്കുവാനുള്ള സംവിധാനവും കൃഷി വകുപ്പ് നടപ്പിലാക്കിയിട്ടുണ്ട്.

കൃഷി വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന VFPCK-യുടെ കീഴിൽ സംസ്ഥാനത്തൊട്ടാകെയുള്ള 'സ്വാശ്രയ കർഷക വിപണികൾ' മുഖേന ന്യായവിലയ്ക്ക് കർഷകരിൽനിന്നും പഴം പച്ചക്കറികൾ സംഭരിച്ച് വിപണനം നടത്തി വരുന്നു.

പഴം-പച്ചക്കറികളുടെ സംഭരണ-വിതരണ രംഗത്ത് ഉല്പാദകരേയും ഉപഭോക്താക്കളേയും സംരക്ഷിക്കുക എന്ന ദൗത്യവുമായി കൃഷി വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന ഹോർട്ടികോർപ്പിന് സംസ്ഥാനത്ത് 13 ജില്ലാ സംഭരണ കേന്ദ്രങ്ങളും 6 ഉപസംഭരണ കേന്ദ്രങ്ങളുമുണ്ട്. അവയുടെ കീഴിൽ

126 സ്വന്തം സ്റ്റാളുകളും 188 ലൈസെൻസി സ്റ്റാളുകളും ഉണ്ട്. ഈ കേന്ദ്രങ്ങൾ മുഖേന ഇടനിലക്കാരെ ഒഴിവാക്കിക്കൊണ്ട് ഹോർട്ടികോർപ്പ് പഴം-പച്ചക്കറി സംഭരണ/വിതരണ രംഗത്ത് കാര്യക്ഷമമായി ഇടപെടുന്നുണ്ട്. കാസർഗോഡ് ജില്ലയിൽ ഒരു സംഭരണ-വിതരണ കേന്ദ്രം ആരംഭിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. ഈ സാമ്പത്തിക വർഷവും പഴം-പച്ചക്കറി സംഭരണ-വിപണനത്തിനായി വിവിധ പദ്ധതികളാണ് കൃഷി വകുപ്പ് നടപ്പിലാക്കുന്നത്. സംസ്ഥാനത്തെ ആറ് കാർഷിക മൊത്ത വ്യാപാര വിപണികൾ ശക്തിപ്പെടുത്തി കർഷകർക്ക് കൂടുതൽ സൗകര്യപ്രദമാക്കുന്നതിലേയ്ക്കായി കർഷകർക്കുള്ള ട്രാൻസ്പോർട്ടേഷൻ സബ്സിഡി ഉൾപ്പെടെ 180 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. കൂടാതെ ഗ്രാമപഞ്ചായത്ത്/ബ്ലോക്ക്/ജില്ലാ തലങ്ങളിൽ കർഷകർ നേരിട്ട് നടത്തുന്ന വിപണന കേന്ദ്രങ്ങളായ ഗ്രേഡഡ് ആഴ്ചച്ചന്തകൾക്ക് 25 ലക്ഷം രൂപയും ഇക്കോഷോപ്പുകൾ നടത്തുന്നതിനായി 150 ലക്ഷം രൂപയും ഗ്രാമച്ചന്തകളുടെ ശാക്തീകരണത്തിന് 145 ലക്ഷം രൂപയും നഗര വഴിയോര ആഴ്ചച്ചന്തകൾക്ക് 10 ലക്ഷം രൂപയും ഇടുക്കി ജില്ലയിലെ ശീതകാല പച്ചക്കറികളുടെ സംഭരണ/ വിപണനത്തിനായി നടപ്പിലാക്കുന്ന കോൾഡ് ചെയിൻ പദ്ധതിക്കായി 185

ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്. കൂടാതെ കേരളത്തിലെ കർഷകരുടെ ഉല്പന്നങ്ങൾക്ക് ന്യായവില ഉറപ്പാക്കാനും ഉപഭോക്താക്കൾക്ക് ന്യായമായ വിലയ്ക്ക് പഴം-പച്ചക്കറികൾ ലഭ്യമാക്കുന്നതിനും വിലനിലവാരം സ്ഥിരപ്പെടുത്തുവാനും വിപണിയിൽ ഇടപെടുന്നതിനായി 2200 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്.

(ഡി) ഓരോ പഞ്ചായത്തിലും ശീതീകരണ സൗകര്യങ്ങളോടുകൂടിയ ഒരു പ്രാഥമിക ഗ്രാമീണ കാർഷിക സംഭരണ കേന്ദ്രം ഉറപ്പാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

കൃഷി വകുപ്പ് സംരംഭമായ ഹോർട്ടികോർപ്പ്, ആർ.ഐ.ഡി.എഫ്, എം.ഐ.ഡി.എച്ച് എന്നീ കൃഷി വകുപ്പ് പദ്ധതികൾവഴിയുള്ള ഫണ്ടുകൾ ഉപയോഗിച്ച് കേരള സ്റ്റേറ്റ് ഭൂവികസന കോർപ്പറേഷൻ മുഖേന 4 ശീതീകരിച്ച ഇന്റഗ്രേറ്റഡ് പായ്ക്ക് ഹൗസുകൾ തിരുവനന്തപുരം, തൃശ്ശൂർ, ഇടുക്കി, എറണാകുളം എന്നീ ജില്ലകളിൽ നടപ്പിലാക്കുവാനുള്ള നടപടികൾ ഹോർട്ടികോർപ്പ് സ്വീകരിച്ചുവരുന്നു. അതോടൊപ്പം വാർഷിക പദ്ധതി 2022-23 പ്രകാരം ഇടുക്കി ജില്ലയിൽ കോൾഡ് ചെയിൻ പദ്ധതി നടപ്പിലാക്കുന്നതിനായി 185 ലക്ഷം രൂപയുടെ അനുമതിയും ലഭിച്ചിട്ടുണ്ട്.

ആലപ്പുഴ ജില്ലയിൽ 2500 ചതുരശ്ര അടി വിസ്തീർണമുള്ള ശീതീകരിച്ച ഹൈടെക് ഓർഗാനിക് സൂപ്പർ മാർക്കറ്റ് തുടങ്ങുന്നതിനായി 50 ലക്ഷം രൂപയുടെ വാർഷിക പദ്ധതി 2022-23-ൽ അനുവദിച്ചിട്ടുണ്ട്.

ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതി

9 (*429)ശ്രീ. കെ. പ്രേംകുമാർ:
ശ്രീ. എം. നൗഷാദ്:
ശ്രീ. കെ. ജെ. മാക്സി:
ശ്രീ. എൻ. കെ. അക്ബർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി (ശ്രീ. വി. അബ്ദുറഹിമാൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്പോർട്സ് ഇൻഫ്രാസ്ട്രക്ച്ചർ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി നടന്നുവരുന്ന പ്രവർത്തനങ്ങൾ വിശദമാക്കാമോ?

സംസ്ഥാനത്ത് കായിക മേഖലയിൽ അടിസ്ഥാന സൗകര്യ വികസനം വിവിധ തലങ്ങളിലാണ് നടപ്പിലാക്കിവരുന്നത്.

കായിക വകുപ്പിലെ വിവിധ നിർമ്മാണ/വികസന പ്രവർത്തനങ്ങൾക്കായി 2016-17, 2017-18 വർഷങ്ങളിൽ വിവിധ ഘട്ടങ്ങളിലായി കിഫ്ബി ധനസഹായത്തോടുകൂടി 800 കോടിയോളം രൂപയുള്ള 59 പദ്ധതികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. ഈ പദ്ധതികൾ നടപ്പിലാക്കുന്നതിനായി കിഫ്ബി പ്രവൃത്തികളുടെ എസ്.പി.വി. ആയിരുന്ന കിറ്റ്കോയെ പദ്ധതി നിർവ്വഹണ ചുമതല ഏൽപ്പിക്കുകയും ടി പ്രവൃത്തികൾ കിറ്റ്കോ മുഖാന്തരം പുരോഗമിച്ചുവരികയുമാണ്. കിഫ്ബി ധനസഹായത്തോടെ നടപ്പിലാക്കുന്ന പദ്ധതികളിൽ 8 പ്രവൃത്തികൾ എസ്.പി.വി-യായ കിറ്റ്കോ പൂർത്തീകരിച്ചിട്ടുണ്ട്. 4 പ്രവൃത്തികൾ അന്തിമ ഘട്ടത്തിലാണ്. 18 പദ്ധതികളുടെ പ്രവൃത്തി പുരോഗമിക്കുകയും 4 പദ്ധതികൾ ടെണ്ടറിംഗ് ഘട്ടത്തിലുമാണ്.

കായിക യുവജനകാര്യാലയത്തിനുകീഴിൽ പ്രവർത്തിച്ചുവന്ന കായിക എഞ്ചിനീയറിംഗ് വിഭാഗത്തെ പുനർവിന്യസിച്ചുകൊണ്ട് 'സ്പോർട്സ് കേരള ഫൗണ്ടേഷൻ' എന്ന പൊതുമേഖല കമ്പനി രൂപീകരിച്ചിട്ടുണ്ട്.

കായിക വകുപ്പിലെ കിഫ്ബി ധനസഹായത്തോടെ നടത്തുന്ന കായിക അടിസ്ഥാനസൗകര്യ വികസനപ്രവൃത്തികളുടെ എസ്.പി.വി-യായി

സ്പോർട്സ് കേരള ഫൗണ്ടേഷനെ നിയമിച്ച് ഉത്തരവായിട്ടുണ്ട്. ഈ സാഹചര്യത്തിൽ പ്രാരംഭഘട്ടങ്ങളിൽ തുടരുന്ന കിഫ്ബി പദ്ധതികളുടെ നടത്തിപ്പ് സ്പോർട്സ് കേരള ഫൗണ്ടേഷനെ ഏൽപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്.

ഒരു പഞ്ചായത്ത് ഒരു കളിക്കളം പദ്ധതിയുടെ നിർവ്വഹണ ഏജൻസിയായി സ്പോർട്സ് കേരള ഫൗണ്ടേഷനെ നിയോഗിച്ചും പ്രസ്തുത പദ്ധതി നിർവ്വഹണത്തിനായുള്ള ധാരണാപത്രം അംഗീകരിച്ചും മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചും 12.07.2022-ലെ സ.ഉ.(അച്ചടി) നം. 1/2022/കാ.യു.വ. പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ ആദ്യഘട്ടത്തിൽ നടപ്പിലാക്കാൻ ഉദ്ദേശിച്ചിട്ടുള്ള കളിക്കളങ്ങളുടെ നിർമ്മാണ നിർവ്വഹണവുമായി ബന്ധപ്പെട്ട തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

സർക്കാരിന്റെ 'എല്ലാവർക്കും ആരോഗ്യം' എന്ന പ്രഖ്യാപിത ലക്ഷ്യത്തിന്റെ ഭാഗമായി സംസ്ഥാനത്ത് തുടക്കംകുറിച്ച സ്പോർട്സ് ലൈഫ് ഫിറ്റ്നസ് സെന്ററുകളിൽ 9 എണ്ണത്തിന്റെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. ഇതിനുപുറമെ പത്തോളം ഫിറ്റ്നസ് സെന്ററുകളുടെ പ്രവൃത്തി

നടപ്പിലാക്കിവരികയുമാണ്. ഫിറ്റ്നസ് സെന്ററുകളിലേയ്ക്ക് ഫിറ്റ്നസ് ഉപകരണങ്ങൾ വാങ്ങുന്നതിലേയ്ക്കായി (3 വർഷത്തെ എ.എം.സി. ഉൾപ്പെടെ) 4.69 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഇന്റീരിയർ പ്രവൃത്തികൾ പൂർത്തീകരിക്കുന്നമുറയ്ക്ക് ഉപകരണങ്ങൾ സജ്ജീകരിച്ച് ഫിറ്റ്നസ് സെന്ററുകൾ പ്രവർത്തനക്ഷമമാക്കുന്നതാണ്.

ടൂറിസം വകുപ്പിന് കീഴിൽ കായിക യുവജനകാര്യ വകുപ്പ് മുഖേന 7 ജില്ലകളിൽ (തിരുവനന്തപുരം, ആലപ്പുഴ, മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ്) ഓപ്പൺ ജിംനേഷ്യം ആരംഭിക്കുന്നതിനായി ഭരണാനുമതി നൽകിയിട്ടുണ്ട്. ടി പദ്ധതിയിൽ മലപ്പുറം ജില്ലയിൽ ഉൾപ്പെടുത്തിയിട്ടുള്ള വള്ളിക്കുന്ന് നിയോജകമണ്ഡലത്തിലെ മൂന്നിയൂർ ഗ്രാമ പഞ്ചായത്തിലെ കളിയാട്ടമുക്ക് സ്റ്റേഡിയത്തിൽ ഓപ്പൺ ജിംനേഷ്യം സ്ഥാപിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു. തൃത്താല നിയോജകമണ്ഡലത്തിലെ തിരുമിറ്റക്കോട്, നാഗലശ്ശേരി, ചാലിശ്ശേരി, തൃത്താല എന്നീ ഗ്രാമപഞ്ചായത്തുകളിൽ ഓപ്പൺ ജിംനേഷ്യവും അനുബന്ധ സംവിധാനങ്ങളും സ്ഥാപിക്കുന്നതിനായി എം.എൽ.എ. ഫണ്ട് മുഖേന

40,00,000 രൂപ അനുവദിച്ചിട്ടുണ്ട്. ഇവയുടെ പ്രവൃത്തിയും ഉടൻ ആരംഭിക്കുന്നതാണ്.

ജി. വി. രാജ സ്പോർട്സ് സ്കൂൾ പൊതുവിദ്യാഭ്യാസ വകുപ്പിൽനിന്ന് കായിക വകുപ്പ് ഏറ്റെടുത്തതിനുശേഷം നിരവധി അടിസ്ഥാനസൗകര്യ വികസനപ്രവൃത്തികൾ പ്രസ്തുത സ്കൂളിൽ നടപ്പിലാക്കിവരുന്നുണ്ട്.

കണ്ണൂർ സ്പോർട്സ് ഡിവിഷനോടനുബന്ധിച്ച് കായികതാരങ്ങൾക്കായി സുസജ്ജമായ ഹോസ്റ്റൽ നിലവിൽ പ്രവർത്തിച്ചുവരുന്നുണ്ട്. പ്രസ്തുത ഹോസ്റ്റലിന്റെ നവീകരണ പ്രവൃത്തികൾ കഴിഞ്ഞ സാമ്പത്തിക വർഷം പൂർത്തീകരിച്ചിട്ടുണ്ട്.

തൃശ്ശൂർ ജില്ലയിലെ കുന്നംകുളം ബോയ്സ് ഹയർ സെക്കന്ററി സ്കൂളിൽ ഒരു സ്പോർട്സ് ഡിവിഷൻ 23.04.2022-ൽ പ്രവർത്തനമാരംഭിച്ചിട്ടുണ്ട്.

(ബി) സ്റ്റേഡിയങ്ങളുടെയും ഇടുക്കിയിലെ ട്രെയിനിംഗ് സെന്ററിന്റെയും പ്രവൃത്തികൾ ഇപ്പോൾ ഏതുഘട്ടത്തിലാണ്; വിശദാംശം നൽകാമോ?

കായിക രംഗത്തെ വളർച്ചയ്ക്കായും കൂടുതൽ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനുമായി കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി ഇടുക്കിയിൽ ചുവടെ പറയുന്ന പദ്ധതികൾ പദ്ധതിയുടെ എസ്.പി.വി. ആയ കിറ്റ്കോ മുഖാന്തരം

പുരോഗമിച്ചുവരുന്നു. പ്രസ്തുത പദ്ധതികളുടെ നിലവിലെ സ്ഥിതി ചുവടെ ചേർക്കുന്നു.

1) <u>കെ.പി. തോമസ് ഇൻഡോർ സ്റ്റേഡിയം, ഇടുക്കി</u> - ഫൗണ്ടേഷൻ പ്രവൃത്തികൾ പുരോഗമിക്കുന്നു.

2) <u>നെടുങ്കണ്ടം സ്റ്റേഡിയം, ഇടുക്കി</u> - പ്രവൃത്തി 75% പൂർത്തീകരിച്ചു. ട്രാക്ക് പ്രവൃത്തികൾ പുരോഗമിക്കുന്നു.

3) <u>ഹൈ ആൾട്ടിറ്റ്യൂട് ട്രെയിനിംഗ് സെൻറർ</u> - മൂന്നാർ ഹൈ ആൾട്ടിറ്റ്യൂട് ട്രെയിനിംഗ് സെന്റർ നവീകരണ പ്രവൃത്തികൾ സംബന്ധിച്ച് വിശദമായ ഒരു എഞ്ചിനീയറിംഗ് റിപ്പോർട്ടും ഒരു മാസ്റ്റർ പ്ലാനും തയ്യാറാക്കുവാൻ സ്പോർട്സ് കേരള ഫൗണ്ടേഷനെ ചുമതലപ്പെടുത്തുകയുണ്ടായി. ആയതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത പ്രവൃത്തിയുടെ സമഗ്രമായ എഞ്ചിനീയറിംഗ് റിപ്പോർട്ടും മാസ്റ്റർ പ്ലാനും തയ്യാറാക്കി വരികയാണ്.

(സി) സംസ്ഥാനത്ത് ആധുനിക സൗകര്യങ്ങളോടുകൂടിയ ഒരു ഇന്റർനാഷണൽ സ്റ്റേഡിയം നിർമ്മിക്കുന്ന പദ്ധതി പരിഗണനയിലുണ്ടോ; വിശദാംശം നൽകാമോ?

കോഴിക്കോട് അന്താരാഷ്ട്ര സ്റ്റേഡിയം നിർമ്മിക്കുന്നത് സംബന്ധിച്ച് സ്പോർട്സ് കേരള ഫൗണ്ടേഷനിലെ ഉദ്യോഗസ്ഥർ നിർദ്ദിഷ്ട സ്ഥലം സന്ദർശിക്കുകയുണ്ടായി. ആയതിന്റെ റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

(ഡി) സംസ്ഥാനത്ത് എല്ലാ പഞ്ചായത്തുകളിലും ഒരു കളിക്കളം പദ്ധതി നടപ്പിലാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; ഇതിലൂടെ എന്തൊക്കെ കാര്യങ്ങളാണ് ലക്ഷ്യമിടുന്നത്; വിശദമാക്കാമോ?

ഉണ്ട്. സംസ്ഥാനത്തെ എല്ലാ പഞ്ചായത്തുകളിലും തനത് കായിക വികസനങ്ങൾകൂടി പരിഗണിച്ചുകൊണ്ട് വിശദമായൊരു പദ്ധതിയാണ് ഒരു പഞ്ചായത്ത് ഒരു കളിക്കളം പദ്ധതി. ഒരു പഞ്ചായത്ത് ഒരു കളിക്കളം പദ്ധതിയുടെ നിർവ്വഹണ ഏജൻസിയായി സ്പോർട്സ് കേരള ഫൗണ്ടേഷനെ നിയോഗിച്ചും പ്രസ്തുത പദ്ധതി നിർവ്വഹണത്തിനായുള്ള ധാരണാപത്രം അംഗീകരിച്ചും മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചും ഉത്തരവായിട്ടുണ്ട്. ഇതിന്റെയടിസ്ഥാനത്തിൽ ആദ്യഘട്ടത്തിൽ നടപ്പിലാക്കാൻ ഉദ്ദേശിച്ചിട്ടുള്ള കളിക്കളങ്ങളുടെ നിർവ്വഹണവുമായി ബന്ധപ്പെട്ട തുടർനടപടികൾ സ്വീകരിച്ചുവരുന്നു. ഈ പദ്ധതിയിലൂടെ വിവിധഘട്ടങ്ങളിലായി എല്ലാ

പഞ്ചായത്തുകളിലും കളിക്കളം ഒരുക്കുന്നതിനാണ് ലക്ഷ്യമിടുന്നത്. മൾട്ടി ഗെയിമുകൾക്കായുള്ള പ്ലേകോർട്ടുകൾ, ഇൻഡോർ കോർട്ടുകൾ, ഓപ്പൺ ജിം, വോളിബോൾ കളിക്കാനുള്ള കോർട്ടുകൾ, ബാസ്കറ്റ്ബോൾ, ഓപ്പൺ ജിംനേഷ്യം, നടപ്പാത, ടോയ്‌ലെറ്റുകൾ, വസ്ത്രം മാറുന്ന മുറികൾ, കോഫിഷോപ്പ് തുടങ്ങിയ സൗകര്യങ്ങൾ, കുട്ടികൾക്കുള്ള കളിസ്ഥലങ്ങൾ, ശാരീരിക/മാനസിക വ്യായാമത്തിനുള്ള സൗകര്യങ്ങൾ, പ്രാദേശിക കളികൾ നടത്തുന്നതിനുള്ള സൗകര്യങ്ങൾ തുടങ്ങിയവയാണ് പ്രസ്തുത പദ്ധതിയിലൂടെ വിഭാവനം ചെയ്തിരിക്കുന്നത്. ഏകദേശം 1 ഏക്കർ വിസ്തൃതിയുള്ള തുറസ്സായ സ്ഥലത്താണ് പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്.

## എൻഡോസൾഫാൻ ദുരിതബാധിതർക്ക് നഷ്ടപരിഹാരം

10 (*430) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:
ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ):
ശ്രീ. സനീഷ്‌കുമാർ ജോസഫ്:
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു) സദയം മറുപടി നൽകുമോ:

(എ) മനുഷ്യാവകാശ കമ്മീഷന്റെയും സുപ്രീംകോടതിയുടെയും നിർദ്ദേശാനുസരണം എൻഡോസൾഫാൻ ദുരിതബാധിതർക്ക് നഷ്ടപരിഹാരം നൽകുന്നതിനും പുനരധിവാസത്തിനുമായി കീടനാശിനി നിർമ്മാതാക്കളും കേന്ദ്ര സർക്കാരും സഹായം ലഭ്യമാക്കിയിട്ടുണ്ടോ?

മനുഷ്യാവകാശ കമ്മീഷന്റെയും സുപ്രീംകോടതിയുടെയും നിർദ്ദേശാനുസരണം എൻഡോസൾഫാൻ ദുരിതബാധിതർക്ക് നഷ്ടപരിഹാരം നൽകുന്നതിന് കീടനാശിനി നിർമ്മാതാക്കളും കേന്ദ്രസർക്കാരും സഹായം ലഭ്യമാക്കിയിട്ടില്ല.

(ബി) ഇല്ലെങ്കിൽ പ്രസ്തുത ധനസഹായം നേടിയെടുക്കാൻ സ്വീകരിക്കുന്ന നടപടികൾ അറിയിക്കാമോ; കീടനാശിനി നിർമ്മാതാക്കൾക്കെതിരെ നിയമനടപടി കൈക്കൊള്ളാൻ തീരുമാനിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

സുപ്രീംകോടതിയിൽ നിലവിലുള്ള കേസിൽ കീടനാശിനി കമ്പനികളെ കക്ഷി ചേർക്കുന്നത് സംബന്ധിച്ച് അഡ്വക്കേറ്റ് ജനറലിനോട് നിയമോപദേശം ആരാഞ്ഞിട്ടുണ്ട്.

എൻഡോസൾഫാൻ ദുരിതബാധിതർക്ക് നഷ്ടപരിഹാരവും പെൻഷനും നൽകുന്നതിന് ആവശ്യമായ തുകയുടെ 50% ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് ബഹു. മുഖ്യമന്ത്രി ബഹു. പ്രധാനമന്ത്രിക്ക് കത്ത് നൽകിയിരുന്നു. എന്നാൽ 2018 ആഗസ്റ്റിൽ കേന്ദ്രം ലഭ്യമാക്കിയ മറുപടിയിൽ പ്രസ്തുത ആവശ്യം നിരസിക്കുകയുണ്ടായി.

കേരള സർക്കാരിനുവേണ്ടി തിരുവനന്തപുരം ജില്ലാ കളക്ടർ വാദിയായി കീടനാശിനി നിർമ്മാതാക്കളെയും പ്ലാന്റേഷൻ കോർപ്പറേഷനെയും എതിർകക്ഷികളാക്കി തിരുവനന്തപുരം സബ് കോടതി മുമ്പാകെ ഒ.എസ്. നം. 02/2019 കേസ് ഫയൽ ചെയ്തിട്ടുണ്ട്.

## വാഹൻ സോഫ്റ്റ്‌വെയർ

11 (*431) ശ്രീ. നജീബ് കാന്തപുരം:
ശ്രീ. എൻ. എ. നെല്ലിക്കുന്ന്:
ശ്രീ. ടി. വി. ഇബ്രാഹിം:
ശ്രീ. എ. കെ. എം. അഷ്‌റഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി (ശ്രീ. ആന്റണി രാജു) സദയം മറുപടി നൽകുമോ:

(എ) വാഹനങ്ങളുടെ നികുതി കണക്കാക്കുന്നതിൽ വാഹൻ സോഫ്റ്റ്‌വെയറിലുണ്ടായ പിഴവ് കാരണം സംസ്ഥാന നികുതിയിൽ നഷ്ടം ഉണ്ടായിട്ടുണ്ടോ;

(ബി) കേന്ദ്ര സർക്കാരിന്റെ സോഫ്റ്റ്‌വെയറിൽ സംസ്ഥാന നികുതി വ്യവസ്ഥകൾ ഉൾക്കൊള്ളിക്കുന്നതിൽ ഉണ്ടാകുന്ന പിഴവ് തിരുത്താൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

(എ&ബി) പൊതുജനങ്ങൾക്ക് ഓൺലൈനായി നികുതി അടയ്ക്കുന്നതിനുള്ള സൗകര്യം ലഭ്യമാക്കുന്നതിന് കേന്ദ്രസർക്കാർ തയ്യാറാക്കിയ പരിവാഹൻ സോഫ്റ്റ്‌വെയറിൽ നാഷണൽ ഇൻഫർമാറ്റിക്സ് സെന്റർ (NIC) മുഖേന വാഹന നികുതി സംബന്ധിച്ച ചില സേവനങ്ങൾ ലഭ്യമാക്കുന്നതിനായി ഭേദഗതികൾ വരുത്താറുണ്ട്. പ്രസ്തുത ഭേദഗതികളുടെ ഫലമായി സോഫ്റ്റ്‌വെയറിൽ നികുതി കണക്കാക്കുന്നതിൽ പിഴവ് സംഭവിക്കുകയും ലഭിക്കേണ്ട വാഹന നികുതിയിൽ നഷ്ടം ഉണ്ടാകുകയും ചെയ്തിട്ടുണ്ട്. പരിവാഹൻ സോഫ്റ്റ്‌വെയറിൽ ഭേദഗതി വരുത്തുന്ന മുറയ്ക്ക് ആയത് ക്രമാനുസൃതമല്ലാത്ത (random) പരിശോധനയ്ക്ക് വിധേയമാക്കുന്നുണ്ട്. എങ്കിലും, പൊതുജനങ്ങൾ ഓൺലൈനായി നികുതി അടക്കുമ്പോഴാണ്

പലപ്പോഴും നികുതിക്കുറവോ അധിക നികുതിയോ (Short levy/Excess tax) ഉണ്ടായതായി അറിയുവാൻ സാധിക്കുന്നത്. ആയതിനാൽ, പിഴവ് ശ്രദ്ധയിൽപ്പെടുമ്പോൾത്തന്നെ നാഷണൽ ഇൻഫർമാറ്റിക്സ് സെന്ററുമായി ബന്ധപ്പെടുകയും പിഴവുകൾ തിരുത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്.

(സി) കുറഞ്ഞ നിരക്കിൽ നികുതി ഈടാക്കിയവരിൽ നിന്നും ബാക്കി തുക ഈടാക്കുന്നതിന് സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ?

സോഫ്റ്റ്വെയറിലെ പിഴവുമൂലം കുറഞ്ഞ നിരക്കിൽ നികുതി ഈടാക്കപ്പെട്ട വാഹനങ്ങൾ കണ്ടെത്തി വാഹന ഉടമകൾക്ക് നോട്ടീസ് നൽകാറുണ്ട്. തുടർന്ന്, അനുവദനീയമായ സമയം കഴിഞ്ഞിട്ടും ബാലൻസ് നികുതി അടയ്ക്കാത്ത വാഹന ഉടമകളെ ബ്ലാക്ക്ലിസ്റ്റ് ചെയ്തുവരുന്നുണ്ട്. ഇത്തരം വാഹന ഉടമകൾക്കെതിരെ ബാലൻസ് നികുതി ഈടാക്കുന്നതിനായി ആവശ്യമെങ്കിൽ നിയമാനുസൃതമായി റവന്യൂ റിക്കവറി നടപടിയും സ്വീകരിക്കാൻ സാധിക്കുന്നതാണ്.

## പച്ചത്തേങ്ങ സംഭരണം

12 (*432) ശ്രീ. അൻവർ സാദത്ത്:
ശ്രീ. സി. ആർ. മഹേഷ്:
ശ്രീ. സജീവ് ജോസഫ്:
ശ്രീ. പി. സി. വിഷ്ണുനാഥ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി (ശ്രീ. പി. പ്രസാദ്) സദയം മറുപടി നൽകുമോ:

(എ) പച്ചത്തേങ്ങ സംഭരണം പ്രതിസന്ധിയിൽ ആയതുകൊണ്ട് സംസ്ഥാനത്തെ കേരകർഷകർ ദുരിതമനുഭവിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ?

ഇല്ല. ചില ജില്ലകളിൽ നാളികേരത്തിന്റെ മാർക്കറ്റ് വില സർക്കാർ നിശ്ചയിച്ചിരിക്കുന്ന സംഭരണവിലയേക്കാൾ കുറഞ്ഞതിനെത്തുടർന്ന് കർഷകർക്ക് ന്യായവില ലഭ്യമാക്കാൻ സർക്കാർ നിശ്ചയിച്ച കിലോഗ്രാമിന് 32 രൂപ നിരക്കിൽ പച്ചത്തേങ്ങ സംഭരണം ഊർജ്ജിതമായി നടന്നുവരുന്നു.

(ബി) പച്ചത്തേങ്ങ സംഭരിക്കുന്ന സ്വകാര്യ ഏജൻസികളെ ആശ്രയിക്കേണ്ടിവരുന്ന കർഷകർക്ക് വളരെ കുറഞ്ഞ വില മാത്രമാണ് ലഭിക്കുന്നതെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത്

പരിഹരിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

ഉണ്ട്. കർഷകർ സംഭരണത്തിനായി സ്വകാര്യ ഏജൻസികളെ ആശ്രയിക്കുന്ന സാഹചര്യത്തിൽ കുറഞ്ഞ വില ലഭിക്കുന്നത് സ്വാഭാവികമാണ്. അത്തരം പ്രതിസന്ധികൾ തരണം ചെയ്യുന്നതിന്റെ ഭാഗമായാണ് സർക്കാർ പച്ചത്തേങ്ങയുടെ സംഭരണ വില കിലോഗ്രാമിന് 32 രൂപയായി നിശ്ചയിച്ച് സംസ്ഥാനത്തെ പച്ചത്തേങ്ങ സംഭരണ ഏജൻസികളായി കേരഫെഡിനെ ചുമതലപ്പെടുത്തി പച്ചത്തേങ്ങ സംഭരണം പുനരാരംഭിച്ചിട്ടുള്ളത്.

ആദ്യഘട്ടത്തിൽ പച്ചത്തേങ്ങ സംഭരണം കേരഫെഡ് തിരുവനന്തപുരത്തുള്ള ആനയറ സ്റ്റോക്ക് പോയിന്റ്, കരുനാഗപ്പള്ളി കേരഫെഡ് ഫാക്ടറി, തൃശ്ശൂർ പൂച്ചുന്നിപ്പാടത്തുള്ള സെയിൽ പോയിന്റ്, കോഴിക്കോട് നടുവണ്ണൂരിലുള്ള ഫാക്ടറി എന്നീ 4 കേന്ദ്രങ്ങളിലൂടെയാണ് കേരഫെഡ് നേരിട്ട് പച്ചത്തേങ്ങ സംഭരിച്ചു വരുന്നത്.

പച്ചത്തേങ്ങ സംഭരണം വിപുലീകരിക്കുന്നതിന്റെ ഭാഗമായി കണ്ണൂർ ജില്ലയിൽ മുഴപ്പിലങ്ങാട് പ്രാഥമിക സഹകരണ സംഘം മുഖേന കേരഫെഡ്

നേരിട്ട് പച്ചത്തേങ്ങ സംഭരിക്കുന്നു. കൂടാതെ VFPCK-യുടെ 36 വിപണികൾ വഴിയും 2022 ജൂൺ മാസം മുതൽ പച്ചത്തേങ്ങ സംഭരിച്ച് കേരഫെഡിന് നൽകുന്നുണ്ട്. പാലക്കാട് ജില്ലയിൽ VFPCK-യുടെ 15 വിപണികൾ വഴിയും മലപ്പുറം ജില്ലയിൽ 12 വിപണികൾ വഴിയും കോഴിക്കോട് ജില്ലയിൽ 9 വിപണികൾ വഴിയുമാണ് പച്ചത്തേങ്ങ സംഭരിച്ചുവരുന്നത്.

കൂടാതെ കാസർഗോഡ് ജില്ലയിലെ നീലേശ്വരം അഗ്രികൾച്ചറിസ്റ്റ് വെൽഫെയർ കോ-ഓപ്പറേറ്റീവ് സൊസൈറ്റി, പള്ളിക്കര കോ-ഓപ്പറേറ്റീവ് കൺസ്യൂമർ വെൽഫെയർ സൊസൈറ്റി എന്നിവ മുഖേനയും നിലവിൽ കേരഫെഡ് നേരിട്ട് പച്ചത്തേങ്ങ സംഭരിക്കുന്നു. ആഴ്ചയിൽ ചൊവ്വ, വ്യാഴം ദിവസങ്ങളിലാണ് പച്ചത്തേങ്ങ സംഭരണം നടത്തുന്നത്.

കൃഷി ഓഫീസറുടെ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിലാണ് കർഷകരിൽ നിന്നും പച്ചത്തേങ്ങ സംഭരണം നടത്തുന്നത്. AIMS പോർട്ടലിൽ രജിസ്റ്റർ ചെയ്ത കർഷകർ അപേക്ഷിക്കുന്ന മുറയ്ക്ക് തെങ്ങുകൃഷി ചെയ്യുന്ന സ്ഥലത്തിന്റെ വിസ്തൃതി, തെങ്ങുകളുടെ എണ്ണം, വാർഷിക ഉല്പാദനം എന്നിവ രേഖപ്പെടുത്തിയ സാക്ഷ്യപത്രം കൃഷി ആഫീസർ/കൃഷി ഫീൽഡ് ആഫീസർ നൽകേണ്ടതാണ്. പ്രസ്തുത സാക്ഷ്യപത്രത്തിന് ഒരു വർഷം

കാലാവധി ഉണ്ടായിരിക്കും. പച്ചത്തേങ്ങ വിപണനം ചെയ്യാൻ ഉദ്ദേശിക്കുന്ന സ്ഥാപനത്തിൽ കർഷകർ ഈ സാക്ഷ്യപത്രം നൽകി പേര് രജിസ്റ്റർ ചെയ്യേണ്ടതും അപ്രകാരം രജിസ്റ്റർ ചെയ്ത കർഷകരിൽനിന്നും തെങ്ങ് ഒന്നിന് പരമാവധി 50 നാളികേരം (6 തവണകളായി) ഒരു വർഷം എന്ന കണക്കിൽ പച്ചത്തേങ്ങ സംഭരിക്കുന്നതാണ്.

(സി) പ്രാദേശിക തലത്തിൽ കൂടുതൽ സഹകരണ സംഘങ്ങളെ പച്ചത്തേങ്ങ സംഭരണത്തിനായി ചുമതലപ്പെടുത്തുമോ?

പ്രാദേശികതലത്തിൽ ആവശ്യം വരുന്ന സാഹചര്യത്തിൽ പച്ചത്തേങ്ങ സംഭരണത്തിനായുള്ള അടിസ്ഥാന സൗകര്യങ്ങളുള്ളതും സംഘം നിയമാവലിയിൽ കാർഷികോല്പന്ന സംഭരണം ഉൾപ്പെട്ടിട്ടുള്ളതും സർക്കാർ നിഷ്കർഷിക്കുന്ന മാനദണ്ഡങ്ങൾ പാലിച്ച് പച്ചത്തേങ്ങ സംഭരണം നടത്തുവാൻ തയ്യാറുള്ളതുമായ സഹകരണസംഘങ്ങളെ പച്ചത്തേങ്ങ സംഭരണത്തിനായി ചുമതലപ്പെടുത്തുന്ന കാര്യം പരിശോധിക്കുന്നതാണ്.

(ഡി) പച്ചത്തേങ്ങ സംഭരണത്തിൽ സഹകരണ സംഘങ്ങൾക്കുണ്ടാകുന്ന അധിക സാമ്പത്തികബാധ്യത കണക്കിലെടുത്ത് ഒരു മെച്ചപ്പെട്ട പാക്കേജ് നൽകിക്കൊണ്ട് കേരഫെഡ്, നാഫെഡ് എന്നിവ

മുഖേന പച്ചത്തേങ്ങ സംഭരണം കാര്യക്ഷമമായി നടത്തുന്നതിന് കൃഷിവകുപ്പ് മുൻകയ്യെടുക്കുമോ; വിശദാംശം നൽകുമോ?

പച്ചത്തേങ്ങ സംഭരണത്തിൽ പങ്കാളികളാകുന്ന സഹകരണ സംഘങ്ങൾ/FPO-കൾ/മറ്റു സംഭരണ ഏജൻസികൾ മുഖേന കേരഫെഡ് പച്ചത്തേങ്ങ സംഭരണം നടത്തുമ്പോൾ പ്രസ്തുത ഏജൻസികൾക്കുണ്ടാകുന്ന അധിക സാമ്പത്തിക ബാധ്യതയ്ക്ക് മെച്ചപ്പെട്ട പാക്കേജ് നൽകുന്ന വിഷയം സർക്കാരിന്റെ പരിഗണനയിലാണ്.

## ഫലാധിഷ്ഠിത വിദ്യാഭ്യാസ രീതി

13 (*433) ശ്രീ. എം. മുകേഷ്:
ശ്രീ. എ. എൻ. ഷംസീർ:
ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ:
ശ്രീ. പി. പി. സുമോദ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു) സദയം മറുപടി നൽകുമോ:

(എ) ഉന്നത വിദ്യാഭ്യാസ രംഗത്ത് നവീകരണം സാധ്യമാക്കുന്നതിന് അനുയോജ്യമായ വിധത്തിൽ പരീക്ഷാ സമ്പ്രദായം പരിഷ്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ അക്കാദമിക, വിദ്യാർത്ഥി സമൂഹമുൾപ്പെടെ

ബന്ധപ്പെട്ടവരുമായി ആശയവിനിമയം നടത്തുമോ; പരീക്ഷ പരിഷ്കരണ കമ്മീഷൻ റിപ്പോർട്ടിലെ പ്രധാന ശിപാർശകൾ വെളിപ്പെടുത്താമോ?

ഉണ്ട്. ഉന്നത വിദ്യാഭ്യാസ രംഗത്ത് കാലാനുസൃതമായ മാറ്റങ്ങൾ വരുത്തുന്നതിന് അനുയോജ്യമായ രീതിയിൽ പരീക്ഷാ സമ്പ്രദായം പരിഷ്കരിക്കുന്നതിന് ഡോ. സി.റ്റി. അരവിന്ദകുമാർ അദ്ധ്യക്ഷനായി പരീക്ഷാ പരിഷ്കരണ കമ്മീഷനെ നിയമിച്ചിട്ടുണ്ട്. കമ്മീഷൻ അതിന്റെ അന്തിമ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. റിപ്പോർട്ടിലെ ശിപാർശകൾ പരിശോധനയിലാണ്.

(ബി) അടുത്ത അദ്ധ്യയനവർഷം മുതൽ ഫലാധിഷ്ഠിത വിദ്യാഭ്യാസ രീതി പ്രാവർത്തികമാക്കാൻ തീരുമാനമായിട്ടുണ്ടോ; എങ്കിൽ പ്രസ്തുത വിദ്യാഭ്യാസ രീതിയുടെ വിശദാംശം ലഭ്യമാക്കാമോ?

ഔട്ട്കം ബേസ്ഡ് എഡ്യൂക്കേഷനും (OBE) ഗ്രാഡുവേറ്റ് ആട്രിബ്യൂട്ടുകൾക്കും (GA) ഊന്നൽ നല്കിക്കൊണ്ടുള്ള കരിക്കുലം പരിഷ്കരണത്തിനാണ് സർക്കാർ ശ്രമിച്ചുവരുന്നത്. ഓരോ പ്രോഗ്രാമിനും ചേരുന്ന വിദ്യാർത്ഥികൾക്ക് ആത്യന്തികമായി ആർജ്ജിക്കാൻ കഴിയുന്ന അറിവുകളും നൈപുണ്യങ്ങളും എന്തൊക്കെയായിരിക്കുമെന്ന് മുൻകൂട്ടി

നിശ്ചയിച്ച് പ്രസ്താവിക്കുന്നതാണ് ഈ രീതി. ഇവയുടെ അടിസ്ഥാനത്തിൽ കോഴ്സുകൾ, പ്രോഗ്രാമുകൾ, പഠനം-പരീക്ഷാ-മൂല്യനിർണ്ണയം എന്നീ തലങ്ങളിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തുന്നതിന് സർവ്വകലാശാലകൾക്ക് ശിപാർശ നൽകിയിട്ടുണ്ട്.

(സി) നവീന രീതികൾക്കനുസൃതമായി അദ്ധ്യാപകരുടെ പ്രാഗത്ഭ്യം ഉയർത്തുന്നതിനും എണ്ണത്തിലെ കുറവ് പരിഹരിക്കുന്നതിനും നടപടിയെടുത്തിട്ടുണ്ടോ?

ഉന്നതവിദ്യാഭ്യാസ മേഖലയിൽ മികച്ച അദ്ധ്യാപകരെ വാർത്തെടുക്കുക എന്ന ലക്ഷ്യത്തോടെ ഉന്നതവിദ്യാഭ്യാസ കൗൺസിലിന് കീഴിൽ ഫാക്കൽറ്റി ഡെവലപ്മെന്റ് സെന്റർ ആരംഭിക്കാൻ തീരുമാനിച്ചിട്ടുണ്ട്. Humanities & Social Science, Science, Commerce & Management എന്നീ സ്കീമുകളിൽ അദ്ധ്യാപകർക്കായി പരിശീലനം സംഘടിപ്പിക്കുകയാണ് ഫാക്കൽറ്റി ഡെവലപ്മെന്റ് സെന്ററിന്റെ ഉദ്ദേശ്യം.

## വയോജന സംരക്ഷണം

14 (*434) ശ്രീ. പ്രമോദ് നാരായൺ:

ശ്രീ. ജോബ് മൈക്കിൾ:

ഡോ. എൻ. ജയരാജ്:

<u>ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി <u>(ഡോ. ആർ. ബിന്ദു)</u> സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വൃദ്ധസദനങ്ങളിൽ അന്തേവാസികളുടെ എണ്ണം വർദ്ധിച്ചുവരുന്നതായുള്ള സർവ്വേ ഫലങ്ങൾ ലഭിച്ചിട്ടുണ്ടോ?

നിലവിൽ വൃദ്ധസദനങ്ങളിൽ 17105 വയോജനങ്ങൾ താമസക്കാരായിട്ടുണ്ട്. വകുപ്പിൽ ലഭ്യമായ കണക്കുകൾ പ്രകാരം വൃദ്ധസദനങ്ങളിലെ അന്തേവാസികളുടെ എണ്ണത്തിൽ ഗണ്യമായ വർദ്ധനവ് ഉണ്ടായിട്ടില്ല എന്ന് കാണുന്നു.

(ബി) സർക്കാർ നേരിട്ട് നടത്തുന്ന വൃദ്ധസദനങ്ങൾ എവിടെയൊക്കെയാണെന്ന് വ്യക്തമാക്കാമോ; അവയിലൂടെ നൽകിവരുന്ന സേവനങ്ങൾ അറിയിക്കാമോ?

സർക്കാർ നേരിട്ട് നടത്തുന്ന 16 വൃദ്ധസദനങ്ങൾ സംസ്ഥാനത്ത് പ്രവർത്തിച്ചുവരുന്നുണ്ട്. എല്ലാ ജില്ലകളിലും ഓരോ സർക്കാർ വൃദ്ധസദനങ്ങൾ പ്രവർത്തിക്കുന്നുണ്ട്. എറണാകുളം, തിരുവനന്തപുരം ജില്ലകളിൽ രണ്ടുവീതം

സർക്കാർ വൃദ്ധസദനങ്ങളുണ്ട്. വൃദ്ധസദനങ്ങൾ എവിടെയൊക്കെയാണെന്നും അവയിലൂടെ നൽകിവരുന്ന സേവനങ്ങളും അനുബന്ധം-I ആയി ചേർക്കുന്നു.+

(സി) വൃദ്ധസദനങ്ങളുടെ നിലവാരം ദേശീയതലത്തിലേയ്ക്ക് ഉയർത്തുന്നതിന് സ്വീകരിച്ച നടപടികൾ അറിയിക്കാമോ?

വൃദ്ധസദനങ്ങളുടെ നിലവാരം ദേശീയതലത്തിൽ ഉയർത്തുന്നതിനായി ആരംഭിച്ച പദ്ധതിയാണ് സെക്കന്റ് ഇന്നിംഗ്സ് ഹോം പദ്ധതി. സർക്കാർ വൃദ്ധസദനങ്ങളിലെ സേവന നിലവാരം ഉയർത്തുക, വയോ സൗഹൃദ സൗകര്യങ്ങൾ ഒരുക്കുക എന്നിവയാണ് പദ്ധതിയുടെ പ്രധാന ലക്ഷ്യങ്ങൾ. കണ്ണൂർ, കൊല്ലം, മലപ്പുറം ഓൾഡ് ഏജ് ഹോമുകളിൽ പദ്ധതി ആരംഭിച്ചിട്ടുണ്ട്.

(ഡി) സ്വകാര്യ ഏജൻസികൾ വൃദ്ധസദനം നടത്തുന്നതിനുള്ള നിബന്ധനകളും വ്യവസ്ഥകളും രജിസ്ട്രേഷൻ നടപടികളും വിശദമാക്കാമോ?

സ്വകാര്യ ഏജൻസികൾ നടത്തുന്ന വൃദ്ധസദനങ്ങളുടെ രജിസ്ട്രേഷൻ നടത്തുന്നത് ഓർഫനേജ് കൺട്രോൾ ബോർഡ് മുഖേനയാണ്. Kerala State (Orphanages and other Charitable Homes) Board of Control Rules, 1961 അനുസരിച്ചാണ് സ്ഥാപനങ്ങൾക്ക് registration അനുവദിച്ചുവരുന്നത്

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ഇ) സംസ്ഥാനത്തെ വയോജന ജനസംഖ്യയുടെ വിവരം ശേഖരിച്ച് ഡാറ്റാബേസ് തയ്യാറാക്കുന്നതിന് നടപടി സ്വീകരിക്കുമോ; പ്രസ്തുത ഡാറ്റാബേസിന്റെ അടിസ്ഥാനത്തിൽ വയോജന ക്ഷേമത്തിനായി പുതിയ പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പാക്കാമോ?

സംസ്ഥാനത്തെ വയോജനസംഖ്യ വിവരം ശേഖരിച്ച് ഡാറ്റാബേസ് തയ്യാറാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടില്ല. നിലവിൽ 2011-ലെ സെൻസസ് ഡാറ്റാ അടിസ്ഥാനമാക്കിയും വിവിധ പഠനറിപ്പോർട്ടുകളിൽ ഉൾപ്പെട്ടുവരുന്ന ഡാറ്റാ അടിസ്ഥാനമാക്കിയുമാണ് വയോജനങ്ങൾക്കായുള്ള ക്ഷേമപദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നത്. നിലവിൽ വയോജന ക്ഷേമത്തിനായി സാമൂഹ്യനീതി വകുപ്പ് നടപ്പിലാക്കിവരുന്ന പദ്ധതികൾ അനുബന്ധം-II ആയി ചേർക്കുന്നു.+ വിശദമായ വയോജന സർവ്വേ നടപ്പാക്കാൻ ഉദ്ദേശിക്കുന്നു.

<u>വന്ദേഭാരത് ട്രെയിൻ സർവ്വീസ്</u>

15 (*435) <u>ശ്രീ. പി. വി. അൻവർ:</u>
<u>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ:</u>
<u>ശ്രീ. സി. എച്ച്. കുഞ്ഞമ്പു:</u>

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ശ്രീ. എം. നൗഷാദ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി (ശ്രീ. വി. അബ്ദുറഹിമാൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അതിവേഗ ട്രെയിൻ യാത്രാസൗകര്യം ഏർപ്പെടുത്താനുള്ള സംസ്ഥാന സർക്കാരിന്റെ പദ്ധതിയെക്കുറിച്ച് ജനങ്ങളിൽ പ്രതികൂല പ്രതികരണം സൃഷ്ടിക്കുകയെന്ന ലക്ഷ്യത്തോടെ ചില കേന്ദ്രങ്ങൾ സംസ്ഥാനത്ത് ട്രെയിൻ യാത്രയുടെ വേഗത നൂറ്റിയറുപത് കിലോമീറ്ററായി വർദ്ധിപ്പിക്കാൻ റെയിൽവേ തീരുമാനിച്ചതായുള്ള വാർത്ത പ്രചരിപ്പിച്ചതിന്റെ നിജസ്ഥിതി പരിശോധിച്ചിരുന്നോ?

സംസ്ഥാനത്തെ ട്രെയിൻ യാത്രയിലെ വേഗത 160 കിലോമീറ്റർ ആയി വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച് ഔദ്യോഗിക അറിയിപ്പുകളൊന്നുംതന്നെ കേന്ദ്ര റെയിൽവേ മന്ത്രാലയത്തിൽനിന്നും ലഭ്യമായിട്ടില്ല.

(ബി) സംസ്ഥാനത്തോടിക്കുന്ന ട്രെയിനുകളുടെ വേഗത വർദ്ധിപ്പിക്കുന്നതായോ മൂന്നാം പാത നിർമ്മാണം ഉടൻ ആരംഭിക്കുന്നതായോ റെയിൽവേ സംസ്ഥാന സർക്കാരിനെ അറിയിച്ചിട്ടുണ്ടോ?

സംസ്ഥാനത്തെ റെയിൽപാതയിലെ വേഗത കൂട്ടുന്നതിനുള്ള നടപടികൾ ദക്ഷിണ റെയിൽവേ സ്വീകരിച്ചുവരുന്നുണ്ട്. കൂടാതെ എറണാകുളം-ഷൊർണ്ണൂർ മൂന്നാം പാതയുടെ സർവ്വേ നടപടികൾ അവസാന ഘട്ടത്തിലാണ്.

(സി) സംസ്ഥാനത്ത് വന്ദേഭാരത് ട്രെയിൻ അനുവദിക്കുന്നതായി എന്തെങ്കിലും അറിയിപ്പ് ലഭിച്ചിട്ടുണ്ടോ?

സംസ്ഥാനത്ത് വന്ദേഭാരത് ട്രെയിൻ അനുവദിക്കുന്നത് സംബന്ധിച്ച് ഔദ്യോഗിക തലത്തിൽ അറിയിപ്പുകളൊന്നും ലഭ്യമായിട്ടില്ല. കേരളത്തിലെ ട്രാക്കുകൾക്ക് മണിക്കൂറിൽ 80 കിലോമീറ്റർ മുതൽ 110 കിലോമീറ്റർ വരെ വേഗതയേ കൈവരിക്കാൻ സാധിക്കുകയുള്ളൂ. വന്ദേ ഭാരത് ട്രെയിനുകൾ കേരളത്തിൽ ഓടുകയാണെങ്കിൽ, ജനശതാബ്ദി, രാജധാനി തുടങ്ങിയ ട്രെയിനുകൾ കേരളത്തിലോടുന്ന അതേ റണ്ണിംഗ് ടൈം മാത്രമേ നേടാനാകുകയുള്ളൂ.

(ഡി) സംസ്ഥാനത്തെ റെയിൽപാതയുടെ വളവ് നിവർത്താൻ എന്തെങ്കിലും പദ്ധതി റെയിൽവേ ആരംഭിക്കുകയോ ആവിഷ്കരിക്കുകയോ ചെയ്തിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

അത്തരം പദ്ധതികൾ ആവിഷ്കരിച്ചതായി കേന്ദ്ര റെയിൽ മന്ത്രാലയത്തിൽനിന്നും അറിയിപ്പുകളൊന്നും സംസ്ഥാന സർക്കാരിൽ ലഭ്യമായിട്ടില്ല. തിരുവനന്തപുരം മുതൽ കാസർഗോഡ് വരെ 626 വളവുകളുണ്ട്. മണിക്കൂറിൽ 110 കിലോമീറ്ററിലേറെ വേഗതയിൽ പാത അനുയോജ്യമാക്കണമെങ്കിൽ ഈ വളവുകളെല്ലാം നേരെയാക്കേണ്ടതുണ്ട്. 576 കിലോമീറ്റർ പാതയിൽ 36% പാതയും വളവുകളുള്ളതാണ്. ജനസാന്ദ്രതയുള്ള പ്രദേശങ്ങളിലൂടെയാണ് പാത കടന്നുപോകുന്നത്. അതുകൊണ്ടുതന്നെ വളവുകൾ നേരെയാക്കുന്നത് ജനങ്ങളെയും ജനവാസ കേന്ദ്രങ്ങളെയും ബാധിക്കും. വളവുകളിലുള്ള അനവധി സ്റ്റേഷനുകളും ഉപേക്ഷിക്കേണ്ടിവരും.

## വീട്ടുവളപ്പിലെ പച്ചക്കറി കൃഷി

16 (*436)ശ്രീ. ഐ. ബി. സതീഷ്:
ശ്രീ. മുരളി പെരുനെല്ലി:
ശ്രീ. എൻ. കെ. അക്ബർ:
ശ്രീ. എ. പ്രഭാകരൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി (ശ്രീ. പി. പ്രസാദ്) സദയം മറുപടി നൽകുമോ:

(എ) വെള്ളായണി കാർഷിക കോളേജിലെ ലബോറട്ടറിയിൽ നടത്തിയ സാമ്പിൾ പരിശോധനയിൽ 26 ശതമാനത്തിലധികം പച്ചക്കറി സാമ്പിളുകളിലും ഇക്കോഷോപ്പുകൾ എന്നറിയപ്പെടുന്നവയിൽനിന്ന് എടുത്തതിലുമുൾപ്പെടെ കീടനാശിനിയുടെ അംശം കണ്ടെത്തിയെന്ന് പറയപ്പെടുന്നത് വീട്ടുവളപ്പിലെ പച്ചക്കറി കൃഷിയുടെ പ്രാധാന്യം വെളിപ്പെടുത്തുന്നതാകയാൽ ഇതിനായി സർക്കാർ നടത്തുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണ്?

വെള്ളായണി കാർഷിക കോളേജിലെ ലബോറട്ടറിയിൽ നടത്തിയ സാമ്പിൾ പരിശോധനയിൽ ഇക്കോഷോപ്പുകളിൽ നിന്നും എടുത്ത പച്ചക്കറി സാമ്പിളുകളിലും കീടനാശിനിയുടെ അംശം കണ്ടെത്തിയിട്ടുണ്ട്.

ഈ കണ്ടെത്തൽ വീട്ടുവളപ്പിലെ പച്ചക്കറി കൃഷിയുടെ പ്രാധാന്യം വെളിപ്പെടുത്തുന്നതാകയാൽ സർക്കാർ ഇക്കാര്യം ഗൗരവമായി പരിഗണിക്കുകയും ഓരോ കേരളീയ ഭവനവും വിഷരഹിത ഭക്ഷണ ഉല്പാദനത്തിൽ പങ്കാളിയാകുകയെന്ന ലക്ഷ്യത്തോടെ കൃഷി വകുപ്പ് ബഹു. മുഖ്യമന്ത്രിയുടെ രണ്ടാം നൂറുദിന പരിപാടിയിൽ ഉൾപ്പെടുത്തി ഞങ്ങളും കൃഷിയിലേയ്ക്ക് എന്ന പദ്ധതി നടപ്പാക്കിവരികയും ചെയ്യുന്നു.

കേരളത്തിന് ആവശ്യമായിട്ടുള്ള പച്ചക്കറികളും പഴവർഗ്ഗങ്ങളും നമുക്ക് സ്വന്തമായി ഉല്പാദിപ്പിക്കുവാൻ സാധ്യമാകണം. ഭക്ഷ്യധാന്യ ഉല്പന്നങ്ങളുടെ ഉല്പാദനത്തിൽ ലക്ഷ്യം കൈവരിക്കുവാൻ ആവശ്യമായ സ്ഥലവിസ്തൃതി ലഭ്യമല്ലാത്തതിനാൽ ഇക്കാര്യത്തിൽ സാധ്യമായ വർദ്ധനവിനും സർക്കാർ ലക്ഷ്യമിടുന്നു. തരിശുഭൂമികൾ മുഴുവനായി കൃഷിക്കായി സജ്ജീകരിക്കുന്നതിനായി പദ്ധതി ആസൂത്രണം ചെയ്തുകഴിഞ്ഞു. " ഞങ്ങളും കൃഷിയിലേയ്ക്ക്" എന്ന പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നതിലൂടെ വീട്ടുവളപ്പിലെ കൃഷി വ്യാപിപ്പിക്കുവാൻ സാധ്യമാകും. കൂടാതെ " ഞങ്ങളും കൃഷിയിലേയ്ക്ക്" എന്ന പദ്ധതിയിൽക്കൂടി ഒരു വാർഡിൽ കുറഞ്ഞത് ഒരു കൃഷിക്കൂട്ടം/കർഷക ഗ്രൂപ്പുകൾ, 10000 ഹെക്ടറിൽ ജൈവകൃഷി വിസ്തൃതി വർദ്ധന, കൃഷി മൂല്യവർദ്ധന സംരംഭങ്ങൾ, 140 ഹരിത പോഷക കാർബൺ തുലിത ഗ്രാമങ്ങൾ എന്നീ പദ്ധതികളിലും എത്തിച്ചേരുന്നതോടെ സുരക്ഷിത ഭക്ഷണം എന്ന ലക്ഷ്യം കൈവരിക്കുവാൻ സാധ്യമാകും.

സംസ്ഥാനത്ത് പച്ചക്കറി ഉല്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിനും നല്ല ഭക്ഷണം ഉറപ്പുവരുത്തുന്നതിനും ലക്ഷ്യമിട്ട് കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് " സമഗ്ര പച്ചക്കറി വികസന

പദ്ധതി" ഇപ്പോൾത്തന്നെ നടപ്പിലാക്കിവരുന്നുണ്ട്. ഇതര സംസ്ഥാനങ്ങളിൽ നിന്നും വരുന്ന വിഷലിപ്തമായ പച്ചക്കറികൾ ഒഴിവാക്കി ജൈവ പച്ചക്കറികൾ ഓരോ വീട്ടുമുറ്റത്തും ഉല്പാദിപ്പിക്കുവാൻ വേണ്ട ബോധവൽക്കരണവും ഉല്പാദനോപാധികളുടെ ലഭ്യതയും ഉറപ്പാക്കിയിട്ടുണ്ട്. പദ്ധതിയിലൂടെ കർഷകർക്ക് കൃഷിക്കാവശ്യമായ വിത്തു മുതൽ വിപണി വരെയുള്ള എല്ലാവിധ പിന്തുണയും നൽകിവരുന്നു.

വീട്ടുവളപ്പിലെ കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി സ്കൂൾ വിദ്യാർത്ഥികൾ മുഖേനയും കർഷകർ മുഖേനയും വിവിധ ഇനങ്ങൾ അടങ്ങിയ പച്ചക്കറി വിത്തുകളും തൈകളും കർഷകർക്ക് സൗജന്യമായി വിതരണം നടത്തിവരുന്നു. ഓണക്കാലത്ത് വിഷരഹിത പച്ചക്കറി ഉല്പാദിപ്പിക്കുന്നതിനായി " ഓണത്തിന് ഒരു മുറം പച്ചക്കറി പദ്ധതി" നടപ്പിലാക്കിവരുന്നു. ഓണത്തിന് ഓരോ ഭവനങ്ങളിലും ആവശ്യംവേണ്ട പച്ചക്കറി വീട്ടുവളപ്പിൽനിന്നുതന്നെ ലഭ്യമാക്കാൻ ഉദ്ദേശിച്ചാണ് ഓണക്കാലത്ത് ഈ പദ്ധതി നടപ്പിലാക്കുന്നത്.

വീട്ടുവളപ്പിലെ പച്ചക്കറി കൃഷിയുടെ പ്രോത്സാഹനത്തിനായി ദീർഘകാല പച്ചക്കറി വിളകളായ മുരിങ്ങ, അഗത്തി, കറിവേപ്പില

തുടങ്ങിയവയുടെ തൈകൾ സൗജന്യമായി കർഷകർക്ക് നൽകുന്നുണ്ട്. ദീർഘകാല പച്ചക്കറി ഇനങ്ങൾ വീട്ടുവളപ്പുകളിൽ പ്രോത്സാഹിപ്പിക്കുന്നതിലൂടെ വർഷം മുഴുവൻ വിഷരഹിത പച്ചക്കറികൾ വീട്ടുവളപ്പിൽത്തന്നെ ലഭ്യമാക്കുവാൻ സാധ്യമാകും.

വിദ്യാർത്ഥികളിലൂടെ വീട്ടുവളപ്പുകളിൽ പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി സമഗ്ര പച്ചക്കറി വികസന പദ്ധതിയിൽ പ്രോജക്ട് അടിസ്ഥാനത്തിൽ സ്ഥാപന അടിസ്ഥാനത്തിലുള്ള പച്ചക്കറി കൃഷി എന്ന ഘടകത്തിൽ ഉൾപ്പെടുത്തി സ്കൂൾ വളപ്പിൽ പച്ചക്കറി കൃഷി ചെയ്യുന്നതിന് ധനസഹായം നൽകിവരുന്നു.

സ്ഥലപരിമിതിമൂലം കൃഷി ചെയ്യാൻ സാധിക്കാത്ത വീട്ടുവളപ്പുകളിൽ/ മട്ടുപ്പാവുകളിൽ പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി ചെടിച്ചട്ടികളിലുള്ള കൃഷി, ലംബകൃഷി (വെർട്ടിക്കൽ ഫാമിംഗ്), ഹൈഡ്രോപോണിക്സ് കൃഷി തുടങ്ങിയ കൃഷി രീതികൾ പ്രോത്സാഹിപ്പിച്ചുവരുന്നു. ചെടിച്ചട്ടികളിലുള്ള കൃഷി, ലംബകൃഷി (വെർട്ടിക്കൽ ഫാമിംഗ്), ഹൈഡ്രോപോണിക്സ് കൃഷി എന്നീ നൂതന കൃഷിരീതികൾ പ്രോത്സാഹിപ്പിക്കുന്നതിലൂടെ യുവാക്കളെയും വീട്ടമ്മമാരെയും

കൃഷിയിലേയ്ക്ക് ആകർഷിക്കുവാൻ സാധിക്കുന്നു. ഇതിലൂടെയും വിഷരഹിത പച്ചക്കറികൾ വീട്ടുവളപ്പിൽ ലഭ്യമാകുന്നു. വേനൽക്കാലത്തും മഴക്കാലത്തും വിളകളെ സംരക്ഷിച്ച് വീട്ടുവളപ്പിൽ പച്ചക്കറി കൃഷിചെയ്യുന്നതിനായി മഴമറയിലെ കൃഷി എന്ന പദ്ധതി ഘടകം നടപ്പിലാക്കിവരുന്നു. വർഷത്തിലുടനീളം പച്ചക്കറി കൃഷി സാധ്യമാക്കുന്നതിനും കീടരോഗങ്ങളെ ഒരു പരിധി വരെ കുറയ്ക്കുന്നതിനും ഉല്പാദനം വർദ്ധിപ്പിക്കുന്നതിനും ഇതിലൂടെ സാധ്യമാകും.

(ബി) നഗര ക്ലസ്റ്ററുകൾ മുഖേന നഗരങ്ങളിലെ പച്ചക്കറി കൃഷി ഫലപ്രദമാക്കുന്നതിന് വിത്തുല്പാദനത്തിനും വിതരണത്തിനും കൃഷിപരിശീലനത്തിനും വേണ്ട ഏർപ്പാടുകൾ ചെയ്തുവരുന്നുണ്ടോ?

ഉണ്ട്.

(സി) ഓണക്കാലത്ത് ഇതര സംസ്ഥാനങ്ങളിൽനിന്നുള്ള പച്ചക്കറികളെ അമിതമായി ആശ്രയിക്കേണ്ടിവരുന്ന സാഹചര്യം ഒഴിവാക്കാൻ ആരംഭിച്ച പദ്ധതിപ്രകാരം കഴിഞ്ഞ വർഷം എത്ര ഉല്പാദനം അധികമായി നേടാൻ കഴിഞ്ഞു; ആവശ്യകതയും ഉല്പാദനവും തമ്മിലുള്ള അന്തരം എത്രയാണ് എന്ന് അറിയിക്കാമോ?

" ഓണത്തിന് ഒരു മുറം പച്ചക്കറി" പദ്ധതി നടപ്പിലാക്കിയതിലൂടെ ഓണക്കാലത്ത് വീട്ടുവളപ്പിലെ 24000.85 ഹെക്ടറിൽ പച്ചക്കറി കൃഷി വ്യാപിപ്പിക്കുവാനും 3.73 ലക്ഷം ടൺ സുരക്ഷിത പച്ചക്കറി ഉല്പാദിപ്പിക്കുവാനും സാധിച്ചു. സംസ്ഥാനത്ത് നാഷണൽ സാമ്പിൾ സർവ്വെ കണക്കുകൾ പ്രകാരം പ്രതിവർഷം 20 ലക്ഷം ടൺ പച്ചക്കറികളാണ് ആവശ്യമായി വരുന്നത്. ഇതിൽ 16.01 ലക്ഷം ടൺ ആണ് ആകെ 2021-22 വർഷത്തിൽ സംസ്ഥാനത്ത് ഉല്പാദിപ്പിച്ചിട്ടുള്ളത്. സംസ്ഥാനത്തിന്റെ ആവശ്യകതയുടെ 80.05% ആണ് ഉല്പാദിപ്പിക്കുന്നത്. ഇതിന്റെ 20 മുതൽ 25 ശതമാനം വരെ ഓണക്കാലത്ത് ഉപയോഗിക്കുന്നതായി കണക്കാക്കപ്പെടുന്നു. ഓണക്കാലത്ത് സംസ്ഥാനത്ത് ശരാശരി 5 ലക്ഷം ടൺ പച്ചക്കറിയാണ് ആവശ്യമായി വരുന്നത്. സംസ്ഥാനത്തിന്റെ ആഭ്യന്തര ഉല്പാദനം കഴിഞ്ഞ് 1.27 ലക്ഷം മെട്രിക് ടൺ പച്ചക്കറികൾക്ക് വേണ്ടിയാണ് ഇതര സംസ്ഥാനങ്ങളെ അശ്രയിക്കേണ്ടിവന്നത്.

## ഭിന്നശേഷിക്കാരായ കുട്ടികൾക്കായി പുനരധിവാസ ഗ്രാമം

17 (*437)ശ്രീ. വാഴൂർ സോമൻ:

ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ:

ശ്രീ. പി. എസ്. സുപാൽ:

<u>ശ്രീ. വി. ആർ. സുനിൽ കുമാർ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി <u>(ഡോ. ആർ. ബിന്ദു)</u> സദയം മറുപടി നൽകുമോ:

(എ) സെറിബ്രൽ പാൾസി, ഓട്ടിസം എന്നിവ ബാധിച്ച കുട്ടികൾക്കും മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്കും അവരുടെ രക്ഷിതാക്കൾക്കുമായി പുനരധിവാസ ഗ്രാമം ഒരുക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

സംസ്ഥാനത്തിന്റെ മൂന്ന് മേഖലകളിലായി സാമൂഹ്യനീതി വകുപ്പിന്റെ കീഴിൽ ഭിന്നശേഷിക്കാരുടെ സമഗ്രമായ പുരനധിവാസത്തിനുവേണ്ടി അന്താരാഷ്ട്ര നിലവാരമുള്ള മൂന്ന് പുനരധിവാസ വില്ലേജുകൾ സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നതായി ബഹു. കേരള ഗവർണർ നടത്തിയ നയപ്രഖ്യാപന പ്രസംഗത്തിൽ പരാമർശിച്ചിരുന്നു. ഭിന്നശേഷിക്കാരുടെ സമഗ്രമായ പുനരധിവാസം ലക്ഷ്യംവച്ച് സാമൂഹ്യനീതി വകുപ്പിനുകീഴിൽ ഇത്തരം പുനരധിവാസ ഗ്രാമങ്ങൾ സ്ഥാപിക്കുന്നതിനുള്ള സാധ്യത പരിശോധിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്.

(ബി) പുനരധിവാസ ഗ്രാമങ്ങളിൽ ഇവർക്കായി ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്ന സൗകര്യങ്ങൾ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) മേൽപ്പറഞ്ഞ രോഗബാധിതരായ കുട്ടികളുടെ വിദ്യാഭ്യാസത്തിനും അവരുടെ മാതാപിതാക്കൾക്ക് വരുമാനം കണ്ടെത്തുന്നതിനുമുള്ള സൗകര്യങ്ങൾ പുനരധിവാസ ഗ്രാമങ്ങളിൽ ഏർപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

**(ബി&സി)** പുനരധിവാസ ഗ്രാമങ്ങളിൽ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനുള്ള പ്രോജക്ട് അന്തിമമായി തയ്യാറാകുമ്പോൾ മാത്രമേ പൂർണ്ണരൂപത്തിൽ പറയുവാൻ സാധിക്കുകയുള്ളൂ. എങ്കിലും ബൗദ്ധികവും മാനസികവുമായ വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്കുവേണ്ട എല്ലാത്തരം തെറാപ്പി സൗകര്യങ്ങളും (ഫിസിയോതെറാപ്പി, സൈക്കോതെറാപ്പി, ഒക്യൂപ്പേഷണൽ തെറാപ്പി) പഠന/പരിശീലന/പുനരധിവാസ സംവിധാനങ്ങളും ഉണ്ടായിരിക്കും. സെൻസറി പാർക്കുകളും virtual/augmented റിയാലിറ്റി ഉപയോഗിച്ചുകൊണ്ടുള്ള ബോധനരീതികളുമെല്ലാം ഉണ്ടാവണം. ഈ വിഭാഗത്തിൽപ്പെടുന്ന കുട്ടികൾക്കും അമ്മമാർക്കും തൊഴിൽ പരിശീലനത്തിനും തൊഴിൽ

നിയോജനത്തിനും അവസരമുണ്ടാക്കാൻ ചെറുകിട ഉല്പാദന യൂണിറ്റുകളും ഉചിതമായിരിക്കും.

(ഡി) ജനങ്ങൾക്കിടയിൽ ഓട്ടിസത്തെ സംബന്ധിച്ച് ശാസ്ത്രീയ അവബോധം സൃഷ്ടിക്കുവാനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ?

ഓട്ടിസം അവബോധ ദിനാചരണത്തിന്റെ ഭാഗമായും അല്ലാതെയും വിവിധ ബോധവൽക്കരണ ക്ലാസ്സുകൾ/സെമിനാറുകൾ എന്നിവ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിസിക്കൽ മെഡിസിൻ ആന്റ് റീഹാബിലിറ്റേഷന്റെ (NIPMR) ആഭിമുഖ്യത്തിൽ സംഘടിപ്പിച്ചുവരുന്നു.

ഓട്ടിസം, സെറിബ്രൽ പാൾസി, ബുദ്ധിപരമായ വെല്ലുവിളികൾ എന്നിവയെ സംബന്ധിച്ച് ശാസ്ത്രീയ അവബോധം സൃഷ്ടിക്കുന്നതിനും വീടുകളിൽത്തന്നെ ശാസ്ത്രീയ പരിചരണങ്ങളും തെറാപ്പികളും ലഭ്യമാക്കുന്നതിന് ഉതകുംവിധം മാതാപിതാക്കൾക്ക് പരിശീലനം നൽകുന്ന പേരന്റൽ എംപവർമെന്റ് പ്രോഗ്രാം കേരള സാമൂഹ്യ സുരക്ഷാ മിഷൻ (KSSM) മുഖേന 2019-20-ൽ മലപ്പുറം ജില്ലയിൽ നടപ്പിലാക്കുകയുണ്ടായി.

മാതാപിതാക്കൾക്ക് സഹായകമാകുന്ന 'സഹയോഗി' എന്ന കൈപ്പുസ്തകവും വിതരണം ചെയ്തിട്ടുണ്ട്.

ജനങ്ങൾക്കിടയിൽ ഓട്ടിസത്തെ സംബന്ധിച്ച് ശാസ്ത്രീയ അവബോധം സൃഷ്ടിക്കുവാനായി നിഷ് (NISH) താഴെ പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

- 2016 ഏപ്രിൽ 11-ന് ടാലന്റ് എക്സിബിഷൻ "ഇൻസ്പിരേഷൻ 2016" പ്രദർശനം നടത്തി.
- 2018 മാർച്ചിൽ "ശരിയായ ചോദ്യം ചോദിക്കൽ:- സ്കൂൾ പ്രോഗ്രാമിൽ രക്ഷിതാക്കളെ നയിക്കുക" എന്ന വിഷയത്തിൽ പാനൽ ചർച്ച നടത്തുകയുണ്ടായി.
- 2020 ഏപ്രിൽ 4-ന് ഓട്ടിസം സ്പെക്ട്രം ഡിസോഡേഴ്സിനെക്കുറിച്ചുള്ള സെൻസിറ്റൈസേഷൻ വീഡിയോ "വ്യത്യാസം സ്വീകരിക്കുന്നു- ഓട്ടിസം അവബോധം" പ്രസിദ്ധീകരിച്ചു.
- ഓട്ടിസം സ്പെക്ട്രം ഡിസോർഡേഴ്സ് സംബന്ധിച്ച റേഡിയോ പ്രോഗ്രാമുകൾ നടത്തുകയുണ്ടായി.

- 2022 ഏപ്രിൽ 2-ന് കൗമുദി ചാനൽ അഭിമുഖം നടത്തി.

- ഓട്ടിസം സ്പെക്ട്രം തകരാറുകളെക്കുറിച്ചുള്ള ലേഖനങ്ങൾ പ്രസിദ്ധീകരിച്ചു.

- ഓട്ടിസം സ്പെക്ട്രം ഡിസോർഡേഴ്സിനുള്ള ഒരു രക്ഷാകർതൃ വർക്ക്ബുക്ക് " Moments" 2019-ൽ പ്രസിദ്ധീകരിച്ചു.

- സംവേദന പ്രശ്നങ്ങൾ, സാമൂഹിക കഥകൾ, സ്കൂൾ അദ്ധ്യാപകർക്കുള്ള ക്ലാസ്സ് റൂം മാനേജ്മെന്റ് എന്നിവയെക്കുറിച്ചുള്ള 5 പരിവർത്തൻ സംഭാഷണ പരമ്പര നടത്തുകയുണ്ടായി.

- കുട്ടികൾക്കുള്ള സെൻസറി പാർക്ക് SAFAL SENSORIUM 2022-ൽ ആരംഭിച്ചു.

- ഓട്ടിസം സ്പെക്ട്രം തകരാറുകളുള്ള കുട്ടികളുടെ രക്ഷകർത്താക്കൾക്കുള്ള ആശയ വിനിമയം മെച്ചപ്പെടുത്തൽ പരിശീലനം "പവർ ഓഫ് പേരന്റ് പ്രോഗ്രാം" 2022 ഓഗസ്റ്റിൽ ആരംഭിക്കുന്നു.

## കേരള ചിക്കൻ പദ്ധതി

18 (*438)ശ്രീമതി സി. കെ. ആശ:

ശ്രീ. ഇ. കെ. വിജയൻ:

<u>ശ്രീ. ജി. എസ്. ജയലാൽ</u>:

<u>ശ്രീ. സി. സി. മുകുന്ദൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി <u>(ശ്രീമതി ജെ. ചിഞ്ചുറാണി)</u> സദയം മറുപടി നൽകുമോ:

(എ) കേരള ചിക്കൻ പദ്ധതിയുടെ പ്രവർത്തന പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; ഈ പദ്ധതി വിപണിയിലെ കോഴിയിറച്ചിയുടെ വില നിയന്ത്രിച്ചുനിർത്തുവാൻ സഹായിച്ചിട്ടുണ്ടോയെന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

കേരള ചിക്കൻ പദ്ധതി വഴി കുടുംബശ്രീക്ക് പൊതു വിപണിയിലെ ഇറച്ചിക്കോഴി വില നിയന്ത്രിച്ചുനിർത്തുവാൻ സാധിച്ചിട്ടുണ്ട്. കുടുംബശ്രീ കേരള ചിക്കൻ പദ്ധതി നടപ്പിലാക്കുന്നതിനുവേണ്ടി കുടുംബശ്രീ ബ്രോയിലർ ഫാർമേഴ്സ് പ്രൊഡ്യൂസർ കമ്പനി ലിമിറ്റഡ് എന്ന പേരിൽ പ്രൊഡ്യൂസർ കമ്പനി രൂപീകരിച്ചിട്ടുണ്ട്. കേരള ചിക്കൻ പദ്ധതിയുടെ ഭാഗമായി ഇറച്ചിക്കോഴിയുടെ ഉല്പാദനം മുതൽ വിപണനം വരെയുള്ള എല്ലാ പ്രവർത്തനങ്ങളും ടി കമ്പനിയുടെ മേൽനോട്ടത്തിലാണ് നടപ്പിലാക്കുന്നത്. കുടുംബശ്രീയുടെ നേതൃത്വത്തിൽ തിരുവനന്തപുരം, കൊല്ലം, കോട്ടയം,

എറണാകുളം, തൃശ്ശൂർ, കോഴിക്കോട് എന്നീ 6 ജില്ലകളിലായി നിലവിൽ 94 കേരള ചിക്കൻ ഔട്ട്ലെറ്റുകളാണ് പ്രവർത്തിക്കുന്നത്. ടി ഔട്ട്ലെറ്റുകൾ പ്രവർത്തിക്കുന്ന സ്ഥലത്ത് പ്രാദേശിക തലത്തിൽ വില നിയന്ത്രിക്കുവാൻ കുടുംബശ്രീക്ക് സാധിച്ചിട്ടുണ്ട്. പൊതുവിപണിയെക്കാൾ വില കുറച്ച് കുടുംബശ്രീ കേരള ചിക്കൻ ഔട്ട്ലെറ്റുകൾ വഴി ഇറച്ചിക്കോഴി വിപണനം നടത്തുന്നതിനാൽ പ്രാദേശികതലത്തിൽ മറ്റ് പ്രൈവറ്റ് ഔട്ട്ലെറ്റുകളും ഇറച്ചിക്കോഴി വില കുറയ്ക്കേണ്ടിവരുന്ന സാഹചര്യമുണ്ടാക്കുവാൻ കുടുംബശ്രീക്ക് സാധിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത പദ്ധതിയിൽ കെപ്കോ, മീറ്റ് പ്രോഡക്ട്സ് ഓഫ് ഇന്ത്യ എന്നിവയുടെ പങ്കാളിത്തം സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ?

കേരള ചിക്കൻ പദ്ധതിയുടെ ഭാഗമായി കെപ്കോ-ബ്രീഡർ ഫാം, ഡ്രൈ റെൻഡറിംഗ് പ്ലാന്റ്, ചിക്കൻ പ്രോസസ്സിംഗ് പ്ലാന്റ് എന്നിവയും മീറ്റ് പ്രോഡക്ട്സ് ഓഫ് ഇന്ത്യ- ഡ്രൈ റെൻഡറിംഗ് പ്ലാന്റ്, ചിക്കൻ പ്രോസസ്സിംഗ് പ്ലാന്റ് എന്നിവയും ആരംഭിക്കുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

കെപ്കോയുടെ ആഭിമുഖ്യത്തിൽ ഇറച്ചിക്കോഴിക്കുഞ്ഞുങ്ങളെ ഉല്പാദിപ്പിച്ച് വിതരണം ചെയ്യുന്നു.

(സി) കേരള ചിക്കൻ പദ്ധതിയിലൂടെ ഉല്പാദിപ്പിക്കുന്ന കോഴിയിറച്ചിയുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ?

തീറ്റ, വാക്സിനേഷൻ, ബയോസെക്യൂരിറ്റി നടപടികൾ തുടങ്ങിയ മാനേജ്മെന്റ് രീതികൾ ശാസ്ത്രീയമായി നടപ്പിലാക്കുകയും SLMAP (സ്റ്റേറ്റ് ലബോറട്ടറി ഫോർ ലൈവ്സ്റ്റോക്ക്, മറൈൻ ആന്റ് അഗ്രി പ്രോഡക്ട്സ്)-എറണാകുളം വഴി കൂടുതൽ ഗുണനിലവാര പരിശോധനകൾ നടത്തുകയും ചെയ്യുക വഴി ഗുണനിലവാരം ഉറപ്പുവരുത്തുവാൻ സാധിക്കുന്നുണ്ട്.

എം.പി.ഐ-യുടെ കീഴിൽ അത്യാധുനിക രീതിയിലുള്ള പ്ലാന്റ് സ്ഥാപിച്ച് ശാസ്ത്രീയമായ രീതിയിൽ വിദഗ്ധ വെറ്ററിനറി ഡോക്ടർമാരുടെയും ഫുഡ് ടെക്നോളജിസ്റ്റുകളുടെയും മൈക്രോബയോളജിസ്റ്റുകളുടെയും മേൽനോട്ടത്തിൽ നടത്തുന്ന കോഴിയിറച്ചി സംസ്കരണം ഭക്ഷ്യസുരക്ഷാനിയമങ്ങൾ പാലിച്ചാണ് നടത്തുന്നത്. ഇതുവഴി, കോഴിയിറച്ചിയുടെ ഗുണനിലവാരം ഉറപ്പുവരുത്താൻ സാധിക്കുന്നു.

(ഡി) കോഴി വളർത്തൽ മേഖലയിൽ ഇതര സംസ്ഥാന ഹാച്ചറി ഉടമകളുടെ മേൽക്കോയ്മ കുറയ്ക്കുന്നതിനുവേണ്ടി സംസ്ഥാനത്ത് കൂടുതൽ ഹാച്ചറികൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

കോഴി വളർത്തൽ മേഖലയിൽ ഇതര സംസ്ഥാന ഹാച്ചറികളുടെ മേൽക്കോയ്മ കുറയ്ക്കുന്നതിന്റെ ഭാഗമായി കെപ്കോയും മീറ്റ് പ്രോഡക്ട്സ് ഓഫ് ഇന്ത്യയും സംസ്ഥാനത്ത് ബ്രീഡർ ഫാമുകൾ ആരംഭിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ വകുപ്പിന്റെ ഹാച്ചറികളിലും കോഴിക്കുഞ്ഞുങ്ങളുടെ ഉല്പാദനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## കായിക മേഖലയുടെ പുരോഗതിക്ക് സ്വകാര്യ മേഖലയുടെ സഹകരണം

19 (*439) ശ്രീ. എ. കെ. എം. അഷ്റഫ്:
ശ്രീ. പി. കെ. ബഷീർ:
ശ്രീ. എൻ. ഷംസുദ്ദീൻ:
ശ്രീ. കുറുക്കോളി മൊയ്തീൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി (ശ്രീ. വി. അബ്ദുറഹിമാൻ) സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽവന്ന ശേഷം കായിക മേഖലയുടെ പുരോഗതിക്കായി എന്തെല്ലാം പുതിയ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുണ്ടെന്ന് വിശദമാക്കുമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കായിക മേഖലയുടെ പുരോഗതിക്കായി വിവിധ തലങ്ങളിലായാണ് അടിസ്ഥാനസൗകര്യ വികസനം നടപ്പിലാക്കിവരുന്നത്. ഗ്രാമീണ കളിസ്ഥലങ്ങളുടെ വികസനമാണ് കായിക വകുപ്പ് നടപ്പാക്കുന്ന സുപ്രധാന പദ്ധതികളിലൊന്ന്. ഇതിന്റെ ഭാഗമായി ഈ സർക്കാരിന്റെ കാലത്ത് ഒരു പഞ്ചായത്തിൽ ഒരു കളിസ്ഥലമെങ്കിലും വികസിപ്പിക്കുക എന്നതിനാണ് സർക്കാർ ലക്ഷ്യമിടുന്നത്.

ഓരോ കളിസ്ഥലത്തിലും സ്ഥലലഭ്യതയ്ക്കും ഫണ്ടിനുമനുസരിച്ച് വിവിധ കായിക വിനോദങ്ങൾക്ക് വേണ്ട കോർട്ടുകൾ, കുട്ടികൾക്കായുള്ള പ്രത്യേക കളിസ്ഥലം, പ്രായമായവർക്കുള്ള വിനോദോപാധികൾ, ഓപ്പൺ ജിംനേഷ്യം, ഹെൽത്ത് പവലിയൻ, ടോയ്‌ലെറ്റ്, മറ്റ് അടിസ്ഥാനസൗകര്യങ്ങൾ എന്നിവ ഏർപ്പെടുത്താനാണ് ഉദ്ദേശിക്കുന്നത്. ഒരു പഞ്ചായത്ത് ഒരു കളിക്കളം പദ്ധതിയുടെ നിർവ്വഹണ ഏജൻസിയായി

സ്പോർട്സ് കേരള ഫൗണ്ടേഷനെ നിയോഗിച്ചും പ്രസ്തുത പദ്ധതി നിർവ്വഹണത്തിനായുള്ള ധാരണാപത്രം അംഗീകരിച്ചും മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചും സർക്കാർ ഉത്തരവായിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ ആദ്യഘട്ടത്തിൽ നടപ്പിലാക്കാൻ ഉദ്ദേശിച്ചിട്ടുള്ള കളിക്കളങ്ങളുടെ നിർവ്വഹണവുമായി ബന്ധപ്പെട്ട തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

സർക്കാരിന്റെ 'എല്ലാവർക്കും ആരോഗ്യം' എന്ന പ്രഖ്യാപിത ലക്ഷ്യത്തിന്റെ ഭാഗമായി സംസ്ഥാനത്ത് തുടക്കം കുറിച്ച സ്പോർട്സ് ലൈഫ് ഫിറ്റ്നസ് സെന്ററുകളിൽ 9 എണ്ണത്തിന്റെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. ഇതിനുപുറമെ പത്തോളം ഫിറ്റ്നസ് സെന്ററുകളുടെ പ്രവൃത്തി നടപ്പിലാക്കിവരികയുമാണ്. ഫിറ്റ്നസ് സെന്ററുകളിലേയ്ക്ക് ഫിറ്റ്നസ് ഉപകരണങ്ങൾ വാങ്ങുന്നതിലേയ്ക്കായി (3 വർഷത്തെ എ.എം.സി. ഉൾപ്പെടെ) 4.69 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഇന്റീരിയർ പ്രവൃത്തികൾ പൂർത്തീകരിക്കുന്ന മുറയ്ക്ക് ഉപകരണങ്ങൾ സജ്ജീകരിച്ച് ഫിറ്റ്നസ് സെന്ററുകൾ പ്രവർത്തനക്ഷമമാക്കുന്നതാണ്.

ടൂറിസം വകുപ്പിന് കീഴിൽ കായിക യുവജനകാര്യ വകുപ്പ് മുഖേന 7 ജില്ലകളിൽ (തിരുവനന്തപുരം, ആലപ്പുഴ, മലപ്പുറം, കോഴിക്കോട്, വയനാട്,

കണ്ണൂർ, കാസർഗോഡ്) ഓപ്പൺ ജിംനേഷ്യം ആരംഭിക്കുന്നതിനായി ഭരണാനുമതി നൽകിയിട്ടുണ്ട്. ടി പദ്ധതിയിൽ മലപ്പുറം ജില്ലയിൽ ഉൾപ്പെട്ടുത്തിയിട്ടുള്ള വള്ളിക്കുന്ന് നിയോജകമണ്ഡലത്തിലെ മുന്നിയൂർ ഗ്രാമ പഞ്ചായത്തിലെ കളിയാട്ടമുക്ക് സ്റ്റേഡിയത്തിൽ ഓപ്പൺ ജിംനേഷ്യം സ്ഥാപിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു. തൃത്താല നിയോജകമണ്ഡലത്തിലെ തിരുമിറ്റക്കോട്, നാഗലശ്ശേരി, ചാലിശ്ശേരി, തൃത്താല എന്നീ ഗ്രാമപഞ്ചായത്തുകളിൽ ഓപ്പൺ ജിംനേഷ്യവും അനുബന്ധ സംവിധാനങ്ങളും സ്ഥാപിക്കുന്നതിനായി എം.എൽ.എ. ഫണ്ട് മുഖേന 40,00,000 രൂപ അനുവദിച്ചിട്ടുണ്ട്. ഇവയുടെ പ്രവൃത്തിയും ഉടൻ ആരംഭിക്കുന്നതാണ്.

കായികതാരങ്ങൾക്ക് പരിശീലനം നടത്തുന്നതിനും മത്സരങ്ങളിൽ പങ്കെടുക്കുന്നതിനും സജ്ജരാക്കുന്നതിലേയ്ക്കായി സിന്തറ്റിക് ട്രാക്കുൾപ്പെടെ അന്തർദ്ദേശീയ നിലവാരത്തിലുള്ള സ്റ്റേഡിയങ്ങൾ, സ്വിമ്മിംഗ് പൂളുകൾ തുടങ്ങിയ അടിസ്ഥാനസൗകര്യ വികസനവും നടപ്പിലാക്കിവരുന്നുണ്ട്.

കൂടാതെ കായികയിനങ്ങളിൽ തൽപ്പരരായവരെ ചെറുപ്രായത്തിൽത്തന്നെ കണ്ടെത്തി വിദഗ്ദ്ധ പരിശീലനം നൽകി ദേശീയ

അന്തർദ്ദേശീയ തലങ്ങളിൽ മെഡൽ നേടുന്നതിന് പ്രാപ്തരാക്കുന്നത് ലക്ഷ്യമിട്ട് കായിക യുവജനകാര്യാലയം മുഖേന വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നുണ്ട്. ആയതിന്റെ വിശദാംശങ്ങൾ അനുബന്ധം-I -ആയി ചേർത്തിട്ടുണ്ട്.+

ബഹു. മുഖ്യമന്ത്രിയുടെ നൂറുദിന കർമ്മപരിപാടിയിലുൾപ്പെടുത്തി കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ നേതൃത്വത്തിൽ കേരളത്തിലെ വനിതാ ഫുട്ബോൾ കായികതാരങ്ങളെ അന്താരാഷ്ട്ര മത്സരങ്ങളിൽ പങ്കെടുപ്പിക്കുന്നതിന് പ്രാപ്തരാക്കുന്നതിനായി എറണാകുളം ജില്ലയിലെ പനമ്പിള്ളി നഗറിൽ വനിതകൾക്കായി ഒരു ഫുട്ബോൾ അക്കാദമി പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത മേഖലയുടെ പുരോഗതിക്കായി സ്വകാര്യ മേഖലയുടെ സഹകരണം തേടിയിട്ടുണ്ടോ;

(സി) സ്വകാര്യ മേഖലയിലെ കായിക സ്ഥാപനങ്ങൾക്ക് എന്തെല്ലാം സഹായങ്ങളാണ് നൽകി വരുന്നതെന്ന് വിശദമാക്കുമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി&സി) കായികമേഖലയുടെ വികസനത്തിനായി പ്രവർത്തിച്ചുവരുന്ന കായിക സംഘടനകൾ, അക്കാദമികൾ, ക്ലബ്ബുകൾ എന്നിവയ്ക്ക് ധനസഹായം അനുവദിച്ചുവരുന്നുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വിവിധ സ്ഥാപനങ്ങൾക്ക് അനുവദിച്ചുനൽകിയ സാമ്പത്തിക സഹായം സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.+

കായികമേഖലയുടെ സമഗ്രവികസനത്തിനായി പൊതുയിടങ്ങളിൽ സ്പോർട്സ് ഫെസിലിറ്റി നിർമ്മാണത്തിനായി സ്വകാര്യ വ്യക്തികളുടെ അധീനതയിലുള്ള സ്ഥലങ്ങളിൽ കളിയിടങ്ങൾ നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട് ബൈലാറ്ററൽ എഗ്രിമെന്റ് തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## കെ.എസ്.ആർ.ടി.സി. ഡിപ്പോകൾക്ക് കളക്ഷൻ ടാർജറ്റ്

20 (*440) ശ്രീ. അബ്ദുൽ ഹമീദ് പി.:
ഡോ. എം. കെ. മുനീർ:
ശ്രീ. മഞ്ഞളാംകുഴി അലി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി (ശ്രീ. ആന്റണി രാജു) സദയം മറുപടി നൽകുമോ:

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) കെ.എസ്.ആർ.ടി.സി-യുടെ വരുമാനം വർദ്ധിപ്പിക്കുന്നതിന് ഓരോ ഡിപ്പോയ്ക്കും കളക്ഷൻ ടാർജറ്റ് നിശ്ചയിച്ച് നൽകിയിട്ടുണ്ടോ?

നിശ്ചയിച്ചുനൽകിയിട്ടുണ്ട്.

(ബി) ഓരോ ഡിപ്പോയും പ്രതിമാസം എത്ര കോടി രൂപ നേടുന്നതിനാണ് ലക്ഷ്യമിട്ടിരിക്കുന്നത്?

വിശദമായ വിവരം അനുബന്ധമായി ചേർക്കുന്നു.+

(സി) ഇതിനാവശ്യമായ ബസ് സർവ്വീസുകൾ നടത്തുന്നതിനായി എന്തെല്ലാം ക്രമീകരണങ്ങളാണ് ഏർപ്പെടുത്തിയിരിക്കുന്നത്; വിശദമാക്കുമോ?

പ്രൊഫ. സുശീൽ ഖന്ന റിപ്പോർട്ടിൽ കെ.എസ്.ആർ.ടി.സി-യിലെ എല്ലാ ഡബിൾ ഡ്യൂട്ടികളും സിംഗിൾ ഡ്യൂട്ടികളാക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ഇപ്രകാരം ആറ്റിങ്ങൽ, കണിയാപുരം ഡിപ്പോകളിൽ പരീക്ഷണാടിസ്ഥാനത്തിൽ ഡ്യൂട്ടി പരിഷ്കരണം നടത്തുന്നതിനുവേണ്ടിയുള്ള ക്രമീകരണങ്ങൾ അന്തിമഘട്ടത്തിലാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## സേഫ് കേരള പദ്ധതി

21 (*441) ശ്രീമതി യു. പ്രതിഭ:

ശ്രീ. എ. എൻ. ഷംസീർ:

ശ്രീ. പി. ടി. എ. റഹീം:

ശ്രീ. കെ. വി. സുമേഷ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി (ശ്രീ. ആന്റണി രാജു) സദയം മറുപടി നൽകുമോ:

(എ) സേഫ് കേരള പദ്ധതി രൂപീകരിച്ച് റോഡപകടങ്ങൾ കുറയ്ക്കുന്നതിന് ശക്തമായ ഇടപെടൽ നടത്തിയതിന്റെ ഫലമായി റോഡ് അപകടങ്ങളിലൂടെയുള്ള മരണം കുറയ്ക്കാനായിട്ടുണ്ടോ?

കുറയ്ക്കാനായിട്ടുണ്ട്.

(ബി) സംസ്ഥാനത്ത് എത്ര ബ്ലാക്ക്സ്പോട്ടുകൾ ഉണ്ടെന്നാണ് കണ്ടെത്തിയിരിക്കുന്നത്; ഇത്തരം സ്ഥലങ്ങളിൽ അപകടം ഒഴിവാക്കാനായി മോട്ടോർ വാഹന വകുപ്പ് ഏതുവിധത്തിലുള്ള പ്രവർത്തനങ്ങളാണ് നടത്തുന്നത്?

2019-ലെ നാറ്റ്പാക്കിന്റെ പഠന റിപ്പോർട്ട് പ്രകാരം കേരളത്തിൽ ആകെ 238 അതിരൂക്ഷ (High risk) ബ്ലാക്ക്സ്പോട്ടുകൾ കണ്ടെത്തിയിട്ടുണ്ട്.

ദേശീയ പാത - 159 എണ്ണം

സംസ്ഥാന ഹൈവേ - 51 എണ്ണം

മറ്റ് റോഡുകൾ - 28 എണ്ണം

ബ്ലാക്ക് സ്പോട്ടുകൾ കണ്ടെത്തി ടി സ്ഥലങ്ങളിൽ സുരക്ഷ ഉറപ്പാക്കുന്നതിനുള്ള നടപടികൾ കേരള റോഡ് സുരക്ഷാ അതോറിറ്റിയുടേയും മോട്ടോർ വാഹന വകുപ്പിന്റെയും നേതൃത്വത്തിൽ നടന്നുവരുന്നു. ദേശീയപാതയിലെ ബ്ലാക്ക്സ്പോട്ടുകൾ പരിഹരിക്കേണ്ടത് ദേശീയപാത അതോറിറ്റിയും കേന്ദ്ര റോഡ് ഗതാഗത മന്ത്രാലയവുമാണ്. ആയതിനാൽ ദേശീയപാതയിലെ ബ്ലാക്ക്സ്പോട്ടുകളുടെ ശാശ്വത പരിഹാരത്തിനായി കേന്ദ്ര റോഡ് ഗതാഗത മന്ത്രാലയത്തിന്റെയും ദേശീയപാതാ അതോറിറ്റിയുടെയും ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 98 ബ്ലാക്ക്സ്പോട്ടുകൾ അടിയന്തിരമായി പരിഹരിക്കുന്നതിന് റോഡ് സുരക്ഷാ ഫണ്ടിൽനിന്നും പൊതുമരാമത്ത് വകുപ്പിന് ഫണ്ട് അനുവദിച്ചിട്ടുണ്ട്.

ബ്ലാക്ക്സ്പോട്ട് പ്രദേശങ്ങളിൽ നൂതന സാങ്കേതികവിദ്യ ഉപയോഗിച്ച് പ്രവർത്തിക്കുന്ന ക്യാമറകൾ സ്ഥാപിച്ചുവരുന്നു. നിലവിൽ ഇത്തരം സ്ഥലങ്ങളിൽ കൂടുതൽ വാഹന പരിശോധനകൾ നടത്തുകയും നിയമ ലംഘനങ്ങൾക്കെതിരെ നടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു.

എല്ലാ ജില്ലകളിലും എൻഫോഴ്സ്മെന്റ് ആർ.ടി.ഒ-മാരുടെ നേതൃത്വത്തിൽ അപകടസാധ്യത കൂടിയ മേഖലകൾ (Vulnerable area) പരിശോധിച്ച് അത്തരം മേഖലകളിൽ കൂടുതലായി എൻഫോഴ്സ്മെന്റ് സ്ക്വാഡുകളെ വിന്യസിച്ച് അപകടങ്ങൾ കുറയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

ബ്ലാക്ക്സ്പോട്ടുകൾ ഗൂഗിൾ മാപ്പിംഗ് നടത്തിവരുന്നു. കൂടാതെ, സംസ്ഥാനത്തുടനീളം Artificial Intelligence, Automated Number Plate recognition എന്നീ അതിനൂതന സാങ്കേതികവിദ്യയിലധിഷ്ഠിതമായ ക്യാമറകൾ സ്ഥാപിച്ച്, ഗതാഗത നിയമലംഘനങ്ങൾ കണ്ടെത്തി ശക്തമായ നിയമ നടപടി കൈക്കൊള്ളുന്നതിനുള്ള പദ്ധതി അന്തിമഘട്ടത്തിലാണ്.

(സി) അമിതവേഗതയും അലക്ഷ്യവും അപകടകരമായ രീതിയിലുള്ള ഡ്രൈവിംഗും കർശനമായി തടയാൻ പ്രധാന വീഥികളിൽ ക്യാമറ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ?

ഏർപ്പെടുത്തിയിട്ടുണ്ട്.

(ഡി) മോട്ടോർ വാഹന വകുപ്പിന്റെ എൻഫോഴ്സ്മെന്റ് സംവിധാനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി സ്വീകരിച്ചിരിക്കുന്ന നടപടികൾ എന്തെല്ലാമെന്ന് അറിയിക്കാമോ?

മോട്ടോർ വാഹന വകുപ്പ് എൻഫോഴ്സ്മെന്റ് സംവിധാനം കാര്യക്ഷമമാക്കുന്നതിനായി നിരവധി നടപടികൾ സ്വീകരിച്ചുവരുന്നു. പരിശോധനാ സംവിധാനങ്ങൾ കാര്യക്ഷമമാക്കുന്നതിനായി 85 സ്ക്വാഡുകൾ രൂപീകരിച്ചിട്ടുണ്ട്. ഓരോ സ്ക്വാഡിലും ഒരു എം.വി.ഐ.-യും 3 എ.എം.വി.ഐ.-മാരും അംഗങ്ങളായിരിക്കും. ഓരോ ജില്ലകളിലുമുള്ള സ്ക്വാഡുകളുടെ തലവൻ അതത് ജില്ലകളിലെ എൻഫോഴ്സ്മെന്റ് ആർ.ടി.ഒ.-മാരായിരിക്കും. സർക്കാരിന്റേയും മോട്ടോർ വാഹന വകുപ്പിന്റേയും കേരള റോഡ് സേഫ്റ്റി അതോറിറ്റിയുടേയും ബഹുമാനപ്പെട്ട ഹൈക്കോടതി, സുപ്രീംകോടതി എന്നിവയുടെയും നിർദ്ദേശങ്ങളുടെയും ഉത്തരവുകളുടേയും അടിസ്ഥാനത്തിൽ എൻഫോഴ്സ്മെന്റ് പരിശോധനകൾ കർശനമായി നടത്തിവരുന്നു. അപകടമേഖലകൾ കണ്ടെത്തി ടി സ്ഥലങ്ങളിൽ എൻഫോഴ്സ്മെന്റ് പരിശോധനകൾ ശക്തിപ്പെടുത്തുന്നു. കേരള റോഡ് സേഫ്റ്റി അതോറിറ്റിയുടെ സഹായത്തോടെ ബോധവൽക്കരണ പ്രവർത്തനങ്ങൾ പൊതുജനങ്ങൾക്കും വാഹനങ്ങളുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന ആളുകൾക്കുമായി നടത്തിവരുന്നു.

സ്മാർട്ട് എൻഫോഴ്സ്മെന്റ് പദ്ധതിയിൽ ബോഡി വോൺ ക്യാമറ, ഡിജിറ്റൽ ലക്സ് മീറ്റർ, ഡെസിബെൽ മീറ്റർ, ഡാഷ് ബോർഡ് ക്യാമറ തുടങ്ങിയ ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള നടപടിക്രമങ്ങൾ സ്വീകരിച്ചുവരുന്നു.

ഭക്ഷ്യസുരക്ഷയ്ക്ക് ഹബ്ബ് ആന്റ് സ്പോക്ക് മാതൃക

22 (*442)ശ്രീ. ഒ. ആർ. കേളു:
ശ്രീ. എ. സി. മൊയ്തീൻ:
ശ്രീ. ടി. ഐ. മധുസൂദനൻ:
ശ്രീ. പി. മമ്മിക്കുട്ടി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി (ശ്രീ. പി. പ്രസാദ്) സദയം മറുപടി നൽകുമോ:

(എ) ഭക്ഷ്യസുരക്ഷ ഉറപ്പുവരുത്തുന്നതിന് കാർഷികവൃത്തി ആദായകരമാക്കേണ്ടതുകൊണ്ട് ഉല്പാദനം മുതൽ വിപണനം വരെയുള്ള പ്രവർത്തനങ്ങൾക്ക് ഹബ്ബ് ആന്റ് സ്പോക്ക് മാതൃക പ്രാവർത്തികമാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കാമോ?

ഭക്ഷ്യസുരക്ഷ ഉറപ്പുവരുത്തുന്നതിന് കാർഷിക വൃത്തി ആദായകരമാക്കേണ്ടതുകൊണ്ട് ഉല്പാദനം മുതൽ വിപണനം വരെയുള്ള പ്രവർത്തനങ്ങൾക്ക് 'ഹബ്ബ് ആന്റ് സ്പോക്ക്' മാതൃക പ്രാവർത്തികമാക്കാൻ

ഉദ്ദേശിക്കുന്നു. പതിനാലാം പഞ്ചവത്സര പദ്ധതി കാലയളവിൽ കേരളാ സർക്കാർ സ്വീകരിക്കുന്ന പുതിയ സമീപനമാണ് കൃഷിയിടാധിഷ്ഠിത ആസൂത്രണം. ഇതുപ്രകാരം ഒരു കർഷകന്റെ കൃഷിയിടം കൃഷി വിദഗ്ദ്ധർ സന്ദർശിക്കുകയും ആ ഭൂഭാഗത്തിന്റെ ഉല്പാദനശേഷിക്കും കാർഷിക പാരിസ്ഥിതിക യൂണിറ്റുകൾക്കും അനുസൃതമായി ഒരു ഉല്പാദന പ്ലാൻ തയ്യാറാക്കുകയും ചെയ്യും. കൃഷിയിടത്തിൽ നിന്നും സാധ്യമായ എല്ലാ ഉല്പാദനവും കണക്കിലെടുത്തായിരിക്കും ടി ഉല്പാദന പ്ലാൻ തയ്യാറാക്കുക.

കൃഷിയിടാധിഷ്ഠിത ആസൂത്രണ സമീപനത്തിലൂടെ ഉല്പാദിപ്പിക്കപ്പെടുന്ന ഭക്ഷ്യവസ്തുക്കൾ ശേഖരിച്ച് ഒരു കേന്ദ്രത്തിലേയ്ക്ക് എത്തിക്കുകയും അവിടെ നിന്ന് വിപണി ആവശ്യകതയുടെ അടിസ്ഥാനത്തിൽ വിതരണം ചെയ്യുകയും ചെയ്താൽ ചെറുകിട ഉല്പാദകർക്ക് ആദായകരമായ വില ലഭ്യമാകും. ഈ കണ്ടെത്തലിന്റെ അടിസ്ഥാനത്തിൽ കൃഷി ഭവനുകൾ അടിസ്ഥാനപ്പെടുത്തി ഉൽപ്പന്ന ശേഖരണത്തിനും കേന്ദ്രീകരണത്തിനും സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിന് പദ്ധതി ആവിഷ്കരിക്കുകയും അംഗീകാരം ലഭിക്കുകയും ചെയ്തിട്ടുണ്ട്. കേരളത്തിലാകെ ഇത്തരത്തിലുള്ള 1076 കേന്ദ്രീകരണ (Aggregation) സംവിധാനങ്ങൾ ഏർപ്പെടുത്തുകയാണ് ലക്ഷ്യം. വിവിധ

ജനവിഭാഗങ്ങളെ ഉൾപ്പെടുത്തി സേവനമേഖലയിൽ കൃഷിക്കൂട്ടങ്ങൾ സൃഷ്ടിച്ച് ഇത്തരം ശേഖരണ-കേന്ദ്രീകരണ സംവിധാനങ്ങളിൽ പങ്കാളികളാകാം. വളരെ ചെറിയ അളവിലുള്ള ഉല്പാദനമാണെങ്കിൽപോലും അവ ശേഖരിച്ച് ഒരു കേന്ദ്രീകൃത സംവിധാനത്തിലൂടെ വിപണനം ചെയ്യുവാൻ സാധിക്കും. ഇത് ഒരു സ്ഥിരം സംവിധാനമാകുമ്പോൾ മട്ടുപ്പാവിലും മറ്റും കൃഷി ചെയ്യുന്ന വീട്ടമ്മമാർക്കുപോലും തങ്ങളുടെ ഉല്പന്നം വിപണിയിലെത്തിക്കാൻ സാധിക്കും.

ഈ കാർഷികോല്പന്ന ശേഖരണ കേന്ദ്രീകരണ സംവിധാനം കൃഷിഭവൻ തലത്തിലായിരിക്കും നടത്തുന്നത്. ഇവയെ ഒരു ബ്ലോക്ക്തലത്തിലോ, 2-3 ബ്ലോക്കുകൾ ചേർന്നോ ഉള്ള ഒരു വലിയ സംഭരണ-വിപണന കേന്ദ്രത്തിലേയ്ക്ക് സംയോജിപ്പിക്കുകയും ചെയ്യും.

ഹബ്ബിലേയ്ക്ക് കാർഷികോല്പന്നങ്ങൾ എത്തിക്കുന്ന കർഷകർക്ക്/ കൂട്ടായ്മകൾക്ക്/ഏജൻസികൾക്കുതന്നെ അസംഘടിത മേഖലയിലുള്ള ഉല്പാദകർക്ക് ഉല്പാദനോപാധികളും കാർഷിക വിജ്ഞാനവും അതോടൊപ്പം ഉല്പന്ന ആവശ്യകതയും തിരികെയെത്തിക്കാൻ സാധിക്കും. മാത്രമല്ല, ഇത്തരം ഉല്പാദനം നടത്തുന്നതിനാവശ്യമായ ഉല്പാദനോപാധികളും

സാങ്കേതിക വിദ്യയും അവരവരുടെ കൃഷിയിടത്തിൽത്തന്നെ ലഭ്യമാകുകയും ചെയ്യും.

ബ്ലോക്കുതല ഹബ്ബുകളെ കേരളത്തിലെ കാർഷിക മൊത്തവ്യാപാര വിപണികളുമായും സംയോജിപ്പിക്കുന്നതാണ്. കർഷകർ മുതൽ മൊത്ത വ്യാപാര വിപണികൾ വരെ ഡിജിറ്റൽ സാങ്കേതികവിദ്യ ഉപയോഗിച്ച് വസ്തുതാവിശകലനം നടത്തി വിപണി വിവരം കർഷകർക്കും ഉപഭോക്താക്കൾക്കും ലഭ്യമാക്കുന്നതുമാണ്.

(ബി) മികച്ച ഗുണനിലവാരം ഉറപ്പാക്കി വിശ്വാസ്യതയോടെ ഉപഭോക്താക്കൾക്ക് ഉല്പന്നങ്ങൾ ആവശ്യാനുസരണം ലഭ്യമാക്കി കർഷകർക്കും ഉപഭോക്താക്കൾക്കും പ്രയോജനപ്രദമാകുന്ന തരത്തിൽ പ്രീമിയം വിപണന ശൃംഖല സ്ഥാപിക്കുമോ; വ്യക്തമാക്കാമോ?

ഹബ്ബിൽ നിന്നും ലഭ്യമാകുന്ന ഉൽപ്പന്നങ്ങളെ വിവിധ ഇക്കോഷോപ്പുകളിലേയ്ക്കും മറ്റ് വിപണികളിലേയ്ക്കും എത്തിക്കാവുന്നതാണ്. ഇവ കേരളത്തിലെ തദ്ദേശീയ ഉല്പന്നങ്ങളാകയാൽ " കേരള ഫാം ഫ്രഷ്" എന്ന ബ്രാൻഡ് നാമത്തിൽ ഒരു 'മൊബൈൽ ആപ്പ്' വഴി നൂതന

ഉല്പന്നങ്ങളായി ബ്രാൻഡ് ചെയ്ത് ഉപഭോക്താക്കൾക്ക് വാങ്ങുന്നതിനായി സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ പരിശോധിച്ചുവരുന്നു.

കർഷക ഉല്പാദക സംഘങ്ങൾക്ക് ഇവ ശേഖരിച്ച് പ്രീമിയം ഔട്ട്ലെറ്റുകൾ വഴി വിൽക്കുന്നതിന് സർക്കാർ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. മൂന്ന് വർഷത്തിൽ കുറയാതെ കാർഷിക വിപണന രംഗത്ത് കാര്യക്ഷമത തെളിയിച്ച സന്നദ്ധ സംഘടനകൾക്കും പ്രീമിയം ഔട്ട്ലെറ്റുകൾ നടത്തുന്നതിന് സർക്കാരിൽനിന്നും ധനസഹായം ലഭിക്കും. പ്രാഥമിക സഹകരണ സംഘങ്ങൾക്കും ഈ പദ്ധതി ഏറ്റെടുത്ത് നടത്താം.

ഇത്തരത്തിൽ പ്രീമിയം ഔട്ട്ലെറ്റുകൾ സ്ഥാപിക്കുന്നവർക്ക് 5 ലക്ഷം രൂപ 50% എന്ന തോതിൽ ധനസഹായം ലഭിക്കും. ഒരു ഏജൻസിക്ക് പരമാവധി 2 യൂണിറ്റുകൾ വരെ ഇത്തരത്തിൽ ലഭിക്കും. ഇത്തരത്തിൽ 60 യൂണിറ്റുകൾ കേരളമൊട്ടാകെ ഈ സാമ്പത്തികവർഷം സ്ഥാപിക്കുന്നതിന് ലക്ഷ്യംവയ്ക്കുന്നു.

(സി) ആധുനിക സാങ്കേതികവിദ്യാധിഷ്ഠിതമായി പഴങ്ങൾക്കും പച്ചക്കറികൾക്കുമായി കേന്ദ്രീകൃത വിപണി വിവര സംവിധാനം

വികസിപ്പിച്ചെടുത്തുകൊണ്ട് വിപണനം കാര്യക്ഷമമാക്കുന്നതിന് പദ്ധതിയുണ്ടോ; വ്യക്തമാക്കാമോ?

ഉണ്ട്. കർഷകരെയും ശേഖരണ-കേന്ദ്രീകൃത സംവിധാനങ്ങളെയും ഹബ്ബുകളെയും മൊത്ത വ്യാപാര വിപണികളെയും ഉപഭോക്താക്കളെയും "കേരള അഗ്രി നെറ്റ് എന്ന സംവിധാനത്തിലൂടെ ബന്ധിപ്പിക്കുകയും ഉല്പന്നലഭ്യത, വിപണിയുടെ ആവശ്യകത എന്നിവ ഈ സംവിധാനത്തിലൂടെ കാര്യക്ഷമമായി വിലയിരുത്തുകയും ചെയ്യും. ഇത്തരത്തിൽ വിവിധ വിപണികളെയും ഉല്പാദകരെയും ഉപഭോക്താക്കളെയും ബന്ധിപ്പിക്കുന്നതിനാൽ ഏത് വിപണിയിലാണ് ആവശ്യമെന്നും അവിടുത്തെ വില എന്തെന്നും തത്സമയം അറിയാൻ സാധിക്കും. അതിനാൽ ഒരു കേന്ദ്രീകൃത സംവിധാനത്തിലൂടെ കർഷകർക്ക് അറിയിപ്പ് നൽകുന്നതുവഴി അന്നന്നുള്ള വിപണി വിവരങ്ങൾക്ക് പുറമെ ഇനി വരാനിരിക്കുന്ന കാലയളവിലെ ഉല്പാദനം, ആവശ്യകത, വില എന്നിവകൂടി പ്രവചിക്കാനും സാധിക്കും.

ഈ വിപണി വിവരസംവിധാനം സ്മാർട്ട് ഫോണുകളിൽ കർഷകർക്ക് മൊബൈൽ ആപ്പിന്റെ സഹായത്തോടെയും ഇവ അപ്രാപ്യമായ

കർഷകർക്ക് എസ്.എം.എസ്. മുഖേനയും മുൻനിര കാർഷികവിജ്ഞാന വ്യാപനപ്രവർത്തകർ മുഖേനയും ലഭ്യമാക്കുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നുണ്ട്. പടിപടിയായി ഏത് വിള, എത്ര അളവിൽ, എവിടെ, എങ്ങനെ കൃഷി ചെയ്യണമെന്നുള്ള ഇന്റലിജൻസ് സംവിധാനം നിലവിൽ വരുത്തുന്നതിനാണ് സർക്കാർ ലക്ഷ്യംവയ്ക്കുന്നത്.

എഞ്ചിനീയറിംഗ് വിദ്യാഭ്യാസ നവീകരണം

23 (*443) ശ്രീ. ലിന്റോ ജോസഫ്:
ഡോ. കെ. ടി. ജലീൽ:
ശ്രീ. ഡി. കെ. മുരളി:
ശ്രീ. എം. എസ്. അരുൺ കുമാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിജ്ഞാന സമ്പദ്ഘടന രൂപപ്പെടുത്തുകയെന്ന ലക്ഷ്യം നേടിയെടുക്കുന്നതിൽ സാങ്കേതിക വിദ്യാഭ്യാസത്തിനുള്ള പ്രാധാന്യം കണക്കിലെടുത്ത് വിവിധ ശാഖകളിലെ എഞ്ചിനീയറിംഗ് വിദ്യാഭ്യാസം നവീകരിക്കാൻ പദ്ധതിയുണ്ടോ?

വിജ്ഞാന സമ്പദ്ഘടന രൂപപ്പെടുത്തുക എന്ന ലക്ഷ്യം കണക്കിലെടുത്ത് 2022-23 അക്കാദമിക വർഷം M.Tech കരിക്കുലം നവീകരിച്ചിട്ടുണ്ട്. 2023 അക്കാദമിക വർഷം ബി.ടെക് കരിക്കുലം നവീകരിക്കാനുള്ള നടപടികൾക്ക് തുടക്കംകുറിച്ചിട്ടുണ്ട്.

വൈജ്ഞാനിക സമൂഹ സൃഷ്ടി എന്ന ലക്ഷ്യം നിറവേറ്റുന്ന തരത്തിൽ എ.പി.ജെ. അബ്ദുൾ കലാം സാങ്കേതിക ശാസ്ത്ര സർവ്വകലാശാലയെ ശാക്തീകരിക്കുന്നതിന്റെ ഭാഗമായി സർവ്വകലാശാലയ്ക്ക് സ്വന്തം പഠന-ഗവേഷണ ഡിപ്പാർട്ട്മെന്റുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

കാലാനുസൃതമായ മാറ്റങ്ങൾ ഉൾക്കൊണ്ട് 2021-22, 2022-23 അക്കാദമിക വർഷങ്ങളിൽ വ്യാവസായിക മേഖലയിൽ തൊഴിൽ സാധ്യതയുള്ള B.Tech Electrical & Computer Engineering, B.Tech Electronics & Computer Engineering, B.Tech Computer Science & Business Systems, B.Tech Computer Science & Design, B.Tech Artificial Intelligence & Data Science, B.Tech Robotics & Automation, B.Tech Civil & Environmental Engineering, M.Tech

Geotechnical & Geo Environmental Engineering, M.Tech Electrical Drives & Control, M.Tech Artificial Intelligence & Data Science, M.Tech Automotive Electronics & Data Science തുടങ്ങിയ നവീന കോഴ്സുകൾ സംസ്ഥാനത്തെ വിവിധ എഞ്ചിനീയറിംഗ് കോളേജുകളിൽ ആരംഭിക്കുന്നുണ്ട്. ഇതനുസരിച്ച് വയനാട് സർക്കാർ എഞ്ചിനീയറിംഗ് കോളേജിൽ സിവിൽ & എൻവയോൺമെന്റ് എഞ്ചിനീയറിംഗിൽ B.Tech കോഴ്സും കണ്ണൂർ സർക്കാർ എഞ്ചിനീയറിംഗ് കോളേജിൽ Geo Technical and Environmental Engineering-ൽ M.Tech കോഴ്സും ആരംഭിച്ചിട്ടുണ്ട്.

സംസ്ഥാനത്തെ പോളിടെക്നിക്കുകളിൽ എഞ്ചിനീയറിംഗ് വിദ്യാഭ്യാസം നവീകരിക്കുന്നതിന്റെ ഭാഗമായി IEDC-കൾ, PAT സെന്ററുകൾ, TBI സെന്ററുകൾ എന്നിവ പ്രവർത്തിക്കുന്നുണ്ട്. കൂടാതെ ഇൻഡസ്ട്രി ഓൺ കാമ്പസിന്റെ (IoC) പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു. സ്റ്റേറ്റ് ബോർഡ് ഓഫ് ടെക്നിക്കൽ എഡ്യൂക്കേഷന്റെ കീഴിൽ ത്രിവൽസര എഞ്ചിനീയറിംഗ് ഡിപ്ലോമ സിലബസ് നവീകരണം വിവിധ സാങ്കേതിക ശാസ്ത്ര ശാഖകളിലെ നൂതന പ്രവണതകൾക്കനുസൃതമായി കൃത്യമായ ഇടവേളകളിൽ നടത്തുന്നുണ്ട്.

(ബി) സർക്കാർ മേഖലയിലുള്ള എഞ്ചിനീയറിംഗ് കോളേജുകളെ സെന്റർ ഓഫ് ടെക്നിക്കൽ എക്സലൻസ് ആക്കി ഉയർത്താൻ ആലോചിച്ചിട്ടുണ്ടോ; സ്വകാര്യ എഞ്ചിനീയറിംഗ് കോളേജുകളിലെ അദ്ധ്യയന നിലവാരം നിശ്ചിത നിലവാരം പുലർത്തുന്നുവെന്നുറപ്പ് വരുത്താൻ കേരള ടെക്നോളജിക്കൽ യൂണിവേഴ്സിറ്റിക്ക് കഴിഞ്ഞിട്ടുണ്ടോ?

നിലവിൽ സർക്കാർ എഞ്ചിനീയറിംഗ് കോളേജുകളിൽ 8 Centre of Excellence കേന്ദ്രങ്ങൾ പ്രവർത്തിച്ചുവരുന്നു. അവയിൽ ഇന്ത്യയിലും വിദേശത്തുമുള്ള കമ്പനികളുമായി സഹകരിച്ചുപ്രവർത്തിക്കുന്നവയുമുണ്ട്. എല്ലാ സർക്കാർ എഞ്ചിനീയറിംഗ് കോളേജുകളിലും ഇന്റർ ഡിസിപ്ലിനറി റിസർച്ച് സെന്ററുകൾ സ്ഥാപിക്കുന്ന പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. ഇതുവഴി സ്ഥാപനങ്ങളെ മികവിന്റെ കേന്ദ്രങ്ങളാക്കുന്നതിന് ലക്ഷ്യമിടുന്നു.

സ്വകാര്യ എഞ്ചിനീയറിംഗ് കോളേജുകളിലെ അദ്ധ്യയന നിലവാരം നിശ്ചിത നിലവാരം പുലർത്തുന്നുവെന്നുറപ്പ് വരുത്താൻ പുതിയ എഞ്ചിനീയറിംഗ് കോളേജുകൾക്ക് അഫിലിയേഷൻ നൽകുന്നതിന് മുൻപായി എ.ഐ.സി.ടി.ഇ. നിഷ്കർഷിക്കുന്ന മാനദണ്ഡങ്ങൾ പുലർത്തുന്നുണ്ടെന്ന് സാങ്കേതിക സർവ്വകലാശാല ഉറപ്പുവരുത്തുന്നുണ്ട്.

സർവ്വകലാശാലയുടെ അഫിലിയേഷൻ കമ്മിറ്റി സ്ഥാപനങ്ങൾ നേരിട്ട് സന്ദർശിച്ച് വിശദമായ പരിശോധനകൾ നടത്തി അതിന്റെ അടിസ്ഥാനത്തിൽ ഗുണനിലവാരം ഉറപ്പുവരുത്തിയാണ് അഫിലിയേഷൻ നൽകുന്നത്. അക്കാഡമിക് ഓഡിറ്റ് ഉൾപ്പെടെയുള്ള തുടർ ഗുണനിലവാര പരിശോധന നടത്തുകയും ചെയ്യുന്നുണ്ട്.

(സി) നൈപുണി പരിശീലനം മെച്ചപ്പെടുത്താനും വ്യവസായ ബന്ധിതമാക്കാനും കേരള ടെക്നോളജിക്കൽ യൂണിവേഴ്സിറ്റിയിൽ ബോർഡ് ഓഫ് സ്കിൽസ് രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ?

നൈപുണി പരിശീലനം മെച്ചപ്പെടുത്തുവാനും വ്യവസായ ബന്ധിതമാക്കാനും സാങ്കേതിക സർവ്വകലാശാലയിൽ ബോർഡ് ഓഫ് സ്കിൽസ് രൂപീകരിക്കുന്നത് സർവ്വകലാശാല സിൻഡിക്കേറ്റിന്റെ പരിഗണനയിലാണ്.

ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ഡിജിറ്റൽ സാങ്കേതിക സംവിധാനം

24 (*444) ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി:
ശ്രീ. എ. സി. മൊയ്തീൻ:
ശ്രീ. കെ. ഡി. പ്രസേനൻ:

ശ്രീ. ഐ. ബി. സതീഷ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കോളേജുകൾ, സർവ്വകലാശാലകൾ, മറ്റ് ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങൾ എന്നിവയിൽ ഡിജിറ്റൽ സാങ്കേതിക സംവിധാനം ഒരുക്കുന്നതിന്റെ ഭാഗമായി പ്രത്യേക പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; ഇതിനാവശ്യമായ ലേണിംഗ് പ്ലാറ്റ് ഫോം വികസിപ്പിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ?

DIGICOL (കോളേജുകൾക്ക് ലേർണിംഗ് മാനേജ്മെന്റ് സിസ്റ്റം):- കേരളത്തിലെ എല്ലാ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിലും ഡിജിറ്റൽ വിദ്യാഭ്യാസത്തിന് സൗകര്യമൊരുക്കാൻ ഉദ്ദേശിച്ചുകൊണ്ട് ഉന്നതവിദ്യാഭ്യാസ കൗൺസിലും ഡിജിറ്റൽ സർവ്വകലാശാലയും സംയുക്തമായി ആവിഷ്കരിച്ച പദ്ധതിയാണ് ഡിജിറ്റൽ എനേബിൾമെന്റ് ഓഫ് ഹയർ എഡ്യൂക്കേഷൻ ഇൻസ്റ്റിറ്റ്യൂഷൻസ് ഇൻ കേരള (Digital Enablement of Higher Education Institutions in Kerala) (Let's go digital) പദ്ധതി. കേരളത്തിലെ മുഴവൻ ഉന്നതവിദ്യാഭ്യാസ

സ്ഥാപനങ്ങളിലേയും അദ്ധ്യയനം (Teaching), പഠനം (Learning), വിലയിരുത്തൽ (Assessment), പരീക്ഷ (Examination) ഇവയെല്ലാം പൊതുവായ Moodle ലേണിംഗ് മാനേജ്മെന്റ് സിസ്റ്റത്തിൽ കൊണ്ടുവരികയാണ് ഡിജിറ്റൽ എനേബിൾമെന്റ് ഓഫ് ഹയർ എഡ്യുക്കേഷൻ പദ്ധതിയിലൂടെ ഉദ്ദേശിക്കുന്നത്. LMS നടപ്പിലാക്കുന്നതിന്റെ ഭാഗമായി, സംസ്ഥാനതലത്തിലും ഓരോ വിദ്യാഭ്യാസ സ്ഥാപനതലത്തിലും ആവശ്യമായ ഓൺലൈൻ പഠന സംവിധാനമാണ് ഈ പദ്ധതിയിലൂടെ വിഭാവനം ചെയ്യുന്നത്.

ചെലവുകുറഞ്ഞതും എന്നാൽ അതിവേഗംതന്നെ പ്രാവർത്തികമാക്കാൻ കഴിയുന്നതുമായ ഒരു കേന്ദ്രീകൃത മാതൃകയാണിത്. Virtual Machine Docker Containers System (VMDCS) എന്ന ടെക്നോളജി അടിസ്ഥാനപ്പെടുത്തിയാണ് ഇത് നടപ്പിലാക്കുന്നത്. ഈ മാതൃകയ്ക്ക് പരിമിതമായ മെഷീൻ സംവിധാനം മതിയാകും. സർവ്വകലാശാലകളിലെയും കോളേജുകളിലെയും എല്ലാ വിദ്യാർത്ഥികൾക്കും അദ്ധ്യാപകർക്കും Moodle പോർട്ടൽ ലഭ്യത ഇത് ഉറപ്പാക്കുന്നു.

<u>അദ്ധ്യാപക പരിശീലനം:</u> ഓൺലൈൻ പഠനവുമായി ബന്ധപ്പെട്ട് യൂണിവേഴ്സിറ്റി/കോളേജ് അദ്ധ്യാപകർക്കായി പരിശീലന പരിപാടി ഉന്നതവിദ്യാഭ്യാസ കൗൺസിൽ നൽകിക്കഴിഞ്ഞു.

സംസ്ഥാനത്തെ 22 കോളേജുകളിൽ ഓൺലൈൻ ക്ലാസുകൾക്കായുള്ള ഏകീകൃത പ്ലാറ്റ്ഫോം (MOODLE LMS) Digital University Server സംവിധാനത്തിൽ സ്ഥാപിച്ചുകഴിഞ്ഞു. 31 കോളേജുകളുടെ പരിശീലന പരിപാടികൾ പൂർത്തിയായി. പരിശീലന പരിപാടികളിൽ നാളിതുവരെ 2267 അദ്ധ്യാപകർക്ക് മൂഡിൽ LMS-ൽ പരിശീലനം നൽകുകയുണ്ടായി.

(ബി) പ്രസ്തുത പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത് എന്തൊക്കെയാണ്; സംസ്ഥാനത്തെ സർവ്വകലാശാലാ ലൈബ്രറികളെയും മറ്റ് ലൈബ്രറികളെയും ഏകോപിപ്പിക്കുന്ന വിഷയം പദ്ധതിയുടെ പരിഗണനയിലുണ്ടോ; പ്രസ്തുത പദ്ധതി ഉന്നതവിദ്യാഭ്യാസ മേഖലയിൽ എന്തെല്ലാം മാറ്റങ്ങൾക്ക് വഴിവയ്ക്കുമെന്ന് വിശദമാക്കാമോ?

അക്കാദമിക് അഡ്മിനിസ്ട്രേഷനും സിസ്റ്റം അഡ്മിനിസ്ട്രേഷനും കണ്ടന്റ് ഡെവലപ്മെന്റും സംസ്ഥാനതലത്തിൽ കേന്ദ്രീകരിച്ച് നടപ്പാക്കുന്നതിലൂടെ

സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസ മേഖലയെ ഒരു മാതൃകാ വൈജ്ഞാനിക സമൂഹമാക്കി മാറ്റുന്നതിനാണ് പ്രസ്തുത പദ്ധതികൊണ്ട് ലക്ഷ്യമിടുന്നത്. കേരള സംസ്ഥാന ഉന്നതവിദ്യാഭ്യാസ കൗൺസിലിന്റെ നേതൃത്വത്തിൽ സംസ്ഥാനത്തെ 11 സർവ്വകലാശാല ലൈബ്രറികളിലെ 15 ലക്ഷത്തോളം പുസ്തകങ്ങളും തീസിസുകളും കൂട്ടിയിണക്കി സംസ്ഥാനതലത്തിൽ കേരള അക്കാദമിക് ലൈബ്രറി നെറ്റ്‌വർക്ക് (Kerala Academic Library Network - KALNET) പ്രവർത്തനം ആരംഭിച്ചു. ഇത് വിദ്യാർത്ഥികൾക്കും ഗവേഷകർക്കും പ്രയോജനപ്പെടുന്നതാണ്. സംസ്ഥാനത്തെ കോളേജുതല ലൈബ്രറികളേയും ഈ ശൃംഖലയിൽ പങ്കാളികളാക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. രണ്ടാംഘട്ടമായി സർവ്വകലാശാല ലൈബ്രറികളിലെ അപൂർവ്വ ശേഖരണവും പുസ്തകങ്ങളും ഡിജിറ്റൈസ് ചെയ്യാനുള്ള പദ്ധതി ആരംഭിക്കും.

കാൾനെറ്റ് നെറ്റ്‌വർക്കിന് 11 സർവ്വകലാശാലകളിലായി ഏകദേശം 15 ലക്ഷത്തിന്റെ പുസ്തകശേഖരമുണ്ട്. പുസ്തകത്തിന്റെ ഉറവിടം എവിടെയാണെന്ന് ഒരു ഗവേഷകന് അറിയാൻ കഴിയും. ഭാവിയിൽ, ഡോക്യുമെന്റ് ഡെലിവറി സേവനങ്ങൾ നൽകാൻ പദ്ധതിയിട്ടിട്ടുണ്ട്.

ഇ-ജേണൽ പദ്ധതി പ്രാവർത്തികമാകുന്നതോടെ സർവ്വകലാശാലാ ലൈബ്രറികൾക്കും കൂടുതൽ ഇ-ജേണലുകൾ വിദ്യാർത്ഥികൾക്കും ഗവേഷകർക്കും ലഭ്യമാക്കാൻ സാധിക്കും.

(സി) സർവ്വകലാശാലകളിൽ നൂതന പഠന വകുപ്പുകളും ആധുനിക ഹ്രസ്വകാല കോഴ്സുകളും ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കാമോ?

ഉണ്ട്. കേരള സർവ്വകലാശാലയിൽ Department of Communication Science and Electronics, Department of Artificial Intelligence, Department of Data Science, Department of Functional Organic Materials, Department of Oceanography and Blue Economy, Department of Renewable Energy, Department of Integrative Biology, Department of Atmospheric Science, Department of Data Science തുടങ്ങിയ ഒൻപത് നൂതന പഠനവകുപ്പുകൾ ആരംഭിക്കുന്നുണ്ട്.

കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാലയിൽ മറൈൻ സയൻസിൽ ഇന്റഗ്രേറ്റഡ് എം.എസ്.സി., ജിനോമിക്സിൽ എം.എസ്.സി., റഡാർ ടെക്നോളജിയിൽ എം.ടെക്, മെറ്റീരിയൽ സയൻസിൽ എം.ടെക് സെൻസർ

ടെക്നോളജിയിൽ എം.ടെക് എന്നീ കോഴ്സുകൾ തുടങ്ങാനുള്ള പദ്ധതികൾ വിഭാവനം ചെയ്തിട്ടുണ്ട്.

എം.ജി. സർവ്വകലാശാലയിൽ പുതുതലമുറ കോഴ്സുകളിൽ പഠന ഗവേഷണ പ്രവർത്തനങ്ങൾ നടത്തുന്നതിന് School of Mathematics & Statistics, School of Artificial Intelligence & Robotics, School of Nano Science & Nano Technology, School of Energy Materials, School of Food Science & Technology, School of Data Analytics എന്നീ പഠനകേന്ദ്രങ്ങൾ ആരംഭിച്ചിട്ടുണ്ട്. Data Science, Artificial Intelligence and Robotics, Food Science, Materials Science തുടങ്ങിയ നവീന പഠന വിഷയങ്ങളിൽ കോഴ്സുകൾ ആരംഭിച്ചിട്ടുണ്ട്.

കാലിക്കറ്റ് സർവ്വകലാശാലയിൽ ഫോറൻസിക് സയൻസ് പഠന വകുപ്പ്, ആന്ത്രോപ്പോളജി പഠന വകുപ്പ്, റേഡിയേഷൻ ഫിസിക്സ് പഠന വകുപ്പ് എന്നിവ റഗുലർ മോഡിൽ ആരംഭിക്കുന്ന കാര്യം പരിശോധിച്ചുവരുന്നു.

ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വലാശാലയിൽ എം.എ. മ്യൂസിയോളജി പ്രോഗ്രാം 2020-21 അക്കാദമിക വർഷം മുതൽ ആരംഭിച്ചിട്ടുണ്ട്.

കണ്ണൂർ സർവ്വകലാശാലയിൽ വിവിധ പഠന വകുപ്പുകളിൽ വാല്യൂ ആഡഡ് കോഴ്സുകളും സ്കിൽ ഡെവലപ്മെന്റ് കോഴ്സുകളും ആരംഭിക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

എ.പി.ജെ. അബ്ദുൾ കലാം സർവ്വകലാശാലയിൽ നൂതന പഠന വകുപ്പുകൾ 2019 മുതൽ പ്രോത്സാഹിപ്പിക്കുകയും അത് തുടങ്ങുന്നതിനുള്ള സൗകര്യങ്ങൾ ചെയ്തിട്ടുമുണ്ട്. 13-ഓളം ബിരുദ കോഴ്സുകളും 15-ഓളം പി.ജി. കോഴ്സുകളും ഇത്തരം പഠന വകുപ്പുകളുമായി ബന്ധപ്പെട്ടതാണ്.

ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റിയിൽ അസാപ്പുമായി ചേർന്ന് തൊഴിലധിഷ്ഠിതവും വിവിധ കാലയളവുള്ളതുമായ കോഴ്സുകൾ തുടങ്ങുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

കെ-സ്കിൽ കാമ്പയിൻ

25 (*445) ശ്രീ. പി. ടി. എ. റഹീം:
ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ:
ശ്രീമതി ദെലീമ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു) സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലയളവ് മുതൽ നാളിതുവരെ വിദ്യാർത്ഥികളുടെയും തൊഴിലന്വേഷകരുടെയും നൈപുണ്യ വികസനത്തിനും തൊഴിൽക്ഷമത വർദ്ധിപ്പിക്കുന്നതിനുമായി അസാപ് നടപ്പാക്കി വരുന്ന പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ?

ഉണ്ട്; റെഗുലർ വിദ്യാഭ്യാസത്തോടൊപ്പം അസാപ് കോഴ്സ് കൂടി പഠിച്ച വിദ്യാർത്ഥികളും അസാപ് ഇതര വിദ്യാർത്ഥികളും തമ്മിലുള്ള തൊഴിൽക്ഷമതയിലെ അന്തരം വിലയിരുത്തുന്നതിന്റെ ഭാഗമായി 2016 മുതൽ 2019 വരെ ഓരോ വർഷവും എംപ്ലോയബിലിറ്റി സർവ്വേ നടത്തുകയുണ്ടായി. ഒരു മൂന്നാം പാർട്ടി സ്വതന്ത്രമായി നടത്തിയ ഈ സർവ്വേകളിൽ വിദ്യാർത്ഥികൾ തമ്മിൽ തൊഴിൽക്ഷമത, മനോഭാവം, വിജ്ഞാനം, തൊഴിൽ മേഖലയെക്കുറിച്ചുള്ള അറിവ്, ഇംഗ്ലീഷ് ഭാഷാ പ്രാവീണ്യം, വ്യക്തിഗത നൈപുണ്യം എന്നീ ഘടകങ്ങൾ പരിശോധിക്കപ്പെട്ടു.

2015 മുതൽ 2019 വരെ വർഷാവർഷം നടത്തിയ ഈ പഠനത്തിന്റെ അടിസ്ഥാനത്തിൽ അസാപ് ഇതര വിദ്യാർത്ഥികളുമായി താരതമ്യം

ചെയ്യുമ്പോൾ അസാപ് വിദ്യാർത്ഥികൾക്ക് തൊഴിൽക്ഷമത കൂടുതലാണെന്ന് വിലയിരുത്താൻ സാധിച്ചിരുന്നു. കൂടാതെ, 2012-13 മുതൽ 2016-17 വരെ അസാപ് കേരളയുടെ പരിശീലനം പൂർത്തിയാക്കിയ വിദ്യാർത്ഥികൾ നിലവിൽ എന്ത് ചെയ്യുന്നുവെന്ന് മനസ്സിലാക്കാനും അവരിൽ നിന്നും ഫീഡ്ബാക്ക് സ്വീകരിക്കുവാനുമായി ഇന്ത്യയിലെ പ്രമുഖ കമ്പനിയായ നീൽസൺ ഇന്ത്യ മുഖേന ട്രേസബിലിറ്റി സ്റ്റഡി നടത്തിയിരുന്നു. ഇതു പ്രകാരം 90-92% വിദ്യാർത്ഥികളും ആത്മവിശ്വാസം ആർജ്ജിച്ച് ഉന്നതവിദ്യാഭ്യാസത്തിലേയ്ക്ക് തിരിഞ്ഞിട്ടുണ്ടെന്നും 8-10% വിദ്യാർത്ഥികൾ ജോലിയിൽ പ്രവേശിച്ചുവെന്നും മനസ്സിലാക്കാൻ കഴിഞ്ഞു. തൊഴിൽദാതാക്കളിൽ 90% പേരും അസാപ് പരിശീലനം ലഭിച്ച വിദ്യാർത്ഥികളെക്കുറിച്ച് വളരെ മതിപ്പുള്ളവരായിരുന്നു.

പ്രവർത്തനങ്ങൾക്കുള്ള വിലയിരുത്തലായി അസാപ്പിന് ലഭിച്ച അംഗീകാരങ്ങളിൽ ചിലത് താഴെ പറയുന്നു.

എ) 2017-ൽ നീതി ആയോഗിൽ നിന്നും നൈപുണ്യ പരിശീലന മേഖലയിലെ ബേസ്ഡ് പ്രാക്ടീസിനുള്ള പ്രത്യേക പരാമർശം ലഭിച്ചു.

ബി) 2020-ൽ എ.ഡി.ബി.-യുടെ ജെൻഡർ ആക്ഷൻ പ്ലാൻ ഏറ്റവും ഫലപ്രദമായി നടപ്പിലാക്കിയ ഏജൻസിക്കുള്ള അവാർഡ് ലഭിച്ചു.

സി) 2022-ൽ ഇന്ത്യ സ്കിൽ റിപ്പോർട്ടിൽ തൊഴിൽക്ഷമതയിൽ കേരളം മൂന്നാം സ്ഥാനം നേടുകയും അതിന് പിന്നിൽ പ്രവർത്തിച്ച അസാപ് കേരളയ്ക്ക് നൈപുണ്യ പരിശീലനരംഗത്തെ സംഭാവനകൾ പരിഗണിച്ച് പ്രത്യേക പരാമർശം ലഭിക്കുകയും ചെയ്തു.

ഡി) 2022-ൽ ജൂലൈയിൽ കേരളത്തിലെ സ്കില്ലിംഗ് പരിശീലനത്തിനുള്ള NCVET-യുടെ ഏക അവാർഡിംഗ് ബോഡിയും അസസ്സിംഗ് ഏജൻസിയുമായി അംഗീകരിക്കപ്പെട്ടു.

(ബി) മാരിടൈം മേഖലയിലെ മാറിയ തൊഴിൽ സാഹചര്യത്തിനനുസരിച്ച് സംസ്ഥാനത്തെ തൊഴിലന്വേഷകരെ സജ്ജമാക്കുന്നതിനായി പ്രത്യേക പരിശീലന പദ്ധതികൾ രൂപീകരിക്കുവാൻ തയ്യാറാകുമോ; വ്യക്തമാക്കുമോ?

മാരിടൈം മേഖലയിൽ നൈപുണ്യ വികസന കോഴ്സുകൾ ഇപ്പോൾ നൽകുന്നില്ല.

(സി) കെ-സ്കിൽ കാമ്പയിൻ കൊണ്ട് ലക്ഷ്യമിടുന്നതെന്താണെന്ന് വിശദമാക്കുമോ?

കേരളത്തിലെ യുവജനങ്ങൾക്ക് നഗര/ഗ്രാമ വ്യത്യാസമില്ലാതെ പുതുതലമുറ നൈപുണ്യ കോഴ്സുകളിൽ പരിശീലനം നൽകി അവരുടെ തൊഴിൽക്ഷമത വർദ്ധിപ്പിക്കുകയും അതുവഴി രാജ്യത്തിനകത്തും പുറത്തുമുള്ള തൊഴിലവസരങ്ങൾ കരഗതമാക്കാൻ യുവതലമുറയെ പ്രാപ്തരാക്കുകയും ചെയ്യുക എന്ന ലക്ഷ്യത്തോടെ ആവിഷ്കരിച്ച ഒരു സമഗ്ര നൈപുണ്യ പരിശീലന സംരംഭമാണ് കെ-സ്കിൽ.

പോളിടെക്നിക് കോളേജുകളുടെ നിലവാരം ഉയർത്തുന്നതിനുള്ള നടപടി

26 (*446)ശ്രീ. വി. കെ. പ്രശാന്ത്:
ശ്രീ. കെ. ജെ. മാക്സി:
ഡോ. സുജിത് വിജയൻപിള്ള:
ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പോളിടെക്നിക് കോളേജുകളുടെ നിലവാരം ഉയർത്തുന്നതിനും പോളിടെക്നിക് കോഴ്സുകൾ വ്യവസായ മേഖലയുടെ

ആവശ്യങ്ങൾക്കനുസൃതമായി നവീകരിക്കുന്നതിനും ഉദ്ദേശിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ?

സംസ്ഥാനത്തെ പോളിടെക്നിക്ക് കോളേജുകളുടെ നിലവാരം ഉയർത്തുന്നതിനും പോളിടെക്നിക്ക് കോഴ്സുകൾ വ്യവസായ മേഖലയുടെ ആവശ്യങ്ങൾക്കനുസൃതമായി നവീകരിക്കുന്നതിൻെറയും ഭാഗമായി ചുവടെ പറയും പ്രകാരമുള്ള പ്രവർത്തനങ്ങൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു.

i) പോളിടെക്നിക്ക് കോളേജുകളിൽ വ്യവസായധിഷ്ഠിതമായ Out come based ഡിപ്ലോമ കരിക്കുലം റിവിഷൻ 2021 ആവിഷ്കരിച്ചു.

ii) ഡിപ്ലോമ വിദ്യാഭ്യാസ നിലവാരം ഉയർത്തുന്നതിനുവേണ്ടിയും പോളിടെക്നിക്ക് കോളേജുകളിലെ പ്രോഗ്രാമുകൾ NBA-യുടെ അക്രഡിറ്റേഷൻ നേടുന്നതിനുവേണ്ടി എല്ലാ സ്ഥാപനങ്ങളും തയ്യാറെടുത്തു തുടങ്ങിയിരിക്കുന്നു.

iii) റിവിഷൻ 2021 ഡിപ്ലോമ കരിക്കുലം നടപ്പിലാക്കിയതിലൂടെ വിദ്യാർത്ഥികളുടെ വ്യവസായധിഷ്ഠിതമായ കഴിവുകൾ വികസിപ്പിക്കുന്നതിൽ ശ്രദ്ധ കേന്ദ്രീകരിച്ചിരിക്കുന്നു. ഇതിന്റെ ഭാഗമായി രണ്ടാം സെമസ്റ്ററിന് ശേഷം 3 ആഴ്ച ഇന്റേൺഷിപ്പും നാലാം സെമസ്റ്ററിന് ശേഷം 4 ആഴ്ച

ഇന്റേൺഷിപ്പും നടപ്പിലാക്കി. കൂടാതെ Minor Project, Major Project, Activity points അവതരിപ്പിച്ചതിലൂടെ വിദ്യാർത്ഥികളുടെ വൈദഗ്ധ്യ വികസനത്തിന് പ്രാധാന്യം നല്കി. പുതിയ കരിക്കുലം നടപ്പിലാക്കുന്നതിന്റെ ഫലപ്രാപ്തി ഉറപ്പാക്കുന്നതിനായി Handbook പ്രസിദ്ധീകരിച്ചു.

iv) Inter disciplinary പഠനത്തെ പ്രോത്സാഹിപ്പിക്കുന്നതിനായി ഓപ്പൺ ഇലക്ടീവുകൾ അവതരിപ്പിച്ചു. ഒരു കരിയർ ഓപ്ഷനായി സംരംഭകത്വം ഏറ്റെടുക്കുന്നത് പ്രോത്സാഹിപ്പിക്കുന്നതിനായി പാഠ്യപദ്ധതിയിൽ സംരംഭകത്വത്തെയും സ്റ്റാർട്ടപ്പുകളെയും കുറിച്ചുള്ള കോഴ്സ് ഉൾപ്പെടുത്തി.

v) വിദ്യാർത്ഥികളെ അവരുടെ തൊഴിൽ അഭിവൃദ്ധിക്കുവേണ്ടി ഓൺലൈനായി പഠനം നടത്തി ആഗോള തലത്തിൽ Certifications നേടുന്നതിനായി തയ്യാറാക്കുന്നതിന്റെ ഭാഗമായി ഡിപ്ലോമ കരിക്കുലത്തിൽ "Activity Points" ഉൾപ്പെടുത്തി. കൂടാതെ ആഗോള തലത്തിൽ വിദ്യാർത്ഥികളെ തൊഴിൽ പ്രാപ്തരാക്കുന്നതിനുവേണ്ടി Communication Skills in English theory ഒന്നാം സെമസ്റ്ററിലും Communication Skills in English ലാബ് രണ്ടാം സെമസ്റ്ററിലും ഉൾപ്പെടുത്തി.

vi) 03.05.2021-ലെ GO(Ms) No.257/2021/HEDN പ്രകാരം വിവിധ സ്ഥാപനങ്ങളിൽ Industry on Campus പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. കൂടാതെ 25.02.2019-ലെ GO(Rt) No.319/2019/HEDN പ്രകാരം എല്ലാ സർക്കാർ പോളിടെക്നിക്ക് കോളേജുകളെയും ASAP-ന്റെ Additional Skill Development Centre ആക്കി വിദ്യാർത്ഥികൾക്ക് ആധുനിക സാങ്കേതിക വിദ്യകൾ പരിചയപ്പെടുത്തുന്നതിന്റെ ഭാഗമായി തെരഞ്ഞെടുത്ത സ്ഥാപനങ്ങളിൽ Robotics Lab നടപ്പിലാക്കിയിട്ടുണ്ട്.

vii) ഇതിനു പുറമെ Industry-Institute-Interaction വർദ്ധിപ്പിക്കുന്നതിനുവേണ്ടി Visiting Faculty സ്കീം നടപ്പിലാക്കി.

viii) വിദ്യാർത്ഥികൾ ഡിപ്ലോമ പാസ്സാവുമ്പോൾ വ്യവസായ മേഖലയിൽ ജോലി ലഭ്യത ഉറപ്പുവരുത്തുന്നതിനായി Finishing School പദ്ധതി നടത്തി വരുന്നു.

ix) കൂടാതെ Mahindra & Mahindra, Corporate Social Responsibility (CSR) സ്കീമിന്റെ ഭാഗമായി വിദ്യാർത്ഥികളുടെ employability skill വർദ്ധിപ്പിക്കുന്നതിനുവേണ്ടി സർക്കാർ

പോളിടെക്നിക്കുകളിൽ സൗജന്യമായി പരിശീലന പരിപാടികൾ നടത്തിവരുന്നു.

(ബി) ഇൻഡസ്ട്രി ഓൺ ക്യാമ്പസ് ഇൻ പോളിടെക്നിക് പദ്ധതി പ്രകാരം ഒരു വിദ്യാർത്ഥിക്ക് അയ്യായിരം രൂപ സർക്കാർ ധനസഹായത്തോടെ കുറഞ്ഞത് പതിനായിരം രൂപയെങ്കിലും പ്രതിമാസം ലഭിക്കത്തക്കരീതിയിൽ പോളിടെക്നിക്കുകളിൽ നിന്നും പഠനം പൂർത്തിയാക്കുന്ന വിദ്യാർത്ഥികൾക്ക് ഇന്റേൺഷിപ്പ് ചെയ്യുവാൻ അവസരമൊരുക്കിയിട്ടുണ്ടോ?

ഇല്ല.

(സി) പ്രസ്തുത പദ്ധതി പഠനത്തോടൊപ്പം തൊഴിൽശേഷികൂടി ആർജ്ജിക്കുവാൻ വിദ്യാർത്ഥികളെ പ്രാപ്തരാക്കുമെന്ന് വിലയിരുത്തുന്നുണ്ടോ?

ഉണ്ട്.

(ഡി) പോളിടെക്നിക് കോഴ്സുകൾ പൂർത്തീകരിക്കുന്ന എല്ലാ വിദ്യാർത്ഥികൾക്കും തൊഴിൽ ഉറപ്പാക്കുകയെന്ന ലക്ഷ്യത്തോടെ കരിയർ ഓൺ ക്യാമ്പസ് എന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ എന്ന് അറിയിക്കാമോ?

ഇൻഡസ്ട്രീസ് ഓൺ ക്യാമ്പസ് പദ്ധതി പോളിടെക്നിക്കുകളിൽ നടപ്പാക്കി വരുന്നു. " കണക്ട് കരിയർ ടു ക്യാമ്പസ് " എന്ന പദ്ധതി 20 ലക്ഷം പേർക്ക് തൊഴിൽ നല്കണമെന്ന ലക്ഷ്യംവച്ച് കെ-ഡിസ്കിന്റേയും അസാപ്പിന്റേയും ആഭിമുഖ്യത്തിൽ 2022 ആഗസ്റ്റ് 2-ന് ആരംഭിക്കുകയാണ്.

## വി.എഫ്.പി.സി.കെ.-യുടെ പ്രവർത്തനങ്ങൾ

27 (*447) ശ്രീ. എം. എം. മണി:
ശ്രീ. കെ. കെ. രാമചന്ദ്രൻ:
ശ്രീ. പി. വി. ശ്രീനിജിൻ:
ശ്രീ. കെ. ആൻസലൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി (ശ്രീ. പി. പ്രസാദ്) സദയം മറുപടി നൽകുമോ:

(എ) പഴം, പച്ചക്കറി ഉല്പാദനത്തിൽ സുസ്ഥിര നേട്ടം കൈവരിക്കുന്നതിനായി വെജിറ്റബിൾ ആന്റ് ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ കേരള നടത്തുന്ന പ്രവർത്തനങ്ങളെ കുറിച്ച് അറിയിക്കാമോ?

പഴം-പച്ചക്കറി ഉല്പാദനത്തിൽ സുസ്ഥിര നേട്ടം കൈവരിക്കുന്നതിനായി വി.എഫ്.പി.സി.കെ നടപ്പിലാക്കിവരുന്ന പ്രവർത്തനങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) നിശ്ചിത നിലവാരമുള്ള വിത്ത്, വളം, കാർഷികോപകരണങ്ങൾ, ജൈവ കീടനിയന്ത്രണകാരികൾ എന്നിവ ലഭ്യമാക്കാനായി വി.എഫ്.പി.സി.കെ. കൃഷി വാണിജ്യ കേന്ദ്രങ്ങൾ സ്ഥാപിച്ചിട്ടുണ്ടോ; എങ്കിൽ എവിടെയെല്ലാമാണെന്ന് വ്യക്തമാക്കാമോ; ഇവ കൂടുതൽ സ്ഥലങ്ങളിലേയ്ക്ക് വ്യാപിപ്പിക്കുന്ന കാര്യം പരിഗണിക്കുമോ?

ഉണ്ട്. ഗുണമേന്മയുള്ള വിത്ത്, വളം, കാർഷികോപകരണങ്ങൾ, ജൈവ കീടനിയന്ത്രണകാരികൾ എന്നിവ ലഭ്യമാക്കുന്നതിനായി വി.എഫ്.പി.സി.കെ.-യുടെ കീഴിൽ തിരുവനന്തപുരത്ത് ആനയറ, എറണാകുളത്ത് കാക്കനാട്, കാസർഗോഡ് വിദ്യാനഗർ എന്നിവിടങ്ങളിൽ കൃഷി ബിസിനസ്സ് കേന്ദ്രങ്ങൾ പ്രവർത്തിച്ചുവരുന്നു. ഈ വാണിജ്യ കേന്ദ്രങ്ങൾവഴി ജൈവവളം, ജീവാണുവളം, വളർച്ചാ ത്വരകങ്ങൾ, ജൈവകീടനാശിനികൾ എന്നിവയടങ്ങുന്ന സസ്യസംരക്ഷണ ഉല്പാദനോപാധികളുടെ ഉല്പന്നങ്ങൾ ലഭ്യമാക്കിവരുന്നു. മറ്റ് ജില്ലകളിൽ സ്ഥല ലഭ്യതയ്ക്കനുസരിച്ച് കൃഷി ബിസിനസ്സ് കേന്ദ്രങ്ങൾ ആരംഭിക്കുന്നതാണ്.

(സി) പഴം, പച്ചക്കറികളുടെ കയറ്റുമതിക്കായി വി.എഫ്.പി.സി.കെ. നടത്തുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണ്?

കേരളത്തിലെ കാർഷിക കയറ്റുമതി നയം നടപ്പിലാക്കുന്നതിന് നോഡൽ ഏജൻസിയായി വി.എഫ്.പി.സി.കെ.-യെയാണ് സർക്കാർ തെരഞ്ഞെടുത്തിരിക്കുന്നത്. നോഡൽ ഏജൻസി എന്ന നിലയിൽ കൗൺസിൽ നടത്തിയ പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു.

1. കാർഷിക കയറ്റുമതി നയത്തിന്റെ സ്ഥാപന സംവിധാനത്തിന്റെ ഭാഗമായി വാണിജ്യവകുപ്പ്, കേന്ദ്ര ഗവൺമെന്റ്, സംസ്ഥാന സർക്കാർ എന്നിവ തമ്മിലുള്ള ഏകോപനവും വ്യാപാര സംബന്ധമായ പ്രശ്നങ്ങൾ, ലോജിസ്റ്റിക്സ്, കാർഷിക സേവന കയറ്റുമതി തുടങ്ങിയവയുടെ അവലോകനം മുതലായവ കൈകാര്യം ചെയ്യുന്നതിന് സംസ്ഥാനതല എക്സ്പോർട്ട് പ്രൊമോഷൻ കമ്മിറ്റി രൂപീകരിക്കുന്നതിനുവേണ്ട മാർഗ്ഗനിർദ്ദേശങ്ങൾക്കനുസരിച്ച് സംസ്ഥാനതല എക്സ്പോർട്ട് പ്രൊമോഷൻ കമ്മിറ്റി രൂപീകരിച്ചു.

2. അപേഡയിൽ നിന്നും ലഭിച്ച നിർദ്ദേശമനുസരിച്ച് കേരളത്തിലെ കാർഷിക കയറ്റുമതി നയത്തിന്റെ ഭാഗമായുള്ള സെൻട്രൽ സെക്ടർ പ്രോജക്ട് പ്രകാരം 2020-21 വർഷത്തേയ്ക്കുള്ള കുരുമുളക്, ഏലം, മഞ്ഞൾ, വാഴ എന്നീ ഉൽപ്പന്ന ക്ലസ്റ്ററുകളുടെ രൂപീകരണത്തിന് 883 ലക്ഷം രൂപയുടെ പദ്ധതി

തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ട്. ഇതിൻപ്രകാരം വാഴ ക്ലസ്റ്റർ പ്രവർത്തനങ്ങൾ നടപ്പിലാക്കുവാൻ വി.എഫ്.പി.സി.കെ.-യാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്. തൃശ്ശൂർ, വയനാട്, തിരുവനന്തപുരം ജില്ലകളിൽ ബനാന ക്ലസ്റ്റർ രൂപീകരിക്കുകയും ക്ലസ്റ്റർ ഫെസിലിറ്റേഷൻ കമ്മിറ്റി രൂപീകരിക്കുകയും നിലവിലുള്ള കയറ്റുമതി അധിഷ്ഠിത വാഴകൃഷിയ്ക്കുവേണ്ട അടിസ്ഥാന സൗകര്യങ്ങളും പോരായ്മകളും വിലയിരുത്തുകയും ചെയ്തു. ക്ലസ്റ്റർ തലത്തിലുള്ള പ്രവർത്തനങ്ങൾ ചർച്ച ചെയ്യുവാനും റോഡ് മാപ്പ് തയ്യാറാക്കുന്നതിനുമായി പ്രിൻസിപ്പൽ കൃഷി ഓഫീസറുടെ നേതൃത്വത്തിൽ ജില്ലാതലത്തിൽ കൃഷിയുമായി ബന്ധപ്പെട്ട കേരള അഗ്രികൾച്ചർ യൂണിവേഴ്സിറ്റി, എഫ്.പി.ഒ.-കൾ, നബാർഡ് തുടങ്ങിയവരുമായി സഹകരിച്ച് പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തുവരുന്നു. ഈ ജില്ലകളിൽ കയറ്റുമതി പ്രോത്സാഹിപ്പിക്കുന്നതിന് എഫ്.പി.ഒ.-കളും രൂപീകരിച്ചിട്ടുണ്ട്.

ഇതിന്റെ ഭാഗമായി നോഡൽ ഏജൻസി എന്ന നിലയിൽ അപേഡയുടെ സഹായത്തോടെ 240 കർഷകർക്കും 270 ഉദ്യോഗസ്ഥർക്കും കയറ്റുമതി സംബന്ധിച്ച പരിശീലനങ്ങളും 60 കർഷകരെ ഉൾപ്പെടുത്തി

പഠനയാത്രകളും സംഘടിപ്പിച്ചു. കുരുമുളക്, ഏലം, മഞ്ഞൾ എന്നിവയുടെ ക്ലസ്റ്റർ രൂപീകരണത്തിന് അനുവാദം ലഭ്യമായിട്ടില്ല.

3. കോവിഡ് കാലത്ത് കേരളത്തിലെ കയറ്റുമതിയുടെ നോഡൽ ഏജൻസി എന്ന നിലയിൽ എക്സ്പോർട്ടേഴ്സിന്റെ ബുദ്ധിമുട്ടുകൾ അപേഡയെ അറിയിക്കുന്നതിനും കയറ്റുമതി പ്രവർത്തനങ്ങൾ പുനരാരംഭിക്കുന്നതിനായി എക്സ്പോർട്ടർമാർക്ക് പാസ്സുകൾ നൽകുകയും ചെയ്തിട്ടുണ്ട്.

4. കയറ്റുമതി പ്രോത്സാഹിപ്പിക്കുന്നതിന് കയറ്റുമതി മൂല്യമുള്ള ഉൽപ്പന്നങ്ങളുടെ ഉൽപാദനം, GAP/PGS മാനദണ്ഡങ്ങളനുസരിച്ചും NRCB Trichy നൽകിയ സീ-ഷിപ്പ്മെന്റ് പ്രോട്ടോകോൾ പ്രകാരവും നടപ്പിലാക്കുന്നതിന് 2020-21 വർഷം കൗൺസിൽ മുന്തിയ പരിഗണന നൽകുകയുണ്ടായി. അതിൻപ്രകാരം യു.കെ-യിലേയ്ക്ക് ഒരു കണ്ടെയ്നർ നേന്ത്രക്കായ വിജയകരമായി കയറ്റുമതി ചെയ്യുകയും ചെയ്തു. ഇതിനെത്തുടർന്ന് കയറ്റുമതിക്കനുയോജ്യമായ കൃഷി രീതികൾ പ്രോത്സാഹിപ്പിച്ചു. 45 മെട്രിക് ടൺ പഴം-പച്ചക്കറി ഉൽപ്പന്നങ്ങൾ സിംഗപ്പൂർ, കുവൈറ്റ്, ഇംഗ്ലണ്ട്, യു.എ.ഇ. തുടങ്ങിയ രാജ്യങ്ങളിലേയ്ക്ക് കയറ്റുമതി ചെയ്തിട്ടുണ്ട്.

5. കേരളത്തിലെ കാർഷിക കയറ്റുമതിയുമായി ബന്ധപ്പെട്ട് സാങ്കേതികവും അടിസ്ഥാന സൗകര്യങ്ങളിലുമുള്ള പോരായ്മകൾ മനസ്സിലാക്കുവാനും കയറ്റുമതി പ്രോത്സാഹിപ്പിക്കുവാനുമുള്ള ഒരു പഠനം നടത്തി റിപ്പോർട്ട് സർക്കാരിൽ ലഭ്യമാക്കിയിട്ടുണ്ട്. ഇതിന്റെ ഭാഗമായി കേരള കാർഷിക സർവ്വകലാശാലയുടെ വെള്ളായണിയിൽ പ്രവർത്തിക്കുന്ന ലാബിനെ അപേഡയുടെ കീഴിൽ നോട്ടിഫൈ ചെയ്യുന്നതിന് നോഡൽ ഏജൻസി മുൻകൈ എടുത്തിട്ടുണ്ട്.

6. ദേശീയതലത്തിൽ അപേഡ സംഘടിപ്പിക്കുന്ന യോഗങ്ങളിൽ പങ്കെടുക്കുകയും കൃഷി വകുപ്പ്, FIEO ഉൾപ്പെടെ കയറ്റുമതി രംഗത്ത് പ്രവർത്തിക്കുന്ന സംഘടനകൾ സംഘടിപ്പിക്കുന്ന പരിശീലന പരിപാടികളിൽ ക്ലാസ്സുകൾ കൈകാര്യം ചെയ്യുകയും ചെയ്തുവരുന്നു.

7. വാഴക്കും പൈനാപ്പിളിന്റെ പ്രോട്ടോകോൾ വികസനത്തിനുള്ള പ്രവർത്തനങ്ങളും ആരംഭഘട്ടത്തിലാണ്.

8. കൃഷി വകുപ്പിലേയും വി.എഫ്.പി.സി.കെ.-യിലേയും ഉദ്യോഗസ്ഥർക്ക് കയറ്റുമതി സംബന്ധമായ വിദഗ്ധ പരിശീലനം ഇന്ത്യൻ

ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പ്ലാന്റേഷൻ മാനേജ്മെന്റ്, ബാംഗ്ലൂരിൽ 2022 ജൂലൈ അവസാനം നടത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

ക്ഷീരസംഘങ്ങൾക്കുമേൽ ആദായ നികുതി

28 (*448) ശ്രീ. വി. ജോയി:
ശ്രീമതി കാനത്തിൽ ജമീല:
ശ്രീ. എ. രാജ:
ശ്രീ. കെ. എൻ. ഉണ്ണിക്കൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി (ശ്രീമതി ജെ. ചിഞ്ചുറാണി) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ക്ഷീരോല്പാദക മേഖലയിലെ ചെലവ് അയൽ സംസ്ഥാനങ്ങളെ അപേക്ഷിച്ച് അധികമായതിനാലും തദനുസൃതം ഉല്പന്ന വിലവർദ്ധനവ് അപ്രായോഗികമായതിനാലും മൂല്യവർദ്ധിതോല്പന്നങ്ങളുടെ വിപുലീകരണത്തിലൂടെ കർഷകർക്ക് മെച്ചപ്പെട്ട വില ഉറപ്പാക്കുന്നതിനുള്ള മിൽമയുടെ ശ്രമങ്ങളെ പാലുല്പന്നങ്ങളുടെമേൽ ജി.എസ്.ടി. ചുമത്തിയ കേന്ദ്ര സർക്കാർ നടപടി എങ്ങനെ ബാധിക്കുമെന്നാണ് വിലയിരുത്തിയിട്ടുള്ളത്?

കർഷകരുടെ അധികം വരുന്ന പാൽ ക്ഷീരവികസന വകുപ്പിനു കീഴിലുള്ള ക്ഷീരസംഘങ്ങൾ വഴിയാണ് സഹകരണ ക്ഷീരോല്പാദക മേഖലാ

യൂണിയനുകൾ ശേഖരിക്കുന്നത്. സഹകരണ ക്ഷീരോൽപ്പാദക മേഖലാ യൂണിയനുകളുടെ 83% ലാഭവിഹിതവും ക്ഷീരസംഘങ്ങൾ വഴി വിവിധ ആനുകൂല്യങ്ങളായും പാൽവിലയായും കർഷകർക്കാണ് നൽകുന്നത്. മിൽമയുടെ പാലുൽപ്പന്നങ്ങളുടെ മേൽ ജി.എസ്.ടി. ചുമത്തുന്ന നടപടി കർഷകക്ഷേമ പ്രവർത്തനങ്ങളെ പ്രതികൂലമായി ബാധിക്കുന്നതാണ്. മിൽമ എകദേശം 200000 ലിറ്റർ പാൽ ദിവസേന വിവിധ മൂല്യവർദ്ധിത ഉല്പന്നങ്ങളാക്കി മാറ്റുന്നുണ്ട്. മൂല്യവർദ്ധിത ഉല്പന്നങ്ങളിൽ ജി.എസ്.ടി. ചുമത്തുമ്പോൾ യൂണിയനുകളുടെ ഉല്പന്നങ്ങളുടെ വിൽപ്പന കുറയാനിടയുണ്ട്. അത്തരത്തിൽ വിൽപ്പന കുറയുന്നപക്ഷം യൂണിയനുകളുടേയും ലാഭത്തിൽ ഗണ്യമായ കുറവുണ്ടാവുകയും കർഷകർക്ക് നൽകിവരുന്ന വിവിധ ആനുകൂല്യങ്ങളിൽ അത് പ്രതിഫലിക്കുകയും ചെയ്യുന്നതാണ്.

മൂല്യവർദ്ധിതോല്പന്നങ്ങൾക്ക് ജി.എസ്.ടി. ചുമത്തുമ്പോൾ പാലുല്പന്നങ്ങളുടെ വില വർദ്ധിപ്പിക്കുന്നതിന് നിർബന്ധിതമാകുന്ന സാഹചര്യം സംജാതമാകും.

(ബി) കേന്ദ്ര സർക്കാർ ക്ഷീരസംഘങ്ങൾക്ക് മേൽ ആദായനികുതി ഏർപ്പെടുത്തിയ കർഷകവിരുദ്ധ നടപടി പിൻവലിച്ചിട്ടുണ്ടോ; സംസ്ഥാന

ആവശ്യത്തോടുള്ള കേന്ദ്ര സർക്കാരിന്റെ പ്രതികരണം വ്യക്തമാക്കാമോ?

പിൻവലിച്ചിട്ടില്ല. ക്ഷീരസംഘങ്ങളെ ഇൻകം ടാക്സിൽ നിന്നും ഒഴിവാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിനായി കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്. മറുപടി ലഭ്യമായിട്ടില്ല.

(സി) വർദ്ധിച്ചതോതിലുള്ള ഉല്പാദനച്ചെലവ് സംസ്ഥാനത്തെ ക്ഷീരോല്പാദന ലക്ഷ്യത്തെ ദുർബ്ബലപ്പെടുത്താതിരിക്കാൻ സർക്കാർ ഏതെല്ലാം തരത്തിലുള്ള ഇടപെടൽ നടത്തുന്നുണ്ടെന്ന് അറിയിക്കാമോ?

ക്ഷീരമേഖലയിൽ ഉല്പാദനച്ചെലവ് കുറയ്ക്കുന്നതിനും സ്വയംപര്യാപ്തത കൈവരിക്കുന്നതിനും പാൽ ഉല്പാദനം വർദ്ധിപ്പിക്കുന്നതിനും ക്ഷീരവികസന വകുപ്പ് വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു.

അയൽ സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളത്തിലെ ക്ഷീരമേഖലയിൽ ഉല്പാദന ചെലവ് കൂടുന്നതിനുള്ള പ്രധാന കാരണം തീറ്റപ്പുല്ലിന്റെ ദൗർലഭ്യമാണ്. കേരളത്തിൽ ആവശ്യമായ തീറ്റപ്പുല്ലിന്റെ 46% മാത്രമാണ് സംസ്ഥാനത്ത് ഉല്പാദിപ്പിക്കപ്പെടുന്നുള്ളൂ. തീറ്റപ്പുൽകൃഷിയുടെ നോഡൽ ഏജൻസി എന്ന നിലയിൽ ക്ഷീരവികസന വകുപ്പ് വിവിധങ്ങളായ തീറ്റപ്പുൽകൃഷി വികസന പദ്ധതികൾ നടപ്പിലാക്കിവരുന്നു.

കാലിത്തീറ്റയുടെ അസംസ്കൃത വസ്തുക്കൾ സംസ്ഥാനത്ത് ലഭ്യമല്ലാത്തതിനാലാണ് കാലിത്തീറ്റ വില നിയന്ത്രണത്തിനുള്ള ബുദ്ധിമുട്ട് നേരിടുന്നത്. കാലിത്തീറ്റയുടെ അമിത വിലവർദ്ധനവും കാലവർഷക്കെടുതിയും കാരണമുണ്ടായ തീറ്റവസ്തുക്കളുടെ ലഭ്യതക്കുറവ് പരിഹരിക്കുന്നതിനായി ക്ഷീരകർഷകർക്ക് പച്ചപ്പുല്ലും വൈക്കോലും സബ്സിഡി നിരക്കിൽ നൽകിവരുന്നു. 2021-22 സാമ്പത്തിക വർഷം 314.77 ലക്ഷം രൂപ ഇതിനായി ചെലവഴിച്ചു. 2022-23 വർഷം പച്ചപ്പുല്ലും വൈക്കോലും സബ്സിഡി നിരക്കിൽ നൽകുന്നതിനായി 257 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ക്ഷീരസംഘങ്ങൾ മുഖേനയാണ് ഈ പദ്ധതി നടപ്പിലാക്കിവരുന്നത്. കൂടാതെ ക്ഷീരസംഘങ്ങളിൽ പാൽ നൽകുന്ന കർഷകർക്ക് ക്ഷീരവികസന വകുപ്പിന്റെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും ആഭിമുഖ്യത്തിൽ 4 രൂപ വരെയും പാലിന് ഇൻസെന്റീവും നൽകിവരുന്നു.

ക്ഷീരമേഖലയിൽ ഉല്പാദന ചെലവ് കുറയ്ക്കുന്നതിനും സ്വയംപര്യാപ്തത കൈവരിക്കുന്നതിനും പാൽ ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനും മിൽമ വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു.

തിരുവനന്തപുരം മേഖലായൂണിയൻ കാലിത്തീറ്റ സബ്സിഡി തുടങ്ങി വിവിധങ്ങളായ പദ്ധതികൾ നടപ്പിലാക്കിവരുന്നു.

എറണാകുളം മേഖലാ യൂണിയൻ വൈക്കോൽ/സൈലേജ് വിതരണത്തിനായി പ്രത്യേക സംവിധാനങ്ങളൊരുക്കി അന്യസംസ്ഥാനങ്ങളിൽ നിന്നും ഏറ്റവും കുറഞ്ഞ നിരക്കിൽ ഗുണമേന്മയുള്ള വൈക്കോൽ, സൈലേജ് എന്നിവ കർഷകർക്ക് എല്ലാ വർഷവും ലഭ്യമാക്കുന്നുണ്ട്. വൈക്കോൽ, സൈലേജ് എന്നിവയ്ക്ക് കിലോഗ്രാമിന് 2 രൂപ നിരക്കിൽ സബ്സിഡിയും നൽകിവരുന്നു. മേഖലാ യൂണിയൻ വിവിധ സബ്സിഡികൾ, വേനൽക്കാല ഇൻസെന്റീവ് എന്നിവ നൽകി കർഷകനെ സഹായിക്കുന്നുണ്ട്. ഗുണമേന്മയുള്ള കാലിത്തീറ്റകൾ മറ്റ് ബദൽ തീറ്റ വസ്തുക്കൾ എന്നിവ പരമാവധി വില കുറച്ച് വിതരണം ചെയ്യുന്നതിനുവേണ്ടി മലബാർ മേഖലാ യൂണിയൻ 4 കോടി രൂപ ഈ സാമ്പത്തിക വർഷം നൽകുന്നതാണ്. മാത്രമല്ല കാലിത്തീറ്റയുടെ വില കഴിഞ്ഞ രണ്ട് വർഷക്കാലമായി മിൽമ വർദ്ധിപ്പിച്ചിട്ടില്ല.

അസംസ്കൃത വസ്തുക്കളുടെ വിലയിൽ കുറവുണ്ടായപ്പോഴെല്ലാം ഈ വിലയിൽ നിന്ന് കാലിത്തീറ്റയ്ക്ക് സർക്കാർ നയത്തിന് അനുസൃതമായി

വിലക്കിഴിവ് കേരള ഫീഡ്സ് നൽകിയിട്ടുണ്ട്. അസംസ്കൃത വസ്തുക്കളുടെ വില ഗണ്യമായി വർദ്ധിച്ചിട്ടും നിലവിൽ കേരള ഫീഡ്സ്-മിടുക്കി കാലിത്തീറ്റയ്ക്ക് ചാക്കൊന്നിന് 20 രൂപ വിലക്കിഴിവ് കമ്പനി നൽകിവരുന്നുണ്ട്. കേരള ഫീഡ്സ്-എലൈറ്റ് കാലിത്തീറ്റയ്ക്ക് സ്വകാര്യമേഖലയിലെ സമാനമായ കാലിത്തീറ്റയെക്കാൾ 135/- രൂപയും കേരള ഫീഡ്സ്-മിടുക്കി കാലിത്തീറ്റയ്ക്ക് 90/- രൂപയും നിലവിൽ വിലക്കുറവുണ്ട്.

## കാർഷിക മേഖലയിലെ തൊഴിലാളി ദൗർലഭ്യം

29 (*449) ശ്രീ. പി. ജെ. ജോസഫ്:
ശ്രീ. മോൻസ് ജോസഫ്:
ശ്രീ. അനൂപ് ജേക്കബ്:
ശ്രീ. മാണി സി. കാപ്പൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി (ശ്രീ. പി. പ്രസാദ്) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കാർഷിക മേഖലയിൽ അനുഭവപ്പെടുന്ന തൊഴിലാളി ദൗർലഭ്യം പരിഹരിക്കുന്നതിനുതകുന്ന കർമ്മപദ്ധതികൾ ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകാമോ?

തൊഴിലാളികളെ ആവശ്യാനുസരണം ലഭിക്കുന്നതിനായി സംസ്ഥാനത്തെ 14 ജില്ലകളിലായി തെരഞ്ഞെടുത്ത ഗ്രാമപഞ്ചായത്തുകളിൽ

കാർഷിക കർമ്മസേനകൾ രൂപീകരിച്ചിട്ടുണ്ട്. നിലവിൽ 368 കാർഷിക കർമ്മസേനകളാണ് രൂപീകരിച്ചിട്ടുള്ളത്. 18 വയസ്സ് മുതൽ 55 വയസ്സിനകം പ്രായമുള്ള കാർഷിക മേഖലയിലെ തൊഴിൽ ചെയ്യുവാൻ സന്നദ്ധരായ 25 മുതൽ 35 വരെ അംഗങ്ങൾ/തൊഴിലാളികൾ അടങ്ങുന്നതാണ് കാർഷിക കർമ്മസേന. കർമ്മസേനാംഗങ്ങൾക്കും മാസ്റ്റർ ട്രെയിനർമാർക്കും വിവിധ കൃഷിപ്പണികൾ ചെയ്യുന്നതിനും യന്ത്രസാമഗ്രികൾ ഉപയോഗിക്കുന്നതിനും കർമ്മസേനകൾവഴി പരിശീലനവും യന്ത്രസാമഗ്രികളും നൽകിവരുന്നു. യന്ത്രസാമഗ്രികളുടെ സഹായത്തോടെ കൃഷിപ്പണികൾ കുറഞ്ഞ സമയത്തിനുള്ളിൽ കൃത്യമായി നടത്താൻ കഴിയുന്നു. ഞങ്ങളും കൃഷിയിലേയ്ക്ക് പദ്ധതിയുടെ ഭാഗമായി സേവന മേഖലയിലുണ്ടാക്കുന്ന "കൃഷിക്കൂട്ടങ്ങൾ" കാർഷിക കർമ്മസേന ആയി മാറ്റുവാൻ സാദ്ധ്യമാകുന്നതിനാൽ അത്തരം കൃഷിക്കൂട്ടങ്ങൾക്ക് പ്രത്യേക പരിശീലനം നൽകി സേവനം ഉപയോഗപ്പെടുത്തുവാനും നടപടിയായിട്ടുണ്ട്. അതിനായി അതത് പഞ്ചായത്തിലെ തൊഴിൽരഹിതരായ യുവതീ-യുവാക്കളെ തെരഞ്ഞെടുത്ത് കൃഷിക്കൂട്ടങ്ങളാക്കി ആവശ്യമുള്ള പ്രവൃത്തിപരിചയ/നൈപുണ്യ പരിശീലനം നൽകി പ്രാപ്തരാക്കി കാർഷിക കർമ്മസേനകൾ വഴി

വിന്യസിക്കുന്നതിനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. 368 കാർഷിക കർമ്മസേനകളിലായി 4577 പേർ പ്രവർത്തിക്കുന്നുണ്ട്.

കൂടാതെ ബ്ലോക്ക് അടിസ്ഥാനത്തിൽ കാർഷിക സേവന കേന്ദ്രങ്ങൾ സ്ഥാപിച്ചിട്ടുണ്ട്. ഇതുവരെ 107 കാർഷിക സേവന കേന്ദ്രങ്ങൾ/കൃഷിശ്രീ സെന്ററുകളാണ് സ്ഥാപിച്ചിട്ടുള്ളത്. ഈ വർഷം (2022-23) 20 ബ്ലോക്കുകളിൽ പുതുതായി കാർഷിക സേവന കേന്ദ്രങ്ങൾ തുടങ്ങുന്നതിന് അംഗീകാരം ലഭ്യമായിട്ടുണ്ട്. നിലവിൽ 99 കാർഷിക സേവന കേന്ദ്രങ്ങളിലായി 1070 പേർ പ്രവർത്തിക്കുന്നുണ്ട്.

കാർഷിക മേഖലയിലെ തൊഴിലാളി ദൗർലഭ്യം പരിഹരിക്കുന്നതിന് കൃഷി വകുപ്പിൽ നിലവിൽ പ്രവർത്തിച്ചുവരുന്ന കാർഷിക കർമ്മസേനകളും കാർഷിക സേവന കേന്ദ്രങ്ങൾ/കൃഷിശ്രീ സെന്ററുകളും കൂടാതെ കെയ്കോ, കാംകോ തുടങ്ങിയ സ്ഥാപനങ്ങളുടെ സേവനവും ഉപയോഗപ്പെടുത്തിവരുന്നു.

(ബി) പ്രസ്തുത ലക്ഷ്യം മുൻനിർത്തി കേന്ദ്ര സഹായത്തോടെ നിലവിൽ എന്തെങ്കിലും പദ്ധതികൾ സംസ്ഥാനത്ത് നടപ്പാക്കിവരുന്നുണ്ടോ; വ്യക്തമാക്കാമോ?

കാർഷികമേഖലയിലെ യന്ത്രവൽക്കരണം മുഖേന തൊഴിലാളിക്ഷാമം ഒരു പരിധിവരെ പരിഹരിക്കാൻ സാധിക്കും. കാർഷിക യന്ത്രവൽക്കരണം പ്രോത്സാഹിപ്പിക്കുന്നതിനായി കേന്ദ്ര-സംസ്ഥാന സർക്കാരുകൾ സംയുക്തമായി നടപ്പിലാക്കുന്ന Sub Mission on Agricultural Mechanisation (SMAM) പദ്ധതി പ്രകാരം വ്യക്തിഗത ഉപഭോക്താക്കൾക്കും ഗ്രാമീണ സംരംഭകർ, കർഷകരുടെ സഹകരണ സംഘങ്ങൾ, രജിസ്റ്റേർഡ് ഫാർമേഴ്സ് സൊസൈറ്റീസ്, ഫാർമർ പ്രൊഡ്യൂസർ ഓർഗനൈസേഷൻസ്, പഞ്ചായത്തുകൾ എന്നിവർക്ക് വിവിധ ഘടകങ്ങളിലായി 40 മുതൽ 80 ശതമാനം വരെ സബ്സിഡിയിൽ കാർഷിക യന്ത്രോപകരണങ്ങൾ അനുവദിക്കുന്നുണ്ട്. കേന്ദ്രാവിഷ്കൃത പദ്ധതിയായ മിഷൻ ഫോർ ഇന്റഗ്രേറ്റഡ് ഡെവലപ്മെന്റ് ഓഫ് ഹോർട്ടികൾച്ചറിലെ, ഹോർട്ടികൾച്ചർ മേഖലയിലെ യന്ത്രവൽക്കരണം എന്ന ഘടകത്തിലുൾപ്പെടുത്തി 2021-22 സാമ്പത്തികവർഷം പവർ ടില്ലറുകൾ, സെൽഫ് പ്രൊപ്പൽഡ് ഹോർട്ടികൾച്ചർ യന്ത്രങ്ങൾ, മാനുവൽ സ്പ്രേയറുകൾ, പവർ നാപ്സാക് സ്പ്രേയറുകൾ, പരിസ്ഥിതി സൗഹൃദ വിലക്കുകെണികൾ

എന്നിവ സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ കർഷകർക്ക് ലഭ്യമാക്കിയിട്ടുണ്ട്.

(സി) സംസ്ഥാനത്തെ കാർഷിക സാഹചര്യങ്ങൾക്കനുയോജ്യമായ യന്ത്രങ്ങൾ ലഭ്യമാക്കുന്നതിൽ എത്രത്തോളം വിജയിക്കാൻ സാധിച്ചിട്ടുണ്ട്; ഈ ലക്ഷ്യം മുൻനിർത്തി എന്തെങ്കിലും പഠനങ്ങൾ കാർഷിക സർവ്വകലാശാലയിൽ നടക്കുന്നുണ്ടോ; വിശദാംശം നൽകാമോ?

കേരളത്തിലെ കാർഷിക സാഹചര്യങ്ങൾക്ക് അനുയോജ്യമായ ചെറുകിടയന്ത്രങ്ങളുടെ വികസനം കർഷക ആവശ്യാനുസരണം വിവിധ പദ്ധതികളുടെ ഭാഗമായും വിദ്യാർത്ഥികളുടെ ഗവേഷണങ്ങളുടെ ഭാഗമായും കേരള കാർഷിക സർവ്വകലാശാല അതത് കാലങ്ങളിൽ വികസിപ്പിച്ചിട്ടുണ്ട്.

മണ്ണുത്തി കാർഷിക ഗവേഷണ കേന്ദ്രത്തിന്റെ നേതൃത്വത്തിൽ നെൽപ്പാടങ്ങളിൽ കുമ്മായം വിതറുന്നതിനുള്ള യന്ത്രം രൂപകൽപ്പന ചെയ്ത് വികസിപ്പിച്ചെടുക്കുകയും അത് നെൽപ്പാടങ്ങളിൽ വിജയിക്കുകയും ചെയ്തിട്ടുണ്ട്.

കാർഷിക യന്ത്രവൽക്കരണ മിഷൻ രൂപീകരിച്ചതിനുശേഷം കേരളത്തിലെ പ്രത്യേക സാഹചര്യങ്ങൾക്കും കൃഷിയിടങ്ങൾക്കും

അനുയോജ്യമായ തനതായ കാർഷികയന്ത്രങ്ങൾ വികസിപ്പിച്ചെടുക്കുന്നതിൽ ഊന്നൽ നൽകുന്നുണ്ട്. തണ്ണീർത്തട നെൽവയലുകൾ കൃഷിക്ക് ഉപയോഗപ്രദമാക്കുന്നതിനും തണ്ണീർത്തടങ്ങൾ പുനരുജ്ജീവിപ്പിക്കുന്നതിനും ഉതകുന്ന 'അഗ്രോ ഡ്രഡ്ജ് ക്രാഫ്റ്റ് , RKI പദ്ധതിയിലുൾപ്പെടുത്തി വികസിപ്പിച്ചെടുത്തുവരികയാണ്.

ജൈവസസ്യങ്ങളും പുൽക്കാടുകളും തോടുകളിലെ ജൈവസസ്യങ്ങളും അരിഞ്ഞു മാറ്റുന്നതിനുതകുന്ന ' അക്വാട്ടിക് വീഡ് ഷ്രഡ്ഡർ' (AWS) രൂപകല്പന ചെയ്ത് നിർമ്മിച്ച് കാർഷിക സംരക്ഷണകേന്ദ്രം (AMCC) കുത്താളിയിൽ ലഭ്യമാക്കിയിട്ടുണ്ട്. വെള്ളക്കെട്ടുള്ള സ്ഥലങ്ങളിൽ ചെളിയിൽ പൂണ്ടുപോകുന്ന കാർഷികയന്ത്രങ്ങൾക്ക് (ട്രാക്ടർ, ടില്ലർ) പകരമായി ഒരു ' ബോട്ട് ട്രാക്ടർ' വികസിപ്പിച്ചെടുത്തിട്ടുണ്ട്. സാധാരണ ട്രാക്ടർ (45 എച്ച്. പി. ഫോർ വീൽ ഡ്രൈവ്) ഉപയോഗിക്കാൻ പറ്റാത്ത, ചെളി കൂടുതലുള്ള വെള്ളക്കെട്ടുള്ള പ്രദേശങ്ങളിൽ പ്രവർത്തിപ്പിക്കുന്നതിന് ഉയർന്ന കുതിരശക്തിയുള്ള ട്രാക്ടർ (65 എച്ച്.പി.) ആവശ്യമാണെന്ന് കണ്ടെത്തിയതിനാൽ രണ്ട് 65 എച്ച്.പി. ട്രാക്ടറുകൾ RKI പദ്ധതിപ്രകാരം സമാഹരിച്ചിട്ടുണ്ട്.

കേരളത്തിന്റെ തനതായ നൂതന കാർഷിക യന്ത്രങ്ങൾ വികസിപ്പിച്ചെടുക്കുന്നതിനുവേണ്ടി ‘ പുരയിട സൗഹൃദ കാർഷിക യന്ത്രവൽക്കരണം’ എന്ന വിഷയം അടിസ്ഥാനമാക്കി ഒരു ദേശീയ ശില്പശാലയും സംസ്ഥാനത്ത് നൂതന കാർഷികയന്ത്രങ്ങൾ വികസിപ്പിക്കുന്നതിൽ ഏർപ്പെട്ടിരിക്കുന്ന കർഷകരെയും വിവിധ ഏജൻസികളെയും ഉൾപ്പെടുത്തി ഒരു ‘ അഗ്രോ മെഷിനറി ഇന്നൊവേഷൻ മീറ്റും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് ജില്ലകൾ തോറും ചെറുകിട കാർഷിക കേന്ദ്രങ്ങളുടെ ‘ ട്രേഡ് ഫെയറും’ നടത്തുന്നതിന് കേരള കാർഷിക യന്ത്രവൽക്കരണ മിഷൻ ലക്ഷ്യമിടുന്നു.

ദേശീയ-അന്തർദ്ദേശീയ കമ്പനികളുടെ ചെറുതും വലുതുമായ കാർഷിക യന്ത്രങ്ങൾ കേരള കാർഷിക സാഹചര്യങ്ങളിലുള്ള പ്രവർത്തനക്ഷമത പഠിക്കുകയും ആവശ്യമായ ഭേദഗതികൾ വരുത്തി അവയെ കേരളത്തിന്റെ കാർഷിക ആവശ്യങ്ങൾക്കനുസരിച്ച് ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നുണ്ട്.

ബിരുദാനന്തരബിരുദ ഗവേഷണത്തിന്റെയും നൂതന പദ്ധതികളുടെയും ഭാഗമായി നൂതന സാങ്കേതിക വിദ്യകൾ (ആർട്ടിഫിഷ്യൽ ഇന്റലിജൻസ്,

ഇന്റർനെറ്റ് ഓഫ് തിംഗ്സ്, ഇലക്ട്രോണിക്സ്) ഉപയോഗപ്പെടുത്തുന്ന ഉപകരണങ്ങളുടെ ശാസ്ത്രീയ വികസനവും നടക്കുന്നു.

കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷന്റെ കീഴിലുള്ള അഗ്രോ ബസാറുകൾ വഴിയും കർഷകർക്ക് ആവശ്യമായ ആധുനിക കൃഷിയന്ത്രങ്ങൾ, ഉപാധികൾ എന്നിവ നല്കിവരുന്നു.

പാൽ, മുട്ട, മാംസ ഉല്പാദനത്തിന് ലോൺ സബ്സിഡി

30 (*450) ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി:
ശ്രീ. തോമസ് കെ. തോമസ്:
ശ്രീ. കെ. പി. മോഹനൻ:
ശ്രീ. കെ. ബി. ഗണേഷ് കുമാർ: താഴെക്കാണുന്ന ചോദ്യത്തിന് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി (ശ്രീമതി ജെ. ചിഞ്ചുറാണി) സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് ആവശ്യമായ പാൽ, മുട്ട, മാംസം എന്നിവ ഉല്പാദിപ്പിക്കാൻ സബ്സിഡിയോടുകൂടിയ ലോണും മറ്റ് സൗകര്യങ്ങളും നൽകുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

മൃഗസംരക്ഷണ വകുപ്പ്

പാൽ, മുട്ട, മാംസം എന്നിവയുടെ ഉല്പാദനത്തിന് സബ്സിഡി നൽകുന്നതിന് മൃഗസംരക്ഷണ വകുപ്പ് മുഖേന താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നു.

1. ഗോവർദ്ധിനി പദ്ധതി, കന്നുകുട്ടി പരിപാലന പദ്ധതി- പശുക്കുട്ടികൾക്ക് സബ്സിഡി നിരക്കിൽ തീറ്റ, ഇൻഷ്വറൻസ് പരിരക്ഷ എന്നിവ ഉൾപ്പെടെ നൽകുന്ന പദ്ധതികൾ
2. ഗോട്ട് സാറ്റലൈറ്റ് യൂണിറ്റ്
3. ഗോസമൃദ്ധി - സമഗ്ര കന്നുകാലി ഇൻഷ്വറൻസ് പദ്ധതി
4. ബാക്ക്യാർഡ് പൗൾട്രി ഡെവലപ്പ്മെന്റ് പ്രോഗ്രാം- (നഗര പ്രദേശങ്ങളിൽ കൂടുകളിൽ കോഴി വളർത്തൽ പദ്ധതി, സ്കൂൾ ബാക്ക്യാർഡ് പൗൾട്രി ഡെവലപ്പ്മെന്റ് പ്രോഗ്രാം)
5. കേരളാ ചിക്കൻ പദ്ധതി
6. അനിമൽ റിസോഴ്സ് ഡെവലപ്മെന്റ് (എ.ആർ.ഡി.) പദ്ധതിയുടെ കീഴിൽ മാംസാവശ്യത്തിനായി പോത്തുകുട്ടി വളർത്തൽ പദ്ധതി
7. വൈഡ് (വിമൺ ഇൻ ഡയറി എന്റർപ്രണർഷിപ്പ്)

8. വാണിജ്യാടിസ്ഥാനത്തിൽ ആട് വളർത്തൽ

9. പന്നി വളർത്തൽ പദ്ധതി

നിലവിൽ മൃഗസംരക്ഷണ മേഖലയിലെ കർഷകർക്ക് മൃഗസംരക്ഷണ വകുപ്പ് മുഖേന നേരിട്ട് പലിശരഹിത വായ്പകൾ നൽകുന്നില്ലെങ്കിലും കിസാൻ ക്രെഡിറ്റ് കാർഡ് പദ്ധതിപ്രകാരം 4% പലിശയിൽ ബാങ്ക് ലോൺ നൽകുന്ന പദ്ധതിയുടെ ആനുകൂല്യം കർഷകർക്ക് ലഭ്യമാക്കുന്നതിന് സഹായം നൽകുന്നു.

ക്ഷീരവികസന വകുപ്പ്

സംസ്ഥാനത്ത് ആവശ്യമായ പാൽ ഉല്പാദിപ്പിക്കാൻ സബ്സിഡിയോടുകൂടിയ ലോണും മറ്റ് സൗകര്യങ്ങളും നൽകുന്നതിന്റെ ഭാഗമായി ക്ഷീരവികസന വകുപ്പ് ഈ വർഷം നടപ്പാക്കാൻ ഉദ്ദേശിക്കുന്ന പുതിയ പദ്ധതികളിൽ പ്രധാനപ്പെട്ട ഒരു പദ്ധതിയാണ് ബാങ്ക് ഇന്ററസ്റ്റ് സബ്‌വെൻഷൻ സ്കീം- ഫാം ആധുനികവൽക്കരണത്തിനും യന്ത്രവൽക്കരണത്തിനും കർഷകൻ ബാങ്ക് ലോൺ മുഖേന ചെലവഴിച്ച തുകയുടെ പലിശയ്ക്ക് സർക്കാർ ധനസഹായം നൽകുന്നതാണ് പദ്ധതി.

കൂടാതെ, ക്ഷീരവികസന വകുപ്പ് നടപ്പിലാക്കിവരുന്ന മിൽക്ക് ഷെഡ് ഡെവലപ്പ്മെന്റ് പദ്ധതിയിൽ സർക്കാർ സബ്സിഡിയോടെ ഉരുക്കളെ വാങ്ങി നൽകുന്ന പദ്ധതികൾ - രണ്ട് പശു യൂണിറ്റ്, അഞ്ച് പശു യൂണിറ്റ്, പത്ത് പശു യൂണിറ്റ് എന്നീ പദ്ധതികൾ നിലവിലുണ്ട്.

## (ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

ഓപ്പൺ സ്കൈ പോളിസി ( Open Sky Policy) നിയന്ത്രണം

1(5125) ശ്രീ. കെ. ജെ. മാക്സി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്രസർക്കാർ കാർഗോ സർവ്വീസിൽ നടത്തിയ ഓപ്പൺ സ്കൈ പോളിസി നിയന്ത്രണം സംസ്ഥാനത്തിന്റെ തനത് ഉല്പന്നങ്ങൾ ഉൾപ്പെടെയുള്ള കാർഷിക ഉല്പന്നങ്ങളുടെ കയറ്റുമതിയെ ബാധിക്കുന്നതായി സർക്കാർ കരുതുന്നുണ്ടോ?

ഉണ്ട്. രാജ്യത്ത് നിലവിലുണ്ടായിരുന്ന ഓപ്പൺ സ്കൈ പോളിസി നിയന്ത്രണത്തിന്റെ ഭാഗമായി ഇന്ത്യയിലെ തെരഞ്ഞെടുക്കപ്പെട്ട ആറ് അന്താരാഷ്ട്രവിമാനത്താവളങ്ങളിൽ മാത്രമായി വിദേശ അഡ്ഹോക്ക്, നോൺ-ഷെഡ്യൂൾഡ് ചരക്ക് വിമാനങ്ങൾക്കുള്ള പ്രവർത്തനാനുമതി

പരിമിതപ്പെടുത്തിയിരിക്കുന്നു. കേരളത്തിലെ നാല് വിമാനത്താവളങ്ങളും ഇതിൽ ഉൾപ്പെട്ടിട്ടില്ല. ടി നിയന്ത്രണം നിലവിൽ വരുന്നതിനുമുമ്പ് എമിറേറ്റ്സ് എതിഹാത് എയർവെയ്സ്, ഖത്തർ എയർവെയ്സ് എന്നിങ്ങനെയുള്ള വിമാനക്കമ്പനികളുടെ സർവ്വീസ് മുഖേന കേരളത്തിൽനിന്ന് വൻതോതിൽ ഗൾഫ്, യൂറോപ്യൻ രാജ്യങ്ങളിലേയ്ക്ക് ഭക്ഷ്യവസ്തുക്കൾ, സുഗന്ധവ്യഞ്ജനങ്ങൾ എന്നിവ കയറ്റുമതി ചെയ്തിരുന്നു. ഓപ്പൺ സ്കൈ പോളിസി നിയന്ത്രണം വന്നതിനുശേഷം കയറ്റുമതിക്കായി ഇതര സംസ്ഥാനങ്ങളിലെ വിമാനത്താവളങ്ങളെ ആശ്രയിക്കേണ്ടി വരുന്നത് സംസ്ഥാനത്ത് നിന്നുള്ള കയറ്റുമതിയെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്.

(ബി) എങ്കിൽ ആയത് കേന്ദ്രസർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തി പരിഹരിക്കുന്നതിനും കയറ്റുമതിക്ക് പ്രോത്സാഹനവും ഒപ്പം കേന്ദ്ര സഹായവും നേടിയെടുക്കുന്നതിനും സ്വീകരിച്ചുവരുന്ന പ്രധാന പ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ?

2020 സെപ്റ്റംബറിൽ ഏർപ്പെടുത്തിയ ഓപ്പൺ സ്കൈ പോളിസി നിയന്ത്രണം കേരളത്തിലെ കയറ്റുമതി മേഖലയെ സാരമായി

ബാധിച്ചിട്ടുണ്ടെന്നും ആയതിനാൽ ഈ തീരുമാനം പുന:പരിശോധിക്കണമെന്നും അഭ്യർത്ഥിച്ചുകൊണ്ട് 15.09.2021-ൽ കേന്ദ്ര വ്യോമയാന മന്ത്രാലയത്തിന് കത്ത് നൽകിയിട്ടുണ്ട്. തുടർന്ന് ഈ ആവശ്യം ചൂണ്ടിക്കാണിച്ച് 24.03.2022-ൽ സിവിൽ ഏവിയേഷൻ ഡയറക്ടർ ജനറലിനും കേരള സർക്കാർ കത്ത് നൽകിയിട്ടുണ്ട്.

കേരളത്തിൽനിന്നും ഭൗമസൂചിക പദവി ലഭിച്ചിട്ടുള്ള കാർഷികോല്പന്നങ്ങൾക്ക് ഉൾപ്പെടെ ആഗോള വിപണിയിൽ വിപണന സാധ്യത ഉറപ്പാക്കുവാൻ കേന്ദ്ര ഏജൻസികളായ APEDA, സ്പൈസസ് ബോർഡ്, കോക്കനട്ട് ബോർഡ് എന്നിവയുടെ സാങ്കേതിക സഹായം തേടിക്കൊണ്ട് കേന്ദ്ര വാണിജ്യ വ്യവസായ മന്ത്രാലയത്തിന് 15.09.2021-ന് കത്ത് നൽകിയിട്ടുണ്ട്.

(സി) മറ്റു രാജ്യങ്ങളിൽനിന്നുള്ള ഇറക്കുമതികൾമൂലം കുരുമുളക് കർഷകർ ഉൾപ്പെടെ നേരിടുന്ന പ്രശ്നങ്ങൾ എന്തെല്ലാമെന്നും ഇത് പരിഹരിക്കുന്നതിന് സർക്കാർ എന്തൊക്കെ നടപടികൾ സ്വീകരിച്ചു വരുന്നുവെന്നും വ്യക്തമാക്കുമോ?

ഇന്ത്യയും ശ്രീലങ്കയുമായുള്ള ട്രേഡ് എഗ്രിമെന്റ് പ്രകാരം ഡ്യൂട്ടി ഇല്ലാതെ കുരുമുളക് ഇറക്കുമതി ചെയ്യുന്നതിനാൽ, ശ്രീലങ്ക, നേപ്പാൾ, ബംഗ്ലാദേശ്, വിയറ്റ്നാം പോലുള്ള രാജ്യങ്ങളിൽനിന്നും ഇന്ത്യൻ കുരുമുളകിനോളം ഗുണനിലവാരമില്ലാത്ത കുരുമുളക് ഇന്ത്യയിലേയ്ക്ക് ഇറക്കുമതി ചെയ്യുകയും 'ഇന്ത്യൻ കുരുമുളക്' എന്ന വ്യാജേന വിപണിയിലെത്തിക്കുന്നതും ഇന്ത്യൻ കുരുമുളകിന്റെ വിലത്തകർച്ചയ്ക്ക് കാരണമാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആയതിനാൽ കുരുമുളകിന്റെ വൻതോതിലുള്ള ഇറക്കുമതി കുറയ്ക്കുന്നതിനായി DGFT (ഡയറക്ടറേറ്റ് ജനറൽ ഓഫ് ഫോറിൻ ട്രേഡ്) ഏർപ്പെടുത്തിയ മിനിമം ഇംപോർട്ട് പ്രൈസ് നിലനിർത്തുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് 02.06.2020-ലെയും 15.01.2021-ലെയും കത്തുകൾ മുഖേന കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. നിലവാരമില്ലാത്ത കുരുമുളകിന്റെ ഇറക്കുമതി തടയുന്നതിനായി കസ്റ്റംസ് അധികാരികളുമായി ചേർന്ന് സത്വര നടപടികൾ സ്വീകരിക്കുന്നതാണെന്ന് കേന്ദ്ര വാണിജ്യവ്യവസായ മന്ത്രാലയം ഉറപ്പ് നൽകിയിട്ടുണ്ട്.

<u>കാസർഗോഡ് ജില്ലയിൽ പ്ലാന്റേഷൻ കോർപ്പറേഷന്റെ കൈവശമുള്ള ഭൂമി</u>

2(5126) <u>ശ്രീ. സി. എച്ച്. കുഞ്ഞമ്പു</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ പ്ലാന്റേഷൻ കോർപ്പറേഷന്റെ കൈവശം എത്ര ഏക്കർ സ്ഥലമുണ്ട്?

കാസർഗോഡ് ജില്ലയിൽ പ്ലാന്റേഷൻ കോർപ്പറേഷന്റെ കൈവശം കാസർഗോഡ് 2065 ഹെക്ടർ, ചീമേനി 1123.11 ഹെക്ടർ, രാജപുരം 1522.68 ഹെക്ടർ എന്നീ എസ്റ്റേറ്റുകളിലായി ആകെ 4710.79 ഹെക്ടർ സ്ഥലമുണ്ട്.

(ബി) പ്രസ്തുത സ്ഥലം പ്രയോജനപ്പെടുത്തി കൂടുതൽ തൊഴിൽ സാധ്യതകളുള്ള കാർഷികാധിഷ്ഠിത വ്യവസായങ്ങൾ തുടങ്ങാൻ കൃഷി വകുപ്പ് എന്തെങ്കിലും പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ എല്ലാ ഭൗതികസാഹചര്യങ്ങളുമുള്ള പ്രസ്തുത സ്ഥലങ്ങൾ പ്രയോജനപ്പെടുത്തി കൂടുതൽ തൊഴിൽ സാധ്യതകളും വരുമാന വർദ്ധനവുമുള്ള പ്രോജക്ടുകൾ തയ്യാറാക്കി നടപ്പിലാക്കാനുള്ള നടപടി സ്വീകരിക്കുമോ; വിശദാംശം അറിയിക്കാമോ?

(ബി & സി) 1. RKVY പദ്ധതി പ്രകാരം കോർപ്പറേഷന്റെ കശുമാവ് തോട്ടങ്ങളിൽനിന്നുള്ള കശുമാങ്ങ ഉപയോഗിച്ച് കാഷ്യൂ ആപ്പിൾ കാർബണേറ്റഡ് ഡ്രിങ്ക് (ഒസ്സിയാന) കാസർഗോഡ് എസ്റ്റേറ്റിൽ ഉൽപ്പാദിപ്പിച്ച് വിതരണം നടത്തിവരുന്നു. കശുമാങ്ങയിൽനിന്നും ഫെനി പോലെയുള്ള പാനീയം ഉൽപ്പാദിപ്പിക്കുന്നതിനായുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്.

2. RKVY പദ്ധതി പ്രകാരം കാസർഗോഡ്, ചീമേനി എസ്റ്റേറ്റുകളിലെ നഴ്സറികളിൽ അത്യുൽപ്പാദനശേഷിയുള്ള കശുമാവിൻ തൈകൾ ഉൽപ്പാദിപ്പിച്ച് കഴിഞ്ഞ വർഷങ്ങളിൽ കൃഷിഭവൻവഴി കർഷകർക്ക് വിതരണം നടത്തുകയും ഈ വർഷവും സംസ്ഥാന കശുമാവ് കൃഷി വികസന ഏജൻസി (കെ.എസ്.എ.സി.സി.)-ക്ക് രണ്ട് ലക്ഷം കശുമാവിൻ തൈകൾ നൽകുന്നതിനായുമുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

3. RKVY പദ്ധതിപ്രകാരം കാസർഗോഡ് ജില്ലയിലുള്ള കോർപ്പറേഷന്റെ എസ്സ്റ്റേറ്റുകളിലെ 13 ഹെക്ടറിലും കർഷകരുടെ പങ്കാളിത്തത്തോടെ 8 ഹെക്ടറിലും പാഷൻഫ്രൂട്ട് കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായുള്ള നടപടികൾ സ്വീകരിച്ചു. പാഷൻഫ്രൂട്ട്

മൂല്യവർദ്ധിത നിർമ്മാണ യൂണിറ്റുകൾ ചീമേനി, കാസർഗോഡ് എസ്റ്റേറ്റുകളിൽ പ്രവർത്തിച്ചുവരുന്നു.

4. കാസർഗോഡ് ജില്ല ജൈവജില്ലയായി പ്രഖ്യാപിച്ചിട്ടുള്ളതിനാൽ ജൈവകൃഷിയിലൂടെ ഉൽപ്പാദിപ്പിക്കുന്ന കശുവണ്ടിയുടെ പൂർണ്ണപ്രയോജനം ലഭിക്കുന്നതിനായി കശുവണ്ടി സംസ്കരിച്ച് പി.സി.കെ. ബ്രാൻഡിൽ വിപണനം നടത്തുന്നതിനായി കശുവണ്ടി സംസ്കരണ ഫാക്ടറി നിർമ്മിക്കുന്നതിന് ലക്ഷ്യമിട്ടിട്ടുള്ളതാകുന്നു.

5. ഓർഗാനിക് ഫാമിംഗിലൂടെ കോർപ്പറേഷന്റെ കാസർഗോഡ് ജില്ലയിലെ എസ്റ്റേറ്റുകളിൽ കറുവപ്പട്ടകൃഷി ചെയ്ത് കറുവപ്പട്ടയും, കറുവപ്പട്ട ഓയിലും ഉലപ്പാദിപ്പിച്ചുവരുന്നു. സംസ്ഥാനത്ത് ഔഷധ സസ്യകൃഷി പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി കറുവപ്പട്ടകൃഷി കൂടുതൽ വിപുലപ്പെടുത്തുന്നതിനായുള്ള പദ്ധതികൾ ആസൂത്രണം ചെയ്തുവരുന്നു.

6. കൂടാതെ കാസർഗോഡ് ജില്ലയിലെ റബ്ബർ കൃഷിക്ക് അനുയോജ്യമായ സ്ഥലങ്ങളിൽ റബ്ബർ കൃഷി ആരംഭിക്കുകയും അതിലൂടെ കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയും ചെയ്തുവരുന്നു.

## കാർഷികമേഖലയിലെ നവീനമായ പ്രവർത്തനങ്ങൾ

3(5127) ശ്രീ. ജി. സ്റ്റീഫൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷികമേഖലയിലെ പരമ്പരാഗത രീതികളിൽ വലിയ മാറ്റത്തിന് വഴിയൊരുക്കുന്നതിനും വിദേശ കൃഷിരീതികൾ നടപ്പിലാക്കുന്നതിനും വകുപ്പ് ഏറ്റെടുക്കാനുദ്ദേശിക്കുന്ന നവീനമായ പ്രവർത്തനങ്ങൾ വിശദമാക്കാമോ?

കാർഷികമേഖലയിലെ പരമ്പരാഗത രീതികളിൽ വലിയ മാറ്റത്തിന് വഴിയൊരുക്കുന്നതിനും ശാസ്ത്രീയ സമീപനത്തിലൂടെ ഭക്ഷ്യവിളകളുടെ ഉല്പാദനവും ഉല്പാദനക്ഷമതയും വർദ്ധിപ്പിക്കുന്നതിനും അതിലൂടെ ഭക്ഷ്യ ഉല്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിനും ആഗോള നിലവാരം പുലർത്തുന്ന തരത്തിൽ കേരളത്തിലെ കാർഷിക മേഖലയുടെ ഉന്നമനത്തിനും 2022-23 വാർഷിക പദ്ധതി ശ്രദ്ധ കേന്ദ്രീകരിക്കുന്നു.

ഈ സാമ്പത്തിക വർഷത്തിൽ സംസ്ഥാനത്തെ ഓരോ വ്യക്തിയെയും പരമ്പരാഗത രീതിയിൽനിന്നും മാറിയുള്ള കൃഷിയിലേയ്ക്ക് ആകർഷിക്കുവാനും സ്വന്തമായി കൃഷി ചെയ്യുന്നതിന് പ്രേരണ നൽകുന്നതിനും അതുവഴി

കാർഷികമേഖലയിൽ ജനകീയ മുന്നേറ്റം സൃഷ്ടിക്കുക എന്ന ലക്ഷ്യത്തോടെ "ഞങ്ങളും കൃഷിയിലേയ്ക്ക്" എന്ന പരിപാടി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു.

കാർഷിക മേഖലയിലെ നവീനമായ അറിവുകൾ ഫലപ്രദമായി ഉപയോഗിച്ചും ലഭ്യമായ വിഭവങ്ങൾ സുസ്ഥിരമായ രീതിയിൽ കാര്യക്ഷമമായും വിവേചനാപരവുമായി ഉപയോഗിച്ചും ഉറപ്പായ വരുമാനം കർഷകർക്ക് ലഭിക്കുന്നതിനുമായി വിള അടിസ്ഥാനമാക്കിയുള്ള വികസനത്തിൽനിന്നും കൃഷിയിടാധിഷ്ഠിത (ഫാം) വികസനത്തിലേയ്ക്കുള്ള മാറ്റത്തിന്റെ പ്രാധാന്യം കണക്കിലെടുത്ത് 2022-23 വർഷത്തിൽ കൃഷിയിടാധിഷ്ഠിത ആസൂത്രണം (ഫാം പ്ലാൻ) അടിസ്ഥാനമാക്കിയുള്ള വികസന സമീപനത്തിന് തുടക്കമിടുന്നു.

ഉല്പാദനം, വിപണനം, സംസ്കരണം, വായ്പാ പിന്തുണ, ഇൻഷ്വറൻസ് തുടങ്ങി കൃഷിയുടെ എല്ലാ മേഖലകളിലും കർഷകർക്ക് പരമാവധി സേവനം ലഭ്യമാക്കുന്നതിനായി കൃഷിഭവനുകളുടെ പ്രവർത്തനക്ഷമത മെച്ചപ്പെടുത്തുക എന്ന ലക്ഷ്യത്തോടുകൂടി കൃഷിഭവനുകളെ 'സ്മാർട്ട് കൃഷി ഭവനുകൾ' ആക്കുക എന്നതാണ് ഈ വർഷത്തെ പരിപാടികളുടെ മറ്റൊരു പ്രത്യേകത.

ഇന്ത്യയിൽത്തന്നെ ആദ്യമായി കാർബൺ തുലിത കൃഷി പ്രോത്സാഹിപ്പിക്കുവാൻ ഉദ്ദേശിക്കുന്ന സംസ്ഥാനമാകുവാൻ കേരളം തയ്യാറാകുന്നു. സംസ്ഥാനത്തെ തെരഞ്ഞെടുത്ത സ്ഥലങ്ങളിൽ കാർബൺ തുലിത കൃഷിരീതികൾ പ്രോത്സാഹിപ്പിക്കുവാൻ ഉദ്ദേശിക്കുന്നു. കൃഷിവകുപ്പിന്റെ ഡിപ്പാർട്ട്മെന്റ് ഫാമുകളിലും പ്രത്യേകം തെരഞ്ഞെടുത്ത പ്രദേശങ്ങളിലും കാർബൺ ന്യൂട്രൽ ഫാമിംഗ് പ്രോത്സാഹിപ്പിക്കുന്നതിനുള്ള ദൗത്യം ആരംഭിക്കാൻ നടപടികൾ സ്വീകരിച്ചു വരുന്നു.

2022-23 വർഷത്തിൽ കാർഷിക യന്ത്രവത്കരണ മേഖലയിൽ ഏകജാലക സംവിധാനങ്ങളായ 20 കൃഷിശ്രീ സെന്ററുകൾ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നു. കാർഷിക രംഗത്തെ തൊഴിലാളിക്ഷാമം പരിഹരിക്കുക എന്നതാണ് ഈ പദ്ധതികളുടെ പ്രധാന ലക്ഷ്യം. കൂടാതെ കാർഷിക മേഖലയിൽ യന്ത്രോപകരണങ്ങളുടെ ഉപയോഗം വ്യാപിപ്പിക്കുക, കാർഷിക മേഖലയ്ക്ക് ആവശ്യമായ സഹായങ്ങളും സേവനങ്ങളും മിതമായ നിരക്കിൽ കർഷകർക്ക് നൽകുക, തൊഴിലാളി കുറവുമൂലം തരിശായികിടക്കുന്ന കൃഷിയിടങ്ങൾ കൃഷി യോഗ്യമാക്കുക, കാർഷിക മേഖലയിലെ ഉല്പാദനം, വിതരണം എന്നീ മേഖലകളിൽ ഇടപെടുക തുടങ്ങിയവയും ഈ പദ്ധതിയുടെ

പ്രധാന പ്രവർത്തനങ്ങളിൽ ഉൾപ്പെടുന്നു. വികസിത രാഷ്ട്രങ്ങളിൽ ഫലപ്രദമായി ഉപയോഗിച്ച് വിജയിച്ചിട്ടുള്ളതും ഉത്പാദനക്ഷമത വർദ്ധിപ്പിച്ച് ഉല്പാദനം വർദ്ധിപ്പിക്കുവാൻ സാധ്യമായ നവീന സാങ്കേതികവിദ്യയിൽ അധിഷ്ഠിതമായ കൃഷിരീതി അനുവർത്തിക്കുന്ന കാര്യവും സർക്കാർ പരിശോധിച്ച് വരുന്നു.

പരമ്പരാഗത ഊർജ്ജ സ്രോതസ്സുകളെ ആശ്രയിക്കുന്നത് കുറയ്ക്കുന്നതിന് പുനരുപയോഗിക്കാവുന്ന ഊർജ്ജസ്രോതസ്സുകളിലേയ്ക്ക് നീങ്ങേണ്ടതിന്റെ ആവശ്യകത കണക്കിലെടുത്ത് 2022-23 കാലയളവിൽ കേന്ദ്രാവിഷ്കൃത പദ്ധതിയായ പി.എം. കുസും വഴി അനെർട്ടുമായി സഹകരിച്ച് കൃഷിയിൽ സൗരോർജ്ജം ഉപയോഗപ്പെടുത്തുന്നതിന് പ്രോത്സാഹനം നൽകാൻ കൃഷി വകുപ്പ് ഉദ്ദേശിക്കുന്നു. പി.എം. കുസുമിന്റെ ഗുണഭോക്താക്കൾക്ക് ഈ വർഷം സംസ്ഥാനാവിഷ്കൃത പദ്ധതിയായ 'കുട്ടനാട് മേഖലയിലെ കാർഷിക വികസനത്തിനുള്ള പദ്ധതി' എന്നതിൽ ഉൾപ്പെടുത്തി ടോപ്-അപ് സബ്സിഡി നൽകുവാൻ ഉദ്ദേശിക്കുന്നു.

വിദ്യാസമ്പന്നരായ പുതിയ തലമുറയിലെ അംഗങ്ങളെ കൃഷിയിലേയ്ക്ക് ആകർഷിക്കുന്നതിനും അവർക്ക് കൃഷി വകുപ്പിൽത്തന്നെ അവസരങ്ങൾ

ഒരുക്കുന്നതിനുമായും ജനങ്ങൾക്ക് കൃഷി ഭവനിൽനിന്നും നിലവിൽ ലഭിക്കുന്ന സേവനങ്ങൾ കുറച്ചുകൂടി മെച്ചപ്പെടുത്തുന്നതിനും ഇന്റേൺഷിപ്പ് പരിപാടി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നു. കൃഷി വകുപ്പിന്റെ താഴെത്തട്ടിൽ പ്രവർത്തിക്കുന്നതും കർഷകരോട് നേരിട്ടിടപെടുന്ന കൃഷി ഭവനുകളിൽ നിന്നും കൃഷി വകുപ്പിന്റെ കീഴിൽ നടപ്പാക്കുന്ന പദ്ധതികൾ എന്നിവയെക്കുറിച്ച് പഠിക്കുവാനും നേരിട്ടിടപെടാനും പരിശീലനം ലഭിക്കുവാനുമാണ് യുവജനങ്ങൾക്കുവേണ്ടി ഈ പദ്ധതി ഉദ്ദേശിച്ചിരിക്കുന്നത്.

വിദേശ ഫലവൃക്ഷങ്ങളായ റംബൂട്ടാൻ, മാങ്കോസ്റ്റീൻ, പുലാസാൻ തുടങ്ങിയവയുടെ കൃഷി വ്യാപകമാക്കുന്നതിന് ഒരു കോടി ഫലവൃക്ഷത്തൈ വിതരണ പദ്ധതിയിലൂടെയും എം.ഐ.ഡി.എച്ച്. പദ്ധതിക്ക് ടോപ്-അപ് സബ്സിഡി എന്ന പദ്ധതിയിലൂടെയും വിഭാവനം ചെയ്തിട്ടുണ്ട്.

(ബി) ഇതിനോടനുബന്ധിച്ച് പ്ലാന്റേഷൻ നിർവ്വചനത്തിന്റെ പരിധിയിൽ പുതിയ വിളകളെക്കൂടി ഉൾപ്പെടുത്തി കാലോചിതമായ മാറ്റങ്ങൾ വരുത്തുന്നതിന് സർക്കാർ ആലോചിക്കുന്നുണ്ടോ?

ഇക്കാര്യം സർക്കാർ പരിശോധിച്ചുവരുന്നു.

## വാണിജ്യാടിസ്ഥാനത്തിലുള്ള പച്ചക്കറി കൃഷി പ്രോത്സാഹനം

4(5128) ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2020-21 കാലയളവിൽ പച്ചക്കറികൾക്ക് തറവില നിശ്ചയിക്കുന്ന പദ്ധതിക്കായി നീക്കിവച്ച തുക എത്രയെന്ന് വ്യക്തമാക്കാമോ?

2020-21 സാമ്പത്തിക വർഷത്തിൽ കേരള ഫാം ഫ്രഷ് ഫ്രൂട്സ് ആന്റ് വെജിറ്റബിൾസ് അടിസ്ഥാന വില പദ്ധതി പ്രകാരം 10 കോടി രൂപ വകയിരുത്തിയിരുന്നു.

(ബി) പച്ചക്കറി വാണിജ്യാടിസ്ഥാനത്തിൽ കൃഷി ചെയ്യുന്നതിന് എന്തെങ്കിലും സഹായങ്ങൾ നൽകിവരുന്നുണ്ടോ; ഇതിനായി നീക്കി വച്ചിരിക്കുന്ന ഫണ്ട് എത്രയാണെന്ന് അറിയിക്കാമോ?

" ഞങ്ങളും കൃഷിയിലേയ്ക്ക്" എന്ന ക്യാമ്പയിന്റെ ഭാഗമായി കാർഷിക വികസന കർഷക ക്ഷേമവകുപ്പ് സമഗ്ര പച്ചക്കറി വികസന പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. പ്രസ്തുത പദ്ധതിയിൽ ഒരു മുഖ്യ

ഘടകമായി ഉൾപ്പെടുത്തി പച്ചക്കറി വാണിജ്യാടിസ്ഥാനത്തിൽ കൃഷി ചെയ്യുന്നതിനായി ധനസഹായം നൽകിവരുന്നു.

വ്യാവസായികാടിസ്ഥാനത്തിൽ പച്ചക്കറി കൃഷി ചെയ്യുന്ന കർഷകരെ സഹായിക്കുന്നതിനായി, 10 കർഷകർ അടങ്ങുന്ന ഒരു ക്ലസ്റ്റർ രൂപീകരിച്ച് 3 മുതൽ 5 വരെ ഹെക്ടറിൽ പച്ചക്കറി കൃഷി ചെയ്യുന്ന ക്ലസ്റ്റർ ഒന്നിന് പരമാവധി 1 - 1.25 ലക്ഷം രൂപ വരെ ധനസഹായം നൽകുന്നതിന് ലക്ഷ്യമിടുന്നു.

ക്ലസ്റ്ററുകളിൽ ഉൾപ്പെടാതെ കൃഷി ചെയ്യുന്ന കൃഷിക്കാർക്ക് സ്റ്റാഗേർഡ് ക്ലസ്റ്ററിൽ ഉൾപ്പെടുത്തി ഹെക്ടറൊന്നിന് പന്തൽ ആവശ്യമുള്ളതിന് 25,000 രൂപയും പന്തൽ ആവശ്യമില്ലാത്തതിന് 20,000 രൂപ വരെയും ധനസഹായം നൽകുന്നു. ശീതകാല പച്ചക്കറി ഇനങ്ങൾ കൃഷി ചെയ്യുന്നതിനായി ഹെക്ടറൊന്നിന് 30,000 രൂപ ധനസഹായം നൽകുന്നു. പരമ്പരാഗത പച്ചക്കറി ഇനങ്ങളുടെ പ്രോത്സാഹനത്തിനായി ഹെക്ടറൊന്നിന് 10,000 രൂപ അധിക ധനസഹായം നൽകുന്നതിന് വിഭാവനം ചെയ്തിട്ടുണ്ട്. സസ്യസംരക്ഷണ ഉപാധികൾ വാങ്ങുന്നതിന് യൂണിറ്റൊന്നിന് 1,500 രൂപ വരെയും സബ്സിഡി നൽകി വരുന്നു. 2022-23 സാമ്പത്തിക വർഷത്തിൽ പ്രസ്തുത ഘടകങ്ങൾ നടപ്പിലാക്കുന്നതിലേക്കായി 2,500 ലക്ഷം രൂപ

വകയിരുത്തിയിട്ടുണ്ട്. വാണിജ്യാടിസ്ഥാനത്തിൽ പച്ചക്കറി കൃഷിചെയ്യുന്ന കർഷകർക്ക് പമ്പ്സെറ്റും മറ്റ് അനുബന്ധ ഘടകങ്ങളും വാങ്ങുന്നതിന് യൂണിറ്റൊന്നിന് 50 ശതമാനം സബ്സിഡി നിരക്കിൽ 10,000 രൂപ വരെ ധനസഹായം നൽകുന്നു. ഇതിലേയ്ക്കായി ടി സാമ്പത്തിക വർഷം 500 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. പന്തൽ ഇനം പച്ചക്കറികൾ കൃഷി ചെയ്യുന്നതിന് സ്ഥായിയായ പന്തൽ നിർമ്മിക്കുന്നതിനായി 25 ശതമാനം സബ്സിഡി നിരക്കിൽ ഹെക്ടറിന് 2 ലക്ഷം രൂപ ധനസഹായം പദ്ധതിയിൽ വിഭാവനം ചെയ്തിട്ടുണ്ട്. ഇതിലേയ്ക്കായി 2022-23 സാമ്പത്തിക വർഷം 500 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. വേനൽക്കാലത്തും മഴക്കാലത്തും വിളകളെ സംരക്ഷിച്ച് പച്ചക്കറി കൃഷിചെയ്യുന്ന മഴമറ കൃഷി രീതിയിലൂടെ വർഷത്തിലുടനീളം പച്ചക്കറി കൃഷി സാധ്യമാക്കുന്നതിനും ഉല്പാദനം വർദ്ധിപ്പിക്കുന്നതിനും സാധിക്കുന്നു. മഴമറകൾ സ്ഥാപിക്കുന്നതിനായി 100 സ്ക്വയർ മീറ്റർ ഉള്ള ഒരു മഴമറയ്ക്ക് പരമാവധി 50,000 രൂപ നിരക്കിൽ ധനസഹായം നൽകിവരുന്നു. ഇതിലേയ്ക്കായി 2022-23 സാമ്പത്തിക വർഷത്തിൽ 500 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

(സി) ജൈവകൃഷി വ്യാപനം, ഓർഗാനിക്ക് ബ്രാൻഡിംഗ് എന്നിവ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ?

സംസ്ഥാന സർക്കാർ ജൈവ കൃഷി വ്യാപനത്തിനായി "ജൈവ കൃഷിയും ഉത്തമ കൃഷി മുറകളും" എന്ന പദ്ധതി നടപ്പിലാക്കുന്നു. 2022-23 സാമ്പത്തിക വർഷത്തിൽ "ഞങ്ങളും കൃഷിയിലേയ്ക്ക്" എന്ന ക്യാമ്പയിന്റെ ഭാഗമായാണ് ടി പദ്ധതി നടപ്പിലാക്കുന്നത്. ജൈവകൃഷി പ്രോത്സാഹനത്തിനും മണ്ണിന്റെ ഘടന മെച്ചപ്പെടുത്തുന്നതിന് പയറുവർഗ്ഗത്തിൽപ്പെട്ട പച്ചിലവളങ്ങൾ കൃഷി ചെയ്യുന്നതിനും ജൈവ ഉല്പന്നങ്ങൾ വില്പന നടത്തുന്നതിനും ഹൈടെക്ക് ഓർഗാനിക് സൂപ്പർ മാർക്കറ്റുകൾ സ്ഥാപിക്കുന്നതിനുമായി 600 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ഇതുകൂടാതെ തുടർച്ചയായി മൂന്ന് വർഷത്തേയ്ക്ക് നടപ്പിലാക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതികളായ "പരമ്പരാഗത കൃഷി വികാസ് യോജനയും", "സുഭിക്ഷം സുരക്ഷിതം" (ഭാരതീയ പ്രകൃതിക് കൃഷി) പദ്ധതിയും കേന്ദ്ര വിഹിതം ലഭിക്കുന്ന മുറയ്ക്ക് 2022-23 വർഷവും സംസ്ഥാനത്ത് നടപ്പിലാക്കുന്നതാണ്. സംസ്ഥാന സർക്കാർ വിഷരഹിത ഉല്പന്നങ്ങൾ വില്പന നടത്തുന്നതിന് "സേഫ് റ്റു ഈറ്റ് - കേരള ഓർഗാനിക് "

എന്ന ബ്രാൻഡും ലോഗോയും ആവിഷ്കരിച്ചിട്ടുണ്ട്. പ്രസ്തുത ലോഗോയും ബ്രാൻഡും ഉപയോഗിച്ച് ഇക്കോഷോപ്പുകൾ, കൃഷി വകുപ്പിന്റെ നേതൃത്വത്തിൽ നടപ്പിലാക്കുന്ന മറ്റ് വിപണികൾ എന്നിവ വഴി ഉല്പന്നങ്ങൾ വിൽപന നടത്തുന്നു. കൂടാതെ കേന്ദ്രാവിഷ്കൃത പദ്ധതിയിൻകീഴിൽ ക്ലസ്റ്റർ രൂപീകരിച്ച് രജിസ്റ്റർ ചെയ്തിട്ടുള്ള കർഷകരുടെ ഉത്പന്നങ്ങൾക്ക് "PGS ഇന്ത്യ" സർട്ടിഫിക്കേഷൻ നടത്തി വരുന്നു. ജൈവകൃഷിയിൽ താല്പര്യമുള്ള കർഷകരുടെ സംഘങ്ങളായ ലോക്കൽ ഗ്രൂപ്പുകൾ രൂപീകരിച്ച് അംഗങ്ങൾക്ക് ജൈവ കൃഷിയിൽ പരിശീലനങ്ങൾ നൽകുകയും നിശ്ചിത കാലങ്ങളിൽ ഈ സംഘങ്ങൾ യോഗങ്ങൾകൂടി ജൈവ ഉല്പാദനോപാധികൾ സ്വരൂപിക്കൽ തുടങ്ങിയവ ചർച്ച നടത്തി തീരുമാനങ്ങൾ റെക്കോഡ് ചെയ്യുന്നു. കൂടാതെ അവരുടെ കൃഷിയിടങ്ങൾ അന്യോന്യം പരിശോധിച്ച് വിലയിരുത്തി സമയബന്ധിതമായ Peer appraisal നടത്തുകയും ജൈവ സർട്ടിഫിക്കേഷൻ നൽകുന്നതിനുള്ള കൂട്ടായ തീരുമാനം കൈക്കൊള്ളുകയും ചെയ്യുന്നു. ആയത് പി.ജി.എസ്. ഇന്ത്യ സർട്ടിഫിക്കേഷൻ നടത്തുന്ന നാഷണൽ സെന്റർ ഫോർ ഓർഗാനിക് ആന്റ് നാച്വറൽ ഫാമിംഗിന്റെ (NCONF) കീഴിലുള്ള റീജിയണൽ കൗൺസിലിലേയ്ക്ക് ഓൺലൈൻ ആയി

സമർപ്പിക്കുന്നു. തുടർന്ന് റീജിയണൽ കൗൺസിൽ അവ പരിശോധിച്ച് അർഹരായ കർഷകർക്ക് പി.ജി.എസ്. ഗ്രീൻ സർട്ടിഫിക്കറ്റ് നൽകും. ഇതിനുശേഷം മണ്ണ് പരിശോധന, അവശിഷ്ട വിഷ വിശകലനം എന്നിവ റീജിയണൽ കൗൺസിൽ പരിശോധിക്കുകയും തൃപ്തികരമായ മാനദണ്ഡങ്ങൾ പാലിക്കുന്നപക്ഷം മൂന്നാം വർഷം പി.ജി.എസ്. ഇന്ത്യ ഓർഗാനിക് സർട്ടിഫിക്കേഷൻ നൽകുകയും ചെയ്യും. നിലവിൽ കൃഷി വകുപ്പിന്റെ കീഴിൽ, അപ്രകാരം ജൈവ സർട്ടിഫിക്കേഷൻ ചെയ്യുന്ന അംഗീകൃത റീജിയണൽ കൗൺസിൽ ആയ കേരള സ്റ്റേറ്റ് സീഡ് സർട്ടിഫിക്കേഷൻ ഡിപ്പാർട്ട്മെന്റിനെ ചുമതലപ്പെടുത്തിയെങ്കിലും ചില സാങ്കേതിക കാരണത്താൽ പ്രവർത്തനം ആരംഭിച്ചില്ല. തുടർന്ന് കൃഷി വകുപ്പിന്റെ കീഴിൽ ആനയറയിൽ പ്രവർത്തിക്കുന്ന സമേതിയുടെ ഡയറക്ടറെ റീജിയണൽ കൗൺസിൽ ആയി അംഗീകരിക്കുന്നതിനുവേണ്ടിയുള്ള അപേക്ഷ നാഷണൽ സെന്റർ ഓഫ് ഓർഗാനിക് ഫാമിംഗിന് (NCOF) സമർപ്പിച്ചിട്ടുണ്ട്. സംസ്ഥാനത്ത് സ്വകാര്യ മേഖലയിൽ സർട്ടിഫിക്കേഷൻ നടത്തുന്നതിന് അംഗീകാരമുള്ള 5 റീജിയണൽ കൗൺസിൽ പ്രവർത്തിക്കുന്നുണ്ട്.

## കൃഷി വകുപ്പ് പേരാമ്പ്ര മണ്ഡലത്തിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പ്രവർത്തനങ്ങൾ

5(5129) ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെക്കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സർക്കാരിന്റെ രണ്ടാം നൂറുദിന പരിപാടിയിൽ കൃഷി വകുപ്പ് പേരാമ്പ്ര മണ്ഡലത്തിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പ്രവർത്തനങ്ങൾ വിശദമാക്കാമോ?

സർക്കാരിന്റെ രണ്ടാം നൂറുദിന കർമ്മ പരിപാടിയുടെ ഭാഗമായി പേരാമ്പ്ര മണ്ഡലത്തിൽ 'ഞങ്ങളും കൃഷിയിലേയ്ക്ക്' എന്ന പദ്ധതി ഫലപ്രദമായി നടപ്പാക്കി. എല്ലാ പഞ്ചായത്തുകളിലും പഞ്ചായത്തുതല ഉദ്ഘാടനം പൂർത്തിയാക്കുകയും പച്ചക്കറി വിത്തുകൾ, തൈകൾ എന്നിവ ആവശ്യമനുസരിച്ച് വിതരണം ചെയ്യുകയും ചെയ്തു. പദ്ധതിയുടെ ഭാഗമായി മണ്ഡലത്തിൽ രൂപീകരിക്കുവാൻ സാദ്ധ്യമാകുന്ന പരമാവധി കൃഷിക്കൂട്ടങ്ങൾ പൂർത്തീകരിക്കും. ഉല്പാദന, സേവന വിപണന മൂല്യവർദ്ധന മേഖലയിലും കൃഷിക്കൂട്ടങ്ങൾ രൂപീകരിക്കും. ഈ കൃഷിക്കൂട്ടങ്ങൾ പൂർത്തിയാക്കുന്നതോടെ കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെടുകയും കർഷകന്റെ വരുമാനം വർദ്ധിക്കുകയും ചെയ്യും. ജൈവ കൃഷിക്ക് കൂടുതൽ പ്രാധാന്യം നൽകിയ

പദ്ധതികളും മണ്ഡലത്തിൽ ആരംഭിച്ചു കഴിഞ്ഞു. കരനെൽകൃഷി, സുഗന്ധ വിളകൃഷി എന്നിവയും ഈ കാലയളവിൽ ആരംഭിച്ചുകഴിഞ്ഞു. മണ്ഡലത്തിൽ സ്മാർട്ട് കൃഷിഭവൻ ആരംഭിക്കുന്ന കാര്യവും സർക്കാർ പരിശോധനയിലാണ്.

കാർഷികമേഖലയുടെ പുനരുജ്ജീവനത്തിനായി നടപ്പിലാക്കുന്ന പദ്ധതികൾ

6(5130)ശ്രീമതി ഉമ തോമസ്:
ശ്രീമതി കെ. കെ. രമ:
ശ്രീ. ടി. സിദ്ദിഖ്:
ശ്രീ. ഐ. സി. ബാലകൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷികമേഖലയുടെ പുനരുജ്ജീവനത്തിനായി ഈ സർക്കാർ നടപ്പിലാക്കുന്ന പദ്ധതികൾ എന്തൊക്കെയാണ്?

സംസ്ഥാനത്തെ കാർഷികമേഖലയുടെ പുനരുജ്ജീവനത്തിനും ഈ മേഖലയിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിനുമായി കൃഷി വകുപ്പ് ദീർഘകാലാടിസ്ഥാനത്തിലും പുതിയതുമായ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നുണ്ട്. കാർഷികോല്പാദന വർദ്ധനവിനും ഉല്പാദനക്ഷമത വർദ്ധിപ്പിക്കുവാനും ഈ പദ്ധതികളിലൂടെ ലക്ഷ്യമിടുന്നു. ഈ സാമ്പത്തിക

വർഷത്തിൽ സംസ്ഥാനത്തെ ഓരോ വ്യക്തിയെയും കൃഷിയിലേയ്ക്ക് ആകർഷിക്കുവാനും സ്വന്തമായി കൃഷി ചെയ്യുന്നതിന് പ്രേരണ നൽകുന്നതിനും അതുവഴി കാർഷികമേഖലയിൽ ജനകീയ മുന്നേറ്റം സൃഷ്ടിക്കുക എന്ന ലക്ഷ്യത്തോടെ "ഞങ്ങളും കൃഷിയിലേയ്ക്ക്" എന്ന പരിപാടി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു.

ഭക്ഷ്യവിളയായ നെല്ല്, പച്ചക്കറി, നാളികേരം, സുഗന്ധവിളകൾ, പഴവർഗ്ഗങ്ങൾ മുതലായവയുടെ കൃഷി നിലനിർത്തുന്നതിനോടൊപ്പം കൂടുതൽ സ്ഥലങ്ങളിലേയ്ക്ക് കൃഷി വ്യാപിപ്പിക്കുന്നതിനും ഉല്പാദനവും ഉല്പാദനക്ഷമതയും വർദ്ധിപ്പിക്കുന്നതിനും പദ്ധതികൾ നടപ്പിലാക്കിവരുന്നു. ഈ സമീപനത്തിൽ തെങ്ങിൻതോട്ടങ്ങളിൽ മെച്ചപ്പെട്ട കാർഷിക പരിപാലനം, ഇടവിളകൃഷി, സമ്മിശ്രകൃഷി എന്നിവ നടത്തി യൂണിറ്റ് വിസ്തീർണ്ണത്തിൽ പരമാവധി ആദായം വർദ്ധിപ്പിക്കുന്നതിന് സമഗ്രവികസന പദ്ധതിയായ കേരഗ്രാമം ക്യാമ്പയിൻ അടിസ്ഥാനത്തിൽ തെങ്ങിൻതോട്ടങ്ങളിൽ തടം തുറക്കൽ, വളപ്രയോഗം, കീടരോഗ നിവാരണ പ്രവർത്തനങ്ങൾ (കേര രക്ഷാവാരം) എന്നിവ ഈ വർഷം നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു.

കർഷകരുടെ വരുമാനം, സുസ്ഥിരത, ഭക്ഷ്യസുരക്ഷ, പാരിസ്ഥിതിക സ്ഥിരത എന്നിവ മെച്ചപ്പെടുത്തുന്നതിന് ഇപ്പോൾ പിന്തുടരുന്ന വില-കേന്ദ്രീകൃത സമീപനത്തിന്റെ അപര്യാപ്തത കണക്കിലെടുത്തുകൊണ്ട് ലഭ്യമായ വിഭവങ്ങൾ സുസ്ഥിരമായ രീതിയിൽ കാര്യക്ഷമമായും വിവേചനപരവുമായി ഉപയോഗിക്കുന്നതിനും ഉറപ്പായ വരുമാനം കർഷകർക്ക് ലഭിക്കുന്നതിനുമായി വില അടിസ്ഥാനമാക്കിയുള്ള വികസനത്തിൽനിന്നും കൃഷിയിടാധിഷ്ഠിത വികസന സമീപനത്തിന് ഈ വർഷം തുടക്കമിടുന്നു. കാർഷിക മേഖലയിൽ ആവശ്യമായ സേവനങ്ങളും ഉല്പാദനോപാധികളും മറ്റു സഹായങ്ങളും നൽകുന്നതിനും പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്. ഇതോടൊപ്പം കാലാവസ്ഥാ വ്യതിയാനംമൂലവും ആഗോളതാപന വർദ്ധനവുമൂലവും കാർഷിക മേഖലയിലുണ്ടാകുന്ന അപകടങ്ങളെ മുന്നിൽ കണ്ടുകൊണ്ട് ഇന്ത്യയിൽത്തന്നെ ആദ്യമായി കാർബൺതുലിത കൃഷി പ്രോത്സാഹിപ്പിക്കുവാൻ ഉദ്ദേശിക്കുന്ന സംസ്ഥാനമാകുവാൻ കേരളം തയ്യാറാകുന്നു. സംസ്ഥാനത്തെ തെരഞ്ഞെടുത്ത സ്ഥലങ്ങളിൽ കാർബൺതുലിത കൃഷിരീതികൾ പ്രോത്സാഹിപ്പിക്കുവാൻ ഉദ്ദേശിക്കുന്നു. കൃഷി വകുപ്പിന്റെ ഡിപ്പാർട്ട്മെന്റ് ഫാമുകളിലും പ്രത്യേകം

തെരഞ്ഞെടുത്ത പ്രദേശങ്ങളിലും കാർബൺ ന്യൂട്രൽ ഫാമിംഗ് പ്രോത്സാഹിപ്പിക്കുന്നതിനുള്ള ദൗത്യം ആരംഭിക്കാൻ നടപടികൾ സ്വീകരിച്ചുവരുന്നു. 2022-23 സാമ്പത്തിക വർഷത്തിൽ നടപ്പിലാക്കുന്ന സംസ്ഥാനാവിഷ്കൃത പദ്ധതികളുടെ പട്ടിക അനുബന്ധമായി ചേർക്കുന്നു.+

(ബി) കാർഷിക കേരളം നേരിടുന്ന പ്രധാന പ്രതിസന്ധി ഭക്ഷ്യ-നാണ്യ വിളകളുടെ കാര്യക്ഷമമല്ലാത്ത ഉല്പാദനവും വിപണനവുമാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇക്കാര്യത്തിൽ എന്തെല്ലാം നടപടികളാണ് കൈക്കൊള്ളുവാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ?

(ബി&സി) ഉണ്ട്. കേരളത്തിലെ കാർഷികമേഖല പലതരത്തിലുള്ള പ്രതിസന്ധികൾ നേരിടുന്നുണ്ട്. കാലാവസ്ഥാ വ്യതിയാനംമൂലം വളരെയധികം ദുരിതമനുഭവിക്കുന്ന സംസ്ഥാനങ്ങളിലൊന്നാണ് കേരളം. അടിക്കടിയുണ്ടാകുന്ന വെള്ളപ്പൊക്കവും വരൾച്ചയും ഉരുൾപൊട്ടലും വിളകളുടെയും കൃഷിഭൂമിയുടെയും നാശത്തിന് കാരണമാകുന്നു. കർഷകരുടെ കൃഷിയിടങ്ങൾ പൂർവ്വസ്ഥിതിയിലാക്കാനുള്ള ചെലവ് ക്രമാതീതമായി

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വർദ്ധിക്കുന്നതും വീണ്ടും വിളയിറക്കുന്നതിനുള്ള അധികച്ചെലവും കർഷകരെ പ്രതികൂലമായി ബാധിക്കുന്നു.

കേരളത്തിൽ ആർദ്രതയേറിയ ഉഷ്ണമേഖലാ കാലാവസ്ഥയായതുകൊണ്ട് കീടരോഗാക്രമണങ്ങൾ മറ്റുപ്രദേശങ്ങളെ അപേക്ഷിച്ച് കൂടുതലാണെന്നതും കാർഷികോല്പാദനത്തിലും ഉല്പാദനക്ഷമതയിലും കുറവ് വരാൻ കാരണമാകുന്നുണ്ട്. കാർഷികോല്പന്നങ്ങളുടെ വിലയിൽ അടിക്കടിയുണ്ടാകുന്ന വ്യതിയാനം കർഷകരെ വളരെ പ്രതികൂലമായി ബാധിക്കുന്നുണ്ട്. ഇന്ധന വിലയിലും ചരക്കുനീക്കത്തിലും അസംസ്കൃത വസ്തുക്കളിലുമുണ്ടായ വില വർദ്ധനവുമൂലം ഉത്പാദനോപാധികളുടെ വില ഗണ്യമായി വർദ്ധിച്ചതും കർഷകരെ പ്രതിസന്ധിയിലാക്കുന്നു. കോവിഡ് മഹാമാരി സൃഷ്ടിച്ച സാമൂഹിക സാമ്പത്തിക പ്രതിസന്ധി മറ്റെല്ലാ മേഖലകളിലുമെന്നപോലെ കാർഷികമേഖലയിൽ ഉല്പാദനത്തെയും വിതരണത്തെയും സാരമായി ബാധിച്ചു. തുണ്ടുവൽക്കരിക്കപ്പെട്ടുപോകുന്ന കൃഷിയിടങ്ങളുടെ എണ്ണം വർദ്ധിക്കുന്നതിനാൽ ചെറുകിട ഉൽപ്പാദകരുടെ ഉല്പാദനക്ഷമത കുറയുന്നത്തിന് കാരണമാകുന്നു. കേരളത്തിന്റെ ഭൂപ്രകൃതിക്കും, കാലാവസ്ഥയ്ക്കും അനുയോജ്യമായ കാർഷിക യന്ത്രങ്ങളുടെ അഭാവം കൃഷി

ചെലവുകൾ വർദ്ധിക്കുന്നതിന് വഴിയൊരുക്കിയിട്ടുണ്ട്. നൈപുണ്യമുള്ള കർഷക തൊഴിലാളികളുടെ ലഭ്യതക്കുറവ് കാര്യക്ഷമത കുറയുന്നതിനും കൂലിച്ചെലവ് വർദ്ധിക്കുന്നതിനും കാരണമാകുന്നു.

കാർഷികോല്പന്നങ്ങളുടെ ഉല്പാദനവും ഉല്പാദനക്ഷമതയും വർദ്ധിപ്പിക്കുന്നതിനായി കേരള കാർഷിക സർവ്വകലാശാലയുടെ സഹകരണത്തോടെ ശാസ്ത്രീയ കൃഷിരീതികൾ അവലംബിച്ചുകൊണ്ടുള്ള പദ്ധതികൾ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നു. ഒരു വിളയെ മാത്രം അടിസ്ഥാനമാക്കിയുള്ള കൃഷിരീതിയിൽനിന്നും ഒരു കൃഷിയിടത്തിന്റെ സമഗ്രമായ വികസനം ലക്ഷ്യമിട്ടുള്ള ശാസ്ത്രീയമായി തയ്യാറാക്കിയ ഫാം പ്ലാനുകളെ അടിസ്ഥാനമാക്കിയുള്ള കൃഷിയിലേയ്ക്കുള്ള മാറ്റം വിഭാവനം ചെയ്തിരിക്കുന്നത് കർഷകരുടെ വരുമാനം വർദ്ധിപ്പിക്കുവാൻ സഹായകരമാകും.

കാർഷികോത്പന്നങ്ങളുടെ വിലത്തകർച്ചയിൽനിന്നും കർഷകരെ സംരക്ഷിക്കുന്നതിനായി 16 ഇനം പഴം-പച്ചക്കറികൾക്ക് അടിസ്ഥാനവില പദ്ധതി നടപ്പിലാക്കി. ഈ സാമ്പത്തികവർഷം അഞ്ചിനം പഴം-പച്ചക്കറികളെക്കൂടി അടിസ്ഥാനവില പദ്ധതിയിൽ ഉൾപ്പെടുത്തുവാൻ

ഉദ്ദേശിക്കുന്നു. കർഷകരുടെ ഉല്പന്നങ്ങൾ കെട്ടിക്കിടക്കുന്നത് ഒഴിവാക്കുന്നതിനായി കൃഷി വകുപ്പിന്റെ നേതൃത്വത്തിൽ വിവിധ വിപണികൾ ആരംഭിച്ചു. സാമൂഹ്യമാധ്യമങ്ങളുടെ സഹായത്തോടെ ഇവ വിറ്റഴിക്കുവാൻ സംവിധാനമൊരുക്കും. അതിനോടൊപ്പംതന്നെ നഗരവീഥികളിൽ കർഷക വിപണികൾ സംഘടിപ്പിക്കുകയും കൂടുതൽ ഇക്കോഷോപ്പുകളും ആഴ്ചച്ചന്തകളും ആരംഭിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. ഉല്പാദനം കൂടുതലുണ്ടാകുന്ന സമയത്ത് മരച്ചീനിപോലുള്ള ഭക്ഷ്യവിളകളുടെ വിലത്തകർച്ച ഒഴിവാക്കുന്നതിനായി അവയുടെ മൂല്യവർദ്ധനവും വിപണനവും പ്രോത്സാഹിപ്പിക്കുവാനുള്ള പദ്ധതികൾ നടപ്പിലാക്കും. കാർഷിക വികസന കർഷക ക്ഷേമവകുപ്പ് നാഷണൽ ഇൻഫർമാറ്റിക്സ് സെന്ററിന്റെ സഹായത്തോടെ വികസിപ്പിച്ചുകൊണ്ടിരിക്കുന്ന ഏകജാലക സംവിധാനമാണ് അഗ്രിക്കൾച്ചർ ഇൻഫർമേഷൻ മാനേജ്മെന്റ് സിസ്റ്റം (AIMS) പോർട്ടൽ. കൃഷിവകുപ്പ് നൽകിവരുന്ന സേവനങ്ങളെല്ലാംതന്നെ ഒരു സംവിധാനത്തിലൂടെ ഓൺലൈനായി വേഗത്തിലും സുതാര്യമായും കാര്യക്ഷമമായും പ്രദാനം ചെയ്യുകയാണ് ടി സംവിധാനം വഴി ലക്ഷ്യമിടുന്നത്. പ്രകൃതിക്ഷോഭങ്ങളാൽ ദുരിതമനുഭവിക്കുന്ന കർഷകന്

അതിവേഗം സഹായമെത്തിക്കാൻ ഓൺലൈൻ സംവിധാനങ്ങൾ മുഖേന അപേക്ഷ നൽകുന്നതിനും നഷ്ടപരിഹാരം നേരിട്ട് ബാങ്ക് അക്കൗണ്ടുകളിലെത്തിക്കുന്നതിനുമുള്ള ക്രമീകരണങ്ങൾ പൂർണ്ണമായി നടപ്പിലാക്കും. ഇതുകൂടാതെ സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി വഴി നഷ്ടപരിഹാരം നൽകൽ, നെൽവയൽ ഉടമകൾക്കുള്ള റോയൽറ്റി നൽകൽ, പഴം-പച്ചക്കറി കൃഷിക്കുള്ള അടിസ്ഥാനവില നൽകൽ തുടങ്ങിയ സേവനങ്ങൾ നിലവിൽ AIMS പോർട്ടൽവഴി ലഭ്യമാണ്. AIMS-ന്റെ അടുത്ത പതിപ്പായ AIMS 2.0 താമസിയാതെ പ്രവർത്തന ക്ഷമമാകുന്നതാണ്.

ഗുണമേന്മയുള്ള നടീൽവസ്തുക്കൾ കർഷകർക്ക് ലഭ്യമാക്കുന്നതിന്റെ ഭാഗമായി നഴ്സറി ആക്ട് (ബിൽ) ആവിഷ്കരിക്കുകയും ആയതിന്റെ കരട് പരിഗണനയിലുമാണ്. ഉല്പാദനം, വിപണനം, സംസ്കരണം, വായ്പാ പിന്തുണ, ഇൻഷ്വറൻസ് തുടങ്ങി കൃഷിയുടെ എല്ലാ മേഖലകളിലും കർഷകർക്ക് പരമാവധി സേവനം ലഭ്യമാക്കുന്നതിനായി കൃഷി ഭവനുകളുടെ പ്രവർത്തനക്ഷമത മെച്ചപ്പെടുത്തുകയെന്ന ലക്ഷ്യത്തോടുകൂടി കൃഷിഭവനുകളെ ഘട്ടം ഘട്ടമായി ' സ്മാർട്ട് കൃഷി ഭവനുകൾ' ആക്കുക എന്നതാണ് മറ്റൊരു

പ്രത്യേക ലക്ഷ്യം. 2022-23 വർഷത്തിൽ കാർഷിക യന്ത്രവല്ക്കരണ മേഖലയിൽ ഏകജാലക സംവിധാനങ്ങളായ 20 കൃഷിശ്രീ സെന്ററുകൾ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നു. കാർഷിക രംഗത്തെ തൊഴിലാളിക്ഷാമം പരിഹരിക്കുക എന്നതാണ് ഈ പദ്ധതികളുടെ പ്രധാന ലക്ഷ്യം. കൂടാതെ കാർഷിക മേഖലയിൽ യന്ത്രോപകരണങ്ങളുടെ ഉപയോഗം വ്യാപിപ്പിക്കുക, കാർഷിക മേഖലയ്ക്ക് ആവശ്യമായ സഹായങ്ങളും സേവനങ്ങളും മിതമായ നിരക്കിൽ കർഷകർക്ക് നല്കുക, തൊഴിലാളി കുറവുമൂലം തരിശായികിടക്കുന്ന കൃഷിയിടങ്ങൾ കൃഷി യോഗ്യമാക്കുക, കാർഷിക മേഖലയിലെ ഉല്പാദനം, വിതരണം എന്നീ മേഖലകളിൽ ഇടപെടുക തുടങ്ങിയവയും ഈ പദ്ധതിയുടെ പ്രധാന പ്രവർത്തനങ്ങളിൽ ഉൾപ്പെടുന്നു. കൃഷി നല്ല വരുമാനം പ്രദാനം ചെയ്യുന്ന ഒരു സംരംഭമായി മാറ്റുന്നതിനുവേണ്ടി കാർഷിക മേഖലയ്ക്ക് ആവശ്യമായ ഉല്പാദനോപാധികൾക്കും സേവനങ്ങൾക്കും കാര്യക്ഷമമായ വിതരണ ശൃംഖല സ്ഥാപിച്ച് ഉൽപ്പന്നങ്ങളുടെ മൂല്യം സൃഷ്ടിക്കുന്നതിലും ശ്രദ്ധ കേന്ദ്രീകരിക്കാൻ കൃഷി വകുപ്പ് ഉദ്ദേശിക്കുന്നു.

## സംസ്ഥാനത്തെ ആകെ കൃഷി സ്ഥലങ്ങൾ

7(5131) ശ്രീ. തോമസ് കെ. തോമസ്:

ശ്രീ. കെ. പി. മോഹനൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ആകെ കൃഷിസ്ഥലം എത്രയെന്ന് ഇനം തിരിച്ച് വ്യക്തമാക്കാമോ?

സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പിൽനിന്നും ലഭ്യമായ കണക്കുകൾ പ്രകാരം 2020-21 വർഷത്തിൽ സംസ്ഥാനത്ത് കൃഷിചെയ്ത സ്ഥലത്തിന്റെ വിസ്തൃതി 2568959.73 ഹെക്ടർ ആണ്. ആയതിന്റെ വിളകൾ അടിസ്ഥാനമാക്കിയുള്ള കണക്ക് അനുബന്ധമായി ചേർക്കുന്നു.+

(ബി) നാണ്യവിളകളുടെ ജലസേചനത്തിനായി നടപടികൾ സ്വീകരിച്ചുവരുന്നുണ്ടോ; എങ്കിൽ അവ എന്തെല്ലാമാണെന്ന് വിശദമാക്കാമോ; ഇല്ലെങ്കിൽ ആയതിന് നടപടി സ്വീകരിക്കുമോ?

കേന്ദ്രാവിഷ്കൃത പദ്ധതിയായ പ്രധാനമന്ത്രി കൃഷി സിഞ്ചായി യോജന-പെർ ഡ്രോപ്പ് മോർ ക്രോപ്പ് (മൈക്രോ ഇറിഗേഷൻ) പദ്ധതി പ്രകാരം സൂക്ഷ്മ ജലസേചനം നടത്തുന്നതിനായി കൃഷിയിടങ്ങളിൽ ഡ്രിപ്പ് ജലസേചനം, സ്പ്രിംഗ്ളർ ജലസേചനം എന്നിവ സ്ഥാപിക്കുന്നതിന് കർഷകർക്ക് സബ്സിഡി നൽകുന്നു. കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വിഹിതമായി പദ്ധതി മാർഗ്ഗരേഖ പ്രകാരമുള്ള അനുവദനീയ തുകയുടെ 55% വരെ ചെറുകിട നാമമാത്ര കർഷകർക്കും 45% വരെ മറ്റുള്ള കർഷകർക്കും സബ്സിഡി നൽകുന്നു. ഒരു ഗുണഭോക്താവിന് പരമാവധി അഞ്ച് ഹെക്ടർ വരെയുള്ള കൃഷിക്ക് പദ്ധതി മാർഗ്ഗരേഖയ്ക്കനുസൃതമായി സബ്സിഡി നൽകി വരുന്നു. സൂക്ഷ്മ ജലസേചന രീതികൾ വ്യാപിപ്പിക്കുക എന്നതാണ് പദ്ധതിയിൽ വിഭാവനം ചെയ്തിരിക്കുന്നത്.

## കൃഷി വിപുലീകരണത്തിനും നെല്ല് സംഭരണത്തിനുമുള്ള നടപടികൾ

8(5132) ശ്രീ. എച്ച്. സലാം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ ആറ് വർഷമായി നെൽകൃഷി, പച്ചക്കറി കൃഷി എന്നിവയുടെ വിപുലീകരണത്തിനായി കൃഷി വകുപ്പ് നടപ്പാക്കിയ പദ്ധതികൾ എന്തൊക്കെയെന്നും ഇതുവഴി നെൽ ഉല്പാദനത്തിലും പച്ചക്കറി ഉല്പാദനത്തിലും വന്ന വർദ്ധനവ് എത്രയെന്നും വിശദമാക്കാമോ?

നെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി നടപ്പിലാക്കിയ സംസ്ഥാനാവിഷ്കൃത പദ്ധതിയാണ് നെൽകൃഷി വികസന പദ്ധതി.

പദ്ധതിയുടെ വിവിധ ഘടകങ്ങൾ സംബന്ധിച്ച വിവരങ്ങൾ അനുബന്ധം-1+ ആയി ചേർക്കുന്നു.

പച്ചക്കറിയുല്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിന് ലക്ഷ്യമിട്ട് കാർഷിക വികസന കർഷകക്ഷേമ വകുപ്പ് കഴിഞ്ഞ ആറ് വർഷ കാലയളവുകളിലും തുടർന്നും നടപ്പിലാക്കിവരുന്ന ബൃഹദ്പദ്ധതിയാണ് സമഗ്ര പച്ചക്കറി വികസന പദ്ധതി. പ്രസ്തുത പദ്ധതിയിൽ സംസ്ഥാനത്തിനാവശ്യമായ പച്ചക്കറി കൃഷി വ്യാവസായികാടിസ്ഥാനത്തിലും വീട്ടുവളപ്പുകളിലും പ്രോത്സാഹിപ്പിച്ചുവരുന്നു. ഇതിനുവേണ്ട ബോധവൽക്കരണവും ഉല്പാദനോപാധികളുടെ ലഭ്യതയും ഉറപ്പാക്കുവാൻ വേണ്ടിയുള്ള വിവിധ ഘടകങ്ങൾ വിഭാവനം ചെയ്ത് നടപ്പിലാക്കി വരുന്നു. സമഗ്ര പച്ചക്കറി വികസന പദ്ധതി ഘടകങ്ങളുടെ വിശദാംശങ്ങൾ അനുബന്ധമായി+ ചേർക്കുന്നു.

(ബി) ഈ പ്രവർത്തനങ്ങൾക്കായി ഇക്കാലയളവിൽ എത്ര രൂപയാണ് ചെലവഴിച്ചിട്ടുള്ളതെന്ന് ഇനം തിരിച്ച് വിശദമാക്കാമോ?

സമഗ്ര നെൽകൃഷി വികസന പദ്ധതിക്കായി 2016-17 സാമ്പത്തിക വർഷത്തിൽ 4,331.615 ലക്ഷം രൂപ ചെലവഴിച്ചു. 2017-18 വർഷത്തിൽ

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

6,394.48 ലക്ഷം രൂപയും 2018-19 സാമ്പത്തിക വർഷത്തിൽ പദ്ധതിക്കായി 8,206.803 ലക്ഷം രൂപയും ചെലവഴിച്ചു. 2019-20 വർഷത്തിൽ 5,342.85085 ലക്ഷം രൂപയും 2020-21 സാമ്പത്തിക വർഷത്തിൽ 8,582.8 ലക്ഷം രൂപയും ചെലവഴിച്ചിട്ടുണ്ട്. 2021-22 സാമ്പത്തിക വർഷത്തിൽ 10,710.281 ലക്ഷം രൂപയും ചെലവഴിച്ചു. ഇത്തരത്തിൽ കഴിഞ്ഞ ആറ് വർഷമായി സമഗ്ര നെൽകൃഷി വികസന പദ്ധതിക്കായി ആകെ 43,568.82985 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. നെല്ലിന്റെ ഉത്പാദന ബോണസായി ഗ്രാമപഞ്ചായത്തുകൾക്ക് 6270.88867 ലക്ഷം രൂപയും മുനിസിപ്പാലിറ്റികൾക്ക് 185.82656 ലക്ഷം രൂപയും കോർപ്പറേഷനുകൾക്ക് 2.68576 ലക്ഷം രൂപയും ചേർത്ത് ആകെ 6,459.40099 ലക്ഷം രൂപ വിതരണം ചെയ്തു.

സമഗ്ര പച്ചക്കറി വികസന പദ്ധതിക്കായി 2016-17 സാമ്പത്തിക വർഷത്തിൽ 5,673.39 ലക്ഷം രൂപ ചെലവഴിച്ചു. 2017-18 വർഷത്തിൽ 7,126.2 ലക്ഷം രൂപയും 2018-19 സാമ്പത്തിക വർഷത്തിൽ പദ്ധതിക്കായി 7,015.04 ലക്ഷം രൂപയും ചെലവഴിച്ചു, 2019-20 വർഷത്തിൽ 4,413.86 ലക്ഷം രൂപയും 2020-21 സാമ്പത്തിക വർഷത്തിൽ 6,170.67 ലക്ഷം

രൂപയും ചെലവഴിച്ചിട്ടുണ്ട്. 2021-22 സാമ്പത്തിക വർഷത്തിൽ 6,815.71 ലക്ഷം രൂപയും ചെലവഴിച്ചു. ഇത്തരത്തിൽ കഴിഞ്ഞ ആറ് വർഷമായി സമഗ്ര പച്ചക്കറി വികസന പദ്ധതിക്കായി ആകെ 37,214.87 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.

(സി) നെല്ല് സംഭരണത്തിനായി ഇക്കാലയളവിൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്ന് വിശദമാക്കാമോ?

കഴിഞ്ഞ 6 വർഷങ്ങളായി സംസ്ഥാന പ്രോത്സാഹന ബോണസിൽ വർദ്ധനവ് വരുത്തിയിട്ടുണ്ട്. 2015-16 സീസൺ മുതലുള്ള സംസ്ഥാന പ്രോത്സാഹന ബോണസിന്റെ കണക്ക് അനുബന്ധം+ ആയി ചേർക്കുന്നു. 2022-23 സീസൺ മുതൽ പ്രോത്സാഹന ബോണസിൽ 20 പൈസ വർദ്ധനവ് വരുത്തിയിട്ടുണ്ട്. പാട്ടകർഷകർ സത്യവാങ്മൂലം നൽകണം എന്ന വ്യവസ്ഥ ഒഴിവാക്കി പകരം കൃഷി ഉദ്യോഗസ്ഥർ ഓൺലൈനായി അപേക്ഷ അപ്രൂവ് ചെയ്യുന്ന സംവിധാനം നടപ്പിലാക്കി. കേരളത്തിൽ കൃഷി ചെയ്ത് വിളവെടുക്കുന്ന നെല്ലാണ് സംഭരിക്കുന്നതെന്ന് ഉറപ്പാക്കുവാനായി നെല്ല് സംഭരണ രജിസ്ട്രേഷൻ പോർട്ടൽ കേരള റവന്യൂ വകുപ്പിന്റെ ഭൂവിവര രജിസ്ട്രേഷൻ പോർട്ടലുമായി ബന്ധിപ്പിച്ചു.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കർഷകർക്ക് സമയബന്ധിതമായി നെല്ലിന്റെ വില ലഭ്യമാകുന്നതിനുവേണ്ടി ബാങ്കുകളുമായി കരാറിലേർപ്പെട്ടുകൊണ്ട് പി.ആർ.എസ്. (പാഡി റെസീപ്റ്റ് ഷീറ്റ്) വായ്പാപദ്ധതി 2017-18 സീസൺ മുതൽ രൂപംകൊടുത്തു നടപ്പിലാക്കിവരുന്നു.

(ഡി) നെല്ല് സംഭരണവുമായി ബന്ധപ്പെട്ട് ഇടനിലക്കാരുടെയും സ്വകാര്യമില്ലുടമകളുടെയും ചൂഷണത്തിൽനിന്ന് നെൽക്കർഷകരെ രക്ഷിക്കുന്നതിനും നെല്ല് സംഭരണം സമയബന്ധിതമായി നടപ്പാക്കുന്നതിനും എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

മറ്റ് സംസ്ഥാനങ്ങളിൽ കർഷകർ തങ്ങൾ ഉൽപ്പാദിപ്പിച്ച നെല്ല് സംഭരണ ക്രേന്ദ്രത്തിലേയ്ക്ക് കൊണ്ടുവരികയും ഗുണമേന്മ ഇല്ലെന്ന് കണ്ടെത്തിയാൽ ആയത് സ്വന്തം ചെലവിൽ തിരികെ കൊണ്ടുപോകുകയും ചെയ്യേണ്ട അവസ്ഥയുണ്ട്. എന്നാൽ കേരളത്തിൽ കർഷകന്റെ കൃഷിയിടത്തിൽ നിന്നുതന്നെ നേരിട്ട് നെല്ല് സംഭരിക്കുന്നു. ഇതുമൂലം മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് കർഷകർ ചൂഷണം നേരിടാത്ത സംസ്ഥാനമാണ് കേരളം. ഗുണമേന്മ കുറഞ്ഞ നെല്ല് മറ്റ് സംസ്ഥാനങ്ങളിൽ

സംഭരിക്കപ്പെടാതിരിക്കുമ്പോൾ കേരളത്തിൽ ന്യായമായ കിഴിവിൽ നെല്ല് സംഭരിക്കപ്പെടുന്നു. സർക്കാർ-സഹകരണ-സ്വകാര്യ മില്ലുകളുമായി കരാറിലേർപ്പെട്ടുകൊണ്ട് അവർ മുഖേന നെല്ല് സംഭരിക്കുന്നതുമൂലമാണ് ഇങ്ങനെ സാധ്യമാകുന്നത്. മില്ലുടമയോ, മില്ലുടമയുടെ പ്രതിനിധിയോ നെല്ല് സംഭരിക്കണമെന്ന് കരാറിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. മില്ലുടമയോ അയാളുടെ പ്രതിനിധിയോ അല്ലാതെ ഇടനിലക്കാർ നെല്ല് സംഭരണത്തിൽ പങ്കെടുക്കുന്നില്ല. മില്ലുകൾ മുഖേന നെല്ല് സംഭരിക്കുന്നുവെങ്കിലും സംഭരണ പ്രക്രിയ നിരീക്ഷിക്കുന്നതിനും നിയന്ത്രിക്കുന്നതിനും സപ്ലൈകോ ഉദ്യോഗസ്ഥർ ഫീൽഡുതലത്തിൽ പ്രവർത്തിക്കുന്നുണ്ട്. സപ്ലൈകോയിലെ ഉദ്യോഗസ്ഥർ നെല്ലിന്റെ ഗുണമേന്മ പരിശോധിക്കുകയും അത് കർഷകരെയും മില്ലുടമയെയും കൃഷി വകുപ്പ് ഉദ്യോഗസ്ഥരെയും ബോധ്യപ്പെടുത്താറുമുണ്ട്. മില്ലുടമകളിൽനിന്നും കർഷകർക്ക് ചൂഷണം നേരിടാതിരിക്കുവാനായി അതീവശ്രദ്ധ സപ്ലൈകോ ചെലുത്താറുണ്ട്.

## കൃഷിഭൂമി ഉപയോഗപ്രദമാക്കാനുള്ള നടപടികൾ

9(5133) ശ്രീ. കെ. ജെ. മാക്സി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കൃഷിഭൂമി തരംമാറ്റം നടത്തുന്നതും തരിശിടുന്നതും തടയുവാനും കൃഷിഭൂമി കൃഷിക്കായി ഉപയോഗിക്കുന്നതിനും ഉപയോഗപ്രദമാക്കുന്നതിനും എന്തൊക്കെ നടപടികൾ സർക്കാർ സ്വീകരിച്ചുവരുന്നുവെന്ന് വ്യക്തമാക്കുമോ?

സംസ്ഥാനത്ത് കൃഷിഭൂമി തരംമാറ്റം നടത്തുന്നതും തരിശിടുന്നതും തടയുവാനും കൃഷിഭൂമി കൃഷിക്കായി ഉപയോഗിക്കുന്നതിനും ഉപയോഗപ്രദമാക്കുന്നതിനും 2008 കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമ പ്രകാരം വ്യവസ്ഥകളുണ്ട്. പ്രസ്തുത നിയമത്തിലെ വ്യവസ്ഥകൾ നടപ്പിലാക്കുന്നത് നിരീക്ഷിക്കുന്നതിലേയ്ക്കായി പഞ്ചായത്ത്/ മുനിസിപ്പാലിറ്റി/കോർപ്പറേഷൻ തലത്തിൽ പ്രാദേശിക നിരീക്ഷണ സമിതി പ്രവർത്തിക്കുന്നുണ്ട്. ഇതിൽ കൃഷി ഓഫീസർ, വില്ലേജ് ഓഫീസർ, പഞ്ചായത്ത് പ്രസിഡന്റ്/മുനിസിപ്പൽ ചെയർമാൻ/കോർപ്പറേഷൻ മേയർ, നെൽകൃഷി മേഖലയിലെ മൂന്ന് കർഷകർ എന്നിവർ ഉൾപ്പെട്ടിട്ടുണ്ട്. അനധികൃതമായി നിലംനികത്തുന്നത് റിപ്പോർട്ട് ചെയ്യാൻ കൃഷി ഓഫീസറെയും നികത്തുന്നത്തിനെതിരെ സ്റ്റോപ്പ് മെമ്മോ നല്കാൻ വില്ലേജ് ഓഫീസറെയും കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമപ്രകാരം

ചുമതലപ്പെടുത്തിയിട്ടുണ്ട്. കൂടാതെ ഭൂമി തരംമാറ്റുന്ന അപേക്ഷകളിന്മേൽ പ്രാദേശിക നിരീക്ഷണ സമിതിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട റവന്യൂ ഡിവിഷണൽ ഓഫീസറാണ് അന്തിമ തീരുമാനം എടുക്കുന്നത്. അടിസ്ഥാന നികുതി രജിസ്റ്ററിൽ നിലം എന്ന് രേഖപ്പെടുത്തിയിട്ടുള്ളതും എന്നാൽ ഡാറ്റാബാങ്കിൽ ഉൾപ്പെടാത്തതുമായ ഭൂമികളുടെ തരംമാറ്റം സംബന്ധിച്ചാണ് 2018-ലെ ടി നിയമത്തിലെ ഭേദഗതി പ്രകാരം ബന്ധപ്പെട്ട റവന്യൂ ഡിവിഷണൽ ഓഫീസർ തീരുമാനം എടുക്കുന്നത്. നെൽവയലുകൾ കൃഷി ചെയ്യിക്കുന്നതിനുള്ള വ്യവസ്ഥകൾ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിൽ 15, 16 വകുപ്പു പ്രകാരം വ്യവസ്ഥ ചെയ്തിട്ടുണ്ട്.

സംസ്ഥാനമൊട്ടാകെ നെൽവയലുകൾ തരിശാക്കിയിടുന്നത് തടയാൻ നിലവിൽ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ ആക്ട് 2008-ലെ വകുപ്പ് (15) പ്രകാരം സമിതിക്ക് (പ്രാദേശിക നിരീക്ഷണ സമിതി), കൃഷി ഇറക്കാതെ തരിശ് ഇട്ടിട്ടുള്ള ഏതെങ്കിലും നെൽവയലിന്റെ അനുഭവക്കാരനോട് അയാൾ നേരിട്ടോ, അയാളുടെ ഇഷ്ടാനുസരണം

മറ്റേതെങ്കിലും ആൾ മുഖേനയോ നെല്ലോ മറ്റേതെങ്കിലും ഇടക്കാല വിളയോ കൃഷി ചെയ്യാൻ നിർദ്ദേശിക്കുന്നതിന് ആക്റ്റിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്.

ഇതുകൂടാതെ തരിശാക്കിയിടുന്ന നെൽവയലുകൾ പാട്ടവ്യവസ്ഥയിൽ ഏറ്റെടുത്ത് കൃഷിചെയ്യുന്നതിന് കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ ആക്ട് 2008 (16) പ്രകാരം വ്യവസ്ഥ നിലവിലുണ്ട്. കൂടാതെ നെൽവയലുകൾ തരിശ്ശിടുന്ന പ്രവണത അവസാനിപ്പിക്കാനും നെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിനുമായി കൃഷിവകുപ്പ് തരിശുനിലങ്ങളിൽ പാട്ട വ്യവസ്ഥയിൽ നെൽകൃഷി ചെയ്യുന്നതിന് കർഷകന്, ഹെക്ടർ ഒന്നിന് 35,000 രൂപയും ഭൂവുടമയ്ക്ക് 5,000 രൂപയും ഉൾപ്പടെ ആകെ 40,000 രൂപയുടെ ആനുകൂല്യം നൽകിവരുന്നുണ്ട്. ഇതുകൂടാതെ നെൽകൃഷി ചെയ്യാവുന്ന നെൽവയലുകൾ രൂപമാറ്റം വരുത്താതെ നിലനിർത്തി സംരക്ഷിക്കുകയും കൃഷി ചെയ്യുകയും ചെയ്യുന്ന നെൽവയലുകളുടെ ഉടമകൾക്ക് പ്രതിവർഷം ഹെക്ടറിന് 2,000 രൂപ നിരക്കിൽ റോയൽറ്റിയും കൃഷി വകുപ്പ് 2020-21 മുതൽ അനുവദിച്ചു വരുന്നു. 2022-23 വർഷം മുതൽ റോയൽറ്റി തുക ഹെക്ടറിന് 3,000 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. ഇതുകൂടാതെ നെല്ല് ഉല്പാദന

ബോണസായി ഒരു സീസണിൽ ഒരു ഹെക്ടർ നെൽകൃഷി ചെയ്യുന്നതിന് 1,000 രൂപ എന്ന തോതിൽ കൃഷി വകുപ്പ് നൽകിവരുന്നുണ്ട്.

(ബി) കാർഷിക മേഖലയിലെ കുളങ്ങൾ, തടാകങ്ങൾ ഉൾപ്പെടെ മറ്റിതര ജലസ്രോതസ്സുകളുടെ മലിനീകരണവും നികത്തലും നശിപ്പിക്കലും തടയുവാനും ഇവ സംരക്ഷിച്ച് കാർഷിക മേഖലയുടെ ഉന്നമനം ഉറപ്പിക്കാനുമായി സർക്കാർ സ്വീകരിച്ചുവരുന്ന പ്രധാന പ്രവർത്തനങ്ങൾ സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ?

നബാർഡ് സാമ്പത്തികസഹായത്തോടെ കൃഷിയുമായി ബന്ധപ്പെട്ടുള്ള തോടുകളുടെയും കുളങ്ങളുടെയും സംരക്ഷണത്തിനും നവീകരണത്തിനും വിവിധ ബ്രാഞ്ചുകളിലായി കൃഷി വകുപ്പ് നേരിട്ടും കെ.എൽ.ഡി.സി. മുഖേനയും പദ്ധതികൾ നടപ്പിലാക്കിവരുന്നുണ്ട്. അതുപോലെ ആർ.കെ.വി.വൈ. പദ്ധതിയിലും തെരഞ്ഞെടുത്ത ജലസ്രോതസ്സുകളിൽ മേൽത്തരം പ്രവൃത്തികൾ നടപ്പിലാക്കിവരുന്നുണ്ട്. കൂടാതെ നബാർഡ് ധനസഹായത്തോടെ മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പ് നടപ്പിലാക്കി വരുന്ന ‘ RIDF പദ്ധതി’ , ‘ പരമ്പരാഗത ജലസ്രോതസ്സുകളുടെ പുനരുജ്ജീവന പദ്ധതി’ എന്നീ

പദ്ധതികളിലൂടെ കുളങ്ങളുടെയും പരമ്പരാഗത ജലസ്രോതസ്സുകളുടെയും പുനരുദ്ധാരണത്തിനായുള്ള വിവിധ പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്. ഈ പദ്ധതികളിലൂടെ കുളങ്ങളിലും മറ്റും അടിഞ്ഞുകൂടിയ എക്കൽ നീക്കം ചെയ്യുക, ജലസംഭരണശേഷി വർദ്ധിപ്പിക്കുക, പാർശ്വഭിത്തി കെട്ടി സംരക്ഷിക്കുക, റാംപ്, സ്റ്റെപ്പ് എന്നിവ നിർമ്മിക്കുക മുതലായ പ്രവർത്തനങ്ങൾ വഴി കൃഷിക്കും ജലസേചനത്തിനും ഉപയുക്തമാക്കുന്നു. ശുദ്ധജല സംഭരണികളുടെ വൃഷ്ടിപ്രദേശം സംരക്ഷിക്കുന്നതിനുള്ള പദ്ധതിയിലൂടെ തിരുവനന്തപുരം ജില്ലയിലെ അരുവിക്കര ഡാം, കൊല്ലം ജില്ലയിലെ ശാസ്താംകോട്ട ശുദ്ധജല തടാകം, കോഴിക്കോട് ജില്ലയിലെ പെരുവണ്ണാമൂഴി ഡാം എന്നിവയുടെ വൃഷ്ടിപ്രദേശത്ത് വിവിധ മണ്ണുജല സംരക്ഷണ പ്രവർത്തനങ്ങളും വകുപ്പ് നടപ്പിലാക്കിവരുന്നുണ്ട്. തത്ഫലമായി ജലസംഭരണികളിൽ എക്കൽ അടിയുന്നത് കുറയുന്നതിനും സംഭരണശേഷി നിലനിർത്തി സംരക്ഷിക്കുന്നതിനും സാധിക്കുന്നുണ്ട്.

## കാഞ്ഞിരപ്പള്ളി മണ്ഡലത്തിലെ കൃഷി വകുപ്പ് പദ്ധതികളും സ്മാർട്ട് കൃഷിഭവനും

10(5134) ഡോ. എൻ. ജയരാജ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാഞ്ഞിരപ്പള്ളി നിയോജകമണ്ഡലത്തിൽ കൃഷി വകുപ്പ് മുഖേന ഏതൊക്കെ പദ്ധതികളാണ് നടപ്പാക്കി വരുന്നതെന്നും ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഏതൊക്കെ പദ്ധതികൾക്കാണ് തുക അനുവദിച്ചിട്ടുള്ളതെന്നും അറിയിക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കാഞ്ഞിരപ്പള്ളി നിയോജകമണ്ഡലത്തിൽ കൃഷിവകുപ്പ് മുഖേന നടപ്പിലാക്കി വരുന്ന പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

(ബി) സ്മാർട്ട് കൃഷിഭവൻ എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി നവീകരിക്കാൻ കാഞ്ഞിരപ്പള്ളി നിയോജകമണ്ഡലത്തിലെ ഏതൊക്കെ കൃഷിഭവനുകളാണ് തെരഞ്ഞെടുത്തിരിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ആദ്യഘട്ടത്തിൽ കാഞ്ഞിരപ്പള്ളി നിയോജകമണ്ഡലത്തിലെ ചിറക്കടവ് കൃഷി ഭവനാണ് സ്മാർട്ട് കൃഷി ഭവൻ എന്ന പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് ശിപാർശ ചെയ്തിട്ടുള്ളത്.

## പൂഞ്ഞാർ മണ്ഡലത്തിലെ ആർ.ഐ.ഡി.എഫ്. പ്രവൃത്തികൾ

11(5135) ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) പൂഞ്ഞാർ നിയോജകമണ്ഡലത്തിൽ ആർ.ഐ.ഡി.എഫ്. പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പാക്കി വരുന്ന പ്രവൃത്തികളുടെ വിശദവിവരം നൽകുമോ;

(ബി) ഓരോ പ്രവൃത്തിക്കും അനുവദിച്ച തുക എത്രയെന്നും നിലവിലെ സ്ഥിതി സംബന്ധിച്ച വിവരവും ലഭ്യമാക്കുമോ?

(എ & ബി) പൂഞ്ഞാർ നിയോജകമണ്ഡലത്തിൽ ആർ.ഐ.ഡി.എഫ്. XXII-ൽ ഉൾപ്പെടുത്തി മുണ്ടക്കയം പഞ്ചായത്തിലെ മൈലത്തടി വാട്ടർഷെഡ്, ആർ.ഐ.ഡി.എഫ്. XXV-ൽ ഉൾപ്പെടുത്തി മുണ്ടക്കയം, പാറത്തോട് പഞ്ചായത്തുകളിലെ ചെറുമല പാലയ്ക്കാത്തടം നീർത്തട പദ്ധതി എന്നിവ മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പ് മുഖേന നടപ്പിലാക്കിവരുന്നു. വിശദാംശം അനുബന്ധമായി ചേർക്കുന്നു.+

## <u>ആദിവാസി ഊരുകളിൽ കൃഷി വകുപ്പ് മുഖേന നടത്തുന്ന പദ്ധതികൾ</u>

12(5136) <u>ശ്രീ. പി. വി. അൻവർ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ആദിവാസി ഊരുകളിൽ കൃഷി വകുപ്പ് മുഖേന നടത്തുന്ന പദ്ധതികളുടെ വിശദവിവരം നൽകാമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ആദിവാസി ഊരുകളിൽ ലൊക്കേഷൻ സ്പെസിഫിക് പദ്ധതി, റീ ബിൽഡ് കേരള ഇനീഷ്യേറ്റിവ്-അട്ടപ്പാടി ആദിവാസി സമഗ്ര സുസ്ഥിര കാർഷിക വികസന പദ്ധതി, ആത്മ, നാളികേര വികസന പദ്ധതി, SMAM, PMKSY- PDMC, അതിരപ്പിള്ളി ട്രൈബൽ വാലി, പരമ്പരാഗത കൃഷി വികാസ് യോജന, പച്ചക്കറി വികസന പദ്ധതികൾ എന്നിവ വഴി ധനസഹായം നൽകിവരുന്നു.

(ബി) ആദിവാസി ഊരുകളിലോ പട്ടികവർഗ്ഗ വിഭാഗങ്ങൾക്കോ മാത്രമായി 2016 മുതൽ സംസ്ഥാനത്ത് കൃഷി വകുപ്പ് ചെലവഴിച്ച തുകയും പദ്ധതികളും ജില്ല തിരിച്ച് വിവരങ്ങൾ ലഭ്യമാക്കാമോ?

ആദിവാസി ഊരുകളിലോ പട്ടികവർഗ്ഗ വിഭാഗങ്ങൾക്കോ മാത്രമായി 2016 മുതൽ കൃഷി വകുപ്പ് ചെലവഴിച്ച തുകയുടേയും പദ്ധതികളുടേയും ജില്ല തിരിച്ച വിവരങ്ങൾ അനുബന്ധം ആയി ചേർക്കുന്നു.+

(സി) മലപ്പുറം ജില്ലയിലെ ആദിവാസി ഊരുകളിലും പട്ടികവർഗ്ഗ വിഭാഗങ്ങൾക്കുമായി 2016 മുതൽ കൃഷി വകുപ്പ് എത്ര തുക ചെലവഴിച്ചുവെന്നും പദ്ധതികളുടെ വിശദാംശവും ഏതെല്ലാം ഊരുകളിലും പ്രദേശങ്ങളിലുമാണ് പദ്ധതികൾ നടപ്പിലാക്കിയതെന്നും നടപ്പാക്കിയ

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വർഷവും അടക്കമുള്ള മുഴുവൻ വിശദാംശവും തദ്ദേശസ്ഥാപനങ്ങളും കൃഷിഭവനുകളും തിരിച്ച് അറിയിക്കാമോ?

വിശദാംശങ്ങൾ അനുബന്ധം ആയി ചേർക്കുന്നു.+

പൂഞ്ഞാർ മണ്ഡലത്തിൽ കൃഷി വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികൾ

13(5137) ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂഞ്ഞാർ നിയോജകമണ്ഡലത്തിൽ കൃഷി വകുപ്പ് നേരിട്ടും വിവിധ ഏജൻസികൾ മുഖാന്തരവും നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദാംശം ലഭ്യമാക്കുമോ?

പൂഞ്ഞാർ നിയോജകമണ്ഡലത്തിൽ 2022-23 സാമ്പത്തിക വർഷത്തിൽ കൃഷി വകുപ്പ് നേരിട്ടും വിവിധ ഏജൻസികൾ മുഖാന്തരവും നടപ്പിലാക്കിവരുന്ന പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി+ ചേർക്കുന്നു.

(ബി) ഓരോ പദ്ധതിക്കും അനുവദിച്ച തുക എത്രയെന്നും പദ്ധതിയുടെ നിലവിലെ സ്ഥിതി സംബന്ധിച്ച വിവരവും ലഭ്യമാക്കുമോ?

വിശദാംശങ്ങൾ അനുബന്ധം ആയി ചേർക്കുന്നു.+

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.
\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.
\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) സുഭിക്ഷ കേരളം പദ്ധതി പ്രകാരം മണ്ഡലത്തിൽ നടപ്പിലാക്കിവരുന്ന പ്രവൃത്തികളുടെ വിശദാംശം ലഭ്യമാക്കുമോ?

പരമാവധി തരിശുഭൂമിയിൽ കൃഷിയിറക്കിക്കൊണ്ട് ഭക്ഷ്യ സുരക്ഷ ഉറപ്പാക്കുക എന്നതാണ് പദ്ധതിയിലൂടെ വിഭാവനം ചെയ്യുന്നത്. വിവിധ വാർഷിക പദ്ധതികളുമായി സംയോജിപ്പിച്ച് ആയത് നടപ്പിലാക്കുന്നതാണ്. ജനകീയ ആസൂത്രണ പദ്ധതിയിൽ ഉൾപ്പെടുത്തി തരിശുകൃഷി ചെയ്യുന്നതിനുള്ള പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു.

## മണിയൂർ ഗ്രാമപഞ്ചായത്തിലെ കേരഗ്രാമം പദ്ധതി

14(5138) ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: താഴെക്കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മണിയൂർ ഗ്രാമപഞ്ചായത്തിലെ കേരഗ്രാമം പദ്ധതി ഏതു ഘട്ടത്തിലാണെന്ന് വിശദമാക്കാമോ; പ്രസ്തുത പദ്ധതിയുടെ നേട്ടങ്ങൾ എന്തൊക്കെയെന്ന് അറിയിക്കാമോ; എത്ര കൃഷിക്കാർക്ക് ഈ പദ്ധതി വഴി ഗുണം ലഭിക്കുന്നുണ്ടെന്ന് അറിയിക്കാമോ?

2021-22 വർഷം നടപ്പിലാക്കിയ മണിയൂർ ഗ്രാമപഞ്ചായത്തിന്റെ ഒന്നാം വർഷ കേരഗ്രാമം പദ്ധതി പൂർത്തീകരിച്ചു. പ്രസ്തുത പദ്ധതി

നടപ്പിലാക്കിയതിന്റെ നേട്ടങ്ങൾ ചുവടെ ചേർക്കുന്നു. 1603 കർഷകർക്ക് ഈ പദ്ധതി വഴി ഗുണം ലഭിച്ചു.

| ക്രമ നം. | പദ്ധതി പ്രവർത്തനങ്ങൾ | ചെലവാക്കിയ തുക (രൂപയിൽ) | ഗുണം ലഭിച്ച കർഷകരുടെ എണ്ണം |
|---|---|---|---|
| 1 | തെങ്ങുകളുടെ തടം തുറക്കൽ | 1531250 | 1603 |
| 2 | വളം വിതരണം | 799885 | 1370 |
| 3 | തെങ്ങുകയറ്റ യന്ത്രം | 122000 | 61 |
| 4 | രോഗം ബാധിച്ച തെങ്ങുകൾ വെട്ടിമാറ്റൽ | 1000000 | 1000 |
| 5 | ഇടവിള നടീൽ വസ്തുക്കൾ വിതരണം | 468865 | 1603 |
| 6 | ജലസേചന പമ്പ്സെറ്റ് വിതരണം | 531800 | 66 |
| 7 | മണ്ണിര കമ്പോസ്റ്റ് ടാങ്ക് നിർമ്മാണം | 5000 | 1 |

## കേരള കർഷക ക്ഷേമനിധി ബോർഡിന്റെ പ്രവർത്തനങ്ങൾ

15(5139) ശ്രീമതി ഉമ തോമസ്:
ശ്രീ. സജീവ് ജോസഫ്:

ശ്രീ. പി. സി. വിഷ്ണുനാഥ്:

ശ്രീ. സണ്ണി ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള കർഷക ക്ഷേമനിധി ബോർഡിൽ നാളിതുവരെ എത്ര കർഷകർ അംഗങ്ങളായി ചേർന്നിട്ടുണ്ട്; ബോർഡിന്റെ രൂപീകരണ വേളയിൽ എത്ര കർഷകർ അംഗത്വം എടുക്കുമെന്നാണ് പ്രതീക്ഷിച്ചിരുന്നത്; വ്യക്തമാക്കാമോ?

കേരള കർഷക ക്ഷേമനിധി ബോർഡിൽ നാളിതുവരെ 15396 പേർ രജിസ്ട്രേഷന്റെ വിവിധ ഘട്ടങ്ങളിലാണ്. ഇതിൽ 12608 പേർ രജിസ്ട്രേഷൻ തുക അടച്ചിട്ടുണ്ട്. 5 വർഷം കൊണ്ട് സംസ്ഥാനത്തെ എല്ലാ കർഷകരെയും ബോർഡിന്റെ അംഗത്വ പരിധിയിൽ കൊണ്ടു വരുന്നതിനാണ് ലക്ഷ്യമിടുന്നത്.

(ബി) ക്ഷേമനിധിയിൽ കർഷകരുടെ അംഗത്വം ഉറപ്പാക്കുന്നതിന് കൃഷി വകുപ്പ് ഗൗരവത്തോടെ പ്രവർത്തനം നടത്തുന്നില്ല എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയതിന്റെ നിജസ്ഥിതി വ്യക്തമാക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) കർഷക ക്ഷേമനിധി ബോർഡിലേയ്ക്ക് കർഷകർ അടയ്ക്കുന്ന പ്രതിമാസ അംശദായം എത്ര രൂപയാണ്; ഇതിന് തത്തുല്യമായ തുക സർക്കാർ വിഹിതമായി നൽകുന്നുണ്ടോ; എങ്കിൽ ഈ ഇനത്തിൽ നാളിതുവരെ എത്ര തുക നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഓരോ കർഷകനും പ്രതിമാസം കുറഞ്ഞത് 100 രൂപ വീതം നിധിയിലേയ്ക്ക് അംശദായം നൽകേണ്ടതാണ്. അംഗങ്ങൾക്ക് സ്വന്തം ഇഷ്ടപ്രകാരം പ്രതിമാസ വിഹിതം ഉയർന്ന നിരക്കിൽ അടയ്ക്കാവുന്നതാണ്. ഉയർന്ന നിരക്കിന് പരിധി നിശ്ചയിച്ചിട്ടില്ല. അംഗങ്ങളുടെ അംശദായത്തിന് തത്തുല്യമായ തുക പരമാവധി 250 രൂപ വരെ സർക്കാർ വിഹിതമായി നൽകുന്നതാണ്. നിലവിൽ ഈ ഇനത്തിൽ തുകയൊന്നും നൽകിയിട്ടില്ല.

(ഡി) പ്രസ്തുത ബോർഡിന്റെ പ്രവർത്തനങ്ങൾക്കാവശ്യമായ ഫണ്ട് എപ്രകാരം കണ്ടെത്തുവാനാണ് ഉദ്ദേശിക്കുന്നത്; വിശദാംശം നൽകുമോ;

മികച്ച രീതിയിൽ കർഷക ക്ഷേമനിധി ബോർഡിനെ പ്രവർത്തിപ്പിക്കുന്നതിനായുള്ള നടപടികൾ കൈക്കൊണ്ടുവരുന്നു. കർഷകരുടെ അംഗത്വം വർദ്ധിപ്പിക്കാൻ കർഷകർക്കിടയിൽ അവബോധം സൃഷ്ടിക്കുന്നതിനും പ്രത്യേകിച്ച് ഇടത്തരം, ചെറുകിട കർഷകരിൽ അതുവഴി

അവരെ പദ്ധതിയിൽ അംഗങ്ങളാക്കുന്നതിനും വിവിധ മാധ്യമങ്ങൾ മുഖേന പ്രചാരണ പരിപാടികൾ നടത്തിവരുന്നു. ഇതിനു പുറമെ കൃഷി, കൃഷി അനുബന്ധ വകുപ്പുകൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയുമായി ചേർന്ന് കർഷകരോട് നേരിട്ട് പദ്ധതിയെക്കുറിച്ച് വിശദീകരിക്കുന്നതിനും അംഗങ്ങളാക്കുന്നതിനും ജില്ലതോറും പരിപാടികൾ നടത്തുന്നതിന് തീരുമാനിച്ചിട്ടുള്ളതും തൃശ്ശൂർ, കോഴിക്കോട് ജില്ലകളിൽ നടത്തിയിട്ടുള്ളതുമാണ്.

(ഇ) സംസ്ഥാനത്തെ മുഴുവൻ കർഷകർക്കും അംഗത്വം നൽകിക്കൊണ്ട് മികച്ച രീതിയിൽ കർഷക ക്ഷേമനിധി ബോർഡിനെ പ്രവർത്തിപ്പിച്ച് കൃഷിക്കാർക്ക് സഹായങ്ങൾ ലഭ്യമാക്കുവാൻ ആവശ്യമായ അടിയന്തര നടപടികൾ സ്വീകരിക്കുമോ; വിശദാംശം നൽകുമോ?

കർഷകരുടെ ക്ഷേമത്തിനായി 'കേരള കർഷകക്ഷേമനിധി പദ്ധതി' എന്ന പേരിൽ ഒരു പദ്ധതി ആവിഷ്കരിക്കുന്നതിനും വിജ്ഞാപനം വഴി ഒരു നിധി രൂപീകരിക്കുന്നതിനും കേരള കർഷക ക്ഷേമനിധി ആക്ട് വ്യവസ്ഥ ചെയ്തിരിക്കുന്നു. ഇപ്രകാരം രൂപീകൃതമാകുന്ന നിധിയിൽ നിന്നുമാണ്

പെൻഷൻ നൽകുന്നതിനുള്ള തുക കണ്ടെത്തേണ്ടത്. നിധിയിലേയ്ക്ക് താഴെപ്പറയും പ്രകാരം വരുമാനം സ്വരൂപിക്കുന്നതിന് വ്യവസ്ഥ ചെയ്യുന്നു.

1. അംഗങ്ങളുടെ നിധിയിലേയ്ക്കുള്ള അംശദായം;

2. കാർഷിക ഇൻസെന്റീവ്:- കർഷകരുടെ ക്ഷേമത്തിനായി നിധിയിലേയ്ക്കുള്ള തുക സ്വരൂപിക്കുന്നതിനായി കാർഷികോൽപ്പന്നങ്ങൾ മൂല്യവർദ്ധിത ഉൽപ്പന്നങ്ങളാക്കി മാറ്റി വ്യാപാരം നടത്തുന്ന, വാർഷിക ലാഭം ഒരു ലക്ഷം രൂപയുടെ മുകളിൽ വരുന്ന ഓരോ വ്യാപാരിയും തന്റെ വാർഷിക ലാഭത്തിന്റെ ഒരു ശതമാനം വരുന്ന തുക കർഷകർക്കുള്ള അവകാശ ലാഭമെന്ന നിലയ്ക്ക് കാർഷിക ഇൻസെന്റീവ് ആയി നിധിയിലേയ്ക്ക് നൽകുന്ന തുക;

3. വരുമാന രൂപീകരണത്തിന്റെ ഭാഗമായി കേരള കർഷക ക്ഷേമനിധി സ്റ്റാമ്പ് വിൽപ്പന നടത്തുന്ന വകയിൽ ലഭിക്കുന്ന തുക;

4. ക്ഷേമനിധി ആക്ടിലെ 8-ാം വകുപ്പ് 2-ാം ഉപവകുപ്പ് പ്രകാരം അംഗങ്ങളുടെ അംശദായത്തിന് ആനുപാതിക വിഹിതം പ്രതിമാസം പരമാവധി 250 രൂപ എന്നതിന് വിധേയമായി സർക്കാർ നൽകുന്ന അംശദായം;

5. അംഗത്വം പുനരുജ്ജീവിപ്പിക്കൽ പ്രകാരം ലഭിക്കുന്ന കുടിശ്ശികയും പലിശയും;

6. 2019-ലെ കേരള കർഷക ക്ഷേമനിധി ആക്ടിലെ 29-ാം വകുപ്പ് 1-ാം ഉപവകുപ്പ് പ്രകാരം കൈമാറ്റം ചെയ്യപ്പെടുന്ന ' കിസാൻ അഭിമാൻ പദ്ധതി' പ്രകാരം ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ടിലേയ്ക്കുള്ള തുക;

7. കേന്ദ്ര സർക്കാരോ സംസ്ഥാന സർക്കാരോ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളോ ഏതെങ്കിലും സ്ഥാപനങ്ങളോ സംഘടനകളോ മുഖേന ലഭിക്കുന്ന ഗ്രാന്റോ വായ്പകളോ മുൻകൂറുകളോ;

8. 2013-ലെ കമ്പനി നിയമ പ്രകാരമുള്ള (2013-ലെ 18-ാം കേന്ദ്ര ആക്റ്റ്) കോർപ്പറേറ്റ് സോഷ്യൽ റെസ്പോൺസിബിലിറ്റി ഫണ്ട് മുതലായവ;

9. കിസാൻ അഭിമാൻ പദ്ധതിയുടെ നടത്തിപ്പിനായി സർക്കാർ കൃഷി വകുപ്പിന് നൽകിവന്നിരുന്ന തുകയ്ക്ക് സമാനമായി നിധിയിലേയ്ക്ക് സർക്കാർ വർഷംതോറും നൽകുന്ന തുക;

10. ബോർഡിന്റെ വരുമാനം വർദ്ധിപ്പിക്കുന്നതിനായി ബോർഡ് തീരുമാന പ്രകാരം സമാഹരിക്കുന്ന ഏതെങ്കിലും നിയമാനുസൃത ഇനത്തിലുള്ള തുക;

11. പദ്ധതി പ്രകാരം ചുമത്തുന്ന ഫീസ്;

12. പരിസ്ഥിതി സംരക്ഷണം എന്ന ഉദ്ദേശ്യത്തോടുകൂടി കർഷക ക്ഷേമത്തിനായി ഏതെങ്കിലും നിയമപ്രകാരമോ സർക്കാർ ഉത്തരവ് പ്രകാരമോ അനുവദിക്കുന്നതും മറ്റേതെങ്കിലും നിയമപ്രകാരമോ സർക്കാർ ഉത്തരവ് പ്രകാരമോ കർഷക ക്ഷേമത്തിനായി അനുവദിക്കുന്നതുമായ തുകകൾ;

13. പദ്ധതിയിലെ വ്യവസ്ഥകൾപ്രകാരം നിധിയിലേയ്ക്ക് വരവ് കൊള്ളിക്കേണ്ടതായിട്ടുള്ള മറ്റേതെങ്കിലും തുക.

## കോട്ടക്കൽ മേൽമുറി പാടശേഖരത്തിലെ ആർ.ഐ.ഡി.എഫ്. XXI പദ്ധതി

16(5140) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടക്കൽ നിയോജകമണ്ഡലത്തിലെ മേൽമുറി പാടശേഖരത്തിൽ ആർ.ഐ.ഡി.എഫ്. XXI-ൽ ഉൾപ്പെടുത്തി നടപ്പിലാക്കി വരുന്ന പദ്ധതിയുടെ അടങ്കൽ റിവൈസ് ചെയ്യുന്നതിനായി കോട്ടക്കൽ മേൽമുറി പാടശേഖര കമ്മറ്റി കൺവീനർ, മണ്ണ് പര്യവേക്ഷണ വകുപ്പ്

ഡയറക്ടർ വഴി സമർപ്പിച്ച പ്രൊപ്പോസൽ സർക്കാരിൽ (കൃഷി വകുപ്പ് (ഐ.എഫ്.എ. സെക്ഷൻ) ലഭ്യമായിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത പ്രൊപ്പോസലിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(സി) പ്രസ്തുത പദ്ധതിയുടെ പുതുക്കിയ അടങ്കൽ തുകയ്ക്ക് അനുമതി നൽകുന്നതിനുള്ള നടപടികൾ അടിയന്തരമായി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

(എ-സി) പദ്ധതിയുടെ അടങ്കൽ റിവൈസ് ചെയ്യുന്നതിനുള്ള പ്രൊപ്പോസൽ സർക്കാരിൽ ലഭ്യമായിട്ടില്ല. പ്രൊപ്പോസൽ ലഭിക്കുന്ന മുറയ്ക്ക് പരിശോധിക്കുന്നതാണ്.

## രാസവളത്തിന് പകരം ജൈവവളത്തിന്റെ ഉപയോഗം

17(5141) <u>ശ്രീ. അനൂപ് ജേക്കബ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് രാസവളത്തിന് പകരം ജൈവവളത്തിന്റെ ഉപയോഗം പ്രോത്സാഹിപ്പിക്കാൻ നടപടി സ്വീകരിക്കുമോ?

പ്രകൃതി വിഭവങ്ങളുടെയും മണ്ണിന്റെയും ശോഷണം, അമിത രാസ കീടനാശിനികളുടെയും രാസവളങ്ങളുടെയും ഉപയോഗം, വർദ്ധിച്ചുവരുന്ന ജീവിതശൈലീ രോഗങ്ങൾ തുടങ്ങിയവമൂലമുള്ള ആശങ്കകൾ പരിഹരിക്കുന്നതിന് ജൈവ കൃഷിരീതിയുടെ പ്രസക്തി അതിവേഗം ഉയർന്നുവന്നിരിക്കുന്നു. സമൂഹത്തിൽ ജൈവ ഉല്പന്നങ്ങളോട് ആഭിമുഖ്യം ഏറിവരുന്ന സാഹചര്യത്തിൽ സംയോജിത മണ്ണ് പരിപോഷണ കൃഷി രീതികൾ അവലംബിക്കുന്നതിനാണ് സർക്കാർ മുൻഗണന നൽകുന്നത്. ഈ സാഹചര്യത്തിൽ കാർഷിക മേഖലയിലെ മുൻഗണനകൾ മണ്ണിന്റെ ആരോഗ്യത്തിന്റെയും ഫലഭ്രൂയിഷ്ഠതയുടെയും പുന:സ്ഥാപനം, പരമ്പരാഗത അറിവുകൾ, ആധുനിക ശാസ്ത്രം എന്നിവയെ അടിസ്ഥാനമാക്കിയുള്ള സംയോജിത കൃഷി സമ്പ്രദായങ്ങൾ നടപ്പിലാക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്. ആയതിന്റെ ഭാഗമായി ജൈവ കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി സംസ്ഥാന സർക്കാരും കേന്ദ്ര സർക്കാരും നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

സംസ്ഥാന സർക്കാർ ജൈവവളത്തിന്റെ ഉപയോഗവും ജൈവ കൃഷിയും പ്രോത്സാഹിപ്പിക്കുന്നതിനായി 'ജൈവ കൃഷിയും ഉത്തമ കൃഷി മുറകളും' എന്ന

പദ്ധതി നടപ്പിലാക്കുന്നു. 2022-23 സാമ്പത്തിക വർഷത്തിൽ 'ഞങ്ങളും കൃഷിയിലേയ്ക്ക്' എന്ന ക്യാമ്പയിന്റെ ഭാഗമായി 600 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ആയതിൽ കാർഷിക ചെലവുകൾ കുറയ്ക്കുന്നതിനും കർഷകന്റെ വരുമാനം വർദ്ധിപ്പിക്കുന്നതിനും പ്രാദേശിക തലത്തിലും ഫാമിനുള്ളിലും ലഭ്യമായ വിഭവങ്ങൾ കാര്യക്ഷമമായി വിനിയോഗിക്കുവാൻ കർഷകരെ പ്രോത്സാഹിപ്പിക്കുന്നതിനും കേരള കാർഷിക സർവ്വകലാശാല അംഗീകരിച്ച ജൈവ ഉല്പന്നങ്ങളിൽനിന്ന് പ്രാദേശിക ആവശ്യം അനുസരിച്ച് ജൈവ ഉല്പാദനോപാദികൾ കർഷകർ ഉല്പാദിപ്പിച്ച് മറ്റു കർഷകർക്ക് വിതരണം ചെയ്യുന്നതിനും പ്രസ്തുത പദ്ധതി ലക്ഷ്യമിടുന്നു. പ്രോജക്ട് അടിസ്ഥാനത്തിൽ ജൈവ ഉല്പാദനോപാദികൾ ഉല്പാദിപ്പിക്കുന്നതിനുള്ള ചെലവുകൾക്ക് 75% തുക സബ്സിഡിയായി നൽകുന്നതിനുവേണ്ടി 100 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. കൂടാതെ തുടർച്ചയായി മൂന്ന് വർഷത്തേയ്ക്ക് നടപ്പിലാക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതികളായ പരമ്പരാഗത കൃഷി വികാസ് യോജനയും സുഭിക്ഷം സുരക്ഷിതം (ഭാരതീയ പ്രകൃതിക് കൃഷി) പദ്ധതിയും സംസ്ഥാനത്ത് നടപ്പിലാക്കി വരുന്നു.

a) പരമ്പരാഗത കൃഷി വികാസ് യോജന പദ്ധതി

പദ്ധതി നടപ്പിലാക്കുന്നതിലൂടെ പൂർണ്ണമായും രാസകീടനാശിനികളുടെ ഉപയോഗം ഒഴിവാക്കി ജൈവകീടനാശിനികൾ ഉപയോഗിച്ച് കൃഷി ചെയ്യുന്നതിന് കർഷകരെ പ്രാപ്തരാക്കുന്നു. നിലവിൽ വയനാട് ജില്ലയിലാണ് പദ്ധതി പ്രകാരം 5 ക്ലസ്റ്ററുകൾ രൂപീകരിച്ചിട്ടുള്ളത്. 100 ഹെക്ടർ സ്ഥലത്ത് 498 കർഷകരെ പങ്കാളികളാക്കിയാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കി വരുന്നത്. പദ്ധതിയിലെ ക്ലസ്റ്ററിൽ അംഗമാകുന്ന കർഷകർക്ക് ജൈവ ഉല്പാദനോപാധികൾ നിർമ്മിക്കുന്നതിനും പരിശീലന പരിപാടി സംഘടിപ്പിക്കുന്നതിനുമായി ധനസഹായം നൽകിവരുന്നു. പ്രസ്തുത പദ്ധതി പ്രകാരം ഒരു ക്ലസ്റ്ററിന് ഒന്നാം വർഷം 3.366 ലക്ഷം രൂപയും രണ്ടാം വർഷം 3.468 ലക്ഷം രൂപയും മൂന്നാം വർഷം 3.366 ലക്ഷം രൂപ വീതം നൽകുന്ന രീതിയിലാണ് പദ്ധതി നടപ്പിലാക്കുന്നത്.

b) സുഭിക്ഷം സുരക്ഷിതം (ഭാരതീയ പ്രകൃതിക് കൃഷി) പദ്ധതി

സുഭിക്ഷം സുരക്ഷിതം (ഭാരതീയ പ്രകൃതിക് കൃഷി) പദ്ധതിയിൽ കൃഷി സംബന്ധമായ പരമ്പരാഗത നാട്ടറിവുകൾ കർഷകരിലേയ്ക്ക് എത്തിക്കുന്നതിനും അതത് പ്രദേശത്തിന് അനുയോജ്യമായ പരമ്പരാഗത വിളകളുടെ വിത്ത് ഉല്പാദിപ്പിച്ച് മറ്റ് കർഷകർക്ക് കൈമാറ്റം ചെയ്യുന്നതിനും

പദ്ധതി മാനദണ്ഡങ്ങൾ പാലിച്ച് മാതൃകാ കൃഷിത്തോട്ടങ്ങൾ നിർമ്മിക്കുന്നതിനും ധനസഹായം നൽകി വരുന്നു. പദ്ധതി പ്രകാരം 75162.456 ഹെക്ടർ സ്ഥലത്ത് 2021-22 സാമ്പത്തിക വർഷത്തിൽ ജൈവ കൃഷി നടപ്പിലാക്കി. പ്രസ്തുത പദ്ധതി പ്രകാരം ഒരു ക്ലസ്റ്ററിന് ഒന്നാം വർഷം 26.52 ലക്ഷം രൂപയും രണ്ടാം വർഷം 17.85 ലക്ഷം രൂപയും മൂന്നാം വർഷം 17.85 ലക്ഷം രൂപ വീതം ആനുകൂല്യം നൽകുന്ന രീതിയിലാണ് പ്രവർത്തനങ്ങൾ നടത്തുന്നത്.

(ബി) ഖരമാലിന്യം വലിയ ഒരു പ്രശ്നമായി മാറിയിരിക്കുന്ന ഈ അവസരത്തിൽ ഖരമാലിന്യങ്ങളെ ജൈവവളമാക്കി മാറ്റാൻ ഒരു പ്രോജക്ട് തയ്യാറാക്കി മാലിന്യ പ്രശ്നത്തിന് ശാശ്വത പരിഹാരം കാണാൻ സർക്കാർ തയ്യാറാകുമോ?

ഖരമാലിന്യ നിർമ്മാർജ്ജനത്തിനായി എല്ലാ കോർപ്പറേഷനുകളും മുനിസിപ്പൽ കോർപ്പറേഷനുകളും ഗ്രാമപഞ്ചായത്തുകളും വൈവിദ്ധ്യമാർന്ന പ്രോജക്ടുകൾ തയ്യാറാക്കി അംഗീകാരം വാങ്ങി പദ്ധതി നടപ്പിലാക്കുന്നുണ്ട്. ഖരമാലിന്യ സംസ്കരണം കേരള പഞ്ചായത്ത് രാജ് ആക്ട് 1994, 219 വകുപ്പ് പ്രകാരം ഗ്രാമപഞ്ചായത്തുകളുടെ ഉത്തരവാദിത്വത്തിലും അധികാരത്തിലും

പെടുന്ന വിഷയമാകുന്നു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഇങ്ങനെ ഉണ്ടാക്കുന്ന വളങ്ങൾ ഉല്പാദനമേഖലയിൽ തയ്യാറാക്കുന്ന പ്രോജക്ടുകളിലും കൃഷി വകുപ്പ് നടപ്പാക്കുന്ന വിവിധ പദ്ധതികളിലും സബ്സിഡി നൽകി കർഷകർക്ക് വിതരണം ചെയ്തിട്ടുണ്ട്. പ്രാദേശികമായി വിവിധ വകുപ്പുകൾ കൂടിയാലോചിച്ച് തുടർന്നും ഇത്തരം പ്രോജക്ടുകൾ ഏറ്റെടുക്കുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുണ്ട്.

(സി) ജൈവവള പ്ലാന്റ് രൂപീകരിച്ച് ദിനംപ്രതിയുണ്ടാകുന്ന രാസവള വിലക്കയറ്റത്തിൽനിന്നും കർഷകരെ രക്ഷിക്കാൻ എന്ത് നടപടി സ്വീകരിക്കുമെന്ന് വിശദമാക്കുമോ?

ജൈവമാലിന്യത്തിന്റെ സംസ്കരണത്തിന്റെ ഭാഗമായി ഹരിത കർമ്മ സേന/സംരംഭങ്ങൾ ഉല്പാദിപ്പിക്കുന്ന കമ്പോസ്റ്റ് വളം വിലയ്ക്കുവാങ്ങി കർഷകർക്ക് വിതരണം ചെയ്യാവുന്നതാണെന്ന് തദ്ദേശസ്വയംഭരണ വകുപ്പ് പുതിയ പദ്ധതി മാർഗ്ഗനിർദ്ദേശത്തിൽ വ്യക്തമാക്കിയിട്ടുണ്ട്. ഇതിന്റെ വില ജില്ലാതല ആസൂത്രണ സമിതി നിശ്ചയിച്ച് നൽകണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്. കൂടാതെ കേന്ദ്ര സർക്കാർ പദ്ധതിയായ New National Bio gas and Organic Manure Programme മുഖേന ബയോഗ്യാസ് പ്ലാന്റ്

നിർമ്മിക്കുന്നതിന് ധനസഹായം നൽകുന്നുണ്ട്. വീടുകളിലും കച്ചവട സ്ഥാപനങ്ങളിലും ഉണ്ടാവുന്ന ജീർണ്ണിക്കുന്ന ഖരമാലിന്യങ്ങൾ ബയോഗ്യാസ് യൂണിറ്റിൽ നിക്ഷേപിച്ച് പാചക വാതകം ലഭിക്കുന്നതോടൊപ്പം മികച്ച ജൈവവളവും ലഭിക്കുന്നു.

<u>നെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിന് നടപ്പിലാക്കുന്ന പദ്ധതികൾ</u>

18(5142) <u>ശ്രീ. എം. വിജിൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ നെൽകൃഷിയുടെ വിസ്തൃതി സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ?

സാമ്പത്തിക സ്ഥിതിവിവര കണക്ക് വകുപ്പ് പ്രസിദ്ധീകരിച്ചിട്ടുള്ള കണക്കുകൾ പ്രകാരം സംസ്ഥാനത്തെ 2016-17 മുതൽ 2021-22 വരെയുള്ള വർഷങ്ങളിലെ നെൽകൃഷിയുടെ വിസ്തൃതി സംബന്ധിച്ച വിവരങ്ങൾ അനുബന്ധം+ ആയി ചേർക്കുന്നു.

(ബി) സംസ്ഥാനത്ത് നെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി കൃഷി വകുപ്പ് പ്രത്യേക പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; വിശദമാക്കാമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സംസ്ഥാനത്ത് നെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി കൃഷി വകുപ്പ് നടപ്പിലാക്കി വരുന്ന വിവിധ പദ്ധതികൾ സംബന്ധിച്ച വിവരം അനുബന്ധം + ആയി ചേർക്കുന്നു.

തരിശുഭൂമിയിൽ നെൽകൃഷി നടത്തുന്നതിന് കർഷകർക്ക് ആനുകൂല്യങ്ങൾ

19(5143) ഡോ. സുജിത് വിജയൻപിള്ള: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തരിശുഭൂമിയിൽ നെൽകൃഷി നടത്തുന്നതിന് കർഷകർക്ക് എന്തെല്ലാം ആനുകൂല്യങ്ങൾ നൽകുന്നുണ്ട് എന്നറിയിക്കാമോ?

കൃഷി വകുപ്പ് നടപ്പിലാക്കുന്ന നെൽകൃഷി വികസന പദ്ധതിയുടെ ഘടകമായ "തരിശുനില കൃഷി"-യിൽ ഉൾപ്പെടുത്തി തരിശുനിലങ്ങളിൽ നെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി ഒരു ഹെക്ടറിന് 35,000 രൂപ കർഷകനും 5,000 രൂപ ഭൂവുടമയ്ക്കും ചേർത്ത് ആകെ 40,000 രൂപ എന്ന നിരക്കിൽ ആനുകൂല്യം നൽകുന്നു. ഇതിനുപുറമെ, ജനകീയാസൂത്രണത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തിയും തരിശ് നെൽകൃഷിക്ക് ആനുകൂല്യം ലഭ്യമാക്കുന്നു. കൂടാതെ,

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഒരു ഹെക്ടറിന് 1,000 രൂപ എന്ന നിരക്കിൽ ഉല്പാദന ബോണസും കർഷകർക്ക് നൽകുന്നു.

(ബി) നെല്ലിന് കിലോയ്ക്ക് എത്ര രൂപ നൽകിയാണ് സർക്കാർ സംഭരിക്കുന്നത്?

കർഷകരിൽനിന്നും സംഭരിച്ച നെല്ലിന് 2021-22 സീസണിൽ കിലോഗ്രാമിന് 28 രൂപ നൽകിയാണ് സിവിൽ സപ്ലൈസ് കോർപ്പറേഷൻ സംഭരിച്ചത്. 2022-23 സീസൺ മുതൽ നെല്ല് സംഭരണം കിലോയ്ക്ക് 28 രൂപ 20 പൈസയായി ഉയർത്തിയിട്ടുണ്ട്.

(സി) പ്രകൃതിദുരന്തങ്ങൾമൂലം ഉണ്ടാകുന്ന കൃഷിനാശത്തിന് നഷ്ടപരിഹാരം നൽകുന്നതിനുള്ള നടപടിക്രമങ്ങൾ ലഘൂകരിച്ച് കാലതാമസം ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

പ്രകൃതിക്ഷോഭംമൂലമുണ്ടാകുന്ന വിളനാശത്തിന്റെ നഷ്ടപരിഹാരം നിലവിൽ എയിംസ് പോർട്ടൽ മുഖേന ഓൺലൈനായാണ് നടപ്പിലാക്കുന്നത്. കർഷകർ സമർപ്പിക്കുന്ന അപേക്ഷകൾ നിശ്ചയിക്കപ്പെട്ട സമയക്രമത്തിൽ പരിശോധിച്ചശേഷം അംഗീകരിച്ച തുക കാലതാമസം കൂടാതെ നേരിട്ട് കർഷകരുടെ അക്കൗണ്ടിലേയ്ക്ക് നൽകിവരുന്നുണ്ട്.

## നെൽകർഷകരുടെ ബുദ്ധിമുട്ടുകൾ

20(5144) ശ്രീ. പി. ജെ. ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നെല്ല് സംഭരണം സംബന്ധിച്ച് സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കാമോ?

സംസ്ഥാനത്ത് നെല്ല് സംഭരണം സംബന്ധിച്ച് സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ ചുവടെ ചേർക്കുന്നു.

കഴിഞ്ഞ ആറ് വർഷങ്ങളായി സംസ്ഥാന പ്രോത്സാഹന ബോണസിൽ വർദ്ധനവ് വരുത്തിയിട്ടുണ്ട്. 2021-22 സീസണിൽ കേന്ദ്ര താങ്ങുവില 19.40 രൂപയും സംസ്ഥാന പ്രോത്സാഹന ബോണസ് 8.60 രൂപയും ചേർത്ത് നെല്ലിന്റെ സംഭരണവില കിലോഗ്രാമിന് 28 രൂപയായിരുന്നു. 2022-23 സീസൺ മുതൽ നെല്ലിന്റെ സംഭരണ വില 28.20 രൂപ ആയി ഉയർത്തിയിട്ടുണ്ട്. 2015-16 സീസൺ മുതലുള്ള സംസ്ഥാന പ്രോത്സാഹന ബോണസിന്റെ കണക്ക് അനുബന്ധം +ആയി ചേർക്കുന്നു.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കേരളത്തിൽ കൃഷി ചെയ്ത് വിളവെടുക്കുന്ന നെല്ലാണ് സംഭരിക്കുന്നതെന്ന് ഉറപ്പാക്കുവാനായി നെല്ല് സംഭരണ രജിസ്ട്രേഷൻ പോർട്ടൽ കേരള റവന്യൂ വകുപ്പിന്റെ ഭൂവിവര രജിസ്ട്രേഷൻ പോർട്ടലുമായി ബന്ധിപ്പിച്ചു. കർഷകർക്ക് സമയബന്ധിതമായി നെല്ലിന്റെ വില ലഭ്യമാകുന്നതിനുവേണ്ടി ബാങ്കുകളുമായി കരാറിലേർപ്പെട്ടുകൊണ്ട് പി.ആർ.എസ്. (പാഡി റെസിപ്റ്റ് ഷീറ്റ്) വായ്പാപദ്ധതി 2017-18 സീസൺ മുതൽ രൂപംകൊടുത്തു നടപ്പിലാക്കി വരുന്നു.

(ബി) വേനൽമഴമൂലം കുട്ടനാടൻ പാടശേഖരങ്ങളിൽ നെൽകൃഷിക്കുണ്ടായ നാശനഷ്ടങ്ങൾ സർക്കാർ തിട്ടപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കാമോ?

ഉണ്ട്. കഴിഞ്ഞ വേനൽമഴയിൽ കുട്ടനാട് പ്രദേശത്ത് 45,621.77 ലക്ഷം രൂപയുടെ നാശനഷ്ടം ഉണ്ടായിട്ടുണ്ട്. എയിംസ് പോർട്ടലിലെ FIR റിപ്പോർട്ട് പ്രകാരമുള്ള വിവരങ്ങൾ അനുബന്ധം+ ആയി ചേർക്കുന്നു.

(സി) വിളനാശംമൂലം കടബാധ്യതയിലായ കർഷകർക്ക് നാളിതുവരെ എന്തൊക്കെ സാമ്പത്തികസഹായങ്ങളാണ് നൽകിയിട്ടുള്ളത്; സ്വന്തമായി കൃഷി ചെയ്യുന്നവർക്കും പാട്ടത്തിനെടുത്ത് കൃഷി ചെയ്യുന്നവർക്കും നേരിട്ട

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സാമ്പത്തികബാധ്യത പരിഹരിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്?

കാലാവസ്ഥാ വ്യതിയാനവും ഇടയ്ക്കിടെയുണ്ടാവുന്ന കാലവർഷക്കെടുതികളും കേരളത്തിലെ നെൽകർഷകർക്ക് ഏറെ പ്രയാസങ്ങൾ സൃഷ്ടിക്കുന്നുണ്ട്. നെൽകർഷകർക്ക് പരമാവധി പ്രോത്സാഹനം നൽകുന്നതിനും അവരെ കാർഷിക മേഖലയിൽ പിടിച്ച് നിർത്തുന്നതിനുമായി കൃഷി വകുപ്പ് വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്. വിശദാംശങ്ങൾ അനുബന്ധം+ ആയി ചേർക്കുന്നു.

(ഡി) നെല്ലിന്റെ സംഭരണ വിലയും ഹാൻഡിലിംഗ് ചാർജ്ജും വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

2021-22 സീസൺ മുതൽ കേന്ദ്ര താങ്ങുവില 19.40 രൂപയും സംസ്ഥാന പ്രോത്സാഹന ബോണസ് 8.60 രൂപയും ഉൾപ്പെടെ നെല്ലിന്റെ സംഭരണവില കിലോഗ്രാമിന് 28 രൂപയായിരുന്നു. 2022-23 സീസൺ മുതൽ നെല്ലിന്റെ സംഭരണ വില 28.20 രൂപ ആക്കി ഉയർത്തിയിട്ടുണ്ട്. 8.60 രൂപ ഉണ്ടായിരുന്ന സംസ്ഥാന പ്രോത്സാഹന ബോണസ് 20 പൈസ വർദ്ധിപ്പിച്ച് 8.80 രൂപ ആക്കിയതിലൂടെയാണ് നെല്ലിന്റെ വിലയിൽ

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വർദ്ധനവ് ഉണ്ടായത്. തുടർന്ന് കേന്ദ്രസർക്കാർ നെല്ലിന്റെ താങ്ങുവില 2022-23 വിള സീസൺ മുതൽ 19.40 രൂപയിൽനിന്നും 20.40 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്.

## ആറ്റിങ്ങൽ മണ്ഡലത്തിലെ പാടശേഖരങ്ങളുടെ വിസ്തീർണ്ണം

21(5145) ശ്രീമതി ഒ. എസ്. അംബിക: താഴെക്കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ആറ്റിങ്ങൽ നിയോജകമണ്ഡലത്തിലെ പാടശേഖരങ്ങളുടെ വിസ്തീർണ്ണം പഞ്ചായത്ത്/നഗരസഭ തിരിച്ച് ലഭ്യമാക്കുമോ; ഇതിൽ കൃഷി ചെയ്യുന്ന സ്ഥലം, തരിശ് കിടക്കുന്ന സ്ഥലം എന്നിവ പാടശേഖരം, തദ്ദേശസ്വയംഭരണ സ്ഥാപനം അടിസ്ഥാനത്തിൽ തരംതിരിച്ച് ലഭ്യമാക്കുമോ?

ആറ്റിങ്ങൽ നിയോജകമണ്ഡലത്തിലെ പാടശേഖരങ്ങളുടെ വിസ്തീർണ്ണം പഞ്ചായത്ത്/നഗരസഭ തിരിച്ചും ഇതിൽ കൃഷി ചെയ്യുന്ന സ്ഥലം, തരിശ് കിടക്കുന്ന സ്ഥലം എന്നിവ പാടശേഖരം, തദ്ദേശസ്വയംഭരണ സ്ഥാപനം അടിസ്ഥാനത്തിൽ തരംതിരിച്ചതുമായ വിവരങ്ങൾ അനുബന്ധം+ ആയി ചേർക്കുന്നു.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## ഒറ്റപ്പാലം മണ്ഡലത്തിലെ കേരഗ്രാമം പദ്ധതി

22(5146) ശ്രീ. കെ. പ്രേംകുമാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലം നിയോജകമണ്ഡലത്തിലെ ഏതൊക്കെ പഞ്ചായത്തുകളെ ഇതുവരെ കേരഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തിയെന്നും എന്തൊക്കെ പ്രവൃത്തികൾ നടത്തിയെന്നും വിശദമാക്കാമോ?

ഒറ്റപ്പാലം നിയോജകമണ്ഡലത്തിൽ കടമ്പഴിപ്പുറം, കരിമ്പുഴ, ശ്രീകൃഷ്ണപുരം എന്നീ പഞ്ചായത്തുകളിൽ കേരഗ്രാമം പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. പ്രസ്തുത കേരഗ്രാമങ്ങളിൽ നടപ്പിലാക്കിയ പ്രവൃത്തികൾ സംബന്ധിച്ച വിശദാംശം അനുബന്ധമായി ചേർക്കുന്നു+

(ബി) പുതുതായി ഏതെങ്കിലും പഞ്ചായത്തുകളെ കേരഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തുവാൻ തെരഞ്ഞെടുത്തിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

കേരഗ്രാമം പദ്ധതിയിൽ പുതിയ കേരഗ്രാമങ്ങളെ ഉൾപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## പച്ചത്തേങ്ങ സംഭരണം

23(5147) ശ്രീ. ടി. സിദ്ദിഖ്:
ശ്രീ. ഐ. സി. ബാലകൃഷ്ണൻ:
ശ്രീമതി ഉമ തോമസ്:
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പച്ചത്തേങ്ങ സംഭരണം പ്രതിസന്ധിയിൽ ആയിരിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് ഗൗരവത്തോടെ കാണുന്നുണ്ടോ; വിശദാംശം നൽകുമോ?

സംസ്ഥാനത്ത് ചില ജില്ലകളിൽ നാളികേരത്തിന്റെ മാർക്കറ്റ് വില സർക്കാർ നിശ്ചയിച്ചിരിക്കുന്ന സംഭരണ വിലയേക്കാൾ കുറഞ്ഞതിനെ തുടർന്ന് പച്ചത്തേങ്ങയ്ക്ക് സർക്കാർ നിശ്ചയിച്ച സംഭരണവിലയായ കിലോഗ്രാമിന് 32 രൂപ നിരക്കിൽ പച്ചത്തേങ്ങ സംഭരണം ഊർജ്ജിതമായി നടന്നുവരുന്നു.

ആദ്യഘട്ടത്തിൽ, തിരുവനന്തപുരത്തുള്ള ആനയറ സ്റ്റോക്ക് പോയിന്റ്, കരുനാഗപ്പള്ളി കേരഫെഡ് ഫാക്ടറി, തൃശ്ശൂർ പൂച്ചുന്നിപ്പാടത്തുള്ള സെയിൽ

പോയിന്റ്, കോഴിക്കോട് നടുവണ്ണൂരിലുള്ള ഫാക്ടറി എന്നീ 4 കേന്ദ്രങ്ങളിലൂടെയാണ് കേരഫെഡ് നേരിട്ട് പച്ചത്തേങ്ങ സംഭരിച്ചുവരുന്നത്.

പച്ചത്തേങ്ങ സംഭരണം വിപുലീകരിക്കുന്നതിന്റെ ഭാഗമായി കണ്ണൂർ ജില്ലയിൽ മുഴപ്പിലങ്ങാട് പ്രാഥമിക സഹകരണ സംഘം മുഖേന കേരഫെഡ് നേരിട്ട് പച്ചത്തേങ്ങ സംഭരിക്കുന്നു. കൂടാതെ വെജിറ്റബിൾ ആന്റ് ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ, കേരളയുടെ 36 വിപണികൾ വഴിയും 2022 ജൂൺ മാസം മുതൽ പച്ചത്തേങ്ങ സംഭരിച്ച് കേരഫെഡിന് നൽകുന്നുണ്ട്. പാലക്കാട് ജില്ലയിൽ VFPCK-യുടെ 15 വിപണികൾ വഴിയും മലപ്പുറം ജില്ലയിൽ 12 വിപണികൾ വഴിയും കോഴിക്കോട് ജില്ലയിൽ 9 വിപണികൾ വഴിയുമാണ് പച്ചത്തേങ്ങ സംഭരിച്ചുവരുന്നത്.

കൂടാതെ കാസർഗോഡ് ജില്ലയിലെ നീലേശ്വരം, അഗ്രികൾച്ചറിസ്റ്റ് വെൽഫെയർ കോ-ഓപ്പറേറ്റീവ് സൊസൈറ്റി, പള്ളിക്കര കോ-ഓപ്പറേറ്റീവ് കൺസ്യൂമർ വെൽഫെയർ സൊസൈറ്റി എന്നിവ മുഖേനയും നിലവിൽ കേരഫെഡ് നേരിട്ട് പച്ചത്തേങ്ങ സംഭരിക്കുന്നു. ആഴ്ചയിൽ ചൊവ്വ, വ്യാഴം ദിവസങ്ങളിലാണ് പച്ചത്തേങ്ങ സംഭരണം നടത്തുന്നത്.

(ബി) സ്വകാര്യ സ്ഥാപനങ്ങൾ പച്ചത്തേങ്ങ സംഭരിക്കുമ്പോൾ വളരെ കുറഞ്ഞ വിലയാണ് നൽകുന്നതെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

(സി) പച്ചത്തേങ്ങ സംഭരണത്തിൽ കേരഫെഡിന് പരിമിതികൾ ഉള്ളതായി പറയപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ നാഫെഡ് മുഖേന കൂടി പച്ചത്തേങ്ങ സംഭരിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

ഇല്ല.

നാളികേര ഉല്പാദനം വർദ്ധിപ്പിക്കാൻ നടപടി

24(5148) ശ്രീ. അബ്ദുൽ ഹമീദ് പി.:
ശ്രീ. കുറുക്കോളി മൊയ്തീൻ:
ശ്രീ. നജീബ് കാന്തപുരം:
ശ്രീ. എ. കെ. എം. അഷ്റഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രോഗകീട ബാധിച്ചതും ഉല്പാദനക്ഷമത തീരെ കുറഞ്ഞതുമായ തെങ്ങുകൾ മുറിച്ചുമാറ്റി മേൽത്തരം തെങ്ങിൻതൈകൾ നടുന്നതിനുള്ള പദ്ധതി സർക്കാർ ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

സംസ്ഥാനത്തെ നാളികേര കൃഷി പുനരുജ്ജീവിപ്പിക്കുന്നതിനായി പ്രായാധിക്യം വന്നതും രോഗം ബാധിച്ചതും ഉല്പാദനക്ഷമത കുറഞ്ഞതുമായ തെങ്ങുകളെ മുറിച്ചുമാറ്റി അത്യുല്പാദനശേഷിയുള്ള തെങ്ങിൻതൈകൾ വച്ചുപിടിപ്പിച്ച് നിലവിലുള്ളവ ശാസ്ത്രീയമായി പരിപാലിച്ച് നാളികേര ഉൽപ്പാദനവും ഉൽപ്പാദനക്ഷമതയും വർദ്ധിപ്പിക്കുക, നാളികേരത്തിന്റെ മൂല്യവർദ്ധനവും വിപണനവും ശക്തിപ്പെടുത്തുക എന്നീ ഉദ്ദേശ്യലക്ഷ്യങ്ങളോടെ 2018 മുതൽ 2028 വരെ നീളുന്ന 10 വർഷത്തെ വികസന കാഴ്ചപ്പാടോടെ നാളികേര വികസന കൗൺസിൽ രൂപീകരിച്ചു. കേരള കാർഷിക സർവ്വകലാശാല (കെ.എ.യു.), നാളികേര വികസന ബോർഡ് (സി.ഡി.ബി), കേന്ദ്ര തോട്ടവിള ഗവേഷണ കേന്ദ്രം (സി.പി.സി.ആർ.ഐ.), കൃഷി വകുപ്പ് ഫാമുകൾ എന്നിവരുടെ തെങ്ങിൻതൈ ഉല്പാദന കേന്ദ്രങ്ങളിൽ ഉത്പാദിപ്പിച്ച തെങ്ങിൻതൈകൾ സംസ്ഥാനത്തെ ഓരോ വാർഡിലും 75 തെങ്ങിൻതൈകൾ വീതമെങ്കിലും പുതുതായി ഓരോ വർഷവും വിതരണം ചെയ്യുന്നതിനുള്ള പ്രവർത്തനങ്ങൾ തുടർന്നുവരികയാണ്. പ്രായംചെന്നതും ഉല്പാദനക്ഷമതയില്ലാത്തതും അസുഖം ബാധിച്ചതുമായ തെങ്ങുകൾ മുറിച്ചുമാറ്റി ഉല്പാദനക്ഷമതയുള്ളതും

പൊക്കം കുറഞ്ഞ/കുറിയ ഇനം തൈകൾ വച്ചുപിടിപ്പിക്കുക, സംയോജിത പരിപാലന രീതികളിലൂടെ നിലവിലുള്ള തെങ്ങിൻതോപ്പുകൾ പുനരുജ്ജീവിപ്പിക്കുക, നിലവിലുള്ള തോട്ടങ്ങളിൽ മുന്തിയ ഇനം തൈകൾ വച്ചുപിടിപ്പിക്കുക, വിത്തുതേങ്ങകൾ ലഭിക്കുന്നതിനായി തെങ്ങിൻതോപ്പുകൾ വികസിപ്പിക്കുക എന്നിവയാണ് പ്രധാന പ്രവർത്തനങ്ങൾ.

2022-23 വർഷം നാളികേര വികസന കൗൺസിലിന്റെ നാലാം വർഷ പ്രവർത്തനങ്ങളുടെ ഭാഗമായി 1334762 തെങ്ങിൻതൈകൾ വിതരണം ചെയ്തു വരുന്നു. തെങ്ങിൻ തൈ വിതരണത്തിനായി 820.3191 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. തെങ്ങിൻതൈ ഉല്പാദനത്തിനായി ആറളം ഫാമിൽ മൂന്നാംവർഷ ധനസഹായമായ 54.6806 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. 2022-23 ൽ നാളികേര വികസന കൗൺസിൽ പദ്ധതിയിൽ ആറളം ഫാം ഒരു ലക്ഷം തൈകൾ വിതരണത്തിനായി നൽകുന്നു. കൃഷി വകുപ്പ് ഫാമുകൾ വഴി വിത്തുതേങ്ങാ സംഭരണവും തെങ്ങിൻതൈ ഉല്പാദനവും മറ്റ് അനുബന്ധ കൃത്രിമ പരാഗണ പ്രവർത്തനങ്ങൾക്കുമായി 1,730 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. കേരഗ്രാമം പദ്ധതിയിൽ കേടുവന്ന തെങ്ങുകൾ

മുറിച്ചുമാറ്റുന്നതിനും പുതിയവ വച്ചുപിടിപ്പിക്കുന്നതിനും ധനസഹായം നൽകുന്ന ഘടകം കൂടി ഉൾപ്പെടുത്തിയിട്ടുണ്ട്.

(ബി) മെച്ചപ്പെട്ട തൈകൾ ഉല്പാദിപ്പിക്കുന്നതിനായി ടിഷ്യൂ കൾച്ചർ സാങ്കേതിക വിദ്യ പ്രോത്സാഹിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ?

ടിഷ്യൂ കൾച്ചർ സാങ്കേതികവിദ്യ വാണിജ്യാടിസ്ഥാനത്തിൽ ഉപയോഗപ്രദമാക്കാനുള്ള ശ്രമങ്ങൾ കേന്ദ്ര തോട്ടവിള ഗവേഷണ സ്ഥാപനത്തിലും കാർഷിക സർവ്വകലാശാലയിലും നടന്നുവരുന്നുണ്ട്. ഗവേഷണത്തിലൂടെ പ്രാരംഭദശയിലുള്ള പൂങ്കുലയിൽനിന്നും ടിഷ്യൂകൾച്ചർ തൈകൾ ഉൽപാദിപ്പിക്കാനുള്ള ഒരു പ്രോട്ടോക്കോൾ CPCRI വികസിപ്പിച്ചിട്ടുണ്ടെങ്കിലും വാണിജ്യാടിസ്ഥാനത്തിൽ തെങ്ങിൻതൈകളുടെ ഉൽപ്പാദനം നടന്നിട്ടില്ല. ടിഷ്യൂകൾച്ചർ സാങ്കേതിക വിദ്യയിലൂടെയുള്ള തെങ്ങിൻതൈ ഉൽപ്പാദനം പരീക്ഷണഘട്ടത്തിലാണ്.

(സി) ഈ പ്രവർത്തനത്തിലൂടെ നാളികേരത്തിന്റെ ഉല്പാദനം എത്ര മാത്രം വർദ്ധിപ്പിക്കാമെന്നാണ് കണക്കാക്കുന്നത്?

ടിഷ്യൂ കൾച്ചർ സാങ്കേതികവിദ്യയിലൂടെ ഉല്പാദിപ്പിക്കുന്ന മുന്തിയ ഇനം/സങ്കരയിനം തെങ്ങുകൾക്ക് ഒരു വർഷം 80-120 നാളികേരം

നൽകുവാൻ സാധിക്കുമെന്നും ഹെക്ടറിൽനിന്നും 4550-11550 നാളികേരം ഒരു വർഷം അധികമായി ഉൽപ്പാദിപ്പിക്കാൻ സാധിക്കുമെന്നും CPCRI-യിലെ ശാസ്ത്രജ്ഞർ അഭിപ്രായപ്പെടുന്നു.

കോഴിക്കോട് നടുവണ്ണൂർ മന്ദൻകാവ് കേരഫെഡിലെ പച്ചത്തേങ്ങ സംഭരണം

25(5149) ശ്രീ. കെ. എം. സച്ചിൻദേവ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാളികേര കർഷകർക്ക് പ്രയോജനപ്പെടുന്ന രീതിയിൽ ഒരു നിയമസഭാമണ്ഡലത്തിൽ പച്ചത്തേങ്ങ സംഭരണത്തിനായി മിനിമം 2 കേന്ദ്രങ്ങളെങ്കിലും അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ആവശ്യം വിലയിരുത്തി കൂടുതൽ സംഭരണ കേന്ദ്രങ്ങൾ ആരംഭിക്കുന്ന കാര്യം പരിശോധിക്കാവുന്നതാണ്.

(ബി) കോഴിക്കോട് നടുവണ്ണൂർ മന്ദൻകാവിൽ പ്രവർത്തിക്കുന്ന കേരഫെഡിൽ 2021-22 വർഷത്തിൽ എത്ര ടൺ പച്ചത്തേങ്ങ സംഭരിച്ചിട്ടുണ്ട്; വിശദാംശം അറിയിക്കാമോ?

2021-22 സാമ്പത്തികവർഷത്തിൽ കോഴിക്കോട് ജില്ലയിൽ നടുവണ്ണൂരിൽ പ്രവർത്തിച്ചുവരുന്ന സംഭരണ കേന്ദ്രത്തിലൂടെ 11.630 ടൺ പച്ചത്തേങ്ങ സംഭരിക്കുകയും അവയുടെ തുക കർഷകരുടെ അക്കൗണ്ടിൽ

നിക്ഷേപിച്ചിട്ടുള്ളതുമാകുന്നു. നടപ്പ് സാമ്പത്തികവർഷം 48.3 ടൺ പച്ചത്തേങ്ങ സംഭരിച്ചിട്ടുള്ളതും അവയുടെ തുക കർഷകരുടെ അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുള്ളതുമാണ്.

## പച്ചത്തേങ്ങ സംഭരണം

26(5150) ശ്രീ. ഷാഫി പറമ്പിൽ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിൽ പച്ചത്തേങ്ങ സംഭരണ നടപടികളുടെ പുരോഗതി വ്യക്തമാക്കുമോ?

പാലക്കാട് ജില്ലയിൽ VFPCK വിപണി മുഖേന 15 സംഭരണ കേന്ദ്രങ്ങളിലൂടെ കർഷകരിൽ നിന്നും കൃഷി ഓഫീസറുടെ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ തൊണ്ടുകളഞ്ഞ പച്ചത്തേങ്ങ സംഭരിക്കുകയും സംഭരിച്ച നാളികേരത്തിന്റെ വില കർഷകരുടെ അക്കൗണ്ടിൽ നൽകുകയും ചെയ്യുന്നുണ്ട്. 14.07.2022 വരെ 832 കർഷകരിൽ നിന്നും 313.2795 മെട്രിക് ടൺ പച്ചത്തേങ്ങ സംഭരിക്കുകയും 30.06.2022 വരെയുള്ള സംഭരിച്ച പച്ചത്തേങ്ങയുടെ വില കർഷകരുടെ അക്കൗണ്ടിൽ നൽകുകയും ചെയ്തിട്ടുണ്ട്. 05.07.2022, 07.07.2022, 12.07.2022, 14.07.2022 എന്നീ

തീയതികളിൽ സംഭരിച്ച പച്ചത്തേങ്ങയുടെ വില കർഷകർക്ക് നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

(ബി) പാലക്കാട് ജില്ലയിൽ കേരഫെഡിന് എത്ര സംഭരണകേന്ദ്രങ്ങളുണ്ട്; വിശദാംശം ലഭ്യമാക്കുമോ; നാളികേര സംഭരണത്തിനായി ജില്ലയിൽ എത്ര സ്വാശ്രയസംഘങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്; വിശദാംശം നൽകുമോ?

പാലക്കാട് ജില്ലയിൽ കേരാഫെഡിന് നേരിട്ടുള്ള സംഭരണ കേന്ദ്രങ്ങളില്ല. എന്നാൽ VFPCK വിപണി മുഖേന 15 സംഭരണ കേന്ദ്രങ്ങളിലൂടെ കർഷകരിൽ നിന്നും പച്ചത്തേങ്ങ കേരാഫഡ് സംഭരിച്ചു വരുന്നുണ്ട്. ചുവടെ ചേർക്കുന്ന സ്വയം സ്വാശ്രയസംഘങ്ങളിലൂടെ കർഷകരിൽനിന്നും കൃഷി ഓഫീസറുടെ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ നാളികേര സംഭരണം നടത്തി വരുന്നു.

അലനെല്ലൂർ, കൊട്ടേപ്പാടം, വിയ്യകുറിശ്ശി, അഗളി, കാഞ്ഞിരപ്പുഴ, പുതുപ്പരിയാരം, മലമ്പുഴ, വടകരപ്പതി, പെരുമാട്ടി, മൂച്ചക്കുണ്ട്, കിഴക്കഞ്ചേരി, വാണിയംകുളം, ത്രിക്കടേരി, കരിമ്പുഴ, കോട്ടായി.

## പ്രതിവർഷ ആഭ്യന്തര നാളികേര ഉല്പാദനം, ഉപഭോഗം, സംഭരണം

27(5151) ശ്രീ. എ. പി. അനിൽ കുമാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ ആഭ്യന്തര ഉപഭോഗത്തിനായി പ്രതിവർഷം എത്ര നാളികേരം വേണ്ടിവരുന്നുവെന്ന വിവരം ലഭ്യമായിട്ടുണ്ടോ; വ്യക്തമാക്കാമോ?

നാളികേര വികസന ബോർഡിന്റെ കണക്കുപ്രകാരം ഒരു വർഷം ഏകദേശം 600 കോടി നാളികേരം ആഭ്യന്തര ഉപയോഗത്തിനായി (പച്ച നാളികേരവും വെളിച്ചെണ്ണയും) സംസ്ഥാനത്തുപയോഗിക്കുന്നുണ്ട്.

(ബി) കേരളത്തിലെ പ്രതിവർഷ ആഭ്യന്തര നാളികേര ഉല്പാദനം എത്രയാണെന്നും അധിക ഉപഭോഗത്തിനാവശ്യമായ നാളികേരം എങ്ങനെ സംഭരിക്കുന്നുവെന്നുമുള്ള വിവരം ലഭ്യമാക്കാമോ?

നാളികേരത്തിന്റെ ഉല്പാദനം 2019-20-ലെ സാമ്പത്തിക സ്ഥിതിവിവര കണക്ക് വകുപ്പിന്റെ രേഖകൾ പ്രകാരം 481.4 കോടിയാണ്. അധികം ആവശ്യമായി വരുന്നത് അയൽ സംസ്ഥാനങ്ങളായ തമിഴ്നാട്,

കർണ്ണാടക എന്നിവിടങ്ങളിൽനിന്നും വെളിച്ചെണ്ണയായും പൊതിച്ച തേങ്ങയായും കൊപ്രയായും ലഭിക്കുന്നു.

(സി) നാളികേര ഉല്പാദനം വർദ്ധിപ്പിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികളും നാളികേര ഉല്പാദകർക്ക് പ്രോത്സാഹനമായി നൽകുന്ന സഹായങ്ങളും എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

നാളികേര വികസനത്തിനായി കൃഷിവകുപ്പ് നടപ്പാക്കിവരുന്ന മുഖ്യ പദ്ധതിയാണ് കേരഗ്രാമം. തുടർച്ചയായി തെങ്ങുകൃഷിയുള്ള 250 ഹെക്ടർ പ്രദേശം ഒരു യൂണിറ്റായി തെരഞ്ഞെടുത്താണ് പദ്ധതി നടപ്പിലാക്കി വരുന്നത്. 2014-15 മുതൽ 2021-22 വരെ ഇത്തരത്തിൽ 335 കേരഗ്രാമങ്ങൾ വിവിധ ജില്ലകളിലായി നടപ്പിലാക്കുകയുണ്ടായി. 2022-23 വർഷം 100 ഹെക്ടർ വിസ്തൃതിയുള്ള 100 കേരഗ്രാമങ്ങൾ തെരഞ്ഞെടുത്ത് പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു.

2022-23 വർഷത്തിൽ 7,390.00 ലക്ഷം രൂപ നാളികേര പദ്ധതികൾക്കായി വകയിരുത്തിയിട്ടുണ്ട്.

1. കേരഗ്രാമം ഒന്നാം വർഷ പ്രവൃത്തികൾ - 2,567.00 ലക്ഷം രൂപ. (100 കേരഗ്രാമങ്ങൾ)
2. സംസ്ഥാനതല കേരരക്ഷാവാരം നടപ്പിലാക്കൽ – 433.00 ലക്ഷം രൂപ

3. ആറളം ഫാമിൽ തെങ്ങിൻതൈകളുടെ ഉല്പാദനം - 54.6809 ലക്ഷം രൂപ

4. നാളികേര വികസന കൗൺസിലിന്റെ ഭാഗമായി തെങ്ങിൻതൈ

വിതരണം - 820.3191 ലക്ഷം രൂപ.

5. കേരഗ്രാമം രണ്ടാം വർഷം - 1,680.00 ലക്ഷം രൂപ.

6. കേരഗ്രാമം മൂന്നാം വർഷം - 90.00 ലക്ഷം രൂപ.

7. കൃഷി വകുപ്പിന്റെ ഫാമുകളിൽ വിത്തുതേങ്ങ സംഭരണവും തെങ്ങിൻ തൈകളുടെ ഉല്പാദനവും - 1,730.00 ലക്ഷം രൂപ.

കേരഗ്രാമം ഒന്നാം വർഷ പ്രവൃത്തികൾ: സംയോജിത കൃഷി പരിപാലനം, ജലസേചന സൗകര്യങ്ങൾ വർദ്ധിപ്പിക്കൽ, ജൈവവള നിർമ്മാണം, തെങ്ങുകയറ്റ ഉപകരണങ്ങൾ ലഭ്യമാക്കൽ, കയർ, നാളികേര ഉൽപ്പന്നങ്ങളുടെ ഉല്പാദനവും മൂല്യവർദ്ധനവും എന്നീ നിരവധി ഘടകങ്ങൾ നാളികേരത്തിന്റെ സംഘ കൃഷി രീതിയിൽ നടപ്പിലാക്കുന്നതിനായി ഓരോ കേരഗ്രാമത്തിനും 25.67 ലക്ഷം രൂപയുടെ സഹായം ഒന്നാം വർഷം നൽകി വരുന്നു. ഈ വർഷം 100 ഹെക്ടർ വിസ്തൃതിയുള്ള 100 കേരഗ്രാമങ്ങളിൽ പദ്ധതി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നു.

കേരഗ്രാമം രണ്ടാം വർഷം: നാളികേര കൃഷിയുടെ സുസ്ഥിരതയ്ക്കായി സംയോജിത വിള പരിപാലത്തിനായി 20.0 ലക്ഷം രൂപ നിരക്കിൽ 84 കേരഗ്രാമങ്ങൾക്ക് ആനുകൂല്യം നല്കുന്നു.

കേരഗ്രാമം മൂന്നാം വർഷം: ഓരോ കേരഗ്രാമത്തിനും 6.00 ലക്ഷം രൂപ വീതം 15 കേരഗ്രാമങ്ങൾക്ക് ജൈവവളം നൽകുന്നതിനായി സഹായം നൽകുന്നു.

കേര രക്ഷാവാരം എന്ന ഘടകത്തിൽ സംസ്ഥാനത്തു വ്യാപകമായി കേരസമിതികൾ - എൽ.എസ്.ജി.ഡി. വകുപ്പ്, അഗ്രോ സർവ്വീസ് സെന്റർ, കർമ്മസേന, "ഞങ്ങളും കൃഷിയിലേയ്ക്ക്" എന്ന പരിപാടിയുമായി സംയോജിപ്പിച്ച് കർഷകർക്ക് തെങ്ങിന്റെ പരിരക്ഷയ്ക്കായി കൈകൊള്ളേണ്ട നടപടികളെക്കുറിച്ച് ഒരു അവബോധം നൽകുന്നു. കൂടാതെ കീടരോഗാക്രമണം തടയുന്നതിനായി മണ്ട വൃത്തിയാക്കലിന്റെ പ്രാധാന്യം, കൊമ്പൻചെല്ലി, ചെമ്പൻചെല്ലി എന്നീ പ്രധാന കീടങ്ങളുടെ നിയന്ത്രണം എന്നിവ ഇതിലുൾപ്പെട്ടിട്ടുണ്ട്. മറ്റൊരു ഇടപെടൽ പച്ചിലവളങ്ങൾക്ക് പ്രാധാന്യം നൽകിക്കൊണ്ട് തെങ്ങിൻ ചുവട്ടിൽ പയർ, Daincha, Sunhemp എന്നിവ നട്ടുപിടിപ്പിക്കൽ, ശീമക്കൊന്ന നടീൽ എന്നീ പ്രവർത്തനങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്.

<u>നാളികേര വികസന കൗൺസിലിന്റെ ഭാഗമായി തെങ്ങിൻതൈ വിതരണം:</u>

സംസ്ഥാനത്തെ കേരകൃഷിയുടെ വിസ്തൃതി, നാളികേരത്തിന്റെ ഉല്പാദനം, ഉല്പാദനക്ഷമത എന്നിവ വർദ്ധിപ്പിക്കുക, സംയോജിത വിളപരിപാലന മുറകൾ സ്വീകരിച്ച് നാളികേര കൃഷിയുടെ സംരക്ഷണവും അഭിവൃദ്ധിയും ഉറപ്പുവരുത്തുക എന്നിവ ലക്ഷ്യമിട്ടാണ് നാളികേര വികസന കൗൺസിൽ രൂപീകരിച്ചിട്ടുള്ളത്. സംസ്ഥാനത്തെ നാളികേര കൃഷി പുനരുജ്ജീവിപ്പിക്കുന്നതിനായി പ്രായാധിക്യം വന്നതും രോഗം ബാധിച്ചതും ഉല്പാദനക്ഷമത നശിച്ചതുമായ തെങ്ങുകളെ മുറിച്ചുമാറ്റി അത്യുല്പാദന ശേഷിയുള്ള തെങ്ങിൻ തൈകൾ വച്ചുപിടിപ്പിച്ച് നിലവിലുള്ളവ ശാസ്ത്രീയമായി പരിപാലിച്ച് നാളികേര ഉല്പാദനവും ഉല്പാദനക്ഷമതയും വർദ്ധിപ്പിക്കുക, നാളികേരത്തിന്റെ മൂല്യവർദ്ധനവും, വിപണനവും ശക്തിപ്പെടുത്തുക എന്നിവയാണ് പ്രധാന ഉദ്ദേശ്യലക്ഷ്യങ്ങൾ. കേരള കാർഷിക സർവ്വകലാശാല (കെ.എ.യു.), നാളികേര വികസന ബോർഡ് (ഡി.ഡി.ബി), കേന്ദ്ര തോട്ടവിള ഗവേഷണ കേന്ദ്രം (സി.പി.സി.ആർ.ഐ.), കൃഷി വകുപ്പ് ഫാമുകൾ എന്നിവരുടെ തെങ്ങിൻതൈ ഉല്പാദന കേന്ദ്രങ്ങളിൽ ഉത്പാദിപ്പിച്ച തെങ്ങിൻതൈകൾ സംസ്ഥാനത്തെ ഓരോ വാർഡിലും 75

തെങ്ങിൻതൈകൾ വീതമെങ്കിലും പുതുതായി ഓരോ വർഷവും വിതരണം ചെയ്യുന്നതിനുള്ള പ്രവർത്തനങ്ങൾ തുടർന്നുവരികയാണ്. പ്രായംചെന്നതും ഉല്പാദനക്ഷമതയില്ലാത്തതും അസുഖംബാധിച്ചതുമായ തെങ്ങുകൾ മുറിച്ചുമാറ്റി ഉല്പാദനക്ഷമതയുള്ളതും പൊക്കം കുറഞ്ഞ/കുറിയ ഇനം തൈകൾ വച്ചുപിടിപ്പിക്കുക, സംയോജിത പരിപാലന രീതികളിലൂടെ നിലവിലുള്ള തെങ്ങിൻതോപ്പുകൾ പുനരുജ്ജീവിപ്പിക്കുക, നിലവിലുള്ള തോട്ടങ്ങളിൽ മുന്തിയ ഇനം തൈകൾ വച്ചുപിടിപ്പിക്കുക, വിത്തുതേങ്ങകൾ ലഭിക്കുന്നതിനായി തെങ്ങിൻതോപ്പുകൾ വികസിപ്പിക്കുക എന്നതാണ് പ്രധാന പ്രവർത്തനങ്ങൾ. ഈ പദ്ധതിയിൽ തെങ്ങിൻ തൈകൾ 50% സബ്സിഡി നിരക്കിൽ കർഷകർക്ക് നൽകി വരുന്നു.

ആറളം ഫാമിൽ തെങ്ങിൻതൈ ഉല്പാദനം: മൂന്നാം വർഷവും സഹായം അനുവദിച്ചുകൊണ്ട് ആറളം ഫാമിൽ ഉല്പാദിപ്പിച്ച 1,00,000 തെങ്ങിൻതൈകൾ കർഷകർക്ക് നാളികേര വികസന കൗൺസിലിന്റെ ഭാഗമായി വിതരണം ചെയ്യുന്നു.

കൃഷി വകുപ്പ് ഫാമുകളിൽ നാളികേര വികസന കൗൺസിൽ-പദ്ധതിപ്രകാരം ഗുണമേന്മയുള്ള തെങ്ങിൻ തൈകളുടെ ഉത്പാദനത്തിനായി

വിത്തുതേങ്ങാ സംഭരണത്തിനും അനുബന്ധ പ്രവർത്തനങ്ങൾക്കും തൈകളുടെ ഉല്പാദന ചെലവുകൾക്കുമായി 2022-23 വർഷത്തിൽ 1,730 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. പദ്ധതി പ്രകാരം 1.5 ലക്ഷം എണ്ണം കുറിയ ഇനം 16.5 ലക്ഷം എണ്ണം നെടിയ ഇനം (WCT), 2 ലക്ഷം എണ്ണം സങ്കരയിനം വിത്തുതേങ്ങ (ആകെ 20 ലക്ഷം) സംഭരിക്കുന്നതിന് ലക്ഷ്യമിട്ടിരിക്കുന്നു. പദ്ധതിയിൽ വിത്തു തേങ്ങാ സംഭരണം, മുണ്ടേരി ഫാം പുനരുജ്ജീവിപ്പിക്കൽ, തെങ്ങിൻതൈകളുടെ ഉല്പാദനം എന്നിവയാണ് പ്രധാനമായി നടപ്പിലാക്കുന്നത്.

കേന്ദ്ര പദ്ധതികൾ: നാളികേര വികസന ബോർഡ് വഴി നടപ്പിലാക്കുന്ന പദ്ധതികളിൽ പ്രധാനമായി നടീൽ വസ്തുക്കളുടെ ഉല്പാദനം, തെങ്ങിന്റെ വിസ്തൃതി വികസനം, തെങ്ങിന്റെ പുരനരുദ്ധാരണം, പുനർനടീൽ, തെങ്ങിന് ഇൻഷ്വറൻസ് നടപ്പാക്കൽ എന്നിവയാണ്.

## റബ്ബർ കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി പദ്ധതികൾ

28(5152) ശ്രീ. ഡി. കെ. മുരളി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റബ്ബർ കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി നിലവിൽ എന്തെല്ലാം പദ്ധതികളാണ് സർക്കാർ ആവിഷ്കരിച്ച നടപ്പിലാക്കിക്കൊണ്ടിരിക്കുന്നതെന്ന് വിശദീകരിക്കാമോ;

(ബി) റബ്ബർ വിലസ്ഥിരതാ ഫണ്ട് ഇപ്പോൾ നിലവിലുണ്ടോ; എങ്കിൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര റബ്ബർ കർഷകർക്ക് ഇതുവഴി സഹായങ്ങൾ ലഭിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ?

(എ & ബി) റബ്ബർ കൃഷി പ്രോത്സാഹിപ്പിക്കുന്നതിനും റബ്ബർ കർഷകർക്ക് താങ്ങുവില ഉറപ്പുവരുത്തുന്നതിനും വേണ്ടി സംസ്ഥാന സർക്കാർ ആവിഷ്കരിച്ച പദ്ധതിയാണ് ' റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് സ്കീം' . 2015-ൽ ആരംഭിച്ച പ്രസ്തുത പദ്ധതി ഇപ്പോഴും നടപ്പിലാക്കി വരികയാണ്. പ്രസ്തുത പദ്ധതിക്കായി 2022-23 സാമ്പത്തിക വർഷത്തെ സംസ്ഥാന ബഡ്ജറ്റിൽ 500 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. 2021 ഏപ്രിൽ 1 മുതൽ പ്രസ്തുത സ്കീം പ്രകാരമുള്ള റബ്ബറിന്റെ താങ്ങുവില കിലോയ്ക്ക് 150 രൂപയിൽ നിന്നും 170 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. 14.07.2022 വരെ റബ്ബർ ബോർഡ് പരിശോധിച്ച് സർക്കാരിലേയ്ക്ക് സമർപ്പിച്ച കുടിശ്ശികയായി ഉണ്ടായിരുന്ന 2.31 കോടി രൂപയുടെ സബ്സിഡി തുക

കർഷകർക്ക് കൈമാറുന്നതിനു വേണ്ടി 19.07.2022-ലെ സ.ഉ. (സാധാ) നം.5172/2022/ധന. നമ്പർ പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. നിലവിലെ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം മേൽ സൂചിപ്പിച്ച 2.31 കോടി രൂപ ഉൾപ്പെടെ 23.28 കോടി രൂപ 74,890 കർഷകർക്കായി ലഭ്യമാക്കിയിട്ടുണ്ട്.

## 1947-ലെ റബ്ബർ നിയമം റദ്ദാക്കി പുതിയ നിയമ നിർമ്മാണത്തിനുള്ള കേന്ദ്ര സർക്കാർ നടപടി

29(5153) ശ്രീ. ടി. പി. രാമകൃഷ്ണൻ:
ശ്രീ. ഡി. കെ. മുരളി:
ശ്രീമതി ശാന്തകുമാരി കെ.:
ശ്രീ. എ. രാജ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ റബ്ബർ കർഷകരുടെയും ചെറുകിട വ്യാപാരികളുടെയും താല്പര്യങ്ങളെ ഹനിക്കുന്ന നിലയിൽ 1947-ലെ റബ്ബർ നിയമം റദ്ദാക്കി നിലവിലെ സംവിധാനം മാറ്റുന്നതിനായി നിയമനിർമ്മാണം നടത്തുന്നതിനുള്ള കേന്ദ്ര സർക്കാർ തീരുമാനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ബി) സംസ്ഥാനത്തെ റബ്ബർ കർഷകരെ ബാധിക്കുന്ന ഈ തീരുമാനത്തിന്മേൽ കേന്ദ്ര സർക്കാരുമായി ആശയവിനിമയം നടത്തിയിട്ടുണ്ടോ; വിശദമാക്കുമോ?

(എ & ബി) ഉണ്ട്. കേന്ദ്രസർക്കാരിന്റെ കരട് റബ്ബർ നിയമ ഭേദഗതി നിർദ്ദേശങ്ങളിന്മേൽ കേരള സർക്കാരിന്റെ വ്യക്തമായ അഭിപ്രായം കേന്ദ്ര സർക്കാരിനെ അറിയിച്ചിട്ടുണ്ട്. കരട് നിയമത്തിൽ കേരളത്തിലെ കർഷകരെ പ്രതികൂലമായി ബാധിക്കുന്ന കാര്യങ്ങളിൽ കേരളത്തിന്റെ ആശങ്ക കേന്ദ്രസർക്കാരിനെ അറിയിച്ചതിനോടൊപ്പം കേരളത്തിലെ റബ്ബർ മേഖലയിലെ കർഷകർക്ക് കൂടുതൽ പ്രോത്സാഹനവും പ്രാധാന്യവും നൽകുന്ന വ്യവസ്ഥകളായിരിക്കണം നിയമത്തിൽ ഉൾപ്പെടുത്തേണ്ടതെന്ന് അഭ്യർത്ഥിക്കുകയും ചെയ്തിട്ടുണ്ട്.

(സി) റബ്ബർ ലാറ്റക്സും റബ്ബർ ഷീറ്റും കാർഷികോല്പന്നമായി പ്രഖ്യാപിക്കുന്നതിനായി കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്തുമോ; നിർദ്ദിഷ്ട നിയമം നിലവിൽ വരുന്നതോടുകൂടി ഈ വിഷയത്തിലെ സാദ്ധ്യതയെന്തെന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ?

റബ്ബറിനെ കാർഷിക വിളയായി പ്രഖ്യാപിക്കുന്നതിന് സംസ്ഥാന കൃഷി വകുപ്പ് കേന്ദ്രസർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

## കൃഷിക്കാരുടെ വരുമാന വർദ്ധനവ് ലക്ഷ്യമിട്ടുള്ള പദ്ധതികൾ

30(5154) ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൃഷിക്കാരുടെ വരുമാനത്തിൽ വർദ്ധനവ് സൃഷ്ടിക്കാൻ ലക്ഷ്യമിട്ട് എന്തൊക്കെ പദ്ധതികളാണ് ഗവൺമെന്റ് ആവിഷ്കരിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കാമോ?

കർഷകരുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനും സംസ്ഥാനത്തിന്റെ കാർഷിക മേഖലയുടെ സുസ്ഥിര വികസനത്തിനും വേണ്ടി ഉല്പാദനം, ഉല്പാദനക്ഷമത എന്നിവ വർദ്ധിപ്പിക്കുന്നതിനുമുള്ള പദ്ധതികൾ, കാർഷിക ഉല്പന്നങ്ങളുടെ മൂല്യവർദ്ധനവിനും വിപണനത്തിനുള്ള പദ്ധതികൾ എന്നിവയിൽ സർക്കാർ ശ്രദ്ധ കേന്ദ്രീകരിക്കുന്നുണ്ട്. ഈ പദ്ധതികൾ ചുവടെ ചേർക്കുന്നു:

1."ഞങ്ങളും കൃഷിയിലേയ്ക്ക്"- ഈ സാമ്പത്തിക വർഷത്തിൽ സംസ്ഥാനത്തെ ഓരോ വ്യക്തിയെയും കൃഷിയിലേയ്ക്ക്

ആകർഷിക്കുവാനും സ്വന്തമായി കൃഷി ചെയ്യുന്നതിന് പ്രേരണ നൽകുന്നതിനും കൃഷിക്കൂട്ടങ്ങൾ രൂപീകരിക്കുകയും അതുവഴി കാർഷികമേഖലയിൽ ജനകീയ മുന്നേറ്റം സൃഷ്ടിക്കുക എന്ന ലക്ഷ്യത്തോടെ "ഞങ്ങളും കൃഷിയിലേയ്ക്ക്" എന്ന പരിപാടി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു.

2.കൃഷിയിടാധിഷ്ഠിത (ഫാം പ്ലാൻ)- വിള അടിസ്ഥാനമാക്കിയുള്ള വികസനത്തിൽ നിന്നും കൃഷിയിടാധിഷ്ഠിത (ഫാം പ്ലാൻ) വികസന സമീപനത്തിന് ഈ വർഷം തുടക്കമിട്ടിട്ടുണ്ട്. ഈ സമീപനത്തിൽ നടപ്പിലാക്കുന്ന മൂന്ന് പദ്ധതികൾ താഴെപ്പറയുന്നവയാണ്.

- കൃഷിയിടാസൂത്രണാധിഷ്ഠിത ഉല്പാദനപരിപാടികൾ - ഉല്പാദന പൂർവ്വ പിന്തുണ ഉൾപ്പെടെ.
- ഉല്പാദക സംഘടനകളുടെ വികസനത്തിനും സാങ്കേതിക സഹായത്തിനുമുള്ള പദ്ധതി.
- കൃഷിയിടാസൂത്രണാധിഷ്ഠിത സമീപനവുമായി സംയോജിപ്പിച്ച് വിതരണ ശൃംഖല/മൂല്യശൃംഖല വികസനത്തിനായുള്ള പദ്ധതി.

3. വിസ്തൃതി വർദ്ധനവും വികസന സമീപനവും'- ഭക്ഷ്യവിളയായ നെല്ല്, പച്ചക്കറി, നാളികേരം, സുഗന്ധവിളകൾ, പഴവർഗ്ഗങ്ങൾ മുതലായവയുടെ കൃഷി നിലനിർത്തുന്നതിനോടൊപ്പം കൂടുതൽ സ്ഥലങ്ങളിലേയ്ക്ക് കൃഷി വ്യാപിപ്പിക്കുന്നതിനും ഉല്പാദനവും ഉല്പാദനക്ഷമതയും വർദ്ധിപ്പിക്കുന്നതിനും 'വിസ്തൃതി വർദ്ധനവും വികസന സമീപനവും' എന്നതിൽ ഉൾപ്പെടുത്തി പദ്ധതികൾ നടപ്പിലാക്കിവരുന്നു.

4.കേര ഗ്രാമം, കേര രക്ഷാവാരം- കർഷകർക്ക് പരമാവധി ആദായം വർദ്ധിപ്പിക്കുന്നതിന് സമഗ്ര വികസന പദ്ധതിയായ കേരഗ്രാമം, ക്യാമ്പയിൻ അടിസ്ഥാനത്തിൽ തെങ്ങിൻതോട്ടങ്ങളിൽ കീടരോഗ നിയന്ത്രണ പദ്ധതി, തെങ്ങിൻതടം തുറക്കൽ, വളപ്രയോഗവും, കീടരോഗ നിയന്ത്രണ മാർഗ്ഗങ്ങളുടെ പ്രയോഗവും (കേര രക്ഷാവാരം) എന്നിവയ്ക്കും തുടക്കമിട്ടുണ്ട്.

5.ഫാം യന്ത്രവൽക്കരണത്തിനുള്ള സഹായം- യന്ത്രവൽക്കരണ പ്രവർത്തനങ്ങളുടെ ഭാഗമായ കാർഷിക സേവന കേന്ദ്രങ്ങൾ, കാർഷിക കർമ്മ സേനകൾ, കസ്റ്റം ഹയറിംഗ് സെന്ററുകൾ എന്നിവ ശക്തിപ്പെടുത്തി സേവനപ്രവർത്തനങ്ങൾ കേന്ദ്രീകരിച്ച് കൃഷിശ്രീ കേന്ദ്രങ്ങളിലൂടെ

നൽകുന്നതിന് ഫാം യന്ത്രവൽക്കരണത്തിനുള്ള സഹായം എന്ന പദ്ധതി ലക്ഷ്യമിടുന്നു.

6. 'കാർഷിക വിജ്ഞാന വ്യാപന സേവനങ്ങൾ'- കാർഷിക മേഖലയിലെ നൂതനവും മെച്ചപ്പെട്ടതുമായ കൃഷി രീതികളും അറിവുകളും കർഷകരിലേയ്ക്ക് എത്തിക്കുവാൻ കാർഷിക വിജ്ഞാന വ്യാപനത്തിനുള്ള പദ്ധതികളും 'കാർഷിക വിജ്ഞാന വ്യാപനസേവനങ്ങൾ' എന്ന സമീപനത്തിൽ ഉൾപ്പെടുത്തി കൃഷി വകുപ്പ് നടപ്പിലാക്കുന്നു. ഇതിൽ കാർഷിക വിജ്ഞാന വ്യാപനം ശക്തിപ്പെടുത്തൽ, കൃഷി പാഠശാല, കാർഷിക വിവരവും വിനിമയവും മാനവ വിഭവശേഷി വികസനം എന്നീ പദ്ധതികൾ ഉൾപ്പെടുന്നു.

7.സംസ്ഥാന വിള ഇൻഷ്വറൻസ്- അപകടസാധ്യത ലഘൂകരിക്കുവാനുള്ള നടപടികൾ സ്വീകരിക്കുന്നതിനും കർഷകർക്ക് തങ്ങളുടെ വിളയിൽനിന്നും പ്രതീക്ഷിക്കുന്ന വരുമാനം ഉറപ്പുവരുത്തുന്നതിനും പ്രകൃതിക്ഷോഭംമൂലം വിളനാശം ഉണ്ടായാൽ നഷ്ടപരിഹാരം നൽകുന്നതിനും സംസ്ഥാന വിള ഇൻഷ്വറൻസ്, പ്രകൃതിക്ഷോഭങ്ങൾ നേരിടുന്നതിനും കീടരോഗ നിയന്ത്രണത്തിനുമുള്ള അടിയന്തര നടപടി എന്നീ പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്.

8.കുട്ടനാട് മേഖലയിലെ കാർഷിക വികസനം- കുട്ടനാട് മേഖലയിലെ കാർഷിക വികസനത്തിനുള്ള പദ്ധതിയിൽ ഉൾപ്പെടുത്തി പാടശേഖരങ്ങളുടെ അടിസ്ഥാന സൗകര്യ വികസനവും പെട്ടിയും പറയും മാറ്റി വി.എ.എഫ്. (വെർട്ടിക്കൽ ആക്സിയൽ ഫ്ലോ) പമ്പുകൾ സ്ഥാപിക്കലും പരമ്പരാഗത ഊർജ്ജസ്രോതസ്സുകളെ ആശ്രയിക്കുന്നത് കുറയ്ക്കുന്നതിനായി കാർഷിക മേഖലയിൽ സൗരോർജ്ജം ഉപയോഗപ്പെടുത്തുന്നതിന് അനെർട്ടിന്റെ സഹായത്തോടെ അധിക സബ്സിഡി നൽകുന്നതും ഈ സാമ്പത്തിക വർഷം നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നു.

9. പുനർജ്ജനി പദ്ധതി- പാടശേഖരങ്ങളുടേയും തോട്ടങ്ങളുടേയും അടിസ്ഥാനസൗകര്യ വികസനം, യന്ത്രവൽക്കരണം, വിപണികളുടെ വികസനം, നഴ്സറികൾ, ഓഫീസ് കെട്ടിടങ്ങൾ, കൃഷി വകുപ്പിന് കീഴിലുള്ള ഫാമുകൾ തുടങ്ങിയവയുടെ വികസനം, ഉരുൾപൊട്ടൽ/മണ്ണിടിച്ചിൽ എന്നിവയിൽ പൂർണ്ണമായും നശിച്ച കൃഷിഭൂമിയുടെ പുനരുജ്ജീവനം, ജലസംഭരണികൾ, മണ്ണ് ജല സംരക്ഷണപ്രവർത്തനങ്ങൾ, വരൾച്ചാ ലഘൂകരണ പ്രവർത്തനങ്ങൾ തുടങ്ങിയവ ഈ പദ്ധതിയിൽ ഉൾപ്പെടുന്നു.

10. <u>കർഷക ഉൽപ്പാദക സംഘടന (എഫ്.പി.ഒ.)</u>- കേരളത്തിലെ അസംഘടിത മേഖലയിലെ കർഷകരെ സംഘടിത ശക്തിയായി വളർത്തുന്നതിനും അവരുടെ ഉൽപ്പന്നങ്ങൾക്ക് പരമാവധി വില ഉറപ്പുവരുത്തുന്നതിനും തദ്വാരാ കർഷകരുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനുമാണ് കർഷക ഉത്പാദക സംഘടനകൾ (FPO-കൾ) രൂപീകരിച്ചിട്ടുള്ളത്. സംസ്ഥാന കൃഷി വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന ചെറുകിട കർഷക കാർഷിക വ്യാപാര കൺസോർഷ്യം (SFAC)ആണ് RKVY പദ്ധതി പ്രകാരം കർഷക ഉല്പാദക സംഘടനകളുടെ രൂപീകരണം നിർവ്വഹിക്കുന്നത്. പ്രസ്തുത പദ്ധതി പ്രകാരം പുതുതായി 50 കർഷക ഉല്പാദക സംഘടനകളും നിലവിലുള്ള 50 എണ്ണത്തിന്റെ ശാക്തീകരണവുമാണ് ലക്ഷ്യമിടുന്നത്. എഫ്.പി.ഒ.-കൾക്ക് വിവിധ സർക്കാർ പദ്ധതിപ്രകാരം നൽകുന്ന എല്ലാ ആനുകൂല്യങ്ങളും സംയോജിപ്പിച്ച് നൽകുന്നു. ഇത്തരത്തിൽ AIF ഫണ്ട്, MSME പദ്ധതി തുടങ്ങിയ വിവിധ പദ്ധതിയാനുകൂല്യങ്ങൾ കർഷക ഉൽപ്പാദക സംഘടനകളുടെ ശാക്തീകരണത്തിനായി സംയോജി പ്പിച്ചിട്ടുണ്ട്.

11. <u>MSME പദ്ധതി</u>- എല്ലാ കാർഷികോല്പന്നങ്ങളുടെയും മൂല്യവർദ്ധനവ് ലക്ഷ്യമിട്ടുകൊണ്ട് ചെറുകിട കർഷക കാർഷിക വ്യാപാര കൺസോർഷ്യം അഥവാ എസ്.എഫ്.എ.സി. കേരള എന്ന സ്ഥാപനം മുഖേന നടപ്പിലാക്കുന്ന പദ്ധതിയാണ് സൂക്ഷ്മ-ചെറുകിട-ഇടത്തരം മൂല്യവർദ്ധന സംരംഭങ്ങൾക്കുള്ള പ്രോത്സാഹന പദ്ധതി (MSME). MSME പദ്ധതി പ്രകാരം നൽകുന്ന ആനുകൂല്യത്തിന്റെ വിവരം ചുവടെ ചേർക്കുന്നു.

1. സൂക്ഷ്മതല സംരംഭം (മൂലധനം 10 ലക്ഷം രൂപ മുതൽ 25 ലക്ഷം രൂപ വരെ) 50% സബ്സിഡി -പരമാവധി 10 ലക്ഷം.

2. ചെറുകിട സംരംഭം (മൂലധനം 25 ലക്ഷം മുതൽ 1 കോടി രൂപ വരെ) 40% സബ്സിഡി -പരമാവധി 25 ലക്ഷം.

3. ഇടത്തരം സംരംഭം (മൂലധനം 1 കോടി മുതൽ 5 കോടി രൂപ വരെ) 30% സബ്സിഡി - പരമാവധി 50 ലക്ഷം.

(ബി) പരിസ്ഥിതി സംരക്ഷിത കാർഷിക വികസനം ലക്ഷ്യംവച്ച് സ്വീകരിക്കുന്ന നടപടികൾ വിശദമാക്കാമോ?

പരിസ്ഥിതി സംരക്ഷിത കാർഷിക വികസനം ലക്ഷ്യംവച്ചും ജൈവ കൃഷി പ്രോത്സാഹിപ്പിക്കുന്നതിനുമായി തുടർച്ചയായി മൂന്ന് വർഷത്തേയ്ക്ക്

നടപ്പിലാക്കുന്ന സുഭിക്ഷം സുരക്ഷിതം (ഭാരതീയ പ്രകൃതിക് കൃഷി) എന്ന കേന്ദ്രാവിഷ്കൃത പദ്ധതി 2022-23 വർഷവും കേന്ദ്ര വിഹിതം ലഭിക്കുന്ന മുറയ്ക്ക് സംസ്ഥാനത്ത് നടപ്പിലാക്കുന്നതാണ്. പച്ചക്കറി ഉൾപ്പെടെയുള്ള വിവിധ വിളകളുടെ കൃഷിസംബന്ധമായ പരമ്പരാഗത നാട്ടറിവുകൾ കർഷകരിലേയ്ക്ക് എത്തിക്കുന്നതിനും അതത് പ്രദേശത്തിന് അനുയോജ്യമായ പരമ്പരാഗതവിളകളുടെ വിത്ത് ഉല്പാദിപ്പിച്ച് മറ്റ് കർഷകർക്ക് കൈമാറ്റം ചെയ്യുന്നതിനും പദ്ധതി മാനദണ്ഡങ്ങൾ പാലിച്ച് മാതൃക കൃഷിത്തോട്ടങ്ങൾ നിർമ്മിക്കുന്നതിനും ധനസഹായം നൽകിവരുന്നുണ്ട്. പദ്ധതി പ്രകാരം 75162.456 ഹെക്ടർ സ്ഥലത്ത് 2021-22 സാമ്പത്തിക വർഷത്തിൽ പ്രകൃതി കൃഷി നടപ്പിലാക്കി. പ്രസ്തുത പദ്ധതി പ്രകാരം ഒരു ക്ലസ്റ്ററിന് ഒന്നാം വർഷം 26.52 ലക്ഷം രൂപയും രണ്ടാം വർഷം 17.85 ലക്ഷം രൂപയും മൂന്നാം വർഷം 17.85 ലക്ഷം രൂപയും വീതം ആനുകൂല്യം നൽകുന്ന രീതിയിലാണ് പ്രവർത്തനങ്ങൾ നടത്തുന്നത്.

ജൈവകൃഷി പ്രോത്സാഹന പദ്ധതിയുടെ ഭാഗമായി 2780 ഹെക്ടർ സ്ഥലത്ത് പച്ചിലവളപ്രയോഗം ഉറപ്പുവരുത്തി ജൈവകൃഷി നടപ്പിലാക്കുവാനും കൃഷിയിടങ്ങളിൽ ജൈവവള നിർമ്മാണ യൂണിറ്റുകൾ ആരംഭിക്കുവാനും

വി.എഫ്.പി.സി.കെ. മുഖേന ജൈവകൃഷി നടപ്പിലാക്കുവാനും ജൈവ സൂപ്പർ മാർക്കറ്റുകൾ ആരംഭിക്കുവാനും വിഭാവനം ചെയ്തിട്ടുണ്ട്.

ഈ സാമ്പത്തികവർഷത്തിൽ സംസ്ഥാനത്തെ ഓരോ വ്യക്തിയെയും കൃഷിയിലേയ്ക്ക് ആകർഷിക്കുവാനും സ്വന്തമായി കൃഷി ചെയ്യുന്നതിന് പ്രേരണ നൽകുന്നതിനും കൃഷിക്കൂട്ടങ്ങൾ രൂപീകരിക്കുകയും അതുവഴി കാർഷികമേഖലയിൽ ജനകീയ മുന്നേറ്റം സൃഷ്ടിക്കുകയെന്ന ലക്ഷ്യത്തോടെ "ഞങ്ങളും കൃഷിയിലേയ്ക്ക്" എന്ന പരിപാടി ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു.

ഇന്ത്യയിൽത്തന്നെ ആദ്യമായി കാലാവസ്ഥാ വ്യതിയാനത്തെ ചെറുക്കാൻ കാർബൺ തുലിത കൃഷി പ്രോത്സാഹിപ്പിക്കുവാൻ ഉദ്ദേശിക്കുന്ന സംസ്ഥാനമാകുവാൻ കേരളം തയ്യാറെടുത്തു വരുന്നു. സംസ്ഥാനത്തെ തെരഞ്ഞെടുത്ത സ്ഥലങ്ങളിൽ കാർബൺ തുലിത കൃഷി രീതികൾ പ്രോത്സാഹിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്. കൃഷി വകുപ്പിന്റെ ഡിപ്പാർട്ട്മെന്റ് ഫാമുകളിലും പ്രത്യേകം തെരഞ്ഞെടുത്ത പ്രദേശങ്ങളിലും കാർബൺ ന്യൂട്രൽ ഫാമിംഗ് പ്രോത്സാഹിപ്പിക്കുന്നതിനുള്ള ദൗത്യം ആരംഭിക്കാൻ നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്.

## സംയോജിത കൃഷിക്ക് ധനസഹായം

31(5155) ശ്രീ. സി. എച്ച്. കുഞ്ഞമ്പു:
ശ്രീ. പി. പി. സുമോദ്:
ശ്രീ. കെ. കെ. രാമചന്ദ്രൻ:
ശ്രീ. ജി. സ്റ്റീഫൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കാർഷിക മേഖലയുടെ പുനരുജ്ജീവനത്തിന്റെ ഭാഗമായി സംയോജിത കൃഷിക്ക് ധനസഹായം നൽകുന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; കാർഷിക വിളകൾക്കൊപ്പം മറ്റെന്തെല്ലാം സംരംഭങ്ങളാണ് സംയോജിത കൃഷിരീതിയിൽ ഉൾപ്പെടുന്നത്; പ്രസ്തുത പദ്ധതിയനുസരിച്ച് സഹായം ലഭ്യമാകുന്നതിനുള്ള മാനദണ്ഡം, ആനുകൂല്യങ്ങൾ എന്നിവ എന്തൊക്കെയാണ്; വിശദാംശം ലഭ്യമാക്കാമോ?

2018, 2019 വർഷങ്ങളിൽ കേരളത്തിൽ സംഭവിച്ച അതിരൂക്ഷമായ വെള്ളപ്പൊക്കവും മണ്ണിടിച്ചിലും കാർഷിക മേഖലയേയും കർഷകരുടെ ജീവിതനിലവാരത്തെയും സാരമായി ബാധിച്ച സാഹചര്യത്തിൽ സംയോജിത കൃഷിരീതികൾ അനുവർത്തിച്ചുകൊണ്ടുള്ള സുസ്ഥിരകൃഷി വികസനം കർഷകരുടെ ഉപജീവനമാർഗ്ഗം മെച്ചപ്പെടുത്തുക, കർഷകരുടെ

നിലനിൽപ്പ് ഉറപ്പുവരുത്തുക എന്നിവ ലക്ഷ്യമിട്ടുകൊണ്ട് രണ്ട് വർഷങ്ങളിലായി (2020-21 & 2021-22) ജൈവഗൃഹം - സംയോജിത കൃഷി പദ്ധതി നടപ്പിലാക്കി. കൃഷി വകുപ്പിന്റെ ജൈവഗൃഹം-സംയോജിതകൃഷി പദ്ധതിയിൽ പ്രധാന കൃഷിക്കൊപ്പം അനുബന്ധ സംരംഭങ്ങളായ കോഴി വളർത്തൽ/ആടുവളർത്തൽ/പോഷകത്തോട്ടം/ തേനീച്ച കൃഷി/ കൂൺ കൃഷി/പശു വളർത്തൽ/മത്സ്യകൃഷി/ജൈവവള നിർമ്മാണം/മുയൽ വളർത്തൽ/അക്വാപോണിക്സ് തുടങ്ങിയവയിൽ നിന്നും അഞ്ച് സംരംഭങ്ങളെങ്കിലും ഏറ്റെടുത്ത് നടപ്പിലാക്കിയിരുന്നു. റീബിൽഡ് കേരള ഇനിഷ്യേറ്റീവിൽ ഉൾപ്പെടുത്തി 50 കോടി രൂപയാണ് രണ്ട് വർഷങ്ങളിലായി പദ്ധതി നടത്തിപ്പിന് നീക്കിവച്ചത്. 2020-21 വർഷത്തിൽ 35 കോടി രൂപയും 2021-22-ൽ 15 കോടി രൂപയുമാണ് സംസ്ഥാന സർക്കാർ നൽകിയത്. ഇത്തരത്തിൽ സംരംഭം തുടങ്ങുന്നതിന് തയ്യാറാകുന്ന കർഷകർക്ക് ഇതിനുവേണ്ട വായ്പാ സൗകര്യവും ബാങ്കുകളുടെ സഹകരണത്തോടെ കൃഷി വകുപ്പ് സജ്ജമാക്കി നൽകിയിട്ടുണ്ട്. കൃഷി ഭൂമിയുടെ വിസ്തൃതിയുടെ അടിസ്ഥാനത്തിൽ മൂന്ന് തരത്തിലാണ് ധനസഹായം നൽകിയത്. 5 മുതൽ 30 സെന്റ് വരെ സ്ഥല

വിസ്തൃതിയുള്ളവർക്ക് 30,000 രൂപ, 30 മുതൽ 40 സെന്റ് വരെ 40,000 രൂപ, അതിനുമുകളിൽ 50,000 രൂപ എന്നിങ്ങനെയായിരുന്നു ധനസഹായ നിരക്ക്. ഇത്തരത്തിൽ 14,542 ജൈവഗൃഹങ്ങൾ സംസ്ഥാനത്തുടനീളം വികസിപ്പിച്ചിട്ടുണ്ട്.

2022-23 സാമ്പത്തിക വർഷവും സംയോജിത കൃഷിക്കായി ചെറുകിട, നാമമാത്ര കർഷകർക്ക് സാങ്കേതിക സഹായവും സാമ്പത്തിക സഹായവും നൽകുന്നതിനുള്ള പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ട്. 'ഞങ്ങളും കൃഷിയിലേയ്ക്ക് ' എന്ന ബഹുജന ക്യാമ്പയിന്റെ ഭാഗമായി കൃഷിയിലേയ്ക്ക് എത്തുന്നവർക്കും മറ്റു പുരോഗമനകർഷകർക്കും മാതൃകയായി നിലകൊള്ളുന്നതിനുള്ള സംയോജിത കൃഷി പ്രദർശന തോട്ടങ്ങൾ ഒരുക്കുകയെന്നതാണ് പ്രസ്തുത പദ്ധതിയുടെ ലക്ഷ്യം. കൃഷിയിടാധിഷ്ഠിത ആസൂത്രണം അടിസ്ഥാന സമീപനമായി കൈക്കൊണ്ടിട്ടുണ്ട്. അതായത് കർഷകരുടെ കൃഷിയിടങ്ങൾ വിദഗ്ദ്ധർ സന്ദർശിക്കുകയും അവിടെ ലഭ്യമായ വിഭവങ്ങളുടെ പരമാവധി വിനിയോഗം സാധ്യമാക്കുകയും ഉല്പാദന വിപണന മുൻ-പിൻ ബന്ധങ്ങൾ ശക്തിപ്പെടുത്തുകയും പുതിയ സംരംഭങ്ങൾ സമർത്ഥമായി സമന്വയിപ്പിക്കുകയും ചെയ്യുന്ന ഒരു ആസൂത്രണ രേഖ

ഉണ്ടാക്കി അതുപ്രകാരം ഉല്പാദനം ക്രമപ്പെടുത്തുകയും ചെയ്യും. ഇതിന്റെ ഭാഗമായാണ് സംയോജിത കൃഷി മാതൃകകളിലൂടെ വിളകളുടെ വികസനത്തിനായി സർക്കാർ സംയോജിത കൃഷി മാതൃകാ തോട്ടങ്ങളുടെ വികസനത്തിനായി പുതിയ പദ്ധതി ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നത്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും വിവിധ അനുബന്ധ വകുപ്പുകളുടെയും പദ്ധതികൾ ഇതുമായി സംയോജിപ്പിച്ച് ഒരു സമഗ്ര പദ്ധതിയായി നടപ്പിലാക്കുന്നതിനാണ് സർക്കാർ ആലോചിച്ചിട്ടുള്ളത്. കൃഷിയിട ആസൂത്രണ സമീപനത്തിന്റെ ഭാഗമായി സംസ്ഥാനത്തൊട്ടാകെ സ്ഥാപിക്കപ്പെടുന്ന 10760 മാതൃകാ തോട്ടങ്ങളിൽ 1000 എണ്ണം ഇത്തരത്തിലുള്ള സംയോജിത കൃഷിത്തോട്ടങ്ങളാക്കി മാറ്റാനാണ് പദ്ധതി ലക്ഷ്യംവയ്ക്കുന്നത്. ക്രമേണ ഇവയുടെ എണ്ണം വർദ്ധിപ്പിക്കാനും ലക്ഷ്യമിടുന്നു. ചെറുകിട, നാമമാത്ര കർഷകരായ 10 സെന്റ് മുതൽ 2 ഏക്കർ വരെ കൃഷിസ്ഥലമുള്ളതും നിലവിൽ നെല്ല്, പച്ചക്കറികൾ, ചെറുധാന്യങ്ങൾ, പയറുവർഗ്ഗ വിളകൾ, പരമ്പരാഗത ഭക്ഷ്യ എണ്ണ വിളകൾ മുതലായവ അടിസ്ഥാനപ്പെടുത്തിയ കാർഷികസമ്പ്രദായങ്ങളെ പിന്തുടരുന്നവരെ ഇതിനായി തെരഞ്ഞെടുക്കും. കുറഞ്ഞത് രണ്ട് സംരംഭങ്ങൾ എങ്കിലും

ഉണ്ടായിരിക്കണം. അവയിൽ ഒന്ന് നിർബന്ധമായും മൃഗപരിപാലനമോ, കോഴിവളർത്തലോ, മൽസ്യകൃഷിയോ ആയിരിക്കണം. നിലവിൽ രണ്ട് മൃഗ പരിപാലന മാർഗ്ഗങ്ങളിൽ ഏർപ്പെട്ടിട്ടുള്ളവർക്ക് വീണ്ടും അത്തരം ഘടകങ്ങൾ എടുക്കുന്നതിന് സഹായധനം ലഭ്യമാകില്ല. എന്നാൽ അനുബന്ധ വകുപ്പുകളിൽനിന്നും അവ സ്വീകരിക്കാൻ അവരെ സഹായിക്കുന്നതാണ്. പയർവർഗ്ഗങ്ങൾ, ചെറു ധാന്യങ്ങൾ, വാർഷിക എണ്ണവിളകൾ തുടങ്ങിയ കാർഷിക പാരിസ്ഥിതിക മേഖല അടിസ്ഥാനപ്പെടുത്തിയ വിളകളുടെ സംരംഭങ്ങൾ കൂടുതലായി ഉൾപ്പെടുത്തുന്നതിനാണ് മുൻഗണന നൽകുന്നത്. ഇവ ഒരു ഫാം പ്ലാൻ മുൻനിർത്തിയുള്ളവ ആയിരിക്കുകയും വേണം. ആകെ യൂണിറ്റ് ചെലവ് 40,000 രൂപ (കുറഞ്ഞത്) കണക്കാക്കി 25,000 രൂപ വരെ ഇത്തരം കൃഷിയിടങ്ങൾക്ക് സർക്കാർ ധനസഹായം നൽകുകയോ ആവശ്യമായ ഘടകങ്ങൾ പ്രാഥമിക സഹകരണ സംഘങ്ങൾ, കൃഷിശ്രീ കേന്ദ്രങ്ങൾ, അംഗീകരിക്കപ്പെട്ട കർഷക കൂട്ടായ്മകൾ, കാർഷിക കർമ്മ സേനകൾ മുതലായവവഴി നടത്തിച്ചു നൽകുകയോ ചെയ്യുന്നതിനാണ് ലക്ഷ്യമിട്ടിട്ടുള്ളത്.

കേരള കാർഷിക സർവ്വകലാശാലയുടെ കീഴിൽ കരമന പ്രവർത്തിക്കുന്ന സംയോജിത കൃഷി സമ്പ്രദായ ഗവേഷണ കേന്ദ്രം കർഷകർക്ക് അനുവർത്തിക്കാവുന്ന വിവിധ സംയോജിത കൃഷി മാതൃകകൾ ഇതിനകം വികസിപ്പിച്ചിട്ടുണ്ട്. കരമന സംയോജിത കൃഷി സമ്പ്രദായ ഗവേഷണ കേന്ദ്രം ആസ്ഥാനമായിട്ടുള്ള "സെന്റർ ഓഫ് എക്സലൻസ് ഓൺ ഐ.എഫ്.എസ്.-ന്റെ നേതൃത്വത്തിൽ ഏഴ് ഉപ കേന്ദ്രങ്ങളിലായി (വെള്ളായണി കാർഷിക കോളേജ്, കരമന സംയോജിത കൃഷി സമ്പ്രദായ ഗവേഷണ കേന്ദ്രം, സദാനന്ദപുരം കൃഷി സമ്പ്രദായ ഗവേഷണ കേന്ദ്രം, കുമരകം പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രം, തൃശ്ശൂർ ഇൻസ്ട്രക്ഷണൽ ഫാം, അമ്പലവയൽ പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രം, പടന്നക്കാട് കാർഷിക കോളേജ്) വിവിധ കാർഷിക പാരിസ്ഥിതിക മേഖലകളിലുള്ള ചെറുകിട നാമമാത്ര കർഷകർക്ക് അനുയോജ്യമായിട്ടുള്ള സംയോജിത കൃഷി മാതൃകകൾ വികസിപ്പിച്ചെടുക്കുവാനുള്ള പദ്ധതി നടപ്പിലാക്കി കൊണ്ടിരിക്കുകയാണ്. ഇതുമായി ബന്ധപ്പെട്ട് വിവിധ പരിശീലനങ്ങൾ കേരള കാർഷിക സർവ്വകലാശാല കഴിഞ്ഞ 10 വർഷക്കാലമായി നടത്തി വരുന്നു. കൃഷി വകുപ്പിന്റെ ധനസഹായത്തോടുകൂടി പ്രാദേശിക, സാമൂഹിക

തലത്തിൽ ഉചിതമായിട്ടുള്ള മാതൃകകൾ ഉരുത്തിരിഞ്ഞിട്ടുണ്ട്. കേരള കാർഷിക സർവ്വകലാശാല സംയോജിത കൃഷിയെ ആസ്പദമാക്കിയിട്ടുള്ള ഒരു ലഘുലേഖ (മാന്വൽ) പ്രസിദ്ധീകരിക്കുകയും അത് എല്ലാ കൃഷി ഉദ്യോഗസ്ഥർക്കും വിതരണം ചെയ്തിട്ടുമുണ്ട്. കാർഷിക വിളകൾക്കൊപ്പം ഏറ്റെടുക്കാവുന്ന സംരംഭങ്ങൾ കാലിവളർത്തൽ, ആടുവളർത്തൽ, കോഴി/താറാവ്/കാട വളർത്തൽ, മത്സ്യകൃഷി, തേനീച്ചവളർത്തൽ, കൂൺ കൃഷി, മണ്ണിര കമ്പോസ്റ്റ്, ചകിരിച്ചോറ് നിർമ്മാണം, അസോളവളർത്തൽ മുതലായവയാണ്. ഈ പദ്ധതി രൂപംകൊണ്ടിട്ടുള്ളത് സംസ്ഥാന ആസൂത്രണ ബോർഡിന്റെയും കൃഷി വകുപ്പിന്റെയും നേതൃത്വത്തിലാണ്. കേരള കാർഷിക സർവ്വകലാശാലയുടെ സാങ്കേതിക സഹായത്തോടുകൂടി കൃഷി വകുപ്പ് രൂപം നൽകിയിട്ടുള്ള മാനദണ്ഡങ്ങൾക്കും നിർദ്ദേശങ്ങൾക്കും അനുസൃതമായി എല്ലാത്തരം കർഷകർക്കും പ്രയോജനപ്രദമായിട്ടുള്ള രീതിയിലാണ് ഈ പദ്ധതികൾ നടപ്പിലാക്കി വരുന്നത്.

(ബി) കർഷകർക്ക് പരിശീലനം നൽകുന്നതിനും വിവിധ കാർഷിക മുറകൾ പരിചയപ്പെടുത്തുന്നതിനും സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നത്; വിശദമാക്കാമോ; ഗുണമേന്മയുള്ള വിത്തുകളും

തൈകളും കർഷകർക്ക് ലഭ്യമാക്കുന്നതിനായി പ്രത്യേകമായ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

കൃഷി വകുപ്പിന്റെ കീഴിലുള്ള തിരുവനന്തപുരം, കോഴ, വൈറ്റില, തളിപ്പറമ്പ, മലമ്പുഴ എന്നീ സ്ഥലങ്ങളിൽ പ്രവർത്തിച്ചുവരുന്ന 5 പ്രാദേശിക കാർഷിക സാങ്കേതിക പരിശീലന കേന്ദ്രങ്ങൾക്കും പന്തളം, വേങ്ങേരി എന്നിവിടങ്ങളിൽ പ്രവർത്തിച്ചുവരുന്ന 2 കർഷക പരിശീലന കേന്ദ്രങ്ങൾക്കും വെള്ളായണിയിൽ പ്രവർത്തിക്കുന്ന RTTC-യ്ക്കും (റീജിയണൽ ടെക്നോളജി ട്രെയിനിംഗ് സെന്റർ) മാനവവിഭവശേഷി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി കർഷകർക്ക് പരിശീലനം നൽകുന്നതിന് എല്ലാ സാമ്പത്തികവർഷവും അനുമതിയും ഫണ്ടും നൽകി വരുന്നു. 2022-23 സാമ്പത്തിക വർഷവും ഇതിനായി 240 ലക്ഷം രൂപ നീക്കിവച്ചിട്ടുണ്ട്. ഇത്തരത്തിൽ നടത്തുന്ന പരിശീലന പരിപാടികളിൽ കർഷകർക്ക് വിവിധ സർക്കാർ പദ്ധതികളെക്കുറിച്ചും വിള ആരോഗ്യ പരിപാലനം, പുഷ്പകൃഷി, ജൈവകൃഷി, ഹൈടെക് കൃഷി രീതികൾ, കൂൺ കൃഷി, സംയോജിത കൃഷിരീതികൾ, തേനീച്ച വളർത്തൽ, വിളകളുടെ പ്രചരണം, ഫാം യന്ത്രവൽക്കരണം, മണ്ണ്-ജലസംരക്ഷണ രീതികൾ

മുതലായ വിഷയങ്ങളിൽ അറിവും പ്രായോഗിക പരിശീലനവും നൽകി വരുന്നു. ഇതിനുപുറമെ ട്രാക്ടർ മുതൽ ടില്ലർ വരെയുള്ള നവീന കാർഷിക യന്ത്രോപകരണങ്ങളുടെ പ്രായോഗിക പരിശീലനവും അറിവും വെള്ളായണിയിൽ പ്രവർത്തിക്കുന്ന RTTC മുഖേന നൽകി വരുന്നു.

സംയോജിത കൃഷി സമ്പ്രദായത്തെക്കുറിച്ച് കർഷകർക്ക് പരിശീലനം നൽകുവാൻ കാർഷിക സർവ്വകലാശാല കൃഷി വകുപ്പുമായി യോജിച്ച് 100 ലക്ഷം രൂപയുടെ ബൃഹത്തായ പദ്ധതി രൂപീകരിച്ചിട്ടുണ്ട്.

കർഷകർക്ക് പരിശീലനം നൽകുന്നതിന് വി.എഫ്.പി.സി.കെ. മുഖേനയുള്ള സമഗ്ര പച്ചക്കറി വികസന പദ്ധതി, വി.എഫ്.പി.സി.കെ. മുഖേനയുള്ള പഴവർഗ്ഗ വികസന പദ്ധതി എന്നിവയിൽ ഉൾപ്പെടുത്തി എല്ലാ ജില്ലകളിലും കൃഷിയിടാടിസ്ഥാനത്തിൽ കർഷകർക്ക് ആവശ്യമായ വിഷയങ്ങളിൽ കർഷക പരിശീലനം കൗൺസിൽ നടപ്പിലാക്കുന്നു. ഇതിനു പുറമേ, ജില്ലാ അടിസ്ഥാനത്തിൽ കർഷകർക്ക് സെമിനാറുകൾ സംഘടിപ്പിക്കുകയും വിവിധ കാർഷിക മുറകൾ പരിചയപ്പെടുത്തുകയും ചെയ്യുന്നു. കൗൺസിൽ പുറത്തിറക്കുന്ന കൃഷിയങ്കണം ദ്വൈമാസിക, മറ്റ് കൃഷി സംബന്ധമായ പ്രസിദ്ധീകരണങ്ങൾ എന്നിവ മുഖേനയും കർഷകർക്ക്

കാർഷിക മുറകൾ പരിചയപ്പെടുത്താറുണ്ട്. വി.എഫ്.പി.സി.കെ. മുഖേനയുള്ള സമഗ്ര പച്ചക്കറി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്ന പങ്കാളിത്ത ഗവേഷണപദ്ധതി, തീവ്രയത്ന പരിപാടികൾ എന്നിവ മുഖേനയും വിവിധ കാർഷിക മുറകൾ കർഷകരിലേയ്ക്ക് എത്തിക്കുന്നു.

ഗുണമേന്മയുള്ള പച്ചക്കറി വിത്തുകൾ വി.എഫ്.പി.സി.കെ., കൃഷി വകുപ്പ് ഫാമുകൾ, കാർഷിക സർവ്വകലാശാല എന്നിവിടങ്ങളിൽ നിന്നും ലഭ്യമാക്കുന്നു. പച്ചക്കറി തൈകൾ കൃഷി വകുപ്പ് ഫാമുകൾ, വി.എഫ്.പി.സി.കെ., കൂടാതെ അഗ്രോ സർവ്വീസ് സെന്റർ, കൃഷി/തദ്ദേശസ്വയംഭരണ വകുപ്പിന്റെ കീഴിലുള്ള അംഗീകൃത നഴ്സറികളിൽ, അതായത് കൃഷി അസിസ്റ്റന്റ് ഡയറക്ടർ, കൃഷി ഓഫീസർമാരുടെ മേൽനോട്ടത്തിൽ ഉല്പാദിപ്പിച്ച് വിതരണം ചെയ്യുന്നു.

ഗുണമേന്മയുള്ള വിത്തുകളും തൈകളും കർഷകർക്ക് നൽകുവാൻ ഒരു കോടി ഫല വൃക്ഷതൈകളുടെ വിതരണം, 15 ലക്ഷം തെങ്ങിൻ തൈവിതരണം എന്നീ പദ്ധതികൾ നടപ്പിലാക്കി വരുന്നു. " ഞങ്ങളും കൃഷിയിലേയ്ക്ക്" എന്ന ക്യാമ്പയിന്റെ ഭാഗമായി കാർഷിക വികസന

കർഷക ക്ഷേമ വകുപ്പ് " സമഗ്ര പച്ചക്കറി വികസന പദ്ധതി" ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. പ്രസ്തുത പദ്ധതിയിൽ ഗുണമേന്മയുള്ള പച്ചക്കറി വിത്തുകളും തൈകളും കർഷകർക്ക് സൗജന്യമായി നൽകി വരുന്നു. വീട്ടുവളപ്പിലെ കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി സ്കൂൾ വിദ്യാർത്ഥികൾ മുഖേനയും കർഷകർ മുഖേനയും വിവിധ ഇനങ്ങൾ അടങ്ങിയ പച്ചക്കറി വിത്തുകളും തൈകളും കർഷകർക്ക് സൗജന്യമായി വിതരണം നടത്തി വരുന്നു. വിവിധ ഇനം പച്ചക്കറി വിത്തുകൾ അടങ്ങിയ 10 രൂപയുടെ പച്ചക്കറി വിത്ത് പായ്ക്കറ്റുകളും 2.50 രൂപ വിലയുള്ള പച്ചക്കറി തൈകളും വിദ്യാർത്ഥികൾക്കും കർഷകർക്കും വീട്ടമ്മമാർക്കും വിവിധ സന്നദ്ധസംഘടനകൾക്കും സൗജന്യമായി വിതരണം ചെയ്യുന്നു. കൂടാതെ വീട്ടുവളപ്പിലെ പച്ചക്കറി കൃഷിയുടെ പ്രോത്സാഹനത്തിനായി ദീർഘകാല പച്ചക്കറി വിളകളായ മുരിങ്ങ, അഗത്തി, കറിവേപ്പില തുടങ്ങിയവയുടെ 15 രൂപ വിലവരുന്ന തൈകൾ സൗജന്യമായി കർഷകർക്ക് നൽകുന്നതിനായി പദ്ധതിയിൽ വിഭാവനം ചെയ്യുന്നു.

സംസ്ഥാനത്ത് കാർഷികവൃത്തി അഭിവൃദ്ധിപ്പെടുത്തുന്നതിനും ഗുണമേന്മയുള്ള കാർഷികോല്പന്നങ്ങൾ ഉല്പാദിപ്പിക്കുന്നതിനും

ഗുണനിലവാരമുള്ള തൈകളും വിത്തുകളും ലഭ്യമാക്കുന്നതിന് 2022-23 വർഷത്തിൽ കൃഷി വകുപ്പ് ഫാമുകളിൽ വിവിധ പദ്ധതികളിലൂടെ ഗുണമേന്മയുള്ള നടീൽ വസ്തുക്കൾ ഉത്പാദിപ്പിക്കുന്നു. "നടീൽ വസ്തുക്കളുടെ ഉത്പാദനവും വിതരണവും ഡിപ്പാർട്ട്മെന്റ് ഫാമുകളുടെ മെച്ചപ്പെടുത്തലും" എന്ന പദ്ധതിയിൽ വിവിധ ഘടകങ്ങൾ നടപ്പിലാക്കുന്നുണ്ട്. നെൽ വിത്തുത്പാദനത്തിനായി 200 ലക്ഷം രൂപയും ഫാമുകളിലെ ഹൈടെക് യൂണിറ്റുകളിലൂടെ വിത്തുത്പാദനത്തിനായി 47 ലക്ഷം രൂപയും മാതൃ സസ്യത്തോട്ടങ്ങളുടെ സ്ഥാപിക്കലും പരിപാലനത്തിനുമായി 58 ലക്ഷം രൂപയും ഫാമുകളിൽ സംയോജിത കൃഷിയൂണിറ്റുകൾ നടപ്പിലാക്കുന്നതിനായി 50 ലക്ഷം രൂപയും ടിഷ്യൂക്കൾച്ചർ ലാബുകളിലൂടെ ടിഷ്യൂ വാഴത്തൈകൾ ഉത്പാദിപ്പിക്കുന്നതിന് 20 ലക്ഷം രൂപയും തെങ്ങ് കിഴങ്ങുവർഗ്ഗങ്ങൾ, കുരുമുളക് തൈകൾ, പച്ചക്കറി, ഔഷധവിളകൾ, സുഗന്ധവിളകൾ, അലങ്കാരസസ്യങ്ങൾ എന്നിവയുടെ നടീൽ വസ്തുക്കൾ ഉത്പാദിപ്പിച്ച് വിതരണം ചെയ്യുന്നതിനും ഫാമുകളുടെ വികസന പ്രവർത്തനങ്ങൾക്കുമായി 650 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്. ഫലവർഗ്ഗ വികസന പദ്ധതി പ്രകാരം ഫാമുകളിൽ 50 ലക്ഷം ഫലവർഗ്ഗ നടീൽ വസ്തുക്കൾ (ഗ്രാഫ്റ്റുകൾ,

ലെയറുകൾ, തൈകൾ, ടിഷ്യുകൾച്ചർ വാഴതൈകൾ) എന്നിവ ഉത്പാദിപ്പിക്കുന്നു. ഇവയുടെ ഉത്പാദനച്ചെലവിനായി 200 ലക്ഷം രൂപയും പോളീഹൗസുകൾ, മഴമറകൾ എന്നിവയുടെ നിർമ്മാണത്തിനും ജലസേചനസൗകര്യം മെച്ചപ്പെടുത്തുന്നതിനുമായി 100 ലക്ഷം രൂപയും മികച്ച പഴവർഗ്ഗ ഇനങ്ങളുടെ മാതൃസസ്യ തോട്ടങ്ങൾ സ്ഥാപിക്കുന്നതിനായി 20 ലക്ഷം രൂപയും അൾട്രാ ഹൈ ഡെൻസിറ്റി മാവിൻതോട്ടങ്ങൾ സ്ഥാപിക്കുന്നതിനായി 30 ലക്ഷം രൂപയും ചേർത്ത് ആകെ 350 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ഗുണമേന്മയുള്ള തെങ്ങിൻതൈകളുടെ ഉല്പാദനത്തിനായി നാളികേര വികസന കൗൺസിൽ പദ്ധതി പ്രകാരം, വിത്തുതേങ്ങ സംഭരിക്കുന്നതിനും നഴ്സറി പ്രവർത്തനങ്ങൾ നടത്തുന്നതിനുമായി 1,730 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. കൂടാതെ ഫാമുകളിൽ ഉത്പാദിപ്പിച്ച 9.27154 ലക്ഷം തെങ്ങിൻതൈകൾ നാളികേര വികസന കൗൺസിൽ പദ്ധതി പ്രകാരവും പൊതു വിൽപ്പനയിലൂടെയും കർഷകർക്ക് നൽകിവരുന്നു.

ജനിതകശുദ്ധിയും ഉല്പാദനക്ഷമതയുമുള്ള പച്ചക്കറി വിത്തുകൾ ഉൽപ്പാദിപ്പിക്കുന്നതിനും സംഭരിക്കുന്നതിനും അവ സംസ്കരിച്ച് വിതരണം

നടത്തുന്നതിനുമായി വി.എഫ്.പി.സി.കെ.-യുടെ പാലക്കാട് ജില്ലയിലെ ആലത്തൂരിലെ സീഡ് പ്രോസ്സസ്സിംഗ് പ്ലാന്റ് ശ്രദ്ധേയമായ പ്രവർത്തനമാണ് നടത്തി വരുന്നത്. കേരളത്തിൽ കൃഷി ചെയ്യുന്നതിന് അനുയോജ്യമായ 17 ഇനം പച്ചക്കറി വിത്തുകൾ ഇവിടെ നിന്നും വിതരണം ചെയ്യുന്നുണ്ട്. കൗൺസിലിന് കീഴിൽ വിത്തുൽപ്പാദനത്തിൽ പരിശീലനം സിദ്ധിച്ച കർഷകരാണ് വിത്ത് ഉൽപ്പാദിപ്പിക്കുന്നത്. ഈ വിത്ത് സംസ്കരണശാലയിലെ ആധുനിക സജ്ജീകരണങ്ങളോടുകൂടിയ ലാബിൽ ശുദ്ധീകരിച്ച് അങ്കുരണശേഷി ഉറപ്പാക്കിയശേഷമാണ് വിതരണം ചെയ്യുന്നത്. വിത്ത് സംസ്കരണ ശാലയോടനുബന്ധിച്ച് ടിഷ്യൂക്കൾച്ചർ ലബോറട്ടറിയും പച്ചക്കറി ഫലവർഗ്ഗത്തൈകളുടെ യൂണിറ്റുകളും പ്രവർത്തിച്ചുവരുന്നു. ഇതിനു പുറമേ സംസ്ഥാനത്ത് നടീൽ വസ്തുക്കളുടെ അഭാവം പരിഹരിക്കുന്നതിനുള്ള പദ്ധതികളുടെ ഭാഗമായി 2 കോടി ഉൽപ്പാദനശേഷിയുള്ള ഒരു ഹൈടെക് പച്ചക്കറി തൈ ഉൽപാദന കേന്ദ്രം പ്രവർത്തിച്ചുവരുന്നു. ഈ ഉൽപ്പാദന കേന്ദ്രത്തിൽനിന്നും 2021-22 സാമ്പത്തിക വർഷം 92 ലക്ഷം പച്ചക്കറി തൈകൾ ഉൽപ്പാദിപ്പിച്ചു. കൃഷി വകുപ്പിന്റെ സുഭിക്ഷ കേരളം, വീട്ടുവളപ്പിലെ പച്ചക്കറി കൃഷി പ്രോത്സാഹനം (പ്രസിദ്ധീകരണങ്ങൾ മുഖേന), ഞങ്ങളും

കൃഷിയിലേയ്ക്ക് തുടങ്ങിയ പദ്ധതികൾക്ക് 1.5 കോടി പച്ചക്കറി വിത്ത് കിറ്റുകളും 50 ലക്ഷം പച്ചക്കറി തൈകളും വി.എഫ്.പി.സി.കെ. വഴി ലഭ്യമാക്കുവാൻ സാധിച്ചു. കൂടാതെ, കേരള സർക്കാരിന്റെ ഒരു കോടി ഫലവൃക്ഷ തൈ വിതരണ പദ്ധതിയിൽ 25 ലക്ഷം ഫലവൃക്ഷ തൈകൾ ലഭ്യമാക്കികൊണ്ട് വി.എഫ്.പി.സി.കെ. മുഖ്യ പങ്കാളിയായി. വി.എഫ്.പി.സി.കെ.-യുടെ തിരുവനന്തപുരം, എറണാകുളം, കാസർഗോഡ് ജില്ലകളിൽ പ്രവർത്തിക്കുന്ന കൃഷി ബിസിനസ്സ് കേന്ദ്രങ്ങൾ മുഖേന ഗുണമേന്മയുള്ള വിത്തുകളും തൈകളും ലഭ്യമാക്കുന്നുണ്ട്.

## നാളികേര കർഷകർ നേരിടുന്ന പ്രതിസന്ധി

32(5156) ശ്രീ. പി. ജെ. ജോസഫ്: താഴെക്കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് നാളികേര സംഭരണം കൃത്യമായി നടക്കാത്തതുമൂലം കർഷകർ നേരിടുന്ന സാമ്പത്തിക പ്രതിസന്ധി പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

ചില ജില്ലകളിൽ നാളികേരത്തിന്റെ മാർക്കറ്റ് വില സർക്കാർ നിശ്ചയിച്ചിരിക്കുന്ന സംഭരണ വിലയേക്കാൾ കുറഞ്ഞതിനെ തുടർന്ന്

കർഷകർക്ക് ന്യായ വില ലഭ്യമാക്കാൻ കിലോഗ്രാമിന് 32 രൂപ നിരക്കിൽ പച്ചത്തേങ്ങ സംഭരണം ഊർജ്ജിതമായി നടന്നുവരുന്നു.

ആദ്യഘട്ടത്തിൽ, തിരുവനന്തപുരത്തുള്ള ആനയറ സ്റ്റോക്ക് പോയിന്റ്, കരുനാഗപ്പള്ളി കേരഫെഡ് ഫാക്ടറി, തൃശ്ശൂർ പൂച്ചുന്നിപ്പാടത്തുള്ള സെയിൽ പോയിന്റ്, കോഴിക്കോട് നടുവണ്ണൂരിലുള്ള ഫാക്ടറി, എന്നീ 4 കേന്ദ്രങ്ങളിലൂടെയാണ് കേരഫെഡ് നേരിട്ട് പച്ചത്തേങ്ങ സംഭരിച്ചു വരുന്നത്.

പച്ചത്തേങ്ങ സംഭരണം വിപുലീകരിക്കുന്നതിന്റെ ഭാഗമായി കണ്ണൂർ ജില്ലയിൽ മുഴപ്പിലങ്ങാട് പ്രാഥമിക സഹകരണ സംഘം മുഖേന കേരഫെഡ് നേരിട്ടും കൂടാതെ വെജിറ്റബിൾ ആൻഡ് ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ, കേരളം (VFPCK)-യുടെ 36 വിപണികൾ വഴിയും 2022 ജൂൺ മാസം മുതൽ പച്ചത്തേങ്ങ സംഭരിച്ച് കേരഫെഡിന് നൽകുന്നുണ്ട്. പാലക്കാട് ജില്ലയിൽ VFPCK-യുടെ 15 വിപണികൾ വഴിയും മലപ്പുറം ജില്ലയിൽ 12 വിപണികൾ വഴിയും കോഴിക്കോട് ജില്ലയിൽ 9 വിപണികൾ വഴിയുമാണ് പച്ചത്തേങ്ങ സംഭരിക്കുന്നത്. കാസർഗോഡ് ജില്ലയിലെ നീലേശ്വരം, അഗ്രികൾച്ചറിസ്റ്റ് വെൽഫെയർ കോ-ഓപ്പറേറ്റീവ് സൊസൈറ്റി, പള്ളിക്കര കോ-ഓപ്പറേറ്റീവ് കൺസ്യൂമർ വെൽഫെയർ സൊസൈറ്റി എന്നിവ മുഖേനയും നിലവിൽ

കേരഫെഡ് നേരിട്ട് പച്ചത്തേങ്ങ സംഭരിക്കുന്നു. ആഴ്ചയിൽ ചൊവ്വ, വ്യാഴം ദിവസങ്ങളിലാണ് പച്ചത്തേങ്ങ സംഭരണം നടത്തുന്നത്. സംഭരിക്കുന്ന പച്ചത്തേങ്ങയുടെ വില കർഷകർക്ക് നേരിട്ട് ബാങ്ക് അക്കൗണ്ടുകളിലേയ്ക്ക് നൽകി വരുന്നു.

## കർഷക ക്ഷേമനിധി ബോർഡിന്റെ ഓൺലൈൻ പോർട്ടൽ

33(5157) ശ്രീ. ജി. എസ്. ജയലാൽ:
ശ്രീമതി സി. കെ. ആശ:
ശ്രീ. ഇ. കെ. വിജയൻ:
ശ്രീ. സി. സി. മുകുന്ദൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കർഷകർക്കും കാർഷിക മേഖലയ്ക്കും കൂടുതൽ ഗുണകരമാകുന്നവിധം കർഷക ക്ഷേമനിധി ബോർഡിന്റെ പ്രവർത്തനം വിപുലീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

ഉണ്ട്. കേരള കർഷക ക്ഷേമനിധി ആക്ട് 2019 പ്രകാരവും കേരള കർഷക ക്ഷേമനിധി ചട്ടങ്ങൾ പ്രകാരവുമാണ് ബോർഡ് പ്രവർത്തിച്ചു വരുന്നത്. ഇടനിലക്കാരെ ഒഴിവാക്കികൊണ്ട് പൂർണ്ണമായും ഒരു സോഫ്റ്റ് വെയർ സൊല്യൂഷനിലൂടെയാണ് കർഷക രജിസ്ട്രേഷനും ആനുകൂല്യ

വിതരണവും ബോർഡ് വിഭാവനം ചെയ്തിട്ടുള്ളത്. ഇത് സുതാര്യവും കാര്യക്ഷമവും പൂർണ്ണമായും കർഷക സൗഹൃദവുമായ ഒരു രീതിയിലാണുള്ളത്. ഓൺലൈനിലൂടെ കർഷക രജിസ്ട്രേഷൻ നടന്നു വരുന്നു. തൃശ്ശൂർ ആസ്ഥാനമായി ബോർഡിന്റെ ഹെഡ് ഓഫീസും തിരുവനന്തപുരം, തൃശ്ശൂർ, കോഴിക്കോട് എന്നിവിടങ്ങളിൽ മേഖല ഓഫീസുകളും പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

(ബി) കർഷകർക്കുള്ള പെൻഷനും മറ്റ് ആനുകൂല്യങ്ങളും യഥാസമയം വിതരണം ചെയ്യുന്നതിന് ബോർഡ് സ്വീകരിച്ചുവരുന്ന നടപടികളുടെ വിശദാംശം ലഭ്യമാക്കാമോ;

(സി) കർഷക ക്ഷേമനിധി ബോർഡിന്റെ പ്രവർത്തനങ്ങൾ കൂടുതൽ സുതാര്യമാക്കുകയെന്ന ലക്ഷ്യത്തോടുകൂടി ഓൺലൈൻ പോർട്ടൽ പ്രവർത്തന സജ്ജമാക്കിയിട്ടുണ്ടോ?

ഉണ്ട്. www.kfwfb.kerala.gov.in എന്ന ഓൺലൈൻ പോർട്ടൽ പ്രവർത്തനസജ്ജമാക്കിയിട്ടുണ്ട്.

(ഡി) പ്രസ്തുത പോർട്ടലിലൂടെ കർഷകർക്ക് ലഭ്യമാക്കുന്ന സൗകര്യങ്ങൾ സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ?

കർഷകർക്ക് ക്ഷേമനിധിയിൽ രജിസ്ട്രേഷൻ നടത്തുന്നതിനും അംശദായം ഒടുക്കുന്നതിനുമുള്ള സൗകര്യം ഓൺലൈൻ പോർട്ടലിൽ ലഭ്യമാണ്. അപേക്ഷകന് അപേക്ഷയുടെ തൽസ്ഥിതി ബോർഡ് ഓഫീസുകൾ സന്ദർശിക്കാതെ ഏതുഘട്ടത്തിലും അറിയാവുന്നതാണ്. അപേക്ഷയെ സംബന്ധിച്ച വിവരങ്ങൾ ടെക്സ്റ്റ് മെസ്സേജ് രൂപത്തിൽ കർഷകരുടെ ഫോണിലേയ്ക്ക് നൽകിവരുന്നു. രസീത്, അംഗത്വ സർട്ടിഫിക്കറ്റ്, ഇ-പാസ്സ് ബുക്ക് എന്നിവയുടെ പ്രിന്റ്ഔട്ട് എടുക്കുന്നതിനുമുള്ള സൗകര്യമുണ്ട്.

ഷൊർണ്ണൂർ മണ്ഡലത്തിലെ കർഷക പെൻഷൻ അപേക്ഷകൾ

34(5158) ശ്രീ. പി. മമ്മിക്കുട്ടി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലയളവിൽ ഷൊർണ്ണൂർ നിയോജകമണ്ഡലത്തിന്റെ പരിധിയിലുള്ള കൃഷി ഭവനുകളിൽ കർഷക പെൻഷന് വേണ്ടിയുള്ള എത്ര അപേക്ഷകൾ സ്വീകരിച്ചുവെന്നും അവയിൽ എത്രയെണ്ണം തീർപ്പാക്കിയെന്നും വ്യക്തമാക്കുമോ?

ഈ സർക്കാരിന്റെ കാലയളവിൽ ഷൊർണ്ണൂർ മണ്ഡലത്തിൽ 67 കർഷക പെൻഷൻ അപേക്ഷകൾ സ്വീകരിച്ചു. അതിൽ കാർഷിക വികസന സമിതിയുടെ അംഗീകാരം ലഭിച്ച 64 അപേക്ഷകളിൽ കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടറേറ്റ് പരിശോധിച്ച് ശിപാർശ ചെയ്ത് ലഭ്യമാക്കിയ 36 അപേക്ഷകളിന്മേൽ നടപടി സ്വീകരിച്ചു വരുന്നു.

(ബി) ഷൊർണ്ണൂർ മണ്ഡലത്തിൽ നിലവിൽ എത്ര പേർ കർഷക പെൻഷൻ വാങ്ങുന്നുണ്ടെന്ന് വ്യക്തമാക്കുമോ?

ഷൊർണ്ണൂർ മണ്ഡലത്തിൽ നിലവിൽ 1398 പേർ കർഷക പെൻഷൻ വാങ്ങുന്നുണ്ട്.

## ആലത്തൂർ മണ്ഡലത്തിലെ കർഷകർക്കുള്ള നഷ്ടപരിഹാര തുക

35(5159) ശ്രീ. കെ. ഡി. പ്രസേനൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ആലത്തൂർ മണ്ഡലത്തിൽ മഴക്കെടുതിയിൽ കൃഷിനാശം സംഭവിച്ച കർഷകർക്ക് നൽകിയ നഷ്ടപരിഹാരത്തുക എത്രയെന്ന് പഞ്ചായത്തടിസ്ഥാനത്തിൽ വ്യക്തമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ആലത്തൂർ മണ്ഡലത്തിൽ മഴക്കെടുതിയിൽ കൃഷിനാശം സംഭവിച്ചവർക്ക് 41,97,677 രൂപ പ്രകൃതിക്ഷോഭത്തിനുള്ള ധനസഹായമായും 54,59,125 രൂപ വിള ഇൻഷ്വറൻസ് പദ്ധതി പ്രകാരവും നൽകിയിട്ടുണ്ട്. പഞ്ചായത്തടിസ്ഥാനത്തിൽ വിതരണം ചെയ്ത തുക അനുബന്ധമായി ചേർക്കുന്നു.+

(ബി) നഷ്ടപരിഹാരത്തിനായി അപേക്ഷിച്ച എല്ലാ കർഷകർക്കും തുക അനുവദിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എത്ര പേർക്ക് നൽകാനുണ്ടെന്നും ഇതുവരെ നൽകാത്തതിന്റെ കാരണവും വ്യക്തമാക്കാമോ?

15 കർഷകർക്ക് പ്രകൃതിക്ഷോഭത്തിനുള്ള നഷ്ടപരിഹാരത്തിന്റെ സംസ്ഥാന വിഹിതവും 554 കർഷകർക്ക് വിള ഇൻഷ്വറൻസ് പദ്ധതിയുടെ തുകയും നൽകുവാനുണ്ട്. തുക വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

## ഹരിപ്പാട് മണ്ഡലത്തിലെ മടവീഴ്ചമൂലമുള്ള കൃഷി നാശം

36(5160) ശ്രീ. രമേശ് ചെന്നിത്തല: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) ഹരിപ്പാട് മണ്ഡലത്തിൽ ഈ മഴക്കാലത്ത് മടവീഴ്ചമൂലം എത്ര രൂപയുടെ നാശനഷ്ടമാണ് കർഷകർക്ക് സംഭവിച്ചിട്ടുള്ളത്; വ്യക്തമാക്കാമോ?

ഏകദേശം 89.62 ലക്ഷം രൂപയുടെ നാശനഷ്ടം സംഭവിച്ചിട്ടുണ്ട്. പള്ളിപ്പാട് കൃഷി ഭവൻ പരിധിയിലെ വൈപ്പിൻകാട് വടക്ക് പാടശേഖരത്തിൽ 38 ലക്ഷം രൂപയുടെയും പള്ളിക്കൽമുല്ലേമൂല പാടശേഖരത്തിൽ 32 ലക്ഷം രൂപയുടെയും പനമൂട്ട്കാവ് പാടശേഖരത്തിൽ 19.62 ലക്ഷം രൂപയുടെയും നാശനഷ്ടം സംഭവിച്ചിട്ടുണ്ട്.

(ബി) ഏതെല്ലാം പാടശേഖരങ്ങളിലാണ് മടവീഴ്ചയെത്തുടർന്ന് നാശനഷ്ടങ്ങൾ സംഭവിച്ചിട്ടുള്ളതെന്നും ഈ പാടശേഖരങ്ങൾക്ക് നിലവിൽ എന്തെങ്കിലും തുക നഷ്ടപരിഹാരമായി അനുവദിച്ചിട്ടുണ്ടോയെന്നും വ്യക്തമാക്കാമോ?

ഹരിപ്പാട് കൃഷി ഭവൻ പരിധിയിലെ വഴുതാനം പടിഞ്ഞാറ് വടക്ക്, വഴുതാനം പടിഞ്ഞാറ് തെക്ക്, നക്രാക്ക തായങ്കരി, വീയപുരം കൃഷി ഭവൻ പരിധിയിലെ ചെക്കമായിക്കരി, പള്ളിപ്പാട് കൃഷി ഭവൻ പരിധിയിലെ വൈപ്പിൻകാട് വടക്ക്, പള്ളിക്കൽമുല്ലേമൂല, പനമൂട്ട്കാവ് എന്നീ

പാടശേഖരങ്ങളിലാണ് മടവീഴ്ച ഉണ്ടായിട്ടുള്ളത്. നിലവിൽ നഷ്ടപരിഹാരം അനുവദിച്ചിട്ടില്ല.

(സി) ഇല്ലെങ്കിൽ ഇതിനുള്ള അടിയന്തര നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ഡി) മടവീഴ്ചമൂലമുള്ള കൃഷിനാശം തടയുന്നതിന് ഈ പാടശേഖരങ്ങളിലെ ബണ്ടുകൾ ബലപ്പെടുത്തുന്നത് ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യ വികസനങ്ങൾക്കായി പ്രത്യേക പദ്ധതി നടപ്പിലാക്കുമോ; വ്യക്തമാക്കാമോ?

ആർ.കെ.വി.വൈ. പദ്ധതിയിൽ ബണ്ട് ബലപ്പെടുത്തുന്നതിനായി പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു.

കൃഷി നാശം തടയാൻ വകുപ്പുകളുടെ ഏകോപനം

37(5161)ശ്രീമതി ഒ. എസ്. അംബിക: താഴെക്കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കനാൽ, വരമ്പ്, തോടിന്റെ അരിക് എന്നിവ കയ്യേറുന്നതുനിമിത്തം ജലസേചന സൗകര്യം നഷ്ടപ്പെടുകയും കൃഷി വെള്ളംകയറി നശിക്കുകയും

ചെയ്യുന്നത് പരിഹരിക്കാൻ ബന്ധപ്പെട്ട മറ്റ് വകുപ്പുകളെ ഏകോപിപ്പിച്ച് പദ്ധതികൾ നടപ്പിലാക്കുന്നത് ആലോചനയിലുണ്ടോ?

കനാൽ, വരമ്പ്, തോടിന്റെ അരിക് എന്നിവ കയ്യേറുന്നത് നിമിത്തം ജലസേചന സൗകര്യം നഷ്ടപ്പെടുകയും കൃഷി വെള്ളംകയറി നശിക്കുന്നതിനും കാരണമാകുന്നു. ഇത്തരം പ്രവണതകൾ തടയുന്നതിന് കനാലുകളുടെ നിയന്ത്രണ ചുമതലയുള്ള ജലസേചന-മൈനർ ഇറിഗേഷൻ വകുപ്പുകൾ, തോടുകളുടെ സംരക്ഷണ ചുമതലയുള്ള തദ്ദേശസ്വയംഭരണ വകുപ്പ്, പൊതുസ്ഥലങ്ങളുടെ ഉടമസ്ഥാവകാശമുള്ള റവന്യൂ വകുപ്പ്, കൃഷി നടപ്പിലാക്കുന്നതിനും കൃഷി സംരക്ഷണത്തിനും ചുമതലയുള്ള കാർഷിക വികസന കർഷക ക്ഷേമ വകുപ്പ്, ഫിഷറീസ് വകുപ്പ് എന്നീ വകുപ്പുകളുടെ ഏകോപനത്തോടെയുള്ള പ്രവർത്തനത്തിലൂടെ മാത്രമേ കൃഷി പോലെ വിവിധ ഘടകങ്ങളെ ആശ്രയിച്ച് നിൽക്കുന്ന ഒരു മേഖലയുടെ പുരോഗതിയും സംരക്ഷണവും സാധ്യമാകൂ. ഇതിനായി വിവിധ വകുപ്പുകളുടെയും എജൻസികളുടെയും പ്രവർത്തനം അത്യന്താപേക്ഷിതമാണ്. കുട്ടനാട്ടിൽ വിവിധ വകുപ്പുകളുടേയും ഏജൻസികളുടേയും പ്രവർത്തനം ഒരു കുടക്കീഴിൽ

എകോപിപ്പിക്കുന്നതിനായി മുഖ്യമന്ത്രി ചെയർമാനായ കുട്ടനാട് വികസന ഏകോപന കൗൺസിൽ രൂപീകരിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

വടക്കാഞ്ചേരി മണ്ഡലത്തിലെ കൃഷിനാശം നേരിട്ട കർഷകർക്കുള്ള സഹായം

38(5162) ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വടക്കാഞ്ചേരി മണ്ഡലത്തിൽ കഴിഞ്ഞ വർഷവും നടപ്പുവർഷവും എത്ര രൂപയുടെ കൃഷിനാശമാണ് റിപ്പോർട്ട് ചെയ്തത്; കൃഷി നാശം സംഭവിച്ച കർഷകരുടെ വിവരശേഖരണം നടത്തിയിട്ടുണ്ടോ?

വടക്കാഞ്ചേരി മണ്ഡലത്തിൽ 2021-22 വർഷം 60,31,544 രൂപയുടെയും 2022-23 വർഷം 1,42,683 രൂപയുടെയും കൃഷിനാശം സംഭവിച്ചിട്ടുണ്ട്. കൃഷിനാശം സംഭവിച്ച കർഷകരുടെ വിവരശേഖരണം നടത്തിയിട്ടുണ്ട്.

(ബി) ഇക്കഴിഞ്ഞ കാലവർഷക്കെടുതിയിൽ പ്രസ്തുത മണ്ഡലത്തിലെ ഏതെല്ലാം പാടശേഖരങ്ങളിൽ എത്ര ഏക്കർ നെൽകൃഷി നശിക്കുകയുണ്ടായി; നാശനഷ്ടത്തിന്റെ കണക്കെടുപ്പ് നടത്തിയിട്ടുണ്ടോ;

എത്ര രൂപയുടെ കൃഷി നാശമാണ് ഉണ്ടായത്; നെൽകർഷകർക്കുണ്ടായ നാശനഷ്ടം നികത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

ഇക്കഴിഞ്ഞ കാലവർഷക്കെടുതിയിൽ വടക്കാഞ്ചേരി മണ്ഡലത്തിലെ പോന്നോർതാഴംകോൾപടവിൽ 15 ഏക്കർ നെൽകൃഷി നശിച്ചു. 9.24 ലക്ഷം രൂപയുടെ കൃഷിനാശം ഉണ്ടായതായി കണക്കാക്കുന്നു. നഷ്ടപരിഹാരം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) പ്രകൃതിക്ഷോഭംമൂലം വിളനാശം സംഭവിക്കുന്ന കർഷകർക്കുള്ള സംസ്ഥാന ഇൻഷ്വറൻസ് പരിരക്ഷാ പദ്ധതിയിൽ പ്രസ്തുത മണ്ഡലത്തിൽ എത്ര പേരെ അംഗങ്ങളാക്കിയിട്ടുണ്ടെന്നും 2016 മുതൽ നാളിതുവരെ എത്ര കോടി രൂപയുടെ ധനസഹായം വിതരണം ചെയ്തിട്ടുണ്ടെന്നും വ്യക്തമാക്കാമോ?

പ്രകൃതിക്ഷോഭംമൂലം വിളനാശം സംഭവിക്കുന്ന കർഷകർക്കുള്ള സംസ്ഥാന ഇൻഷുറൻസ് പദ്ധതിയിൽ 7705 കർഷകരെ അംഗങ്ങൾ ആക്കിയിട്ടുണ്ട്. സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതിയിൽ 2016 മുതൽ 92,29,976 രൂപയുടെ ധനസഹായം വിതരണം ചെയ്തിട്ടുണ്ട്.

## കൃഷിനാശം സംഭവിച്ചവർക്കുള്ള നഷ്ടപരിഹാരം

39(5163) ശ്രീ. കെ. ആൻസലൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിൽ 2020-21 വർഷത്തിൽ കുളത്തൂർ, കാരോട്, ചെങ്കൽ, തിരുപുറം, അതിയന്നൂർ, പെരുമ്പഴുതൂർ, നെയ്യാറ്റിൻകര എന്നീ കൃഷിഭവനുകളുടെ പരിധിയിൽപ്പെട്ട പ്രദേശത്ത് പ്രകൃതിക്ഷോഭത്തിൽ കൃഷിനാശം സംഭവിച്ച എത്ര കർഷകർക്ക് നഷ്ടപരിഹാരം നൽകാനുണ്ടെന്ന് വ്യക്തമാക്കാമോ;

ആർക്കും നഷ്ടപരിഹാരം നൽകാനില്ല.

(ബി) 2016 മുതൽ 2020 വരെ നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിൽ എത്ര കർഷകർക്കാണ് കൃഷിനാശം സംഭവിച്ച ഇനത്തിൽ നഷ്ടപരിഹാരം നൽകിയതെന്ന് വ്യക്തമാക്കാമോ; ആകെ അനുവദിച്ച തുക എത്രയെന്ന് വിശദമാക്കാമോ ?

വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു+

## നേര്യമംഗലം ജില്ലാ കൃഷിത്തോട്ടത്തിലെ സ്റ്റാഫ് സ്ട്രെംഗ്ത് വർദ്ധിപ്പിക്കുന്നതിന് നടപടി

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

40(5164) <u>ശ്രീ. ആന്റണി ജോൺ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇരുന്നൂറ് ഏക്കറിലധികം വ്യാപിച്ചുകിടക്കുന്ന നേര്യമംഗലം ജില്ലാ കൃഷിത്തോട്ടത്തിൽ നൂറ്റിപതിനൊന്ന് സ്ഥിരം തൊഴിലാളികളും നൂറ്റിഅറുപത്തിനാല് കാഷ്വൽ തൊഴിലാളികളും ജോലിചെയ്തുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത്രയും പേർ തൊഴിലെടുക്കുന്ന പ്രസ്തുത ജില്ലാ കൃഷിത്തോട്ടത്തിൽ സ്റ്റാഫ് സ്ട്രെംഗ്ത് നൂറ്റിപതിനൊന്ന് മാത്രമായി തുടരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

(എ & ബി) ഉണ്ട്.

(സി) ഇവിടെ സ്റ്റാഫ് സ്ട്രെംഗ്ത് വർദ്ധിപ്പിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിൽ ഉണ്ടോ?

പരിശോധിക്കുന്നതാണ്.

(ഡി) നൂറ്റിഅറുപത്തിനാല് കാഷ്വൽ തൊഴിലാളികൾ പണിയെടുക്കുന്നതിൽ ഭൂരിഭാഗം പേരും പത്ത് വർഷത്തിന് മുകളിൽ പണിയെടുത്ത് വരുന്നവരായതിനാൽ ഇവിടത്തെ സ്റ്റാഫ് സ്ട്രെംഗ്ത്

വർദ്ധിപ്പിക്കുന്നതിനോ തൊഴിലാളികളെ സ്ഥിരപ്പെടുത്തുന്നതിനോ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

സ്ഥിരംതൊഴിലാളി തസ്തികയിൽ ഒഴിവ് വരുന്ന മുറയ്ക്ക് സീനിയോറിറ്റി അനുസരിച്ച് കാഷ്വൽ തൊഴിലാളികളെ സ്ഥിരപ്പെടുത്തുകയാണ് നിലവിൽ ചെയ്തുവരുന്നത്.

<u>അറുന്നൂറ്റിമംഗലം സീഡ് ഫാമിന്റെ പ്രവർത്തനം</u>

41(5165) <u>ശ്രീ. എം. എസ്. അരുൺ കുമാർ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര മണ്ഡലത്തിലെ തഴക്കരയിലുള്ള അറുന്നൂറ്റിമംഗലം സീഡ് ഫാമിന്റെ പ്രവർത്തനം വിശദമാക്കുമോ?

ആലപ്പുഴ ജില്ലയിലേയും സമീപ ജില്ലകളിലേയും കർഷകർക്ക് ആവശ്യമായ നെൽവിത്ത് ഉത്പാദിപ്പിക്കുക എന്ന ലക്ഷ്യത്തോടുകൂടി 1964-ൽ ആരംഭിച്ചതാണ് അറുന്നൂറ്റിമംഗലം സംസ്ഥാന വിത്തുല്പാദന കേന്ദ്രം. 8.58 ഹെ. വിസ്തൃതിയുള്ള ഫാമിൽ 5.6 ഹെ. നെൽകൃഷിയും 2.18 ഹെ. കരകൃഷിഭൂമിയുമാണുള്ളത്. ഫാമിലെ പ്രധാന പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു.

1) 5 ഹെക്ടർ നെൽപ്പാടത്ത് അത്യുല്പാദന ശേഷിയുള്ള നെൽവിത്തിന്റെ ഉല്പാദനവും വിതരണവും ചെയ്തുവരുന്നു.

2) വെണ്ട, വഴുതന, മുളക്, പാവൽ, പടവലം, പയർ, ചീര തുടങ്ങിയ പച്ചക്കറി ഇനങ്ങളുടെ വിത്തുകളുടേയും തൈകളുടെയും ഉല്പാദനം ഫാമിൽ നടത്തുന്നുണ്ട്.

3) വിവിധയിനം തെങ്ങിൻ തൈകൾ, മാവ്, പ്ലാവ് എന്നിവയുടെ ബഡ്/ഗ്രാഫ്റ്റ്, മറ്റു ഫലവൃക്ഷങ്ങളുടെ തൈകൾ, കറിവേപ്പ്, മുരിങ്ങ, ഹൈബ്രിഡ് പപ്പായ, തുടങ്ങിയവയുടെ തൈകളുടെയും ദൃഢീകരിച്ച ടിഷ്യുകൾച്ചർ വാഴ വിത്തുകളുടെയും ഉല്പാദനവും വിതരണവും നടത്തുന്നുണ്ട്.

4) അലങ്കാര സസ്യങ്ങളായ കുറ്റിമുല്ല, അഡീനിയം, അറേലിയ, ഓർക്കിഡ്, ബൊഗേൻ വില്ല, അഗ്ളോണിമ, പാർലർപാം എന്നിവയുടെ തൈകളുടെ ഉല്പാദനവും വിതരണവും ചെയ്തുവരുന്നു.

5) സംയോജിത കൃഷിവികസന പദ്ധതി പ്രകാരം കരിങ്കോഴി വളർത്തൽ, മുയൽ വളർത്തൽ, താറാവ് വളർത്തൽ, മത്സ്യകൃഷി മുതലായ പ്രവർത്തനങ്ങളും നടത്തി വരുന്നു.

(ബി) പ്രസ്തുത സീഡ് ഫാമിന്റെ പുരോഗതിക്കായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ?

1) പമ്പ ജലസേചന പദ്ധതി കനാലിൽ നിന്നുള്ള ക്രമാതീതമായ ചോർച്ച ഉണ്ടായിരുന്നതിനാലും ഫാമിൽ നിന്നുള്ള ജലം പുറത്തേയ്ക്ക് ഒഴുക്കേണ്ടുന്ന ചാനലുകൾ തടസപ്പെട്ടതിനാലും നെൽപ്പാടത്ത് ചതുപ്പു രൂപപ്പെടുകയും നെൽകൃഷി തടസ്സപ്പെടുകയും ചെയ്തിരുന്നു. ഇതു പരിഹരിക്കാൻ 2021-22 വർഷം 19.875 ലക്ഷം രൂപ ഇൻഫ്രാസ്ട്രക്ച്ചർ വർക്കിനായി വിനിയോഗിച്ചുകൊണ്ട് തോടുകളുടെ ആഴവും വീതിയും കൂട്ടുകയും പമ്പ കനാലിൽനിന്നും വരുന്ന സ്വീവേജ് ജലം തടയുന്നതിനായി കരത്തോടുകൾ നിർമ്മിക്കുകയും ചെയ്തു.

2) ഫാം ഉല്പന്നങ്ങൾ വിറ്റഴിക്കുന്നതിനായി സെയിൽസ് കൗണ്ടർ നിർമ്മിച്ചു.

3) ആലപ്പുഴ ജില്ലയിലെ മോഡൽ ഫാം ആക്കി ടി ഫാമിനെ മാറ്റുന്നതിന് സംയോജിത കൃഷി രീതി വികസിപ്പിക്കുന്നുണ്ട്. മണ്ണിര കമ്പോസ്റ്റ് യൂണിറ്റ്, അസോള കൃഷി, മുയൽ കൃഷി, കരിങ്കോഴി, താറാവ് -

മത്സ്യകൃഷി, തിരിനന യൂണിറ്റുകൾ, വെർട്ടിക്കൽ ഫാമിംഗ് (പച്ചക്കറികളും അലങ്കാര സസ്യങ്ങളും) എന്നിവയും നടപ്പിലാക്കി വരുന്നു.

4) 2022-23-ലെ ജില്ലാ പഞ്ചായത്ത് പദ്ധതിയിൽ പശു, ആട് എന്നിവയ്ക്കു വേണ്ടിയും തൊഴുത്തിനു വേണ്ടിയും പദ്ധതി ആവിഷ്കരിച്ച് തുക വകയിരുത്തിയിട്ടുണ്ട്.

5) ഫാമിൽ സ്റ്റാഫ് ക്വാർട്ടേഴ്സിന്റെ പണി നടന്നുവരുന്നു.

6) റാമ്പുകൾ പണിയുന്നതിനും പമ്പുഹൗസുകൾ റിപ്പയർ ചെയ്യുന്നതിനും സോളാർ ലൈറ്റുകൾ സ്ഥാപിക്കുന്നതിനുമുള്ള പദ്ധതികൾ നടപ്പിലാക്കുന്നു. കാർഷിക ഉല്പാദന പ്രവർത്തനങ്ങൾക്കായി കൃഷി വകുപ്പിന്റെ പ്ലാൻ സ്കീം ഫണ്ടും ജില്ലാ പഞ്ചായത്ത് പ്രോജക്ട് ഫണ്ടും വിനിയോഗിച്ചുകൊണ്ട് വിവിധ വിളകളുടെ നടീൽ വസ്തുക്കൾ ഉത്പാദിപ്പിച്ചു വിതരണം ചെയ്തുവരുന്നു.

<u>തോട്ടം മേഖലയിൽ പഴവർഗ കൃഷികൾ</u>

42(5166) <u>ശ്രീ. പി. മമ്മിക്കുട്ടി</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കർഷകരെ സഹായിക്കുന്നതിന് തോട്ടം മേഖലയിൽ പഴവർഗ കൃഷികൾകൂടി ഉൾപ്പെടുത്തുമെന്ന് സർക്കാർ തീരുമാനിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഏതെല്ലാം ഇനങ്ങളിൽ ഉള്ള പഴവർഗങ്ങളെയാണ് ഉൾപ്പെടുത്താൻ തീരുമാനിച്ചിരിക്കുന്നതെന്ന് വിശദമാക്കാമോ;

(സി) കുറഞ്ഞത് എത്ര സ്ഥലത്ത്, എത്ര എണ്ണം വേണമെന്ന തരത്തിൽ തീരുമാനം എടുത്തിട്ടുണ്ടോ; വിശദമാക്കാമോ?

(എ - സി) റബ്ബർ, കാപ്പി, തേയില, ഏലം എന്നിവയാണ് പ്രധാന തോട്ടവിളകൾ. ഇതിൽ റബ്ബർ, കാപ്പി, തേയില തോട്ടങ്ങളിൽ മാത്രമാണ് ഇടവിള കൃഷിക്ക് സാധ്യതയുള്ളത്. നടീലിന്റെ ആദ്യ 2 മുതൽ 3 വർഷം വരെ റബ്ബർ തോട്ടങ്ങളിൽ ഇടവിള കൃഷി സാധ്യമാണ്. കാപ്പിയുടെ കാര്യത്തിൽ ഇഞ്ചി, മഞ്ഞൾ, മറ്റ് ഔഷധസസ്യങ്ങൾ, തടിക്ക് വേണ്ടി ഉപയോഗപ്പെടുത്താവുന്ന തണൽ നൽകുന്ന ഇനങ്ങളുടെ ഇടവിളകൃഷി എന്നിവ സാധ്യമാണ്. ചെറുകിട നാമമാത്ര കർഷകരുടെ വരുമാന വർദ്ധനവിനായി തോട്ടവിളകളിൽ ഇടവിള കൃഷിക്കായി കേരള കാർഷിക സർവ്വകലാശാല വിവിധ മാതൃകകൾ വികസിപ്പിച്ചെടുത്തിട്ടുണ്ട്.

തോട്ടങ്ങളിൽ ഇടവിളയായി പഴവർഗ കൃഷികൾ കൂടി ഉൾപ്പെടുത്തുന്ന കാര്യം പരിശോധിക്കാവുന്നതാണ്.

ഫാം ടൂറിസം

43(5167) ശ്രീ. കെ. വി. സുമേഷ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നടത്തുന്ന ഫാം ടൂറിസം പദ്ധതിയുടെ വിശദാംശം ലഭ്യമാക്കാമോ?

സർക്കാരിന് കീഴിലുള്ള കൃഷി ഫാമുകളിൽ നിലവിലുള്ള വിളകൾക്കും ആവാസ വ്യവസ്ഥകൾക്കും കോട്ടംവരുത്താതെ കാർഷികോല്പാദനവും കാർഷിക അന്തരീക്ഷവും പൊരുത്തപ്പെടുന്ന രീതിയിലാണ് ഫാം ടൂറിസം പദ്ധതി നടപ്പിലാക്കുന്നത്. വണ്ടിപ്പെരിയാർ സംസ്ഥാന പച്ചക്കറിത്തോട്ടം, നെല്ലിയാമ്പതി ഓറഞ്ച് പച്ചക്കറി തോട്ടം, നേര്യമംഗലം ജില്ലാകൃഷിത്തോട്ടം, അഞ്ചൽ ജില്ലാകൃഷിത്തോട്ടം, സംസ്ഥാനവിത്തുൽപ്പാദന കേന്ദ്രം, ആലുവ, ജില്ലാകൃഷിത്തോട്ടം - കുത്താളി, ജില്ലാകൃഷിത്തോട്ടം, കരിമ്പം എന്നീ ഫാമുകളിൽ ഫാം ടൂറിസം നടപ്പിലാക്കി വരുന്നു.

കർഷകർ, വിനോദസഞ്ചാരികൾ, വിദ്യാർത്ഥികൾ, പൊതുജനങ്ങൾ എന്നിവർക്ക് ഫാമിലെത്തി കൃഷി രീതികൾ കണ്ടുപഠിക്കുന്നതിനും വിത്തും തൈകളും മറ്റു ഉത്പന്നങ്ങളും വാങ്ങുന്നതിനും സൗകര്യമൊരുക്കുന്നുണ്ട്.

(ബി) ഫാം ടൂറിസം പ്രോത്സാഹിപ്പിക്കുന്നതിനായി എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്നറിയിക്കാമോ?

ഫാം ടൂറിസം പ്രോത്സാഹിപ്പിക്കുന്നതിനായി വിവിധ ഫാമുകളിൽ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു.

1. നെല്ലിയാമ്പതി ഓറഞ്ച് പച്ചക്കറി തോട്ടത്തിൽ ഓറഞ്ച്, നാരകം, ശീതകാല പഴവർഗ്ഗങ്ങൾ, പച്ചക്കറികൾ എന്നിവയുടെ കൃഷി രീതി പഠിക്കുന്നതിനും അവയുടെ നടീൽ വസ്തുക്കൾ വാങ്ങുന്നതിനും ഫാം പ്രദേശത്തെ പ്രകൃതി രമണീയത ആസ്വദിക്കുന്നതിനും മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിനും ഫാമിൽ സൗകര്യമൊരുക്കിയിട്ടുണ്ട്. ടൂറിസ്റ്റുകൾക്ക് താമസിക്കുന്നതിന് ഗസ്റ്റ് ഹൗസ് നിർമ്മിച്ചിട്ടുണ്ട്.

2. വണ്ടിപ്പെരിയാർ സംസ്ഥാന പച്ചക്കറിത്തോട്ടത്തിൽ ആർ.കെ.വി.വൈ. പദ്ധതിയിൽ 68 ലക്ഷം രൂപ വിനിയോഗിച്ച് വിനോദ

സഞ്ചാരികൾക്കുള്ള ട്രക്കിംഗ് പാത്ത്, ലാൻഡ് സ്കേപ്പിംഗ്, ഫാം റോഡുകൾ, പൂന്തോട്ടം എന്നിവ സജ്ജമാക്കിയിട്ടുണ്ട്.

3. കണ്ണൂർ ജില്ലയിൽ കരിമ്പം ജില്ലാ കൃഷി തോട്ടത്തിൽ ജില്ലാ പഞ്ചായത്തിന്റെ ബഹുവർഷ പദ്ധതിയിൽ ഇക്കോ ടൂറിസം പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. അതിൽ ഫാം മിനി മോഡൽ, വിവിധ ഇനം മാവുകളുടെ "മാങ്കോ മ്യൂസിയം സ്ഥാപിക്കൽ", കെട്ടിടങ്ങളുടെ നവീകരണം, ഫാം മനോഹരമാക്കുന്നതിന് ലാൻഡ് സ്കേപ്പിംഗ് വർക്കുകൾ നടപ്പിലാക്കൽ, കാർഷിക പ്രദർശന തോട്ടങ്ങൾ സ്ഥാപിക്കൽ, ജില്ലാ പഞ്ചായത്തിന്റെ സഹകരണത്തോടെ കാർഷിക വ്യാവസായിക പുഷ്പ പ്രദർശനം സംഘടിപ്പിക്കൽ  എന്നിവ ഉൾപ്പെടുന്നു.

4. കാസർഗോഡ് ജില്ലയിലെ ആദൂർ ഗ്വാളിമുഖയിലുള്ള കശുമാവ് സന്തതി തോട്ടത്തിൽ അഡ്വെഞ്ചർ ടൂറിസം (റോപ്പ് വേ, ട്രക്കിംഗ് പാത എന്നിവ) ഫാം സ്റ്റേ ക്രമീകരിക്കുന്നതിനുള്ള താമസ സൗകര്യങ്ങൾ, കുന്നിൻ മുകളിലുള്ള വ്യൂ പോയിന്റ് സന്ദർശിക്കാനുള്ള സൗകര്യം എന്നിവ ഉൾപ്പെടുത്തി പദ്ധതി സമർപ്പിച്ചിട്ടുണ്ട്.

5. എറണാകുളം ജില്ലയിലെ നേര്യമംഗലം ജില്ലാകൃഷിത്തോട്ടത്തിൽ 2021-22 മുതൽ 2023-24 വരെയുള്ള നബാർഡിന്റെ സഹായത്തോടെയുള്ള 12.20 കോടിയുടെ ആർ.ഐ.ഡി.എഫ് (RIDF) പദ്ധതിയിൽ ഉൾപ്പെടുത്തിക്കൊണ്ട് പെരിയാറിന്റെ തീരം കെട്ടിസംരക്ഷിച്ച് നടപ്പാത നിർമ്മിക്കൽ, ബോട്ട് ജെട്ടി സ്ഥാപിക്കൽ എന്നീ പ്രവൃത്തികൾ ആവിഷ്കരിച്ചിട്ടുണ്ട്. ഇവ പൂർത്തീകരിച്ച് കഴിയുമ്പോൾ ഭൂതത്താൻ കെട്ട്, തട്ടേക്കാട് എന്നീ വിനോദസഞ്ചാര കേന്ദ്രങ്ങളിലേയ്ക്കുള്ള ബോട്ട് യാത്രയും ക്രമീകരിക്കാൻ സാധിക്കും. കൂടാതെ ടി ഫാമിൽ സംയോജിത കൃഷി സമ്പ്രദായം നടപ്പിലാക്കുന്നതിന്റെ ഭാഗമായി പൂർത്തീകരിച്ച രണ്ട് ഏക്കർ വിസ്തീർണ്ണമുള്ള കുളത്തിൽ നൂതന സാങ്കേതിക വിദ്യ അനുവർത്തിച്ച് വളർത്തുന്ന മത്സ്യകൃഷി, താറാവ് വളർത്തൽ എന്നിവയിലൂടെ സന്ദർശകർക്ക് കണ്ടുപഠിക്കാൻ സൗകര്യം ഒരുക്കും. "വില്ലേജ് റസ്റ്റോറന്റുകൾ" ക്രമീകരിക്കുക, കുടിലുകൾ, ഏറുമാടങ്ങൾ, കോട്ടേജുകൾ എന്നിവ പെരിയാറിന്റെ തീരത്ത് പണിയുക, സൈക്ലിംഗ് പാത, ഹാന്റ് റെയിൽ എന്നിവ സ്ഥാപിക്കുക, മിനി അമ്യൂസ്മെന്റ് പാർക്ക്, കുട്ടികളുടെ പാർക്ക്, ഇൻഫർമേഷൻ സെന്റർ, ഫാമിന്റെ കവാടത്തിനുചേർന്ന് വിപണന

സൗകര്യം (മെഗാ മാർട്ട്) ഒരുക്കുക, 20 ഏക്കറിൽ പരിപാലിക്കുന്ന വിദേശ ഫലവൃക്ഷത്തോട്ടം സന്ദർശിക്കാനുള്ള സൗകര്യം ഒരുക്കുക, മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ ആകർഷകമായി പാക്ക് ചെയ്ത് വിൽക്കാനുള്ള സൗകര്യങ്ങൾ ഒരുക്കുക, സന്ദർശകർക്ക് സഞ്ചരിക്കാനായി സൗരോർജ്ജ വണ്ടികൾ ക്രമീകരിക്കുക എന്നിവയും നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നു.

6. സംസ്ഥാന വിത്തുൽപ്പാദന കേന്ദ്രം, ആലുവ - നബാർഡിന്റെ ധനസഹായമുള്ള ആർ.ഐ.ഡി.എഫ്. XXVII-ൽ ഉൾപ്പെടുത്തി 6.78 കോടി രൂപയുടെ പദ്ധതിക്ക് അംഗീകാരം ലഭിച്ചിട്ടുണ്ട്. ഫാമിന്റെ വികസനത്തിനും ടൂറിസം നടപ്പിലാക്കുന്നതിനുമായി ഫാമിന്റെ സമീപമുള്ള പുഴയ്ക്ക് കുറുകെ തൂക്കുപാലം, പുഴയോര സംരക്ഷണം, ബോട്ട്ജെട്ടി, ഫാം റോഡ്, ഓഫീസ് കെട്ടിടം നവീകരണം, തൊഴിലാളികളുടെ വിശ്രമ ഷെഡ് നിർമ്മാണം എന്നീ പ്രവൃത്തികൾക്കായും ടി പദ്ധതിയിൽ തുക വകയിരുത്തിയിട്ടുണ്ട്.

7. അഞ്ചൽ ജില്ലാകൃഷിത്തോട്ടത്തിൽ കൊല്ലം ജില്ലാ പഞ്ചായത്തിന്റെ പദ്ധതിയിൽ ഉൾപ്പെടുത്തിക്കൊണ്ട് 2021-22 ൽ 50 ലക്ഷം രൂപ ചെലവഴിച്ച് ഫാം ടൂറിസം നടപ്പിലാക്കുന്നതിനായി കുട്ടികളുടെ പാർക്ക്, കൃത്രിമ കുളവും വാട്ടർ ഫൗണ്ടനും എന്നിവ നിർമ്മിച്ചു. കൂടാതെ വിവിധ വിളകളുടെ മ്യൂസിയം,

പനിനീർ പുഷ്പ പൂന്തോട്ടം, പുൽത്തകിടി, മറ്റു അലങ്കാരച്ചെടികൾ എന്നിവ വച്ച് ഫാം മോടി പിടിപ്പിച്ചിട്ടുണ്ട്. കൊല്ലം ജില്ലാ പഞ്ചായത്ത് മുഖേന സന്ദർശകർക്കുള്ള ഫെസിലിറ്റേഷൻ സെന്റർ, കഫെറ്റേറിയ, ഏറുമാടം, ട്രീ ടോപ് ഹട്ട്, പ്രീ ഫാബ്രിക്കേറ്റഡ് കോട്ടേജുകൾ എന്നിവ നിർമ്മിക്കൽ, ബയോ ഡൈവേഴ്സിറ്റി പാർക്ക് സ്ഥാപിക്കലും ഔഷധ സസ്യ ഉദ്യാനം, ചിത്രശലഭ പാർക്ക് എന്നിവയുടെ നവീകരിക്കലും, ശില്പങ്ങൾ സ്ഥാപിക്കലും നടപ്പിലാക്കുന്നതുവഴി ഫാം ടൂറിസം ഊർജ്ജിതമാകും.

(സി) ഈ പദ്ധതിക്ക് സർക്കാർ ധനസഹായങ്ങളുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ?

സർക്കാർ ഫാമുകളിൽ ഫാം ടൂറിസം നടപ്പിലാക്കുന്നതിനായി വിവിധ ഫണ്ട് സ്രോതസുകളാണ് ഉപയോഗിച്ചു വരുന്നത്. ഫാം ടൂറിസം നടപ്പിലാക്കുന്നതിന് വേണ്ടുന്ന വിവിധ ഘടകങ്ങൾ ഫാമുകളിൽ സ്ഥാപിക്കുന്നതിന് ആർ.കെ.വി.വൈ., ആർ.ഐ.ഡി.എഫ് എന്നീ കേന്ദ്ര സർക്കാർ പദ്ധതികൾ പ്രയോജനപ്പെടുത്തുന്നു. കൂടാതെ ഫാം ടൂറിസത്തിനായി തന്നെ ചില ജില്ലാ പഞ്ചായത്തുകളിൽ പദ്ധതികൾ ആവിഷ്കരിച്ചു നടപ്പിലാക്കി വരുന്നു. ഇതിനു പുറമെ ഇൻഫ്രാസ്ട്രക്ചർ

വർക്കുകൾക്കായുള്ള ഡിപ്പാർട്ട്മെന്റ് ഫണ്ട് ഉപയോഗിച്ച് നടത്തുന്ന പ്രവർത്തനങ്ങളും ഫാമുകളുടെ വികസനത്തിനും ടൂറിസം വികസനത്തിനും പ്രയോജനപ്പെടുന്നു.

നേര്യമംഗലം ജില്ലാ കൃഷിത്തോട്ടത്തിലെ ഫാം ടൂറിസം പദ്ധതി

44(5168) ശ്രീ. ആന്റണി ജോൺ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മണ്ഡലത്തിലെ നേര്യമംഗലം ജില്ലാ കൃഷിത്തോട്ടത്തിൽ ഫാം ടൂറിസം പദ്ധതി ആരംഭിക്കുന്നത് സംബന്ധിച്ച് സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

നേര്യമംഗലം ജില്ലാ കൃഷിത്തോട്ടത്തിൽ ഫാം ടൂറിസം ആരംഭിക്കുന്നത് സംബന്ധിച്ച് നബാർഡിന്റെ സഹായത്തോടെയുള്ള 12.20 കോടിയുടെ ആർ.ഐ.ഡി.എഫ്. (RIDF) പദ്ധതിയിൽ ഉൾപ്പെടുത്തി പെരിയാറിന്റെ തീരം കെട്ടിസംരക്ഷിച്ച് നടപ്പാത നിർമ്മിക്കുന്നതിനും ബോട്ട് ജെട്ടി സ്ഥാപിക്കുന്നതിനും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. ടി പദ്ധതി പൂർത്തിയാകുമ്പോൾ ഭൂതത്താൻ കെട്ട്, തട്ടേക്കാട് എന്നീ വിനോദസഞ്ചാര

കേന്ദ്രങ്ങളിലേയ്ക്കുള്ള ബോട്ട് യാത്രയും തുടങ്ങിക്കൊണ്ട് ഫാം ടൂറിസം വികസിപ്പിക്കാവുന്നതാണ്.

2022-23-ൽ ഫാം ടൂറിസത്തിനുതകുന്ന പദ്ധതികൾ എറണാകുളം ജില്ലാ പഞ്ചായത്തും നടപ്പിലാക്കുന്നുണ്ട്. ടിക്കറ്റ് കൗണ്ടർ, ഭക്ഷണ ശാലകൾ, വില്പനശാലകൾ, ശുചിമുറികൾ, സംരക്ഷണ ഭിത്തി, പുതിയ ഗേറ്റും ആകർഷകമായ കമാനം എന്നിവ ഇതിൽ ഉൾപ്പെടുന്നു. കൂടാതെ ഫാമിന്റെ സന്ദർശന സാധ്യതയുള്ള ഇടങ്ങൾ സൗന്ദര്യവൽക്കരിക്കുന്നതുൾപ്പെടെ ആകെ 1.5 കോടി തുക ഇതിനായി വകയിരുത്തിയിട്ടുണ്ട്.

നിലവിൽ ആർ.കെ.വി.വൈ. (RKVY) പദ്ധതിയിൽ പരിശീലന കേന്ദ്രം, സന്ദർശകർക്ക് താമസിക്കാനുള്ള ഗസ്റ്റ് ഹൗസ്, മത്സ്യക്കുളം, വിവിധ വിളകളുടെ പ്രദർശനത്തിനായുള്ള വിള മ്യൂസിയം (Crop Museum) എന്നിവയും ഉൾപ്പെടുന്നുണ്ട്. കെ.എൽ.ഡി.സി. (KLDC) നിർവ്വഹണ ഏജൻസിയായി നിർമ്മിച്ചുകൊണ്ടിരിക്കുന്ന ടി പ്രവൃത്തികൾ 2022-23-ൽ പൂർത്തീകരിക്കും.

(ബി) ഇവിടെ ഫാം ടൂറിസവുമായി ബന്ധപ്പെട്ട് എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ഫാം ടൂറിസവുമായി ബന്ധപ്പെട്ട് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പ്രധാന പദ്ധതികൾ താഴെപ്പറയുന്നവയാണ്.

1. സംയോജിത കൃഷി സമ്പ്രദായത്തിലൂടെ (IFS) നൂതന സാങ്കേതിക വിദ്യ പ്രകാരമുള്ള മത്സ്യകൃഷി, താറാവ് വളർത്തൽ എന്നിവ സന്ദർശകർക്ക് കണ്ടുപഠിക്കാൻ സൗകര്യം ഒരുക്കൽ.

2. ഇപ്രകാരം വളർത്തുന്ന മത്സ്യങ്ങൾ അപ്പോൾ തന്നെ പാകം ചെയ്ത് നൽകുന്നതിന് ഉതകുന്ന "വില്ലേജ് റസ്റ്റോറന്റുകൾ" ക്രമീകരിക്കൽ.

3. പെരിയാറിന്റെ തീരത്ത് കുടിലുകൾ, ഏറുമാടങ്ങൾ, കോട്ടേജുകൾ എന്നിവ പണിയുക.

4. സൈക്ലിംഗ് പാത, ഹാന്റ് റെയിൽ എന്നിവ സ്ഥാപിക്കുക.

5. മിനി അമ്യൂസ്മെന്റ് പാർക്ക്, കുട്ടികളുടെ പാർക്ക്, ഇൻഫോർമേഷൻ സെന്റർ എന്നിവ സ്ഥാപിക്കൽ.

6. ഫാമിന്റെ കവാടത്തിനു ചേർന്ന് വിപണന സൗകര്യം ഒരുക്കൽ - മെഗാ മാർട്ട് (Mall).

7. 20 ഏക്കറിൽ വിദേശ ഫലവൃക്ഷത്തോട്ടം നിർമ്മിച്ച് സന്ദർശിക്കാനുള്ള സൗകര്യം ഒരുക്കൽ.

8. മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ ആകർഷകമായി പാക്ക് ചെയ്ത് വിൽക്കാനുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തൽ.

9. സന്ദർശകർക്ക് സഞ്ചരിക്കാനായി സൗരോർജ്ജ വാഹനങ്ങൾ ക്രമീകരിക്കൽ.

(സി) എത്ര തുകയുള്ള ടൂറിസം പദ്ധതികളാണ് നടപ്പിലാക്കുന്നതെന്ന് വ്യക്തമാക്കാമോ?

നേര്യമംഗലം ജില്ലാ കൃഷി തോട്ടത്തിന്റെ സമഗ്ര കൃഷി വികസനത്തിനും ഫാം ടൂറിസത്തിനുമായി ആർ.കെ.വി.വൈ., ആർ.കെ.ഐ. പദ്ധതികളിൽ ലഭിച്ചിട്ടുള്ള 13.75 കോടി രൂപയുടെയും ആർ.ഐ.ഡി.എഫ്. പദ്ധതിയിൽ അനുവദിച്ചിട്ടുള്ള 12.20 കോടി രൂപയുടെയും, ജില്ലാ പഞ്ചായത്ത് പദ്ധതിയിൽ അനുവദിച്ചിട്ടുള്ള 1.5 കോടി രൂപയുടെയും പദ്ധതികൾ നടപ്പിലാക്കി വരുന്നു.

(ഡി) ഹൈറേഞ്ചിന്റെ കവാടവും നിരവധി വിനോദസഞ്ചാരികൾ നിത്യേന സന്ദർശിക്കുന്നതുമായ പ്രസ്തുത കൃഷിഫാമിൽ, ഫാം ടൂറിസം

പദ്ധതി വേഗത്തിൽ ആരംഭിക്കുന്നതിന് വേണ്ട നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

ഫാമിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന വിവിധ പദ്ധതികളുടെ ഫണ്ട് ലഭ്യത ഉറപ്പാക്കി, നിർവ്വഹണം ത്വരിതപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പദ്ധതി നിർവ്വഹണം വേഗത്തിൽ പൂർത്തീകരിക്കുക വഴി ഫാം ടൂറിസം പദ്ധതിയും വേഗത്തിൽ ആരംഭിക്കാൻ സാധിക്കുന്നതാണ്.

## കാസർഗോഡ് ജില്ലയിൽ തരിശുഭൂമിയിലെ കൃഷി

45(5169) ശ്രീ. ഇ. ചന്ദ്രശേഖരൻ: താഴെക്കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കാസർഗോഡ് ജില്ലയിൽ എവിടെയെല്ലാമാണ് തരിശുഭൂമിയിൽ കൃഷി ആരംഭിച്ചതെന്ന് പറയാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കാസർഗോഡ് ജില്ലയിൽ 194.09 ഹെക്ടർ തരിശുനില കൃഷി ചെയ്തതിന്റെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

## വിള ഇൻഷ്വറൻസ് പദ്ധതിയിലെ കർഷകരുടെ പങ്കാളിത്തം

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

46(5170) ശ്രീ. മോൻസ് ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിള ഇൻഷ്വറൻസ് പദ്ധതിയിലെ കർഷകരുടെ പങ്കാളിത്തം ഉറപ്പാക്കുന്നതിന് സ്വീകരിച്ചു വരുന്ന നടപടികൾ വിശദമാക്കാമോ

വിള ഇൻഷ്വറൻസ് പദ്ധതിയിൽ കൂടുതൽ കർഷകർ അംഗങ്ങളാകുന്നതിന് സംസ്ഥാനമൊട്ടാകെ പത്ര മാധ്യമങ്ങളിലൂടെയും ദൃശ്യ-ശ്രവ്യ മാധ്യമങ്ങളിലൂടെയും സമൂഹമാധ്യമങ്ങളിലൂടെയും വ്യാപകമായി പ്രചാരണം നടത്തുന്നുണ്ട്. എല്ലാ വർഷവും ജൂലൈ 1-ന് വിള ഇൻഷ്വറൻസ് ദിനം ആചരിക്കുകയും തുടർന്നുള്ള ഒരാഴ്ചക്കാലം ഇൻഷ്വറൻസ് വാരാഘോഷം നടത്തുകയും ചെയ്യുന്നു. ഈ കാലയളവിൽ എല്ലാ ത്രിതല പഞ്ചായത്തുതലത്തിലും കർഷകർക്ക് ബോധവത്കരണ പരിപാടിയും ക്യാമ്പയിനുകളും സംഘടിപ്പിക്കുന്നുണ്ട്.

(ബി) നഷ്ടപരിഹാര തുക അപര്യാപ്തമായതിനാൽ കൂടുതൽ കർഷകർ പദ്ധതിയുടെ ഭാഗമാകുവാൻ വിമുഖത കാണിക്കുന്ന അവസ്ഥ പരിഹരിക്കുന്നതിന് തുക ഉയർത്തുവാൻ നടപടി സ്വീകരിക്കുമോ?

സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി മാനദണ്ഡപ്രകാരം നാമമാത്രമായ പ്രീമിയം തുകയാണ് ഓരോ വിളയ്ക്കും നിശ്ചയിച്ചിട്ടുള്ളത്. എന്നാൽ നഷ്ടപരിഹാരം വിളനാശത്തിന് ആനുപാതികവുമാണ്. അതിനാൽ തുക അപര്യാപ്തമാണെന്ന കാരണത്താൽ പദ്ധതിയിൽ അംഗങ്ങളാകുന്നതിൽ കർഷകർ വിമുഖത കാണിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) കാലംതെറ്റിയുള്ള മഴയും വെള്ളപ്പൊക്കവുംമൂലം കാർഷിക വിളകൾക്കുണ്ടായ നാശനഷ്ടങ്ങളുടെ പശ്ചാത്തലത്തിൽ കൂടുതൽ വിളകളെ ഇൻഷ്വറൻസ് പദ്ധതിയിൽ ഉൾപ്പെടുത്താൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

സംസ്ഥാനത്ത് വ്യാപകമായി കൃഷി ചെയ്യുന്ന 27 വിളകൾക്കാണ് നിലവിൽ വിള ഇൻഷ്വറൻസ് പദ്ധതി മുഖേന സംരക്ഷണം നൽകുന്നത്. ഇതുകൂടാതെ പപ്പായ, കോലിഞ്ചി, കൂർക്ക, ചേമ്പ്, കാച്ചിൽ, ചെറുഫലവിളകൾ, അലങ്കാര സസ്യങ്ങൾ, തേനീച്ച എന്നിവയെക്കൂടി പുതിയതായി പദ്ധതിയിൽ ഉൾപ്പെടുത്തുന്നത് സംബന്ധിച്ച വിഷയം സർക്കാർ പരിശോധിച്ചുവരുന്നു.

## ചാലക്കുടി മണ്ഡലത്തിലെ വിള ഇൻഷ്വറൻസ് പദ്ധതി

47(5171) ശ്രീ. സനീഷ്കുമാർ ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി നിയോജകമണ്ഡലത്തിൽ 2016 മേയ് മാസം മുതൽ നാളിതുവരെ വിള ഇൻഷ്വറൻസ് പദ്ധതിയിൽ ഉൾപ്പെടുത്തി നഷ്ടപരിഹാരത്തിനായി എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ?

ചാലക്കുടി നിയോജകമണ്ഡലത്തിൽ 2016 മേയ് മാസം മുതൽ നാളിതുവരെ വിള ഇൻഷ്വറൻസ് പദ്ധതിയിൽ ഉൾപ്പെടുത്തി നഷ്ടപരിഹാരത്തിനായി 538 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്.

(ബി) ഇത്തരത്തിൽ ലഭിച്ചിട്ടുള്ള അപേക്ഷകളുടെ എണ്ണം കൃഷി ഭവനുകൾ തിരിച്ച് ലഭ്യമാക്കുമോ?

വിശദാംശങ്ങൾ അനുബന്ധം ആയി ചേർക്കുന്നു.+

(സി) ഇതിൽ എത്ര അപേക്ഷകർക്ക് നഷ്ടപരിഹാരം ലഭ്യമാക്കിയെന്നും ഇതിനായി എത്ര തുക ചെലവഴിച്ചെന്നും കൃഷിഭവൻ തിരിച്ച് കണക്ക് ലഭ്യമാക്കാമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

നഷ്ടപരിഹാരം ലഭ്യമാക്കിയതും ചെലവഴിച്ച തുകയുടെയും കൃഷി ഭവൻ തിരിച്ചുള്ള വിവരങ്ങൾ അനുബന്ധം ആയി ചേർക്കുന്നു.+

(ഡി) നഷ്ടപരിഹാരത്തിന് അപേക്ഷിച്ചിട്ടുള്ള എത്ര കർഷകർക്ക് ഇനിയും വിള ഇൻഷ്വറൻസ് വഴിയുള്ള നഷ്ടപരിഹാരം ലഭ്യമാക്കാനുണ്ടെന്ന് വ്യക്തമാക്കാമോ?

നഷ്ടപരിഹാരത്തിന് അപേക്ഷിച്ചിട്ടുള്ള 38 കർഷകർക്ക് ഇനിയും വിള ഇൻഷ്വറൻസ് വഴിയുള്ള നഷ്ടപരിഹാരം ലഭ്യമാക്കാനുണ്ട്.

(ഇ) അർഹരായ മുഴുവൻ പേർക്കും വിള ഇൻഷ്വറൻസ് വഴിയുള്ള നഷ്ടപരിഹാരം ലഭ്യമാക്കുന്നതിന് വേണ്ട നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

അർഹതയുള്ള മുഴുവൻ അപേക്ഷകർക്കും നഷ്ടപരിഹാരം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## പുതിയ വിള ഇൻഷ്വറൻസ് പദ്ധതി

48(5172) ശ്രീ. ജി. സ്റ്റീഫൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) കാർഷിക മേഖലയെ ശക്തിപ്പെടുത്തുന്നതിനായി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പുതിയ വിള ഇൻഷ്വറൻസ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്ന പ്രധാന ആനുകൂല്യങ്ങൾ വിശദമാക്കാമോ;

(ബി) ഈ പദ്ധതിയിൽ കർഷകർക്ക് ഏറ്റവും കുറഞ്ഞ പ്രീമിയം ഉറപ്പാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

(എ & ബി) പുതിയ വിള ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കുന്നത് സംബന്ധിച്ച വിഷയം സർക്കാരിന്റെ പരിശോധനയിലാണ്.

കീടനാശിനികളുടെ ഉപയോഗം നിയന്ത്രിക്കുന്നതിനുള്ള നടപടികൾ

49(5173) ശ്രീ. എൻ. എ. നെല്ലിക്കുന്ന്:
ശ്രീ. ടി. വി. ഇബ്രാഹിം:
ശ്രീ. യു. എ. ലത്തീഫ്:
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷികോല്പാദനം വർദ്ധിപ്പിക്കുന്നതിനായി വൻതോതിൽ കീടനാശിനികൾ ഉപയോഗിച്ചുവരുന്നത് പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

ഉണ്ട്. കഴിഞ്ഞ അഞ്ച് വർഷത്തെ സോണൽ കോൺഫറൻസ് റിപ്പോർട്ട് പ്രകാരം രാസകീടനാശിനികളുടെ ഉപയോഗം മുൻവർഷങ്ങളെ അപേക്ഷിച്ച് വളരെയേറെ കുറഞ്ഞതായി കണ്ടെത്തിയിട്ടുണ്ട്. കേരളത്തിൽ രാസകീടനാശിനികളുടെ ഉപയോഗം 2015-16-ൽ 1123.42mt. ആയിരുന്നത് 2020-21-ൽ 478.955mt. ആയി കുറഞ്ഞിട്ടുണ്ട്. സംസ്ഥാന സർക്കാരിന്റെ ജൈവനയം നടപ്പിലാക്കുന്നതിന്റെ ഭാഗമായി ജൈവ കീടനാശിനികളുടെ ഉപയോഗം വർദ്ധിച്ചതും അമിതമായ രാസകീടനാശിനി ഉപയോഗിച്ചാലുള്ള ദൂഷ്യവശങ്ങളെക്കുറിച്ചും കർഷകർക്ക് നൽകുന്ന ബോധവൽക്കരണ പരിപാടികളും രാസകീടനാശിനികളുടെ ഉപയോഗം ഗണ്യമായി കുറയ്ക്കുന്നതിൽ വളരെയേറെ സഹായിച്ചിട്ടുണ്ട്.

(ബി) കീടനാശിനികളുടെ വിൽപ്പനയും ഉപയോഗവും നിയന്ത്രിച്ച് സംസ്ഥാനത്തെ കീടനാശിനി വിമുക്തമാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

സംസ്ഥാന സർക്കാർ കീടനാശിനിയുടെയും രാസവളത്തിന്റെയും ഉപയോഗം കുറയ്ക്കുന്നതിനും ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിനുമായി ജൈവകൃഷിയും ഉത്തമ കൃഷിമുറകളും എന്ന പദ്ധതി നടപ്പിലാക്കുന്നു. 2022-

23 സാമ്പത്തിക വർഷത്തിൽ 'ഞങ്ങളും കൃഷിയിലേയ്ക്ക്' എന്ന ക്യാമ്പയിന്റെ ഭാഗമായി ജൈവകൃഷി പ്രോത്സാഹനത്തിനും മണ്ണിന്റെ ഘടന മെച്ചപ്പെടുത്തുന്നതിന് പയറുവർഗ്ഗത്തിൽപ്പെട്ട പച്ചിലവളങ്ങൾ കൃഷി ചെയ്യുന്നതിനും ജൈവ ഉല്പന്നങ്ങൾ വില്പന നടത്തുന്നതിനും ഹൈടെക് ഓർഗാനിക് സൂപ്പർ മാർക്കറ്റുകൾ സ്ഥാപിക്കുന്നതിനും 600 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. കൂടാതെ തുടർച്ചയായി മൂന്ന് വർഷത്തേയ്ക്ക് നടപ്പിലാക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതികളായ പരമ്പരാഗത കൃഷി വികാസ് യോജനയും സുഭിക്ഷം സുരക്ഷിതം (ഭാരതീയ പ്രകൃതിക് കൃഷി) പദ്ധതിയും കേന്ദ്ര വിഹിതം ലഭിക്കുന്ന മുറയ്ക്ക് 2022-23 വർഷവും സംസ്ഥാനത്ത് നടപ്പിലാക്കുന്നതാണ്.

1) <u>പരമ്പരാഗത കൃഷി വികാസ് യോജന പദ്ധതി</u>

പദ്ധതി നടപ്പിലാക്കുന്നതിലൂടെ പൂർണ്ണമായും രാസകീടനാശിനികളുടെ ഉപയോഗം ഒഴിവാക്കി ജൈവകീടനാശിനികൾ ഉപയോഗിച്ച് കൃഷി ചെയ്യുന്നതിന് കർഷകരെ പ്രാപ്തരാക്കുന്നു. നിലവിൽ വയനാട് ജില്ലയിലാണ് പദ്ധതി പ്രകാരം ക്ലസ്റ്ററുകൾ രൂപീകരിച്ചിട്ടുള്ളത്. 100 ഹെക്ടർ സ്ഥലത്ത് 498 കർഷകരെ പങ്കാളികളാക്കിയാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കി വരുന്നത്.

പദ്ധതിയിലെ ക്ലസ്റ്ററിൽ അംഗമാകുന്ന കർഷകർക്ക് ജൈവ ഉൽപ്പാദനോപാധികൾ നിർമ്മിക്കുന്നതിനും പരിശീലന പരിപാടി സംഘടിപ്പിക്കുന്നതിനുമായി ധനസഹായം നൽകി വരുന്നു. പ്രസ്തുത പദ്ധതി പ്രകാരം ഒരു ക്ലസ്റ്ററിന് ഒന്നാം വർഷം 3.366 ലക്ഷം രൂപയും രണ്ടാം വർഷം 3.468 ലക്ഷം രൂപയും മൂന്നാം വർഷം 3.366 ലക്ഷം രൂപ വീതം നൽകുന്ന രീതിയിലാണ് പദ്ധതി നടപ്പിലാക്കുന്നത്.

2) <u>സുഭിക്ഷം സുരക്ഷിതം (ഭാരതീയം പ്രകൃതിക് കൃഷി ) പദ്ധതി</u>

സുഭിക്ഷം സുരക്ഷിതം പ്രകൃതിക് കൃഷി പദ്ധതിയിൽ സംബന്ധമായ പരമ്പരാഗത നാട്ടറിവുകൾ കർഷകരിലേയ്ക്ക് എത്തിക്കുന്നതിനും അതത് പ്രദേശത്തിന് അനുയോജ്യമായ പരമ്പരാഗത വിളകളുടെ വിത്ത് ഉൽപ്പാദിപ്പിച്ചും മറ്റ് കർഷകർക്ക് കൈമാറ്റം ചെയ്യുന്നതിനും പദ്ധതി മാനദണ്ഡങ്ങൾ പാലിച്ച് മാതൃക കൃഷിത്തോട്ടങ്ങൾ നിർമ്മിക്കുന്നതിനും ധനസഹായം നൽകി വരുന്നു. പദ്ധതി പ്രകാരം 75162.456 ഹെക്ടർ സ്ഥലത്ത് 2021-22 സാമ്പത്തിക വർഷത്തിൽ ജൈവ കൃഷി നടപ്പിലാക്കി പ്രസ്തുത പദ്ധതി പ്രകാരം ഒരു ക്ലസ്റ്ററിന് ഒന്നാം വർഷം 26.52 ലക്ഷം രൂപയും

രണ്ടാം വർഷം 17.85 ലക്ഷം രൂപയും മൂന്നാം വർഷം 17.85 ലക്ഷം രൂപ വീതം ആനുകൂല്യം നൽകുന്ന രീതിയിലാണ് പ്രവർത്തനങ്ങൾ നടത്തുന്നത്.

(സി) കീടനാശിനികളുടെ വിൽപ്പനയും ഉപയോഗവും നിയന്ത്രിക്കുന്നതിനും ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനും എന്തെങ്കിലും മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

കീടനാശിനികളുടെ വിതരണവും വിൽപ്പനയും ഉപയോഗവും ഗുണനിലവാരവും നിയന്ത്രിക്കുന്നതിനുള്ള സംവിധാനം സംസ്ഥാനത്ത് നിലവിലുണ്ട്. കീടനാശിനിയുടെ സംഭരണവും വിൽപ്പനയും ലൈസൻസിംഗ് സംവിധാനത്തിലൂടെ നിയന്ത്രിക്കുന്നു. കീടനാശിനി കൃത്യ അളവിൽ ഉപയോഗിക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നതിന് കർഷകർക്ക് കൃഷി വകുപ്പ് ശിപാർശകൾ നൽകി വരുന്നു. കൂടാതെ ശിപാർശകൾ അടങ്ങിയ ലഘുലേഖകൾ, കൈപ്പുസ്തകങ്ങൾ എന്നിവ കർഷകർക്ക് ബോധവൽക്കരണ ക്ലാസ്സുകളിലും അല്ലാതെയും വിതരണം ചെയ്യുന്നുണ്ട്. കീടനാശിനി പ്രയോഗത്തിൽ പുലർത്തേണ്ട ജാഗ്രത സംബന്ധിച്ചും ബോധവൽക്കരണ ക്ലാസ്സുകളിൽ വിശദീകരിക്കുന്നുണ്ട്. കീടനാശിനി സാമ്പിളുകളുടെ ഗുണനിലവാര പരിശോധനയ്ക്ക് തിരുവനന്തപുരം പാറോട്ടുകോണത്ത്

കീടനാശിനി പരിശോധനാ ലാബ് പ്രവർത്തിക്കുന്നുണ്ട്. പ്രതിവർഷം 2500 സാമ്പിളുകളാണ് ലാബിന്റെ പരിശോധനാശേഷി. ഓരോ വർഷവും ശേഖരിക്കേണ്ട കീടനാശിനി സാമ്പിളുകളുടെ എണ്ണം എല്ലാ ജില്ലകൾക്കും കൃഷി ഡയറക്ടർ നിശ്ചയിച്ച് നൽകുകയും അതത് ജില്ലകളിൽ പ്രവർത്തിക്കുന്ന ഇൻസെക്ടിസൈഡ് ഇൻസ്പെക്ടർമാർ തങ്ങളുടെ അധികാര പരിധിയിൽ വരുന്ന കീടനാശിനി ഡിപ്പോകളിൽ നിന്ന് സാമ്പിൾ ശേഖരിച്ച് ലാബിലയച്ച് ഗുണനിലവാരം ഉറപ്പുവരുത്തുകയും ചെയ്യുന്നു. സാമ്പിളുകൾക്ക് ഗുണനിലവാരമില്ലെന്ന് തെളിഞ്ഞാൽ കീടനാശിനി, കളനാശിനി ഡീലർ ഉല്പാദകർക്കെതിരെ ഇൻസെക്ടിസൈഡ് ആക്ട് പ്രകാരം നിയമനടപടികൾ സ്വീകരിച്ചുവരുന്നു.

## ജൈവവളം വാങ്ങി സർക്കാർ ഏജൻസികൾ വഴി വിൽക്കുന്നതിനുള്ള നടപടിക്രമങ്ങൾ

50(5174)ശ്രീ. പി. എസ്. സുപാൽ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വകാര്യ സംരംഭക യൂണിറ്റുകൾ ഉല്പാദിപ്പിക്കുന്ന ജൈവവളം കൃഷി ഓഫീസുകൾ, ഫാമുകൾ, കാർഷിക ഗവേഷണ സ്ഥാപനങ്ങൾ,

മറ്റുള്ളവ വഴി വാങ്ങുന്നതിനും വിപണനം നടത്തുന്നതിനുമുള്ള നടപടിക്രമങ്ങൾ എന്തൊക്കെയെന്ന് വിശദമാക്കാമോ?

കൃഷി വകുപ്പ്, പഞ്ചായത്ത് എന്നിവർ നൽകുന്ന ലൈസൻസുള്ള സ്വകാര്യ സ്ഥാപനങ്ങളിൽ നിന്നും കാർഷിക ഗവേഷണ സ്ഥാപനങ്ങൾക്കും കൃഷി ഫാമുകൾക്കും അവരുടെ ഉപയോഗത്തിന് ആവശ്യമായ ജൈവ വളം സ്റ്റോർ പർച്ചേസ് റൂൾസ് അനുസരിച്ച് വാങ്ങാവുന്നതാണ്. കൃഷി വകുപ്പ് സ്വകാര്യ സംരംഭകരിൽനിന്നും നേരിട്ട് ജൈവ വളം വാങ്ങി വിപണനം ചെയ്യുന്നില്ല.

(ബി) കൊല്ലം ജില്ലയിലെ കുന്നിക്കോട് വിളക്കുടിയിൽ പ്രവർത്തിക്കുന്ന കൃഷി വകുപ്പിന്റെ അനുമതിപത്രം ലഭിച്ചിട്ടുള്ള എസ്.വി.എസ്. ഓർഗാനിക് ഫെർട്ടിലൈസർ ഉൽപ്പാദിപ്പിച്ച 50 ലക്ഷത്തോളം രൂപയുടെ വളം കോവിഡ് മഹാമാരിയെ തുടർന്ന് വിതരണം ചെയ്യാൻ കഴിയാതെ കെട്ടിക്കിടക്കുന്ന സാഹചര്യത്തിൽ പ്രസ്തുത വളം വാങ്ങി വിതരണം ചെയ്യാൻ നടപടി സ്വീകരിക്കുമോ;

(സി) ബാങ്ക് വായ്പ യഥാസമയം തിരിച്ചടയ്ക്കാൻ കഴിയാത്തതിനാൽ പ്രസ്തുത സ്ഥാപനം ജപ്തി നടപടികൾ നേരിടുന്ന സാഹചര്യത്തിൽ, പ്രസ്തുത

യുണിറ്റ് ഉല്പാദിപ്പിക്കുന്ന ജൈവവളം വിൽക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ; ആയതിന് പ്രത്യേക ഉത്തരവ് നൽകാനാകുമോ; വിശദമാക്കാമോ?

(ബി & സി) എസ്.വി.എസ്. ഓർഗാനിക് ഫെർട്ടിലൈസർ എന്ന സ്ഥാപനത്തിന് അവർ ഉല്പാദിപ്പിക്കുന്ന ജൈവവളം വിതരണം ചെയ്യുന്നതിനുള്ള മൊത്ത വിതരണ ലൈസൻസ് കൃഷി വകുപ്പ് നൽകിയിട്ടുണ്ട്. മൊത്ത ലൈസൻസ് ഉള്ള സ്ഥാപനത്തിന് ചില്ലറ വിൽപ്പനക്കാർ വഴിയും കർഷകർക്ക് നേരിട്ടും വിപണനം നടത്താവുന്നതാണ്.

## അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ ഉപകരണങ്ങൾ പ്രവർത്തനക്ഷമമാക്കുന്നതിനുള്ള നടപടികൾ

51(5175) <u>ശ്രീ. മാത്യു ടി. തോമസ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവല്ലയിലെ കാവുംഭാഗത്ത് പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ ലിമിറ്റഡിൽ ഉണ്ടായിരുന്ന കൊയ്ത്തു യന്ത്രം, ട്രാക്ടർ, ടില്ലർ തുടങ്ങിയ കാർഷിക യന്ത്രങ്ങൾ ഭൂരിഭാഗവും പ്രവർത്തനക്ഷമമല്ലാതായിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) എങ്കിൽ ഇക്കാര്യങ്ങൾ പരിഹരിക്കുന്നതിനായി എന്തെങ്കിലും പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

രാഷ്ട്രീയ കൃഷി വികാസ് യോജന (RKVY), കുട്ടനാട് പാക്കേജ് എന്നീ സ്കീമുകളിൽ വാങ്ങിയ 12 വർഷത്തിൽ കൂടുതൽ പഴക്കമുള്ള 26 കൊയ്ത്ത് മെതിയന്ത്രങ്ങളിൽ 3 എണ്ണവും 7 ട്രാക്ടറുകളിൽ 1 എണ്ണവും പ്രവർത്തനക്ഷമമാക്കിയിട്ടുണ്ട്. കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷന്റെ കൈവശമുള്ള പ്രവർത്തനക്ഷമമല്ലാത്ത കൊയ്ത്ത് മെതിയന്ത്രങ്ങൾ കണ്ടം ചെയ്യുന്നതിന് അനുമതിയായിട്ടുണ്ട്. ഈ യന്ത്രങ്ങളുടെ സ്ക്രാപ്പ് വില നിശ്ചയിക്കുന്നതിനായി പൊതുമരാമത്ത് (മെക്കാനിക്കൽ വിഭാഗം) വകുപ്പിനെ സമീപിച്ചിട്ടുണ്ട്. സ്പെയർ പാർട്സുകൾ വാങ്ങി അറ്റകുറ്റപ്പണികൾ തീർത്ത് 3 മെതിയന്ത്രങ്ങൾ പ്രവർത്തനക്ഷമമാക്കാവുന്നതാണെന്ന് കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ അറിയിച്ചിട്ടുണ്ട്.

(സി) അപ്പർ കുട്ടനാട്ടിലെ കർഷകർക്ക് ഏറെ പ്രയോജനപ്പെട്ടുകൊണ്ടിരുന്ന പ്രസ്തുത സൗകര്യങ്ങൾ അടുത്ത കൃഷി

സീസണിന് മുൻപായി സജ്ജീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

പരിശോധിച്ച് ഉചിതമായ നടപടി സ്വീകരിക്കുന്നതാണ്.

മണലൂർ മണ്ഡലത്തിലെ അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷന്റെ പ്രവർത്തനങ്ങൾ

52(5176) ശ്രീ. മുരളി പെരുനെല്ലി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ മണ്ഡലത്തിലെ അരിമ്പൂരിൽ പ്രവർത്തിക്കുന്ന അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷന്റെ പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

കാർഷിക പ്രവൃത്തികൾ സമയബന്ധിതമായി ചെയ്തു തീർക്കുന്നതിനായി യന്ത്രങ്ങളായ ട്രാക്ടർ, ടില്ലർ, ട്രാൻസ്പ്ലാന്റർ, ഗാർഡൻ ടില്ലർ, പമ്പ് സെറ്റുകൾ എന്നിവ കർഷകർക്ക് ലഭ്യമാക്കുക, യന്ത്രങ്ങളുടെ റിപ്പയർ-സർവ്വീസ് ചെയ്തു കൊടുക്കുക, കർഷകർക്കും അനുബന്ധ തൊഴിൽ മേഖലയിലുള്ളവർക്കും ആവശ്യമായ പരിശീലനം നൽകുക എന്നിവയാണ് അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷന്റെ പ്രധാന പ്രവർത്തനങ്ങൾ. അഗ്രോ

ഇൻഡസ്ട്രീസ് കോർപ്പറേഷന്റെ അരിമ്പൂർ ശാഖ വഴി താഴെപ്പറയുന്ന പ്രവർത്തനങ്ങൾകൂടി നടത്തി വരുന്നുണ്ട്:

(1) പച്ചക്കറി കൃഷി വ്യാപനത്തിനായി ഗ്രീൻ ഹൗസ്, മഴമറ തുടങ്ങിയവ നിർമ്മിച്ച് അതിലേയ്ക്കാവശ്യമായ ഇറിഗേഷൻ സംവിധാനം നൂതന ടെക്നോളജി വഴി ചെയ്തു കൊടുക്കുന്നു.

(2) കർഷകർക്ക് ആവശ്യമായ വിത്ത്, വളം, തൈകൾ, കാർഷിക ഉപകരണങ്ങൾ തുടങ്ങിയവ അഗ്രോ ബസാർ വഴി ലഭ്യമാക്കുന്നു.

(3) മണിക്കൂറിന് 800 രൂപ വാടകയ്ക്ക് കൊയ്ത്തു മെഷീൻ ഉപയോഗിച്ച് നെല്ല് കൊയ്ത്ത് കൊടുക്കുന്നു.

(4) ഇറിഗേഷൻ സംവിധാനങ്ങളായ ഡ്രിപ് ഇറിഗേഷൻ, സ്പ്രിംഗ്ലർ ഇറിഗേഷൻ, പ്ലംബിംഗ് മുതലായവ ചെയ്തു കൊടുക്കുന്നു.

(5) കോൾ മേഖലയിലേയ്ക്കാവശ്യമായ പെട്ടി പറ നിർമ്മിച്ച് പാടശേഖരങ്ങൾക്ക് കൊടുക്കുന്നു. അതിലേയ്ക്കാവശ്യമായ പമ്പ് സെറ്റുകളും തെരഞ്ഞെടുത്ത് നൽകുന്നു.

(6) കൊപ്ര ഡ്രയർ നിർമ്മിച്ച് കർഷകർക്ക് ലഭ്യമാക്കുന്നു.

(7) ക്ഷേത്രങ്ങൾക്ക് ആവശ്യമായ ഭണ്ഡാരങ്ങൾ നിർമ്മിച്ച് നൽകുന്നു.

(8) ട്രാക്ടർ ട്രെയിനിംഗ് സർട്ടിഫിക്കറ്റ് കോഴ്സുകൾ നടത്തിവരുന്നു. കോഴ്സ് പൂർത്തിയാക്കുന്നവർക്ക് ലൈസൻസും എടുത്തു നൽകുന്നു.

(9) മാലിന്യനിർമ്മാർജ്ജനത്തിന് ആവശ്യമായ ബയോഗ്യാസ് പ്ലാന്റുകൾ, സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റുകൾ എന്നിവ നിർമ്മിച്ച് നൽകുന്നു.

(10) കുടിവെള്ളത്തിനായി വാട്ടർ എ.ടി.എം., പ്യൂരിഫയർ എന്നിവ നിർമ്മിച്ച് നൽകുന്നു.

(ബി) പ്രസ്തുത സ്ഥാപനത്തിലെ നിലവിലുള്ള ജീവനക്കാരുടെ വിശദാംശം നൽകാമോ?

സ്ഥിരം ജീവനക്കാർ

ഡിവിഷണൽ എഞ്ചിനീയർ - 1

ഡെപ്യൂട്ടി മാനേജർ (മെറ്റീരിയൽസ്) - 1

ഡെപ്യൂട്ടി മാനേജർ - 1

ട്രാക്ടർ ഓപ്പറേറ്റർ-കം-വർക്ക്ഷോപ്പ് അസിസ്റ്റന്റ് - 1

പ്യൂൺ - 1

സ്വീപ്പർ-കം-ഹെൽപ്പർ - 1

<u>താൽക്കാലിക ജീവനക്കാർ</u>- 10 എണ്ണം

(സി) പ്രസ്തുത സ്ഥാപനത്തിന്റെ കൈവശമുള്ള കാർഷിക പ്രവൃത്തികളുമായി ബന്ധപ്പെട്ട ഉപകരണങ്ങളുടെയും യന്ത്രങ്ങളുടെയും വിശദാംശം നൽകാമോ?

കൊയ്ത്തുമെതി യന്ത്രങ്ങൾ - 63 എണ്ണം

നടീൽ യന്ത്രം - 7 എണ്ണം

ട്രാക്ടർ - 2 എണ്ണം

പവർ ടില്ലർ - 22 എണ്ണം

(ഡി) നിലവിലുള്ള യന്ത്രങ്ങളുടെ പ്രവർത്തനക്ഷമത കാലപ്പഴക്കംമൂലം കുറഞ്ഞു വരുന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ?

ഉണ്ട്.

(ഇ) റീബിൽഡ് കേരള പദ്ധതിയിൽ ഉൾപ്പെടുത്തി പുതിയ യന്ത്രങ്ങൾ വാങ്ങുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം നൽകാമോ?

തൃശ്ശൂർ, പൊന്നാനി കോൾ പാടങ്ങളിൽ നെല്ലുൽപ്പാദനം വർദ്ധിപ്പിക്കുന്നതിനായി യന്ത്രസാമഗ്രികൾ വാങ്ങുന്നതിലേയ്ക്കായി 2.49 കോടി രൂപ അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷന് അനുവദിച്ചിട്ടുണ്ട്.

ഇതിനായി രൂപീകരിച്ച കമ്മിറ്റി നിർദ്ദേശിച്ച സ്പെസിഫിക്കേഷൻ ഉള്ള യന്ത്ര സാമഗ്രികൾക്കായി ഇ-ടെൻഡർ നടപടി പൂർത്തിയാക്കിയിട്ടുണ്ട്. ടി യന്ത്രങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു.

ROTO PUDDLER - 15

AGRO EXAVATOR/Dredger (AMPHIBIAN) - 1

Mini EXAVATOR with pontoon - 1

AUTOMATIC RIDING TYPE TRANSPLANTER - 6

TRUCK - 1

(എഫ്) തൃശ്ശൂർ ജില്ലയിലെ കാർഷിക മേഖലയുടെ ഉന്നമനത്തിനായി പ്രവർത്തിക്കുന്ന ഈ സ്ഥാപനത്തിന്റെ വികസനത്തിന് എന്തെങ്കിലും പദ്ധതിയുണ്ടോ; വിശദമാക്കാമോ?

ഓർഗാനിക് വളം നിർമ്മാണ യൂണിറ്റ് കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷന്റെ അരിമ്പൂർ ശാഖയോടുചേർന്ന് തുടങ്ങുന്നതിനുള്ള നടപടിക്രമങ്ങൾ ആരംഭിച്ചിട്ടുണ്ട്. ഗുണനിലവാരമുള്ള ഓർഗാനിക് വളം വ്യാപകമായി വിതരണം ചെയ്യുക എന്നുള്ളതാണ് ഈ യൂണിറ്റിന്റെ ലക്ഷ്യം.

## പഴവർഗ്ഗങ്ങളുടെ വില

53(5177) ശ്രീ. പി. കെ. ബഷീർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പഴവർഗ്ഗങ്ങളുടെ വിലക്കയറ്റം നിയന്ത്രിക്കുന്നതിനായി ഹോർട്ടികോർപ്പ് സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കാമോ?

സംസ്ഥാനത്ത് പച്ചക്കറികളുടെ വില ക്രമാതീതമായി ഉയരുന്ന സാഹചര്യത്തിൽ സർക്കാർ നിർദ്ദേശപ്രകാരം ഹോർട്ടികോർപ്പ് വിപണയിടപെടൽ നടത്താറുണ്ട്. ഓണം, വിഷു, ഈസ്റ്റർ, റംസാൻ മുതലായ ഉത്സവക്കാലങ്ങളിൽ ഹോർട്ടികോർപ്പ് ഉപഭോക്താക്കൾക്ക് സബ്സിഡി നിരക്കിൽ പച്ചക്കറികൾ ലഭ്യമാക്കുകയും ചെയ്യുന്നു. 2021-22 സാമ്പത്തിക വർഷം ഹോർട്ടികോർപ്പ് കർഷകരിൽ നിന്ന് 5792.6 ടൺ പച്ചക്കറികൾ സംഭരിച്ചു. കേരളത്തിൽ ലഭ്യമല്ലാത്ത പച്ചക്കറികൾ ഇതര സംസ്ഥാനങ്ങളിലെ കർഷകരിൽനിന്ന് സംഭരിച്ചാണ് വിപണനം നടത്തുന്നത്. ഇപ്രകാരം ഈ സാമ്പത്തിക വർഷം 14296.1 ടൺ പച്ചക്കറികൾ ഹോർട്ടികോർപ്പ് സംഭരിച്ച് വിപണനം നടത്തി. 2021

നവംബർ, ഡിസംബർ മാസങ്ങളിൽ പച്ചക്കറികളുടെ വില നിയന്ത്രാണതീതമായി വർദ്ധിക്കുകയും തക്കാളി വില 120 രൂപ വരെ എത്തുകയും ചെയ്ത സാഹചര്യത്തിൽ 50 രൂപയ്ക്ക് തക്കാളിയും മറ്റ് പച്ചക്കറികളും പൊതുവിപണിയെക്കാൾ 20-30% വിലക്കുറച്ച് ഹോർട്ടികോർപ്പിന്റെയും കൃഷി വകുപ്പിന്റെയും വിൽപ്പനശാലകൾ വഴിയും തക്കാളി വണ്ടികൾ വഴിയും വിതരണം നടത്തിയിരുന്നു. ഇതോടൊപ്പം പാലക്കാട് ജില്ലയിലെ കർഷകരിൽ നിന്നും 78 ടൺ തക്കാളിയും ആന്ധ്രപ്രദേശിലെ കർഷകരിൽ നിന്നും 10 ടൺ തക്കാളിയും സംഭരിച്ച് സംസ്ഥാനത്ത് വിതരണം നടത്തി. പഴം-പച്ചക്കറികളും ഹോർട്ടികോർപ്പുമായി സഹകരിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളുടെ ഉൽപ്പന്നങ്ങളും പൊതുജനങ്ങൾക്ക് മിതമായ വിലയ്ക്ക് ഒരു സ്ഥലത്തുനിന്നുതന്നെ ലഭ്യമാക്കുന്നതിനായി എല്ലാ നിയോജകമണ്ഡലത്തിലും ജനപ്രതിനിധികളുടെ സഹകരണത്തോടുകൂടി 140 ഗ്രാമശ്രീ ഹോർട്ടിബസാറുകളും എല്ലാ പഞ്ചായത്ത്/കോർപ്പറേഷൻ/ മുനിസിപ്പാലിറ്റി എന്നിവിടങ്ങളിൽ 1,232 ഗ്രാമശ്രീ സൂപ്പർസ്റ്റാളുകളും വരുംവർഷങ്ങളിൽ ആരംഭിക്കുന്നതിനുള്ള പ്രാരംഭ നടപടിയും

ഹോർട്ടികോർപ്പ് സ്വീകരിച്ചുവരുന്നു. സംഭരണം ശക്തമാക്കുന്നതിന്റെ ഭാഗമായി വരും വർഷങ്ങളിൽ ഹോർട്ടികോർപ്പ് ബ്ലോക്കുതല സംഭരണ ഉപകേന്ദ്രങ്ങൾ തുടങ്ങുവാൻ ലക്ഷ്യമിട്ടിരിക്കുന്നു.

(ബി) ഹോർട്ടികോർപ്പ് സ്റ്റാളുകളിൽ പഴം-പച്ചക്കറി വില മാർക്കറ്റ് വിലയ്ക്ക് സമാനമാകുന്നതിന്റെ കാരണം വ്യക്തമാക്കുമോ?

നിലവിൽ കൃഷി വകുപ്പിലെ മാർക്കറ്റിംഗ് വിഭാഗം, വി.എഫ്.പി.സി.കെ, ഡയറക്ടറേറ്റ് ഓഫ് എക്കണോമിക്സ് & സ്റ്റാറ്റിസ്റ്റിക്സ് എന്നിവ മുഖേന പ്രസിദ്ധീകരിക്കുന്ന വിപണി വില താരതമ്യം ചെയ്താണ് ഹോർട്ടികോർപ്പ് ദിവസേന വില നിശ്ചയിക്കുന്നത്. നിത്യോപയോഗത്തിന് അനിവാര്യമായതും കേരളത്തിൽ ഉല്പാദിപ്പിക്കപ്പെടാത്തതും സുലഭമല്ലാത്തതുമായ പച്ചക്കറികൾ അന്യസംസ്ഥാനങ്ങളിൽ നിന്നോ/ കച്ചവടക്കാരിൽ നിന്നോ വാങ്ങാൻ ഹോർട്ടികോർപ്പ് നിർബന്ധിതമാകാറുണ്ട്. ഇത്തരം സന്ദർഭങ്ങളിൽ വില നിയന്ത്രണം കർശനമായി പാലിക്കാൻ കഴിയാതെ വരുന്നു. എന്നിരുന്നാലും മാർക്കറ്റ് വിലയെക്കാൾ കുറഞ്ഞ നിരക്കിൽ പഴം-പച്ചക്കറികൾ ഹോർട്ടികോർപ്പ് സ്റ്റാളുകളിലൂടെ വിപണനം നടത്തി വരുന്നു.

(സി) ഹോർട്ടികോർപ്പ് എവിടെ നിന്നെല്ലാമാണ് പഴം-പച്ചക്കറികൾ ശേഖരിക്കുന്നതെന്നും ആയതിന് ഇടനിലക്കാർ ഉണ്ടോയെന്നും അറിയിക്കുമോ?

കേരളത്തിലെ കർഷകർ, കർഷക സംഘങ്ങൾ, സംഘമൈത്രി, കാർഷിക മൊത്തവ്യാപാര വിപണികൾ, വി.എഫ്.പി.സി.കെ-യുടെ സ്വാശ്രയ കർഷക വിപണികൾ, കൃഷി വകുപ്പിന്റെ ബ്ലോക്ക്തല ഫാർമർ ക്ലസ്റ്ററുകൾ, മറ്റ് കർഷക കൂട്ടായ്മകൾ മുഖേന ഉൽപ്പാദിപ്പിക്കുന്ന സുരക്ഷിതവും നല്ല കൃഷി രീതികൾ അനുവർത്തിച്ച് ഉൽപ്പാദിപ്പിക്കുന്നതുമായ പച്ചക്കറികൾ വിപണിവിലയെക്കാൾ അധികവില നൽകി ഹോർട്ടികോർപ്പ് ഇടനിലക്കാരെ ഒഴിവാക്കി കർഷകരിൽ നിന്നും നേരിട്ട് സംഭരിച്ചുവരുന്നു. കേരളത്തിൽ ലഭ്യമല്ലാത്തതും ഉപഭോക്താക്കൾക്ക് അത്യാന്താപേക്ഷിതവുമായ പച്ചക്കറികൾ മറ്റ് സംസ്ഥാനങ്ങളിലെ കർഷക കൂട്ടായ്മകളിൽ നിന്നും തമിഴ്നാട്ടിലെ പ്രമുഖ കാർഷിക മൊത്തവ്യാപാര വിപണികളിലെ ലേലം വഴിയും സംഭരിക്കുന്ന പദ്ധതിയും നടപ്പിലാക്കി വരുന്നു. ഇത്തരത്തിലുള്ള സംഭരണം കൂടുതൽ ശക്തമാക്കുന്നതിന്റെ ഭാഗമായി തമിഴ്നാട് കൃഷി വകുപ്പുമായി സഹകരിച്ച് തെങ്കാശി ജില്ലയിലെ

ഫാർമേഴ്സ് പ്രൊഡ്യൂസർ ഓർഗനൈസേഷൻ വഴി കർഷകരിൽ നിന്നും നേരിട്ട് പച്ചക്കറി സംഭരിക്കുന്നതിന് കരാർ ഒപ്പുവച്ച് സംഭരണം നടത്തിവരുന്നു. ഹോർട്ടികോർപ്പിന്റെ സ്ഥിര ഉപഭോക്താക്കളായ സർക്കാർ/അർദ്ധ സർക്കാർ സ്ഥാപനങ്ങൾക്കും ലൈസൻസി സ്റ്റാളുകൾക്കും ഹോർട്ടികോർപ്പ് നേരിട്ട് നടത്തുന്ന സ്റ്റാളുകളിലും ചില സന്ദർഭങ്ങളിൽ വിതരണം തടസ്സം കൂടാതെ നിലനിർത്തുന്നതിനായി എംപാനൽ ചെയ്ത വിതരണക്കാരിൽനിന്നും പച്ചക്കറി സംഭരിച്ചു വരുന്നു.

<u>ഹോർട്ടികോർപ്പ് കർഷകരിൽ നിന്നും സംഭരിച്ച പച്ചക്കറിയുടെ തുക</u>

54(5178) <u>ശ്രീ. മോൻസ് ജോസഫ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കടുത്തുരുത്തി മണ്ഡലത്തിലെ മാഞ്ഞൂർ ഗ്രാമപഞ്ചായത്തിലെ സംഘമൈത്രി കാർഷികോല്പന്ന സംഭരണ വിതരണ കേന്ദ്രത്തിൽ നിന്നും ഹോർട്ടികോർപ്പ് സംഭരിച്ച പച്ചക്കറിയുടെ തുക നൽകണമെന്നാവശ്യപ്പെട്ടുകൊണ്ട് നൽകിയിരിക്കുന്ന നിവേദനത്തിൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ?

കടുത്തുരുത്തി മണ്ഡലത്തിലെ മാഞ്ഞൂർ ഗ്രാമ പഞ്ചായത്തിലെ കോട്ടയം ജില്ലാ കാർഷികോല്പന്ന സംഭരണ വിതരണ കേന്ദ്രത്തിൽ (സംഘമൈത്രി) നിന്നും ഹോർട്ടികോർപ്പ് സംഭരിച്ച പച്ചക്കറികളുടെ വില നൽകണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് നൽകിയ നിവേദനത്തിന്മേൽ താഴെ പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

1) 01.01.2021 മുതൽ 31.08.2021 വരെയുള്ള കാലയളവിൽ കോട്ടയം ജില്ലാ കാർഷികോല്പന്ന സംഭരണ വിതരണ കേന്ദ്രത്തിൽ നിന്നും ഹോർട്ടികോർപ്പ് പച്ചക്കറി സംഭരിച്ച വകയിൽ കോട്ടയം പ്രിൻസിപ്പൽ കൃഷി ഓഫീസർ 14,63,959 രൂപ കോട്ടയം പ്രിൻസിപ്പൽ കൃഷി ഓഫീസറുടെ റിവോൾവിംഗ് ഫണ്ടിൽ നിന്നും 03.07.2021, 23.09.2021, 05.10.2021 തീയതികളിൽ 3 തവണകളായി നൽകിയിട്ടുണ്ട്.

2) 01.09.2021 മുതൽ 30.06.2022 വരെയുള്ള കാലയളവിൽ ഹോർട്ടികോർപ്പ് പച്ചക്കറി സംഭരിച്ച വകയിൽ കോട്ടയം ജില്ലാ കാർഷികോല്പന്ന സംഭരണ വിതരണ കേന്ദ്രത്തിനു നൽകുവാനുള്ള 20,19,123 രൂപയിൽ (01.09.2021 മുതൽ 28.02.2022 വരെയുള്ള

കാലഘട്ടത്തിലുള്ളത്) 10,31,804 രൂപ ഹോർട്ടികോർപ്പ് കോട്ടയം ജില്ലാ കാർഷികോല്പന്ന സംഭരണ വിതരണ കേന്ദ്രത്തിന് നൽകിയിട്ടുണ്ട്.

(ബി) ഹോർട്ടികോർപ്പ് കർഷകരിൽ നിന്നും പച്ചക്കറി സംഭരിച്ചശേഷം യഥാസമയം വില നൽകാത്തതുകൊണ്ട് കർഷകർ പ്രയാസം അനുഭവിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയതിന് പരിഹാരം കാണുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കോർപ്പറേഷന്റെ വിറ്റുവരവിൽ നിന്നുമാണ് കർഷകരിൽനിന്നും സംഭരിച്ച പച്ചക്കറികളുടെ തുക നൽകിവരുന്നത്. 2021-22 സാമ്പത്തികവർഷം വിപണി ഇടപെടലിനായി സർക്കാരിൽ നിന്നും ലഭിച്ച ധനസഹായമായ 16.25 കോടി രൂപ ഉപയോഗിച്ച് കർഷകരിൽനിന്നും സംഭരിച്ച പച്ചക്കറികളുടെ തുക നൽകി വരുന്നു. 2022-23-ൽ വിപണി ഇടപെടൽ പദ്ധതിയിലൂടെ ഹോർട്ടികോർപ്പിന് 15 കോടി രൂപ നീക്കിവച്ചിട്ടുണ്ട്.

(സി) കർഷകരിൽനിന്നും പച്ചക്കറി സംഭരിച്ച് വിറ്റഴിച്ച് മാസങ്ങൾ കഴിഞ്ഞിട്ടും കർഷക സംഘങ്ങൾക്ക് വില നൽകാത്തതിന്റെ കാരണം വ്യക്തമാക്കാമോ?

കർഷകരെ സഹായിക്കുന്നതിനായി സർക്കാർ നിർദ്ദേശപ്രകാരം എല്ലാ പച്ചക്കറികളും ഹോർട്ടികോർപ്പ് സംഭരിച്ച് വിതരണം നടത്തി വരുന്നു. തുടർച്ചയായി ഉണ്ടായിക്കൊണ്ടിരിക്കുന്ന പ്രകൃതി ദുരന്തങ്ങളിലും കോവിഡ് -19 പശ്ചാത്തലത്തിലും ഹോർട്ടികോർപ്പിന്റെ വരുമാനത്തിൽ ഗണ്യമായ കുറവ് ഉണ്ടായതിനാൽ കർഷകരുടെയും കർഷക സംഘങ്ങളുടെയും കുടിശ്ശിക തുക നൽകുന്നതിന് കാലതാമസം നേരിടുന്നുണ്ട്.

(ഡി) 2021-22 കാലഘട്ടത്തിൽ കർഷകർക്കായി ട്രാൻസ്പോർട്ടേഷൻ സബ്സിഡി ഇനത്തിൽ ബഡ്ജറ്റിൽ തുക വകയിരുത്താത്തതിനാൽ കർഷകർക്ക് കിട്ടാനുള്ള പ്രസ്തുത തുക അനുവദിക്കുന്നതിനായി പ്രത്യേകാനുമതി നൽകുന്നത് പരിഗണിക്കുമോ?

2021-22 സാമ്പത്തികവർഷം ബഡ്ജറ്റിൽ ട്രാൻസ്പോർട്ടേഷൻ സബ്സിഡി ഇനത്തിൽ ബഡ്ജറ്റിൽ തുക വകയിരുത്തിയിരുന്നില്ല. എന്നിരുന്നാലും കാർഷിക വിപണനം ശക്തിപ്പെടുത്താൻ പദ്ധതിയിൽ ഉൾപ്പെടുത്തി 42 ലക്ഷം രൂപ പഴം-പച്ചക്കറികൾ കൊണ്ടുപോകുന്ന വാഹനങ്ങളുടെ Transportation/വാഹന ചാർജ് നൽകുന്നതിന്

അനുവദിച്ചിരുന്നു. 2022-23 വർഷത്തിൽ മാർക്കറ്റ് വികസന പദ്ധതിയിൽ ഉൾപ്പെടുത്തി ട്രാൻസ്പോർട്ടേഷൻ സബ്സിഡി നൽകുന്നതിനായി 50 ലക്ഷം രൂപ നീക്കിവച്ചിട്ടുണ്ട്.

മാവേലിക്കര മണ്ഡലത്തിലെ അഗ്രോസർവ്വീസ് സെന്ററുകൾ

55(5179) ശ്രീ. എം. എസ്. അരുൺ കുമാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര നിയോജകമണ്ഡലത്തിൽ എത്ര അഗ്രോ സർവ്വീസ് സെന്ററുകൾ ഉണ്ടെന്നും ഏതൊക്കെയെന്നും വ്യക്തമാക്കുമോ?

ചാരുംമൂട് ബ്ലോക്ക് കേന്ദ്രമാക്കി പ്രവർത്തിച്ചുവരുന്ന ഓണാട്ടുകര അഗ്രോസർവ്വീസ് സെന്റർ മാത്രമാണ് മാവേലിക്കര നിയോജക മണ്ഡലത്തിൽ നിലവിലുള്ളത്.

(ബി) പ്രസ്തുത നിയോജകമണ്ഡലത്തിൽ പുതിയ അഗ്രോ സർവ്വീസ് സെന്ററുകൾ ആരംഭിക്കുന്നത് പരിഗണനയിലുണ്ടോ; പാലമേൽ, നൂറനാട്, തഴക്കര എന്നിവിടങ്ങളിൽ പുതിയ അഗ്രോ സർവ്വീസ് സെന്ററുകൾ ആരംഭിക്കുന്നത് പരിഗണിക്കുമോ; വിശദമാക്കുമോ?

ഒരു ബ്ലോക്കിൽ ഒരു അഗ്രോ സർവ്വീസ് സെന്റർ ആണ് സാധാരണയായി പ്രവർത്തിച്ചുവരുന്നത്. മാവേലിക്കര മണ്ഡലത്തിലെ ചാരുംമൂട് ബ്ലോക്കിൽ താമരക്കുളം പഞ്ചായത്തിൽ നിലവിൽ ഓണാട്ടുകര അഗ്രോ സർവ്വീസ് സെന്റർ പ്രവർത്തിച്ചുവരുന്നുണ്ട്. അഗ്രോ സർവീസ് സെന്ററുകൾ നിലവിലില്ലാത്ത 51 ബ്ലോക്കുകളിലാണ് പുതിയ കൃഷിശ്രീ സെന്ററുകൾ സ്ഥാപിക്കുന്നതിന് മുൻഗണന നൽകുന്നത്. മാവേലിക്കര മണ്ഡലത്തിലെ മാവേലിക്കര ബ്ലോക്കിൽ നിലവിൽ അഗ്രോ സർവ്വീസ് സെന്ററുകൾ ഇല്ലാത്തതിനാൽ ടി ബ്ലോക്കിന്റെ അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് പുതിയ കൃഷിശ്രീ സെന്ററുകൾ അനുവദിക്കുമ്പോൾ പരിശോധിക്കുന്നതാണ്.

(സി) പ്രസ്തുത നിയോജകമണ്ഡലത്തിൽ സ്ഥിതിചെയ്യുന്ന ഹോർട്ടികോർപ്പ് ഓഫീസിന്റെയും ഹണിപാർക്കിന്റെയും പ്രവർത്തനം വിശദമാക്കുമോ; ഏതെല്ലാം തേൻ ഉല്പന്നങ്ങൾ ആണ് ഇവിടെ നിർമ്മിക്കുന്നത്; തേൻപാർക്കിന്റെ നവീകരണത്തിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

മാവേലിക്കര നിയോജകമണ്ഡലത്തിലെ തഴക്കര ഗ്രാമപഞ്ചായത്തിലാണ് ഹോർട്ടികോർപ്പിന്റെ തേനീച്ച വളർത്തൽ

കേന്ദ്രവും തേനീച്ച പാർക്കും സ്ഥിതി ചെയ്യുന്നത്. ഇവയുടെ പ്രവർത്തനവും നിർമ്മിക്കുന്ന ഉല്പന്നങ്ങളും തേൻ പാർക്കിന്റെ നവീകരണ പ്രവൃത്തികൾ സംബന്ധിച്ച വിശദാംശങ്ങളും അനുബന്ധമായി ചേർക്കുന്നു.+

<u>പഴവർഗ്ഗങ്ങളുടെ സ്വയം പര്യാപ്തത</u>

56(5180) <u>ശ്രീ. എൻ. ഷംസുദ്ദീൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പഴവർഗ്ഗങ്ങളുടെ പ്രതിവർഷ ഉല്പാദനം എത്രയാണെന്ന് വ്യക്തമാക്കാമോ?

സാമ്പത്തിക സ്ഥിതിവിവരകണക്ക് വകുപ്പ് പ്രസിദ്ധീകരിച്ച അഗ്രിക്കൾച്ചറൽ സ്റ്റാറ്റിസ്റ്റിക്സ് കണക്കുകൾ പ്രകാരം 2019-20 സാമ്പത്തിക വർഷം പഴവർഗ്ഗങ്ങളുടെ ഉല്പാദനം (വാഴ, മാങ്ങ, പപ്പായ, കൈതച്ചക്ക) 1642255.301 ടണ്ണും ചക്കയുടെ ഉല്പാദനം 286 ദശലക്ഷം എണ്ണവുമാണ്.

(ബി) പഴവർഗ്ഗങ്ങളുടെ ഉല്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുവാൻ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പഴവർഗ്ഗങ്ങളുടെ ഉല്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുവാൻ കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡെവലപ്മെന്റ് ഓഫ് ഫ്രൂട്ട്സ്, ഫ്ലവേസ് ആന്റ് മെഡിസിനൽ പ്ലാന്റ്സ് 2021-22 എന്ന പദ്ധതി നടപ്പിലാക്കിയിരുന്നു. പ്രസ്തുത പദ്ധതിയുടെ ഒരു പ്രധാനഘടകമാണ് " ഒരു കോടി ഫലവൃക്ഷതൈകൾ വിതരണം" . സംസ്ഥാനത്തിന്റെ തനത് ഫലവൃക്ഷങ്ങളും വിദേശത്തുനിന്ന് കൊണ്ടുവന്ന് നട്ടുപിടിപ്പിച്ച് വിളയിക്കാൻ കഴിയുന്നതുമായ ഫലവർഗ്ഗങ്ങൾ വീട്ടുവളപ്പിലും പൊതുസ്ഥലങ്ങളിലും നട്ടുപിടിപ്പിച്ച് വിഷരഹിത ഫലവർഗ്ഗങ്ങൾ ഉല്പാദിപ്പിക്കുന്നതിന് പദ്ധതിയിലൂടെ സാധ്യമാകുന്നു. ഇതിലൂടെ പുതിയ വിദേശ ഇനങ്ങൾ നമ്മുടെ കർഷകർക്ക് പരിചയപ്പെടുത്തുവാൻ സാധിക്കുന്നു. പദ്ധതി പ്രകാരം നടീൽ വസ്തുക്കളായ, ഗ്രാഫ്റ്റ്/ലെയർ/ടിഷ്യൂകൾച്ചർ വാഴ, വാഴക്കന്ന്, ഫലവൃക്ഷ ത്തൈകൾ തുടങ്ങിയവയാണ് വിതരണം നടത്തിയത്.

2021-22 സാമ്പത്തികവർഷത്തിൽ " ഒരു കോടി ഫലവൃക്ഷത്തൈകൾ വിതരണം" പദ്ധതിയിലൂടെ ആകെ 8429984 എണ്ണം ഫലവൃക്ഷത്തൈകൾ വിതരണം ചെയ്യുകയുണ്ടായി. ഇതിൽ 791663 ഗ്രാഫ്റ്റ്കൾ, 537101 ലെയർകൾ, 875041 ടിഷ്യൂകൾച്ചർ വാഴ, 1551736 വാഴക്കന്ന്, 4674443

ഫലവൃക്ഷ തൈകൾ എന്നിവ വിതരണം ചെയ്തു. കൂടാതെ സുഭിക്ഷ കേരളം പദ്ധതിയിൽ ഉൾപ്പെടുത്തി 327.3167 ഹെക്ടർ സ്ഥലത്ത് വിദേശ ഇനം ഫലവർഗ്ഗ കൃഷി നടപ്പിലാക്കി.

ഇടുക്കി-വയനാട്- ഫലവർഗ്ഗ വിളകളുടെ വിസ്തൃതി വ്യാപനം എന്ന പദ്ധതി ഘടകത്തിലൂടെ 726.992 ഹെക്ടർ സ്ഥലത്ത് സംസ്ഥാനത്തിന്റെ തനത് ഫലവൃക്ഷങ്ങളും വിദേശത്തുനിന്ന് കൊണ്ടുവന്ന് നട്ടുപിടിപ്പിക്കാൻ കഴിയുന്നതുമായ ഫലവർഗ്ഗങ്ങളുടെ വിസ്തൃതി വ്യാപനം നടപ്പിലാക്കി. കൂടാതെ സ്റ്റേറ്റ് ഹോർട്ടികൾച്ചർ മിഷൻ എം.ഐ.ഡി.എച്ച്. മുഖേന നടപ്പിലാക്കി വരുന്ന ഫലവർഗ്ഗ വിളകളുടെ വികസന പദ്ധതിക്കായി കേന്ദ്ര വിഹിതം പരിമിതമായതിനാൽ അധിക ധനസാഹായം നൽകി 602.97285 ഹെക്ടർ സ്ഥലത്ത് ഫലവർഗ്ഗ കൃഷി നടപ്പിലാക്കി.

2022-23 സാമ്പത്തികവർഷത്തിൽ " ഒരു കോടി ഫലവൃക്ഷതൈകൾ വിതരണം" പദ്ധതിയിലൂടെ 1513550 ഗ്രാഫ്റ്റ്കൾ, 753250 ലെയർകൾ, 1345900 ടിഷ്യൂകൾച്ചർ വാഴ, 1605000 വാഴക്കന്ന്, 4782300 ഫലവൃക്ഷ തൈകൾ എന്നിങ്ങനെ വിതരണം ചെയ്യുവാൻ ലക്ഷ്യമിടുന്നു. ഗ്രാഫ്റ്റ്, ലെയർ, ടിഷ്യൂക്കൾച്ചർ തൈകൾ 75 ശതമാനം സബ്സിഡിയോടും വാഴക്കന്നുകളും

ഫലവൃക്ഷ തൈകൾ പൂർണ്ണമായും സൗജന്യമായുമാണ് വിതരണം ചെയ്യുന്നത്. ഇതിലേയ്ക്കായി 1117 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. കൂടാതെ സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ മുഖാന്തരം നടപ്പിലാക്കുന്ന പഴവർഗ്ഗങ്ങളുടെ വിള വിസ്തൃതി വ്യാപനത്തിനും കൂടുതൽ കർഷകരെ പഴവർഗ്ഗ കൃഷിയിലേയ്ക്ക് ആകർഷിക്കുന്നതിനായി അധിക ധനസഹായം (ടോപ്പ് അപ്പ് സബ്സിഡി) നൽകുന്നതിനും വിഭാവനം ചെയ്യുന്നു. ഇതിലേയ്ക്കായി ടി സാമ്പത്തിക വർഷം 200 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ മുഖാന്തരം നടപ്പിലാക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതിയായ മിഷൻ ഫോർ ഇന്റഗ്രേറ്റഡ് ഡെവലപ്പ്മെന്റ് ഓഫ് ഹോർട്ടികൾച്ചർ പദ്ധതിയിൽ ഉൾപ്പെടുത്തി പഴവർഗ്ഗങ്ങളുടെ വിള വിസ്തൃതി വ്യാപനം എന്ന ഘടകം നടപ്പിലാക്കി വരുന്നു.

2021-22 സാമ്പത്തികവർഷം മിഷൻ ഫോർ ഇന്റഗ്രേറ്റഡ് ഡെവലപ്പ്മെന്റ് ഓഫ് ഹോർട്ടികൾച്ചർ പദ്ധതിയിലെ വിളവിസ്തൃതി വ്യാപനം എന്ന ഘടകത്തിൽ ഉൾപ്പെടുത്തി 131.33 ഹെക്ടറിൽ ഡ്രാഗൺ ഫ്രൂട്ട്, 14.83 ഹെക്ടറിൽ സ്ട്രോബറി, 531.048 ഹെക്ടർ സ്ഥലത്ത് വാഴ, 279.086 ഹെക്ടറിൽ കൈതച്ചക്ക, 78.576 ഹെക്ടറിൽ ടിഷ്യുകൾച്ചർ വാഴ, 76.65

ഹെക്ടറിൽ പപ്പായ, 65.8 ഹെക്ടറിൽ മാവ്, 429.27 ഹെക്ടറിൽ പ്ലാവ്, 192.167 ഹെക്ടറിൽ റംമ്പൂട്ടാൻ, 25.44 ഹെക്ടറിൽ അവക്കാഡോ, 240.389 ഹെക്ടറിൽ പാഷൻ ഫ്രൂട്ട്, 49.611 ഹെക്ടറിൽ മാംഗോസ്റ്റീൻ, 10388 ഹെക്ടറിൽ നെല്ലി, 36.388 ഹെക്ടറിൽ കുടംപുളി, 18.055 ഹെക്ടറിൽ ഞാവൽ എന്നീ പഴവർഗ്ഗങ്ങളുടെ വിള വിസ്തൃതി വ്യാപനം 497.56 ലക്ഷം രൂപ ചെലവഴിച്ച് നടപ്പിലാക്കിയിട്ടുണ്ട്.

2022-23 സാമ്പത്തിക വർഷം 500 ഹെക്ടറിൽ വാഴ, 260 ഹെക്ടറിൽ കൈതച്ചക്ക, 65 ഹെക്ടറിൽ പപ്പായ, 50 ഹെക്ടറിൽ മാവ്, 100 ഹെക്ടറിൽ പ്ലാവ്, 50 ഹെക്ടറിൽ ഡ്രാഗൺ ഫ്രൂട്ട്, 37 ഹെക്ടറിൽ സ്ട്രോബറി, 100 ഹെക്ടറിൽ റംമ്പൂട്ടാൻ, 40 ഹെക്ടറിൽ അവക്കാഡോ, 43 ഹെക്ടറിൽ പാഷൻ ഫ്രൂട്ട്, 10 ഹെക്ടറിൽ മാംഗോസ്റ്റീൻ, 7 ഹെക്ടറിൽ നെല്ലി, 10 ഹെക്ടറിൽ കുടംപുളി എന്നീ പഴവർഗ്ഗങ്ങളുടെ വിളവിസ്തൃതി വ്യാപനം നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നു.

## പ്രത്യേക വികസന നിധിയിൽ നിന്ന് നടപ്പാക്കുന്ന പദ്ധതികൾ

57(5181) ശ്രീ. പി. ബാലചന്ദ്രൻ: താഴെക്കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

എം.എൽ.എ.-യുടെ പ്രത്യേക വികസന നിധിയിൽനിന്നും നടപ്പാക്കുന്ന പദ്ധതികളിൽ റെസിഡൻസ് അസ്സോസിയേഷനുകൾക്ക് കാർഷിക മേഖലയിൽ നൂതന കാർഷിക സാങ്കേതിക വിദ്യകൾ ലഭ്യമാക്കുന്നതിനുള്ള ക്ലാസ്സുകൾ സംഘടിപ്പിക്കുക, ഗ്രോ ബാഗുകൾ, സ്റ്റേറ്റ് ഹോർട്ടി കൾച്ചർ മിഷൻ വഴി നടപ്പാക്കുന്ന അർക്ക വെർട്ടിക്കൽ ഗാർഡൻ വിതരണം ചെയ്യുക എന്നിവ ഉൾപ്പെടുത്താമോ എന്നറിയിക്കാമോ?

എം.എൽ.എ.-മാരുടെ പ്രത്യേക വികസന ഫണ്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ ധനകാര്യ വകുപ്പ് പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം എം.എൽ.എ.-മാരുടെ പ്രത്യേക വികസന ഫണ്ടിൽ ഉൾപ്പെടുത്തുന്ന പ്രോജക്ടുകൾ പ്രാദേശികമായ ആവശ്യങ്ങളെ അടിസ്ഥാനമാക്കിയുള്ള സ്വഭാവമുള്ളതായിരിക്കുന്നതിനോടൊപ്പം സ്ഥിരമായി നിലനിൽക്കുന്ന ആസ്തികൾ സൃഷ്ടിക്കുന്നതിനുകൂടിയാകണം. കൂടാതെ അത്തരം ആസ്തികളുടെ ഉടമസ്ഥാവകാശം സർക്കാരിൽ നിക്ഷിപ്തമായിരിക്കും. പ്രത്യേക വികസന ഫണ്ടിൽനിന്ന് സൃഷ്ടിച്ച ആസ്തികളുടെ വിൽപ്പന/കൈമാറ്റം/നിർമാർജ്ജനം എന്നിവ സർക്കാരിന്റെ

മുൻകൂർ അനുമതിയില്ലാതെ ഏറ്റെടുക്കാൻ പാടില്ല. അങ്ങനെ സൃഷ്ടിക്കപ്പെടുന്ന ആസ്തികളുടെ പരിപാലനം ഗുണഭോക്തൃ സ്ഥാപനം ഉറപ്പാക്കേണ്ടതും ഗവൺമെന്റിന്റെ ആനുകാലിക ഓഡിറ്റിനും പരിശോധനയ്ക്കും വിധേയമായിരിക്കുന്നതും ആയിരിക്കും.

ഏതെങ്കിലും തരത്തിലുള്ള ഇൻവെന്ററി അല്ലെങ്കിൽ സ്റ്റോക്ക് വാങ്ങൽ, വ്യക്തിഗത നേട്ടത്തിനായി ആസ്തികൾ എന്നിവ പ്രോഗ്രാമിന് കീഴിൽ അനുവദനീയമല്ല. എന്നാൽ വ്യക്തിഗത ആനുകൂല്യങ്ങൾക്കുള്ള ആസ്തികൾ അംഗീകൃത പദ്ധതികളുടെ ഭാഗമായി ഉൾപ്പെടുത്താവുന്നതാണ്. ആയതിനാൽ റെസിഡൻസ് അസ്സോസിയേഷനുകൾക്ക് കാർഷിക മേഖലയിൽ നൂതന കാർഷിക സാങ്കേതിക വിദ്യകൾ ലഭ്യമാക്കുന്നതിനുള്ള ക്ലാസ്സുകൾ സംഘടിപ്പിക്കുക, ഗ്രോ ബാഗുകൾ, സ്റ്റേറ്റ് ഹോർട്ടി കൾച്ചർ മിഷൻ വഴി നടപ്പാക്കുന്നവർക്ക് വെർട്ടിക്കൽ ഗാർഡൻ വിതരണം ചെയ്യുക, എന്നിവ ഉൾപ്പെടുത്തുന്നതിനുള്ള സാധ്യത പരിശോധിക്കുന്നതാണ്.

## കാർഷിക കടാശ്വാസ നടപടികൾ

58(5182) ശ്രീ. പി. ജെ. ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2020 മാർച്ച് 31-നുശേഷം കാർഷിക കടാശ്വാസത്തിന് കർഷകരിൽ നിന്നും പുതിയ അപേക്ഷകൾ സ്വീകരിക്കുന്നുണ്ടോ?

ഇല്ല.

(ബി) ഇതുസംബന്ധിച്ച് വിജ്ഞാപനം പുറത്തിറക്കിയിട്ടുണ്ടോ; വ്യക്തമാക്കാമോ;

(സി) കാർഷിക കടാശ്വാസത്തിനായുള്ള പുതിയ അപേക്ഷകൾ സ്വീകരിക്കുന്നതിന് നടപടി കൈക്കൊള്ളുമോ; വ്യക്തമാക്കുമോ?

(ബി & സി) കാർഷിക കടാശ്വാസത്തിന് കർഷകരിൽനിന്നും പുതിയ അപേക്ഷകൾ സ്വീകരിക്കുന്ന വിഷയം സർക്കാരിന്റെ പരിശോധനയിലാണ്.

(ഡി) കാർഷിക കടാശ്വാസ കമ്മീഷൻ ശിപാർശ പ്രകാരം ഇളവുകൾ നൽകുന്നതിനായി ബാങ്കുകൾക്ക് എത്ര തുകയാണ് നൽകാനുള്ളതെന്ന് വ്യക്തമാക്കുമോ?

കർഷക കടാശ്വാസ കമ്മീഷൻ സർക്കാരിൽ സമർപ്പിക്കുന്ന ശിപാർശകളുടെ അർഹത സംബന്ധിച്ച വിഷയം പരിശോധിച്ച് സഹകരണസംഘം രജിസ്ട്രാർ സമർപ്പിക്കുന്ന റിപ്പോർട്ടിന്റെ

അടിസ്ഥാനത്തിലാണ് സർക്കാർ കടാശ്വാസം അനുവദിക്കുന്നത്. ഇത്തരത്തിൽ കമ്മീഷൻ പുറപ്പെടുവിച്ച അന്തിമ ഉത്തരവുകളിൽ ഈ വർഷം 34.9 കോടി രൂപ കടാശ്വാസം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. കമ്മീഷൻ പ്രഖ്യാപിച്ച 127,83,75,832 രൂപയുടെ 15334 അപേക്ഷകൾ സഹകരണസംഘം രജിസ്ട്രാറുടെ പരിശോധനയിലാണ്. പ്രസ്തുത റിപ്പോർട്ട് അടിയന്തരമായി ലഭ്യമാക്കി കടാശ്വാസം അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

കേരള സംസ്ഥാന കാർഷിക കടാശ്വാസ കമ്മീഷൻ

59(5183) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:
ശ്രീ. സണ്ണി ജോസഫ്:
ശ്രീ. പി. സി. വിഷ്ണുനാഥ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സംസ്ഥാന കാർഷിക കടാശ്വാസ കമ്മീഷന് ഏതൊക്കെ തരത്തിലുള്ള വായ്പകൾ എഴുതിത്തള്ളുന്നതിനും വായ്പാഭാരം ലഘൂകരിക്കുന്നതിനുമാണ് അധികാരമുള്ളതെന്ന് വ്യക്തമാക്കുമോ?

ഇടുക്കി, വയനാട് ജില്ലകളൊഴിച്ച് മറ്റ് എല്ലാ ജില്ലകളിലെയും പ്രളയബാധിത പ്രദേശങ്ങളിലെ കർഷകർക്ക് 2014 മാർച്ച് 31 വരെയും

ഇടുക്കി, വയനാട് ജില്ലകളിലെ കർഷകർക്ക് 2018 ആഗസ്റ്റ് 31 വരെയും സഹകരണ ബാങ്കുകളിൽ നിന്നും എടുത്ത വായ്പകൾക്ക് കർഷക കടാശ്വാസ കമ്മീഷൻ മുഖേന പരമാവധി രണ്ട് ലക്ഷം രൂപ വരെ കടാശ്വാസം അനുവദിച്ചു വരുന്നുണ്ട്.

(ബി) കാർഷിക കടാശ്വാസ കമ്മീഷനിൽ കർഷകർ സമർപ്പിച്ച എത്ര അപേക്ഷകളാണ് നിലവിൽ തീർപ്പ് കൽപ്പിക്കാനുള്ളതെന്ന കണക്ക് ലഭ്യമാണോ; എങ്കിൽ വ്യക്തമാക്കുമോ; അപേക്ഷകളിന്മേൽ തീർപ്പ് കൽപ്പിക്കുന്നതിന് കാലതാമസം നേരിടുന്നതിനുള്ള കാരണം വ്യക്തമാക്കുമോ?

കോവിഡ്-19 മഹാമാരിമൂലം ഒരു വർഷത്തിലധികം സിറ്റിംഗ് മുടങ്ങിയ സാഹചര്യത്തിൽ നിലവിൽ 1,13,070 അപേക്ഷകളിൽ തീർപ്പ് കല്പിക്കാനുണ്ട്. അപേക്ഷകൾ തീർപ്പ് കല്പിക്കുന്നതിന് സത്വര നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) കാർഷിക കടാശ്വാസ കമ്മീഷൻ എഴുതിത്തള്ളുന്ന കടങ്ങൾക്ക് തുല്യമായ തുക സംസ്ഥാന സർക്കാർ സഹകരണ ബാങ്കുകൾക്ക് കൈമാറാത്തതുമൂലം കർഷകർക്ക് പുതിയ വായ്പകൾ അനുവദിക്കുന്നതിൽ

പ്രതിസന്ധി ഉണ്ടാകുന്നത് ഗൗരവത്തോടെ കാണുന്നുണ്ടോ; എങ്കിൽ കടാശ്വാസ കമ്മീഷന് ആവശ്യമായ ഫണ്ട് ലഭ്യമാക്കുന്നതിന് സത്വര നടപടികൾ സ്വീകരിക്കുമോ?

കർഷക കടാശ്വാസ കമ്മീഷൻ സർക്കാരിൽ സമർപ്പിക്കുന്ന ശിപാർശകളുടെ അർഹത സംബന്ധിച്ച വിഷയം സഹകരണസംഘം രജിസ്ട്രാർ പരിശോധിച്ച് വെരിഫിക്കേഷൻ റിപ്പോർട്ട് സമർപ്പിക്കുന്ന മുറയ്ക്കാണ് സർക്കാർ കടാശ്വാസം അനുവദിക്കുന്നത്. ഇത്തരത്തിൽ കമ്മീഷൻ പുറപ്പെടുവിച്ച അന്തിമ ഉത്തരവുകളിൽ ഈ സാമ്പത്തിക വർഷം ഇതിനോടകം തന്നെ 34.9 കോടി രൂപ കടാശ്വാസം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. തീർപ്പ് കല്പിക്കുന്നതിനുള്ള അപേക്ഷകളിന്മേൽ സഹകരണസംഘം രജിസ്ട്രാറുടെ വെരിഫിക്കേഷൻ റിപ്പോർട്ട് അടിയന്തരമായി ലഭ്യമാക്കി കടാശ്വാസം അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ഡി) കോവിഡ് പ്രതിസന്ധിയും പ്രകൃതിക്ഷോഭവുംമൂലം വലിയ നഷ്ടം അനുഭവിക്കേണ്ടിവന്ന സംസ്ഥാനത്തെ കർഷകർ നേരിടുന്ന പ്രതിസന്ധികൾ പരിഗണിച്ച് അഞ്ച് ലക്ഷം രൂപയിൽ താഴെയുള്ള മുഴുവൻ

കാർഷിക കടങ്ങളും എഴുതിത്തള്ളുന്നതിന് സർക്കാർ അടിയന്തര നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ?

പ്രസ്തുത വിഷയം നിലവിൽ പരിഗണനയിലില്ല. എന്നാൽ കോവിഡ്-19 മഹാമാരികാരണം ജീവിതം ദുഃസ്സഹമായിരിക്കുന്ന വായ്പക്കാർക്ക് ആശ്വാസമാവുകയെന്ന ലക്ഷ്യത്തോടുകൂടി 'നവകേരളീയം കുടിശ്ശിക നിവാരണം ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി' നടപ്പിലാക്കി വരുന്നു. ടി പദ്ധതിയിലൂടെ പരമാവധി ഇളവുകൾ ലഭ്യമാക്കി വായ്പാ കുടിശ്ശിക അടച്ചുതീർത്ത് ജപ്തി നടപടികൾ ഒഴിവാക്കാവുന്നതാണ്. 2021 ആഗസ്റ്റ് മാസം 16-ന് ആരംഭിച്ച ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി കുടിശ്ശികക്കാരായ വായ്പക്കാർക്ക് പരമാവധി സാവകാശം അനുവദിക്കുന്നതിനുമായി നിലവിൽ 2022 ജൂലൈ 31 വരെ ദീർഘിപ്പിച്ചിട്ടുമുണ്ട്.

<u>റബ്ബർ (പ്രൊമോഷൻ ആൻഡ് ഡെവലപ്മെന്റ്) ബിൽ</u>

60(5184) <u>ശ്രീ. ജി. സ്റ്റീഫൻ:</u> താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്രസർക്കാരിന്റെ 2022-ലെ റബ്ബർ (പ്രൊമോഷൻ ആന്റ് ഡെവലപ്മെന്റ്) ബിൽ നടപ്പിലാക്കിയാൽ അത് റബ്ബർ കാർഷികരംഗത്തെ അനതിവിദൂരഭാവിയിൽ പ്രതിസന്ധിയിലേയ്ക്ക് കടത്തിവിടുമെന്ന ആശങ്ക കേരളത്തിൽ നിലനിൽക്കുന്നുണ്ടോ; വ്യക്തമാക്കാമോ;

(ബി) ഇത്തരത്തിൽ കർഷകർക്ക് പ്രതിലോമകരമായ നിർദ്ദേശങ്ങൾ ബില്ലിൽ നിന്നും ഒഴിവാക്കുന്നതിന് സംസ്ഥാന സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ?

(എ & ബി) കേന്ദ്രസർക്കാരിന്റെ 2022-ലെ റബ്ബർ (പ്രൊമോഷൻ ആന്റ് ഡെവലപ്മെന്റ്) ബില്ലിലെ നിർദ്ദേശങ്ങളിന്മേൽ കേരള സർക്കാരിന്റെ വ്യക്തമായ അഭിപ്രായം കേന്ദ്ര സർക്കാരിനെ അറിയിച്ചിട്ടുണ്ട്. കരട് നിയമത്തിൽ കേരളത്തിലെ കർഷകരെ പ്രതികൂലമായി ബാധിക്കുന്ന കാര്യങ്ങളിൽ കേരളത്തിന്റെ ആശങ്ക കേന്ദ്രസർക്കാരിനെ അറിയിച്ചതിനോടൊപ്പം റബ്ബർ മേഖലയിലെ കർഷകർക്ക് കൂടുതൽ പ്രോത്സാഹനവും പ്രാധാന്യവും നൽകുന്ന വ്യവസ്ഥകളായിരിക്കണം നിയമത്തിൽ ഉൾപ്പെടുത്തേണ്ടത് എന്നും അഭ്യർത്ഥിച്ചിട്ടുണ്ട്. പുതിയ ബില്ലിൽ പറഞ്ഞിരിക്കുന്ന റബ്ബർ പ്രൊമോഷൻ

ആന്റ് ഡെവലപ്പ്മെന്റ് ഫണ്ടിന്റെ 30% റബ്ബർ കൃഷിയുമായി ബന്ധപ്പെട്ട സബ്സിഡിക്കും ഇൻസെന്റീവുകൾക്കുമായി പ്രത്യേകമായി നീക്കിവയ്ക്കണമെന്നും ആവശ്യപ്പെട്ടിട്ടുണ്ട്.

## ഊരകം പനിയാർകുളങ്ങര പാലത്തിന്റെ നിർമ്മാണം

61(5185) ശ്രീ. മുരളി പെരുനെല്ലി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റീബിൽഡ് കേരള പദ്ധതിയിൽ ഉൾപ്പെടുത്തി കെ.എൽ.ഡി.സി. നിർമ്മിക്കുന്ന മണലൂർ മണ്ഡലത്തിലെ ഊരകം പനിയാർകുളങ്ങര പാലത്തിന്റെ എസ്റ്റിമേറ്റ് തുക എത്രയാണ്?

മണലൂർ നിയോജകമണ്ഡലത്തിൽ പനിയാർകുളങ്ങരയിൽ കടാംതോടിനു കുറുകെ നിർമ്മിക്കുന്ന പാലം ആർ.കെ.ഐ. പദ്ധതിയിൽ ഉൾപ്പെടുത്തിയല്ല നിർമ്മിക്കുന്നത്. ആർ.ഐ.ഡി.എഫ്. സേവിംഗ്സ് പദ്ധതിയിൽ ഉൾപ്പെടുത്തിയാണ് ഈ നിർമ്മാണം നടത്തിയത്. എസ്റ്റിമേറ്റ് തുക 1,06,00,000 രൂപയാണ്.

(ബി) പ്രസ്തുത പ്രവൃത്തിക്കായി കരാർ വച്ച തീയതി എന്നാണെന്നും കരാർ പ്രകാരം നിർമ്മാണം പൂർത്തീകരിക്കേണ്ട തീയതി എന്നാണെന്നും അറിയിക്കാമോ?

കരാർ വച്ച തീയതി 22.05.2020 ആണ്. നിർമ്മാണം പൂർത്തീകരിക്കേണ്ട തീയതി 30.06.2022 ആണ്.

(സി) നിലവിൽ നിർമ്മാണപ്രവൃത്തികൾ ഏത് ഘട്ടത്തിലാണെന്നും ഇനി എത്ര ശതമാനം പ്രവൃത്തികൾ പൂർത്തീകരിക്കാനുണ്ടെന്നും വിശദമാക്കാമോ?

പാലത്തിന്റെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. എന്നാൽ, അപ്രോച്ച് റോഡ് പൂർണ്ണമായും ഗതാഗതയോഗ്യമായിട്ടില്ല.

(ഡി) പ്രസ്തുത പ്രവൃത്തിയുടെ നിർമ്മാണം പൂർത്തീകരിക്കാനാവശ്യമായ സത്വര നടപടി സ്വീകരിക്കുമോ എന്നും വ്യക്തമാക്കാമോ?

മഴ മാറിയതിനുശേഷം അപ്രോച്ച് റോഡ് വാഹന സഞ്ചാരയോഗ്യമാക്കുന്ന പ്രവൃത്തികൾ പൂർത്തീകരിക്കുന്നതാണ്.

## തോടുകളിലെ നീരൊഴുക്ക് സുഗമമാക്കുന്നതിന് നടപടി

62(5186) ശ്രീ. പി. വി. ശ്രീനിജിൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം ജില്ലയിലെ തിരുവാണിയൂർ, ചോറ്റാനിക്കര ഗ്രാമപഞ്ചായത്തുകളിലൂടെ ഒഴുകുന്ന കിടങ്ങയം-ചിത്രപ്പുഴ തോട്, എരുവേലി -ചേപ്പനംതോട്, കണയന്നൂർ-ചോറ്റാനിക്കര തോട് എന്നിവയുടെ പാർശ്വഭിത്തി കെട്ടി സംരക്ഷിക്കാത്തതിനാലും ആഴം വർദ്ധിപ്പിക്കാത്തതിനാലും കൃഷിനാശം ഉണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ കൃഷിനാശം തടയുന്നതിനായി പ്രസ്തുത തോടുകളുടെ ആഴം വർദ്ധിപ്പിക്കുന്നതിനും സംരക്ഷണഭിത്തി കെട്ടുന്നതിനും ട്രാക്ടർ പാസ്സേജ്, മേൽപ്പാലം എന്നിവ നിർമ്മിക്കുന്നതിനും കേരള ലാന്റ് ഡെവലപ്പ്മെന്റ് കോർപ്പറേഷൻ മുഖേന നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

(എ & ബി) എറണാകുളം ജില്ലയിലെ തിരുവാണിയൂർ, ചോറ്റാനിക്കര ഗ്രാമപഞ്ചായത്തുകളിലൂടെ ഒഴുകുന്ന കിടങ്ങയം, ചിത്രപ്പുഴ തോട്,

എരുവേലി-ചേപ്പനംതോട്, കണയന്നൂർ ചോറ്റാനിക്കര തോട് എന്നിവയുടെ അടിസ്ഥാന സൗകര്യ വികസനത്തിനുള്ള നടപടി കേരള ലാന്റ് ഡെവലപ്പ്മെന്റ് കോർപ്പറേഷൻ മുഖേന പരിശോധിച്ചുവരുന്നു.

## താൽക്കാലിക തോട്ടം തൊഴിലാളികളെ ജോലിയിൽ തിരിച്ചെടുക്കുന്നതിനുള്ള നടപടികൾ

63(5187) ശ്രീ. പി. വി. അൻവർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്ലാന്റേഷൻ കോർപ്പറേഷന്റെ മലപ്പുറം ജില്ലയിലെ പുഞ്ചക്കൊല്ലി ഡിവിഷനിൽ 2022 മാർച്ച് 31 വരെ എത്ര റബ്ബർ ടാപ്പിംഗ് തൊഴിലാളികളാണ് ജോലി ചെയ്തിരുന്നതെന്ന് അറിയിക്കാമോ; ഇതിൽ സ്ഥിരം തോട്ടം തൊഴിലാളികൾ, താൽക്കാലിക തോട്ടം തൊഴിലാളികൾ എത്ര വീതമെന്നും ആദിവാസി/പട്ടികവർഗ്ഗ വിഭാഗങ്ങളിൽപ്പെട്ട എത്ര തോട്ടം തൊഴിലാളികളുണ്ടെന്നും ഇനം തിരിച്ച് അറിയിക്കാമോ?

പ്ലാന്റേഷൻ കോർപ്പറേഷന്റെ മലപ്പുറം ജില്ലയിലെ പുഞ്ചക്കൊല്ലി ഡിവിഷനിൽ 2022 മാർച്ച് 31-ലെ റബ്ബർ ടാപ്പിംഗ് തൊഴിലാളികളുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

ആകെ തൊഴിലാളികൾ - 79

സ്ഥിരം തൊഴിലാളികൾ - 31

താൽക്കാലിക തൊഴിലാളികൾ - 48

ഇതിൽ ആദിവാസി/പട്ടികവർഗ്ഗ വിഭാഗത്തിലുള്ള തൊഴിലാളികൾ - 78.

(ബി) മേൽ തൊഴിലാളികൾ എത്ര വർഷമായി പുഞ്ചക്കൊല്ലി ഡിവിഷനിൽ ജോലി ചെയ്തു വരുന്നുവെന്ന് സ്ഥിരം, താൽക്കാലികം, ആദിവാസി/പട്ടികവർഗ്ഗ വിഭാഗം തുടങ്ങിയവ തിരിച്ച് കണക്കുകൾ ലഭ്യമാക്കാമോ; നിലവിൽ പുഞ്ചക്കൊല്ലി ഡിവിഷനിൽ എത്ര തൊഴിലാളികളാണ് ജോലി ചെയ്യുന്നതെന്നും അറിയിക്കാമോ?

1. പുഞ്ചക്കൊല്ലി ഡിവിഷനിൽ ജോലി ചെയ്തുവരുന്ന 31 സ്ഥിരം ടാപ്പിംഗ് തൊഴിലാളികൾ 1995 മുതൽ പല ഘട്ടങ്ങളിലായി ജോലിയിൽ സ്ഥിരപ്പെട്ടവരാണ്. 48 താൽക്കാലിക ടാപ്പിംഗ് തൊഴിലാളികൾ 2015 മുതൽ പല ഘട്ടങ്ങളിലായി ജോലിയിൽ പ്രവേശിച്ച് ജോലി ചെയ്തുവരുന്നു. ഇതിൽ ആകെ 78 ആദിവാസി/പട്ടികവർഗ്ഗ തൊഴിലാളികളാണുള്ളത്.

2. നിലവിൽ പുഞ്ചക്കൊല്ലി ഡിവിഷനിൽ 49 ടാപ്പിംഗ് തൊഴിലാളികളും 36 ഫീൽഡ് തൊഴിലാളികളുമുൾപ്പെടെ 85 തൊഴിലാളികളാണ് ജോലി ചെയ്തുവരുന്നത്.

(സി) പുഞ്ചക്കൊല്ലി ഡിവിഷനിൽ വർഷങ്ങളായി ജോലി ചെയ്തുവരുന്ന 37 ആദിവാസി വിഭാഗങ്ങളിൽപ്പെട്ട താൽക്കാലിക തോട്ടം തൊഴിലാളികളെ അടുത്തിടെ ജോലിയിൽ നിന്നും പിരിച്ചുവിട്ടിട്ടുണ്ടോ; ഇവർക്ക് പിരിച്ചുവിടുന്നതുമായി ബന്ധപ്പെട്ട നോട്ടീസ് പ്ലാന്റേഷൻ കോർപ്പറേഷൻ നൽകിയിട്ടുണ്ടോ; എങ്കിൽ നോട്ടീസിന്റെ പകർപ്പ് ലഭ്യമാക്കാമോ; നോട്ടീസുകൾ പിരിച്ചുവിടപ്പെട്ട തൊഴിലാളികൾ കൈപ്പറ്റിയതിന്റെ രസീതികൾ ലഭ്യമാക്കാമോ?

നിലമ്പൂർ എസ്റ്റേറ്റിലെ പുഞ്ചക്കൊല്ലി ഡിവിഷനിൽ സ്ഥിരം തൊഴിലാളികളുടെ ഒഴിവ് വരുമ്പോഴും സീസണൽ ജോലികൾക്ക് ആവശ്യമുള്ളപ്പോഴും പ്രാദേശികമായി തയ്യാറാക്കപ്പെട്ട പട്ടികയിലെ തൊഴിലാളികളെ താൽക്കാലികമായി നിയോഗിച്ചു വരുന്നു. ഡിവിഷനിലെ ഇപ്രകാരമുള്ള 37 ആദിവാസി വിഭാഗങ്ങളിൽപ്പെട്ട താൽക്കാലിക തൊഴിലാളികളെ ജോലിയുടെ ലഭ്യതക്കുറവുമൂലം മാറ്റിനിർത്തുകയുണ്ടായി.

കോർപ്പറേഷനിലെ നിയമങ്ങൾപ്രകാരം സ്ഥിരം തൊഴിലാളികളുടെ അഭാവത്തിൽ ജോലി നിർവ്വഹിക്കുന്നതിനായാണ് താൽക്കാലിക തൊഴിലാളികളെ നിയോഗിക്കുന്നത്. ഇത്തരത്തിൽ താൽക്കാലികമായി നിയോഗിക്കപ്പെടുന്നവർക്ക് രേഖാമൂലമുള്ള നിയമന ഉത്തരവോ ജോലിയോ ഇല്ലാത്ത സാഹചര്യത്തിൽ വിടുതൽ ഉത്തരവോ നൽകാറില്ല.

(ഡി) മുപ്പത്തിയേഴ് ആദിവാസി വിഭാഗങ്ങളിൽപ്പെട്ട താൽക്കാലിക തൊഴിലാളികളെ നോട്ടീസുപോലും നൽകാതെ പിരിച്ചുവിടാനുണ്ടായ കാരണം വിശദമാക്കാമോ; മേൽ തൊഴിലാളികളെ പിരിച്ചുവിടണമെന്ന നിർദ്ദേശം നൽകിയ ഉദ്യോഗസ്ഥൻ ആരാണെന്നും ഉദ്യോഗസ്ഥന്റെ വിശദാംശങ്ങളും നൽകാമോ?

നിലമ്പൂർ എസ്റ്റേറ്റിലെ പൂഞ്ചക്കൊല്ലി ഡിവിഷനിലെ 1989 പ്ലാന്റിംഗ് ഏരിയ (30 ഹെക്ടർ) കട്ടുംവെട്ടിന് കരാർ നൽകുന്നതിനാലും 1988 പ്ലാന്റിംഗ് ഏരിയ (25 ഹെക്ടർ) മരങ്ങൾ മുറിച്ചുമാറ്റി പ്ലാന്റിംഗ് നടത്തുന്നതിന് തീരുമാനിച്ചതിനാലും മൊത്തം ടാപ്പിംഗ് ടാസ്കുകളുടെ എണ്ണം 107-ൽ നിന്ന് 74 ആയി കുറയുകയുണ്ടായി. തോട്ടത്തിൽ സ്ഥിരം തൊഴിലാളികളുടെ ഒഴിവ് വരുമ്പോഴും സീസണൽ ജോലികൾക്ക് ആവശ്യമുള്ളപ്പോഴും ഡിവിഷൻ

ഫീൽഡ് എക്സിക്യൂട്ടീവ് ആദിവാസി ഊരിൽ നേരിൽചെന്ന് കണ്ട് ജോലി സാധ്യത അറിയിക്കുകയും തൊഴിലാളികളെ താൽക്കാലികമായി ജോലിക്ക് നിയോഗിക്കുകയും ചെയ്തുവരുന്നു. പ്രാദേശികമായി തയ്യാറാക്കപ്പെട്ട പട്ടികയിലെ താൽക്കാലിക തൊഴിലാളികളെയാണ് ഇപ്രകാരം ജോലിക്ക് നിയോഗിക്കുന്നത്. ജോലി ഒഴിവില്ലാത്ത സാഹചര്യത്തിലാണ് ടി 37 ആദിവാസി വിഭാഗങ്ങളിൽപ്പെട്ട താൽക്കാലിക തൊഴിലാളികളെ ജോലിയിൽ നിന്നും മാറ്റിനിർത്തിയിട്ടുള്ളത്. ഇപ്രകാരം താൽക്കാലികമായി നിയോഗിക്കപ്പെടുന്നവർക്ക് രേഖാമൂലമുള്ള നിയമന ഉത്തരവോ ജോലിയില്ലാത്ത സാഹചര്യങ്ങളിലുള്ള പിരിച്ചുവിടൽ ഉത്തരവോ നൽകാറില്ല. തൊഴിലാളികളെ ജോലിയുടെ ലഭ്യത പരിശോധിച്ച് നിയോഗിക്കുന്നത് എസ്റ്റേറ്റ് മാനേജരാണ്.

(ഇ) പിരിച്ചുവിടപ്പെട്ടതും നിരവധി വർഷങ്ങളായി ജോലി ചെയ്തു വന്നിരുന്നതുമായ പ്രസ്തുത തൊഴിലാളികളെ ജോലിയിൽ തിരിച്ചെടുക്കുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ; അറിയിക്കാമോ?

ഇപ്പോൾ മാറ്റിനിർത്തിയിരിക്കുന്ന തൽക്കാലിക തൊഴിലാളികളെ മുൻ പതിവനുസരിച്ച് തുടർന്ന് സ്ഥിരം തൊഴിലാളികളുടെ അഭാവത്തിൽ

താൽക്കാലികമായി ജോലിക്ക് നിയോഗിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

കാസർഗോഡ് ജില്ലയിൽ വൊർക്കാടി പഞ്ചായത്തിലെ കൃഷി വിജ്ഞാന കേന്ദ്രം

64(5188) ശ്രീ. എ. കെ. എം. അഷ്റഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗേഡ് ജില്ലയിൽ വൊർക്കാടി പഞ്ചായത്തിലെ കൃഷി വിജ്ഞാനകേന്ദ്രത്തിൽ നിന്നും നിലവിൽ കർഷകർക്ക് ലഭ്യമാകുന്ന സേവനങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ; പ്രസ്തുത സേവനങ്ങൾ ലഭ്യമാകുന്ന ഗുണഭോക്താക്കളുടെ എണ്ണം എത്രയാണെന്ന് വിശദമാക്കുമോ?

കാസർഗോഡ് ജില്ലയിലെ വൊർക്കാടി പഞ്ചായത്തിൽ കൃഷി വകുപ്പിന്റെ കീഴിൽ കൃഷി വിജ്ഞാന കേന്ദ്രം നിലവിലില്ല. എന്നാൽ ടി പഞ്ചായത്തിൽ കേരള കാർഷിക സർവ്വകലാശാലയുടെ ഒരു എക്സ്റ്റെൻഷൻ സെന്റർ പ്രവർത്തിക്കുന്നുണ്ട്. ഈ കേന്ദ്രത്തിൽനിന്നും കർഷകർക്ക് ലഭ്യമാക്കികൊണ്ടിരിക്കുന്ന സേവനങ്ങൾ താഴെപ്പറയുന്നവയാണ്.

വിവിധ കാർഷിക വിഷയങ്ങളിലെ പരിശീലന പരിപാടികൾ, വിത്തുകളുടെയും തൈകളുടെയും വിതരണം, കൃഷിയുമായി ബന്ധപ്പെട്ട കർഷകരുടെ പ്രശ്നങ്ങൾ പരിഹരിക്കൽ, വിദഗ്ദ്ധ അഭിപ്രായം നൽകൽ തുടങ്ങിയവ. 2016 മുതൽ ഏകദേശം 15,000-ത്തോളം കർഷകർക്ക് സേവനം നൽകാൻ സാധിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത സ്ഥാപനത്തിൽ എത്ര ജീവനക്കാരാണുള്ളത്; സ്ഥിരം ജീവനക്കാർ എത്രയാണെന്നും അവരുടെ തസ്തിക, ശമ്പളം എന്നീ വിവരങ്ങളും ലഭ്യമാക്കുമോ?

പ്രസ്തുത സ്ഥാപനത്തിൽ മൊത്തം 1 അദ്ധ്യാപകൻ, 2 ഓഫീസ് ജീവനക്കാർ, 1 സ്ഥിരം തൊഴിലാളി എന്നിങ്ങനെ 4 സ്ഥിരം ജീവനക്കാരുണ്ട്. സ്ഥിരം ജീവനക്കാരുടെ വിശദാംശങ്ങൾ അനുബന്ധം ആയി ചേർക്കുന്നു.+

(സി) പ്രസ്തുത സ്ഥാപനത്തിലെ താൽക്കാലിക ജീവനക്കാരുടെ പേരുവിവരങ്ങൾ, തസ്തിക, ശമ്പളം എന്നീ വിവരങ്ങൾ ലഭ്യമാക്കുമോ; താൽക്കാലിക ജീവനക്കാരെ ഏത് രീതിയിലാണ് നിയമിച്ചതെന്ന്

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വ്യക്തമാക്കുമോ; ഇവരുടെ നിയമന കാലാവധി എന്നുവരെയാണെന്ന് വിശദമാക്കുമോ?

നിലവിൽ മഞ്ചേശ്വരം എക്സ്റ്റൻഷൻ ട്രെയിനിംഗ് സെന്ററിൽ ഉള്ള 13 താൽക്കാലിക ജീവനക്കാരുടെ വിശദാംശങ്ങൾ അനുബന്ധം ആയി ചേർക്കുന്നു.+

ദിവസവേതനാടിസ്ഥാനത്തിൽ ജോലി ചെയ്യുന്നവരെ ഇന്റർവ്യൂ നടത്തിയാണ് തെരഞ്ഞെടുത്തിട്ടുള്ളത്. കരാർ അടിസ്ഥാനത്തിൽ നിയമിച്ചവരെ ക്വട്ടേഷൻ അടിസ്ഥാനത്തിൽ യോഗ്യതയുള്ളവരിൽ നിന്നും അപേക്ഷകൾ ക്ഷണിച്ച് അവരുടെ പ്രായോഗിക ശേഷി പരീക്ഷയും അഭിമുഖവും നടത്തിയാണ് തെരഞ്ഞെടുത്തത്. ദിവസവേതനാടിസ്ഥാനത്തിൽ ജോലി ചെയ്യുന്നവരുടെ കാലാവധി തുടർച്ചയായ 59 ദിവസവും കരാർ അടിസ്ഥാനത്തിൽ ജോലി ചെയ്യുന്നവരുടെ കാലാവധി 6 മാസം/ഒരു വർഷം ആണ്.

(ഡി) പ്രസ്തുത സ്ഥാപനത്തിൽ താൽക്കാലിക ജീവനക്കാരെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നിയമിക്കാത്തത് എന്തുകൊണ്ടാണെന്ന് വിശദമാക്കുമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

മഞ്ചേശ്വരം എക്സ്റ്റൻഷൻ ട്രെയിനിംഗ് സെന്ററിൽ എംപ്ലോയ്മെന്റ് എക്സ്ചെയ്ഞ്ച് മുഖേന താത്കാലിക ജീവനക്കാരെ നിയമിക്കുന്നതിനുള്ള കമ്മിറ്റി രൂപീകരിച്ച് നിയമനം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ഇ) പ്രസ്തുത സ്ഥാപനത്തിന് വാഹനം ഉണ്ടോ; എങ്കിൽ വാഹനത്തിന്റെ തരം, മോഡൽ എന്നിവ വ്യക്തമാക്കുമോ; നിലവിൽ ഈ വാഹനം പ്രവർത്തനക്ഷമതയുള്ളതാണോ എന്ന് വ്യക്തമാക്കുമോ; പ്രസ്തുത വാഹനം 2021 ജനുവരി മുതൽ 2022 ജൂൺ 30 വരെ എത്ര കിലോമീറ്റർ ഓടിയിട്ടുണ്ടെന്ന് മാസം തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ?

ഉണ്ട്. അംബാസഡർ കാർ, 2000 DSL (2007 model). നിലവിൽ വാഹനം പ്രവർത്തനക്ഷമതയുള്ളതാണ്. പുതിയ വാഹനം വാങ്ങുന്നതിന് സർക്കാരിന്റെ നിയന്ത്രണം നിലവിലുണ്ട്. പ്രസ്തുത വാഹനം 2021 ജനുവരി മുതൽ 2022 ജൂൺ 30 വരെ എത്ര കിലോമീറ്റർ ഓടിയിട്ടുണ്ടെന്ന് മാസം തിരിച്ചുള്ള കണക്ക് അനുബന്ധം ആയി ചേർക്കുന്നു.+

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എഫ്) പ്രസ്തുത സ്ഥാപനത്തിലെ ഡ്രൈവറുടെ നിയമനം ഏത് രീതിയിലാണെന്നും നിയമന കാലാവധി എന്നുവരെയാണെന്നും വ്യക്തമാക്കുമോ?

ഡ്രൈവറുടെ നിയമനം ദിവസ വേതനാടിസ്ഥാനത്തിലാണ്. നിയമന കാലാവധി 59 ദിവസത്തേയ്ക്കാണ്.

<u>ഇരിമ്പിളിയം കൃഷിഭവൻ നവീകരണം</u>

65(5189) <u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടക്കൽ നിയോജകമണ്ഡലത്തിലെ ഇരിമ്പിളിയം കൃഷിഭവൻ കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

നിലവിൽ കാർഷിക വികസന കർഷക ക്ഷേമ വകുപ്പിൽ കൃഷി ഭവന്റെ നിർമ്മാണപ്രവൃത്തികൾക്ക് ഫണ്ട് നീക്കിവച്ചിട്ടില്ല. കൃഷി ഭവനുകൾ അതത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറി നൽകിയിട്ടുള്ളതിനാൽ കൃഷിഭവനുകളുടെ കെട്ടിടം പുതുക്കി

നിർമ്മിക്കുന്നതിന് ആവശ്യമായ ഫണ്ട് ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളാണ് ലഭ്യമാക്കേണ്ടത്.

(ബി) ശോചനീയാവസ്ഥയിലുള്ള, നാല്പത് വർഷത്തിലേറെ പഴക്കമുള്ള പ്രസ്തുത കൃഷിഭവൻ സ്മാർട്ട് കൃഷിഭവൻ പദ്ധതിയുടെ ഭാഗമായ ആർ.ഐ.ഡി.എഫ്. പദ്ധതിയിൽ ഉൾപ്പെടുത്തി നവീകരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

2021-22 വർഷത്തിൽ ആർ.ഐ.ഡി.എഫ്. പദ്ധതിയുടെ ഭാഗമായി സ്മാർട്ട് കൃഷി ഭവൻ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് ശിപാർശ ചെയ്തിട്ടുള്ള 28 കൃഷി ഭവനുകളിൽ ഇരിമ്പിളിയം കൃഷി ഭവനും ഉൾപ്പെടുന്നുണ്ട്. എന്നാൽ അന്തിമ ലിസ്റ്റായിട്ടില്ല.

<u>അരൂർ മണ്ഡലത്തിലെ സ്മാർട്ട് കൃഷി ഓഫീസുകൾ</u>

66(5190) <u>ശ്രീമതി ദെലീമ</u>: താഴെക്കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

അരൂർ മണ്ഡലത്തിലെ കൃഷി ഓഫീസുകളെ സ്മാർട്ട് കൃഷി ഓഫീസുകളാക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

ഇത്തരത്തിൽ സ്മാർട്ട് കൃഷി ഓഫീസുകൾ ആക്കിയ ഓഫീസുകളുടെ വിശദാംശം നൽകുമോ?

സ്മാർട്ട് കൃഷി ഭവൻ പദ്ധതി പ്രകാരം സംസ്ഥാനത്തെ കൃഷിഭവനുകളെ സ്മാർട്ട് കൃഷിഭവനുകളാക്കുന്നതിനുള്ള നടപടിക്രമങ്ങൾ പുരോഗമിച്ചുവരുന്നു. അരൂർ മണ്ഡലത്തിൽ നിന്നും പാണാവള്ളി കൃഷിഭവനെയാണ് സ്മാർട്ട് കൃഷി ഭവനാക്കുന്നതിനായി ആലപ്പുഴ പ്രിൻസിപ്പൽ കൃഷി ഓഫീസർ ശിപാർശ ചെയ്തിട്ടുള്ളത്. എന്നാൽ അന്തിമ ലിസ്റ്റായിട്ടില്ല.

<u>തൃശ്ശൂർ ജില്ലയിലെ സ്മാർട്ട് കൃഷി ഭവനുകൾ</u>

67(5191) <u>ശ്രീ. സനീഷ്കുമാർ ജോസഫ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയിലെ ഏതൊക്കെ കൃഷിഭവനുകളെയാണ് സ്മാർട്ട് കൃഷിഭവനുകളായി ഉയർത്തുന്ന പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി തെരഞ്ഞെടുത്തിട്ടുള്ളതെന്ന് അറിയിക്കുമോ?

സ്മാർട്ട് കൃഷിഭവൻ പദ്ധതി പ്രകാരം കൃഷിഭവനുകളെ സ്മാർട്ട് കൃഷി ഭവനുകളാക്കുന്നതിനുള്ള നടപടിക്രമങ്ങൾ പുരോഗമിച്ചുവരുന്നു. അന്തിമ ലിസ്റ്റായിട്ടില്ല. തൃശ്ശൂർ പ്രിൻസിപ്പൽ കൃഷി ഓഫീസർ തൃശ്ശൂർ ജില്ലയിൽ

നിന്നും നിയോജകമണ്ഡലാടിസ്ഥാനത്തിൽ സ്മാർട്ട് കൃഷിഭവനകളാക്കുവാൻ ശിപാർശ ചെയ്തിട്ടുള്ള കൃഷിഭവനകളുടെ പട്ടിക അനുബന്ധമായി ചേർക്കുന്നു.+

(ബി) ഇതിനായുള്ള നടപടികളുടെ നിലവിലെ സ്ഥിതി വിശദീകരിക്കുമോ ?

സ്മാർട്ട് കൃഷി ഭവൻ പദ്ധതിയിൻകീഴിൽ സംസ്ഥാനത്തെ മുഴുവൻ കൃഷി ഭവനകളെയും ഘട്ടംഘട്ടമായി കൊണ്ടുവരുവാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്. ആദ്യഘട്ടത്തിൽ സംസ്ഥാനത്തെ 14 കൃഷി ഭവനകളെ RIDF പദ്ധതിയിൽ ഉൾപ്പെടുത്തി സ്മാർട്ട് കൃഷി ഭവനകളാക്കുന്നതാണ്. കൂടാതെ സംസ്ഥാന വാർഷിക പദ്ധതിയായ 'സ്മാർട്ട് കൃഷിഭവൻ' പദ്ധതിക്ക് ഭരണാനുമതി നൽകിയിട്ടുള്ളതിനാൽ 28 കൃഷിഭവനകളെ കൂടി സംസ്ഥാനാടിസ്ഥാനത്തിൽ സ്മാർട്ട് കൃഷിഭവനകളാക്കുന്നതിനുള്ള നടപടിക്രമങ്ങളും പുരോഗമിച്ചുവരുന്നു.

## അഗ്രികൾച്ചർ അസിസ്റ്റന്റ് ഗ്രേഡ് II തസ്തിക

68(5192) ശ്രീ. ടി. ഐ. മധുസൂദനൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) വി.എച്ച്.എസ്.ഇ. അഗ്രിക്കൾച്ചർ കോഴ്സ് കഴിഞ്ഞവർക്ക് അപേക്ഷിക്കാൻ കഴിയുന്ന ആകെയുള്ള തസ്തികയായ അഗ്രികൾച്ചർ അസിസ്റ്റന്റ് ഗ്രേഡ് II -ന്റെ യോഗ്യത ഡിപ്ലോമ ഇൻ അഗ്രിക്കൾച്ചർ അല്ലെങ്കിൽ വി.എച്ച്.എസ്.ഇ. അഗ്രിക്കൾച്ചർ എന്നാക്കി മാറ്റാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ?

കൃഷി വകുപ്പിലെ സബോർഡിനേറ്റ് സർവ്വീസ് സ്പെഷ്യൽ റൂൾ രൂപീകരിക്കുന്ന പ്രക്രിയ പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്. ഈ വിഷയവും പരിശോധിച്ചുവരുന്നു.

(ബി) പ്രസ്തുത തസ്തികയിലേയ്ക്ക് നിലവിൽ ഒരേ പരീക്ഷ എഴുതിയവർക്ക് തന്നെ പി.എസ്.സി. പരീക്ഷയുടെ മാർക്കിന്റെ അടിസ്ഥാനത്തിലല്ലാതെ യോഗ്യതയുടെ അടിസ്ഥാനത്തിൽ വ്യത്യസ്ത റാങ്ക് ലിസ്റ്റുകൾ പ്രസിദ്ധീകരിച്ച് നിയമനം നൽകുന്നത് ഗവൺമെന്റിന്റെ ശ്രദ്ധയിൽ വന്നിട്ടുണ്ടോ; വ്യക്തമാക്കാമോ?

ഉണ്ട്. അഗ്രികൾച്ചർ അസിസ്റ്റന്റ് ഗ്രേഡ് II തസ്തികയിലേയ്ക്കുള്ള യോഗ്യത നിശ്ചയിച്ചിട്ടുള്ള നിലവിലെ സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ, കേരള കാർഷിക സർവ്വകലാശാലയിൽ നിന്നുള്ള

ഡിപ്ലോമ ഇൻ അഗ്രിക്കൾച്ചറൽ സയൻസ് അഥവാ തത്തുല്യ യോഗ്യത നേടിയവരെ ലിസ്റ്റ് I-ലും വി.എച്ച്.എസ്.സി. അഗ്രിക്കൾച്ചർ യോഗ്യതയുള്ളവരെ ലിസ്റ്റ് II-ലും ഉൾപ്പെടുത്തിയാണ് പി.എസ്.സി. റാങ്ക് ലിസ്റ്റ് തയ്യാറാക്കിയിരിക്കുന്നത്. ടി തസ്തികയുടെ ഗസറ്റ് വിജ്ഞാപനത്തിൽ ലിസ്റ്റ് I-ൽ യോഗ്യത നേടിയവരുടെ അഭാവത്തിൽ മാത്രമേ ലിസ്റ്റ് II-ൽ ഉൾപ്പെട്ടവരെ പരിഗണിക്കുകയുള്ളൂ എന്ന വ്യവസ്ഥയും ടി തസ്തികയുടെ തെരഞ്ഞെടുപ്പിനായി നടത്തുന്ന പരീക്ഷയിൽ ലഭിക്കുന്ന മാർക്കിനെ ആധാരമാക്കി യോഗ്യതയുടെ അടിസ്ഥാനത്തിൽ വ്യത്യസ്ത റാങ്ക്‌ലിസ്റ്റ് തയ്യാറാക്കുന്നത് സംബന്ധിച്ച വ്യവസ്ഥയും ചേർത്തിട്ടുണ്ട്.

(സി) പ്രസ്തുത തസ്തികയ്ക്ക് വി.എച്ച്.എസ്.ഇ. കോഴ്സിന്റെ സിലബസ് പര്യാപ്തമല്ലെങ്കിൽ ഒന്നുകിൽ പ്രസ്തുത കോഴ്സ് നിർത്തലാക്കാനോ അല്ലെങ്കിൽ പരിഷ്കരിക്കാനോ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

നിലവിൽ പരിഗണനയിലില്ല.

കൃഷി അസിസ്റ്റന്റ്/അസിസ്റ്റന്റ് കൃഷി ഓഫീസർ പൊതു സ്ഥലംമാറ്റം

69(5193) ശ്രീമതി ഒ. എസ്. അംബിക: താഴെക്കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കൃഷി അസിസ്റ്റന്റ്/അസിസ്റ്റന്റ് കൃഷി ഓഫീസർ എന്നിവരുടെ പൊതു സ്ഥലംമാറ്റം ഓൺലൈനായി നടത്തുന്നതിന് അപേക്ഷ ക്ഷണിച്ചതിൻ പ്രകാരമുള്ള കരട് ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുണ്ടോ; സ്ഥലംമാറ്റം നടത്തുന്നതിന് എന്തെങ്കിലും തടസ്സം നേരിട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ?

ഇല്ല. കൃഷി അസിസ്റ്റന്റുമാരുടെ പൊതുസ്ഥലംമാറ്റവുമായി ബന്ധപ്പെട്ട് സർക്കാർ പുറപ്പെടുവിച്ച 27.03.2022-ലെ സ.ഉ.(സാധാ)നം 257/2022/കൃഷി നമ്പർ ഉത്തരവ് ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൻറെ ഒ.എ. 657/2022 നമ്പർ കേസിലെ 13.04.2022-ലെ ഇടക്കാല ഉത്തരവ് പ്രകാരം സ്റ്റേ ചെയ്തിട്ടുണ്ട്. സ്റ്റേ ഒഴിവാക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുവാൻ അഡ്വക്കേറ്റ് ജനറലിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

<u>ഒറ്റപ്പാലം നിയോജകമണ്ഡലത്തിലെ ആർ.ഐ.ഡി.എഫ്. പ്രവൃത്തികൾ</u>

70(5194) <u>ശ്രീ. കെ. പ്രേംകുമാർ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 മുതൽ ഒറ്റപ്പാലം നിയോജകമണ്ഡലത്തിൽ ആർ.ഐ.ഡി. എഫ്. പദ്ധതിയിൽ ഉൾപ്പെടുത്തി അനുവദിച്ച പ്രവൃത്തികളുടെ വിശദവിവരം ലഭ്യമാക്കാമോ;

(ബി) ഓരോ പ്രവൃത്തിക്കും അനുവദിച്ച തുക എത്രയെന്നും നിലവിലെ പ്രവർത്തന പുരോഗതിയും വ്യക്തമാക്കുമോ; ഉത്തരവുകളുടെ പകർപ്പുകൾ ലഭ്യമാക്കാമോ?

(എ & ബി) 2016 മുതൽ ഒറ്റപ്പാലം നിയോജകമണ്ഡലത്തിൽ ആർ.ഐ.ഡി.എഫ്. പദ്ധതിയിൽ ഉൾപ്പെടുത്തി അനുവദിച്ച പ്രവൃത്തികളുടെ വിശദാംശങ്ങളും അനുവദിച്ച തുകയും പ്രവർത്തന പുരോഗതിയും അനുബന്ധമായി ചേർക്കുന്നു. +

<u>പട്ടാമ്പി നിയോജകമണ്ഡലത്തിലെ കൃഷി വകുപ്പ് പദ്ധതികൾ</u>

71(5195) <u>ശ്രീ. മുഹമ്മദ് മുഹസിൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) ഈ സർക്കാർ നിലവിൽ വന്നതിനുശേഷം പട്ടാമ്പി നിയോജകമണ്ഡലത്തിൽ കൃഷിവകുപ്പ് മുഖാന്തരം എന്തെല്ലാം പ്രവർത്തനങ്ങളാണ് നടപ്പിലാക്കിയിട്ടുള്ളത്?

ഈ സർക്കാർ നിലവിൽ വന്നതിനുശേഷം പട്ടാമ്പി നിയോജകമണ്ഡലത്തിൽ കൃഷി വകുപ്പ് മുഖാന്തരം നടപ്പിലാക്കിയ പദ്ധതികൾ അനുബന്ധമായി ചേർക്കുന്നു. +

(ബി) ഓരോ പ്രവൃത്തിയുടെയും നിലവിലെ സ്ഥിതി എന്താണെന്ന് വ്യക്തമാക്കുമോ; പ്രവൃത്തികളുടെ പുരോഗതി വിലയിരുത്തുന്നതിന് അവലോകനയോഗങ്ങൾ നടത്താറുണ്ടോ; വിശദാംശം നൽകാമോ?

വർഷാവർഷം അനുവദിക്കുന്ന പദ്ധതികൾ അതത് വർഷം തന്നെ പൂർത്തീകരിക്കാറുണ്ട്. പ്രവൃത്തികളുടെ പുരോഗതി വിലയിരുത്തുന്നതിനായി അവലോകന യോഗങ്ങൾ നടത്താറുണ്ട്.

## ഇന്ത്യ-പസഫിക്ക് കരാറിന്റെ ദോഷങ്ങൾ

72(5196) ശ്രീ. തോമസ് കെ. തോമസ്:
ശ്രീ. കെ. പി. മോഹനൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) ഇന്ത്യ-പസഫിക്ക് രാജ്യങ്ങളുടെ ചർച്ചയിൽ വ്യാപാര കരാർ ഒപ്പിട്ടുകഴിഞ്ഞാൽ കാർഷികരംഗത്ത് കേരളത്തിന് ഉണ്ടായേക്കാവുന്ന ദോഷങ്ങൾ കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടുവരാൻ നടപടികൾ സ്വീകരിക്കുമോ?

ഇന്ത്യ-പസഫിക്ക് രാജ്യങ്ങളുടെ ചർച്ചയുടെ അടിസ്ഥാനത്തിൽ വ്യാപാര കരാർ തയ്യാറായി കഴിഞ്ഞാൽ ആയതിൽ കാർഷിക രംഗത്ത് കേരളത്തിന് ദോഷങ്ങൾ ഉള്ള പക്ഷം ആ വിഷയത്തിന്മേൽ വിശദമായ പഠനം നടത്തിയതിനുശേഷം കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടു വരുന്നതാണ്.

(ബി) വിയറ്റ്നാമിൽ നിന്നും കുരുമുളകും ഇന്തോനേഷ്യയിൽ നിന്നും നാളികേരവും ജാതിയും റബ്ബറും ഓസ്ട്രേലിയയിൽ നിന്നും പാലും യു.എസ്സ്.-ൽനിന്ന് പാലുല്പന്നങ്ങളും ഇറക്കുമതി ചെയ്താൽ കേരളത്തിലെ കർഷകരെ എങ്ങനെ ബാധിക്കുമെന്ന് വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ ആയത് കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടുവരുമോ?

ഇക്കാര്യത്തിലുള്ള കേരളത്തിന്റെ ആശങ്ക കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്.

<u>കാസർഗോഡ് ജില്ലയിലെ പ്ലാന്റ് ഹെൽത്ത് ക്ലിനിക്കുകൾ</u>

73(5197) <u>ശ്രീ. ഇ. ചന്ദ്രശേഖരൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ എവിടെയെല്ലാമാണ് കൃഷിഭവനുകൾക്ക് കീഴിൽ പ്ലാന്റ് ഹെൽത്ത് ക്ലിനിക്കുകൾ പ്രവർത്തിക്കുന്നതെന്ന് വ്യക്തമാക്കാമോ?

കാസർഗോഡ് ജില്ലയിൽ മഞ്ചേശ്വരം, കുമ്പള, ചെങ്കള, മുളിയാർ, ബേഡഡുക്ക, ഉദുമ, അജാനൂർ, മടിക്കൈ, കോടോംബേളൂർ, കള്ളാർ, വെസ്റ്റ് എളേരി, നീലേശ്വരം എന്നീ കൃഷി ഭവനുകളിലാണ് പ്ലാന്റ് ഹെൽത്ത് ക്ലിനിക്കുകൾ പ്രവർത്തിക്കുന്നത്.

(ബി) പ്ലാന്റ് ഹെൽത്ത് ക്ലിനിക്കുകൾ മുഖാന്തരം കർഷകർക്ക് നൽകുന്ന സേവനങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ?

പ്ലാന്റ് ഹെൽത്ത് ക്ലിനിക്കുകൾ മുഖേന പ്രധാനമായും കൃഷിയിടങ്ങളിലെ രോഗ-കീടബാധ തിരിച്ചറിഞ്ഞ് നിയന്ത്രണമാർഗ്ഗങ്ങൾ നിർദ്ദേശിക്കുന്നു. ഇതിനായി കീടരോഗ നിരീക്ഷണ ക്യാമ്പയിൻ ക്ലിനിക് ഡേ (ആഴ്ചയിലൊരു ദിവസം) കൃഷിയിട സന്ദർശനവും സി.പി.എസ്.എസ്,

(CPSS) സൈറ്റിലേയ്ക്ക് അപ്‌ലോഡ് ചെയ്യലും വാട്സ് ആപ്പ് ഗ്രൂപ്പ് മുഖേനയുള്ള ചർച്ചകളും നടത്തിവരുന്നു. കൂടാതെ മണ്ണ് പരിശോധന നടത്തി കർഷകർക്ക് വേണ്ട നിർദ്ദേശവും നൽകുന്നു. ക്ലിനിക്കിലെ ബയോ ഫാർമസി ലൈബ്രറിയിൽ കൃഷി അനുബന്ധ മേഖലയിലെ പുസ്തകങ്ങൾ ലഭ്യമാക്കുന്നു. വിള നിരീക്ഷണ പത്രിക അച്ചടിക്കലും വിതരണവും Wet & dry പ്രിസർവേഷൻ ഹെർബേറിയം കളക്ഷൻ, എലിനശീകരണ ക്യാമ്പയിനുകൾ എന്നീ സേവനങ്ങളും ലഭ്യമാക്കുന്നുണ്ട്.

<u>അഗ്രോസർവ്വീസ് സെന്ററുകൾ</u>

74(5198) <u>ശ്രീ. കെ. ആൻസലൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൃഷിവകുപ്പ് 2021-22-ൽ സംസ്ഥാനത്ത് ഏതൊക്കെ ജില്ലയിലാണ് അഗ്രോസർവ്വീസ് സെന്ററുകൾക്ക് ഭരണാനുമതി നൽകിയതെന്ന് വിശദമാക്കാമോ?

2021-22 വർഷത്തിൽ കൊല്ലം, എറണാകുളം, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കണ്ണൂർ, കാസർഗോഡ് എന്നീ ജില്ലകളിലായി 8 കൃഷിശ്രീ സെന്ററുകൾ (അഗ്രോ സർവ്വീസ് സെന്ററുകൾ) സ്ഥാപിച്ചിട്ടുണ്ട്.

(ബി) ഓരോ ജില്ലയിലും അഗ്രോസർവ്വീസ് സെന്റർ അനുവദിച്ചിട്ടുള്ള ബ്ലോക്ക് പഞ്ചായത്തുകളുടെ പേരുവിവരവും അനുവദിച്ച തുകയും വിശദമാക്കാമോ?

| ക്രമ നം. | ജില്ല | ബ്ലോക്ക് |
|---|---|---|
| 1 | കൊല്ലം | a. ഇരവിപുരം<br>b. കൊട്ടാരക്കര |
| 2 | എറണാകുളം | പറവൂർ |
| 3 | തൃശ്ശൂർ | ചേർപ്പ് |
| 4 | പാലക്കാട് | ചിറ്റൂർ |
| 5 | മലപ്പുറം | പരപ്പനങ്ങാടി |
| 6 | കണ്ണൂർ | ഇരിക്കൂർ |
| 7 | കാസർഗോഡ് | കാസർഗോഡ് |

ഓരോ കേന്ദ്രത്തിനും 31.25 ലക്ഷം രൂപ വീതം അനുവദിച്ചിട്ടുണ്ട്.

(സി) 2021-22-ൽ അനുവദിച്ച അഗ്രോസർവ്വീസ് സെന്ററുകൾ ആരംഭിക്കുന്നതിനുള്ള കാലതാമസത്തിന്റെ കാരണം വ്യക്തമാക്കാമോ?

സാമ്പത്തിക പരിധി (ceiling) നിശ്ചയിച്ചിരുന്നതിനാൽ കൃഷിശ്രീ സെന്ററുകൾ (അഗ്രോ സർവ്വീസ് സെന്ററുകൾ) ആരംഭിക്കുന്നതിനുള്ള തുക മുഴുവനായും റിലീസ് ചെയ്യുന്നതിന് കഴിയുമായിരുന്നില്ല. 2022

ഫെബ്രുവരിയിലാണ് കൃഷിശ്രീ സെന്ററുകൾക്ക് മുഴുവൻ തുകയും നൽകാൻ കഴിഞ്ഞത്.

## കൃഷിശ്രീ സെന്ററുകൾ

75(5199) ശ്രീ. ജോബ് മൈക്കിൾ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കൃഷിശ്രീ സെന്ററുകൾ ആരംഭിക്കുന്നതിന് സർക്കാർ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ?

2021-22 സാമ്പത്തികവർഷത്തിൽ ഏഴ് ജില്ലകളിലായി എട്ട് കൃഷിശ്രീ സെന്ററുകൾ ആരംഭിച്ചിട്ടുണ്ട്. 2022-23 സാമ്പത്തികവർഷത്തിൽ 20 കൃഷിശ്രീ സെന്ററുകൾ ആരംഭിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്.

(ബി) ആദ്യഘട്ടമായി എവിടെയെല്ലാം ആണ് കൃഷിശ്രീ സെന്ററുകൾ ആരംഭിക്കുന്നതെന്നും കൃഷിശ്രീ സെന്ററുകൾ അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങളും നടപടിക്രമങ്ങളും വ്യക്തമാക്കുമോ?

ആദ്യഘട്ടമായി ആരംഭിച്ച ഏട്ട് കൃഷിശ്രീ സെന്ററുകളുടെ പട്ടിക, കൃഷിശ്രീ സെന്ററുകൾ അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങളും നടപടിക്രമങ്ങളും എന്നിവ അനുബന്ധമായി ചേർക്കുന്നു.+

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

<u>വിദേശത്ത് നിന്നും കൊണ്ടുവരുന്ന പഴവർഗ്ഗ തൈകളും അലങ്കാരചെടികളും</u>

76(5200) <u>ശ്രീ. കെ. ബാബു (നെന്മാറ)</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ സ്വകാര്യ നഴ്സറികളിൽ വിദേശത്തുനിന്നും വ്യാപകമായി പഴവർഗ്ഗ തൈകളും, അലങ്കാര ചെടികളും കൊണ്ടുവരുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

(ബി) ഇങ്ങനെ കൊണ്ടുവരുന്ന വിളകളിലും അലങ്കാരചെടികളിലും ഉണ്ടാകുന്ന രോഗ-കീടബാധയെപ്പറ്റി പഠനം നടത്തിയിട്ടുണ്ടോ; ആയതിന് കാർഷിക സർവ്വകലാശാല നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

സസ്യങ്ങൾ ഇറക്കുമതി ചെയ്യുന്ന നഴ്സറികളോടനുബന്ധിച്ച് ക്വാറന്റൈൻ സൗകര്യം നിർബന്ധമായും ഉണ്ടായിരിക്കേണ്ടതാണ്. ഇറക്കുമതി ചെയ്യുന്ന സസ്യങ്ങൾ വിൽക്കാൻ Directorate of Plant Protection & Quarantine (DPPQ) നൽകുന്ന Post Entry Quarantine Certificate (PEQ Certificate) ആവശ്യമാണ്. പ്രസ്തുത സർട്ടിഫിക്കറ്റ് നൽകുന്ന ടീമിൽ കേരള കാർഷിക സർവ്വകലാശാലയിലെ വിദഗ്ധരും

ഉൾപ്പെടുന്നു. അധിനിവേശ രോഗങ്ങളും കീടങ്ങളും കണ്ടെത്തുന്ന പക്ഷം ക്വാറന്റൈൻ കേന്ദ്രത്തിൽവച്ച് തന്നെ ഇറക്കുമതി ചെയ്ത സസ്യങ്ങൾ കരിച്ചു കളയുകയാണ് (incinerate) ചെയ്യുന്നത്.

കേരളത്തിൽ ഉല്പാദിപ്പിക്കപ്പെടുകയും വില്പന നടത്തുകയും ചെയ്യുന്നതും കേരളത്തിന് പുറത്തുനിന്നും കൊണ്ടുവരുന്നതുമായ നടീൽ വസ്തുക്കളുടെ ഗുണമേന്മ ഉറപ്പുവരുത്തുന്നതിനായി "നഴ്സറി ആക്ട്" രൂപീകരിക്കുന്ന വിഷയം സർക്കാർ പരിശോധിച്ചുവരുന്നു.

<u>ഡ്രിപ്പ് ഇറിഗേഷൻ പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികൾ</u>

77(5201) <u>ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷിക രംഗത്ത് ഡ്രിപ് ഇറിഗേഷൻ പദ്ധതി നടപ്പിലാക്കുന്നതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നതെന്ന് അറിയിക്കുമോ?

കേന്ദ്രാവിഷ്കൃത പദ്ധതിയായ പ്രധാനമന്ത്രി കൃഷി സിഞ്ചായി യോജന - പെർ ഡ്രോപ്പ് മോർ ക്രോപ്പ് (മൈക്രോ ഇറിഗേഷൻ) പദ്ധതി പ്രകാരം ഡ്രിപ്പ് ഇറിഗേഷൻ സ്ഥാപിക്കുന്നതിന് കർഷകർക്ക് സബ്സിഡി നൽകി

വരുന്നു. ജില്ലകൾതോറും ഈ പദ്ധതിയുടെ പ്രചാരണത്തിനായി രജിസ്ട്രേഷൻ ക്യാമ്പുകളും കൃഷി വകുപ്പിന്റെ പ്രദർശനങ്ങളോട് ചേർന്ന് പ്രദർശന സ്റ്റാളുകളും തയ്യാറാക്കി പ്രചാരണം നടത്തി വരുന്നു. ഡ്രിപ്പ് ഇറിഗേഷൻ കൂടുതൽ വ്യാപകമാക്കുവാൻ വേണ്ടി പദ്ധതിയുടെ നോട്ടീസുകളും കൈപുസ്തകങ്ങളും വിതരണത്തിനായി തയ്യാറാക്കി വരുന്നു.

കൃഷി ഭവനുകൾ മുഖാന്തരമോ കാർഷിക എഞ്ചിനീയറുടെ കാര്യാലയം മുഖാന്തരമോ കർഷകർക്ക് സബ്സിഡിക്കായി അപേക്ഷ സമർപ്പിക്കാവുന്നതാണ്.

(ബി) പ്രസ്തുത പദ്ധതി നടപ്പിലാക്കേണ്ടതിലേയ്ക്കായി കൃഷിക്കാർക്ക് നൽകുന്ന ആനുകൂല്യങ്ങൾ എന്തൊക്കെയെന്ന് അറിയിക്കാമോ?

കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ വിഹിതമായി പദ്ധതി മാർഗ്ഗരേഖ പ്രകാരമുള്ള അനുവദനീയ തുകയുടെ 55% വരെ ചെറുകിട നാമമാത്ര കർഷകർക്കും 45% വരെ മറ്റുള്ള കർഷകർക്കും സബ്സിഡി നൽകി വരുന്നു. ഒരു ഗുണഭോക്താവിന് പരമാവധി അഞ്ച് ഹെക്ടർ വരെയുള്ള കൃഷിക്ക് പദ്ധതി മാർഗ്ഗരേഖയ്ക്കനുസൃതമായി സബ്സിഡി നൽകിവരുന്നു.

(സി) വടകര താലൂക്കിൽ ഏതൊക്കെ ഓഫീസുകളെയാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിന് സമീപിക്കേണ്ടത്; വ്യക്തമാക്കുമോ?

വടകര താലൂക്കിൽ ഉൾപ്പെട്ട എല്ലാ കൃഷി ഭവനുകളിലും കൃഷി അസിസ്റ്റന്റ് ഡയറക്ടറുടെ കാര്യാലയത്തിലും ഈ പദ്ധതിയുമായി ബന്ധപ്പെട്ട അന്വേഷണങ്ങൾക്ക് സമീപിക്കാവുന്നതാണ്.

## മണ്ണ് പര്യവേക്ഷണ-മണ്ണ് സംരക്ഷണ വകുപ്പിലെ എഞ്ചിനീയറിംഗ് പ്രവൃത്തികൾ

78(5202) ശ്രീ. എ. കെ. എം. അഷ്‌റഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണ്ണ് പര്യവേക്ഷണ-മണ്ണ് സംരക്ഷണ വകുപ്പിൽ എഞ്ചിനീയറിംഗ് പ്രവൃത്തികൾ കൃഷി ബിരുദധാരികൾ അളവ് പുസ്തകത്തിൽ (M book) രേഖപ്പെടുത്തി കരാറുകാർക്ക് ബില്ല് കൈമാറിയിട്ടുണ്ടോ എന്ന് വിശദമാക്കുമോ?

08.01.2021-ലെ സ.ഉ.(കൈ)നം.03/2021/കൃഷി എന്ന സർക്കാർ ഉത്തരവിൽ പരാമർശിച്ചിട്ടുള്ള Delegation of financial powers പ്രകാരം മണ്ണ് പര്യവേക്ഷണ-മണ്ണ് സംരക്ഷണ വകുപ്പ് നടപ്പിലാക്കി വരുന്ന പദ്ധതികളുമായി ബന്ധപ്പെട്ട് അളവ് പുസ്തകത്തിൽ (M book)

രേഖപ്പെടുത്തുന്നതിനും ബില്ലുകൾ മാറി തുക നൽകുന്നതിനും ഗസറ്റഡ് തസ്തികയിലുള്ള മണ്ണ് സംരക്ഷണ ഓഫീസർ/അസിസ്റ്റന്റ് എഞ്ചിനീയർ എന്നിവർക്ക് അനുമതി നൽകിയിട്ടുണ്ട്.

(ബി) പ്രസ്തുത വകുപ്പിൽ ഒരു കോടി രൂപയ്ക്കുമേൽ ചെലവ് വരുന്ന പ്രവൃത്തികൾക്ക് സാങ്കേതികാനുമതി നൽകുന്നത് ആരാണെന്നും ഇവരുടെ യോഗ്യത എന്താണെന്നും വ്യക്തമാക്കുമോ?

മണ്ണ് പര്യവേക്ഷണ-മണ്ണ് സംരക്ഷണ വകുപ്പ് ഡയറക്ടർ അദ്ധ്യക്ഷനും മണ്ണ് സംരക്ഷണ അഡീഷണൽ ഡയറക്ടർ, മൈനർ ഇറിഗേഷൻ വകുപ്പിലെ സിവിൽ വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവർ ഉൾപ്പെട്ട കമ്മിറ്റിയാണ് ഒരു കോടി രൂപയ്ക്കുമേൽ ചെലവ് വരുന്ന പദ്ധതികളുടെ സാങ്കേതികാനുമതി നൽകുന്നത്.

(സി) കാസർഗോഡ് ജില്ലയിൽ മണ്ണ് പര്യവേക്ഷണ ഓഫീസുകളിൽ നിലവിൽ എത്ര ഒഴിവുകളാണ് ഉള്ളതെന്നും പ്രസ്തുത തസ്തികകൾ എത്ര കാലമായി ഒഴിഞ്ഞ് കിടക്കുന്നുവെന്നും വിശദമാക്കുമോ;

(ഡി) പ്രസ്തുത ഒഴിവുകൾ അടിയന്തരമായി നികത്തുന്നതിന് നടപടി സ്വീകരിക്കുമോ?

(സി&ഡി) കാസർഗോഡ് ജില്ലയിലെ മണ്ണ് പര്യവേക്ഷണ ഓഫീസുകളിൽ നിലവിലുള്ള ഒഴിവുകളുടെ വിവരം അനുബന്ധമായി ചേർക്കുന്നു.+

## അബാർഡ് തൊഴിലാളികളുടെ കാഷ്വൽ നിയമനം

79(5203) ശ്രീ. കെ. ബാബു (നെന്മാറ): താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള കാർഷിക സർവ്വകലാശാലയിൽ ദിവസവേതനാടിസ്ഥാനത്തിൽ തൊഴിലെടുത്തിരുന്ന അബാർഡ് തൊഴിലാളികൾ 2021 ഒക്ടോബർ 12-ാം തീയതി മുതൽ നടത്തിവരുന്ന സമരത്തിന് ആധാരമായി ഉന്നയിച്ചിട്ടുള്ള ആവശ്യങ്ങൾ പരിഹരിക്കുന്നതിനായി എന്തെങ്കിലും ചർച്ച നടത്തിയിട്ടുണ്ടോ?

സമരത്തിന് ആധാരമായ ബഹു. ഹൈക്കോടതിയുടെ വിധിന്യായം നടപ്പാക്കുന്നത് സുപ്രീംകോടതി സ്റ്റേ ചെയ്തിട്ടുള്ള സാഹചര്യത്തിൽ ചർച്ച നടത്തിയിട്ടില്ല.

(ബി) അബാർഡ് തൊഴിലാളികളെ സർവ്വകലാശാലയിൽ കാഷ്വൽ തൊഴിലാളി നിയമനത്തിന് പരിഗണിക്കണമെന്ന ഹൈക്കോടതി

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വിധിയുടെ അടിസ്ഥാനത്തിൽ അർഹരായവർക്ക് കാഷ്വൽ തൊഴിലാളികളായി നിയമനം നൽകുന്നതിൽ എന്തെങ്കിലും തടസ്സമുണ്ടോ; എങ്കിൽ വ്യക്തമാക്കാമോ?

ഉണ്ട്. അബാർഡ് ട്രെയിനികളെ കാഷ്വൽ തൊഴിലാളികളായി നിയമിക്കുന്നതുമായി ബന്ധപ്പെട്ട കേസിൽ ഹൈക്കോടതിയുടെ വിധി സുപ്രീംകോടതി സ്റ്റേ ചെയ്തിട്ടുണ്ട്.

## വിജ്ഞാനാധിഷ്ഠിത കാർഷിക പ്രവൃത്തികൾ

80(5204) ശ്രീ. കടകംപള്ളി സുരേന്ദ്രൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നവകേരള നിർമ്മിതിയുടെ ഭാഗമായി വിജ്ഞാനാധിഷ്ഠിത സമൂഹം സൃഷ്ടിക്കുന്നതിന് കാർഷിക സർവ്വകാലാശാല എന്തെല്ലാം നടപടികൾ കൈക്കൊണ്ടിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

വിജ്ഞാനാധിഷ്ഠിത സമൂഹം സൃഷ്ടിക്കുന്നതിനായി കാർഷിക സർവ്വകലാശാല സ്വീകരിച്ച നടപടികൾ ചുവടെ ചേർക്കുന്നു.

1. വിദ്യാർത്ഥികൾക്ക് ഡിജി ലോക്കർ - എൻ.എ.ഡി. വഴി അക്കാദമിക് ഡാറ്റ രജിസ്റ്റർ ചെയ്യുന്നതിന് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.

2. വേൾഡ് എഡ്യൂക്കേഷൻ സർവീസസുമായി ചേർന്ന് വിദ്യാർത്ഥികളുടെ അക്കാദമിക് ഡാറ്റ വെരിഫൈ ചെയ്യുന്നതിലേയ്ക്ക് ഡിജിറ്റൽ സംവിധാനം ഒരുക്കിയിരിക്കുന്നു.

3. വിദ്യാർത്ഥികൾക്കായി ഒരു ഇ-ലേണിംഗ് പ്ലാറ്റ്ഫോം (കെ.എ.യു. മൂഡിൽ) ഒരുക്കിയിട്ടുണ്ട്. കൂടാതെ, പരീക്ഷാഫലങ്ങൾ വേഗതയോടെയും കൃത്യതയോടെയും പ്രസിദ്ധീകരിക്കുന്നതിന് കേരള കാർഷിക സർവ്വകലാശാല ഓൺലൈൻ ഇവാല്യുവേഷൻ സോഫ്റ്റ്‌വെയർ മുഖേന മൂല്യനിർണ്ണയം നടപ്പിലാക്കിയിട്ടുണ്ട്.

4. പ്രവേശന നടപടികൾ പൂർണ്ണമായും ഓൺലൈൻ മുഖേനയാക്കാൻ സർവ്വകലാശാല നടപടികൾ സ്വീകരിച്ചുവരുന്നു.

5. വിദേശ സർവ്വകലാശാലകളുമായി സഹവർത്തിത്വ പ്രോഗ്രാമുകളും (കോർണൽ യൂണിവേഴ്സിറ്റി) ഏഴ് കൃഷി വിജ്ഞാന കേന്ദ്രങ്ങളിലൂടെ 650 തൊഴിലധിഷ്ഠിത പരിപാടികളും നടത്തിയിട്ടുണ്ട്.

6. യംഗ് ഇന്നൊവേറ്റേഴ്സ് പ്രോഗ്രാം വഴി 1700 നൂതന ആശയങ്ങൾ കണ്ടെത്താനും കഴിഞ്ഞിട്ടുണ്ട്.

7. ഗവേഷണ വിദ്യാർത്ഥികൾക്ക് 2019 പ്രവേശന വർഷം മുതൽ രണ്ട് ഗവേഷണ പ്രബന്ധങ്ങൾ പ്രസിദ്ധീകരിക്കേണ്ടത് നിർബന്ധമാക്കിയിട്ടുണ്ട്.

(ബി) വിദ്യാഭ്യാസം, ഗവേഷണം, വിജ്ഞാന വ്യാപനം എന്നീ മേഖലയിൽ ഇതനുസരിച്ച് എന്തെല്ലാം പ്രവർത്തനങ്ങൾ ഉണ്ടായി എന്ന് വ്യക്തമാക്കാമോ?

1. മലബാർ മേഖലയിൽ ഉന്നത വിദ്യാഭ്യാസത്തെ ശാക്തീകരിക്കുക എന്ന ലക്ഷ്യത്തോടെ 2018-ൽ 60 വിദ്യാർത്ഥികളെ ഉൾക്കൊള്ളുന്ന വിധത്തിൽ അമ്പലവയലിൽ പുതിയ കാർഷിക കോളേജ് ആരംഭിച്ചു.
2. കാലാവസ്ഥാവ്യതിയാന പഠനത്തിന് കാർഷിക മേഖലയിലുള്ള പ്രാധാന്യം കണക്കിലെടുത്ത് സർവ്വകലാശാല ഈ മേഖലയിൽ പുതിയ കോളേജ് ആരംഭിക്കുകയും പ്രവേശനപരീക്ഷാ കമ്മീഷണറുടെ യോഗ്യതാ പരീക്ഷയിലൂടെ വിദ്യാർത്ഥികളെ പ്രവേശിപ്പിക്കുകയും ചെയ്തുപോരുന്നു.

3. സീഡ് സയൻസ് ടെക്നോളജിയിൽ പുതിയ ബിരുദാനന്തരബിരുദ കോഴ്സ്, 4 വർഷക്കാലത്തെ ബി.ടെക് (ബയോടെക്നോളജി), ഒരു വർഷക്കാലയളവിൽ ഹോർട്ടികൾച്ചറൽ തെറാപ്പി, ലാൻഡ് സ്കേപിംഗ് & ഓർണമെന്റൽ ഗാർഡനിംഗിൽ പി.ജി. ഡിപ്ലോമ കോഴ്സുകൾ എന്നിവയെല്ലാം കാർഷിക സർവ്വകലാശാല ആരംഭിച്ചിട്ടുള്ളതാണ്.

4. അഗ്രി ബിസിനസ്സ് ഇൻക്യുബേറ്റർ സംരംഭ കർഷകർക്ക് പുതിയ തൊഴിൽ മേഖലകൾ തുടങ്ങുന്നതിനുള്ള സാങ്കേതിക സഹായവും പരിശീലനവും നൽകിവരുന്നു. ഇതുവഴി വിജ്ഞാനാധിഷ്ഠിത തൊഴിൽമേഖലകൾ കണ്ടെത്തുന്നതിനും തുടങ്ങുന്നതിനും സംരംഭകർക്ക് അവസരം ലഭിക്കുന്നു.

5. കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള ഏഴ് കൃഷി വിജ്ഞാന കേന്ദ്രങ്ങൾ വഴി വിവിധ കാർഷിക സാങ്കേതിക വിജ്ഞാനാധിഷ്ഠിത തൊഴിൽ പരിശീലന പരിപാടികൾ ആസൂത്രണം ചെയ്ത് നടത്തി വരുന്നു.

കൂടാതെ, വിജ്ഞാനാധിഷ്ഠിത സമൂഹം സൃഷ്ടിക്കുന്നതിന് സെന്റർ ഫോർ ട്രാൻസ്ലേഷണൽ റിസർച്ച് എന്ന പദ്ധതിയും കേരള കാർഷിക സർവ്വകലാശാലയുടെ പരിഗണനയിലുണ്ട്.

(സി) കേരള സർക്കാർ നടപ്പിൽ വരുത്തുന്ന മികവിന്റെ കേന്ദ്രങ്ങൾ, മുഖ്യമന്ത്രിയുടെ നവകേരള പോസ്റ്റ് ഡോക്ടറൽ ഫെല്ലോഷിപ്പ് എന്നീ പദ്ധതികളിലേയ്ക്ക് കാർഷിക സർവ്വകലാശാലയിൽ നിന്നും അപേക്ഷകൾ ലഭിച്ചിരുന്നോയെന്നും എങ്കിൽ ഏതെല്ലാമാണെന്നും അറിയിക്കാമോ?

മികവിന്റെ കേന്ദ്രങ്ങൾ തുടങ്ങുന്നതിനായി 2 പദ്ധതികൾ സമർപ്പിച്ചിട്ടുണ്ട്. ഇതിൽ ഒന്ന് ആദിവാസി/ഗോത്രവർഗ്ഗങ്ങളുടെ വികസനത്തിനായി പ്രവർത്തിക്കുന്നതിനുവേണ്ടിയും രണ്ടാമത്തേത് വിജ്ഞാന വ്യാപന മേഖലയിൽ നൂതന ആശയങ്ങളെ കണ്ടെത്തി പ്രോത്സാഹിപ്പിക്കുന്നതിന് വേണ്ടിയുമാണ്.

കേരള സർക്കാർ നടപ്പിൽവരുത്തുന്ന മികവിന്റെ കേന്ദ്രങ്ങളിൽ കാർഷിക സർവ്വകലാശാലയിൽ നിന്നും 5 അപേക്ഷകൾ സമർപ്പിച്ചിരുന്നു. അവ ചുവടെ ചേർക്കുന്നു.

•സെന്റർ ഓഫ് എക്സ്സലൻസ് ഇൻ ഫ്രണ്ടിയർ ടെക്നോളജി ഇൻ അഗ്രികൾച്ചർ

•സംയോജിത സസ്യ പരിപാലനത്തിനായുള്ള മികവിന്റെ കേന്ദ്രം

•ചെറുകിട കാർഷിക യന്ത്രവൽക്കരണത്തിൽ മികവിന്റെ കേന്ദ്രം

•വിള സംസ്കരണത്തിനുള്ള മികവിന്റെ കേന്ദ്രം

•ജൈവ കൃഷിയിൽ മികവിന്റെ കേന്ദ്രം

മുഖ്യമന്ത്രിയുടെ നവകേരള പോസ്റ്റ് ഡോക്ടറൽ ഫെലോഷിപ്പിന് കാർഷിക സർവ്വകലാശാലയിൽ 25 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. ലഭ്യമായ അപേക്ഷകളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

(ഡി) ഇത്തരം അപേക്ഷകളിന്മേൽ എടുത്ത നടപടികളും അതിന്റെ വിശദാംശവും ലഭ്യമാക്കാമോ?

ടി അപേക്ഷകരുടെ പ്രോജക്ട് പ്രൊപ്പോസലുകൾ പരിശോധിച്ച് സാക്ഷ്യപ്പെടുത്തി ഉന്നത വിദ്യാഭ്യാസ കൗൺസിലിലേയ്ക്ക് അയച്ചുകൊടുത്തിട്ടുണ്ട്. സർവ്വകലാശാല അയച്ച അപേക്ഷകളിൽ 5 പേരുടെ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

അപേക്ഷകൾ ഉന്നത വിദ്യാഭ്യാസ കൗൺസിൽ അംഗീകരിച്ചതായി സർവ്വകാലാശാലയിൽ അറിയിപ്പ് ലഭിച്ചിട്ടുണ്ട്. അംഗീകരിച്ച പ്രോജക്ടുകളിൽ കാർഷിക സർവ്വകലാശാലയിലെ മെന്റർമാർ ജോലി ചെയ്യുന്ന കോളേജ്/കേന്ദ്രം മേധാവിക്ക് അയച്ചുകൊടുക്കുകയും അവർക്ക് ആവശ്യമുള്ള സൗകര്യങ്ങൾ നൽകണമെന്ന് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്.

## കാർഷിക സർവ്വകലാശാല

81(5205)ശ്രീ. കടകംപള്ളി സുരേന്ദ്രൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇന്ത്യൻ കാർഷിക ഗവേഷണ കൗൺസിൽ ദേശീയ തലത്തിൽ നടത്തുന്ന കാർഷിക സർവ്വകലാശാലകളുടെ റാങ്കിംഗിൽ കേരള കാർഷിക സർവ്വകലാശാലയ്ക്ക് എത്രാമത്തെ റാങ്കാണ് ഉള്ളത്?

ഇന്ത്യൻ കാർഷിക ഗവേഷണ കൗൺസിലിന്റെ 2020-ലെ റാങ്കിംഗിൽ കേരള കാർഷിക സർവ്വകലാശാലയുടെ സ്ഥാനം 28 ആണ്.

(ബി) തുടർച്ചയായി ഒന്നാം റാങ്ക് നിലനിർത്തിയിരുന്ന ഈ സ്ഥാപനത്തിന്റെ റാങ്ക് പിന്നോട്ടായതിന്റെ കാരണമെന്തെന്ന് വ്യക്തമാക്കാമോ?

കാർഷിക സർവ്വകലാശാലകളുടെ റാങ്ക് നിർണ്ണയിക്കുന്നത് ഐ.സി.എ.ആർ. പ്രസിദ്ധീകരിച്ചിട്ടുള്ള മാനദണ്ഡങ്ങൾ പ്രകാരമാണ്. റാങ്കിംഗിന് പരിഗണിക്കുന്ന പ്രധാന ഘടകങ്ങൾ അദ്ധ്യാപക വിഭവശേഷി-ഫലസിദ്ധി, ഗവേഷണം, വിജ്ഞാന വ്യാപനം-ഫലപ്രാപ്തി, പിയർ റെക്കഗ്നിഷൻ എന്നിവയിലെ മികവാണ്. 2017-ലാണ് ഐ.സി.എ.ആർ. (എ.യു.ആർ.എസ്.) റാങ്കിംഗ് നിലവിൽ വന്നത്. 2017 മുതൽ 2020 വരെ സർവ്വകലാശാലയുടെ റാങ്ക് യഥാക്രമം 26, 34, 19, 28 എന്നിങ്ങനെയാണ്. ഐ.സി.എ.ആർ. (എ.യു.ആർ.എസ്.) റാങ്കിംഗിൽ കാർഷിക സർവ്വകലാശാലയ്ക്ക് ഒന്നാം റാങ്ക് ഉണ്ടായിരുന്നില്ല.

(സി) കാർഷിക സർവ്വകലാശാലയുടെ ആഭ്യന്തര വരുമാനം വർദ്ധിപ്പിക്കുന്നതിനും പൊതുസമൂഹത്തിനും വിനോദസഞ്ചാരികൾക്കും പ്രയോജനകരമായ ഫാം ടൂറിസം പ്രോത്സാഹിപ്പിക്കുന്നതിനുമായി സംസ്ഥാന ടൂറിസം വകുപ്പുമായി ചേർന്ന് പദ്ധതികൾ തയ്യാറാക്കുമോ?

പരിശോധിക്കുന്നതാണ്.

<u>ചാൻസലർ നാമനിർദ്ദേശം ചെയ്യേണ്ട പ്രതിനിധികൾ</u>

82(5206) <u>ശ്രീ. കടകംപള്ളി സുരേന്ദ്രൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള കാർഷിക സർവ്വകലാശാല ജനറൽ കൗൺസിലിലും അക്കാദമിക് കൗൺസിലിലും ചാൻസലർ നാമനിർദ്ദേശം ചെയ്യേണ്ട വിവിധ പ്രതിനിധികളുടെ ഒഴിവുകൾ നികത്തപ്പെടാതെ കിടക്കുന്നത് സർക്കാരിന്റെ ശ്രദ്ധയിൽ വന്നിട്ടുണ്ടോ?

ഉണ്ട്.

(ബി) ജനാധിപത്യ രീതിയിലൂടെ തെരഞ്ഞെടുപ്പ് നടത്തി പ്രവർത്തിക്കേണ്ട വിവിധ സഭകളുടെ അഭാവം കാർഷിക സർവ്വകലാശാലയുടെ പ്രവർത്തനങ്ങളെ ബാധിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ സർക്കാർ ഇടപെടുമോ?

നിലവിൽ ഒഫീഷ്യൽ അംഗങ്ങളും ജനാധിപത്യ രീതിയിൽ തെരഞ്ഞെടുക്കപ്പെട്ട അംഗങ്ങളും ഉൾക്കൊള്ളുന്ന ജനറൽ കൗൺസിൽ, അക്കാദമിക്ക് കൗൺസിൽ എന്നിവ പ്രവർത്തിക്കുന്നുണ്ട്.

## കേരള കാർഷിക സർവ്വകലാശാലയ്ക്കുള്ള കേന്ദ്ര ഫണ്ട്

83(5207) ശ്രീ. കെ. ബാബു (നെന്മാറ): താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള കാർഷിക സർവ്വകലാശാലയ്ക്ക് വിദ്യാഭ്യാസം, ഗവേഷണം, വിജ്ഞാനവ്യാപനം എന്നീ മേഖലകളിൽ കേന്ദ്ര സഹായം ലഭിക്കുന്നുണ്ടോ; എങ്കിൽ ഏതെല്ലാം പദ്ധതികളുടെ ഭാഗമായാണ് ലഭിക്കുന്നത്?

ഉണ്ട്. കേരള കാർഷിക സർവ്വകലാശാലയ്ക്ക് വിദ്യാഭ്യാസ മേഖലയുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി ഐ.സി.എ.ആർ. എല്ലാ സാമ്പത്തിക വർഷവും ഡെവലപ്പ്മെന്റ് ഗ്രാന്റ് അനുവദിക്കാറുണ്ട്. കൂടാതെ വിജ്ഞാന വ്യാപനത്തിന്റെ ഭാഗമായി കൃഷി വിജ്ഞാന കേന്ദ്രങ്ങൾക്കും ഗവേഷണ മേഖലയിൽ ചുവടെ ചേർത്തിരിക്കുന്ന പദ്ധതികൾക്കുമായി കേന്ദ്ര സഹായം ലഭിക്കുന്നുണ്ട്.

1. അഖിലേന്ത്യാ ഏകോപിത ഗവേഷണ പദ്ധതികൾ

2. അഖിലേന്ത്യാ ശൃംഖല ഗവേഷണ പദ്ധതികൾ

3. രാഷ്ട്രീയ കൃഷി വികാസ് യോജന

4. നാഷണൽ ഹോർട്ടികൾച്ചർ ബോർഡ്

5. ദേശീയ ഔഷധ സസ്യ ബോർഡ്

6. കേന്ദ്ര ശാസ്ത്ര സാങ്കേതിക വകുപ്പ്

7. കേന്ദ്ര ജൈവ സാങ്കേതിക വകുപ്പ്

8. ഭാരതീയ കാലാവസ്ഥാ വകുപ്പ്

9. പി.എം.എഫ്.എം.ഇ.-പ്രധാനമന്ത്രി സൂക്ഷ്മ ഭക്ഷ്യ സംസ്കരണ വ്യവസായ സംരംഭ രൂപവൽക്കരണ പദ്ധതി

10. ഐ.സി.എ.ആർ. എമിരറ്റസ് പദ്ധതി

11. ഐ.സി.എ.ആർ. നാഷണൽ ഫെല്ലോ പദ്ധതി

12. ഐ.സി.എ.ആർ. ബൃഹദ് വിത്ത് പദ്ധതി

13. എൻ.എ.എച്ച്.ഇ.പി.സി.എ.എ.എസ്.ടി. - ദേശീയ കാർഷിക ഉന്നത വിദ്യാഭ്യാസ പദ്ധതി

14. നാളികേര വികസന ബോർഡ്.

(ബി) ഓരോ മേഖലയിലും കഴിഞ്ഞ അഞ്ച് വർഷക്കാലയളവിൽ ലഭിച്ച തുക വർഷം തിരിച്ച് നൽകാമോ; ഏതെങ്കിലും മേഖലയിൽ

ധനസഹായം കുറഞ്ഞിട്ടുണ്ടോ; എങ്കിൽ അതിന്റെ കാരണം പരിശോധിച്ചിട്ടുണ്ടോ?

2017 മുതൽ 2022 വരെയുള്ള കാലയളവിൽ വിദ്യാഭ്യാസ മേഖലയുമായി ബന്ധപ്പെട്ട് ഐ.സി.എ.ആർ.-ൽനിന്നും ലഭ്യമായ ധനസഹായത്തിന്റെ വിശദാംശങ്ങൾ ചുവടെ ചേർത്തിരിക്കുന്നു.

| സാമ്പത്തിക വർഷം | ഐ.സി.എ.ആർ. ഡെവലപ്പ്മെന്റ് ഗ്രാന്റ് ഇനത്തിൽ അനുവദിച്ച തുക (ലക്ഷത്തിൽ) | ഐ.സി. എ.ആർ. ട്രൈബൽ സബ് പ്ലാൻ | ഐ.സി. എ.ആർ. ഷെഡ്യൂൾഡ് കാസ്റ്റ് സബ് പ്ലാൻ |
|---|---|---|---|
| 2017-18 | 803.39 | 0.00 | 0.00 |
| 2018-19 | 560.52 | 0.00 | 0.00 |
| 2019-20 | 0.00 | 0.00 | 0.00 |
| 2020-21 | 136.51 | 20.00 | 0.00 |
| 2021-22 | 230.00 | 40.00 | 100.00 |

2017-18 മുതൽ 2021-2022 സാമ്പത്തിക വർഷം വരെ കാർഷിക സർവ്വകലാശാലയ്ക്ക് ലഭിച്ച കേന്ദ്ര സഹായങ്ങൾ ചുവടെ ചേർക്കുന്നു.

| സാമ്പത്തിക വർഷം | തുക (രൂപയിൽ) |
|---|---|
| 2017-18 | 46,85,55,820 |
| 2018-19 | 50,24,90,533 |
| 2019-20 | 46,71,70,723 |
| 2020-21 | 57,33,77,215 |

| | |
|---|---|
| 2021-22 | 61,88,25,541 |

<u>കാർഷിക സർവ്വകലാശാല ഫാമുകൾ-ആഭ്യന്തര വരുമാനം</u>

84(5208) <u>ശ്രീ. കെ. യു. ജനീഷ് കുമാർ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷിക സർവ്വകലാശാല ഫാമുകളിൽ നിന്നുള്ള കഴിഞ്ഞ 10 വർഷത്തെ ആഭ്യന്തര വരുമാന വിവരം വാർഷിക അടിസ്ഥാനത്തിൽ നൽകാമോ?

2012-13 മുതൽ 2021-22 സാമ്പത്തിക വർഷം വരെ കാർഷിക സർവ്വകലാശാലയുടെ ഫാമുകളിൽ നിന്നും ലഭിച്ച ആഭ്യന്തര വരുമാനം ചുവടെ ചേർക്കുന്നു.

| സാമ്പത്തിക വർഷം | ആഭ്യന്തര വരുമാനം (രൂപയിൽ) |
|---|---|
| 2012-13 | 5,95,57,676 |
| 2013-14 | 7,29,18,821 |
| 2014-15 | 7,98,30,316 |
| 2015-16 | 5,41,17,278 |
| 2016-17 | 5,83,86,662 |
| 2017-18 | 8,59,34,467 |
| 2018-19 | 9,70,06,921 |
| 2019-20 | 7,49,09,926 |

| | |
|---|---|
| 2020-21 | 5,35,04,499 |
| 2021-22 | 7,02,11,265 |

(ബി) വിത്ത്, തൈ വിൽപ്പനയിലൂടെയുള്ള കഴിഞ്ഞ പത്ത് വർഷത്തെ ആഭ്യന്തര വരുമാനം വാർഷിക അടിസ്ഥാനത്തിൽ ലഭ്യമാക്കാമോ?

2012-13 മുതൽ 2021-22 സാമ്പത്തികവർഷം വരെ കാർഷിക സർവ്വകലാശാലയുടെ വിത്ത് തൈ വില്പനയിലൂടെ ലഭിച്ച ആഭ്യന്തര വരുമാനം ചുവടെ ചേർക്കുന്നു.

| സാമ്പത്തിക വർഷം | തൈവിൽപ്പനയിലൂടെ ലഭിച്ച വരുമാനം (രൂപയിൽ) |
|---|---|
| 2012-13 | 31,25,085 |
| 2013-14 | 14,78,287 |
| 2014-15 | 28,11,780 |
| 2015-16 | 18,58,294 |
| 2016-17 | 17,57,633 |
| 2017-18 | 21,20,213 |
| 2018-19 | 28,90,602 |
| 2019-20 | 45,21,974 |
| 2020-21 | 52,08,896 |
| 2021-22 | 72,15,419 |

(സി) കാർഷിക സർവ്വകലാശാല വിതരണം ചെയ്യുന്ന വിത്തുകളുടെയും തൈകളുടെയും ഗുണനിലവാരം കുറവാണെന്ന പരാതികൾ ഉയർന്നിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

കാർഷിക സർവ്വകലാശാല ഐ.സി.എ.ആർ. അക്രഡിറ്റേഷൻ

85(5209) ശ്രീ. കെ. യു. ജനീഷ് കുമാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷിക സർവ്വകലാശാലയ്ക്ക് ഐ.സി.എ.ആർ. അക്രെഡിറ്റേഷൻ നഷ്ടപ്പെട്ടിട്ടുണ്ടോ; എങ്കിൽ കാരണങ്ങളെന്ത്; അക്രെഡിറ്റേഷൻ നഷ്ടപ്പെട്ട കാരണത്താൽ ഐ.സി.എ.ആർ. ഗ്രാന്റ് തടഞ്ഞിട്ടുണ്ടോ; ഇതുവഴി എത്ര കോടി രൂപ സർവ്വകലാശാലയ്ക്ക് നഷ്ടപ്പെട്ടിട്ടുണ്ട്; വ്യക്തമാക്കാമോ?

ഇല്ല.

(ബി) നിലവിൽ ഐ.സി.എ.ആർ. അക്രെഡിറ്റേഷൻ ലഭിക്കാത്ത എത്ര കോഴ്സുകൾ കാർഷിക സർവ്വകലാശാലയിൽ നടത്തുന്നുണ്ട്; കാർഷിക

സർവ്വകലാശാല നടത്തുന്ന കോസ്റ്റ് ഷെയറിംഗ് കോഴ്സുകൾ ഏതൊക്കെ; ഇതിനായി അനുവദിച്ച സീറ്റുകൾ എത്രയാണ്; കഴിഞ്ഞ പത്ത് വർഷത്തെ കുട്ടികളുടെ പ്രവേശന വിവരങ്ങൾ നൽകാമോ?

കേരള കാർഷിക സർവ്വകലാശാല ഐ.സി.എ.ആർ. അക്രെഡിറ്റേഷൻ ഇല്ലാത്ത 4 കോഴ്സുകൾ നടത്തുന്നുണ്ട്. കാർഷിക സർവ്വകലാശാല നടത്തുന്ന കോസ്റ്റ് ഷെയറിംഗ് കോഴ്സുകളുടെയും സീറ്റുകളുടെയും കുട്ടികളുടെയും വിശദാംശങ്ങൾ അനുബന്ധമായി ഉള്ളടക്കം ചെയ്യുന്നു.+

<u>സ്റ്റേറ്റ് സെൻട്രൽ ലൈബ്രറിയിലെ വികസന പ്രവർത്തനങ്ങൾ</u>

86(5210) <u>ശ്രീ. ഡി. കെ. മുരളി</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലയളവ് മുതൽ നാളിതുവരെ സ്റ്റേറ്റ് സെൻട്രൽ ലൈബ്രറിയുടെ വിവിധ വികസന പ്രവർത്തനങ്ങൾക്കായി നാഷണൽ മിഷൻ ലൈബ്രറിയിൽനിന്നും അനുവദിച്ച ധനസഹായ തുകയുടെ വിശദാംശം ലഭ്യമാക്കുമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

രാജാറാം മോഹൻ റോയ് ലൈബ്രറി ഫൗണ്ടേഷൻ നടപ്പിലാക്കുന്ന നാഷണൽ മിഷൻ ഓൺ ലൈബ്രറി (NML) സ്കീമിൽ സ്റ്റേറ്റ് സെൻട്രൽ ലൈബ്രറിയുടെ ഭൗതിക സാഹചര്യങ്ങളുടെ നവീകരണത്തിന് 100 ലക്ഷം രൂപയും സാങ്കേതിക വിദ്യയുടെയും സേവനങ്ങളുടെയും നവീകരണത്തിന് 16,60,882 രൂപയുമുൾപ്പെടെ 1,16,60,882 രൂപയാണ് അനുവദിച്ചിട്ടുള്ളത്.

(ബി) പ്രസ്തുത തുക വിനിയോഗിച്ച് നടത്തിയ വികസന പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ; അവ ഓരോന്നിനും വിനിയോഗിച്ച തുകയുടെ വിശദാംശം ലഭ്യമാക്കുമോ?

നാഷണൽ മിഷൻ ഓൺ ലൈബ്രറി (NML)-ൽ നിന്നും ലഭിച്ച ധനസഹായം ഉപയോഗിച്ച് നടപ്പിലാക്കിയ വികസന പ്രവർത്തനങ്ങൾ സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1) സാങ്കേതിക വിദ്യയുടെയും സേവനങ്ങളുടെയും നവീകരണത്തിനായി അനുവദിച്ച 16,60,882 രൂപയിൽ നിന്നും 15,38,356 രൂപ വിനിയോഗിച്ച് കെൽട്രോൺ മുഖേന സി.സി.റ്റി.വി. സ്ഥാപിക്കുകയും കുട്ടികളുടെ വിഭാഗത്തിലേയ്ക്കായി ടാബുകൾ, മൾട്ടി മീഡിയ കമ്പ്യൂട്ടർ എന്നിവ വാങ്ങുകയും

ചെയ്തിട്ടുണ്ട്. പ്രസ്തുത തുക നാഷണൽ മിഷൻ ഓൺ ലൈബ്രറി നേരിട്ട് കെൽട്രോണിന് കൈമാറിയിട്ടുണ്ട്.

2) ഭൗതിക സാഹചര്യങ്ങളുടെ നവീകരണത്തിനായി അനുവദിച്ച 100 ലക്ഷം രൂപയിൽ നിന്നും 39.73 ലക്ഷം രൂപ വിനിയോഗിച്ച് വായനക്കാർക്കായി ഫർണിച്ചറുകളും ബുക്ക് ഇഷ്യൂ റിട്ടേൺ കൗണ്ടറുകളും ക്യാഷ് അഡ്മിഷൻ കൗണ്ടറുകളും സിഡ്കോ മുഖേന നിർമ്മിച്ചിട്ടുണ്ട്. പ്രസ്തുത തുക നാഷണൽ മിഷൻ ഓൺ ലൈബ്രറീസ് നേരിട്ട് സിഡ്കോയ്ക്ക് കൈമാറിയിട്ടുണ്ട്.

60 ലക്ഷം രൂപ വിനിയോഗിച്ചുള്ള ടോയ്‌ലെറ്റ് കോംപ്ലക്സ് നിർമ്മാണ പ്രവർത്തനങ്ങൾ കേന്ദ്ര പൊതുമരാമത്ത് വകുപ്പ് മുഖേന നടപ്പിലാക്കി വരുന്നു. ഈ ഇനത്തിൽ 19.80 ലക്ഷം രൂപ നാഷണൽ മിഷൻ ഓൺ ലൈബ്രറി (NML) നേരിട്ട് കേന്ദ്ര പൊതുമരാമത്ത് വകുപ്പിന് കൈമാറിയിട്ടുണ്ട്.

## സർക്കാർ കോളേജുകളിൽ വിദ്യാർത്ഥികളുടെ ബാഹുല്യം

87(5211) ഡോ. സുജിത് വിജയൻപിള്ള: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉപഭാഷയായി മലയാളം മാത്രം പഠിപ്പിക്കുന്ന സംസ്ഥാനത്തെ സർക്കാർ കോളേജുകളിൽ വിദ്യാർത്ഥികളുടെ ബാഹുല്യം നിമിത്തം അധ്യയനത്തിനുള്ള ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉപഭാഷയായി മലയാളം പഠിപ്പിക്കുന്ന സംസ്ഥാനത്തെ സർക്കാർ കോളേജുകളിൽ വിദ്യാർത്ഥികളുടെ ബാഹുല്യം നിമിത്തം അധ്യയനത്തിനുള്ള ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) വർക്ക്ലോഡ് പ്രകാരം ഒരു ബാച്ചിലേയ്ക്ക് അനുവദനീയമായ വിദ്യാർത്ഥികളുടെ എണ്ണം എത്ര ആണെന്ന് അറിയിക്കാമോ;

75

(സി) വിദ്യാർത്ഥികളുടെ ബാഹുല്യം പരിഗണിച്ച് ഗസ്റ്റ് അദ്ധ്യാപകരെ നിയമിക്കുന്നതിന് പ്രിൻസിപ്പാൾമാരെ അധികാരപ്പെടുത്തുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

വിദ്യാർത്ഥികളുടെ ബാഹുല്യം പരിഗണിച്ചല്ല ഗസ്റ്റ് അദ്ധ്യാപകരെ നിയമിക്കുന്നത്. ബന്ധപ്പെട്ട വിഷയങ്ങളിൽ മതിയായ വർക്ക്ലോഡ് ഉണ്ടെങ്കിൽ പ്രിൻസിപ്പലിന് തന്നെ ഗസ്റ്റ് അദ്ധ്യാപക നിയമനം നടത്താവുന്നതാണ്.

## ഉന്നത വിദ്യഭ്യാസ മേഖലയിലെ പരീക്ഷ പരിഷ്ക്കരണം

88(5212) ശ്രീ. പി. വി. അൻവർ:
ശ്രീമതി കാനത്തിൽ ജമീല:
ശ്രീ. സി. കെ. ഹരീന്ദ്രൻ:
ശ്രീ. ടി. ഐ. മധുസൂദനൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക്

ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉന്നത വിദ്യഭ്യാസ മേഖലയിലെ പരീക്ഷാ പരിഷ്ക്കരണം സംബന്ധിച്ച് റിപ്പോർട്ട് സമർപ്പിക്കുവാനായി രൂപീകരിച്ച കമ്മീഷൻ സർക്കാരിന് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; കമ്മീഷന് മുമ്പാകെ പരിഗണനാ വിഷയങ്ങളായി ഉൾപ്പെടുത്തിയവ എന്തൊക്കെയെന്ന് വിശദമാക്കാമോ?

സംസ്ഥാനത്ത് ഉന്നത വിദ്യാഭ്യാസ മേഖലയിലെ പരീക്ഷാ പരിഷ്ക്കരണം സംബന്ധിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ സർക്കാർ നിയമിച്ച ഡോ. സി. റ്റി. അരവിന്ദകുമാർ അദ്ധ്യക്ഷനായ പരീക്ഷാ പരിഷ്ക്കരണ കമ്മീഷൻ അതിന്റെ അന്തിമറിപ്പോർട്ട് സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. പരീക്ഷാ പരിഷ്ക്കരണ കമ്മീഷന്റെ പരിഗണനയ്ക്ക് വിധേയമായ പ്രധാന വിഷയങ്ങൾ ചുവടെപ്പറയുന്നു :-

•നിലവിൽ സർവ്വകലാശാലകളിലും മറ്റ് ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിലും നടപ്പുള്ള പരീക്ഷാ സംവിധാനം പരിശോധിക്കുന്നതിന്

•നിലവിലുള്ള പാഠ്യപദ്ധതിയും ഇതിൽ വരുത്താൻ പോകുന്ന മാറ്റങ്ങളും പരിശോധിച്ച് അതിനനുസൃതമായ പരീക്ഷാ സംവിധാനം നിർദ്ദേശിക്കുന്നതിന്

•വിദ്യാർത്ഥികളുടെ രജിസ്ട്രേഷൻ മുതൽ വിടുതൽ സർട്ടിഫിക്കറ്റ് വരെയുള്ള രേഖകളുടെ സൂക്ഷിപ്പ് സംവിധാനം പരിശോധിക്കുന്നതിനും ഡിജിലോക്കർ പോലെയുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിനുള്ള നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനും

•പരീക്ഷാ നടത്തിപ്പ്, മൂല്യനിർണ്ണയം, ഫലപ്രഖ്യാപനം ഇവയിൽ നിലവിലുള്ള രീതികൾ പരിശോധിച്ച് മാറ്റങ്ങൾ നിർദ്ദേശിക്കുന്നതിന്

•ചോദ്യപ്പേപ്പറിന്റെ ഘടന, പരീക്ഷകളുടെ ഘടന ഇവയിൽ കരിക്കുലത്തിലെ മാറ്റങ്ങൾക്കനുസരിച്ചുള്ള മാറ്റങ്ങൾ നിർദ്ദേശിക്കുന്നതിന്

•ഓരോ സർവ്വകലാശാലയും വേണ്ട പരീക്ഷാ റെഗുലേഷനുകളുടെ ഡ്രാഫ്റ്റ് ബന്ധപ്പെട്ട എല്ലാവരോടും ആശയവിനിമയം നടത്തി തയ്യാറാക്കി സമർപ്പിക്കുന്നതിന്

•അക്കാദമിക് കലണ്ടറും പരീക്ഷ കലണ്ടറും തമ്മിലുള്ള ഏകോപനം സാധ്യമാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിന്

•പരീക്ഷാ സംവിധാനം പടിപടിയായി ഡിജിറ്റലാക്കുന്നതിന് വേണ്ട വ്യവസ്ഥയും സമയക്രമവും നിർദ്ദേശിക്കുന്നതിന്

•അധ്യാപക-അനദ്ധ്യാപക ജീവനക്കാരെ പരീക്ഷാ സംവിധാനത്തിന്റെ കുറ്റമറ്റ നടത്തിപ്പിനനുയോജ്യമായി പരിശീലിപ്പിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിന്

•മറ്റ് നിർദ്ദേശങ്ങൾ ഉണ്ടെങ്കിൽ അതും ചർച്ചയുടെ ഭാഗമായി ഉയർന്നു വരുന്ന വിഷയങ്ങളിൽ പുതിയ നിർദ്ദേശങ്ങൾ ഉണ്ടെങ്കിൽ അതും സമർപ്പിക്കുന്നതിന്.

(ബി) പ്രസ്തുത റിപ്പോർട്ടിലെ പരീക്ഷാ പരിഷ്കരണവുമായി ബന്ധപ്പെട്ട നിർദ്ദേശങ്ങളുടെ പ്രസക്ത ഭാഗങ്ങൾ വിശദമാക്കാമോ; പ്രസ്തുത

നിർദ്ദേശങ്ങൾ നടപ്പിൽ വരുത്തുന്നതിനായി നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ?

കമ്മീഷൻ അന്തിമറിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. പരീക്ഷാ പരിഷ്കരണവുമായി ബന്ധപ്പെട്ട പ്രധാന നിർദ്ദേശങ്ങൾ പരിശോധിച്ചുവരികയാണ്. നിർദ്ദേശങ്ങൾ പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്.

ഉന്നത വിദ്യാഭ്യാസരംഗത്ത് സൗകര്യങ്ങൾ ഉറപ്പുവരുത്തൽ

89(5213) ശ്രീ. കെ. ജെ. മാക്സി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എത്ര ശതമാനം വിദ്യാർത്ഥികൾ ഉന്നതവിദ്യാഭ്യാസ രംഗത്ത് ഇതര സംസ്ഥാനങ്ങളെയും ഇതര രാജ്യങ്ങളെയും ആശ്രയിച്ചുവരുന്നു എന്നത് സംബന്ധിച്ച വിശദാംശം വ്യക്തമാക്കാമോ?

സംസ്ഥാനത്ത് നോർക്ക റൂട്ട്സിന്റെ സ്റ്റുഡന്റ്സ് ഐഡി കാർഡ് പദ്ധതി പ്രകാരം 51 വിദേശരാജ്യങ്ങളിൽ നിന്നായി വിദേശത്ത് പഠനത്തിനായി പോയിട്ടുള്ള 1946 വിദ്യാർത്ഥികൾ നോർക്ക റൂട്ട്സിൽ

രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇതര സംസ്ഥാനങ്ങളിലെ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പഠിക്കുന്ന സംസ്ഥാനത്തെ വിദ്യാർത്ഥികളുടെ വിവരം ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടില്ല.

(ബി) ഉന്നത വിദ്യാഭ്യാസ രംഗത്ത് സ്വകാര്യ മേഖലയെ നിയന്ത്രിച്ചും സർക്കാർ/എയ്ഡഡ് മേഖലയിൽ കൂടുതൽ അവസരങ്ങളുണ്ടാക്കിയും വിദ്യാർത്ഥികളുടെ പഠനത്തിനാവശ്യമായ സൗകര്യങ്ങൾ സംസ്ഥാനത്ത് തന്നെ ഉറപ്പുവരുത്തേണ്ട ആവശ്യകത പരിഗണിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

ഉന്നതവിദ്യാഭ്യാസ മേഖലയിൽ സ്വകാര്യമേഖലയെ നിയന്ത്രിച്ചും സർക്കാർ മേഖലയിൽ കൂടുതൽ അവസരങ്ങളുണ്ടാക്കിയും വിദ്യാർഥികളുടെ പഠനത്തിനാവശ്യമായ സൗകര്യങ്ങൾ സംസ്ഥാനത്ത് തന്നെ ഉറപ്പുവരുത്തുന്നതിനുമായി കേരളത്തെ ഉന്നതവിദ്യാഭ്യാസ ഹബ്ബ് ആക്കി മാറ്റുന്നതിനും കേരളത്തെ വൈജ്ഞാനിക സമൂഹമാക്കിത്തീർക്കുന്നതിനുമായി ശാസ്ത്രമേഖലയിലെ കലാലയങ്ങളിൽ നിലവിലുള്ള പരമ്പരാഗത കോഴ്സുകളോടൊപ്പം ന്യൂജനറേഷൻ കോഴ്സുകൾ ചേർത്ത് വിപുലമായ പാഠ്യപദ്ധതി നടപ്പിലാക്കി വരുന്നു.

കോളേജ് വിദ്യാഭ്യാസ വകുപ്പിന്റെ കീഴിൽ സംസ്ഥാനത്ത് ഉന്നത വിദ്യാഭ്യാസത്തിനായി സർക്കാർ മേഖലയിൽ 75 കോളേജുകളും എയ്ഡഡ് മേഖലയിൽ 191 കോളേജുകളും ഉണ്ട്. സർക്കാർ കോളേജുകളിൽ വിവിധ വിഷയങ്ങൾക്കായി 19,968 വിദ്യാർത്ഥികൾക്കും എയ്ഡഡ് കോളേജുകളിൽ 84,951 വിദ്യാർത്ഥികൾക്കും ഉന്നത വിദ്യാഭ്യാസത്തിനുള്ള അവസരങ്ങൾ നിലവിലുണ്ട്.

21.09.2021-ലെ ജി.ഒ.(എം.എസ്)നം. 390/2021/H.Edn. പ്രകാരം സംസ്ഥാനത്തെ ജ്ഞാനസമൂഹമാക്കി മാറ്റുന്നതിനും തദ്ദേശീയ സാമൂഹ്യ സാമ്പത്തിക ഘടനയുടെ വികസനത്തിന് യോജിച്ച വിധത്തിൽ ഉന്നത വിദ്യാഭ്യാസത്തിന്റെ ഘടനയും ഉള്ളടക്കവും ആവശ്യമായ വിധത്തിൽ പരിഷ്കരിക്കുന്നതിനുമായി നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിന് 7 അംഗങ്ങളെ ഉൾപ്പെടുത്തി ഉന്നത വിദ്യാഭ്യാസ പരിഷ്കാര കമ്മീഷൻ രൂപീകരിച്ചിട്ടുണ്ട്.

## ദേശീയ വിദ്യാഭ്യാസ നയം നടപ്പാക്കൽ

90(5214) ഡോ. എം. കെ. മുനീർ:
ശ്രീ. പി. കെ. ബഷീർ:

<u>ശ്രീ. കുറുക്കോളി മൊയ്തീൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ദേശീയ വിദ്യാഭ്യാസ നയം നടപ്പിലാക്കുന്നത് സംബന്ധിച്ച പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുവാൻ സമിതിയെ നിയോഗിച്ചിരുന്നോ എന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത സമിതി സർക്കാരിന് റിപ്പോർട്ട് സമർപ്പിച്ചിരുന്നോ; വിശദാംശം നൽകുമോ?

(എ & ബി) പ്രൊഫ. പ്രഭാത് പട്നായിക് അദ്ധ്യക്ഷനായി 6 അംഗ സമിതി 'ദേശീയ വിദ്യാഭ്യാസ നയവും കേരളവും' എന്ന ശീർഷകത്തിൽ ഒരു റിപ്പോർട്ട് തയ്യാറാക്കി സർക്കാരിന് സമർപ്പിച്ചിരുന്നു.

രാഷ്ട്രനിർമ്മാണ പ്രക്രിയയ്ക്ക് പൂർണ്ണമായും സഹായമാകുന്ന ഉദാത്ത നയങ്ങളല്ല നിലവിലുള്ളതെങ്കിലും പുതിയ ദേശീയ നയം രാജ്യത്തിന് വലിയ ദോഷമുണ്ടാകുക തന്നെ ചെയ്യും. " Inclusiveness" അഥവാ" ഉൾക്കൊള്ളൽ" സമീപനം ആദ്യമേ നീക്കം ചെയ്യപ്പെടുന്നതോടെ, വിദ്യാഭ്യാസം വരേണ്യ വർഗ്ഗത്തിന് മാത്രമായി ചുരുങ്ങിപ്പോകും. ദളിതർക്കും പിന്നോക്ക വിഭാഗങ്ങൾക്കും മറ്റ് പാർശ്വവൽക്കരിക്കപ്പെട്ടവർക്കും

അർഹമായ സംവരണ (reservations)-ത്തെപ്പറ്റി നയരേഖയിൽ ഒരു പരാമർശവുമില്ല. വിദ്യാഭ്യാസ മേഖലയുടെ സ്വകാര്യവൽക്കരണത്തെ പ്രോൽസാഹിപ്പിക്കുന്ന ദേശീയ വിദ്യാഭ്യാസ നയം 2020, പഠനച്ചെലവ് ഉയരുന്നതിനും വിദ്യാർത്ഥികൾ തമ്മിലുള്ള സാമൂഹികമായ സന്തുലിതാവസ്ഥയ്ക്ക് കോട്ടം തട്ടുന്നതിനും തന്മൂലം വിദ്യാഭ്യാസ സ്ഥാപനങ്ങളിൽനിന്നും വിദ്യാർത്ഥികൾ കൊഴിഞ്ഞുപോകുന്നതിനും കാരണമാകും. സ്വകാര്യ സ്ഥാപനങ്ങളിൽ പഠിക്കുന്ന പാവപ്പെട്ട വിദ്യാർത്ഥികളുടെ പഠനച്ചെലവ് സർക്കാർ വഹിക്കണമെന്നത് NEP-യുടെ പരിഗണനാവിഷയമേ അല്ല. പൂർത്തീകരിക്കുന്ന ഏതെങ്കിലും പഠന ഘട്ടത്തിൽ ലഭ്യമാവുന്ന സർട്ടിഫിക്കറ്റിന്റെയോ തൊഴിലധിഷ്ഠിത പരിശീലനത്തിന്റേയോ പിൻബലത്തിൽ വിദ്യാർത്ഥികൾക്ക് സമഗ്ര വിദ്യാഭ്യാസത്തിന്റെ സാധ്യതകൾ ലഭ്യമായെന്നു വരില്ല. നവലിബറൽ മുതലാളിത്തം ആവശ്യപ്പെടുന്ന രീതിയിൽ ഒരു ചെറിയ വിഭാഗത്തിനു മാത്രം executive ജോലികൾ ലഭിക്കുകയും മറ്റുള്ളവർ തൊഴിൽ കമ്പോളത്തിന്റെ ഭാഗമാകുകയും ചെയ്യുമെന്ന് റിപ്പോർട്ടിൽ വ്യക്തമാക്കിയിട്ടുണ്ട്.

(സി) ദേശീയ വിദ്യാഭ്യാസ നയപ്രകാരമുള്ള നാലുവർഷ ഡിഗ്രി കോഴ്സുകൾ ആരംഭിക്കുന്നതിനായി എന്തെല്ലാം ക്രമീകരണങ്ങൾ ഏർപ്പെടുത്തേണ്ടി വരുമെന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

നിലവിൽ പ്രൊഫഷണൽ പ്രോഗ്രാമുകൾ മിക്കവാറും 4 വർഷ ദൈർഘ്യമുള്ളവയാണ്. 4 വർഷ ഡിഗ്രി കോഴ്സുകൾക്ക് ആവശ്യമായ കരിക്കുലം ചട്ടക്കൂട്/സിലബസ് യു.ജി.സി. നിർദ്ദേശങ്ങളുടെയും മറ്റും അടിസ്ഥാനത്തിൽ സർവ്വകലാശാലകൾ രൂപകൽപ്പന ചെയ്യേണ്ടതായിട്ടുണ്ട്. നിലവിലെ 3 വർഷ ബിരുദ പ്രോഗ്രാമുകൾ 4 വർഷ പ്രോഗ്രാമുകളായി യാന്ത്രികമായി മാറ്റാൻ കഴിയില്ല. ഇതിനാവശ്യമായ അക്കാദമിക് പശ്ചാത്തല സൗകര്യങ്ങൾ സർവ്വകലാശാലകളിലും കോളേജുകളിലും അധികമായി കണ്ടെത്തേണ്ടിവരും. ഇത് വിദ്യാർത്ഥികളുടെ പഠനച്ചെലവ് വർദ്ധിക്കാനും പഠനം പൂർത്തീകരിക്കാതെയുള്ള വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്കിനും ഇടയാക്കിയേക്കാം.

## സ്റ്റേറ്റ് സെൻട്രൽ ലൈബ്രറിയിൽ നടപ്പിലാക്കിയ വികസന പദ്ധതികൾ

91(5215) ശ്രീ. ഡി. കെ. മുരളി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം സ്റ്റേറ്റ് സെൻട്രൽ ലൈബ്രറിയിൽ മുൻ സർക്കാരിന്റെ കാലയളവ് മുതൽ നാളിതുവരെ നടപ്പിലാക്കിയ വികസന പദ്ധതികൾ ഏതെല്ലാമാണെന്ന് വിശദമാക്കുമോ?

തിരുവനന്തപുരം സ്റ്റേറ്റ് സെൻട്രൽ ലൈബ്രറിയിൽ മുൻ സർക്കാരിന്റെ കാലയളവ് മുതൽ നാളിതുവരെ നടപ്പിലാക്കിയ വികസന പദ്ധതികൾ ചുവടെ ചേർക്കുന്നു.

1) സ്റ്റേറ്റ് സെൻട്രൽ ലൈബ്രറിയിൽ 2018-ൽ ഹെറിറ്റേജ് മാതൃകയിൽ ഒരു ബഹുനില മന്ദിരം സ്ഥാപിക്കുകയും മലയാള വിഭാഗം പൂർണ്ണമായും പ്രസ്തുത മന്ദിരത്തിലേയ്ക്ക് മാറ്റി പ്രവർത്തനം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

2) പുതുതായി പണികഴിപ്പിച്ച ഹെറിറ്റേജ് മോഡൽ മന്ദിരത്തിൽ, സ്റ്റേറ്റ് സെൻട്രൽ ലൈബ്രറിയിലെയും കേരളത്തിലെ മറ്റ് ഡിപ്പാർട്ട്മെന്റ് ലൈബ്രറികളിലെയും ലൈബ്രേറിയന്മാർക്ക് പരിശീലനം നൽകുന്നതിന് ആധുനിക സൗകര്യങ്ങളോടെ ഒരു ട്രെയിനിംഗ് സെന്റർ ആരംഭിച്ചിട്ടുണ്ട്.

3) സ്റ്റേറ്റ് സെൻട്രൽ ലൈബ്രറിയിൽ മുൻപ് ഉപയോഗിച്ചുകൊണ്ടിരുന്ന ലിബ്സിസ് സോഫ്റ്റ്‌വെയറിൽ നിന്നും മാറി സ്വതന്ത്ര സോഫ്റ്റ്‌വെയർ ആയ കോഹയിലേയ്ക്ക് ലൈബ്രറിയുടെ പ്രവർത്തനം പൂർണ്ണമായും മാറ്റിയിട്ടുണ്ട്.

(ബി) പൊതുജനങ്ങൾക്ക് പ്രസ്തുത ലൈബ്രറിയിൽ നിന്നുള്ള സേവനങ്ങൾക്കായി ഓൺലൈൻ പണമിടപാട് ഏർപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ; ഇല്ലെങ്കിൽ ആയതിനുള്ള തടസ്സമെന്തെന്ന് വ്യക്തമാക്കുമോ?

പൊതുജനങ്ങൾക്ക് സ്റ്റേറ്റ് സെൻട്രൽ ലൈബ്രറിയിൽനിന്നുള്ള സേവനങ്ങൾക്ക് ഓൺലൈൻ പണമിടപാട് സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്.

## ദേശീയ വിദ്യാഭ്യാസ നയം

92(5216) ശ്രീ. പി. ജെ. ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്രസർക്കാർ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന ദേശീയ വിദ്യാഭ്യാസ നയം 2020 സംസ്ഥാനത്ത് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ അതിന്റെ ഭാഗമായി സ്വകാര്യ സ്വയംഭരണ

കോളേജുകൾ (പ്രൈവറ്റ് ഓട്ടോണമസ് കോളേജുകൾ) കൂട്ടതലായി അനുവദിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

ദേശീയ വിദ്യാഭ്യാസ നയം 2020 അതേപടി സംസ്ഥാനത്ത് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നില്ല.നടപ്പിലാക്കേണ്ട കാര്യങ്ങൾ ഏതൊക്കെയെന്നു പരിശോധിച്ച് വരുന്നു. അതിന്റെ ഭാഗമായി സ്വകാര്യ സ്വയംഭരണ കോളേജുകൾ (പ്രൈവറ്റ് ഓട്ടോണമസ് കോളേജുകൾ) കൂട്ടതലായി അനുവദിക്കുന്ന വിഷയം ഇപ്പോൾ പരിഗണനയിലില്ല.

(ബി) പ്രസ്തുത കോളേജുകൾ തുടങ്ങുവാൻ നിലവിൽ അപേക്ഷകൾ ലഭിച്ചിട്ടുണ്ടോ; എങ്കിൽ ഏതെല്ലാമെന്ന് അറിയിക്കാമോ?

അപേക്ഷകൾ ലഭിച്ചിട്ടില്ല.

<u>പരീക്ഷ നടത്തിപ്പിൽ പരിഷ്കാരങ്ങൾ</u>

93(5217) <u>ശ്രീ. ഡി. കെ. മുരളി</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉന്നത വിദ്യാഭ്യാസ മേഖലയിലെ പരീക്ഷാ നടത്തിപ്പിൽ എന്തെങ്കിലും പരിഷ്കാരങ്ങൾ കൊണ്ടുവരാൻ ആലോചിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കാമോ?

ഉന്നത വിദ്യാഭ്യാസ പരീക്ഷാ സമ്പ്രദായം പരിഷ്കരിക്കുന്നതിന് ഡോ. സി. റ്റി. അരവിന്ദ് കുമാർ അധ്യക്ഷനായി ഒരു കമ്മീഷനെ നിയമിച്ചിട്ടുണ്ട്. കമ്മീഷൻ അതിന്റെ അന്തിമറിപ്പോർട്ട് സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്.

(ബി) പുതിയ പരിഷ്കാരങ്ങൾ എന്ന് മുതൽ നടപ്പാക്കുമെന്ന് വിശദമാക്കാമോ?

കമ്മീഷന്റെ അന്തിമറിപ്പോർട്ട് പരിശോധിച്ച് നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.

## റൂസാ 3 പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി അപേക്ഷ സമർപ്പിച്ചിട്ടുള്ള കോളേജുകൾ

94(5218) ശ്രീ. മുഹമ്മദ് മുഹസിൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എത്ര കോളേജുകളാണ് റൂസാ 3 പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി അപേക്ഷ സമർപ്പിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

(ബി) പട്ടാമ്പി നിയോജകമണ്ഡലത്തിലെ ഏതെല്ലാം കോളേജുകളാണ് റൂസാ -3 പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി അപേക്ഷ സമർപ്പിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; വിശദാംശം നൽകുമോ?

(എ & ബി) റൂസാ - 3 പദ്ധതി സംസ്ഥാനത്ത് ആരംഭിക്കുകയോ ആയതിലേയ്ക്ക് അപേക്ഷകൾ ക്ഷണിക്കുകയോ ചെയ്തിട്ടില്ല.

ശാക്തീകരണ കർമ്മപദ്ധതി

95(5219) ശ്രീ. എം. നൗഷാദ്: താഴെക്കാണുന്ന ചോദ്യത്തിന് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഉന്നതവിദ്യാഭ്യാസ മേഖലയുടെ ഗുണനിലവാരം ഗണ്യമായി ഉയർത്തുന്ന ശാക്തീകരണ കർമ്മപദ്ധതിയുടെ വിശദാംശം വ്യക്തമാക്കാമോ?

സംസ്ഥാനത്ത് ഉന്നതവിദ്യാഭ്യാസ രംഗത്ത് ബൃഹത്തായ മാറ്റങ്ങൾ കൊണ്ടുവരുന്നതിന് താഴെപ്പറയുന്ന സമഗ്രമായ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. സംസ്ഥാനത്തെ ഉന്നതവിദ്യാഭ്യാസ മേഖലയിലെ ചുവടെ ചേർത്തിട്ടുള്ള വിവിധ കർമ്മ പദ്ധതികൾക്കായി 2022-23 സാമ്പത്തിക വർഷം 99.95 കോടി രൂപ ചെലവഴിക്കാൻ ഉന്നതവിദ്യാഭ്യാസ കൗൺസിലിന് ഭരണാനുമതി സർക്കാർ നൽകിയിട്ടുണ്ട്.

1. ഇ-ജേണൽ കൺസോർഷ്യം

2. ബ്രെയിൻ ഗെയിൻ (ലോകമെമ്പാടുമുള്ള കേരളീയ അക്കാദമിക് ഡയസ്പോറയെക്കുറിച്ചുള്ള ഡാറ്റാബേസ്)

3.സ്റ്റേറ്റ് അസസ്സ്മെന്റ് ആന്റ് അക്രെഡിറ്റേഷൻ സെന്റർ (SAAC)

4. ഡിജികോൾ

5. കേരള അക്കാദമിക് ലൈബ്രറി നെറ്റ്വർക്കിന്റെ (കാൽനെറ്റ്) വികസനം

6. ചീഫ് മിനിസ്റ്റേഴ്സ് നവകേരള പോസ്റ്റ് ഡോക്ടറൽ ഫെലോഷിപ്പ്

7. കേരള ഇൻസ്റ്റിറ്റ്യൂഷണൽ റാങ്കിംഗ് ഫ്രെയിം വർക്ക് (KIRF)

8. അദ്ധ്യാപക പരിശീലന പദ്ധതി

9. ഓൺലൈൻ ഡിജിറ്റൽ ശേഖരം

10. എറുഡൈറ്റ് സ്കോളർ ഇൻ റെസിഡൻസ് പ്രോഗ്രാം

11. കോളേജുകളുടെ ക്ലസ്റ്റർ പദ്ധതി (കാസർകോഡ്, കണ്ണൂർ, പാലക്കാട് എന്നിവിടങ്ങളിൽ പുതിയ ക്ലസ്റ്റർ)

12. ഉന്നതവിദ്യാഭ്യാസ സർവ്വേ

കൂടാതെ, സംസ്ഥാനത്തെ ഉന്നതവിദ്യാഭ്യാസ രംഗത്തെ ഉന്നത നിലവാരത്തിലേയ്ക്കുയർത്തുന്നതിനായി കോളേജ് വിദ്യാഭ്യാസ വകുപ്പിന് കീഴിൽ താഴെപ്പറയുന്ന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കിവരുന്നു.

ലീഡ്- ഈ പദ്ധതി മുഖാന്തരം കോളേജുകളെ ഇൻഡസ്ട്രിയൽ സ്ഥാപനങ്ങളുമായി ബന്ധിപ്പിക്കുകയും അതുവഴി ഇൻഡസ്ട്രിയെ ഉന്നതവിദ്യാഭ്യാസവുമായി ബന്ധിപ്പിക്കുന്നതിനും കഴിയും.

ഗ്രീൻ ക്യാമ്പസ്- ഈ പദ്ധതിയിലൂടെ ക്യാമ്പസുകൾ ഹരിതാഭമാക്കുന്നതിനും കാർബൺ എമിഷൻ കുറയ്ക്കുന്നതിനും കഴിയും.

PLEASE- ഈ പദ്ധതിയിലൂടെ ഗവേഷണം പ്രോത്സാഹിപ്പിക്കുകയാണ് ലക്ഷ്യം.

ജീവനി പദ്ധതി- വിദ്യാർത്ഥികളുടെ മാനസിക പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് കൗൺസിലിംഗ് നൽകുന്ന പദ്ധതി.

പഠനത്തോടൊപ്പം സമ്പാദ്യവും (EWYL)- പഠനത്തോടൊപ്പം തൊഴിൽ എന്ന ആശയവുമായി ആരംഭിച്ച പദ്ധതി.

സ്റ്റുഡന്റ് ഫോർ സൊസൈറ്റി- വിദ്യാർത്ഥികളെ സാമൂഹ്യപ്രശ്നങ്ങളിൽ ഇടപെടുന്നതിനും പ്രശ്നപരിഹാരം കണ്ടെത്തുന്നതിനും പ്രാപ്തരാക്കുന്ന പദ്ധതി.

മീഡിയ ലിറ്ററസി പ്രോഗ്രാം- മാധ്യമങ്ങളെ ശരിയായി ഉപയോഗിക്കേണ്ടതിന്റെ ആവശ്യകത സംബന്ധിച്ച ബോധവൽക്കരണം നൽകുന്ന പദ്ധതി.

സാങ്കേതിക വിദ്യാഭ്യാസ നിലവാരം അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്താനായി മുഴുവൻ എഞ്ചിനീയറിംഗ് കോളേജുകൾക്കും പോളിടെക്നിക് കോളേജുകൾക്കും NBA അക്രെഡിറ്റേഷൻ നേടാനാവശ്യമായ പ്രവർത്തനങ്ങൾ നടത്തിവരുന്നു.

എല്ലാ സർക്കാർ എഞ്ചിനീയറിംഗ് കോളേജുകളിലും തെരഞ്ഞെടുത്ത പോളിടെക്നിക്കുകളിലും കമ്പ്യൂട്ടർ സംവിധാനത്തോടും അതിവേഗ ഇന്റർനെറ്റ് കണക്ടിവിറ്റിയോടുംകൂടി ടെക്നോളജി ഇൻക്യുബേഷൻ സെന്ററുകൾ പ്രവർത്തിച്ചുവരുന്നു. നിലവിൽ 46 യൂണിറ്റുകളും 40 പ്രീ-ഇൻക്യുബേഷൻ യൂണിറ്റുകളും വിവിധ സ്ഥാപനങ്ങളിലായുണ്ട്. 50-ലേറെ യൂണിറ്റുകൾ Gestation Period പൂർത്തിയാക്കി.

സിഡ്ബി (SIDBI) സ്വാവലംബൻ ചെയർ പദ്ധതിയുടെ രാജ്യത്തെ ആദ്യ ധനസഹായം തൃശ്ശൂർ ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജിന് ലഭിച്ചു - 1.53 കോടി രൂപയാണ് ഫണ്ട്. മൂന്ന് വർഷത്തിനകം 25 സ്റ്റാർട്ടപ്പുകൾ സാധ്യമാക്കാൻ ലക്ഷ്യമിടുന്ന പദ്ധതിയാണിത്. ശ്രീകൃഷ്ണപുരം സർക്കാർ എഞ്ചിനീയറിംഗ് കോളേജും ഈ പദ്ധതിയിലേയ്ക്ക് തെരഞ്ഞെടുക്കപ്പെട്ടിട്ടുണ്ട്.

തെരഞ്ഞെടുത്ത പോളിടെക്നിക്കുകളിൽ ഉൽപ്പാദന പരിശീലന കേന്ദ്രങ്ങൾ സ്ഥാപിച്ചിട്ടുണ്ട്. ഈ കേന്ദ്രങ്ങളിൽ LED ബൾബുകളും ട്യൂബുകളും നിർമ്മിക്കുക, ഇലക്ട്രോണിക്സ് ലബോറട്ടറികളിലേയ്ക്കാവശ്യമുള്ള പരിശീലന കിറ്റുകൾ നിർമ്മിക്കുക എന്നീ പ്രവർത്തനങ്ങൾ നടന്നുവരുന്നു. 5 പോളിടെക്നിക് കോളേജുകളിൽ മെറ്റീരിയൽ ടെസ്റ്റിംഗ് ലാബുകൾ സ്ഥാപിച്ചു.

എഞ്ചിനീയറിംഗ് ഡിപ്ലോമ വിദ്യാർത്ഥികളെ ഇന്നവേഷൻ സമൂഹമായി രൂപപ്പെടുത്തുന്നതിന് പാഠ്യപദ്ധതിയിൽത്തന്നെ മാറ്റം വരുത്തിയിട്ടുണ്ട്. Entrepreneurship & Start-ups എന്നത് ഒരു പാഠ്യവിഷയമായി ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടാതെ Production & Training, Innovation Entrepreneurship Development Cell, Technology Induction Cell

തുടങ്ങിയ പദ്ധതികളും പോളിടെക്നിക് മേഖലയിൽ നടപ്പിൽ വരുത്തിയിട്ടുണ്ട്.

<u>അനദ്ധ്യാപക തസ്തികകൾ</u>

96(5220)<u>ശ്രീ. കുറുക്കോളി മൊയ്തീൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ കാട്ടിലങ്ങാടി സയ്യിദ് മുഹമ്മദലി ശിഹാബ് തങ്ങൾ മെമ്മോറിയൽ ആർട്സ് ആന്റ് സയൻസ് വിമെൻസ് കോളേജിൽ 29.02.2016-ലെ സ.ഉ. (എം.എസ്.) 60/2016 എച്ച്-എഡ്യൂക്കേഷൻ നമ്പർ ഉത്തരവ് പ്രകാരം 2016-17-ൽ എത്ര അനദ്ധ്യാപക തസ്തികകളാണ് അനുവദിക്കേണ്ടിയിരുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത കോളേജിൽ 2016-ൽ അനദ്ധ്യാപക സ്റ്റാഫ് പാറ്റേൺ പുതുക്കിയതിന്റെ അടിസ്ഥാനത്തിലുള്ള തസ്തികകൾ അനുവദിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്ന് വിശദമാക്കുമോ;

(സി) പ്രസ്തുത കോളേജിൽ 2016-ൽ അനദ്ധ്യാപക സ്റ്റാഫ് പാറ്റേൺ പുതുക്കിയതിന്റെ അടിസ്ഥാനത്തിലുള്ള തസ്തികകൾ എപ്പോൾ അനുവദിക്കുമെന്ന് അറിയിക്കുമോ?

(എ-സി) മലപ്പുറം ജില്ലയിലെ കാട്ടിലങ്ങാടി സയ്യിദ് മുഹമ്മദലി ശിഹാബ് തങ്ങൾ മെമ്മോറിയൽ ആർട്സ് ആന്റ് സയൻസ് വിമെൻസ് കോളേജ് പുതിയതായി അനുവദിച്ച കോളേജായതിനാലും ടി കോളേജിലെ കോഴ്സിന്റെ എണ്ണവും വിദ്യാർത്ഥികളുടെ എണ്ണവും കുറവായതിനാലും സ.ഉ.(എം.എസ്.)നം60/2016/ഉവിവ. പ്രകാരമുള്ള ഗ്രേഡിംഗ് നൽകിയിട്ടില്ല. കാട്ടിലങ്ങാടി സയ്യിദ് മുഹമ്മദലി ശിഹാബ് തങ്ങൾ മെമ്മോറിയൽ ആർട്സ് ആന്റ് സയൻസ് വിമെൻസ് കോളേജിലെ അനദ്ധ്യാപക വിഭാഗത്തിൽ 26.02.2021-ലെ സ.ഉ.(കൈ)151/2021/ഉവിവ. പ്രകാരം മൂന്ന് സ്ഥിരം തസ്തികകളും ദിവസവേതനാടിസ്ഥാനത്തിലുള്ള ഒരു തസ്തികയും അനുവദിച്ചിട്ടുണ്ട്.

<u>എയ്ഡഡ് കോളേജുകളിൽ നോൺ ടീച്ചിംഗ് സ്റ്റാഫ് ആശ്രിതർക്ക് നിയമനം</u>

97(5221) <u>ശ്രീ. പി. ബാലചന്ദ്രൻ</u>: താഴെക്കാണുന്ന ചോദ്യത്തിന് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

എയ്ഡഡ് കോളേജുകളിൽ നോൺ ടീച്ചിംഗ് സ്റ്റാഫ് മരണപ്പെട്ടാൽ അവരുടെ ആശ്രിതർക്ക് നിയമനം നൽകാറുണ്ടോ; എങ്കിൽ എത്ര കാലയളവിനുള്ളിൽ നിയമനം നടത്തുമെന്ന് അറിയിക്കാമോ?

എയ്ഡഡ് കോളേജുകളിൽ ജോലി ചെയ്തുവരുന്ന ജീവനക്കാർക്ക് മരണം സംഭവിച്ചാൽ അവരുടെ ആശ്രിതർക്ക് 17.02.2020-ലെ GO(P)No.10/2020/HEDN ഉത്തരവ് പ്രകാരം ആശ്രിത നിയമനം നൽകിവരുന്നുണ്ട്. ആശ്രിത നിയമനത്തിനായുള്ള അപേക്ഷയിന്മേൽ ഉത്തരവ് പ്രകാരമുള്ള രേഖകൾ കൃത്യമെങ്കിൽ കാലതാമസം കൂടാതെ നടപടി സ്വീകരിക്കാറുണ്ട്.

കണ്ണൂർ സർവ്വകലാശാല മലയാളം അസോസ്സിയേറ്റ് പ്രൊഫസർ തസ്തിക

98(5222) ശ്രീ. ഷാഫി പറമ്പിൽ:
ശ്രീ. സജീവ് ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ സർവ്വകലാശാലയുടെ മലയാള വിഭാഗത്തിൽ ഒഴിവുള്ള അസോസ്സിയേറ്റ് പ്രൊഫസർ തസ്തികയിലേയ്ക്ക് അപേക്ഷ ക്ഷണിച്ച് ഇന്റർവ്യൂ നടത്തിയിരുന്നുവോ?

കണ്ണൂർ സർവ്വകലാശാലയുടെ മലയാള വിഭാഗത്തിൽ ഒഴിവുള്ള അസോസ്സിയേറ്റ് പ്രൊഫസർ തസ്തികയിലേയ്ക്ക് അപേക്ഷ ക്ഷണിച്ച് ഇന്റർവ്യൂ നടത്തിയിട്ടുണ്ട്.

(ബി) അപേക്ഷ എന്നാണ് സ്വീകരിച്ചിരുന്നതെന്നും ഇന്റർവ്യൂ എന്നാണ് നടത്തിയതെന്നും വ്യക്തമാക്കുമോ?

22.09.2021-ലെ Acad.B3/23389/2019 നമ്പർ വിജ്ഞാപനം അനുസരിച്ചാണ് അപേക്ഷ സ്വീകരിച്ചത്. 18.11.2021-നാണ് ഇന്റർവ്യൂ നടത്തിയത്.

(സി) റാങ്ക് പട്ടിക പ്രസിദ്ധീകരിച്ചുവോ; പ്രസ്തുത തസ്തികയിൽ നിയമനം നടത്തിയോ; ആർക്കാണ് നിയമനം നൽകിയതെന്നറിയിക്കുമോ;

(ഡി) നിയമനം നൽകിയിട്ടില്ലെങ്കിൽ, ഇന്റർവ്യൂ നടത്തിയിട്ടും നിയമനം നൽകാത്തതിനുള്ള കാരണം വ്യക്തമാക്കാമോ?

(സി&ഡി) സെലക്ഷൻ കമ്മിറ്റി തയ്യാറാക്കിയ റാങ്ക് പട്ടിക 27.06.2022-ന് ചേർന്ന സർവ്വകലാശാല സിൻഡിക്കേറ്റ് അംഗീകരിച്ചിട്ടുണ്ട്. സിൻഡിക്കേറ്റ് അംഗീകരിച്ച റാങ്ക് പട്ടിക പ്രസിദ്ധീകരിച്ച് നിയമനം നടത്തുന്നതിനുള്ള നടപടികൾ

സ്വീകരിച്ചുവരികയാണ്. ഷോർട്ട് ലിസ്റ്റ് ചെയ്യപ്പെട്ട മുഴുവൻ ഉദ്യോഗാർത്ഥികളുടെയും യോഗ്യത സംബന്ധിച്ച് സർവ്വകലാശാല സ്റ്റാന്റിംഗ് കൗൺസിൽ, അഡ്വക്കേറ്റ് ജനറൽ ഓഫ് കേരള എന്നിവരിൽനിന്നും നിയമോപദേശം തേടുകയുണ്ടായി. നിയമോപദേശം ലഭ്യമായതിനുശേഷമാണ് സർവ്വകലാശാല സിൻഡിക്കേറ്റ് പ്രസ്തുത നിയമനത്തിനുള്ള അന്തിമ റാങ്ക് പട്ടിക അംഗീകരിച്ചിട്ടുള്ളത്. ആയതിനാലാണ് നിയമനം നൽകുന്നതിന് കാലതാമസം വന്നിട്ടുള്ളത്.

## അസിസ്റ്റന്റ് പ്രൊഫസർ നിയമനം

99(5223) ശ്രീ. ഐ. സി. ബാലകൃഷ്ണൻ: താഴെക്കാണുന്ന ചോദ്യത്തിന് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കേരള, കാലിക്കറ്റ്, മഹാത്മാഗാന്ധി, കണ്ണൂർ, സംസ്കൃത, കൊച്ചി സർവ്വകലാശാലകളിലെ അസിസ്റ്റന്റ് പ്രൊഫസർ നിയമനത്തിന് അപേക്ഷകരെ കൂടിക്കാഴ്ചയ്ക്ക് ക്ഷണിക്കുന്നതിനുള്ള ഹ്രസ്വ പട്ടിക തയ്യാറാക്കുന്നതിന് നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾ വിശദമാക്കാമോ?

" UGC Regulation on Minimum Qualifications for Appointment of Teachers and other Academic Staff in Universities and Colleges and Measures for the Maintenance of Standards in Higher Educations 2018 " -ലെ Appendix-II, Table 3A-യിൽ നൽകിയിട്ടുള്ള മാനദണ്ഡങ്ങൾക്കനുസൃതമായിട്ടാണ് കേരള, കാലിക്കറ്റ്, മഹാത്മാഗാന്ധി, കണ്ണൂർ, സംസ്കൃത, കൊച്ചി സർവ്വകലാശാലകളിലെ അസിസ്റ്റന്റ് പ്രൊഫസർ നിയമനത്തിന് അപേക്ഷകരെ കൂടിക്കാഴ്ചയ്ക്ക് ക്ഷണിക്കുന്നതിനുള്ള ഹ്രസ്വപട്ടിക തയ്യാറാക്കുന്നത്. പ്രസ്തുത മാനദണ്ഡത്തിന്റെ പകർപ്പ് അനുബന്ധം ആയി ചേർത്തിരിക്കുന്നു.+ ഇതേ വിഷയത്തിൽ കേരള, കാലിക്കറ്റ്, കൊച്ചി സർവ്വകലാശാലകൾ പ്രത്യേകമായി പുറപ്പെടുവിച്ച ഉത്തരവുകളുടെ പകർപ്പുകൾ അനുബന്ധം ആയി ചേർത്തിരിക്കുന്നു.+

അദ്ധ്യാപക തസ്തികയിലെ ഒരൊഴിവിലേയ്ക്ക് 30 ഉദ്യോഗാർത്ഥികളെയും തുടർന്ന് വരുന്ന ഓരോ ഒഴിവിലേയ്ക്കും 15 വീതം ഉദ്യോഗാർത്ഥികളെയും അധികമായി ഉൾപ്പെടുത്തി കൂടിക്കാഴ്ചയ്ക്കുള്ള ഹ്രസ്വ പട്ടിക തയ്യാറാക്കുന്നതിന് കണ്ണൂർ സർവ്വകലാശാല തീരുമാനം കൈക്കൊണ്ടിട്ടുണ്ട്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ബയോടെക്നോളജി അദ്ധ്യാപക തസ്തിക

100(5224) ശ്രീ. ടി. ജെ. വിനോദ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിവിധ സർവ്വകലാശാലകളിൽ ബയോടെക്നോളജി അദ്ധ്യാപകരുടെ എത്ര സ്ഥിരം തസ്തികകളുണ്ട് എന്നും എത്ര ഗസ്റ്റ് അദ്ധ്യാപകർ നിലവിൽ ജോലി ചെയ്യുന്നുണ്ട് എന്നും സർവ്വകലാശാല തിരിച്ച് വ്യക്തമാക്കുമോ?

കേരള സർവ്വകലാശാല

ബയോടെക്നോളജി വിഭാഗത്തിൽ രണ്ട് സ്ഥിരം അദ്ധ്യാപകരുടെ തസ്തികകളുണ്ട്. എന്നാൽ സ്ഥിരം അദ്ധ്യാപകർ ആരുംതന്നെ ഇല്ലാത്തതിനാൽ അഞ്ച് കരാർ അദ്ധ്യാപകരും ഒരു ഗസ്റ്റ് അദ്ധ്യാപികയുമാണ് ക്ലാസ്സുകൾ കൈകാര്യം ചെയ്യുന്നത്.

മഹാത്മാഗാന്ധി സർവ്വകലാശാല

സ്കൂൾ ഓഫ് ബയോസയൻസസിൽ, അസിസ്റ്റന്റ് പ്രൊഫസർ ഇൻ ബയോടെക്നോളജിയിൽ 3 സ്ഥിരം തസ്തികകളുണ്ട്. സർവ്വകലാശാലയുടെ

ബയോടെക്നോളജി വിഭാഗത്തിൽ ഗസ്റ്റ് അദ്ധ്യാപകരുടെ നിയമനം നടത്തിയിട്ടില്ല.

<u>കാലിക്കറ്റ് സർവ്വകലാശാല</u>

ബയോടെക്നോളജി പഠന വകുപ്പിൽ 5 സ്ഥിര അദ്ധ്യാപക തസ്തികകളുണ്ട്. 2022-23 അക്കാദമിക വർഷത്തേയ്ക്ക് ഗസ്റ്റ് അദ്ധ്യാപകരായി നാളിതുവരെ ആരെയും നിയമിച്ചിട്ടില്ല.

<u>കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാല</u>

ബയോടെക്നോളജി വകുപ്പിലുള്ള 9 അസിസ്റ്റന്റ് പ്രൊഫസർ തസ്തികയും 1 പ്രൊഫസർ തസ്തികയുമുണ്ട്. നിലവിൽ പ്രസ്തുത വകുപ്പിൽ ഗസ്റ്റ് അദ്ധ്യാപകർ ആരുംതന്നെയില്ല.

<u>കണ്ണൂർ സർവ്വകലാശാല</u>

ബയോടെക്നോളജി വകുപ്പിൽ 9 സ്ഥിരം തസ്തികകളുണ്ട്. പ്രസ്തുത വകുപ്പിൽ ഗസ്റ്റ് അദ്ധ്യാപകർ ആരുംതന്നെയില്ല.

(ബി) പ്രസ്തുത പഠന വിഭാഗങ്ങളിൽ ആവശ്യമായ അദ്ധ്യാപക തസ്തികകൾ സൃഷ്ടിച്ച് നിയമനം നടത്തുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

പ്രസ്തുത പഠന വിഭാഗങ്ങളിൽ ആവശ്യമായ അദ്ധ്യാപക തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസൽ പരിശോധിച്ചുവരികയാണ്.

(സി) സംസ്ഥാനത്തെ വിവിധ സർവ്വകലാശാലകൾക്ക് കീഴിൽ ബയോടെക്നോളജി കോഴ്സ് നിലവിലുള്ള കോളേജുകളുടെ വിശദാംശങ്ങൾ എയ്ഡഡ്, അൺ എയ്ഡഡ് എന്നിങ്ങനെ തരംതിരിച്ച് ലഭ്യമാക്കുമോ?

സംസ്ഥാനത്തെ വിവിധ സർവ്വകലാശാലകൾക്ക് കീഴിൽ ബയോടെക്നോളജി കോഴ്സ് നിലവിലുള്ള കോളേജുകളുടെ വിശദാംശങ്ങൾ എയ്ഡഡ്, അൺ എയ്ഡഡ് എന്നിങ്ങനെ തരംതിരിച്ചുള്ളത് അനുബന്ധമായി ചേർത്തിരിക്കുന്നു.+

## കോളേജുകളിലെ പ്രിൻസിപ്പൽ തസ്തിക

101(5225)ശ്രീ. എം. വിജിൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) സർക്കാർ ആർട്സ് & സയൻസ് കോളേജുകളിൽ എത്ര പ്രിൻസിപ്പൽ തസ്തിക ഒഴിഞ്ഞുകിടക്കുന്നുണ്ട്; വിശദമാക്കാമോ?

കോളേജ് വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള സർക്കാർ ആർട്സ് & സയൻസ് കോളേജുകളിൽ പ്രിൻസിപ്പൽ തസ്തികയിൽ 55 ഒഴിവ് നിലനിൽക്കുന്നു. വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

(ബി) പ്രസ്തുത കോളേജുകളിൽ പ്രിൻസിപ്പൽമാരെ നിയമിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

വിവിധ സർക്കാർ ആർട്സ് & സയൻസ് കോളേജുകളിൽ പ്രിൻസിപ്പൽ തസ്തികയിൽ നിയമനം നടത്തുന്നതിന് യു.ജി.സി. മാനദണ്ഡപ്രകാരവും വകുപ്പിൽ നിലവിലുള്ള സ്പെഷ്യൽ റൂൾസ് പ്രകാരവും യോഗ്യരായവരിൽനിന്നും പ്രൊപ്പോസലുകൾ ക്ഷണിക്കുകയും സെലക്ഷൻ കമ്മിറ്റി രൂപീകരിച്ച് ഈ പ്രൊപ്പോസലുകൾ പരിശോധിക്കുകയും ടി സെലക്ഷൻ കമ്മിറ്റി തെരഞ്ഞെടുത്തവരെ ഉൾപ്പെടുത്തി വകുപ്പുതല പ്രൊമോഷൻ കമ്മിറ്റി ചേരുകയും ചെയ്തിട്ടുണ്ട്. ഒഴിവുള്ള മുഴുവൻ കോളേജുകളിലും പ്രിൻസിപ്പൽമാരെ നിയമിക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

<u>സർവ്വീസിൽനിന്നും പിരിച്ചുവിട്ടതിന്റെ കാരണം</u>

102(5226) <u>ശ്രീ. ടി. സിദ്ദിഖ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാലിക്കറ്റ് സർവ്വകലാശാലയിലെ ലൈഫ് സയൻസ് വിഭാഗത്തിലെ അദ്ധ്യാപകൻ ഡോ. രാധാകൃഷ്ണ പിള്ളയെ സർവ്വീസിൽനിന്നും പിരിച്ചുവിട്ടുവോ; എങ്കിൽ പിരിച്ചുവിടാനുള്ള കാരണം എന്താണെന്ന് അറിയിക്കാമോ?

ലൈഫ് സയൻസ് വിഭാഗത്തിലെ അസിസ്റ്റന്റ് പ്രൊഫസറായ ഡോ. ജി. രാധാകൃഷ്ണ പിള്ളയെ പിരിച്ചുവിട്ടുകൊണ്ടുള്ള സിൻഡിക്കേറ്റ് തീരുമാനം ഇനം നമ്പർ 2022.688 നടപ്പിലാക്കിക്കൊണ്ട് U.O.No.12261/2022/Admn. dated, Calicut University.P.O., 22.06.2022 ഉത്തരവ് പ്രകാരം സസ്പെൻഷനിലായ തീയതി മുതൽ, അതായത് 03.12.2021 മുതൽ പിരിച്ചുവിട്ടു. 1955-ലെ ഇന്ത്യൻ പൗരത്വ നിയമത്തിലെ 7 ബി (2) (എ) & (ഐ) വകുപ്പ് പ്രകാരം, ഭരണഘടനയുടെ ആർട്ടിക്കിൾ 16 പ്രകാരം ഇന്ത്യൻ പൗരന് നൽകുന്ന അവകാശങ്ങൾക്ക് ഇന്ത്യൻ വിദേശ പൗരന് അർഹതയില്ല. ഡോ. ജി. രാധാകൃഷ്ണ പിള്ള

31.05.2008-ന് ബ്രിട്ടീഷ് പൗരത്വം സ്വീകരിക്കുകയും വിദേശ പാസ്പോർട്ട് കരസ്ഥമാക്കുകയും ചെയ്തുകൊണ്ട് ഇന്ത്യൻ പൗരത്വത്തെ തിരസ്കരിച്ചു.

(ബി) അദ്ദേഹത്തിന് മൊത്തം എത്ര വർഷത്തെ സർവ്വീസ് ഉണ്ട് എന്ന് അറിയിക്കാമോ?

അദ്ദേഹത്തിന്റെ സേവന വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു:

- സർവ്വകലാശാലാ സേവനത്തിൽ പ്രവേശിച്ച വർഷം - 09.03.1995
- സേവനത്തിൽനിന്ന് നീക്കം ചെയ്തത് - 03.12.2021
- ആകെ LWA – 5073 ദിവസങ്ങൾ (13 വർഷത്തിൽ കൂടുതൽ)
- അതിനാൽ മൊത്തം സേവനം - ഏകദേശം 12.5 വർഷം

(സി) യഥാർത്ഥത്തിൽ അദ്ദേഹം എപ്പോഴാണ് സർവ്വീസിൽനിന്നും വിരമിക്കേണ്ടത്?

റിട്ടയർമെന്റ് ലിസ്റ്റ് 2023 പ്രകാരം (No.19431/AD-H-SO/2013/CU 08.06.2022) പ്രകാരം, ഡോ. ജി. രാധാകൃഷ്ണ പിള്ള യഥാർത്ഥത്തിൽ വിരമിക്കേണ്ട തീയതി 07.04.2023 AN ആണ്.

(ഡി) ഇദ്ദേഹത്തെ സർവ്വീസിൽനിന്നും പിരിച്ചുവിടാനുള്ള സിൻഡിക്കേറ്റ് തീരുമാനം ഐകകണ്ഠ്യേന ആയിരുന്നുവോ; വ്യക്തമാക്കുമോ?

അല്ല. സിൻഡിക്കേറ്റ് അംഗമായ ഡോ. റഷീദ് അഹമ്മദ് വിയോജനക്കുറിപ്പ് പ്രസ്തുത പ്രമേയത്തിൽ രേഖപ്പെടുത്തി.

മഹാരാജാസ് കോളേജ് ഗ്രൗണ്ടിലെ സിന്തറ്റിക് ട്രാക്ക്

103(5227) ശ്രീ. ടി. ജെ. വിനോദ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം മഹാരാജാസ് കോളേജ് ഗ്രൗണ്ടിലെ സിന്തറ്റിക് ട്രാക്ക് പുതുക്കിപ്പണിയുന്നതിന് തുക അനുവദിച്ചിരുന്നോ; എങ്കിൽ എത്ര തുകയെന്ന് വ്യക്തമാക്കുമോ?

02.09.2021-ലെ GO(Rt) No.1147/2022/EEdn. പ്രകാരം മഹാരാജാസ് കോളേജിൽ സിന്തറ്റിക് ട്രാക്ക് പുനർനിർമ്മാണത്തിനായി 6.9 കോടി രൂപ അനുവദിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത ട്രാക്കിന്റെ നിർമ്മാണം എന്ന് ആരംഭിക്കാനാകുമെന്നും എന്നത്തേയ്ക്ക് പൂർത്തിയാക്കുവാനാകുമെന്നും വ്യക്തമാക്കുമോ?

പൊതുമരാമത്ത് വകുപ്പിന്റെ റേറ്റ് റിവിഷൻ 2018 പ്രകാരം എസ്റ്റിമേറ്റ് പുതുക്കിയപ്പോൾ പദ്ധതി പൂർത്തീകരിക്കാനായി 742 ലക്ഷം രൂപ ആവശ്യമാണ്. പുതുക്കിയ എസ്റ്റിമേറ്റനുസരിച്ച് ഭരണാനുമതിയും ഫണ്ടും അനുവദിക്കുമ്പോൾ മാത്രമേ പണി ആരംഭിക്കാൻ കഴിയുകയുള്ളൂ.

(സി) പ്രസ്തുത പ്രവൃത്തിയുടെ എസ്റ്റിമേറ്റ് എന്നാണ് തയ്യാറാക്കിയതെന്നറിയിക്കുമോ?

26.02.2020-ൽ പൊതുമരാമത്ത് വകുപ്പിൽനിന്നും എസ്റ്റിമേറ്റ് കോളേജ് വിദ്യാഭ്യാസ ഡയറക്ടർക്ക് ലഭിച്ചിട്ടുണ്ട്.

(ഡി) പ്രസ്തുത പ്രവൃത്തിക്കായി അനുവദിച്ച തുക പര്യാപ്തമല്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അധിക തുക അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

പുതുക്കിയ എസ്റ്റിമേറ്റ് പരിശോധിച്ചുവരുന്നു.

(ഇ) പ്രസ്തുത പ്രവൃത്തിയുടെ നിർവ്വഹണത്തിന് ഏത് ഏജൻസിയെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നതെന്ന് വ്യക്തമാക്കുമോ?

പൊതുമരാമത്ത് വകുപ്പിനെയാണ് പ്രസ്തുത പ്രവൃത്തിയുടെ നിർവ്വഹണ ഏജൻസിയായി ചുമതലപ്പെടുത്തിയിരിക്കുന്നത്.

## പള്ളിപ്പുറം ഐ.എച്ച്.ആർ.ഡി. കോളേജ്

104(5228) ശ്രീമതി ദെലീമ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അരൂർ മണ്ഡലത്തിലെ പള്ളിപ്പുറം ഐ.എച്ച്.ആർ.ഡി. കോളേജിൽ ഏതെല്ലാം കോഴ്സുകളുണ്ടെന്ന് വിശദമാക്കാമോ?

അരൂർ മണ്ഡലത്തിലെ പള്ളിപ്പുറം ഐ.എച്ച്.ആർ.ഡി. കോളേജിൽ താഴെപ്പറയുന്ന കോഴ്സുകളാണുള്ളത്.

- ബിടെക് കമ്പ്യൂട്ടർ സയൻസ് ആന്റ് എഞ്ചിനീയറിംഗ്
- ബിടെക് ഇലക്ട്രോണിക്സ് ആന്റ് കമ്മ്യൂണിക്കേഷൻ എഞ്ചിനീയറിംഗ്
- ബിടെക് ഇലക്ട്രിക്കൽ ആന്റ് ഇലക്ട്രോണിക്സ് എഞ്ചിനീയറിംഗ്
- എംടെക് കമ്പ്യൂട്ടർ ആന്റ് ഇൻഫർമേഷൻ സയൻസ്

(ബി) പ്രസ്തുത കോളേജിൽ ദൂരെനിന്ന് പഠിക്കുന്ന കുട്ടികൾക്ക് ഹോസ്റ്റൽ സൗകര്യം നിലവിലുണ്ടോ?

സ്ഥാപനത്തിന് സ്വന്തമായി ഹോസ്റ്റൽ ഇല്ലാത്തതിനാൽ പി.റ്റി.എ.-യുടെ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന ഹോസ്റ്റൽ സൗകര്യം 21

ആൺകുട്ടികൾക്കും 40 പെൺകുട്ടികൾക്കും പ്രത്യേകമായി ഒരുക്കിയിട്ടുണ്ട്. ഇതിനായി കെട്ടിടങ്ങൾ വാടകയ്ക്കെടുത്താണ് പ്രവർത്തിക്കുന്നത്.

(സി) കുട്ടികൾക്ക് ആവശ്യമായ ഭൗതിക സാഹചര്യങ്ങൾ ലഭ്യമാണോ?

ലഭ്യമാണ്.

(ഡി) പ്രസ്തുത കോളേജിന് ചുറ്റുമതിൽ ഇല്ലാത്തത് സാമൂഹ്യവിരുദ്ധശല്യം വർദ്ധിപ്പിക്കുന്നുവെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയത് പരിഹരിക്കുന്നതിനുവേണ്ടി സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഐ.എച്ച്.ആർ.ഡി.-യിൽനിന്നും വിശദമായ പ്രൊപ്പോസൽ ലഭിക്കുന്ന മുറയ്ക്ക് ഈ ആവശ്യം പരിശോധിക്കുന്നതാണ്.

## മാവേലിക്കര മണ്ഡലത്തിൽ ഗവൺമെന്റ് കോളേജ്

105(5229) ശ്രീ. എം. എസ്. അരുൺ കുമാർ: താഴെക്കാണുന്ന ചോദ്യത്തിന് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മാവേലിക്കര മണ്ഡലത്തിൽ ഗവൺമെന്റ് കോളേജ് അനുവദിക്കുന്ന കാര്യം പരിഗണിക്കുമോയെന്ന് വ്യക്തമാക്കുമോ?

മാവേലിക്കര മണ്ഡലത്തിൽ പുതിയ സർക്കാർ കോളേജ് ആരംഭിക്കുന്നതിനായി പ്രൊപ്പോസലുകൾ ഒന്നും ലഭ്യമായിട്ടില്ല.

താനൂരിലെ സി.എച്ച്. മുഹമ്മദ് കോയ ഗവൺമെന്റ് കോളേജിന് കെട്ടിടം

106(5230)ശ്രീ. കുറുക്കോളി മൊയ്തീൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) താനൂരിൽ 2013-ൽ പ്രവർത്തനം ആരംഭിച്ച സി.എച്ച്. മുഹമ്മദ് കോയ ഗവൺമെന്റ് ആർട്സ് ആന്റ് സയൻസ് കോളേജ് നിലവിലും താൽക്കാലിക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പ്രസ്തുത കോളേജിന് സ്വന്തമായി കെട്ടിടങ്ങളും മറ്റ് സൗകര്യങ്ങളും ഒരുക്കുന്നതിനായി ഉന്നതവിദ്യാഭ്യാസ വകുപ്പിന് സ്ഥലം ലഭ്യമായിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

ലഭ്യമായിട്ടുണ്ട്. കോളേജിന് സ്വന്തമായി കെട്ടിടങ്ങളും മറ്റ് സൗകര്യങ്ങളും ഒരുക്കുന്നതിനായി മലപ്പുറം ജില്ലയിൽ തിരൂർ താലൂക്കിലെ ഒഴൂർ വില്ലേജിൽ സർവ്വേ നമ്പർ 152/5 (പുതിയത്) 152/4(പഴയത്)

പ്രകാരമുള്ള 2.1002 ഹെക്ടർ ഭൂമി ഏറ്റെടുക്കുന്നതിന് കളക്ടറുടെ ഉത്തരവനുസരിച്ച് തിരൂർ സ്പെഷ്യൽ തഹസിൽദാർ (എൽ.എ. ജനറൽ) അവാർഡ് പാസ്സാക്കിയിട്ടുണ്ട്. ഭൂവുടമകൾക്ക് പാസ്സാക്കിയിട്ടുള്ള അവാർഡ് തുക മഞ്ചേരി അഡീഷണൽ ജില്ലാ & സെഷൻസ് കോടതി II-ൽ കെട്ടിവച്ചിട്ടുണ്ട്.

(സി) പ്രസ്തുത കോളേജിന് സ്വന്തമായി കെട്ടിടങ്ങളും മറ്റ് സൗകര്യങ്ങളും ഒരുക്കുന്നതിന് നടപടി സ്വീകരിക്കുമോ എന്ന് അറിയിക്കാമോ?

കോളേജിന് സ്വന്തമായി കെട്ടിടങ്ങളും മറ്റ് സൗകര്യങ്ങളും ഒരുക്കുന്നതിന് കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി തുക വകയിരുത്തിയിട്ടുള്ളതും SPV ആയ കിറ്റ്കോ കെട്ടിട നിർമ്മാണത്തിന് ടെൻഡർ നടപടികൾ സ്വീകരിച്ചിട്ടുള്ളതുമാണ്. ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് നിർമ്മാണം ആരംഭിക്കാൻ സാധിക്കുന്നതാണ്.

## പുതിയ കോഴ്സിന് അംഗീകാരം

107(5231) ശ്രീ. കെ. ആൻസലൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര കുളത്തൂർ ഗവൺമെന്റ് കോളേജിൽ 2022-23 വർഷത്തിൽ പുതിയ കോഴ്സ് ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ?

(ബി) കുളത്തൂർ ഗവൺമെന്റ് കോളേജിൽ പുതിയ കോഴ്സ് ആരംഭിക്കുന്നതിന് കേരള യൂണിവേഴ്സിറ്റിയിൽനിന്നും അംഗീകാരം ലഭിക്കുന്നതിന് ഏതെങ്കിലും തരത്തിലുള്ള തടസ്സമുണ്ടോയെന്ന് വിശദമാക്കാമോ?

(എ & ബി)2022-23 അദ്ധ്യയന വർഷം കുളത്തൂർ ഗവ. ആർട്സ് & സയൻസ് കോളേജിൽ രണ്ട് പുതിയ കോഴ്സുകൾ ആരംഭിക്കുന്നതിനുള്ള കേരള സർവ്വകലാശാലയുടെ ശിപാർശ ലഭിച്ചിട്ടുണ്ട്. പുതിയ കോഴ്സുകൾ അനുവദിക്കുന്ന വിഷയം സർക്കാർ പരിശോധിച്ചുവരുന്നു.

മൊകേരി കോളേജിലെ നിർമ്മാണപ്രവൃത്തികൾ

108(5232) ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൊകേരി കോളേജിലെ വിമെൻ അമിനിറ്റി സെന്റർ, ലൈബ്രറി ബ്ലോക്ക്, ലേഡീസ് ഹോസ്റ്റൽ, ഇന്റേണൽ റോഡ് എന്നീ നിർമ്മാണപ്രവൃത്തികൾ ഏറ്റെടുത്തിരിക്കുന്ന ഏജൻസികളുടെ പേരുവിവരം

ലഭ്യമാക്കുമോ; പ്രസ്തുത പ്രവൃത്തികളുടെ കരാർ തീയതി, നിർമ്മാണ കാലയളവ് എന്നിവ വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തികളുടെ അടങ്കൽ തുക സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ?

(എ&ബി) അനുബന്ധമായി ചേർക്കുന്നു.+

(സി) പ്രസ്തുത പ്രവൃത്തികൾ നടപ്പിലാക്കുന്നതിന് നിലവിൽ എന്തെങ്കിലും തടസ്സങ്ങളുണ്ടോ; ഉണ്ടെങ്കിൽ വിശദവിവരം ലഭ്യമാക്കുമോ; പ്രസ്തുത പ്രവൃത്തികൾ എന്നത്തേയ്ക്ക് പൂർത്തിയാക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

മാസ്റ്റർ പ്ലാൻ പ്രകാരം ഇന്റേണൽ റോഡ് നിർമ്മിക്കേണ്ടിയിരുന്ന സ്ഥലത്താണ് വുമൺ അമിനിറ്റി സെന്ററിനായി തറ നിർമ്മിച്ചിരുന്നത്. ആയതിനാൽ പ്രവൃത്തി താൽക്കാലികമായി നിർത്തിവച്ചിരിക്കുകയാണ്. വുമൺ അമിനിറ്റി സെന്ററിനായി പുതിയ സ്ഥലം നിശ്ചയിച്ച് നൽകിയിരുന്നെങ്കിലും നിർമ്മാണ ഏജൻസി നിർമ്മാണം പുനരാരംഭിച്ചിട്ടില്ല.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

രൂപകൽപ്പനയിൽ മാറ്റം വരുത്തുന്നതിനായി ലേഡീസ് ഹോസ്റ്റൽ നിർമ്മാണത്തിന്റെ ഫണ്ടിംഗ് ഏജൻസിയായ കിഫ്ബി പദ്ധതി നിർവ്വഹണ ഏജൻസിയായ കിറ്റ്കോയ്ക്ക് സ്റ്റോപ് മെമ്മോ നൽകിയിരിക്കുകയാണ്. ഇന്റേണൽ റോഡ് നിർമ്മിക്കുന്നതിനായി 2.26 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പൊതുമരാമത്ത് വകുപ്പിൽനിന്നും ടെണ്ടർ നടപടികൾ പൂർത്തീകരിച്ചിട്ടില്ല.

ലേഡീസ് ഹോസ്റ്റൽ, ലൈബ്രറി ബ്ലോക്ക് എന്നിവയുടെ നിർമ്മാണം കരാർ കാലാവധിക്കുള്ളിൽ പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. അമിനിറ്റി സെന്റർ നിർമ്മാണവുമായി ബന്ധപ്പെട്ട കരാർ കാലാവധി അവസാനിച്ചെങ്കിലും നിർമ്മാണം ഒന്നുംതന്നെ ആരംഭിച്ചിരുന്നില്ല. പുതിയ കരാറിലേർപ്പെട്ട് നിർമ്മാണം ആരംഭിച്ചാൽ മാത്രമേ പ്രവൃത്തി പൂർത്തീകരണം സംബന്ധിച്ച വ്യക്തത കൈവരികയുള്ളൂ. കൂടാതെ ഇന്റേണൽ റോഡ് നിർമ്മാണ പ്രവൃത്തിയുടെ ടെൻഡർ നടപടികൾ പൂർത്തീകരിച്ച് വർക്ക് അവാർഡ് ചെയ്തശേഷം മാത്രമേ പ്രവൃത്തി പൂർത്തീകരണം സംബന്ധിച്ച വ്യക്തത കൈവരികയുള്ളൂ.

<u>ശ്രീകൃഷ്ണപുരം ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജിൽ ഇന്റർനെറ്റ് ഓഫ് തിംഗ്സ് കോഴ്സിന് അനുമതി</u>

109(5233) ശ്രീ. കെ. പ്രേംകുമാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിലെ ശ്രീകൃഷ്ണപുരം ഗവ. എഞ്ചിനീയറിംഗ് കോളേജിൽ പുതിയ എം.ടെക്. കോഴ്സായ ഇന്റർനെറ്റ് ഓഫ് തിംഗ്സ് എന്ന കോഴ്സിന് അനുമതി ലഭിച്ചിട്ടുണ്ടോ?

പാലക്കാട് ശ്രീകൃഷ്ണപുരം സർക്കാർ എഞ്ചിനീയറിംഗ് കോളേജിൽ ഇന്റർനെറ്റ് ഓഫ് തിംഗ്സ് എന്ന എം.ടെക്. കോഴ്സിന് അനുമതി നൽകുന്നതിനുള്ള പ്രൊപ്പോസൽ സർക്കാർ പരിഗണനയിലാണ്.

(ബി) പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട ഫയൽ ഏത് ഘട്ടത്തിലാണ്; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഫയൽ ധനകാര്യ വകുപ്പ് പരിശോധിച്ചുവരുന്നു.

കണ്ണൂർ വനിതാ കോളേജ് ഓഡിറ്റോറിയം നവീകരണം

110(5234) ശ്രീ. കെ. വി. സുമേഷ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ കൃഷ്ണമേനോൻ സ്മാരക വനിതാ കോളേജ് ഓഡിറ്റോറിയം നവീകരണവുമായി ബന്ധപ്പെട്ട പ്രവൃത്തിയുടെ ഇപ്പോഴത്തെ അവസ്ഥ വിശദമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തി പൂർത്തിയാക്കുന്നതിന് എന്തൊക്കെ ചെയ്തുതീർക്കാനുണ്ട് എന്നറിയിക്കാമോ;

(സി) പ്രസ്തുത പ്രവൃത്തി നടപ്പിലാക്കുന്നതിന് എന്തെങ്കിലും തടസ്സങ്ങളുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

(എ-സി) 2012-13 വർഷത്തെ പ്ലാൻ ഫണ്ടിൽ CIUP സ്കീമിൽ 27.06.2012 തീയതിയിലെ കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ ഉത്തരവ് പ്രകാരം കണ്ണൂർ കൃഷ്ണമേനോൻ സ്മാരക വനിതാ കോളേജിന് ഓഡിറ്റോറിയം നിർമ്മിക്കുന്നതിന് 65 ലക്ഷം രൂപയും 14.03.2013-ലെ സ.ഉ.(സാധാ)നം. 356/2013/ഉ.വി.വ. പ്രകാരം 55 ലക്ഷം രൂപയും 2013-14 വർഷത്തെ പ്ലാൻ ഫണ്ടിൽനിന്നും 31.05.2013-ലെ സ.ഉ.(സാധാ)നം. 978/2013/ഉ.വി.വ. പ്രകാരം 100 ലക്ഷം രൂപയും അനുവദിച്ചിരുന്നു. ആകെ 2.2 കോടി രൂപ ചെലവഴിച്ചെങ്കിലും ഇതുവരെ ഓഡിറ്റോറിയത്തിന്റെ ഘടന മാത്രമേ പൂർത്തീകരിച്ചിട്ടുള്ളൂ. 18.09.2019-ലെ സ.ഉ.(സാധാ)നം. 1670/2019/ഉ.വി.വ. പ്രകാരം 1.5 കോടി അനുവദിച്ചിരുന്നുവെങ്കിലും പി.ഡബ്ല്യൂ.ഡി. അധികൃതർ യാതൊരു പ്രവൃത്തിയും ഇതുവരെ ആരംഭിച്ചിട്ടില്ല.

<u>പട്ടാമ്പി എസ്.എൻ.ജി.എസ്. കോളേജിൽ റഫറൻസ് ലൈബ്രറി</u>

111(5235) <u>ശ്രീ. മുഹമ്മദ് മുഹസിൻ</u>: താഴെക്കാണുന്ന ചോദ്യത്തിന് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വി.ടി. ഭട്ടതിരിപ്പാട്, ഇ. എം. എസ്. നമ്പൂതിരിപ്പാട്, ചെറുകാട്, ഇ. പി. ഗോപാലൻ, പുന്നശ്ശേരി നമ്പി തുടങ്ങിയ നിരവധി സാംസ്കാരിക നായകൻമാരുടെ പ്രവർത്തന മേഖലയായിരുന്ന പട്ടാമ്പിയിൽ, പ്രസ്തുത മഹദ് വ്യക്തികളുടെ സ്മരണയ്ക്കായി അവരുടെ കയ്യെഴുത്ത് കൃതികൾ ഉൾപ്പെടുത്തി പട്ടാമ്പി എസ്.എൻ.ജി.എസ്. കോളേജിൽ ഒരു റഫറൻസ് ലൈബ്രറി ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ?

പട്ടാമ്പി എസ്.എൻ.ജി.എസ്. കോളേജിൽ റഫറൻസ് ലൈബ്രറി ആരംഭിക്കുന്ന വിഷയം പരിശോധിക്കുന്നതാണ്.

<u>കൂത്തുപറമ്പ് ഐ.എച്ച്.ആർ.ഡി. കോളേജിന്റെ പ്രവർത്തനം സ്വന്തം കെട്ടിടത്തിലാക്കുന്നതിനുള്ള നടപടികൾ</u>

112(5236)<u>ശ്രീ. കെ. പി. മോഹനൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൂത്തുപറമ്പിൽ വാടകക്കെട്ടിടത്തിൽ പ്രവർത്തിക്കുന്ന ഐ.എച്ച്.ആർ.ഡി. കോളേജിനായി, കൂത്തുപറമ്പ് നിയോജകമണ്ഡലത്തിലെ മുൻ എം.എൽ.എ.-മാരുടെയും നിലവിലെ എം.എൽ.എ.-യുടെയും ഫണ്ടുപയോഗിച്ച്, കൂത്തുപറമ്പ് വലിയവെളിച്ചത്ത് സ്വന്തം കെട്ടിടം നിർമ്മിച്ചുവെങ്കിലും, കോളേജിന്റെ പ്രവർത്തനം അവിടേയ്ക്ക് മാറ്റാനുള്ള തടസ്സമെന്താണെന്ന് വിശദമാക്കുമോ; പ്രസ്തുത കോളേജിന്റെ പ്രവർത്തനം സ്വന്തം കെട്ടിടത്തിലേയ്ക്ക് മാറ്റുന്നതിനായി സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്ന നടപടികൾ വിശദമാക്കുമോ?

കൂത്തുപറമ്പ് കോളേജ് ഓഫ് അപ്ലൈഡ് സയൻസിനായി ആസ്തി വികസന ഫണ്ടിൽനിന്നും തുക ചെലവഴിച്ച് നിർമ്മിച്ച കെട്ടിടങ്ങൾക്ക് ഗ്രാമപഞ്ചായത്തിൽനിന്നും ഇതുവരെ കെട്ടിട നമ്പർ ലഭിച്ചിട്ടില്ല. സ്ഥലത്തിന്റെ ഉടമസ്ഥാവകാശം ഐ.എച്ച്.ആർ.ഡി.-ക്ക് ഇല്ല എന്ന കാരണത്താലാണിത്. കെട്ടിട നമ്പർ ഇല്ലാത്തതിനാൽ വൈദ്യുതി കണക്ഷനും ലഭിച്ചിട്ടില്ല. ഇക്കാരണങ്ങളാൽ പൂർത്തീകരിച്ച കെട്ടിടങ്ങളിലേയ്ക്ക് ഇതേവരെ കോളേജ് മാറ്റാൻ കഴിഞ്ഞിട്ടില്ല.

2011-ലെ സർക്കാർ ഉത്തരവ് പ്രകാരം ഐ.എച്ച്.ആർ.ഡി.-ക്ക് അനുവദിച്ച 15.83 ഏക്കർ ഭൂമിയിലാണ് പ്രസ്തുത കെട്ടിടങ്ങൾ നിർമ്മിച്ചിരിക്കുന്നത്. സർക്കാർ ഭൂമിയായതിനാൽ പാട്ടക്കരാർ മതിയാകുമെന്നതിനാൽ അതിനുവേണ്ടിയുള്ള അപേക്ഷ ഐ.എച്ച്.ആർ.ഡി. സമർപ്പിച്ചിരുന്നുവെങ്കിലും പാട്ടക്കരാറിൽ ഏർപ്പെടുന്നതിനുള്ള നടപടിക്രമങ്ങൾ പൂർത്തിയായിരുന്നില്ല. 5 ഏക്കർ ഭൂമി ഐ.എച്ച്.ആർ.ഡി. കോളേജിന് അനുവദിക്കുവാനുള്ള നടപടികൾ പുരോഗമിക്കവേ, ഐ.എച്ച്.ആർ.ഡി.-ക്ക് ആദ്യം ഭൂമി അനുവദിച്ച സർക്കാർ ഉത്തരവിനെതിരെ ഒരു സ്വകാര്യ വ്യക്തി ബഹു. ഹൈക്കോടതിയിൽ ഹർജി സമർപ്പിക്കുകയുണ്ടായി. ടി ഹർജിയിൽ ഹൈക്കോടതി 14.09.2021-ലെ ഉത്തരവിലൂടെ തൽസ്ഥിതി തുടരുവാൻ ഉത്തരവായിരുന്നു. ഈ സാഹചര്യത്തിൽ കോളേജിന് ഭൂമി അനുവദിക്കുന്നതിനുള്ള നടപടികൾ തുടരുവാൻ സാധിച്ചില്ല. തുടർന്ന്, 12.07.2022-ലെ ഉത്തരവ് പ്രകാരം തൽസ്ഥിതി തുടരുകയെന്നത് ഐ.എച്ച്.ആർ.ഡി.-ക്ക് ഭൂമി അനുവദിക്കുന്നതിന് തടസ്സമാകുകയില്ലെന്ന് കോടതി ഉത്തരവായിട്ടുണ്ട്.

ഉത്തരവിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത കോളേജിനായി 5 ഏക്കർ ഭൂമി അനുവദിക്കുന്ന വിഷയം സർക്കാർ പരിശോധിച്ചുവരികയാണ്.

(ബി) പ്രസ്തുത കെട്ടിടം സാമൂഹ്യവിരുദ്ധർ കയ്യേറുന്നത് ഒഴിവാക്കുന്നതിനായി ചുറ്റുമതിൽ നിർമ്മിക്കുന്ന കാര്യം പരിശോധിക്കുമോ; എങ്കിൽ അതിനായി സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്ന നടപടികൾ വിശദമാക്കുമോ?

ഐ.എച്ച്.ആർ.ഡി.-യുടെ പ്ലാൻ ഫണ്ടിൽനിന്നും 50 ലക്ഷം രൂപ ചെലവഴിച്ച് കോളേജിന് ചുറ്റുമതിൽ നിർമ്മിക്കുവാൻ ഭരണാനുമതി നൽകിയിട്ടുണ്ട്. ഭൂമി കൈമാറി ഉത്തരവ് പുറപ്പെടുവിക്കുന്ന മുറയ്ക്ക് ചുറ്റുമതിൽ നിർമ്മിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

## കിനാനൂർ-കരിന്തളം ഗവൺമെന്റ് ആർട്സ് ആന്റ് സയൻസ് കോളേജിൽ പുതിയ കോഴ്സുകൾ

113(5237) ശ്രീ. ഇ. ചന്ദ്രശേഖരൻ: താഴെക്കാണുന്ന ചോദ്യത്തിന് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കിനാനൂർ-കരിന്തളം ഗവൺമെന്റ് ആർട്സ് ആന്റ് സയൻസ് കോളേജിൽ നിലവിലുള്ള കോഴ്സുകൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ?

കിനാനൂർ-കരിന്തളം ഗവൺമെന്റ് ആർട്സ് ആന്റ് സയൻസ് കോളേജിൽ നിലവിൽ ബി.എ. ഇക്കണോമിക്സ്, ബി.കോം. കോ-ഓപ്പറേഷൻ, ബി.എ. ഇംഗ്ലീഷ്, ബി.എസ്.സി. ബോട്ടണി എന്നീ കോഴ്സുകളുണ്ട്.

മാനന്തവാടി മണ്ഡലത്തിൽ റൂസ മോഡൽ ഡിഗ്രി കോളേജ്

114(5238) ശ്രീ. ഒ. ആർ. കേളു: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാനന്തവാടി മണ്ഡലത്തിൽ പ്രഖ്യാപിച്ച റൂസ മോഡൽ ഡിഗ്രി കോളേജ് ആരംഭിക്കുന്നതിന് നിലവിലുള്ള തടസ്സങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) തടസ്സങ്ങൾ പരിഹരിക്കാൻ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

(സി) കോളേജ് ആരംഭിക്കുന്നതിന് സംസ്ഥാന സർക്കാരിന്റെ ഭാഗത്തുനിന്നും ഇനി എന്തെങ്കിലും നടപടി സ്വീകരിക്കേണ്ടതുണ്ടോ എന്ന് വ്യക്തമാക്കാമോ?

(എ-സി) റൂസ രണ്ടാംഘട്ട പദ്ധതിയുടെ ഭാഗമായി വയനാട് ജില്ലയിൽ മാനന്തവാടി മണ്ഡലത്തിൽ അനുവദിച്ച മോഡൽ ഡിഗ്രി

കോളേജുമായി ബന്ധപ്പെട്ട് സംസ്ഥാന സർക്കാരിന്റെ ഭാഗത്തുനിന്നും റൂസ സംസ്ഥാന കാര്യാലയത്തിന്റെ ഭാഗത്തുനിന്നും കേന്ദ്ര വിദ്യാഭ്യാസ വകുപ്പിന് സമർപ്പിക്കേണ്ട എല്ലാ രേഖകളും സമർപ്പിച്ചിട്ടുണ്ട്. ആരോഗ്യ വകുപ്പിന്റെ ഉടമസ്ഥതയിലുണ്ടായിരുന്ന 10 ഏക്കർ സ്ഥലം ഉന്നത വിദ്യാഭ്യാസ വകുപ്പിന് ലഭിച്ചതും ഡി.പി.ആർ. സമർപ്പിച്ചതും ഉൾപ്പടെ ആവശ്യപ്പെട്ട മുഴുവൻ വിശദാംശങ്ങളും വളരെ മുമ്പേതന്നെ നൽകിയിട്ടുണ്ട്. കോളേജിന് അനുവദിച്ച തുകയുടെ കേന്ദ്ര വിഹിതത്തിന്റെ ആദ്യ ഗഡുവായ 3.60 കോടി രൂപയ്ക്ക് വേണ്ടിയുള്ള പ്രൊപ്പോസൽ 30.03.2022-ന് അവസാനമായി നൽകിയിട്ടുമുണ്ട്.

കോളേജ് ആരംഭിക്കുന്നതിന് സംസ്ഥാന സർക്കാരിന്റെ ഭാഗത്തുനിന്ന് ചെയ്യേണ്ടത് എല്ലാംതന്നെ ചെയ്തിട്ടുണ്ട്. കേന്ദ്ര വിഹിതത്തിന്റെ ആദ്യ ഗഡു ലഭിച്ചശേഷം മാത്രമേ സംസ്ഥാന സർക്കാരിന്റെ ഭാഗത്തുനിന്ന് ഇനി എന്തെങ്കിലും നടപടി സ്വീകരിക്കേണ്ടതുള്ളൂ.

<u>എയ്ഡഡ് കോളേജുകളിലെ അനദ്ധ്യാപക തസ്തികകൾ</u>

115(5239) <u>ശ്രീ. വി. കെ. പ്രശാന്ത്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എയ്ഡഡ് കോളേജുകളിലെ അനദ്ധ്യാപക തസ്തികകളിലെ അപ്രൂവലുകൾ, പ്രൊമോഷനുകൾ എന്നിവയിൽ കാലതാമസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്. കോളേജ് മാനേജ്മെന്റ്, അപ്രൂവൽ/പ്രൊമോഷൻ പ്രൊപ്പോസലുകൾ കൃത്യമായി സമർപ്പിക്കാത്തതിനാലും യൂണിവേഴ്സിറ്റി സ്റ്റാറ്റ്യൂട്ട്, സർക്കാർ ഉത്തരവ്, സീനിയോറിറ്റി എന്നിവ പാലിക്കാതെ പ്രൊപ്പോസൽ ലഭ്യമാക്കുന്നതിനാലും തീരുമാനമെടുക്കാൻ കാലതാമസം നേരിടുന്നുണ്ട്.

(ബി) പ്രസ്തുത തസ്തികകളിലെ അപ്രൂവൽ, പ്രൊമോഷൻ എന്നിവ സമയബന്ധിതമായി നടപ്പിലാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയെന്ന് വ്യക്തമാക്കാമോ?

കോളേജ് വിദ്യാഭ്യാസ വകുപ്പിലെ 14.09.2021, 16.04.2022 തീയതികളിലെ ഇ 1/38691/2020 നമ്പരായ സർക്കുലർ പ്രകാരം അപ്രൂവൽ/പ്രൊമോഷൻ എന്നിവയ്ക്കുള്ള പ്രൊപ്പോസലിനോടൊപ്പം ലഭ്യമാക്കേണ്ട രേഖകൾ സംബന്ധിച്ച് എല്ലാ എയ്ഡഡ് കോളേജുകൾക്കും വ്യക്തമായ നിർദ്ദേശം നൽകിയിട്ടുണ്ട്. പ്രസ്തുത സർക്കുലർ പ്രകാരം

ലഭ്യമാക്കുന്ന പ്രൊപ്പോസലുകളിൽ കാലതാമസം കൂടാതെ അംഗീകാരം നൽകുവാൻ സാധിക്കുന്നുണ്ട്.

(സി) 2010 മുതൽ നാളിതുവരെ എയ്ഡഡ് കോളേജുകളിലെ അനദ്ധ്യാപക തസ്തികകളിലെ അപ്രൂവലുകളും പ്രൊമോഷനുകളും പട്ടിക തിരിച്ച് ലഭ്യമാക്കാമോ?

വിവരം ശേഖരിച്ചുവരുന്നു.

സംസ്ഥാനത്തെ എയ്ഡഡ് കോളേജുകൾ

116(5240)ശ്രീ. എൻ. എ. നെല്ലിക്കുന്ന്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര എയ്ഡഡ് കോളേജുകൾ ഉണ്ടെന്ന് ജില്ല തിരിച്ച് അറിയിക്കാമോ?

കോളേജ് വിദ്യാഭ്യാസ വകുപ്പിന് കീഴിൽ 191 എയ്ഡഡ് കോളേജുകളാണുള്ളത്. അവയുടെ ജില്ല തിരിച്ചുള്ള എണ്ണം ഇതോടൊപ്പം അനുബന്ധമായി ചേർക്കുന്നു.+

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) പ്രസ്തുത കോളേജുകളുടെ പേരും ഇവിടെ പഠിപ്പിക്കുന്ന കോഴ്സുകളും വ്യക്തമാക്കാമോ?

കോളേജ് വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള എയ്ഡഡ് കോളേജുകളുടേയും നിലവിലുള്ള കോഴ്സുകളുടേയും വിവരങ്ങൾ ഇതോടൊപ്പം അനുബന്ധമായി ചേർക്കുന്നു.+

(സി) പ്രസ്തുത കോളേജുകളിൽ എത്ര അനദ്ധ്യാപക തസ്തികകൾ ഉണ്ടെന്നും ഇതിൽ ഒഴിഞ്ഞുകിടക്കുന്ന തസ്തികകൾ എത്രയെന്നും വ്യക്തമാക്കാമോ?

വിവരങ്ങൾ ശേഖരിച്ചുവരുന്നു.

(ഡി) അനദ്ധ്യാപക തസ്തികകളിലെ അപ്രൂവലുകളും പ്രൊമോഷനുകളും വൈകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അവ ദ്രുതഗതിയിലാക്കാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ?

കോളേജ് വിദ്യാഭ്യാസ വകുപ്പിലെ 14.09.2021, 16.04.2021 എന്നീ തിയതികളിലെ ഇ 1/38691/DCE നമ്പരായ സർക്കുലർ പ്രകാരം അപ്രൂവൽ, പ്രൊമോഷൻ എന്നിവയ്ക്കുള്ള പ്രൊപ്പോസലിനോടൊപ്പം ലഭ്യമാക്കേണ്ട

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

രേഖകൾ സംബന്ധിച്ച് എല്ലാ എയ്ഡഡ് കോളേജുകൾക്കും വ്യക്തമായ നിർദ്ദേശം നൽകിയിട്ടുണ്ട്. പ്രസ്തുത സർക്കുലർ പ്രകാരം ലഭ്യമാകുന്ന പ്രൊപ്പോസലുകളിൽ കാലതാമസം കൂടാതെ അംഗീകാരം നൽകുവാൻ സാധിക്കുന്നുണ്ട്.

(ഇ) 2010 മുതൽ നാളിതുവരെ എയ്ഡഡ് കോളേജുകളിലെ അനദ്ധ്യാപക തസ്തികകളിലെ അപ്രൂവലുകളും പ്രൊമോഷനുകളും കോളേജ് തിരിച്ച് വ്യക്തമാക്കാമോ?

വിവരം ശേഖരിച്ചുവരുന്നു.

അതിഥി അദ്ധ്യാപക തസ്തികകൾ നികത്തുന്നതിന് നടപടി

117(5241) ഡോ. മാത്യു കുഴൽനാടൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) യു.ജി.സി.-യുടെ 2019 ജനുവരി 28-ലെ (നം.എഫ്.25-1/2018 (പി.എസ്/മിസെ.) സർക്കുലറിൽ അതിഥി അദ്ധ്യാപകരുടെ വേതനം ഒരു മണിക്കൂറിന് 1,500 എന്ന നിരക്കിൽ മാസം പരമാവധി അമ്പതിനായിരം ആക്കിയ ഉത്തരവിന്മേലും ആയത് എത്രയുംവേഗം നടപ്പിലാക്കണമെന്ന സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ ഉത്തരവിന്മേലും

(എച്ച്.ആർ.എം.പി.നമ്പർ. 5637/9/2021/എം.പി.എൻ. തീയതി 10.12.21 & 19.02.2022) എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ?

യു.ജി.സി.-യുടെ 2019 ജനുവരി 28-ലെ (നം.എഫ്.25-1/2018 (പി.എസ്/മിസെ.) സർക്കുലർ പ്രകാരം അതിഥി അദ്ധ്യാപകരുടെ വേതനം ഒരു മണിക്കൂറിന് 1,500 രൂപ എന്ന നിരക്കിൽ മാസം പരമാവധി അമ്പതിനായിരം രൂപയാക്കിയിരുന്നു. പ്രസ്തുത സർക്കുലറിന്റെ അടിസ്ഥാനത്തിൽ ആവശ്യമായ തുടർനടപടികൾ സ്വീകരിക്കണമെന്ന് സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ എച്ച്.ആർ.എ.പി. നമ്പർ. 5637/9/2021/എം.പി.എൻ. തീയതി 10.12.21 & 19.02.2022 ഉത്തരവുകൾ പ്രകാരം നിർദ്ദേശിച്ചിരുന്നു. പ്രസ്തുത നിർദ്ദേശത്തിന്മേൽ കോളേജ് വിദ്യാഭ്യാസ ഡയറക്ടർ സമർപ്പിച്ച ശിപാർശ സർക്കാർ പരിശോധിക്കുകയും സർക്കാരിന്റെ നിലവിലെ സാമ്പത്തിക സാഹചര്യത്തിൽ ടി ശിപാർശ പരിഗണിക്കാനാവില്ലെന്ന് തീരുമാനിക്കുകയും ചെയ്തിരുന്നു.

(ബി) എയ്ഡഡ് കോളേജുകളിൽ വർഷങ്ങളായി ഒഴിഞ്ഞുകിടക്കുന്ന സ്ഥിര അദ്ധ്യാപക തസ്തികകൾ നികത്തുന്നതിനായി മാനേജ്മെന്റ് വിജ്ഞാപനം ഇറക്കാതെ വരികയാണെങ്കിൽ പ്രസ്തുത തസ്തികകൾ നികത്തുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

സർവ്വകലാശാല ചട്ടങ്ങൾ പ്രകാരം എയ്ഡഡ് കോളേജുകളിലെ ഒഴിവുകൾ ടി ചട്ടങ്ങളിൽ അനുശാസിക്കുന്ന നിബന്ധനകൾക്ക് വിധേയമായി പരസ്യപ്പെടുത്തി സർക്കാർ അനുമതിയോടെ നികത്തേണ്ട ഉത്തരവാദിത്വം അതത് കോളേജ് മാനേജർമാർക്കാണ്. ടി ഒഴിവുകൾ നികത്തുന്നതിന് സർക്കാർ തലത്തിൽ നടപടികൾ സ്വീകരിക്കുന്നതിന് നിലവിൽ വ്യവ സ്ഥയില്ല.

(സി) കോളേജ് വിദ്യാഭ്യാസ വകുപ്പ് 24.07.2018-ന് ഇറക്കിയ നമ്പർ.വി.1/103066/2018 കോ.വി.വ. ഉത്തരവ് പ്രകാരം ഖണ്ഡിക 13-ൽ, എയ്ഡഡ് കോളേജുകളിൽ ഏപ്രിൽ മാസത്തെ ബില്ലിനോടൊപ്പം എല്ലാ അതിഥി അദ്ധ്യാപകരുടെയും മാർച്ച് 31 വരെയുള്ള അക്കാദമിക് വർഷത്തെ

ശമ്പളം നൽകിയിട്ടുണ്ടെന്ന സത്യപ്രസ്താവന ഡി.ഡി.ഒ.-മാർ പാലിക്കുന്നുണ്ടോ; എങ്കിൽ വിശദമാക്കാമോ?

22.12.2020-ലെ സ.ഉ.(പി)നം. 163/2020/ധന. പ്രകാരം എയ്ഡഡ് കോളേജുകളുടെ പ്രധാന ശമ്പളബില്ലുകൾ പ്രിൻസിപ്പൽമാർ നേരിട്ട് ട്രഷറിയിൽ നൽകി ക്ലെയിം ചെയ്യുകയാണ് നിലവിൽ ചെയ്യുന്നത്. അത്തരം ബില്ലുകൾ നിലവിൽ പരിശോധനകൾക്കായി ഡെപ്യൂട്ടി ഡയറക്ടറുടെ ഓഫീസിൽ നൽകേണ്ടതില്ല. ആയതിനാൽ അതിഥി അദ്ധ്യാപകരുടെ വേതനം പെൻഡിംഗ് ഇല്ല എന്ന സാക്ഷ്യപത്രം ശമ്പള ബില്ലിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ എന്നത് സമയബന്ധിതമായി പരിശോധിക്കാൻ സാധിക്കാറില്ല. പാസ്സായതിനുശേഷം പോസ്റ്റ് ഓഡിറ്റിന് സമർപ്പിക്കുന്ന ശമ്പള ബില്ലുകളിൽ പ്രസ്തുത സാക്ഷ്യപത്രം ഉൾപ്പെടുത്തുന്നില്ല. ന്യൂനതകളില്ലാതെ സമർപ്പിക്കുന്ന അതിഥി അദ്ധ്യാപകരുടെ ശമ്പള ബില്ലുകൾ സമയബന്ധിതമായിത്തന്നെ ഡെപ്യൂട്ടി ഡയറക്ടർമാരുടെ ഓഫീസുകളിൽനിന്നും പാസ്സാക്കി നല്കുന്നുണ്ട്.

ഗുരുവായൂർ ശ്രീകൃഷ്ണാ കോളേജിന് എം.എസ്.സി. സുവോളജി കോഴ്സ് അനുവദിക്കുന്നതിനുള്ള നടപടികൾ

118(5242) <u>ശ്രീ. മുരളി പെരുനെല്ലി</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗുരുവായൂർ ശ്രീകൃഷ്ണാ കോളേജിൽ ഏതെല്ലാം കോഴ്സുകളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കുമോ?

ഗുരുവായൂർ ശ്രീകൃഷ്ണാ കോളേജിൽ നിലവിലുള്ള കോഴ്സുകളുടെ വിവരം ചുവടെ ചേർക്കുന്നു:

1. B.Com. Finance - Aided

2. B.Sc. Bio Chemistry - Aided

3. B.Sc. Botany - Aided

4. B.Sc. Chemistry - Aided

5. B.Sc. Mathematics - Aided

6. B.Sc. Physics - Aided

7. B.Sc. Zoology - Aided

8. B.A. Economics - Aided

9. B.A. English Language and Literature - Aided

10. B.A. Functional English – Self Financing

11. B.A. History – Aided

12. B.A. Malayalam Language and Literature – Aided

13. B.A. Sanskrit Sahithya – Aided

14. M.Com. Foreign Trade – Aided

15. M.Sc. Physics - Aided

16. M.Sc. Botany - Aided

17. M.A. Malayalam Language and Literature - Aided

18. M.A. Sanskrit General - Aided

19. M.A. Business Economics - Aided

(ബി) പ്രസ്തുത കോളേജിന് പുതിയ കോഴ്സുകൾ അനുവദിക്കുന്നതിനായി 2020-ൽ കോളേജ് അധികൃതരിൽനിന്നും അപേക്ഷ ലഭിച്ചിരുന്നോ എന്ന് വ്യക്തമാക്കുമോ?

ഗുരുവായൂർ ശ്രീകൃഷ്ണാ കോളേജിൽ 2020-21 അദ്ധ്യയന വർഷം പുതിയ കോഴ്സുകൾ ആരംഭിക്കുന്നതിനായി കാലിക്കറ്റ് സർവ്വകലാശാലയിൽ അപേക്ഷ ലഭിച്ചിരുന്നു.

(സി) അതിൻപ്രകാരം പ്രസ്തുത കോളേജിന് പുതിയ കോഴ്സ് അനുവദിച്ചിട്ടുണ്ടോയെന്നും ഉണ്ടെങ്കിൽ ഏത് കോഴ്സാണ് അനുവദിച്ചതെന്നും വ്യക്തമാക്കുമോ?

പ്രസ്തുത അപേക്ഷകൂടി പരിഗണിച്ച് കാലിക്കറ്റ് സർവ്വകലാശാല സമർപ്പിച്ച ശിപാർശയുടെ അടിസ്ഥാനത്തിൽ 2020-21 അദ്ധ്യയന വർഷം കോളേജിൽ എം.എ. ബിസിനസ് ഇക്കണോമിക്സ് പ്രോഗ്രാം അനുവദിച്ചിട്ടുണ്ട്.

(ഡി) പ്രസ്തുത കോളേജിന് നിലവിൽ എം.എസ്.സി. സുവോളജി കോഴ്സ് അനുവദിച്ചിട്ടുണ്ടോയെന്നും ഇല്ലെങ്കിൽ അതിനുള്ള നടപടി സ്വീകരിക്കുമോയെന്നും അറിയിക്കാമോ?

അനുവദിച്ചിട്ടില്ല. ഇതുസംബന്ധിച്ച് സർവ്വകലാശാലയുടെ ശിപാർശ ലഭിക്കുന്ന മുറയ്ക്ക് മറ്റ് മാനദണ്ഡങ്ങളുടെകൂടി അടിസ്ഥാനത്തിൽ പരിശോധിക്കുന്നതാണ്.

## സ്വാശ്രയ കോളേജ് അദ്ധ്യാപക-അനദ്ധ്യാപക ജീവനക്കാരുടെ പ്രശ്നങ്ങൾ

119(5243) ഡോ. മാത്യു കുഴൽനാടൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സ്വാശ്രയ കോളേജ് അദ്ധ്യാപക-അനദ്ധ്യാപക ജീവനക്കാർ (നിയമനവും സേവനവ്യവസ്ഥകളും) നിയമത്തിൽ, സംസ്ഥാനത്തെ വിവിധ സർവ്വകലാശാലയുടെ കീഴിലുള്ള സ്വാശ്രയ കോളേജുകളിലെ അദ്ധ്യാപകരുടെ ഏറ്റവും കുറഞ്ഞ വേതനം സംബന്ധിച്ച് വ്യക്തത നൽകിയിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതുമൂലമുള്ള ചൂഷണങ്ങൾ ഒഴിവാക്കുന്നതിന് പ്രസ്തുത നിയമത്തിലെ ന്യൂനത പരിഹരിക്കുവാൻ നടപടി സ്വീകരിക്കാമോ?

2021-ലെ കേരള സ്വാശ്രയ കോളേജ് അദ്ധ്യാപക- അനദ്ധ്യാപക ജീവനക്കാർ (നിയമനവും സേവന വ്യവസ്ഥകളും) ആക്ടിന് അനുബന്ധമായി രൂപപ്പെടുത്തേണ്ട ചട്ടം പ്രാബല്യത്തിൽ വരുമ്പോൾ ഇതിന് പരിഹാരമാകുന്നതാണ്.

(ബി) പ്രസ്തുത നിയമത്തിലെ ചട്ടം 7(2) അനുസരിച്ച് എത്ര സ്വാശ്രയ കോളേജ് മാനേജ്മെന്റുകളാണ് അദ്ധ്യാപക- അനദ്ധ്യാപക ലിസ്റ്റ് വിവിധ

സർവ്വകലാശാലകളിൽ രജിസ്ട്രേഷനായി നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; ഇങ്ങനെ രേഖകൾ സമർപ്പിക്കാത്ത എത്ര സ്വാശ്രയ കോളേജ് മാനേജ്മെന്റുകൾ ഉണ്ടെന്ന് അറിയിക്കാമോ; രേഖകൾ സമർപ്പിക്കാത്തവർക്കെതിരെ എന്ത് നടപടിയാണ് സർവ്വകലാശാലകൾ സ്വീകരിക്കേണ്ടതെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത നിയമത്തിലെ ചട്ടം 4(4), 4(5) പ്രകാരമുള്ള പ്രൊവിഡന്റ് ഫണ്ട് അംഗത്വവും ഇൻഷ്വറൻസ് പരിരക്ഷയും വിവിധ സ്വാശ്രയ കോളേജുകളിലെ അദ്ധ്യാപക-അനദ്ധ്യാപകർക്ക് നൽകിട്ടുണ്ടോയെന്ന് സർവ്വകലാശാലകളോ തൊഴിൽ വകുപ്പോ പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

(ബി & സി) കേരള സ്വാശ്രയ കോളേജ് അദ്ധ്യാപക-അനദ്ധ്യാപക ജീവനക്കാർ (നിയമനവും സേവന വ്യവസ്ഥകളും) നിയമത്തിന്റെ അടിസ്ഥാനത്തിൽ സർവ്വകലാശാല സ്റ്റാറ്റ്യൂട്ടിൽ ഭേദഗതികൾ വരുത്തേണ്ടതുണ്ട്. ആയതിനുശേഷം സർവ്വകലാശാലകൾ ഇക്കാര്യത്തിൽ തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

(ഡി) സ്വാശ്രയ കോളേജുകളിലെ അദ്ധ്യാപന പ്രവൃത്തിപരിചയം സംസ്ഥാനത്തെ സർക്കാർ-എയ്ഡഡ് കോളേജുകളിലെ അദ്ധ്യാപക നിയമനങ്ങളിൽ പരിഗണിക്കുന്നതിന് നടപടികൾ സ്വീകരിക്കാമോ?

യു.ജി.സി. കാലാകാലങ്ങളിൽ അദ്ധ്യാപകരുടെ യോഗ്യത സംബന്ധിച്ച് പുറപ്പെടുവിക്കുന്ന റെഗുലേഷനിലെ വ്യവസ്ഥകളാണ് സർക്കാർ-എയ്ഡഡ് കോളേജുകളിലെ അദ്ധ്യാപക നിയമനങ്ങളിൽ പരിഗണിക്കപ്പെടുന്നത്.

(ഇ) സംസ്ഥാനത്ത് സ്വാശ്രയ കോളേജ് മേഖലയിൽ ജോലി ചെയ്യുന്ന അദ്ധ്യാപക-അനദ്ധ്യാപക ജീവനക്കാരുടെ എണ്ണം സർക്കാരിന്റെയോ സർവ്വകലാശാലകളുടെയോ പക്കലുണ്ടോ എന്നറിയിക്കാമോ?

എണ്ണം ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടില്ല.

## എൻ.ഐ.ആർ.എഫ്. റാങ്ക് പട്ടികയിലെ കേരളത്തിലെ കോളേജുകൾ

120(5244) ശ്രീ. എൻ. എ. നെല്ലിക്കുന്ന്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാഷണൽ ഇൻസ്റ്റിറ്റ്യൂഷണൽ റാങ്കിംഗ് ഫ്രെയിംവർക്കിന്റെ റാങ്ക് പട്ടികയിൽ ഏറ്റവും മുകളിലുള്ള ഇന്ത്യയിലെ നൂറ് കോളേജുകളിൽ കേരളത്തിലെ എത്ര കോളേജുകളുണ്ടെന്ന് വ്യക്തമാക്കാമോ?

നാഷണൽ ഇൻസ്റ്റിറ്റ്യൂഷണൽ റാങ്കിംഗ് ഫ്രെയിംവർക്കിന്റെ റാങ്ക് പട്ടികയിൽ ഏറ്റവും മുകളിലുള്ള ഇന്ത്യയിലെ നൂറ് കോളേജുകളിൽ കേരളത്തിലെ 17 കോളേജുകൾ ഉൾപ്പെട്ടിട്ടുണ്ട്.

(ബി) പ്രസ്തുത കോളേജുകളുടെ പേരുവിവരം ജില്ല തിരിച്ച് വ്യക്തമാക്കാമോ?

നാഷണൽ ഇൻസ്റ്റിറ്റ്യൂഷണൽ റാങ്കിംഗ് ഫ്രെയിംവർക്കിന്റെ റാങ്ക് പട്ടികയിലുള്ള കേരളത്തിലെ 17 കോളേജുകളുടെ ജില്ല തിരിച്ചുള്ള ലിസ്റ്റ് അനുബന്ധം ആയി ചേർക്കുന്നു.+

(സി) ഓരോ കോളേജിലുമുള്ള കുട്ടികളുടെ എണ്ണം എത്രയാണെന്ന് വ്യക്തമാക്കാമോ?

നാഷണൽ ഇൻസ്റ്റിറ്റ്യൂഷണൽ റാങ്കിംഗ് ഫ്രെയിംവർക്കിന്റെ റാങ്ക് പട്ടികയിലുള്ള കേരളത്തിലെ 17 കോളേജുകളിലെ വിദ്യാർത്ഥികളുടെ എണ്ണം അനുബന്ധം ആയി ചേർക്കുന്നു.+

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.
\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ഡി) ഈ കോളേജുകളിൽ സ്ഥിരം പ്രിൻസിപ്പൽമാരില്ലാത്ത കോളേജുകളുണ്ടോ എന്ന് വ്യക്തമാക്കാമോ; എങ്കിൽ കോളേജിന്റെ പേര് വ്യക്തമാക്കാമോ?

നാഷണൽ ഇൻസ്റ്റിറ്റ്യൂഷണൽ റാങ്കിംഗ് ഫ്രെയിംവർക്കിന്റെ റാങ്ക് പട്ടികയിലുള്ള കേരളത്തിലെ 17 കോളേജുകളിൽ 4 സർക്കാർ കോളേജുകളിലും സ്ഥിരം പ്രിൻസിപ്പൽ ഉണ്ട്. 13 എയ്ഡഡ് കോളേജുകളിൽ 10 എണ്ണത്തിൽ നിലവിൽ സ്ഥിരം പ്രിൻസിപ്പൽ ഇല്ല. ടി കോളേജുകളുടെ ലിസ്റ്റ് അനുബന്ധം ആയി ചേർക്കുന്നു.+

(ഇ) ഉയർന്ന നിലവാരത്തിലെത്തിയിട്ടും ഈ കോളേജുകളിൽ സ്ഥിരം പ്രിൻസിപ്പൽമാരെ നിയമിക്കാത്തത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ?

എയ്ഡഡ് കോളേജുകളിൽ പ്രിൻസിപ്പൽ നിയമനം നടത്തുന്നത് അതാത് മാനേജ്മെന്റുകളാണ്. പ്രിൻസിപ്പൽ തെരഞ്ഞെടുപ്പിനുള്ള സർക്കാർ പ്രതിനിധിയെ അനുവദിച്ച് സർക്കാരിൽനിന്ന് ഉത്തരവ് പുറപ്പെടുവിക്കുമെങ്കിലും തുടർനടപടികൾ സ്വീകരിക്കുന്നത് ബന്ധപ്പെട്ട കോളേജുകളും മാനേജ്മെന്റുകളും ബന്ധപ്പെട്ട യൂണിവേഴ്സിറ്റികളുമാണ്. ടി

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കോളേജുകളിൽ പ്രിൻസിപ്പൽ നിയമനത്തിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(എഫ്) ഏതെല്ലാം കോഴ്സുകളുണ്ടെന്ന് കോളേജ് തിരിച്ച് വ്യക്തമാക്കാമോ; കൂടുതൽ അക്കാദമിക് കോഴ്സ് ഈ കോളേജുകളിൽ അനുവദിക്കുമോ; എങ്കിൽ ഏതെല്ലാം കോഴ്സുകളാണെന്ന് വ്യക്തമാക്കാമോ?

കോളേജ് തിരിച്ചുള്ള കോഴ്സുകളുടെ വിശദാംശങ്ങൾ അനുബന്ധം ആയി ചേർക്കുന്നു.+ 2022-23 അക്കാദമിക വർഷം സർക്കാർ/എയ്ഡഡ് ആർട്സ് & സയൻസ് കോളേജുകളിൽ പുതിയ കോഴ്സുകൾ അനുവദിക്കുന്ന വിഷയം സർക്കാർ പരിശോധിച്ചുവരുന്നു.

<u>മലപ്പുറം ജില്ലയിലെ ഡിഗ്രി സീറ്റുകൾ</u>

121(5245) <u>ശ്രീ. പി. ഉബൈദുള്ള</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിൽ നിലവിൽ സർക്കാർ, എയ്ഡഡ്, അറബിക് കോളേജുകൾ എന്നിവിടങ്ങളിലെ ഡിഗ്രി സീറ്റുകൾ എത്രയെന്ന് വ്യക്തമാക്കാമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

മലപ്പുറം ജില്ലയിൽ കോളേജ് വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള സർക്കാർ, എയ്ഡഡ്, അറബിക് കോളേജുകളിൽ 6592 ഡിഗ്രി സീറ്റുകളാണുള്ളത്.

(ബി) പ്രസ്തുത ജില്ലയിലെ പ്ലസ് ടു പരീക്ഷ പാസ്സായ എല്ലാ വിദ്യാർത്ഥികൾക്കും തുടർ പഠനത്തിന് അവസരമൊരുക്കാൻ സീറ്റുകളും കോഴ്സുകളും വർദ്ധിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ;

(സി) മലപ്പുറം ജില്ലയിലെ എല്ലാ സർക്കാർ, എയ്ഡഡ്, അറബിക് കോളേജുകളിലും പുതിയ സീറ്റുകളും കോഴ്സുകളും അനുവദിക്കുമോ; വ്യക്തമാക്കുമോ?

(ബി & സി) 2022-23 അദ്ധ്യയന വർഷം മലപ്പുറം ജില്ലയിലേതുൾപ്പെടെയുള്ള സർക്കാർ/എയ്ഡഡ് കോളേജുകളിൽ പുതിയ കോഴ്സുകൾ അനുവദിക്കുന്നതും നിലവിലുള്ള കോഴ്സുകൾക്ക് സീറ്റ് വർദ്ധനവ് അനുവദിക്കുന്നതും പരിശോധിച്ചുവരുന്നു.

## ബയോടെക്നോളജി മേഖലയിൽ കൂടുതൽ തൊഴിലവസരങ്ങൾ

122(5246) ശ്രീ. സി. ആർ. മഹേഷ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബയോ 360 പാർക്ക് പ്രവർത്തനമാരംഭിക്കുമ്പോൾ സംസ്ഥാനത്ത് ബയോടെക്നോളജി മേഖലയിൽ കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെടുമെന്ന് വിലയിരുത്തുന്നുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ?

ബയോ 360 പാർക്ക് പ്രവർത്തനമാരംഭിക്കുമ്പോൾ സംസ്ഥാനത്ത് ബയോടെക്നോളജി മേഖലയിൽ കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെടും. ബയോടെക് ആർ & ഡി സേവനങ്ങൾ, ബയോ-ഇൻഫോർമാറ്റിക്സ്, ബയോ-സർവീസസ്, ബയോ-മെഡിക്കൽ ടെക്നോളജി, ബയോ-ഫാർമ, ന്യൂട്രാസ്യൂട്ടിക്കൽസ് ബയോളജിക്സ്, മറൈൻ ബയോടെക്നോളജി, സെറികൾച്ചർ, മൃഗസംരക്ഷണം, അഗ്രോ-ബയോടെക്നോളജി, ബയോ-ആൽഗൽ ഇന്ധനങ്ങൾ, സ്റ്റെം സെൽ ഗവേഷണങ്ങൾ, സസ്യങ്ങളിൽനിന്നുള്ള ബയോ ആക്ടീവ് സംയുക്തങ്ങൾ, മൃഗ വാക്സിനുകൾ, ബയോ ഫ്ലേവറുകൾ, ജൈവ സുഗന്ധങ്ങൾ, ബയോ-മെറ്റീരിയൽ തുടങ്ങിയ പുതിയ ഗവേഷണ മേഖലകളിൽ ശ്രദ്ധ കേന്ദ്രീകരിക്കുവാൻ സഹായിക്കും. സുഗന്ധവ്യഞ്ജനങ്ങൾ, ഔഷധസസ്യങ്ങൾ, സമുദ്രവിഭവങ്ങൾ മുതലായവയിൽനിന്നുള്ള

മൂല്യവർദ്ധിത ഉല്പന്നങ്ങളിൽ കാതലായ ശക്തി പ്രയോജനപ്പെടുത്തുന്ന ഒരു സാധ്യതയുള്ള ബയോടെക് കയറ്റുമതി കേന്ദ്രമായി ഉയർന്നുവരുന്നതിനും എൻ.ആർ.ഐ. നിക്ഷേപത്തിനുമുള്ള സാഹചര്യമൊരുങ്ങും. ആരോഗ്യ-ഭക്ഷ്യ-ശുചിത്വ മേഖലകളിൽ ഗവേഷണ സാധ്യതയിലൂടെ ഉരുത്തിരിഞ്ഞുവരുന്ന പുതിയ ഉല്പന്നങ്ങൾ ധാരാളം ജോലി സാധ്യതകളുമുണ്ടാക്കുന്നു.

(ബി) അതിവിപുലമായ തൊഴിൽ സാധ്യതകളുള്ള ഈ മേഖലയിലെ കോഴ്സുകൾ സംസ്ഥാനത്തെ സർവ്വകലാശാലകൾക്ക് കീഴിലുള്ള കോളേജുകളിൽ വളരെ കുറവാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

(സി) എങ്കിൽ ബയോടെക്നോളജി മേഖലയുടെ ഭാവി സാധ്യതകൾ പൂർണ്ണമായും പ്രയോജനപ്പെടുത്തുന്നതിന് സംസ്ഥാനത്തെ സർവ്വകലാശാലകൾക്ക് കീഴിൽ കൂടുതൽ ബയോടെക്നോളജി കോഴ്സുകൾ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം വ്യക്തമാക്കുമോ?

ബയോടെക്നോളജി മേഖലയുടെ ഭാവി സാധ്യതകൾ പൂർണ്ണമായും പ്രയോജനപ്പെടുത്തുന്നതിന് സംസ്ഥാനത്തെ സർവ്വകലാശാലകൾക്ക്

കീഴിൽ കൂടുതൽ ബയോടെക്നോളജി കോഴ്സുകൾ അനുവദിക്കുന്നത് പ്രൊപ്പോസൽ ലഭിക്കുന്ന മുറയ്ക്ക് പരിശോധിക്കുന്നതാണ്.

<u>മാർക്ക് വർദ്ധിപ്പിച്ച് നൽകിയതിന് നടപടി</u>

123(5247) <u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ:</u> താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാലിക്കറ്റ് സർവ്വകലാശാലയുടെ വിമൻസ് സ്റ്റഡീസ് വകുപ്പിൽ അസിസ്റ്റന്റ് പ്രൊഫസറായി താൽക്കാലിക അടിസ്ഥാനത്തിൽ ജോലി ചെയ്തുവരുന്ന വ്യക്തിക്ക് 2009-ലെ എം.എ. പരീക്ഷയിൽ ലഭിച്ച മാർക്കിൽ വർഷങ്ങൾക്കുശേഷം വർദ്ധനവ് വരുത്തിനൽകിയോ; എങ്കിൽ അപ്രകാരം നല്കാൻ കാരണം എന്താണെന്ന് അറിയിക്കാമോ?

2009-ലെ എം.എ. പരീക്ഷയിൽ ഇന്റേണൽ മാർക്കിൽ വർദ്ധനവ് വരുത്തി നല്കിയിട്ടുണ്ട്. കാരണം, 01.03.2010-ലെ U.O.No.SW(3)/GC/2010 പ്രകാരം ആ ഉത്തരവിൽ പറയുന്നത് താഴെ കൊടുത്തിരിക്കുന്നു:

" As the attendance of the students was not recorded systematically, the component of internal marks awarded based on the weightage of

attendance should be even for all the students during the third & fourth semester" .

മേൽപ്പറഞ്ഞ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഡിപ്പാർട്ട്മെന്റ് മേധാവി തിരുത്തിയ ഇന്റേണൽ മാർക്ക് സമർപ്പിക്കുകയും വൈസ് ചാൻസലർ 24.01.2018-ന് അത് അംഗീകരിക്കുകയും ചെയ്തു.

(ബി) യൂണിവേഴ്സിറ്റി വിദ്യാർത്ഥിയുടെ ഹാജരിന്റെ അടിസ്ഥാനത്തിൽ നൽകുന്ന ഇന്റേണൽ മാർക്കിൽ വ്യത്യാസം വരുത്താൻ യൂണിവേഴ്സിറ്റി റെഗുലേഷനിൽ വ്യവസ്ഥയുണ്ടോ?

ഹാജരിന്റെ അടിസ്ഥാനത്തിൽ നൽകുന്ന ഇന്റേണൽ മാർക്കിൽ വ്യത്യാസം വരുത്താൻ കാലിക്കറ്റ് സർവ്വകലാശാലയുടെ റെഗുലേഷനുകളിൽ വ്യവസ്ഥയില്ല.

(സി) പ്രസ്തുത വ്യക്തിക്ക് പരീക്ഷ എഴുതുന്നതിന് മതിയായ ഹാജർ ഇല്ലാത്തതുകൊണ്ട് മിനിമം ഹാജരിൽ പ്രത്യേക ഇളവ് അനുവദിച്ചിരുന്നോ; മുഴുവൻ ഹാജരുള്ളവർക്ക് മാത്രം നൽകുന്ന മാർക്ക്, അറ്റൻഡൻസ് ഇളവ് ലഭിച്ച വിദ്യാർത്ഥിക്ക് വർദ്ധിപ്പിച്ച് നൽകാനുള്ള കാരണം വ്യക്തമാക്കാമോ; ആരാണ് മാർക്ക് കൂട്ടി നൽകിയതെന്ന് വ്യക്തമാക്കുമോ?

SW/3/GC/2010 എന്ന നമ്പറിലുള്ള യൂണിവേഴ്സിറ്റി ഉത്തരവ് പ്രകാരം, കുട്ടികളുടെ ഹാജർ ചിട്ടയായി രേഖപ്പെടുത്തിയിട്ടില്ലാത്തതിനാൽ മൂന്ന്, നാല് സെമസ്റ്ററുകളിലെ എല്ലാ കുട്ടികൾക്കും ഒരേപോലെ ഹാജർ വെയിറ്റേജ് നൽകി ഇന്റേണൽ മാർക്കിന് പരിഗണിക്കാൻ നിർദ്ദേശിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഇന്റേണൽ മാർക്ക് നവീകരിക്കാൻ 20.01.2018-ലെ 3524/PG-II-ASST-1/2018/PB എന്ന നമ്പരിലുള്ള പരീക്ഷ കൺട്രോളറുടെ കത്ത് പ്രകാരം നിർദ്ദേശിച്ചിട്ടുണ്ട്.

(ഡി) അസിസ്റ്റന്റ് പ്രൊഫസറായി നിയമിച്ചിട്ടുള്ള ടിയാൾ ഒരു രാഷ്ട്രീയ കക്ഷിയുടെ ബ്രാഞ്ച് സെക്രട്ടറിയായി പ്രവർത്തിക്കുന്നത് സർവ്വകലാശാല ഗൗരവത്തോടെ കാണുന്നുണ്ടോ; ഇത് സർവ്വീസ് ചട്ട പ്രകാരം നിയമവിധേയമാണോ; അന്വേഷിച്ച് നടപടി കൈക്കൊള്ളുമോയെന്ന് വ്യക്തമാക്കുമോ?

അസിസ്റ്റന്റ് പ്രൊഫസറായി നിയമിച്ച ആരെങ്കിലും രാഷ്ട്രീയ കക്ഷിയുടെ ബ്രാഞ്ച് സെക്രട്ടറിയായി പ്രവർത്തിക്കുന്നതായി അറിയില്ല.

<u>കാലടി സംസ്കൃത സർവ്വകലാശാലയിലെ ക്രമക്കേടുകൾ</u>

124(5248) <u>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)</u>:

<u>ശ്രീ. സി. ആർ. മഹേഷ്</u>:

<u>ശ്രീ. റോജി എം. ജോൺ</u>:

<u>ഡോ. മാത്യു കുഴൽനാടൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാലടി സംസ്കൃത സർവ്വകലാശാലയിൽ ബി.എ. ഡിഗ്രി പരീക്ഷ പാസ്സാകാത്ത വിദ്യാർത്ഥികൾക്ക് എം.എ. കോഴ്സിന് പ്രവേശനം നൽകിയോ എന്ന് അറിയിക്കാമോ; എങ്കിൽ എത്ര പേർക്ക് പ്രവേശനം നൽകി എന്ന് വ്യക്തമാക്കുമോ?

പ്രവേശനം നൽകിയിട്ടില്ല. ഡിഗ്രിക്ക് ഒന്നുമുതൽ അഞ്ചുവരെ സെമസ്റ്ററുകൾ പാസ്സായ, ആറാം സെമസ്റ്ററിന്റെ ഫലം കാത്തിരിക്കുന്ന വിദ്യാർത്ഥികൾക്ക് അവരുടെ ഫൈനൽ സെമസ്റ്ററിന്റെ ഫലത്തിന് വിധേയമായി താൽക്കാലികമായിട്ടാണ് 2021-ൽ പ്രവേശനം നൽകിയത്. നിശ്ചിത സമയപരിധിയിൽ ആറ് സെമസ്റ്ററും പാസ്സാകാത്തവരുടെ അഡ്മിഷൻ റദ്ദ് ചെയ്തിട്ടുണ്ട്.

(ബി) അത്തരത്തിൽ പ്രവേശനം നേടിയവർ എം.എ. ക്ലാസ്സുകളിൽ തുടരുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ?

തുടരുന്നില്ല.

(സി) ഇവർക്ക് പ്രവേശനം നൽകിയതിന് ഉത്തരവാദികൾ ആരാണ്; അവർക്കെതിരെ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ?

സർവ്വകലാശാലയുടെ നിർദ്ദേശം പാലിക്കുന്നതിൽ വീഴ്ച വരുത്തിയതിന് തിരുവനന്തപുരം, കൊയിലാണ്ടി പ്രാദേശിക കേന്ദ്രം ഡയറക്ടർമാരെയും സോഷ്യോളജി, സംസ്കൃത വ്യാകരണം, ഭരതനാട്യം വിഭാഗം അദ്ധ്യക്ഷന്മാരെയും സർവ്വകലാശാല താക്കീത് ചെയ്തിട്ടുണ്ട്.

(ഡി) ഇത്തരം ക്രമക്കേടുകൾ ആവർത്തിക്കാതിരിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

സിൻഡിക്കേറ്റ് അംഗങ്ങളുടെ നേതൃത്വത്തിൽ 2022-ലെ പ്രവേശനത്തിന് പി.ജി. എൻട്രൻസ് സെൽ രൂപീകരിച്ച് അതിന്റെ നേതൃത്വത്തിലാണ് പ്രവേശന നടപടികൾ നടത്തുന്നത്.

## ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ പ്രതിസന്ധി പരിഹരിക്കുന്നതിന് നടപടി

125(5249)ശ്രീ. പി. സി. വിഷ്ണുനാഥ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ നിയന്ത്രണത്തിലുള്ള ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളായ കേപ്, ഐ.എച്ച്.ആർ.ഡി., എൽ.ബി.എസ്., കണ്ടിന്യൂയിംഗ് എഡ്യൂക്കേഷൻ എന്നിവ നിലവിൽ പ്രതിസന്ധികൾ നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സാങ്കേതികരംഗത്ത് ആഗോളതലത്തിൽ 2013 മുതലുണ്ടായ തിരിച്ചടി അഭ്യസ്തവിദ്യരായ സാങ്കേതിക വിദഗ്ധർക്ക് തൊഴിൽ ലഭ്യതയിൽ വലിയ ഇടിവുണ്ടാക്കി. എഞ്ചിനീയറിംഗ് വിദ്യാഭ്യാസ മേഖലയിൽ വിദ്യാർത്ഥി പ്രവേശനം വലിയ തോതിൽ കുറയാൻ ഇത് കാരണമായി. സീറ്റുകൾ ഒഴിഞ്ഞ് കിടക്കുന്നതുമൂലം എഞ്ചിനീയറിംഗ് കോളേജുകളുടെ വരുമാനം തകരുകയും പൊതുവിൽ ഈ മേഖല വലിയ പ്രതിസന്ധിക്ക് ഇരയാവുകയും ചെയ്തു. എം.ടെക് കോഴ്സുകൾക്ക് കുട്ടികളെ കിട്ടാതെ നിർത്തേണ്ട സാഹചര്യവും ഉണ്ടായിട്ടുണ്ട്.

(ബി) പ്രസ്തുത സ്ഥാപനങ്ങളെ സംയോജിപ്പിച്ച് സർക്കാരിന് കീഴിലെ ഒറ്റ സംവിധാനമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കാമോ?

നിലവിൽ പരിഗണനയിലില്ല.

## സ്കൂൾ കൗൺസിലേഴ്സിന്റെ കരാർ തീയതി പുതുക്കുന്നത്

126(5250)ശ്രീ. പി. എസ്. സുപാൽ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാർച്ച് 31-ന് കരാർ അവസാനിച്ച പുനലൂർ മണ്ഡലത്തിലെ ഉൾപ്പെടെയുള്ള സംസ്ഥാനത്തെ സ്കൂൾ കൗൺസിലേഴ്സിന്റെ കരാർ ഏപ്രിൽ 2-ന് പുതുക്കുന്നതിന് സാമൂഹ്യ നീതി വകുപ്പ് ഡയറക്ടറേറ്റിൽനിന്നും ഉത്തരവ് ഇറങ്ങിയിരുന്നുവെങ്കിലും നാളിതുവരെ കരാർ തീയതി പുതുക്കി നൽകിയിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

സ്കൂൾ കൗൺസിലർമാർ സേവനം അനുഷ്ഠിക്കുന്നത് വനിതാ ശിശു വികസന വകുപ്പിന് കീഴിലാണ്. ഒരു വർഷം മുതൽ രണ്ടുവർഷത്തിനകത്ത് വരെ സേവനകാലാവധിയുള്ള 22 സ്കൂൾ കൗൺസിലർമാരുടെ കരാർ ഡയറക്ടറേറ്റ് തലത്തിൽ 23.05.2022-ാം തീയതി പ്രകാരം പുതുക്കി നൽകിയിട്ടുണ്ട്. കൂടാതെ രണ്ട് വർഷത്തിൽ കൂടുതൽ സേവന കാലാവധിയുള്ള 868 കൗൺസിലർമാരുടെ കരാർ 02.04.2022 മുതൽ 31.03.2023 വരെ പുതുക്കി ഡയറക്ടറേറ്റിൽനിന്ന് ഉത്തരവ് നൽകിയിട്ടുണ്ട്.

ആയതിന്റെ അടിസ്ഥാനത്തിൽ സ്കൂൾ കൗൺസിലർമാർക്ക് ജില്ലാ വനിതാ ശിശുവികസന ഓഫീസർമാരുമായി കരാറിൽ ഏർപ്പെടുന്നതിനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതിൽ പുനലൂർ മണ്ഡലത്തിൽ ഉൾപ്പെടുന്ന, മൂന്ന് ICDS പ്രോജക്ടുകളിലായി (അഞ്ചൽ, അഞ്ചൽ അഡീഷണൽ, പുനലൂർ അർബൻ) സേവനം അനുഷ്ഠിക്കുന്ന 9 സ്കൂൾ കൗൺസിലർമാരും ഉൾപ്പെടുന്നു.

(ബി) കൃത്യമായി കരാർ പുതുക്കി നൽകുന്നില്ല എന്നതിനാൽത്തന്നെ കൗൺസിലേഴ്സ് എല്ലാവരും ഇപ്പോൾ ദിവസവേതനത്തിലാണ് ജോലി ചെയ്യുന്നത് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) കരാറിലൂടെ ഇരുപത്തിനാലായിരം രൂപ വേതനം ലഭിച്ചിരുന്നിടത്ത് ഇപ്പോൾ ദിവസവേതനത്തിൽ തുടരുന്നവർക്ക് തുച്ഛമായ വേതനം മാത്രമാണ് കിട്ടുന്നത് എന്നതിനാൽ സമയബന്ധിതമായി കരാർ പുതുക്കി നൽകേണ്ടതിനുള്ള നടപടികൾ കൈക്കൊള്ളുമോ; വിശദമാക്കാമോ?

(ബി&സി) നിലവിൽ സംസ്ഥാനത്തെ 890 സ്കൂൾ കൗൺസിലർമാരുടെ കരാർ 02.04.2022 മുതൽ 31.03.2023 വരെ പുതുക്കി നൽകിയിട്ടുണ്ട്.

## അക്കാദമിക് ജേർണലുകളുടെ പ്രസിദ്ധീകരണം

127(5251)ശ്രീ. പി. പി. ചിത്തരഞ്ജൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലെ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അന്താരാഷ്ട്ര നിലവാരത്തിലുള്ള അക്കാദമിക് ജേർണലുകൾ പ്രസിദ്ധീകരിക്കുവാൻ വകുപ്പ് നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

നിലവിലെ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അന്താരാഷ്ട്ര നിലവാരത്തിലുള്ള അക്കാദമിക് ജേർണലുകൾ പ്രസിദ്ധീകരിക്കുവാൻ വകുപ്പ് നടപടി സ്വീകരിച്ചിട്ടുണ്ട്.

(ബി) ഗവേഷക വിദ്യാർത്ഥികൾക്ക് ഗുണകരമാകുന്ന രീതിയിൽ ഇത്തരം ജേർണലുകൾ പ്രസിദ്ധീകരിക്കുന്നതിന് വകുപ്പ് നടപടി സ്വീകരിക്കുമോ എന്ന് അറിയിക്കാമോ?

ഗവേഷണ ജേണലുകളുടെ ഗുണനിലവാരം മാനദണ്ഡമാക്കുന്നത് യു.ജി.സി. CARE ലിസ്റ്റിൽ ഉൾപ്പെടുന്നത് അനുസരിച്ചാണ്. ആയതിനാൽ സർവ്വകലാശാലയുടെ കീഴിലുള്ള അഫിലിയേറ്റഡ് കോളേജുകളിൽനിന്നും

പഠനവകുപ്പുകളിൽനിന്നും പ്രസിദ്ധീകരിക്കുന്ന അക്കാദമിക് ജേർണലുകൾ Internal Quality Assurance Cell പരിശോധിച്ച് ഗുണനിലവാരം ഉറപ്പുവരുത്തി UGC CARE ലിസ്റ്റിൽ ഉൾപ്പെടുത്തുവാൻവേണ്ടി ശിപാർശ ചെയ്യുന്നുണ്ട്. കൂടാതെ സർവ്വകലാശാലയിലെ ഗവേഷകർക്ക് അംഗീകാരമുള്ള ദേശീയ-അന്തർദേശീയ പ്രസിദ്ധീകരണങ്ങളിൽ അക്കാദമിക ലേഖനങ്ങൾ പ്രസിദ്ധീകരിക്കുന്നതിനായി സർവ്വകലാശാല വാർഷിക ബഡ്ജറ്റുകളിൽ തുക വകയിരുത്താറുണ്ട്.

അമ്പലപ്പുഴ സർക്കാർ കോളേജിന്റെ അടിസ്ഥാന സൗകര്യ വികസനം

128(5252) ശ്രീ. എച്ച്. സലാം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ കോളേജുകളുടെ അടിസ്ഥാന സൗകര്യ വികസനവുമായി ബന്ധപ്പെട്ട് ഇക്കഴിഞ്ഞ വർഷം എന്തെല്ലാം പദ്ധതികളാണ് നടപ്പാക്കിയത്; ഏതൊക്കെ കോളേജുകൾക്ക് എത്ര തുക അനുവദിച്ചിട്ടുണ്ടെന്ന് ഇനം തിരിച്ച് വ്യക്തമാക്കാമോ; ഓരോന്നിന്റെയും നിർമ്മാണ പുരോഗതി വിശദമാക്കാമോ?

സർക്കാർ കോളേജുകളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി ഇക്കഴിഞ്ഞ സാമ്പത്തിക വർഷം നടപ്പിലാക്കിയ പദ്ധതികൾ, അനുവദിച്ച തുക എന്നിവ അനുബന്ധമായി ചേർക്കുന്നു.+

(ബി) അമ്പലപ്പുഴ സർക്കാർ കോളേജിന്റെ അടിസ്ഥാന സൗകര്യ വികസനത്തിനായി സ്ഥലം എം.എൽ.എ. നൽകിയ കത്തിന്മേൽ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(സി) യു.ജി.സി. നിയമം അനുസരിച്ച് കോളേജുകൾക്ക് കുറഞ്ഞത് എത്ര സ്ഥലമാണ് വേണ്ടതെന്ന് അറിയിക്കാമോ; പ്രസ്തുത കോളേജിൽ യു.ജി.സി. നിയമം അനുശാസിക്കുന്ന വിധം സ്ഥലലഭ്യത ഉറപ്പുവരുത്തുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

(ബി&സി) അമ്പലപ്പുഴ സർക്കാർ കോളേജിന്റെ അടിസ്ഥാന സൗകര്യ വികസനത്തിനായി ആവശ്യമായ പ്രൊപ്പോസലുകൾ സമർപ്പിക്കുന്നതിനായി നിർദ്ദേശം നൽകുകയുണ്ടായി. യു.ജി.സി മാനദണ്ഡപ്രകാരം കോളേജ് പ്രവർത്തിപ്പിക്കുന്നതിന് 5 ഏക്കർ ഭൂമി ആവശ്യമാണ്. അമ്പലപ്പുഴ സർക്കാർ ആർട്സ് & സയൻസ് കോളേജ്

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

നിലവിൽ സ്ഥിതിചെയ്യുന്ന തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ അധീനതയിലുള്ള സർവ്വേ നമ്പർ 588/3 നമ്പറിലുൾപ്പെട്ട ഭൂമി കോളേജ് വിദ്യാഭ്യാസ വകുപ്പിന്റെ ഉടമസ്ഥയിലേയ്ക്ക് മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന്റെ ഭാഗമായി അർത്ഥനാപത്രവും മറ്റ് അനുബന്ധ രേഖകളും സഹിതം ജില്ലാ കളക്ടർക്ക് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. ആയതിലേയ്ക്കായി പ്രസ്തുത ഭൂമി കോളേജിന്റെ ആവശ്യത്തിന് അനുവദിച്ച് നൽകുന്നത് സംബന്ധിച്ച് ഉന്നതവിദ്യാഭ്യാസ വകുപ്പ് റവന്യൂ വകുപ്പിനോട് തുടർനടപടി സ്വീകരിക്കുന്നതിനായി ആവശ്യപ്പെട്ടിട്ടുണ്ട്.

മലപ്പുറം ജില്ലയിലെ ആർട്സ് ആന്റ് സയൻസ് കോളേജുകൾ

129(5253) ശ്രീ. മഞ്ഞളാംകുഴി അലി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 2016 ജൂൺ ഒന്ന് മുതൽ 2022 മേയ് 31 വരെ സർക്കാർ, എയ്ഡഡ് എന്നീ മേഖലകളിൽ ആരംഭിച്ച ആർട്സ് ആന്റ് സയൻസ് കോളേജുകളുടെ എണ്ണം, പേര്, വിലാസം, മാനേജിംഗ് കമ്മിറ്റി എന്നിവയുടെ വിശദാംശം നൽകാമോ?

ഉത്തരം അനുബന്ധം ആയി ചേർക്കുന്നു.+

(ബി) മലപ്പുറം ജില്ലയിൽ പ്രസ്തുത മേഖലകളിൽ പ്രവർത്തിക്കുന്ന ആർട്സ് ആന്റ് സയൻസ് കോളേജുകളുടെ എണ്ണം, പേര്, സ്ഥിരമായി ഉള്ള സീറ്റുകളുടെ എണ്ണം എന്നിവ അറിയിക്കാമോ?

ഉത്തരം അനുബന്ധം ആയി ചേർക്കുന്നു.+

കുന്ദമംഗലത്ത് അസാപ് ട്രെയിനിംഗ് സെന്റർ

130(5254) ശ്രീ. പി. ടി. എ. റഹീം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്ദമംഗലത്ത് അസാപ് ട്രെയിനിംഗ് സെന്റർ ആരംഭിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; പുതുക്കിപ്പണിയുന്നതിന് തുക അനുവദിച്ചിരുന്നോ; എങ്കിൽ എത്ര തുകയെന്ന് വ്യക്തമാക്കുമോ?

(ബി) പൊതുവിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള ഒന്നര ഏക്കർ സ്ഥലം ഇതിന് അനുയോജ്യമാണെന്ന് കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ ട്രെയിനിംഗ് സെന്റർ എന്നത്തേയ്ക്ക് ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

(എ & ബി) 2022-23 സംസ്ഥാന ബഡ്ജറ്റിൽ പ്രഖ്യാപിച്ച ഡിസ്ട്രിക്ട് സ്കിൽ പാർക്കുകളിൽ ഒന്ന് കോഴിക്കോട് ജില്ലയിലെ കുന്ദമംഗലത്ത്

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സ്ഥാപിക്കാൻ അസാപ് കണ്ടെത്തിയിട്ടുണ്ട്. പൊതുവിദ്യാഭ്യാസ വകുപ്പിന്റെ ഉടമസ്ഥതയിലുള്ള പ്രസ്തുത സ്ഥലം കൈമാറിക്കിട്ടുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.

## കേരള സാങ്കേതിക സർവ്വകലാശാല വികസനം

131(5255) ശ്രീ. പി. ജെ. ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്രസർക്കാർ ദേശീയ വിദ്യാഭ്യാസ നയം നടപ്പിലാക്കുന്ന പശ്ചാത്തലത്തിൽ കേരള സാങ്കേതിക സർവ്വകലാശാലയുടെ അടിസ്ഥാന സൗകര്യ വികസനത്തിന്റെ സാംഗത്യം എന്താണെന്ന് ആലോചിച്ചിട്ടുണ്ടോ?

സാങ്കേതിക വിദ്യാഭ്യാസ മേഖലയിൽ പഠന ശാഖകൾക്ക് വ്യക്തമായിട്ടുള്ള ഘടനയും മാനദണ്ഡങ്ങളും AICTE ആണ് നിർദ്ദേശിക്കുന്നത്. AICTE നിർദ്ദേശങ്ങൾ നിലവിലുള്ള ദേശീയ വിദ്യാഭ്യാസ നയത്തിന്റെ ഭാഗമായാണ് നടപ്പിലാക്കിവരുന്നത്. AICTE നൽകുന്ന പഠനവിഷയങ്ങളുമായി ബന്ധപ്പെട്ട നിർദ്ദേശങ്ങൾ കേരളത്തിലെ നിലവിലുള്ള സാങ്കേതിക വിദ്യാഭ്യാസ രീതിയുടെ ആവശ്യങ്ങൾക്ക് അനുയോജ്യമായ തരത്തിലാണ് കേരള സാങ്കേതിക സർവ്വകലാശാല നടപ്പിലാക്കുന്നത്. വൈജ്ഞാനിക സാമ്പത്തിക നയത്തെ

അടിസ്ഥാനപ്പെടുത്തി വികസന ആവശ്യങ്ങൾക്ക് നൂതന സാങ്കേതികവിദ്യ നടപ്പിലാക്കേണ്ട സാഹചര്യം നിലവിലുണ്ട്. ഇക്കാര്യങ്ങൾ നടപ്പിലാക്കുന്നതിനായി സാങ്കേതിക സർവ്വകലാശാലയുടെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ബി) സ്വകാര്യ സാങ്കേതിക കോളേജുകളിൽനിന്ന് വൻ അഫിലിയേഷൻ ഫീസും മറ്റ് ഫീസുകളും കേരള സാങ്കേതിക സർവ്വകലാശാല വാങ്ങുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് സംബന്ധിച്ച് പുനരാലോചന നടത്തുവാൻ നടപടി സ്വീകരിക്കുമോ?

സർവ്വകലാശാലാ ഫീ ഘടനയെക്കുറിച്ച് പഠനം നടത്താൻ ഒരു സബ് കമ്മിറ്റിയെ ചുമതലപ്പെടുത്തുകയും ആയതിന്റെ അടിസ്ഥാനത്തിൽ 2019-20 അദ്ധ്യയന വർഷത്തിലെ അഫിലിയേഷൻ ഫീസ് ഘടനയിൽ സർവ്വകലാശാല മാറ്റം വരുത്തുകയുമുണ്ടായി. ആയതുപ്രകാരം അഫിലിയേഷൻ ഫീസായി 2019-20 അദ്ധ്യയന വർഷത്തിൽ ഏതൊരു കോളേജും എല്ലാ ബിരുദ പ്രോഗ്രാമുകൾക്കുംകൂടി രണ്ട് ലക്ഷം രൂപയും എല്ലാ ബിരുദാനന്തര പ്രോഗ്രാമുകൾക്കുംകൂടി ഒന്നര ലക്ഷം രൂപയും ഓരോ അംഗീകൃത സീറ്റുകൾക്കും 2,000 രൂപാ വീതവും പരമാവധി

അഫിലിയേഷൻ ഫീസ് തുക 15 ലക്ഷം രൂപയുമായും നിജപ്പെടുത്തി. കോവിഡ് മഹാമാരിയെ തുടർന്ന് സാങ്കേതിക സർവ്വകലാശാല അഫിലിയേഷൻ ഫീസ് ഘടനയിൽ വീണ്ടും മാറ്റം വരുത്തുകയുണ്ടായി. ആയതുപ്രകാരം 2020-21, 2021-22 അദ്ധ്യയന വർഷങ്ങളിൽ ഓരോ കോളേജും ഓരോ ബിരുദ കോഴ്സുകൾക്കും 50,000 രൂപ വീതവും ഓരോ എം.ബി.എ., എം.സി.എ. കോഴ്സുകൾക്കും 50,000 രൂപ വീതവും എം.ബി.എ., എം.സി.എ. കോഴ്സുകൾ ഒഴിച്ചുള്ള ബിരുദാനന്തര കോഴ്സുകൾക്ക് 30,000 രൂപ വീതവും കോളേജുകളിൽ അഡ്മിഷൻ നേടുന്ന ബിരുദ വിദ്യാർത്ഥികൾക്ക് സ്റ്റുഡന്റ് അഫിലിയേഷൻ ഫീസായി 750 രൂപയും ബിരുദാനന്തര വിദ്യാർത്ഥികൾക്ക് 1,000 രൂപയും പിഎച്ച്.ഡി. സ്കോളർ 1,500 രൂപയുമായി നിശ്ചയിക്കുകയും പരമാവധി അഫിലിയേഷൻ ഫീസ് 15 ലക്ഷം രൂപയുമായി നിജപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

(സി) 2001-ൽ ആരംഭിച്ച സ്വാശ്രയ സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് കേരള സാങ്കേതിക സർവ്വകലാശാല നാളിതുവരെ അഫിലിയേഷൻ നൽകിയിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഇല്ല.

(ഡി) ഇതുമൂലം ഈ സ്ഥാപനങ്ങൾക്ക് ലഭിക്കേണ്ട യു.ജി.സി. 12 (ബി) സ്റ്റാറ്റസ് ലഭിക്കുന്നില്ല എന്നതിനാൽ സംസ്ഥാനത്തിന് ലഭിക്കേണ്ട റൂസ ഫണ്ട് പോലുള്ള സാമ്പത്തിക സഹായം നഷ്ടപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) സംസ്ഥാനത്തെ 82 സ്ഥാപനങ്ങൾക്ക് മാത്രമേ യു.ജി.സി. അംഗീകാരമുള്ളൂവെന്നതിനാൽ ലഭിക്കേണ്ട സാമ്പത്തിക സഹായം നഷ്ടപ്പെടുന്നത് തടയാൻ എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്നും ഇനി സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്നും അറിയിക്കാമോ?

(ഡി&ഇ) നാക് ഗ്രേഡിംഗ് അടിസ്ഥാനമാക്കിയാണ് റൂസ ഗ്രാന്റുകൾ സംസ്ഥാനത്തെ സർക്കാർ, എയ്ഡഡ്, എയ്ഡഡ് (ഓട്ടോണമസ്) ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് നൽകിവരുന്നത്. സ്വാശ്രയ സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങൾ നിലവിൽ റൂസ ഗ്രാന്റിന് അർഹരല്ല.

(എഫ്) സ്ഥിരമായി അഫിലിയേഷൻ ലഭ്യമാക്കുവാൻ മൂന്ന് പ്രോഗ്രാമുകൾക്ക് നാഷണൽ ബോഡ് ഓഫ് അക്രെഡിറ്റേഷൻ അംഗീകാരം അല്ലെങ്കിൽ നാഷണൽ അസെസ്സ്മെന്റ് ആന്റ് അക്രെഡിറ്റേഷൻ

കൗൺസിൽ എ ഗ്രേഡ് ലഭിച്ചിട്ടുള്ള സ്ഥാപനങ്ങളെ പരിഗണിക്കുവാൻ നടപടി സ്വീകരിക്കുമോ?

നിലവിൽ സർവ്വകലാശാല സ്ഥിരമായ അഫിലിയേഷൻ നൽകുന്നില്ല. സർവ്വകലാശാല സിൻഡിക്കേറ്റ്, ബോർഡ് ഓഫ് ഗവർണേഴ്സ് എന്നിവ പ്രസ്തുത വിഷയത്തിൽ തീരുമാനം കൈക്കൊള്ളുന്ന മുറയ്ക്ക് സ്ഥിരമായ അഫിലിയേഷൻ നല്കാൻ സർവ്വകലാശാല നടപടി സ്വീകരിക്കുന്നതാണ്.

<u>പയ്യന്നൂർ വനിതാ പോളിടെക്നിക് കോളേജ്</u>

132(5256)<u>ശ്രീ. ടി. ഐ. മധുസൂദനൻ</u>: താഴെക്കാണുന്ന ചോദ്യത്തിന് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പയ്യന്നൂർ വനിതാ പോളിടെക്നിക് കോളേജിൽ ന്യൂജനറേഷൻ കോഴ്സുകൾ അനുവദിച്ച് മികവിന്റെ കേന്ദ്രമാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

പയ്യന്നൂർ വനിതാ പോളിടെക്നിക്ക് കോളേജിൽ പുതുതലമുറ കോഴ്സുകൾ ആരംഭിക്കുന്നതിനുള്ള അപേക്ഷ ഒന്നുംതന്നെ ലഭിച്ചിട്ടില്ല. അപേക്ഷ ലഭ്യമാകുന്ന മുറയ്ക്ക് ഇക്കാര്യം പരിശോധിക്കാവുന്നതാണ്.

<u>സർക്കാർ പോളിടെക്നിക്കുകളിലെ പ്രിൻസിപ്പാൾ, എച്ച്.ഒ.ഡി. പ്രൊമോഷനുകൾ</u>

133(5257) <u>ശ്രീ. ആന്റണി ജോൺ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർക്കാർ പോളിടെക്നിക്കുകളിൽ 01.03.2019-നുശേഷം പ്രിൻസിപ്പൽ, എച്ച്.ഒ.ഡി. പ്രൊമോഷനുകൾ നടക്കുന്നില്ല എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പ്രസ്തുത പ്രൊമോഷനുകൾ നൽകുവാൻ കഴിയാത്തതിനുള്ള കാരണം സർക്കാർ പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

01.03.2019-ൽ നിലവിൽവന്ന എ.ഐ.സി.ടി.ഇ. റെഗുലേഷൻ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന് കീഴിൽ വരുന്ന പോളിടെക്നിക്കുകളിൽ എ.ഐ.സി.ടി.ഇ 7th സി.പി.സി. നടപ്പിലാക്കി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചതിനുശേഷം മാത്രമേ 01.03.2019-നുശേഷം പ്രിൻസിപ്പൽ എച്ച്.ഒ.ഡി. തസ്തികയിലെ ഒഴിവുകൾ നികത്തുവാൻ സാധ്യമായിരുന്നുള്ളൂ. നിലവിൽ 10.06.2022-ലെ സ.ഉ. (കൈ) 291/2022/ഉ.വി.വ. ഉത്തരവ് പ്രകാരം എ.ഐ.സി.ടി.ഇ. റെഗുലേഷൻസ് 2019 നിഷ്കർഷിച്ചിരിക്കുന്ന യോഗ്യത, സേവന

വ്യവസ്ഥകൾ, CAS Placement എന്നിവ പോളിടെക്നിക്ക് കോളേജുകളിൽ നടപ്പിലാക്കിയിട്ടുണ്ട്. പ്രസ്തുത ഉത്തരവിന്റെ അടിസ്ഥാനത്തിൽ പ്രിൻസിപ്പൽ, എച്ച്.ഒ.ഡി. പ്രൊമോഷനുകൾ കാലതാമസമില്ലാതെ നടത്തുവാൻ സാധിക്കുന്നതാണ്.

(സി) കോതമംഗലം നിയോജകമണ്ഡലത്തിലെ ഏക സർക്കാർ പോളിടെക്നിക്ക് ആയ ചേലാട് ഗവൺമെന്റ് പോളിടെക്നിക്കിൽ വർഷങ്ങളായി പ്രിൻസിപ്പൽ, എച്ച്.ഒ.ഡി. പ്രൊമോഷനുകൾ നടക്കുന്നില്ലെന്നും അവിടെ വർഷങ്ങളായി പ്രിൻസിപ്പൽ-ഇൻ-ചാർജ്ജ് ആണ് ഉള്ളതെന്നുമുള്ള വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഡി) 2023-ൽ എല്ലാ പോളിടെക്നിക്കുകളും എൻ.ബി.എ. അക്രഡിറ്റേഷൻ നേടണമെന്ന നിർദ്ദേശം നിലനിൽക്കെ പ്രിൻസിപ്പൽ, എച്ച്.ഒ.ഡി. തസ്തികകൾ ഒഴിഞ്ഞുകിടക്കുന്ന ചേലാട് പോളിടെക്നിക്ക് ഉൾപ്പെടെയുള്ള സ്ഥാപനങ്ങൾക്ക് അക്രെഡിറ്റേഷൻ നേടുന്ന കാര്യത്തിൽ പ്രയാസം നേരിടുമെന്ന വസ്തുത സർക്കാർ പരിശോധിച്ചിട്ടുണ്ടോ?

പോളിടെക്നിക്കുകളിൽ NBA അക്രെഡിറ്റേഷന് അപേക്ഷിക്കുമ്പോൾ, പ്രിൻസിപ്പൽ, എച്ച്.ഒ.ഡി. സ്ഥിരം തസ്തികകൾ ഉണ്ടായിരിക്കേണ്ടതും പ്രസ്തുത തസ്തികകളിൽ ഡ്യൂട്ടി നിർവ്വഹിക്കുന്ന ഉദ്യോഗസ്ഥർ ഉണ്ടായിരിക്കേണ്ടതുമാണ്. പ്രിൻസിപ്പൽ തസ്തിക ഒഴികെ ഒഴിവുള്ള തസ്തികകളിൽ താൽക്കാലിക നിയമനം നടത്തി സ്ഥാപനങ്ങളുടെ പ്രവർത്തനം തടസ്സപ്പെടാതിരിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്.

(ഇ) പ്രിൻസിപ്പൽ, എച്ച്.ഒ.ഡി. പ്രൊമോഷനുകൾ നടക്കാത്തതുമൂലം 7-ാം ശമ്പളപരിഷ്കരണ കമ്മീഷന്റെ ശമ്പള പരിഷ്കരണ ആനുകൂല്യം പ്രസ്തുത കോളേജിലെ അദ്ധ്യാപകർക്ക് ലഭ്യമാകാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(എഫ്) ഉന്നതവിദ്യാഭ്യാസ വകുപ്പിന്റെ 10.06.2022-ലെ 291/2022 നമ്പർ സർക്കാർ ഉത്തരവ് പ്രകാരം, ആറാം ശമ്പള കമ്മീഷൻ വ്യവസ്ഥകൾ 3 വർഷത്തേയ്ക്ക് കൂടി തുടരുവാൻ അനുവാദം നൽകിയിട്ടുണ്ടോ; വിശദമാക്കുമോ?

10.06.2022-ലെ സർക്കാർ ഉത്തരവ് സ.ഉ.(കൈ) നം. 291/2022/ഉ.വി.വ. clause 3(c) പ്രകാരം 01.03.2019-നുശേഷം

സ്ഥാനക്കയറ്റത്തിന് അർഹരായവർക്ക് അധിക യോഗ്യതയായ വ്യവസായിക പരിശീലനം, പെഡഗോഗിക്കൽ പരിശീലനം, ഫാക്കൽറ്റി ഇൻഡക്ഷൻ പ്രോഗ്രാം, ഗവേഷണ പ്രബന്ധം പ്രസിദ്ധീകരിക്കൽ തുടങ്ങിയ ആവശ്യമായ വ്യവസ്ഥകൾ പാലിക്കുന്നതിന് 16.02.2021 മുതൽ മൂന്ന് വർഷത്തേയ്ക്ക് സമയാനുകൂല്യവും Clause 11 പ്രകാരം നിലവിലെ മാനദണ്ഡങ്ങൾ അനുസരിച്ച് CAS Placement/Promotion അർഹത നേടുന്ന അദ്ധ്യാപകർക്ക് ഓപ്റ്റ് ചെയ്യാനുള്ള അവസരവും നല്കാൻ ഉത്തരവായിട്ടുണ്ട്.

(ജി) സാങ്കേതിക തടസ്സങ്ങൾ പരിഹരിച്ച്, ചേലാട് ഗവൺമെന്റ് പോളിടെക്നിക്ക് ഉൾപ്പെടെയുള്ള സർക്കാർ പോളിടെക്നിക്കുകളിൽ അടിയന്തരമായി പ്രിൻസിപ്പൽ, എച്ച്.ഒ.ഡി. പ്രൊമോഷനുകൾ നടത്തുന്നതിന് വേണ്ട നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കാമോ?

10.06.2022-ലെ സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ 01.03.2019-ന് ശേഷമുണ്ടായ പ്രിൻസിപ്പൽ, എച്ച്.ഒ.ഡി. തസ്തികകളിലെ ഒഴിവുകളിലേയ്ക്ക് പ്രൊമോഷൻ നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

<u>പെരുമ്പഴുതൂർ പൊളിടെക്നിക്ക് കോളേജിൽ പുതിയ മന്ദിരം നിർമ്മാണം</u>

134(5258) <u>ശ്രീ. കെ. ആൻസലൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര പെരുമ്പഴുതൂർ പൊളിടെക്നിക്ക് കോളേജിൽ പുതിയ മന്ദിരം നിർമ്മിക്കുന്നതിന് എത്രകോടി രൂപയുടെ ഭരണാനുമതിയാണ് നൽകിയതെന്ന് വിശദമാക്കാമോ?

12.5.2022-ലെ സ.ഉ.(സാധാ)നം. 683/2022/ഉ.വി.വ പ്രകാരം നെയ്യാറ്റിൻകര ഗവൺമെന്റ് പോളിടെക്നിക്ക് കോളേജിൽ പുതിയ അക്കാദമിക്ക് ബ്ലോക്ക് നിർമ്മിക്കുന്നതിന്റെ ഒന്നാംഘട്ട നിർമ്മാണത്തിനായി 100 ലക്ഷം രൂപയുടെ ഭരണാനുമതി അനുവദിച്ച് ഉത്തരവായിട്ടുണ്ട്.

(ബി) എത്ര കോടിയുടെ ഡി.പി.ആർ. ആണ് പൊതുമരാമത്ത് ബിൽഡിംഗ്സ് വിഭാഗം നൽകിയതെന്ന് വിശദമാക്കാമോ?

425 ലക്ഷം രൂപയുടെ ഡി.പി.ആർ. ആണ് പൊതുമരാമത്ത് വകുപ്പിൽ നിന്നും സമർപ്പിച്ചിട്ടുള്ളത്.

(സി) ഡി.പി.ആർ. പ്രകാരമുള്ള മുഴുവൻ തുകയും അനുവദിക്കുന്നതിന് എന്തെങ്കിലും തരത്തിലുള്ള തടസ്സമുണ്ടോ എന്ന് വ്യക്തമാക്കാമോ?

സർക്കാർ പോളിടെക്നിക്കുകളുടെ വികസനത്തിനായി 4202-02-104-99 പ്ലാൻ ശീർഷകത്തിൽ 22 കോടി രൂപയാണ് സംസ്ഥാന ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ടി ശീർഷകത്തിൽനിന്നും നടപ്പ് വർഷത്തിൽ 22 കോടിയുടെ ഭരണാനുമതി മാത്രമേ നൽകാനാവൂ. വിവിധ പോളിടെക്നിക്ക് കോളേജുകളിൽനിന്ന് നിർമ്മാണ പ്രവർത്തനങ്ങൾക്കായി സമർപ്പിച്ച പ്രൊപ്പോസലുകൾ പരിഗണിക്കേണ്ടതുള്ളതിനാലാണ് ഭരണാനുമതിയോടൊപ്പം നടപ്പ് വർഷത്തിൽ ചെലവഴിക്കാവുന്ന തുകയ്ക്ക് പരിധി നിശ്ചയിച്ച് നൽകിയിട്ടുള്ളത്.

## പെരിന്തൽമണ്ണ ഗവൺമെന്റ് പോളിടെക്നിക് കോളേജിലെ നിർമ്മാണ പ്രവൃത്തികൾ

135(5259) ശ്രീ. മഞ്ഞളാംകുഴി അലി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പെരിന്തൽമണ്ണ ഗവൺമെന്റ് പോളിടെക്നിക് കോളേജിന് സ്വന്തമായുള്ള ഭൂമിയുടെയും അതിൽ നിലവിൽ ഉപയോഗിച്ചുവരുന്ന

ഭൂമിയുടെയും ഉപയോഗിക്കാതെ അവശേഷിക്കുന്ന ഭൂമിയുടെയും അളവ് വ്യക്തമാക്കുമോ; വിശദാംശം നൽകുമോ?

പെരിന്തൽമണ്ണ ഗവൺമെന്റ് പോളിടെക്‌നിക്ക് കോളേജിന് സ്വന്തമായി 20 ഏക്കർ 19.9 സെന്റ് ഭൂമി ഉണ്ടായിരുന്നതിൽ, 1 ഏക്കർ 69.250 സെന്റ് ഭൂമി ഐ.എച്ച്.ആർ.ഡി. ഹയർ സെക്കൻഡറി ടെക്‌നിക്കൽ ഹൈസ്കൂളിന് കൈമാറിയിട്ടുണ്ട്. നിലവിൽ 18 ഏക്കർ 50.650 സെന്റ് ഭൂമി പെരിന്തൽമണ്ണ ഗവൺമെന്റ് പോളിടെക്‌നിക്ക് കോളേജിനായി ഉണ്ട്. ഇതിൽ ഉപയോഗിക്കാതെ അവശേഷിക്കുന്ന ഭൂമിയില്ല.

(ബി) പ്രസ്തുത കോളേജിൽ നിലവിൽ നടന്നുവരുന്നതോ നടപ്പിലാക്കുവാൻ തീരുമാനിച്ചിട്ടുള്ളതോ ആയ നിർമ്മാണപ്രവൃത്തികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ; അതിൽ അടിയന്തര പ്രാധാന്യത്തോടെ നടപ്പിലാക്കുവാൻ അവശേഷിക്കുന്ന പ്രവൃത്തികൾ ഏതെല്ലാമാണെന്നാണ് വകുപ്പ് വിലയിരുത്തിയിട്ടുള്ളത്; വിശദാംശം ലഭ്യമാക്കുമോ?

പെരിന്തൽമണ്ണ ഗവൺമെന്റ് പോളിടെക്നിക്ക് കോളേജിൽ നിലവിൽ നടന്നുവരുന്നതും നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുള്ളതുമായ പ്രവർത്തനങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു:

(i) പെരിന്തൽമണ്ണ ഗവൺമെന്റ് പോളിടെക്നിക്ക് കോളേജിൽ പുതിയ ഇലക്ട്രോണിക്സ് ബ്ലോക്ക് നിർമ്മിക്കുന്നതിലേയ്ക്കായി M/s. KEL-ൽനിന്നും ലഭിച്ച 8,00,85,000 രൂപയുടെ പ്രൊപ്പോസൽ നബാർഡ്-ആർ.ഐ.ഡി.എഫ്. പദ്ധതിയിൽ ഉൾപ്പെടുത്തി ഭരണാനുമതി ലഭ്യമാക്കുന്നതിലേയ്ക്കായി പ്രൊപ്പോസൽ സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ സർക്കാരിൽ ലഭ്യമാക്കുകയും എന്നാൽ, DSR 2018 നിലവിൽ വന്നതിനാലും നബാർഡ്-ആർ.ഐ.ഡി.എഫ്. പദ്ധതിയിൽ ഉൾപ്പെടുത്തേണ്ട പ്രൊഫോർമ സഹിതം പുതുക്കിയ എസ്റ്റിമേറ്റ് സമർപ്പിക്കുവാൻ സർക്കാരിൽനിന്നും സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർക്ക് നിർദ്ദേശം നൽകിയിരുന്നു. അപ്രകാരം പുതുക്കിയ എസ്റ്റിമേറ്റ് നൽകുന്നതിന് പൊതുമരാമത്ത് വകുപ്പിനോട് ആവശ്യപ്പെട്ടിരിക്കുന്നു.

(ii) ബോയ്സ് ഹോസ്റ്റൽ നിർമ്മിക്കാനുള്ള എസ്റ്റിമേറ്റിനായി പൊതുമരാമത്ത് വകുപ്പിനെ സമീപിച്ചിട്ടുണ്ട്.

(iii) പുതിയ ടോയ്‌ലറ്റ് ബ്ലോക്ക് നിർമ്മിക്കുന്നതിന് 23 ലക്ഷം രൂപ (capital head) അനുമതി നൽകി ഉത്തരവായിട്ടുണ്ട്.

(iv) പുതുതായി നിർമ്മിച്ച ലേഡീസ് ഹോസ്റ്റലിൽ ഡ്രൈയിംഗ് ഏരിയ നിർമ്മിക്കുന്നതിന് 25,41,914 രൂപ അനുമതി നൽകി ഉത്തരവായിട്ടുണ്ട്.

(v) ലൈബ്രറി ബിൽഡിംഗിന് ഒന്നാം നില നിർമ്മിക്കുന്നതിന് 43.77 ലക്ഷം രൂപ അനുമതി നൽകി ഉത്തരവായിട്ടുണ്ട്.

(vi) ചുറ്റുമതിൽ നിർമ്മാണത്തിന് 23.30 ലക്ഷം രൂപ അനുമതി നൽകി ഉത്തരവായിട്ടുണ്ട്.

(vii) റിംഗ് റോഡ് നിർമ്മാണത്തിന് 10.50 ലക്ഷം രൂപ അനുമതി നൽകി ഉത്തരവായിട്ടുണ്ട്.

(viii) മെയിൻ ഗേറ്റിന് സമീപം പാർക്കിംഗ് ഏരിയ നിർമ്മിക്കുന്നതിന് 5.94 ലക്ഷം രൂപ അനുമതി നൽകി ഉത്തരവായിട്ടുണ്ട്.

എല്ലാ പ്രവൃത്തികളും അടിയന്തര പ്രാധാന്യത്തോടെ പൂർത്തിയാക്കാൻ ലക്ഷ്യമിടുന്നു.

## മഞ്ചേശ്വരം താലൂക്കിൽ പുതിയ പോളിടെക്നിക്

136(5260) ശ്രീ. എ. കെ. എം. അഷ്റഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേശ്വരം താലൂക്കിൽ പുതിയ പോളിടെക്നിക് ആരംഭിക്കുന്നതിനുള്ള നടപടികളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ;

(ബി) നടപ്പ് അദ്ധ്യയന വർഷം പ്രസ്തുത പോളിടെക്നിക് ആരംഭിക്കുവാൻ കഴിയുമോയെന്ന് വിശദമാക്കുമോ?

(എ&ബി) മഞ്ചേശ്വരം താലൂക്കിൽ പുതിയ പോളിടെക്നിക്ക് ആരംഭിക്കുന്നതിനായി 5 പുതുതലമുറ കോഴ്സുകൾ ഉൾപ്പെടുത്തിക്കൊണ്ടുള്ള പ്രൊപ്പോസൽ സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ ലഭ്യമാക്കിയിരുന്നതിൽ 3 കോഴ്സുകൾ തെരഞ്ഞെടുത്ത് സാമ്പത്തിക ബാധ്യത ഉൾപ്പെടെയുള്ള വിവരങ്ങൾ ലഭ്യമാക്കുന്നതിന് ഡയറക്ടർക്ക് നിർദേശം നല്കിയിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

<u>മഞ്ചേരി ഗവ. പോളിടെക്നിക് കോളേജിൽ പ്രിൻസിപ്പൽ</u>

137(5261) <u>ശ്രീ. യു. എ. ലത്തീഫ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേരി ഗവൺമെന്റ് പോളിടെക്നിക് കോളേജിൽ ആറുമാസത്തിൽ അധികമായി പ്രിൻസിപ്പൽ തസ്തിക ഒഴിഞ്ഞ് കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) എങ്കിൽ പ്രസ്തുത ഒഴിവ് നികത്തുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ?

സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള പോളിടെക്നിക്കുകളിൽ നിലവിൽ ഒഴിഞ്ഞുകിടക്കുന്ന പ്രിൻസിപ്പൽ തസ്തികയിലേയ്ക്ക് യോഗ്യരായ ജീവനക്കാരെ നിയമിക്കുന്നതിന് ഡി.പി.സി. (ഹയർ) യോഗം ചേർന്ന് സെലക്ട് ലിസ്റ്റ് തയ്യാറാക്കുന്നതിനുള്ള പ്രോപ്പോസൽ സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ സർക്കാരിൽ സമർപ്പിച്ചിട്ടുള്ളത് എൽ3/199/2022/ഉവിവ. നമ്പർ ഫയലിൽ സർക്കാർ പരിശോധിച്ചുവരുന്നു. പ്രസ്തുത പ്രൊപ്പോസൽ പരിശോധിച്ച് പ്രിൻസിപ്പൽ തസ്തികയിലേയ്ക്കുള്ള ഒഴിവുകൾ നികത്തുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

വടകര മോഡൽ പോളിടെക്നിക് കോളേജിലെ ഭൗതികസൗകര്യങ്ങൾ

138(5262) ശ്രീമതി കെ. കെ. രമ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വടകര മോഡൽ പോളിടെക്നിക് കോളേജിൽ നിലവിൽ ഏതൊക്കെ കോഴ്സുകളാണ് ഉള്ളതെന്നും അതിൽ അഖിലേന്ത്യാ സാങ്കേതിക വിദ്യാഭ്യാസ കൗൺസിലിന്റെ (എ.ഐ.സി.ടി.ഇ.) അംഗീകാരം ലഭിച്ചിട്ടുള്ള കോഴ്സുകൾ ഏതെല്ലാമാണെന്നും വ്യക്തമാക്കാമോ?

വടകര മോഡൽ പോളിടെക്നിക് കോളേജിൽ നിലവിൽ എ.ഐ.സി.ടി.ഇ. അംഗീകാരമുള്ള താഴെപ്പറയുന്ന കോഴ്സുകളാണുള്ളത്.

1. ഡിപ്ലോമ ഇൻ കമ്പ്യൂട്ടർ ഹാർഡ്‌വെയർ എഞ്ചിനീയറിംഗ്

2. ഡിപ്ലോമ ഇൻ ബയോ മെഡിക്കൽ എഞ്ചിനീയറിംഗ്

3. ഡിപ്ലോമ ഇൻ ഇലക്ട്രിക്കൽ ആന്റ് ഇലക്ട്രോണിക്സ് എഞ്ചിനീയറിംഗ്

4. ഡിപ്ലോമ ഇൻ ഇലക്ട്രോണിക്സ് എഞ്ചിനീയറിംഗ്

(ബി) പ്രസ്തുത കോളേജിൽ നടത്തുന്ന കോഴ്സുകൾക്ക് എന്തെല്ലാം ഭൗതികസൗകര്യങ്ങൾ ഉണ്ടായിരിക്കണമെന്നാണ് എ.ഐ.സി.ടി.ഇ. നിഷ്കർഷിച്ചിട്ടുള്ളത്; വിശദമാക്കാമോ?

പോളിടെക്നിക് കോളേജിൽ ഒരുക്കേണ്ടതായിട്ടുള്ള എ.ഐ.സി.ടി.ഇ. നിഷ്കർഷിച്ചിരിക്കുന്ന ഭൗതിക സൗകര്യങ്ങൾ സംബന്ധിച്ച വിവരം അനുബന്ധം ആയി ചേർക്കുന്നു.+

(സി) പ്രസ്തുത കോളേജിൽ നിലവിൽ എത്ര ലാബുകളാണുള്ളതെന്നും ലാബുകളിൽ ഒരുക്കിയിട്ടുള്ള സൗകര്യങ്ങളുടെ വിശദാംശവും ലഭ്യമാക്കാമോ?

പ്രസ്തുത കോളേജിൽ നിലവിൽ 12 ലാബുകളാണുള്ളത്. ലാബുകളിൽ ഒരുക്കിയിട്ടുള്ള സൗകര്യങ്ങളുടെ വിശദാംശം അനുബന്ധം ആയി ചേർക്കുന്നു.+

(ഡി) പ്രസ്തുത കോളേജിലെ ലാബുകൾ, ക്ലാസ്സുകൾ, ഓഫീസ് റൂമുകൾ, മറ്റ് സ്ഥലങ്ങൾ എന്നിവിടങ്ങളിൽ നിലവിൽ പ്രവർത്തനക്ഷമമായ കമ്പ്യൂട്ടറുകളുടെ എണ്ണം തരംതിരിച്ച് ലഭ്യമാക്കുമോ?

മറുപടി അനുബന്ധം ആയി ചേർക്കുന്നു.+

(ഇ) ബോർഡ് ഓഫ് ടെക്നിക്കൽ എഡ്യൂക്കേഷൻ പ്രസ്തുത കോളേജിൽ നടത്തിയ പരിശോധനയിൽ കമ്പ്യൂട്ടറുകളുടെ എണ്ണത്തിലെ കുറവ്

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.
\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.
\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സംബന്ധിച്ച് പരാമർശം നടത്തിയിരുന്നോ; എങ്കിൽ പരിശോധനാ റിപ്പോർട്ടിൽ വ്യക്തമാക്കിയിരുന്നത് എന്തെല്ലാമാണെന്ന് അറിയിക്കാമോ; റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ?

കമ്പ്യൂട്ടറുകളുടെ എണ്ണത്തിലെ കുറവ് സംബന്ധിച്ചുള്ള ഒരു പരിശോധനാ റിപ്പോർട്ടും സമർപ്പിച്ചിട്ടില്ല.

(എഫ്) വടകര പോളിടെക്നിക്കിനായി സെമിനാർ ഹാൾ നിർമ്മിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

മോഡൽ പോളിടെക്നിക് കോളേജിന് സെമിനാർ ഹാൾ നിർമ്മാണത്തിനായി 50 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് പൊതുമരാമത്ത് വകുപ്പ് തയ്യാറാക്കി സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർക്ക് സമർപ്പിച്ചിരുന്നു. പ്രസ്തുത എസ്റ്റിമേറ്റ് സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ സർക്കാരിലേയ്ക്കയയ്ക്കുകയും ആയത് സർക്കാർ തുടർ നടപടികൾക്കായി ഐ.എച്ച്.ആർ.ഡി. ഡയറക്ടർക്ക് അയയ്ക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത പദ്ധതി 2022-23-ലെ സംസ്ഥാന ബഡ്ജറ്റിലും ഉൾക്കൊള്ളിച്ചിട്ടുണ്ട്.

## <u>സെന്റർ ഫോർ അഡ്വാൻസ്ഡ് പ്രിന്റിങ് ആന്റ് ട്രെയിനിംഗിലെ പെൻഷൻ പ്രായം</u>

139(5263)ശ്രീ. ഷാഫി പറമ്പിൽ:
ശ്രീ. സണ്ണി ജോസഫ്:
ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ):
ശ്രീ. സനീഷ്കുമാർ ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉന്നതവിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള സെന്റർ ഫോർ അഡ്വാൻസ്ഡ് പ്രിന്റിംഗ് ആന്റ് ട്രെയിനിംഗിൽ പെൻഷൻ പ്രായം 60 ആയി വർദ്ധിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) പെൻഷൻ പ്രായം 60 ആക്കി മേയ് 31-ന് സർക്കാർ ഉത്തരവിറക്കിയിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ; ഇതിന്റെ വിശദാംശങ്ങൾ നൽകാമോ?

(എ &ബി) ഉന്നതവിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള സെന്റർ ഫോർ അഡ്വാൻസ്ഡ് പ്രിന്റിംഗ് ആന്റ് ട്രെയിനിംഗ് (C-apt)-ലെ ജീവനക്കാരുടെ പെൻഷൻപ്രായം 58 വയസ്സിൽ നിന്നും 60 ആയി വർദ്ധിപ്പിച്ചുകൊണ്ട് 31.05.2022-ലെ സ.ഉ.(കൈ)നം.265/2022/HEDN പ്രകാരം ഉത്തരവ്

പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവിന്റെ പകർപ്പ് അനുബന്ധം ആയി ചേർത്തിട്ടുണ്ട്.+

(സി) പെൻഷൻപ്രായം 60 ആക്കി ഉയർത്താനുണ്ടായ കാരണം വിശദമാക്കാമോ?

2013 മുതൽ സർക്കാർ സർവ്വീസിൽ പ്രവേശിക്കുന്ന ജീവനക്കാർ പങ്കാളിത്ത പെൻഷൻ പദ്ധതിയുടെ ഭാഗമായതിനാൽ അവർക്ക് 60 വയസ്സ് വരെ ജോലിയിൽ തുടരാവുന്നതാണ്. എന്നാൽ ജീവനക്കാർക്ക് തുച്ഛമായ പെൻഷൻ മാത്രം ലഭിക്കുന്ന ഇ.പി.എഫ്. പെൻഷൻ പദ്ധതിയാണ് സി-ആപ്റ്റിൽ നിലവിലുള്ളതെന്നും ആയതിനാൽ സി-ആപ്റ്റ് ജീവനക്കാരുടെ പെൻഷൻപ്രായം 58 വയസ്സിൽ നിന്നും 60 വയസ്സായി ഉയർത്തണമെന്നും മാനേജിംഗ് ഡയറക്ടർ സർക്കാരിനോട് ശിപാർശ ചെയ്തതിന്റെ അടിസ്ഥാനത്തിലാണ് സി-ആപ്റ്റിലെ ജീവനക്കാരുടെ പെൻഷൻ പ്രായം വർദ്ധിപ്പിച്ചിട്ടുള്ളത്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## സി-ആപ്റ്റിന്റെ നവീകരണം

140(5264) ശ്രീ. ടി. വി. ഇബ്രാഹിം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സി-ആപ്റ്റിന്റെ നവീകരണത്തിന് വേണ്ടി എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

സി-ആപ്റ്റിന്റെ നവീകരണത്തിന് വേണ്ടി 2022-23 സാമ്പത്തിക വർഷത്തിൽ താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു.

1. ഒരു സിംഗിൾ കളർ വെബ് ഓഫ്സെറ്റ് പ്രിന്റിംഗ് മെഷീൻ വാങ്ങി ഇൻസ്റ്റാൾ ചെയ്യുക.

2. രണ്ട് ഡിജിറ്റൽ സ്കാനർ-കം-പ്രിന്റർ വാങ്ങുക.

3. ഡിജിറ്റൽ കളർ പ്രിന്റർ വാങ്ങുക.

4. ഹെഡ് ഓഫീസ് കോംപ്ലക്സിന്റെ നിലവിലെ ഓഫീസ് ബിൽഡിംഗിന് മുകളിൽ അഡീഷണൽ ഫ്ലോറിന്റെ ബാക്കി ഭാഗം നിർമ്മിക്കുക

5. സി-ആപ്റ്റ് കൊല്ലം ഉപകേന്ദ്രത്തിന്റെ നിലവിലെ കെട്ടിടം പുതുക്കി പണിയുക

6. ഹെഡ് ഓഫീസ് കോംപ്ലക്സിൽ ലിഫ്റ്റ് സൗകര്യം ഒരുക്കുക.

(ബി) വിവിധ ഉപകേന്ദ്രങ്ങളെ നവീകരിക്കുന്നതിനും കോഴിക്കോട്, കൊച്ചി ഉപകേന്ദ്രങ്ങളെ മേഖലാ ഓഫീസുകളായി ഉയർത്തുന്നതിനും നടപടി സ്വീകരിക്കുമോ?

2022-23 വർഷത്തെ പ്ലാൻ ഫണ്ടിൽനിന്നും കൊല്ലം, കോഴിക്കോട്, മലപ്പുറം, കോട്ടയം എന്നീ ഉപകേന്ദ്രങ്ങളിൽ നവീകരണപ്രവർത്തനങ്ങൾ നടത്തുന്നതിന്/വിവിധ മെഷീനുകൾ വാങ്ങുന്നതുമായി ബന്ധപ്പെട്ട പ്രൊപ്പോസൽ 01.08.2022-ൽ കൂടുന്ന വർക്കിംഗ് ഗ്രൂപ്പിന്റെ പരിഗണനയ്ക്കായി സമർപ്പിച്ചിട്ടുണ്ട്. കൂടാതെ, സി-ആപ്റ്റിന്റെ ചില സബ് സെന്ററുകൾ നിലവിൽ പ്രവർത്തിച്ചുവരുന്ന, പൊതുവിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ള കെട്ടിടങ്ങളിൽ അറ്റകുറ്റപ്പണികൾ/പുനർനിർമ്മാണം നടത്തുന്നതിന് ആവശ്യമായ അനുമതി നൽകുന്നതാണെന്ന് ഉന്നത-പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രിമാരുടെ അദ്ധ്യക്ഷതയിൽ 11.07.2022-ൽ കൂടിയ യോഗത്തിൽ തീരുമാനമായിട്ടുണ്ട്.

കോഴിക്കോട്, കൊച്ചി ഉപകേന്ദ്രങ്ങളെ മേഖലാ ഓഫീസുകളായി ഉയർത്തുന്നത് സംബന്ധിച്ച തീരുമാനമൊന്നും നിലവിൽ കൈക്കൊണ്ടിട്ടില്ല.

(സി) സി-ആപ്റ്റിൽ 2019-ൽ ഭരണാനുമതി ലഭിച്ച 20 കോടി രൂപയുള്ള ലോട്ടറി അച്ചടി മെഷീൻ വാങ്ങുന്നതിനുള്ള നടപടിക്രമങ്ങൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കുമോ?

ലോട്ടറി വകുപ്പിൽനിന്നും വായ്പാടിസ്ഥാനത്തിൽ ലഭ്യമാകുന്ന 20 കോടി രൂപ ധനസഹായം ഉപയോഗിച്ച് ഫോർ കളർ ഓഫ്‌സെറ്റ് പ്രിന്റിംഗ് മെഷീനും ഓൺലൈൻ നമ്പറിംഗ് സിസ്റ്റവും വാങ്ങുന്നതിന് ഉന്നത വിദ്യാഭ്യാസ വകുപ്പിൽനിന്നും സി-ആപ്റ്റിന് ഭരണാനുമതി നൽകിയിട്ടുണ്ട്. കൂടാതെ, സി-ആപ്റ്റിന് പ്രസ്തുത വായ്പാ തുക അടിയന്തരമായി ലഭ്യമാക്കുന്നതിന് നികുതി വകുപ്പിനോട് ശിപാർശ ചെയ്തിട്ടുമുണ്ട്.

(ഡി) ജീവനക്കാരുടെ സ്റ്റാഫ് പാറ്റേൺ, പ്രൊമോഷൻ പോളിസി എന്നിവ നടപ്പാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്നും ഇവ എന്നത്തേയ്ക്ക് പൂർത്തീകരിക്കാൻ കഴിയുമെന്നും വിശദമാക്കുമോ?

സി-ആപ്റ്റിലെ സ്റ്റാഫ് പാറ്റേൺ, പ്രൊമോഷൻ പോളിസി എന്നിവ നടപ്പിലാക്കുന്നത് സംബന്ധിച്ച് സർക്കാർ നിയോഗിച്ച മൂന്നംഗ കമ്മിറ്റി സമർപ്പിച്ച റിപ്പോർട്ടിൽ അപാകതകൾ ഉണ്ടെന്ന് സി-ആപ്റ്റിലെ സർവ്വീസ്

സംഘടനകളും ഭൂരിഭാഗം ജീവനക്കാരും ആക്ഷേപം ഉന്നയിച്ച സാഹചര്യത്തിൽ ഇതുസംബന്ധിച്ച വിശദമായ പഠനം നടത്തി പ്രസ്തുത റിപ്പോർട്ടിലെ ന്യൂനതകൾ പരിഹരിക്കുന്നതിനാവശ്യമായ ശിപാർശകൾ സമർപ്പിക്കുവാനായി ഉന്നതവിദ്യാഭ്യാസ വകുപ്പ് ജോയിന്റ് സെക്രട്ടറിയും സി-ആപ്റ്റ് മാനേജിംഗ് ഡയറക്ടറുമടങ്ങുന്ന രണ്ടംഗ കമ്മിറ്റിയെ സി-ആപ്റ്റിന്റെ അൻപത്തിയാറാമത് എക്സിക്യൂട്ടീവ് കമ്മിറ്റി യോഗം ചുമതലപ്പെടുത്തുകയുണ്ടായി. തുടർന്ന് മൂന്നംഗ കമ്മിറ്റി സമർപ്പിച്ച റിപ്പോർട്ടും പ്രസ്തുത റിപ്പോർട്ടിലെ ന്യൂനതകൾ പരിഹരിക്കുന്നതിനാവശ്യമായ ശിപാർശകൾ സഹിതം രണ്ടംഗ കമ്മിറ്റി സമർപ്പിച്ച റിപ്പോർട്ടും വിശദമായി പരിശോധിച്ച് ആയതിൻമേലുള്ള അഭിപ്രായം രേഖപ്പെടുത്തുന്നതിന് ധനകാര്യ വകുപ്പിന് നൽകിയിട്ടുണ്ട്. ധനകാര്യ വകുപ്പിൽനിന്നും അഭിപ്രായം ലഭിക്കുന്ന മുറയ്ക്കുമാത്രമേ സി-ആപ്റ്റിൽ സ്റ്റാഫ് പാറ്റേൺ/പ്രൊമോഷൻ പോളിസി നടപ്പിലാക്കുവാൻ സാധിക്കുകയുള്ളൂ.

(ഇ) ഈയിടെ അനുവദിച്ച ശമ്പളപരിഷ്കരണത്തിന്റെ ആനുകൂല്യം തൊഴിലാളികൾക്ക് മുൻകാല പ്രാബല്യത്തോടെ നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

12.05.2022-ന് സി-ആപ്റ്റിൽ നടപ്പിലാക്കിയ പത്താം ശമ്പള പരിഷ്കരണ പ്രകാരം പരിഷ്കരിച്ച ശമ്പളം, ക്ഷാമബത്ത എന്നിവയ്ക്ക് 01.07.2014 മുതൽ പ്രാബല്യമുണ്ട്. എന്നാൽ, സി-ആപ്റ്റിന്റെ നിലവിലെ സാമ്പത്തികാവസ്ഥയിൽ മുൻകാലപ്രാബല്യത്തോടെ സാമ്പത്തിക ആനുകൂല്യങ്ങൾ ജീവനക്കാർക്ക് നൽകുവാൻ നിർവ്വാഹമില്ല.

(എഫ്) സി-ആപ്റ്റിനെ ആധുനികവൽക്കരിക്കുന്നതിന് പ്ലാൻ/നോൺ പ്ലാൻ ഇനത്തിൽ കൂടുതൽ സഹായം അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഇപ്പോൾ ലഭ്യമായിട്ടുള്ള ഫണ്ടുകളുപയോഗിച്ച് സി-ആപ്റ്റിന്റെ വികസന പ്രവർത്തനങ്ങൾ നടത്തിവരുന്നു.

സി-ആപ്റ്റിലെ പെൻഷൻപ്രായം

141(5265) ഡോ. മാത്യു കുഴൽനാടൻ:
ശ്രീ. സജീവ് ജോസഫ്:
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉന്നത വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള സെന്റർ ഫോർ അഡ്വാൻസ്ഡ് പ്രിന്റിംഗ് ആന്റ് ട്രെയിനിംഗിൽ പെൻഷൻപ്രായം 60 ആക്കി വർദ്ധിപ്പിച്ചിട്ടുണ്ടോ; എങ്കിൽ കാരണം വിശദമാക്കാമോ?

ഉണ്ട്. 2013 മുതൽ സർക്കാർ സർവ്വീസിൽ പ്രവേശിക്കുന്ന ജീവനക്കാർ പങ്കാളിത്ത പെൻഷൻ പദ്ധതിയുടെ ഭാഗമായതിനാൽ അവർക്ക് 60 വയസ്സ് വരെ ജോലിയിൽ തുടരാവുന്നതാണ്. എന്നാൽ ജീവനക്കാർക്ക് തുച്ഛമായ പെൻഷൻ മാത്രം ലഭിക്കുന്ന ഇ.പി.എഫ്. പെൻഷൻ പദ്ധതിയാണ് ഇപ്പോഴും സി-ആപ്റ്റിൽ നിലവിലുള്ളതെന്നും ആയതിനാൽ സി-ആപ്റ്റ് ജീവനക്കാരുടെ പെൻഷൻപ്രായം 58 വയസ്സിൽ നിന്നും 60 ആയി ഉയർത്തണമെന്നും മാനേജിംഗ് ഡയറക്ടർ സർക്കാരിനോട് ശിപാർശ ചെയ്തതിന്റെ അടിസ്ഥാനത്തിലാണ് സി-ആപ്റ്റിലെ ജീവനക്കാരുടെ പെൻഷൻ പ്രായം വർദ്ധിപ്പിച്ചിട്ടുള്ളത്.

(ബി) പ്രസ്തുത സ്ഥാപനത്തിൽ പുതിയ നിയമനങ്ങൾ നടക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ; ഇല്ലെങ്കിൽ കാരണം അറിയിക്കാമോ?

സി-ആപ്റ്റിൽ ആശ്രിത നിയമനങ്ങളൊഴികെ പുതിയ നിയമനങ്ങളൊന്നും നടത്തിയിട്ടില്ല. സി-ആപ്റ്റിൽ സ്റ്റാഫ് പാറ്റേൺ, പ്രൊമോഷൻ പോളിസി എന്നിവ നടപ്പിലാക്കിയതിനുശേഷം മാത്രമേ ഏതെല്ലാം തസ്തികകളിൽ ഒഴിവുണ്ടെന്ന് കണ്ടെത്തി അതനുസരിച്ച് നിയമനങ്ങൾ നടത്തുന്നതിന് സാധിക്കുകയുള്ളൂ.

(സി) യുവാക്കൾക്ക് അവസരം നിഷേധിച്ചുകൊണ്ട് പെൻഷൻപ്രായം ഉയർത്തുന്നത് സർക്കാരിന്റെ നയത്തിന്റെ ഭാഗമാണോ എന്ന് വ്യക്തമാക്കാമോ?

പെൻഷൻപ്രായം ഉയർത്തുക എന്നത് സർക്കാർ നയമല്ല. 2013 മുതൽ സർക്കാർ സർവ്വീസിൽ പ്രവേശിക്കുന്ന ജീവനക്കാർ പങ്കാളിത്ത പെൻഷൻ പദ്ധതിയുടെ ഭാഗമായതിനാൽ അവർക്ക് 60 വയസ്സ് വരെ ജോലിയിൽ തുടരാവുന്നതാണ്. ഈ സാഹചര്യത്തിലാണ് തുച്ഛമായ പെൻഷൻ മാത്രം ലഭിക്കുന്ന ഇ.പി.എഫ്. പെൻഷൻ പദ്ധതി നിലവിലുള്ള സി-ആപ്റ്റിലും ജീവനക്കാരുടെ പെൻഷൻപ്രായം 60 വയസ്സായി വർദ്ധിപ്പിച്ചിട്ടുള്ളത്. കൂടാതെ, സി-ആപ്റ്റിൽ സ്റ്റാഫ് പാറ്റേൺ, പ്രൊമോഷൻ പോളിസി

എന്നിവ നടപ്പിലാക്കിയതിനുശേഷം മാത്രമേ പുതിയ നിയമനങ്ങൾ ആവശ്യമാണോ എന്നത് സംബന്ധിച്ച് വ്യക്തത ലഭിക്കുകയുള്ളൂ.

കെ.ജി.റ്റി. പരീക്ഷകൾ

142(5266) ശ്രീ. അൻവർ സാദത്ത്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന് കീഴിൽ നടത്തുന്ന കെ.ജി.റ്റി. പരീക്ഷകളും കോഴ്സുകളും ഏതെല്ലാമെന്ന് അറിയിക്കാമോ?

1. കെ.ജി.റ്റി.ഇ. പ്രീ പ്രസ്സ് ഓപ്പറേഷൻ

2. കെ.ജി.റ്റി.ഇ. പ്രസ്സ് വർക്ക്

3. കെ.ജി.റ്റി.ഇ. പോസ്റ്റ് ഓപ്പറേഷൻ & ഫിനിഷിങ്

(ബി) കെ.ജി.റ്റി. പരീക്ഷകളിൽ വിദ്യാർത്ഥികൾക്ക് ഏതെങ്കിലും സ്ഥാപനത്തിൽ പോയി പഠിക്കാതെ സ്വയം പരിശീലനം നടത്തി പങ്കെടുക്കാൻ കഴിയുന്ന പരീക്ഷകൾ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ?

സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന് കീഴിൽ നടത്തുന്ന കെ.ജി.റ്റി.ഇ. കോഴ്സുകൾ എല്ലാംതന്നെ റെഗുലർ കോഴ്സുകളാണ്. സ്ഥാപനത്തിൽ പോകാതെ ടി കോഴ്സുകൾ പഠിക്കുവാനോ പരീക്ഷ എഴുതുവാനോ

സാധിക്കുന്നതല്ല. പരീക്ഷാ ഭവൻ നടത്തുന്ന കെ.ജി.റ്റി.ഇ. (കൊമേഴ്സ്) ടൈപ്പ്റൈറ്റിംഗ് & വേഡ് പ്രോസസ്സിംഗ് പരീക്ഷ എഴുതുന്നതിന് ഏതെങ്കിലും റെഗുലർ കോഴ്സ് പൂർത്തിയാക്കണമെന്ന് നിഷ്കർഷിച്ചിട്ടില്ല. എസ്.എസ്.എൽ.സി. പാസ്സായവർക്ക് ഓൺലൈനായി പരീക്ഷയ്ക്ക് അപേക്ഷ നൽകാവുന്നതാണ്.

(സി) സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള കെ.ജി.റ്റി. പരീക്ഷകൾക്ക് സമാനമായിട്ടുള്ള ഏതെല്ലാം മദ്രാസ് ഗവൺമെന്റ് ടെക്നിക്കൽ (എം.ജി.റ്റി.) പരീക്ഷകൾക്കും സർട്ടിഫിക്കറ്റുകൾക്കുമാണ് തുല്യതാ സർട്ടിഫിക്കറ്റ് നൽകി വരുന്നതെന്ന് പറയാമോ?

i) MGTE/TGTE Machine Work (Lower/Higher) or Letter press printing Machine Work കോഴ്സ്, KGTE (Higher/Lower) printing കോഴ്സിന് തുല്യമാണെന്ന് 04.05.2022 ലെ സ.ഉ.(സാധാ) നം. 632/2022/ഉ.വി.വ. പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

ii) പ്രിന്റിംഗ് വിഷയങ്ങളിലെ MGTE (Higher&Lower) സർട്ടിഫിക്കറ്റുകൾ അതത് വിഷയങ്ങളിലെ KGTE (Higher&Lower)

സർട്ടിഫിക്കറ്റിന് തുല്യമാണെന്ന് 15.06.2022-ലെ സ.ഉ.(സാധാ) നം. 890/2022/ഉ.വി.വ പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

<u>നാദാപുരം മണ്ഡലത്തിലെ വളയം ഗവൺമെന്റ് ഐ.ടി.ഐ.-യുടെ കെട്ടിട നിർമ്മാണത്തിന്റെ ടെണ്ടർ നടപടി</u>

143(5267) <u>ശ്രീ. ഇ. കെ. വിജയൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാദാപുരം മണ്ഡലത്തിലെ വളയം ഗവൺമെന്റ് ഐ.ടി.ഐ.-യുടെ കെട്ടിടനിർമ്മാണത്തിന്റെ ടെണ്ടർ നടപടി പൂർത്തീകരിക്കാൻ വൈകുന്നതിന്റെ കാരണം വിശദമാക്കാമോ?

വളയം ഗവൺമെന്റ് ഐ.ടി.ഐ. കെട്ടിടനിർമ്മാണത്തിനായി 01.04.2022-ൽ സാങ്കേതിക അനുമതി ലഭ്യമായത് പ്രകാരം 19.04.2022-ന് ടെണ്ടർ ക്ഷണിക്കുകയുണ്ടായി. എന്നാൽ സിംഗിൾ ടെണ്ടർ മാത്രമേ ലഭിച്ചിരുന്നുള്ളൂ. ആയതിനാൽ 06.05.2022-ന് റീടെണ്ടർ ചെയ്തു. PQ Evaluation നടപടികൾക്കുശേഷം 13.06.2022-ന് Financial Bid തുറക്കുകയും ചെയ്തു. അതിൽ താഴ്ന്ന നിരക്ക് ക്വാട്ട് ചെയ്ത M/s Heather Constructions, Sastamangalam, Thiruvananthapuram എന്ന സ്ഥാപനത്തിന് 29.062022-ന് സെലക്ഷൻ നോട്ടീസ് നൽകുകയും

ചെയ്തിട്ടുണ്ട്. ഇതുസംബന്ധിച്ച് കരാർ ഒപ്പുവയ്ക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) ടെണ്ടർ നടപടി പൂർത്തീകരിച്ച് പ്രവൃത്തി അടിയന്തരമായി ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ?

സെലക്ഷൻ നോട്ടീസ് പ്രകാരം കരാർ ഒപ്പുവയ്ക്കുന്നതിന് അനുവദിച്ച സമയ പരിധി 27.07.2022 വരെയാണ്. ആയതിന് ശേഷം തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

<u>പ്രിയദർശിനി പ്ലാനറ്റോറിയം കോമ്പൗണ്ടിലെ ആസ്ഥാനമന്ദിര നിർമ്മാണം</u>

144(5268) <u>ശ്രീ. അനൂപ് ജേക്കബ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം പ്രിയദർശിനി പ്ലാനറ്റോറിയത്തിലെ സ്ഥലപരിമിതിമൂലം സന്ദർശകർക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

ഇക്കാര്യത്തിൽ പ്രത്യേകിച്ച് വിശകലനം നടത്തിയിട്ടില്ല.

(ബി) പ്രസ്തുത പ്ലാനറ്റോറിയത്തിന്റെ അധീനതയിലുള്ള സ്ഥലത്ത് ഉന്നതവിദ്യാഭ്യാസ കൗൺസിലിന്റെ ആസ്ഥാനമന്ദിരം നിർമ്മിക്കുവാൻ സർക്കാർ തലത്തിൽ തീരുമാനിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

ഉന്നതവിദ്യാഭ്യാസ അഡീഷണൽ ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ 10.05.2022-ന് ചേർന്ന യോഗത്തിൽ പ്രസ്തുത സ്ഥലത്ത് സംസ്ഥാന ഉന്നതവിദ്യാഭ്യാസ കൗൺസിലിന് ഓഫീസ് സമുച്ചയം നിർമ്മിക്കുവാൻ തീരുമാനമെടുത്തിട്ടുണ്ട്.

(സി) പ്ലാനറ്റോറിയത്തിന്റെ സുഗമമായ പ്രവർത്തനത്തിന് പ്രസ്തുത കെട്ടിടനിർമ്മാണം തടസ്സം സൃഷ്ടിക്കുമെന്ന വസ്തുത പരിശോധിച്ചിട്ടുണ്ടോ; ഇതുസംബന്ധിച്ച് എന്തെങ്കിലും പരാതികൾ ലഭിച്ചിട്ടുണ്ടോ; എങ്കിൽ അതിന്മേൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ?

ഇതുസംബന്ധിച്ച് പ്രത്യേകമായി പരിശോധിച്ചിട്ടില്ല. പരാതികൾ സർക്കാരിൽ ലഭിച്ചിട്ടില്ല.

(ഡി) ഉന്നതവിദ്യാഭ്യാസ കൗൺസിലിന്റെ ആസ്ഥാനമന്ദിര നിർമ്മാണം പ്രിയദർശിനി പ്ലാനറ്റോറിയത്തിന്റെ കോമ്പൗണ്ടിൽനിന്നും ഒഴിവാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; വിശദാംശം നൽകുമോ?

നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല.

## മണിമലയിൽ എൽ.ബി.എസ്. സബ് സെന്റർ

145(5269) ഡോ. എൻ. ജയരാജ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാഞ്ഞിരപ്പള്ളി മണ്ഡലത്തിലെ മണിമലയിൽ എൽ.ബി.എസ്. സബ് സെന്റർ അനുവദിക്കുന്ന നടപടികൾ നിലവിൽ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കുമോ;

(ബി) കാഞ്ഞിരപ്പള്ളി മണ്ഡലത്തിലെ വിവിധ പഞ്ചായത്തുകളിലെ വിദ്യാർത്ഥികൾക്ക് പ്രയോജനകരമാകുന്ന വിധത്തിൽ സബ് സെന്റർ അനുവദിക്കണമെന്നാവശ്യപ്പെട്ട് എൽ.ബി.എസ്. അധികൃതർക്ക് നൽകിയ കത്തിൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

(സി) പ്രസ്തുത സബ് സെന്റർ ആരംഭിക്കുന്നതിനാവശ്യമായ കെട്ടിടം മണിമല ഗ്രാമപഞ്ചായത്ത് വിട്ടുനൽകാൻ തയ്യാറാണെന്നുള്ള വിവരം അറിയാമോ;

(ഡി) പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങളിലുൾപ്പെടെയുള്ള നിരവധി വിദ്യാർത്ഥികൾക്ക് പ്രയോജനകരമായ പദ്ധതി പ്രത്യേക പരിഗണന നൽകി സാധ്യമാക്കാൻ നടപടി സ്വീകരിക്കാമോ?

(എ-ഡി) കാഞ്ഞിരപ്പള്ളി നിയോജകമണ്ഡലത്തിലെ മണിമലയിൽ എൽ.ബി.എസ്.-ന്റെ ഒരു സബ് സെന്റർ തുടങ്ങുന്നത് സംബന്ധിച്ച് എൽ.ബി.എസ്. ഡയറക്ടർക്ക് ലഭിച്ച കത്തിന്റെ അടിസ്ഥാനത്തിൽ

എൽ.ബി.എസ്.-ന്റെ ഒരു പ്രതിനിധി മൂന്ന് സ്ഥലങ്ങളിൽ നിർദ്ദേശിച്ച കെട്ടിടങ്ങൾ സന്ദർശിക്കുകയും മണിമല ഗ്രാമപഞ്ചായത്ത് കെട്ടിടം സൗജന്യമായി അനുവദിക്കുകയാണെങ്കിൽ എൽ.ബി.എസ്. സബ് സെന്റർ തുടങ്ങാൻ സാധിക്കുമെന്ന് റിപ്പോർട്ട് ചെയ്യുകയുമുണ്ടായി. എന്നാൽ ഒരു സ്വയംഭരണ സ്ഥാപനമായ എൽ.ബി.എസ്. സെന്റർ ഫോർ സയൻസ് ആന്റ് ടെക്നോളജിക്ക് നിലവിലെ സാമ്പത്തികസ്ഥിതി അനുസരിച്ച് ഒരു സബ് സെന്റർ തുടങ്ങുക എന്നത് സാമ്പത്തികമായി ബുദ്ധിമുട്ടുള്ള കാര്യമാണ്. സെന്റർ പ്രവർത്തിക്കുന്നതിനായി കെട്ടിടം സൗജന്യമായി ലഭിച്ചാൽപ്പോലും മറ്റ് അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനാവശ്യമായ സാമ്പത്തികസ്ഥിതി നിലവിൽ എൽ.ബി.എസ്. സെന്ററിനില്ല.

## കുറ്റിപ്പുറം ടെക്നിക്കൽ ഹൈസ്കൂൾ കെട്ടിട നിർമ്മാണം

146(5270) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടക്കൽ മണ്ഡലത്തിലെ കുറ്റിപ്പുറം ടെക്നിക്കൽ ഹൈസ്കൂളിന് പുതിയ കെട്ടിടം നിർമ്മിക്കാൻ പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തി മൂന്ന് കോടി രൂപയുടെ ഭരണാനുമതി നൽകിയതിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച

നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ; പ്രവൃത്തി ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കുമോ?

കുറ്റിപ്പുറം ഗവൺമെന്റ് ടെക്നിക്കൽ ഹൈസ്കൂളിൽ പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി 30.10.2019-ലെ സ.ഉ.(സാധാ) നം. 1945/2019/ഉ.വി.വ. നമ്പർ ഉത്തരവ് പ്രകാരം 4202-02-103-99 Plan ശീർഷകത്തിൽ 300 ലക്ഷം രൂപ അനുവദിച്ച് ഭരണാനുമതി നല്കിയിരുന്നു. പ്രസ്തുത നിർമ്മാണത്തിന്റെ രൂപകൽപന പൊതുമരാമത്ത് വകുപ്പ് ആർക്കിടെക്ചർ വിഭാഗത്തിലും ഘടനാപരമായ ഡ്രോയിംഗ് പൊതുമരാമത്ത് ഡ്രോയിംഗ് വിഭാഗത്തിലും പൂർത്തിയായിവരുന്നു. മണ്ണ് പരിശോധനയുമായി ബന്ധപ്പെട്ട നടപടികളും ആരംഭിച്ചിട്ടുണ്ട്.

(ബി) പുതിയ ഡി.എസ്.ആർ. പ്രകാരം പുനർനിർണ്ണയിച്ച പ്രവൃത്തിയുടെ അടങ്കലിന് പുതുക്കിയ ഭരണാനുമതി അനുവദിക്കുന്നതിനായി പ്രൊപ്പോസൽ ലഭ്യമായിട്ടുണ്ടോയെന്നും ആയതിന്മേൽ സ്വീകരിച്ച നടപടികളും വിശദമാക്കുമോ; പുതുക്കിയ ഭരണാനുമതി അടിയന്തരമായി ലഭ്യമാക്കുമോ?

പൈൽ ഫൗണ്ടേഷൻ ഉൾപ്പെടെയുള്ള മാറ്റങ്ങൾ വന്നതിന്റെ അടിസ്ഥാനത്തിൽ DSoR-2018 പ്രകാരം പുനർനിർണ്ണയിച്ച 5,54,40,000 രൂപയുടെ എസ്റ്റിമേറ്റ് പുതുക്കിയ ഭരണാനുമതി അനുവദിക്കുന്നതിലേയ്ക്കായി സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ ലഭ്യമാക്കിയിരുന്നു. എന്നാൽ "Architectural drawing-ഉം Structural design-ഉം അടിസ്ഥാനമാക്കിയുള്ള പുതുക്കിയ എസ്റ്റിമേറ്റ്, മണ്ണ് പര്യവേഷണത്തിൽ യോഗ്യരായിട്ടുള്ളവരുടെ Geotechnical ശിപാർശ സഹിതം സമർപ്പിക്കുന്നതിന് 04.07.2022-ലെ J2/92/2022/HEdn നമ്പർ സർക്കാർ കത്ത് പ്രകാരം നിർദ്ദേശം നൽകിയിട്ടുണ്ട്. പ്രസ്തുത നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ നടപടി സ്വീകരിച്ചുവരുന്നു.

സർക്കാർ കോളേജുകളിൽ ഫിസിക്സ് ബിരുദാനന്തര ബിരുദ കോഴ്സുകൾ

147(5271) ശ്രീ. അനൂപ് ജേക്കബ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള യൂണിവേഴ്സിറ്റിയുടെ കീഴിൽ വരുന്ന എത്ര സർക്കാർ കോളേജുകളിൽ ഫിസിക്സ് ബിരുദാനന്തര ബിരുദ കോഴ്സുകൾ നിലവിലുണ്ട്?

കേരള യൂണിവേഴ്സിറ്റിയുടെ കീഴിൽ വരുന്ന 3 കോളേജുകളിൽ ഫിസിക്സ് ബിരുദാനന്തര ബിരുദ കോഴ്സുകൾ നിലവിലുണ്ട്.

(ബി) പ്രസ്തുത കോഴ്സുകൾ ആവശ്യപ്പെട്ടുകൊണ്ട് ഈ യൂണിവേഴ്സിറ്റിയുടെ കീഴിലുള്ള എത്ര കോളേജുകൾ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്;

(സി) അപേക്ഷ സമർപ്പിച്ചിട്ടുള്ള കോളേജുകളിൽ കോഴ്സുകൾ ആരംഭിക്കുന്നതിന്റെ സാധ്യതകൾ ആരാഞ്ഞിട്ടുണ്ടോ; വിശദമാക്കാമോ?

(ബി & സി) 2022-23 അദ്ധ്യയന വർഷം അഞ്ചൽ സെന്റ് ജോൺസ് കോളേജിൽ പുതിയ എം.എസ്.സി. ഫിസിക്സ് കോഴ്സ് അനുവദിക്കുന്നതിനുള്ള കേരള സർവ്വകലാശാലയുടെ പ്രൊപ്പോസലാണ് നിലവിൽ സർക്കാരിന്റെ പരിഗണനയിലുള്ളത്.

(ഡി) എങ്കിൽ ഈ വർഷം കോഴ്സ് അനുവദിക്കുന്നതിന് മുൻഗണന നൽകിയിട്ടുള്ളത് ഏതെല്ലാം കോളേജുകൾക്കാണ്; ലിസ്റ്റ് ലഭ്യമാക്കാമോ;

(ഇ) മുനിസിപ്പാലിറ്റി ഏരിയയിൽ സ്ഥിതി ചെയ്യുന്ന കോളേജുകളിൽ കോഴ്സുകൾ അനുവദിക്കുന്നതിന് മുൻഗണന നൽകുമോ?

(ഡി&ഇ) സർക്കാർ/എയ്ഡഡ് കോളേജുകളിൽ 2022-23 അദ്ധ്യയന വർഷം പുതിയ ആർട്സ് ആന്റ് സയൻസ് കോഴ്സുകൾ അനുവദിക്കുന്ന വിഷയം സർക്കാർ പരിശോധിച്ചുവരുന്നു.

## കേരള സർവ്വകലാശാലയിലെ ഓഫീസ് സൂപ്രണ്ട് തസ്തികയിലേയ്ക്കുള്ള സ്ഥാനക്കയറ്റ നിബന്ധനകൾ

148(5272) ശ്രീ. എം. വിൻസെന്റ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സർവ്വകലാശാലയിൽ നിലവിലുള്ള ഓഫീസ് സൂപ്രണ്ട് തസ്തികകളുടെ എണ്ണവും അതിൽ നിലവിൽ ഒഴിഞ്ഞുകിടക്കുന്ന തസ്തികകളുടെ എണ്ണവും വ്യക്തമാക്കുമോ?

കേരള സർവ്വകലാശാലയിൽ നിലവിലുള്ള ഓഫീസ് സൂപ്രണ്ട് തസ്തികകളുടെ എണ്ണം:

ഓഫീസ് സൂപ്രണ്ട് - 30

ഓഫീസ് സൂപ്രണ്ട് (ഹയർ ഗ്രേഡ്) - 29

ഇവയിൽ ഒഴിഞ്ഞുകിടക്കുന്ന തസ്തികകളുടെ എണ്ണം :

ഓഫീസ് സൂപ്രണ്ട് - 30

ഓഫീസ് സൂപ്രണ്ട് (ഹയർ ഗ്രേഡ്)- 12

(ബി) കേരള സർവ്വകലാശാലയിലെ ഓഫീസ് സൂപ്രണ്ട് തസ്തികകളിൽ ഒഴിവുണ്ടായിട്ടും സെലക്ഷൻ ഗ്രേഡ് കമ്പ്യൂട്ടർ അസിസ്റ്റന്റുമാർക്ക് പ്രസ്തുത

തസ്തികയിൽ ഒരു വർഷത്തെ സർവ്വീസ് തികഞ്ഞിട്ടില്ലെന്ന കാരണത്താൽ ഓഫീസ് സൂപ്രണ്ട് തസ്തികയിലേയ്ക്ക് പ്രൊമോഷൻ നൽകാതിരിക്കുന്ന പ്രവണത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പ്രവണത അവസാനിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ?

കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസ് റൂൾസ് 1958 (KS & SSR) റൂൾ - 28 (a) (ii) പ്രകാരം പ്രൊമോഷൻ നൽകുന്നതിന് ഒരു വർഷത്തെ സർവ്വീസ് തികഞ്ഞിരിക്കണമെന്ന് നിർവ്വചിച്ചിട്ടുണ്ട്.

<u>KS & SSR(1958) Rule - 28 (a) (ii)</u>

Where the Special Rules for a service provide for appointment by promotion to any class or category from a specified class or category of such service, no member shall be eligible for such appointment unless he is a full member or an approved probationer in the class or category so specified :

Provided that if he is the holder of a post in any service for which no probation has been prescribed, he shall not be eligible for promotion

unless he has put in satisfactory service in that post for a period of one year on duty within a continuous period of two years.

കമ്പ്യൂട്ടർ അസിസ്റ്റന്റ് (സെലക്ഷൻ ഗ്രേഡ്)-മാർ ഓഫീസ് സൂപ്രണ്ട് തസ്തികയിലേയ്ക്ക് പ്രൊമോഷൻ നൽകണമെന്ന് ആവശ്യപ്പെട്ട് സമർപ്പിച്ച അപേക്ഷയിന്മേൽ നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) കേരളത്തിലെ മറ്റ് സർവ്വകലാശാലകളിലെ കമ്പ്യൂട്ടർ അസിസ്റ്റന്റുമാർക്ക്, ഓരോ തസ്തികയിലും ഒരു വർഷത്തെ സർവ്വീസ് പൂർത്തീകരിച്ചതിനുശേഷം മാത്രമെ പ്രൊമോഷൻ നൽകുകയുള്ളൂവെന്ന നിബന്ധന ഇല്ലാതിരിക്കെ, കേരള സർവ്വകലാശാലയിൽ മാത്രം പ്രസ്തുത നിബന്ധന നിർബന്ധമാക്കിയിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) മറ്റ് സർവ്വകലാശാലകളിൽ ഇല്ലാത്ത പ്രസ്തുത നിബന്ധന കേരള സർവ്വകലാശാലയിൽ മാത്രം നടപ്പിലാക്കിയിരിക്കുന്നത് ഒഴിവാക്കുവാൻ നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ?

(സി &ഡി) KS & SSR(1958) Rule - 28 (a) (ii)- ന് വിധേയമായിട്ടാണ് കേരള സർവ്വകലാശാലയിൽ കമ്പ്യൂട്ടർ അസിസ്റ്റന്റ് തസ്തികയിൽ പ്രൊമോഷൻ നൽകിയിട്ടുള്ളത്.

(ഇ) കേരള സർവ്വകലാശാലയിലെ കമ്പ്യൂട്ടർ അസിസ്റ്റന്റ് തസ്തികയിൽ നിലവിലുള്ള ഒഴിവുകളുടെ എണ്ണം വ്യക്തമാക്കുമോ; പ്രസ്തുത ഒഴിവുകൾ അടിയന്തരമായി പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദാംശം നൽകുമോ?

കമ്പ്യൂട്ടർ അസിസ്റ്റന്റ് തസ്തികയിൽ റിപ്പോർട്ട് ചെയ്യാൻ നിലവിൽ ഒഴിവുകളില്ല. നിലവിലുണ്ടായിരുന്ന ഒരൊഴിവ് പി.എസ്.സി.-യിൽ 09.06.2022 -ന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

കേരള സർവ്വകലാശാലയിലെ അലുമ്നി അസോസിയേഷൻ

149(5273)ശ്രീ. സനീഷ്കുമാർ ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സർവ്വകലാശാലയിൽ അലുമ്നി അസോസിയേഷൻ രൂപീകരിച്ചത് സംബന്ധിച്ച വിവരങ്ങൾ ലഭ്യമാണോ; എങ്കിൽ പ്രസ്തുത അസോസിയേഷൻ രൂപീകൃതമായ തീയതി വ്യക്തമാക്കുമോ?

കേരള സർവ്വകലാശാലയിൽ ടി.77/2005 എന്ന രജിസ്ട്രേഷനിൽ കേരള സർവ്വകലാശാല അലുമ്നി അസോസിയേഷൻ (യു.കെ.എ.എ.) രൂപീകരിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത അസോസിയേഷനിൽ നാളിതുവരെ എത്ര പേർ അംഗത്വമെടുത്തുവെന്നും അംഗത്വഫീസ് എത്രയാണെന്നും പ്രസ്തുത ഇനത്തിൽ നാളിതുവരെ എത്ര തുക ലഭിച്ചിട്ടുണ്ടെന്നും വ്യക്തമാക്കുമോ?

നാളിതുവരെ 1760 പേർ അംഗത്വമെടുത്തു. അംഗത്വ ഫീസ് 1,000 രൂപയാണ്. പ്രസ്തുത ഇനത്തിൽ (1760x1000/-) 17,60,000 രൂപ (പതിനേഴ് ലക്ഷത്തി അറുപതിനായിരം രൂപ) ലഭിച്ചിട്ടുണ്ട്.

കേരളത്തിലെ സർവ്വകലാശാലകളെ മികച്ചതാക്കി മാറ്റാൻ നടപടികൾ

150(5274) ശ്രീ. കെ. ജെ. മാക്സി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ സർവ്വകലാശാലകളെ ഇന്ത്യയിലെ ഏറ്റവും മികച്ച സർവ്വകലാശാലകളാക്കി മാറ്റുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ?

കേരളത്തിലെ സർവ്വകലാശാലകളെ മികച്ച സർവ്വകലാശാലകളാക്കി മാറ്റുന്നതിന് താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്:

1. പുതുതലമുറ കോഴ്സുകൾ:- സംസ്ഥാനത്തെ സർവ്വകലാശാലകളിലും കോളേജുകളിലും ബിരുദ/ബിരുദാനന്തര ബിരുദ പ്രോഗ്രാമുകൾക്ക് 2020-ൽ ഇരുപതിനായിരത്തോളം സീറ്റുകൾ വർദ്ധിപ്പിക്കുകയുണ്ടായി. കൂടാതെ

സർവ്വകലാശാലകളിലും കോളേജുകളിലും പുത്തൻ തലമുറ (New Generation Inter Disciplinary) സ്വഭാവമുള്ള 170-ഓളം കോഴ്സുകൾ ആരംഭിക്കുകയുണ്ടായി. സർവ്വകലാശാല കാമ്പസുകളിൽ പുതിയ ഹ്രസ്വകാല കോഴ്സുകളും പി.ജി കോഴ്സുകളും പ്രോജക്ട് മോഡിൽ ആരംഭിക്കുന്നതിനായി പ്രത്യേക പദ്ധതികൾ അനുവദിക്കുന്നതിനും ആധുനികമായ പുതിയ കോഴ്സുകൾ രൂപകൽപ്പന ചെയ്ത് നിലവിലെ ഡിപ്പാർട്ടുമെൻറുകളുടെ സഹായത്തോടുകൂടി നടപ്പിലാക്കുന്നതിനും 5 വർഷത്തേയ്ക്ക് വിഭാവനം ചെയ്യുന്ന പദ്ധതിയിൽ ഓരോ യൂണിവേഴ്സിറ്റിയിലും 3 പ്രോജക്ടുകൾ വീതം ഈ വർഷം അനുവദിക്കും. സർവ്വകലാശാലകളിൽ പ്രോജക്ട് മോഡ് പ്രോഗ്രാമുകൾ ആരംഭിക്കാനുള്ള നിർദ്ദേശം 2022-23 ബഡ്ജറ്റിൽ സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ട്.

2. അദ്ധ്യാപക നിയമനം:- ഉന്നത വിദ്യാഭ്യാസ മേഖലയിലെ ഒഴിഞ്ഞുകിടക്കുന്ന അദ്ധ്യാപക തസ്തികകൾ നികത്തുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

3. സർവ്വകലാശാലകൾക്കുള്ളിൽ 30 മികവിന്റെ കേന്ദ്രങ്ങൾ:- സർവ്വകലാശാലകൾക്കുള്ളിൽ 30 ഓട്ടോണമസ് ഇന്റർ യൂണിവേഴ്സിറ്റി

സെന്ററുകളും സ്കൂളുകളും സ്ഥാപിക്കുന്നതാണ്. ഏറ്റവും പ്രഗത്ഭരായ വിദഗ്ധരെയോ പണ്ഡിതരെയോ ദേശീയതലത്തിൽ തെരഞ്ഞെടുത്ത് അവരുടെകൂടി സജീവ പങ്കാളിത്തത്തിലായിരിക്കും സ്കൂളുകൾ രൂപാന്തരപ്പെടുക. ഈ മികവിന്റെ കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിന് പ്രത്യേക ധനസഹായമായി 100 കോടി രൂപ വകയിരുത്താനും ഇവയുടെ പശ്ചാത്തല സൗകര്യ സൃഷ്ടിക്ക് കിഫ്ബിയിൽനിന്നും 500 കോടി രൂപ അനുവദിക്കാനും ബഡ്ജറ്റിൽ നിർദ്ദേശമുണ്ട്.

4. ബ്രെയിൻ ഗെയിൻ പദ്ധതി:- കേരളത്തിന് പുറത്ത് വിവിധ മേഖലകളിൽ പ്രവർത്തിക്കുന്ന പ്രഗത്ഭരായ വ്യക്തികളുടെ വിജ്ഞാനസമ്പത്ത് സംസ്ഥാനത്തിന്റെ ഉന്നത വിദ്യാഭ്യാസ രംഗത്ത് പ്രയോജനപ്പെടുത്തുകയെന്ന ലക്ഷ്യത്തോടെ കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിൽ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്ന പദ്ധതിയാണ് ബ്രെയിൻ ഗെയിൻ. Building Up Database of the Keralite - Academic Diaspora around the Globe എന്ന പേരിലാണ് ഈ പ്രോജക്ട് നടപ്പിലാക്കിവരുന്നത്. വിദേശത്തുള്ള സർവ്വകലാശാലകളിലെയും ഗവേഷണ സ്ഥാപനങ്ങളിലെയും ശാസ്ത്രജ്ഞർ, സാമൂഹ്യശാസ്ത്രജ്ഞർ, മെഡിക്കൽ പ്രൊഫഷണലുകൾ,

ടെക്നോക്രാറ്റുകൾ/ബഹുരാഷ്ട്ര സ്ഥാപനങ്ങളുടെ സി.ഇ.ഒ.-മാർ, സാമ്പത്തിക വിദഗ്ദ്ധർ, പരിസ്ഥിതി/ ബയോകെമിസ്ട്രി/സുസ്ഥിരത/പ്രതിബദ്ധത/ദുരന്ത മാനേജ്മെന്റ് മേഖലകളിൽ പ്രവർത്തിക്കുന്ന പ്രശസ്തരായവരുടെ വിശദാംശങ്ങൾ ഈ ഡാറ്റാബേസിൽ ഉൾപ്പെടുന്നു.

5. എറുഡൈറ്റ് സ്കോളർ ഇൻ റസിഡൻസ് പദ്ധതി:- സംസ്ഥാനത്തെ സർവ്വകലാശാലകളിലെയും കോളേജുകളിലെയും അക്കാദമിക് സമൂഹത്തിന് നൊബേൽ ജേതാക്കളടക്കമുള്ള അക്കാദമിക് വിദഗ്ദ്ധരുമായി ആശയവിനിമയം നടത്തുന്നതിനും അതിലൂടെ അക്കാദമിക് നെറ്റ്‌വർക്ക് വികസിപ്പിക്കുന്നതിനുമാണ് എറുഡൈറ്റ് സ്കോളർ ഇൻ റസിഡൻസ് പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്.

6. ഇ-ജേർണൽ കൺസോർഷ്യം:- സർവ്വകലാശാലകൾക്ക് യു.ജി.സി. സൗജന്യമായി നൽകിവന്നിരുന്ന ഇ-ജേർണൽ പദ്ധതി (UGC INFLIBNET) നിർത്തലാക്കിയ സാഹചര്യത്തിൽ സംസ്ഥാനത്തെ എല്ലാ സർവ്വകലാശാലകൾക്കും/ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും ഗവേഷണ പ്രവർത്തനത്തിനും മറ്റും അനിവാര്യമായ ഇ-ജേർണൽ വിഭവങ്ങൾ പ്രദാനം

ചെയ്യുന്നതിനാണ് സംസ്ഥാനതല ഇ-ജേർണൽ കൺസോർഷ്യം (State Level E-Journal consortium) രൂപീകരിച്ചത്.

7. കേരള അക്കാദമിക് ലൈബ്രറി നെറ്റ്‌വർക്ക് (കാൽനെറ്റ്):- കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ നേതൃത്വത്തിൽ സംസ്ഥാനത്തെ 11 സർവ്വകലാശാല ലൈബ്രറികളിലെ 15 ലക്ഷത്തോളം പുസ്തകങ്ങളും തീസിസുകളും കൂട്ടിയിണക്കി സംസ്ഥാനതലത്തിൽ കേരള അക്കാദമിക് ലൈബ്രറി നെറ്റ്‌വർക്ക് (Kerala Academic Library Network - KALNET) പ്രവർത്തനം ആരംഭിച്ചു. ഇത് വിദ്യാർത്ഥികൾക്കും ഗവേഷകർക്കും പ്രയോജനപ്പെടുന്നതാണ്. സംസ്ഥാനത്തെ കോളേജുതല ലൈബ്രറികളേയും ഈ ശൃംഖലയിൽ പങ്കാളികളാക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. രണ്ടാം ഘട്ടമായി സർവ്വകലാശാല ലൈബ്രറികളിലെ അപൂർവ്വ ശേഖരണവും പുസ്തകങ്ങളും ഡിജിറ്റൈസ് ചെയ്യാനുള്ള പദ്ധതി ആരംഭിക്കും.

8. DIGICOL (കോളേജുകൾക്ക് ലേർണിംഗ് മാനേജ്മെന്റ് സിസ്റ്റം):- കേരളത്തിലെ എല്ലാ ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളിലും ഡിജിറ്റൽ വിദ്യാഭ്യാസത്തിന് സൗകര്യമൊരുക്കാൻ ഉദ്ദേശിച്ചുകൊണ്ട് ഉന്നത

വിദ്യാഭ്യാസ കൗൺസിലും ഡിജിറ്റൽ സർവ്വകലാശാലയും സംയുക്തമായി ആവിഷ്കരിച്ച് സർക്കാരിന് സമർപ്പിച്ച പദ്ധതിയാണ് ഡിജിറ്റൽ എനേബിൾമെന്റ് ഓഫ് ഹയർ എഡ്യൂക്കേഷൻ ഇൻസ്റ്റിറ്റ്യൂഷൻസ് ഇൻ കേരള (Digital Enablement of Higher Education Institutions in Kerala) (Let's go digital പദ്ധതി). കേരളത്തിലെ മുഴുവൻ ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളിലേയും അദ്ധ്യയനം (Teaching), പഠനം (Learning), വിലയിരുത്തൽ (Assessment), പരീക്ഷ (Examination) ഇവയെല്ലാം പൊതുവായ Moodle ലേണിംഗ് മാനേജ്മെന്റ് സിസ്റ്റത്തിൽ കൊണ്ടുവരികയാണ് ഡിജിറ്റൽ എനേബിൾമെന്റ് ഓഫ് ഹയർ എഡ്യൂക്കേഷൻ പദ്ധതിയിലൂടെ ഉദ്ദേശിക്കുന്നത്. LMS നടപ്പിലാക്കുന്നതിന്റെ ഭാഗമായി, സംസ്ഥാനതലത്തിലും ഓരോ വിദ്യാഭ്യാസ സ്ഥാപനതലത്തിലും ആവശ്യമായ ഓൺലൈൻ പഠന സംവിധാനമാണ് ഈ പദ്ധതിയിലൂടെ വിഭാവനം ചെയ്യുന്നത്.

<u>അദ്ധ്യാപക പരിശീലനം</u>: ഓൺലൈൻ പഠനവുമായി ബന്ധപ്പെട്ട് യൂണിവേഴ്സിറ്റി/കോളേജ് അദ്ധ്യാപകർക്കായി പരിശീലന പരിപാടി ഉന്നത വിദ്യാഭ്യാസ കൗൺസിൽ നൽകിക്കഴിഞ്ഞു.

9. കരിക്കുലം പരിഷ്കരണം:- ഔട്ട്കം ബേസ്ഡ് എഡ്യൂക്കേഷനും (OBE) ഗ്രാജ്യൂവേറ്റ് ആട്രിബ്യൂട്ടുകൾക്കും (GA) ഊന്നൽ നല്കിക്കൊണ്ടുള്ള കരിക്കുലം പരിഷ്കരണത്തിന് ഉന്നത വിദ്യാഭ്യാസ കൗൺസിൽ ശ്രമിച്ചുവരുന്നു. ഓരോ പ്രോഗ്രാമിനും ചേരുന്ന വിദ്യാർത്ഥികൾക്ക് ആത്യന്തികമായി ആർജ്ജിക്കാൻ കഴിയുന്ന അറിവുകളും നൈപുണ്യങ്ങളും എന്തൊക്കെയായിരിക്കുമെന്ന് മുൻകൂട്ടി നിശ്ചയിച്ച് പ്രസ്താവിക്കുന്നതാണ് ഈ രീതി.

10. സാക്ക് (State Assessment & Accreditation Centre):- സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിന് ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ കീഴിൽ സ്റ്റേറ്റ് അസസ്സ്മെൻറ് ആന്റ് അക്രെഡിറ്റേഷൻ സെന്റർ (SAAC) പ്രവർത്തിക്കുന്നുണ്ട്.

NAAC-ൽ വിഭാവനം ചെയ്തിട്ടുള്ള 5 core values-ന് പുറമേ, Social Inclusiveness, Equity and Excellence, Scientific Temper and Secular Outlook എന്നീ സംസ്ഥാനാധിഷ്ഠിത മാനദണ്ഡങ്ങൾകൂടി SAAC വിലയിരുത്തലിന് സ്വീകരിച്ചിട്ടുണ്ട്.

ഇതിനോടകം മാവേലിക്കര ബിഷപ് മൂർ കോളേജ്, ഫറൂഖ് ട്രെയിനിംഗ് കോളേജ്, കോഴിക്കോട് എന്നിവയ്ക്ക് SAAC 'A' ഗ്രേഡ് നൽകിയിട്ടുണ്ട്. കൂടുതൽ സ്ഥാപനങ്ങളെ അക്രെഡിറ്റേഷന് സജ്ജമാക്കാൻ നടപടി സ്വീകരിച്ചുവരുന്നു. 15 സ്ഥാപനങ്ങൾ self study report തയ്യാറാക്കുന്നുണ്ട്.

സാക്കിന്റെ പ്രവർത്തനങ്ങൾ വിശദീകരിച്ച് 9 ജില്ലകളിൽ പ്രിൻസിപ്പൽമാരുടെയും IQAC co-ordinator-മാരുടെയും orientation programme സംഘടിപ്പിച്ചു. നിലവിൽ കോളേജുതലത്തിൽ അദ്ധ്യാപകർക്ക് വേണ്ടി പരിശീലനം നൽകിവരുന്നുണ്ട്.

സംസ്ഥാനത്തെ അക്രെഡിറ്റ് മെച്ചപ്പെടാത്ത ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളെ ദേശീയ-അന്തർദേശീയ അക്രെഡിറ്റേഷനുവേണ്ടി ഒരുക്കുക എന്നതാണ് സാക്കിന്റെ പ്രഥമ പരിഗണനകളിലൊന്ന്. ഇതിന്റെ ഭാഗമായി NAAC-ന്റെ പരാമർശ സ്കീം മാതൃകയിൽ സംസ്ഥാന തലത്തിൽ പ്രത്യേക പരിപാടി വിഭാവനം ചെയ്യുന്നുണ്ട്.

11. ട്രാൻസ്‌ലേഷണൽ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടുകൾ:- ട്രാൻസ്‌ലേഷണൽ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടുകൾ സ്ഥാപിക്കുന്നതിന് ഓരോ സർവ്വകലാശാലകൾക്കും 20 കോടി രൂപ 2022-23 ബഡ്ജറ്റിൽ

വകയിരുത്തിയിട്ടുണ്ട്. ട്രാൻസ്‌ലേഷണൽ റിസർച്ച് സംബന്ധിച്ച വിശദാംശങ്ങൾ അടങ്ങിയ കൈപ്പുസ്തകം തയ്യാറാക്കുകയും ഈ രംഗത്തെ വിദഗ്ധരെ പങ്കെടുപ്പിച്ചുകൊണ്ടുള്ള പ്രഭാഷണങ്ങൾ ഉന്നതവിദ്യാഭ്യാസ കൗൺസിൽ സംഘടിപ്പിച്ചുവരികയും ചെയ്യുന്നു.

12. മെച്ചപ്പെട്ട ഹോസ്റ്റൽ സൗകര്യങ്ങൾ:- കേരളത്തിലെ സർവ്വകലാശാല കേന്ദ്രങ്ങളിലെ വിദ്യാർത്ഥികൾക്കാവശ്യമായ ഹോസ്റ്റൽ സൗകര്യങ്ങളുടെ അപര്യാപ്തത പരിഹരിക്കുന്നതിന് കിഫ്ബിവഴി തുക അനുവദിക്കുന്നതാണെന്ന് 2022-23 ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുണ്ട്. ആൺകുട്ടികളുടെയും പെൺകുട്ടികളുടെയും ഹോസ്റ്റലുകളോടൊപ്പം ഇന്റർനാഷണൽ ഹോസ്റ്റലുകളും നിർമ്മിക്കാൻ പദ്ധതിയുണ്ട്.

(ബി) സർവ്വകലാശാലകളിൽനിന്നും വിദ്യാർത്ഥികൾക്ക് ലഭിക്കേണ്ട സർട്ടിഫിക്കറ്റുകളും സേവനങ്ങളും കഴിയുന്നത്ര വേഗത്തിൽ ലഭ്യമാക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

വിദ്യാർത്ഥികൾക്ക് നൽകുന്ന സേവനങ്ങളും സർട്ടിഫിക്കറ്റുകളും ഏറ്റവും വേഗത്തിലാക്കുന്നതിനായി അഡ്മിഷൻ മുതൽ മാർക്ക് ലിസ്റ്റ്, സർട്ടിഫിക്കറ്റ് വിതരണം വരെയുള്ള സേവനങ്ങളും കൂടാതെ വിദ്യാർത്ഥികൾക്കായുള്ള മറ്റ്

പേമെന്റുകൾ, അഡ്മിഷൻ, രജിസ്ട്രേഷൻ മുതലായവയും കഴിയുന്നത്ര വേഗത്തിൽ ഓൺലൈനായി ലഭ്യമാക്കിവരുന്നു.

<u>സർവ്വകലാശാല നിയമന അഴിമതി</u>

151(5275) <u>ശ്രീ. എം. വിൻസെന്റ്</u>:
<u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ</u>:
<u>ശ്രീ. ടി. ജെ. വിനോദ്</u>:
<u>ശ്രീമതി ഉമ തോമസ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സർവ്വകലാശാലയിൽ ഉത്തരക്കടലാസുകൾ നശിപ്പിച്ച ശേഷം 181 പേരെ അസിസ്റ്റന്റുമാരായി നിയമിച്ചതിന് ഉത്തരവാദികളായവരെ പ്രോസിക്യൂട്ട് ചെയ്യാൻ സർക്കാർ വിജിലൻസ് കോടതിയിൽ ഫയൽ ചെയ്തിട്ടുള്ള കേസ് എഴുതിത്തള്ളാൻ ക്രൈംബ്രാഞ്ച് തീരുമാനിച്ചതായി വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യം ഉന്നത വിദ്യാഭ്യാസ വകുപ്പ് ഗൗരവത്തോടെ കാണുന്നുണ്ടോ;

(ബി) കേസ് എഴുതിത്തള്ളാനുള്ള സാഹചര്യം എന്താണെന്ന് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(സി) കേസ് എഴുതിത്തള്ളാനുള്ള ക്രൈംബ്രാഞ്ച് റിപ്പോർട്ട് വിജിലൻസ് കോടതി അംഗീകരിക്കാത്ത സാഹചര്യമുണ്ടോ; എങ്കിൽ പ്രസ്തുത നിയമന തട്ടിപ്പിലെ പ്രതികൾക്ക് ശിക്ഷ ഉറപ്പാക്കാൻ എന്തൊക്കെ തുടർനടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

(എ- സി) കേരള യൂണിവേഴ്സിറ്റിയിലെ അസിസ്റ്റന്റ് ഗ്രേഡ് തസ്തികയിലെ നിയമനങ്ങൾ സംബന്ധിച്ച് ക്രൈംബ്രാഞ്ച് ക്രൈം.നം. 133/CB/CU-I/TVM/2011 എന്ന നമ്പറിൽ ഒരു കേസന്വേഷണം നടത്തിയിരുന്നു. അന്വേഷണത്തിന്റെ ഭാഗമായി തെളിവായി കിട്ടേണ്ടിയിരുന്ന OMR Sheet-കൾ ലഭിക്കാൻ സാധ്യതയില്ലാത്ത രീതിയിൽ നശിച്ചുപോയതായി അന്വേഷണ ഉദ്യോഗസ്ഥന് ഉത്തമബോധ്യം വന്നതിനാലും കേസ് തെളിയിക്കുന്നതിനാവശ്യമായ രേഖകളും തെളിവുകളും ശേഖരിക്കാൻ കഴിയാത്തതുകൊണ്ടും ഇതുസംബന്ധിച്ചുള്ള ഹൈക്കോടതിയുടെ വിധി പരിഗണിച്ചും ഈ കേസ് FAD ആയി കണക്കാക്കി റഫർ ചാർജായി കോടതി ഫയലിൽനിന്നും കുറവ് ചെയ്യുന്നതിന് അഭ്യർത്ഥിച്ച് ക്രൈം ബ്രാഞ്ച് റിപ്പോർട്ട് സമർപ്പിച്ചിരുന്നു. എന്നാൽ പ്രസ്തുത റിപ്പോർട്ട് ബഹു. എൻക്വയറി

കമ്മീഷണർ ആന്റ് സ്പെഷ്യൽ ജഡ്ജ് കോടതി അംഗീകരിക്കാതെ ക്രൈംബ്രാഞ്ചിനോട് തുടരന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കാൻ ഉത്തരവായിട്ടുണ്ട്.

ഖത്തറിൽ എം.ജി. സർവകലാശാലയുടെ ഓഫ്ഷോർ ക്യാമ്പസ്

152(5276)ശ്രീ. അൻവർ സാദത്ത്:
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:
ഡോ. മാത്യു കുഴൽനാടൻ:
ശ്രീ. റോജി എം. ജോൺ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.ജി. സർവ്വകലാശാല ഖത്തറിൽ ഓഫ്ഷോർ ക്യാമ്പസ് ആരംഭിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ നിലവിലെ അക്കാദമിക വർഷം ആരംഭിക്കുമോയെന്ന് വ്യക്തമാക്കുമോ?

എം.ജി. സർവ്വകലാശാല ഖത്തറിൽ ഓഫ്ഷോർ ക്യാമ്പസ് ആരംഭിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. പ്രോഗ്രാമുകൾ സംബന്ധിച്ച് Ministry of Education, Quatar-ന്റെ അന്തിമ അനുമതിക്ക് വിധേയമായി ക്യാമ്പസിന്റെ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനും ആയത് ഈ അക്കാദമിക വർഷംതന്നെ തുടങ്ങുന്നതിനുമുള്ള ശ്രമങ്ങൾ ഊർജ്ജിതമായി നടന്നുവരുന്നു.

(ബി) പ്രസ്തുത ഓഫ്ഷോർ ക്യാമ്പസ് ആരംഭിക്കുവാൻ സംസ്ഥാന, കേന്ദ്ര സർക്കാരുകളുടെയും യു.ജി.സി.-യുടെയും അനുമതി ലഭിച്ചിട്ടുണ്ടോ?

ഓഫ്ഷോർ ക്യാമ്പസ് ആരംഭിക്കുന്നതിന് സംസ്ഥാന-കേന്ദ്ര സർക്കാരുകളുടെയും UGC-യുടെയും അനുമതി ലഭിച്ചിട്ടുണ്ട്.

(സി) ഏതെല്ലാം കോഴ്സുകളാണ് ആരംഭിക്കുന്നതെന്നും സർവ്വകലാശാല നേരിട്ടാണോ ക്യാമ്പസ് നിയന്ത്രിക്കുന്നതെന്നും ക്യാമ്പസിലെ നിയമനങ്ങൾ നടത്തുന്നതിന് ആരെയാണ് ചുമതലപ്പെടുത്തുന്നതെന്നും അറിയിക്കാമോ?

Management, Commerce, IT, Special Education, Tourism എന്നീ മേഖലകളിലെ UG പ്രോഗ്രാമുകൾ ആരംഭിക്കുന്നതിനുള്ള മുൻഗണന Quatar Ministry ചർച്ചകളിൽ വ്യക്തമാക്കിയിട്ടുള്ളതിൻപ്രകാരം, ടി പ്രോഗ്രാമുകളുടെ ലിസ്റ്റ് അന്തിമമാക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു. ക്യാമ്പസിന്റെ അക്കാദമിക ചുമതലകളും നിയന്ത്രണവും മഹാത്മാഗാന്ധി സർവ്വകലാശാലയും നിയമനങ്ങൾ ഉൾപ്പടെയുള്ള അഡ്മിനിസ്ട്രേറ്റീവ് ചുമതലകൾ Quatar ഗവൺമെന്റ് നിയോഗിച്ചിട്ടുള്ള educational agency-യും നിർവ്വഹിക്കുന്നതിനുള്ള ധാരണകളാണ് ചർച്ചകളിൽ

ഉരുത്തിരിഞ്ഞിട്ടുള്ളത്. ഇപ്രകാരം MOU തയ്യാറാക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു.

(ഡി) ക്യാമ്പസിന്റെ പ്രാരംഭപ്രവർത്തനങ്ങൾക്കും തുടർ പ്രവർത്തനങ്ങൾക്കും എത്ര തുക ചെലവാകുമെന്നും യു.ജി.സി.-യിൽനിന്നും ധനസഹായം പ്രതീക്ഷിക്കുന്നുണ്ടോയെന്നും വ്യക്തമാക്കുമോ?

ക്യാമ്പസിന്റെ പ്രാരംഭപ്രവർത്തനത്തിനും തുടർപ്രവർത്തനങ്ങൾക്കുമുള്ള തുകയെക്കുറിച്ച് Qatar ഗവണ്മെന്റ് നിയോഗിച്ചിട്ടുള്ള Educational Agency-യുമായി ചേർന്ന് ചർച്ച ചെയ്തുവരുന്നു. UGC-യിൽനിന്ന് ധനസഹായം പ്രതീക്ഷിക്കുന്നില്ല.

<u>കണ്ണൂർ സർവ്വകലാശാല ബോർഡ് ഓഫ് സ്റ്റഡീസ് പുനഃസംഘടന</u>

153(5277) <u>ശ്രീ. എം. വിൻസെന്റ്</u>:
<u>ശ്രീ. പി. സി. വിഷ്ണുനാഥ്</u>:
<u>ശ്രീ. ടി. ജെ. വിനോദ്</u>:
<u>ശ്രീമതി കെ. കെ. രമ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ സർവ്വകലാശാല ബോർഡ് ഓഫ് സ്റ്റഡീസ് പുനഃസംഘടനയ്ക്ക് അംഗീകാരം നൽകണമെന്നാവശ്യപ്പെട്ട് ഗവർണർക്ക് നൽകിയ അപേക്ഷ തള്ളിയിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) പ്രസ്തുത അപേക്ഷ തള്ളാനുണ്ടായ സാഹചര്യം ചാൻസലർ വ്യക്തമാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകാമോ?

(എ&ബി) ഉണ്ട്. കണ്ണൂർ സർവ്വകലാശാല ബോർഡ് ഓഫ് സ്റ്റഡീസ് പുനഃസംഘടനയ്ക്ക് അംഗീകാരം നൽകണമെന്നാവശ്യപ്പെട്ട് ഗവർണർക്ക് നൽകിയ അപേക്ഷ, കണ്ണൂർ സർവ്വകലാശാല സ്റ്റാറ്റ്യൂട്ടിനും ബോർഡ് ഓഫ് സ്റ്റഡീസ് പുനഃസംഘടനയുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട ഹൈക്കോടതി പുറപ്പെടുവിച്ച അന്തിമ വിധിക്കും അനുസൃതമല്ല എന്നറിയിച്ചുകൊണ്ടാണ് ഗവർണ്ണർ തിരിച്ചയച്ചത്.

(സി) ചാൻസലർ നടത്തേണ്ട നാമനിർദ്ദേശങ്ങൾ സർവ്വകലാശാല നടത്തുന്നതിന് നിയമപരമായ പിൻബലമുണ്ടോയെന്ന് വ്യക്തമാക്കാമോ?

കണ്ണൂർ സർവ്വകലാശാല ആക്ട് (1996)-ലെയും കണ്ണൂർ സർവ്വകലാശാല ഫസ്റ്റ് സ്റ്റാറ്റ്യൂട്ട് (1998)-ലെയും പഠന ബോർഡുകളുമായി ബന്ധപ്പെട്ട ചട്ടങ്ങളിലെ വൈരുദ്ധ്യം സംബന്ധിച്ച് സർവ്വകലാശാലാ സ്റ്റാന്റിംഗ് കൗൺസിൽ നൽകിയ നിയമോപദേശ പ്രകാരമാണ് സർവ്വകലാശാല നാമനിർദ്ദേശങ്ങൾ നടത്തിയത്.

## കണ്ണൂർ സർവ്വകലാശാല ബോർഡ് ഓഫ് സ്റ്റഡീസ് പുനഃസംഘടന

154(5278) ശ്രീ. ടി. സിദ്ദിഖ്:
ശ്രീമതി ഉമ തോമസ്:
ശ്രീ. അൻവർ സാദത്ത്:
ശ്രീ. ഐ. സി. ബാലകൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ സർവ്വകലാശാലയിൽ ബോർഡ് ഓഫ് സ്റ്റഡീസ് പുനഃസംഘടിപ്പിക്കാനുള്ള അധികാരം ആർക്കാണെന്ന് വിശദമാക്കാമോ;

(ബി) ചാൻസലറുടെ ഉത്തരവാദിത്വത്തിൽ ബോർഡ് ഓഫ് സ്റ്റഡീസ് പുനഃസംഘടന സർവ്വകലാശാല നടത്തിയതിന്റെ കാരണം വിശദമാക്കാമോ?

(എ&ബി) കണ്ണൂർ സർവ്വകലാശാല ഫസ്റ്റ് സ്റ്റാറ്റ്യൂട്ട് (1998) പ്രകാരം ബോർഡ് ഓഫ് സ്റ്റഡീസിലേയ്ക്കുള്ള അംഗങ്ങളെ നാമനിർദ്ദേശം ചെയ്യാനുള്ള അധികാരം ചാൻസലർ ആയ ഗവർണർക്കും കണ്ണൂർ സർവ്വകലാശാല ആക്ട് (1996) പ്രകാരം കണ്ണൂർ സർവ്വകലാശാലയിൽ ബോർഡ് ഓഫ്

സ്റ്റഡീസിലേയ്ക്കുള്ള അംഗങ്ങളെ നിയമിക്കാനുള്ള അധികാരം സർവ്വകലാശാല സിൻഡിക്കേറ്റിനുമാണ്.

(സി) പ്രസ്തുത വിഷയത്തിൽ കോടതിയുടെ ഇടപെടലുണ്ടായിട്ടുണ്ടോ; എങ്കിൽ കോടതിയുടെ നിരീക്ഷണങ്ങൾ വിശദമാക്കാമോ?

ഉണ്ട്. കണ്ണൂർ സർവ്വകലാശാല സ്റ്റാറ്റ്യൂട്ടിൽ നിഷ്കർഷിച്ചിരിക്കുന്ന പ്രകാരം പഠന ബോർഡുകളിലേയ്ക്കുള്ള അംഗങ്ങളെ നാമനിർദ്ദേശം ചെയ്യേണ്ടത് ചാൻസലർ തന്നെയാണ് എന്നതാണ് കോടതിയുടെ നിരീക്ഷണം.

## കണ്ണൂർ സർവ്വകലാശാലയിലെ മലയാളം അസോസ്സിയേറ്റ് പ്രൊഫസർ നിയമനം

155(5279)ശ്രീ. സജീവ് ജോസഫ്:
ശ്രീ. എം. വിൻസെന്റ്:
ശ്രീ. ടി. സിദ്ദിഖ്:
ശ്രീ. ടി. ജെ. വിനോദ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ സർവ്വകലാശാലയിൽ മലയാളം അസോസ്സിയേറ്റ് പ്രൊഫസറായി സിൻഡിക്കേറ്റ് നിയമനം നൽകിയ വ്യക്തിക്ക് മതിയായ യോഗ്യതയില്ല എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

കണ്ണൂർ സർവ്വകലാശാലയിൽ മലയാളം അസോസ്സിയേറ്റ് പ്രൊഫസർ തസ്തികയിൽ നിയമനത്തിന് ഷോർട്ട് ലിസ്റ്റ് ചെയ്യപ്പെട്ട മുഴുവൻ ഉദ്യോഗാർത്ഥികളുടെയും യോഗ്യത സ്വീകാര്യമാണെന്നുള്ള സർവ്വകലാശാല സ്റ്റാന്റിംഗ് കൗൺസിൽ, അഡ്വക്കേറ്റ് ജനറൽ ഓഫ് കേരള എന്നിവരുടെ നിയമോപദേശം ലഭ്യമായതിനുശേഷമാണ് സർവ്വകലാശാല സിൻഡിക്കേറ്റ് പ്രസ്തുത നിയമനത്തിനുള്ള അന്തിമ റാങ്ക് പട്ടിക അംഗീകരിച്ചിട്ടുള്ളത്. സിൻഡിക്കേറ്റ് അംഗീകരിച്ച റാങ്ക് പട്ടികയിൽനിന്നും നിയമനം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്.

(ബി) പ്രസ്തുത വ്യക്തിക്ക് പഠന കാലയളവുകൂടി കണക്കിലെടുത്താണ് റാങ്ക് നൽകിയിട്ടുള്ളത് എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ?

നിയമോപദേശത്തിന്റെ അടിസ്ഥാനത്തിൽ, ഫാക്കൽറ്റി ഡെവലപ്മെന്റ് പ്രോഗ്രാം അനുസരിച്ച് Ph.D യോഗ്യത നേടുന്നതിന് അദ്ധ്യാപകർ വിനിയോഗിക്കുന്ന കാലയളവ് അദ്ധ്യാപന പരിചയ കാലയളവായി കണക്കാക്കിയിട്ടുണ്ട്.

(സി) ഗവേഷണ പഠനത്തിന് ചെലവിട്ട മൂന്ന് വർഷക്കാലയളവ് നേരിട്ടുള്ള നിയമനങ്ങൾക്ക് അദ്ധ്യാപന പരിചയമായി കണക്കുകൂട്ടാൻ പാടില്ലെന്ന യു.ജി.സി. വ്യവസ്ഥ നിലനിൽക്കുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ?

UGC Regulations on Minimum Qualifications for Appointment of Teachers and other Academic Staff in Universities and Colleges and other Measures of Standards in Higher Education, 2018, Clause 3.11. താഴെപ്പറയും പ്രകാരം വ്യവസ്ഥ ചെയ്തിട്ടുണ്ട്.

The time taken by candidates to acquire M.Phil. and/or Ph.D. Degree shall not be considered as teaching/research experience to be claimed for appointment to the teaching positions. Further the period of active service spent on pursuing Research Degree simultaneously with teaching assignment without taking any kind of leave, shall be counted as teaching experience for the purpose of direct recruitment/promotion. Regular faculty members upto twenty percent of the total faculty strength (excluding faculty on medical/maternity

leave) shall be allowed by their respective institutions to take study leave for pursuing Ph.D. Degree.

കണ്ണൂർ സർവ്വകലാശാല പഠന ബോർഡ് പുന:സംഘടന

156(5280)ശ്രീ. എ. പി. അനിൽ കുമാർ:
ശ്രീ. സണ്ണി ജോസഫ്:
ശ്രീ. സജീവ് ജോസഫ്:
ശ്രീ. ഷാഫി പറമ്പിൽ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ സർവ്വകലാശാല രൂപീകരിച്ചത് മുതൽ പഠന ബോർഡ് അംഗങ്ങളെ ആരാണ് നാമനിർദ്ദേശം ചെയ്തിരുന്നതെന്ന് വ്യക്തമാക്കുമോ; അതിന് കടകവിരുദ്ധമായി 72 വിവിധ പഠന ബോർഡുകൾ സർവ്വകലാശാല നേരിട്ട് പുന:സംഘടിപ്പിക്കുവാനിടയായ സാഹചര്യം വ്യക്തമാക്കുമോ?

കണ്ണൂർ സർവ്വകലാശാല രൂപീകരിച്ചത് മുതൽ പഠന ബോർഡ് അംഗങ്ങളെ ചാൻസലറായ ഗവർണർ ആണ് നാമനിർദ്ദേശം ചെയ്തിരുന്നത്. കണ്ണൂർ സർവ്വകലാശാല ആക്ട് (1996)-ലെയും കണ്ണൂർ സർവ്വകലാശാല ഫസ്റ്റ് സ്റ്റാറ്റ്യൂട്ട് (1998)-ലെയും പഠന ബോർഡുകളുമായി ബന്ധപ്പെട്ടുള്ള

ചട്ടങ്ങളിലെ വൈരുദ്ധ്യം ശ്രദ്ധയിൽപ്പെട്ടതിനാൽ പഠന ബോർഡ് പുനഃസംഘടനാ വിഷയത്തിൽ സർവ്വകലാശാല സ്റ്റാന്റിംഗ് കൗൺസിലിനോട് നിയമോപദേശം തേടിയിരുന്നു. പ്രൈമറി ലെജിസ്ലേഷൻ ആയ കണ്ണൂർ സർവ്വകലാശാല ആക്ട് (1996)-ലെ ചട്ടങ്ങളാണ് സെക്കണ്ടറി ലെജിസ്ലേഷൻ ആയ കണ്ണൂർ സർവ്വകലാശാല ഫസ്റ്റ് സ്റ്റാറ്റ്യൂട്ട് (1998)-നും മീതെ നിലനിൽക്കുന്നത് എന്ന നിയമോപദേശത്തിന്റെ അടിസ്ഥാനത്തിലാണ് 72 വിവിധ പഠന ബോർഡുകൾ സർവ്വകലാശാല നേരിട്ട് പുനഃസംഘടിപ്പിച്ചത്.

(ബി) പഠന ബോർഡുകൾ പുന:സംഘടിപ്പിച്ച ശിപാർശ ഗവർണർ തിരിച്ചയച്ചിട്ടുണ്ടോ; എങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കുമോ?

ഉണ്ട്. കണ്ണൂർ സർവ്വകലാശാല ബോർഡ് ഓഫ് സ്റ്റഡീസ് പുനഃസംഘടനയ്ക്ക് അംഗീകാരം നൽകണമെന്നാവശ്യപ്പെട്ട് ഗവർണർക്ക് നൽകിയ അപേക്ഷ, കണ്ണൂർ സർവ്വകലാശാല സ്റ്റാറ്റ്യൂട്ടിനും ബോർഡ് ഓഫ് സ്റ്റഡീസ് പുനഃസംഘടനയുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട ഹൈക്കോടതി പുറപ്പെടുവിച്ച അന്തിമവിധിക്കും (WA 1530/2021) അനുസൃതമല്ല എന്നറിയിച്ചുകൊണ്ടാണ് ഗവർണർ തിരിച്ചയച്ചത്.

(സി) പഠന ബോർഡിൽ സർവ്വകലാശാലയുടെ അംഗീകാരമില്ലാത്ത സ്വാശ്രയ കോളേജ് അദ്ധ്യാപകരെയും താരതമ്യേന ജൂനിയർ ആയിട്ടുള്ള അദ്ധ്യാപകരെയും ഉൾപ്പെടുത്തിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഇല്ല.

(ഡി) ഗവൺമെന്റ്/എയ്ഡഡ് കോളേജുകളിലെ സീനിയർ അദ്ധ്യാപകരേയും സർവ്വകലാശാല അദ്ധ്യാപകരെയും മാത്രം പഠന ബോർഡുകളിൽ ഉൾപ്പെടുത്തുവാൻ സർവ്വകലാശാലയ്ക്ക് നിർദ്ദേശം നൽകുമോ എന്ന് അറിയിക്കാമോ?

പഠന ബോർഡുകളിൽ അംഗങ്ങളെ ഉൾപ്പെടുത്തുന്നത് സർക്കാർ നിർദ്ദേശപ്രകാരമല്ല.

## കണ്ണൂർ യൂണിവേഴ്സിറ്റി അദ്ധ്യാപക നിയമനം

157(5281) ശ്രീ. മഞ്ഞളാംകുഴി അലി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദി യൂണിവേഴ്സിറ്റി ലോസ് (സെക്കന്റ് അമന്റ്മെന്റ്) ആക്ട്, 2014 (ആക്ട് 25 ഓഫ് 2014) പ്രാബല്യത്തിൽ വന്നതിനുശേഷം അസിസ്റ്റന്റ് പ്രൊഫസർ, അസോസിയേറ്റ് പ്രൊഫസർ, പ്രൊഫസർ എന്നീ

തസ്തികളിലേയ്ക്ക് ഭിന്നശേഷി വിഭാഗത്തിൽനിന്ന് എത്ര അദ്ധ്യാപകർക്ക് സംവരണാടിസ്ഥാനത്തിൽ നിയമനം നൽകിയെന്ന് അറിയിക്കുമോ?

ഒരു അസിസ്റ്റന്റ് പ്രൊഫസർക്ക് നിയമനം നൽകുകയും ഒരു അസോസിയേറ്റ് പ്രൊഫസർ തസ്തികയിലേയ്ക്കും മൂന്ന് അസിസ്റ്റന്റ് പ്രൊഫസർ തസ്തികകളിലേയ്ക്കും വിജ്ഞാപനം നടത്തുകയും ചെയ്തിട്ടുണ്ട്.

(ബി) കണ്ണൂർ യൂണിവേഴ്സിറ്റി അദ്ധ്യാപക നിയമനത്തിൽ ഹൊറിസോണ്ടൽ ആയാണോ വെർട്ടിക്കൽ ആയാണോ ഭിന്നശേഷി സംവരണം നടപ്പാക്കുന്നത്; നൂറ് പോയിൻറ് റിസർവേഷൻ റോസ്റ്ററിലെ ഏതെല്ലാം ടേണുകളാണ് ഭിന്നശേഷി വിഭാഗത്തിനായി സംവരണം ചെയ്തിരിക്കുന്നത്; പ്രസ്തുത യൂണിവേഴ്സിറ്റി 15.06.2022-ന് പുറത്തിറക്കിയ എ.സി.എ.ഡി. ബി3/ 23389/2019 എന്ന നോട്ടിഫിക്കേഷൻ അനുസരിച്ച് ഭിന്നശേഷി വിഭാഗത്തിന് കമ്മ്യൂണൽ റൊട്ടേഷൻ ചാർട്ടിലെ ഏത് ടേൺ ആണ് സംവരണം ചെയ്തിരിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ഹൊറിസോണ്ടൽ ആയാണ് ഭിന്നശേഷി സംവരണം നടപ്പാക്കുന്നത്. നൂറ് പോയിന്റ് റിസർവേഷൻ റോസ്റ്ററിലെ 1, 26, 51, 76 എന്നീ ടേണുകളാണ് നിലവിൽ ഭിന്നശേഷി വിഭാഗത്തിനായി സംവരണം

ചെയ്തിരിക്കുന്നത്. കണ്ണൂർ യൂണിവേഴ്സിറ്റി 15.06.2022-ന് പുറത്തിറക്കിയ എ.സി.എ.ഡി ബി3/23389/ 2019 എന്ന നോട്ടിഫിക്കേഷൻ അനുസരിച്ച് 76-ാമത്തെ ടേണും, അടുത്ത നൂറ് പോയിന്റ് റോസ്റ്ററിലെ ഒന്നാമത്തെ ടേണും ആണ് ഭിന്നശേഷി വിഭാഗത്തിന് സംവരണം ചെയ്തിരിക്കുന്നത്.

(സി) പ്രസ്തുത യൂണിവേഴ്സിറ്റിയിൽ അസിസ്റ്റന്റ് പ്രൊഫസർ, അസോസിയേറ്റ് പ്രൊഫസർ, പ്രൊഫസർ എന്നീ തസ്തികകളിലേയ്ക്കുള്ള അദ്ധ്യാപക നിയമനത്തിൽ ഭിന്നശേഷി വിഭാഗത്തിന് എത്ര ശതമാനം സംവരണമാണ് അനുവദിക്കുന്നതെന്ന് അറിയിക്കാമോ?

നിലവിൽ 4% സംവരണമാണ് അനുവദിക്കുന്നത്.

(ഡി) ദി യൂണിവേഴ്സിറ്റി ലോസ് (സെക്കന്റ് അമന്റ്മെന്റ്) ആക്ട്, 2014 പ്രാബല്യത്തിൽ വന്നതിനുശേഷം പ്രസ്തുത യൂണിവേഴ്സിറ്റിയിലെ വിവിധ പഠന വകുപ്പുകളിൽ അസിസ്റ്റന്റ് പ്രൊഫസർ, അസോസിയേറ്റ് പ്രൊഫസർ, പ്രൊഫസർ എന്നീ തസ്തികകളിലേയ്ക്ക് എത്ര പേരെ പുതുതായി നിയമിച്ചുവെന്ന് അറിയിക്കാമോ; പ്രസ്തുത തസ്തികകളിലെ നിയമനങ്ങൾക്ക് ഒറ്റ കമ്മ്യൂണൽ റൊട്ടേഷൻ ചാർട്ടാണോ ഉപയോഗിക്കുന്നത്; വ്യക്തമാക്കുമോ?

അസിസ്റ്റന്റ് പ്രൊഫസർ - 39,

അസോസിയേറ്റ് പ്രൊഫസർ - 13,

പ്രൊഫസർ - 1.

പ്രസ്തുത തസ്തികകളിൽ വ്യത്യസ്ത കമ്മ്യൂണൽ റിസർവേഷൻ ചാർട്ടാണ് ഉപയോഗിക്കുന്നത്.

<u>വികസന പഠനസ്കൂളും വികസനപഠനവും</u>

158(5282) <u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തുഞ്ചത്തെഴുത്തച്ഛൻ മലയാളം സർവ്വകലാശാലയിൽ വികസന പഠനസ്കൂൾ പ്രവർത്തിക്കുന്നുണ്ടോ; ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളും സവിശേഷതകളും വിശദമാക്കുമോ?

ഉണ്ട്. രാജ്യത്തിന്റെയും പ്രത്യേകിച്ച് കേരളത്തിന്റെയും വികസന പരിപ്രേക്ഷ്യം മുൻനിർത്തി തയ്യാറാക്കിയിട്ടുള്ള സ്കീമും സിലബസും അനുസരിച്ചാണ് മലയാള സർവ്വകലാശാലയിൽ മലയാള മാധ്യമത്തിലൂടെ ബിരുദാനന്തര ബിരുദ കോഴ്സും ഗവേഷണ പദ്ധതികളും ആവിഷ്കരിച്ച്

നടപ്പിലാക്കിവരുന്നത്. ഗ്രാമീണ വികസനവും ദാരിദ്ര്യ ലഘൂകരണവുമാണ് പ്രധാന ഉദ്ദേശ്യലക്ഷ്യം. കേരളത്തിൽ മറ്റ് സർവ്വകലാശാലകളിൽ ഇത്തരം കോഴ്സുകൾ ഇല്ലെന്ന സവിശേഷതയുമുണ്ട്.

(ബി) വികസനപഠനം (തദ്ദേശ വികസനം) വിഷയത്തിൽ ഗവേഷണത്തിനുള്ള അടിസ്ഥാന യോഗ്യതകളിൽ മാസ്റ്റർ ഓഫ് സോഷ്യൽ വർക്ക് (എം.എസ്.ഡബ്ള്യൂ.) ഉൾപ്പെടുത്തിയിട്ടുണ്ടോ; വിശദാംശം നൽകാമോ;

(സി) സംസ്ഥാനത്തിന്റെ പ്രാദേശിക വികസനപ്രശ്നങ്ങൾ ആഴത്തിൽ മനസ്സിലാക്കാനും പ്രായോഗിക പ്രശ്നപരിഹാര മാർഗ്ഗങ്ങൾ നിർദ്ദേശിക്കാനും കഴിയുന്ന പഠനശാഖയായ സോഷ്യൽ വർക്കിലുള്ള ബിരുദാനന്തര ബിരുദം, വികസനപഠനം (തദ്ദേശ വികസനം) വിഷയത്തിലെ ഗവേഷണത്തിനുള്ള അടിസ്ഥാന യോഗ്യതകളിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

(ബി&സി) ഇതുവരെ ഉൾപ്പെടുത്തിയിട്ടില്ല. ഉൾപ്പെടുത്തുന്ന വിഷയം അക്കാദമിക് സമിതികളുടെ പരിഗണനാ വിഷയമാണ്.

<u>ഉന്നതവിദ്യാഭ്യാസം-വിഷനും മിഷനും</u>

159(5283) <u>ശ്രീ. ലിന്റോ ജോസഫ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിനുശേഷം ഉന്നതവിദ്യാഭ്യാസം മെച്ചപ്പെടുത്തണമെന്ന സർക്കാർ നയത്തിന്റെ ഭാഗമായി ഈ മേഖലയിൽ സർക്കാർ ലക്ഷ്യംവയ്ക്കുന്ന കാര്യങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ;

(ബി) ലക്ഷ്യ പ്രാപ്തിക്കായി സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ?

(എ & ബി) സംസ്ഥാനത്ത് ഉന്നത വിദ്യാഭ്യാസ രംഗത്ത് ബൃഹത്തായ മാറ്റങ്ങൾ കൊണ്ടുവരുന്നതിന് താഴെപ്പറയുന്ന സമഗ്രമായ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്.

1. ഇ-ജേർണൽ കൺസോർഷ്യം

2. ബ്രെയിൻ ഗെയിൻ - (ലോകമെമ്പാടുമുള്ള കേരളീയ അക്കാദമിക് ഡയസ്പോറയെ കുറിച്ചുള്ള ഡാറ്റാബേസ്)

3. സ്റ്റേറ്റ് അസസ്മെൻറ് ആന്റ് അക്രെഡിറ്റേഷൻ സെന്റർ (SAAC)

4. ഡിജികോൾ

5. കേരള അക്കാദമിക് ലൈബ്രറി നെറ്റ്‌വർക്കിന്റെ (കാൽനെറ്റ്) വികസനം

6. ചീഫ് മിനിസ്റ്റേഴ്സ് നവകേരള പോസ്റ്റ് ഡോക്ടറൽ ഫെലോഷിപ്പ്

7. കേരള ഇൻസ്റ്റിറ്റ്യൂഷണൽ റാങ്കിംഗ് ഫ്രെയിംവർക്ക് (KIRF)

8. അദ്ധ്യാപക പരിശീലന പദ്ധതി

9. ഓൺലൈൻ ഡിജിറ്റൽ ശേഖരം

10. എറുഡൈറ്റ് സ്കോളർ ഇൻ റെസിഡൻസ് പ്രോഗ്രാം

11. കോളേജുകളുടെ ക്ലസ്റ്റർ പദ്ധതി (കാസർകോഡ്, കണ്ണൂർ, പാലക്കാട് എന്നിവിടങ്ങളിൽ പുതിയ ക്ലസ്റ്റർ)

12. ഉന്നതവിദ്യാഭ്യാസ സർവ്വേ

സംസ്ഥാനത്തെ ഉന്നതവിദ്യാഭ്യാസ രംഗം ഉന്നത നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിനായി പുതുതലമുറയെ വൈജ്ഞാനിക മേഖലയിൽ കുതിച്ചുചാട്ടം ഉണ്ടാക്കുന്നതിനായി കലാലയങ്ങളിൽ നിലവിലുള്ള പരമ്പരാഗത കോഴ്സുകളോടൊപ്പം ന്യൂജനറേഷൻ കോഴ്സുകളും അനുവദിച്ചിട്ടുണ്ട്.

കോളേജുകളെ യൂണിവേഴ്സിറ്റികളുമായും ഇൻഡസ്ട്രിയൽ സ്ഥാപനങ്ങളുമായും ബന്ധിപ്പിക്കുന്ന ലീഡ് പോലുള്ള പദ്ധതികളും നടപ്പിലാക്കിവരുന്നു.

ഉന്നത വിദ്യാഭ്യാസ രംഗത്ത് ഉയർന്ന നിലവാരത്തിലുള്ള പഠനാന്തരീക്ഷം സൃഷ്ടിക്കുന്നതിനായി സർക്കാർ കോളേജുകൾ, ട്രെയിനിംഗ് കോളേജുകൾ, ഹോസ്റ്റൽ എന്നിവയുടെ അടിസ്ഥാനസൗകര്യ വികസനവും കോളേജുകളിൽ അത്യാധുനിക സൗകര്യങ്ങളോടുകൂടിയ ലബോറട്ടറി, ലൈബ്രറി എന്നിവയും നിർമ്മിച്ചുനൽകിയിട്ടുണ്ട്. അതോടൊപ്പം നാല്പതോളം കോളേജുകളിൽ സോഫ്റ്റ്‌വെയർ അടിസ്ഥാനമാക്കിയുള്ള ലൈബ്രറി ക്രമീകരിക്കുവാനും കഴിഞ്ഞു. സാങ്കേതികവിദ്യയിൽ അധിഷ്ഠിതമായ ക്ലാസ്സുകൾ ക്രമീകരിക്കുന്നതിനായി എല്ലാ ക്ലാസ്സുകളും സ്മാർട്ട് ക്ളാസ് റൂം ആക്കുന്നതിനുള്ള പദ്ധതി, ലൈബ്രറി ഡിജിറ്റലൈസേഷൻ, ഓൺലൈൻ ക്ലാസ്സുകൾ ക്രമീകരിക്കുന്നതിനുള്ള പദ്ധതി, ഗ്രീൻ ക്യാമ്പസ് തുടങ്ങിയ ക്രമീകരണങ്ങൾ തയ്യാറാക്കിയിട്ടുണ്ട്. അക്കാദമിക മികവിന് പ്രോത്സാഹനം നൽകുന്നതിനായി PLEASE, വിദ്യാർത്ഥികളുടെ മാനസിക പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി ജീവനി എന്നീ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. സാമ്പത്തികഭദ്രതയുള്ള ഒരു

യുവതലമുറയെ വാർത്തെടുക്കുകയെന്ന ലക്ഷ്യത്തോടെ വിദ്യാർത്ഥികൾക്ക് പഠനത്തോടൊപ്പം തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനായി Earn while you learn പദ്ധതി നടപ്പിലാക്കിക്കഴിഞ്ഞു. സ്റ്റുഡന്റ് ഫോർ സൊസൈറ്റി, യുറേക്ക ലാബ് എന്നിവ നടപ്പിലാക്കാനുള്ള പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്.

## സർവ്വകലാശാല നിയമനങ്ങളിലെ ക്രമക്കേടുകൾ

160(5284) ശ്രീ. റോജി എം. ജോൺ:
ശ്രീ. ഷാഫി പറമ്പിൽ:
ശ്രീ. പി. സി. വിഷ്ണുനാഥ്:
ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാലടി സംസ്കൃത സർവ്വകലാശാലയിൽ 2021-ൽ നടന്ന അദ്ധ്യാപക നിയമനങ്ങളുടെ റാങ്ക് പട്ടികകൾ തയ്യാറാക്കിയതിൽ സംവരണ ചട്ടം അട്ടിമറിക്കപ്പെട്ടതായും ക്രമക്കേടുകൾ നടന്നതായുമുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് ഗൗരവത്തോടെ കാണുന്നുണ്ടോ?

31.08.2019-ലെ എഡി.ഡി/686/എസ്.എസ്.യു.എസ്/2019 വിജ്ഞാപന പ്രകാരം കാലടി ശ്രീശങ്കരാചാര്യ സംസ്കൃത

സർവ്വകലാശാലയിൽ നടന്ന അദ്ധ്യാപക നിയമനങ്ങൾ സംവരണ ചട്ടം പൂർണ്ണമായി പാലിച്ചുകൊണ്ടാണ് നടത്തിയത്.

(ബി) മലയാളം അസിസ്റ്റന്റ് പ്രൊഫസറുടെ (മുസ്ലീം സംവരണം) നിയമനത്തിനുള്ള ഇന്റർവ്യൂവിൽ മലയാള ഭാഷാവിദഗ്ധ അംഗങ്ങൾ നൽകിയ മാർക്കിനെ പിന്തള്ളി ഭാഷാവിദഗ്ധരല്ലാത്തവർ നൽകിയ മാർക്കിന്റെ മറവിൽ മികച്ച യോഗ്യതയുള്ള ഉദ്യോഗാർത്ഥികളെ അവഗണിച്ചതായി പരാതി ലഭിച്ചിട്ടുണ്ടോ; എങ്കിൽ ഏത് മാനദണ്ഡ പ്രകാരമാണ് ഇപ്രകാരം ചെയ്തതെന്ന് വ്യക്തമാക്കുമോ?

2018 യു.ജി.സി. റെഗുലേഷൻ Clause 5.1.1 മാനദണ്ഡപ്രകാരമുള്ള സെലക്ഷൻ കമ്മിറ്റിയാണ് ഉദ്യോഗാർത്ഥികളെ ഇന്റർവ്യൂ ചെയ്തത്. പ്രസ്തുത സെലക്ഷൻ കമ്മറ്റിയിലെ എല്ലാ അംഗങ്ങളും യു.ജി.സി. റെഗുലേഷൻ പ്രകാരം ഉദ്യോഗാർത്ഥികൾക്ക് മാർക്ക് രേഖപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിലാണ് സെലക്ഷൻ നടപടി പൂർത്തീകരിച്ചത്. ഇതുസംബന്ധിച്ചുള്ള പരാതികൾ ഒന്നും പരിഗണനയിലില്ല.

(സി) സംസ്കൃതം (ജനറൽ), സംസ്കൃതം (സാഹിത്യം), സംസ്കൃതം (വേദാന്തം) തുടങ്ങിയവ പ്രത്യേക പഠന വകുപ്പുകൾ ആണോയെന്നും

അദ്ധ്യാപക നിയമനത്തിന് ഈ വകുപ്പുകളിൽ വെവ്വേറെ യോഗ്യതകളാണോ നിശ്ചയിച്ചിട്ടുള്ളതെന്നും എം.എ. സംസ്കൃതം (ജനറൽ) അല്ലാത്ത ഉദ്യോഗാർത്ഥികളെ സംസ്കൃതം (ജനറൽ) അദ്ധ്യാപകരായി നിയമിച്ചിട്ടുണ്ടോയെന്നും എങ്കിൽ എത്ര പേരെ ഈ രീതിയിൽ നിയമിച്ചിട്ടുണ്ടെന്നുമുള്ള വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ഡി) വൈസ് ചാൻസലർ നിയോഗിച്ച യൂണിവേഴ്സിറ്റി ചട്ടപ്രകാരമുള്ള സ്ക്രീനിംഗ് കമ്മിറ്റി അയോഗ്യരായി കണ്ടെത്തിയ അപേക്ഷകരെ സംസ്കൃതം (ജനറൽ) ഇന്റർവ്യൂവിന് ഉൾപ്പെടുത്തി റാങ്ക് നൽകി അസിസ്റ്റന്റ് പ്രൊഫസർ തസ്തികയിൽ നിയമനം നൽകിയിട്ടുണ്ടോ; സംസ്കൃതം (ജനറൽ) പഠന വകുപ്പിൽ മറ്റ് ശാഖകളിൽ ബിരുദാനന്തര ബിരുദമെടുത്തവരെ ഉൾപ്പെടുത്താമെന്ന് സർവ്വകലാശാല റെഗുലേഷനിൽ വ്യവസ്ഥ ചെയ്തിട്ടുണ്ടോ; വിശദമാക്കുമോ?

(സി&ഡി) 2018 യു.ജി.സി. റെഗുലേഷൻ clause 4.1 1.A-ൽ പ്രതിപാദിച്ച യോഗ്യതയുള്ളവരെയാണ് സംസ്കൃതം ജനറൽ വിഭാഗത്തിന്റെ അസിസ്റ്റന്റ് പ്രൊഫസർ തസ്തികയിൽ നിയമിച്ചത്. സംസ്കൃതം ജനറൽ വിഭാഗത്തിലെ നിയമനത്തിന് പ്രസ്തുത യോഗ്യത പ്രകാരം

concerned/relevant/allied subject-കളിൽ മാസ്റ്റർ ഡിഗ്രി യോഗ്യതയുള്ളവർ യോഗ്യരാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഇക്കാര്യത്തിൽ അദ്ധ്യാപകരുടെ യോഗ്യതകൾ സംബന്ധിച്ച് ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല റെഗുലേഷൻ 2017-ലും സാൻസ്ക്രിറ്റ് ജനറൽ വിഭാഗത്തിലെ ലക്ചറർ നിയമനങ്ങൾക്ക് സാൻസ്ക്രിറ്റ് ജനറൽ & ലിറ്ററേച്ചർ, സംസ്കൃത വ്യാകരണം, ന്യായം, സാഹിത്യം മുതലായവയിലെ മാസ്റ്റർ ഡിഗ്രി യോഗ്യതയുള്ളവരെ പരിഗണിക്കുന്നതിന് വ്യവസ്ഥ ചെയ്തിട്ടുണ്ട്.

(ഇ) ഇതര സംസ്ഥാനത്തുനിന്ന് ബിരുദാനന്തര ബിരുദം നേടിയ ഉദ്യോഗാർത്ഥിക്ക് സംസ്കൃത സർവ്വകലാശാലയുടെ തുല്യതാ സർട്ടിഫിക്കറ്റ് ഒഴിവാക്കി നിയമനം നൽകിയിട്ടുണ്ടോ; ആയത് ചട്ടപ്രകാരമാണോ; വ്യക്തമാക്കാമോ?

2018 യു.ജി.സി. റെഗുലേഷൻ clause 4.1 1.A പ്രകാരമുള്ള മാനദണ്ഡങ്ങൾ പ്രകാരം യോഗ്യത നേടിയ ഇതര സംസ്ഥാനങ്ങളിൽനിന്നുള്ള ഉദ്യോഗാർത്ഥികൾക്കും കാലടി ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാലയിൽ നിയമനം ലഭിച്ചിട്ടുണ്ട്.

(എഫ്) സർവ്വകലാശാലയുടെ ഇക്കഴിഞ്ഞ യു.ജി.സി. നാക് ഇൻസ്പെക്ഷൻ ടീമിലെ ഒരു പ്രധാനിയുടെ ശിപാർശയിൻമേൽ അടിസ്ഥാന യോഗ്യതയില്ലാത്ത ഒരു ഉദ്യോഗാർത്ഥിക്ക് അസിസ്റ്റന്റ് പ്രൊഫസറായി നിയമനം നൽകിയതായ ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് ഗൗരവത്തോടെ പരിശോധിച്ചിട്ടുണ്ടോ; നിജസ്ഥിതി വ്യക്തമാക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ജി) സർവ്വകലാശാല നിയമനങ്ങളിൽ ഉള്ളതായി പറയപ്പെടുന്ന ക്രമക്കേടുകൾ അവസാനിപ്പിച്ച് സുതാര്യത ഉറപ്പാക്കാൻ വകുപ്പ് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

സർവ്വകലാശാലയിലെ നിയമനങ്ങൾ നിലവിൽ സുതാര്യമായി നടന്നുവരുന്നു.

## സർവ്വകലാശാലകൾക്ക് കീഴിലെ അനൗപചാരിക/തുടർവിദ്യാഭ്യാസ വ്യാപന കേന്ദ്രങ്ങൾ

161(5285) ശ്രീമതി ഒ. എസ്. അംബിക: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഏതെല്ലാം സർവ്വകലാശാലകളിൽ അനൗപചാരിക/തുടർവിദ്യാഭ്യാസ വ്യാപന കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ടെന്ന് അറിയിക്കാമോ; പ്രസ്തുത സ്ഥാപനങ്ങളിൽ നടത്തുന്ന സർട്ടിഫിക്കറ്റ്, ഡിപ്ലോമ, പി.ജി. ഡിപ്ലോമ കോഴ്സുകൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ?

ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെ ഭാഗമായുള്ള സർവ്വകലാശാലകളിൽ പ്രവർത്തിക്കുന്ന അനൗപചാരിക/തുടർവിദ്യാഭ്യാസ വ്യാപനകേന്ദ്രങ്ങൾ/ കോഴ്സുകൾ അനുബന്ധമായി ചേർത്തിരിക്കുന്നു.+

(ബി) പ്രസ്തുത കോഴ്സുകൾ സർക്കാർ നിയമനത്തിനുള്ള മത്സര പരീക്ഷകളുടെ യോഗ്യതയായി നിശ്ചയിച്ചിട്ടുണ്ടോ; നിലവിലെ സർക്കാർ ജീവനക്കാരുടെ സ്ഥാനക്കയറ്റത്തിന് ഇതിലേതെങ്കിലും കോഴ്സുകൾ യോഗ്യതയായി നിശ്ചയിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

കേരള സർവ്വകലാശാല തുടർവിദ്യാഭ്യാസ വ്യാപന കേന്ദ്രം നടത്തുന്ന താഴെപ്പറയുന്ന കോഴ്സുകൾ സർക്കാർ നിയമനത്തിനുള്ള മത്സര പരീക്ഷയുടെ യോഗ്യതയായി നിശ്ചയിച്ചിട്ടുണ്ട്:

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

1. സർട്ടിഫിക്കറ്റ് ഇൻ ലൈബ്രറി ആൻഡ് ഇൻഫർമേഷൻ സയൻസ് (CLISC) - 6 മാസം

2. ഡിപ്ലോമ ഇൻ കമ്പ്യൂട്ടർ ആപ്ലിക്കേഷൻസ് (DCA) - 6 മാസം

CACEE നടത്തുന്ന സർട്ടിഫിക്കറ്റ് ഇൻ നഴ്സിംഗ് അഡ്മിനിസ്ട്രേഷൻ എന്ന 6 മാസത്തെ കോഴ്സ് ശ്രീചിത്ര ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസിൽ നഴ്സിംഗ് സൂപ്രണ്ട് തസ്തികയിലേയ്ക്കുള്ള സ്ഥാനക്കയറ്റത്തിന് പരിഗണിക്കാറുണ്ട്.

കാലടി സംസ്കൃത സർവ്വകലാശാലയുടെ സാമ്പത്തിക പ്രതിസന്ധി

162(5286) ശ്രീ. അൻവർ സാദത്ത്:
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ:
ശ്രീ. ടി. ജെ. വിനോദ്:
ശ്രീ. സനീഷ്കുമാർ ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാലടി സംസ്കൃത സർവ്വകലാശാല കടുത്ത സാമ്പത്തിക പ്രതിസന്ധിയിലാണെന്ന വസ്തുത ഗൗരവത്തോടെ കാണുന്നുണ്ടോ; പ്രസ്തുത പ്രതിസന്ധിക്കുള്ള കാരണം വ്യക്തമാക്കുമോ?

കാലടി സംസ്കൃത സർവ്വകലാശാല കടുത്ത സാമ്പത്തിക പ്രതിസന്ധിയിലാണെന്ന വസ്തുത ഗൗരവത്തോടെയാണ് കാണുന്നത്. സംസ്ഥാന സർക്കാരിൽനിന്നും ലഭിക്കുന്ന പദ്ധതി, പദ്ധതിയേതര ഗ്രാന്റുകൾ, സർവ്വകലാശാലയുടെ ആഭ്യന്തര വരുമാനം എന്നിവയാണ് സർവ്വകലാശാലയുടെ മുഖ്യ വരുമാനമാർഗ്ഗങ്ങൾ. സർവ്വകലാശാല സ്വാശ്രയ കോഴ്സുകളോ കോളേജുകളോ നടത്തുന്നില്ല എന്നതിനാൽ ആഭ്യന്തര വരുമാനം മറ്റ് സർവ്വകലാശാലകളെ അപേക്ഷിച്ച് വളരെ തുച്ഛമാണ്. ഇത്തരത്തിൽ പദ്ധതിയേതര ഗ്രാന്റിനത്തിൽ ലഭിക്കുന്ന തുകയിൽനിന്നുമാണ് സർവ്വകലാശാലയുടെ ദൈനംദിന പ്രവർത്തനങ്ങൾക്കായുള്ള ചെലവുകൾ നടത്തിവരുന്നത്. സാമ്പത്തിക പ്രതിസന്ധി ഗൗരവമായി കാണുന്നതിനാൽ യു.ജി./പി.ജി. പ്രോഗ്രാമുകൾ പുന:സംഘടിപ്പിക്കുവാനുള്ള ശ്രമങ്ങൾ സർവ്വകലാശാല ആരംഭിച്ചുകഴിഞ്ഞു. വിവിധ അക്കാദമിക ഭരണ ബോഡികളുടെ അംഗീകാരത്തോടെ ഇത് നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്. കൂടാതെ IDP-യുടെ ഭാഗമായി ആഭ്യന്തര വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള നിരവധി പദ്ധതികൾ ആലോചിച്ചുവരുന്നു.

(ബി) സർവ്വകലാശാലാ നിയമനങ്ങളിലെ രാഷ്ട്രീയ ഇടപെടലുകളും ക്രമക്കേടുകളും സാമ്പത്തിക അച്ചടക്കം തകരുന്നതിന് കാരണമായതായി വിലയിരുത്തുന്നുണ്ടോ; 2021-ൽ സർവ്വകലാശാല നടത്തിയ താത്കാലിക നിയമനങ്ങളും സ്ഥിരനിയമനങ്ങളും കരാർ നിയമനങ്ങളുംമൂലമുണ്ടായ വാർഷിക ബാധ്യത എത്രയാണെന്ന് വ്യക്തമാക്കുമോ; വിശദാംശം നൽകുമോ?

സർവ്വകലാശാലാ നിയമനങ്ങളിൽ രാഷ്ട്രീയ ഇടപെടലുകളും ക്രമക്കേടുകളും ഉണ്ടാകാറില്ല. 2021-ലെ സർവ്വകലാശാല നടത്തിയ താൽക്കാലിക നിയമനങ്ങളും സ്ഥിരനിയമനങ്ങളും കരാർ നിയമനങ്ങളുംമൂലമുണ്ടായ വാർഷിക ബാധ്യതയെ സംബന്ധിച്ച വിശദാംശങ്ങൾ താഴെ നൽകുന്നു.

നാല് അനദ്ധ്യാപക ജീവനക്കാരെ ദിവസ വേതാനാടിസ്ഥാനത്തിൽ നിയമിച്ച വകയിൽ ആകെ 2,43,915 രൂപ വേതനവും കരാർ വ്യവസ്ഥയിൽ 15 പേർക്ക് നിയമനം നൽകിയ വകയിൽ 15,04,295 രൂപ വേതനവും പി.എസ്.സി.-യിൽനിന്നും 5 അനദ്ധ്യാപക ജീവനക്കാർക്ക് സ്ഥിര നിയമനം

നൽകിയ വകയിൽ ആകെ 6,50,491 രൂപയും ഉൾപ്പെടെ 2021-ൽ സർവ്വകലാശാലയ്ക്കുണ്ടായ മൊത്തം ബാധ്യത 23,98,701 രൂപയാണ്.

2021 വർഷത്തിൽ സ്ഥിരം അദ്ധ്യാപക നിയമനത്തിലൂടെ 1,83,47,926 രൂപയും താൽക്കാലിക അദ്ധ്യാപകർക്കായി 6,08,93,925 രൂപയും ശമ്പളം/ഉത്സവബത്ത ഇനത്തിൽ നൽകിയിട്ടുണ്ട്.

(സി) സർവ്വകലാശാലയിൽനിന്നും റിട്ടയർ ചെയ്ത അദ്ധ്യാപകരുടെയും ജീവനക്കാരുടെയും പെൻഷൻ ആനുകൂല്യങ്ങൾ കഴിഞ്ഞ ഒരു വർഷമായി തടഞ്ഞുവച്ചിരിക്കുകയാണെന്ന വസ്തുത ഗൗരവത്തോടെ കാണുന്നുണ്ടോ; എങ്കിൽ പ്രസ്തുത ആനുകൂല്യങ്ങൾ അടിയന്തരമായി വിതരണം ചെയ്യുവാൻ നടപടി സ്വീകരിക്കുമോ?

സർവ്വകലാശാലയിൽനിന്നും റിട്ടയർ ചെയ്ത അദ്ധ്യാപകരുടെയും ജീവനക്കാരുടെയും പെൻഷൻ ആനുകൂല്യങ്ങൾ തടഞ്ഞ് വയ്ക്കപ്പെട്ടിട്ടില്ല. എന്നാൽ റിട്ടയർ ചെയ്ത ചില അദ്ധ്യാപകരുടെയും ജീവനക്കാരുടെയും പെൻഷൻ ആനുകൂല്യങ്ങൾ കഴിഞ്ഞ 6 മാസക്കാലമായി പൂർണ്ണമായി വിതരണം ചെയ്യുവാൻ സാധിച്ചിട്ടില്ല. സാമ്പത്തിക സ്ഥിതി മെച്ചപ്പെടുന്ന മുറയ്ക്ക് അവ അടിയന്തരമായി വിതരണം ചെയ്യുന്നതാണ്.

## കേരള ഡിജിറ്റൽ സർവ്വകലാശാലയുടെ പ്രവർത്തനം

163(5287) ശ്രീ. പി. വി. ശ്രീനിജിൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ഡിജിറ്റൽ സർവ്വകലാശാലയിൽ ഏതെല്ലാം കോഴ്സുകളാണ് നിലവിലുള്ളതെന്നും പ്രസ്തുത കോഴ്സുകളിൽ ഓരോന്നിലും എത്ര കുട്ടികൾക്കാണ് പ്രവേശനം നൽകുന്നതെന്നും വ്യക്തമാക്കുമോ?

കേരള ഡിജിറ്റൽ സർവ്വകലാശാലയിൽ നിലവിലുള്ള (2021 പ്രവേശനം) കോഴ്സുകളുടെയും സീറ്റുകളുടെയും വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | കോഴ്സ് സ്പെഷ്യലൈസേഷൻ | സീറ്റുകളുടെ ആകെ എണ്ണം |
|---|---|---|
| 1. | M.Tech. Computer Science (Connected System, Artificial Intelligence, Cyber Security) | 90 |
| 2. | M.Tech. in Electronics Engineering | 60 |
| 3. | MSc in Computer Science & Engg. in Machine Intelligence | 45 |
| 4. | MSc in Cyber Security | 45 |
| 5. | MSc in Data Analytics | 45 |
| 6. | MSc in Geospatial Analytics | 45 |
| 7. | MSc in Ecological Informatics | 30 |
| 8. | Post Graduate Diploma in e-Governance | 30 |

ഇതിനുപുറമേ 2022 അക്കാദമിക വർഷം മുതൽ MBA കോഴ്സുകൾ (ആകെ സീറ്റുകൾ - 40) ആരംഭിക്കുന്നുണ്ട്.

(ബി) ഡിജിറ്റൽ സർവ്വകലാശാലയിൽ അനുവദിക്കപ്പെട്ട അദ്ധ്യാപക തസ്തികകളുടെ വിശദാംശം ലഭ്യമാക്കുമോ?

ഡിജിറ്റൽ സർവ്വകലാശാലയിൽ 5 സ്കൂളുകളിലായി 49 തസ്തികകൾ സൃഷ്ടിക്കുന്നതിന് നിലവിലെ ബോർഡ് ഓഫ് ഗവർണേഴ്സ് അംഗീകാരം നല്കിയിട്ടുണ്ട്.

| ക്രമ നമ്പർ | തസ്തിക | എണ്ണം |
|---|---|---|
| 1. | പ്രൊഫസർ | 11 |
| 2. | അസോസിയേറ്റ് പ്രൊഫസർ | 6 |
| 3. | അസിസ്റ്റന്റ് പ്രൊഫസർ | 32 |
| | ആകെ | 49 |

(സി) ഡിജിറ്റൽ സർവ്വകലാശാലയിൽ ആരംഭിച്ച എം.ബി.എ. കോഴ്സിലേയ്ക്ക് അദ്ധ്യാപകരെ നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(ഡി) പ്രസ്തുത കോഴ്സിലേയ്ക്ക് സ്ഥിരം അദ്ധ്യാപകരെയാണോ കോൺട്രാക്ട് അദ്ധ്യാപകരെയാണോ നിയമിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

(സി&ഡി) എം.ബി.എ. കോഴ്സ് നിലവിലുള്ള സ്കൂൾ ഓഫ് ഡിജിറ്റൽ ഹ്യൂമാനിറ്റീസ് ആന്റ് ലിബറൽ ആർട്സ് മുഖേനയാണ് നടത്തുന്നത്. പ്രസ്തുത സ്കൂളിൽ നിലവിൽ IIITMK-യിൽനിന്നും ഡിജിറ്റൽ യൂണിവേഴ്സിറ്റിയിലേയ്ക്ക് അധിക ചുമതല നൽകിയ 2 അസിസ്റ്റന്റ് പ്രൊഫസർമാരും 1 പ്രൊഫസറും സേവനമനുഷ്ഠിച്ചുവരുന്നു. ഇതിനുപുറമേ ഒഴിവുള്ള 7 തസ്തികകളിലേയ്ക്കുകൂടി റെഗുലർ നിയമനം നടത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(ഇ) ഡിജിറ്റൽ സർവ്വകലാശാലയ്ക്ക് യു.ജി.സി. അംഗീകാരം ലഭ്യമായിട്ടുണ്ടോ; വിശദാംശം നൽകുമോ?

സർവകലാശാലയിലേയ്ക്ക് യു.ജി.സി. ആക്ട് 2(f) അനുസരിച്ചുള്ള അംഗീകാരം ലഭിച്ചിട്ടുണ്ട്.

## വിവിധ സർവ്വകലാശാലകളിലെ തസ്തികകൾ

164(5288) ശ്രീ. എ. പി. അനിൽ കുമാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം

മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിവിധ സർവ്വകലാശാലകളിൽ ഓരോന്നിലുമുള്ള അദ്ധ്യാപക തസ്തികകളുടെ എണ്ണവും നിലവിൽ ഒഴിവുള്ള തസ്തികകളുടെ എണ്ണവും വ്യക്തമാക്കാമോ?

അനുബന്ധമായി ചേർക്കുന്നു.+

(ബി) സർവ്വകലാശാലയിലെ പരീക്ഷ, അക്കാദമിക്, അഡ്മിനിസ്ട്രേറ്റീവ് എന്നീ വിഭാഗങ്ങൾ നവീകരിക്കുന്നതിനും പുനഃക്രമീകരിക്കുന്നതിനും ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ അതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

പരീക്ഷാ, അക്കാദമിക്, അഡ്മിനിസ്ട്രേറ്റീവ് എന്നീ വിഭാഗങ്ങൾ നവീകരിക്കുന്നതിനായുള്ള പദ്ധതികൾ സർവ്വകലാശാലകളിൽ നടപ്പിലാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

(സി) വിവിധ സർവ്വകലാശാലകളുടെ സ്റ്റാറ്റ്യൂട്ടുകളും ആക്ടുകളും ഏകീകരിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ?

വിവിധ സർവ്വകലാശാലകളുടെ സ്റ്റാറ്റ്യൂട്ടുകൾ പരിഷ്കരിക്കുന്നതിന് അനുയോജ്യമായ നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിന് ഡോ. എൻ. കെ.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ജയകുമാർ അദ്ധ്യക്ഷനായി നിയമ പരിഷ്കരണ കമ്മീഷനെ സർക്കാർ നിയമിക്കുകയും കമ്മീഷൻ റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.

## നൈപുണ്യ വികസനം

165(5289)ശ്രീമതി കെ. കെ. ശൈലജ ടീച്ചർ:
ശ്രീ. കെ. ആൻസലൻ:
ശ്രീ. പി. വി. ശ്രീനിജിൻ:
ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിദ്യാർത്ഥികൾക്കും ഉദ്യോഗാർത്ഥികൾക്കും ഇഷ്ടതൊഴിൽ മേഖലയിൽ നൈപുണ്യം നേടുന്നതിനായി അക്കാദമിക, സാമ്പത്തിക സഹായമേകാൻ നടപ്പാക്കുന്ന പദ്ധതികൾ സംബന്ധിച്ച് വിശദാംശം നൽകുമോ?

അക്കാദമിക് വ്യവസായ സഹകരണത്തിന് സർക്കാർ വലിയ പ്രാധാന്യമാണ് നൽകുന്നത്. വിദ്യാർത്ഥികൾക്ക് വിവിധ വ്യവസായ മേഖലകളിൽ പരിശീലനവും നൈപുണ്യവും സാധ്യമാക്കാൻ ഇതിലൂടെ കഴിയുന്നു.

B.Tech. ബിരുദത്തോടൊപ്പം മറ്റൊന്നിൽ മൈനർ ബിരുദം നേടാൻ വിദ്യാർത്ഥികൾക്ക് സാധ്യമാകുന്ന മൈനർ-ഇൻ-എഞ്ചിനീയറിംഗ് എന്ന

നവീന ആശയം നടപ്പിലാക്കിവരുന്നു. വിദ്യാർത്ഥികൾക്ക് അവർ തെരഞ്ഞെടുത്ത സ്പെഷ്യലൈസേഷന് പുറത്തുള്ള മറ്റൊരു എഞ്ചിനീയറിംഗ് മേഖലയിൽ അറിവ് നേടാനും അതുവഴി തൊഴിൽ സാധ്യത മെച്ചപ്പെടുത്താനുമുതകുന്ന തരത്തിലാണ് മൈനർ കോഴ്സുകൾ ക്രമീകരിച്ചിട്ടുള്ളത്. 2023-ൽ മൈനർ-ഇൻ-എഞ്ചിനീയറിംഗ് ഡിഗ്രിയോടുകൂടി ആദ്യ ബാച്ച് വിദ്യാർത്ഥികൾ പുറത്തിറങ്ങും.

വ്യവസായ മേഖലകളിൽ ഇൻഡസ്ട്രി ഐച്ഛികവും നിർബന്ധിത ഇന്റേൺഷിപ്പും പ്രബന്ധ പ്രസിദ്ധീകരണവും ഉൾപ്പെടുത്തി M.Tech. പാഠ്യപദ്ധതി പരിഷ്കരിച്ചിട്ടുണ്ട്. ഇതോടൊപ്പം തൊഴിൽ സാദ്ധ്യതകൾ മെച്ചപ്പെടുത്തുന്നതിനായി വിദേശഭാഷാ പഠനവും പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

ഹാക്കത്തോണുകൾ, പ്രോജക്ട് മത്സരങ്ങൾ എന്നിവവഴി വ്യാവസായിക മേഖല നേരിടുന്ന സാങ്കേതിക പ്രശ്നങ്ങൾക്ക് പരിഹാരം നൽകാനും നൂതന ആശയങ്ങൾ അവതരിപ്പിക്കാനും വിദ്യാർത്ഥികൾക്ക് സാധിക്കുന്നു.

പോളിടെക്നിക് കോളേജുകളിൽ വ്യവസായാധിഷ്ഠിതമായ ഔട്ട്കം ബേസ്ഡ് ഡിപ്ലോമ കരിക്കുലം റിവിഷൻ 2021 ആവിഷ്കരിച്ചു. കൂടാതെ Minor Project, Major Project, Activity points അവതരിപ്പിച്ചതിലൂടെ വിദ്യാർത്ഥികളുടെ വൈദഗ്ദ്ധ്യവികസനത്തിന് പ്രാധാന്യം നൽകി. പഠനത്തോടൊപ്പം വരുമാനം എന്ന ആശയത്തിന്റെ ഭാഗമായി “ Earn while you Learn” പോലുള്ള പദ്ധതിയുമായി ബന്ധപ്പെട്ട് Industry on Campus, PAT തുടങ്ങിയവ ചില ക്യാമ്പസുകളിൽ നടപ്പിലാക്കിയിട്ടുണ്ട്.

വിദ്യാർത്ഥികൾക്കും ഉദ്യോഗാർത്ഥികൾക്കും ഇഷ്ടതൊഴിൽ മേഖലയിൽ നൈപുണ്യം നേടുന്നതിനായി അഡീഷണൽ സ്കിൽ അക്വിസിഷൻ പ്രോഗ്രാം കേരള മുഖാന്തരം അനവധി നൂതന കോഴ്സുകൾ ലഭ്യമാക്കുന്നു. പ്രമുഖ വ്യവസായങ്ങളുടെ പങ്കാളിത്തത്തോടുകൂടി നടത്തപ്പെടുന്ന ഈ കോഴ്സുകൾ പഠിതാക്കളിൽ ഹയർ ഓർഡർ ഇൻഡസ്ട്രി റെലവന്റ് സ്കിൽസ് (Higher Order Industry Relevant Skills) നൽകി അവരുടെ തൊഴിൽ സാധ്യതകൾ വർദ്ധിപ്പിക്കുവാൻ സഹായിക്കുന്നു. അസാപിന്റെ പ്ലേസ്മെന്റ് പോർട്ടലിലൂടെ നൈപുണ്യം സിദ്ധിച്ച വിദ്യാർത്ഥികൾക്ക് തൊഴിലും ലഭ്യമാക്കുന്നു. ഇത്തരം നൈപുണ്യ

പദ്ധതികളിൽ പ്രവേശനം നേടാൻ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന വിദ്യാർത്ഥികൾക്ക് സാമ്പത്തിക സഹായം നൽകുന്നതിന് കാനറാ ബാങ്കുമായി ചേർന്നുകൊണ്ട് സ്കിൽ ലോൺ പദ്ധതി നടപ്പിലാക്കിട്ടുണ്ട്.

(ബി) എഞ്ചിനീയറിംഗ് കോഴ്സുകൾ കൂടുതൽ നൈപുണ്യവൽക്കരിക്കാനും വ്യവസായബന്ധിതമാക്കുവാനും കാലികമാക്കുന്നതിനും സർവ്വകലാശാലകളിൽ ബോർഡ് ഓഫ് സ്കിൽസ് ആരംഭിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

ബോർഡ് ഓഫ് സ്കിൽസ് രൂപീകരണം സാങ്കേതിക സർവ്വകലാശാല സിൻഡിക്കേറ്റിന്റെ പരിഗണനയിലാണ്.

(സി) ഇതിനായി എഞ്ചിനീയറിംഗ് വിഭാഗങ്ങൾക്ക് വിദേശ സർവ്വകലാശാലകളുമായി ട്വിന്നിംഗ് പ്രോഗ്രാമുകൾക്ക് അനുമതി നൽകുന്ന കാര്യം പരിഗണിച്ചിരുന്നോ; വിശദമാക്കുമോ?

സാങ്കേതിക സർവകലാശാലയുടെ അഫിലിയേറ്റഡ് കോളേജുകളും വിദേശ സർവ്വകലാശാലകളുമായുള്ള കൊളാബോറേഷൻ ആന്റ് ട്വിന്നിംഗ് പ്രോഗ്രാമുകൾക്ക് സർവകലാശാലയുടെ ബോർഡ് ഓഫ് ഗവർണേഴ്സ് അന്തിമരൂപം നൽകിയിട്ടുണ്ട്.

(ഡി) കാമ്പസുകളിൽ വ്യവസായശാലകളുടെ യഥാർത്ഥ മാതൃക സൃഷ്ടിച്ച് അതിലൂടെ പ്രായോഗിക പരിശീലനത്തിന് അവസരമൊരുക്കുന്നതിനായി അവയെ സജ്ജമാക്കുന്നതിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

കാമ്പസുകളിൽ വ്യവസായശാലകളുടെ യഥാർത്ഥ മാതൃക സൃഷ്ടിച്ച് അതിലൂടെ പ്രായോഗിക പരിശീലനത്തിന് അവസരമൊരുക്കുന്നതിനായി അവയെ സജ്ജമാക്കുന്നതിന് വിവിധ സ്ഥാപനങ്ങളിൽ Industry on Campus പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് ഡിസൈൻ ചെയ്യുന്നതിനായി FAB LAB, പ്രൊഡക്ഷൻ സെന്ററുകൾ എന്നിവ സ്ഥാപനങ്ങളിലുണ്ട്. കൂടാതെ വിവിധ പോളിടെക്നിക് കോളേജുകളിൽ വിദ്യാർത്ഥികളുടെ ഉപയോഗത്തിനായി Robotics Lab നടപ്പിലാക്കിയിട്ടുണ്ട്. നിലവിൽ TBI (Technology Business Incubation Centre) വഴി എല്ലാ സർക്കാർ എഞ്ചിനീയറിംഗ് കോളേജുകളിലും ചില പോളിടെക്നിക് കോളേജുകളിലും നവ സംരംഭകർക്കായിട്ടുള്ള സാങ്കേതിക സൗകര്യങ്ങളും സഹായങ്ങളും നിർദ്ദേശങ്ങളും നൽകിവരുന്നുണ്ട്. കാമ്പസുകളിൽ വ്യവസായശാലകളുടെ യഥാർത്ഥ മാതൃക സൃഷ്ടിച്ച്

അതിലൂടെ പ്രായോഗിക പരിശീലനത്തിന് അവസരമൊരുക്കുന്നതിനായി University Industry Joint Ventures രൂപീകരണത്തിനായുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

ശ്രീനാരായണ ഗുരു ഓപ്പൺ സർവ്വകലാശാല

166(5290)ശ്രീ. കടകംപള്ളി സുരേന്ദ്രൻ:
ഡോ. സുജിത് വിജയൻപിള്ള:
ശ്രീ. എച്ച്. സലാം:
ശ്രീ. കെ. യു. ജനീഷ് കുമാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശ്രീനാരായണ ഗുരു ഓപ്പൺ സർവ്വകലാശാലയുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനും ആവശ്യമായ പശ്ചാത്തല സൗകര്യങ്ങൾ ഒരുക്കുന്നതിനും സർവ്വകലാശാലയിലെ കോഴ്സുകൾ അന്തർദ്ദേശീയ നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിനുമുതകുന്ന എന്തെല്ലാം പ്രവർത്തനങ്ങളാണ് ആസൂത്രണം ചെയ്തുവരുന്നതെന്ന് വിശദമാക്കാമോ?

2020 ഒക്ടോബർ 2-ന് അന്നത്തെ മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റി രാജ്യത്തിന് സമർപ്പിച്ചു. തുടക്കത്തിൽത്തന്നെ സമൂഹത്തിലെ വിവിധ തുറകളിലുള്ളവരുടെയും

അക്കാദമിക് വിദഗ്ധരുടെയും പൊതുജനങ്ങളുടെയും അഭിപ്രായങ്ങൾ സമാഹരിച്ചുകൊണ്ട് സർവ്വകലാശാലയുടെ പ്രവർത്തനപദ്ധതികൾക്ക് രൂപം നൽകി. തുടർന്ന് അടുത്ത പത്ത് വർഷത്തേയ്ക്കുള്ള സ്ട്രാറ്റജിക് പ്ലാൻ തയ്യാറാക്കി. നടത്താനുദ്ദേശിക്കുന്ന കോഴ്സുകളുടെ പഠിതാക്കൾക്കുള്ള പഠന സാമഗ്രികൾ തയ്യാറാക്കിയശേഷം മാത്രമേ ഓപ്പൺ സർവ്വകലാശാലയ്ക്ക് കോഴ്സുകൾ നടത്താൻ കഴിയൂ. ഇതിനായി ഇരുപത് വിഷയങ്ങളിൽ വിദഗ്ധരെ ഉൾക്കൊള്ളിച്ചുകൊണ്ട് അക്കാദമിക് കമ്മിറ്റികൾക്ക് രൂപം നൽകി. തുടർന്ന് കൊല്ലം, കോഴിക്കോട് കേന്ദ്രങ്ങളാക്കി നൂറ്റിയൻപതോളം വിഷയവിദഗ്ധർ ചേർന്ന് പഠനസഹായികൾ തയ്യാറാക്കാൻ തുടങ്ങി. ആദ്യവർഷം പൂർണ്ണമായും ഇത്തരം തയ്യാറെടുപ്പുകൾക്കാണ് ചെലവഴിച്ചത്. 2021 മേയ് മാസത്തിൽ യു.ജി.സി. സർവ്വകലാശാലയെ 2(f) വിഭാഗത്തിൽപ്പെടുത്തി അംഗീകാരം നൽകി. സർക്കാർ അനുവദിച്ച 17 ബിരുദ-ബിരുദാനന്തര കോഴ്സുകൾക്ക് യു.ജി.സി.-യുടെ അംഗീകാരം നേടിയെടുക്കുന്നതിനുള്ള പ്രവർത്തനങ്ങളിലാണ് പിന്നീട് സർവ്വകലാശാല ശ്രദ്ധ കേന്ദ്രീകരിച്ചത്.

2021 ഒക്ടോബറിൽ കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷനുമായി ചേർന്ന് കേരളത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ തെരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികൾക്കായി ഒരു സർട്ടിഫിക്കറ്റ് കോഴ്സിന് രൂപം നൽകി. പഠനപ്രക്രിയയും മൂല്യനിർണ്ണയവും സഫലമാക്കാൻ ഡിജിറ്റൽ യൂണിവേഴ്സിറ്റി ഓൺലൈൻ സാങ്കേതിക സംവിധാനങ്ങൾ തയ്യാറാക്കി. കൂടാതെ ഓരോ ജില്ലയിലും കിലയുടെ സഹായത്തോടെ പഠനകേന്ദ്രങ്ങൾ സജ്ജമാക്കി. തുടർന്ന് സംസ്ഥാനത്തുടനീളമുള്ള ഏഴായിരത്തിൽപ്പരം ജനപ്രതിനിധികൾ പഠിതാക്കളായി രജിസ്റ്റർ ചെയ്തു. 2022 ഏപ്രിൽ മാസം പൂർത്തിയായ കോഴ്സിന്റെ പരീക്ഷകളും പ്രോജക്ട് സമർപ്പണവും മേയ് ആദ്യവാരം നടന്നു. മേയ് 31, ജൂൺ 1 തീയതികളിൽ മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്ത വൈജ്ഞാനിക സമ്മേളനത്തിൽ സർവ്വകലാശാലയുടെ ആദ്യ കോൺവൊക്കേഷൻ ചാൻസലർ കൂടിയായ ഗവർണർ നിർവ്വഹിച്ചു.

(ബി) ഓപ്പൺ സർവ്വകലാശാലയുടെ കോഴ്സുകൾക്ക് യു.ജി.സി.-യുടെ അംഗീകാരം ലഭിക്കുന്നതിനുള്ള നടപടിക്രമങ്ങളുടെ പുരോഗതി വ്യക്തമാക്കുമോ; ഇതിനുള്ള കാലതാമസം വരുന്നത് സർവ്വകലാശാലയെയും

വിദ്യാർത്ഥികളെയും ബാധിക്കുന്നതായ വാർത്തകളുടെ നിജസ്ഥിതി വെളിപ്പെടുത്താമോ?

താഴെപ്പറയുന്ന 12 യു.ജി. പ്രോഗ്രാമുകളും 5 പി.ജി. പ്രോഗ്രാമുകളും 2022-23 അക്കാദമിക വർഷം തുടങ്ങുന്നതിനുള്ള സർക്കാർ അനുമതി ലഭ്യമായിട്ടുണ്ട്.

UG Programmes

1. BA Arabic
2. BA Sanskrit
3. BA English
4. BA Hindi
5. BA History
6. BA Malayalam
7. BA Sociology
8. BA Economics

9. BA Philosophy with specialization in Sreenarayanaguru Studies

10. B.Com.

11. BBA

12. BCA

PG Programmes

1. M.Com.

2. MA English

3. MA Malayalam

4. MA History

5. MA Sociology

ഈ കോഴ്സുകൾക്ക് ആവശ്യമായ SLM (Self Learning Materials) തയ്യാറാക്കിയിട്ടുണ്ട്.

46 അദ്ധ്യാപകരെ നാല് സ്കൂളുകളിലായി നിയമിച്ച് അക്കാദമിക് വിഭാഗം പ്രവർത്തനം തുടങ്ങി. School of Languages, School of Humanities and Social Science, School of Law and Business Studies, School of Communication and Information Science എന്നീ പഠന വകുപ്പുകളിൽ മേധാവികളെ നിയമിച്ചിട്ടുണ്ട്. നാല് പ്രാദേശിക കേന്ദ്രങ്ങളിലേയ്ക്കും ഡയറക്ടർമാരെ സർക്കാർ നിയമിച്ചു.

സംസ്ഥാനത്തുടനീളം അൻപതോളം ലേണേഴ്സ് സപ്പോർട്ട് സെന്ററുകൾ കണ്ടെത്തിയിട്ടുണ്ട്.

കോഴ്സുകൾക്ക് UGC Distance Education Bureau (DEB)-യുടെ അംഗീകാരത്തിന് അപേക്ഷ സമർപ്പിക്കാനുള്ള അവസാന തീയതി മേയ് 31-നായിരുന്നു. മേയ് 28-നുതന്നെ ആവശ്യമായ രേഖകളോടെ അപേക്ഷ വിജയകരമായി സമർപ്പിച്ചിട്ടുണ്ട്. ODL സമ്പ്രദായത്തിൽ ഓരോ കോഴ്സിനും പ്രത്യേകം UGC അനുമതി ആവശ്യമാണ്. ഇതിനുവേണ്ട രേഖകൾ മുഴുവൻ UG-ക്ക് സമർപ്പിച്ചിട്ടുണ്ട്. ജൂലൈ മാസത്തിൽ UGC പ്രതിനിധികളുടെ സന്ദർശനം പ്രതീക്ഷിക്കുന്നു. UGC-യുടെ അന്തിമ അനുമതി ലഭിച്ചാൽ ഈ

അക്കാദമിക് സെഷനിൽത്തന്നെ മേൽപ്പറഞ്ഞ കോഴ്സുകൾ തുടങ്ങാൻ സാധിക്കും.

(സി) ബിരുദ, ബിരുദാനന്തരബിരുദ വിദ്യാർത്ഥികൾക്ക് മതിയായ വിദൂരവിദ്യാഭ്യാസ സൗകര്യങ്ങൾ ലഭ്യമല്ലാത്ത സാഹചര്യത്തിൽ ശ്രീനാരായണഗുരു ഓപ്പൺ സർവ്വകലാശാലയുടെ കോഴ്സുകൾക്ക് അംഗീകാരം ലഭിക്കുന്നതുവരെ സംസ്ഥാനത്തെ ഇതര സർവ്വകലാശാലകൾ നടത്തിവരുന്ന പ്രൈവറ്റ് രജിസ്ട്രേഷൻ തുടരാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ?

ശ്രീനാരായണഗുരു ഓപ്പൺ സർവ്വകലാശാലയ്ക്ക് UGC-യുടെ DEB-യിൽനിന്ന് 2022-23 അദ്ധ്യയന വർഷം മുതൽ വിദൂരവിദ്യാഭ്യാസ കോഴ്സുകൾ നടത്താൻ അനുമതി ലഭിക്കുന്നില്ലെങ്കിൽ മാത്രം ഈ വർഷം വിദൂര വിദ്യാഭ്യാസം/പ്രൈവറ്റ് രജിസ്ട്രേഷൻ വഴിയുള്ള കോഴ്സുകൾ നടത്തുന്നതിന് മറ്റ് സർവ്വകലാശാലകൾക്ക് അനുമതി നൽകുന്നതാണ്.

## സംസ്ഥാനത്തിന് പുറത്തുള്ള യൂണിവേഴ്സിറ്റികളുടെ വിദൂരവിദ്യാഭ്യാസ കോഴ്സുകൾ

167(5291) ശ്രീ. പി. വി. അൻവർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന് പുറത്തുള്ള യൂണിവേഴ്സിറ്റികളുടെ ഔദ്യോഗിക വിദൂരവിദ്യാഭ്യാസ സ്ഥാപനങ്ങൾ സംസ്ഥാനത്ത് പ്രവർത്തിക്കുന്നുണ്ടോ; എങ്കിൽ പ്രസ്തുത സ്ഥാപനങ്ങൾ എവിടെയെല്ലാമാണെന്നും ഏതെല്ലാം യൂണിവേഴ്സിറ്റികളുടേതാണെന്നും അറിയിക്കാമോ; ഇത്തരം വിദൂര വിദ്യാഭ്യാസ കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നതിന് സംസ്ഥാന സർക്കാരിന്റെ അനുമതി ആവശ്യമുണ്ടോ; വ്യക്തമാക്കാമോ;

(ബി) സംസ്ഥാനത്ത് ചില സ്വകാര്യ സ്ഥാപനങ്ങൾ ഈ യൂണിവേഴ്സിറ്റികളുടെ വിദൂരവിദ്യാഭ്യാസ കോഴ്സുകൾ നടത്തുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത്തരം കോഴ്സുകൾ നടത്തുന്നതിന് സ്വകാര്യ സ്ഥാപനങ്ങൾക്ക് എന്തെങ്കിലും അനുമതികൾ ആവശ്യമുണ്ടോ; എങ്കിൽ വിശദമാക്കാമോ; ഇത്തരം സ്വകാര്യ സ്ഥാപനങ്ങളുടെ വിവരങ്ങൾ ജില്ല തിരിച്ച് ലഭ്യമാക്കാമോ;

(സി) ഇത്തരം സ്ഥാപനങ്ങളെ നിയന്ത്രിക്കുന്നതിന് എന്തെങ്കിലും സംവിധാനമുണ്ടോ; ഇല്ലെങ്കിൽ നടപടി സ്വീകരിക്കുമോ; ഇതിനായി നിയമ നിർമ്മാണം നടത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ; അറിയിക്കാമോ?

(എ-സി) വിദൂര വിദ്യാഭ്യാസ കേന്ദ്രങ്ങളുടെ പ്രവർത്തനം ഈ വിഷയം സംബന്ധിച്ച് യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷൻ (യു.ജി.സി.) പുറപ്പെടുവിച്ചിട്ടുള്ള യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷൻ (ഓപ്പൺ ആന്റ് ഡിസ്റ്റൻസ് ലേണിംഗ്) റെഗുലേഷൻസ് 2017-നും തുടർന്നുള്ള ഭേദഗതികൾക്കും അനുസൃതമായിട്ടാണ്. ഇതനുസരിച്ച് സർവ്വകലാശാല ജൂറിസ്ഡിക്ഷനപുറത്ത് വിദൂര വിദ്യാഭ്യാസ കേന്ദ്രങ്ങൾ ആരംഭിക്കുന്നത് യു.ജി.സി. വിലക്കിയിട്ടുള്ളതാണ്. ഇതുപോലെതന്നെ വിവിധ പ്രോഗ്രാമുകൾ വിദൂര വിദ്യാഭ്യാസ സമ്പ്രദായത്തിൽ നടത്താനും യു.ജി.സി. അനുമതി നൽകേണ്ടതുണ്ട്.

## ബി.എഡ്. കോളേജുകളിലെ സെമസ്റ്റർ ഫീസ്

168(5292) ശ്രീ. കെ. എം. സച്ചിൻദേവ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാലിക്കറ്റ് യൂണിവേഴ്സിറ്റിയുടെ കീഴിലുള്ള ബി.എഡ്. കോളേജുകളിൽ 2021-2023 വർഷത്തെ സെമസ്റ്റർ ഫീസ് എത്രയായിട്ടാണ് നിജപ്പെടുത്തിയിരിക്കുന്നതെന്ന് അറിയിക്കാമോ?

സംസ്ഥാനത്തെ സ്വാശ്രയ ബി.എഡ്. കോഴ്സിന്റെ ഫീ വർദ്ധനയുമായി ബന്ധപ്പെട്ട 07.02.2022-ലെ സ.ഉ.(സാധാ) നം. 221/2022/ഉ.വി.വ. സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ 50% മെറിറ്റ് വിദ്യാർത്ഥികൾക്ക് 45,000 രൂപയും (നാല്പത്തി അയ്യായിരം രൂപ) ബാക്കി 50% മാനേജ്മെന്റ് വിദ്യാർത്ഥികൾക്ക് 60,000 രൂപയും (അറുപതിനായിരം രൂപ) വാർഷിക ട്യൂഷൻ ഫീസായി നിശ്ചയിച്ചിട്ടുണ്ട്. 01.01.2022 മുതൽ പ്രാബല്യത്തിൽ മാത്രമേ വിദ്യാർത്ഥികളിൽനിന്ന് പുതിയ നിരക്കിൽ ഫീസ് ഈടാക്കാൻ പാടുള്ളൂവെന്നും ഉത്തരവിൽ നിഷ്കർഷിച്ചിട്ടുണ്ട്.

(ബി) ഡബ്ള്യൂ.പി.സി.ഒ. 23209/2021, ഡബ്ള്യൂ.പി.സി.ഒ. 23432/2021 നമ്പർ റിട്ടുകൾ പ്രകാരമുള്ള കോടതി ഉത്തരവിലെ ഫീസ് ഘടന 2021-2023 ബാച്ചിലെ ബി.എഡ്. വിദ്യാർത്ഥികൾക്ക് ബാധകമാണോ; അല്ലെങ്കിൽ ഇതുസംബന്ധിച്ച് യൂണിവേഴ്സിറ്റി വ്യക്തത വരുത്തിയിട്ടുണ്ടോ?

01.01.2022 മുതൽ പ്രാബല്യത്തിൽ വിദ്യാർത്ഥികളിൽനിന്ന് പുതിയ നിരക്കിൽ ഫീസ് ഈടാക്കാമെന്ന നിബന്ധന നിലനിൽക്കുന്നതിനാൽ

പ്രസ്തുത ഫീസ് ഘടന 2021-23 ബാച്ചിലെ ബി.എഡ്. വിദ്യാർത്ഥികൾക്കും ബാധകമാണ്.

(സി) 2021-2023 വർഷത്തെ ബി.എഡ്. വിദ്യാർത്ഥികൾക്ക് പ്രവേശന സമയത്തെ ഫീസ് കോഴ്സ് പൂർത്തീകരണംവരെ ബാധകമാണെന്നിരിക്കെ പുതുക്കിയ ഫീസ് പല കോളേജുകളിലും വിദ്യാർത്ഥികളിൽനിന്ന് ഈടാക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

സർക്കാർ/സർവ്വകലാശാല ഉത്തരവുകൾക്ക് വിധേയമായി പ്രവേശന സമയത്തെ ഫീസ് ഘടനയിൽ മാറ്റം വരുന്നതായിരിക്കുമെന്ന വ്യവസ്ഥ ഫീസ് ഘടന സർവ്വകലാശാല വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുമ്പോൾത്തന്നെ അതിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ആയതിനാൽത്തന്നെ പുതുക്കിയ ഫീസ് ഘടന 2021-2023 ബാച്ചിലെ ബി.എഡ്. വിദ്യാർത്ഥികൾക്കും ബാധകമാണ്.

(ഡി) ഇതുസംബന്ധിച്ച് പരാതി ലഭിച്ചിട്ടുണ്ടോ; എങ്കിൽ അതിന്മേൽ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ?

ഇതുസംബന്ധിച്ച് പരാതികൾ ലഭിച്ചിട്ടില്ല.

<u>കാലിക്കറ്റ് സർവ്വകലാശാല അതിർത്തി ഭൂമിയിലെ കയ്യേറ്റം</u>

169(5293) <u>ശ്രീ. അബ്ദുൽ ഹമീദ് പി.</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയപാതാ വികസനവുമായി ബന്ധപ്പെട്ട് കാലിക്കറ്റ് സർവ്വകലാശാലയുടെ അതിർത്തിഭൂമി സ്വകാര്യ വ്യക്തികൾ കയ്യേറ്റം ചെയ്യുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) പ്രസ്തുത വിഷയം സംബന്ധിച്ച് സർവ്വകലാശാലയ്ക്കോ ബന്ധപ്പെട്ട വകുപ്പിനോ പരാതികൾ ലഭിച്ചിട്ടുണ്ടോ; എങ്കിൽ ആയതിന്മേൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത വിഷയം സംബന്ധിച്ച് സമഗ്രമായ അന്വേഷണം നടത്തുന്നതിന് നടപടികൾ സ്വീകരിക്കുമോ?

(ബി & സി) പരാതികൾ ലഭിച്ചിട്ടില്ല.

## കാലിക്കറ്റ് യൂണിവേഴ്സിറ്റി

170(5294) ശ്രീ. കെ. ഡി. പ്രസേനൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാലിക്കറ്റ് യൂണിവേഴ്സിറ്റിക്ക് കീഴിലുള്ള വിവിധ ക്യാമ്പസുകളിലെ യു.ജി., പി.ജി. കോഴ്സുകളുടെ വിശദ വിവരങ്ങൾ പട്ടിക തിരിച്ച് ലഭ്യമാക്കാമോ?

വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.+

(ബി) പുതുതായി കോഴ്സുകൾ ആരംഭിക്കുന്നുണ്ടോ; വിശദാംശങ്ങൾ നൽകാമോ?

കാലിക്കറ്റ് യൂണിവേഴ്സിറ്റി റീജിയണൽ സെന്റർ പേരാമ്പ്രയിൽ 2022-23 അക്കാദമിക് വർഷം എം.എസ്.സി. കമ്പ്യൂട്ടർ സയൻസ് വിത്ത് ബ്ലോക്ക് ചെയിൻ ടെക്നോളജി, ബി.എസ്സി. കൗൺസിലിംഗ് സൈക്കോളജി, ബി.എസ്.ഡബ്ല്യൂ. എന്നീ കോഴ്സുകൾ തുടങ്ങാൻ തീരുമാനിച്ചിട്ടുണ്ട്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## കോഴിക്കോട് സർവ്വകലാശാല ക്യാമ്പസിന് സംരക്ഷണ ഭിത്തി

171(5295) ശ്രീ. അബ്ദുൽ ഹമീദ് പി.: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാലിക്കറ്റ് സർവ്വകലാശാല ക്യാമ്പസിലെ ബ്യൂട്ടി സ്പോട്ട് പരിസരത്ത് മണ്ണിടിച്ചിൽ ഭീഷണി വ്യാപകമായതിനാൽ അടിവാരത്തെ താമസക്കാരായ 35-ഓളം വീട്ടുകാർ ഭീതിയിലാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പ്രസ്തുത മണ്ണിടിച്ചിൽ ഭീതിയിൽനിന്നും നാട്ടുകാരെ സംരക്ഷിക്കുന്നതിനാവശ്യമായ സംരക്ഷണഭിത്തി അടക്കമുള്ള നിർമ്മാണപ്രവർത്തനങ്ങൾ അടിയന്തരമായി നിർവ്വഹിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ എന്ന് അറിയിക്കാമോ?

കാലിക്കറ്റ് യൂണിവേഴ്സിറ്റിയുടെ ഉടമസ്ഥതയിലുള്ള ചേലേമ്പ്ര പഞ്ചായത്തിൽ ഉൾപ്പെട്ട ബ്യൂട്ടി സ്പോട്ട് എന്ന പേരിൽ അറിയപ്പെടുന്ന പ്രദേശത്ത് പെയ്യുന്ന മഴവെള്ളം ചേലേമ്പ്ര പഞ്ചായത്തിലെ ഒമ്പതാം വാർഡിലെ പൈങ്ങോട്ടൂർ കാളാത്ത് ഭാഗത്തേയ്ക്ക് ഒഴുകുന്നത്

കൃഷിനാശത്തിനും റോഡ് തകരുന്നതിനും കാരണമാകുമെന്നതിനാൽ ആയത് പരിഹരിക്കുന്നതിന് ബ്യൂട്ടിസ്പോട്ടിൽ ഒരു മഴവെള്ള സംഭരണി നിർമ്മിച്ച് വെള്ളത്തിന്റെ കുത്തൊഴുക്ക് തടഞ്ഞ് ഉണ്ടായിക്കൊണ്ടിരിക്കുന്ന കെടുതികൾക്ക് പരിഹാരം കാണണമെന്ന് കത്ത് നമ്പർ എ1-281/2017 തീയതി 01.11.2017 പ്രകാരം ചേലേമ്പ്ര ഗ്രാമപഞ്ചായത്ത് സെക്രട്ടറി കാലിക്കറ്റ് സർവ്വകലാശാലാ വൈസ് ചാൻസലറോട് അഭ്യർത്ഥിച്ചിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ സർവ്വകലാശാലാ ക്യാമ്പസിലെ മഴവെള്ള സംഭരണം എന്ന വിഷയത്തിൽ പഠനം നടത്തുന്നതിനും ബ്യൂട്ടിസ്പോട്ട് പ്രദേശത്തെ മഴവെള്ളത്തിന്റെ അമിതമായ ഒഴുക്ക് തടയുന്നതിന് സ്വീകരിക്കേണ്ട നിയന്ത്രണ നടപടികൾ നിർദ്ദേശിക്കുന്നതിനുമുള്ള കൺസൾട്ടന്റ് ആയി കോഴിക്കോട് CWRDM-നെ ചുമതലപ്പെടുത്തിയിരുന്നു. ഇതിനെത്തുടർന്ന് എക്സിക്യൂട്ടീവ് ഡയറക്ടർ സമർപ്പിച്ച വിശദമായ പഠന റിപ്പോർട്ട് 29.11.2021-ൽ ചേർന്ന സർവ്വകലാശാലാ സിൻഡിക്കേറ്റിന്റെ യോഗം പരിഗണിക്കുകയും എൻ.എച്ച്. വീതി കൂട്ടുന്നതിന്റെ ഭാഗമായി സർവ്വകലാശാലയ്ക്ക് ലഭ്യമാക്കേണ്ട വിവിധ സേവനങ്ങളെക്കുറിച്ച് മുഖ്യമന്ത്രിയുടെ

സാന്നിധ്യത്തിൽ നടന്ന ചർച്ചയെത്തുടർന്ന് സംസ്ഥാന ചീഫ് സെക്രട്ടറി വിളിച്ചുചേർത്ത യോഗത്തിൽ ക്യാമ്പസിലെ മഴവെള്ള സംഭരണത്തെക്കുറിച്ച് പഠിക്കുന്നതിനായി ഭൂഗർഭജല വകുപ്പിനെ ചുമതലപ്പെടുത്തുകയും അഞ്ചംഗ വിഷയ വിദഗ്ദ്ധർ അവിടെ പഠനം നടത്തുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് ഇക്കാര്യത്തിൽ തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

കാലിക്കറ്റ് യൂണിവേഴ്സിറ്റിയിലെ വിവിധ പഠന വകുപ്പുകളിലേയ്ക്കുള്ള നിയമനം

172(5296) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെക്കാണുന്ന ചോദ്യത്തിന് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാലിക്കറ്റ് യൂണിവേഴ്സിറ്റിയിലെ വിവിധ പഠന വകുപ്പുകളിലേയ്ക്കുള്ള അസോസിയേറ്റ് പ്രൊഫസർ, പ്രൊഫസർ തസ്തികകളിലേയ്ക്ക് നിയമനം നടത്തുന്നതിനുവേണ്ടി 31.12.2019-ന് പുറത്തിറക്കിയ GA-II/C1/162156/2019/Admn., GA-II/C1/104750/2019/Admn. എന്നീ വിജ്ഞാപനങ്ങൾ അനുസരിച്ച് ഉദ്യോഗാർത്ഥികളെ ഷോർട്ട് ലിസ്റ്റ് ചെയ്യുന്നതിന് ആധാരമാക്കിയ മാനദണ്ഡം എന്താണെന്ന് വിശദമാക്കുമോ;

പ്രസ്തുത നിയമനത്തിന്റെ മാർക്കിംഗ് നിർണ്ണയിക്കുന്ന രീതി വിവരിക്കുന്ന ഉത്തരവ് ലഭ്യമാക്കുമോ?

31.12.2019-ന് പുറത്തിറക്കിയ GA-II/C1/162156/2019/Admn, GA-II/C1/104750/2019/Admin വിജ്ഞാപനങ്ങൾ പ്രകാരമുള്ള അസോസിയേറ്റ് പ്രൊഫസർ, പ്രൊഫസർ തസ്തികകളിലേയ്ക്കുള്ള അപേക്ഷകളിൽ യു.ജി.സി. റെഗുലേഷൻസ് 2018-ലും വിജ്ഞാപനത്തിലും നിഷ്കർഷിച്ച പ്രകാരം ഓരോ തസ്തികയിലേയ്ക്കും ആവശ്യമായ യോഗ്യതകൾ അപേക്ഷയിൽ അവകാശപ്പെട്ടിട്ടുള്ള എല്ലാ ഉദ്യോഗാർത്ഥികളെയും അഭിമുഖത്തിനായി ക്ഷണിച്ചിട്ടുണ്ട്. ഓരോ ഉദ്യോഗാർത്ഥികളുടെയും അവകാശവാദങ്ങൾ വിശദമായി പരിശോധിച്ചശേഷം അവരുടെ യോഗ്യതയിൽ അന്തിമ തീരുമാനം കൈക്കൊണ്ടിട്ടുള്ളത് അതത് സെലക്ഷൻ കമ്മിറ്റികളാണ്. യു.ജി.സി. റെഗുലേഷൻസ് 2018 പ്രകാരം അസിസ്റ്റന്റ് പ്രൊഫസർ തസ്തികയിലേയ്ക്ക് ഉദ്യോഗാർത്ഥികളെ ഷോർട്ട് ലിസ്റ്റ് ചെയ്യുന്നതിനായി വ്യക്തമായ നിർദ്ദേശങ്ങൾ ഉൾക്കൊള്ളിച്ചിട്ടുണ്ടെങ്കിലും അസോസിയേറ്റ് പ്രൊഫസർ, പ്രൊഫസർ തസ്തികകളിലേയ്ക്ക് അഭിമുഖത്തിനായി ഉദ്യോഗാർത്ഥികളെ ഷോർട്ട് ലിസ്റ്റ്

ചെയ്യുവാൻ പ്രത്യേകം നിഷ്കർഷിച്ചതായി കാണുന്നില്ല. ഇതിനാൽത്തന്നെ ഷോർട്ട് ലിസ്റ്റ് ചെയ്യുന്നതിന് പ്രത്യേകം മാർക്കിംഗ് രീതികൾ ഒന്നുംതന്നെ പുറപ്പെടുവിച്ചിട്ടില്ല. പകരം യു.ജി.സി. റെഗുലേഷൻസ് 2018-ൽ ഓരോ തസ്തികകളിലേയ്ക്കും നിഷ്കർഷിച്ചിട്ടുള്ള യോഗ്യതകൾ അതേപടി പരിഗണിക്കുകയും അപേക്ഷയിൽ പ്രസ്തുത യോഗ്യതകൾ അവകാശപ്പെട്ടിട്ടുള്ള എല്ലാ ഉദ്യോഗാർത്ഥികളെയും അഭിമുഖത്തിനായി ക്ഷണിക്കുകയും ചെയ്തിട്ടുണ്ട്. ഇത്തരം ഉദ്യോഗാർത്ഥികളുടെ എണ്ണം താരതമ്യേന കുറവായതിനാൽകൂടി ഷോർട്ട് ലിസ്റ്റ് ചെയ്യുന്നതിനായി പ്രത്യേകം മാനദണ്ഡങ്ങൾ ഒന്നുംതന്നെ രൂപീകരിച്ചിട്ടില്ല.

യു.ജി.സി. റെഗുലേഷൻസ് 2018-ൽ പരാമർശിച്ചിരിക്കുന്ന യോഗ്യതകൾ താഴെ പറയുന്നവയാണ് :

Associate Professor: Eligibility:

1. A good academic record, with a Ph.D. Degree in the concerned/allied/relevant disciplines.

2. A Master's Degree with at least 55% marks (or an equivalent grade in a point-scale, wherever the grading system is followed).

3. A minimum of eight years of experience of teaching and/or research in an academic/research position equivalent to that of Assistant Professor in a University, College or Accredited Research Institution/industry with a minimum of seven publications in the peer-reviewed or UGC-listed journals and a total research score of Seventy five (75) as per the criteria given in Appendix II, Table 2.

Professor: Eligibility (A or B)

A.

1. An eminent scholar having Ph.D. Degree in the concerned/allied/relevant discipline, and published work of high quality, actively engaged in research with evidence of published work with a minimum of 10 research publications in the peer-reviewed or UGC listed journals and a total research score of 120 as per the criteria given in Appendix II, Table 2.

2. A minimum of ten years of teaching experience in university/college as Assistant Professor/Associate Professor/Professor, and/or research experience at equivalent level at the University/National Level Institutions with evidence of having successfully guided doctoral candidate.

OR

B.

An outstanding professional, having a Ph.D. Degree in the relevant/allied/applied disciplines, from any academic institutions (not included in A above)/ industry, who has made significant contribution to the knowledge in the concerned/allied/relevant discipline, supported by documentary evidence provided he/she has ten years' experience. (ടേബിൾ 2-ന്റെ പകർപ്പ് അനുബന്ധം ആയി ഉള്ളടക്കം ചെയ്യുന്നു).+

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

അഭിമുഖത്തിൽ പങ്കെടുത്ത ഓരോ ഉദ്യോഗാർത്ഥികളുടെയും അവകാശവാദങ്ങൾ യഥാവിധി രൂപീകരിക്കപ്പെട്ട അതത് സെലക്ഷൻ കമ്മിറ്റികൾ പരിഗണിക്കുകയും ഓരോ ഉദ്യോഗാർത്ഥിയുടെയും പ്രസ്തുത തസ്തികകളിലേയ്ക്കുള്ള യോഗ്യതകളിൽ അന്തിമ തീരുമാനം കൈക്കൊള്ളുകയും ചെയ്തിട്ടുണ്ട്.

അഭിമുഖത്തിൽ മാർക്കുകൾ നൽകുന്നതിന് യു.ജി.സി. റെഗുലേഷൻസ് 2018-ന്റെ അടിസ്ഥാനത്തിൽ "സ്കോറിംഗ് ക്രൈറ്റീരിയ" നിർവ്വചിച്ചുകൊണ്ട് പ്രത്യേകം ഉത്തരവും പുറപ്പെടുവിച്ചിട്ടുണ്ട്. (UO No.3344/2021/Admn dated 16.03.2021). (ഉത്തരവിന്റെ പകർപ്പ് അനുബന്ധം ആയി ഉള്ളടക്കം ചെയ്യുന്നു.)+

<u>കാലിക്കറ്റ് യൂണിവേഴ്സിറ്റി ബി.എഡ്. സെന്ററുകളുടെ അംഗീകാരം</u>

173(5297) <u>ശ്രീ. പി. ഉബൈദുള്ള</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാലിക്കറ്റ് യൂണിവേഴ്സിറ്റി നേരിട്ട് നടത്തുന്ന എത്ര ബി.എഡ്. സെന്ററുകൾ ഉണ്ടെന്ന് അറിയിക്കാമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കാലിക്കറ്റ് യൂണിവേഴ്സിറ്റി നേരിട്ട് നടത്തുന്ന 11 ബി.എഡ്. സെന്ററുകൾ ഉണ്ട്.

(ബി) ഏതെല്ലാം സെന്ററുകൾക്ക് നിലവിൽ എൻ.സി.റ്റി.ഇ. അംഗീകാരമുണ്ടെന്നും അംഗീകാരമില്ലാത്തവ ഏതെല്ലാം എന്നത് സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ;

(സി) ബി.എഡ്. സെന്ററുകളുടെ അംഗീകാരം ഏത് വർഷം മുതലാണ് നഷ്ടമായത്?

(ബി & സി) NCTE-യുടെ സതേൺ റീജിയണൽ കമ്മിറ്റിയിൽ (Southern Regional Committee-SRC)നിന്നും ഔദ്യോഗികമായി ലഭിച്ച അംഗീകാരം പിൻവലിക്കൽ ഉത്തരവ് പ്രകാരം നിലവിൽ പതിനൊന്ന് സെന്ററുകൾക്കും 2021-22 അദ്ധ്യയന വർഷം മുതലുള്ള അംഗീകാരം റദ്ദ് ചെയ്തിട്ടുണ്ട്.

(ഡി) അംഗീകാരം റദ്ദാക്കിയ വിവരം എപ്പോഴാണ് യൂണിവേഴ്സിറ്റിയെ അറിയിച്ചതെന്നും പ്രസ്തുത ലെറ്റർ നമ്പറും തീയതിയും അറിയിക്കാമോ; അംഗീകാരം റദ്ദാക്കിയ വിവരം അറിയിച്ചതിനുശേഷം പ്രസ്തുത സ്ഥാപനങ്ങളിൽ വിദ്യാർത്ഥികൾക്ക് പ്രവേശനം നൽകിയിട്ടുണ്ടോ; എങ്കിൽ

ഈ വിദ്യാർത്ഥികളുടെ സർട്ടിഫിക്കറ്റിന് എൻ.സി.റ്റി.ഇ. അംഗീകാരം ഉണ്ടാകുമോ?

NCTE Regl 019/230/2021-Regulation section - SRC/128890 dated 27.10.2021 നമ്പർ കത്ത് പ്രകാരം 27.10.2021-ലാണ് അംഗീകാരം പിൻവലിക്കൽ ഉത്തരവ് യൂണിവേഴ്സിറ്റിക്ക് കൈമാറിയത്. അംഗീകാരം റദ്ദാക്കിയ വിവരം അറിയിച്ചതിനുശേഷം പ്രസ്തുത സ്ഥാപനങ്ങളിൽ വിദ്യാർത്ഥികൾക്ക് പ്രവേശനം നൽകിയിട്ടുണ്ട്. 27.10.2021-ലെ അംഗീകാരം പിൻവലിക്കൽ ഉത്തരവ് ലഭിക്കുന്നതിനു മുൻപുതന്നെ യൂണിവേഴ്സിറ്റി 2021-22 അദ്ധ്യയന വർഷത്തേയ്ക്കുള്ള ബി.എഡ്. അഡ്മിഷൻ നോട്ടിഫിക്കേഷൻ പബ്ലിഷ് ചെയ്യുകയും ട്രയൽ അലോട്ട്മെന്റ് ലിസ്റ്റ് പ്രസിദ്ധീകരിക്കുകയും ചെയ്തതിനാൽ അഡ്മിഷൻ നടപടികൾ പൂർത്തീകരിച്ച് 2021 നവംബർ 3-ന് ക്ലാസ്സുകൾ തുടങ്ങി.

2022 ജൂലൈ 5, 6 തീയതിയിൽ നടന്ന SRC-യുടെ നാനൂറ്റി പന്ത്രണ്ടാമത് (412th) മീറ്റിംഗിൽ, കാലിക്കറ്റ് യൂണിവേഴ്സിറ്റി സെന്ററുകളുടെ മേൽ SRC എടുത്ത തീരുമാനം കമ്മിറ്റി പുനഃപരിശോധിക്കുകയും 2021-22 അദ്ധ്യയന വർഷം മുതൽ അംഗീകാരം പിൻവലിച്ച ഉത്തരവ് തിരുത്തി,

'2022-23 അദ്ധ്യയന വർഷം മുതൽ' എന്നാക്കാൻ തിരുമാനിച്ചിട്ടുണ്ട്. ഈ തീരുമാനം അവരുടെ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. എന്നാൽ ഔദ്യോഗികമായി ഈ വിഷയത്തിൽ യൂണിവേഴ്സിറ്റിക്ക് SRC-യിൽനിന്നും കത്ത് ലഭിച്ചിട്ടില്ല.

(ഇ) അംഗീകാരം റദ്ദ് ചെയ്യുന്നതുമായി ബന്ധപ്പെട്ട് എപ്പോഴാണ് എൻ.സി.റ്റി.ഇ. യൂണിവേഴ്സിറ്റിയോട് ആദ്യമായി വിവരങ്ങളും മറുപടിയും ആരായുന്നതെന്നും സമയബന്ധിതമായി മറുപടി കൊടുത്തിരുന്നുവോയെന്നും എങ്കിൽ എന്ത് മറുപടിയാണ് കൊടുത്തതെന്നും വ്യക്തമാക്കുമോ?

27.10.2021-നുമുമ്പ് യൂണിവേഴ്സിറ്റി സെന്ററുകളുടെ അംഗീകാരം റദ്ദ് ചെയ്യുന്നതുമായി ബന്ധപ്പെട്ട് NCTE യൂണിവേഴ്സിറ്റിയോട് കത്തിടപാടുകൾ നടത്തിയിട്ടില്ല. എന്നാൽ യൂണിവേഴ്സിറ്റിക്ക് കീഴിൽ സംസ്ഥാന സർക്കാരിന്റെ അനുമതിയും NCTE-യുടെ അംഗീകാരവുമില്ലാതെ പ്രവർത്തിക്കുന്ന അദ്ധ്യാപക പരിശീലന കേന്ദ്രങ്ങളുടെ വിവരങ്ങൾ ആവശ്യപ്പെട്ടുകൊണ്ട് SRC-യുടെ 397-ാമത് മീറ്റിംഗിലെയും 399-ാമത് മീറ്റിംഗിലെയും തീരുമാന പ്രകാരം 2021 April 16, 2021 June 23 തീയതികളിൽ അയച്ച കത്തുകൾക്ക് (2021 ജൂൺ 16-നും 2021 ജൂൺ

30-നം യൂണിവേഴ്സിറ്റിയിൽ ലഭിച്ച കത്തുകൾ) മറുപടിയായി 28.07.2021-ന് യൂണിവേഴ്സിറ്റി സെന്ററുകളുടെ തൽസ്ഥിതി (സ്റ്റാറ്റസ്കോ) അവരെ അറിയിക്കുകയും ചെയ്തിട്ടുണ്ട്.

(എഫ്) യൂണിവേഴ്സിറ്റിയുടെ അപ്പീൽ തള്ളിയതിനെതിരെ കോടതിയെ സമീപിക്കാൻ സാധിക്കുമോ; എങ്കിൽ യൂണിവേഴ്സിറ്റി അത്തരത്തിലുള്ള നടപടികൾ തുടങ്ങിയിട്ടുണ്ടോ; വ്യക്തമാക്കുമോ; എൻ.സി.റ്റി.ഇ. നിഷ്കർഷിക്കുന്ന യോഗ്യതകളുള്ള പ്രിൻസിപ്പലും അദ്ധ്യാപകരുമാണോ ഇപ്പോൾ ബി.എഡ്. സെന്ററുകളിൽ ജോലി ചെയ്യുന്നതെന്നും പ്രസ്തുത യോഗ്യതയില്ലാത്ത എത്ര അദ്ധ്യാപകരും പ്രിൻസിപ്പൽമാരും ഉണ്ടെന്നും വെളിപ്പെടുത്തുമോ?

യൂണിവേഴ്സിറ്റിയുടെ അപ്പീൽ തള്ളിയതിനെതിരെ കോടതിയെ സമീപിക്കാൻ സാധിക്കും. യൂണിവേഴ്സിറ്റി ബി.എഡ്. സെന്ററുകളുടെ അംഗീകാരം പിൻവലിച്ചുകൊണ്ടുള്ള NCTE-യുടെ ഉത്തരവിനെതിരെ യൂണിവേഴ്സിറ്റി സ്റ്റാൻഡിംഗ് കൗൺസിൽ മുഖേന ഹൈക്കോടതിയിൽനിന്നും സ്റ്റേ ഓർഡർ വാങ്ങാനുള്ള നടപടികൾ യൂണിവേഴ്സിറ്റി അടിയന്തരമായി ചെയ്തിട്ടുണ്ട്.

സെന്ററുകളിൽ ഒഴിവുവരുന്ന മുറയ്ക്ക് അതത് സമയത്തെ NCTE മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ച് ഒരു വർഷ കരാർ അടിസ്ഥാനത്തിലാണ് അദ്ധ്യാപകരെ നിയമിക്കുന്നത്. വൈസ് ചാൻസലറുടെ ഉത്തരവ് പ്രകാരം നിശ്ചിത ദിവസങ്ങളുടെ ഇടവേളയ്ക്കുശേഷം ഇവരുടെ കരാർ നിയമനം പുതുക്കി നൽകിവരികയാണ് ചെയ്യുന്നത്. NCTE 2014 മാർഗ്ഗനിർദ്ദേശം നിലവിൽ വന്നശേഷം മൂന്ന് അദ്ധ്യാപകരെ നിശ്ചിത യോഗ്യത ഇല്ലാത്തവരുടെ അഭാവം കാരണം ഈ സെന്ററുകളിൽ നിയമിച്ചിട്ടുണ്ട്.

(ജി) സ്വാശ്രയ ബി.എഡ്. കോളേജ് മാനേജ്മെന്റുകൾക്കുവേണ്ടി സർവ്വകലാശാല നേരിട്ട് നടത്തുന്ന ബി.എഡ്. സെന്ററുകളെ സർവ്വകലാശാല ഭരണാധികാരികൾ ബോധപൂർവ്വം തകർക്കുകയാണെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

<u>സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ അഡ്മിഷന് എൻട്രൻസ് പരീക്ഷ</u>

174(5298) <u>ശ്രീ. പി. ജെ. ജോസഫ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ അഡ്മിഷൻ കുറയുന്ന സാഹചര്യത്തിൽ പ്രവേശന പരീക്ഷാ സംവിധാനം തുടരുവാൻ ആലോചിക്കുന്നുണ്ടോ?

2022-23 അദ്ധ്യയന വർഷത്തെ പ്രൊഫഷണൽ ബിരുദ പ്രവേശനത്തിനുള്ള കീം പ്രവേശന പരീക്ഷ 2022 ജൂലൈ 4-ന് നടന്നിട്ടുണ്ട്. കീം പ്രവേശന പരീക്ഷ നിർത്തലാക്കുന്ന വിഷയം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

(ബി) അഡ്മിഷൻ കുറയുന്ന കോർ ബ്രാഞ്ചുകളിൽ വിദ്യാർത്ഥികളെ ആകർഷിക്കാൻ എന്ത് നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ; വിശദാംശം ലഭ്യമാക്കാമോ?

അതത് വിഷയുമായി ബന്ധപ്പെട്ട എ.പി.ജെ. അബ്ദുൾ കലാം സാങ്കേതിക സർവ്വകലാശാലയുടെ ബോർഡ് ഓഫ് സ്റ്റഡീസ് (BOS) നിർദ്ദേശങ്ങൾ അക്കാഡമിക് കൗൺസിൽ പരിഗണിച്ച് ഉചിതമായ നടപടികൾ സ്വീകരിക്കുന്നുണ്ട്.

<u>സർക്കാർ ഉടമസ്ഥയിൽ സിവിൽ സർവ്വീസ് അക്കാദമി</u>

175(5299) <u>ശ്രീമതി കാനത്തിൽ ജമീല</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിൽ നിലവിൽ സർക്കാർ ഉടമസ്ഥയിൽ സിവിൽ സർവ്വീസ് അക്കാദമി പ്രവർത്തിക്കുന്നുണ്ടോ?

പ്രവർത്തിക്കുന്നുണ്ട്.

(ബി) കോഴിക്കോട് ജില്ലയിൽ പുതിയ സിവിൽ സർവ്വീസ് അക്കാദമി തുടങ്ങുന്നതിന് ആലോചിക്കുന്നുണ്ടോ; വിശദവിവരങ്ങൾ നൽകാമോ?

കോഴിക്കോട് ജില്ലയിൽ പുതുതായി ഒരു സബ് സെന്റർകൂടി തുടങ്ങുന്നത് നിലവിൽ ആലോചനയിലില്ല.

<u>നിയമബിരുദ പഠനത്തിനായുള്ള എൻട്രൻസ് പരീക്ഷ</u>

176(5300) <u>ശ്രീ. മോൻസ് ജോസഫ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ വിവിധ സർവ്വകലാശാലകളിൽ നിയമബിരുദ പഠനത്തിനായുള്ള കേരള ല എൻട്രൻസ് എക്സാം 2022 ജൂലൈ മാസത്തിൽ

നടത്തുമെന്ന് പ്രഖ്യാപിച്ചിരുന്നത് മാറ്റിവയ്ക്കാനുണ്ടായ സാഹചര്യം എന്താണെന്ന് വ്യക്തമാക്കുമോ?

ഇന്റഗ്രേറ്റഡ് പഞ്ചവത്സര, ത്രിവത്സര എൽ.എൽ.ബി. പ്രവേശനത്തിനുള്ള പ്രോസ്പെക്ടസ് അംഗീകരിക്കുന്നതിനുള്ള റീ-വാമ്പ് കമ്മിറ്റി 13.06.2022-നാണ് കൂടിയത്. കമ്മിറ്റിയുടെ മിനിട്സ് 29.06.2022-ന് അംഗീകരിച്ചിരുന്നു. മിനിട്സിൽ അംഗീകരിച്ച മാറ്റങ്ങൾ ഉൾപ്പെടുത്തിയ ഇന്റഗ്രേറ്റഡ് പഞ്ചവത്സര, ത്രിവത്സര എൽ.എൽ.ബി. കോഴ്സിന്റെ പ്രോസ്പെക്ടസുകൾ അംഗീകരിക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു. 2021 അദ്ധ്യയന വർഷത്തെ പഞ്ചവത്സര എൽ.എൽ.ബി. പ്രവേശന പരീക്ഷ 11.08.2021-ലും ത്രിവത്സര എൽ.എൽ.ബി. കോഴ്സ് 12.08.2021-ലുമായാണ് നടത്തിയത്. ഓരോ അക്കാദമിക വർഷങ്ങളിലും എൽ.എൽ.ബി. കോഴ്സിന് നിഷ്കർഷിക്കുന്ന യോഗ്യത നേടുന്ന അവസാന പരീക്ഷാഫലം കാത്തിരിക്കുന്ന വിദ്യാർത്ഥികളും സമയബന്ധിതമായി നടത്തുന്ന പ്രവേശന പരീക്ഷകളിൽ പങ്കെടുക്കാറുണ്ട്. കൂടാതെ, മെഡിക്കൽ, എഞ്ചിനീയറിംഗ്, ആർക്കിടെക്ചർ പ്രൊഫഷണൽ ഡിഗ്രി കോഴ്സുകൾക്ക് സംസ്ഥാനത്തിലോ അഖിലേന്ത്യ തലത്തിലോ അലോട്ട്മെന്റ് നടപടികൾ

ഇതുവരെയും ആരംഭിച്ചിട്ടില്ല. ഈ കോഴ്സുകളിൽ, ആദ്യഘട്ട അലോട്ട്മെന്റുകൾ കഴിഞ്ഞതിനുശേഷമോ അതിനൊപ്പമോ ആണ് സാധാരണയായി എൽ.എൽ.ബി. കോഴ്സുകൾക്ക് അലോട്ട്മെന്റ് നടത്തുന്നത്. നിലവിലെ സാഹചര്യത്തിൽ അലോട്ട്മെന്റിന് ഏറ്റവും ഉചിതമായ സമയത്തുതന്നെ അലോട്ട്മെന്റ് നടത്താൻ സാധ്യമാകുംവിധം പ്രവേശന പരീക്ഷയും തുടർന്ന് പരീക്ഷാ ഫലപ്രഖ്യാപനവും നടത്തുവാനുള്ള തയ്യാറെടുപ്പുകൾ നടന്നുവരുന്നു.

(ബി) ഇപ്രകാരം ഇവിടെ എൻട്രൻസ് പരീക്ഷ മാറ്റിവയ്ക്കുന്നതുമൂലം ഇവിടെ അഡ്മിഷൻ ലഭിക്കാത്ത കുട്ടികൾക്ക്, അഡ്മിഷൻ നടപടികൾ നേരത്തേ പൂർത്തിയാകുന്ന മറ്റ് സംസ്ഥാനങ്ങളിലെ സർവ്വകലാശാലകളിൽ പ്രവേശനം നേടുന്നതിന് സാധിക്കാതെ വരുമെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ?

എൽ.എൽ.ബി. പ്രവേശന പരീക്ഷ മാറ്റി വച്ചതുമൂലം വിദ്യാർത്ഥികൾക്ക് മറ്റ് സംസ്ഥാനങ്ങളിലെ സർവ്വകലാശാലകളിൽ പ്രവേശനം നേടുന്നതിന് ബുദ്ധിമുട്ട് ഉണ്ടാകുന്നതായുള്ള പരാതികളൊന്നും ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

## സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളിലെ ഫീസ് തിരികെ ലഭിക്കുന്നതിന് നടപടി

177(5301) ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ):
ശ്രീ. എ. പി. അനിൽ കുമാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021-22-ൽ കീം എൻട്രൻസ് പരീക്ഷ മുഖേന സ്വാശ്രയ എഞ്ചിനീയറിംഗ് കോഴ്സിൽ പ്രവേശനം നേടിയതിനുശേഷം നഴ്സിംഗ് അഡ്മിഷൻ ലഭിച്ച കുട്ടികൾക്ക് പ്രസ്തുത കോളേജിൽ അടച്ച ഫീസ് തിരികെ നൽകേണ്ടതില്ല എന്ന ഉത്തരവ് നിലവിലുണ്ടോ; എങ്കിൽ അതിന്റെ പകർപ്പ് നൽകാമോ?

സംസ്ഥാനത്തെ സ്വകാര്യ സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജ് മാനേജ്മെന്റുകളുമായി സർക്കാർ തലത്തിലുള്ള കരാറിലേയും AICTE അപ്രൂവൽ ഹാന്റ് ബുക്ക് 2021-22-ലേയും ഫീസ് റീഫണ്ട് വ്യവസ്ഥകൾ അനുസരിച്ചാണ് സ്വകാര്യ സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളിൽ പ്രവേശനം ലഭിച്ചശേഷം വിടുതൽ വാങ്ങിയ വിദ്യാർത്ഥികൾക്ക് ഫീസ് റീഫണ്ടിനുള്ള അർഹത നിശ്ചയിക്കുന്നത്. AICTE-യുടെ 2021-22

അക്കാദമിക് കലണ്ടർ അനുസരിച്ച് 2021 നവംബർ 25 വരെ ഫുൾ ഫീസ് റീഫണ്ടോടുകൂടി വിദ്യാർത്ഥികൾക്ക് വിടുതൽ വാങ്ങാൻ അവസരം ഉണ്ടായിരുന്നു. നവംബർ 25-നുശേഷം അഡ്മിഷന്റെ അവസാന ദിനമായ 2021 നവംബർ 30-നുള്ളിൽ വിടുതൽ വാങ്ങുന്ന വിദ്യാർത്ഥികൾക്ക് ഒഴിവുവന്ന സീറ്റുകളിലേയ്ക്ക് പകരം പ്രവേശനം നടക്കുകയാണെങ്കിൽ വിടുതൽ വാങ്ങിയ വിദ്യാർത്ഥിക്ക് ഫുൾ ഫീ റീഫണ്ടിന് അർഹതയുണ്ട്.

(ബി) കീം പ്രവേശന നടപടികൾ അവസാനിച്ച 2021 നവംബർ 30-നുശേഷമാണ് എൽ.ബി.എസ്. വഴിയുള്ള നഴ്സിംഗ് അലോട്ട്മെന്റ് പ്രക്രിയ നടന്നതെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നഴ്സിംഗ് അലോട്ട്മെന്റ് 26.11.2021 മുതൽ 06.04.2022 വരെയാണ് നടന്നത്.

(സി) നഴ്സിംഗ് അലോട്ട്മെന്റ് നടപടികൾ വൈകിയത് കാരണം പ്രസ്തുത കോളേജിൽ പ്രവേശനം നേടിയതിനുശേഷം വിടുതൽ നേടുന്നതിന് വിദ്യാർത്ഥികൾക്ക് കാലതാമസം നേരിട്ടു എന്ന വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) നഴ്സിംഗ് പ്രവേശനം ലഭിച്ചതിനുശേഷം സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജിൽനിന്നും വിടുതൽ ചെയ്ത വിദ്യാർത്ഥികൾക്ക് അവർ അടച്ച ഫീസ് തിരിച്ച് നൽകുന്നതിന് നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം നൽകാമോ?

കീം-ന്റെ ഭാഗമായുള്ള എഞ്ചിനീയറിംഗ് കോഴ്സുകളിലേയ്ക്കുള്ള പ്രവേശനത്തിന് പ്രോസ്പെക്ടസ് വ്യവസ്ഥകളും പ്രവേശനവുമായി ബന്ധപ്പെട്ട് പുറപ്പെടുവിക്കുന്ന വിജ്ഞാപനത്തിലെ വ്യവസ്ഥകളുമാണ് ബാധകമായിട്ടുള്ളത്. നിശ്ചിത തീയതിക്കകം വിടുതൽ വാങ്ങുന്ന വിദ്യാർത്ഥികൾക്ക് അതിൻപ്രകാരം അടച്ച ഫീസ് മടക്കി നൽകുന്നുണ്ട്.

## സ്കിൽ ലോൺ

178(5302) ശ്രീ. എം. എം. മണി:
ശ്രീ. എം. എസ്. അരുൺ കുമാർ:
ശ്രീ. ആന്റണി ജോൺ:
ശ്രീ. ലിന്റോ ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിദ്യാർത്ഥികൾക്കും ഉദ്യോഗാർത്ഥികൾക്കും ഇഷ്ടതൊഴിൽ മേഖലയിൽ അധിക നൈപുണ്യം നേടുന്നതിനായി ജാമ്യമോ

ഈടോ ഇല്ലാതെ വായ്പ നൽകുന്നതിനായി പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

സംസ്ഥാനത്തെ വിദ്യാർത്ഥികൾക്കും ഉദ്യോഗാർത്ഥികൾക്കും ഇഷ്ടമുള്ള തൊഴിൽ മേഖലയിൽ അധിക നൈപുണ്യം നേടുന്നതിന് അസാപ് കേരള വിവിധ തരത്തിലുള്ള നൈപുണ്യ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നുണ്ട്. ഇത്തരം നൈപുണ്യ പദ്ധതികളിൽ പ്രവേശനം നേടാൻ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന വിദ്യാർത്ഥികൾക്ക് സാമ്പത്തിക സഹായം നൽകുന്നതിന് കാനറാ ബാങ്കുമായി ചേർന്നുകൊണ്ട് സ്കിൽ ലോൺ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. പ്രസ്തുത സ്കിൽ ലോൺ വിദ്യാർത്ഥിയുടെയും രക്ഷിതാവിന്റെയും ജോയിന്റ് അക്കൗണ്ടിന്മേൽ യാതൊരുവിധ ജാമ്യവും ഈടാക്കാതെ നൽകിവരുന്നു.

(ബി) പ്രസ്തുത പദ്ധതി പ്രകാരം ദേശീയ നൈപുണ്യ യോഗ്യതാ ചട്ടക്കൂട് പ്രകാരവും ദേശീയ നൈപുണ്യ വികസന കോർപ്പറേഷന്റെ ആഭിമുഖ്യത്തിലും നടത്തപ്പെടുന്ന കോഴ്സുകളിൽ ചേർന്നുപഠിക്കുന്നതിന് ധനസഹായം ലഭ്യമാക്കുമോ?

അസാപും കാനറാ ബാങ്കുമായി സഹകരിച്ച് ആവിഷ്കരിച്ചിട്ടുള്ള സ്കിൽ ലോൺ NSQF ചട്ടക്കൂടിനുള്ളിൽ ഉൾപ്പെട്ടിട്ടുള്ള എല്ലാ കോഴ്സുകൾക്കും ലഭ്യമാണ്.

(സി) പ്രസ്തുത പദ്ധതിയിൻകീഴിൽ നൈപുണ്യ പരിശീലനം തേടുന്ന വിദ്യാർത്ഥികൾക്കും ഉദ്യോഗാർത്ഥികൾക്കും അനുവദിക്കുന്ന തിരിച്ചടവ് കാലാവധി എത്രയാണ്; വിശദമാക്കുമോ?

വായ്പയുടെ തിരിച്ചടവ് കാലാവധി താഴെപ്പറയും പ്രകാരമാണ്.

50,000 രൂപ വരെയുള്ള വായ്പകൾ – 3 വർഷം വരെ (മൊറട്ടോറിയം കാലയളവിന് ശേഷം)

50,000 മുതൽ 1 ലക്ഷം വരെയുള്ള വായ്പകൾ – 5 വർഷം വരെ (മൊറട്ടോറിയം കാലയളവിന് ശേഷം)

1 ലക്ഷം രൂപയ്ക്ക് മുകളിലുള്ള വായ്പകൾ – 7 വർഷം വരെ (മൊറട്ടോറിയം കാലയളവിന് ശേഷം)

(ഡി) നിലവിൽ വിദ്യാഭ്യാസ ലോൺ എടുത്തിട്ടുള്ള വിദ്യാർത്ഥികൾക്ക് ഈ പദ്ധതിയിലൂടെ ധനസഹായം ലഭ്യമാകുമോ; വ്യക്തമാക്കുമോ?

അധിക നൈപുണ്യം ആർജ്ജിക്കുന്നതിലേയ്ക്കായി വിദ്യാഭ്യാസ ലോൺ എടുത്തിട്ടുള്ള വിദ്യാർത്ഥികൾക്കും ധനസഹായം ലഭ്യമാണ്.

അസാപ് പരിശീലന കേന്ദ്രങ്ങൾ

179(5303)ഡോ. എൻ. ജയരാജ്:
ശ്രീ. ജോബ് മൈക്കിൾ:
ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ:
ശ്രീ. പ്രമോദ് നാരായൺ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നടപ്പിലാക്കിവരുന്ന അഡീഷണൽ സ്കിൽ അക്വിസിഷൻ പ്രോഗ്രാമിന്റെ ലക്ഷ്യങ്ങൾ വിശദമാക്കുമോ?

കേരളത്തിലെ യുവജനങ്ങൾക്ക് നഗര-ഗ്രാമ വ്യത്യാസമില്ലാതെ പുതുതലമുറ നൈപുണ്യ കോഴ്സുകളിൽ പരിശീലനം നൽകി അവരുടെ തൊഴിൽക്ഷമത വർദ്ധിപ്പിക്കുകയും അതുവഴി രാജ്യത്തിനകത്തും പുറത്തുമുള്ള തൊഴിലവസരങ്ങൾ കരഗതമാക്കാൻ യുവതലമുറയെ പ്രാപ്തരാക്കുകയും ചെയ്യുകയെന്ന ലക്ഷ്യത്തോടെ പ്രവർത്തിക്കുന്ന ഒരു സമഗ്ര നൈപുണ്യ പരിശീലന സംരംഭമാണ് അഡീഷണൽ സ്കിൽ അക്വിസിഷൻ പ്രോഗ്രാം കേരള (അസാപ് കേരള).

ഉന്നതവിദ്യാഭ്യാസ വകുപ്പിന്റെ സംരംഭമായ അസാപ് കേരള വിദ്യാർത്ഥികളെയും പൊതുജനങ്ങളെയും അവരുടെ തൊഴിൽക്ഷമത മെച്ചപ്പെടുത്തുന്നതിനുള്ള കഴിവുകൾ പരിശീലിപ്പിക്കുന്നതിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നു.

കേന്ദ്രസർക്കാരിന്റെ ദേശീയ നൈപുണ്യ ഏജൻസികളുമായി സഹകരിച്ച് NSQF കോഴ്സുകൾ വികസിപ്പിക്കുന്നതിനും വ്യവസായങ്ങളുമായി ചർച്ചകൾ സംഘടിപ്പിച്ച് വ്യാവസായിക ആവശ്യങ്ങൾക്കനുസൃതമായ തൊഴിലവസരങ്ങൾ മനസ്സിലാക്കി അത്തരം കോഴ്സുകൾ വികസിപ്പിക്കുന്നതിനും അസാപ് കേരള ലക്ഷ്യമിടുന്നു. കേരള നോളജ് ഇക്കോണമി മിഷന്റെ പരിശീലന പങ്കാളി എന്ന നിലയിൽ തൊഴിലില്ലായ്മ പരിഹരിക്കുന്നതിന് അധിക നൈപുണ്യ കോഴ്സുകൾ വികസിപ്പിക്കുന്നതിനും പരിശീലനം നൽകാനും അസാപ് കേരള ലക്ഷ്യമിടുന്നു.

(ബി) പ്രസ്തുത പദ്ധതി പ്രത്യേക പരിശീലനകേന്ദ്രങ്ങൾ മുഖേനയാണോ അഥവാ നിലവിലുള്ള എഞ്ചിനീയറിംഗ്, പോളിടെക്നിക് കോളേജുകൾ എന്നിവയോട് ചേർന്നാണോ നടപ്പിലാക്കുന്നതെന്ന്

വിശദമാക്കുമോ; പ്രസ്തുത പദ്ധതിക്കായുള്ള പരിശീലന കേന്ദ്രങ്ങൾ എവിടെയെല്ലാമാണ് സ്ഥാപിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

സർക്കാർ ഹയർ സെക്കൻഡറി സ്കൂളുകളിലും ആർട്സ് ആൻഡ് സയൻസ് കോളേജുകളിലും പ്രവർത്തിക്കുന്ന 121 സ്കിൽ ഡെവലപ്മെന്റ് സെന്ററുകൾ, 99 എഞ്ചിനീയറിംഗ് കോളേജുകളിലും 45 പോളിടെക്നിക് കോളേജുകളിലുമായി പ്രവർത്തിക്കുന്ന അഡ്വാൻസ്ഡ് സ്കിൽ ഡെവലപ്മെന്റ് സെന്ററുകൾ, വിവിധ ജില്ലകളിൽ സ്ഥാപിച്ചിട്ടുള്ള 16 കമ്മ്യൂണിറ്റി സ്കിൽ പാർക്കുകൾ എന്നിവിടങ്ങളിലൂടെയാണ് കേരളത്തിലെ നൈപുണ്യ വികസന പ്രവർത്തനങ്ങൾ അസാപ് ഏകോപിപ്പിക്കുന്നത്.

കൂടാതെ, വിവിധ എഞ്ചിനീയറിംഗ്, പോളിടെക്നിക് കോളേജുകളോടൊപ്പം ചേർന്നും പരിശീലന പദ്ധതികൾ നടപ്പിലാക്കിവരുന്നു.

(സി) വ്യവസായ മേഖലയുടെ ആവശ്യങ്ങൾക്കനുസൃതമായി, തൊഴിൽ മേഖലയ്ക്കായി പഠിതാക്കളെ സജ്ജരാക്കുന്ന എന്തെല്ലാം കർമ്മപദ്ധതികൾ അസാപിലൂടെ നടപ്പിലാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

സംസ്ഥാനത്തെ ഒരു വിജ്ഞാനസമൂഹമായി മാറ്റുന്നതിന്റെ ഭാഗമായി അഡീഷണൽ സ്കിൽ അക്വിസിഷൻ പ്രോഗ്രാം കേരള മുഖാന്തരം അനവധി നൂതന കോഴ്സുകൾ ലഭ്യമാക്കുന്നു. പ്രമുഖ വ്യവസായ സ്ഥാപനങ്ങളുടെ പങ്കാളിത്തത്തോടെ ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ആന്റ് മെഷീൻ ലേണിംഗ്, സൈബർ സെക്യൂരിറ്റി, ഡ്രോൺ ടെക്നോളജി, ഗ്രാഫിക്സ് ഡിസൈനർ, ഡിപ്ലോമ ഇൻ ബാങ്കിംഗ് & ഫിനാൻസ്, വിദേശ ഭാഷകൾ തുടങ്ങിയ 133-ഓളം കോഴ്സുകൾ ഇത്തരത്തിൽ ലഭ്യമാണ്. ഈ കോഴ്സുകൾ പഠിതാക്കളിൽ ഹയർ ഓർഡർ ഇൻഡസ്ട്രി റെലവന്റ് സ്കിൽസ് (Higher Order Industry Relevant Skills) നൽകി അവരുടെ തൊഴിൽ സാധ്യതകൾ വർദ്ധിപ്പിക്കുവാൻ സഹായിക്കുന്നു.

ഇൻഡസ്ട്രിയുമായി ചേർന്ന് അസാപിന്റെ കമ്മ്യൂണിറ്റി സ്കിൽ പാർക്കുകൾ വഴിയും മറ്റു സെന്ററുകൾ വഴിയും പരിശീലനം നൽകി അവരെ ഗിഗ് ഇക്കോണമി വഴി ജോലി നൽകുവാനുള്ള കോഴ്സുകൾ (work near home) നൽകുന്നുണ്ട്. അതോടൊപ്പം ആരോഗ്യ മേഖലയിലും ടെക്നിക്കൽ രംഗത്തും വർദ്ധിച്ചുവരുന്ന വിദേശ തൊഴിലവസരങ്ങളെ

കണക്കിലെടുത്തുകൊണ്ട് വിദേശഭാഷാ പരിശീലനവും അസാപ് നൽകിവരുന്നു.

അസാപിന്റെ 'ഷീ സ്കിൽസ്' പ്രോഗ്രാമിലൂടെ നിരവധി സ്ത്രീകൾക്ക് തൊഴിൽ കണ്ടെത്താൻ കഴിഞ്ഞിട്ടുണ്ട്.

ഗ്രാമീണ യുവതയ്ക്കായി നടപ്പിലാക്കിയിട്ടുള്ള ഗ്രാഫിക് ഡിസൈനർ കോഴ്സ് വിദ്യാർത്ഥികളെ ഉയർന്ന വിഷ്വൽ ഇംപാക്ടുള്ള പരസ്യങ്ങൾ, ബ്രോഷറുകൾ, മാഗസിനുകൾ, കോർപ്പറേറ്റ് റിപ്പോർട്ടുകൾ തുടങ്ങിയ ലേഔട്ടുകളും ആപ്ലിക്കേഷനുകളും വികസിപ്പിക്കാൻ പ്രാപ്തരാക്കുന്നു. 8 പോളിടെക്നിക് കോളേജുകളിലായി 29 'ഇൻഡസ്ട്രി ഓൺ ക്യാംപസ്' യൂണിറ്റുകൾ പ്രവർത്തിച്ചുതുടങ്ങിയിട്ടുണ്ട്.

തൊഴിൽ മേഖലകളിൽ അംഗീകൃത നൈപുണ്യപരിശീലനം നൽകുന്നതിനായി അസാപ്-ഉം പോളിടെക്നിക് കോളേജുകളും വ്യവസായ സ്ഥാപനങ്ങളുമായി സഹകരിച്ച് കമ്മ്യൂണിറ്റി കോളേജുകൾ ആരംഭിക്കാനും തീരുമാനമെടുത്തിട്ടുണ്ട്.

പ്രമുഖ ഐ.ടി. സ്ഥാപനങ്ങളുമായി സഹകരിച്ച് 'വായനാശാല' എന്ന ആശയം നടപ്പിലാക്കുകയും വ്യവസായ മേഖലകളിൽനിന്നുള്ള

പ്രഗത്ഭരുമായി സംവദിക്കുന്നതിനും അവസരമൊരുക്കുന്നതിനായി അസാപ് സെല്ലുകൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

അസാപ് ആരംഭിച്ച പ്ലേസ്മെന്റ് പോർട്ടൽ തൊഴിൽ ദാതാക്കൾക്ക് ഒരു വെർച്വൽ റിക്രൂട്ട്മെന്റിനുള്ള ഉപാധിയായി മാറാനും ഉദ്യോഗാർത്ഥികൾക്ക് ഫോർച്യൂൺ 500 കാറ്റഗറിയിൽപ്പെടുന്ന മൾട്ടി നാഷണൽ കമ്പനികളിൽ ജോലിയിൽ പ്രവേശിക്കാനും അവസരമൊരുക്കുന്നതിന് സാധിച്ചു. സംസ്ഥാനത്തെ നഴ്സുമാരുടെ തൊഴിൽക്ഷമത വർദ്ധിപ്പിക്കുന്നതിനായി ഭാഷാ പരിശീലനം, ക്ലിനിക്കൽ പരിശീലനം, യു.കെ.-യിൽ പ്ലേസ്മെന്റ് എന്നിങ്ങനെ മൂന്ന് ഭാഗങ്ങൾ ഉൾപ്പെടുന്ന പരിശീലനവും അസാപ് വഴി നൽകിവരുന്നു.

കൂടാതെ, ഫിഷറീസ് വകുപ്പുമായി ചേർന്ന് മത്സ്യത്തൊഴിലാളി കുടുംബങ്ങളിലെ ബിരുദധാരികളായ 30 യുവതികൾക്ക് ഡിജിറ്റൽ മീഡിയ ആന്റ് മാർക്കറ്റിംഗ് കോഴ്സിൽ അസാപ് നൈപുണ്യ പരിശീലനവും നൽകിവരുന്നു.

(ഡി) വിദേശ ഭാഷകൾ പഠിപ്പിക്കുന്നതിനുള്ള ബഹുഭാഷാ പരിശീലന കേന്ദ്രങ്ങൾ പ്രസ്തുത പദ്ധതിയിലൂടെ ലക്ഷ്യമിടുന്നുണ്ടോയെന്നും

ആയത് പ്രാവർത്തികമാക്കിയിട്ടുണ്ടോയെന്നും വ്യക്തമാക്കുമോ; വിശദാംശം നൽകുമോ?

ഉണ്ട്; കമ്മ്യൂണിറ്റി സ്കിൽ പാർക്കുകളിൽ ജാപ്പനീസ്, ജർമ്മൻ, ഫ്രഞ്ച് തുടങ്ങിയ വിദേശ ഭാഷകളിലെ പരിശീലനം നൽകിയിട്ടുണ്ട്. 21 ബാച്ചുകളിലായി 509 വിദ്യാർത്ഥികൾ പരിശീലനം പൂത്തിയാക്കിയിട്ടുണ്ട്.

മുതിർന്ന പൗരന്മാർക്കിടയിലെ ആത്മഹത്യ

180(5304) ശ്രീമതി കെ. കെ. രമ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 2016-നുശേഷം ആത്മഹത്യ ചെയ്ത മുതിർന്ന പൗരന്മാരുടെ എണ്ണം ജില്ല തിരിച്ച് വ്യക്തമാക്കുമോ?

സംസ്ഥാനത്ത് 2016-നുശേഷം ആത്മഹത്യ ചെയ്ത മുതിർന്ന പൗരന്മാരുടെ എണ്ണം സംബന്ധിച്ചുള്ള വിവരം ശേഖരിച്ചുവരുന്നു.

(ബി) സംസ്ഥാനത്ത് നിലവിലുള്ള വൃദ്ധസദനങ്ങളുടെ എണ്ണവും അതിൽ സർക്കാർ നേരിട്ട് നടത്തുന്ന വൃദ്ധസദനങ്ങളുടെ എണ്ണവും ജില്ല തിരിച്ച് വ്യക്തമാക്കുമോ?

സംസ്ഥാനത്ത് നിലവിലുള്ള വൃദ്ധസദനങ്ങളുടെ എണ്ണവും സർക്കാർ നേരിട്ട് നടത്തുന്ന വൃദ്ധസദനങ്ങളുടെ എണ്ണവും അനുബന്ധമായി ചേർക്കുന്നു.+

(സി) സംസ്ഥാനത്ത് 2016 മുതൽ നാളിതുവരെയുള്ള കാലയളവിൽ മുതിർന്ന പൗരന്മാരുടെ ആത്മഹത്യാ നിരക്കിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ഡി) എങ്കിൽ പ്രസ്തുത വർദ്ധനവിനുള്ള കാരണങ്ങൾ എന്തെല്ലാമാണെന്നാണ് സർക്കാർ കണ്ടെത്തിയിട്ടുള്ളതെന്ന് വിശദമാക്കുമോ?

(സി&ഡി) വിവരം ശേഖരിച്ചുവരുന്നു.

## എൽഡർ ലൈൻ പദ്ധതി

181(5305) ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുതിർന്ന പൗരന്മാരുടെ ക്ഷേമത്തിനായി ആരംഭിച്ച എൽഡർ ലൈൻ പദ്ധതിയുടെ വിശദാംശം ലഭ്യമാക്കുമോ?

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

മുതിർന്ന പൗരന്മാർക്കുവേണ്ടി ആരംഭിച്ച പരാതി പരിഹാര സംവിധാനമാണ് നാഷണൽ ഹെൽപ് ലൈൻ ഫോർ സീനിയർ സിറ്റിസൺസ് അഥവാ എൽഡർ ലൈൻ. കേന്ദ്ര സർക്കാർ പദ്ധതിയായ NAPSrC (National Action Plan for Senior Citizens)-യുടെ ഭാഗമായി പൂർണ്ണമായും കേന്ദ്ര സർക്കാർ ഫണ്ട് അനുവദിച്ച് പ്രവർത്തിച്ചുവരുന്ന എൽഡർ ലൈൻ പദ്ധതി കേരളത്തിൽ സാമൂഹ്യനീതി വകുപ്പ് നേരിട്ട് നടപ്പിലാക്കിവരുന്നു. ആയതിന്റെ സ്റ്റേറ്റ് ഓഫീസ് തിരുവനന്തപുരം പൂജപ്പുരയിൽ പ്രവർത്തിച്ചുവരുന്നു.

എൽഡർ ലൈൻ മുഖേന മുതിർന്ന പൗരന്മാർക്ക് ഏത് സേവനങ്ങൾക്കും 14567 എന്ന ടോൾ ഫ്രീ നമ്പറിൽ രാവിലെ 8 മണിക്കും രാത്രി 8 മണിക്കും ഇടയിൽ ബന്ധപ്പെടാവുന്നതാണ്. രാത്രി 8 മണിക്കുശേഷം രാവിലെ 8 മണി വരെ വരുന്ന കാളുകൾ എൽഡർ ലൈൻ ഓഫീസിൽനിന്നും തിരിച്ചുവിളിക്കുകയും വേണ്ട സേവനങ്ങൾ എത്തിച്ചുനൽകുകയും ചെയ്യുന്നു. ഹെൽപ് ലൈനിലേയ്ക്ക് വരുന്ന കാളുകൾ കൈകാര്യം ചെയ്യുന്ന 10 കാൾ ഓഫീസർമാരും നേരിട്ടുള്ള ഇടപെടൽ ആവശ്യമെങ്കിൽ രണ്ട് ജില്ലകൾക്ക്

ഒരു ഫീൽഡ് റെസ്പോൺസ് ഓഫീസർ എന്ന നിലയ്ക്ക് സംസ്ഥാനത്ത് ആകെ 7 ഫീൽഡ് റെസ്പോൺസ് ഓഫീസർമാരെയും നിയമിച്ചിട്ടുണ്ട്.

എൽഡർ ലൈൻ മുഖേന നൽകിവരുന്ന സേവനങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

(ബി) പ്രസ്തുത പദ്ധതി എന്നുമുതലാണ് ആരംഭിച്ചതെന്നും പുതുതായി എന്തെല്ലാം ക്ഷേമപ്രവർത്തനങ്ങളാണ് പ്രസ്തുത പദ്ധതി മുഖേന നടപ്പിലാക്കിവരുന്നതെന്നും വ്യക്തമാക്കുമോ?

എൽഡർ ലൈൻ 2021 നവംബർ 1 മുതൽ ഔദ്യോഗികമായി പ്രവർത്തിച്ചുവരുന്നു.

നാളിതുവരെയായി 28,382 മുതിർന്ന പൗരന്മാർ എൽഡർ ലൈൻ പദ്ധതിയുടെ സേവനങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്. ഇതിൽ ഫീൽഡുതല സഹായം ആവശ്യമായ 2174 കേസുകൾ നേരിട്ട് അന്വേഷിക്കുകയും വേണ്ട സഹായങ്ങൾ എത്തിച്ചുനൽകുകയും ചെയ്തിട്ടുണ്ട്. വയോജനങ്ങൾക്ക് ലഭ്യമാകേണ്ട വിവിധ സേവനങ്ങൾ അവർക്ക് ലഭിക്കുന്നതിനുള്ള സഹായ കേന്ദ്രമായാണ് എൽഡർ ലൈൻ പ്രവർത്തിച്ചുവരുന്നത്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പോലീസ്, ആരോഗ്യ വകുപ്പ്, ലീഗൽ സർവീസ്, റവന്യൂ ഓഫീസർ, ഓൾഡ് ഏജ് ഹോം, മെയിന്റനൻസ് ട്രൈബ്യൂണൽ, സി.ഡി.പി.ഒ., സീനിയർ സിറ്റിസൺ അസോസിയേഷൻ, ജില്ലാ സാമൂഹ്യനീതി ഓഫീസർമാർ, പെൻഷൻ ഡിസ്ബേർസിംഗ് അതോറിറ്റി, പഞ്ചായത്ത്, കുടുംബശ്രീ, റെസിഡന്റ് വെൽഫെയർ അസോസിയേഷൻസ്, പാരാ ലീഗൽ വോളന്റിയർ, ആശ വർക്കർ, വാർഡ് മെമ്പർ, സന്നദ്ധസേന തുടങ്ങിയവരിൽനിന്നും വിവരശേഖരണം നടത്തിയും ബന്ധപ്പെട്ട എല്ലാ വകുപ്പുകളുടെയും സംയുക്ത സഹകരണത്തോടെയുമാണ് ഹെൽപ്പ് ലൈൻ പ്രവർത്തിക്കുന്നത്.

<u>സാമൂഹ്യ സുരക്ഷാ മിഷനു കീഴിലെ സ്കീമുകളും പ്രോഗ്രാമുകളും</u>

182(5306) <u>ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യ സുരക്ഷാ മിഷന് കീഴിലുള്ള സ്കീമുകളുടെയും പ്രോഗ്രാമുകളുടെയും വിശദവിവരം ലഭ്യമാക്കാമോ; ഇവയുടെ ഫണ്ട് വിനിയോഗത്തെക്കുറിച്ച് വ്യക്തമാക്കാമോ?

കേരള സാമൂഹ്യ സുരക്ഷാ മിഷന് കീഴിലുള്ള സ്കീമുകളുടെയും പ്രോഗ്രാമുകളുടെയും വിശദവിവരം, ഫണ്ട് വിനിയോഗം എന്നിവ അനുബന്ധം ആയി ചേർക്കുന്നു.+

(ബി) ഈ സ്കീമുകളിൽ ഓരോന്നിനും അപേക്ഷിക്കുവാനുള്ള മാനദണ്ഡങ്ങൾ വിശദമാക്കാമോ; ഓരോന്നിനും 2020-21, 2021-22 കാലയളവിൽ ലഭിച്ച അപേക്ഷകളുടെ എണ്ണം ജില്ല തിരിച്ച് അറിയിക്കാമോ;

(സി) പ്രസ്തുത അപേക്ഷകളിന്മേൽ സഹായം ലഭ്യമാക്കിയത് എത്രയെന്നും ഇനി സഹായം ലഭ്യമാക്കേണ്ടത് എത്രയെന്നും വ്യക്തമാക്കാമോ?

(ബി&സി) സാമൂഹ്യ സുരക്ഷാ മിഷന് കീഴിലുള്ള സ്കീമുകളിൽ ഓരോന്നിനും അപേക്ഷിക്കുവാനുള്ള മാനദണ്ഡങ്ങളും 2020-21, 2021-22 കാലയളവിൽ ലഭിച്ച അപേക്ഷകളുടെ വിശദാംശവും അപേക്ഷകളിൻമേൽ സഹായം ലഭ്യമാക്കിയത് എത്രയെന്നും ഇനി സഹായം ലഭ്യമാക്കേണ്ടത് എത്രയെന്നുമുള്ള വിശദാംശങ്ങൾ അനുബന്ധം ആയി ചേർക്കുന്നു.+

## ഫോസ്റ്റർ കെയർ പദ്ധതി

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

183(5307) <u>ശ്രീ. അനൂപ് ജേക്കബ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഫോസ്റ്റർ കെയർ അനുമതിയുമായി ബന്ധപ്പെട്ട് നിലവിലുള്ള നിയമങ്ങളും ചട്ടങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

ബാലനീതി നിയമം 2015, ബാലനീതി മാതൃക ചട്ടങ്ങൾ 2016, കേന്ദ്ര സർക്കാരിന്റെ മോഡൽ ഗൈഡ്‌ലൈൻ ഫോർ ഫോസ്റ്റർ കെയർ 2016, സംസ്ഥാന സർക്കാരിന്റെ ഗൈഡ്‌ലൈൻ G.O. (P) No. 1/2022/WCDD തീയതി 10.01.2022 എന്നിവ പ്രകാരമാണ് സംസ്ഥാനത്ത് ഫോസ്റ്റർ കെയർ പദ്ധതി നടപ്പിലാക്കി വരുന്നത്.

(ബി) ഫോസ്റ്റർ കെയർ അനുമതിക്കായി അപേക്ഷിക്കുന്നവരുടെ എണ്ണത്തിലുണ്ടാകുന്ന വർദ്ധനവിന്റെ കാരണങ്ങൾ സംബന്ധിച്ച് സർക്കാർ വിലയിരുത്തൽ നടത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

ഫോസ്റ്റർ കെയറിന്റെ അനുമതിക്കായി അപേക്ഷിക്കുന്നവരുടെ എണ്ണത്തിൽ വർദ്ധനവുണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) ഫോസ്റ്റർ കെയർ പദ്ധതിയിലൂടെ ഏറ്റെടുക്കപ്പെടുന്ന കുട്ടികൾക്ക് സർക്കാർ ധനസഹായം നൽകിവരുന്നുണ്ടോ; ഉണ്ടെങ്കിൽ എത്ര തുകയാണ് നൽകുന്നതെന്ന് വ്യക്തമാക്കുമോ?

ഉണ്ട്. ഫോസ്റ്റർ കെയർ പദ്ധതിക്കായി ഐ.സി.പി.എസ്. മാർഗ്ഗരേഖ പ്രകാരം ഓരോ കുട്ടിക്കും 2,000 രൂപ പ്രതിമാസ നിരക്കിൽ ആവശ്യപ്പെടുന്ന മുറയ്ക്ക് നൽകിവരുന്നു. കൂടാതെ കിൻഷിപ്പ് ഫോസ്റ്റർ കെയർ പദ്ധതിയിലൂടെ ഒരു കുട്ടിക്ക് 2,000 രൂപ പ്രതിമാസ നിരക്കിൽ നൽകിവരുന്നുണ്ട്.

(ഡി) പ്രസ്തുത പദ്ധതിയിലൂടെ ഏറ്റെടുക്കപ്പെടുന്ന കുട്ടികളുടെ സുരക്ഷ ഉറപ്പാക്കുന്നതിനായി വകുപ്പുതലത്തിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ?

ബാലനീതി നിയമം 2015 പ്രകാരം സംസ്ഥാനത്തെ ഫോസ്റ്റർ കെയർ പദ്ധതിയുടെ നോഡൽ അതോറിറ്റി അതത് ജില്ലാ ശിശുസംരക്ഷണ യൂണിറ്റാണ്. ഫോസ്റ്റർ കെയറിനായി അപേക്ഷകൾ ജില്ലാ ശിശുസംരക്ഷണ യൂണിറ്റിൽ ലഭ്യമാകുന്ന മുറയ്ക്ക് ജില്ലാ ശിശുസംരക്ഷണ യൂണിറ്റിലെ പ്രൊട്ടക്ഷൻ ഓഫീസർ/സോഷ്യൽ വർക്കർ അന്വേഷണം

നടത്തുകയും കുട്ടിക്ക് സുരക്ഷിതമായി ജീവിക്കാൻ കഴിയുന്ന സാഹചര്യമുണ്ടെന്ന് കണ്ടെത്തുന്ന സാഹചര്യത്തിൽ മാത്രമാണ് കുട്ടിയെ ചൈൽഡ് വെൽഫെയർ കമ്മിറ്റിയുടെ ഉത്തരവ് പ്രകാരം ഫോസ്റ്റർ കെയറിനായി നൽകുന്നത്. തുടർന്ന് ഫോസ്റ്റർ കെയറിന് നൽകിയ കുട്ടിയുടെ സാഹചര്യം ജില്ലാ ശിശുസംരക്ഷണ ഓഫീസിലെ ജീവനക്കാർ കൃത്യമായ ഇടവേളകളിൽ അന്വേഷണം നടത്തുകയും കുട്ടി സുരക്ഷിതമല്ലായെന്ന് ബോദ്ധ്യപ്പെടുന്നപക്ഷം കുട്ടിയെ തിരികെ ചൈൽഡ് വെൽഫെയർ കമ്മിറ്റിയിൽ ഹാജരാക്കുകയും ചെയ്യുന്നു.

<u>സാമൂഹ്യനീതി വകുപ്പ് വഴി നടപ്പിലാക്കുന്ന പദ്ധതികൾ</u>

184(5308) <u>ശ്രീ. പി. ബാലചന്ദ്രൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യനീതി വകുപ്പ് വഴി സംസ്ഥാനത്ത് ഏതെല്ലാം പദ്ധതികളാണ് നടപ്പിലാക്കിക്കൊണ്ടിരിക്കുന്നതെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത പദ്ധതികളുടെ മാനദണ്ഡങ്ങൾ വിശദമാക്കാമോ?

(എ&ബി) സാമൂഹ്യനീതി വകുപ്പും വകുപ്പിന് കീഴിലെ സ്ഥാപനങ്ങളും സംസ്ഥാനത്ത് നടപ്പാക്കിവരുന്ന പദ്ധതികളും അതിന്റെ മാനദണ്ഡങ്ങളും അനുബന്ധം ആയി ചേർത്തിരിക്കുന്നു.+

## വി-കെയർ പദ്ധതി

185(5309) ശ്രീ. ടി. ഐ. മധുസൂദനൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വി-കെയർ പദ്ധതിയിൽ ഉൾപ്പെടുത്തി ചികിത്സാ ധനസഹായം അനുവദിക്കുന്നതിനുള്ള നടപടിക്രമങ്ങൾ വ്യക്തമാക്കാമോ?

വി-കെയറിൽ ലഭിക്കുന്ന അപേക്ഷകളിന്മേൽ സാമൂഹ്യ സുരക്ഷാ മിഷൻ കോ-ഓർഡിനേറ്റർമാർ മുഖേന അപേക്ഷകരുടെ സാമൂഹിക-സാമ്പത്തിക പശ്ചാത്തലം അന്വേഷിക്കുകയും ടി അന്വേഷണ റിപ്പോർട്ടിന്റെയും ചികിത്സാ ചെലവിന്റെ വ്യാപ്തിയുടെയും അടിസ്ഥാനത്തിൽ താഴെപ്പറയുന്ന വി-കെയറിന്റെ വിവിധ കമ്മിറ്റികളിൽ ഇവ പരിഗണിക്കുകയും ചെയ്യും. രണ്ട് ലക്ഷം രൂപയ്ക്കുതാഴെ വരുന്ന അപേക്ഷകൾ നേരിട്ട് വി-കെയർ കമ്മിറ്റിയിലും രണ്ട് ലക്ഷം രൂപയ്ക്ക് മുകളിൽ ചികിത്സാ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ചെലവ് വരുന്ന അപേക്ഷകൾ സർക്കാർ മെഡിക്കൽ കോളേജിലെ വിദഗ്ദ്ധ ഡോക്ടർമാർ അടങ്ങുന്ന മെഡിക്കൽ എക്സ്പെർട്ട് കമ്മിറ്റിയുടെ നിർദ്ദേശമനുസരിച്ച് വി-കെയർ കമ്മിറ്റികളിൽ പരിഗണിച്ച് സഹായം നൽകുകയും ചെയ്തുവരുന്നു.

| വി-കെയർ കമ്മിറ്റികൾ | അനുവദിക്കാവുന്ന തുക |
|---|---|
| ഇംപ്ലിമെന്റേഷൻ കമ്മിറ്റി | 10,000 രൂപ വരെ |
| റിവ്യൂ & ഇംപ്ലിമെന്റേഷൻ കമ്മിറ്റി | 10,000-25,000 രൂപ വരെ |
| എക്സിക്യൂട്ടീവ് കമ്മിറ്റി | 25,000-1,00,000 രൂപ വരെ |
| ഗവേണിംഗ് ബോഡി | 1,00,000 രൂപയ്ക്ക് മുകളിൽ |

(ബി) വി-കെയർ പദ്ധതിയിൽ ഉൾപ്പെടുത്തി പയ്യന്നൂർ മണ്ഡലത്തിലെ വെള്ളൂർ വില്ലേജിൽ മനോജ് മകൻ അമയ് മനോജ് എന്ന കുട്ടിക്ക് കരൾ മാറ്റിവയ്ക്കൽ ശസ്ത്രക്രിയയ്ക്ക് ഈ സർക്കാരിന്റെയോ കഴിഞ്ഞ സർക്കാരിന്റെയോ കാലയളവിൽ ധനസഹായം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിച്ചിരുന്നോ; വ്യക്തമാക്കാമോ; എങ്കിൽ അനുവദിച്ച തുക ആശുപത്രിക്ക് കൈമാറിയിട്ടുണ്ടോയെന്ന് അറിയിക്കാമോ;

(സി) മേൽ വ്യക്തി ധനസഹായത്തിനായി നിലവിൽ സോഷ്യൽ സെക്യൂരിറ്റി മിഷനിൽ അപേക്ഷ നൽകിയിട്ടുണ്ടോ; എങ്കിൽ അപേക്ഷയുടെ നിലവിലെ സ്ഥിതിയും സ്വീകരിച്ച നടപടികളും വിശദമാക്കാമോ?

(ബി&സി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് മാസ്റ്റർ അമയ് മനോജിന്റെ (6 വയസ്സ്) കരൾ മാറ്റിവയ്ക്കൽ ശസ്ത്രക്രിയയ്ക്ക് 15 ലക്ഷം രൂപ അനുവദിച്ചിരുന്നു. എന്നാൽ വിവിധ കാരണങ്ങളാൽ മാറ്റിവച്ച മാസ്റ്റർ അമയ് മനോജിന്റെ കരൾ മാറ്റിവയ്ക്കൽ ശസ്ത്രക്രിയ പിന്നീട് 19.12.2021-നാണ് നടന്നത്. വി-കെയർ പദ്ധതിയിൽ ഗുണഭോക്താക്കൾക്ക് അനുവദിക്കുന്ന തുക ബന്ധപ്പെട്ട ആശുപത്രിയിലേയ്ക്കാണ് കൈമാറുന്നത്. ഗുണഭോക്താക്കൾക്ക് നേരിട്ട് തുക നൽകാറില്ല. ഇതിനിടയിൽ കുട്ടിയുടെ ചികിത്സയ്ക്കായി ചികിത്സാ സഹായ കമ്മിറ്റി രൂപീകരിക്കുകയും 7,97,680 രൂപ സമാഹരിക്കുകയും ചെയ്തിട്ടുണ്ട്. ഭാരിച്ച ചികിത്സാ ചെലവ് വരുന്ന ചികിത്സകൾക്ക് സമൂഹ മാധ്യമങ്ങൾ, സംഘടനകൾ, ചികിത്സാ സഹായ കമ്മറ്റികളോ വഴി ലഭിക്കുന്ന തുക കുറവുവരുത്തിയതിന് ശേഷമുള്ള ബിൽ തുകയാണ് ആശുപത്രിയിലേയ്ക്ക് നൽകുന്നത്. ആയതിനാൽ ആശുപത്രിയിൽ അടയ്ക്കുവാനുള്ള 15 ലക്ഷം രൂപയിൽനിന്നും ചികിത്സാ

സഹായ കമ്മിറ്റി വഴി സമാഹരിച്ച 7,97,680 രൂപ കുറച്ചിട്ടുള്ള 7,02,320 രൂപ ആശുപത്രിയിലേയ്ക്ക് നൽകുന്നതിനുള്ള നടപടിക്രമങ്ങൾ സ്വീകരിച്ചിട്ടുണ്ട്.

പ്രസ്തുത വ്യക്തിയുടെ അപേക്ഷ ഈ കാര്യാലയത്തിൽ ലഭ്യമായിട്ടുണ്ട്. ടിയാന്റെ മകൻ മാസ്റ്റർ അമയ് മനോജിന്റെ ചികിത്സയ്ക്കായി 15,00,000 രൂപ വി-കെയർ പദ്ധതിവഴി അനുവദിച്ചിരുന്നു. എന്നാൽ 7,97,680 രൂപ ചികിത്സാ സഹായ കമ്മിറ്റി വഴി അപേക്ഷകന് ലഭിച്ചതിനാൽ, കുട്ടിയുടെ ചികിത്സയ്ക്കായി അനുവദിച്ച 15,00,000 രൂപയിൽനിന്നും ചികിത്സാ സഹായ കമ്മിറ്റി വഴി സമാഹരിച്ച 7,97,680 രൂപ കുറവ് വരുത്തിയിട്ടുള്ള തുകയായ 7,02,320 രൂപ ആശുപത്രിയിലേയ്ക്ക് നൽകുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

## ആശ്വാസ കിരണം പദ്ധതി

186(5310) ശ്രീ. എം. വിജിൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആശ്വാസകിരണം പദ്ധതിപ്രകാരം നിലവിലുള്ള ഗുണഭോക്താക്കൾക്ക് ഏത് മാസംവരെയുള്ള ധനസഹായമാണ് നൽകിയിട്ടുള്ളതെന്ന് അറിയിക്കാമോ?

ആശ്വാസകിരണം പദ്ധതിപ്രകാരം കൊല്ലം, പത്തനംതിട്ട, കോട്ടയം, ഇടുക്കി, കാസർഗോഡ്, വയനാട് എന്നീ ജില്ലകളിലെ നിലവിലുള്ള ഗുണഭോക്താക്കൾക്ക് 2020 സെപ്റ്റംബർ മാസംവരെയുള്ള ധനസഹായം 2022 മാർച്ച് മാസത്തിൽ അനുവദിച്ച് നൽകിയിട്ടുണ്ട്. ബാക്കി 8 ജില്ലകളിലെ നിലവിലുള്ള ഗുണഭോക്താക്കൾക്ക് 2020 ആഗസ്റ്റ് മാസം വരെയുള്ള ധനസഹായം 2021 ഡിസംബർ മാസത്തിൽ അനുവദിച്ച് നൽകിയിട്ടുണ്ട്.

(ബി) സംസ്ഥാനത്ത് നിലവിൽ എത്ര ഗുണഭോക്താക്കൾക്കാണ് ആശ്വാസകിരണം പദ്ധതിയിൽ ഉൾപ്പെടുത്തി ധനസഹായം നൽകിവരുന്നതെന്ന് അറിയിക്കാമോ?

സംസ്ഥാനത്ത് നിലവിൽ 92412 ഗുണഭോക്താക്കൾക്കാണ് ആശ്വാസകിരണം പദ്ധതിയിൽ ഉൾപ്പെടുത്തി ധനസഹായം നൽകിവരുന്നത്.

(സി) ആശ്വാസകിരണം പദ്ധതിയിൽ പുതുതായി ഉൾപ്പെടുത്താൻ അപേക്ഷിച്ചവരിൽ ഏത് തീയതി വരെ അപേക്ഷിച്ചവർക്കാണ് ധനസഹായം അനുവദിച്ചതെന്ന് വ്യക്തമാക്കാമോ?

ആശ്വാസകിരണം പദ്ധതി പ്രകാരം 2018 മാർച്ച് മാസം വരെ ലഭിച്ച അർഹരായ അപേക്ഷകർക്കാണ് ധനസഹായം അനുവദിച്ചത്.

(ഡി) നിലവിൽ ലഭിച്ച അപേക്ഷകളിൽ എത്ര അപേക്ഷകൾ തീർപ്പാക്കാനുണ്ടെന്ന് അറിയിക്കാമോ?

2018 മാർച്ച് മാസം വരെ ലഭിച്ച അപേക്ഷകളിന്മേലാണ് തീർപ്പ് കൽപ്പിച്ചിട്ടുള്ളത്. 2018 ഏപ്രിൽ മുതൽ ടി കാര്യാലയത്തിൽ 62282 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്.

## ആശ്വാസകിരണം പദ്ധതി

187(5311) ശ്രീ. സി. ആർ. മഹേഷ്:
ശ്രീ. ഷാഫി പറമ്പിൽ:
ഡോ. മാത്യു കുഴൽനാടൻ:
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: താഴെക്കാണുന്ന ചോദ്യത്തിന് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ആശ്വാസകിരണം പദ്ധതിപ്രകാരമുള്ള പെൻഷൻ കുടിശ്ശികയായിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

കേരള സാമൂഹ്യ സുരക്ഷാ മിഷൻ നടപ്പിലാക്കിവരുന്ന ആശ്വാസകിരണം പദ്ധതിപ്രകാരമുള്ള പ്രതിമാസ ധനസഹായം ഫണ്ടിന്റെ ലഭ്യതയ്ക്ക് അനുസൃതമായി പ്രതിമാസം 600 രൂപ വീതം നൽകി വരുന്നുണ്ട്. കഴിഞ്ഞ സാമ്പത്തിക വർഷം (2021-22) ബഡ്ജറ്റ് വിഹിതമായി ലഭിച്ച 40 കോടി രൂപ ചെലവഴിച്ച് 9 ജില്ലകളിലെ ഗുണഭോക്താക്കൾക്ക് 7 മാസത്തെയും 5 ജില്ലകളിലെ ഗുണഭോക്താക്കൾക്ക് 6 മാസത്തെയും കുടിശ്ശിക ധനസഹായം വിതരണം ചെയ്തു. കൊല്ലം, പത്തനംതിട്ട, കോട്ടയം, ഇടുക്കി, കാസർഗോഡ്, വയനാട് എന്നീ ജില്ലകളിലെ ഗുണഭോക്താക്കൾക്ക് 2020 സെപ്റ്റംബർ മാസം വരെയും ബാക്കി 8 ജില്ലകളിലെ ഗുണഭോക്താക്കൾക്ക് 2020 ആഗസ്റ്റ് മാസം വരെയുമുള്ള ധനസഹായം അനുവദിച്ചുനൽകിയിട്ടുണ്ട്. നടപ്പ് സാമ്പത്തിക വർഷം 42.5 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. പ്രസ്തുത തുക ഉപയോഗിച്ച്

ഗുണഭോക്താക്കൾക്ക് കഴിയുന്നത്ര വേഗം ധനസഹായം വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

11.10.2012-ലെ സ.ഉ.(എം.എസ്)നം. 60/2012/സാ.ക്ഷേ.വ. പ്രകാരം ആശ്വാസകിരണം പദ്ധതിയുടെ മാനദണ്ഡം ലഘൂകരിക്കുകയും ആനുകൂല്യം ലഭിക്കുന്ന ശയ്യാവലംബർ, ബുദ്ധിമാന്ദ്യം, ഓട്ടിസം, സെറിബ്രൽ പൾസി, മാനസിക വൈകല്യമുള്ളവർ, മാനസിക രോഗികൾ എന്നിവർക്ക് പുറമെ 100% അന്ധത ബാധിച്ചവരെയും പ്രായാധിക്യംകൊണ്ടും ക്യാൻസർ മുതലായ പലവിധ ഗുരുതരമായ രോഗങ്ങളാലും കിടപ്പിലായവരെയും ദൈനംദിന കാര്യങ്ങൾക്ക് പരസഹായം ആവശ്യമാവുകയും ചെയ്യുന്ന അവസ്ഥയിലുള്ള മുഴുവൻ ആളുകളുടെ പരിചാരകരെയും ഈ പദ്ധതിയിൽ ഉൾപ്പെടുത്തി ഉത്തരവായി. തന്മൂലം പ്രസ്തുത പദ്ധതിയിലെ അപേക്ഷകളുടെ എണ്ണം ക്രമാതീതമായി വർദ്ധിക്കുകയും ബഡ്ജറ്റ് വിഹിതത്തേക്കാൾ കൂടുതൽ തുക പദ്ധതിക്ക് ആവശ്യമായിവരുന്ന സാഹചര്യം സംജാതമാവുകയും ചെയ്തു. ഗുണഭോക്താക്കളുടെ എണ്ണം വർഷംതോറും വർദ്ധിക്കുന്നതുമൂലം ബഡ്ജറ്റ് വിഹിതത്തിന് പുറമേ അധിക ധനവിനിയോഗം ആവശ്യമായി വരുന്നുണ്ട്. ഗുണഭോക്താക്കളുടെ എണ്ണം

വർഷംതോറും വളരെ കൂടി വരുന്നതിനാൽ അധിക തുക ലഭ്യമാക്കുന്നതിനായി നടപടി സ്വീകരിച്ചുവരുന്നു.

ആശ്വാസ കിരണം പദ്ധതി

188(5312) ശ്രീ. സനീഷ്കുമാർ ജോസഫ്:
ശ്രീമതി കെ. കെ. രമ:
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ:
ശ്രീമതി ഉമ തോമസ്: താഴെക്കാണുന്ന ചോദ്യത്തിന് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് ആശ്വാസ കിരണം പദ്ധതി പ്രകാരമുള്ള സഹായം കൃത്യമായി പ്രതിമാസം ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുമോ; വിശദമാക്കുമോ?

കേരള സാമൂഹ്യ സുരക്ഷാ മിഷൻ നടപ്പാക്കി വരുന്ന ആശ്വാസകിരണം പദ്ധതി പ്രകാരമുള്ള പ്രതിമാസ ധനസഹായം ഫണ്ടിന്റെ ലഭ്യതയ്ക്ക് അനുസൃതമായി നൽകിവരുന്നുണ്ട്. കഴിഞ്ഞ സാമ്പത്തികവർഷം (2021-22) ബഡ്ജറ്റ് വിഹിതമായി ലഭിച്ച 40 കോടി രൂപ ചെലവഴിച്ച് 9 ജില്ലകളിലെ ഗുണഭോക്താക്കൾക്ക് 7 മാസത്തെയും 5 ജില്ലകളിലെ ഗുണഭോക്താക്കൾക്ക് 6 മാസത്തെയും കുടിശ്ശിക ധനസഹായം വിതരണം

ചെയ്തു. കൊല്ലം, പത്തനംതിട്ട, കോട്ടയം, ഇടുക്കി, കാസർഗോഡ്, വയനാട് എന്നീ ജില്ലകളിലെ ഗുണഭോക്താക്കൾക്ക് 2020 സെപ്റ്റംബർ മാസം വരെയും ബാക്കി 8 ജില്ലകളിലെ ഗുണഭോക്താക്കൾക്ക് 2020 ആഗസ്റ്റ് മാസം വരെയുമുള്ള ധനസഹായം അനുവദിച്ച് നൽകിയിട്ടുണ്ട്. നടപ്പ് സാമ്പത്തിക വർഷം 42.5 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. പ്രസ്തുത തുക ഉപയോഗിച്ച് ഗുണഭോക്താക്കൾക്ക് കഴിയുന്നത്രവേഗം ധനസഹായം വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

11-10-2012-ലെ സ.ഉ(എം.എസ്) നം.60/2012/സാക്ഷേവ പ്രകാരം ആശ്വാസകിരണം പദ്ധതിയുടെ മാനദണ്ഡം ലഘൂകരിക്കുകയും ആനുകൂല്യം ലഭിക്കുന്ന ശയ്യാവലംബർ, ബുദ്ധിമാന്ദ്യം, ഓട്ടിസം, സെറിബ്രൽ പൾസി, മാനസിക വൈകല്യമുള്ളവർ, മാനസിക രോഗികൾ എന്നിവയ്ക്ക് പുറമെ 100% അന്ധത ബാധിച്ചവരെയും പ്രായാധിക്യംകൊണ്ടും ക്യാൻസർ മുതലായ പലവിധ ഗുരുതരമായ രോഗങ്ങളാലും കിടപ്പിലായവരെയും ദൈനംദിന കാര്യങ്ങൾക്ക് പരസഹായം ആവശ്യമാകുകയും ചെയ്യുന്ന അവസ്ഥയിലുള്ള മുഴുവൻ ആളുകളുടെ പരിചാരകരെയും ഈ പദ്ധതിയിൽ ഉൾപ്പെടുത്തി ഉത്തരവായി. തന്മൂലം പ്രസ്തുത പദ്ധതിയിലെ അപേക്ഷകളുടെ എണ്ണം

ക്രമാതീതമായി വർദ്ധിക്കുകയും ബഡ്ജറ്റ് വിഹിതത്തെക്കാൾ കൂടുതൽ തുക പദ്ധതിക്ക് ആവശ്യമായി വരുന്ന സാഹചര്യം സംജാതമാകുകയും ചെയ്തു. ഗുണഭോക്താക്കളുടെ എണ്ണം വർഷം തോറും വർദ്ധിക്കുന്നതുമൂലം ബഡ്ജറ്റ് വിഹിതത്തിനുപുറമേ അധിക ധനവിനിയോഗം ആവശ്യമായി വരുന്നുണ്ട്. ഗുണഭോക്താക്കളുടെ എണ്ണം വർഷംതോറും വളരെയധികം കൂടി വരുന്നതിനാൽ അധിക തുക ലഭ്യമാക്കുന്നതിനായി നടപടി സ്വീകരിച്ചുവരുന്നു. കൂടാതെ നിലവിലുള്ള ഗുണഭോക്താക്കളുടെ ലൈഫ് സർട്ടിഫിക്കറ്റ് ശേഖരിക്കുന്നതിനും ആധാറുമായി ഗുണഭോക്താക്കളുടെ വിവരങ്ങൾ ബന്ധിപ്പിക്കുന്നതിനുമുള്ള നടപടി സ്വീകരിച്ചുവരുന്നു.

## ആശ്വാസ കിരണം പദ്ധതി

189(5313) ശ്രീ. സണ്ണി ജോസഫ്:
ശ്രീ. സജീവ് ജോസഫ്:
ശ്രീ. ടി. സിദ്ദിഖ്:
ശ്രീ. ഐ. സി. ബാലകൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആശ്വാസ കിരണം പദ്ധതി പ്രകാരമുള്ള പെൻഷൻ 2022 ജനുവരി മുതൽ നൽകുന്നില്ലെന്ന ആക്ഷേപം പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതി പ്രകാരമുള്ള പെൻഷൻ ലഭിക്കാത്ത ധാരാളം പേരുണ്ടെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഈ ഇനത്തിലുള്ള കുടിശ്ശികയുടെ വിശദാംശങ്ങൾ അറിയിക്കാമോ;

(സി) മറ്റു പെൻഷനുകളൊന്നും ലഭിക്കാത്ത പ്രസ്തുത പദ്ധതിയിലെ ഭൂരിപക്ഷം ഗുണഭോക്താക്കളും ആനുകൂല്യം മുടങ്ങിയതോടെ കടുത്ത പ്രയാസത്തിലാണെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ പദ്ധതിയുടെ പ്രവർത്തനം എന്നത്തേയ്ക്ക് പുനഃരാരംഭിക്കാനാകുമെന്ന് വ്യക്തമാക്കാമോ?

(എ-സി) കേരള സാമൂഹ്യ സുരക്ഷാ മിഷൻ നടപ്പാക്കി വരുന്ന ആശ്വാസകിരണം പദ്ധതി പ്രകാരമുള്ള പ്രതിമാസ ധനസഹായം ഫണ്ടിന്റെ ലഭ്യതയ്ക്ക് അനുസൃതമായി നൽകിവരുന്നുണ്ട്. കഴിഞ്ഞ സാമ്പത്തിക വർഷം (2021-22) ബഡ്ജറ്റ് വിഹിതമായി ലഭിച്ച 40 കോടി രൂപ ചെലവഴിച്ച് 9 ജില്ലകളിലെ ഗുണഭോക്താക്കൾക്ക് 7 മാസത്തെയും 5 ജില്ലകളിലെ ഗുണഭോക്താക്കൾക്ക് 6 മാസത്തെയും കുടിശ്ശിക ധനസഹായം വിതരണം

ചെയ്തു. കൊല്ലം, പത്തനംതിട്ട, കോട്ടയം, ഇടുക്കി, കാസർഗോഡ്, വയനാട് എന്നീ ജില്ലകളിലെ ഗുണഭോക്താക്കൾക്ക് 2020 സെപ്റ്റംബർ മാസം വരെയും ബാക്കി 8 ജില്ലകളിലെ ഗുണഭോക്താക്കൾക്ക് 2020 ആഗസ്റ്റ് മാസം വരെയുമുള്ള ധനസഹായം അനുവദിച്ചുനൽകിയിട്ടുണ്ട്. നടപ്പ് സാമ്പത്തിക വർഷം 42.5 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. പ്രസ്തുത തുക ഉപയോഗിച്ച് ഗുണഭോക്താക്കൾക്ക് കഴിയുന്നത്ര വേഗം ധനസഹായം വിതരണം ചെയ്യാൻ നടപടി സ്വീകരിച്ചുവരുന്നു.

11-10-2012-ലെ സ.ഉ(എം.എസ്) നം.60/2012/സാക്ഷേവ. ഉത്തരവുപ്രകാരം ആശ്വാസകിരണം പദ്ധതിയുടെ മാനദണ്ഡം ലഘൂകരിക്കുകയും ആനുകൂല്യം ലഭിക്കുന്ന ശയ്യാവലംബർ, ബുദ്ധിമാന്ദ്യം, ഓട്ടിസം, സെറിബ്രൽ പാൾസി, മാനസിക വൈകല്യമുള്ളവർ, മാനസിക രോഗികൾ എന്നിവയ്ക്ക് പുറമെ 100% അന്ധത ബാധിച്ചവരെയും പ്രായാധിക്യംകൊണ്ടും ക്യാൻസർ മുതലായ പലവിധ ഗുരുതരമായ രോഗങ്ങളാലും കിടപ്പിലായവരെയും ദൈനംദിന കാര്യങ്ങൾക്ക് പരസഹായം അവശ്യമാവുകയും ചെയ്യുന്ന അവസ്ഥയിലുള്ള മുഴുവൻ ആളുകളുടെ പരിചാരകരെയും ഈ പദ്ധതിയിൽ ഉൾപ്പെടുത്തി ഉത്തരവായി. തന്മൂലം

പ്രസ്തുത പദ്ധതിയിലെ അപേക്ഷകളുടെ എണ്ണം ക്രമാതീതമായി വർദ്ധിക്കുകയും ബഡ്ജറ്റ് വിഹിതത്തേക്കാൾ കൂടുതൽ തുക പദ്ധതിക്ക് അവശ്യമായി വരുന്ന സാഹചര്യം സംജാതമാകുകയും ചെയ്തിട്ടുണ്ട്.

ഗുണഭോക്താക്കളുടെ എണ്ണം വർഷംതോറും വളരെ കൂടി വരുന്നതിനാൽ അധികതുക ലഭ്യമാക്കുന്നതിനായി നടപടി സ്വീകരിച്ചുവരുന്നു. കൂടാതെ നിലവിലുള്ള ഗുണഭോക്താക്കളുടെ ലൈഫ് സർട്ടിഫിക്കറ്റ് ശേഖരിക്കുന്നതിനും ആധാറുമായി ഗുണഭോക്താക്കളുടെ വിവരങ്ങൾ ബന്ധിപ്പിക്കുന്നതിനുമുള്ള നടപടി സ്വീകരിച്ചുവരുന്നു.

<u>വയോമൃതം, സ്നേഹയാനം, പരിരക്ഷ പദ്ധതികൾ</u>

190(5314) <u>ശ്രീ. പി. മമ്മിക്കുട്ടി</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിൽ വയോമൃതം പദ്ധതി പ്രകാരം നടപ്പിലാക്കി വരുന്ന പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

മക്കളിൽ നിന്നും ഒറ്റപ്പെട്ട് ആരാലും സംരക്ഷിക്കപ്പെടാതെ മാനസികമായി തളർന്നും വാർദ്ധക്യസഹജമായ രോഗങ്ങളാൽ പീഡിപ്പിക്കപ്പെട്ടും വൃദ്ധസദനങ്ങളിൽ എത്തപ്പെടുന്ന താമസക്കാരുടെ

ആരോഗ്യസംരക്ഷണത്തിനും സാന്ത്വന പരിചരണത്തിനുംവേണ്ടി സാമൂഹ്യനീതി വകുപ്പ് ഭാരതീയ ചികിത്സാ വകുപ്പുമായി ചേർന്ന് നടപ്പാക്കുന്ന പദ്ധതിയാണ് വയോമൃതം. 2014-15 സാമ്പത്തിക വർഷം മുതൽ പാലക്കാട് ജില്ലയിലുള്ള കൊട്ടുവായൂർ സർക്കാർ വൃദ്ധമന്ദിരം ഉൾപ്പെടെ സാമൂഹ്യനീതി വകുപ്പിന്റെ നേരിട്ടുള്ള നിയന്ത്രണത്തിലുള്ള സംസ്ഥാനത്തെ 14 ജില്ലകളിലെ 16 വൃദ്ധമന്ദിരങ്ങളിൽ വയോമൃതം പദ്ധതി നടപ്പിലാക്കി വരുന്നു. വയോമൃതം പദ്ധതിയിലൂടെ നടപ്പിലാക്കി വരുന്ന സേവനങ്ങൾ അനുബന്ധമായി+ ചേർക്കുന്നു.

(ബി) പാലക്കാട് ജില്ലയിൽ 2020-22 കാലയളവിൽ സ്നേഹയാനം പദ്ധതി പ്രകാരം എത്ര പേർക്ക് സഹായം നൽകിയിട്ടുണ്ട്; വിശദമാക്കാമോ?

2021-22 സാമ്പത്തിക വർഷം മുതലാണ് സ്നേഹയാനം പദ്ധതിക്കായി അപേക്ഷ ക്ഷണിച്ചത്. പാലക്കാട് ജില്ലയിൽ നിന്നും 2 ഗുണഭോക്താക്കളെ പദ്ധതിയിലേയ്ക്ക് തെരഞ്ഞെടുത്തിട്ടുണ്ട്. 2022-23-ലേയ്ക്ക് ഇ-ടെണ്ടർ നടപടി പൂർത്തിയാക്കി സഹായം ലഭ്യമാക്കുന്നതാണ്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) പാലക്കാട് ജില്ലയിൽ പരിരക്ഷ പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; പ്രസ്തുത പദ്ധതി പ്രകാരം 2020-22 കാലയളവിൽ എത്രപേർക്ക് ആനുകൂല്യം നൽകിയിട്ടുണ്ട്; വിശദമാക്കാമോ?

പാലക്കാട് ജില്ലയിൽ പരിരക്ഷ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. 2020-22 കാലയളവിൽ പരിപക്ഷ പദ്ധതി പ്രകാരം ആനുകൂല്യം നൽകിയിട്ടുള്ള ഗുണഭോക്താക്കളുടെ വിവരം ചുവടെ ചേർക്കുന്നു.

| സാമ്പത്തിക വർഷം | ആകെ തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| 2020-21 | 68,981 രൂപ | 5 |
| 2021-22 | 1,52,894 രൂപ | 9 |

## ആശ്വാസകിരണം പദ്ധതി

191(5315) ശ്രീ. ലിന്റോ ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആശ്വാസകിരണം പദ്ധതിപ്രകാരമുള്ള പെൻഷൻ കുടിശ്ശിക ഇനി എത്ര മാസത്തേത് വിതരണം ചെയ്യാനുണ്ടെന്ന് വ്യക്തമാക്കുമോ; കുടിശ്ശിക എപ്പോൾ വിതരണം ചെയ്യുമെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പെൻഷൻ മുടക്കമില്ലാതെ വിതരണം ചെയ്യുന്നതിന് നടപടികൾ സ്വീകരിക്കുമോ?

(എ&ബി) കേരള സാമൂഹ്യ സുരക്ഷാ മിഷൻ നടപ്പിലാക്കി വരുന്ന ആശ്വാസകിരണം പദ്ധതി പ്രകാരമുള്ള പ്രതിമാസ ധനസഹായം ഫണ്ടിന്റെ ലഭ്യതയ്ക്ക് അനുസൃതമായി നൽകിവരുന്നുണ്ട്. കഴിഞ്ഞ സാമ്പത്തികവർഷം (2021-22) ബഡ്ജറ്റ് വിഹിതമായി ലഭിച്ച 40 കോടി രൂപ ചെലവഴിച്ച് 9 ജില്ലകളിലെ ഗുണഭോക്താക്കൾക്ക് 7 മാസത്തെയും 5 ജില്ലകളിലെ ഗുണഭോക്താക്കൾക്ക് 6 മാസത്തെയും കുടിശ്ശിക ധനസഹായം വിതരണം ചെയ്തു. കൊല്ലം, പത്തനംതിട്ട, കോട്ടയം, ഇടുക്കി, കാസർഗോഡ്, വയനാട് എന്നീ ജില്ലകളിലെ ഗുണഭോക്താക്കൾക്ക് 2020 സെപ്റ്റംബർ മാസം വരെയും ബാക്കി 8 ജില്ലകളിലെ ഗുണഭോക്താക്കൾക്ക് 2020 ആഗസ്റ്റ് മാസം വരെയുമുള്ള ധനസഹായം അനുവദിച്ച് നൽകിയിട്ടുണ്ട്. നടപ്പ് സാമ്പത്തിക വർഷം 42.5 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. പ്രസ്തുത തുക ഉപയോഗിച്ച് ഗുണഭോക്താക്കൾക്ക് കഴിയുന്നത്ര വേഗം ധനസഹായം വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

11-10-2012-ലെ സ.ഉ (എം.എസ്) നം.60/2012/സാക്ഷേവ. പ്രകാരം ആശ്വാസകിരണം പദ്ധതിയുടെ മാനദണ്ഡം ലഘൂകരിക്കുകയും ആനുകൂല്യം ലഭിക്കുന്ന ശയ്യാവലംബർ, ബുദ്ധിമാന്ദ്യം, ഓട്ടിസം, സെറിബ്രൽ പൾസി, മാനസിക വൈകല്യമുള്ളവർ, മാനസിക രോഗികൾ എന്നിവയ്ക്ക് പുറമെ 100% അന്ധത ബാധിച്ചവരെയും പ്രായാധിക്യംകൊണ്ടും ക്യാൻസർ മുതലായ പലവിധ ഗുരുതരമായ രോഗങ്ങളാലും കിടപ്പിലായവരെയും ദൈനംദിന കാര്യങ്ങൾക്ക് പരസഹായം ആവശ്യമാവുകയും ചെയ്യുന്ന അവസ്ഥയിലുള്ള മുഴുവൻ ആളുകളുടെ പരിചാരകരെയും ഈ പദ്ധതിയിൽ ഉൾപ്പെടുത്തി ഉത്തരവായി. തന്മൂലം ടി പദ്ധതിയിലെ അപേക്ഷകളുടെ എണ്ണം ക്രമാതീതമായി വർദ്ധിക്കുകയും ബഡ്ജറ്റ് വിഹിതത്തിനെക്കാൾ കൂടുതൽ തുക പദ്ധതിക്ക് ആവശ്യമായി വരുന്ന സാഹചര്യം സംജാതമാകുകയും ചെയ്തു.

ഗുണഭോക്താക്കളുടെ എണ്ണം വർഷംതോറും വർദ്ധിക്കുന്നതുമൂലം ബഡ്ജറ്റ് വിഹിതത്തിനുപുറമേ അധികധനവിനിയോഗം അവശ്യമായി വരുന്നുണ്ട്. ഗുണഭോക്താക്കളുടെ എണ്ണം വർഷംതോറും വളരെ കൂടിവരുന്നതിനാൽ അധിക തുക ലഭ്യമാക്കുന്നതിനായി നടപടി

സ്വീകരിച്ചുവരുന്നു. കൂടാതെ നിലവിലുള്ള ഗുണഭോക്താക്കളുടെ ലൈഫ് സർട്ടിഫിക്കറ്റ് ശേഖരിക്കുന്നതിനും ആധാറുമായി ഗുണഭോക്താക്കളുടെ വിവരങ്ങൾ ബന്ധിപ്പിക്കുന്നതിനുമുള്ള നടപടി സ്വീകരിച്ചുവരുന്നു

## ആശ്വാസകിരണം പദ്ധതി

192(5316) ശ്രീ. കെ. ഡി. പ്രസേനൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018-22 കാലയളവിൽ ആശ്വാസകിരണം പദ്ധതിയിൽ ഉൾപ്പെടുന്നതിനായി ആലത്തൂർ മണ്ഡലത്തിൽനിന്നും ലഭിച്ചിട്ടുള്ള അപേക്ഷകളുടെ വിവരം അറിയിക്കാമോ;

(ബി) പ്രസ്തുത അപേക്ഷകളിൽ തീർപ്പ് കൽപ്പിച്ചിട്ടുള്ളവയുടെ എണ്ണം വ്യക്തമാക്കുമോ; ശേഷിക്കുന്ന അപേക്ഷകൾക്ക് എന്തെങ്കിലും തടസ്സമുണ്ടെങ്കിൽ അറിയിക്കാമോ; അവ എന്നത്തേയ്ക്ക് തീർപ്പ് കൽപ്പിക്കാനാകുമെന്ന് അറിയിക്കാമോ?

(എ&ബി) നിയമസഭാ മണ്ഡലങ്ങൾ അടിസ്ഥാനപ്പെടുത്തി അപേക്ഷകരുടെ വിവരങ്ങൾ ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടില്ലാത്തതാണ്.

അതിനാൽ 2018-2022 കാലയളവിൽ ആലത്തൂർ മണ്ഡലത്തിൽ നിന്നുമാത്രമായി ലഭിച്ച അപേക്ഷകൾ തിട്ടപ്പെടുത്തിയിട്ടില്ലാത്തതാണ്. 11-10-2012-ലെ സ.ഉ.(എം.എസ്) നം.60/2012/സാക്ഷേവ പ്രകാരം ആശ്വാസകിരണം പദ്ധതിയുടെ മാനദണ്ഡം ലഘൂകരിക്കുകയും ആനുകൂല്യം ലഭിക്കുന്ന ശയ്യാവലംബർ, ബുദ്ധിമാന്ദ്യം, ഓട്ടിസം, സെറിബ്രൽ പൾസി, മാനസിക വൈകല്യമുള്ളവർ, മാനസിക രോഗികൾ എന്നിവയ്ക്ക് പുറമെ 100% അന്ധത ബാധിച്ചവരെയും പ്രായാധിക്യംകൊണ്ടും ക്യാൻസർ മുതലായ പലവിധ ഗുരുതരമായ രോഗങ്ങളാലും കിടപ്പിലായവരെയും ദൈനംദിന കാര്യങ്ങൾക്ക് പരസഹായം ആവശ്യമാവുകയും ചെയ്യുന്ന അവസ്ഥയിലുള്ള മുഴുവൻ ആളുകളുടെ പരിചാരകരെയും ഈ പദ്ധതിയിൽ ഉൾപ്പെടുത്തി ഉത്തരവായി. തന്മൂലം പ്രസ്തുത പദ്ധതിയിലെ അപേക്ഷകളുടെ എണ്ണം ക്രമാതീതമായി വർദ്ധിക്കുകയും ബഡ്ജറ്റ് വിഹിതത്തിനെക്കാൾ കൂടുതൽ തുക പദ്ധതിക്ക് ആവശ്യമായി വരുന്ന സാഹചര്യം സംജാതമാകുകയും ചെയ്തു. ആയതിനാൽ ഈ പദ്ധതിയിൽ 2018 മാർച്ച് മാസം വരെ ലഭിച്ച അപേക്ഷകളിന്മേലാണ് തീർപ്പ് കൽപ്പിച്ചിട്ടുള്ളത്. 2018 ഏപ്രിൽ മുതലുള്ള അപേക്ഷകളിൽ തീർപ്പ് കല്പിക്കാൻ സാധിച്ചിട്ടില്ല.

അപേക്ഷകരുടെ എണ്ണം വർഷം തോറും ക്രമാതീതമായി വർദ്ധിക്കുന്നതുമൂലം ബഡ്ജറ്റ് വിഹിതത്തിനുപുറമേ അധിക ധനവിനിയോഗം ആവശ്യമായി വരുന്നുണ്ട്. അധിക തുക ലഭ്യമാക്കുന്നതിനായി നടപടി സ്വീകരിച്ചുവരുന്നു.

## ആശ്വാസകിരണം പദ്ധതി

193(5317) ശ്രീ. ടി. ജെ. വിനോദ്:
ശ്രീ. എം. വിൻസെന്റ്:
ശ്രീ. പി. സി. വിഷ്ണുനാഥ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആശ്വാസ കിരണം പദ്ധതി പ്രകാരമുള്ള പ്രതിമാസ ധനസഹായം നിലച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് ഗൗരവത്തോടെ കാണുന്നുണ്ടോ?

ആശ്വാസ കിരണം പദ്ധതി പ്രകാരമുള്ള പ്രതിമാസ ധനസഹായ പദ്ധതി നിലവിൽ നടന്നുവരുന്നുണ്ട്. കേരള സാമൂഹ്യ സുരക്ഷാ മിഷൻ നടപ്പിലാക്കി വരുന്ന ആശ്വാസകിരണം പദ്ധതി പ്രകാരമുള്ള പ്രതിമാസ ധനസഹായം ഫണ്ടിന്റെ ലഭ്യതയ്ക്ക് അനുസൃതമായി നൽകി വരുന്നുണ്ട്. കഴിഞ്ഞ സാമ്പത്തിക വർഷം (2021-22) ബഡ്ജറ്റ് വിഹിതമായി ലഭിച്ച 40

കോടി രൂപ ചെലവഴിച്ച് 9 ജില്ലകളിലെ ഗുണഭോക്താക്കൾക്ക് 7 മാസത്തെയും 5 ജില്ലകളിലെ ഗുണഭോക്താക്കൾക്ക് 6 മാസത്തെയും കുടിശ്ശിക ധനസഹായം വിതരണം ചെയ്തു. കൊല്ലം, പത്തനംതിട്ട, കോട്ടയം, ഇടുക്കി, കാസർഗോഡ്, വയനാട് എന്നീ ജില്ലകളിലെ ഗുണഭോക്താക്കൾക്ക് 2020 സെപ്റ്റംബർ മാസം വരെയും ബാക്കി 8 ജില്ലകളിലെ ഗുണഭോക്താക്കൾക്ക് 2020 ആഗസ്റ്റ് മാസം വരെയുമുള്ള ധനസഹായം അനുവദിച്ച് നൽകിയിട്ടുണ്ട്. നടപ്പ് സാമ്പത്തിക വർഷം 42.5 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. പ്രസ്തുത തുക ഉപയോഗിച്ച് ഗുണഭോക്താക്കൾക്ക് കഴിയുന്നത്ര വേഗം ധനസഹായം വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

(ബി) ധനസഹായം മുടങ്ങിയതോടെ രോഗിയെ തനിച്ചാക്കി ജോലിക്കുപോലും പോകാനാവാത്തവർ പലരും പ്രതിസന്ധിയിലായി എന്നത് ഗൗരവത്തോടെ കാണുന്നുണ്ടോ;

(സി) പ്രസ്തുത പദ്ധതി പ്രകാരമുള്ള കുടിശ്ശിക അടിയന്തരമായി നല്കാൻ തയ്യാറാകുമോ; പ്രതിമാസ ധനസഹായം കൃത്യമായി നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

11-10-2012-ലെ സ.ഉ (എം.എസ്) നം.60/2012/സാക്ഷേവ പ്രകാരം ആശ്വാസകിരണം പദ്ധതിയുടെ മാനദണ്ഡം ലഘൂകരിക്കുകയും ആനുകൂല്യം ലഭിക്കുന്ന ശയ്യാവലംബർ, ബുദ്ധിമാന്ദ്യം, ഓട്ടിസം, സെറിബ്രൽ പൾസി, മാനസിക വൈകല്യമുള്ളവർ, മാനസിക രോഗികൾ എന്നിവയ്ക്ക് പുറമെ 100% അന്ധത ബാധിച്ചവരെയും പ്രായാധിക്യംകൊണ്ടും ക്യാൻസർ മുതലായ പലവിധ ഗുരുതരമായ രോഗങ്ങളാലും കിടപ്പിലായവരെയും ദൈനംദിന കാര്യങ്ങൾക്ക് പരസഹായം ആവശ്യമാവുകയും ചെയ്യുന്ന അവസ്ഥയിലുള്ള മുഴുവൻ ആളുകളുടെ പരിചാരകരെയും ഈ പദ്ധതിയിൽ ഉൾപ്പെടുത്തി ഉത്തരവായി. തന്മൂലം പ്രസ്തുത പദ്ധതിയിലെ അപേക്ഷകളുടെ എണ്ണം ക്രമാതീതമായി വർദ്ധിക്കുകയും ബഡ്ജറ്റ് വിഹിതത്തിനെക്കാൾ കൂടുതൽ തുക പദ്ധതിക്ക് ആവശ്യമായി വരുന്ന സാഹചര്യം സംജാതമാകുകയും ചെയ്തു.

ഗുണഭോക്താക്കളുടെ എണ്ണം വർഷംതോറും വർദ്ധിക്കുന്നതുമൂലം ബഡ്ജറ്റ് വിഹിതത്തിനുപുറമേ അധിക ധനവിനിയോഗം ആവശ്യമായി വരുന്നുണ്ട്. അധിക തുക ലഭ്യമാക്കുന്നതിനായി നടപടി സ്വീകരിച്ചുവരുന്നു.

<u>ആശ്വാസകിരണം പദ്ധതി</u>

194(5318) <u>ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യസുരക്ഷാ മിഷൻ നടപ്പിലാക്കിവരുന്ന ആശ്വാസകിരണം പദ്ധതിയിൽ എന്നുവരെയുള്ള അപേക്ഷകരെയാണ് ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് വ്യക്തമാക്കുമോ?

2018 മാർച്ച് മാസം വരെ ലഭിച്ച അർഹമായ അപേക്ഷകളിന്മേലാണ് തീർപ്പുകല്പിച്ചിട്ടുള്ളത്.

(ബി) പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി പുതുതായി സമർപ്പിച്ച അപേക്ഷകളുടെ എണ്ണം വ്യക്തമാക്കുമോ?

പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി പുതുതായി 62282 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. ലഭ്യമായ അപേക്ഷകൾ, പദ്ധതി മാനദണ്ഡപ്രകാരം അർഹത പരിശോധിച്ച് ലൈഫ് സർട്ടിഫിക്കറ്റ്, ബാങ്ക് അക്കൗണ്ട്, ആധാർ രേഖകൾ എന്നീ വിവരങ്ങൾ ഉൾക്കൊള്ളിച്ച് ഫണ്ട് ലഭ്യതയ്ക്കനുസൃതമായി ധനസഹായം ലഭ്യമാക്കാൻ നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) അർഹരായ എല്ലാ അപേക്ഷകരേയും പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

11-10-2012-ലെ സ.ഉ (എം.എസ്) നം.60/2012/സാക്ഷേവ പ്രകാരം ആശ്വാസകിരണം പദ്ധതിയുടെ മാനദണ്ഡം ലഘൂകരിക്കുകയും ആനുകൂല്യം ലഭിക്കുന്ന ശയ്യാവലംബർ, ബുദ്ധിമാന്ദ്യം, ഓട്ടിസം, സെറിബ്രൽ പാൾസി, മാനസിക വൈകല്യമുള്ളവർ, മാനസിക രോഗികൾ എന്നിവയ്ക്ക് പുറമെ 100% അന്ധത ബാധിച്ചവരെയും പ്രായാധിക്യംകൊണ്ടും ക്യാൻസർ മുതലായ പലവിധ ഗുരുതരമായ രോഗങ്ങളാലും കിടപ്പിലായവരെയും ദൈനംദിന കാര്യങ്ങൾക്ക് പരസഹായം അവശ്യമാവുകയും ചെയ്യുന്ന അവസ്ഥയിലുള്ള മുഴുവൻ ആളുകളുടെ പരിചാരകരെയും ഈ പദ്ധതിയിൽ ഉൾപ്പെടുത്തുകയുണ്ടായി. തന്മൂലം ടി പദ്ധതിയിലെ അപേക്ഷകളുടെ എണ്ണം ക്രമാതീതമായി വർദ്ധിക്കുകയും ബഡ്ജറ്റ് വിഹിതത്തേക്കാൾ കൂടുതൽ തുക പദ്ധതിക്ക് ആവശ്യമായി വരുന്ന സാഹചര്യം സംജാതമാകുകയും ചെയ്തു. ആയതിനാൽ 2018 മാർച്ച് മാസം വരെ ലഭിച്ച അപേക്ഷകളിന്മേലാണ്

തീർപ്പുകൽപ്പിച്ചിട്ടുള്ളത്. 2018 ഏപ്രിൽ മുതലുള്ള അപേക്ഷകളിൽ തീർപ്പ് കല്പിക്കാൻ സാധിച്ചിട്ടില്ല.

അപേക്ഷകരുടെ എണ്ണം വർഷംതോറും ക്രമാതീതമായി വർദ്ധിക്കുന്നതുമൂലം ബഡ്ജറ്റ് വിഹിതത്തിനു പുറമേ അധിക ധനവിനിയോഗം അവശ്യമായി വരുന്നുണ്ട്. അധിക തുക ലഭ്യമാക്കുന്നതിനായി നടപടി സ്വീകരിച്ചുവരുന്നു.

ആശ്വാസകിരണം പദ്ധതി

195(5319) ശ്രീ. അൻവർ സാദത്ത്:
ശ്രീ. ഐ. സി. ബാലകൃഷ്ണൻ:
ശ്രീ. സി. ആർ. മഹേഷ്:
ശ്രീ. റോജി എം. ജോൺ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യ സുരക്ഷാ മിഷന്റെ ആശ്വാസ കിരണം പദ്ധതി വഴി പ്രതിമാസം നൽകുന്ന തുക മുടക്കം കൂടാതെ വിതരണം ചെയ്യാൻ നടപടി സ്വീകരിക്കണമെന്ന സംസ്ഥാന മനുഷ്യാവകാശ കമ്മീഷന്റെ ഉത്തരവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

(ബി) ആശ്വാസ കിരണം പദ്ധതി പ്രകാരമുള്ള കുടിശ്ശിക അടിയന്തരമായി വിതരണം ചെയ്യാൻ നടപടി സ്വീകരിക്കുമോ;

(സി) ആശ്വാസ കിരണം പദ്ധതി പ്രകാരമുള്ള സഹായം കൃത്യസമയത്തുലഭ്യമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ?

(ബി&സി) കേരള സാമൂഹ്യ സുരക്ഷാ മിഷൻ നടപ്പിലാക്കി വരുന്ന ആശ്വാസകിരണം പദ്ധതി പ്രകാരമുള്ള പ്രതിമാസ ധനസഹായം ഫണ്ടിന്റെ ലഭ്യതയ്ക്ക് അനുസൃതമായി നൽകി വരുന്നുണ്ട്. കഴിഞ്ഞ സാമ്പത്തിക വർഷം (2021-22) ബഡ്ജറ്റ് വിഹിതമായി ലഭിച്ച 40 കോടി രൂപ ചെലവഴിച്ച് 9 ജില്ലകളിലെ ഗുണഭോക്താക്കൾക്ക് 7 മാസത്തെയും 5 ജില്ലകളിലെ ഗുണഭോക്താക്കൾക്ക് 6 മാസത്തെയും കുടിശ്ശിക ധനസഹായം വിതരണം ചെയ്തു. കൊല്ലം, പത്തനംതിട്ട, കോട്ടയം, ഇടുക്കി, കാസർഗോഡ്, വയനാട് എന്നീ ജില്ലകളിലെ ഗുണഭോക്താക്കൾക്ക് 2020 സെപ്റ്റംബർ മാസം വരെയും ബാക്കി 8 ജില്ലകളിലെ ഗുണഭോക്താക്കൾക്ക് 2020 ആഗസ്റ്റ് മാസം വരെയുമുള്ള ധനസഹായം അനുവദിച്ച് നൽകിയിട്ടുണ്ട്. നടപ്പ് സാമ്പത്തിക വർഷം 42.5 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. പ്രസ്തുത തുക

ഉപയോഗിച്ച് ഗുണഭോക്താക്കൾക്ക് കഴിയുന്നത്ര വേഗം ധനസഹായം വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

<u>ശ്രീ. മുഹമ്മദ് ഇസ്മയിൽ ടി.വി.-യെ സർവ്വീസിൽ തിരിച്ചെടുക്കുന്നതിനുള്ള നടപടികൾ</u>

196(5320) <u>ഡോ. എം. കെ. മുനീർ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ഉള്ളേരി ഐ.സി.ഡി.എസ്.-ൽ ക്ലർക്ക് ആയിരുന്ന മുഹമ്മദ് ഇസ്മയിൽ ടി.വി.-യുടെ അവധി അപേക്ഷയിൽ തീരുമാനം എടുത്തിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

ഉള്ളേരി ICDS-ൽ ക്ലാർക്ക് തസ്തികയിൽ സേവനമനുഷ്ഠിച്ച് വരവെ ശ്രീ. മുഹമ്മദ് ഇസ്മായിൽ ടി. വി.-ക്ക് 15.04.2017 മുതൽ 10.08.2017 വരെ ശൂന്യവേതനാവധി അനുവദിച്ചിരുന്നു. ടിയാൾ അവധി കാലയളവ് കഴിഞ്ഞ് തിരികെ ജോലിയിൽ പ്രവേശിക്കാതെ 11.08.2017 മുതൽ 15.04.2018 വരെ ശൂന്യവേതനാവധി അനുവദിക്കുന്നതിനായി 03.10.2017-ലും തുടർന്ന് 16.04.2018 മുതൽ 19.02.2019 വരെ അവധി ദീർഘിപ്പിക്കുന്നതിന് 21.01.2019-ലും അവധി അപേക്ഷ സമർപ്പിക്കുകയുണ്ടായി. 19.02.2019-ന് ശേഷം ടിയാൻ ജോലിയിൽ പ്രവേശിക്കുകയോ അവധി

ദീർഘിപ്പിക്കുന്നതിന് അപേക്ഷ സമർപ്പിക്കുകയോ ചെയ്യുകയുണ്ടായില്ല. ഈ സാഹചര്യത്തിൽ അനധികൃതമായി ജോലിയിൽനിന്നും വിട്ടുനിന്ന ടി ജീവനക്കാരനെതിരെ വകുപ്പുതല അച്ചടക്ക നടപടി ആരംഭിച്ചിട്ടുണ്ട്.

(ബി) ഇതുസംബന്ധിച്ച, സാമൂഹ്യനീതി വകുപ്പ് ഡയറക്ടറേറ്റിലെ എസ്.ജെ.ഡി./2399/2020/ഇ 5 നമ്പർ ഫയലിൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

ശ്രീ. മുഹമ്മദ് ഇസ്മായിൽ, ക്ലാർക്കിന്റെ 11.08.2017 മുതൽ 15.04.2018 വരെയുള്ള ശൂന്യവേതനാവധി അനുവദിക്കുന്നതിനുള്ള അവധി അപേക്ഷ 03.10.2017-ൽ സാമൂഹ്യനീതി ഡയറക്ടറേറ്റിൽ ലഭിച്ചിട്ടുണ്ട്. പ്രൊബേഷൻ ഡിക്ലയർ ചെയ്യുന്നതുമായി ബന്ധപ്പെട്ട് ടിയാന്റെ സേവന പുസ്തകം സർക്കാരിലായതിനാൽ ടി അവധി അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കാൻ കഴിഞ്ഞിരുന്നില്ല. തുടർന്ന് ടിയാന്റെ 16.04.2018 മുതൽ 19.02.2019 വരെയുള്ള അവധി അനുവദിക്കുന്നതിനുള്ള അപേക്ഷ 21.01.2019-ൽ സാമൂഹ്യനീതി ഡയറക്ടേറ്റിൽ ലഭിച്ചു. 19.02.2019-നുശേഷം ടിയാൻ ജോലിയിൽ പ്രവേശിക്കുകയോ അവധി അപേക്ഷ സമർപ്പിക്കുയോ ചെയ്യുകയുണ്ടായില്ല. ഇത്തരത്തിൽ അവധി കഴിഞ്ഞ് യഥാസമയം

ജോലിയിൽ പ്രവേശിക്കാതെ ജോലിയിൽ നിന്നും വിട്ട് നിന്ന ടി ജീവനക്കാരനെതിരെ വകുപ്പുതല അച്ചടക്കനടപടി സ്വീകരിക്കുന്നതിന് സർക്കാർ നിർദ്ദേശം നൽകുകയും ടി ജീവനക്കാരനെതിരെ സാമൂഹ്യനീതി ഡയറക്ടർ വകുപ്പുതല അച്ചടക്ക നടപടി ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

(സി) പ്രസ്തുത വ്യക്തിയെ സർവ്വീസിൽ തിരിച്ചെടുക്കുന്നതിന് നടപടി സ്വീകരിക്കുമോ എന്ന് അറിയിക്കാമോ?

ടി ജീവനക്കാരനെതിരെയുള്ള വകുപ്പുതല അച്ചടക്ക നടപടി പൂർത്തിയാകുന്ന മുറയ്ക്ക് ടി നടപടിയിലെ തീർപ്പിന് വിധേയമായി പരിശോധിക്കാവുന്നതാണ്.

അരൂർ മണ്ഡലത്തിലെ അങ്കണവാടികൾ

197(5321) ശ്രീമതി ദെലീമ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അരൂർ മണ്ഡലത്തിൽ സാമൂഹ്യനീതി വകുപ്പിനുകീഴിൽ എത്ര അങ്കണവാടികൾ പ്രവർത്തിക്കുന്നുണ്ടെന്ന് വിശദമാക്കാമോ?

അരൂർ മണ്ഡലത്തിൽ പ്രവർത്തിക്കുന്ന അങ്കണവാടികളുടെ എണ്ണം -256.

(ബി) ഇതിൽ എത്ര അങ്കണവാടികൾക്ക് സ്വന്തമായി സ്ഥലവും കെട്ടിടവും ഉണ്ടെന്ന് വിശദമാക്കാമോ?

സ്വന്തമായി സ്ഥലവും കെട്ടിടവുള്ള അങ്കണവാടികളുടെ എണ്ണം-157.

(സി) സ്വന്തമായി സ്ഥലമുള്ളതും കെട്ടിടങ്ങൾ ഇല്ലാത്തതുമായ അങ്കണവാടികൾ ഏതെല്ലാമെന്ന് വിശദമാക്കാമോ?

സ്വന്തമായി സ്ഥലം ഉള്ളതും കെട്ടിടം ഇല്ലാത്തതുമായ അങ്കണവാടികളുടെ വിശദാംശങ്ങൾ അനുബന്ധം+ ആയി ചേർക്കുന്നു.

(ഡി) വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന അങ്കണവാടികൾ ഏതെല്ലാമെന്ന് വിശദമാക്കാമോ?

വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന അങ്കണവാടികളുടെ വിശദാംശങ്ങൾ അനുബന്ധം+ ആയി ചേർക്കുന്നു.

## സർക്കാർ സർവ്വീസിൽ ഭിന്നശേഷിക്കാർക്ക് നിയമനം

198(5322) ശ്രീമതി കെ. കെ. രമ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ സർവ്വീസുകളിൽ ഭിന്നശേഷി വിഭാഗങ്ങളിൽ നിന്നുള്ള എത്രപേരാണ് നിലവിൽ ജോലി ചെയ്തുവരുന്നതെന്ന് വകുപ്പ്, സ്ഥിരം

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ജോലി, എംപ്ലോയ്മെന്റ് മുഖേനയുള്ള താത്ക്കാലിക നിയമനം, കോൺട്രാക്ട് നിയമനം എന്നിങ്ങനെ തരംതിരിച്ച് അറിയിക്കുമോ;

(ബി) ഇതിൽ സെറിബ്രൽ പൾസി വിഭാഗത്തിൽ നിന്നുള്ള എത്രപേർക്കാണ് സർക്കാർ സർവ്വീസിൽ ജോലി ലഭിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ?

(എ&ബി) വിവരം ശേഖരിച്ചു വരുന്നു.

(സി) സെറിബ്രൽ പൾസി വിഭാഗത്തിൽ നിന്നുള്ളവർക്ക് സർക്കാർ സർവ്വീസിൽ ആനുപാതികമായി നിയമനം ലഭിച്ചില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ നിയമനം ലഭിക്കുന്നതിനായി എന്തൊക്കെ അടിയന്തര നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

1995-ലെ ഭിന്നശേഷി നിയമപ്രകാരം നിയമനങ്ങളിൽ 3% സംവരണം അനുവദിച്ചിട്ടുള്ളതിൽ 1% അനുവദിച്ചിട്ടുള്ളത് ലോക്കോ മോട്ടോർ ഡിസെബിലിറ്റി/സെറിബ്രൽ പൾസി വിഭാഗത്തിനാണ്. 2016-ലെ റൈറ്റ്സ് ഓഫ് പേഴ്സൺസ് വിത്ത് ഡിസെബിലിറ്റീസ് ആക്ട് പ്രകാരം സർക്കാർ സർവ്വീസിൽ ഭിന്നശേഷിക്കാർക്ക് തൊഴിൽ സംവരണം നൽകുന്നതുമായി ബന്ധപ്പെട്ട് 49 കോമൺ കാറ്റഗറി തസ്തികകൾ സെറിബ്രൽ പൾസി

രോഗബാധിതർ, മാനസികവെല്ലുവിളി നേരിടുന്നവർ എന്നീ വിഭാഗങ്ങൾ ഉൾപ്പെടുന്ന ഭിന്നശേഷിക്കാർക്കായി നിലവിൽ കണ്ടെത്തിയിട്ടുണ്ട്. കൂടുതൽ തസ്തികകൾ കണ്ടെത്തുന്ന പ്രവർത്തനങ്ങൾ അവസാനഘട്ടത്തിലാണ്.

(ഡി) ആശ്വാസകിരണം പദ്ധതി മുഖേനയുള്ള ധനസഹായം അവസാനമായി വിതരണം ചെയ്തത് എന്നാണെന്ന് അറിയിക്കാമോ; എത്ര മാസത്തെ കുടിശ്ശികയാണ് വിതരണം ചെയ്യാൻ ബാക്കിയുള്ളത്; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

കേരള സാമൂഹ്യ സുരക്ഷാ മിഷൻ മുഖേന നടപ്പാക്കി വരുന്ന ആശ്വാസ കിരണം പദ്ധതി പ്രകാരം പ്രതിമാസം നൽകുന്ന തുക ഫണ്ടിന്റെ ലഭ്യതയ്ക്ക് അനുസൃതമായി നൽകിവരുന്നുണ്ട്. കഴിഞ്ഞ സാമ്പത്തികവർഷം (2021-22) ബഡ്ജറ്റ് വിഹിതമായി ലഭിച്ച 40 കോടി രൂപ ചെലവഴിച്ച് 7 മാസത്തെ കുടിശ്ശിക ധനസഹായം ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തു. കൊല്ലം, പത്തനംതിട്ട, കോട്ടയം, ഇടുക്കി, കാസർഗോഡ്, വയനാട് എന്നീ ജില്ലകളിലെ ഗുണഭോക്താക്കൾക്ക് 2020 സെപ്റ്റംബർ മാസം വരെയുള്ള ധനസഹായം 2022 മാർച്ച് മാസത്തിൽ അനുവദിച്ചുനൽകിയിട്ടുണ്ട്. ബാക്കി 8 ജില്ലകളിലെ ഗുണഭോക്താക്കൾക്ക് 2020 ആഗസ്റ്റ് മാസം വരെയുള്ള

ധനസഹായം 2021 ഡിസംബർ മാസത്തിൽ അനുവദിച്ച് നൽകിയിട്ടുണ്ട്. നടപ്പ് സാമ്പത്തിക വർഷം 42.5 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. ടി തുക ഉപയോഗിച്ച് കഴിയുന്നത്ര വേഗം ധനസഹായം വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

<u>സെറിബ്രൽ പൾസി ഭിന്നശേഷിക്കാരുടെ നിയമനം</u>

199(5323) <u>ശ്രീ. ലിന്റോ ജോസഫ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-ൽ നിലവിൽവന്ന ഭിന്നശേഷി ആക്ട് സംസ്ഥാനത്ത് പ്രാബല്യത്തിലായിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

2016-ലെ ഭിന്നശേഷി അവകാശ നിയമം കേന്ദ്ര സർക്കാരിന്റെ 26.12.2016-ലെ വിജ്ഞാപനം പ്രകാരം കേരളം ഉൾപ്പെടെയുള്ള സംസ്ഥാനങ്ങൾക്ക് ബാധകമാക്കിയിട്ടുണ്ട്. കൂടാതെ G.O.(P)No. 3/2020/SJD dated 28-03-2020 പ്രകാരം പ്രസ്തുത നിയമ പ്രകാരമുള്ള ചട്ടങ്ങൾ രൂപീകരിച്ചിട്ടുള്ളതുമാണ്.

(ബി) സെറിബ്രൽ പൾസി ഭിന്നശേഷിക്കാർക്ക് സർക്കാർ സർവ്വീസിൽ സംവരണം ഏർപ്പെടുത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

ഉണ്ടെങ്കിൽ സംവരണാടിസ്ഥാനത്തിൽ ഇതുവരെ നിയമനം നൽകിയ സെറിബ്രൽ പാൾസി ഭിന്നശേഷിക്കാരുടെ എണ്ണം വ്യക്തമാക്കാമോ?

1995-ലെ ഭിന്നശേഷി അവകാശനിയമ പ്രകാരമുള്ള സംവരണത്തിൽ സെറിബ്രൽ പൾസി വിഭാഗത്തിന് ലോക്കോമോട്ടോർ ഡിസെബിലിറ്റി വിഭാഗത്തോടൊപ്പം 1% സംവരണം നിലവിലുണ്ടായിരുന്നു. RpWD Act 2016 പ്രകാരം അനുവദിച്ചിട്ടുള്ള 4% സംവരണത്തിലും സെറിബ്രൽ പൾസി/ലോക്കോമോട്ടോർ ഭിന്നശേഷി വിഭാഗക്കാർക്ക് നിയമനത്തിൽ 1% സംവരണം അനുവദിച്ചിട്ടുണ്ട്. സെറിബ്രൽ പൾസി വിഭാഗത്തിന് ലോക്കോമോട്ടോർ ഡിസെബിലിറ്റി വിഭാഗവുമായി ചേർന്ന് നിലവിൽ 1% സംവരണം നൽകി വരുന്നുണ്ട്. പി.എസ്.സി. മുഖേന ഇതുവരെ നിയമനം ലഭിച്ച സെറിബ്രൽ പൾസി വിഭാഗത്തിലുള്ള ജീവനക്കാരുടെ എണ്ണം സംബന്ധിച്ച വിവരം ശേഖരിച്ചുവരുന്നു.

## ഭിന്നശേഷിക്കാരായ ജീവനക്കാർക്ക് സ്ഥാനക്കയറ്റത്തിൽ സംവരണം

200(5324) ശ്രീ. സി. ആർ. മഹേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭിന്നശേഷിക്കാരായ സംസ്ഥാന സർക്കാർ ജീവനക്കാർക്ക് സ്ഥാനക്കയറ്റത്തിൽ നാല് ശതമാനം സംവരണം ഉറപ്പ് വരുത്തണമെന്ന സുപ്രീംകോടതി വിധി എന്നുമുതൽ നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഭിന്നശേഷിക്കാരായ സംസ്ഥാന സർക്കാർ ജീവനക്കാർക്ക് സ്ഥാനക്കയറ്റത്തിൽ നാല് ശതമാനം സംവരണം ഉറപ്പ് വരുത്തണമെന്ന സുപ്രീംകോടതി വിധി നടപ്പിലാക്കിക്കൊണ്ട് 15.07.2022-ൽ സ.ഉ.(പി) നം. 5/2022/സാ.നീ.വ. സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത വിധി നടപ്പിലാക്കുന്നതിന്റെ ഭാഗമായി കണ്ടെത്തിയിട്ടുള്ള തസ്തികകളുടെ വിശദാംശം ലഭ്യമാക്കാമോ;

(സി) ഇതിനായി ഗ്രാമ വികസന വകുപ്പിൽ കണ്ടെത്തിയിട്ടുള്ള തസ്തികകളുടെ വിശദാംശം തരംതിരിച്ച് ലഭ്യമാക്കാമോ?

(ബി&സി) ഭിന്നശേഷിക്കാർക്ക് അനുയോജ്യമായ തസ്തികകൾ കണ്ടെത്തുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

## ഡി.സി.എം.ആർ. സ്പെഷ്യൽ സ്കൂൾ അദ്ധ്യാപകർക്കുള്ള ഓണറേറിയം കുടിശ്ശിക

201(5325) <u>ശ്രീ. എം. വിൻസെന്റ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഡി.സി.എം.ആർ. സ്പെഷ്യൽ സ്കൂൾ അദ്ധ്യാപകർക്ക് 2021-22 വർഷത്തെ ഓണറേറിയം കുടിശ്ശിക ആയിട്ടുണ്ടോ; എങ്കിൽ എത്ര മാസത്തെ കുടിശ്ശിക നല്കാനുണ്ടെന്ന് അറിയിക്കാമോ?

2021-22 അക്കാദമിക വർഷം 2021 ഡിസംബർ മുതലാണ് സാധാരണ നിലയിൽ സ്കൂളുകൾ പ്രവർത്തനം ആരംഭിച്ചത്. 2021-22 വർഷം ബഡ്ജറ്റ് വിഹിതമായി ലഭിച്ച 22 കോടി രൂപ ഉപയോഗിച്ച് 314 സ്കൂളുകളിലെ യോഗ്യരായ ജീവനക്കാർക്ക് ഓണറേറിയം വിതരണം ചെയ്തിട്ടുണ്ട്.

(ബി) പ്രസ്തുത അദ്ധ്യാപകർക്ക് നൽകുന്ന ഓണറേറിയം എത്രയാണെന്ന് അറിയിക്കാമോ; ഇവരുടെ ഓണറേറിയം വർദ്ധിപ്പിക്കുന്ന കാര്യം പരിഗണനയിലുണ്ടോ?

11.02.2021-ലെ സ.ഉ.(പി)നം.29/2021/ധന ഉത്തരവ് പ്രകാരം ഹെഡ്മാസ്റ്റർക്ക് പ്രതിമാസം - 36,000 രൂപയും ട്രെയിൻഡ് സ്പെഷ്യൽ ടീച്ചർക്ക് പ്രതിമാസം 32,560 രൂപയും നൽകി വരുന്നു. ഓണറേറിയം വർദ്ധിപ്പിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

(സി) കുട്ടികളുടെ എണ്ണം അനുസരിച്ച് സ്കൂളുകൾക്ക് ഗ്രേഡ് നൽകി അതിൻപ്രകാരം അദ്ധ്യാപകർക്ക് ഓണറേറിയം നൽകാൻ തയ്യാറാകുമോ?

30.08.2019-ലെ സ.ഉ.(കൈ)നം.133/2019/പൊ.വി.വ., 31.03.2020-ലെ സ.ഉ.(സാധാ)നം.1449/2020/പൊ.വി.വ. എന്നീ ഉത്തരവുകൾ പ്രകാരം കുട്ടികളുടെ എണ്ണം, യോഗ്യരായ ജീവനക്കാരുടെ എണ്ണം, സ്കൂളുകൾ നൽകുന്ന സർവ്വീസസ് എന്നീ മാനദണ്ഡങ്ങൾ പരിഗണിച്ചാണ് സ്കൂളുകൾക്ക് ഗ്രേഡ് അനുവദിച്ച് സർക്കാർ സാമ്പത്തിക സഹായം നൽകിവരുന്നത്.

<u>ഭിന്നശേഷിക്കാർക്കായി തൊഴിൽ പരിശീലനം നൽകുന്നതിനുള്ള കേന്ദ്രങ്ങൾ</u>

202(5326) <u>ശ്രീ. അനൂപ് ജേക്കബ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭിന്നശേഷിക്കാർക്ക് തൊഴിൽ പരിശീലനം നൽകുന്നതിന് സാമൂഹ്യക്ഷേമ വകുപ്പിന്റെ കീഴിൽ പ്രത്യേക കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ?

ഭിന്നശേഷിക്കാർക്ക് തൊഴിൽ പരിശീലനം നൽകുന്നതിന് സാമൂഹ്യനീതി വകുപ്പിന്റെ കീഴിൽ തിരുവനന്തപുരം, കോഴിക്കോട് ജില്ലകളിലായി രണ്ട് തൊഴിൽ പരിശീലന കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ട്. സംസ്ഥാന സാമൂഹ്യനീതി വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന സ്വയംഭരണ സ്ഥാപനമായ NIPMR-ൽ ഭിന്നശേഷിക്കാരായ 18 വയസ്സിന് മുകളിലുള്ള കുട്ടികളുടെ തൊഴിൽ നൈപുണ്യം വികസിപ്പിക്കുന്നതിനായി എംപവർമെന്റ് ത്രൂ വൊക്കേഷണലൈസേഷൻ (Em-Voc) എന്ന പദ്ധതി നടപ്പാക്കി വരുന്നു.

(ബി) പ്രസ്തുത കേന്ദ്രങ്ങളിൽ ഏതെല്ലാം തൊഴിലധിഷ്ഠിത കോഴ്സുകളാണ് നൽകി വരുന്നതെന്ന് അറിയിക്കാമോ?

<u>ഭിന്നശേഷി തൊഴിൽ പരിശീലന കേന്ദ്രം, തിരുവനന്തപുരം</u>

തിരുവനന്തപുരം ഭിന്നശേഷി തൊഴിൽ പരിശീലന കേന്ദ്രത്തിൽ രണ്ട് വർഷം ദൈർഘ്യമുള്ള ബുക്ക് ബൈൻഡിംഗ്, ഫാഷൻ ഡിസൈനിംഗ് എന്നീ കോഴ്സുകൾ നടത്തി വരുന്നു. കൂടാതെ സ്ഥാപനത്തിൽ കെൽട്രോൺ മുഖേന ഒരു വർഷം ദൈർഘ്യമുള്ള Diploma in Computer Application (DCA), ആറ് മാസം ദൈർഘ്യമുള്ള Desktop Publishing (DTP) എന്നീ കോഴ്സുകളും നടത്തിവരുന്നു.

<u>ഭിന്നശേഷി തൊഴിൽ പരിശീലന കേന്ദ്രം, കോഴിക്കോട്</u>

കോഴിക്കോട് ഭിന്നശേഷി തൊഴിൽ പരിശീലന കേന്ദ്രത്തിൽ രണ്ട് വർഷം ദൈർഘ്യമുള്ള ലെതർ വർക്ക്സ്, ബുക്ക് ബൈൻഡിംഗ് എന്നീ കോഴ്സുകളും ഇതുകൂടാതെ സ്ഥാപനത്തിൽ കെൽട്രോൺ മുഖേന ഒരു വർഷം ദൈർഘ്യമുള്ള Diploma in Computer Application (DCA), Desktop Publishing (DTP) എന്നീ കോഴ്സുകളും നടത്തി വരുന്നു.

Em-Voc പദ്ധതി വഴി താഴെപ്പറയുന്ന തൊഴിലധിഷ്ഠിത കോഴ്സുകളാണ് നൽകി വരുന്നത്.

- കമ്പ്യൂട്ടർ പരിശീലനം
- ടെയിലറിംഗ്
- ഹൗസ് കീപ്പിംഗ്
- ബേക്കിംഗ്
- ഗാർഡനിംഗ്
- ബ്ലോക്ക് പ്രിന്റിംഗ്
- സെറാമിക്
- ഹോർട്ടിക്കൾച്ചർ
- പേപ്പർ പെൻ & പേപ്പർ ബാഗ് നിർമ്മാണം
- സോപ്പ് നിർമ്മാണം

(സി) ഈ വർഷം പുതുതായി ഏതെങ്കിലും കോഴ്സുകൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കാമോ?

കോഴിക്കോട് ഭിന്നശേഷി തൊഴിൽ പരിശീലന കേന്ദ്രത്തിൽ കോഴിക്കോട് ജില്ലാ പഞ്ചായത്തിന്റെ കീഴിൽ പ്രവർത്തിക്കുന്ന സ്കിൽ ഡെവലപ്മെന്റ് സെന്റർ മുഖേനയുള്ള ടെയിലറിംഗ്, പ്രിന്റിംഗ് ടെക്നോളജി, വിവിധ മത്സര പരീക്ഷകൾക്കുള്ള പരിശീലനം എന്നീ മൂന്ന് കോഴ്സുകൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ട്.

(ഡി) ഇത്തരം പരിശീലന കേന്ദ്രങ്ങളിൽ പഠനം നടത്തുന്ന വിദ്യാർത്ഥികൾക്ക് എന്തെല്ലാം ആനുകൂല്യങ്ങളാണ് നൽകി വരുന്നതെന്നറിയിക്കാമോ?

തിരുവനന്തപുരം ഭിന്നശേഷി തൊഴിൽ പരിശീലന കേന്ദ്രത്തിൽ സൗജന്യമായി പെൺകുട്ടികൾക്ക് ഹോസ്റ്റൽ സൗകര്യം ലഭ്യമാക്കുന്നുണ്ട്. ഹോസ്റ്റൽ സൗകര്യം ലഭ്യമാകാത്ത വാർഷിക വരുമാനം 24,000 രൂപയിൽ താഴെയുള്ള പരിശീലനാർത്ഥികൾക്ക് പ്രതിമാസം 300 രൂപാ നിരക്കിൽ പ്രതിവർഷം 36,000 രൂപ സ്റ്റൈപ്പന്റ് അനുവദിക്കുന്നുണ്ട്. കോഴിക്കോട് ഭിന്നശേഷി തൊഴിൽ പരിശീലന കേന്ദ്രത്തിൽ ആൺകുട്ടികൾക്ക്

കോഴിക്കോട് ഭിന്നശേഷി സദനത്തിൽ പ്രവേശനവും പെൺകുട്ടികൾക്ക് സൗജന്യ ഹോസ്റ്റൽ സൗകര്യവും ലഭ്യമാക്കുന്നുണ്ട്.

(ഇ) തൊഴിൽ പരിശീലനം പൂർത്തിയാക്കുന്നവർക്ക് തൊഴിൽ നൽകാനുള്ള എന്തെങ്കിലും പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടോ; വിശദമാക്കാമോ?

തിരുവനന്തപുരം ഭിന്നശേഷി തൊഴിൽ പരിശീലന കേന്ദ്രത്തിൽ നിന്നും കോഴ്സ് വിജയിച്ചിറങ്ങുന്ന കുട്ടികൾക്ക് സ്ഥാപനത്തിലുള്ള പ്രിന്റിംഗ് യൂണിറ്റിൽ ലഭ്യമാകുന്ന വർക്കിന്റെ അടിസ്ഥാനത്തിൽ തൊഴിലവസരം നൽകി വരുന്നു. NIPMR-ലെ Em-Voc പദ്ധതി വഴി തൊഴിൽ പരിശീലനം പൂർത്തീകരിച്ചവർക്ക് സർക്കാരിന്റെ വിവിധ ഏജൻസികൾ നടത്തുന്ന എംപ്ലോയ്മെന്റ് ഫെസ്റ്റ് വഴി തൊഴിൽ നേടാനുള്ള അവസരം ഒരുക്കുന്നുണ്ട്.

<u>ഭിന്നശേഷി അവകാശ നിയമമനുസരിച്ച് നികത്തേണ്ട തസ്തികകൾ സംബന്ധിച്ച്</u>

203(5327) <u>ഡോ. മാത്യു കുഴൽനാടൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്രസർക്കാർ 2016-ൽ പാസ്സാക്കിയ ഭിന്നശേഷി അവകാശ നിയമമനുസരിച്ച് സംസ്ഥാന സർക്കാർ/പൊതുമേഖലാ സ്ഥാപനങ്ങളിൽ ഭിന്നശേഷികാർക്കുള്ള മൂന്ന് ശതമാനം സംവരണത്തിലൂടെ നികത്തുന്നതിനായി ആകെ എത്ര തസ്തികകളാണ് നീക്കി വച്ചിട്ടുള്ളതെന്നറിയിക്കാമോ; വിശദവിവരങ്ങൾ നൽകാമോ?

കേന്ദ്ര സർക്കാർ 2016-ൽ പാസ്സാക്കിയ ഭിന്നശേഷി അവകാശ നിയമമനുസരിച്ച് സംസ്ഥാന സർക്കാർ/പൊതുമേഖല സ്ഥാപനങ്ങളിൽ ഭിന്നശേഷികാർക്കുള്ളത് നാല് ശതമാനം സംവരണമാണ്. 1995-ലെ ഭിന്നശേഷി നിയമം അനുസരിച്ചാണ് മൂന്ന് ശതമാനം സംവരണം നൽകുന്നത്. ഇതിനായി 380 തസ്തികകൾ കണ്ടെത്തിയിരുന്നു. അവയിലാണ് PSC നിയമനങ്ങൾ നടത്തുന്നത്.

(ബി) ഇവയിൽ നിലവിൽ എത്ര തസ്തികകൾ നികത്തിയിട്ടുണ്ടെന്നറിയിക്കാമോ?

ഭിന്നശേഷിക്കാർക്കായി കണ്ടെത്തിയിട്ടുള്ള തസ്തികകളിൽ PSC വഴി നിയമനം നടത്തുന്നുണ്ട്.

(സി) പ്രസ്തുത നിയമം അനുസരിച്ച് നികത്താനുള്ള ബാക്ക് ലോഗ് തസ്തികൾ എത്രയാണെന്നറിയിക്കാമോ?

26.06.2021-ലെ G.O.(P)No.11/2021/SJD സർക്കാർ ഉത്തരവ് പ്രകാരം Persons with Disabilities (Equal Opportunities, Protection of Rights and Full Participation) Act, 1995-ന്റെ അടിസ്ഥാനത്തിൽ നൽകിവരുന്ന identified തസ്തികകളിലെ 3% സംവരണം പൂർണ്ണമായി നടപ്പിലാക്കിയിട്ടുണ്ടെന്നും നിലവിൽ 1996 മുതൽ 2017 വരെ നടന്ന നിയമനങ്ങളിൽ, ഈ കാലഘട്ടത്തിൽ ബാക്ക് ലോഗ് നിലവിലില്ലായെന്നും സ്പഷ്ടീകരണം നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(ഡി) വിവിധ കാറ്റഗറിയിലുള്ള ഭിന്നശേഷിക്കാർക്കായി സംവരണത്തിലൂടെ നികത്തേണ്ട അനുയോജ്യ തസ്തികകൾ ഏതൊക്കെയാണെന്ന് പൂർണ്ണമായും കണ്ടെത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

സർക്കാർ വകുപ്പുകളിലെ വിവിധ എൻട്രി കേഡർ തസ്തികകളിൽ ഭിന്നശേഷിക്കാർക്കായി സംവരണത്തിലൂടെ നികത്തേണ്ട അനുയോജ്യ തസ്തികകൾ കണ്ടെത്തുന്ന പ്രവർത്തനങ്ങളുടെ പ്രാരംഭ പരിശോധന

സാമൂഹ്യനീതി വകുപ്പും വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന NISH-ഉം ചേർന്ന് തയ്യാറാക്കിയ കരട് പൊതുജനാഭിപ്രായത്തിനായി സാമൂഹ്യനീതി വകുപ്പ്, നിഷ് എന്നിവയുടെ വെബ്സൈറ്റുകളിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

(ഇ) ഭിന്നശേഷിക്കാർക്ക് അനുയോജ്യമായ തസ്തികകൾ കണ്ടെത്തുന്നതിന് വകുപ്പുകളുടെ ഭാഗത്തുനിന്നുള്ള നടപടികൾ കാര്യക്ഷമമല്ലെന്ന ആക്ഷേപം പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ ഇതുസംബന്ധിച്ച് സ്വീകരിച്ച പരിഹാര നടപടികൾ അറിയിക്കാമോ?

ഭിന്നശേഷിക്കാർക്ക് അനുയോജ്യമായ തസ്തികകൾ കണ്ടെത്തുന്നതിന് വിവിധ വകുപ്പുകളുടെ ഭാഗത്തുനിന്നുള്ള നടപടികൾ കാര്യക്ഷമമല്ലെന്ന ആക്ഷേപം പരിശോധിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിലാണ് തസ്തിക കണ്ടെത്തുന്ന നടപടികളിൽ മുഴുവൻ വകുപ്പുകളെയും ഉൾക്കൊള്ളിക്കാൻ നടപടി സ്വീകരിച്ചത്.

(എഫ്) പ്രസ്തുത വിഷയത്തിൽ സംസ്ഥാന സർക്കാർ സുപ്രീംകോടതിയിൽ സമർപ്പിച്ച സത്യവാങ്മൂലത്തിന്റെ വിശദവിവരങ്ങളും അതിന്മേൽ സ്വീകരിച്ച നടപടികളും എന്തൊക്കെയാണെന്ന് അറിയിക്കാമോ?

ഭിന്നശേഷിക്കാർക്ക് അനുയോജ്യമായ തസ്തികകൾ കണ്ടെത്തുന്ന വിഷയത്തിൽ സംസ്ഥാന സർക്കാർ സുപ്രീംകോടതിയിൽ സത്യവാങ്മൂലമൊന്നും സമർപ്പിച്ചിട്ടില്ല.

ഭിന്നശേഷിക്കാർക്ക് ഏകീകൃത തിരിച്ചറിയൽ കാർഡും മെഡിക്കൽ സർട്ടിഫിക്കറ്റും

204(5328) ശ്രീ. കെ. പി. മോഹനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭിന്നശേഷിക്കാരായ എല്ലാവർക്കും ഏകീകൃത തിരിച്ചറിയൽ കാർഡും (യു.ഡി.ഐ.ഡി.) മെഡിക്കൽ സർട്ടിഫിക്കറ്റും അനുവദിക്കാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ പദ്ധതിയുടെ പുരോഗതി വിശദമാക്കുമോ?

സംസ്ഥാനത്ത് ഇതുവരെ 1,76,082 യു.ഡി.ഐ.ഡി. കാർഡുകൾ നൽകിയിട്ടുണ്ട്. സംസ്ഥാനത്തെ അർഹരായ മുഴുവൻ ഭിന്നശേഷിക്കാർക്കും യു.ഡി.ഐ.ഡി. കാർഡ് ലഭ്യമാക്കുന്നതിനുവേണ്ടി സാമൂഹ്യനീതി വകുപ്പ് പ്രത്യേക ക്യാമ്പയിൻ ആരംഭിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി വിവിധ വകുപ്പുകളെ ഏകോപിപ്പിച്ച് പ്രവർത്തനങ്ങൾ നടത്തുന്നതിനായി

സാമൂഹ്യനീതി വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ആരോഗ്യ വകുപ്പുമന്ത്രി, തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി, ബന്ധപ്പെട്ട ഉദ്യോഗസ്ഥർ എന്നിവരുടെ യോഗം 28.04.2022-ന് വിളിച്ചുചേർക്കുകയുണ്ടായി. സംസ്ഥാനത്തെ മുഴുവൻ ഭിന്നശേഷിക്കാർക്കും യു.ഡി.ഐ.ഡി. കാർഡ് ലഭ്യമാക്കുന്ന പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി ആരോഗ്യ, തദ്ദേശസ്വയംഭരണ, സാമൂഹ്യനീതി വകുപ്പുകളുടെ യോജിച്ചുള്ള പ്രവർത്തനം ഉറപ്പാക്കുന്നതിന് തീരുമാനിക്കുകയും ചെയ്തു. തുടർന്ന് 11.05.2022-ൽ സാമൂഹ്യനീതി വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ജില്ലാ കളക്ടർമാരുടെയും ബന്ധപ്പെട്ട വകുപ്പുകളിലെ ജില്ലാതല ഓഫീസർമാരുടെയും യോഗം വിളിച്ചുചേർക്കുകയും കാർഡ് ലഭ്യമാക്കുന്ന പ്രവർത്തനങ്ങൾ ജില്ലാതലത്തിൽ ഏകോപിപ്പിക്കുന്നതിന് നിർദ്ദേശം നൽകുകയും ചെയ്തു. ഇക്കാര്യത്തിൽ സംസ്ഥാനത്തെ മുഴുവൻ എം.എൽ.എ.-മാരുടെയും നേതൃത്വപരമായ പങ്ക് അതത് മണ്ഡലങ്ങളിൽ ഉണ്ടാകണമെന്നഭ്യർത്ഥിച്ച് സാമൂഹ്യനീതി വകുപ്പുമന്ത്രി കത്ത് നൽകുകയും ചെയ്തിട്ടുണ്ട്. ക്യാമ്പയിന്റെ ആദ്യഘട്ടമായി മുഴുവൻ ഭിന്നശേഷിക്കാരെയും യു.ഡി.ഐ.ഡി. പോർട്ടലിലേയ്ക്ക് ഓൺലൈനായി രജിസ്റ്റർ ചെയ്യിക്കുന്നതിനുള്ള പ്രത്യേക രജിസ്ട്രേഷൻ ഡ്രൈവ് നടന്നു വരുന്നു.

രജിസ്ട്രേഷൻ ഡ്രൈവിന്റെ ഭാഗമായി 15.07.2022 വരെ 1,21,016 പേർ രജിസ്റ്റർ ചെയ്തിട്ടുണ്ട്. രജിസ്റ്റർ ചെയ്തവരിൽ മെഡിക്കൽ ബോർഡ് സർട്ടിഫിക്കറ്റ് ഉള്ളവർക്ക് ജില്ലാ മെഡിക്കൽ ഓഫീസർമാർ അപേക്ഷകൾ പരിശോധിച്ച് മെഡിക്കൽ ബോർഡിന്റെ ഭിന്നശേഷി അസസ്സ്മെന്റില്ലാതെ മെഡിക്കൽ റെക്കമെന്റേഷൻ നൽകി യു.ഡി.ഐ.ഡി. കാർഡ് നൽകുന്നതിനുള്ള നടപടി സ്വീകരിക്കുന്നുണ്ട്. മെഡിക്കൽ ബോർഡ് സർട്ടിഫിക്കറ്റില്ലാത്തവർക്ക് കേരള സാമൂഹ്യ സുരക്ഷാമിഷൻ ആരോഗ്യ വകുപ്പുമായി ചേർന്ന് വികേന്ദ്രീകൃത വൈകല്യ നിർണ്ണയ ക്യാമ്പുകൾ സംഘടിപ്പിച്ച് മെഡിക്കൽ ബോർഡ് സർട്ടിഫിക്കറ്റും യു.ഡി.ഐ.ഡി. കാർഡും നൽകുന്നതാണ്. കൂടാതെ രജിസ്റ്റർ ചെയ്ത അപേക്ഷകരെ സംസ്ഥാനത്തെ താലൂക്ക്, ജില്ലാ, ജനറൽ ഹോസ്പിറ്റലുകളിലെ സൂപ്രണ്ട് ചെയർമാനായ മെഡിക്കൽ ബോർഡ് വൈകല്യനിർണ്ണയം നടത്തി മെഡിക്കൽ ബോർഡ് സർട്ടിഫിക്കറ്റും യു.ഡി.ഐ.ഡി. കാർഡും നൽകുന്ന പ്രവർത്തനവും നടന്നുവരുന്നു. കേരള സാമൂഹ്യ സുരക്ഷാമിഷനാണ് യു.ഡി.ഐ.ഡി. കാർഡ് നൽകുന്നതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ സാമൂഹ്യനീതി വകുപ്പ്, ജില്ലാ ഭരണകൂടം, ആരോഗ്യ വകുപ്പ്, വനിതാ ശിശു

വികസന വകുപ്പ്, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയുടെ സഹകരണത്തോടെ ഏകോപിപ്പിച്ച് നടപ്പാക്കുന്നത്.

(ബി) പ്രസ്തുത പദ്ധതി എന്നത്തേയ്ക്ക് പൂർത്തീകരിക്കാനാകുമെന്ന് വ്യക്തമാക്കുമോ?

യു.ഡി.ഐ.ഡി. ആവശ്യമുള്ള ഭിന്നശേഷിക്കാർക്ക് അവർ യു.ഡി.ഐ.ഡി. പോർട്ടലിലേയ്ക്ക് ഓൺലൈനായി രജിസ്റ്റർ ചെയ്തശേഷം മെഡിക്കൽ പരിശോധന പൂർത്തീകരിക്കുന്നതിനനുസരിച്ച് യു.ഡി.ഐ.ഡി. കാർഡും ഡിജിറ്റലൈസ്ഡ് സർട്ടിഫിക്കറ്റും ലഭ്യമാക്കുന്നതാണ്. നിലവിൽ പോർട്ടലിൽ രജിസ്റ്റർ ചെയ്ത അർഹരായ എല്ലാ ഭിന്നശേഷിക്കാർക്കും ഈ സാമ്പത്തിക വർഷത്തിനുള്ളിൽ യു.ഡി.ഐ.ഡി. വിതരണം ചെയ്യുന്നതിനുള്ള ബൃഹത്തായ പദ്ധതിയാണ് സർക്കാർ വിഭാവനം ചെയ്തിരിക്കുന്നത്.

## യു.ഡി.ഐ.ഡി. കാർഡ്

205(5329) ശ്രീ. കെ. ഡി. പ്രസേനൻ: താഴെക്കാണുന്ന ചോദ്യത്തിന് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

യു.ഡി.ഐ.ഡി. കാർഡുകൾ ലഭിക്കുന്നതിനായി ആലത്തൂർ മണ്ഡലത്തിൽ നിന്നും എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ട്; വിശദാംശം അറിയിക്കാമോ?

യു.ഡി.ഐ.ഡി. കാർഡുകൾ ലഭിക്കുന്നതിനായി ആലത്തൂർ മണ്ഡലത്തിൽനിന്നും 1479 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. അപേക്ഷ നൽകിയിട്ട് കാർഡ് കിട്ടാനുള്ള 1155 പേരിൽ 720 പേർ മെഡിക്കൽ ബോർഡ് സർട്ടിഫിക്കറ്റുള്ളവരും 435 പേർ മെഡിക്കൽ ബോർഡ് സർട്ടിഫിക്കറ്റ് ഇല്ലാത്തവരുമാണ്.

ഭിന്നശേഷി സംബന്ധിച്ച മെഡിക്കൽ ബോർഡ് സർട്ടിഫിക്കറ്റ് ഉള്ളവരുടെ അപേക്ഷകൾ ജില്ലാ മെഡിക്കൽ ഓഫീസർമാർ പരിശോധിച്ച് വീണ്ടും മെഡിക്കൽ ബോർഡിന്റെ ഭിന്നശേഷി അസസ്സ്മെന്റ് ഇല്ലാതെ തന്നെ മെഡിക്കൽ റെക്കമെന്റേഷൻ നൽകി യു.ഡി.ഐ.ഡി. കാർഡ് നൽകുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. മെഡിക്കൽ ബോർഡ് സർട്ടിഫിക്കറ്റില്ലാത്തവർക്ക് കേരള സാമൂഹ്യ സുരക്ഷാ മിഷൻ ആരോഗ്യ വകുപ്പുമായി ചേർന്ന് വികേന്ദ്രീകൃത ഭിന്നശേഷി നിർണ്ണയ ക്യാമ്പുകൾ

സംഘടിപ്പിച്ച് മെഡിക്കൽ ബോർഡ് സർട്ടിഫിക്കറ്റും യു.ഡി.ഐ.ഡി. കാർഡും നൽകുന്നതാണ്.

പുനലൂരിൽ ഭിന്നശേഷി സർട്ടിഫിക്കറ്റ് നല്കുന്നതിനായുള്ള മെഡിക്കൽ ക്യാമ്പുകൾ

206(5330) ശ്രീ. പി. എസ്. സുപാൽ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുനലൂരിലും പരിസരപ്രദേശങ്ങളിലുമുള്ള അറുനൂറോളം വരുന്ന ഭിന്നശേഷി കുട്ടികൾ ഡിസെബിലിറ്റി സർട്ടിഫിക്കറ്റ്, യു.ഡി.ഐ.ഡി കാർഡ്, സ്പെഷ്യൽ ലേർണിംഗ് ഡിസെബിലിറ്റി കാർഡ് തുടങ്ങിയ രേഖകൾ കൈവശമില്ലാത്തതിനാൽ വളരെയധികം ബുദ്ധിമുട്ടുകൾ നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത കുട്ടികളെല്ലാവരും തന്നെ പലവിധത്തിലുള്ള ശാരീരിക ബുദ്ധിമുട്ടുകൾ അനുഭവിക്കുന്നവരും മെഡിക്കൽ സർട്ടിഫിക്കറ്റുകൾക്കായി ആശുപത്രിയിൽ പോകുന്നതിന് ബുദ്ധിമുട്ട് നേരിടുന്നവരുമാണെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

(എ&ബി) പുനലൂരിലും പരിസരപ്രദേശങ്ങളിലുമുള്ള ഭിന്നശേഷിയുള്ള കുഞ്ഞുങ്ങൾ പലവിധ ശാരീരിക ബുദ്ധിമുട്ടുകൾ അനുഭവിക്കുന്നവരാണെന്നും ഇത്തരത്തിലുള്ളവർ മെഡിക്കൽ check up-നായി ആശുപത്രികളിൽ പോയി ക്യൂനിൽക്കുന്നതിന് ബുദ്ധിമുട്ടനുഭവിക്കുന്നുണ്ടെന്നും ആയതിനാൽ ഒരു മെഡിക്കൽ ക്യാമ്പ് പുനലൂരിൽ സംഘടിപ്പിക്കണമെന്നും ആവശ്യപ്പെട്ട് നവജീവൻ എന്ന സംഘടനയ്ക്കുവേണ്ടി സെക്രട്ടറി ശ്രീ. പി. എസ്. സുപാൽ എം.എൽ.എ. മുഖാന്തരം നൽകിയ നിവേദനം ആവശ്യമായ നടപടികൾക്കായി കേരള സാമൂഹ്യ സുരക്ഷാ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർക്ക് അയച്ചുകൊടുത്തിട്ടുണ്ട്.

(സി) പ്രസ്തുത രേഖകൾക്കായി ഈ കുട്ടികൾ ഓൺലൈൻ രജിസ്ട്രേഷൻ ഉൾപ്പെടെയുള്ള നടപടികൾ പൂർത്തിയാക്കിയ സാഹചര്യത്തിൽ ഇവർക്ക് പ്രസ്തുത രേഖകൾ ലഭ്യമാക്കുന്നതിനായി പുനലൂർ മണ്ഡലത്തിൽ ഒരു ക്യാമ്പ് സംഘടിപ്പിക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കുമോ; വിശദാംശം നൽകുമോ?

ഇതുവരെ 1882 ഭിന്നശേഷിക്കാരാണ് പുനലൂർ മണ്ഡലത്തിൽ നിന്നും യു.ഡി.ഐ.ഡി. കാർഡിനായി രജിസ്ട്രേഷൻ നടത്തിയിട്ടുള്ളത്. ഇതിൽ

മെഡിക്കൽ ബോർഡ് സർട്ടിഫിക്കറ്റുള്ള 1260 പേർക്ക് ഇതുവരെ യു.ഡി.ഐ.ഡി. കാർഡ് നൽകിയിട്ടുണ്ട്. മെഡിക്കൽ സർട്ടിഫിക്കറ്റുള്ള ബാക്കി അപേക്ഷകർക്ക് യു.ഡി.ഐ.ഡി. കാർഡ് നൽകാനുള്ള നടപടികൾ ജില്ലാ മെഡിക്കൽ ഓഫീസർ വഴി സ്വീകരിച്ചിട്ടുണ്ട്. മെഡിക്കൽ സർട്ടിഫിക്കറ്റില്ലാത്ത 131 പേരാണ് നിലവിൽ രജിസ്റ്റർ ചെയ്തിട്ടുള്ളത്. ഇവർക്കായി ക്യാമ്പ് സംഘടിപ്പിച്ച് മെഡിക്കൽ സർട്ടിഫിക്കറ്റും യു.ഡി.ഐ.ഡി. കാർഡും നൽകുന്ന കാര്യം പരിഗണിക്കുന്നതാണ്.

## എൻഡോസൾഫാൻ ദുരിതബാധിതർ

207(5331) ശ്രീ. സി. ആർ. മഹേഷ്:
ശ്രീ. റോജി എം. ജോൺ:
ശ്രീ. ഷാഫി പറമ്പിൽ:
ശ്രീ. സണ്ണി ജോസഫ്: താഴെക്കാണുന്ന ചോദ്യത്തിന് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് എൻഡോസൾഫാൻ ദുരിതബാധിതർക്ക് സൗജന്യ ചികിത്സ ഏർപ്പെടുത്തുന്നതിനും യാത്രാസൗകര്യം ഒരുക്കുന്നതിനും കടബാധ്യതകൾ എഴുതിത്തള്ളുന്നതിനും സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

എൻഡോസൾഫാൻ ദുരിതബാധിതർക്ക് ദേശീയ ആരോഗ്യ ദൗത്യം മുഖേന സൗജന്യ ചികിൽസയും യാത്രയും ഏർപ്പെടുത്തിയിട്ടുണ്ട്. എൻഡോസൾഫാൻ ദുരിതബാധിതരുടെ ലിസ്റ്റിലുൾപ്പെട്ടവർക്ക് സൗജന്യ ചികിത്സ നൽകിവരുന്നുണ്ട്. ഇതിനായി കേരളത്തിലും കർണ്ണാടകയിലും 17 ആശുപത്രികൾ എംപാനൽ ചെയ്തിട്ടുണ്ട്. എൻഡോസൾഫാൻ ദുരിതബാധിതർക്ക് എല്ലാ മരുന്നുകളും സൗജന്യമായി നൽകുന്നു. സർക്കാർ ആരോഗ്യ സ്ഥാപനങ്ങളിൽ ലഭ്യമല്ലാത്ത മരുന്നുകൾ കാരുണ്യ ഫാർമസിയിൽ നിന്നോ പുറത്ത് നിന്നോ സംഭരിച്ച് ദുരിതബാധിതർക്ക് വിതരണം ചെയ്യുന്നു.

ജില്ലയിലെ 11 ഗ്രാമപഞ്ചായത്തുകളിലെ CHC/PHC-കളിൽ കിടപ്പിലായ എൻഡോസൾഫാൻ രോഗികൾക്ക് മുൻ നിശ്ചയിക്കപ്പെട്ട തീയതികളിൽ മൊബൈൽ മെഡിക്കൽ ടീം സന്ദർശനം നടത്തി രോഗികളെ പരിശോധിച്ച് സൗജന്യ ചികിത്സയും മരുന്നും നൽകിവരുന്നു. മൊബൈൽ മെഡിക്കൽ യൂണിറ്റ് കിടപ്പിലായ എൻഡോസൾഫാൻ ദുരിതബാധിതർക്ക് ഗാർഹിക പരിചരണത്തിനായി ഏർപ്പെടുത്തിയിട്ടുണ്ട്. മെഡിക്കൽ ഓഫീസർ, സ്റ്റാഫ് നഴ്സ്, ഫീൽഡ് ഓഫീസർ എന്നിവർ അടങ്ങുന്ന ടീമാണ്

വൈദ്യസഹായം നൽകിവരുന്നത്. കിടപ്പിലായ എൻഡോസൾഫാൻ ദുരിതബാധിതർക്കുള്ള മരുന്നുകൾ വാതിൽപ്പടിയിൽ എത്തിച്ചുനൽകുന്നു. എൻഡോസൾഫാൻബാധിത പഞ്ചായത്തുകളിൽ ഫിസിയോതെറാപ്പി യൂണിറ്റ് സ്ഥാപിച്ചിട്ടുണ്ട്. ദുരിതബാധിതരുടെ ലിസ്റ്റിൽ ഉൾപ്പെട്ടവരിൽ ഫിസിയോതെറാപ്പി സേവനം ആവശ്യമുള്ള എൻഡോസൾഫാൻ ദുരിത ബാധിതർക്ക് CHC/PHC-കളിൽ നിയോഗിക്കപ്പെട്ട ഫിസിയോതെറാപ്പിസ്റ്റ് രോഗികളുടെ വീടുകളിൽ എത്തി സേവനം ലഭ്യമാക്കിവരുന്നു. എൻഡോസൾഫാൻ ദുരിതബാധിതരായ രോഗികൾക്ക് ഗാർഹിക വൈദ്യസഹായം നൽകുന്നതിനായി 11 പഞ്ചായത്തുകളിലും ഓരോ സ്റ്റാഫ് നഴ്സിനെ വീതം നിയമിച്ചിട്ടുണ്ട്.

എൻഡോസൾഫാൻ ദുരിതബാധിതരുടെ ലിസ്റ്റിൽ ഉൾപ്പെട്ടവരെ ആശുപത്രികളിൽ എത്തിക്കുന്നതിനായി ജില്ലയിലെ 11 പഞ്ചായത്തുകളിലെയും ആരോഗ്യ സ്ഥാപനങ്ങളിൽ ഓരോ വാഹനം ദേശീയ ആരോഗ്യ ദൗത്യം വഴി ഏർപ്പാട് ചെയ്തിട്ടുണ്ട്. കിടപ്പിലായ രോഗികളെ ആശുപത്രികളിൽ എത്തിക്കുന്നതിനായി ജില്ലയിൽ 2

ആംബുലൻസുകൾ കാസർഗോഡ് ജനറൽ ആശുപത്രിയിലും പനത്തടി താലൂക്ക് ആശുപത്രിയിലും ദേശീയ ആരോഗ്യ ദൗത്യം വഴി അനുവദിച്ചിട്ടുണ്ട്.

എൻഡോസൾഫാൻ ദുരിതബാധിതരുടെ 2011 ജൂൺ മാസം 30 വരെ എടുത്തിട്ടുള്ള വായ്പകൾ പുതുക്കിയിട്ടുണ്ടെങ്കിൽ ആയത് 10.01.2014-ലെ സ.ഉ.(കൈ)നം.298/2014/ആകുവ ഉത്തരവ് പ്രകാരം കടാശ്വാസ പദ്ധതിക്കായി പരിഗണിക്കുന്നുണ്ട്. ഇതനുസരിച്ച് 1720 ദുരിതബാധിതരുടെ 2153 അപേക്ഷകളിലായി 6,82,70,833 രൂപയുടെ കടബാദ്ധ്യതകൾ എഴുതിത്തള്ളിയിട്ടുണ്ട്.

## വയനാട് ജില്ലയിലെ സ്പെഷ്യൽ സ്കൂളുകൾ

208(5332) ശ്രീ. ഒ. ആർ. കേളു: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിൽ നിലവിൽ എത്ര സ്പെഷ്യൽ സ്കൂളുകൾ പ്രവർത്തിച്ചുവരുന്നുണ്ടെന്ന് വ്യക്തമാക്കുമോ?

വയനാട് ജില്ലയിൽ 11 സ്പെഷ്യൽ സ്കൂളുകൾ നിലവിലുണ്ട്.

(ബി) ഇത്തരം സ്കൂളുകൾക്ക് സർക്കാർ നൽകി വരുന്ന സഹായങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ?

ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്ന കുട്ടികൾ പഠിക്കുന്ന അൺ എയ്ഡഡ് മേഖലയിലെ സ്പെഷ്യൽ സ്കൂളുകൾ, ബഡ്സ് സ്കൂളുകൾ എന്നിവയ്ക്ക് സ്പെഷ്യൽ സ്കൂൾ പാക്കേജ് മുഖേന സാമ്പത്തിക സഹായം (2021-22 വർഷം അർഹരായ ജീവനക്കാർക്ക് 5 മാസത്തെ ഓണറേറിയം, കണ്ടിജൻസി തുക 3 മാസം, കുട്ടികൾക്കായുള്ള 2 ജോഡി യൂണിഫോം അലവൻസ്), സംസ്ഥാന സർക്കാരിന്റെ ഉച്ചഭക്ഷണ പദ്ധതി, പ്രൈമറി തലത്തിലുള്ള കുട്ടികൾക്ക് എസ്.സി.ഇ.ആർ.ടി. മുഖേന പാഠപുസ്തക വിതരണം എന്നീ സഹായങ്ങൾ നൽകി വരുന്നു.

(സി) ഇത്തരം സ്ഥാപനങ്ങൾക്ക് രജിസ്ട്രേഷൻ നൽകുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണ്?

RPWD Act 2016 Section 50-54, RPWD Kerala Rules 2020 Section 12-16-ൽ പ്രതിപാദിച്ചിട്ടുള്ള മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലാണ് രജിസ്ട്രേഷൻ അനുവദിക്കുന്നത്. സ്പെഷ്യൽ സ്കൂളുകളുടെ രജിസ്ട്രേഷനുമായി ബന്ധപ്പെട്ട് മിനിമം സ്റ്റാൻഡേർഡ് ഓഫ് ഗൈഡ് ലൈൻസ് സാമൂഹ്യനീതി വകുപ്പ് മുഖേന തയ്യാറാക്കി വരുന്നുണ്ട്. ആയത് തയ്യാറാക്കുന്നതുവരെ, 30.08.2019-ലെ സ.ഉ.(കൈ)നം. 133/19/പൊ.വി.വ

27.11.2020-ലെ സ.ഉ(സാധാ)നം.673/2020/സാ.നീ.വ. എന്നീ ഉത്തരവുകളിൽ സൂചിപ്പിച്ചിരിക്കുന്ന മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലാണ് രജിസ്ട്രേഷൻ അനുവദിക്കുന്നത്. പ്രസ്തുത ഉത്തരവുകളുടെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു+.

(ഡി) നിലവിൽ വയനാട് ജില്ലയിൽ ഇത്തരം സ്ഥാപനങ്ങൾക്ക് രജിസ്ട്രേഷൻ നൽകാനുള്ള അപേക്ഷകൾ പരിഗണനയിൽ ഉണ്ടോ; എങ്കിൽ എത്ര അപേക്ഷകളെന്ന് വ്യക്തമാക്കാമോ?

വയനാട് ജില്ലയിൽ പ്രവർത്തിക്കുന്ന 2 സ്പെഷ്യൽ സ്കൂളുകളുടെ അപേക്ഷകൾ സാമൂഹ്യനീതി വകുപ്പ് ഡയറക്ടറുടെ ഓഫീസിൽ ലഭ്യമായിട്ടുണ്ട്. ആയതിന്റെ രജിസ്ട്രേഷൻ നടപടികൾ പുരോഗമിച്ചുവരുന്നു.

## സാമൂഹ്യനീതി വകുപ്പ് മുഖേന നടപ്പാക്കുന്ന പദ്ധതികൾ

209(5333) ശ്രീ. മോൻസ് ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) സാമൂഹ്യനീതി വകുപ്പ് മുഖേന ഏതെല്ലാം ആശ്വാസ പദ്ധതികളാണ് സംസ്ഥാനത്ത് നടപ്പാക്കി വരുന്നത്; ഓരോന്നിനും അപേക്ഷിക്കുന്നതിനുള്ള മാനദണ്ഡം വ്യക്തമാക്കാമോ?

സാമൂഹ്യനീതി വകുപ്പും വകുപ്പിന് കീഴിലെ സ്ഥാപനങ്ങളും സംസ്ഥാനത്ത് നടപ്പാക്കി വരുന്ന ആശ്വാസ പദ്ധതികളും അതിന് അപേക്ഷിക്കുന്നതിനുള്ള മാനദണ്ഡങ്ങളും അനുബന്ധം ആയി ചേർത്തിരിക്കുന്നു.

(ബി) മാതാപിതാക്കൾ നഷ്ടപ്പെട്ട കുമാരി ഷിയാമോൾ ഷിബു, വടക്കേനിരപ്പ്, കാട്ടാമ്പാക്ക്, ഞീഴൂർ പി.ഒ., കോട്ടയം എന്ന വിദ്യാർത്ഥിനിക്ക് സാമൂഹ്യനീതി വകുപ്പിന്റെ സഹായം നൽകണമെന്നാവശ്യപ്പെട്ട് നൽകിയിരുന്ന 230/വി.ഐ.പി./എസ്.ജെ./21 നമ്പർ നിവേദനത്തിൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

സാമൂഹ്യനീതി ഡയറക്ടറേറ്റിൽ നടപടികൾ സ്വീകരിച്ചുവരുന്നു.

## നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പീച്ച് ആന്റ് ഹിയറിംഗിന്റെ പ്രവർത്തനം

210(5334) ശ്രീമതി ശാന്തകുമാരി കെ.: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം

മറുപടി നൽകുമോ:

(എ) നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പീച്ച് ആന്റ് ഹിയറിംഗിന്റെ പ്രവർത്തനം അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിനായി പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ?

ഉണ്ട്. വിശദാംശം അനുബന്ധമായി ചേർക്കുന്നു+ .

(ബി) 14.01.2015-ലെ ജി.ഒ.(എം.എസ്.)നം.3/15/എസ്.ജെ.ഡി. നമ്പർ ഉത്തരവിലെ ഖണ്ഡിക 14-ലെ നിർദ്ദേശപ്രകാരം പ്രസ്തുത സ്ഥാപനത്തിലെ സ്റ്റാഫ് പാറ്റേൺ നിശ്ചയിക്കുന്നതിനും സർവ്വീസ് റൂൾ തയ്യാറാക്കുന്നതിനുമായി 6 മാസത്തിനകംതന്നെ പ്രസ്തുത സ്ഥാപനത്തിൽനിന്നും ശിപാർശ ലഭിച്ചിരുന്നോ; ഇല്ലെങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കുമോ?

ഇല്ല. നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പീച്ച് ആന്റ് ഹിയറിംഗ് (നിഷ്) എന്ന സ്ഥാപനത്തിലെ സ്പെഷ്യൽ റൂൾസ്, സ്റ്റാഫ് പാറ്റേൺ എന്നിവ രൂപീകരിക്കുന്നതിനുള്ള പ്രാഥമിക നടപടികൾ (കരട് റിപ്പോർട്ട് തയ്യാറാക്കി ടി സ്ഥാപന പ്രോജക്ട് ബോർഡ്/ഇന്റേണൽ കമ്മിറ്റി/ഗവേണിംഗ്

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കൗൺസിൽ എന്നിവരുടെ അനുമതി വാങ്ങൽ) നിഷ്-ൽ പുരോഗമിച്ച് വരുന്നു.

(സി) നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പീച്ച് ആന്റ് ഹിയറിംഗിലെ സ്റ്റാഫ് പാറ്റേൺ നിശ്ചയിക്കുന്നതിനും സർവ്വീസ് റൂൾ പ്രാബല്യത്തിൽ വരുത്തുന്നതിനും അടിയന്തര നടപടി സ്വീകരിക്കുമോ?

നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പീച്ച് ആന്റ് ഹിയറിംഗ് (നിഷ്) എന്ന സ്ഥാപനത്തിലെ സ്പെഷ്യൽ റൂൾസ്, സ്റ്റാഫ് പാറ്റേൺ എന്നിവ രൂപീകരിക്കുന്നതിനുള്ള പ്രാഥമിക നടപടികൾ (കരട് റിപ്പോർട്ട് തയ്യാറാക്കി ടി സ്ഥാപന പ്രോജക്ട് ബോർഡ്/ഇന്റേർണൽ കമ്മിറ്റി/ഗവേണിംഗ് കൗൺസിൽ എന്നിവരുടെ അനുമതി വാങ്ങൽ) നിഷ്-ൽ പുരോഗമിച്ചുവരുന്നു.

(ഡി) പ്രസ്തുത സ്ഥാപനത്തിലെ ജീവനക്കാരുടെ ശമ്പളപരിഷ്കരണം എന്നത്തേയ്ക്ക് നടപ്പാക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കുമോ?

സംസ്ഥാന സർക്കാർ ജീവനക്കാർക്ക് അനുവദിച്ച പത്താം ശമ്പള പരിഷ്കരണം നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പീച്ച് ആൻഡ് ഹിയറിംഗിലെ ജീവനക്കാർക്ക് കൂടി ബാധകമാക്കണമെന്ന് അഭ്യർത്ഥിച്ച് ടി സ്ഥാപന അധികൃതർ 06.03.2018 തീയതിയായി പ്രൊപ്പോസൽ സമർപ്പിച്ചിരുന്നു.

ആയത് സർക്കാർ പരിശോധിക്കുകയും 12.08.2016-ലെ 69/2016/ധന നം. സർക്കുലറിലെ ഖണ്ഡിക 3(3)-ലെ വ്യവസ്ഥകൾ പാലിച്ചുകൊണ്ട്, നാളിതുവരെ നിഷിലുണ്ടായ മുഴുവൻ തസ്തികകളുടെയും മാറ്റം ഉൾക്കൊണ്ടുകൊണ്ടുള്ള സർക്കാർ ഉത്തരവിന്റെ രൂപേണയുള്ള സ്റ്റാഫ് പാറ്റേണും നിലവിലെ പ്രൊപ്പോസലിൽ ശിപാർശ ചെയ്തിരിക്കുന്ന മുഴുവൻ തസ്തികകളും സൃഷ്ടിച്ച സർക്കാർ ഉത്തരവുകളും ലഭ്യമാക്കാൻ നിഷ് എക്സിക്യൂട്ടീവ് ഡയറക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ട്. ആയത് ലഭ്യമാക്കുന്ന മുറയ്ക്ക് ശമ്പളപരിഷ്കരണം നടപ്പിലാക്കുന്ന വിഷയം പരിഗണിക്കാവുന്നതാണ്.

<u>കെ.എസ്.ആർ.ടി.സി. ബസ്സുകൾ ക്ലാസ്സ് മുറികളാക്കുന്നതിന് നടപടി</u>

211(5335) <u>ശ്രീ. കെ. കെ. രാമചന്ദ്രൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. ബസ്സുകൾ ക്ലാസ്സ് മുറികളാക്കി ഉപയോഗപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ?

ലഭ്യമായ അപേക്ഷയിൻപ്രകാരം പ്രാരംഭമായി 4 സ്ക്രാപ്പ് ബസ്സുകൾ സൗജന്യമായി സർക്കാർ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് അനുവദിച്ച് നൽകിയിട്ടുണ്ട്. പ്രസ്തുത ബസ് നീക്കം ചെയ്യുന്നതും രൂപമാറ്റം വരുത്തുന്നതും

ഉൾപ്പെടെയുള്ള പ്രവർത്തനം സ്ഥാപനം സ്വന്തം ചെലവിൽ നിർവ്വഹിക്കേണ്ടതും "Donated by KSRTC" എന്ന് ഇരുവശങ്ങളിലും രേഖപ്പെടുത്തണമെന്ന നിബന്ധനയോടെയുമാണ് അനുവദിച്ച് നൽകിയിട്ടുള്ളത്.

(ബി) പുതുക്കാട് മണ്ഡലത്തിൽ അളഗപ്പ നഗർ സർക്കാർ ഹൈസ്കൂളിൽ താൽക്കാലിക ക്ലാസ്സ് മുറികളാക്കുന്നതിനായി കെ.എസ്.ആർ.ടി.സി. ബസ്സുകൾ അനുവദിക്കാൻ അനുകൂല നടപടി സ്വീകരിക്കുമോ;

(സി) വരന്തരപ്പിള്ളി പഞ്ചായത്തിലെ മുപ്ലിയം ഗവൺമെന്റ് ഹൈസ്കൂളിൽ താൽക്കാലിക ക്ലാസ്സ് മുറികളാക്കുന്നതിനായി കെ.എസ്.ആർ.ടി.സി. ബസ്സുകൾ അനുവദിക്കാൻ നടപടി സ്വീകരിക്കുമോ?

(ബി&സി) സ്കൂളുകളിൽ നിന്ന് സ്ക്രാപ്പ് ബസ്സുകൾക്കുള്ള അപേക്ഷകൾ ലഭ്യമായ സാഹചര്യത്തിൽ ബസ്സുകൾ അനുവദിക്കുന്ന കാര്യം പരിശോധിച്ച് തുടർ നടപടി സ്വീകരിക്കുന്നതാണ്.

## കെ.എസ്.ആർ.ടി.സി.-യുടെ സ്ത്രീസുരക്ഷാ നടപടികൾ

212(5336) ശ്രീ. അനൂപ് ജേക്കബ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.-യുടെ സൂപ്പർ ക്ലാസ്സ് ഉൾപ്പെടെയുള്ള ബസ്സുകൾ രാത്രികാലങ്ങളിൽ സ്ത്രീകൾ ഉൾപ്പെടെയുള്ള യാത്രക്കാർ ആവശ്യപ്പെടുന്നപക്ഷം സ്റ്റോപ്പുകളിൽ നിർത്തികൊടുക്കുന്നതിന് വ്യവസ്ഥയുണ്ടോയെന്ന് അറിയിക്കാമോ?

കെ.എസ്.ആർ.ടി.സി. സൂപ്പർ ക്ലാസ്സ് ബസ്സുകളടക്കം എല്ലാ ബസ്സുകളും രാത്രി സ്റ്റോപ്പുകളിൽ നിർത്തുന്നതാണ്. കൂടാതെ കെ.എസ്.ആർ.ടി.സി.-യുടെ സൂപ്പർ ഫാസ്റ്റ് ഉൾപ്പെടെയുള്ള സർവ്വീസുകൾ രാത്രി 08:00 മണി മുതൽ രാവിലെ 06:00 മണി വരെ സ്ത്രീകൾ, മുതിർന്ന പൗരന്മാർ, ഭിന്നശേഷിയുള്ളവർ എന്നിവർ ആവശ്യപ്പെടുന്നപക്ഷം സ്റ്റോപ്പല്ലാത്ത സ്ഥലങ്ങളിലും നിർത്തികൊടുക്കുന്നതിനും വ്യവസ്ഥയുണ്ട്.

(ബി) സ്ത്രീസുരക്ഷയുമായി ബന്ധപ്പെട്ട് കെ.എസ്.ആർ.ടി.സി. എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

സ്ത്രീസുരക്ഷയുമായി ബന്ധപ്പെട്ട് കെ.എസ്.ആർ.ടി.സി. ബസ്സുകളിൽ സീറ്റുകൾ സ്ത്രീകൾക്ക് സംവരണം ചെയ്തിട്ടുണ്ട്. പ്രസ്തുത സീറ്റുകൾ വനിതാ യാത്രക്കാർക്ക് തന്നെ ലഭ്യമാകുന്നുണ്ടെന്ന് ഉറപ്പുവരുത്താൻ കണ്ടക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

സ്ത്രീ സുരക്ഷ മുൻനിർത്തി വനിതാ യാത്രക്കാർക്കുള്ള സീറ്റുകൾ ഡ്രൈവർ സീറ്റിന് തൊട്ട് പുറകിലായി ക്രമീകരിച്ചിട്ടുണ്ട്. കൂടാതെ വനിതാ കണ്ടക്ടർമാരുടെ സേവനവും കെ.എസ്.ആർ.ടി.സി. നൽകുന്നുണ്ട്. കെ.എസ്.ആർ.ടി.സി.-യുടെ എല്ലാ ഡിപ്പോകളിലും സ്ത്രീ സുരക്ഷയ്ക്കായി Anti harassment committee രൂപീകരിച്ചിട്ടുണ്ട്.

(സി) രാത്രികാലങ്ങളിൽ സർവ്വീസ് നടത്തുന്ന ബസ്സുകളുടെ എണ്ണത്തിൽ കുറവ് വരുത്തിയിട്ടുണ്ടോ?

രാത്രികാലങ്ങളിൽ സർവ്വീസ് നടത്തുന്ന ബസ്സുകളുടെ എണ്ണത്തിൽ കുറവ് വരുത്തിയിട്ടില്ല.

(ഡി) ഒറ്റപ്പെട്ട സ്ഥലങ്ങളിലേയ്ക്ക് രാത്രികാലങ്ങളിൽ കെ.എസ്.ആർ.ടി.സി. നടത്തിയിരുന്ന സർവ്വീസുകൾ കോവിഡ് വ്യാപനത്തിനുശേഷം പുനഃസ്ഥാപിച്ചിട്ടില്ലെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഒറ്റപ്പെട്ട സ്ഥലങ്ങളിലേയ്ക്ക് രാത്രികാലങ്ങളിൽ നടത്തിയിരുന്ന സർവ്വീസുകളിൽ ചിലത് കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിലും യാത്രക്കാർ കുറവായതിനാലുമാണ് നിർത്തലാക്കിയതെങ്കിലും പ്രസ്തുത

സർവ്വീസുകളുടെ ജനോപകാരപ്രദമായ ട്രിപ്പുകൾ പുനഃക്രമീകരിച്ച് സർവ്വീസ് നടത്തുന്നുണ്ട്. കടുത്ത നഷ്ടം സഹിച്ച് സർവ്വീസുകൾ നടത്താൻ കെ.എസ്.ആർ.ടി.സി.-യുടെ നിലവിലെ സാമ്പത്തിക സ്ഥിതിയിൽ ബുദ്ധിമുട്ടുണ്ടാകുന്നുണ്ട്. ആയതിനാൽ ടി ട്രിപ്പുകൾ പുനഃസ്ഥാപിക്കാൻ കഴിയുന്നില്ല.

## മോട്ടോർ വാഹന നിയമ ലംഘനം

213(5337) ശ്രീ. പി. കെ. ബഷീർ:
ശ്രീ. അബ്ദുൽ ഹമീദ് പി.:
ശ്രീ. യു. എ. ലത്തീഫ്:
ശ്രീ. കെ. പി. എ. മജീദ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മോട്ടോർ വാഹന നിയമത്തിന് അനുസൃതമല്ലാതെ നെയിം ബോർഡുകളും ലൈറ്റുകളും സ്ഥാപിക്കുന്ന വാഹനങ്ങൾക്കെതിരെ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നത്?

സംസ്ഥാനത്ത് മോട്ടോർ വാഹന നിയമത്തിന് അനുസൃതമല്ലാത്ത നെയിം ബോർഡുകളും ലൈറ്റുകളും സ്ഥാപിക്കുന്ന വാഹനങ്ങൾക്ക് ചെലാൻ നൽകി പിഴ അടപ്പിക്കുകയും നിയമ വിരുദ്ധമായി വാഹനത്തിൽ

ഘടിപ്പിച്ചിട്ടുള്ള ഭാഗങ്ങൾ അഴിച്ചുമാറ്റി പരിശോധനയ്ക്ക് ഹാജരാക്കാൻ നിർദ്ദേശം നൽകുകയും ചെയ്യുന്നുണ്ട്.

(ബി) സർക്കാർ, സ്വകാര്യ വാഹനങ്ങൾ മോട്ടോർ വാഹന നിയമത്തിന് അനുസൃതമായ വ്യവസ്ഥകൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തണമെന്ന് ഹൈക്കോടതി നിർദ്ദേശം നൽകിയിട്ടുണ്ടോ?

ഉണ്ട്.

(സി) എങ്കിൽ ഹൈക്കോടതി നിർദ്ദേശപ്രകാരം സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

1988-ലെ മോട്ടോർ വാഹന നിയമത്തിലെയും 1989-ലെ കേന്ദ്ര മോട്ടോർ വാഹന ചട്ടങ്ങളിലെയും 2017-ലെ മോട്ടോർ വാഹന (ഡ്രൈവിംഗ്) റെഗുലേഷനിലെയും വ്യവസ്ഥകൾ കാര്യക്ഷമമായി നടപ്പിലാക്കണമെന്ന് നിർദ്ദേശിച്ചുകൊണ്ട് സുപ്രീം കോടതിയും ഹൈക്കോടതിയും പുറപ്പെടുവിച്ചിട്ടുള്ള വിധിന്യായങ്ങൾ പാലിക്കുന്നതുമായി ബന്ധപ്പെട്ട്, അനധികൃത Lighting സ്ഥാപിക്കുക, Fitness Certificate ഇല്ലാതെ സർവ്വീസ് നടത്തുക എന്നിവയ്ക്കുപുറമെ, Unauthorised Alteration, Unlawful Displaying of registration Mark, Unauthorised use of name boards,

Using Cooling films on the glasses, Not providing Door shutters in Stage Carriages/Contract carriages തുടങ്ങിയ നിയമലംഘനങ്ങൾ തടയുന്നതും ലക്ഷ്യമിട്ടുകൊണ്ട്, മോട്ടോർ വാഹന വകുപ്പ് 'ഓപ്പറേഷൻ ആൽഫ' എന്ന പേരിൽ ഒരു സ്പെഷ്യൽ ഡ്രൈവ് 06.05.2022 മുതൽ 12.05.2022 വരെയും 25.05.2022 മുതൽ 05.06.2022 വരെയും നടത്തിയിരുന്നു. കൂടാതെ, നിയമം ലംഘിക്കുന്ന വാഹന ഉടമകൾക്കെതിരെ ഇ-ചെലാൻ വഴി കേസെടുക്കുകയും പിഴ അടപ്പിക്കുകയും ചെയ്തുവരുന്നു.

<u>മുന്നറിയിപ്പ് ബോർഡുകൾ സ്ഥാപിക്കാതെ അമിത വേഗതയ്ക്ക് പിഴ ഈടാക്കൽ</u>

214(5338) <u>ശ്രീ. ഇ. കെ. വിജയൻ</u>: താഴെക്കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മുന്നറിയിപ്പ് ബോർഡുകൾ സ്ഥാപിക്കാത്ത പ്രദേശങ്ങളിൽ അമിത വേഗതയ്ക്ക് പിഴ ഈടാക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതുമൂലം വാഹനയാത്രക്കാർക്ക് സർക്കാരിൽ അതൃപ്തി ഉണ്ടാകുമെന്നത് വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ക്യാമറ സ്ഥാപിച്ചിട്ടുള്ള പരമാവധി സ്ഥലങ്ങളിൽ മുന്നറിയിപ്പ് ബോർഡുകൾ സ്ഥാപിച്ചിട്ടുണ്ട്. മറ്റ് സ്ഥലങ്ങളിലും ബോർഡ്

സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ത്വരിതഗതിയിൽ നടന്നുവരുന്നു. ഈ പ്രവൃത്തികൾ എത്രയും വേഗം പൂർത്തീകരിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

റോഡ് സേഫ്റ്റി ഫണ്ട് വിനിയോഗം

215(5339) ശ്രീ. വി. ശശി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റോഡ് സേഫ്റ്റി ഫണ്ട് ഇനത്തിൽ ഓരോ വർഷവും ശരാശരി എത്ര തുക ഫണ്ടായി ലഭിക്കുന്നുവെന്നും ഓരോ ജില്ലയ്ക്കും എത്ര തുക വീതം അനുവദിക്കുന്നുവെന്നും വ്യക്തമാക്കാമോ?

റോഡ് സേഫ്റ്റി ഫണ്ട് ഓരോ വർഷവും കിട്ടിയിട്ടുള്ള തുക അനുബന്ധമായി+ ചേർക്കുന്നു. ജില്ല തിരിച്ച് ഓരോ വർഷവും തുക അനുവദിക്കാറില്ല.

വിവിധ റോഡ് സുരക്ഷാ പ്രവർത്തനങ്ങൾക്കായി റോഡ് സുരക്ഷാ അതോറിറ്റിയിൽ നിന്നും അനുവദിക്കുന്ന ഫണ്ടുകൾ ജില്ല അടിസ്ഥാനത്തിലല്ല അനുവദിക്കപ്പെടുന്നത്. ഓരോ ജില്ലയിലേയും ജില്ല റോഡ് സുരക്ഷാ കൗൺസിൽ ആവശ്യപ്പെടുന്നതനുസരിച്ചും കേരള റോഡ് സുരക്ഷാ അതോറിറ്റി ആക്റ്റിന് വിധേയമായിട്ടാണ് തുക അനുവദിക്കുന്നത്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) പ്രസ്തുത തുക ജില്ല തിരിച്ചനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണ്; പ്രസ്തുത തുക എന്തെല്ലാം ആവശ്യങ്ങൾക്കായി വിനിയോഗിക്കാനാകും; വിശദീകരിക്കാമോ?

റോഡ് സുരക്ഷയുമായി ബന്ധപ്പെട്ട സാമഗ്രികളും ഉപകരണങ്ങളും വാങ്ങുന്നതിനും ട്രോമാകെയർ തുടങ്ങിയ പരിപാടികൾക്കും റോഡ് സുരക്ഷാ വാരാചരണ പ്രവർത്തനങ്ങൾക്കും മറ്റ് റോഡ് സുരക്ഷാ ബോധവൽക്കരണ പ്രവർത്തനങ്ങൾക്കും സേഫ് കേരള പദ്ധതിയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്കുമാണ് റോഡ് സുരക്ഷാ ഫണ്ട് വിവിധ ജില്ലകളിലെ ജില്ലാ റോഡ് സുരക്ഷാ കൗൺസിലുകൾക്ക് അനുവദിക്കുന്നത്.

## വയനാട് ജില്ലയിലെ റോഡപകടങ്ങൾ

216(5340) ശ്രീ. ഒ. ആർ. കേളു: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിൽ കഴിഞ്ഞ വർഷം ആകെ ഉണ്ടായ റോഡപകടങ്ങൾ എത്ര; വ്യക്തമാക്കാമോ?

2021 കലണ്ടർ വർഷം വയനാട് ജില്ലയിൽ 545 അപകടങ്ങൾ സ്റ്റേറ്റ് ക്രൈം റെക്കോർഡ്സ് ബ്യൂറോ (SCRB) റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ബി) പ്രസ്തുത കാലയളവിൽ റോഡപകടങ്ങൾമൂലം ജീവൻ നഷ്ടപ്പെട്ട സംഭവങ്ങൾ ഉണ്ടെങ്കിൽ എത്രയെന്നും പരിക്ക് പറ്റിയ സംഭവങ്ങൾ ഉണ്ടെങ്കിൽ എത്രയെന്നും വ്യക്തമാക്കാമോ?

2021 കലണ്ടർ വർഷം വയനാട് ജില്ലയിൽ സ്റ്റേറ്റ് ക്രൈം റെക്കോർഡ്സ് ബ്യൂറോ (SCRB)-യുടെ റിപ്പോർട്ട് പ്രകാരം റോഡപകടങ്ങൾമൂലം ജീവൻ നഷ്ടപ്പെട്ട സംഭവങ്ങൾ 51 എണ്ണവും പരിക്ക് പറ്റിയ സംഭവങ്ങൾ 467 എണ്ണവുമാണ്.

(സി) ഏറ്റവും കൂടുതൽ റോഡപകടങ്ങൾ ഉണ്ടായത് ഏതുതരം വാഹനങ്ങൾമൂലമാണെന്ന് വ്യക്തമാക്കാമോ?

കാറുകളും മറ്റ് ലൈറ്റ് മോട്ടോർ വാഹനങ്ങളും മൂലമാണ് ഏറ്റവും അധികം റോഡപകടങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുള്ളത്.

(ഡി) റോഡപകടങ്ങൾ കുറയ്ക്കാൻ ജില്ലയിൽ ഗതാഗത വകുപ്പ് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

റോഡ് അപകടങ്ങൾ കുറയ്ക്കാൻ ജില്ലയിൽ ഗതാഗത വകുപ്പ് സ്വീകരിച്ച നടപടികൾ ചുവടെ ചേർക്കുന്നു.

1. വയനാട് ജില്ലയിലെ മൂന്ന് താലൂക്കിലേയും കഴിഞ്ഞ 5 വർഷത്തെ അപകട വിവരങ്ങൾ ശേഖരിച്ചു.

2. മേൽ വിവരങ്ങൾ വച്ച് യഥാക്രമം വൈത്തിരി താലൂക്കിൽ 26-ഉം സുൽത്താൻ ബത്തേരിയിൽ 3420-ഉം മാനന്തവാടി താലൂക്കിൽ 20-ഉം അപകടകരമായ റോഡ് സ്പോട്ടുകൾ തിരിച്ചറിഞ്ഞു.

3. ഇത്തരം സ്ഥലങ്ങളെ ബന്ധിപ്പിച്ചുകൊണ്ടുള്ള റോഡുകളിലെ അപകടങ്ങളുടെ എണ്ണം അനുസരിച്ച് ഗൂഗിൾ മാപ്പിൽ സ്പോർട്ട് ചെയ്തു.

4. ഇത്തരം സ്ഥലങ്ങളിൽ കൃത്യമായി റോഡ് ഓഡിറ്റ് നടത്തിവരുന്നു. റോഡ് ഓഡിറ്റ് പൂർത്തിയായ റോഡുകളിലെ അപകടങ്ങൾ കുറയ്ക്കുന്നതിനുവേണ്ട പരിഹാരമാർഗ്ഗങ്ങൾ ജില്ലാ റോഡ് സുരക്ഷാ സമിതിയിൽ സമർപ്പിച്ച് തുടർ നടപടികൾ സ്വീകരിച്ചുവരുന്നു.

## കെ..എസ്.ആർ.ടി.സി.-യുടെ ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കൽ

217(5341) ശ്രീ. ജോബ് മൈക്കിൾ: താഴെ കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം കെ.എസ്.ആർ.ടി.സി.-യുടെ ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ?

കെ.എസ്.ആർ.ടി.സി.യുടെ വരുമാനത്തിന്റെ ഏറിയ പങ്കും സർവീസ് ഓപ്പറേഷനിലൂടെയാണ് ലഭിക്കുന്നത്. കൂടാതെ കോവിഡ്-19 മഹാമാരിയുടെ പശ്ചാത്തലത്തിൽ ടിക്കറ്റിതര വരുമാനത്തിൽ ഗണ്യമായ കുറവ് വന്നെങ്കിലും നൂതന വരുമാനമാർഗ്ഗങ്ങളിലൂടെ ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. കൂടാതെ കെ.എസ്.ആർ.ടി.സി.-യുടെ വരുമാന സ്രോതസുകൾ കണ്ടെത്തി ശരിയായ രീതിയിൽ മാർക്കറ്റ് ചെയ്യുന്നതിനായി ഒരു മാർക്കറ്റിംഗ് വിംഗ് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

കെ.എസ്.ആർ.ടി.സി.-യുടെ ഉടമസ്ഥതയിലുള്ള സ്ഥലങ്ങളിലും ഷോപ്പിംഗ് കോംപ്ലക്സുകളിലും കച്ചവട സ്ഥാപനങ്ങൾ പ്രവർത്തിപ്പിക്കുന്നതിലൂടെയും ബസ് സ്റ്റേഷൻ പരസ്യം, ബസിലെ പരസ്യം, മൊബൈൽ ടവർ, Public Information system മുതലായവയിൽ നിന്നും ടിക്കറ്റിതര വരുമാനം ലഭിച്ചുവരുന്നു.

ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി കെ.എസ്.ആർ.ടി.സി.-യുടെ മാത്രം ഉപയോഗത്തിനായി സ്ഥാപിച്ചിട്ടുള്ള കൺസ്യൂമർ പമ്പുകളെ പൊതുജനങ്ങൾക്കുകൂടി പ്രയോജനപ്പെടുന്ന രീതിയിൽ യാത്രാ ഫ്യൂവൽ റീട്ടെയിൽ ഔട്ട്‌ലെറ്റുകളും കൂടാതെ വിവിധ ശ്രേണിയിലുള്ള വാഹനങ്ങളുടെ എഞ്ചിൻ ഓയിൽ ഉൾപ്പെടെയുള്ള മുഴുവൻ ലൂബ്രിക്കന്റുകളും പ്രമുഖ എണ്ണ കമ്പനികളുമായി ചേർന്ന് രൂപമാറ്റം വരുത്തിയ ബസ്സുകളിൽ ല്യൂബ് ഷോപ്പുകളും സ്ഥാപിക്കുന്നതിനുള്ള പദ്ധതിയും തയ്യാറാക്കുകയും ഇതിനകം 8 യാത്രാ ഫ്യൂവൽറീട്ടെയിൽ ഔട്ട്‌ലെറ്റുകളും രണ്ട് ല്യൂബ് ഷോപ്പുകളും ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. രണ്ടാംഘട്ട പ്രവർത്തനങ്ങൾ ദ്രുതഗതിയിൽ നടന്നുവരുന്നു.

ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കുന്നതിനായി 2021 നവംബർ 1 മുതൽ ബഡ്ജറ്റ് ടൂറിസം സെൽ രൂപീകരിക്കുകയും ടൂറിസം പദ്ധതികൾ നടപ്പിലാക്കി വരികയും ചെയ്യുന്നു.

ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കുന്നതിലേയ്ക്കായി കൊമേഴ്സ്യൽ വിഭാഗം രൂപീകരിക്കുകയും ബസുകളിൽ പരസ്യം പതിപ്പിക്കൽ, ബസുകൾ വാടകയ്ക്ക് നൽകൽ, യൂണിറ്റുകളിലെ സ്ഥലങ്ങളും കടമുറികളും കച്ചവടസംബന്ധമായ

ആവശ്യങ്ങൾക്ക് വാടകയ്ക്ക് അനുവദിക്കൽ, യൂണിറ്റുകളിൽ ജനശ്രദ്ധ ആകർഷിക്കുന്ന സ്ഥലങ്ങൾ ഹോർഡിംഗ്സ് സ്ഥാപിക്കുന്നതിലേയ്ക്കായി വാടകയ്ക്ക് അനുവദിക്കൽ തുടങ്ങിയ പ്രവർത്തനങ്ങൾ ചെയ്തു വരുന്നു.

## കെ.എസ്.ആർ.ടി.സി.-സ്വിഫ്റ്റ് കമ്പനിക്ക് പുതിയ ഇലക്ട്രിക് ബസുകൾ

218(5342)ശ്രീ. എം. വിൻസെന്റ്:
ശ്രീ. പി. സി. വിഷ്ണുനാഥ്:
ശ്രീ. സി. ആർ. മഹേഷ്:
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. സ്വിഫ്റ്റ് കമ്പനിക്കായി അഞ്ഞൂറ് പുതിയ ഇലക്ട്രിക് ബസ്സുകൾ വാങ്ങാനുള്ള ടെണ്ടർ നടപടികൾ ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ; എന്ത് തുകയാണ് ഈ ഇനത്തിൽ ചെലവ് വരുമെന്ന് പ്രതീക്ഷിക്കുന്നത്;

(ബി) റീച്ചാർജ് ചെയ്യുന്നതിന് കൂടുതൽ സമയം ആവശ്യമാണെന്ന പരിമിതി ഒഴിവാക്കുന്ന തരത്തിലുള്ള വാഹനങ്ങളാണോ വാങ്ങുവാൻ ഉദ്ദേശിക്കുന്നത്; എങ്കിൽ വിശദാംശം നൽകുമോ?

(എ&ബി) പ്രവർത്തനചെലവ് കുറഞ്ഞ ഇലക്ട്രിക് ബസ്സുകൾ വാങ്ങുന്നതിനെ സംബന്ധിച്ചുള്ള ചർച്ചകൾ നടന്നുവരുന്നു. എന്നാൽ പുതിയ ഇലക്ട്രിക് ബസ്സുകൾ വാങ്ങുന്നതിന് ടെൻഡർ ക്ഷണിച്ചിട്ടില്ല.

(സി) കെ.എസ്.ആർ.ടി.സി. സ്വിഫ്റ്റ് മുൻപ് വാങ്ങിയ ഇലക്ട്രിക് ബസ്സുകളിൽ എത്രയെണ്ണം നാളിതുവരെ നിരത്തിലിറക്കിയിട്ടുണ്ട്; അവയുടെ സർവ്വീസ് ലാഭകരവും കാര്യക്ഷമവുമാണെന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ഡി) നിലവിലുള്ള ഇലക്ട്രിക് ബസ്സുകളുടെ കാര്യക്ഷമത ബോധ്യപ്പെടുന്നതിന് മുൻപ് അഞ്ഞൂറ് ബസ്സുകൾകൂടി വാങ്ങുവാൻ തീരുമാനമെടുത്തതിന്റെ കാരണം വ്യക്തമാക്കുമോ?

(സി&ഡി) കെ.എസ്.ആർ.ടി.സി.-സ്വിഫ്റ്റ് 50 ഇലക്ട്രിക് ബസ്സുകൾ വാങ്ങുന്നതിനാണ് ഓർഡർ നൽകിയത്. ഇതിന്റെ ആദ്യഘട്ടത്തിൽ 5 എണ്ണം തിരുവനന്തപുരത്ത് 24.6.2022-ൽ എത്തിച്ചേർന്നു. 15.7.2022 വരെ 19 ബസ്സുകൾ എത്തിയിട്ടുണ്ട്, ഇതിൽ പത്ത് ബസ്സുകളുടെ രജിസ്ട്രേഷൻ നടപടികൾ അവസാന ഘട്ടത്തിലാണ്. രജിസ്ട്രേഷൻ നടപടികൾ പൂർത്തിയാക്കിയാലുടൻ സർവീസ് ആരംഭിക്കുന്നതാണ്. സർവീസ്

ആരംഭിച്ചതിനുശേഷം മാത്രമേ ലാഭ-നഷ്ടം, കാര്യക്ഷമത എന്നിവ സംബന്ധിച്ചുള്ള വിലയിരുത്തലുകൾ സാധ്യമാകുകയുള്ളൂ.

<u>ഓപ്പറേറ്റിംഗ് സെന്ററുകൾ നിർത്തലാക്കൽ</u>

219(5343) <u>ശ്രീ. അനൂപ് ജേക്കബ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കെ.എസ്.ആർ.ടി.സി. ഓപ്പറേറ്റിംഗ് സെന്ററുകൾ നിർത്തലാക്കുന്നത് സംബന്ധിച്ച് എന്തെങ്കിലും തീരുമാനമെടുത്തിട്ടുണ്ടോ; വിശദമാക്കാമോ?

ഇല്ല.

(ബി) ഉണ്ടെങ്കിൽ എന്തെല്ലാം മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലാണ് പ്രസ്തുത തീരുമാനമെടുത്തതെന്നറിയിക്കുമോ;

(സി) ഇതുമായി ബന്ധപ്പെട്ട് അടച്ചുപൂട്ടിയ ഓപ്പറേറ്റിംഗ് സെന്ററുകൾ ഏതെല്ലാമെന്ന് അറിയിക്കാമോ;

(ഡി) ഇനി അടച്ചുപൂട്ടാൻ നിശ്ചയിച്ചിരിക്കുന്ന സെന്ററുകൾ ഏതെല്ലാമെന്ന് വിശദമാക്കാമോ?

(ബി-ഡി) ബാധകമല്ല.

## സി.എൻ.ജി. ബസ്സുകൾ

220(5344) ശ്രീ. എം. വിജിൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. ഡീസൽ ബസ്സുകൾ സി.എൻ.ജി.-യിലേയ്ക്ക് പരിവർത്തനം ചെയ്യുന്നതിന്റെ ഭാഗമായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്?

ഡീസൽ ബസ്സുകൾ സി.എൻ.ജി.യിലേയ്ക്ക് മാറ്റി പ്രവർത്തനം വിലയിരുത്തുന്നതിന്റെ മുന്നോടിയായി പരീക്ഷണാർത്ഥം ബസ്സുകൾ സി.എൻ.ജി.-യിലേയ്ക്ക് പരിവർത്തനം ചെയ്യുന്നതിന് ദർഘാസ് ക്ഷണിച്ചു. അതിൻപ്രകാരം വർക്ക് ഓർഡർ നൽകി. ഒരു ഡീസൽ ബസ് സി.എൻ.ജി.യിലേയ്ക്ക് പരിവർത്തനം നടത്തി 09.06.2022 മുതൽ ആലുവ യൂണിറ്റിൽ സർവ്വീസ് നടത്തി വരികയുമാണ്.

(ബി) ഇതുവരെയായി എത്ര ബസ്സുകൾ സി.എൻ.ജി.-യിലേയ്ക്ക് പരിവർത്തനം ചെയ്തിട്ടുണ്ട്; വിശദമാക്കാമോ;

ഒരു ബസ് (RSK 168) പരീക്ഷണാർത്ഥം സി.എൻ.ജി.യിലേയ്ക്ക് പരിവർത്തനം ചെയ്ത് ആലുവ യൂണിറ്റിൽ സർവ്വീസ് നടത്തി വരുന്നു.

(സി) സി.എൻ.ജി.-യിലേയ്ക്ക് ബസ്സുകൾ പരിവർത്തനം ചെയ്യുന്നത് സംബന്ധിച്ച് വിശദപഠനം നടത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

വിശദമായ പഠനത്തിന്റെ ഭാഗമായാണ് പരീക്ഷണാർത്ഥം ഒരു ബസ് സി.എൻ.ജി. ആക്കി പരിവർത്തനം ചെയ്ത് 09.06.2022 മുതൽ ആലുവ യൂണിറ്റിൽ സർവ്വീസ് നടത്തി വരുന്നത്. വീണ്ടും 9 ബസ്സുകൾ കൂടി സി.എൻ.ജി.-യിലേയ്ക്ക് പരിവർത്തനം ചെയ്ത് സംസ്ഥാനത്തെ വിവിധ മേഖലകളിൽ സർവ്വീസ് നടത്തി ആയത് വിശദമായി പരിശോധിച്ച് തുടർ നടപടി സ്വീകരിക്കുന്നതാണ്.

<u>ആലപ്പുഴ മൊബിലിറ്റി ഹബ്ബ്</u>

221(5345) <u>ശ്രീ. എച്ച്. സലാം</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ മൊബിലിറ്റി ഹബ്ബ് നിർമ്മാണത്തിന് എത്ര രൂപയാണ് അനുവദിച്ചിട്ടുള്ളതെന്നും ഏത് ഏജൻസിക്കാണ് നിർമ്മാണച്ചുമതല നൽകിയിട്ടുള്ളതെന്നും നിർമ്മാണ പ്രവൃത്തി ആരംഭിച്ചിട്ടുണ്ടോയെന്നും അറിയിക്കുമോ?

ആലപ്പുഴ മൊബിലിറ്റി ഹബ്ബിന് 493.03 കോടി രൂപയുടെ ഭരണാനുമതി 01.10.2018-ൽ സർക്കാരിൽ നിന്നും ലഭിച്ചു. തുടർന്ന് കിഫ്ബിയിൽ നിന്നും 143.56 കോടി രൂപയുടെ സാമ്പത്തിക അനുമതി 22.03.2019-ൽ ലഭിച്ചു. നിർമ്മാണ ചുമതല Special Purpose Vehicle ആയ M/s. INKEL Ltd. ഏൽപ്പിച്ചിട്ടുണ്ട്. Test Pile പൂർത്തീകരിച്ചിട്ടുണ്ട്.

(ബി) എന്തൊക്കെ സൗകര്യങ്ങളാണ് മൊബിലിറ്റി ഹബ്ബിൽ ഉണ്ടാവുകയെന്നും നിർമ്മാണം ഇപ്പോൾ ഏത് ഘട്ടത്തിലാണെന്നും അറിയിക്കാമോ?

ആലപ്പുഴ മൊബിലിറ്റി ഹബ്ബിന്റെ നിർമ്മാണം KIIFB ഫണ്ട് ഉപയോഗിച്ച് Special Purpose Vehicle ആയ INKEL മുഖേനയാണ് നടത്തുന്നത്. പ്ലാൻ അംഗീകരിച്ചിട്ടില്ല. പ്ലാൻ പൂർത്തിയാകുന്ന മുറയ്ക്ക് മാത്രമേ സൗകര്യങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാകുകയുള്ളൂ.

(സി) കരാർ പ്രകാരം നിർമ്മാണം എന്നത്തേയ്ക്കാണ് പൂർത്തീകരിക്കേണ്ടത്; നിർമ്മാണത്തിൽ കാലതാമസം വന്നിട്ടുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കുമോ; കാലതാമസം പരിഹരിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്?

പ്ലാനിന് അംഗീകാരം ലഭിക്കുന്നതിനുവേണ്ടി ആലപ്പുഴ മുൻസിപ്പാലിറ്റിയിൽനിന്നും ഉന്നയിച്ചിട്ടുള്ള comments ഒഴിവാക്കിതരുന്നതിനുവേണ്ടി ചർച്ചകൾ നടത്തി വരുന്നു.

കെ.എസ്.ആർ.ടി.സി. ബസ്സുകളുടെ അറ്റകുറ്റപ്പണി

222(5346) ശ്രീ. കെ. പി. എ. മജീദ്:
ശ്രീ. പി. ഉബൈദുള്ള:
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. ബസ്സുകളുടെ അറ്റകുറ്റപ്പണികൾ യഥാസമയം നടത്താത്തതുമൂലം ബസ്സുകൾ വിവിധ ഡിപ്പോകളിൽ തുരുമ്പെടുത്ത് കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇങ്ങനെ ഉപയോഗശൂന്യമായ ബസ്സുകൾ എന്ത് ചെയ്യാനാണ് ഉദ്ദേശിക്കുന്നത്?

(എ&ബി) കോവിഡ് നിയന്ത്രണങ്ങളുടെ സാഹചര്യത്തിൽ യാത്രക്കാരുടെ എണ്ണത്തിൽ ഗണ്യമായ കുറവ് ഉണ്ടായിരുന്നതിനാൽ കൂടുതൽ ബസ്സുകൾ സർവ്വീസിന് ആവശ്യമില്ലാത്ത സാഹചര്യത്തിലും സാമ്പത്തിക പ്രതിസന്ധിമൂലവും 1736 ബസ്സുകൾ പ്രത്യേക കേന്ദ്രത്തിലേയ്ക്ക് മാറ്റി പാർക്ക്

ചെയ്തിരുന്നു. ആയതിൽ കാലപ്പഴക്കം ചെന്നതും അറ്റകുറ്റപ്പണികൾക്ക് വർദ്ധിച്ച ചെലവ് വരുന്നതുമായ 920 ബസ്സുകൾ സ്ക്രാപ്പ് ചെയ്യുന്നതിനും ഷോപ്പ് ഓൺ വീൽ ആക്കുന്നതിനും 816 ബസ്സുകൾ യാത്രക്കാരുടെ ആവശ്യാനുസരണം ഉപയോഗം വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ അറ്റകുറ്റപ്പണികൾ പൂർത്തീകരിച്ച് നിരത്തിലിറക്കുന്നതിനുമാണ് തീരുമാനിച്ചിരുന്നത്. ഉപയോഗയോഗ്യമായതിൽ 572 ബസ്സുകൾ ഇതുവരെ നിരത്തിലിറക്കിയിട്ടുണ്ട്. ബാക്കി ബസ്സുകൾ നിരത്തിലിറക്കുന്നതിനുള്ള പ്രവർത്തനം പുരോഗതിയിലാണ്.

(സി) ഇവയിൽ തീരെ ഉപയോഗശൂന്യമായവ പൊളിച്ചുവിൽക്കാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

വിദഗ്ദ്ധ സമിതിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ ഉപയോഗ ശൂന്യമായ 920 ബസ്സുകൾ സ്ക്രാപ്പ് ചെയ്യാൻ തീരുമാനിച്ചതിൽ 620 ബസ്സുകൾ MSTC മുഖാന്തരം ലേലം ചെയ്ത് വിൽക്കുന്നതിനും 300 എണ്ണം ഷോപ്പ് ഓൺ വീൽ ആക്കുന്നതിനായും തീരുമാനിച്ചിട്ടുണ്ട്. ആയതിൽ MSTC മുഖാന്തരം 391 ബസ്സുകൾ ലേലം ചെയ്ത് വിറ്റുപോയിട്ടുണ്ട്. ബാക്കി ബസ്സുകൾ ലേലം ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

## കെ.എസ്.ആർ.ടി.സി.യുടെ വരവും ചെലവും ഏകോപിപ്പിക്കുന്നതിനുള്ള നടപടികൾ

223(5347) ശ്രീ. വി. ആർ. സുനിൽ കുമാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. യുടെ 2022 മേയ് മാസത്തെ വരുമാനം ഏതൊക്കെ വിധത്തിലുള്ളവയാണെന്ന് അറിയിക്കാമോ?

കെ.എസ്.ആർ.ടി.സി.-യുടെ 2022 മേയ് മാസത്തെ ടിക്കറ്റ്/ ടിക്കറ്റിതര വരുമാനം ആകെ 192.67 കോടി രൂപയാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

(തുക കോടിയിൽ)

| | |
|---|---|
| ടിക്കറ്റ് വരുമാനം | 172.09 |
| ജൻറം | 6.40 |
| കെ .എസ്.ആർ.ടി.സി.- സ്വിഫ്റ്റ് | 5.00 |
| ടിക്കറ്റിതര വരുമാനം | 9.18 |
| ആകെ | 192.67 |

(ബി) കെ.എസ്.ആർ.ടി.സി.-യുടെ 2022 മേയ് മാസത്തെ ചെലവ് എത്ര രൂപയാണെന്നും ആയത് ഏതൊക്കെ വിധത്തിലാണെന്നും വ്യക്തമാക്കാമോ?

കെ.എസ്.ആർ.ടി.സി.-യുടെ 2022 മേയ് മാസത്തെ ആകെ ചെലവ് 289.32 കോടി രൂപയാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

(തുക കോടിയിൽ)

| | |
|---|---|
| ഡീസൽ | 92.21 |
| സ്പെയർ | 7.92 |
| ഏപ്രിൽ മാസത്തെ നെറ്റ് ശമ്പളം | 77.50 |
| അലവൻസ് (ഡ്യൂട്ടി സറണ്ടർ, ഐ.ബി., സി.ബി. തുടങ്ങിയവ) | 2.67 |
| കൺസോർഷ്യം വായ്പ തിരിച്ചടവ് | 31.19 |
| എം.എ.സി.റ്റി. | 1.34 |
| മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ് | 0.16 |
| റിക്കവറി തുകകൾ ഒടുക്കുന്നതിന് | 1.78 |
| പി.എഫ്. ട്രസ്റ്റ് | 3.40 |
| പെൻഷൻ ആനുകൂല്യങ്ങൾ | 4.54 |
| ടോൾ/ഫാസ്റ്റാഗ് | 1.38 |
| ടി.ഡി.എസ്./ജി.എസ്.ടി. | 1.35 |
| ഏപ്രിൽ മാസത്തെ ഓവർഡ്രാഫ്റ്റ് തിരിച്ചടവ് | 50.28 |
| മേയ് മാസത്തെ ഓവർഡ്രാഫ്റ്റ് തിരിച്ചടവ് | 8.00 |
| മറ്റിനങ്ങൾ (ഇലക്ട്രിസിറ്റി, വെള്ളം, വാടക തുടങ്ങിയവ) | 5.60 |
| ആകെ | 289.32 |

(സി) വരവും ചെലവും ഏകോപിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; എങ്കിൽ ഏതൊക്കെ വിധത്തിലാണെന്ന് അറിയിക്കാമോ?

വരവും ചെലവും ഏകോപിപ്പിക്കുന്നതിനായി കോർപ്പറേഷൻ ഘട്ടംഘട്ടമായി കൂടുതൽ ബസ്സുകൾ നിരത്തിലിറക്കി സർവ്വീസ് നടത്തുന്നതോടൊപ്പം ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കുന്നതിനായി നിരവധി നൂതന പദ്ധതികളും ആസൂത്രണം ചെയ്തു നടപ്പിലാക്കി വരുന്നു. 2021-22 സാമ്പത്തിക വർഷത്തെ പദ്ധതി വിഹിതമായി സർക്കാർ നൽകിയ 50 കോടി രൂപ വിനിയോഗിച്ച് മൾട്ടി ആക്സിൽ ഉൾപ്പെടെ 116 സൂപ്പർ ക്ലാസ് ബസ്സുകൾ വാങ്ങി കെ.എസ്.ആർ.ടി.സി.-സ്വിഫ്റ്റ് മുഖാന്തരം അന്തർ സംസ്ഥാന റൂട്ടുകൾ ഉൾപ്പെടെയുള്ള നിരവധി ദീർഘദൂര സർവ്വീസുകൾ ഓപ്പറേറ്റ് ചെയ്യുന്നുണ്ട്. ഇപ്രകാരം പുതിയ ബസ്സുകൾ നിരത്തിലിറക്കിയതുവഴി യാത്രക്കാർക്ക് മെച്ചപ്പെട്ട സൗകര്യങ്ങൾ പ്രദാനം ചെയ്യുന്നതോടൊപ്പം വരുമാനവർദ്ധനവും കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ട്. ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി ഉപയോഗയോഗ്യമല്ലാത്ത ബസ്സുകൾ സ്റ്റാളുകളാക്കി മാറ്റി വിവിധ ഏജൻസികൾക്ക് വാടകയ്ക്ക് നൽകുന്ന ഷോപ്പ് ഓൺ വീൽസ്, പൊതുജനങ്ങൾക്കുകൂടി കെ.എസ്.ആർ.ടി.സി. പമ്പുകളിൽനിന്നും ഇന്ധനം ലഭ്യമാക്കുന്നതിനായി യാത്രാ ഫ്യൂവൽസ്, സ്ഥിര യാത്രക്കാർക്ക് മെച്ചപ്പെട്ട

സൗകര്യം നൽകുന്ന ബസ്സ് ഓൺ ഡിമാന്റ്, മൂന്നാറിലെത്തുന്ന വിനോദ സഞ്ചാരികൾക്ക് കുറഞ്ഞ ചെലവിൽ താമസ സൗകര്യം ലഭ്യമാക്കുന്ന സ്ലീപ്പർ ഇൻ ബസ്സ്, വിവിധ വിനോദസഞ്ചാര കേന്ദ്രങ്ങൾ ബന്ധപ്പെടുത്തിയുള്ള ടൂർ പാക്കേജുകൾ, ല്യൂബ്രിക്കേറ്റിംഗ് ഓയിലുകൾ മിതമായ നിരക്കിൽ ലഭ്യമാക്കുന്ന ല്യൂബ് ഷോപ്പുകൾ, മത്സ്യ വിപണന രംഗത്തെ തൊഴിലാളി സ്ത്രീകൾക്ക് പ്രയോജനപ്രദമായ സമുദ്ര ഉൾപ്പെടെ നിരവധി നൂതന പദ്ധതികളും ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നുണ്ട്. ഇത്തരത്തിൽ കൂടുതൽ സർവ്വീസുകൾ നിരത്തിലിറക്കി പ്രതിദിന ടിക്കറ്റ് വരുമാനവും അതോടൊപ്പം ടിക്കറ്റിതര വരുമാനവും വർദ്ധിപ്പിച്ച് വരവും ചെലവും ഏകോപിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## സീസൺ ടിക്കറ്റ്

224(5348) ശ്രീ. എം. വിജിൻ: താഴെ കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കെ.എസ്.ആർ.ടി.സി. ബസ്സുകളിൽ കൂടുതൽ യാത്രക്കാരെ ആകർഷിക്കുന്നതിലേയ്ക്കായി സ്ഥിരം യാത്രക്കാർക്ക് ഉപകാരപ്രദമാകുന്ന തരത്തിൽ സീസൺ ടിക്കറ്റ് സംവിധാനം നടപ്പിലാക്കാൻ

തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ ഏതൊക്കെ ജില്ലകളിൽ ഇത് നടപ്പിലാക്കിയിട്ടുണ്ട്; വിശദമാക്കാമോ?

കെ.എസ്.ആർ.ടി.സി. ബസ്സുകളിൽ കൂടുതൽ യാത്രക്കാരെ ആകർഷിക്കുന്നതിലേയ്ക്കായി സ്ഥിരം യാത്രക്കാർക്ക് നിരക്കിളവോടെ സീസൺ ടിക്കറ്റ് നൽകുന്നത് പരിഗണനയിലുണ്ട്. ഇത് പരീക്ഷണാടിസ്ഥാനത്തിൽ ബോണ്ട് സർവ്വീസുകളിൽ ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ RFID കാർഡുകൾ നൽകി സീസൺ ടിക്കറ്റുകൾ നൽകാനും ലക്ഷ്യമിട്ടിട്ടുണ്ട്.

കെ.എസ്.ആർ.ടി.സി. ബസ്സുകളിൽ കൂടുതൽ യാത്രക്കാരെ ആകർഷിക്കുന്നതിലേയ്ക്കായി സ്ഥിരം യാത്രക്കാർക്ക് ഉപകാരപ്രദമാകുന്ന തരത്തിൽ പ്രീ-പെയ്ഡ് സ്മാർഡ് കാർഡ് സംവിധാനത്തിലൂടെ സീസൺ ടിക്കറ്റ് നടപ്പിൽ വരുത്തുന്നതിന് വേണ്ടിയുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

## കെ. എസ്. ആർ. ടി. സി. സ്വിഫ്റ്റിന്റെ വരവ്-ചെലവ് വിവരം

225(5349)ശ്രീ. എ. പി. അനിൽ കുമാർ:

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ. എസ്. ആർ. ടി. സി. സ്വിഫ്റ്റിന്റെ സർവ്വീസ് ഇതര വരുമാന മാർഗ്ഗങ്ങൾ എന്തൊക്കെയെന്നും ആ ഇനത്തിൽ ഇന്നേവരെ ആകെ എത്ര വരുമാനം ലഭിച്ചുവെന്നും വിശദമാക്കാമോ?

KSRTC-SWIFT-ന് നിലവിൽ സർവീസിതര വരുമാന മാർഗ്ഗങ്ങൾ ഒന്നും തന്നെയില്ല.

(ബി) കെ.എസ്.ആർ.ടി.സി.-ക്ക് അനുവദിച്ച പണം ഉപയോഗിച്ചാണോ സ്വിഫ്റ്റ് ബസ്സുകൾ വാങ്ങിയിട്ടുള്ളത്; എങ്കിൽ കെ.എസ്.ആർ.ടി.സി.-ക്ക് പ്രസ്തുത തുകയുടെ പലിശ നൽകുമോയെന്നും എങ്ങനെയാണ് കെ.എസ്.ആർ.ടി.സി.-ക്ക് പണം തിരികെ നൽകുകയെന്നും എത്ര വർഷത്തിനുള്ളിൽ തുക കെ.എസ്.ആർ.ടി.സി.-ക്ക് കൊടുത്തുതീർക്കാൻ സാധിക്കുമെന്നും വിശദമാക്കാമോ;

(സി) കെ. എസ്. ആർ. ടി. സി. സ്വിഫ്റ്റ് ബസ്സുകൾ വാങ്ങുന്നതിന് ആവശ്യമായ തുക കണ്ടെത്തിയത് ഏതെല്ലാം മാർഗ്ഗത്തിലൂടെയാണെന്ന് വ്യക്തമാക്കാമോ?

(ബി&സി) 2021-22 സാമ്പത്തിക വർഷത്തിൽ, കെ.എസ്.ആർ.ടി.സി.-യിലെ വാഹന വ്യൂഹങ്ങളുടെ നവീകരണം എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി പുതിയ ബസ്സുകൾ വാങ്ങുന്നതിന് സർക്കാർ പ്ലാൻ ഫണ്ടിൽ നിന്ന് അനുവദിച്ച 50 കോടി രൂപ ഉപയോഗിച്ചാണ് 116 ബസ്സുകൾ കെ.എസ്.ആർ.ടി.സി. സ്വിഫ്റ്റിന് വേണ്ടി വാങ്ങിയത്. കൂടാതെ 50 ഇലക്ട്രിക് ബസ്സുകൾ KIIFB-യിൽ നിന്നുള്ള 57.5 കോടി രൂപയുടെ വായ്പ ഉപയോഗിച്ചാണ് വാങ്ങിയത്. സർക്കാർ ഉത്തരവ് പ്രകാരമാണ് കെ.എസ്.ആർ.ടി.സി. സ്വിഫ്റ്റിന്റെ പേരിൽ ബസ്സുകൾ രജിസ്റ്റർ ചെയ്തത്. ആയതിനാൽ കെ.എസ്.ആർ.ടി.സി.-ക്ക് പലിശ നൽകേണ്ടതില്ല.

(ഡി) ജീവനക്കാരുടെ ശമ്പളം, ബസ് മെയിന്റനൻസ്, കെ.എസ്.ആർ.ടി.സി.-യുടെ സ്ഥലം ഉപയോഗിക്കുന്നതിനുള്ള വാടക തുടങ്ങി കെ.എസ്.ആർ.ടി.സി. സ്വിഫ്റ്റിന്റെ ഇന്നുവരെയുള്ള ആകെ ചെലവ് തരം തിരിച്ച് വിശദമാക്കാമോ?

കെ.എസ്.ആർ.ടി.സി.-സ്വിഫ്റ്റിൽ ഡ്രൈവർ-കം-കണ്ടക്ടർ ജീവനക്കാരുടെ ശമ്പള ഇനത്തിൽ നാളിതുവരെ 1.54 കോടി രൂപ ചെലവായിട്ടുണ്ട്.

മെയിന്റനൻസിന് ചെലവാകുന്ന തുക, സ്ഥലം ഉപയോഗിക്കുന്നതിനുള്ള വാടക, മറ്റ് ചെലവുകൾ എന്നിവ വഹിക്കുന്നത് കെ.എസ്.ആർ.ടി.സി.യാണ്. എന്നാൽ, കെ.എസ്.ആർ.ടി.സി.-യുടെ അക്കൗണ്ട്സ് 2015-16 മാത്രമെ പൂർത്തിയായിട്ടുള്ളൂ. ആയതിനാൽ മേൽ ചെലവുകൾ ഇനം തിരിച്ച് തയ്യാറാക്കിയിട്ടില്ല.

(ഇ) കെ.എസ്.ആർ.ടി.സി. സ്വിഫ്റ്റിന് നിലവിൽ എത്ര ബസ്സുകൾ ഉണ്ട്; പ്രസ്തുത ബസ്സുകളുടെ പെർമിറ്റ് ആരുടെ പേരിലാണ്; വ്യക്തമാക്കാമോ?

KSRTC-SWIFT-ന് നിലവിൽ 116 ബസ്സുകൾ ഉണ്ട്. KSRTC-SWIFT ബസ്സുകളുടെ പെർമിറ്റ് ചെയർമാൻ ആന്റ് മാനേജിംഗ് ഡയറക്ടർ, KSRTC-SWIFT Ltd -ന്റെ പേരിലാണ് എടുത്തിട്ടുള്ളത്.

(എഫ്) കെ.എസ്.ആർ.ടി.സി. സ്വിഫ്റ്റിന്റെ എത്ര ബസ്സുകൾ അപകടത്തിൽപ്പെട്ടിട്ടുണ്ട്; അപകടത്തിൽപ്പെട്ട ബസ്സുകളുടെ റിപ്പയർ പ്രവൃത്തിക്ക് എത്ര രൂപ ഇതുവരെ ചെലവഴിച്ചിട്ടുണ്ട്; വിശദവിവരം ലഭ്യമാക്കാമോ?

നാളിതുവരെ കെ.എസ്.ആർ.ടി.സി. സ്വിഫ്റ്റിന്റെ ബസ്സുകൾ ചെറുതും വലുതുമായ 58 അപകടങ്ങളിൽ ഉൾപ്പെട്ടിട്ടുണ്ട്. ഇൻഷ്വറൻസ് പരിരക്ഷ ഉള്ളതിനാൽ ഈ ബസ്സുകളുടെ ആക്സിഡന്റ് സംബന്ധമായ റിപ്പയറിംഗുകൾക്ക് ഡിപ്രീസിയേഷൻ ഒഴികെയുള്ള തുക ഇൻഷ്വറൻസ് കമ്പനിയിൽനിന്ന് ലഭ്യമാകുന്നതാണ്. ഇതിന്റെ നടപടിക്രമങ്ങൾ നടന്നു വരുന്നു. കൂടാതെ ഇൻഷ്വറൻസ് ക്ലെയിം നടത്താത്ത ചെറിയ അപകടങ്ങളിൽ ഉത്തരവാദികളായ ഡ്രൈവർമാരിൽനിന്ന് നഷ്ടം ഈടാക്കുന്നതാണ്.

## <u>കെ.എസ്.ആർ.ടി.സി.യുടെ പെട്രോൾ പമ്പുകൾ</u>

226(5350) <u>ശ്രീ. വി. ആർ. സുനിൽകുമാർ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പൊതുജനങ്ങൾക്ക് ഉപയോഗിക്കാൻ കഴിയുന്ന തരത്തിൽ കെ.എസ്.ആർ.ടി.സി. നിയന്ത്രണത്തിലുള്ള പെട്രോൾ പമ്പുകൾ പ്രവർത്തിക്കുന്നുണ്ടോ?

ഉണ്ട്.

(ബി) എങ്കിൽ ഏതൊക്കെ പമ്പുകളിലാണ് പ്രസ്തുത സേവനം ലഭ്യമായിട്ടുള്ളതെന്ന് അറിയിക്കാമോ?

ആദ്യഘട്ടത്തിൽ തിരുവനന്തപുരം സിറ്റി, കിളിമാനൂർ, ചടയമംഗലം, ചേർത്തല, മൂന്നാർ, ചാലക്കുടി, മൂവാറ്റുപുഴ, കോഴിക്കോട് എന്നീ ഡിപ്പോകളിലാണ് പൊതുജനങ്ങൾക്ക് ഉപയോഗിക്കാൻ കഴിയുന്ന തരത്തിൽ കെ.എസ്.ആർ.ടി.സി. നിയന്ത്രണത്തിലുള്ള യാത്രാ ഫ്യൂവൽ റീട്ടയിൽ ഔട്ട്ലെറ്റുകൾ ആരംഭിച്ചിട്ടുള്ളത്. കിളിമാനൂർ ഒഴികെയുള്ള ഔട്ട്ലെറ്റുകളിൽ നിന്ന് പെട്രോളും ഡീസലും വിതരണം ചെയ്തുവരുന്നു. കിളിമാനൂർ ഔട്ട്ലെറ്റിൽനിന്നും പെട്രോൾ മാത്രമാണ് നിലവിൽ വിതരണം ചെയ്യുന്നത്.

(സി) എല്ലാ ജില്ലകളിലും ഇത്തരം പമ്പുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

നടപടികൾ സ്വീകരിച്ചുവരുന്നു.

<u>സിറ്റി സർക്കുലർ ബസ് സർവ്വീസ്</u>

227(5351) <u>ശ്രീ. പി. പി. ചിത്തരഞ്ജൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര ബസ് റൂട്ടുകളാണ് പുതുതായി ആരംഭിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പുതുതായി ആരംഭിച്ച 262 ബസ് റൂട്ടുകളുടെ എണ്ണം അനുബന്ധമായി ചേർക്കുന്നു+. കൂടാതെ വനിതാ മത്സ്യത്തൊഴിലാളികൾക്കായി പ്രത്യേക സർവ്വീസായി മൂന്ന് സമുദ്ര സർവ്വീസുകൾ ആരംഭിച്ചിട്ടുണ്ട്.

(ബി) തിരുവനന്തപുരം നഗരത്തിൽ നടപ്പിലാക്കുന്ന സിറ്റി സർക്കുലർ ബസ് സർവ്വീസ് സംവിധാനം മറ്റ് ജില്ലകളിൽ കൂടി നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

തിരുവനന്തപുരം നഗരത്തിലെ സമഗ്രമായ നഗര ഗതാഗതത്തിന് നഗരപരിധിയിൽ വിവിധ പ്രദേശങ്ങളെയും സ്ഥാപനങ്ങളേയും ബന്ധിപ്പിച്ച് നഗരത്തിലേയ്ക്ക് വിവിധ ആവശ്യങ്ങൾക്കായി എത്തിച്ചേരുന്ന പൊതുജനങ്ങൾക്കും നഗരത്തിലെ വിവിധ ഭാഗങ്ങളിൽ സഞ്ചരിക്കേണ്ട യാത്രക്കാർക്കും പ്രയോജനകരമായ രീതിയിൽ ആരംഭിച്ച സർവ്വീസാണ് സിറ്റി സർക്കുലർ (ഹോപ്പ് ഓൺ ഹോപ്പ് ഓഫ്). ഈ സർവ്വീസുകളിൽ പ്രതിദിനം 29500 യാത്രക്കാർ ആശ്രയിക്കുന്ന നിലയിലേയ്ക്ക് സ്വീകാര്യത

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

വർദ്ധിപ്പിച്ചിട്ടുണ്ട്. ഇതുകൂടാതെ തിരുവനന്തപുരം നഗരത്തിലേയ്ക്കുള്ള സ്വകാര്യ വാഹനങ്ങളുടെ തിരക്കും പാർക്കിംഗും കുറയ്ക്കാൻ കഴിഞ്ഞിട്ടുണ്ട്. മറ്റ് ജില്ലകളിൽ നിലവിൽ ഓടികൊണ്ടിരിക്കുന്ന സർവ്വീസുകൾ പൂർണ്ണമായും ക്രമീകരിച്ചതിനുശേഷം ഇത്തരം സർവ്വീസുകൾ നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

## കെ.എസ്.ആർ.ടി.സി.യിലെ പുതിയ പരിഷ്കാരങ്ങൾ

228(5352) ശ്രീ. ഡി. കെ. മുരളി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കെ.എസ്.ആർ.ടി.സി.-യിൽ എന്തെല്ലാം പുതിയ പരിഷ്കാരങ്ങൾ നടപ്പിലാക്കിയിട്ടുണ്ടെന്ന് വിശദമാക്കാമോ;

(ബി) പുതിയ പരിഷ്കരണങ്ങൾ കെ.എസ്.ആർ.ടി.സി.യെ ലാഭകരമാക്കുന്നതിന് യോജിച്ചവയാണെന്നും പൊതുജനങ്ങൾക്ക് കൂടുതൽ പ്രയോജനപ്രദമാണെന്നും വിലയിരുത്തൽ നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ?

(എ&ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2021-22 സാമ്പത്തിക വർഷത്തിൽ ജീവനക്കാരുടെ ശമ്പളം, പെൻഷൻ, കൺസോർഷ്യം വായ്പ തിരിച്ചടവ് എന്നീ സുപ്രധാന ആവശ്യങ്ങൾക്കായി വായ്പയായി 2037.51 കോടി രൂപ അനുവദിച്ച് നൽകിയിരുന്നു. കൂടാതെ, 2021-22 സാമ്പത്തിക വർഷത്തിൽ നാല് പദ്ധതികളുടെ പൂർത്തീകരണത്തിനായി 87.21 കോടി രൂപയും സർക്കാർ അനുവദിച്ചിട്ടുണ്ട്. ടി തുകയിൽ ഉൾപ്പെടുത്തി നൽകിയ 50 കോടി രൂപ വിനിയോഗിച്ച് സൂപ്പർ ക്ലാസ്സ് ബസ്സുകൾ ഉൾപ്പെടെ 116 ബസ്സുകൾ വാങ്ങി കെ.എസ്.ആർ.ടി.സി.-സ്വിഫ്റ്റ് മുഖേന അന്തർ സംസ്ഥാന സർവ്വീസുകൾ ഉൾപ്പെടെ നിരവധി ദീർഘദൂര സർവ്വീസുകൾ ഓപ്പറേറ്റ് ചെയ്യുകയാണ്. ഇപ്രകാരം പുതിയ ബസ്സുകൾ നിരത്തിലിറക്കിയതുവഴി യാത്രക്കാർക്ക് മെച്ചപ്പെട്ട സൗകര്യങ്ങൾ പ്രദാനം ചെയ്യുന്നതോടൊപ്പം വരുമാനവർദ്ധനവും കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ട്. ഇതോടൊപ്പം കോർപ്പറേഷൻ ഘട്ടംഘട്ടമായി കൂടുതൽ ബസ്സുകൾ നിരത്തിലിറക്കി സർവ്വീസ് നടത്തുന്നതോടൊപ്പം ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കുന്നതിനായി നിരവധി നൂതന പദ്ധതികളും ആസൂത്രണം ചെയ്ത് നടപ്പിലാക്കി വരുന്നു. ടിക്കറ്റിതര വരുമാനം

വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി ഉപയോഗയോഗ്യമല്ലാത്ത ബസ്സുകൾ സ്റ്റാളുകളാക്കി മാറ്റി വിവിധ ഏജൻസികൾക്ക് വാടകയ്ക്ക് നൽകുന്ന ഷോപ്പ് ഓൺ വീൽസ്, പൊതുജനങ്ങൾക്ക്കൂടി കെ.എസ്.ആർ.ടി.സി. പമ്പുകളിൽ നിന്നും ഇന്ധനം ലഭ്യമാക്കുന്നതിനായി യാത്രാ ഫ്യൂവൽസ്, സ്ഥിര യാത്രക്കാർക്ക് മെച്ചപ്പെട്ട സൗകര്യം നൽകുന്ന ബസ് ഓൺ ഡിമാന്റ്, മൂന്നാറിലെത്തുന്ന വിനോദസഞ്ചാരികൾക്ക് കുറഞ്ഞ ചെലവിൽ താമസ സൗകര്യം ലഭ്യമാക്കുന്ന സ്ലീപ്പർ ഇൻ ബസ്സ്, വിവിധ വിനോദസഞ്ചാര കേന്ദ്രങ്ങൾ ബന്ധപ്പെടുത്തിയുള്ള ടൂർപാക്കേജുകൾ, ല്യൂബ്രിക്കേറ്റിംഗ് ഓയിലുകൾ മിതമായ നിരക്കിൽ ലഭ്യമാക്കുന്ന ല്യൂബ് ഷോപ്പുകൾ, മത്സ്യ വിപണന രംഗത്തെ തൊഴിലാളി സ്ത്രീകൾക്ക് പ്രയോജനപ്രദമായ സമുദ്ര ഉൾപ്പെടെ നിരവധി നൂതന പദ്ധതികളും ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നുണ്ട്. മാത്രമല്ല, ഈ സാമ്പത്തികവർഷത്തെ ബഡ്ജറ്റിൽ കെ.എസ്.ആർ.ടി.സി.-ക്ക് വായ്പാ ധനസഹായമായി 1,000 കോടി രൂപയും പദ്ധതി വിഹിതമായി 106 കോടി രൂപയും വകയിരുത്തിയിട്ടുണ്ട്. വായ്പാ വിഹിതത്തിൽ നിന്നും നാളിതുവരെ 388.56 കോടി രൂപയും കെ.എസ്.ആർ.ടി.സി.-ക്ക് സർക്കാർ അനുവദിച്ച് നൽകിയിട്ടുണ്ട്.

മെക്കാനിക്കൽ വിഭാഗം ജീവനക്കാരുടെ ഡ്യൂട്ടി സമയം ക്രമീകരിച്ച് മെയിന്റനൻസിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

ത്രീ ടയർ മെയിന്റനൻസ് സംവിധാനം നടപ്പിൽ വരുത്തി ബസ്സുകളുടെ മെയിന്റനൻസ് സമയബന്ധിതമായി പൂർത്തീകരിച്ച് നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

19 ഓപ്പറേറ്റിംഗ് സെന്ററുകളിലെ മെക്കാനിക്കൽ ജീവനക്കാരെ മാതൃയൂണിറ്റിലേയ്ക്ക് മാറ്റി ആവശ്യാർത്ഥം മാത്രം ജീവനക്കാരെ നിയോഗിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. ഇന്ധനക്ഷമത വർദ്ധിപ്പിക്കുന്നതിന് ഫ്യൂവൽ ഡിവിഷൻ രൂപീകരിച്ച് പ്രവർത്തിച്ചു വരുന്നു. റിപ്പയർ ഷെഡ്യൂളിന്റെ അടിസ്ഥാനത്തിൽ ഫ്ലോട്ട് യൂണിറ്റുകൾ ലഭ്യമാക്കി മാറ്റുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. മെക്കാനിക്കൽ ജീവനക്കാർക്ക് കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിന് വാഹന നിർമ്മാതാക്കൾ മുഖാന്തരം ട്രെയിനിംഗ് നൽകി വരുന്നു. ഫ്ലീറ്റ് ആന്റ് മെയിന്റനൻസ് മാനേജ്മെന്റ് സോഫ്റ്റ്‌വെയർ നടപ്പിൽ വരുത്തുന്നതിന്റെ പ്രവർത്തനം പുരോഗതിയിലാണ്.

കെ.എസ്.ആർ.ടി.സി.-സ്വിഫ്റ്റിനായി 310 എണ്ണം സി.എൻ.ജി. ബസുകൾ വാങ്ങുന്നതിന് ക്ഷണിച്ച ഇ-ദർഘാസിൽ പങ്കെടുത്ത് പ്രാഥമിക യോഗ്യത നേടി ഏറ്റവും കുറഞ്ഞ വില വാഗ്ദാനം ചെയ്ത വാഹന നിർമ്മാതാവായ M/s. Ashok Leyland Ltd.-നോട് ടെണ്ടർ വ്യവസ്ഥകൾ പാലിച്ച് പരീക്ഷണാടിസ്ഥാനത്തിൽ ഓടിച്ച് വിലയിരുത്തുന്നതിനായി proto type bus നൽകുന്നതിന് ആവശ്യപ്പെട്ടിരിക്കുന്നു. കൂടാതെ 700 സി.എൻ.ജി. ബസ്സുകൾ വാങ്ങുന്നതിന് ഭരണാനുമതി ലഭിച്ചിട്ടുണ്ട്. എന്നാൽ CNG-യുടെ വില അമിതമായി വർദ്ധിച്ച സാഹചര്യത്തിൽ കൂടുതൽ പരിശോധനയ്ക്കുശേഷം തുടർ നടപടികൾ സ്വീകരിച്ചുവരുന്നു. ഇന്ധനവില ലാഭിക്കുന്നതിനുവേണ്ടി 50 ഇലക്ട്രിക് ബസുകൾ വാങ്ങുന്നതിന് M/s. PMI Electro Mobility Solutions PVT. Ltd. എന്ന സ്ഥാപനത്തിന് വിതരണ ഉത്തരവ് നൽകുകയും ആദ്യപടിയായി 25 ബസ്സുകൾ ഉടൻ ലഭ്യമാകുകയും ചെയ്യുന്നതാണ്. ഇതുകൂടാതെ 100 എണ്ണം 12 മീറ്റർ mofussil ഇലക്ട്രിക് ബസ്സുകളും 50 എണ്ണം 9 മീറ്റർ ഇലക്ട്രിക് സിറ്റി ബസ്സുകളും വാങ്ങുന്നതിനുള്ള ടെണ്ടർ നടപടികൾ നടന്നുവരുന്നു.

<u>കമ്പ്യൂട്ടറൈസ്ഡ് വെഹിക്കിൾ ട്രാക്കിംഗ് ആന്റ് മോണിറ്ററിംഗ് സിസ്റ്റം</u>

പൊതുജനങ്ങൾക്കും യാത്രക്കാർക്കും ഉപയോഗപ്രദമാകുന്ന രീതിയിൽ വിവരസാങ്കേതികവിദ്യ ഉപയോഗിച്ച് ഷെഡ്യൂളുകളുടേയും സർവ്വീസുകളുടേയും യഥാർത്ഥ സമയക്രമം നൽകുന്നതിനായി പാസ്സഞ്ചർ ഇൻഫർമേഷൻ സിസ്റ്റം (PIS), വെഹിക്കിൾ ട്രാക്കിംഗ് സിസ്റ്റം (VLTS) എന്നിവ നടപ്പിലാക്കുന്നതിനായി ഒരു പദ്ധതി DIMTS (Delhi Integrated Multi-model Transit System)-നെ ഏൽപ്പിച്ച് നടപടികൾ പുരോഗമിച്ചുവരുന്നു.

ടി പദ്ധതിയിൽ വരുന്ന പ്രധാന ഘടകങ്ങൾ പാസഞ്ചർ ഇൻഫർമേഷൻ സിസ്റ്റം (PIS), വെഹിക്കിൾ ലൊക്കേഷൻ ട്രാക്കിംഗ് സിസ്റ്റം (VLTS), Decision Support System, Control room monitoring system എന്നിവയാണ്. ടി പദ്ധതി പൂർണ്ണമായി നടപ്പിലാക്കി കഴിയുന്നതിലൂടെ താഴെപ്പറയുന്ന പ്രയോജനങ്ങൾ ലഭ്യമാകുന്നതാണ്.

- പൊതുജനങ്ങൾക്കും യാത്രക്കാർക്കും മൊബൈൽ ആപ്ലിക്കേഷൻ ഉപയോഗിച്ച് ഷെഡ്യൂളുകളുടേയും സർവ്വീസുകളുടേയും യഥാർത്ഥ സമയക്രമം ഓൺലൈനായി ലഭ്യമാകും.

•വെഹിക്കിൾ ട്രാക്കിംഗ് സിസ്റ്റത്തിലൂടെ യാത്രക്കാർക്ക് ബസുകളുടെ ലൊക്കേഷൻ ലൈവ് ആയിത്തന്നെ ലഭ്യമാകും.

•ബസ് Utilization, Mileage, Service സംബന്ധിച്ച വിവരങ്ങൾ എന്നിവ വിശകലനം ചെയ്യാൻ സാധിക്കും.

ഇതിന്റെ ഭാഗമായി വെഹിക്കിൾ ലോക്കേഷൻ ട്രാക്കിംഗ് ഡിവൈസുകൾ വാങ്ങാനുള്ള പർച്ചേസ് ഓർഡർ നൽകുകയും അതിൻപ്രകാരം ബസുകളിൽ ടി ഡിവൈസുകൾ ഘടിപ്പിക്കുന്ന നടപടികൾ പുരോഗമിച്ചുവരികയുമാണ്.

<u>GPRS, Bluetooth, RFID സംവിധാനമുള്ള ETM മെഷീനുകൾ</u>

Closed Loop Smart Card സംവിധാനം ഉപയോഗിക്കത്തക്ക വിധത്തിൽ GPRS Bluetooth, RFID സംവിധാനമുള്ള ETM മെഷീനുകൾ വാങ്ങുന്നതിനുള്ള പർച്ചേസ് ഓർഡർ നൽകുകയും വിവിധ ഡിപ്പോകളിലേയ്ക്കും ടി മെഷീനുകളുടെ വിതരണം പുരോഗമിച്ചുവരികയുമാണ്. ഇത് നടപ്പിലാക്കിക്കഴിയുമ്പോൾ തത്സമയം ഓരോ ട്രിപ്പിലുമുള്ള യാത്രക്കാരുടെ എണ്ണം ഓൺലൈനായി അറിയാൻ സാധിക്കും. മാത്രമല്ല പ്രീ-പെയ്ഡ്

കാർഡ് ഉപയോഗിച്ച് യാത്ര ചെയ്യാനുള്ള സൗകര്യവും ഉണ്ടായിരിക്കുന്നതാണ്. കൂടാതെ ഓരോ ട്രിപ്പുകളുടേയും കളക്ഷൻ വിവരങ്ങളും ഓരോ ബസിന്റെയും വരുമാനം സംബന്ധിച്ച വിവരങ്ങളും ലഭ്യമാക്കാൻ സാധിക്കും. ആയതുവഴി ടി ട്രിപ്പ് ലാഭകരമാണോയെന്ന് വിശകലനം ചെയ്യാനും സാധിക്കും. വിവിധതരം പാസുകളെ സ്മാർട്ട് കാർഡ് സംവിധാനത്തിലേയ്ക്ക് മാറ്റാനും കഴിയുന്നതാണ്.

ഓൺലൈൻ റിസർവേഷൻ സംവിധാനം

കെ.എസ്.ആർ.ടി.സി.-യിലേയ്ക്ക് യാത്രക്കാരെ ആകർഷിക്കുന്നതിനും ടിക്കറ്റുകൾ മുൻകൂർ ബുക്ക് ചെയ്യുന്നതിനും പരിഷ്കരിച്ചതും കൂടുതൽ സൗകര്യങ്ങളോടുകൂടിയതുമായ ഓൺലൈൻ റിസർവേഷൻ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. യാത്രക്കാർക്ക് 30 ദിവസം മുൻകൂറായി ടിക്കറ്റുകൾ ബുക്ക് ചെയ്യാവുന്നതാണ്. കൂടാതെ മുൻകൂർ ടിക്കറ്റ് ബുക്കിംഗിനായി "എന്റെ കെ.എസ്.ആർ.ടി.സി" എന്ന മൊബൈൽ ആപ്ലിക്കേഷൻ ആരംഭിച്ചിട്ടുണ്ട്. ടി ആപ്പ് ഉപയോഗിച്ചും യാത്രക്കാർക്ക് കെ.എസ്.ആർ.ടി.സി. ബസ്സുകളിൽ ടിക്കറ്റ് ബുക്ക് ചെയ്യാൻ സാധിക്കുന്നതാണ്.

ഒരു സ്ഥലത്ത് നിന്നും മറ്റൊരു സ്ഥലത്തേയ്ക്ക് നേരിട്ട് ബസ്സ ലഭ്യമല്ലെങ്കിൽ, 'Link Ticket' എന്ന സംവിധാനത്തിലൂടെ യാത്രക്കാർക്ക് രണ്ടു ബസ്സുകളിലെയും ടിക്കറ്റ് ടി ആപ്പ് മുഖേന ബുക്ക് ചെയ്യാൻ സാധിക്കും. കൂടുതൽ യാത്രക്കാരെ ആകർഷിക്കുന്നതിനായി ഓൺലൈൻ റിസർവേഷൻ ബുക്കിംഗ്ചാർജ് 30 രൂപയിൽ നിന്നും 10 രൂപയായി കുറച്ചിട്ടുണ്ട്. കൂടാതെ 'Group Ticket' Option മുഖേന നാലോ അതിലധികമോ യാത്രക്കാർ ഒരുമിച്ച ബുക്ക് ചെയ്യുമ്പോൾ ഒരു ടിക്കറ്റിന്റെ ബുക്കിംഗ് ചാർജ്ജായ 10 രൂപ മാത്രം നൽകിയാൽ മതിയാകും. Round Ticket ബുക്ക് ചെയ്യുമ്പോൾ റിട്ടേൺ ടിക്കറ്റ് തുകയുടെ 10% ഇളവ് ലഭിക്കുന്നതാണ്. പുതുക്കിയ Cancellation Policy പ്രകാരം 72 മണിക്കൂറിന് മുമ്പ് ടിക്കറ്റ് ക്യാൻസൽ ചെയ്യുമ്പോൾ മുഴുവൻ തുകയും യാത്രകാർക്ക് തിരികെ നൽകുന്നതാണ്. ടി ആപ്പിൽ കൂടുതൽ Payment Option-കൾ (UPI, Credit/Debit card, Net banking) ഏർപ്പെടുത്തിയിട്ടുണ്ട്.

<u>ജി-സ്പാർക്ക്</u>

ജീവനക്കാരുടെ ശമ്പള വിവരങ്ങളും സർവ്വീസ് സംബന്ധമായ വിവരങ്ങളും സാലറി സ്ലിപ്പ് തുടങ്ങിയ സംവിധാനങ്ങളോടുകൂടിയ ജി-സ്പാർക്ക്

സോഫ്റ്റ്‌വെയർ നടപ്പിലാക്കി തുടർ നടപടികൾ പുരോഗമിച്ചുവരുന്നു. ടി പദ്ധതി പൂർണ്ണമായി നടപ്പിലാക്കിക്കഴിയുന്നതിലൂടെ താഴെപ്പറയുന്ന പ്രയോജനങ്ങൾ ലഭ്യമാകുന്നതാണ്.

ജീവനക്കാരുടെ പൂർണ്ണമായ വ്യക്തിഗത, സർവീസ് സംബന്ധമായ വിശദാംശങ്ങൾ അറിയാൻ സാധിക്കും. ശമ്പള ബിൽ സംബന്ധമായ പൂർണ്ണ വിവരങ്ങൾ ഓൺലൈനായി ലഭ്യമാകും.

നാളിതുവരെ എടുത്തിട്ടുള്ള ലീവുകൾ സംബന്ധിച്ച പൂർണ്ണമായ വിവരങ്ങൾ, ജീവനക്കാർക്ക് അവശേഷിക്കുന്ന Full pay, Half Pay Leave-കളുടെ വ്യക്തമായ വിവരങ്ങൾ എന്നിവ ലഭ്യമാകും.

PF സംബന്ധമായ വിവരങ്ങൾ.

ജീവനക്കാരന്റെ ശമ്പളത്തിൽ നിന്നും ഈടാക്കിയ വിവിധ വായ്പ സംബന്ധമായ വിവരങ്ങൾ.

e-Service book, Online വഴി ലീവ് അപേക്ഷ സമർപ്പണം.

പുതിയ പരിഷ്കരണങ്ങൾ കെ.എസ്.ആർ.ടി.സി.-യെ ലാഭകരമാക്കുന്നതിന് യോജിച്ചവയാണെന്നും പൊതുജനങ്ങൾക്ക് കൂടുതൽ പ്രയോജനപ്രദമാണെന്നും വിലയിരുത്തുന്നു.

(സി) പുതുതായി എന്തെല്ലാം പരിഷ്കാരങ്ങളാണ് കെ.എസ്.ആർ.ടി.സി.-യിൽ നടപ്പാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദീകരിക്കാമോ?

പ്രീ-പെയ്ഡ് സ്മാർഡ് കാർഡ്

കൂടുതൽ യാത്രക്കാരെ ആകർഷിക്കുന്നതിലേയ്ക്കായി പ്രീ-പെയ്ഡ് സ്മാർഡ് കാർഡ് സംവിധാനം നടപ്പിൽ വരുത്തുന്നതിന് വേണ്ടിയുള്ള നടപടികൾ പുരോഗമിക്കുകയാണ്. പ്രീ-പെയ്ഡ് സ്മാർഡ് കാർഡ് ഉപയോഗിച്ച് പണരഹിതമായി യാത്ര ചെയ്യാനുള്ള സൗകര്യം ഉണ്ടായിരിക്കുന്നതാണ്.

ഇ-ഓഫീസ്

ഓഫീസ് പ്രവർത്തനങ്ങൾ സുഗമവും വേഗതയേറിയതും കാര്യക്ഷമവുമാക്കുന്നതിനായി ഇ-ഓഫീസ് സംവിധാനം കേരള സ്റ്റേറ്റ് ഐടി

മിഷൻ/NIC എന്നിവയുമായി ചേർന്ന് നടപ്പാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

ആദ്യഘട്ടമെന്ന നിലയിൽ കെ.എസ്.ആർ.ടി.സി.-യുടെ ചീഫ് ഓഫീസിൽ ടി സംവിധാനം നടപ്പിലാക്കുന്നതാണ്. ഇതിനാവശ്യമായ കമ്പ്യൂട്ടറും മറ്റ് അനുബന്ധ ഉപകരണങ്ങളും ടെൻഡർ നടപടികളിലൂടെ വാങ്ങിയിട്ടുണ്ട്.

<u>കെ.എസ്.ആർ.ടി.സി.-യുടെ യാത്രാ പാസ്സ്, സ്റ്റുഡന്റ് കൺസഷൻ സേവനങ്ങൾ ഓൺലൈനിൽ ലഭ്യമാക്കുന്നത്</u>

അംഗ വൈകല്യമുള്ളവർ, കാഴ്ചശക്തി ഇല്ലാത്തവർ, മാധ്യമപ്രവർത്തകർ തുടങ്ങി കെ.എസ്.ആർ.ടി.സി. പൊതുജനങ്ങൾക്ക് നൽകിവരുന്ന വിവിധതരം യാത്രാ പാസ്സുകൾ, വിദ്യാർത്ഥികൾക്കുള്ള കൺസഷൻ എന്നീ സേവനങ്ങൾ കേരള സ്റ്റേറ്റ് ഐ.ടി. മിഷൻ/NIC എന്നിവയുമായി ചേർന്ന് "സർവീസ് പ്ലസ്" എന്ന ആപ്ലിക്കേഷനിലൂടെ ഓൺലൈൻ സംവിധാനത്തിലേയ്ക്ക് മാറ്റുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

ടി പദ്ധതി നടപ്പിലാകുന്നതിലൂടെ പൊതുജനങ്ങൾക്ക് ഓഫീസുകളിൽ സന്ദർശിക്കാതെ തന്നെ എവിടെ ഇരുന്നും അപേക്ഷകൾ സമർപ്പിക്കാനും

അപേക്ഷകളുടെ പുരോഗതി ട്രാക്ക് ചെയ്യാനുമുള്ള സൗകര്യങ്ങൾ ലഭ്യമാകും. കൂടാതെ ടി അപേക്ഷകളിന്മേൽ കെ.എസ്.ആർ.ടി.സി. ജീവനക്കാർക്ക് ഓൺലൈനായി നടപടികൾ സ്വീകരിക്കാനും സാധിക്കും.

<u>ക്രൂ റോസ്റ്ററിംഗ് ആന്റ് ബസ് ഷെഡ്യൂളിംഗ് സോഫ്റ്റ്‌വെയർ</u>

കെ.എസ്.ആർ.ടി.സി.-യിൽ പുതുതായി നടപ്പാക്കാനുദ്ദേശിക്കുന്ന ക്രൂ റോസ്റ്ററിംഗ് ആന്റ് ബസ് ഷെഡ്യൂളിംഗ് സോഫ്റ്റ്‌വെയർ നടപ്പിലാക്കുന്നതുവഴി ശാസ്ത്രീയമായ രീതിയിൽ ഷെഡ്യൂളുകൾ ക്രമീകരിക്കാനും ക്രൂവിന്റെ ഡ്യൂട്ടി അനുസരിച്ച് ശാസ്ത്രീയമായ രീതിയിൽ ഡ്യൂട്ടി പോസ്റ്റ് ചെയ്യാനും സാധിക്കുന്നതാണ്.

അതോടൊപ്പം കൂടുതൽ ഡ്യൂട്ടി ചെയ്യുന്നതിന് പ്രോത്സാഹിപ്പിക്കുന്ന ഒരു പുതിയ ഇൻസെന്റീവ് സിസ്റ്റം അവതരിപ്പിക്കാനും ഉദ്ദേശിക്കുന്നു. അതിലൂടെ ജീവനക്കാരുടെ സാമ്പത്തികാനുകൂല്യങ്ങൾ കൂടുതൽ മെച്ചപ്പെടുത്താൻ സാധിക്കും. ഈ പദ്ധതി നടപ്പിലാക്കുന്നതുവഴി കൃത്യത, നല്ല ഉപഭോക്തൃ ബന്ധം, കുറവ് അപകടങ്ങൾ, കുറവ് തകരാറുകൾ എന്നിവ സാധ്യമാകുന്നതിനാൽ കെ.എസ്.ആർ.ടി.സി.-യുടെ വളർച്ചയ്ക്ക് ഇത് സഹായകമാകുമെന്ന് കരുതുന്നു. ടി പദ്ധതി നടപ്പിലാക്കുന്നതിനാവശ്യമായ

ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് വർക്ക് ഓർഡർ നൽകി തുടർ നടപടികൾ പുരോഗമിച്ചുവരികയാണ്.

ERP സൊല്യൂഷൻ

പ്രതിദിനം ശരാശരി 6 കോടി രൂപ ടിക്കറ്റ് കളക്ഷൻ ഇനത്തിൽ കെ.എസ്.ആർ.ടി.സി. കൈകാര്യം ചെയ്യുന്നുണ്ട്. കൂടാതെ മറ്റ് ആസ്തികളിൽ നിന്നും പരസ്യ-പരസ്യേതര മാർഗ്ഗങ്ങളിലൂടെയുള്ള വരുമാനവും നിലവിൽ ലഭ്യമാണ്. പക്ഷേ, നിലവിൽ എല്ലാ അക്കൗണ്ടിംഗും പ്രവർത്തനങ്ങളും മാന്വലായാണ് കൈകാര്യം ചെയ്യുന്നത്. ആയതിനാൽ ശരിയായ സാമ്പത്തിക മാനേജ്മെന്റിന് ശക്തമായൊരു സംവിധാനം നിലവിൽ ലഭ്യമല്ല. അക്കൗണ്ടിംഗിനായി ERP സോഫ്റ്റ്‌വെയർ നടപ്പിലാക്കുന്നതിലൂടെ പണം കൈകാര്യം ചെയ്യുന്നത് കൂടുതൽ ഉത്തരവാദിത്വവും സുതാര്യവുമാക്കാൻ സാധിക്കും. കൂടാതെ ജീവനക്കാരുടെ ജോലിഭാരം കുറയ്ക്കാനും ശരിയായ സാമ്പത്തിക മാനേജ്മെന്റ് നടപ്പിലാക്കാനും സാധിക്കും. ഈ പദ്ധതിയിൽ ഉൾപ്പെടുന്ന ഇൻവെന്ററി മാനേജ്മെന്റ് മോഡ്യൂളിലൂടെ ചീഫ് സ്റ്റോർ, വർക്‌ഷോപ്പ്, ഡിപ്പോകൾ തുടങ്ങിയവയിൽ ലഭ്യമായിട്ടുള്ള സ്പെയർ പാർട്സ്, മറ്റു സാധനസാമഗ്രികൾ

ട്രാക്ക് ചെയ്യുന്നതിനും ശരിയായ സ്ഥലത്ത് ആവശ്യത്തിന് സപ്ലൈസ് ഉണ്ടെന്ന് ഉറപ്പാക്കുന്നതിനും സാധിക്കും.

സ്പെയർ പാർട്സ് സ്വീകരിക്കുന്നത് മുതൽ ഇഷ്യൂ ചെയ്യുന്നതുവരെയുള്ള എല്ലാ പ്രവർത്തനങ്ങളും എളുപ്പത്തിലും കൃത്യതയോടെയും കൈകാര്യം ചെയ്യാനും ഇതിലൂടെ സാധ്യമാകും. കെ.എസ്.ആർ.ടി.സി.-യുടെ പുനരുദ്ധാരണത്തിന്റെ ഭാഗമായി പഠനം നടത്തിയ കൽക്കട്ടയിലെ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റിലെ പ്രൊഫ. സുശീൽ ഖന്നയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ, കെ.എസ്.ആർ.ടി.സി.-യുടെ ഭരണവും അക്കൗണ്ട്സ് സംബന്ധവുമായ നടപടികൾ ജില്ലാ അടിസ്ഥാനത്തിൽ സ്വീകരിക്കുന്നതിന് പതിനഞ്ച് ജില്ലാ ഓഫീസുകൾ പുതിയതായി രൂപീകരിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ നിശ്ചിത യോഗ്യതയുള്ള ജീവനക്കാരെ നിയമാനുസൃതം അഡ്മിനിസ്ട്രേഷൻ, അക്കൗണ്ട്സ് എന്നീ രണ്ട് വിഭാഗങ്ങളിൽ ക്രമീകരിക്കുന്ന നടപടികൾ പുരോഗമിച്ചുവരുന്നു.

കെ.എസ്.ആർ.ടി.സി.-യുടെ top level മാനേജ്മെന്റ് professionalise ചെയ്യുന്നതിന്റെ ഭാഗമായി കരാർ അടിസ്ഥാനത്തിൽ ജനറൽ മാനേജർ (ടെക്നിക്കൽ), മാനേജർ (ഐ.റ്റി.), ഡെപ്യൂട്ടി മാനേജർ (ഐ.റ്റി.), ഡെപ്യൂട്ടി

മാനേജർ (അക്കൗണ്ട്സ്) എന്നിവരെ നിയമിച്ചിട്ടുണ്ട്. ഇതിനോടൊപ്പം ജനറൽ മാനേജർ (ഫിനാൻസ്), മാനേജർ (എച്ച്.ആർ.), മാനേജർ (കോമേഴ്സ്യൽ), ഡെപ്യൂട്ടി മാനേജർ (എച്ച്.ആർ.) എന്നിവരെ നിയമിക്കാനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

കുന്നത്തുനാട് മണ്ഡലത്തിലെ കെ.എസ്.ആർ.ടി.സി. സർവ്വീസ്

229(5353) ശ്രീ. പി. വി. ശ്രീനിജിൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നത്തുനാട് നിയോജകമണ്ഡലത്തിലൂടെയുള്ള എത്ര കെ.എസ്.ആർ.ടി.സി. ബസ് സർവ്വീസുകളാണ് കോവിഡ് സാഹചര്യത്തിൽ നിർത്തലാക്കിയത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

കുന്നത്തുനാട് നിയോജകമണ്ഡലത്തിലെ ആലുവ ഡിപ്പോയിൽ നിന്നുള്ള അവശ്യ/സ്പെഷ്യൽ സർവ്വീസുകൾ ഒഴികെ മുഴുവൻ സർവ്വീസുകളും കോവിഡ് സാഹചര്യത്തിൽ നിർത്തലാക്കിയിട്ടുണ്ടായിരുന്നു.

(ബി) അതിൽ പുനരാരംഭിച്ച സർവ്വീസുകളുടെ വിശദാംശം ലഭ്യമാക്കാമോ?

കോവിഡിന് മുമ്പ് കുന്നത്തുനാട് നിയോജകമണ്ഡലത്തിലൂടെ ഓപ്പറേറ്റ് ചെയ്തിരുന്ന ടി യൂണിറ്റിലെ രാവിലെ 6 മണിക്കുള്ള മൂവാറ്റുപുഴ ഒഴികെ ബാക്കി എല്ലാ സർവ്വീസുകളും പുനഃസ്ഥാപിച്ചിട്ടുണ്ട്.

(സി) പുനഃരാരംഭിക്കാൻ ബാക്കിയുള്ള സർവ്വീസുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

പുനഃരാരംഭിക്കാനുള്ള സർവ്വീസുകളുടെ ട്രാഫിക് ഡിമാന്റുള്ള ട്രിപ്പുകൾ നിലവിൽ ഓടിക്കുന്ന സർവ്വീസുകളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. മറ്റ് ട്രിപ്പുകൾ പുനഃരാരംഭിക്കുന്നതിനുള്ള സാദ്ധ്യത വിലയിരുത്തി നടപടി സ്വീകരിക്കുന്നതാണ്.

(ഡി) കുന്നത്തുനാട് നിയോജകമണ്ഡലത്തിലെ കോലഞ്ചേരി ബ്ലോക്ക് ജംഗ്ഷനിൽ ലിമിറ്റഡ് സ്റ്റോപ്പ് ഫാസ്റ്റ് പാസ്സഞ്ചർ ഉൾപ്പെടെയുള്ള കെ.എസ്.ആർ.ടി.സി. ബസ്സുകൾക്ക് സ്റ്റോപ്പ് അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദവിവരം ലഭ്യമാക്കുമോ?

കുന്നത്തുനാട് നിയോജകമണ്ഡലത്തിലെ കോലഞ്ചേരി ബ്ലോക്ക് ജംഗ്ഷനിൽ സ്റ്റോപ്പ് അനുവദിക്കുന്നത് സംബന്ധിച്ച് വിവരങ്ങൾ ശേഖരിക്കുന്നതിനായി എറണാകുളം മേഖലാ ഓഫീസിന് നിർദ്ദേശം

നൽകിയിട്ടുണ്ട്. റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

കെ.എസ്.ആർ.ടി.സി. സർവ്വീസ് പുന:ക്രമീകരണം

230(5354)ശ്രീ. കെ. പി. എ. മജീദ്:
ശ്രീ. മഞ്ഞളാംകുഴി അലി:
ശ്രീ. യു. എ. ലത്തീഫ്:
ശ്രീ. പി. ഉബൈദുള്ള: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.-യുടെ സർവ്വീസ് പുനഃക്രമീകരിച്ചതിൽ പ്രതിഷേധിച്ച ജീവനക്കാർക്കെതിരെ നടപടി സ്വീകരിക്കാൻ തീരുമാനിച്ചിട്ടുണ്ടോ?

കെ.എസ്.ആർ.ടി.സി.-യുടെ സർവ്വീസ് പുനഃക്രമീകരിക്കുന്നതടക്കമുള്ള വിഷയങ്ങളിൽ ജീവനക്കാർ ഡ്യൂട്ടി ബഹിഷ്കരിക്കുകയോ ഇത്തരത്തിൽ ജീവനക്കാർ ഹാജരാകാതിരിക്കുമ്പോൾ ഷെഡ്യൂൾ ക്യാൻസലേഷൻ ഉണ്ടായാലും അതിനോടനുബന്ധിച്ച് വരുമാനനഷ്ടം ഉണ്ടായാലും ജീവനക്കാർക്കെതിരെ അച്ചടക്ക നടപടി സ്വീകരിക്കുകയും കോർപ്പറേഷനുണ്ടായ നഷ്ടം അവരിൽനിന്നും ഈടാക്കുകയും ചെയ്തുവരുന്നു.

(ബി) പ്രതിഷേധംമൂലം സർവ്വീസ് മുടങ്ങിയതിനെ തുടർന്നുണ്ടായ നഷ്ടം എത്രയാണെന്ന് കണക്കാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

ഇത്തരത്തിൽ തിരുവനന്തപുരം സിറ്റി, പാപ്പനംകോട്, പേരൂർക്കട, വികാസ്ഭവൻ എന്നീ യൂണിറ്റുകളിൽ 26.06.2022-ന് 63 ഡ്യൂട്ടി ബഹിഷ്കരിച്ചതിൽ 9,50,137 രൂപയുടെ നഷ്ടം ഉണ്ടായിട്ടുണ്ട്.

(സി) പ്രസ്തുത നഷ്ടം ബന്ധപ്പെട്ട ജീവനക്കാരിൽ നിന്നും ഈടാക്കാൻ ആലോചിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

ടി വിഷയത്തിൽ 111 പേർക്കെതിരെ അച്ചടക്ക നടപടി സ്വീകരിക്കുകയും ടി ജീവനക്കാരിൽ നിന്നും നഷ്ടം ഈടാക്കാൻ നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

<u>കെ-സ്വിഫ്റ്റിന് പുതിയ ഇലക്ട്രിക് ബസ്സുകൾ</u>

231(5355) <u>ശ്രീമതി ഉമ തോമസ്</u>:
<u>ശ്രീ. ടി. സിദ്ദിഖ്</u>:
<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>:
<u>ശ്രീ. സണ്ണി ജോസഫ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. സ്വിഫ്റ്റ് കമ്പനി 50 ഇലക്ട്രിക് ബസ്സുകൾ വാങ്ങിയതുമായി ബന്ധപ്പെട്ട കരാർ ഏത് സ്ഥാപനത്തിനാണ് ലഭിച്ചത്; ഓൺലൈൻ ടെണ്ടർ നടപടികളിലൂടെയാണോ പ്രസ്തുത കരാർ നൽകിയിട്ടുള്ളത്; ഒരു ബസ്സിന് എത്ര രൂപ നിരക്കിലാണ് കരാർ നൽകിയിട്ടുള്ളത്?

കെ.എസ്.ആർ.ടി.സി.-സ്വിഫ്റ്റിന് വേണ്ടി 50 ഇലക്ട്രിക് ബസുകൾ വാങ്ങുന്നതിനായി M/s. PMI Electro mobility Solutions Pvt. Ltd. (Plot. No. 39, Industrial Area, Daruhera, Rewari, Haryana - 123106) എന്ന സ്ഥാപനത്തിനാണ് വിതരണ ഉത്തരവ് നൽകിയത്. കേരള സർക്കാരിന്റെ ഇ-ടെണ്ടർ പോർട്ടൽ മുഖേന ഇ-ദർഘാസ് ക്ഷണിച്ചാണ് ഇലക്ട്രിക് ബസുകൾ വാങ്ങുന്നതിന് വിതരണ ഉത്തരവ് നൽകിയിട്ടുള്ളത്. ഒരു ഇലക്ട്രിക് ബസിന്റെ അന്തിമ വില (GST ഉൾപ്പെടെ) 92,43,986 രൂപയാണ്.

(ബി) പ്രസ്തുത കരാർ പ്രകാരം എത്ര ബസ്സുകൾ നാളിതുവരെ ലഭിച്ചിട്ടുണ്ട്; എത്ര ബസ്സുകൾ നിരത്തിലിറക്കിയിട്ടുണ്ട്; പ്രസ്തുത ബസ്സുകൾ നിരത്തുകളിൽ ഓടിച്ച് ലാഭകരമാണെന്ന് ബോധ്യപ്പെട്ടിട്ടുണ്ടോ; വിശദാംശം നൽകുമോ?

15.07.2022 വരെ 19 ഇലക്ട്രിക് ബസുകൾ ലഭിച്ചിട്ടുണ്ട്. പത്ത് ബസ്സുകളുടെ രജിസ്ട്രേഷൻ നടപടികൾ അവസാന ഘട്ടത്തിലാണ്. രജിസ്ട്രേഷൻ നടപടികൾ പൂർത്തിയാക്കിയാലുടൻ സർവീസ് ആരംഭിക്കുന്നതാണ്. സർവീസ് ആരംഭിച്ചതിനുശേഷം മാത്രമേ വിലയിരുത്തലുകൾ സാധ്യമാകുകയുള്ളൂ.

(സി) കെ.എസ്.ആർ.ടി.സി. സ്വിഫ്റ്റ് പുതുതായി അഞ്ഞൂറ് ഇലക്ട്രിക് ബസ്സുകൾ കൂടി വാങ്ങുന്നതിനുള്ള ടെണ്ടർ നടപടികൾ ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ എന്ത് തുകയാണ് ഇതിനായി ചെലവ് പ്രതീക്ഷിക്കുന്നത്;

(ഡി) കെ.എസ്.ആർ.ടി.സി. സ്വിഫ്റ്റ് നിലവിൽ വാങ്ങിയിട്ടുള്ള ഇലക്ട്രിക് ബസ്സുകൾ നിരത്തിലിറക്കി ഓടിച്ച് കാര്യക്ഷമത ബോധ്യപ്പെടുന്നതിന് മുൻപ് അഞ്ഞൂറ് ബസ്സുകൾകൂടി വാങ്ങാൻ തീരുമാനമെടുത്തതിന്റെ കാരണം വ്യക്തമാക്കുമോ?

(സി&ഡി) പ്രവർത്തനചെലവ് കുറഞ്ഞ ഇലക്ട്രിക് ബസുകൾ വാങ്ങുന്നതിനെ സംബന്ധിച്ചുള്ള ചർച്ചകൾ നടന്നുവരുന്നു.

500 പുതിയ ഇലക്ട്രിക് ബസ്സുകൾ വാങ്ങുന്നതിന് ടെണ്ടർ ക്ഷണിച്ചിട്ടില്ല.

<u>എം.പാനൽ ജീവനക്കാരെ തിരിച്ചെടുക്കൽ</u>

232(5356) <u>ശ്രീ. എം. രാജഗോപാലൻ</u>: താഴെക്കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കെ.എസ്.ആർ.ടി.സി.-യിൽ ജോലി ചെയ്തിരുന്ന എം.പാനൽ കണ്ടക്ടർമാരെയും ഡ്രൈവർമാരെയും തിരിച്ചെടുക്കാൻ വൈകുന്നതെന്തുകൊണ്ടെന്ന് വ്യക്തമാക്കാമോ; ഇവർക്ക് തിരികെ ജോലിയിൽ പ്രവേശിക്കാൻ എപ്പോൾ അനുമതി നൽകുമെന്ന് വ്യക്തമാക്കാമോ?

എം.പാനൽ കണ്ടക്ടർമാരെ ഉടൻ പ്രാബല്യത്തിൽ ഒഴിവാക്കുകയും കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ നിയമന ശിപാർശ നൽകിയവർക്ക് നിയമനം നൽകുകയും വേണമെന്ന് റിട്ട് അപ്പീൽ നമ്പർ 2248/2018 മുതലായ കേസുകളിൽ ഹൈക്കോടതി പുറപ്പെടുവിച്ച വിധിന്യായ പ്രകാരമാണ് കെ.എസ്.ആർ.ടി.സി. എം.പാനൽ കണ്ടക്ടർമാരെ വിടുതൽ ചെയ്തത്. എം.പാനൽ ഡ്രൈവർമാരെ 30.04.2019-ന് മുമ്പായി വിടുതൽ ചെയ്യണമെന്ന് റിട്ട് അപ്പീൽ നമ്പർ 1011/2019-ാം നമ്പർ കേസിൽ ഹൈക്കോടതി ഉത്തരവായിട്ടുള്ളതാണ്. പ്രസ്തുത വിധിക്കെതിരെ SLP 11034/2019 പ്രകാരം കോർപ്പറേഷൻ സുപ്രീംകോടതിയെ സമീപിച്ചെങ്കിലും

ഹൈക്കോടതി വിധിയിൽ ഇടപെടുന്നതിന് സുപ്രീംകോടതി വിസമ്മതിച്ചിട്ടുള്ളതും ഏതെങ്കിലും ദിവസം ജീവനക്കാരുടെ കുറവ് നിമിത്തം സർവ്വീസിന് മുടക്കം വരാത്തവിധമുള്ള ക്രമീകരണം ആവശ്യമെങ്കിൽ ആയത് നടത്തുന്നതിന് കോർപ്പറേഷനെ അനുവദിക്കുന്നതായി ഉത്തരവായിട്ടുള്ളതുമാണ്. കോടതികളുടെ നിലവിലെ ഉത്തരവുകൾ പ്രകാരമാണ് എംപാനൽ ജീവനക്കാരെ വിടുതൽ ചെയ്തത്. പ്രസ്തുത കോടതിവിധികൾ നിലനിൽക്കുന്നതിനാൽ അത്തരം ജീവനക്കാരെ തിരികെ ജോലിയിൽ പ്രവേശിപ്പിക്കുന്ന നടപടികൾ ത്വരിതപ്പെടുത്താൻ കഴിയാത്ത സാഹചര്യമാണ് നിലനിൽക്കുന്നത്.

## കെ. എസ്. ആർ. ടി. സി. സ്വിഫ്റ്റ് ബസ്സ് സർവ്വീസ്

233(5357) ശ്രീ. എൻ. എ. നെല്ലിക്കുന്ന്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർവ്വീസ് തുടങ്ങിയതിനുശേഷം എത്ര കെ.എസ്.ആർ.ടി.സി. സ്വിഫ്റ്റ് ബസ്സുകൾ അപകടത്തിൽപ്പെട്ടിട്ടുണ്ടെന്ന് അറിയിക്കാമോ?

നാളിതുവരെ KSRTC-SWIFT-ന്റെ ബസ്സുകൾ ചെറുതും വലുതുമായ 58 അപകടങ്ങളിൽ ഉൾപ്പെട്ടിട്ടുണ്ട്.

(ബി) പിരിച്ചുവിട്ട എം.പാനൽ ജീവനക്കാർക്ക് സ്വിഫ്റ്റ് കമ്പനിയിൽ ജോലി നൽകുമെന്ന് മുഖ്യമന്ത്രി പ്രഖ്യാപനം നടത്തിയിട്ടുണ്ടോ;എങ്കിൽ പ്രസ്തുത പ്രഖ്യാപനം നടപ്പിലാക്കാനുള്ള നടപടി സ്വീകരിച്ചു വരുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) കാസർഗോഡ്-ബംഗളൂരു സൂപ്പർ എക്സ്പ്രസ്സ് സർവ്വീസ് കെ-സ്വിഫ്റ്റിലേയ്ക്ക് മാറ്റി സ്ലീപ്പർ എ.സി. സർവ്വീസ് നടത്താൻ ആലോചനയുണ്ടോയെന്ന് അറിയിക്കാമോ?

നിലവിൽ ആലോചനയിലില്ല.

<u>വിനോദസഞ്ചാര കേന്ദ്രങ്ങളിലേയ്ക്കുള്ള ബസ് സർവ്വീസുകൾ</u>

234(5358) <u>ശ്രീ. ജോബ് മൈക്കിൾ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിനോദസഞ്ചാര കേന്ദ്രങ്ങളിലേയ്ക്ക് കെ.എസ്.ആർ.ടി.സി. ആരംഭിച്ച സർവ്വീസുകൾ ലാഭകരമാണോയെന്ന് വ്യക്തമാക്കുമോ?

വിനോദസഞ്ചാര കേന്ദ്രങ്ങളിലേയ്ക്ക് കെ.എസ്.ആർ.ടി.സി. ആരംഭിച്ച സർവ്വീസുകൾക്ക് മികച്ച വരുമാനം ലഭിക്കുന്നുണ്ട്. കുറഞ്ഞ ചെലവിൽ

വിനോദസഞ്ചാരം സാധ്യമാക്കുകയെന്ന ലക്ഷ്യത്തോടെ 2021 നവംബർ 1 മുതൽ കെ.എസ്.ആർ.ടി.സി. ബഡ്ജറ്റ് ടൂറിസം ട്രിപ്പുകൾ നടത്തി വരികയാണ്. സംസ്ഥാന സർക്കാരിന്റെ വിവിധ വകുപ്പുകളും ഏജൻസികളുമായും ബന്ധപ്പെട്ടാണ് ടൂർ പാക്കേജുകൾ കെ.എസ്.ആർ.ടി.സി. നടപ്പാക്കി വരുന്നത്. നിലവിൽ കെ.എസ്.ആർ.ടി.സി. നടത്തിവരുന്ന എല്ലാ ടൂറിസം ട്രിപ്പുകളും വളരെ ലാഭകരമാണ്. 2022 മേയ് മാസം വരെ ആകെ 1560 ട്രിപ്പുകളിലൂടെ 5,13,03,389 രൂപ വരുമാനം ലഭിച്ചിട്ടുണ്ട്.

(ബി) ഇത്തരത്തിൽ കൂടുതൽ വിനോദസഞ്ചാര കേന്ദ്രങ്ങളിലേയ്ക്ക് സർവ്വീസുകൾ ആരംഭിക്കുന്നത് പരിഗണനയിലുണ്ടോയെന്ന് വ്യക്തമാക്കുമോ; വിശദാംശം നൽകുമോ?

ഡിമാന്റ് അനുസരിച്ച് വിനോദസഞ്ചാര കേന്ദ്രങ്ങളിലേയ്ക്ക് കൂടുതൽ സർവ്വീസുകൾ ആരംഭിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്. നിലവിൽ സാധാരണ യാത്രക്കാരുടെ ആവശ്യാനുസരണം ബഡ്ജറ്റ് ട്രിപ്പുകൾ കേരളത്തിലുള്ള വിവിധ വിനോദസഞ്ചാര കേന്ദ്രങ്ങളിലേയ്ക്ക് നടത്തിവരുന്നു. കൂടാതെ, തമിഴ്നാട്, കർണ്ണാടക എന്നീ സംസ്ഥാനങ്ങളിലെ

വിനോദസഞ്ചാര കേന്ദ്രങ്ങളിലേയ്ക്ക് യാത്രകൾ സംഘടിപ്പിക്കുന്നതിനുള്ള ചർച്ചകൾ നടന്നുവരുന്നു.

## കിഴക്കേക്കോട്ടയിൽ നിന്നും ബസ് സർവ്വീസുകൾ

235(5359) ശ്രീ. മുഹമ്മദ് മുഹസിൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് കാരണം തിരുവനന്തപുരം ജില്ലയിൽ എത്ര കെ.എസ്.ആർ.ടി.സി., പ്രൈവറ്റ് ബസ്സുകൾ സർവ്വീസുകൾ നിർത്തിവച്ചിട്ടുണ്ടെന്നും അവയിൽ ഏതെല്ലാം സർവ്വീസുകൾ പുനഃരാരംഭിച്ചിട്ടുണ്ടെന്നും വ്യക്തമാക്കുമോ;വിശദാംശം നൽകുമോ?

കോവിഡ് വ്യാപനത്തിന് മുമ്പ് തിരുവനന്തപുരം ജില്ലയിൽ 1311 സർവ്വീസുകൾ ഓപ്പറേറ്റ് ചെയ്തിരുന്നു. കോവിഡിനുശേഷം ജനോപകാരപ്രദമായ ട്രിപ്പുകൾ പുനഃക്രമീകരിച്ച് 1039 സർവ്വീസുകൾ പുനഃരാരംഭിച്ചിട്ടുണ്ട്.

(ബി) ആറ്റുകാൽ ക്ഷേത്രം ഉൾപ്പെടുന്ന മേഖലയിലേയ്ക്കുള്ള എത്ര സർവ്വീസുകൾ കോവിഡ് കാരണം നിർത്തിവച്ചിട്ടുണ്ട്; വ്യക്തമാക്കുമോ?

ആറ്റുകാൽ ക്ഷേത്രം ഉൾപ്പെടുന്ന മേഖലയിലേയ്ക്കുള്ള 3 സർവ്വീസുകൾ കോവിഡ് കാരണം നിർത്തിവച്ചിട്ടുണ്ട്.

1. നെയ്യാറ്റിൻകര - 1 എണ്ണം
2. തിരുവനന്തപുരം സിറ്റി - 2 എണ്ണം

(സി) മരുതൂർക്കടവ്, ആറ്റുകാൽ ഭാഗങ്ങളിലേയ്ക്കുള്ള കെ.എസ്.ആർ.ടി.സി/പ്രൈവറ്റ് ബസ് സർവ്വീസുകൾ കിഴക്കേക്കോട്ടയിൽ സർവ്വീസ് അവസാനിപ്പിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അവ പുനഃസ്ഥാപിക്കുന്നതിന് അടിയന്തരമായി നടപടി സ്വീകരിക്കുമോ?

മരുതൂർക്കടവ്, ആറ്റുകാൽ ഭാഗങ്ങളിലേയ്ക്കുള്ള കെ.എസ്.ആർ.ടി.സി. സർവ്വീസുകൾ ഷെഡ്യൂൾ പ്രകാരം തന്നെ ഓപ്പറേറ്റ് ചെയ്യുന്നുണ്ട്. ആയതിനാൽ അത്തരം പ്രവണതകൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. പ്രൈവറ്റ് ബസ് സർവീസുകൾ കിഴക്കേക്കോട്ടയിൽ സർവീസ് അവസാനിപ്പിക്കുന്നത് ശ്രദ്ധയിൽപ്പെടുന്നപക്ഷം ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

## മണ്ണാർക്കാട്-ഗുരുവായൂർ ബസ് സർവീസ്

236(5360) ശ്രീ. എൻ. ഷംസുദ്ദീൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് സമയത്ത് നിർത്തലാക്കിയ പല സർവീസുകളും പുനഃരാരംഭിച്ചിട്ടും മണ്ണാർക്കാട്-ഗുരുവായൂർ കെ.എസ്.ആർ.ടി.സി. ബസ് സർവീസ് നാളിതുവരെയും പുനഃസ്ഥാപിക്കാത്തത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) എങ്കിൽ പ്രസ്തുത സർവീസ് അടിയന്തരമായി പുനഃരാരംഭിക്കാൻ നിർദ്ദേശം നൽകുമോ?

യാത്രാ ഡിമാന്റ് അനുസരിച്ച് സർവ്വീസ് പുനഃസ്ഥാപിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

<u>വളാഞ്ചേരി-പെരിന്തൽമണ്ണ-കൊയിലാണ്ടി ബസ് സർവ്വീസുകൾ</u>

237(5361) <u>ശ്രീ. നജീബ് കാന്തപുരം</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വളാഞ്ചേരി-പെരിന്തൽമണ്ണ നോട്ടിഫൈഡ് റൂട്ടിൽ കോവിഡിനെത്തുടർന്ന് നിർത്തിവച്ച ബസ് സർവ്വീസുകൾ പുനഃരാരംഭിക്കാത്തതിന്റെ കാരണം വിശദമാക്കുമോ;

(ബി) പ്രസ്തുത റൂട്ടിൽ നിർത്തലാക്കിയ സർവ്വീസുകൾ പുനഃരാരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വിശദമാക്കുമോ?

(എ&ബി) കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിലും യാത്രക്കാർ കുറവായതിനാലുമാണ് പ്രസ്തുത റൂട്ടിലെ ചില സർവ്വീസുകൾ നിർത്തലാക്കിയത്. എന്നിരുന്നാലും ടി റൂട്ടിലൂടെയുണ്ടായിരുന്ന സർവ്വീസുകളുടെ ജനോപകാരപ്രദമായ ട്രിപ്പുകൾ പുനഃക്രമീകരിച്ച് സർവ്വീസ് നടത്തുന്നുണ്ട്.

നഷ്ടത്തിലുള്ള റൂട്ടുകളും ട്രിപ്പുകളും പുനഃസ്ഥാപിക്കുന്നതിന് നിലവിലെ സാമ്പത്തിക സ്ഥിതിയിൽ കഴിയാത്തതിനാൽ ഡീസൽ ചെലവ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഹിക്കുന്ന ഗ്രാമവണ്ടി പദ്ധതി തുടങ്ങുന്നതനുസരിച്ച് സർവ്വീസുകൾ അവശ്യാനുസരണം ആരംഭിക്കാൻ കഴിയും.

(സി) കൊയിലാണ്ടി-പെരിന്തൽമണ്ണ റൂട്ടിൽ നിർത്തലാക്കിയ കെ.എസ്.ആർ.ടി.സി. ചെയിൻ സർവ്വീസുകൾ പുനഃരാരംഭിക്കുന്ന കാര്യം പരിഗണനയിലുണ്ടോയെന്ന് വിശദമാക്കുമോ?

കൊയിലാണ്ടി-പെരിന്തൽമണ്ണ റൂട്ടിലൂടെയുണ്ടായിരുന്ന ചെയിൻ സർവ്വീസുകളുടെ ജനോപകാരപ്രദമായ ട്രിപ്പുകൾ പുനഃക്രമീകരിച്ച് സർവ്വീസ് നടത്തുന്ന കാര്യം പരിശോധിക്കുന്നതാണ്.

## പരപ്പനങ്ങാടി-മഞ്ചേരി റൂട്ടിൽ ബസ് സർവീസുകൾ

238(5362) ശ്രീ. കെ. പി. എ. മജീദ്: താഴെക്കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പരപ്പനങ്ങാടി-മഞ്ചേരി റൂട്ടിൽ കൂടുതൽ കെ.എസ്.ആർ.ടി.സി. ബസ്സുകളും ചെമ്മാട്-തിരൂർ റൂട്ടിൽ കെ.എസ്.ആർ.ടി.സി. ലോ ഫ്ളോർ ബസ്സുകളും അനുവദിക്കുന്നതിന് അനുകൂല നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

യാത്രക്കാരുടെ ആവശ്യകത അനുസരിച്ച് സാദ്ധ്യതാപഠനം നടത്തി പ്രസ്തുത റൂട്ടുകളിൽ സർവ്വീസ് ആരംഭിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

## പെരിന്തൽമണ്ണ-വളാഞ്ചേരി റൂട്ടിൽ ബസ്സ് സർവ്വീസുകൾ

239(5363) ശ്രീ. മഞ്ഞളാംകുഴി അലി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പെരിന്തൽമണ്ണ-വളാഞ്ചേരി റൂട്ടിൽ കെ.എസ്.ആർ.ടി.സി. ബസ് സർവ്വീസ് ഇല്ലാത്തതുമൂലം പൊതുജനങ്ങൾക്കുണ്ടായിട്ടുള്ള പ്രയാസങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിലും യാത്രക്കാർ കുറവായതിനാലുമാണ് പ്രസ്തുത റൂട്ടിലെ ചില സർവ്വീസുകൾ നിർത്തലാക്കിയത്.

(ബി) കോവിഡ് കാലത്തിന് മുൻപ് പ്രസ്തുത റൂട്ടിൽ എത്ര കെ.എസ്.ആർ.ടി.സി. ബസ്സുകളാണ് സർവ്വീസ് നടത്തിയിരുന്നതെന്നും സർവ്വീസുകൾ നിർത്തിവച്ചതിന് കാരണമെന്താണെന്നും അറിയിക്കാമോ?

കോവിഡ് കാലത്തിന് മുൻപ് പ്രസ്തുത റൂട്ടിൽ 3 സർവ്വീസുകൾ നടത്തിയിരുന്നെങ്കിലും യാത്രക്കാർ കുറവായതിനാലാണ് പ്രസ്തുത സർവ്വീസുകൾ നിർത്തലാക്കിയത്.

(സി) സ്കൂളുകളും കോളേജുകളും തുറന്നതിനുശേഷം യാത്രക്കാരുടെ എണ്ണം വർദ്ധിച്ചിട്ടുള്ള സാഹചര്യത്തിൽ യാത്രാക്ലേശം പരിഹരിക്കുന്നതിന് അടിയന്തരമായി ബസ് സർവ്വീസ് പുനഃരാരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

നഷ്ടത്തിലുള്ള റൂട്ടുകളും ട്രിപ്പുകളും പുനഃസ്ഥാപിക്കുന്നതിന് നിലവിലെ സാമ്പത്തിക സ്ഥിതിയിൽ കഴിയാത്തതിനാൽ ഡീസൽ ചെലവ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഹിക്കുന്ന ഗ്രാമവണ്ടി പദ്ധതി തുടങ്ങുന്നതനുസരിച്ച് സർവ്വീസുകൾ അവശ്യാനുസരണം ആരംഭിക്കാൻ കഴിയും.

ബസ് സർവ്വീസുകൾ പുനഃരാരംഭിക്കുന്നതിനുള്ള നടപടി

240(5364) ശ്രീ. വി. ശശി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം-ചാന്നാങ്കര-ചേരമാൻതുരുത്ത് ബസ് സർവ്വീസ് നിർത്തിയതുമൂലം പ്രദേശത്തെ ജനങ്ങൾക്കുണ്ടാകുന്ന യാത്രാക്ലേശം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പ്രസ്തുത സർവ്വീസ് പുനഃരാംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

സാദ്ധ്യതാപഠനം നടത്തി പുനഃരാംഭിക്കുന്നതിനുള്ള നടപടികൾ പരിശോധിക്കുന്നതാണ്.

ഡീസൽ ചെലവ് ഗ്രാമപഞ്ചായത്ത് വഹിക്കാൻ തയ്യാറായാൽ ഗ്രാമവണ്ടി പദ്ധതിയിൽ ഉൾപ്പെടുത്തി ലാഭനഷ്ടം നോക്കാതെ സർവ്വീസ് പുനഃരാരംഭിക്കാൻ കഴിയും.

(സി) ചിറയിൻകീഴ് മണ്ഡലത്തിൽ കോവിഡ് സമയത്ത് നിർത്തലാക്കിയ ബസ് സർവ്വീസുകൾ പുനഃരാംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

സാദ്ധ്യതാപഠനം നടത്തി യാത്രക്കാർക്ക് പ്രയോജനമാകുന്ന രീതിയിലും കെ.എസ്.ആർ.ടി.സി.-ക്ക് ഗുണകരമാകുന്ന രീതിയിലും പുനഃരാരംഭിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്. അതോടൊപ്പം ഡീസൽ ചെലവ് ഗ്രാമപഞ്ചായത്ത് വഹിക്കാൻ തയ്യാറായാൽ ഗ്രാമവണ്ടി പദ്ധതിയിൽ ഉൾപ്പെടുത്തി ലാഭനഷ്ടം നോക്കാതെ സർവ്വീസുകൾ പുനഃരാരംഭിക്കുന്നതിന് കഴിയും.

<u>കെ.എസ്.ആർ.ടി.സി. മാവേലിക്കര റീജിയണൽ വർക്ക്ഷോപ്പ്</u>

241(5365) <u>ശ്രീ. എം. എസ്. അരുൺ കുമാർ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കെ.എസ്.ആർ.ടി.സി. മാവേലിക്കര റീജിയണൽ വർക്ക്ഷോപ്പിന്റെ നവീകരണത്തിനായി സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ വിശദമാക്കുമോ?

മാവേലിക്കര റീജിയണൽ വർക്ക്ഷോപ്പിന്റെ Modernisation-ന് വേണ്ടി എസ്റ്റിമേറ്റ് തയ്യാറാക്കുവാൻ KSRTC-യുടെ പ്രോജക്ട് മാനേജ്മെന്റ് കൺസൾട്ടന്റായ M/s. HLL Life care Ltd.-നോട് 18.12.2020-ന് ആവശ്യപ്പെടുകയുണ്ടായി. അതിൻപ്രകാരം M/s. HLL Lifecare ltd. 10.03.2021-ന് എസ്റ്റിമേറ്റ് സമർപ്പിക്കുകയുണ്ടായി. എസ്റ്റിമേറ്റ് KSRTC പരിശോധിക്കുകയും 23.4.2021-ന് എസ്റ്റിമേറ്റിന് 12% GST-യും 4% PMC ചാർജ്ജും അടക്കം 4,46,85,000 രൂപയ്ക്ക് ഭരണാനുമതി നൽകുകയും ആയത് 18.08.2021-ൽ ചേർന്ന 408-ാമത് ഭരണസമിതി യോഗം അജണ്ട ഇനം നമ്പർ 97/408/2021 പ്രകാരം സാധൂകരിക്കുകയുമുണ്ടായി. തുടർന്ന് PMC ആയ M/s. HLL ഈ പ്രവൃത്തിക്ക് 20.07.2021-ൽ 4,06,81,261 രൂപയുടെ സാങ്കേതിക അനുമതി നൽകുകയും 20.7.2021-ന് e-tender ക്ഷണിക്കുകയും ചെയ്തു. മതിയായ ടെണ്ടറുകൾ ലഭിക്കാത്തതിനാൽ 09.08.2021-ന് അവസാന തീയതി വച്ചിരുന്ന tender 17.08.2021-ലേയ്ക്കും തുടർന്ന്

26.08.2021-ലേയ്ക്കും തുടർന്ന് 02.09.2021-ലേയ്ക്കും അവസാനമായി 09.09.2021-ലേയ്ക്കും മാറ്റിവയ്ക്കുകയുണ്ടായി. നാല് കരാറുകാർ ടെണ്ടറിൽ പങ്കെടുക്കുകയും ഏറ്റവും കുറഞ്ഞ ടെണ്ടർ അംഗീകരിക്കാനായി M/s. HLL 14.09.2021-ന് KSRTC-ക്ക് സമർപ്പിക്കുകയും ഏറ്റവും കുറഞ്ഞ തുകയായ 3,31,01,902.65 രൂപ (excluding GST) രൂപ ക്വാട്ട് ചെയ്ത M/s. PAN PACIFIC Engineering Services Pvt ltd. എറണാകുളം എന്ന കരാറുകാരന്റെ tender KSRTC 27.10.2021-ന് അംഗീകരിക്കുകയും ആയത് 11.11.2021-ൽ ചേർന്ന 409-ാമത് ഭരണസമിതി യോഗം അജണ്ട ഇനം 128/409/2021 പ്രകാരം സാധൂകരിക്കുകയുണ്ടായി. തുടർന്ന് M/s.HLL 03.11.2021-ന് തെരഞ്ഞെടുത്ത കരാറുകാരന് work order നൽകുകയും പ്രവൃത്തി ആരംഭിക്കുകയും ചെയ്തു. നിലവിൽ വർക്ക്ഷോപ്പിന്റെ തറയുടെ Concrete, Electrification എന്നിവ പൂർത്തീകരിച്ചിട്ടുണ്ട്. മേൽക്കൂരയുടെ റിപ്പെയറും പെയിന്റിംഗും ബൂത്തിന്റെ നിർമ്മാണവും ബാക്കി ചെയ്യാനുണ്ട്. നിലവിൽ 70% പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. സെപ്റ്റംബർ മാസത്തോടെ പ്രവൃത്തി പൂർത്തീകരിക്കുമെന്ന് M/s. HLL അറിയിച്ചിട്ടുണ്ട്. ഈ പ്രവൃത്തിക്കായി കരാറുകാരൻ സമർപ്പിച്ച ബിൽ 52,82,986 രൂപയ്ക്ക് M/s.

HLL ശിപാർശ ചെയ്ത് ലഭിച്ചിട്ടുണ്ട്. M/s. HLL-ന് PMC ചാർജ്ജ് ഇനത്തിൽ 9,03,500 രൂപ നല്കിയിട്ടുണ്ട്. കൂടാതെ, ആധുനിക വർക്ക്ഷോപ്പ് ഉപകരണങ്ങൾ ലഭ്യമാക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

## കോഴിക്കോട് ജില്ലയിലെ മലയോര സർവീസുകൾ

242(5366) ശ്രീ. കെ. എം. സച്ചിൻദേവ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലയോര മേഖലയിലെ ജനവിഭാഗങ്ങൾക്ക് ഏറെ പ്രയോജനപ്പെടുന്ന ചില സർവ്വീസുകൾ കെ.എസ്.ആർ.ടി.സി. റദ്ദ് ചെയ്യുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

കോവിഡ് സാഹചര്യത്തിലും വരുമാനം കുറഞ്ഞ സാഹചര്യത്തിലും യാത്രക്കാർ കുറവായതിനാൽ മലയോര മേഖയിലടക്കം ചില സർവ്വീസുകൾ നിർത്തലാക്കിയ സാഹചര്യമുണ്ടായിട്ടുണ്ട്.

(ബി) കോഴിക്കോട് ജില്ലയിൽ എത്ര ഗ്രാമവണ്ടികൾ സർവ്വീസ് നടത്തുന്നുണ്ടെന്ന് അറിയിക്കാമോ?

ഗ്രാമവണ്ടി സർവ്വീസുകൾ ആരംഭിച്ചിട്ടില്ല. സംസ്ഥാനത്തിന്റെ ഉൾപ്രദേശങ്ങളിലേയ്ക്ക് സർവ്വീസുകൾ നടത്തുന്നതിനായി ഗ്രാമവണ്ടി പദ്ധതി

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി ചേർന്ന് നടപ്പിലാക്കുന്ന നടപടിക്രമങ്ങൾ അവസാനഘട്ടത്തിലാണ്. ഗ്രാമവണ്ടിക്കായി ധാരാളം പഞ്ചായത്തുകളിൽനിന്നും ആവശ്യങ്ങൾ ഉയർന്നുവന്നിട്ടുള്ളതും പ്രസ്തുത പഞ്ചായത്തുകളുമായി കരാർ നടപടികൾ അന്തിമഘട്ടത്തിലുമാണ്. 2022 ജൂലൈ 29-ന് ഗ്രാമവണ്ടി പദ്ധതി ആരംഭിക്കുന്നതാണ്.

(സി) തൊട്ടിൽപ്പാലം-പേരാമ്പ്ര-കായണ്ണ-കൂരാച്ചുണ്ട്-താമരശ്ശേരി റൂട്ടിൽ സർവ്വീസ് നടത്തിയിരുന്ന കെ.എസ്.ആർ.ടി.സി. ബസ് നിലവിൽ സർവ്വീസ് നടത്തുന്നുണ്ടോ; ഇല്ലെങ്കിൽ പുനഃരാരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കാമോ?

കോവിഡ് സാഹചര്യത്തിലും വരുമാനം കുറഞ്ഞ സാഹചര്യത്തിലും യാത്രക്കാർ കുറവായതിനാലും തൊട്ടിൽപ്പാലം-പേരാമ്പ്ര-കായണ്ണ-കൂരാച്ചുണ്ട്-താമരശ്ശേരി റൂട്ടിൽ നടത്തിയിരുന്ന സർവ്വീസ് നിർത്തലാക്കിയിട്ടുണ്ട്. നിർത്തലാക്കിയ സർവ്വീസുകളുടെ ലാഭകരമായതും ജനങ്ങൾക്ക് ഉപകാരപ്രദമായ ട്രിപ്പുകൾ പുനഃക്രമീകരിച്ച് മറ്റ് സർവ്വീസുകളിൽ ഉൾപ്പെടുത്തിയിട്ടുമുണ്ട്. പ്രൊഫ. സുശീൽ ഖന്ന റിപ്പോർട്ട് പ്രകാരം സിംഗിൾ ഡ്യൂട്ടി സമ്പ്രദായം നടപ്പിലാക്കുന്നതോടെയും സ്വിഫ്റ്റ് ബസ്സുകളും ക്രൂവും

കൂടുതൽ എത്തുന്നതോടെയും അധികം വരുന്ന ബസ്സും ജീവനക്കാരേയും ഉപയോഗിച്ച് കൂടുതൽ സർവ്വീസുകൾ നടത്താൻ കഴിയുന്നതാണ്.

കൂടുതൽ സർവ്വീസുകൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി ചേർന്ന് ഗ്രാമവണ്ടി പദ്ധതിയിൽ ഉൾപ്പെടുത്തി ഓപ്പറേറ്റ് ചെയ്യുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

പയ്യന്നൂർ ഡിപ്പോയിൽ നിന്നുള്ള ഷെഡ്യൂളുകൾ

243(5367) ശ്രീ. ടി. ഐ. മധുസൂദനൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് വ്യാപനത്തിന് മുമ്പ് പയ്യന്നൂർ കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ നിന്ന് എത്ര ഷെഡ്യൂളുകളാണ് ഓപ്പറേറ്റ് ചെയ്തിരുന്നതെന്ന് വ്യക്തമാക്കാമോ?

കോവിഡ് വ്യാപനത്തിന് മുൻപ് പയ്യന്നൂർ കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ നിന്ന് 68 ഷെഡ്യൂളുകളാണ് ഓപ്പറേറ്റ് ചെയ്തിരുന്നത്.

(ബി) നിലവിൽ എത്ര ഷെഡ്യൂളുകളാണ് ഇവിടെ നിന്നും ഓപ്പറേറ്റ് ചെയ്യുന്നതെന്ന് വിശദമാക്കാമോ?

നിലവിൽ 63 ഷെഡ്യൂളുകളാണ് ഓപ്പറേറ്റ് ചെയ്യുന്നത്.

(സി) ഓപ്പറേറ്റ് ചെയ്തിരുന്ന ഷെഡ്യൂളുകൾ റദ്ദാക്കാനുണ്ടായ കാരണം വിശദമാക്കാമോ; റദ്ദാക്കിയ ഷെഡ്യൂളുകൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ?

കോവിഡ് സാഹചര്യത്തിലും വരുമാനം കുറഞ്ഞ സാഹചര്യത്തിലും യാത്രക്കാർ കുറവായതിനാൽ താഴെ പറയുന്ന സർവ്വീസുകൾ നടത്തുന്നില്ല.

1. 06.30 പയ്യന്നൂർ-ഇരിട്ടി-മംഗലാപുരം
2. 06.00 പയ്യന്നൂർ-പഴയങ്ങാടി-കണ്ണൂർ
3. 03.15 പയ്യന്നൂർ-തിരുനെല്ലി ക്ഷേത്രം
4. 10.50 പയ്യന്നൂർ-കടപ്പുറം
5. 16.00 പയ്യന്നൂർ-മഴൂർ-മംഗലാപുരം

(ഡി) പ്രസ്തുത ഷെഡ്യൂളുകൾ പുനഃരാരംഭിക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

റദ്ദ് ചെയ്ത സർവ്വീസുകളുടെ ലാഭകരമായതും ജനങ്ങൾക്ക് ഉപകാരപ്രദമായ ട്രിപ്പുകൾ പുനഃക്രമീകരിച്ച് മറ്റ് സർവ്വീസുകളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി ചേർന്ന് ഗ്രാമവണ്ടി പദ്ധതിയിൽ ഉൾപ്പെടുത്തി കൂടുതൽ സർവ്വീസുകൾ ഓപ്പറേറ്റ് ചെയ്യുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. ഇത്തരത്തിൽ പുതിയ

സർവ്വീസുകൾ ജനോപകാരപ്രദമായി ആരംഭിക്കുന്നതിനും പദ്ധതി നടപ്പാക്കി വരുന്നു. ഇത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ ഡീസൽ തുക മാത്രം ലഭ്യമാക്കിയാൽ എത്രയും വേഗം ആരംഭിക്കാൻ കഴിയും.

## കാഞ്ഞിരപ്പള്ളി മണ്ഡലത്തിലെ ബസ് സർവീസുകൾ

244(5368) ഡോ. എൻ. ജയരാജ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാഞ്ഞിരപ്പള്ളി മണ്ഡലത്തിലൂടെ സർവീസ് നടത്തിയിരുന്നതും കോവിഡ് സാഹചര്യത്തിൽ നിർത്തലാക്കിയതുമായ സർവ്വീസുകൾ ഏതൊക്കെയെന്ന് വെളിപ്പെടുത്താമോ; അവയിൽ ഏതൊക്കെ പുനഃസ്ഥാപിക്കാൻ സാധിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ?

കാഞ്ഞിരപ്പള്ളി നിയോജകമണ്ഡലത്തിൽ ഉൾപ്പെടുന്ന പൊൻകുന്നം, എരുമേലി യൂണിറ്റുകളിൽ നിന്നും സമീപ യൂണിറ്റുകളായ ഈരാറ്റുപേട്ട, കോട്ടയം, പാല യൂണിറ്റുകളിൽ നിന്നും കാഞ്ഞിരപ്പള്ളി മണ്ഡലത്തിലൂടെ കോവിഡ് സാഹചര്യത്തിൽ നിർത്തലാക്കിയതും പുനഃസ്ഥാപിച്ചതുമായ സർവ്വീസുകളുടെ വിവരം അനുബന്ധമായി ചേർക്കുന്നു+.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) ചങ്ങനാശ്ശേരി ഡിപ്പോയിൽ നിന്ന് പൊൻകുന്നം, മണിമല മേഖലകളിലേയ്ക്ക് ദിവസേനയുള്ള അവസാന ബസ് സർവ്വീസിന്റെ സമയം അറിയിക്കാമോ?

ചങ്ങനാശ്ശേരി ഡിപ്പോയിൽ നിന്ന് 17.45 എരുമേലി-മണിമല സർവ്വീസാണ് മണിമല മേഖലയിലേയ്ക്ക് ദിവസേനയുള്ള അവസാന ട്രിപ്പ്.

(സി) രാത്രികാലങ്ങളിൽ ട്രെയിനുകളിൽ എത്തുന്ന യാത്രികർക്ക് ഉപകാരപ്രദമായിരുന്ന സർവ്വീസുകൾ പുനഃസ്ഥാപിക്കാൻ അടിയന്തര നടപടി സ്വീകരിക്കാമോ?

യാത്രാ ഡിമാന്റനുസരിച്ച് ഗുണകരമായ സർവ്വീസുകൾ പുനഃസ്ഥാപിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. ട്രിപ്പുകൾ പുനഃക്രമീകരിക്കുകയും യാത്രാവശ്യം അനുസരിച്ച് നിന്നുപോയ ട്രിപ്പുകൾ ആരംഭിക്കുന്നതും പരിശോധിക്കുന്നതാണ്. കൂടാതെ നഷ്ടത്തിലുള്ള സർവ്വീസുകൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഡീസൽ ചെലവ് വഹിക്കുന്ന പക്ഷം " ഗ്രാമവണ്ടി" പദ്ധതിയിൽ ഉൾപ്പെടുത്തി ആരംഭിക്കുന്നത് പരിഗണിക്കുന്നതാണ്.

## കെ.എസ്.ആർ.ടി.സി. സർവ്വീസ് പുനഃരാരംഭിക്കുന്നതിന് നടപടി

245(5369) ശ്രീ. വി. ജോയി: താഴെക്കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കോവിഡ്-19 മഹാമാരിയെ തുടർന്ന് നിർത്തിവച്ചിട്ടുള്ള വർക്കല-കാപ്പിൽ എച്ച്.എസ്.-മെഡിക്കൽ കോളേജ് കെ.എസ്.ആർ.ടി.സി. സർവ്വീസ് പുനഃരാരംഭിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

കോവിഡ്-19 മഹാമാരിക്കുമുമ്പ് വർക്കല-കാപ്പിൽ എച്ച്.എസ്.-മെഡിക്കൽ കോളേജ് കെ.എസ്.ആർ.ടി.സി. സർവ്വീസ് പ്രവർത്തനച്ചെലവുപോലും ലഭ്യമാകാത്ത സാഹചര്യത്തിലും മതിയായ യാത്രക്കാർ ഇല്ലാത്തതിനാലും കെ.എസ്.ആർ.ടി.സി.-യുടെ നിലവിലെ സാമ്പത്തിക സ്ഥിതിയിൽ ടി സർവ്വീസ് താൽക്കാലികമായി നിർത്തിവയ്ക്കേണ്ടി വന്നിട്ടുണ്ട്. ടി സർവ്വീസ് പുനഃക്രമീകരിച്ച് ലാഭകരമായ രീതിയിലും യാത്രക്കാർക്ക് ഉപയോഗപ്രദമായ രീതിയിലും പുനഃരാരംഭിക്കുന്നതിനുള്ള സാദ്ധ്യത പരിശോധിച്ചുവരികയാണ്.

വടക്കാഞ്ചേരി മണ്ഡലത്തിലൂടെയുള്ള സർവ്വീസുകൾ പുനരാരംഭിക്കാൻ നടപടി

246(5370) ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡിന്റെ പശ്ചാത്തലത്തിൽ, വടക്കാഞ്ചേരി മണ്ഡലത്തിലൂടെ കടന്നുപോകുന്നതിൽ നിർത്തിവച്ച ദീർഘദൂര-ഹ്രസ്വദൂര കെ.എസ്.ആർ.ടി.സി. ബസ് സർവ്വീസുകൾ ഏതൊക്കെയാണെന്നും അവയിൽ പുനഃരാരംഭിക്കാനുള്ള സർവ്വീസുകൾ ഏതൊക്കെയാണെന്നും അറിയിക്കാമോ?

കോവിഡിന്റെ പശ്ചാത്തലത്തിൽ, വടക്കാഞ്ചേരി മണ്ഡലത്തിലൂടെ കടന്നുപോകുന്നതിൽ നിർത്തിവച്ച ദീർഘദൂര-ഹ്രസ്വദൂര കെ.എസ്.ആർ.ടി.സി. ബസ്സ് സർവ്വീസുകളുടെ വിവരം ചുവടെ ചേർക്കുന്നു.

തൃശ്ശൂർ

1. 06.00 കൊണ്ടയൂർ
2. 06.25 വട്ടോളി
3. 05.50 മെഡിക്കൽ കോളേജ്
4. 18.20 മൈസൂർ

<u>ഗുരുവായൂർ</u>

1. 08.45 പാലക്കാട്

<u>ആലപ്പുഴ</u>

1. 15.20 നിലമ്പൂർ എ.സി. ലോ ഫ്ളോർ

<u>ചേർത്തല</u>

1. 16.00 തിരുനെല്ലി

2. 07.10 സുൽത്താൻ ബത്തേരി

<u>കട്ടപ്പന</u>

1. 04.30 ആനക്കെട്ടി

<u>കോട്ടയം</u>

1. 15.30 ബംഗളൂരു

തൃശ്ശൂർ യൂണിറ്റിലെ രാവിലെ 5 മണിക്കുള്ള മെഡിക്കൽ കോളേജ് സർവ്വീസ് ഒഴികെ മറ്റുള്ളവ പുനഃരാരംഭിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത പ്രദേശത്ത് കോവിഡിനുശേഷം ഏതെല്ലാം ദീർഘദൂര-ഹ്രസ്വദൂര സർവ്വീസുകളാണ് നിലവിൽ ഓപ്പറേറ്റ് ചെയ്തുകൊണ്ടിരിക്കുന്നതെന്ന് റൂട്ടും സമയവും ഉൾപ്പെടെ വിശദമാക്കാമോ?

<u>തൃശ്ശൂർ</u>

1. 04.45 സുൽത്താൻ ബത്തേരി

2. 05.45 കൽപ്പറ്റ

3. 06.20 സുൽത്താൻ ബത്തേരി

4. 07.30 കൽപ്പറ്റ

5. 08.00 സുൽത്താൻബത്തേരി

6. 13.00 പാലക്കാട്

7. 07.00 മൈസൂർ

<u>തൃശ്ശൂർ</u>

1. 04.45 സുൽത്താൻ ബത്തേരി
2. 05.45 കൽപ്പറ്റ
3. 06.20 സുൽത്താൻ ബത്തേരി
4. 07.30 കൽപ്പറ്റ
5. 08.00 സുൽത്താൻബത്തേരി
6. 13.00 പാലക്കാട്
7. 07.00 മൈസൂർ
8. 18.20 മൈസൂർ
9. 18.30 പെരിന്തൽമണ്ണ
10. 12.45 പെരിന്തൽമണ്ണ
11. 06.00 കൊണ്ടയൂർ
12. 06.25 വട്ടോളി
13. 05.30 തിരുവില്വാമല

<u>ഗുരുവായൂർ</u>

| |
|---|
| 1. 08.45 പാലക്കാട് |
| <u>ആലപ്പുഴ</u> |
| 1. 15.20 നിലമ്പൂർ എ.സി. ലോ ഫ്ളോർ<br><u>ചേർത്തല</u> |
| 1. 16.00 തിരുനെല്ലി |
| 2.07.10 സുൽത്താൻ ബത്തേരി |
| <u>കട്ടപ്പന</u> |
| 1. 04.30 ആനക്കെട്ടി |
| <u>കോട്ടയം</u> |
| 1. 15.30 ബംഗളൂരു |

(സി) നിർത്തിവച്ച സർവ്വീസുകൾ പുനഃരാരംഭിക്കാൻ നടപടി സ്വീകരിക്കുമോ?

സാദ്ധ്യതാപഠനം നടത്തി പുനഃരാംഭിക്കുന്നതിനുള്ള നടപടികൾ പരിശോധിക്കുന്നതാണ്.

ഡീസൽ ചെലവ് ഗ്രാമപഞ്ചായത്ത് വഹിക്കാൻ തയ്യാറായാൽ ഗ്രാമവണ്ടി പദ്ധതിയിൽ ഉൾപ്പെടുത്തി സർവ്വീസ് പുനഃരാരംഭിക്കുന്നതിന് കഴിയും.

## പിൽഗ്രിം ടൂറിസം-പയ്യന്നൂരിൽ നിന്നും ബസ് സർവീസ്

247(5371) ശ്രീ. എം. രാജഗോപാലൻ: താഴെക്കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പിൽഗ്രിം ടൂറിസത്തിന്റെ ഭാഗമായി പയ്യന്നൂർ ഡിപ്പോയിൽ നിന്നും തൃക്കരിപ്പൂർ വഴി കർണ്ണാടകയിലെ കൊല്ലൂർ, മൂകാംബിക, ഉഡുപ്പി ശ്രീകൃഷ്ണ ക്ഷേത്രം, ധർമ്മസ്ഥല എന്നിവിടങ്ങളിലേയ്ക്കും തിരിച്ചും കെ.എസ്.ആർ.ടി.സി. ബസ് സർവീസ് നടത്താൻ നടപടികൾ ഉണ്ടാകുമോ?

പിൽഗ്രിം ടൂറിസത്തിന്റെ ഭാഗമായി യാത്രക്കാരുടെ ആവശ്യകത അനുസരിച്ച് വാരാന്ത്യ ദിവസങ്ങളിലും മറ്റ് ഉത്സവ സമയങ്ങളിലും പ്രത്യേക അന്തർസംസ്ഥാന സർവ്വീസുകൾ/ട്രിപ്പുകൾ നിലവിലെ ബസ്സുകളുപയോഗിച്ച് ബഡ്ജറ്റ് ടൂറിസത്തിന്റെ ഭാഗമായി നടത്തിവരുന്നുണ്ട്. യാത്രക്കാരുടെ ആവശ്യകത അനുസരിച്ചും കൂടുതൽ ബുക്കിംഗുകൾ വരുന്ന മുറയ്ക്കും പയ്യന്നൂർ ഡിപ്പോയിൽ നിന്നും തൃക്കരിപ്പൂർ വഴി കർണ്ണാടകയിലെ കൊല്ലൂർ, മൂകാംബിക, ഉഡുപ്പി ശ്രീകൃഷ്ണ ക്ഷേത്രം, ധർമ്മസ്ഥല എന്നിവിടങ്ങളിലേയ്ക്കും

തിരിച്ചും കൂടുതൽ സ്പെഷ്യൽ സർവ്വീസുകൾ ക്രമീകരിക്കുന്ന കാര്യം പരിശോധിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

## സ്മാർട്ട് എൻഫോഴ്സ്മെന്റ് പദ്ധതി

248(5372) ശ്രീ. കെ. വി. സുമേഷ്: താഴെക്കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സ്മാർട്ട് എൻഫോഴ്സ്മെന്റ് പദ്ധതിയുടെ നേട്ടങ്ങൾ ഉൾപ്പെടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

Automatic Number Plate Recognition (ANPR), Artificial Intelligence (AI) തുടങ്ങിയ നൂതന സാങ്കേതികവിദ്യ ഉപയോഗിക്കുന്ന 726-ഓളം ക്യാമറകൾ സംസ്ഥാനത്തുടനീളം സ്ഥാപിച്ച് വിവിധ ഗതാഗത കുറ്റകൃത്യങ്ങൾ കണ്ടെത്തുന്നതിനും മാതൃകാപരമായ ശിക്ഷാനടപടികൾ കൈക്കൊള്ളുന്നതിനുമായി സേഫ് കേരള പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്. ഇതിന്റെ ഭാഗമായി എറണാകുളം, കോഴിക്കോട് ജില്ലകളിൽ നിലവിലുള്ള രണ്ട് കൺട്രോൾ റൂമുകൾ ഉൾപ്പെടെ 14 ജില്ലകളിലും കൺട്രോൾ റൂമുകൾ നിലവിൽ വരുന്നതാണ്. മേൽപ്പറഞ്ഞ ക്യാമറകളിൽ നിന്നുള്ള നിയമലംഘനങ്ങൾ സംബന്ധിച്ച വിവരം

തിരുവനന്തപുരം ആസ്ഥാനമായ കേന്ദ്ര കൺട്രോൾ റൂമിലെത്തുകയും അവ പരിശോധിച്ച് അതത് ജില്ലകളിലെ കൺട്രോൾ റൂമുകളിലേയ്ക്ക് അയയ്ക്കുകയും അവിടെ നിന്നും കുറ്റക്കാർക്കെതിരെ നിയമ നടപടി കൈക്കൊള്ളുകയും ചെയ്യാവുന്നതാണ്.

സ്മാർട്ട് എൻഫോഴ്സ്മെന്റ് പദ്ധതിയിൽ, ബോഡി വോൺ ക്യാമറ, ഡിജിറ്റൽ ലക്സ് മീറ്റർ, ഡെസിബെൽ മീറ്റർ, ഡാഷ് ബോർഡ് ക്യാമറ തുടങ്ങിയ ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കേന്ദ്ര സോഫ്റ്റ്വെയറായ ' ഇ-ചെലാൻ' ഉപയോഗിക്കുകവഴി, ചെലാനുകൾ തയ്യാറാക്കുന്ന നടപടി കൂടുതൽ വേഗത്തിലും കാര്യക്ഷമമായും സാധ്യമാകുമെന്നതിനാൽ പൊതുജനങ്ങൾക്ക് വാഹന പരിശോധനമൂലമുണ്ടാകുന്ന സമയനഷ്ടം കുറയ്ക്കുന്നതിന് സാധിക്കുന്നുണ്ട്. കൂടാതെ, ഉദ്യോഗസ്ഥർക്ക് വാഹന/ലൈസൻസ് സംബന്ധമായ വിവരം വാഹൻ സോഫ്റ്റ്‌വെയറുകളിൽ നിന്നുതന്നെ ലഭ്യമാകുന്നുണ്ട്.

വാഹനം തടഞ്ഞുനിർത്തിയുള്ള പരിശോധന പരമാവധി ഒഴിവാക്കി, എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ സുതാര്യമായ രീതിയിലും കാര്യക്ഷമമായ രീതിയിലും നടത്തുന്നതിന് ഇതുവഴി സാധിക്കുന്നതാണ്. ക്യാമറകളിൽ

നിന്നുള്ള ദൃശ്യങ്ങളുടെ ലഭ്യത, തർക്കങ്ങൾ ഒഴിവാക്കുന്നതിനും വ്യവഹാരങ്ങളിൽ തെളിവായി ഹാജരാക്കുന്നതിനും സഹായകമാകും. സംസ്ഥാനത്തുടനീളം സംഭവിക്കുന്ന ഗതാഗത നിയമലംഘനങ്ങൾ കണ്ടെത്തുന്നതിനും നിയമ നടപടികൾ വേഗത്തിൽ കൈക്കൊള്ളുന്നതിനും ആധുനിക സാങ്കേതികവിദ്യകളുടെ സഹായത്തോടെ സാധ്യമാകുന്നതോടെ ഗതാഗത നിയമലംഘനങ്ങളും അപകടങ്ങളും അതുമൂലമുള്ള അപകട മരണങ്ങളും കുറയ്ക്കുന്നതിനും ഇതുമൂലം സാധ്യമാകുന്നതാണ്. ഇത് സർക്കാരിന്റെ 'Ease of Doing Business' നടപടികളുടെ ഭാഗമായിട്ടുകൂടിയുള്ളതാണ്.

## യൂണിഫോം പരിഷ്കരണം

249(5373) ശ്രീ. പി. ടി. എ. റഹീം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മോട്ടോർ വാഹന വകുപ്പിലെ ഉദ്യോഗസ്ഥരുടെ യൂണിഫോം പരിഷ്കരിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ?

ഉണ്ട്.

(ബി) എങ്കിൽ ഇത്തരമൊരു തീരുമാനമെടുക്കുന്നതിനിടയാക്കിയ സാഹചര്യം വിശദമാക്കാമോ?

കേരള മോട്ടോർ വാഹന വകുപ്പിലെ Regional Transport Officer, Joint Regional Transport Officer, Motor Vehicle Inspector, Assistant Motor Vehicle Inspector എന്നീ തസ്തികകളിലുള്ള ഉദ്യോഗസ്ഥർക്ക് യൂണിഫോം നിർണ്ണയിച്ചുകൊണ്ടുള്ള 1989-ലെ കേരള മോട്ടോർ വാഹന ചട്ടങ്ങളിലെ 406-ാം ചട്ടത്തിലെ പോരായ്മകൾ പരിഹരിക്കുന്നതിനായി പ്രസ്തുത ചട്ടം ഭേദഗതി ചെയ്യണമെന്ന ഗതാഗത കമ്മീഷണറുടെ ശിപാർശയുടെ അടിസ്ഥാനത്തിലാണ് യൂണിഫോം പരിഷ്കരണത്തിന് സർക്കാർ തീരുമാനം കൈക്കൊണ്ടത്.

## പുതുക്കാട് ആസ്ഥാനമായി ജോയിന്റ് ആർ.ടി. ഓഫീസ്

250(5374) <u>ശ്രീ. കെ. കെ. രാമചന്ദ്രൻ</u>: താഴെക്കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തൃശ്ശൂർ ജില്ലയിലെ നെൻമണിക്കര, കല്ലൂർ-തൃക്കൂർ, വരന്തരപ്പിള്ളി, നന്തിപുലം, മുപ്ലിയം, ചെങ്ങാലൂർ, പുതുക്കാട്-തൊറവ്, പറപ്പൂക്കര, തൊട്ടിപ്പാൾ, നെല്ലായി, ആമ്പല്ലൂർ തുടങ്ങിയ വില്ലേജുകൾ പ്രവർത്തന

പരിധിയിൽ ഉൾപ്പെടുത്തി പുതുക്കാട് ആസ്ഥാനമായി പുതിയ ജോയിന്റ് ആർ.ടി. ഓഫീസ് അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

സംസ്ഥാനത്ത് സബ് ആർ.ടി. ഓഫീസ് ഇല്ലാത്ത താലൂക്കുകളിൽ പുതിയ സബ് ആർ.ടി. ഓഫീസ്, റൂറൽ റീജിയണൽ ഓഫീസ് എന്നിവ തുടങ്ങുന്നത് സംബന്ധിച്ച പ്രൊപ്പോസൽ സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുന്ന മുറയ്ക്ക് മാത്രമേ പരിഗണിക്കാൻ കഴിയുകയുള്ളൂ.

ഡ്രൈവിംഗ് പാഠ്യപദ്ധതി പരിഷ്കരണം

251(5375) ഡോ. എൻ. ജയരാജ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഡ്രൈവിംഗ് ലൈസൻസ് ലഭിക്കുന്നതിനുള്ള ലേണേഴ്സ് പരീക്ഷ, അവബോധന ക്ലാസ്സുകൾ എന്നിവയുടെ സിലബസ് അവസാനമായി പരിഷ്കരിച്ചത് എന്നാണ്?

കേന്ദ്ര സർക്കാർ പുറപ്പെടുവിച്ച 31.03.2021-ലെ G.S.R. 240(E) നമ്പർ വിജ്ഞാപനപ്രകാരമാണ് ലേണേഴ്സ് ലൈസൻസിനുള്ള സിലബസ് 01.04.2021 പ്രാബല്യത്തിൽ അവസാനമായി പരിഷ്കരിച്ചത്.

(ബി) ഇന്ത്യൻ റോഡ് കോൺഗ്രസ് സമ്മേളനത്തിലെ നിർദ്ദേശം ഉൾപ്പെടുത്തി അടിയന്തരമായി പ്രസ്തുത സിലബസ് പരിഷ്കരിക്കുന്നതിന് നടപടി സ്വീകരിക്കാമോ;

(സി) റോഡിൽ രേഖപ്പെടുത്തുന്ന അടയാളങ്ങൾ പരിഷ്കരിച്ചതും കൂട്ടിച്ചേർത്തതും അറിയാത്തതുമൂലം നിയമലംഘനങ്ങൾ വർദ്ധിക്കുമെന്നതിനാൽ സിലബസ് പരിഷ്കരിക്കുമ്പോൾ ഇക്കാര്യത്തിൽ പ്രത്യേക പരിഗണന നൽകാമോ; വിശദമാക്കാമോ?

(ബി&സി) 1989-ലെ കേന്ദ്ര മോട്ടോർ വാഹന ചട്ടങ്ങൾ പ്രകാരമാണ് ലേണേഴ്സ് ലൈസൻസ് സിലബസ് പരിഷ്കരിക്കുന്നത്. മേൽ സിലബസ് പരിഷ്കരണത്തിനോടനുബന്ധിച്ച് മോട്ടോർ വാഹന വകുപ്പ് ചോദ്യങ്ങൾ തയ്യാറാക്കി നൽകുകയാണ് പതിവ്. എന്നാൽ 2018-ൽ 'വാഹൻ-സാരഥി' നടപ്പിലാക്കിയതോടെ രാജ്യവ്യാപകമായി ചോദ്യാവലി ഏകീകരണം നടന്നുവരുന്നു. ആയത് നടപ്പിലാക്കുന്ന മുറയ്ക്ക് പുതിയ സിലബസിനനുസൃതമായ ചോദ്യങ്ങൾ കേന്ദ്ര സർക്കാർ ഉൾപ്പെടുത്തുമെന്ന് കരുതുന്നു.

## ഭാരത് രജിസ്ട്രേഷൻ വാഹന നികുതി നിർണയം

252(5376)ശ്രീ. ടി. പി. രാമകൃഷ്ണൻ:
ശ്രീ. പി. നന്ദകുമാർ:
ശ്രീ. പി. പി. ചിത്തരഞ്ജൻ:
ശ്രീ. ജി. സ്റ്റീഫൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാഹന നികുതി നിർണ്ണയം പരിപൂർണ്ണമായും സംസ്ഥാന അവകാശമാണെന്ന് ഭരണഘടനയുടെ 7-ാം പട്ടികയിലെ 57-ാം ഇനം വ്യക്തമാക്കുമ്പോഴും കേന്ദ്ര സർക്കാർ ഭാരത് രജിസ്ട്രേഷൻ എന്ന പേരിൽ സംസ്ഥാന അധികാരത്തിന്മേൽ കടന്നുകയറി നികുതി നിർണ്ണയം നടത്തുന്നതിലുള്ള പ്രതിഷേധം കേന്ദ്ര സർക്കാരിനെ അറിയിച്ചിട്ടുണ്ടോ?

BH-സീരീസ് രജിസ്ട്രേഷൻ നടപ്പിലാക്കുമ്പോൾ നികുതിയിനത്തിൽ സംസ്ഥാന സർക്കാരിന് ഉണ്ടായേക്കാവുന്ന നഷ്ടം സംബന്ധിച്ച് 13.09.2021-ൽ കേന്ദ്ര സർക്കാർ വിളിച്ച യോഗത്തിൽ അവതരിപ്പിക്കുകയും "The present taxation rules of the States/U.T.s will continue" എന്ന് Remarks രേഖപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

(ബി) സംസ്ഥാന നികുതി വിഹിതത്തിൽ ഗണ്യമായ സംഭാവന നൽകുന്ന മോട്ടോർ വാഹന വകുപ്പിനെ അഴിമതി വിമുക്തമാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ്?

സംസ്ഥാനത്ത് ആർ.ടി. ഓഫീസുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനും അഴിമതിമുക്തമാക്കുന്നതിനുമായി നിരവധി നിർദ്ദേശങ്ങളും സർക്കുലറുകളും മോട്ടോർ വാഹന വകുപ്പ് കാലാകാലങ്ങളിൽ പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ, സർക്കാരിന്റെ ഈസ് ഓഫ് ഡൂയിംഗ് ബിസിനസ് നയത്തിന്റെ ഭാഗമായി അപേക്ഷകളുമായി ബന്ധപ്പെട്ട് രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് ഉൾപ്പെടെയുള്ള ഭൗതിക രേഖകൾ ഓഫീസിൽ സമർപ്പിക്കേണ്ടതില്ല. പകരം പൂർണ്ണമായും ഓൺലൈൻ അപേക്ഷകളുടെ അടിസ്ഥാനത്തിൽ സേവനങ്ങൾ നൽകുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. കൂടാതെ, പുതിയ വാഹനങ്ങളുടെ രജിസ്ട്രേഷൻ ഓൺലൈൻ സംവിധാനത്തിലൂടെ നടത്തിവരുന്നു. നിലവിൽ 11 സേവനങ്ങൾക്ക് ഫേസ്‌ലെസ് സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. മറ്റു സേവനങ്ങൾക്കും ഫേസ്‌ലെസ്സ് സംവിധാനം നടപ്പാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. മുൻകൂർ വാഹന പരിശോധന ഒഴികെയുള്ള

സേവനങ്ങൾ കഴിയുന്നത്ര ഓൺലൈനായി, പൊതുജനങ്ങൾക്ക് സൗകര്യപ്രദമായ രീതിയിൽ ലഭ്യമാക്കുകവഴി സേവനങ്ങൾ സുതാര്യമാകും.

(സി) മോട്ടോർ വാഹന വകുപ്പിലെ സേവനങ്ങൾ ഓൺലൈൻ വഴിയാക്കാനും ആദ്യം വരുന്നവർക്ക് ആദ്യം സേവനം ലഭ്യമാക്കാനും വേണ്ട നടപടി സ്വീകരിച്ചിട്ടുണ്ടോയെന്നറിയിക്കാമോ?

വാഹനസംബന്ധമായ എല്ലാ സേവനങ്ങളും പക്ഷപാതരഹിതവും അഴിമതി രഹിതവുമായി ആദ്യം വരുന്നയാൾക്ക് ആദ്യം എന്ന മാനദണ്ഡത്തിൽ ലോകത്തിന്റെ ഏതുകോണിൽനിന്നും സേവനം ലഭ്യമാകുന്ന തരത്തിൽ സോഫ്റ്റ്‌വെയറിൽ മാറ്റം വരുത്തുന്ന നടപടികൾ സ്വീകരിച്ചുവരുന്നു. ലൈസൻസുമായി ബന്ധപ്പെട്ട എല്ലാ സേവനങ്ങളും ഫേസ്‌ലെസ്സ് സംവിധാനംവഴിയാണ് ചെയ്തുവരുന്നത്. വാഹന രജിസ്ട്രേഷൻ സംബന്ധിച്ച് സേവനങ്ങളും ഇത്തരത്തിലാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

പുതുക്കാട് ജോയിന്റ് ആർ.ടി. ഓഫീസ്

253(5377) ശ്രീ. കെ. കെ. രാമചന്ദ്രൻ: താഴെക്കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മുകുന്ദപുരം, ചാലക്കുടി താലൂക്കുകളിലെ വിവിധ വില്ലേജുകൾ ഉൾപ്പെടുത്തി പുതുക്കാട് ആസ്ഥാനമായി ജോയിന്റ് ആർ.ടി. ഓഫീസ് അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

സംസ്ഥാനത്ത് സബ് ആർ.ടി. ഓഫീസ് ഇല്ലാത്ത താലൂക്കുകളിൽ പുതിയ സബ് ആർ.ടി. ഓഫീസ്, റൂറൽ റീജിയണൽ ഓഫീസ് എന്നിവ തുടങ്ങുന്നത് സംബന്ധിച്ച പ്രൊപ്പോസൽ സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുന്ന മുറയ്ക്ക് മാത്രമേ പരിഗണിക്കാൻ കഴിയുകയുള്ളൂ.

ലോഡിംഗ് കപ്പാസിറ്റി പ്രകാരമുള്ള നിയന്ത്രണം

254(5378) ശ്രീ. എൻ. എ. നെല്ലിക്കുന്ന്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പത്ത് ടണ്ണിൽ കൂടുതൽ ലോഡിംഗ് കപ്പാസിറ്റിയുള്ള വാഹനങ്ങൾക്ക് ഗതാഗതം നടത്തുന്നതിന് നിയന്ത്രണമോ/നിരോധനമോ ഉണ്ടോയെന്ന് വ്യക്തമാക്കാമോ?

ഉണ്ട്. 6 മീറ്റർ വീതിയിൽ കുറവുള്ള റോഡുകളിൽ 10 ടണ്ണിൽ കൂടുതൽ ലോഡിംഗ് കപ്പാസിറ്റിയുള്ള വാഹനങ്ങൾക്ക് നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ട്.

(ബി) പത്ത് ടണ്ണിൽ കൂടുതൽ ഭാരം കയറ്റി പോകുന്ന വാഹനങ്ങൾക്കാണോ അതോ പത്ത് ടണ്ണിൽ കൂടുതൽ ലോഡിംഗ് കപ്പാസിറ്റിയുള്ള വാഹനങ്ങൾക്കാണോ നിരോധനമെന്ന് വ്യക്തമാക്കാമോ?

പത്ത് ടണ്ണിൽ കൂടുതൽ ലോഡിംഗ് കപ്പാസിറ്റിയുള്ള വാഹനങ്ങൾക്കാണ് നിയന്ത്രണം ഏർപ്പെടുത്തിയിട്ടുള്ളത്.

(സി) മോട്ടോർ വാഹന വകുപ്പിൽ ഇത്തരം വാഹനങ്ങൾ രജിസ്റ്റർ ചെയ്യുമ്പോൾ ആർ.സി. ബുക്കിൽ നിയന്ത്രണത്തെക്കുറിച്ചോ നിരോധനത്തെക്കുറിച്ചോ പരാമർശിക്കുന്ന കുറിപ്പ് രേഖപ്പെടുത്താറുണ്ടോ; വ്യക്തമാക്കാമോ?

പെർമിറ്റിൽ രേഖപ്പെടുത്താറുണ്ട്. മാത്രമല്ല 29.09.2015-ലെ വിജ്ഞാപനത്തിൽ 1988-ലെ മോട്ടോർ വെഹിക്കിൾസ് ആക്റ്റിലെ സെക്ഷൻ 116 പ്രകാരമുള്ള "appropriate traffic sign" സ്ഥാപിക്കണമെന്നും നിഷ്കർഷിച്ചിട്ടുണ്ട്.

(ഡി) രേഖപ്പെടുത്താറില്ലെങ്കിൽ വാഹന ഉടമകളും ഡ്രൈവർമാരും ഇത്തരം നിയന്ത്രണത്തെയും നിരോധനത്തെയും കുറിച്ച് എങ്ങനെയാണ് ബോധവാന്മാരാകുന്നത്; വ്യക്തമാക്കാമോ;

(ഇ) പത്ത് ടണ്ണിന് മുകളിൽ ഭാരമുള്ള വാഹനങ്ങൾക്ക് എത്രമീറ്റർ വീതിയുള്ള റോഡിലാണ് ഗതാഗതത്തിന് അനുമതിയുള്ളതെന്ന് വ്യക്തമാക്കാമോ?

(ഡി&ഇ) 6 മീറ്റർ വീതിയിൽ കൂടിയ റോഡുകളിലാണ് അനുമതി ഉള്ളത്.

(എഫ്) ഇതുസംബന്ധിച്ച് ഗതാഗത വകുപ്പിന്റെ ഉത്തരവുകളുടെയും നോട്ടിഫിക്കേഷനുകളുടെയും പകർപ്പുകൾ ലഭ്യമാക്കാമോ?

29.09.2015-ൽ പുറപ്പെടുവിച്ച സ.ഉ.(പി.)നം.59/2015/ട്രാൻ. വിജ്ഞാപനം പ്രകാരമാണ് 6 മീറ്റർ വീതിയിൽ കുറവുള്ള റോഡുകളിൽ 10 ടണ്ണിൽ കൂടുതൽ ലോഡിംഗ് കപ്പാസിറ്റിയുള്ള വാഹനങ്ങൾക്ക് നിയന്ത്രണം ഏർപ്പെടുത്തിയിട്ടുള്ളത്. മേൽ വിജ്ഞാപനത്തിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്+.

## ദേവികുളം ആർ.ടി. ഓഫീസിന് കെട്ടിടം നിർമ്മിക്കാൻ നടപടി

255(5379) ശ്രീ. എ. രാജ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) ഇടുക്കി ജില്ലയിലെ ദേവികുളത്ത് അനുവദിച്ച ആർ.ടി. ഓഫീസിനായി കെട്ടിടം നിർമ്മിക്കുന്നതിനുള്ള സ്ഥലം കണ്ടെത്തിയിട്ടുണ്ടോയെന്ന് അറിയിക്കുമോ?

ദേവികുളത്ത് അനുവദിച്ച ആർ.ടി. ഓഫീസിനായി കെട്ടിടം നിർമ്മിക്കുന്നതിനുള്ള സ്ഥലം കണ്ടെത്തിയിട്ടില്ല.

(ബി) പ്രസ്തുത കെട്ടിടം നിർമ്മിക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോ?

സർക്കാർ കെട്ടിടങ്ങൾ അനുവദിച്ച് ലഭിക്കുന്നമുറയ്ക്ക് ദേവികുളം സബ് ആർ.ടി. ഓഫീസിന്റെ പ്രവർത്തനം അവിടേയ്ക്ക് മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

<u>ആലപ്പുഴ ബൈപ്പാസിൽ ക്യാമറ സ്ഥാപിക്കാൻ നടപടി</u>

256(5380) <u>ശ്രീ. പി. പി. ചിത്തരഞ്ജൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജില്ലാ റോഡ് സുരക്ഷാ കൗൺസിലിന്റെ തീരുമാനപ്രകാരം ആലപ്പുഴ ബൈപ്പാസിൽ സ്പീഡ് വയലേഷൻ ഡിറ്റക്ഷൻ ക്യാമറകൾ

സ്ഥാപിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദവിവരം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത ക്യാമറകൾ സ്ഥാപിക്കുന്നതിൽ കാലതാമസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പദ്ധതി വേഗത്തിൽ നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ?

(എ&ബി) ആലപ്പുഴ ബൈപ്പാസിൽ സ്പീഡ് വയലേഷൻ ഡിറ്റക്ഷൻ ക്യാമറകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ പ്രാരംഭഘട്ടത്തിലാണ്. നടപടികൾ ത്വരിതപ്പെടുത്തുന്നതാണ്.

<u>പാലക്കാട് ജില്ലയിൽ മോട്ടോർ വാഹന വകുപ്പിന്റെ ക്യാമറകൾ</u>

257(5381) <u>ശ്രീ. കെ. ഡി. പ്രസേനൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മോട്ടോർ വാഹന വകുപ്പ് പാലക്കാട് ജില്ലയിൽ ഏതൊക്കെ സ്ഥലങ്ങളിലാണ് ക്യാമറകൾ സ്ഥാപിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

പാലക്കാട് ജില്ലയിൽ ക്യാമറകൾ സ്ഥാപിച്ചിട്ടുള്ള സ്ഥലങ്ങളുടെ ലിസ്റ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്+.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) പ്രസ്തുത ക്യാമറകൾ നിലവിൽ പ്രവർത്തനക്ഷമമാണോ; അല്ലെങ്കിൽ ഏതൊക്കെയാണ് പ്രവർത്തനരഹിതമെന്ന് അറിയിക്കാമോ?

അഞ്ചുമൂർത്തി (R1 & R2), ചീക്കോട് (R1 & R2), ആലത്തൂർ (R1 & R2), ചിതലി (R2), ചാരപറമ്പ് (R1 & R2), കുഴൽമന്ദം (R1 & R2), കണ്ണന്നൂർ (R1 & R2), മണലൂർ (R1 & R2), കൽമണ്ഡപം (R2), കുട്ടപാത (R1), പുതുശ്ശേരി (R2), നഗരംപള്ളിപ്പുഴ (R2), ഐ.റ്റി.ഐ. ജംഗ്ഷൻ (R1), എ.ഐ.റ്റി.യു.സി. ഹാൾ (R1), മാർ ഗ്രിഗറിയോസ് (R1), അട്ടപ്പള്ളം (R2), ആമയൂർ, ഒറ്റപ്പാലം, പത്തിരിപ്പാല, തേനൂർ എന്നിവിടങ്ങളിലെ ക്യാമറകൾ പ്രവർത്തനക്ഷമമല്ല.

(സി) ക്യാമറകളെല്ലാം പ്രവർത്തനക്ഷമമാക്കുവാനായി പ്രത്യേക പദ്ധതി നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

പ്രവർത്തനക്ഷമമല്ലാത്ത ക്യാമറകൾ പ്രവർത്തനക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

<u>പരപ്പയിൽ ഓട്ടോമാറ്റഡ് ടെസ്റ്റിംഗ് സ്റ്റേഷൻ</u>

258(5382) <u>ശ്രീ. ഇ. ചന്ദ്രശേഖരൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വെള്ളരിക്കുണ്ട് പരപ്പയിൽ ഓട്ടോമേറ്റഡ് വെഹിക്കിൾ ടെസ്റ്റിംഗ് സ്റ്റേഷൻ സ്ഥാപിക്കുന്നതിനുള്ള നടപടി ഏതുഘട്ടത്തിലാണെന്ന് വിശദമാക്കാമോ;

(ബി) ഓട്ടോമേറ്റഡ് വെഹിക്കിൾ ടെസ്റ്റിംഗ് സ്റ്റേഷൻ സ്ഥാപിക്കുന്നതിന് ഭൂമി അനുവദിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ?

(എ&ബി) ഓട്ടോമേറ്റഡ് ഡ്രൈവിംഗ് ടെസ്റ്റിംഗ് ട്രാക്കും ടെസ്റ്റിംഗ് സ്റ്റേഷനും സ്ഥാപിക്കുന്നതിനായി വെള്ളരിക്കുണ്ട് വില്ലേജിൽ റീസർവ്വെ നമ്പർ 155 പാർട്ടിൽപ്പെട്ട 1.3558 ഹെക്ടർ (3.35 ഏക്കർ) ഭൂമി മോട്ടോർ വാഹന വകുപ്പിന് നിബന്ധനകൾക്ക് വിധേയമായി അനുവദിച്ചിട്ടുണ്ട്. സ്റ്റേഷൻ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് ടെക്നിക്കൽ കമ്മിറ്റി റിപ്പോർട്ട് സമർപ്പിച്ചിരുന്നു. കൂടാതെ, പ്ലാൻ ഫണ്ട് വിനിയോഗിച്ചുകൊണ്ട് പൊതു സ്വകാര്യ പങ്കാളിത്തത്തോടെ നിലവിൽ ഓട്ടോമേറ്റഡ് ടെസ്റ്റിംഗ് സ്റ്റേഷൻ/ഡ്രൈവർ ടെസ്റ്റിംഗ് ട്രാക്ക് എന്നിവ ഇല്ലാത്ത സ്ഥലങ്ങളിൽ ആയത് സ്ഥാപിക്കുന്നതിനുള്ള ഗതാഗത കമ്മീഷണറുടെ പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരികയാണ്. പ്രസ്തുത പ്രൊപ്പോസലിൽ, വെള്ളരിക്കുണ്ടിൽ

ഓട്ടോമേറ്റഡ് ടെസ്റ്റിംഗ് സ്റ്റേഷൻ സ്ഥാപിക്കുന്നത് സംബന്ധിച്ച നിർദ്ദേശവും ഉൾപ്പെട്ടിട്ടുണ്ട്.

## ബൈക്കുകളുടെ മത്സരയോട്ടം

259(5383) ശ്രീ. പി. കെ. ബഷീർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പല സുപ്രധാന പാതകളിലും യുവാക്കൾ ബൈക്ക് റേസിംഗ് നടത്തുകയും അതുവഴി ജനങ്ങൾക്ക് ജീവഹാനി ഉണ്ടാകുകയും ചെയ്തിട്ടും വകുപ്പ് കർശന നടപടികൾ സ്വീകരിക്കുന്നില്ലെന്ന ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നിരത്തുകളിലെ അനധികൃത ബൈക്ക് റേസിംഗ് ഉൾപ്പെടെയുള്ള നിയമ ലംഘനങ്ങൾക്കെതിരെ മോട്ടോർ വാഹന വകുപ്പ് സ്പെഷ്യൽ ഡ്രൈവുകൾ സംഘടിപ്പിക്കുകയും കുറ്റക്കാർക്കെതിരെ കർശന നടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു.

(ബി) ഇത്തരത്തിലുള്ള കേസുകൾ സംസ്ഥാനത്ത് എവിടെയെല്ലാം റിപ്പോർട്ട് ചെയ്തിട്ടുണ്ട്; വിശദാംശം വെളിപ്പെടുത്തുമോ?

സംസ്ഥാനത്ത് ഇത്തരം കേസുകൾ തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, കോട്ടയം, ഇടുക്കി, കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(സി) അപകടകരമായ രീതിയിൽ പൊതുനിരത്തിൽ ബൈക്ക് റേസിംഗ് നടത്തുന്നവർക്കെതിരെ എന്ത് നിയമ നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ?

പിഴ ഈടാക്കുന്നതും ഡ്രൈവിംഗ് ലൈസൻസ് സസ്പെൻഡ് ചെയ്യുന്നതുമുൾപ്പെടെയുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ബൈക്ക് റേസിംഗ് അപകടംമൂലം എത്രപേർക്ക് ജീവഹാനി സംഭവിച്ചുവെന്ന് വ്യക്തമാക്കുമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ബൈക്ക് റേസിംഗ്മൂലം 4 അപകടമരണങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

<u>വാട്ടർ ടാക്സി സർവ്വീസ്</u>

260(5384) <u>ശ്രീ. ടി. ഐ. മധുസൂദനൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലബാർ മേഖലയിലെ പയ്യന്നൂർ സ്റ്റേഷൻ കേന്ദ്രീകരിച്ച് വാട്ടർ ടാക്സി സർവ്വീസ് ആരംഭിക്കാൻ നടപടികൾ സ്വീകരിക്കുമോ?

മലബാർ മേഖലയിലെ ടൂറിസം സാധ്യതകൾ വളരെ നല്ല രീതിയിൽ പ്രയോജനപ്പെടുത്തുന്നതിന് ആവശ്യമായ റിപ്പോർട്ടുകൾ ജലഗതാഗത വകുപ്പ് തയ്യാറാക്കിവരുന്നുണ്ട്. അതിന്റെ ഭാഗമായി പയ്യന്നൂർ സ്റ്റേഷൻ കേന്ദ്രീകരിച്ച് കൂടുതൽ വാട്ടർ ടാക്സി സർവീസുകൾ ആരംഭിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

(ബി) കണ്ണൂർ ജില്ലയിൽ ഏതെല്ലാം സ്റ്റേഷൻ കേന്ദ്രീകരിച്ചാണ് നിലവിൽ വാട്ടർ ടാക്സി സർവ്വീസ് നടത്തുന്നതെന്ന് വ്യക്തമാക്കാമോ?

കണ്ണൂർ ജില്ലയിലെ പറശ്ശിനി സ്റ്റേഷൻ കേന്ദ്രീകരിച്ചാണ് നിലവിൽ വാട്ടർ ടാക്സി സർവീസ് നടത്തി വരുന്നത്. പറശ്ശിനി അമ്പലത്തിൽ വരുന്ന ഭക്തജനങ്ങളും മറ്റുസഞ്ചാരികളും കുറഞ്ഞ ചെലവിലുള്ള ഈ സംവിധാനം വളരെ നല്ല രീതിയിൽ പ്രയോജനപ്പെടുത്തിവരുന്നു.

(സി) മലനാട് റിവർ ക്രൂയിസ് ടൂറിസം പദ്ധതിയുടെ ഭാഗമായി വരുന്ന ബോട്ട് ജെട്ടികളുടെ നിർമ്മാണം പൂർത്തിയാകുന്നതോടുകൂടി ടൂറിസ്റ്റുകൾക്ക് കൂടി ഉപയോഗപ്പെടുത്താൻ കഴിയുന്ന തരത്തിൽ വാട്ടർ ടാക്സി സർവ്വീസ്

ആരംഭിക്കുന്നതിനും ഇതിന്റെ സാധ്യതകളെക്കുറിച്ച് പഠിക്കുന്നതിനും വകുപ്പ് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ?

മലനാട് റിവർ ക്രൂയിസ് ടൂറിസം പദ്ധതിയുടെ ഭാഗമായി വരുന്ന മലപ്പട്ടം, പറശ്ശിനി, വളപട്ടണം, അഴീക്കൽ പഴയങ്ങാടി, കുപ്പം റൂട്ടിൽ വകുപ്പിന്റെ ടെക്നിക്കൽ, ട്രാഫിക് വിഭാഗങ്ങൾ സർവ്വേ നടത്തിയിരുന്നു. ടി പദ്ധതിയുടെ ഭാഗമായുള്ള ബോട്ട് ജെട്ടികളുടെ പണികൾ പൂർത്തിയായി വരുന്നുണ്ട്. ഉയരം കുറഞ്ഞ പാലങ്ങൾ ഉള്ളതിനാൽ ഈ മേഖലയിൽ ദീർഘദൂര ടൂറിസം സർവീസുകളും വാട്ടർ ടാക്സി സർവീസുകളും നടത്തുന്നതിന് ആവശ്യമായ അനുബന്ധ സാഹചര്യങ്ങൾ എന്തൊക്കെ വേണമെന്നത് സംബന്ധിച്ച് റിപ്പോർട്ട് തയ്യാറാക്കി വരുന്നു. നിലവിലുള്ള അടിസ്ഥാന സൗകര്യങ്ങൾ പ്രയോജനപ്പെടുത്തിക്കൊണ്ട് പുതിയ ടൂറിസ്റ്റ് സർവ്വീസുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## ഉൾനാടൻ ജലഗതാഗതത്തിനായി ബോട്ടുകൾ അനുവദിക്കാൻ നടപടി

261(5385) <u>ശ്രീ. എം. രാജഗോപാലൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ ആയിറ്റിയിൽ ഉൾനാടൻ ജലഗതാഗത വകുപ്പിന്റെ ഭാഗമായി പ്രവർത്തിക്കുന്ന ബോട്ട് സർവ്വീസുകൾ കാര്യക്ഷമമാക്കാൻ നടപടി സ്വീകരിക്കുമോ;

(ബി) നിരവധി ജീവനക്കാരുള്ള പ്രസ്തുത ഓഫീസിന് കീഴിൽ കൂടുതൽ ബോട്ടുകൾ അനുവദിക്കാനും ഓഫീസ് പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കാനും നടപടി സ്വീകരിക്കുമോ?

(എ &ബി) കാസർഗോഡ് ജില്ലയിലെ ജലഗതാഗത വകുപ്പിന്റെ ബോട്ട് സർവ്വീസുകൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു. ഈ മേഖലയിലെ വകുപ്പിന്റെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനും ചെലവ് കുറഞ്ഞ യാത്രാമാർഗ്ഗങ്ങൾ പ്രാവർത്തികമാക്കുന്നതിനും സോളാർ ബോട്ടുകൾ അഭികാമ്യമാകുന്നതാണ് എന്നതിനാൽ കുറഞ്ഞ പാസ്സഞ്ചർ കപ്പാസിറ്റിയുള്ള ബോട്ടുകൾ അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. കൂടാതെ ബോട്ടുകളുടെ അറ്റകുറ്റപ്പണികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് ആവശ്യമായ സ്ലിപ് വേ ഉൾപ്പെടെയുള്ള സജ്ജീകരണങ്ങൾ പൂർണ്ണമായും പ്രയോജനപ്പെടുത്തുന്നതിനും ഓഫീസ് പ്രവർത്തനങ്ങൾ

കാര്യക്ഷമമാക്കുന്നതിനും മേൽനടപടികൾ സ്വീകരിച്ചിട്ടുണ്ട്. ടി മേഖലയിലെ ടൂറിസം സാധ്യതകൾ കൂടി പ്രയോജനപ്പെടുത്തിക്കൊണ്ട് പാസഞ്ചർ-കം-ടൂറിസ്റ്റ് സർവ്വീസുകൾ നടത്തുന്നതിനെ സംബന്ധിച്ച് ട്രാഫിക്, ടെക്നിക്കൽ വിഭാഗത്തിന്റെ പഠനം നടന്നുവരുന്നു.

കൊറ്റി-കോട്ടപ്പുറം ജലഗതാഗത പാതയുടെ വികസനം

262(5386) ശ്രീ. എം. രാജഗോപാലൻ: താഴെക്കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കൊറ്റി-കോട്ടപ്പുറം ജലഗതാഗത പാതയുടെ വികസനവുമായി ബന്ധപ്പെട്ട് ആയിറ്റിയിൽ നിർമ്മിച്ച സ്ലിപ്പ്‌വേ പൂർണ്ണതോതിൽ ഉപയോഗിക്കാൻ കഴിയുന്നുണ്ടോ; പ്രസ്തുത പ്രവൃത്തിയിൽ അപാകത സംഭവിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

സംസ്ഥാന ജലഗതാഗത വകുപ്പുമായി ബന്ധപ്പെട്ട് സ്ലിപ്പ്‌വേയുടെ നിർമ്മാണം ഒന്നുംതന്നെ നടത്തിയിട്ടില്ല. വകുപ്പിൽ പയ്യന്നൂർ മേഖലയിലെ ആയിറ്റിയിൽ പൊതുമേഖലാ സ്ഥാപനമായ സിൽക്ക് മുഖാന്തരം ഒരു സ്ലിപ് വേയുടെ നിർമ്മാണം പൂർത്തീകരിച്ചു. ആയത് നിലവിൽ പൂർണ്ണതോതിൽ ഉപയോഗിക്കാൻ കഴിയുന്നുണ്ട്. നിർമ്മാണഘട്ടങ്ങളിൽ കണ്ടെത്തിയ

അപാകതകൾ ഇറിഗേഷൻ ചീഫ് എഞ്ചിനീയർ, കൊല്ലം ടി.കെ.എം. എഞ്ചിനീയറിംഗ് കോളേജിലെ വിദഗ്ദ്ധർ, വകുപ്പ് മെക്കാനിക്കൽ എഞ്ചിനീയർ എന്നിവർ ഉൾക്കൊള്ളുന്ന വിദഗ്ദ്ധ സമിതിയുടെ മേൽനോട്ടത്തിൽ പൂർണ്ണമായി പരിഹരിച്ച് ടി സ്ലിപ് വേ വകുപ്പിന് കൈമാറിയിട്ടുള്ളതാണ്.

## വേഗാ ബോട്ട് സർവ്വീസ്

263(5387) ശ്രീമതി ദെലീമ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈക്കം-എറണാകുളം വേഗാ ബോട്ട് സർവ്വീസ് നിർത്തിയിട്ട് എത്ര നാളായെന്ന് വ്യക്തമാക്കാമോ?

24.04.2021 മുതൽ വൈക്കം-എറണാകുളം വേഗ സർവ്വീസ് നടത്തുന്നില്ല.

(ബി) പ്രസ്തുത ബോട്ട് സർവ്വീസ് നിർത്തലാക്കിയതിന്റെ കാരണം വിശദമാക്കാമോ?

കോവിഡ് സാഹചര്യത്തിൽ ദീർഘദൂര സർവ്വീസുകളിൽ യാത്രക്കാർ കുറവായതിനാലാണ് വൈക്കം-എറണാകുളം വേഗാ ബോട്ട് സർവ്വീസ് താൽക്കാലികമായി നിർത്തിവച്ചത്.

(സി) പ്രസ്തുത ബോട്ട് ഇപ്പോൾ എവിടെയാണ് സർവ്വീസ് നടത്തുന്നതെന്ന് വ്യക്തമാക്കാമോ?

ഇപ്പോൾ ബോട്ട് ഡ്രൈഡോക്ക് ചെയ്തിരിക്കുകയാണ്.

(ഡി) പ്രസ്തുത ബോട്ട് സർവീസിന്റെ ഉദ്ഘാടനം നടത്തിയത് എന്നാണെന്നും ഏത് ഏജൻസിയാണ് ബോട്ട് നിർമ്മിച്ചതെന്നും വ്യക്തമാക്കാമോ?

M/s നവഗതി മറൈൻ ഡിസൈൻ ആന്റ് കൺസ്ട്രക്ഷൻസ് പ്രൈവറ്റ് ലിമിറ്റഡ് നിർമ്മിച്ച് നൽകിയ വേഗാ ബോട്ടിന്റെ ഉദ്ഘാടനം 04.11.2018-ൽ നിർവഹിച്ചിട്ടുള്ളതാണ്.

(ഇ) വൈക്കം-എറണാകുളം റൂട്ടിൽ വേഗാ ബോട്ട് സർവ്വീസ് പുനഃരാരംഭിക്കണമെന്നാവശ്യപ്പെട്ട് അരൂർ എം.എൽ.എ. നൽകിയ കത്തിൽ സ്വീകരിച്ച നടപടി വിശദമാക്കാമോ?

ബോട്ടിന്റെ ഡ്രൈ ഡോക്ക് സർവ്വേ പൂർത്തീകരിക്കുന്ന മുറയ്ക്ക് സർവ്വീസ് പുനഃരാരംഭിക്കാനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

## പുതിയ ബോട്ടുകൾ അനുവദിക്കാൻ നടപടി

264(5388) ശ്രീ. തോമസ് കെ. തോമസ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടനാടൻ പ്രദേശങ്ങളിൽ സർവ്വീസ് നടത്തുന്ന സ്റ്റേറ്റ് വാട്ടർ ട്രാൻസ്പോർട്ടിന്റെ കാലപ്പഴക്കം ചെന്ന ബോട്ടുകൾക്ക് പകരം പുതിയ ബോട്ടുകൾ അനുവദിക്കാൻ നടപടികൾ സ്വീകരിക്കുമോ?

കാലപ്പഴക്കം ചെന്ന ബോട്ടുകൾ സർവ്വീസിൽനിന്നും പിൻവലിച്ച് അത്യാധുനിക രീതിയിലുള്ള ബോട്ടുകൾ സർവ്വീസിൽ ഉൾപ്പെടുത്തുന്നതിന്റെ ഭാഗമായി തടി ബോട്ടുകൾക്ക് പകരം സ്റ്റീൽ, കാറ്റാമറൈൻ ഫൈബർ ബോട്ടുകൾ വകുപ്പ് ഉപയോഗിച്ചുവരുന്നു. സോളാർ ബോട്ടുകളും ആധുനിക സജ്ജീകരണങ്ങളോടുകൂടിയ കാറ്റാമറൈൻ ബോട്ടുകളും വെള്ളപ്പൊക്ക സമയത്തും മറ്റും മറ്റ് ബോട്ടുകൾക്ക് എത്തിപ്പെടാൻ കഴിയാത്ത സ്ഥലങ്ങളിൽ എത്തി രക്ഷാപ്രവർത്തനം നടത്തുന്നതിനായി രൂപകല്പന ചെയ്ത ഡിങ്കി

ബോട്ടുകളും കുട്ടനാട് മേഖലയിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) സ്കൂൾ കുട്ടികളുടെ യാത്രയ്ക്ക് വലിയ ബുദ്ധിമുട്ട് നേരിടുന്ന പ്രദേശങ്ങളിൽ കൂടുതൽ ബോട്ട് സർവ്വീസുകൾ തുടങ്ങാൻ നടപടി സ്വീകരിക്കുമോ?

വെള്ളത്താൽ ചുറ്റപ്പെട്ടതും മറ്റ് യാത്രാമാർഗ്ഗങ്ങളൊന്നുമില്ലാത്തതുമായ കുട്ടനാട്ടിൽ അധിവസിക്കുന്ന ജനങ്ങൾക്ക് ചെലവുകുറഞ്ഞ യാത്രാമാർഗ്ഗം ഏർപ്പെടുത്തുന്നതിനായി ആലപ്പുഴ, നെടുമുടി, പുളിങ്കുന്ന്, കാവാലം, എടത്വ, ചങ്ങനാശ്ശേരി എന്നീ സ്റ്റേഷൻ ഓഫീസുകൾ കേന്ദ്രീകരിച്ച് 22 ബോട്ട് സർവ്വീസുകളിലായി ദിനംപ്രതി 110 ട്രിപ്പുകൾ വകുപ്പ് നടത്തിവരുന്നു. സ്കൂൾ കുട്ടികൾക്ക് യഥാസമയം സ്കൂളിൽ എത്തിച്ചേരാൻ സാധിക്കുന്ന തരത്തിലാണ് വകുപ്പ് ബോട്ട് സർവ്വീസുകൾ ക്രമീകരിച്ചിരിക്കുന്നത്. നിലവിൽ എല്ലാ സർവ്വീസുകളും മുടക്കമില്ലാതെ നടത്തുന്നുണ്ട്.

## ബോട്ട് മാസ്റ്റർ തസ്തികയിലെ ഒഴിവുകൾ

265(5389) ശ്രീമതി ദെലീമ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലഗതാഗത വകുപ്പിൽ ബോട്ട് മാസ്റ്റർ തസ്തികയിൽ എത്ര ഒഴിവുകൾ നിലവിലുണ്ടെന്നും പ്രസ്തുത തസ്തികയുടെ വിദ്യാഭ്യാസ യോഗ്യത എന്താണെന്നും വിശദമാക്കാമോ?

സംസ്ഥാന ജലഗതാഗത വകുപ്പിലെ ബോട്ട് മാസ്റ്റർ തസ്തികയുടെ കേഡർ സ്ട്രെംഗ്തനുസരിച്ച് 36 ഒഴിവുകൾ നിലവിലുണ്ട്. ജലഗതാഗത വകുപ്പിൽ നിലവിലുള്ള വിശേഷാൽ ചട്ടം പ്രകാരം ബോട്ട് മാസ്റ്റർ തസ്തികയിലെ നിയമനത്തിനായുള്ള യോഗ്യത ചുവടെ ചേർക്കുന്നു.

Pass in SSLC or Equivalent qualification.

Boat Master License.

(ബി) നിലവിൽ ബോട്ട് മാസ്റ്റർ ലൈസൻസ് പുതുതായി നൽകുന്നുണ്ടോ; ഉണ്ടെങ്കിൽ ഏത് ഏജൻസിയാണെന്ന് വിശദമാക്കാമോ?

2010-ൽ കേരള ഇൻലാന്റ് വെസ്സൽ റൂൾസ് രൂപീകരിക്കുകയും അതിന്റെ നിർവ്വഹണ വകുപ്പായി പോർട്ട് വകുപ്പിനെ ചുമതലപ്പെടുത്തുകയും ചെയ്തതോടുകൂടി ലൈസൻസുകൾ 2010-ലെ കേരള ഇൻലാന്റ് വെസ്സൽ റൂൾസ് പ്രകാരം പോർട്ട് വകുപ്പാണ് നല്കി വരുന്നത്. കൂടാതെ നിലവിൽ Inland Vessel Act (1917)-നെ അസാധുവാക്കിക്കൊണ്ട് Inland Vessel Act

2021 പാർലമെന്റ് പാസ്സാക്കിയിട്ടുണ്ട്. ഇതിന്റെ ചട്ടരൂപീകരണം പൂർത്തിയായിട്ടില്ല.

(സി) പുതുതായി ബോട്ട് മാസ്റ്റർ ലൈസൻസ് അനുവദിക്കുന്നില്ലെങ്കിൽ ആ കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കാമോ?

ഇല്ല.

മത്സ്യസംരക്ഷണവും വിപണനവും

266(5390) ശ്രീ. കുറുക്കോളി മൊയ്തീൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള മത്സ്യ സംരക്ഷണവും വിപണനവും ഗുണനിലവാര പരിപാലനവും സംബന്ധിച്ച നിയമം നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട് സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കുമോ;

(ബി) പ്രസ്തുത നിയമം നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് മത്സ്യതൊഴിലാളികൾക്ക് മത്സ്യത്തിന് ന്യായവില ഉറപ്പാക്കുന്നതിനും

ഇടത്തട്ടുകാരുടെ ചൂഷണം തടയുന്നതിനുമായി സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്ന നടപടികൾ വ്യക്തമാക്കുമോ?

(എ&ബി) സംസ്ഥാനത്തെ മത്സ്യ സംഭരണവും ലേലവും വിപണനവും നിയന്ത്രിക്കുന്നതിനും വ്യവസ്ഥാപിതവും ശുചിത്വപൂർണ്ണവും കാര്യക്ഷമവുമായ ലേലവും വിപണനവും പ്രോത്സാഹിപ്പിക്കുന്നതിനും ഗുണനിലവാരം പരിപാലിക്കുന്നതിനും വേണ്ടി ' കേരള മത്സ്യ സംഭരണവും, വിപണനവും ഗുണനിലവാര പരിപാലനവും നിയമം 2021' നിലവിൽ വന്നിട്ടുണ്ട്. പ്രസ്തുത നിയമം നടപ്പാക്കുന്നതിനുള്ള ചട്ടങ്ങൾ രൂപീകരിച്ചുവരുന്നു. കേരള മത്സ്യസംഭരണവും വിപണനവും ഗുണനിലവാര പരിപാലനവും നിയമം 2021 നടപ്പാക്കുന്നതിലൂടെ ഇടത്തട്ടുകാരെ ഒഴിവാക്കി മത്സ്യത്തൊഴിലാളികൾ അവർ പിടിച്ചുകൊണ്ടുവരുന്ന മത്സ്യം നേരിട്ട് വിപണനം ചെയ്യുന്നതിനും മത്സ്യത്തിന് ന്യായവില ലഭിക്കുന്നതിനും ഇടത്തട്ടുകാരുടെ ചൂഷണത്തിൽ നിന്നും മുക്തമാകുന്നതിനും സഹായമാകുന്നതാണ്.

പ്രസ്തുത നിയമം നടപ്പാക്കുന്നതിലൂടെ സംസ്ഥാനത്തെ ഹാർബറുകൾ, ലാന്റിംഗ് സെന്ററുകൾ/മാർക്കറ്റുകൾ എന്നിവ കേന്ദ്രീകരിച്ച് മാനേജ്മെന്റ് സൊസൈറ്റികൾ രൂപീകരിച്ച് ഇവയുടെ നടത്തിപ്പ്, പരിപാലനം എന്നിവ

ശക്തിപ്പെടുത്തുന്നതാണ്. കൂടാതെ ഐസ് പ്ലാന്റ്, ചിൽഡ് സ്റ്റോറേജ്, പൂർവ്വ സംസ്കരണ കേന്ദ്രം, സംസ്കരണ കേന്ദ്രം പരിവഹന സൗകര്യം എന്നിവയുടെ പ്രവർത്തനം നിയമത്തിന്റെ പരിധിയിൽ കൊണ്ടുവരുന്നതാണ്. മത്സ്യം കൈകാര്യം ചെയ്യുന്ന ഫിഷ് ലാന്റിംഗ് സെന്റർ, ഹാർബർ, മാർക്കറ്റ്, കടമുറി, ബൂത്ത്, കച്ചവടകേന്ദ്രം, ചിൽഡ് സ്റ്റോറേജ്, ഐസ് പ്ലാന്റ്, പൂർവ്വ സംസ്കരണ കേന്ദ്രം, സംസ്കരണ കേന്ദ്രം പരിവഹന സൗകര്യം, കണ്ടെയ്നർ എന്നിവയുടെ പ്രവർത്തനങ്ങൾ നിരീക്ഷിക്കുന്നതിനും നിയന്ത്രിക്കുന്നതിനുമായി 'സംസ്ഥാനതല മത്സ്യ ഗുണനിലവാര പരിപാലന കമ്മിറ്റി' രൂപീകരിച്ച് പൊതുജനങ്ങൾക്ക് ലഭ്യമാകുന്ന മത്സ്യത്തിന്റെ ഗുണനിലവാരം പൂർണ്ണമായും ഉറപ്പാക്കുന്നതിനും അതുവഴി മത്സ്യത്തൊഴിലാളികൾക്ക് അവർ വിപണനം ചെയുന്ന മത്സ്യത്തിന് ന്യായമായ വിലയും ലഭ്യമാകുന്നതാണ്.

## കാസർഗോഡ് ജില്ലയിൽ സ്പോർട്സ് ഡിവിഷൻ ആരംഭിക്കുന്നതിന് നടപടി

267(5391) ശ്രീ. ഇ. ചന്ദ്രശേഖരൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ സ്പോർട്സ് ഡിവിഷൻ ആരംഭിക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ:

(ബി) ഇതിനായിയുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ?

(എ&ബി) അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കിയ കാസർഗോഡ് ചായോത്ത് ഗവൺമെന്റ് ബോയ്സ് ഹയർ സെക്കൻഡറി സ്കൂളിൽ കണ്ണൂർ സ്പോർട്സ് ഡിവിഷന്റെ മാതൃകയിൽ 7, 8 ക്ലാസ്സുകളിൽ 30 കുട്ടികൾ വീതമുള്ള ഒരു സ്പോർട്സ് ഡിവിഷൻ ആരംഭിക്കുന്നത് സംബന്ധിച്ച വിഷയം പരിശോധിച്ചുവരുന്നു.

<u>സ്പോർട്സ് കൗൺസിലിന്റെ കീഴിലുള്ള ഹോസ്റ്റലുകൾ</u>

268(5392)<u>ശ്രീ. പി. ഉബൈദുള്ള</u>:
<u>ശ്രീ. മഞ്ഞളാംകുഴി അലി</u>:
<u>ശ്രീ. എൻ. ഷംസുദ്ദീൻ</u>:
<u>ശ്രീ. നജീബ് കാന്തപുരം</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സ്പോർട്സ് കൗൺസിലിന്റെ കീഴിൽ പ്രവർത്തിക്കുന്ന അക്കാദമികളുടെയും കോളേജ് ഹോസ്റ്റലുകളുടെയും എണ്ണം പരിമിതപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ?

ഇല്ല.

(ബി) ഉണ്ടെങ്കിൽ ആയത് കായികതാരങ്ങളുടെ പരിശീലനം മുടങ്ങുന്നതിന് ഇടയാക്കുമെന്നത് പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

ബാധകമല്ല.

(സി) ഹോസ്റ്റലുകളിലെ വിദ്യാർത്ഥികൾക്കുള്ള സാമ്പത്തിക സഹായം കൃത്യമായി വിതരണം ചെയ്യുന്നതിന് നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ?

സ്പോർട്സ് ഹോസ്റ്റലുകളിലെ കായികതാരങ്ങളായ വിദ്യാർത്ഥികൾക്ക് കാലതാമസം കൂടാതെ സാമ്പത്തിക സഹായം അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാറുണ്ട്.

<u>ബഹു ഉദ്ദേശ്യ സ്പോർട്ട്സ് കോംപ്ലക്സുകൾ</u>

269(5393) <u>ശ്രീ. പി. കെ. ബഷീർ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി

സദയം മറുപടി നൽകുമോ:

(എ) കിഫ്ബി ധനസഹായത്തോടെ ഓരോ ജില്ലയിലും ബഹു ഉദ്ദേശ്യ സ്പോർട്ട്സ് കോംപ്ലക്സുകൾ നിർമ്മിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ടോ; വിശദമാക്കുമോ?

കിഫ്ബി ധനസഹായത്തോടെ ഓരോ ജില്ലയിലും ബഹു ഉദ്ദേശ്യ സ്പോർട്ട്സ് കോംപ്ലക്സുകൾ നിർമ്മിക്കുന്നതിനുള്ള ലിസ്റ്റ് അനുബന്ധം+ആയി ഉൾക്കൊള്ളിച്ചിട്ടുണ്ട്.

(ബി) എങ്കിൽ ഓരോ ജില്ലയിലും എവിടെയെല്ലാമാണ് ആയത് സ്ഥാപിക്കുന്നതെന്നും ഓരോ കോംപ്ലക്സിനും എത്ര തുകയാണ് ആവശ്യമായി വരുന്നതെന്നും അറിയിക്കുമോ;

(സി) കിഫ്ബിയിൽ നിന്നും ലഭിക്കുന്ന തുക ഉപയോഗിച്ച് മറ്റ് എന്തെല്ലാം പ്രവൃത്തികളാണ് വകുപ്പ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത് എന്ന് വെളിപ്പെടുത്തുമോ?

(ബി&സി) കിഫ്ബിയിൽ നിന്നും ലഭിക്കുന്ന തുക ഉപയോഗിച്ച് നടപ്പിലാക്കുന്ന മറ്റ് പ്രവൃത്തികൾ സംബന്ധിച്ച വിശദാംശം അനുബന്ധം+ ആയി ഉൾക്കൊള്ളിച്ചിട്ടുണ്ട്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വള്ളിക്കുന്ന് നിയോജകമണ്ഡലത്തിൽ ഓപ്പൺ ജിംനേഷ്യം

270(5394) ശ്രീ. അബ്ദുൽ ഹമീദ് പി.: താഴെക്കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സ്പോർട്സ്, യുവജന ക്ഷേമ വകുപ്പ് മുഖേന ടൂറിസം വകുപ്പിന് കീഴിൽ വള്ളിക്കുന്ന് നിയോജകമണ്ഡലത്തിൽ തേഞ്ഞിപ്പലം പഞ്ചായത്തിലെ മാതപ്പുഴ, പാതാർ എന്ന സ്ഥലത്തോ മൂന്നിയൂർ പഞ്ചായത്തിലെ കളിയാട്ടമുക്ക് സ്റ്റേഡിയത്തിലോ ഓപ്പൺ ജിംനേഷ്യം അനുവദിക്കുന്നതിനായി സ്ഥലം എം.എൽ.എ. സമർപ്പിച്ച നിവേദനത്തിന്മേൽ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

ടൂറിസം വകുപ്പിന് കീഴിൽ സ്പോർട്സ് യുവജനകാര്യ വകുപ്പ് മുഖേന 7 ജില്ലകളിൽ (തിരുവനന്തപുരം, ആലപ്പുഴ, മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ്) ഓപ്പൺ ജിംനേഷ്യം അനുവദിക്കുന്നതിനായി 1,48,26,900 രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ബഹു. എം.എൽ.എ.-യുടെ നിർദ്ദേശപ്രകാരം ടി പദ്ധതിയിൽ മലപ്പുറം ജില്ലയിൽ ഉൾപ്പെടുത്തിയിട്ടുള്ള വള്ളിക്കുന്ന് നിയോജകമണ്ഡലത്തിലെ മൂന്നിയൂർ

ഗ്രാമപഞ്ചായത്തിലെ കളിയാട്ടമുക്ക് സ്റ്റേഡിയത്തിൽ ഓപ്പൺ ജിംനേഷ്യം സ്ഥാപിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു.

## സ്വകാര്യ സ്പോർട്സ് അക്കാദമിയുടെ പ്രവർത്തനം പ്രോത്സാഹിപ്പിക്കുന്നതിന് നടപടി

271(5395)ശ്രീ. എം. രാജഗോപാലൻ:
ശ്രീ. എം. വിജിൻ:
ശ്രീ. എം. മുകേഷ്:
ശ്രീ. കെ. എം. സച്ചിൻദേവ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കായിക പരിശീലന കേന്ദ്രങ്ങൾ വർദ്ധിപ്പിക്കുന്നതിനായി കഴിഞ്ഞ സർക്കാരിന്റെ കാലത്ത് നടപ്പാക്കിയ പദ്ധതികൾ ഈ സർക്കാർ വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

വിവിധ അക്കാദമികൾക്കും സ്പോർട്സ് അസോസിയേഷനുകൾക്കുമായി ബഡ്ജറ്റിൽ വകയിരുത്തുന്ന ഫണ്ട് അക്കാദമികൾ/അസോസിയേഷൻ എന്നിവയിൽനിന്നും പ്രൊപ്പോസൽ ലഭിക്കുന്ന മുറയ്ക്ക് ടി സ്ഥാപനങ്ങളുടെ കഴിഞ്ഞ മൂന്ന് വർഷങ്ങളിലെ

പ്രവർത്തനംകൂടി വിലയിരുത്തി അനുവദിക്കാറുണ്ട്. മുൻ വർഷങ്ങളിൽ ഫണ്ട് അനുവദിച്ച സ്ഥാപനങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1) വൈ.എം.സി.എ. ടേബിൾ ടെന്നീസ് അക്കാദമി

2) കേരള റേസ് ബോട്സ് & അമച്വർ റോവിംഗ് അസോസിയേഷൻ

3) ധ്യാൻചന്ദ് ഹോക്കി അക്കാഡമി

4) ഇ.എം.എസ്. സ്പോർട്സ് ആന്റ് ഗെയിംസ് അക്കാദമി, കൊട്ടുമൺ

5) കേരള ഹോക്കി അക്കാദമി

6) കേരള ഒളിമ്പിക് അസോസിയേഷൻ

7) എസ്.ഡി.വി. ടേബിൾ ടെന്നീസ് അക്കാദമി

8) മേഴ്സികുട്ടൻ അക്കാദമി

(ബി) കായിക പരിശീലനങ്ങൾ വ്യാപകമാക്കുന്നതിനായി ആരംഭിച്ച സ്വകാര്യ സ്പോർട്സ് അക്കാദമികളുടെ പ്രവർത്തനങ്ങൾ പരിശോധിക്കാറുണ്ടോ; നിലവിലുള്ള അത്തരം അക്കാദമികളുടെ വിശദാംശം ലഭ്യമാക്കുമോ;

(സി) സ്വകാര്യ സ്പോർട്സ് അക്കാദമികൾ ആരംഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണ്;

(ബി&സി) കായിക വകുപ്പ് ഇതുസംബന്ധിച്ച് മാനദണ്ഡങ്ങൾ പുറപ്പെടുവിച്ചിട്ടില്ല.

(ഡി) പ്രസ്തുത സ്ഥാപനങ്ങളിലെ പരിശീലകരുടെ യോഗ്യത, പരിശീലനത്തിനെത്തുന്നവരിൽ നിന്നും ഈടാക്കുന്ന ഫീസ് എന്നിവ സംബന്ധിച്ച് എന്തെങ്കിലും വ്യവസ്ഥ സർക്കാർ രൂപപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ?

രൂപപ്പെടുത്തിയിട്ടില്ല.

(ഇ) ഇത്തരത്തിലുള്ള അക്കാദമികളുടെ പ്രവർത്തനം ശരിയായ രീതിയിലാണെന്ന് ഉറപ്പുവരുത്തുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കുമോ?

പരിശോധിക്കാവുന്നതാണ്.

## കാസർഗോഡ് ജില്ലയിലെ കുണ്ടംകുഴി ഇൻഡോർ സ്റ്റേഡിയം

272(5396) ശ്രീ. സി. എച്ച്. കുഞ്ഞമ്പു: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഖേലോ ഇന്ത്യ സ്കീമിൽ ഉൾപ്പെടുത്തുന്നതിനുള്ള കാസർഗോഡ് ജില്ലയിലെ കുണ്ടംകുഴി ഇൻഡോർ സ്റ്റേഡിയത്തിന്റെ പദ്ധതി രേഖ പ്രസ്തുത പദ്ധതിയിലെ മാർഗ്ഗനിർദ്ദേശ പ്രകാരം തയ്യാറാക്കി അനുമതിക്ക് സമർപ്പിച്ചിട്ടുണ്ടോ; വിശദാംശം അറിയിക്കാമോ;

(ബി) പ്രസ്തുത പദ്ധതി കേന്ദ്ര സർക്കാർ പരിഗണിച്ചിട്ടില്ലെങ്കിൽ വകുപ്പിന്റെ പ്ലാൻ ഫണ്ട് പ്രയോജനപ്പെടുത്തി യാഥാർത്ഥ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദാംശം നൽകാമോ?

(എ&ബി) കാസർഗോഡ് ജില്ലയിലെ കുണ്ടംകുഴി ഉദുമ ഇൻഡോർ സ്റ്റേഡിയത്തിന്റെ നിർമ്മാണം ഉൾപ്പെടെ 10 പദ്ധതികൾ കേന്ദ്ര സർക്കാരിന്റെ ഖേലോ ഇന്ത്യ സ്കീമിൽ ഉൾപ്പെടുത്തി നിർവ്വഹിക്കുന്നതിന് തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത പദ്ധതികളുടെ ഫീസിബിലിറ്റി റിപ്പോർട്ട് തയ്യാറാക്കുകയുണ്ടായി. പ്രസ്തുത റിപ്പോർട്ടിൽ ഉദുമ സ്റ്റേഡിയം ഉൾപ്പെടെ 3 പദ്ധതികൾ മുൻഗണനാക്രമം നിശ്ചയിച്ച് പ്രൊപ്പോസൽ സമർപ്പിക്കാൻ നിർദ്ദേശിക്കുകയുണ്ടായി. എന്നാൽ 2016-17 കാലയളവിൽ പ്രഖ്യാപിച്ച ഖേലോ ഇന്ത്യാ സ്കീം 31.03.2021-നോടകം അവസാനിച്ചു. പിന്നീട് 2021-22 കാലയളവിൽ പരമാവധി മൂന്ന് പദ്ധതികൾ മാത്രമേ

ഖേലോ ഇന്ത്യാ സ്കീമിൽ ഉൾപ്പെടുത്തി നിർവ്വഹിക്കാൻ സാധിക്കുകയുള്ളൂ എന്ന വിവരം കേന്ദ്ര സർക്കാരിൽനിന്നും ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ ഇത്തരത്തിൽ ഏറ്റെടുക്കേണ്ട വിവിധ പദ്ധതികളിൽ നിന്ന് അനുയോജ്യമായ പദ്ധതികൾ മുൻഗണനാക്രമം അനുസരിച്ച് തീരുമാനിക്കുന്നതിനും അടിയന്തിരമായി കേന്ദ്ര സർക്കാരിന് സമർപ്പിക്കുന്നതിനുമുള്ള നടപടി സ്വീകരിച്ചു വരുന്നു.

## കോഴിക്കോട് അന്തർദേശീയ സ്റ്റേഡിയം

273(5397)ഡോ. എം. കെ. മുനീർ:
ശ്രീ. എൻ. എ. നെല്ലിക്കുന്ന്:
ശ്രീ. ടി. വി. ഇബ്രാഹിം:
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കായിക രംഗത്തിന്റെ വികസനത്തിനായി മലബാർ മേഖലയിൽ കോഴിക്കോട്ട് ഒരു അന്തർദേശീയ നിലവാരമുള്ള സ്റ്റേഡിയം നിർമ്മിക്കണമെന്ന ആവശ്യം പരിഗണനയിലുണ്ടോ?

ഉണ്ട്.

(ബി) എങ്കിൽ ഇതിനാവശ്യമായ സ്ഥലം കണ്ടെത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ;

(സി) നിർദ്ദിഷ്ട സ്റ്റേഡിയത്തിന്റെ പണി എന്നത്തേയ്ക്ക് തുടങ്ങാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

(ബി&സി) കോഴിക്കോട് അന്താരാഷ്ട്ര സ്റ്റേഡിയം നിർമ്മിക്കുന്നത് സംബന്ധിച്ച് സ്റ്റേഡിയത്തിന്റെ നിർമ്മാണവും പരിപാലനവും നടത്തിപ്പും ചുമതലയും സ്പോർട്സ് കേരള ഫൗണ്ടേഷനെ ഏൽപ്പിക്കുന്നതിന് തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ സ്പോർട്സ് കേരള ഫൗണ്ടേഷനിലെ ഉദ്യോഗസ്ഥർ രാമനാട്ടുകരയിലെ നിർദ്ദിഷ്ട സ്ഥലം സന്ദർശിച്ച് ആയതിന്റെ സൈറ്റ് ഇൻസ്പെക്ഷൻ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. ആയത് പരിശോധിച്ചുവരികയാണ്. എന്നാൽ സ്റ്റേഡിയം നിർമ്മാണത്തിന് കൂടുതൽ അനുയോജ്യമായ സ്ഥലം ലഭ്യമാക്കുന്നത് സംബന്ധിച്ച് പരിശോധിച്ചുവരുന്നു. സ്ഥലം ലഭ്യത ഉറപ്പാക്കി എസ്റ്റിമേറ്റ് തയ്യാറാക്കുന്ന മുറയ്ക്ക് മാത്രമേ ഭരണാനുമതി നൽകി പ്രവൃത്തി ആരംഭിക്കാനാകൂ.

# അരീക്കോട് സ്റ്റേഡിയത്തിന്റെ രണ്ടാം ഘട്ട നിർമ്മാണം

274(5398)ശ്രീ. പി. കെ. ബഷീർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏറനാട് മണ്ഡലത്തിൽ അരീക്കോട് സ്റ്റേഡിയത്തിന്റെ രണ്ടാം ഘട്ടം 150 ലക്ഷം രൂപ അനുവദിച്ച് പൂർത്തീകരിക്കുമെന്ന് നല്കിയ ഉറപ്പിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടി എന്തെല്ലാം; വ്യക്തമാക്കാമോ;

(ബി) ഒന്നാം ഘട്ടത്തിൽ നീക്കിയിരിപ്പ് തുക എത്രയാണ്; ടി തുക ഉപയോഗിച്ച് ചെയ്യുന്നതിനുള്ള അത്യാവശ്യ മെയിന്റനൻസ് പ്രവൃത്തികളുടെ എസ്റ്റിമേറ്റ് എടുത്തിട്ടുണ്ടോ; എങ്കിൽ എന്തെല്ലാം പ്രവൃത്തികളാണ് ടി തുക ഉപയോഗിച്ച് ചെയ്യുന്നതിന് അനുമതി നൽകിയിട്ടുള്ളതെന്നും പ്രസ്തുത പ്രവൃത്തികളുടെ ഇപ്പോഴത്തെ അവസ്ഥ എന്താണെന്നും അറിയിക്കുമോ;

(സി) രണ്ടാംഘട്ട പ്രവൃത്തിയിൽ ഉൾപ്പെടുത്തി എന്തെല്ലാം കാര്യങ്ങളാണ് ചെയ്യുന്നതെന്നും ആയതിന് ഭരണാനുമതി നൽകിയിട്ടുണ്ടോ എന്നും ഇല്ലെങ്കിൽ കാലതാമസത്തിന് കാരണം എന്താണെന്നും വെളിപ്പെടുത്തുമോ?

(എ-സി) അരീക്കോട് സ്റ്റേഡിയത്തിന്റെ രണ്ടാംഘട്ട നിർമ്മാണ പ്രവൃത്തി സർക്കാർ ഏജൻസിയായ സിൽക്കിനെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്.

പ്രസ്തുത പദ്ധതിയുടെ ഒന്നാം ഘട്ടത്തിലെ നീക്കിയിരിപ്പ് തുക 58,90,931.50 രൂപയായിരുന്നു. 2018-ലെ പ്രളയസമയത്ത് ടി സ്റ്റേഡിയത്തിന്റെ താഴത്തെ നില വെള്ളത്തിലായതിനാൽ ടി സ്റ്റേഡിയം ഏറ്റെടുക്കുന്നതിന് പഞ്ചായത്ത് അധികൃതർ തയ്യാറാകാത്തതിനാൽ മലപ്പുറം എൽ.എസ്.ജി.ഡി. എക്സിക്യൂട്ടീവ് എഞ്ചിനീയറും കായിക യുവജനകാര്യാലയ ഉദ്യോഗസ്ഥരും അടങ്ങുന്ന സംഘം സ്റ്റേഡിയം സന്ദർശിക്കുകയും സ്റ്റേഡിയത്തിന് കാര്യമായ തകരാറുകൾ ഇല്ലെന്ന് ബോധ്യപ്പെടുകയും ചെയ്തു. ആയതിനാൽ ടി സ്റ്റേഡിയത്തിന്റെ നിർമ്മാണ പ്രവൃത്തിക്കായി ലഭ്യമായിരുന്ന 5,71,81,770 രൂപയുടെ ഫണ്ടിൽനിന്ന് ചെലവായ 5,12,90,838.50 രൂപ കഴിച്ച് നീക്കിയിരിപ്പുള്ള 58,90,931.50 രൂപ ഉപയോഗിച്ച് മെയിന്റനൻസ് പ്രവൃത്തികൾ നടപ്പിലാക്കുന്നതിന് എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തിരുന്നു. എന്നാൽ നാഷണൽ ഗെയിംസ് സെക്രട്ടേറിയറ്റിന്റെ ട്രഷറി

അക്കൗണ്ടിലുണ്ടായിരുന്ന 15,11,32,628 രൂപ സർക്കാർ പിൻവലിച്ചിരുന്നു. നിലവിൽ 1,84,300 രൂപ മാത്രമേ ടി അക്കൗണ്ടിൽ നീക്കിയിരിപ്പുള്ളൂ. 12.04.2022-ലെ അഴീക്കോട് ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ കത്ത് പ്രകാരം ടി സ്റ്റേഡിയം ഏറ്റെടുക്കുവാൻ സന്നദ്ധത അറിയിച്ചിരുന്നു. ഈ സാഹചര്യത്തിൽ ടി സ്റ്റേഡിയത്തിന്റെ മെയിന്റനൻസ് പ്രവൃത്തികൾക്കുള്ള എസ്റ്റിമേറ്റിന് ഭരണാനുമതി നൽകുന്ന മുറയ്ക്ക് പ്രവൃത്തികൾ പൂർത്തീകരിച്ച് സ്റ്റേഡിയം കൈമാറി നൽകുന്നതിനുള്ള തുടർനടപടി സ്വീകരിക്കുന്നതാണ്.

## ആലപ്പുഴ ഇ.എം.എസ്. സ്റ്റേഡിയത്തിന്റെ നിർമ്മാണം

275(5399) ശ്രീ. എച്ച്. സലാം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ ഇ.എം.എസ്. സ്റ്റേഡിയത്തിന്റെ നിർമ്മാണത്തിന് കിഫ്ബി മുഖേന എത്ര തുകയാണ് അനുവദിച്ചതെന്നും അത് ഏത് വർഷമാണെന്നും അറിയിക്കുമോ?

2017-ൽ ഭരണാനുമതി നൽകിയ ആലപ്പുഴ മുനിസിപ്പൽ സ്റ്റേഡിയത്തിന് കിഫ്ബിയിൽ നിന്നും 8.62 കോടി രൂപയുടെ സാമ്പത്തികാനുമതി ലഭിച്ചിട്ടുണ്ട്.

(ബി) എന്തൊക്കെ നിർമ്മാണങ്ങളാണ് ഈ പദ്ധതിയിൽ ഉൾക്കൊള്ളിച്ചിരുന്നതെന്നും നിർമ്മാണങ്ങളുടെ ചുമതല ഏത് ഏജൻസിക്കാണ് നൽകിയിട്ടുള്ളതെന്നും പ്രവൃത്തികൾ ഇപ്പോൾ ഏതുഘട്ടത്തിലാണെന്നും കാലാവധി എന്നുവരെയാണെന്നുമുള്ള വിവരങ്ങൾ ലഭ്യമാക്കാമോ?

പ്രസ്തുത പദ്ധതിയിൽ നാച്വറൽ ഫുട്ബോൾ ഗ്രൗണ്ട്, 8 ലൈൻ 400 മീ. സിന്തറ്റിക് അത്‌ലറ്റിക് ട്രാക്ക്, ലാന്റ് ഡെവലപ്‌മെന്റ്, ചെയിൻ ലിങ്ക് ഫെൻസിംഗ്, കിണർ നിർമ്മാണം, ഇതിനോടനുബന്ധിച്ച വാട്ടർ സപ്ലൈ, സാനിറ്ററി, ഇലക്ട്രിക്കൽ പ്രവൃത്തികൾ തുടങ്ങിയവയാണ് ഉൾക്കൊള്ളിച്ചിട്ടുള്ളത്. നിലവിൽ ഈ പദ്ധതിയുടെ സിന്തറ്റിക് ട്രാക്ക് ഒഴികെയുള്ള ഭാഗങ്ങൾ ടെണ്ടർ ചെയ്തിട്ടുള്ളതായി എസ്.പി.വി. ആയ കിറ്റ്കോ അറിയിച്ചിട്ടുണ്ട്. ടെണ്ടർ ഡോക്യുമെന്റുകൾ അംഗീകരിക്കുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്.

സാങ്കേതികാനുമതി പ്രകാരം ഈ പ്രവൃത്തി പൂർത്തീകരിക്കുന്നതിന് ഒരു വർഷത്തെ കാലാവധിയാണ് അനുവദിച്ചിട്ടുള്ളത്.

(സി) പ്രസ്തുത പ്രവൃത്തികളുടെ നിർമ്മാണ പൂർത്തീകരണം വൈകുന്നതിന്റെ കാരണം വ്യക്തമാക്കാമോ?

മുനിസിപ്പാലിറ്റിയുമായി കരാർ വയ്ക്കാൻ താമസിച്ചതും സ്ഥലവുമായി ബന്ധപ്പെട്ട തർക്കങ്ങൾ ഉള്ളതിനാലുമാണ് പ്രവൃത്തി പൂർത്തീകരണം വൈകുന്നതെന്ന് കിറ്റ്കോ അറിയിച്ചിട്ടുണ്ട്.

(ഡി) ഇത് സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ?

ഈ പദ്ധതിക്ക് 18.06.2018-ൽ തന്നെ സാങ്കേതികാനുമതി നൽകിയിരുന്നുവെങ്കിലും ഇത് നടപ്പിലാക്കാൻ കിറ്റ്കോയുടെ ഭാഗത്തുനിന്ന് കാലതാമസം നേരിടുകയുണ്ടായി. തുടർന്ന് 2022 ജനുവരിയിൽ കിറ്റ്കോ സമർപ്പിച്ച പുതുക്കിയ എസ്റ്റിമേറ്റിന് സാങ്കേതികാനുമതി നൽകിയിട്ടുണ്ട്. പ്രവൃത്തി ടെൻണ്ടർ ചെയ്യുകയും ടെണ്ടർ അംഗീകാരത്തിനായി ടെണ്ടർ അക്സപ്റ്റൻസ് കമ്മിറ്റിയുടെ പരിഗണനയ്ക്ക് സമർപ്പിച്ചിരിക്കുകയാണ്.

## മലപ്പുറം ജില്ലയിലെ സ്റ്റേഡിയങ്ങളുടെ നിലവാരം ഉയർത്താൻ നടപടി

276(5400) ശ്രീ. പി. ഉബൈദുള്ള: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ വർഷത്തെ സന്തോഷ് ട്രോഫി ദേശീയ ഫുട്ബോൾ മത്സരങ്ങളുടെ നടത്തിപ്പിലുണ്ടായ അസൗകര്യങ്ങൾ കണക്കിലെടുത്ത് സംസ്ഥാന സർക്കാർ മലപ്പുറം ജില്ലയിലെ സ്റ്റേഡിയങ്ങളുടെ നിലവാരം മെച്ചപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഇക്കാര്യത്തിൽ നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

(എ&ബി) കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ അധീനതയിലുള്ള മഞ്ചേരി പയ്യനാട് സ്റ്റേഡിയത്തിൽ 2022 ഏപ്രിൽ മാസത്തിൽ നടന്ന സന്തോഷ് ട്രോഫി ഫുട്ബോൾ ടൂർണമെന്റുമായി ബന്ധപ്പെട്ട് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കിയിരുന്നു.

ടി സ്റ്റേഡിയത്തിൽ പടർന്നുപിടിച്ചിരിക്കുന്ന കളപറിക്കുന്നതിനും പുല്ലുവെട്ടുന്നതിനും വേണ്ട നടപടികൾ മലപ്പുറം ജില്ലാ സ്പോർട്സ് കൗൺസിൽ സ്വീകരിച്ചിട്ടുണ്ട്.

(സി) മലപ്പുറത്തെ കോട്ടപ്പടി സ്റ്റേഡിയം, കൂട്ടമണ്ണ എം.എസ്.പി. ഗ്രൗണ്ട് എന്നിവ അന്താരാഷ്ട്ര നിലവാരത്തിലേയ്ക്കുയർത്താൻ നടപടി സ്വീകരിക്കുമോ?

പ്രൊപ്പോസൽ ലഭ്യമാകുന്ന മുറയ്ക്ക് ആയത് പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്.

<u>എല്ലാ ഗ്രാമപഞ്ചായത്തുകളിലും കളിസ്ഥലങ്ങൾ നിർമ്മിക്കുന്നതിന് നടപടി</u>

277(5401)<u>ശ്രീ. തോമസ് കെ. തോമസ്</u>:
<u>ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി</u>:
<u>ശ്രീ. കെ. പി. മോഹനൻ</u>:
<u>ശ്രീ. കെ. ബി. ഗണേഷ് കുമാർ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലോകോത്തര കായികതാരങ്ങളെ വാർത്തെടുക്കാൻ കഴിയത്തക്ക നിലയിൽ എല്ലാ ഗ്രാമപഞ്ചായത്തുകളിലും കളിസ്ഥലങ്ങൾ

നിർമ്മിക്കുന്നതിനും പരിശീലനം നൽകുന്നതിനും നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

ലോകോത്തര കായികതാരങ്ങളെ വാർത്തെടുക്കാൻ കഴിയത്തക്ക നിലയിൽ എല്ലാ ഗ്രാമപഞ്ചായത്തുകളിലും കളിസ്ഥലങ്ങൾ നിർമ്മിക്കുന്നതിന് വിഭാവനം ചെയ്തിട്ടുള്ള പദ്ധതിയാണ് ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതി. പ്രസ്തുത പദ്ധതിയുടെ ആദ്യഘട്ടത്തിൽ ഉൾപ്പെടുത്തുന്നതിനായി പദ്ധതിയുടെ സ്ക്രൂട്ടിനി കമ്മിറ്റി അംഗീകരിച്ച പ്രൊപ്പോസലുകൾക്ക് അനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. പദ്ധതിയുടെ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ പഞ്ചായത്ത് വകുപ്പിന്റെ കീഴിൽ ഗ്രാമ-ബ്ലോക്ക്-ജില്ലാ പഞ്ചായത്തുകളുടെ വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ പ്രകാരം ഒരു ഗ്രാമ പഞ്ചായത്തിൽ ഒരു മിനി സ്റ്റേഡിയവും ഒരു വാർഡിൽ ഒരു കളിസ്ഥലവും എന്ന ലക്ഷ്യം പൂർത്തീകരിക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ലോകോത്തര കായികതാരങ്ങളെ വാർത്തെടുക്കുന്നതിന്റെ ഭാഗമായി ഗ്രാമപഞ്ചായത്തുതല സ്പോർട്സ് കൗൺസിലുകൾ സജീവമാക്കേണ്ടതും കായികക്ഷമതയുള്ള കുട്ടികളെ ചെറുപ്പത്തിലെ കണ്ടെത്തി ദീർഘവീക്ഷണത്തോടുകൂടിയും

സംസ്ഥാന/ജില്ലാ സ്പോർട്സ് കൗൺസിലുകളുടെ പങ്കാളിത്തത്തോടെയും ശാസ്ത്രീയ പരിശീലന പരിപാടികൾ ഗ്രാമപഞ്ചായത്തുകൾ രൂപകൽപ്പന ചെയ്ത് നടപ്പിലാക്കാവുന്നതാണ്. കൂടാതെ ഓരോ പ്രദേശത്തും പ്രചാരത്തിലുള്ള സ്പോർട്സ്-ഗെയിംസ് ഇനങ്ങളിൽ ദൈനംദിന പരിശീലനം, കോച്ചിംഗ് ക്യാമ്പുകൾ, മത്സരങ്ങൾ എന്നിവയും സംഘടിപ്പിക്കാവുന്നതാണ്.

(ബി) പ്രസ്തുത കളിസ്ഥലങ്ങൾ നിർമ്മിക്കുന്നതിന് സ്വകാര്യ വ്യക്തികൾക്ക് അനുമതി നൽകുമോ?

നിലവിലെ മാർഗ്ഗരേഖപ്രകാരം ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതി പ്രകാരം കളിസ്ഥലങ്ങൾ നിർമ്മിക്കുന്നതിന് സ്വകാര്യ വ്യക്തികൾക്ക് അനുമതി നൽകുന്നതിന് വ്യവസ്ഥയില്ല.

(സി) സ്ഥലപരിമിതിയുള്ള പ്രദേശങ്ങളിൽ സ്കൂൾ ഗ്രൗണ്ടുകൾ സൗകര്യങ്ങളോടെ പുനർനിർമ്മിച്ച് പൊതുജനങ്ങൾക്കും ഉപയോഗിക്കത്തക്ക നിലയിൽ ക്രമീകരണങ്ങൾ ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതിയുടെ മാർഗ്ഗനിർദ്ദേശ പ്രകാരം സ്ഥലപരിമിതിയുള്ള പ്രദേശങ്ങളിൽ സർക്കാർ സ്കൂൾ ഗ്രൗണ്ടുകളും സർക്കാർ അധീനതയിലുള്ള ഭൂമികളും ഈ ഭൂമികളിൽ നിലവിലെ കളിസ്ഥലങ്ങളും വികസിപ്പിക്കുന്നതിന് അനുമതി നൽകാവുന്നതും എന്നാൽ ഈ ഭൂമികൾ വെള്ളക്കെട്ടുള്ള പ്രദേശങ്ങളോ നെൽവയലുകളോ നിർമ്മാണ നിയന്ത്രണങ്ങൾ ഉള്ള ഭൂമിയോ ഡാറ്റാ ബാങ്കുകളിൽ ഉൾപ്പെട്ടവയോ ആകരുതെന്നും വ്യവസ്ഥയുണ്ട്. എന്നാൽ സ്കൂൾ ഗ്രൗണ്ടുകളിൽ സൗകര്യങ്ങൾ വികസിപ്പിക്കുമ്പോൾ പൊതുജനങ്ങൾക്ക് ഉപയോഗിക്കത്തക്ക വിധത്തിൽ പുന:ക്രമീകരണങ്ങൾ ഏർപ്പെടുത്തുന്നതും പരിശോധിക്കാവുന്നതാണ്.

## ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതി

278(5402) ശ്രീ. സി. എച്ച്. കുഞ്ഞമ്പു: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതി യാഥാർത്ഥ്യമാക്കുന്നതിന് വകുപ്പ് ഏതെങ്കിലും തരത്തിലുള്ള വിവരശേഖരണം നടത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ;

(ബി) ഇതിന്റെ അടിസ്ഥാനത്തിൽ മുൻഗണനാ ലിസ്റ്റ് തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശം നൽകാമോ?

(എ&ബി) ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതി യാഥാർത്ഥ്യമാക്കുന്നതിനായി എം.എൽ.എ.-മാരിൽ നിന്നും ജനപ്രതിനിധികളിൽ നിന്നും പ്രൊപ്പോസലുകൾ സ്വീകരിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ 110 പ്രൊപ്പോസലുകൾ ലഭ്യമാവുകയും ആയതിൽ ആദ്യഘട്ടത്തിൽ 97 പദ്ധതികളുടെ വിവരങ്ങൾ സ്പോർട്സ് കേരള ഫൗണ്ടേഷനിലെ എഞ്ചിനീയർമാർ നിശ്ചിത ഫോർമാറ്റിൽ ശേഖരിക്കുകയും ആയത് വിശകലനം ചെയ്ത് സ്ക്രൂട്ടിനി കമ്മിറ്റി മാർഗ്ഗരേഖയ്ക്കനുസൃതമായവ തെരഞ്ഞെടുത്ത് സമർപ്പിച്ച മുൻഗണനാ പട്ടിക സർക്കാർ പരിശോധിച്ചു വരികയുമാണ്.

(സി) പ്രസ്തുത പദ്ധതി യാഥാർത്ഥ്യമാക്കാൻ മുന്നോട്ടുവരുന്ന പഞ്ചായത്തുകൾക്ക് വകുപ്പ് എന്തൊക്കെ സഹായങ്ങളാണ് ചെയ്തുകൊടുക്കുന്നത്; വിശദാംശം ലഭ്യമാക്കാമോ?

പദ്ധതി ചെലവിന്റെ പകുതി പഞ്ചായത്ത് വിവിധ ഫണ്ടുകളിൽ നിന്നും ലഭ്യമാക്കുകയാണെങ്കിൽ അത്തരം പദ്ധതികൾക്ക് മുൻഗണന നൽകുകയും വകുപ്പിൽ നിന്നും പകുതി തുക അനുവദിക്കുന്നതിനുമാണ് പദ്ധതിയുടെ മാർഗ്ഗരേഖ പരാമർശിക്കുന്നത്. പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിന് സ്പോർട്സ് കേരള ഫൗണ്ടേഷനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ടി പദ്ധതി വഴി നടപ്പിലാക്കുന്ന സൗകര്യങ്ങൾ പഞ്ചായത്തിന് പൂർണ്ണമായി ഉപയോഗപ്പെടുത്താവുന്നതുമാണ്.

<u>പൊഴിയൂർ പരുത്തിയൂർ സ്റ്റേഡിയം നിർമ്മാണം</u>

279(5403) <u>ശ്രീ. കെ. ആൻസലൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര കുളത്തൂർ പഞ്ചായത്തിലെ പൊഴിയൂർ പരുത്തിയൂർ സ്റ്റേഡിയം നിർമ്മാണത്തിന്റെ നിലവിലെ സ്ഥിതി എന്താണെന്ന് വിശദമാക്കാമോ?

പദ്ധതി ചെലവിന്റെ പകുതി പഞ്ചായത്ത് വിവിധ ഫണ്ടുകളിൽനിന്നും ലഭ്യമാക്കുകയാണെങ്കിൽ അത്തരം പദ്ധതികൾക്ക് മുൻഗണന നൽകുകയും വകുപ്പിൽ നിന്ന് പകുതി തുക അനുവദിക്കുന്നതിനുമാണ് പദ്ധതിയുടെ മാർഗ്ഗരേഖ പരാമർശിക്കുന്നത്. പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിന് സ്പോർട്സ് കേരള ഫൌണ്ടേഷനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ടി പദ്ധതി വഴി നടപ്പിലാക്കുന്ന സൗകര്യങ്ങൾ പഞ്ചായത്തിന് പൂർണ്ണമായി ഉപയോഗപ്പെടുത്താവുന്നതുമാണ്.

(ബി) സ്റ്റേഡിയത്തിന്റെ പുനരുദ്ധാരണ പ്രവൃത്തികൾ എപ്പോൾ പൂർത്തീകരിക്കുമെന്ന് വ്യക്തമാക്കാമോ?

കരാർ കാലാവധി പ്രകാരം 6 മാസത്തിനുള്ളിൽ പദ്ധതി പൂർത്തീകരിക്കാനാണ് ലക്ഷ്യമിടുന്നത്.

(സി) ഏതൊക്കെ പ്രവൃത്തികളാണ് നവീകരണത്തിൽ ഉൾപ്പെടുത്തിയതെന്ന് വിശദമാക്കാമോ?

ഗ്രൗണ്ടിന്റെ വികസനം, ഇലവൻസ് മഡ് ഫുട്ബോൾ കോർട്ടിന്റെ നിർമ്മാണം, സിന്തറ്റിക് മൾട്ടി പർപ്പസ് കോർട്ട്, ഗ്യാലറി കെട്ടിടം നിർമ്മാണം, ഡ്രെയിനിന്റെ നിർമ്മാണം തുടങ്ങിയവയാണ് നവീകരണത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

തിരൂരങ്ങാടി ഗവൺമെന്റ് ഹയർ സെക്കൻഡറി സ്കൂളിലെ സ്റ്റേഡിയം നിർമ്മാണം

280(5404) ശ്രീ. കെ. പി. എ. മജീദ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂരങ്ങാടി ഗവൺമെന്റ് ഹയർ സെക്കൻഡറി സ്കൂളിലെ സ്റ്റേഡിയത്തിന്റെ ഉദ്ഘാടനം കഴിഞ്ഞെങ്കിലും നിർമ്മാണം ആരംഭിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

(ബി) പ്രസ്തുത പ്രവൃത്തി ഇതുവരെ ആരംഭിക്കാത്തതിന്റെ കാരണവും എന്നത്തേയ്ക്ക് ആരംഭിക്കുമെന്നും വിശദമാക്കാമോ?

മലപ്പുറം ജില്ലയിലെ തിരൂരങ്ങാടി ഗവണ്മെന്റ് ഹയർ സെക്കൻഡറി സ്കൂൾ ഗ്രൗണ്ടിന്റെ നവീകരണത്തിന് സ്ഥല സൗകര്യം ലഭ്യമില്ലാത്തതിനാൽ

പ്രസ്തുത സ്ഥലത്ത് നിർമ്മാണപ്രവർത്തനങ്ങൾ മുന്നോട്ടുകൊണ്ടു പോകുന്നതിനായി സ്പോർട്സ് കേരള ഫൗണ്ടേഷനിലെ എഞ്ചിനീയറിംഗ് വിഭാഗം പ്രസ്തുത സ്ഥലം സന്ദർശിച്ച് പ്രാഥമിക പഠനം നടത്തുകയും ലേ ഔട്ട് തയ്യാറാക്കുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ ചുറ്റുമതിൽ, ഫുട്ബോൾ കോർട്ട്, ഗ്യാലറി, ഡ്രെയിൻ, പാർക്കിംഗ് ഏരിയ, ഫെൻസിംഗ്, സ്വിമ്മിംഗ് പൂൾ, ചെയ്ഞ്ച് റൂം, ഇലക്ട്രിക്കൽ പ്രവൃത്തികൾ എന്നീ ഘടകങ്ങൾ നിർമ്മിക്കുന്നതിനുള്ള 300 ലക്ഷം രൂപയുടെ റഫ്കോസ്റ്റ് എസ്റ്റിമേറ്റ് തയ്യാറാക്കി സമർപ്പിക്കുകയും ആയത് പരിശോധിച്ചുവരികയുമാണ്.

<u>കണ്ണൂർ ജില്ലയിലെ ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതി</u>

281(5405) <u>ശ്രീ. കെ. വി. സുമേഷ്</u>: താഴെക്കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതിയിൽ കണ്ണൂർ ജില്ലയിൽ നിന്നും തെരഞ്ഞെടുത്തിട്ടുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഏതൊക്കെയെന്ന് മണ്ഡലാടിസ്ഥാനത്തിൽ വിശദമാക്കാമോ?

ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതി യാഥാർത്ഥ്യമാക്കുന്നതിനായി എം.എൽ.എ.-മാരിൽനിന്നും ജനപ്രതിനിധികളിൽനിന്നും പ്രൊപ്പോസലുകൾ സ്വീകരിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ 110 പ്രൊപ്പോസലുകൾ ലഭ്യമാവുകയും ആയതിൽ ആദ്യഘട്ടത്തിൽ 97 പദ്ധതികളുടെ വിവരങ്ങൾ സ്പോർട്സ് കേരള ഫൗണ്ടേഷനിലെ എഞ്ചിനീയർമാർ നിശ്ചിത ഫോർമാറ്റിൽ ശേഖരിക്കുകയും ആയത് വിശകലനം ചെയ്ത് മാർഗ്ഗരേഖയ്ക്കനുസൃതമായവ തെരഞ്ഞെടുത്ത് സമർപ്പിച്ച മുൻഗണനാ പട്ടിക സർക്കാർ പരിശോധിച്ചുവരികയുമാണ്.

## വടക്കാഞ്ചേരി ഇ.എം.എസ്. ഇൻഡോർ സ്റ്റേഡിയം നിർമ്മാണം

282(5406) ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: താഴെക്കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വടക്കാഞ്ചേരി നഗരസഭ ഇ.എം.എസ്. ഇൻഡോർ സ്റ്റേഡിയം പൂർത്തിയാക്കുന്നതിനായി ഗ്രൗണ്ടിന്റെയും ഇൻഡോർ സ്റ്റേഡിയത്തിന്റെയും മാസ്റ്റർ പ്ലാനനുസരിച്ച് പ്രൈസ് സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയ എസ്റ്റിമേറ്റും ഡി.പി.ആറും എൽ.എ.സി./ഡബ്ല്യു.കെ.വൈ./0142/2022

നമ്പർ കത്തിനോടൊപ്പം സമർപ്പിച്ചിരുന്നതിന്റെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ?

എൽ.എ.സി./ഡബ്ലിയു.കെ.വൈ/0142/2022 നമ്പർ കത്ത് ഈ വകുപ്പിൽ ലഭ്യമായതായി കാണുന്നില്ല.

തിരൂരങ്ങാടി മണ്ഡലത്തിലെ സ്റ്റേഡിയങ്ങളുടെ നവീകരണം

283(5407) ശ്രീ. കെ. പി. എ. മജീദ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂരങ്ങാടി നിയോജകമണ്ഡലത്തിലെ ഏതെല്ലാം സ്റ്റേഡിയങ്ങളാണ് നവീകരിക്കുന്നതിനും നിർമ്മിക്കുന്നതിനും ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ;

(ബി) ഇവയുടെ നിർമ്മാണ നടപടികളുടെ പുരോഗതി വിശദമാക്കാമോ;

(സി) ഇവയുടെ എസ്റ്റിമേറ്റും അവയിൽ ഉൾക്കൊള്ളുന്ന പ്രവൃത്തികളും ഇനം തിരിച്ച് വിശദമാക്കാമോ?

(എ-സി) കായിക വകുപ്പിനുകീഴിൽ നിലവിൽ തിരൂരങ്ങാടി നിയോജകമണ്ഡലത്തിൽ സ്റ്റേഡിയങ്ങൾ നവീകരിക്കുന്നതിനും

നിർമ്മിക്കുന്നതിനുമായി പദ്ധതികളൊന്നും നിലവിലില്ല. എന്നാൽ ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതി പ്രകാരം തിരൂരങ്ങാടി നിയോജക മണ്ഡലത്തിൽ നന്നമ്പ്ര ഗ്രാമപഞ്ചായത്ത് സ്റ്റേഡിയം ഉൾപ്പെടുത്തുന്നത് പരിശോധിച്ചു വരികയാണ്.

## കളിസ്ഥലങ്ങൾ ശാസ്ത്രീയമായി തയ്യാറാക്കുന്നതിന് നടപടികൾ

284(5408) ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കളിസ്ഥലങ്ങൾ ശാസ്ത്രീയമായി തയ്യാറാക്കുന്നതിന് സർക്കാരിന്റെ കീഴിൽ അക്രെഡിറ്റഡ് ഏജൻസികൾ ഉണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ?

കളിസ്ഥലങ്ങൾ ശാസ്ത്രീയമായി തയ്യാറാക്കുന്നതിനുള്ള അക്രെഡിറ്റഡ് ഏജൻസിയായി കായിക യുവജനകാര്യാലയത്തിന്റെ കീഴിൽ പൊതുമേഖല കമ്പനിയായി സ്പോർട്സ് കേരള ഫൗണ്ടേഷൻ 2021 ഒക്ടോബർ 1-ന് തിരുവനന്തപുരം ആസ്ഥാനമാക്കി രൂപീകരിച്ചിട്ടുണ്ട്.

സംസ്ഥാനത്തെ കായിക അടിസ്ഥാന സൗകര്യങ്ങളുടെ നിർമ്മാണം, പരിപാലനം, സൗകര്യ പ്രവർത്തനങ്ങൾ കൈകാര്യം ചെയ്യുന്നതിനുള്ള ഒരു സംയോജിത മൂലധന നിർമ്മാണ മാനേജ്മെന്റ് കമ്പനിയായിട്ടാണ് സ്പോർട്സ് കേരള ഫൗണ്ടേഷൻ പ്രവർത്തിക്കുന്നത്. സർക്കാർ അനുമതി നൽകിയതും കായിക എഞ്ചിനീയറിംഗ് വിഭാഗം നടത്തിയിരുന്ന എല്ലാ പ്രവൃത്തികളും ഏറ്റെടുത്ത് നടത്തുന്നതിനുള്ള ചുമതലയും ഈ കമ്പനിയിൽ നിക്ഷിപ്തമാണ്. കിഫ്ബി പദ്ധതികളുടെ സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ (എസ്.പി.വി.) ആയി സ്പോർട്സ് കേരള ഫൗണ്ടേഷനെ നിയമിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ കിഫ്ബി പദ്ധതിയിൽ പൂർത്തീകരിക്കുന്ന വിവിധ സ്റ്റേഡിയങ്ങളുടെ മാനേജ്മെന്റ്/മെയിന്റനൻസ് സ്പോർട്സ് കേരള ഫൗണ്ടേഷനെ ഏൽപ്പിക്കുന്ന കാര്യം പരിശോധിച്ചു വരികയാണ്. കൂടാതെ 'ഒരു പഞ്ചായത്ത് ഒരു കളിക്കളം' എന്ന പദ്ധതിയുടെ നിർവ്വഹണ ഏജൻസിയായി സ്പോർട്സ് കേരള ഫൗണ്ടേഷനെ നിയോഗിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) ശാസ്ത്രീയമായ കളിസ്ഥലങ്ങൾ നിർമ്മിക്കുന്നതിനായി സ്പോർട്സ് വകുപ്പ് എന്തെങ്കിലും സഹായം നൽകുന്നുണ്ടോ; വ്യക്തമാക്കാമോ?

കായിക യുവജനകാര്യാലയത്തിന്റെ കീഴിലുള്ള സ്റ്റേഡിയങ്ങളുടെ പരിപാലനം/നടത്തിപ്പ്, കൂടാതെ ബഡ്ജറ്റ് പ്ലാൻ ഫണ്ട്, കിഫ്ബി ധനസഹായത്തോടുകൂടിയുള്ള പദ്ധതികൾ എന്നിവയ്ക്ക് ധനസഹായം അനുവദിക്കാറുണ്ട്.

കൂടാതെ ശാസ്ത്രീയ കളിസ്ഥലങ്ങൾ നിർമ്മിക്കുന്നതിന്റെ ഭാഗമായി ഒരു കോടി രൂപ അടങ്കൽ തുക കണക്കാക്കുന്ന 'ഒരു പഞ്ചായത്തിൽ ഒരു കളിക്കളം' എന്ന പദ്ധതിയുടെ ഭാഗമായി പ്ലാൻ ഫണ്ടിൽ നിന്നും 50% കായിക വകുപ്പും ബാക്കി വരുന്ന 50% ഫണ്ട് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, ജനപ്രതിനിധികളുടെ ആസ്തി വികസന ഫണ്ട്, വിവിധ സ്ഥാപനങ്ങളുടെ സാമൂഹ്യ പ്രതിബദ്ധതാ ഫണ്ട് എന്നിവയിൽ നിന്നും സ്വരൂപിക്കാനാണ് ഉദ്ദേശിക്കുന്നത്.

<u>കായിക പരിശീലന കേന്ദ്രങ്ങളുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നത് നടപടി</u>

285(5409) <u>ശ്രീ. കെ. എം. സച്ചിൻദേവ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കായിക പരിശീലന കേന്ദ്രങ്ങളുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനായി സ്വീകരിച്ച് വരുന്ന നടപടികൾ എന്തെല്ലാമാണെന്നറിയിക്കാമോ;

(ബി) മികച്ച കായിക താരങ്ങളെ വാർത്തെടുക്കാൻ സ്ഥാപിച്ചിട്ടുള്ള കായിക പരിശീലന കേന്ദ്രങ്ങളിൽ പരിശീലന ഉപകരണങ്ങളുടെ കുറവ് പരിഹരിക്കുന്നതിനായി നടപടി സ്വീകരിക്കാമോ?

(എ&ബി) കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ കീഴിലുള്ള കായിക പരിശീലന കേന്ദ്രങ്ങളുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി ഓരോ ജില്ലയിലെയും സ്പോർട്സ് അക്കാദമികളുടെയും പരിശീലകരുടെയും പ്രവർത്തനം വിലയിരുത്തുന്നതിനും പരിശോധിക്കുന്നതിനും ജില്ലാ സ്പോർട്സ് ഓഫീസർമാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത സ്പോർട്സ് അക്കാദമികളുടെ

പ്രവർത്തനങ്ങളിൽ എന്തെങ്കിലും പോരായ്മ ശ്രദ്ധയിൽപ്പെട്ടാൽ ആയത് യഥാസമയം പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്.

കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ കീഴിലുള്ള കായിക പരിശീലന കേന്ദ്രങ്ങളിൽ പരിശീലനത്തിനായി കായിക ഉപകരണങ്ങൾ ലഭ്യമാക്കുന്നതിലേയ്ക്കായി ജെം (Government e-market place) മുഖേന കായിക ഉപകരണങ്ങൾ പർച്ചേസ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ വിവിധ കായിക അക്കാദമികൾക്കായി ബഡ്ജറ്റിൽ വകയിരുത്തുന്ന ഫണ്ട് പ്രസ്തുത അക്കാദമികളിൽ നിന്നും പ്രൊപ്പോസൽ ലഭ്യമാകുന്ന മുറയ്ക്ക് ആയത് പരിശോധിച്ച് അനുവദിക്കാറുണ്ട്.

<u>കായികതാരങ്ങൾക്ക് അന്താരാഷ്ട്ര നിലവാരത്തിലുള്ള പരിശീലനം</u>

286(5410)<u>ശ്രീ. മുഹമ്മദ് മുഹസിൻ</u>:

<u>ശ്രീ. പി. ബാലചന്ദ്രൻ</u>:

<u>ശ്രീ. ഇ. ചന്ദ്രശേഖരൻ</u>:

<u>ശ്രീ. വി. ശശി</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒളിമ്പിക്സ് ഉൾപ്പെടെയുള്ള അന്താരാഷ്ട്ര മത്സരങ്ങളിൽ മെഡൽ നേടുകയെന്ന ലക്ഷ്യം മുൻനിർത്തി സംസ്ഥാനത്തെ കായികതാരങ്ങൾക്ക് അന്താരാഷ്ട്ര നിലവാരത്തിലുള്ള പരിശീലനം നൽകുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ?

കായികതാരങ്ങളെ ചെറുപ്രായത്തിൽ തന്നെ കണ്ടെത്തി അവർക്ക് വിദഗ്ധ പരിശീലനം നൽകി ഒളിമ്പിക്സ് പോലെയുള്ള രാജ്യാന്തരാ മത്സരങ്ങളിൽ പങ്കെടുത്ത് മെഡൽ നേടുന്നതിന് പ്രാപ്തമാക്കുകയെന്ന ലക്ഷ്യത്തോടെ കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ മുഖേന ചുവടെ പറയുന്ന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നുണ്ട്.

<u>എലൈറ്റ് സ്കീം</u>

പ്രസ്തുത സ്കീമിൽ അത്‌ലറ്റിക്സ്, ബാസ്കറ്റ് ബോൾ, ഫുട്ബോൾ, വോളീബോൾ എന്നീ കായിക ഇനങ്ങളിൽ മികച്ച കായികതാരങ്ങളെ കണ്ടെത്തി പരിശീലനം നൽകി വരുന്നു.

<u>അത്‌ലറ്റിക്സ്-എലൈറ്റ് അത്‌ലറ്റിക്സ് ട്രെയിനിംഗ് സെന്ററുകൾ</u>

കേരളത്തിലെ മികച്ച പ്രതിഭയുള്ള അത്‌ലറ്റുകളെ കണ്ടെത്തി അവരെ ഏഷ്യൻ/കോമൺവെൽത്ത് ഒളിമ്പിക്സ് എന്നീ രാജ്യാന്തര മത്സരങ്ങളിൽ

മെഡൽ സാധ്യത ഉറപ്പാക്കുന്ന രീതിയിൽ വളർത്തിയെടുക്കുക എന്നതാണ് പ്രസ്തുത പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. കായികതാരങ്ങളെ തെരഞ്ഞെടുത്ത് കാര്യവട്ടം എൽ.എൻ.സി.പി.ഇ. പരിശീലന സെന്ററിൽ പരിശീലനം നൽകി വരുന്നു. അന്തർദേശീയ നിലവാരത്തിലുള്ള കായിക സൗകര്യങ്ങളും പരിശീലനവും മറ്റ് ഉന്നത നിലവാരത്തിലുള്ള അനുബന്ധ സൗകര്യങ്ങളും പ്രസ്തുത പദ്ധതിയിൽ കായിക താരങ്ങൾക്ക് ലഭ്യമാക്കി വരുന്നുണ്ട്.

വോളീബോൾ -ഹൈ പെർഫോമൻസ് ട്രെയിനിംഗ് സെന്റർ

കേരളത്തിലെ ഏറ്റവും മികച്ച പ്രതിഭയുള്ള വോളീബോൾ താരങ്ങളെ കണ്ടെത്തി അവരെ ഏഷ്യൻ/കോമൺവെൽത്ത്/ഒളിമ്പിക് എന്നീ രാജ്യാന്തര മത്സരങ്ങളിൽ മെഡൽ സാധ്യത ഉയർത്തുന്ന രീതിയിൽ വളർത്തിയെടുക്കുക എന്നതാണ് പ്രസ്തുത പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. പദ്ധതിയുടെ പ്രാരംഭ പ്രവർത്തനത്തിന്റെ ഭാഗമായി തൃശ്ശൂർ ജില്ലയിലെ തൃപ്രയാർ ഇൻഡോർ സ്റ്റേഡിയത്തിൽ ഒരു വോളീബോൾ അക്കാദമി സ്ഥാപിച്ച് കായിക

താരങ്ങളെ തെരഞ്ഞെടുത്ത് മികച്ച രീതിയിലുള്ള പരിശീലനം നൽകി വരുന്നുണ്ട്.

<u>ബാസ്കറ്റ് ബോൾ</u>

കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ ആഭിമുഖ്യത്തിൽ നടപ്പിലാക്കി വരുന്ന എലൈറ്റ് സ്കീമിൽ ഉൾപ്പെട്ട ബാസ്കറ്റ് ബോൾ പരിശീലനം കണ്ണൂർ മുണ്ടയാട് ഇൻഡോർ സ്റ്റേഡിയത്തിൽ നടത്തി വരുന്നു. തെരഞ്ഞെടുത്ത കായിക താരങ്ങൾക്ക് മികച്ച രീതിയിലുള്ള പരിശീലനം നൽകി വരുന്നു.

<u>ഫുട്ബോൾ</u>

എലൈറ്റ് സ്കീമിലെ ഫുട്ബോൾ കളിയിനം എറണാകുളം പനമ്പിള്ളി നഗർ സ്റ്റേഡിയത്തിൽ പ്രവർത്തിച്ചു വരുന്നു. തെരഞ്ഞെടുത്ത കായിക താരങ്ങൾക്ക് മികച്ച പരിശീലനം നൽകി വരുന്നുണ്ട്.

<u>ഓപ്പറേഷൻ ഒളിമ്പ്യ</u>

2024 ഒളിമ്പിക്സിൽ കേരള കായിക താരങ്ങൾ മെഡൽ കരസ്ഥമാക്കുന്നത് ലക്ഷ്യമാക്കി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്ന പദ്ധതിയാണിത്. പ്രസ്തുത

പദ്ധതിയിൽ ബോക്സിംഗ്, ബാഡ്മിന്റൺ, റോവിംഗ്, ഫെൻസിംഗ് എന്നീ കായിക ഇനങ്ങളിൽ പരിശീലനം നൽകി വരുന്നുണ്ട്.

ദേശീയ, അന്തർദേശീയ തലങ്ങളിൽ മികവ് പുലർത്തിയ കായിക താരങ്ങൾക്ക് തുടർ പരിശീലനത്തിനുള്ള സാമ്പത്തിക സഹായവും എ.പി.ജെ. അബ്ദുൾ കലാം സ്കോളർഷിപ്പ് പദ്ധതിയിലുൾപ്പെടുത്തി അനുവദിച്ചു വരുന്നുണ്ട്.

കൂടാതെ ജി.വി.രാജാ സ്പോർട്സ് സ്കൂളിൽ സിന്തറ്റിക് ട്രാക്ക്, ഫുട്ബോൾ & ഹോക്കി ടർഫ് എന്നിവ ഒളിമ്പിക്സ് ഉൾപ്പെടെയുള്ള അന്താരാഷ്ട്ര മത്സരങ്ങളിൽ മെഡൽ നേടുകയെന്ന ലക്ഷ്യം മുൻനിർത്തി നിർമ്മിച്ചിട്ടുള്ളവയാണ്.

(ബി) പരിശീലന സൗകര്യങ്ങളുടെ അടിസ്ഥാനസൗകര്യം വികസിപ്പിച്ച് അന്താരാഷ്ട്ര നിലവാരത്തിലേയ്ക്കുയർത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ?

കായികതാരങ്ങൾക്ക് പരിശീലനം നടത്തുന്നതിനും മത്സരങ്ങളിൽ പങ്കെടുക്കുന്നതിന് സജ്ജരാക്കുന്നതിലേയ്ക്കുമായി സിന്തറ്റിക് ട്രാക്കുൾപ്പെടെ അന്തർദേശീയ നിലവാരത്തിലുള്ള സ്റ്റേഡിയങ്ങൾ, സ്വിമ്മിംഗ് പൂളുകൾ

തുടങ്ങിയ അടിസ്ഥാന സൗകര്യ വികസനം നടപ്പിലാക്കി വരുന്നുണ്ട്. കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ കീഴിലുള്ള അന്താരാഷ്ട്ര നിലവാരത്തിൽ തിരുവനന്തപുരത്ത് പിരപ്പൻകോട് അന്താരാഷ്ട്ര നീന്തൽക്കുളവും എറണാകുളത്ത് പനമ്പിള്ളി നഗർ സ്പോർട്സ് കോംപ്ലക്സും കൊല്ലത്ത് ഹോക്കി സ്റ്റേഡിയവും പ്രവർത്തിച്ചു വരുന്നു.

മികച്ച കോച്ചിംഗ് സൗകര്യവും അടിസ്ഥാന സൗകര്യ വികസനത്തിനായി പരിശീലന ഉപകരണങ്ങളുടെ ആധുനികവത്കരണവും ഇതോടൊപ്പം ഏർപ്പെടുത്തി വരുന്നു.

(സി) കായികതാരങ്ങൾക്ക് അന്താരാഷ്ട്ര നിലവാരത്തിലുള്ള പരിശീലകരുടെ സേവനം ലഭ്യമാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ?

അന്താരാഷ്ട്ര നിലവാരത്തിൽ പരിശീലനം നൽകുന്നതിന് പ്രാപ്തരായ പരിശീലകർ സേവനമനുഷ്ഠിച്ചുവരുന്നു. പ്രസ്തുത പരിശീലകരുടെ കീഴിൽ എലൈറ്റ്, ഓപ്പറേഷൻ ഒളിമ്പ്യ എന്നീ പദ്ധതികളിലെ കായികതാരങ്ങൾക്കും ജില്ലാ/സ്കൂൾ/കോളേജ് അക്കാദമികളും വിവിധ സ്റ്റേഡിയം, സ്വിമ്മിംഗ് പൂൾ, ഇൻഡോർ കോർട്ട്, ജിംനേഷ്യം തുടങ്ങിയ

പരിശീലന കേന്ദ്രങ്ങളിലെ കായികതാരങ്ങൾക്കും പരിശീലനം നൽകി വരുന്നുണ്ട്. ഖേലോ ഇന്ത്യ പദ്ധതിയിലുൾപ്പെടുത്തി മികച്ച കോച്ചുമാരെ ജി.വി.രാജാ സ്പോർട്സ് സ്കൂളിൽ നിയമിച്ചിട്ടുണ്ട്.

(ഡി) കായിക മത്സരങ്ങളുടെ സമ്മർദ്ദംമൂലം താരങ്ങൾക്കുണ്ടാകുന്ന മാനസിക സംഘർഷങ്ങൾ ലഘൂകരിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ?

കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ കീഴിലുള്ള ജില്ലാ/കോളേജ് സ്പോർട്സ് അക്കാദമികളിലെ കായികതാരങ്ങൾക്ക് മാനസിക സംഘർഷങ്ങൾ ലഘൂകരിക്കുന്നതിനും ടി കായികതാരങ്ങൾക്ക് മാനസിക പിന്തുണ നൽകുന്നതിനായും കൗൺസലിംഗ് നൽകുന്നത് സംബന്ധിച്ച വിഷയം പരിഗണനയിലാണ്. കുട്ടികളിൽ മാനസിക സമ്മർദ്ദം ലഘൂകരിക്കുന്നതിന് കോച്ചുമാർക്ക് വിദഗ്ദ്ധ പരിശീലനം നൽകി വരുന്നുണ്ട്.

<u>ആലപ്പുഴ മണ്ഡലത്തിലെ ഹെൽത്ത് ക്ലബ് - ആരോഗ്യ കായികക്ഷമതാ പദ്ധതി</u>

287(5411) <u>ശ്രീ. പി. പി. ചിത്തരഞ്ജൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2022-23 ബഡ്ജറ്റിൽ ഉൾപ്പെട്ട ആലപ്പുഴ നിയോജക മണ്ഡലത്തിലെ ഹെൽത്ത് ക്ലബ്-ആരോഗ്യ കായികക്ഷമതാ പദ്ധതി നടപ്പിലാക്കാൻ വകുപ്പ് സ്വീകരിക്കുന്ന നടപടികളെക്കുറിച്ച് വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിക്കായി വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ടോയെന്ന് വിശദമാക്കാമോ?

(എ & ബി) 2022-23 വർഷത്തെ വിശദമായ ബഡ്ജറ്റ് എസ്റ്റിമേറ്റുകളുടെ അനുബന്ധം II-ലെ ക്രമ നം. 1700 ആയി ആലപ്പുഴ നിയോജകമണ്ഡലത്തിലെ ഹെൽത്ത് ക്ലബ് - ആരോഗ്യ കായികക്ഷമതാ പദ്ധതിക്കായി 400 ലക്ഷം രൂപ അടങ്കൽ തുക കണക്കാക്കി 100 രൂപ ബഡ്ജറ്റ് വിഹിതമായി ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത പ്രവൃത്തിക്ക് ഭരണാനുമതി ലഭ്യമാക്കുന്നത് സംബന്ധിച്ച് പ്രൊപ്പോസൽ ലഭിക്കുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

## മഞ്ചേരി മെഡിക്കൽ കോളേജിൽ സ്പോർട്സ് ഗ്രൗണ്ട്

288(5412) ശ്രീ. യു. എ. ലത്തീഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേരി മെഡിക്കൽ കോളേജിൽ സ്പോർട്സ് ഗ്രൗണ്ട് നിലവിലില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

(ബി) പ്രസ്തുത കോളേജിൽ സ്പോർട്സ് ഗ്രൗണ്ട് നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

പ്രൊപ്പോസൽ ലഭ്യമാകുന്ന മുറയ്ക്ക് ആയത് പരിശോധിച്ച് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

## സ്പോർട്സ് കേരള ഫൗണ്ടേഷൻ

289(5413) ശ്രീ. പി. വി. അൻവർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്പോർട്സ് കേരള ഫൗണ്ടേഷൻ എന്ന കമ്പനിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ, ഘടന, ഡയറക്ടർ ബോർഡ് അംഗങ്ങൾ, പ്രവർത്തന മൂലധനം എന്നിവ വ്യക്തമാക്കാമോ; മേൽ കമ്പനി പൂർണ്ണമായും സർക്കാർ ഉടമസ്ഥതയിലുള്ളതാണോ; അറിയിക്കാമോ?

സ്പോർട്സ് കേരള ഫൗണ്ടേഷന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ താഴെ പറയുന്നവയാണ്.

- സംസ്ഥാനത്തെ അടിസ്ഥാന കായിക വികസനം, സ്റ്റേഡിയങ്ങളുടെ നിർമ്മാണം, നടത്തിപ്പ്, പരിപാലനം, സൗകര്യവൽക്കരണം എന്നിവ കൈകാര്യം ചെയ്യുക.
- സർക്കാർ അനുമതി നൽകിയതും നിലവിൽ കായിക എഞ്ചിനീയറിംഗ് വിംഗ് നടത്തുന്നതുമായ എല്ലാ പ്രവൃത്തികളും ഏറ്റെടുത്ത് നടത്തുക.
- കായിക യുവജന കാര്യാലയത്തിന് കീഴിലുള്ള ജിമ്മി ജോർജ് സ്പോർട്സ് ഹബ്ബ്, കുമാരപുരം ടെന്നീസ് അക്കാദമി, വട്ടിയൂർക്കാവ് ഷൂട്ടിംഗ് റേഞ്ച്, സ്പോർട്സ് ലൈഫ് ഫിറ്റ്നസ് സെന്ററുകൾ, ജി.വി.രാജ സ്പോർട്സ് സ്കൂൾ, കണ്ണൂർ സ്പോർട്സ് സ്കൂൾ, തൃശ്ശൂർ

സ്പോർട്സ് ഡിവിഷൻ എന്നീ സ്ഥാപനങ്ങളുടെ നടത്തിപ്പും പരിപാലനവും.

- കിഫ്ബി ധനസഹായത്തോടെ നിർമ്മിക്കുന്ന ജില്ലാ സ്റ്റേഡിയങ്ങളുടെ അറ്റകുറ്റപ്പണികളുടെ ഉത്തരവാദിത്തം.
- 2013-ലെ കമ്പനീസ് ആക്ടിലെ സെക്ഷൻ 8 പ്രകാരമാണ് സ്പോർട്സ് കേരളാ ഫൗണ്ടേഷൻ രൂപീകരിച്ചിരിക്കുന്നത്. നിലവിൽ സ്പോർട്സ് കേരള ഫൗണ്ടേഷനിൽ 8 ഡയറക്ടർ ബോർഡ് അംഗങ്ങളാണുള്ളത്. അവരുടെ വിശദാംശങ്ങളും അവർ വഹിക്കുന്ന പദവികളും ചുവടെ ചേർക്കുന്നു.

1. ശ്രീ. വി. അബ്ദുറഹിമാൻ, കായിക വകുപ്പുമന്ത്രി - ചെയർമാൻ

2. ശ്രീ. എം.ശിവശങ്കർ ഐ.എ.എസ്,
   കായിക വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി - വൈസ് ചെയർമാൻ
3. ശ്രീ. പ്രേംകൃഷ്ണൻ എസ്., ഐ.എ.എസ്, കായിക യുവജനകാര്യ ഡയറക്ടർ

- മാനേജിംഗ് ഡയറക്ടർ & സി.ഇ.ഒ

4. ശ്രീ. പ്രദീപ് കുമാർ - ഡയറക്ടർ

5. ശ്രീ. വി. പി.അനിൽ കുമാർ - ഡയറക്ടർ

6. ശ്രീമതി മേഴ്സി കുട്ടൻ - ഡയറക്ടർ

7. ശ്രീ. മുഹമ്മദ് ആഷിഖ് - ഡയറക്ടർ

8. ശ്രീമതി ടി. കാഞ്ചന - ഡയറക്ടർ

40 ലക്ഷം രൂപയാണ് കമ്പനിയുടെ പ്രവർത്തന മൂലധനം. സ്പോർട്സ് കേരള ഫൗണ്ടേഷൻ കായിക യുവജനകാര്യാലയത്തിന്റെ കീഴിലുള്ള പൊതുമേഖലാ സ്ഥാപനമാണ്.

(ബി) കിഫ്ബി സഹായത്തോടെ കായിക വകുപ്പിന് കീഴിൽ നടന്നുവരുന്ന വിവിധ സ്റ്റേഡിയങ്ങളുടെ പരിപാലന ചുമതല ഈ കമ്പനിക്കാണോ; നിലവിൽ ഏതെല്ലാം സ്റ്റേഡിയങ്ങളാണ് കമ്പനിയുടെ കീഴിലുള്ളതെന്ന് വ്യക്തമാക്കാമോ; തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ കൈവശത്തിലുള്ള സ്റ്റേഡിയങ്ങളുടെ നടത്തിപ്പും പരിപാലനവും ഈ കമ്പനി വഴി നിർവ്വഹിക്കാൻ കഴിയുമോ; വിശദമാക്കാമോ?

കിഫ്ബി ധനസഹായത്തോടെ എസ്.പി.വി ആയ കിറ്റ്കോ മുഖാന്തരം നടപ്പിലാക്കുന്ന പദ്ധതികളുടെ നടത്തിപ്പും പരിപാലനവും സ്പോർട്സ് കേരള ഫൗണ്ടേഷനെ ഏൽപ്പിക്കുന്ന വിഷയം പരിശോധിച്ചുവരികയാണ്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ കൈവശത്തിലുള്ള സ്റ്റേഡിയങ്ങളുടെ

നടത്തിപ്പും പരിപാലനവും ഒരു ജോയിന്റ് മാനേജ്മെന്റ് കമ്മിറ്റിയിൽ നിക്ഷിപ്തമാണ്.

(സി) പ്രസ്തുത കമ്പനിയുടെ ധനസമാഹരണ മാർഗ്ഗങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ; തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഫണ്ട് വകയിരുത്തുന്നുണ്ടെങ്കിൽ സ്റ്റേഡിയങ്ങളുടെ നടത്തിപ്പും പരിപാലനവും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ ഏൽപ്പിക്കുന്നതിന് തടസ്സമുണ്ടോ; വ്യക്തമാക്കാമോ?

കായിക യുവജനകാര്യ ഡയറക്ടറുടെ കീഴിൽ നിലവിൽ പ്രവർത്തിച്ചു വരുന്ന നാല് സ്റ്റേഡിയങ്ങളുടെ നടത്തിപ്പിലും പരിപാലനത്തിലൂടെയും ലഭിക്കുന്ന തുകയും കായിക എഞ്ചിനീയറിംഗ് വിഭാഗം ഏറ്റെടുത്ത് നടപ്പിലാക്കുന്ന കായിക വകുപ്പിന്റെ പദ്ധതികൾ, എം.എൽ.എ ആസ്തി വികസന പദ്ധതികൾ, മറ്റ് സർക്കാർ-അർദ്ധ സർക്കാർ വകുപ്പുകളുടെ പദ്ധതികൾ എന്നിവ നടപ്പിലാക്കുമ്പോൾ ലഭിക്കുന്ന സെന്റേജ് ചാർജ് എന്നിവയുമാണ് കമ്പനിയുടെ പ്രവർത്തനമൂലധനമായി പ്രതീക്ഷിക്കുന്നത്. സ്റ്റേഡിയങ്ങളുടെ നടത്തിപ്പും പരിപാലനവും തദ്ദേശസ്വയംഭരണ

സ്ഥാപനങ്ങളുടെ പ്രതിനിധികൾ ഉൾപ്പെടെ അംഗങ്ങളായ മാനേജ്മെന്റ് കമ്മിറ്റിയാണ് നിർവ്വഹിക്കേണ്ടത്.

## സ്പോർട്സ് ക്ലബ്ബുകൾക്ക് ഭൂമി ലീസിന് നൽകുന്ന നടപടി

290(5414) ശ്രീ. പി. ടി. എ. റഹീം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാട്ടിൻപുറങ്ങളിൽ കളിക്കളങ്ങൾ കുറവായ സാഹചര്യത്തിൽ പുഴ പുറമ്പോക്കിലെ ഭൂമി നിരപ്പാക്കി കളിസ്ഥലങ്ങൾ നിർമ്മിക്കുന്നതിന് അനുമതി നൽകുന്ന കാര്യം പരിശോധിക്കുമോ?

നിലവിൽ നെൽവയലുകളും വെള്ളക്കെട്ടുള്ള പ്രദേശങ്ങളും ഡാറ്റാ ബാങ്കിലോ നിർമ്മാണത്തിന് നിയന്ത്രണമുള്ള മറ്റേതെങ്കിലും വിഭാഗത്തിലോ ഉൾപ്പെട്ട ഭൂമി എന്നിവയിലും കളിസ്ഥലങ്ങൾ നിർമ്മിക്കുന്നതിന് അനുമതിയില്ല.

(ബി) നിർമ്മാണപ്രവർത്തനങ്ങൾ പാടില്ലെന്ന നിബന്ധനയോടെ പ്രസ്തുത ഭൂമികൾ സ്പോർട്സ് ക്ലബ്ബുകൾക്ക് ലീസിന് നൽകുന്ന കാര്യം പരിഗണിക്കുമോ?

ഇപ്പോൾ പരിഗണനയിലില്ല.

<u>കായികതാരങ്ങൾക്ക് ജോലി നൽകുന്നതിന് നടപടി</u>

291(5415) <u>ശ്രീ. ടി. വി. ഇബ്രാഹിം</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കായിക രംഗത്ത് മികച്ച പ്രകടനം കാഴ്ചവച്ച കായികതാരങ്ങൾക്ക് സർക്കാർ ജോലി നൽകുന്ന കാര്യത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

കായികതാരങ്ങൾക്ക് സർക്കാർ സർവ്വീസിൽ നിയമനം നൽകുന്ന പദ്ധതി പ്രകാരം 2010 മുതൽ 2014 വരെയുള്ള വർഷങ്ങളിലെ ഒഴിവുകളിലേയ്ക്ക് 195 കായികതാരങ്ങൾക്ക് നിയമനം നൽകിയിട്ടുണ്ട്. 2010-2014 വർഷങ്ങളിലെ ശേഷിക്കുന്ന ഒഴിവുകളിലേയ്ക്കുള്ള നിയമനത്തിനായി പ്രസിദ്ധീകരിച്ച 21.12.2020-ലെ സ.ഉ(സാധാ)നം.3923/2020/പൊ.ഭ.വ പ്രകാരമുള്ള സെലക്ട് ലിസ്റ്റിൽ നിന്നും 24 കായികതാരങ്ങൾക്ക് പൊതുവിദ്യാഭ്യാസ വകുപ്പിൽ നിയമനം നൽകിയിട്ടുണ്ട്. 2010-2014 വർഷത്തെ സ്പോർട്സ് ക്വാട്ട നിയമനവുമായി ബന്ധപ്പെട്ട വിഷയം

പരിശോധിക്കുന്നതിനായി രൂപീകരിച്ച ഉന്നതതല സമിതിയുടെ 25.04.2022-ലെ യോഗതീരുമാനങ്ങളുടെ അടിസ്ഥാനത്തിൽ 2010-2014 വർഷത്തെ അവശേഷിക്കുന്ന ഒഴിവുകളിലേയ്ക്കുള്ള നിയമനം സംബന്ധിച്ച വിഷയം പരിശോധിച്ച് വരുന്നു.

കായികതാരങ്ങൾക്ക് സർക്കാർ സർവ്വീസിൽ നിയമനം നൽകുന്ന പദ്ധതി പ്രകാരം 2015 മുതൽ 2019 വരെയുള്ള അഞ്ച് വർഷങ്ങളിലെ 249 ഒഴിവുകളിലേയ്ക്കുള്ള നിയമനത്തിനായി വിജ്ഞാപനം ക്ഷണിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ ലഭിച്ച അപേക്ഷകളിന്മേൽ തുടർ നടപടികൾ സ്വീകരിച്ച് വരുന്നു.

(ബി) സംസ്ഥാനത്തിനും രാജ്യത്തിനും വേണ്ടി ഫുട്ബോൾ മത്സരത്തിൽ പങ്കെടുത്ത കൊണ്ടോട്ടി സ്വദേശി അനസ് എടത്തൊടിക്ക് ജോലി നൽകുന്ന കാര്യത്തിൽ എന്തെങ്കിലും തീരുമാനം എടുത്തിട്ടുണ്ടോ എന്ന് വിശദമാക്കുമോ?

പരിശോധിച്ചുവരുന്നു.

## കായിക വിദ്യാർത്ഥികൾക്കുള്ള ഗ്രാന്റ് അനുവദിക്കാൻ നടപടി

292(5416) ശ്രീ. മുരളി പെരുനെല്ലി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സെൻട്രലൈസ്ഡ് സ്പോർട്സ് ഹോസ്റ്റൽ, കോളേജ് സ്പോട്സ് ഹോസ്റ്റലുകൾ എന്നിവിടങ്ങളിലെ കായിക വിദ്യാർത്ഥികൾക്ക് സംസ്ഥാന സർക്കാർ നൽകുന്ന ഇരുന്നൂറ്റി അൻപത് രൂപ പ്രതിദിന ഗ്രാന്റ് 2021 ഡിസംബർ മാസം മുതൽ കുടിശ്ശികയായിട്ടുണ്ടോയെന്നും ഉണ്ടെങ്കിൽ പ്രസ്തുത കുടിശ്ശിക തുക കൊടുത്ത് തീർക്കാൻ നടപടി എടുത്തിട്ടുണ്ടോയെന്നും അറിയിക്കാമോ;

(ബി) പ്രസ്തുത കുടിശ്ശിക നിലവിലുണ്ടെങ്കിൽ കായിക താരങ്ങളുടെ ഭക്ഷണവും താമസവുമുൾപ്പെടെയുള്ള കാര്യങ്ങൾക്ക് പ്രയാസമുണ്ടാകുമെന്നതിനാൽ കുടിശ്ശിക തുക അനുവദിക്കാൻ അടിയന്തര നടപടി എടുക്കുമോ; വിശദാംശം നൽകാമോ?

(എ & ബി) സംസ്ഥാനത്തെ സെൻട്രലൈസ്ഡ് സ്പോർട്സ് ഹോസ്റ്റൽ, കോളേജ് സ്പോർട്സ് ഹോസ്റ്റലുകൾ എന്നിവിടങ്ങളിലെ കായിക

വിദ്യാർത്ഥികൾക്ക് കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ നൽകുന്ന പ്രതിദിന ഗ്രാന്റായ 250 രൂപ സംബന്ധിച്ച കുടിശ്ശികകളൊന്നും നിലവിലില്ല. മുഴുവൻ തുകയും പ്ലാൻ ഫണ്ടിന്റെ ലഭ്യത അനുസരിച്ച് വിതരണം ചെയ്തിട്ടുണ്ട്.

## മണ്ണാർക്കാട് നിയോജകമണ്ഡലത്തിലെ കളിസ്ഥലങ്ങൾ

293(5417) ശ്രീ. എൻ. ഷംസുദ്ദീൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കായിക വകുപ്പിന്റെ ഒരു പഞ്ചായത്തിൽ ഒരു കളിസ്ഥലം പദ്ധതി പ്രകാരം മണ്ണാർക്കാട് നിയോജകമണ്ഡലത്തിലെ ഏതെല്ലാം പഞ്ചായത്തുകളിലെ, ഏതെല്ലാം സ്ഥലങ്ങളാണ് കളിസ്ഥലങ്ങൾ നിർമ്മിക്കാനായി തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ളത്; വിശദാംശം നൽകുമോ?

ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതി പ്രകാരം മണ്ണാർക്കാട് നിയോജകമണ്ഡലത്തിൽ കളിസ്ഥലം തെരഞ്ഞെടുക്കുന്ന കാര്യം പരിശോധിച്ചുവരുന്നു.

(ബി) പ്രസ്തുത പദ്ധതിക്ക് ഭരണാനുമതി ലഭിച്ചിട്ടുണ്ടോ; എങ്കിൽ ആയതിന്റെ വിശദാംശം ലഭ്യമാക്കുമോ?

ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതിയുടെ നിർവ്വഹണ ഏജൻസിയായി സ്പോർട്സ് കേരള ഫൗണ്ടേഷനെ നിയോഗിച്ചും പ്രസ്തുത പദ്ധതി നിർവ്വഹണത്തിനായുള്ള ധാരണാപത്രം അംഗീകരിച്ചും മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചും സർക്കാർ ഉത്തരവായിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ ആദ്യഘട്ടത്തിൽ നടപ്പിലാക്കാൻ ഉദ്ദേശിച്ചിട്ടുള്ള കളിക്കളങ്ങളുടെ ലിസ്റ്റ് തയ്യാറാക്കി സ്കൂട്ടിനി കമ്മിറ്റി അംഗീകരിച്ച് ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

## കായിക വിദ്യാഭ്യാസ പാഠ്യപദ്ധതി പരിഷ്കരിക്കാൻ നടപടി

294(5418)ശ്രീ. വി. ജോയി:
ഡോ. കെ. ടി. ജലീൽ:
ശ്രീ. കെ. വി. സുമേഷ്:
ശ്രീ. പി. പി. ചിത്തരഞ്ജൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിലുള്ള കായിക വിദ്യാഭ്യാസ പാഠ്യപദ്ധതി കാലോചിതമായി പരിഷ്കരിക്കുന്നതിനും പഠന നിലവാരം

ഉയർത്തുന്നതിനുമായി പദ്ധതി ആവിഷ്കരിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദാംശം നൽകാമോ?

സംസ്ഥാനത്തെ സ്പോർട്സ് സ്കൂളുകളിലെ പാഠ്യപദ്ധതിയിൽ സ്പോർട്സ് കേന്ദ്രീകൃത വിഷയങ്ങൾകൂടി ഉൾപ്പെടുത്തി പരിഷ്കരിക്കുന്ന വിഷയം സർക്കാരിന്റെ സജീവ പരിഗണനയിലാണ്.

(ബി) ജി.വി.രാജാ സ്പോർട്സ് സ്കൂൾ, കണ്ണൂർ സ്പോർട്സ് ഡിവിഷൻ എന്നീ കായിക വിദ്യാലയങ്ങൾ അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്തുന്ന നടപടികൾ ഏത് ഘട്ടത്തിലാണ്; വിശദാംശം നൽകാമോ?

ജി.വി.രാജാ സ്പോർട്സ് സ്കൂൾ, കണ്ണൂർ സ്പോർട്സ് ഡിവിഷൻ എന്നീ കായിക വിദ്യാലയങ്ങൾ അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിനായി ചുവടെ പറയുന്ന അടിസ്ഥാന സൗകര്യങ്ങൾ നടപ്പിലാക്കി വരുന്നുണ്ട്.

ജി.വി. രാജ സ്പോർട്സ് സ്കൂൾ, മൈലം

കേരളത്തിലെ ആദ്യത്തെ സ്പോർട്സ് സ്കൂളായ ജി.വി. രാജ സ്പോർട്സ് സ്കൂൾ പൊതുവിദ്യാഭ്യാസ വകുപ്പിൽ നിന്ന് കായിക വകുപ്പ് ഏറ്റെടുത്തതിനുശേഷം നിരവധി അടിസ്ഥാന സൗകര്യ വികസനങ്ങളാണ്

പ്രസ്തുത സ്കൂളിൽ നടപ്പിലാക്കി വരുന്നത്. ജി.വി. രാജ സ്പോർട്സ് സ്കൂൾ അന്താരാഷ്ട്ര നിലവാരത്തിലേയ്ക്കുയർത്തുന്നതിന്റെ ഭാഗമായി സിന്തറ്റിക് ആസ്ട്രോ ഹോക്കി ടർഫ്, സിന്തറ്റിക് ഫുട്ബോൾ ടർഫ്, സ്പോർട്സ് ലൈഫ് ഫിറ്റ്നസ് സെന്റർ, നിലവിലുള്ള ഇൻഡോർ സ്റ്റേഡിയത്തിന്റെ നവീകരണ പ്രവൃത്തികൾ, ബാസ്കറ്റ് ബോൾ കോർട്ടുകളുടെ (2 എണ്ണം) നിർമ്മാണം, അഡ്മിൻ ബ്ലോക്കിന്റെ നവീകരണ പ്രവൃത്തികൾ, സ്കൂളിൽ സ്മാർട്ട് ക്ലാസ്സ് റൂം, ലാബുകൾ സജ്ജമാക്കുന്ന പ്രവൃത്തികൾ എന്നിവ പൂർത്തീകരിച്ചിട്ടുണ്ട്.

<u>കണ്ണൂർ സ്പോർട്സ് ഡിവിഷൻ</u>

കണ്ണൂർ സ്പോർട്സ് ഡിവിഷനോടനുബന്ധിച്ച് കായിക താരങ്ങൾക്കായി സുസജ്ജമായ ഹോസ്റ്റൽ നിലവിൽ പ്രവർത്തിച്ചുവരുന്നുണ്ട്. പ്രസ്തുത ഹോസ്റ്റലിന്റെ നവീകരണ പ്രവൃത്തികൾ കഴിഞ്ഞ സാമ്പത്തികവർഷം പൂർത്തിയാക്കിയിട്ടുണ്ട്. ഹോസ്റ്റലിനോടനുബന്ധിച്ച് ആധുനിക സൗകര്യങ്ങളോടുകൂടിയ ഒരു കിച്ചൺ ബ്ലോക്കും സജ്ജമാക്കിയിട്ടുണ്ട്. കണ്ണൂർ സ്പോർട്സ് ഡിവിഷനിലെ കായിക താരങ്ങൾക്ക് പഠന സൗകര്യം നൽകി വരുന്നത് കണ്ണൂർ ജി.എച്ച്.എസ്.എസ്.-ലാണ്. പ്രസ്തുത സ്കൂൾ ഏറ്റെടുക്കുന്നതിനുള്ള അനുമതി കായിക യുവജനകാര്യാലയത്തിന്

നൽകിയിട്ടുണ്ട്. പ്രസ്തുത സ്കൂളിൽ പുതിയ കായിക സൗകര്യങ്ങൾ ഒരുക്കുന്നത് ഉൾപ്പെടെയുള്ള പ്രവൃത്തികൾ ആരംഭിക്കുന്നതിനുള്ള പുതിയ മാസ്റ്റർ പ്ലാൻ തയ്യാറാക്കി വരികയാണ്.

(സി) സംസ്ഥാനത്ത് കൂടുതൽ സ്പോർട്സ് ഡിവിഷനുകൾ ആരംഭിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദമാക്കാമോ?

ജി.വി. രാജ സ്പോർട്സ് സ്കൂൾ, കണ്ണൂർ സ്പോർട്സ് ഡിവിഷൻ എന്നിവയ്ക്ക് പുറമെ മൂന്നാമത്തെ സ്പോർട്സ് ഡിവിഷനായി തൃശ്ശൂർ ജില്ലയിലെ കുന്നംകുളം ബോയ്സ് ഹയർ സെക്കൻഡറി സ്കൂളിൽ ഒരു സ്പോർട്സ് ഡിവിഷൻ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ഏഴ്, എട്ട് ക്ലാസ്സുകളിലായി 30 വീതം വിദ്യാർത്ഥികളെ ഉൾക്കൊള്ളിച്ച് പ്രഥമ ഡിവിഷൻ ഈ അദ്ധ്യയന വർഷം ആരംഭിച്ചിട്ടുണ്ട്. 24 ഏക്കറിലായി വ്യാപിച്ച് കിടക്കുന്ന സ്കൂളിലെ സൗകര്യങ്ങൾ സ്പോർട്സ് ഡിവിഷനുവേണ്ടി പ്രയോജനപ്പെടുത്താനാണ് ഉദ്ദേശിക്കുന്നത്. 400 മീറ്റർ സിന്തറ്റിക് ട്രാക്ക്, ഡ്രെയിനേജ് സംവിധാനത്തോടുകൂടിയ നാച്വറൽ ഫുട്ബോൾ ടർഫ്, അനുബന്ധ സൗകര്യങ്ങൾ, ഇൻഡോർ സ്റ്റേഡിയം, പ്രാക്ടീസ് ഗ്രൗണ്ട് തുടങ്ങിയ വിപുലമായ സൗകര്യങ്ങളാണ് പ്രസ്തുത സ്കൂളിൽ ഒരുക്കുന്നത്. കുട്ടികൾക്ക്

താമസിക്കുന്നതിനായി പുതിയ ഹോസ്റ്റൽ കെട്ടിടത്തിന്റെ നിർമ്മാണം ആരംഭിക്കുന്നതാണ്. ഹോസ്റ്റൽ കെട്ടിടത്തിന്റെ നിർമ്മാണം പൂർത്തിയാകുന്നതുവരെ വിദ്യാർത്ഥികൾക്ക് താമസിക്കുന്നതിനായി ഇൻഡോർ സ്റ്റേഡിയത്തിനോട് ചേർന്നുള്ള 12 റസിഡൻഷ്യൽ റൂമുകളിലാണ് സൗകര്യം ഒരുക്കിയിട്ടുള്ളത്. 84 കുട്ടികൾക്കുള്ള സൗകര്യം ഇവിടെ ലഭ്യമാണ്. സ്പോർട്സ് ഡിവിഷന്റെ തയ്യാറെടുപ്പുകൾക്കായി 5 കോടി രൂപയുടെ നിർമ്മാണ പ്രവൃത്തികളാണ് നടപ്പിലാക്കിയിട്ടുള്ളത്.

കുന്നംകുളം സ്പോർട്സ് ഡിവിഷനിൽ വിവിധ അത്‌ലറ്റിക് പരിശീലന ആവശ്യങ്ങൾക്കായി ഈ സാമ്പത്തിക വർഷം 15 ലക്ഷം രൂപയുടെ കായിക ഉപകരണങ്ങൾ വാങ്ങുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്.

## സംസ്ഥാനത്തിന്റെ കായിക രംഗത്തെ നേട്ടങ്ങൾ

295(5419) ശ്രീ. വി. ജോയി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലയളവിലും ഈ സർക്കാരിന്റെ കാലയളവിലും കായിക രംഗത്ത് കൈവരിച്ച നേട്ടങ്ങൾ എന്തെല്ലാമെന്ന്

വിശദമാക്കാമോ?

മുൻ സർക്കാരിന്റെ കാലയളവിലും ഈ സർക്കാരിന്റെ കാലയളവിലും കായിക യുവജനകാര്യാലയത്തിന്റെ കീഴിൽ കായിക രംഗത്ത് കൈവരിച്ച നേട്ടങ്ങൾ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ഉൾക്കൊള്ളിച്ചിട്ടുണ്ട്.+

കായിക വകുപ്പിലെ വിവിധ നിർമ്മാണ വികസന പ്രവർത്തനങ്ങൾക്കായി 2016-17, 2017-18 വർഷങ്ങളിൽ വിവിധ ഘട്ടങ്ങളിലായി കിഫ്ബി ധനസഹായത്തോടുകൂടി 800 കോടിയോളം രൂപയുള്ള 59 പദ്ധതികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. കൂത്തുപറമ്പ് മുനിസിപ്പൽ സ്റ്റേഡിയം, കണ്ണൂർ, ചാലക്കുടി മുനിസിപ്പൽ സ്റ്റേഡിയം, തൃശ്ശൂർ, കൊടുമൺ സ്റ്റേഡിയം, പത്തനംതിട്ട, പറളി സ്കൂൾ, പാലക്കാട്, എടപ്പാൾ ഗവ. എച്ച്.എസ്സ്.എസ്സ്, മലപ്പുറം, തിരുമിറ്റക്കോട് ചാത്തന്നൂർ എച്ച്.എസ്.എസ്, പാലക്കാട്, പ്രീതികുളങ്ങര സ്കൂൾ സ്റ്റേഡിയം, ആലപ്പുഴ, മട്ടന്നൂർ സ്റ്റേഡിയം, കണ്ണൂർ, വയനാട് ജില്ലാ സ്റ്റേഡിയം (ജിനചന്ദ്ര സ്റ്റേഡിയം) എന്നീ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കായിക യുവജനകാര്യാലയത്തിന് കീഴിൽ പ്രവർത്തിച്ചുവരുന്ന കായിക എഞ്ചിനീയറിംഗ് വിഭാഗത്തെ പുനർവിന്യസിച്ചുകൊണ്ട് 'സ്പോർട്സ് കേരള ഫൗണ്ടേഷൻ' എന്ന പൊതുമേഖലാ കമ്പനി 2021 ഒക്ടോബർ 1-ന് രൂപീകരിച്ചിട്ടുണ്ട്. സംസ്ഥാനത്തെ കായിക അടിസ്ഥാന സൗകര്യങ്ങളുടെ നിർമ്മാണം, പരിപാലനം, സൗകര്യ പ്രവർത്തനങ്ങൾ എന്നിവ കൈകാര്യം ചെയ്യുന്നതിനുള്ള ഒരു സംയോജിത മൂലധന നിർമ്മാണ മാനേജ്മെന്റ് കമ്പനിയായിട്ടാണ് സ്പോർട്സ് കേരള ഫൗണ്ടേഷൻ പ്രവർത്തിക്കുന്നത്. സർക്കാർ അനുമതി നൽകിയതും കായിക എഞ്ചിനീയറിംഗ് വിംഗ് നടത്തിയിരുന്ന എല്ലാ പ്രവൃത്തികളും ഏറ്റെടുത്ത് നടത്തുന്നതിനുള്ള ചുമതലയും കിഫ്ബി ധനസഹായത്തോടെ നിർമ്മിക്കുന്ന ജില്ലാ സ്റ്റേഡിയങ്ങളുടെ അറ്റകുറ്റപ്പണികളുടെ ഉത്തരവാദിത്വവും സ്പോർട്സ് കേരള ഫൗണ്ടേഷനാണ്. സ്പോർട്സ് കേരള ഫൗണ്ടേഷൻ രൂപീകൃതമായതിനുശേഷം 2021 നവംബറിൽ കോഴിക്കോട് വച്ചുനടന്ന ദേശീയ വനിതാ ഫുട്ബോൾചാമ്പ്യൻഷിപ്പിനും 2022 ഏപ്രിലിൽ മലപ്പുറത്ത് വച്ച് നടന്ന സന്തോഷ് ട്രോഫി ഫുട്ബോൾ ടൂർണ്ണമെന്റിനും ആവശ്യമായ പശ്ചാത്തല സൗകര്യങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനും

ടൂർണ്ണമെന്റുകൾ വിജകരമായി സംഘടിപ്പിക്കുന്നതിനും കഴിഞ്ഞിട്ടുണ്ട്. സംസ്ഥാനത്ത് കായിക വകുപ്പിനുകീഴിലും ഇതര സർക്കാർ സ്ഥാപനങ്ങൾക്ക് കീഴിലുമായി മുൻവർഷങ്ങളിൽ ഭരണാനുമതി നൽകിയിട്ടുള്ള ഏകദേശം 80 ലക്ഷം രൂപയുടെ കായിക ഉപകരണങ്ങളുടെ പർച്ചേസ് പൂർത്തീകരിച്ചിട്ടുണ്ട്. ഉദ്ദേശം 15 കോടി രൂപയുടെ സ്പോർട്സ് ഉപകരണങ്ങളുടെ പർച്ചേസിനുള്ള ദർഘാസ് നടപടികൾ വിവിധ ഘട്ടങ്ങളിലായി പുരോഗമിച്ചുവരുന്നു. കിഫ്ബി പദ്ധതികളുടെ എസ്.പി.വി. ആയി സ്പോർട്സ് കേരള ഫൗണ്ടേഷനെ നിയമിച്ചുകൊണ്ട് 11.05.2022-ന് സർക്കാർ ഉത്തരവായിട്ടുണ്ട്. 485 കോടി രൂപ അടങ്കൽ തുക വരുന്ന 20 പ്രവൃത്തികൾ കിഫ്ബി സാമ്പത്തിക സഹായത്തോടുകൂടി എസ്.കെ.എഫ്. മുഖേന ഏറ്റെടുത്ത് നടപ്പിലാക്കുന്നതിനും കിഫ്ബി പദ്ധതിയിൽ പൂർത്തീകരിക്കുന്ന വിവിധ സ്റ്റേഡിയങ്ങളുടെ മാനേജ്മെന്റ്/മെയിന്റനൻസ്, സ്പോർട്സ് കേരള ഫൗണ്ടേഷൻ ഏറ്റെടുക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

വനിതാ ഫുട്ബോൾ അക്കാഡമി

മുഖ്യമന്ത്രിയുടെ നൂറുദിന കർമ്മപരിപാടിയിൽ ഉൾപ്പെടുത്തി എറണാകുളം ജില്ലയിലെ പനമ്പിള്ളി നഗറിൽ വനിതകൾക്കായി ഒരു ഫുട്ബോൾ

അക്കാദമി പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ആയതിന്റെ ഭാഗമായി അണ്ടർ 14 വിഭാഗത്തിൽ ഉൾപ്പെടുന്ന വനിതാ കായികതാരങ്ങളെ തെരഞ്ഞെടുക്കുന്നതിനായി തിരുവനന്തപുരം, എറണാകുളം, കോഴിക്കോട്, എന്നീ ജില്ലകളിൽ വച്ച് സെലക്ഷൻ ട്രയൽസ് നടത്തി തെരഞ്ഞെടുക്കപ്പെട്ട 15 കായികതാരങ്ങൾക്ക് വിദഗ്ധ പരിശീലകരുടെ നേതൃത്വത്തിൽ പരിശീലനം നൽകിവരുന്നുണ്ട്. മികച്ച താമസസൗകര്യം, ഹോസ്റ്റൽ മെനുപ്രകാരം പോഷകാഹാരങ്ങൾ ഉൾപ്പെടുന്ന ഭക്ഷണം എന്നിവ നൽകുന്നതോടൊപ്പം പഠനത്തിനാവശ്യമായ സൗകര്യങ്ങളും ഒരുക്കിയിട്ടുണ്ട്.

അവശത അനുഭവിക്കുന്ന മുൻകാല കായികതാരങ്ങൾക്ക് പ്രതിമാസം 1,300 രൂപ നിരക്കിൽ അവശ കായികതാര പെൻഷൻ അനുവദിച്ചുവരുന്നുണ്ട്. ദേശീയ അന്തർദേശീയ കായിക മത്സരങ്ങളിൽ പങ്കെടുത്ത് ഒന്നും രണ്ടും മൂന്നും സ്ഥാനം നേടുന്ന കായികതാരങ്ങൾക്ക് ക്യാഷ് അവാർഡുകൾ നൽകുന്ന പദ്ധതി പ്രകാരം 2018-19 സാമ്പത്തികവർഷം വരെയുള്ള ക്യാഷ് അവാർഡുകൾ വിതരണം ചെയ്തിട്ടുണ്ട്. 2019 സാമ്പത്തിക വർഷം മുതലുള്ള ക്യാഷ് അവാർഡുകൾ വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. കേരളത്തിലെ സർവ്വകലാശാലകളിലെ

കായികതാരങ്ങളുടെ പ്രോത്സാഹനാർത്ഥം കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ ആഭിമുഖ്യത്തിൽ 2022 ജൂൺ 4, 5, 6 തീയതികളിലായി എറണാകുളത്തെ വിവിധ സ്ഥലങ്ങളിൽവച്ച് സംസ്ഥാന സ്പോർട്സ് ഗെയിംസ് മത്സരങ്ങൾ സംഘടിപ്പിച്ചിരുന്നു.

(ബി) കായിക രംഗത്തെ ഏതെല്ലാം പദ്ധതികൾക്കാണ് കിഫ്ബിയുടെ അംഗീകാരം ലഭിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

കായിക രംഗത്തെ കിഫ്ബി അംഗീകാരം ലഭിച്ച പദ്ധതികളുടെ ലിസ്റ്റ് അനുബന്ധമായി ഉൾക്കൊള്ളിച്ചിട്ടുണ്ട്.+

<u>മത്സ്യത്തൊഴിലാളികളുടെ ആളോഹരി വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതികൾ</u>

296(5420) <u>ശ്രീ. കുറുക്കോളി മൊയ്തീൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) സംസ്ഥാനത്തെ മത്സ്യത്തൊഴിലാളി കുടുംബങ്ങളുടെ പ്രതിശീർഷ വരുമാനത്തിൽ കഴിഞ്ഞ 5 വർഷത്തിനുള്ളിൽ ഉണ്ടായ മാറ്റങ്ങൾ വിശദമാക്കുമോ;

(ബി) സംസ്ഥാനത്തെ മത്സ്യത്തൊഴിലാളികളുടെ ആളോഹരി വരുമാനം വർദ്ധിപ്പിക്കുന്നതിനായി ഫിഷറീസ് വകുപ്പും അനുബന്ധ ഏജൻസികളും ആവിഷ്കരിക്കുവാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ വിശദമാക്കുമോ?

(എ & ബി) പൊതുസമൂഹവുമായി താരതമ്യം ചെയ്യുമ്പോൾ പൊതു വിഭാഗത്തിന്റെ വാർഷിക പ്രതിശീർഷ വരുമാനത്തിന്റെ പകുതിയിൽ താഴെ മാത്രമാണ് മത്സ്യത്തൊഴിലാളികളുടെ ആളോഹരി പ്രതിശീർഷ വരുമാനം. 2015-16 വർഷം പൊതുവിഭാഗത്തിന്റേത് 1,64,554 രൂപയും മത്സ്യത്തൊഴിലാളിയുടേത് 81,494 രൂപയും ആണ്. 2020-21 വർഷം പൊതുവിഭാഗത്തിന്റേത് 2,16,749 രൂപയും മത്സ്യത്തൊഴിലാളിയുടേത് 1,12,957 രൂപയും ആണ്. വിവിധ മേഖലകളിൽ പ്രത്യേകിച്ച് മത്സ്യ വിഭവ സംരക്ഷണത്തിനും വിഭവ മാനേജ്മെന്റിനും പൊതുമേഖലാ സംവിധാനം വഴി വായ്പകൾ യഥാസമയം അനുവദിച്ച ധനമാനേജ്മെന്റിൽ

ബോധവൽക്കരണം നടത്തിയും മത്സ്യത്തൊഴിലാളികളുടെ വരുമാനത്തിൽ വർദ്ധനവ് ഉണ്ടാക്കുന്നതിന് കഴിഞ്ഞിട്ടുണ്ട്.

മത്സ്യത്തൊഴിലാളി സമൂഹത്തെയും വിശിഷ്യാ മത്സ്യത്തൊഴിലാളികളെയും സാമൂഹികമായും സാമ്പത്തികമായും ഉയർത്തിക്കൊണ്ടുവരുന്നതിന് ഫിഷറീസ് വകുപ്പും അനുബന്ധ ഏജൻസികളും ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്ന വിവിധ പദ്ധതികൾ അനുബന്ധമായി ചേർക്കുന്നു.+

<u>ഗുരുവായൂർ മണ്ഡലത്തിലെ വഖഫ് ഭൂമി കയ്യേറുന്നത് തടയാൻ നടപടി</u>

297(5421) <u>ശ്രീ. എൻ. കെ. അക്ബർ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗുരുവായൂർ നിയോജകമണ്ഡലത്തിലെ ഏങ്ങണ്ടിയൂർ ഗ്രാമപഞ്ചായത്തിൽ വഖഫ് ഭൂമി അന്യാധീനമായി ആളുകൾ കയ്യേറുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) പ്രസ്തുത പഞ്ചായത്തിലെ വഖഫ് ഭൂമിയുടെ ഉടമസ്ഥത സംബന്ധിച്ച് ഏതെങ്കിലും കേസുകൾ നിലവിലുണ്ടോ; ആയതിന്റെ വിശദവിവരങ്ങൾ അറിയിക്കുമോ?

ഗുരുവായൂർ നിയോജകമണ്ഡലത്തിലെ ഏങ്ങണ്ടിയൂർ ഗ്രാമപഞ്ചായത്തിലെ അബ്ദുൾ ലത്തീഫ് ഹാജി ഇസ്മായിൽ സേട്ട് വഖഫിന്റെ ഭരണം സംബന്ധിച്ച് ബോർഡ് മുമ്പാകെ ഒ.പി 68/2020 നമ്പറായി കേസ് നിലവിലുള്ളതാണ്.

(സി) ഗുരുവായൂർ മണ്ഡലത്തിലെ വഖഫ് ഭൂമി സംരക്ഷിക്കുന്നതിന് നിലവിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

ഗുരുവായൂർ മണ്ഡലത്തിലെ ഏങ്ങണ്ടിയൂർ ഗ്രാമപഞ്ചായത്തിലെ അബ്ദുൾ ലത്തീഫ് ഹാജി ഇസ്മായിൽ സേട്ട് വഖഫിന്റെ വസ്തു പ്രദേശവാസികൾ വഴിക്കുവേണ്ടി കയ്യേറുവാൻ ശ്രമിക്കുന്നതായി വഖഫ് ബോർഡിന്റെ ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് പ്രസ്തുത വഖഫ് വസ്തുവിനു സമീപം താമസിക്കുന്നവർക്ക് വഴി ആവശ്യമുള്ളപക്ഷം വഖഫ് നിയമം അനുശാസിക്കുന്നത് പ്രകാരം മാർക്കറ്റ് വില നല്കി ടി വസ്തു സർക്കാരിന് ഏറ്റെടുക്കാവുന്നതാണെന്ന വിവരം ബന്ധപ്പെട്ട പഞ്ചായത്തിനെ ബോർഡ്

അറിയിച്ചിട്ടുള്ളതും ടി വസ്തു സംബന്ധിച്ച് സമഗ്രമായ അന്വേഷണം നടത്തുന്നതിന് ഉദ്യോഗസ്ഥരെ നിയോഗിച്ചിട്ടുള്ളതുമാണ്. കൂടാതെ പ്രസ്തുത നിയോജകമണ്ഡലത്തിലെ മറ്റൊരു വഖഫായ മാളിയേക്കൽ ചാരിറ്റബിൾ ട്രസ്റ്റിന്റെ ഉടമസ്ഥതയിലുള്ളതും വരുമാനം ചാവക്കാട് മഹല്ല് ജമാഅത്തിന് ലഭിക്കുന്നതുമായ വസ്തു അന്യാധീനപ്പെട്ടത് സംബന്ധിച്ച് തുടർനടപടി സ്വീകരിക്കുന്നതിന്റെ ഭാഗമായി വസ്തു സ്ഥിതി ചെയ്യുന്ന വില്ലേജാഫീസിലേയ്ക്ക് നിലവിലെ കൈവശക്കാരുടെ പേരുവിവരങ്ങളാവശ്യപ്പെട്ട് കത്തയച്ചിട്ടുള്ളതാണ്.

<u>മഞ്ചേരിയിലെ വഖഫ് ഡിവിഷൻ ഓഫീസിന് സ്ഥിരം കെട്ടിടം</u>

298(5422) <u>ശ്രീ. യു. എ. ലത്തീഫ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേരിയിലെ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന വഖഫ് ഡിവിഷൻ ഓഫീസ് സ്ഥിരം കെട്ടിടത്തിലേയ്ക്ക് മാറ്റി പ്രവർത്തിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

പ്രസ്തുത വിഷയം നിലവിൽ ബോർഡിന്റെ പരിഗണനയിലില്ല.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വഖഫ് ബോർഡിൽ ഏതെല്ലാം തസ്തികകളിൽ നിയമനങ്ങൾ നടത്തിയിട്ടുണ്ടെന്നും നിയമന രീതി എപ്രകാരമായിരുന്നുവെന്നും ആരെയൊക്കെ നിയമിച്ചുവെന്നും വിശദമാക്കുമോ?

റിട്ട് പെറ്റീഷൻ (സി) നം. 23682/2019-ന്മേലുള്ള കേരള ഹൈക്കോടതിയുടെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ താത്ക്കാലിക സേവനമനുഷ്ഠിച്ചുവന്ന ശ്രീമതി കദീജാ ബീവി എം.എ, ശ്രീമതി ഷമീന ബീഗം സി.ഡി. എന്നിവരെ എൽ.ഡി.ക്ലാർക്ക് തസ്തികയിലും ശ്രീമതി ബെൻസി പി.എ.-യെ എൽ.ഡി. ടൈപ്പിസ്റ്റ് തസ്തികയിലും 01.01.2022 മുതൽ വഖഫ് ബോർഡ് സർവ്വീസിൽ സ്ഥിരപ്പെടുത്തി നൽകുകയുണ്ടായി. കൂടാതെ ശ്രീ. സാൽമോൻ.പി.-യെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ പേഴ്സണൽ ഡ്രൈവർ-കം-അറ്റൻഡറായും ശ്രീ. ഷബീർ എം.-നെ ഡ്രൈവർ-കം-ഓഫീസ് അറ്റൻഡറായും താൽക്കാലികമായി ദിവസ വേതനാടിസ്ഥാനത്തിൽ വഖഫ് ബോർഡ് നിയമിച്ചിട്ടുണ്ട്.

## വഖഫ് ഭൂമി തിരിച്ച് പിടിക്കുന്നതിന് നടപടി

299(5423) ശ്രീ. പി. ടി. എ. റഹീം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചി താലൂക്ക് പള്ളിപ്പുറം, കുഴുപ്പിള്ളി വില്ലേജിൽപ്പെട്ട പഴയ സർവ്വേ 18/1-4-ൽപ്പെട്ട 404 ഏക്കർ 76 സെന്റ് വഖഫ് ഭൂമി വിൽപ്പന നടത്തിയ കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) വിദ്യാഭ്യാസ ആവശ്യത്തിന് വേണ്ടി ഫറൂഖ് കോളേജിന് നൽകിയ പ്രസ്തുത ഭൂമി തിരിച്ചുപിടിക്കുന്നതിന് എന്ത് നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

കേന്ദ്ര വഖഫ് നിയമം സെക്ഷൻ 52-ലെ വ്യവസ്ഥകൾക്കു വിധേയമായിട്ടുമാത്രമേ ഇക്കാര്യത്തിൽ തുടർനടപടികൾ സ്വീകരിക്കുകയുള്ളൂവെന്ന വിവരം വഖഫ് ബോർഡ് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(സി) ഈ വസ്തുക്കളുടെ തീരാധാരം രജിസ്റ്റർ ചെയ്ത് നൽകിയത് ആരാണെന്ന് വ്യക്തമാക്കാമോ?

പ്രസ്തുത വിശദാംശങ്ങൾ വഖഫ് ബോർഡിൽ ലഭ്യമല്ലായെന്ന വിവരം ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

കേരളാ സ്റ്റേറ്റ് വഖഫ് ബോർഡ്

300(5424) ശ്രീ. പി. ടി. എ. റഹീം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളാ സ്റ്റേറ്റ് വഖഫ് ബോർഡിന്റെ 2019 സെപ്തംബർ 19-ന് ചേർന്ന യോഗത്തിൽ വിവരാവകാശ നിയമപ്രകാരമുള്ള ചോദ്യങ്ങൾക്ക് മറുപടി നൽകുന്നത് സംബന്ധിച്ച് എന്തെങ്കിലും തീരുമാനമെടുത്തിരുന്നുവോ; വിശദാംശം ലഭ്യമാക്കുമോ;

(ബി) എങ്കിൽ ആരുടെ നിയമോപദേശത്തിന്റെ അടിസ്ഥാനത്തിലാണ് ഇത്തരമൊരു തീരുമാനമെടുത്തതെന്ന് വ്യക്തമാക്കാമോ;

(സി) വഖഫ് ബോർഡ് ഏതെങ്കിലും വിഷയത്തിൽ വ്യക്തത വരുത്തുന്നതിന് ആരുടെ നിയമോപദേശമാണ് തേടേണ്ടതെന്ന് വ്യവസ്ഥയുണ്ടോ; വിശദമാക്കാമോ?

(എ - സി) 2019 സെപ്റ്റംബർ 19-ന് കേരളാ സ്റ്റേറ്റ് വഖഫ് ബോർഡിന്റെ യോഗം ചേർന്നിട്ടില്ലാത്തതാണ്. 2019 സെപ്റ്റംബർ 17, 18 തീയതികളിൽ ചേർന്ന യോഗത്തിൽ വിവരാവകാശ നിയമപ്രകാരമുള്ള ചോദ്യങ്ങൾക്ക് മറുപടി നൽകുന്നത് സംബന്ധിച്ച വിഷയം വന്നിട്ടില്ലാത്തതാണ്.

## ഹജ്ജ് തീർത്ഥാടനം

301(5425) ശ്രീ. പി. മമ്മിക്കുട്ടി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2022-23 വർഷത്തെ ഹജ്ജ് തീർത്ഥാടനത്തിന് സംസ്ഥാന സർക്കാർ എന്തെല്ലാം സൗകര്യങ്ങൾ ലഭ്യമാക്കിയിട്ടുണ്ടെന്ന് വിശദമാക്കാമോ?

2022-23-ലെ ഹജ്ജ് ആരംഭിച്ചിട്ടില്ല. 2022 വർഷത്തെ ഹജ്ജ് തീർത്ഥാടനത്തിന് സംസ്ഥാന സർക്കാർ ഒരുക്കിയ സൗകര്യങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) 2022-23 വർഷത്തിൽ പാലക്കാട് ജില്ലയിൽ നിന്നും ഹജ്ജ് തീർത്ഥാടനത്തിന് എത്ര പേർ അപേക്ഷ നൽകിയിട്ടുണ്ടെന്ന് വിശദമാക്കാമോ?

പാലക്കാട് ജില്ലയിൽ നിന്നും 2022 ഹജ്ജിന് 555 പേർ അപേക്ഷ സമർപ്പിച്ചിട്ടുണ്ടായിരുന്നു.

## ശബരി റയിൽവേ പദ്ധതി

302(5426) ശ്രീ. ആന്റണി ജോൺ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിർദ്ദിഷ്ട ശബരി റയിൽവേ പദ്ധതിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ?

1997-98 റെയിൽവേ ബഡ്ജറ്റിൽ പ്രഖ്യാപിച്ച പദ്ധതിയാണ് അങ്കമാലി-ശബരി റെയിൽ പദ്ധതി. എറണാകുളം, കോട്ടയം, ഇടുക്കി ജില്ലകളിൽ നിന്നായി 416 ഹെക്ടർ ഭൂമിയാണ് പദ്ധതിക്കായി ആവശ്യമായിട്ടുള്ളത്. ദക്ഷിണ റെയിൽവേ 2022-23 പിങ്ക് ബുക്ക് പ്രകാരം

ശബരി റെയിൽ പദ്ധതിക്ക് കേന്ദ്ര ബഡ്ജറ്റിൽ ടോക്കൺ പ്രൊവിഷൻ മാത്രമാണ് വകയിരുത്തിയിട്ടുള്ളത്. പ്രസ്തുത റെയിൽവേ ലൈനിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് പദ്ധതി ചെലവിന്റെ 50 ശതമാനം കിഫ്ബി മുഖേന കേരള സർക്കാർ വഹിക്കുന്നതാണെന്ന് സംസ്ഥാന സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുകയും ആയത് റെയിൽവേ ബോർഡിന്റെ അറിവിലേയ്ക്കും തുടർനടപടികൾക്കുമായി നൽകുകയും ചെയ്തു. തുടർന്ന് 19.02.2021-ലെ കത്ത് മുഖേന ശബരിപാതയുടെ എസ്റ്റിമേറ്റ് പുതുക്കുന്നതിനായി കേരള റെയിൽ ഡവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് (കെ.ആർ.ഡി.സി.എൽ.)-നെ ചുമതലപ്പെടുത്തുകയും അതനുസരിച്ച് പദ്ധതിയുടെ വിശദമായ എസ്റ്റിമേറ്റ് 21.03.2022-ൽ കെ.ആർ.ഡി.സി.എൽ. റെയിൽവേയുടെ തുടർ പരിശോധനയ്ക്കും അംഗീകാരത്തിനുമായി സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. വിശദമായ എസ്റ്റിമേറ്റിന്റെ തുടർ പരിശോധന റെയിൽവേയിൽ പുരോഗമിക്കുന്നു. നിലവിൽ അങ്കമാലി-ശബരി പദ്ധതി റെയിൽവേ താൽക്കാലികമായി മരവിപ്പിച്ചിരിക്കുകയാണ്. പദ്ധതി നിർഘനീഭവിപ്പിക്കുന്നതിനും പ്രസ്തുത പ്രവൃത്തി കെ.ആർ.ഡി.സി.എൽ.-നെ

ഏൽപ്പിക്കുന്നതിനുമായി ബഹു. മുഖ്യമന്ത്രി കേന്ദ്ര റെയിൽവേ മന്ത്രിക്ക് കത്ത് നൽകിയിട്ടുണ്ട്.

(ബി) പദ്ധതി ചെലവിന്റെ പകുതി സംസ്ഥാന സർക്കാർ വഹിക്കുവാൻ തീരുമാനം എടുത്തിട്ടുണ്ടോ; വിശദമാക്കാമോ?

ഉണ്ട്. ചെലവിന്റെ 50 ശതമാനം കിഫ്ബി മുഖേന കേരള സർക്കാർ വഹിക്കുന്നതാണെന്ന് 07.01.2021-ലെ സ.ഉ(കൈ) നം. 1/2021/ഗതാ തീയതി പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(സി) ശബരി പദ്ധതിക്കായി കോതമംഗലം താലൂക്കിൽ എത്രപേരുടെ, എത്ര സ്ഥലം കല്ലിട്ട് അളന്ന് തിരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

കോതമംഗലം താലൂക്കിൽപ്പെട്ട സ്ഥലം അളന്നുതിരിച്ചിട്ടില്ല.

(ഡി) പ്രസ്തുത പാതയ്ക്കായി കഴിഞ്ഞ 20 വർഷത്തിലധികമായി കല്ലിട്ട് തിരിച്ചിട്ടുള്ള കോതമംഗലം താലൂക്കിലെയടക്കം വിവിധ സ്ഥല ഉടമകൾ ഭൂമി വിൽക്കാനോ വീട് വയ്ക്കുവാനോ കൈമാറ്റം ചെയ്യുവാനോ സാധിക്കാത്ത അവസ്ഥയുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഇതുസംബന്ധിച്ച് പൊതുജനങ്ങളിൽനിന്നും വിവിധ തരത്തിലുള്ള പരാതികളും ആക്ഷേപങ്ങളും ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുള്ളതാണ്.

(ഇ) ശബരി പാതയുമായി ബന്ധപ്പെട്ട് കോതമംഗലം താലൂക്കിലെയടക്കം സാമൂഹ്യാഘാത പഠന റിപ്പോർട്ട് പൂർത്തിയായെങ്കിലും ഹിയറിംഗ് നടക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ?

നിലവിൽ ടി പദ്ധതി മരവിപ്പിച്ചിട്ടുള്ളതാണ്. ആയതിനാൽ സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനം പൂർത്തീകരിക്കാതെ നിർത്തി വച്ചിട്ടുള്ളതാണ്.

(എഫ്) ഹിയറിംഗ് നടപടികൾ വേഗത്തിൽ പൂർത്തീകരിച്ച് ശബരിപാതയുടെ സ്ഥലമേറ്റെടുപ്പ് നടപടികൾ വേഗത്തിലാക്കി ശബരി പാത നിർമ്മാണം വേഗത്തിലാക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

അങ്കമാലി-ശബരി പദ്ധതി നിർഘനീഭവിപ്പിക്കുന്നതിനുള്ള നടപടിക്രമങ്ങൾ എത്രയുംപെട്ടെന്ന് കൈക്കൊള്ളണമെന്ന് മുഖ്യമന്ത്രി കേന്ദ്ര റെയിൽവേ വകുപ്പുമന്ത്രിയോട് അഭ്യർത്ഥിച്ചിട്ടുണ്ട്. ഇതുസംബന്ധിച്ച് അനുകൂലമായ നിലപാട് എത്രയും പെട്ടെന്ന് ലഭ്യമാകുമെന്ന് പ്രതീക്ഷിക്കുന്നു.

<u>നിലമ്പൂർ-ഷൊർണ്ണൂർ റൂട്ടിലെ ട്രെയിൻ യാത്രക്കാർ നേരിടുന്ന പ്രതിസന്ധി</u>

303(5427) <u>ശ്രീ. എ. പി. അനിൽ കുമാർ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലമ്പൂർ-ഷൊർണ്ണൂർ റൂട്ടിൽ കോവിഡ് 19-ന്റെ പശ്ചാത്തലത്തിൽ നിർത്തിവച്ച ട്രെയിനുകൾ പുനഃരാരംഭിച്ചപ്പോൾ അശാസ്ത്രീയമായ സമയക്രമംമൂലം യാത്രക്കാർ നേരിടുന്ന പ്രതിസന്ധി പരിഹരിക്കുന്നതിന് സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; അറിയിക്കുമോ?

കോവിഡ് -19 വ്യാപനത്തെ തുടർന്ന് ഭാഗികമായി നിർത്തിവച്ചിരുന്ന ട്രെയിൻ ഗതാഗതം രാജ്യത്ത് പുന:രാരംഭിച്ച സാഹചര്യത്തിൽ നിലമ്പൂർ-ഷൊർണ്ണൂർ റൂട്ടിലെ ട്രെയിൻ ഗതാഗതം പൂർണ്ണതോതിൽ ആരംഭിക്കുന്നതിനാവശ്യമായ അടിയന്തര നടപടികൾ സ്വീകരിക്കണമെന്ന്, കേന്ദ്ര-സംസ്ഥാന സർക്കാരുകളോട് ആവശ്യപ്പെട്ടുകൊണ്ട് ജില്ലാ കളക്ടർ അധ്യക്ഷനായ മലപ്പുറം ജില്ലാ വികസന സമിതി 26.02.2022-ന് പ്രമേയം പാസ്സാക്കി സർക്കാരിൽ ലഭ്യമാക്കിയിരുന്നു. പ്രസ്തുത പ്രമേയത്തിൽ സത്വര

നടപടി സ്വീകരിക്കുന്നതിന് സംസ്ഥാന സർക്കാർ റെയിൽവേയോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(ബി) കോവിഡിനുമുമ്പ് നിലമ്പൂരിൽ നിന്ന് ഷൊർണ്ണൂരിലേയ്ക്ക് പുറപ്പെട്ടിരുന്ന ട്രെയിനുകളുടെ സമയത്തിലുണ്ടായ മാറ്റംകാരണം എറണാകുളം, തിരുവനന്തപുരം, കോയമ്പത്തൂർ തുടങ്ങി വിവിധ സ്ഥലങ്ങളിലേയ്ക്ക് ഷൊർണ്ണൂരിൽ നിന്ന് കണക്ഷൻ ട്രെയിൻ ലഭിക്കാതെ വരുന്നതുമൂലം യാത്രക്കാർക്കുണ്ടാകുന്ന പ്രയാസങ്ങൾ ദൂരീകരിക്കുന്നതിന് അടിയന്തര ഇടപെടലുകൾ നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ?

കോവിഡിനുമുമ്പ് നിലമ്പൂരിൽ നിന്ന് ഷോർണ്ണൂരിലേയ്ക്ക് പുറപ്പെട്ടിരുന്ന ട്രെയിനുകളുടെ സമയത്തിലുണ്ടായ മാറ്റംകാരണം യാത്രക്കാർക്കുണ്ടാകുന്ന പ്രയാസങ്ങളെ സംബന്ധിച്ച പരാതികൾ സർക്കാരിൽ ലഭ്യമാകുകയും തുടർന്ന് പ്രസ്തുത പരാതികളിൽ നടപടി സ്വീകരിക്കുന്നതിലേയ്ക്കായി സംസ്ഥാന സർക്കാർ റെയിൽവേയോട് നിരന്തരം ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്. റെയിൽവേയുടെ ഭാഗത്തുനിന്നും അനുകൂല നടപടികൾ പ്രതീക്ഷിക്കുന്നു.

<u>ബേഡഡുക്ക ഗോട്ട് ഫാം നിർമ്മാണ പുരോഗതി</u>

304(5428) <u>ശ്രീ. സി. എച്ച്. കുഞ്ഞമ്പു</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ കൊളത്തൂർ വില്ലേജിലെ ബേഡഡുക്ക ഗോട്ട് ഫാമിന്റെ നിർമ്മാണ പുരോഗതി വിശദമാക്കാമോ?

കാസർഗോഡ് ജില്ലയിൽ കൊളത്തൂർ വില്ലേജിലെ ബേഡഡുക്ക ഗോട്ട് ഫാമിന്റെ ഓഫീസ് കെട്ടിടം, ചുറ്റുമതിൽ എന്നിവയുടെ നിർമ്മാണപ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. മോഡൽ ഷെഡ്ഡിന്റെ നിർമ്മാണം പൂർത്തിയായി വരുന്നു.

(ബി) ഈ പദ്ധതിക്ക് എത്ര രൂപയാണ് അനുവദിച്ചതെന്നും ഇതുവരെ എത്ര രൂപ ചെലവായെന്നും ഏതൊക്കെ ഇനങ്ങൾക്കാണ് തുക ചെലവഴിച്ചിട്ടുള്ളതെന്നുമുള്ള വിശദാംശം അറിയിക്കാമോ?

ഗോട്ട് ഫാമിന്റെ ചുറ്റുമതിൽ നിർമ്മാണത്തിന് ആദ്യ ഘട്ടത്തിൽ 49,99,991 രൂപയും രണ്ടാംഘട്ടത്തിൽ 1,07,000 രൂപയും ഓഫീസ് കെട്ടിട നിർമ്മാണത്തിന് 63,06,000 രൂപയും അനുവദിച്ചിരുന്നു. ടി തുക ചെലവഴിച്ച്

ഓഫീസ് കെട്ടിടം, ചുറ്റുമതിൽ എന്നിവയുടെ നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്.

(സി) പ്രസ്തുത ഗോട്ട് ഫാമിന്റെ നിർമ്മാണപ്രവൃത്തി എന്നാണ് ആരംഭിച്ചതെന്നും പ്രവൃത്തി ആരംഭിച്ചപ്പോൾ എന്ന് പൂർത്തിയാക്കാനാണ് ലക്ഷ്യമിട്ടിരുന്നതെന്നും ഇത് കൈവരിക്കാൻ സാധിച്ചിട്ടുണ്ടോയെന്നും അറിയിക്കാമോ; ഇല്ലെങ്കിൽ കാരണം വിശദമാക്കാമോ?

കാസർഗോഡ് ബേഡഡുക്ക ഗോട്ട് ഫാം നിർമ്മാണം 2019-ൽ ആരംഭിച്ചു. നിർമ്മാണപ്രവൃത്തികൾ വേഗത്തിൽ പൂർത്തീകരിക്കുവാൻ ലക്ഷ്യമിട്ടിരുന്നുവെങ്കിലും നിർമ്മാണപദ്ധതിക്ക് 2019-20 വരെ മാത്രമേ റീവാലിഡേഷൻ ലഭ്യമായിരുന്നുള്ളൂ. തുടർന്നുള്ള നിർമ്മാണ പ്രവർത്തനങ്ങൾക്ക് RKVY-യിൽ നിന്ന് ഫണ്ട് ലഭിച്ചിട്ടില്ല.

(ഡി) നിർമ്മാണപ്രവൃത്തികൾ പൂർത്തിയാക്കി പ്രസ്തുത സ്ഥാപനം എന്ന് യാഥാർത്ഥ്യമാക്കാനാവുമെന്ന് വ്യക്തമാക്കാമോ?

RKVY-യുടെ 1.77 കോടി രൂപ ലഭ്യമാകാത്തതിനാൽ ഗോട്ട് ഫാം നിർമ്മാണം പൂർത്തീകരിക്കുവാൻ കഴിഞ്ഞിട്ടില്ല. ഫാമിന്റെ അഞ്ച് ഷെഡ്ഡുകളിൽ ഒരു മോഡൽ ഷെഡ്ഡിന്റെയും അനുബന്ധ സൗകര്യങ്ങളുടെയും

നിർമ്മാണപ്രവൃത്തികൾ ഈ സാമ്പത്തിക വർഷം പൂർത്തീകരിക്കുന്നതിനുള്ള നടപടി പുരോഗമിച്ചുവരുന്നു.

<u>പൊതുമേഖലയിൽ ഹാച്ചറികൾ</u>

305(5429) <u>ശ്രീ. എച്ച്. സലാം</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തുതന്നെ ആവശ്യമായ കോഴിക്കുഞ്ഞുങ്ങളെ ഉല്പാദിപ്പിക്കാൻ കഴിയുംവിധം പൊതുമേഖലയിൽ ഹാച്ചറികൾ ആരംഭിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷന്റെ ഉടമസ്ഥതയിൽ തിരുവനന്തപുരം ജില്ലയിൽ ഒരു ഹാച്ചറിയും ഇറച്ചിക്കോഴി പ്രജനന കേന്ദ്രവും പ്രവർത്തിച്ചുവരുന്നു. വർഷംതോറും ഏകദേശം 13 ലക്ഷം ഇറച്ചിക്കോഴികളെ ഉൽപ്പാദിപ്പിച്ചു വരുന്നു. കൊല്ലം ജില്ലയിലെ കോട്ടുക്കലിൽ ഒരു പുതിയ ഇറച്ചിക്കോഴി വളർത്തൽ കേന്ദ്രവും സ്ഥാപിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

(ബി) ഇറച്ചിക്കോഴി ഉല്പാദനത്തിൽ എന്തൊക്കെ മുന്നേറ്റങ്ങളാണ് ഇക്കഴിഞ്ഞ ആറ് വർഷങ്ങളിൽ സൃഷ്ടിക്കാൻ കഴിഞ്ഞിട്ടുള്ളതെന്ന് വിശദമാക്കാമോ?

സംസ്ഥാന സർക്കാരിന്റെ കീഴിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനമായ സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷന്റെ കീഴിലുള്ള ഇറച്ചിക്കോഴി പ്രജനന കേന്ദ്രത്തിൽനിന്നും കഴിഞ്ഞ ആറ് വർഷത്തിനുള്ളിൽ ഏകദേശം 70 ലക്ഷം ഇറച്ചിക്കോഴിക്കുഞ്ഞുങ്ങളെ ഉൽപ്പാദിപ്പിച്ച് കോൺട്രാക്ട്, കുടുംബശ്രീ യൂണിറ്റുകൾക്കും ഇറച്ചിക്കോഴിവളർത്തൽ കർഷകർക്കും വിതരണം ചെയ്തിട്ടുണ്ട്. ഇറച്ചിക്കോഴിക്കുഞ്ഞുങ്ങളുടെ ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനുവേണ്ടി തിരുവനന്തപുരം ജില്ലയിലെ കുടപ്പനക്കുന്നിൽ പ്രവർത്തിക്കുന്ന ഹാച്ചറി നവീകരിക്കുകയുണ്ടായി. തത്ഫലമായി പ്രതിമാസം ഏകദേശം 50,000 ഇറച്ചിക്കോഴിക്കുഞ്ഞുങ്ങളെ അധികമായി ഉൽപ്പാദിപ്പിക്കാൻ കെപ്കോയ്ക്ക് സാധിച്ചിട്ടുണ്ട്. ഇറച്ചിക്കോഴി ഉല്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിന്റെ ഭാഗമായി മൃഗസംരക്ഷണ വകുപ്പിന്റെ കേരള ചിക്കൻ

പദ്ധതി നല്ല രീതിയിൽ വിഭാവനം ചെയ്ത് നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

കുടുംബശ്രീ കേരള ചിക്കൻ പദ്ധതിയുടെ നടത്തിപ്പിനായി, ഉല്പാദനം മുതൽ വിപണനം വരെയുള്ള എല്ലാ പ്രവർത്തനങ്ങളും ഏകോപിപ്പിക്കുന്നതിനുവേണ്ടി കുടുംബശ്രീ ബ്രോയിലർ ഫാർമേഴ്സ് പ്രൊഡ്യൂസർ കമ്പനി ലിമിറ്റഡ് എന്ന പേരിൽ പ്രൊഡ്യൂസർ കമ്പനി രൂപീകരിച്ചു. നിലവിൽ കർഷകർക്ക് ഇന്റഗ്രേഷൻ ഫീസ് (വളർത്തുകൂലി) നൽകുന്ന രീതിയിൽ കുടുംബശ്രീ ബ്രോയിലർ ഫാർമേഴ്സ് പ്രൊഡ്യൂസർ കമ്പനിയുടെ നേതൃത്വത്തിൽ കേരള ചിക്കൻ പദ്ധതി നടന്നു വരുന്നു. ഫാം ഇന്റഗ്രേഷൻ മുഖേന, വളർത്തുകൂലിയിനത്തിൽ കുടുംബശ്രീ ഇറച്ചിക്കോഴി കർഷകർക്ക് ഒരു സ്ഥിരവരുമാനം ലഭ്യമാകുന്നു. പദ്ധതിയിലൂടെ 270 കോഴികർഷകർക്ക് ഫാം മാനേജ്മെന്റ് ട്രെയിനിംഗ് നൽകാൻ സാധിച്ചിട്ടുണ്ട്. നിലവിൽ കേരള ചിക്കൻ പദ്ധതിയുടെ ഭാഗമായി കുടുംബശ്രീയുടെ നേതൃത്വത്തിൽ തിരുവനന്തപുരം, കൊല്ലം, കോട്ടയം, എറണാകുളം, തൃശ്ശൂർ, കോഴിക്കോട് എന്നീ 6 ജില്ലകളിലായി 270 ബ്രോയിലർ ഫാമുകളും 94 കേരള ചിക്കൻ ഔട്ട്ലെറ്റുകളും

പ്രവർത്തിച്ചുവരുന്നു. കോവിഡ് കാലയളവിൽ കുടുംബശ്രീ അംഗങ്ങളായ കോഴിക്കർഷകർക്കും ഔട്ട്‌ലെറ്റ് ഗുണഭോക്താക്കൾക്കും 6 കോടി രൂപയുടെ വരുമാനം ലഭ്യമാക്കുവാൻ പദ്ധതിയിലൂടെ സാധിച്ചിട്ടുണ്ട്. നാളിതുവരെ കേരള ചിക്കൻ പദ്ധതിയുടെ ഭാഗമായി കുടുംബശ്രീക്ക് ഫാം ഇന്റഗ്രേഷൻ മുഖേന 9.96 കോടി രൂപ ഇറച്ചിക്കോഴി കർഷകർക്കും 12.83 കോടി രൂപ ഔട്ട്‌ലെറ്റ് ഗുണഭോക്താക്കൾക്കും നൽകുവാൻ സാധിച്ചു. ഇതിലൂടെ 364 കുടുംബങ്ങൾക്ക് ഒരു സ്ഥിരവരുമാനം ലഭ്യമാകുന്നു. ഔട്ട്‌ലെറ്റുകൾ വഴി ശരാശരി 87,000 രൂപ ഗുണഭോക്താക്കൾക്ക് മാസവരുമാനമായും ഫാം ഇന്റഗ്രേഷൻ വഴി രണ്ട് മാസത്തിലൊരിക്കൽ ശരാശരി 50000 രൂപ കോഴി കർഷകർക്കും ലഭ്യമാകുന്നു. നിലവിൽ ഒരു ദിവസം ശരാശരി 24000 കിലോ കോഴിയിറച്ചിയുടെ വിപണനം കേരള ചിക്കൻ ഔട്ട്‌ലെറ്റ് വഴി നടക്കുന്നുണ്ട്.

<u>കിടാരി പാർക്കുകൾ ആരംഭിക്കുന്നതിനുള്ള നടപടി</u>

306(5430) <u>ശ്രീ. നജീബ് കാന്തപുരം</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എല്ലാ ജില്ലകളിലും കിടാരി പാർക്കുകൾ ആരംഭിക്കുന്ന കാര്യം പരിഗണനയിലുണ്ടോയെന്ന് വിശദമാക്കുമോ?

സംസ്ഥാനത്ത് നിലവിൽ തിരുവനന്തപുരം, പാലക്കാട്, വയനാട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ കിടാരി പാർക്കുകൾ പ്രവർത്തിക്കുന്നുണ്ട്. നടപ്പ് സാമ്പത്തികവർഷം 11 കിടാരി പാർക്കുകൾ ആരംഭിക്കുവാനാണ് ലക്ഷ്യമിടുന്നത്. ഇതിൽ ഒരെണ്ണം കുട്ടനാട് ചെമ്പുംപുറത്ത് സ്ഥിതി ചെയ്യുന്ന എലിവേറ്റഡ് ക്യാറ്റിൽ ഷെഡ് കേന്ദ്രീകരിച്ച് നടത്തുവാനാണ് ഉദ്ദേശിക്കുന്നത്. ബാക്കി 10 കിടാരി പാർക്കുകൾ വ്യക്തികൾക്കും സ്വയം സഹായ സംഘങ്ങൾക്കും ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പുകൾക്കും ഏറ്റെടുത്ത് നടത്താവുന്ന രീതിയിലാണ് പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്. ഭരണാനുമതി ലഭിക്കുന്ന മുറയ്ക്ക് പദ്ധതി നടപ്പിലാക്കുന്നതായിരിക്കും. വരുംവർഷങ്ങളിൽ ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് കൂടുതൽ കിടാരി പാർക്കുകൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ട്.

(ബി) സംസ്ഥാനത്ത് ഇപ്പോൾ എത്ര കിടാരി പാർക്കുകളുണ്ടെന്നും എവിടെയെല്ലാമാണ് ഇത് പ്രവർത്തിക്കുന്നതെന്നും വിശദമാക്കുമോ?

സംസ്ഥാനത്ത് നിലവിൽ 6 കിടാരി പാർക്കുകൾ പ്രവർത്തിക്കുന്നുണ്ട്. തിരുവനന്തപുരം ജില്ലയിൽ മേൽക്കടയ്ക്കാവൂർ ക്ഷീരസംഘം, പാലക്കാട് ജില്ലയിൽ കുമരന്നൂർ, മൂലത്തറ എന്നീ ക്ഷീരസംഘങ്ങളിലും വയനാട് ജില്ലയിൽ പുൽപ്പള്ളി ക്ഷീരസംഘം, കണ്ണൂർ ജില്ലയിൽ പേര്യർ ക്ഷീരസംഘം, കാസർഗോഡ് ജില്ലയിൽ ചിത്താരി ക്ഷീരസംഘം എന്നിവിടങ്ങളിലാണ് കിടാരി പാർക്കുകൾ പ്രവർത്തിച്ചു വരുന്നത്.

## പേവിഷബാധ നിർമ്മാർജ്ജനം

307(5431) ശ്രീ. വി. ജോയി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പേവിഷബാധ നിർമ്മാർജ്ജനത്തിനും തെരുവ് നായ്ക്കളുടെ പ്രജനന നിയന്ത്രണത്തിനുംവേണ്ടി മൃഗസംരക്ഷണ വകുപ്പ് എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കുന്നതെന്ന് വിശദമാക്കാമോ?

പേവിഷബാധ നിർമ്മാർജ്ജനത്തിനായി തദ്ദേശസ്വയംഭരണ വകുപ്പ് സ്ഥാപനങ്ങളും മൃഗസംരക്ഷണ വകുപ്പും സംയുക്തമായാണ് പദ്ധതികൾ നടപ്പിലാക്കിവരുന്നത്. റാബീസ് ഫ്രീ കേരള പദ്ധതി പ്രകാരം പേവിഷ പ്രതിരോധ പ്രവർത്തനത്തിന്റെ ഭാഗമായി മൃഗസംരക്ഷണ വകുപ്പ് നായ്ക്കളിൽ

പ്രതിരോധ കുത്തിവെയ്പ്പ് നടത്തി വരുന്നു. 2021 വർഷം 1,27,128 പേവിഷ പ്രതിരോധ കുത്തിവയ്പ്പ് ഇപ്രകാരം നായ്ക്കളിൽ നടത്തിയിട്ടുണ്ട്. ഇതുകൂടാതെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ തങ്ങളുടെ പദ്ധതിവിഹിതം ഉപയോഗിച്ച് ജനകീയാസൂത്രണ പദ്ധതിയിൽ ഉൾപ്പെടുത്തിയും പേവിഷ പ്രതിരോധ കുത്തിവയ്പ്പുകൾ നടത്തി വരുന്നു. തെരുവുനായ്ക്കളുടെ നിയന്ത്രണത്തിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളാണ് പദ്ധതി വിഹിതം നീക്കിവയ്ക്കുന്നത്. സംസ്ഥാനത്ത് 2017 മുതൽ തെരുവുനായ നിയന്ത്രണ പദ്ധതി കുടുംബശ്രീ മുഖേനയാണ് നടപ്പിലാക്കിയിരുന്നത്. കുടുംബശ്രീക്ക് അനിമൽ വെൽഫയർ ബോർഡിന്റെ അംഗീകാരം ഇല്ലാത്തതിനാൽ ഹൈക്കോടതിയിൽ നിലവിലുള്ള 19.07.2021-ലെ WP(C) No. 13204/2021 എന്ന ഇടക്കാല വിധി പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ കുടുംബശ്രീ മുഖാന്തരം ABC പദ്ധതി നടപ്പിലാക്കുന്നത് തടഞ്ഞുകൊണ്ട് ഉത്തരവുണ്ടായിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ സർക്കാർ പുറപ്പെടുവിച്ച 27.12.2021-ലെ സ.ഉ.(സാധാ)നം.474/2021/AHD പ്രകാരം കുടുംബശ്രീ മുഖേനയുള്ള ABC പ്രവർത്തനങ്ങൾ സംസ്ഥാനത്ത് നിർത്തിവയ്ക്കുകയുണ്ടായി. ഇതുകൂടാതെ കൊല്ലം, പാലക്കാട്, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ്, വയനാട് എന്നീ

ജില്ലകളിൽ മൃഗസംരക്ഷണ വകുപ്പ്, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ തുക വിനിയോഗിച്ച് ABC പ്രവർത്തനം നടത്തി വരുന്നു.

(ബി) പേവിഷബാധ നിർമ്മാർജ്ജനത്തിന് ബോധവൽക്കരണ ക്യാമ്പുകൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേന നടത്തുന്നുണ്ടോ; ഇല്ലെങ്കിൽ ആയതിനുള്ള നടപടി സ്വീകരിക്കുമോ?

പേവിഷബാധ നിർമ്മാർജ്ജനത്തിന് ബോധവൽക്കരണ ക്യാമ്പുകൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേന നടത്തിവരുന്നില്ല. എന്നാൽ മൃഗക്ഷേമ പ്രവർത്തനത്തിന്റെ ഭാഗമായി ജില്ലാ തലത്തിൽ എല്ലാ വർഷവും സംഘടിപ്പിക്കുന്ന സെമിനാറുകളിൽ ഈ വിഷയം ഉൾപ്പെടുത്തിയിട്ടുണ്ട്.

## മൊബൈൽ വെറ്ററിനറി ക്ലിനിക്ക്

308(5432) ശ്രീ. എം. രാജഗോപാലൻ: താഴെക്കാണുന്ന ചോദ്യത്തിന് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മൊബൈൽ വെറ്ററിനറി ക്ലിനിക്ക് ഏതൊക്കെ ജില്ലകളിലാണ് ആരംഭിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ; കാസർഗോഡ് ജില്ലയിൽ ഒരു

മൊബൈൽ വെറ്ററിനറി ക്ലിനിക്ക് സ്ഥാപിക്കാൻ നടപടികൾ ഉണ്ടാകുമോ; എങ്കിൽ അറിയിക്കാമോ?

ആർ.കെ.വി.വൈ. റഫ്താർ പദ്ധതിയിൽ മൂന്ന് മൊബൈൽ വെറ്ററിനറി യൂണിറ്റുകളാണ് അനുവദിച്ചിട്ടുള്ളത്. ഇവ പത്തനംതിട്ട, പാലക്കാട്, വയനാട് എന്നീ ജില്ലകളിലാണ്.

കാസർഗോഡ് ജില്ലയിൽ മൊബൈൽ വെറ്ററിനറി ക്ലിനിക്ക് സ്ഥാപിക്കുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## രോഗങ്ങൾ ഫലപ്രദമായി പ്രതിരോധിക്കുന്നതിനുള്ള നടപടി

309(5433) ശ്രീ. ജി. സ്റ്റീഫൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വളർത്തുമൃഗങ്ങളെയും കന്നുകാലികളെയും ബാധിക്കുന്ന പുതിയതരം രോഗങ്ങൾ ഫലപ്രദമായി പ്രതിരോധിക്കുന്നതിനും വ്യാപനം തടയുന്നതിനും എന്തെല്ലാം മുന്നൊരുക്കങ്ങളാണ് നടപ്പിലാക്കിയിരിക്കുന്നതെന്ന് വിശദമാക്കാമോ?

സർക്കാർ മൃഗാശുപത്രികളിൽ ദിവസേന ചികിത്സയ്ക്കായി കൊണ്ടുവരുന്ന മൃഗങ്ങളിൽ പുതിയ രോഗങ്ങൾ ഉണ്ടോ എന്ന് ഡോക്ടർമാർ നിരീക്ഷിച്ചുവരുന്നുണ്ട്. അത്തരത്തിൽ എന്തെങ്കിലും സംശയമുണ്ടെങ്കിൽ വകുപ്പിന് താഴെയുള്ള ജില്ലാ ലബോറട്ടറികൾ വഴിയും നാല് മേഖലാ ലബോറട്ടറികൾ വഴിയും രോഗനിർണ്ണയം നടത്തുവാൻ നിർദ്ദേശങ്ങൾ കൊടുത്തിട്ടുണ്ട്. രോഗനിർണ്ണയ നടപടികൾ ഏകോപിപ്പിക്കുന്നത് പാലോടുള്ള വകുപ്പിന്റെ സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ അനിമൽ ഡിസീസസും പ്രതിരോധപ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നത് അനിമൽ ഡിസീസസ് കൺട്രോൾ പ്രോജക്ട് വഴിയുമാണ്.

കേരളത്തിന്റെ അതിർത്തികളിലൂടെ അന്യസംസ്ഥാനങ്ങളിൽ നിന്ന് വരുന്ന മൃഗങ്ങളെ പരിശോധിക്കുന്നതിന് 24 മണിക്കൂറും പ്രവർത്തിക്കുന്ന ചെക്ക് പോസ്റ്റുകൾ സജ്ജമാണ്. വകുപ്പിന് കീഴിലുള്ള ലൈവ് സ്റ്റോക്ക് മാനേജ്മെന്റ് ട്രെയിനിംഗ് കേന്ദ്രങ്ങൾ വഴി കർഷകർക്കും പൊതു ജനത്തിനും മൃഗങ്ങളിൽ സാധാരണ കണ്ടുവരുന്ന രോഗങ്ങളെക്കുറിച്ചും അതിന്റെ ലക്ഷണങ്ങൾ മുൻകരുതലുകൾ പ്രതിരോധ മാർഗ്ഗങ്ങൾ

എന്നിവയെക്കുറിച്ചും മനസ്സിലാകുന്നതിനുവേണ്ടി ബോധവൽക്കരണ ക്ലാസ്സുകൾ നടത്തിവരുന്നു.

(ബി) ഇതിനായി ആരോഗ്യ വകുപ്പിന്റെയും തദ്ദേശസ്വയംഭരണ വകുപ്പിന്റെയും സംയോജിത ഇടപെടലുകൾ കൂടി സ്വീകരിച്ച് ഒരു മാസ്റ്റർപ്ലാൻ തയ്യാറാക്കാൻ ശ്രമിക്കുമോ; എങ്കിൽ അറിയിക്കാമോ?

ഏകാരോഗ്യം എന്ന ആശയം ലോകമെമ്പാടും പ്രചരിച്ചുകൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ വകുപ്പുകളുടെ ഏകോപനം അനിവാര്യമാണ്. ഇതിനായി സംസ്ഥാനതല സൂണോസിസ് കമ്മിറ്റി നിലവിൽ വന്നുകഴിഞ്ഞു. കൂട്ടായി പരിശ്രമിച്ച് ആശയവിനിമയം നടത്തി ഒരു മാസ്റ്റർപ്ലാൻ തയാറാക്കുന്നതിനായി ആലോചിച്ചിട്ടുണ്ട്.

## മൃഗസംരക്ഷണ മേഖലയിലെ പദ്ധതികൾ

310(5434) ശ്രീ. മോൻസ് ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇ-സഞ്ജീവനി പദ്ധതിയുടെ മാതൃകയിൽ മൃഗസംരക്ഷണ മേഖലയിൽ ടെലി മെഡിസിൻ പദ്ധതി വികസിപ്പിക്കുന്നതിനും വ്യാപിപ്പിക്കുന്നതിനും നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

മൃഗസംരക്ഷണ മേഖലയിൽ നിലവിൽ ഓൺലൈൻ ചികിത്സാ സൗകര്യം ലഭ്യമല്ല. ആരോഗ്യ വകുപ്പ് നടപ്പിലാക്കിയിട്ടുള്ള ടെലി മെഡിസിൻ സംവിധാനമായ "ഇ-സഞ്ജീവനി ഒപിഡി" മാതൃകയിൽ മൃഗസംരക്ഷണ വകുപ്പിലും ഒരു "ടെലി വെറ്ററിനറി ഒപിഡി" നടപ്പിലാക്കുന്നതിനായുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്.

(ബി) പുതുതായി കാലിത്തീറ്റനിർമ്മാണ ഫാക്ടറികൾ ആരംഭിക്കുന്നതിനുള്ള നടപടികളുടെ പുരോഗതി അറിയിക്കാമോ?

കേരള ഫീഡ്സിന്റെ കീഴിൽ പുതുതായി കാലിത്തീറ്റ ഫാക്ടറികൾ ഒന്നും നിർമ്മാണത്തിലില്ല. സംസ്ഥാനത്ത് കേരള ഫീഡ്സ് ലിമിറ്റഡിന്റെ കീഴിൽ പ്രവർത്തിക്കുന്ന 1750 മെട്രിക് ടൺ ഉല്പാദന ശേഷിയുള്ള 4 ഫാക്ടറികൾ- കരുനാഗപ്പള്ളി, കല്ലേറ്റുംകര, തിരുവങ്ങൂർ, അരിക്കുഴ എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്നുണ്ട്.

(സി) വളർത്തുമൃഗങ്ങളിലെ രോഗബാധമൂലം കർഷകർക്കുണ്ടാകുന്ന കഷ്ടനഷ്ടങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വളർത്തുമൃഗങ്ങളിലെ രോഗബാധമൂലം ജീവഹാനി, ഉല്പാദനക്കുറവ്, ചികിത്സയ്ക്കായി വരുന്ന ചെലവുകൾ എന്നീ കഷ്ടതകൾ കർഷകർ അഭിമുഖീകരിക്കുന്നുണ്ട്. സാധാരണയായി ബാക്ടീരിയ, വൈറസ്, ഉപാപചയ രോഗങ്ങൾവഴിയും പരാദങ്ങൾവഴിയുമാണ് മൃഗങ്ങളിൽ രോഗങ്ങളുണ്ടാകുന്നത്. അകിടുവീക്കം, തൈലേറിയാസിസ്, അനാപ്ലാസ്മോസിസ്, ടെറ്റനസ്, കീറ്റോസിസ് മുതലായ രോഗങ്ങൾ നാൽക്കാലികളിൽ കണ്ടുവരുന്നവയിൽ ഉൾപ്പെടും. പാർവാ വയറിളക്കം, ഡിസ്റ്റെംപർ മുതലായ രോഗങ്ങൾ നായ്ക്കളിൽ സാരമായ അസുഖം ഉണ്ടാക്കുന്നു.

വളർത്തുമൃഗങ്ങളിലെ രോഗബാധമൂലം കർഷകർക്കുണ്ടാകുന്ന നഷ്ടങ്ങൾ പരിഹരിക്കുന്നതിനുവേണ്ടി മൂന്ന് തരത്തിലുള്ള നടപടി സ്വീകരിച്ചുവരുന്നു:

1. വളർത്തുമൃഗങ്ങൾക്കുള്ള മൃഗചികിൽസ, പ്രതിരോധ പ്രവർത്തനങ്ങൾ എന്നിവ മൃഗാശുപത്രികളിൽ നടത്തിവരുന്നു.

2. വളർത്തുമൃഗങ്ങൾക്ക് ആവശ്യമായ ഇൻഷ്വറൻസ് പരിരക്ഷ ഏറ്റവും കുറഞ്ഞ നിരക്കിൽ വകുപ്പിന്റെ പദ്ധതിയിലുൾപ്പെടുത്തി നല്കിവരുന്നു.
3. പ്രകൃതിക്ഷോഭംമൂലമുണ്ടാകുന്ന നാശനഷ്ടങ്ങൾ, ആന്ത്രാക്സ്, പന്നിപ്പനി, പേവിഷബാധ, പി.പി.ആർ. എന്നീ രോഗങ്ങൾ ബാധിച്ച് ഉരുക്കൾ നഷ്ടപ്പെടുന്ന കർഷകർക്ക് വകുപ്പിന്റെ ദുരന്തനിവാരണ ഫണ്ടിൽ നിന്നും നഷ്ടപരിഹാരവും നല്കിവരുന്നു.

വെറ്ററിനറി സർവ്വകലാശാലയുടെ വിവിധ ആശുപത്രികൾ വഴിയും മൃഗചികിത്സാ ക്യാമ്പുകളിലൂടെയും ആവശ്യമായ ചികിത്സ ലഭ്യമാക്കുന്നുണ്ട്.

(ഡി) അസംസ്കൃത പദാർത്ഥങ്ങളുടെ വിലവർദ്ധനവുമൂലം കേരള ഫീഡ്സ് ഉല്പന്നങ്ങൾക്ക് വില വർദ്ധിപ്പിക്കാതെ വിതരണം ചെയ്യാൻ വകുപ്പ് നടപടി സ്വീകരിക്കുമോ?

കാലിത്തീറ്റ ഉല്പാദനത്തിനായി ഉപയോഗിക്കുന്ന അസംസ്കൃതവസ്തുക്കളുടെ അഭൂതപൂർവ്വമായ വിലവർദ്ധനവ് ഏതാനും നാളുകളായി തുടർന്നുവരികയാണ്. ഈ അസംസ്കൃത വസ്തുക്കൾ ഒന്നുംതന്നെ കേരളത്തിൽ ഉല്പാദിപ്പിക്കുന്നവയല്ലാത്തതിനാൽ അന്യസംസ്ഥാനത്തു നിന്നുമാണ് ലഭ്യമാക്കുന്നത്.

അസംസ്കൃതവസ്തുക്കൾക്ക് വിലവർദ്ധനവുണ്ടായിട്ടും കേരള ഫീഡ്സ് കാലിത്തീറ്റയുടെ വിലയിൽ ആനുപാതികമായി വിലവർദ്ധനവ് വരുത്തിയിട്ടില്ല. കേരള ഫീഡ്സ് ഉൽപാദിപ്പിച്ച് വിതരണം നടത്തുന്ന കേരള ഫീഡ്സ്-എലൈറ്റ്, കേരള ഫീഡ്സ്-മിടുക്കി, പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി (SLBP) എന്നീ കാലിത്തീറ്റകളുടെ വില 11.12.2019-നാണ് നിശ്ചയിച്ചിട്ടുള്ളത്. അസംസ്കൃത വസ്തുക്കളുടെ വിലയിൽ കുറവുണ്ടായപ്പോൾ എല്ലാംതന്നെ ഈ വിലയിൽ നിന്ന് കാലിത്തീറ്റയ്ക്ക് സർക്കാർ നയത്തിന് അനുസൃതമായി കമ്പനി വില കിഴിവ് നൽകിയിരുന്നു. അസംസ്കൃത വസ്തുക്കളുടെ വില ഗണ്യമായി വർദ്ധിച്ചിട്ടും നിലവിൽ കേരള ഫീഡ്സ്-മിടുക്കി കാലിത്തീറ്റയ്ക്ക് ചാക്കൊന്നിന് 20 രൂപ വിലക്കിഴിവ് കമ്പനി നൽകിവരുന്നുണ്ട്. സ്വകാര്യ മേഖലയിലെ പ്രധാന കാലിത്തീറ്റ ഉല്പാദകർ ഡിസംബർ 2020 മുതൽ മാർച്ച് 2022 വരെയുള്ള കാലയളവിൽ 8 തവണയായി കാലിത്തീറ്റയുടെ വിലയിൽ 210 രൂപയുടെ വർദ്ധനവ് വരുത്തിയിട്ടുണ്ട്. കേരള ഫീഡ്സ്-എലൈറ്റ് കാലിത്തീറ്റയ്ക്ക് സ്വകാര്യമേഖലയിലെ സമാനമായ കാലിത്തീറ്റയെക്കാൾ 135 രൂപയുടെയും ഫീഡ്സ്-മിടുക്കി കാലിത്തീറ്റയ്ക്ക് 90 രൂപയുടെയും വിലക്കുറവ് നിലവിലുണ്ട്.

ഗുണമേന്മയുള്ള കാലിത്തീറ്റ ഏറ്റവും ന്യായമായ വിലയിൽ ക്ഷീരകർഷകർക്ക് ലഭ്യമാക്കുകയെന്ന സർക്കാർ നയത്തിന്റെ അടിസ്ഥാനത്തിലാണ് അസംസ്കൃത വസ്തുക്കളുടെ വില അഭൂതപൂർവ്വമായി വർദ്ധിച്ചിട്ടുപോലും ഭീമമായ നഷ്ടം നേരിട്ടുകൊണ്ട് കേരള ഫീഡ്സ് കാലിത്തീറ്റയുടെ വില വർദ്ധിപ്പിക്കാതെ വിതരണം നടത്തി വരുന്നത്.

(ഇ) മൃഗസംരക്ഷണ വകുപ്പ് നടപ്പാക്കുന്ന ഭക്ഷ്യ സുരക്ഷിതത്വ പ്രോജക്ടിന്റെ വിശദാംശം നൽകാമോ?

ഭക്ഷ്യ സുരക്ഷിതത്വ പ്രോജക്ട് എന്ന പേരിൽ മൃഗസംരക്ഷണ വകുപ്പ് പദ്ധതികളൊന്നും നടപ്പിലാക്കുന്നില്ല.

## പൂഞ്ഞാർ മണ്ഡലത്തിലെ ക്ഷീര വികസന-മൃഗസംരക്ഷണ പദ്ധതികൾ

311(5435) ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂഞ്ഞാർ നിയോജകമണ്ഡലത്തിൽ മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുകൾ നേരിട്ടും വിവിധ ഏജൻസികൾ മുഖാന്തരവും

നടപ്പിലാക്കി വരുന്നതും നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതുമായ പദ്ധതികളുടെ വിശദവിവരം ലഭ്യമാക്കുമോ?

2022-23 വർഷത്തിൽ, പൂഞ്ഞാർ മണ്ഡലത്തിൽ ഉൾപ്പെടുന്ന ഈരാറ്റുപേട്ട, കാഞ്ഞിരപ്പള്ളി ബ്ലോക്കുകളിലേയ്ക്ക് രാത്രികാല സേവന പദ്ധതിയിൽ ഒരു വെറ്ററിനറി ഡോക്ടർ, ഒരു അറ്റൻഡന്റ് എന്നിവരെ വീതം കരാറടിസ്ഥാനത്തിൽ നിയമിച്ച് സേവനം നൽകിവരുന്നു. മൃഗസമ്പത്ത് കൂടുതലുള്ള എരുമേലി പഞ്ചായത്തിൽ വന്ധ്യതാ നിവാരണപ്രവർത്തനം പദ്ധതി നടപ്പിലാക്കുന്നുണ്ട്.

പൂഞ്ഞാർ മണ്ഡലത്തിൽ ക്ഷീരവികസന വകുപ്പ് നടപ്പിലാക്കി വരുന്ന പദ്ധതികൾ അനുബന്ധമായി ചേർത്തിരിക്കുന്നു.+

(ബി) നടപ്പിലാക്കിവരുന്ന ഓരോ പദ്ധതിക്കും അനുവദിച്ച തുക എത്രയെന്നും നിലവിലെ സ്ഥിതി സംബന്ധിച്ച വിവരവും ലഭ്യമാക്കുമോ?

<u>മൃഗസംരക്ഷണ വകുപ്പ്</u>

2022-23 സാമ്പത്തികവർഷത്തിൽ രാത്രികാല സേവനപദ്ധതിയിൽ പൂഞ്ഞാർ മണ്ഡലത്തിൽ ഉൾപ്പെടുന്ന ഈരാറ്റുപേട്ട, കാഞ്ഞിരപ്പള്ളി

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ബ്ലോക്കുകളിലേയ്ക്ക് ആദ്യ ഗഡുവായി 1,66,125 രൂപ വീതം അനുവദിച്ച് നൽകിയിട്ടുണ്ട്. വന്ധ്യതാനിവാരണ പ്രവർത്തനങ്ങൾക്കായി എരുമേലി മൃഗാശുപത്രിക്ക് 10,000 രൂപ അനുവദിച്ച് നൽകിയിട്ടുണ്ട്.

<u>ക്ഷീരവികസന വകുപ്പ്</u>

2022-23 സാമ്പത്തികവർഷത്തിൽ നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദാംശങ്ങൾ:

1. തീറ്റപ്പുൽകൃഷി- 20 സെന്റിന് മുകളിൽ- ₹ 2,91,000 (12 ഹെക്ടർ)
2. തീറ്റപ്പുൽകൃഷി- 20 സെന്റിൽ താഴെ- ₹ 10,500 (1 ഹെക്ടർ)
3. വിജ്ഞാന വ്യാപന പ്രവർത്തനങ്ങൾ- ₹ 21,000 (7 FCP)
4. കാറ്റിൽഫീഡ് സബ്സിഡി- ₹ 73,000 (മിനറൽ മിക്സ്ചർ- Govit 300 എണ്ണം, keramin - 500 എണ്ണം)
5. കന്നുകുട്ടി ദത്തെടുക്കൽ- ₹ 60,450 (13 കന്നുകുട്ടികൾക്കുള്ള ധനസഹായം)
6. പാൽ ഗുണനിലവാര ബോധവൽക്കരണ ക്ലാസ്സ്- ₹ 7,500 (ഒരു ക്ലാസ്സ്)
7. വൃക്ഷവിളകൾ - ₹ 1,750 (350 എണ്ണം)

(സി) സുഭിക്ഷ കേരളം പദ്ധതി പ്രകാരം മണ്ഡലത്തിൽ മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുകൾ നടപ്പിലാക്കിവരുന്ന പ്രവൃത്തികളുടെ വിശദാംശം ലഭ്യമാക്കുമോ?

സുഭിക്ഷ കേരളം പദ്ധതി മൃഗസംരക്ഷണ വകുപ്പോ ക്ഷീരവികസന വകുപ്പോ നേരിട്ട് നടപ്പിലാക്കുന്നില്ല. ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലൂടെയാണ് സുഭിക്ഷ കേരളം പദ്ധതി നടപ്പിലാക്കി വരുന്നത്.

## ആട് വളർത്തൽ പ്രോത്സാഹന പദ്ധതികൾ

312(5436) ശ്രീമതി ഒ. എസ്. അംബിക: താഴെക്കാണുന്ന ചോദ്യത്തിന് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് ആട് വളർത്തൽ പ്രോത്സാഹിപ്പിക്കുന്നതിനായി ആവിഷ്കരിച്ച് നടപ്പിലാക്കുന്ന പദ്ധതികൾ എന്തെല്ലാമാണ്; വ്യക്തമാക്കുമോ?

ആട് വളർത്തൽ പ്രോത്സാഹിപ്പിക്കുന്നതിന് മൃഗസംരക്ഷണ വകുപ്പ് നിലവിൽ നടപ്പിലാക്കി വരുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു.

1. ഗോട്ട് സാറ്റലൈറ്റ് പദ്ധതി

തെരഞ്ഞെടുത്ത പഞ്ചായത്തുകൾവഴി ആട് വളർത്തലിന് സബ്സിഡി സഹായം (50%) നൽകി വരുന്നു. 5 പെണ്ണാടും ഒരു ആണാടും ഉൾപ്പെടുന്ന യൂണിറ്റുകൾ സ്ഥാപിക്കുന്നതിനാണ് പദ്ധതി സഹായം നൽകുന്നത്. ഒരു യൂണിറ്റിന് 25,000 രൂപയാണ് ധനസഹായം. ആകെ 200 ലക്ഷം രൂപ പദ്ധതിക്കായി 2022-23-ൽ വകയിരുത്തിയിട്ടുണ്ട്.

2. <u>കൊമേഴ്ഷ്യൽ ഗോട്ടറി യൂണിറ്റ്</u>

ആട് വളർത്തൽ പ്രോത്സാഹിപ്പിക്കുന്നതിനായി അനിമൽ റിസോഴ്സ് ഡെവലപ്പ്മെന്റ് പദ്ധതിയുടെ കീഴിൽ കൊമേഴ്ഷ്യൽ ഗോട്ടറി യൂണിറ്റ് (വ്യാവസായിക അടിസ്ഥാനത്തിൽ ആട് വളർത്തൽ പദ്ധതി) പദ്ധതി നടപ്പിലാക്കി വരുന്നു. 19 പെണ്ണാടും ഒരു ആണാടും അടങ്ങിയ ഒരു യൂണിറ്റിന് 1,00,000 രൂപ വീതം കർഷകന് ധനസഹായം നൽകുന്നു. 2022-23-ൽ 240 യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് 240 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

<u>കെ.എൽ.ഡി. ബോർഡ് നടപ്പിലാക്കി വരുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു:</u>

1.<u>ആടുകളുടെ കൃതിമ ബീജാദാനത്തിനായി ഗാഢശീതീകരിച്ച ബീജമാത്രകളുടെ ഉൽപ്പാദനവും വിതരണവും</u>

വംശഗുണവും ജനിതകമേന്മയേറിയതുമായ മലബാറി ആടുകളെ സംരക്ഷിച്ച് ഇവയുടെ ഗാഢശീതീകരിച്ച ബീജം ഉൽപ്പാദിപ്പിച്ച് സംസ്ഥാനത്തൊട്ടാകെ വിതരണം ചെയ്തുവരുന്നു. ഇതിനുവേണ്ടി ധോണി ഫാമിലെ ആട് പ്രജനന കേന്ദ്രത്തിൽ ഗാഢശീതീകരിച്ച ബീജം ഉൽപ്പാദിപ്പിക്കുന്നു. 2021-22 സാമ്പത്തികവർഷത്തിൽ 88697 ഡോസ് ഗാഢശീതീകരിച്ച ബീജമാത്രകൾ ഉൽപ്പാദിപ്പിച്ചിട്ടുണ്ട്. ഇത് ആവശ്യാനുസരണം ക്ഷീരകർഷകർക്ക് കൃത്രിമ ബീജാദാന കേന്ദ്രങ്ങൾ വഴി വിതരണം ചെയ്തു വരുന്നു.

2. മലബാറി ആടുകളുടെ സംരക്ഷണവും മെച്ചപ്പെടുത്തലും

കേരളത്തിന്റെ തനത് ജനുസ്സായ മലബാറി ആടുകളുടെ സംരക്ഷണത്തിനും വർഗ്ഗോദ്ധാരണത്തിനും, മലബാറി ആടുകളുടെ ഫീൽഡ് പെർഫോർമൻസ് രേഖപ്പെടുത്തി മെച്ചപ്പെട്ട മലബാറി ആടുകളെ തെരഞ്ഞെടുക്കുന്നതിനുള്ള പദ്ധതി നടപ്പിലാക്കിവരുന്നു. ദേശീയ കന്നുകാലി മിഷൻ പദ്ധതിയുടെ കീഴിൽ ആടുകളിൽ കൃത്രിമ ബീജാധാനം നടത്തുന്നതിനുള്ള പരിശീലനം മൃഗസംരക്ഷണ വകുപ്പിലെ വെറ്ററിനറി ഡോക്ടർമാർക്കും ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർമാർക്കും നൽകിവരുന്നു. പരിശീലനം പൂർത്തീകരിക്കുന്ന മുറയ്ക്ക് ബന്ധപ്പെട്ട ബീജാധാന കേന്ദ്രങ്ങളിൽ ഗോട്ട് എ.ഐ. ഉപകരണങ്ങൾ

ബോർഡ് ലഭ്യമാക്കുന്നു. കൂടാതെ ഗാഢശീതീകരിച്ച ആട് ബീജമാത്രകളും കെ.എൽ.ഡി. ബോർഡിൽനിന്നും ലഭ്യമാക്കിവരുന്നു.

## വൈപ്പിൻ മണ്ഡലത്തിലെ പദ്ധതികൾ

313(5437) <u>ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ</u>: താഴെക്കാണുന്ന ചോദ്യത്തിന് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2022-23 ബഡ്ജറ്റിൽ അടങ്കൽ തുകയുടെ ഇരുപത് ശതമാനം വകയിരുത്തിയിട്ടുള്ള വൈപ്പിൻ മണ്ഡലത്തിലെ വൈപ്പിൻ ബ്ലോക്കിന് കീഴിൽ ആംബുലേറ്ററി ലാബും വന്ധ്യതാ ക്ലിനിക്കും ചാണക സംസ്കരണ യൂണിറ്റും ആരംഭിക്കുന്ന പദ്ധതിക്ക് ഭരണാനുമതി ലഭ്യമാക്കുന്നതിനായി സ്വീകരിച്ച നടപടി വിശദമാക്കാമോ?

2022-23 വർഷത്തെ ബഡ്ജറ്റിനോടനുബന്ധിച്ചുള്ള മൃഗസംരക്ഷണ വകുപ്പിന്റെ വാർഷിക പദ്ധതിരേഖയിൽ ടി പദ്ധതി ഉൾപ്പെട്ടിട്ടില്ല.

<u>കന്നുകുട്ടി പരിപാലനത്തിനായുള്ള പദ്ധതികൾ</u>

314(5438) <u>ശ്രീമതി ശാന്തകുമാരി കെ.</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കന്നുകുട്ടി പരിപാലനത്തിനായി നടപ്പിലാക്കി വരുന്ന പദ്ധതികൾ വ്യക്തമാക്കാമോ?

മൃഗസംരക്ഷണ വകുപ്പ് നടപ്പിലാക്കി വരുന്ന കന്നുകുട്ടി പരിപാലന പദ്ധതികൾ ഗോവർദ്ധിനി, കാഫ് അഡോപ്ഷൻ പ്രോഗ്രാം (CAP) എന്നിവയാണ്.

(ബി) ഈ സർക്കാർ അധികാരത്തിൽവന്ന ശേഷം പ്രസ്തുത പദ്ധതികൾ പ്രകാരം എത്ര കന്നുകുട്ടികളെ ഏറ്റെടുത്തിട്ടുണ്ടെന്നും അതിനായി എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്നും വ്യക്തമാക്കാമോ?

1) ഈ സർക്കാർ അധികാരത്തിൽവന്ന ശേഷം ഗോവർദ്ധിനി പദ്ധതി പ്രകാരം 21,157 കന്നുകുട്ടികളെ ഏറ്റെടുത്തിട്ടുണ്ട്. അതിനായി 41,83,75,622 രൂപ ചെലവഴിച്ചിട്ടുണ്ട്.

2) ഈ സർക്കാർ അധികാരത്തിൽവന്ന ശേഷം CAP പദ്ധതി പ്രകാരം 21,590 കന്നുകുട്ടികളെ ഏറ്റെടുത്തിട്ടുണ്ട്, അതിനായി 6,14,30,479 രൂപ ചെലവഴിച്ചിട്ടുണ്ട്.

<u>പശു, ആട്, പോത്ത്, കോഴി എന്നിവ വളർത്താൻ പദ്ധതി</u>

315(5439) <u>ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പശു, ആട്, പോത്ത്, കോഴി എന്നിവയെ വളർത്തുന്നതിനായി മൃഗസംരക്ഷണ വകുപ്പിന്റെ നേതൃത്വത്തിൽ നടപ്പിലാക്കിവരുന്ന പദ്ധതികൾ എന്തൊക്കെയെന്ന് അറിയിക്കാമോ?

<u>മൃഗസംരക്ഷണ വകുപ്പ് മുഖേന നടപ്പാക്കുന്ന പദ്ധതികൾ</u>

1. ഗോവർദ്ധിനി പദ്ധതി -കന്നുകുട്ടി പരിപാലന പദ്ധതി

2. ഗോസമൃദ്ധി-സമഗ്ര കന്നുകാലി ഇൻഷ്വറൻസ് പദ്ധതി

3. രാത്രികാല അടിയന്തര വെറ്ററിനറി സേവനം പദ്ധതി

4. കർഷക പരിശീലന പരിപാടികൾ

5. വെറ്ററിനറി സേവനം

6. വൈഡ്(വിമൺ ഇൻ ഡയറി എന്റർപ്രണർഷിപ്പ്)

7. ആട് വളർത്തൽ യൂണിറ്റുകൾ

8. വാണിജ്യാടിസ്ഥാനത്തിൽ ആട് വളർത്തൽ

9. മാംസാവശ്യത്തിനായി പോത്തുകുട്ടി വളർത്തൽ പദ്ധതി

10.ബാക്ക്യാർഡ് പൗൾട്രി ഡെവലപ്പ്മെന്റ് പ്രോഗ്രാം

കേരള സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷൻ (കെപ്കോ)

വനിതാമിത്രം, കൂട്ടം കോഴിയും പദ്ധതി, കോൺട്രാക്ട് കുടുംബശ്രീ കോഴി വളർത്തൽ പദ്ധതി, മുട്ടക്കോഴി ഇന്റഗ്രേഷൻ പദ്ധതി.

മീറ്റ് പ്രോഡക്ട്സ് ഓഫ് ഇന്ത്യ ലിമിറ്റഡ്

1) പോത്ത്/കാള കുട്ടികളെ ഇറച്ചി ആവശ്യത്തിന് വളർത്തിയെടുക്കാനുള്ള ഒരു പദ്ധതി 23 കോടി രൂപ മുതൽമുടക്കിൽ മീറ്റ് പ്രോഡക്ട്സ് ഓഫ് ഇന്ത്യ തുടങ്ങുന്നതാണ്. ഇതിനായി 2022-23 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ആദ്യ ഗഡുവായി 16 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

2) മീറ്റ് പ്രോഡക്ട്സ് ഓഫ് ഇന്ത്യയും വനിതാ വികസന കോർപ്പറേഷനും കൂടി സഹകരിച്ച് ഇറച്ചി ആവശ്യത്തിനുള്ള പോത്തിൻകുട്ടികളെ വളർത്താൻ കൊടുത്ത് തിരിച്ചുവാങ്ങാനുള്ള പദ്ധതി.

ഒരു വനിതാ സംരംഭകയ്ക്ക് 5 പോത്തിൻകുട്ടികളെ വളർത്താൻ കൊടുത്ത് വളർച്ചയെത്തുമ്പോൾ എം.പി.ഐ. തിരിച്ചു വാങ്ങും. സംരംഭകർക്ക് ഒറ്റയ്ക്കോ ഗ്രൂപ്പായോ ഇതിനുള്ള അപേക്ഷ വനിതാവികസന കോർപ്പറേഷന് വായ്പ അനുവദിക്കാൻ നൽകണം. ഒരാൾക്ക് ഒരു ലക്ഷം രൂപയാണ് വായ്പ.

(ബി) പ്രസ്തുത പദ്ധതികൾക്കായി ഏത് വിധത്തിലാണ് കർഷകർ അപേക്ഷിക്കേണ്ടതെന്ന് അറിയിക്കാമോ?

മൃഗസംരക്ഷണ വകുപ്പ് നടത്തുന്ന പദ്ധതികൾക്കായി അടുത്തുള്ള മൃഗാശുപത്രികൾ വഴിയാണ് അപേക്ഷിക്കേണ്ടത്.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി സഹകരിച്ച് നടപ്പാക്കുന്ന പദ്ധതികൾക്കുള്ള അപേക്ഷകൾ സമർപ്പിക്കുന്നതിന് പദ്ധതി നടപ്പാക്കുന്ന ബന്ധപ്പെട്ട പഞ്ചായത്തുകളുമായി ബന്ധപ്പെടേണ്ടതാണ്. കെപ്കോ

മുട്ടക്കോഴി ഇന്റഗ്രേഷൻ പദ്ധതി പ്രകാരം ഫാം നടത്താൻ ആഗ്രഹിക്കുന്ന കർഷകർ കെപ്കോ മാനേജിംഗ് ഡയറക്ടർക്ക് അപേക്ഷ നൽകേണ്ടതാണ്.

പോത്ത് ഗ്രാമം/ആട് ഗ്രാമം പദ്ധതി പ്രകാരവും കർഷകർക്ക് ഒറ്റയ്ക്കും ഗ്രൂപ്പായും സംരംഭകരാകാം. ഇതിനായി കിസാൻ ക്രെഡിറ്റ് സമ്പ്രദായത്തിൽ അക്രെഡിറ്റഡ് ബാങ്കുകൾ വഴി മൈക്രോഫിനാൻസ് തരപ്പെടുത്തി നൽകും. നിലവിലുള്ള പലിശനിരക്ക് (4%) മൃഗസംരക്ഷണ വകുപ്പ് സബ്സിഡിയായി നൽകുന്ന കാര്യം പരിഗണനയിലാണ്. ഇതിനായി കർഷകർ കിസാൻ ക്രെഡിറ്റ് കാർഡ് കരസ്ഥമാക്കി അംഗീകൃത ബാങ്കുകൾക്ക് അപേക്ഷ എം.പി.ഐ. മുഖാന്തരം നൽകണം. വളർച്ചയെത്തുന്ന മൃഗങ്ങളെ എം.പി.ഐ. വിലയ്ക്ക് തിരിച്ചെടുക്കും.

(സി) പ്രസ്തുത പദ്ധതികൾ വഴി കൃഷിക്കാരന് ലഭ്യമാകുന്ന ആനുകൂല്യങ്ങൾ എന്തൊക്കെയെന്ന് അറിയിക്കാമോ?

മൃഗസംരക്ഷണ വകുപ്പിന്റെ പദ്ധതികൾ വഴി കൃഷിക്കാരന് ലഭ്യമാകുന്ന ആനുകൂല്യങ്ങൾ അനുബന്ധം 'എ' ആയും കെപ്കോ പദ്ധതികളിലൂടെ ലഭ്യമാകുന്ന ആനുകൂല്യങ്ങൾ അനുബന്ധം 'ബി' ആയും ചേർത്തിരിക്കുന്നു.+

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

മീറ്റ് പ്രോഡക്ട്സ് ഓഫ് ഇന്ത്യ നൽകുന്ന ആനുകൂല്യങ്ങൾ

1. ലഘുവായ പലിശനിരക്കിൽ വായ്പ ലഭിക്കുന്നു.
2. സൗജന്യ വെറ്ററിനറി വൈദ്യസഹായം ലഭ്യമാക്കും.
3. മൃഗപരിപാലനത്തിനുള്ള പരിശീലനം സംരംഭകർക്ക് നൽകും.
4. മൃഗങ്ങൾക്കുള്ള ഇൻഷ്വറൻസ് ഏർപ്പെടുത്തി നഷ്ടപരിഹാരം ലഭ്യമാക്കും.
5. പലിശ സബ്സിഡിയായി സർക്കാർ വഹിക്കാനുള്ള നടപടി സ്വീകരിക്കും.

കന്നുകാലി ജനുസുകളെ സംരക്ഷിക്കാൻ നടപടി

316(5440) ശ്രീമതി ശാന്തകുമാരി കെ.: താഴെക്കാണുന്ന ചോദ്യത്തിന് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വംശനാശം സംഭവിച്ചുകൊണ്ടിരിക്കുന്ന കന്നുകാലി ജനുസുകളെ സംരക്ഷിക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ വ്യക്തമാക്കാമോ?

വെച്ചൂർ, കാസർഗോഡ് കുള്ളൻ പശുക്കളുടെ സംരക്ഷണത്തിനും വംശവർദ്ധനവിനുമായി എ.ഐ. സെന്ററുകൾ വഴി വെച്ചൂർ, കാസർഗോഡ് കുള്ളൻ ജനുസ്സ് ബീജമാത്രകൾ വിതരണം ചെയ്തുവരുന്നു. ഓണാട്ടുകര വികസന ഏജൻസി കെ.എൽ.ഡി. ബോർഡുമായി സഹകരിച്ച് സ്കൂൾ കുട്ടികൾക്ക് കാസർഗോഡ് കുള്ളൻ പശുകുട്ടികളെ വിതരണം ചെയ്തിട്ടുണ്ട്. കുട്ടമ്പുഴ കുള്ളൻ കാലികൾ കൂടുതലുള്ള എറണാകുളം ജില്ലയിലെ കോടനാട്, അയ്യമ്പുഴ, കൊമ്പനാട്, കുട്ടമ്പുഴ എന്നീ വെറ്ററിനറി ഡിസ്പെൻസറികളിലേയ്ക്കും കാലടി, കോട്ടപ്പടി എന്നീ മൃഗാശുപത്രികളിലേയ്ക്കും ഇൻഡന്റ് ചെയ്യുന്ന മുറയ്ക്ക് തന്നെ കുട്ടമ്പുഴ കുള്ളൻ ഇനം സെമൻ ലഭ്യമാക്കുവാൻ വേണ്ട നടപടി സ്വീകരിച്ചിട്ടുണ്ട്. വയനാടൻ കുള്ളൻ പശുക്കളുടെ സംരക്ഷണത്തിനായി ഈയിനം കാലികൾ കൂടുതലായി കാണപ്പെടുന്ന വയനാട് ജില്ലയിലെ മുത്തങ്ങ, പുൽപ്പള്ളി എന്നിവിടങ്ങളിൽ നിന്നും വയനാടൻ കുള്ളൻ കാലികളെ കണ്ടെത്തി ഉരുക്കളുടെ രക്തം ശേഖരിച്ച് ഡി.എൻ.എ. വേർതിരിച്ചെടുത്ത് കെ.എൽ.ഡി. ബോർഡിലെ സെന്റർ ഫോർ അപ്ലൈഡ് ലൈവ്സ്റ്റോക്ക് ജീനോമിക് ലാബിൽ karyo typing & Genotyping പഠനം തുടങ്ങിയിട്ടുണ്ട്. വില്വാദ്രി ഇനം പശുക്കളുടെ സംരക്ഷണത്തിനും

വംശവർദ്ധനവിനും വേണ്ടിയുള്ള നടപടികൾ സ്വീകരിക്കുവാൻ കെ.എൽ.ഡി. ബോർഡ് പാലക്കാട് ധോണി ഫാം മാനേജരെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

അനിമൽ ബർത്ത് കൺട്രോൾ പദ്ധതി

317(5441) ശ്രീ. പി. വി. അൻവർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തെരുവുനായ്ക്കളുടെ വന്ധ്യംകരണം നടത്താൻ കേന്ദ്ര അനിമൽ വെൽഫയർ ബോർഡിന്റെ അംഗീകാരമുള്ള ഏതെങ്കിലും സംഘടന പ്രവർത്തിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ; കേന്ദ്ര അംഗീകാരത്തിനായി സ്റ്റേറ്റ് അനിമൽ വെൽഫയർ ബോർഡ് അനുമതി നൽകിയ ഏതെല്ലാം സംഘടനകളാണ് അപേക്ഷ സമർപ്പിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ?

സംസ്ഥാനത്ത് തെരുവുനായ്ക്കളുടെ വന്ധ്യംകരണം നടത്താൻ തിരുവനന്തപുരം ജില്ലയിലെ വിഴിഞ്ഞത്ത് പ്രവർത്തിക്കുന്ന സ്ട്രീറ്റ് ഡോഗ് വാച്ച് അസോസിയേഷൻ എന്ന മൃഗക്ഷേമ സംഘടനയ്ക്ക് അനുമതി ലഭിച്ചിട്ടുണ്ട്. അനിമൽ വെൽഫെയർ ബോർഡ് ഓഫ് ഇന്ത്യയുടെ

അംഗീകാരത്തിനായി കുടുംബശ്രീ, ഇന്ത്യൻ വെറ്ററിനറി അസോസ്സിയേഷൻ എന്നീ സംഘടനകൾ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.

(ബി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അനിമൽ ബർത്ത് കൺട്രോൾ പദ്ധതി നേരിട്ട് ഏറ്റെടുത്ത് ചെയ്യുന്നതിന് നിയമപരമായ തടസ്സങ്ങളുണ്ടോയെന്ന് വ്യക്തമാക്കാമോ; എങ്കിൽ പ്രസ്തുത തടസ്സം പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ; തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ കരാർ അടിസ്ഥാനത്തിൽ ഡോക്ടർമാരെ നിയമിച്ചാൽ മൃഗസംരക്ഷണ വകുപ്പിന് ഇക്കാര്യം നേരിട്ട് ഏറ്റെടുക്കാനാകുമോ; വിശദാംശം അറിയിക്കാമോ?

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അനിമൽ ബർത്ത് കൺട്രോൾ പദ്ധതി നേരിട്ട് ഏറ്റെടുത്ത് ചെയ്യുന്നതിന് നിയമപരമായ തടസ്സങ്ങളില്ല. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ കരാർ അടിസ്ഥാനത്തിൽ ഡോക്ടർമാരെ നിയമിച്ചാൽ മൃഗസംരക്ഷണ വകുപ്പിന് ഇക്കാര്യം നേരിട്ട് ഏറ്റെടുക്കുന്ന കാര്യം പരിശോധിക്കാവുന്നതാണ്.

(സി) സംസ്ഥാനത്ത് മൃഗസംരക്ഷണ വകുപ്പ് നേരിട്ട് എ.ബി.സി. പ്രോഗ്രാം ചെയ്യുന്ന ജില്ലകളുണ്ടോ; വ്യക്തമാക്കാമോ; പ്രസ്തുത ജില്ലകളിൽ ഉദ്ദേശിച്ച ലക്ഷ്യം കൈവരിക്കാനായോ എന്ന് അറിയിക്കാമോ?

കൊല്ലം, പാലക്കാട്, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ്, വയനാട് എന്നീ ജില്ലകളിൽ തദ്ദേശസ്വയംഭരണ വകുപ്പിന്റെ പദ്ധതി വിഹിതം ഉപയോഗിച്ച് മൃഗസംരക്ഷണ വകുപ്പ്, എബിസി പദ്ധതി നടപ്പിലാക്കുന്നുണ്ട്. ഉദ്ദേശിച്ച ലക്ഷ്യത്തിലേയ്ക്കാണ് പദ്ധതി നീങ്ങുന്നത്.

(ഡി) പ്രസ്തുത പ്രോഗ്രാം ഏറ്റെടുത്ത് ചെയ്യാമെന്ന് വെറ്ററിനറി ഡോക്ടർമാരുടെ സംഘടന സർക്കാരിനെ രേഖാമൂലം അറിയിച്ചിട്ടുണ്ടോ; ഇക്കാര്യത്തിൽ അനുമതി നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ നൽകുമോ; വിശദമാക്കാമോ?

ഉണ്ട്. എ.ബി.സി. പദ്ധതി ഏറ്റെടുത്ത് ചെയ്യുന്നതിന് അനുമതി ലഭിക്കുന്നതിന് ഇന്ത്യൻ വെറ്ററിനറി അസോസിയേഷൻ, അനിമൽ വെൽഫെയർ ബോർഡ് ഓഫ് ഇന്ത്യയ്ക്ക് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. അനിമൽ വെൽഫെയർ ബോർഡ് ഓഫ് ഇന്ത്യയിൽ നിന്ന് അനുമതി ലഭിച്ചിട്ടില്ല.

(ഇ) സംസ്ഥാനത്ത് തെരുവുനായ്ക്കളുടെ ശല്യവും പേവിഷബാധയും തടയുന്നതിന് മൃഗസംരക്ഷണ വകുപ്പ് ആവിഷ്കരിച്ചിട്ടുള്ള പദ്ധതികളുടെ വിശദാംശം ലഭ്യമാക്കാമോ?

പേവിഷബാധ നിർമ്മാർജ്ജനത്തിനായി തദ്ദേശസ്വയംഭരണ വകുപ്പ് സ്ഥാപനങ്ങളും മൃഗസംരക്ഷണ വകുപ്പും സംയുക്തമായാണ് പദ്ധതികൾ നടപ്പിലാക്കി വരുന്നത്. പേവിഷ പ്രതിരോധ പ്രവർത്തനത്തിന്റെ ഭാഗമായി മൃഗസംരക്ഷണ വകുപ്പ് നായ്ക്കളിൽ റാബീസ് ഫ്രീ കേരള പദ്ധതി പ്രകാരം പ്രതിരോധ കുത്തിവയ്പ്പ് നടത്തിവരുന്നു. 2021 വർഷം 1,27,128 പേവിഷ പ്രതിരോധ കുത്തിവയ്പ്പ് ഇപ്രകാരം നായ്ക്കളിൽ നടത്തിയിട്ടുണ്ട്. ഇതുകൂടാതെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ തങ്ങളുടെ പദ്ധതി വിഹിതം ഉപയോഗിച്ച് ജനകീയാസൂത്രണ പദ്ധതിയിൽ ഉൾപ്പെടുത്തിയും പേവിഷ പ്രതിരോധ കുത്തിവയ്പ്പുകൾ നടത്തി വരുന്നു. തെരുവുനായ്ക്കളുടെ നിയന്ത്രണത്തിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളാണ് പദ്ധതി വിഹിതം നീക്കിവയ്ക്കുന്നത്. സംസ്ഥാനത്ത് 2017 മുതൽ തെരുവുനായ നിയന്ത്രണ പദ്ധതി കുടുംബശ്രീ മുഖേനയാണ് നടപ്പിലാക്കിയിരുന്നത്. കുടുംബശ്രീക്ക് അനിമൽ വെൽഫയർ ബോർഡിന്റെ അംഗീകാരം ഇല്ലാത്തതിനാൽ ഹൈക്കോടതിയിൽ

നിലവിലുള്ള 19.07.2021-ലെ WP(C) No. 13204/2021 എന്ന ഇടക്കാല വിധി പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ കുടുംബശ്രീ മുഖാന്തരം ABC പദ്ധതി നടപ്പിലാക്കുന്നത് തടഞ്ഞുകൊണ്ട് ഉത്തരവുണ്ടായിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ സർക്കാർ പുറപ്പെടുവിച്ച 27.12.2021-ലെ സ.ഉ. (സാധാ)നം.474/2021/AHD നമ്പർ ഉത്തരവ് പ്രകാരം കുടുംബശ്രീ മുഖേനയുള്ള ABC പ്രവർത്തനങ്ങൾ സംസ്ഥാനത്ത് നിർത്തിവയ്ക്കുകയുണ്ടായി. കൊല്ലം, പാലക്കാട്, കോഴിക്കോട്, കണ്ണൂർ, കാസർ ഗോഡ്, വയനാട് എന്നീ ജില്ലകളിൽ മൃഗസംരക്ഷണ വകുപ്പ്, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ തുക വിനിയോഗിച്ച് എ.ബി.സി. പ്രവർത്തനം നടത്തി വരുന്നു.

## പാൽ ഉല്പന്നങ്ങളുടെ ഗുണനിലവാര പരിശോധന

318(5442) ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇതര സംസ്ഥാനങ്ങളിൽ ഉല്പാദിപ്പിച്ച് കേരളത്തിൽ വിൽപ്പന നടത്തിക്കൊണ്ടിരിക്കുന്ന പാക്കറ്റ് പാലിന്റെയും പാൽ ഉല്പന്നങ്ങളുടെയും ഗുണനിലവാരം പരിശോധിക്കുന്നതിനുള്ള സംവിധാനങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ?

സംസ്ഥാനത്ത് വിതരണം ചെയ്യുന്ന പാലിന്റെ ഗുണനിലവാരം പരിശോധിക്കുന്നതിന് 14 ജില്ലകളിലും വിറ്റഴിക്കുന്ന പാലിന്റെ സാമ്പിൾ ശേഖരിച്ച് അതത് ജില്ലകളിലെ ക്വാളിറ്റി കൺട്രോൾ ഓഫീസർമാർ പരിശോധന നടത്തുന്നുണ്ട്. സംസ്ഥാനത്തിന്റെ അതിർത്തിപ്രദേശങ്ങളായ മീനാക്ഷിപുരം, ആര്യങ്കാവ്, പാറശ്ശാല എന്നിവിടങ്ങളിൽ പാലും പാലുല്പന്നങ്ങളും പരിശോധിക്കുന്നതിനുവേണ്ടി സ്ഥിരം സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ വിശേഷദിവസങ്ങളിൽ സംസ്ഥാനത്തിന് പുറത്തുനിന്നും വരുന്ന പാലിന്റെയും പാലുല്പന്നത്തിന്റെയും ഗുണനിലവാരം പരിശോധിക്കുന്നതിനായി താൽക്കാലിക ഗുണനിയന്ത്രണ ലാബുകൾ സംസ്ഥാന അതിർത്തിയിൽ സ്ഥാപിച്ച് ഗുണനിലവാരം പരിശോധിച്ച് ഉറപ്പാക്കാറുണ്ട്.

(ബി) സംസ്ഥാനത്ത് പാൽ ഉല്പാദനം വർദ്ധിപ്പിക്കാൻ സ്വീകരിച്ചുവരുന്ന നടപടികൾ വ്യക്തമാക്കാമോ?

പാലുല്പാദനത്തിൽ സ്വയം പര്യാപ്തതയ്ക്ക് അടുത്തെത്താൻ കഴിഞ്ഞ നേട്ടം സുസ്ഥിരമാക്കുന്നതിനായി ക്ഷീരവികസന വകുപ്പിന്റെ മിൽക്ക് ഷെഡ് ഡെവലപ്പ്മെന്റ് പദ്ധതിയിൽ സർക്കാർ സബ്സിഡിയോടെ ഉരുക്കളെ

വാങ്ങി നൽകുന്ന പദ്ധതികൾ ഉൾപ്പെടുത്തിയിട്ടുണ്ട്. കിടാരി പാർക്ക്, ക്ഷീര ഗ്രാമം എന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നു.

കാലിത്തീറ്റ സബ്സിഡി- ക്ഷീരസംഘങ്ങൾ മുഖേന സബ്സിഡി നിരക്കിൽ പച്ചപ്പുല്ലും വൈയ്ക്കോലും കർഷകർക്ക് നൽകുന്ന പദ്ധതി കൂടാതെ വിവിധ തീറ്റപ്പുൽകൃഷി വികസന പദ്ധതികളും ക്ഷീരവികസന വകുപ്പ് നടപ്പിലാക്കിയിട്ടുണ്ട്. സർക്കാർ സ്വീകരിച്ചുവരുന്ന ശാസ്ത്രീയ പ്രജനന നയവും മെച്ചപ്പെട്ട ചികിത്സാ സൗകര്യങ്ങളും സംസ്ഥാനത്ത് പാൽ ഉല്പാദനം വർദ്ധിക്കാൻ കാരണമായിട്ടുണ്ട്. മിൽമയുടെ മേഖലാ യൂണിയനുകൾ ഉല്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനുവേണ്ടിയും പാലുല്പാദനത്തിൽ സുസ്ഥിരത കൈവരിക്കുന്നതിനുവേണ്ടിയും വിവിധ തരത്തിലുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നുണ്ട്. ഇതുമൂലം പാലുല്പാദനത്തിൽ സ്വയംപര്യാപ്തത എന്ന ലക്ഷ്യത്തിലേയ്ക്ക് എത്തുന്നതിന് ഏതാണ്ട് കഴിഞ്ഞിട്ടുണ്ട്. മലബാർ മേഖലയിൽ ഇപ്പോൾ ആവശ്യത്തിലധികം പാൽ ഉല്പാദിപ്പിക്കപ്പെടുന്നുണ്ട്. സ്വന്തം ആവശ്യം കഴിഞ്ഞ് മിച്ചം വരുന്ന പാൽ മറ്റ് ദൗർലഭ്യമുള്ള മേഖലകളിലേയ്ക്ക് നൽകുന്നതുവഴി പാലുല്പാദനത്തിൽ സ്വയംപര്യാപ്തത എന്ന ലക്ഷ്യത്തിലേയ്ക്ക് അടുത്തുകൊണ്ടിരിക്കുകയാണ്.

മലബാർ മേഖലാ യൂണിയൻ പശുവളർത്തൽ ഉപജീവനമായി സ്വീകരിച്ചവർക്ക് അവരുടെ ദൈനംദിന തീറ്റവസ്തുക്കളുടെ ആവശ്യകത അനുസരിച്ച് ഗുണമേന്മയുള്ള തീറ്റവസ്തുക്കളായ ഹൈബ്രിഡ് നേപ്പിയർ പച്ചപ്പുല്ല്, കായ്ഫലത്തോടുകൂടിയ ചോളത്തണ്ട്, ചോള സൈലേജ് എന്നിവ സബ്സിഡിയോടുകൂടി നൽകിവരുന്നു. കൂടാതെ ഗുണമേന്മയുള്ള വൈക്കോലും സമീകൃത കാലിത്തീറ്റയും ഇതര തീറ്റവസ്തുക്കളായ കടലപ്പിണ്ണാക്ക്, പരുത്തിപ്പിണ്ണാക്ക്, അരിത്തവിട്, ഗോതമ്പുതവിട് എന്നിവ ലഭ്യമാക്കുന്നുണ്ട്. അർഹരായ കർഷകർക്ക് പകുതി വിലയ്ക്ക് ധാതുലവണ മിശ്രിതം, ബൈപ്പാസ് ഫാറ്റ് എന്നിവയും നൽകുന്നുണ്ട്.

(സി) സംസ്ഥാനത്ത് പാൽ ഉല്പാദക സഹകരണ സംഘങ്ങൾ വഴി ഉല്പാദിപ്പിക്കുകയും വിതരണം ചെയ്യുകയും ചെയ്യുന്ന പാലിന്റെ അളവിൽ വർദ്ധനവുണ്ടായതായി നിരീക്ഷിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

നിരീക്ഷിച്ചിട്ടുണ്ട്. സഹകരണ മേഖലയിലെ 2016-17-ലെ പ്രതിദിന ശരാശരി പാൽ സംഭരണം 16.27 ലക്ഷം ലിറ്റർ ആയിരുന്നത് 2021-22-ൽ 21.19 ലക്ഷം ലിറ്റർ ആയി വർദ്ധിച്ചു. അതായത് പ്രതിദിന സംഭരണത്തിൽ 4.92 ലക്ഷം ലിറ്റർ പാലിന്റെ വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

## മണ്ണാർക്കാട് മണ്ഡലത്തിലെ പദ്ധതികൾ

319(5443) **ശ്രീ. എൻ. ഷംസുദ്ദീൻ:** താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മണ്ണാർക്കാട് മണ്ഡലത്തിൽ മൃഗസംരക്ഷണ-ക്ഷീര വികസന വകുപ്പ് മുഖേന നാളിതുവരെ നടപ്പാക്കിയ പദ്ധതികൾ വിശദമാക്കാമോ?

മണ്ണാർക്കാട് മണ്ഡലത്തിൽ മൃഗസംരക്ഷണ വകുപ്പ് മുഖേന നാളിതുവരെ നടപ്പാക്കിയ പദ്ധതികൾ ചുവടെ ചേർക്കുന്നു.

1. ഗോട്ട് സാറ്റലൈററ് യൂണിറ്റ്

2. ഹോസ്പിറ്റൽ ഡെവലപ്പ്മെന്റ് കമ്മിറ്റി

3. വളക്കുഴി നിർമ്മാണം

4. താറാവ് വളർത്തൽ പദ്ധതി

5. കൊമേഴ്സ്യൽ ഗോട്ടറി

6. വന്ധ്യതാനിവാരണ ക്യാമ്പ്

7. മോഡൽ പഞ്ചായത്ത് പദ്ധതി

8. രാത്രികാല അടിയന്തര മൃഗചികിത്സാ പദ്ധതി

9. സ്ട്രെംഗ്തനിംഗ് ഓഫ് വെറ്ററിനറി സർവ്വീസ്

10. നാഷണൽ ലൈവ്സ്റ്റോക്ക് മിഷൻ ഗോട്ട് ഡെവലപ്പ്മെന്റ് പ്രോഗ്രാം (എസ്.ടി.)

11. റീ -ബിൽഡ് കേരള ഇനിഷ്യേറ്റീവ് (ഉപജീവന സഹായ പദ്ധതി)

12. നാഷണൽ ലൈവ്സ്റ്റോക്ക് മിഷൻ ഗോട്ട് ഡെവലപ്പ്മെന്റ് പ്രോഗ്രാം (എസ്.സി.)

മണ്ണാർക്കാട് മണ്ഡലത്തിൽ ക്ഷീരവികസന വകുപ്പ് നാളിതുവരെ നടപ്പാക്കിയ പദ്ധതികൾ അനുബന്ധമായി ചേർത്തിരിക്കുന്നു.+

(ബി) ഇതിനായി ചെലവഴിച്ച തുകയുടെ വിശദാംശം നൽകുമോ?

മണ്ണാർക്കാട് മണ്ഡലത്തിൽ മൃഗസംരക്ഷണ വകുപ്പ് മുഖേന നാളിതുവരെ നടപ്പാക്കിയ പദ്ധതികളുടെ ആകെ തുക - Rs. 34,13,498 രൂപ ആണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

മണ്ണാർക്കാട് മണ്ഡലത്തിൽ ക്ഷീരവികസന വകുപ്പ് നാളിതുവരെ നടപ്പാക്കിയ പദ്ധതികൾക്കായി അനുവദിച്ച തുകയുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.+

പഞ്ചായത്തുകൾ കേന്ദ്രീകരിച്ച് പൗൾട്രി ഫാമുകൾ ആരംഭിക്കാൻ നടപടി

320(5444) ശ്രീ. തോമസ് കെ. തോമസ്:
ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൗൾട്രി ഡെവലപ്പ്മെന്റ് കോർപ്പറേഷന്റെ സഹകരണത്തോടെ പഞ്ചായത്തുകൾതോറും കുറഞ്ഞത് ഒരു പൗൾട്രി ഫാമെങ്കിലും തുടങ്ങുന്നതിന് നടപടി സ്വീകരിക്കുമോ?

ഒരു പഞ്ചായത്തിൽ ഒരു പൗൾട്രി ഫാം എന്ന പദ്ധതി നടപ്പാക്കുന്നതിന് സാങ്കേതിക സഹായങ്ങൾ നൽകാൻ കെപ്കോ സന്നദ്ധമാണ്.

(ബി) വീടുകളിൽ വളർത്തുന്ന നാടൻ കോഴികളെ പൗൾട്രി കോർപ്പറേഷൻ വാങ്ങുന്നതിന് നടപടികൾ സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വീടുകളിൽ വളർത്തുന്ന നാടൻ കോഴികളെ പൗൾട്രി കോർപ്പറേഷൻ വാങ്ങാറില്ല. നാടൻ കോഴികളെ വാങ്ങുന്ന വിഷയം ഇപ്പോൾ പരിഗണനയിലില്ല.

<u>കുട്ടനാട് മേഖലയിലെ താറാവ് കർഷകരുടെ പ്രതിസന്ധി</u>

321(5445) <u>ശ്രീ. രമേശ് ചെന്നിത്തല</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടനാട്, അപ്പർ കുട്ടനാട് മേഖലയിലെ താറാവ് കർഷകർ നിലവിൽ അഭിമുഖീകരിക്കുന്ന ഗുരുതരമായ പ്രതിസന്ധി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പക്ഷിപ്പനിമൂലവും മറ്റ് വൈറസ് ബാധകാരണവും എത്ര രൂപയുടെ നാശനഷ്ടമാണ് പ്രസ്തുത മേഖലകളിലെ താറാവ് കർഷകർക്ക് സംഭവിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; ഇതുസംബന്ധിച്ച് അവസ്ഥാ പഠനം നടത്തിയിട്ടുണ്ടോയെന്ന് അറിയിക്കാമോ; എങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കാമോ?

പക്ഷിപ്പനിമൂലം ഈ വർഷം ചത്തതും കൊന്നതുമായ താറാവുകൾക്ക് നഷ്ടപരിഹാരമായി 3,01,21,195 രൂപ താറാവ് കർഷകർക്ക് നൽകിയിട്ടുണ്ട്. ഇതുസംബന്ധിച്ച് അവസ്ഥാപഠനങ്ങളൊന്നും നടത്തിയിട്ടില്ല.

(സി) കുട്ടനാട്, അപ്പർ കുട്ടനാട് മേഖലകളിലെ താറാവ് കർഷകരെ കടക്കെണിയിൽനിന്ന് രക്ഷിക്കുന്നതിനും അവരുടെ ഉപജീവനമാർഗ്ഗം സംരക്ഷിക്കുന്നതിനും ആശ്വാസ നടപടികൾ സ്വീകരിക്കുന്നതിനും പ്രത്യേക പാക്കേജ് പ്രഖ്യാപിക്കുന്ന കാര്യം പരിഗണിക്കുമോയെന്ന് വ്യക്തമാക്കുമോ?

ഇപ്പോൾ പരിഗണനയിലില്ല.

പകൽസമയ എമർജൻസി വെറ്ററിനറി സർവ്വീസ് പദ്ധതി

322(5446) ശ്രീ. കെ. കെ. രാമചന്ദ്രൻ: താഴെക്കാണുന്ന ചോദ്യത്തിന് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പുതുക്കാട് മണ്ഡലത്തിലെ കൊടകര ബ്ലോക്കിൽ പകൽ സമയ എമർജൻസി വെറ്ററിനറി സർവ്വീസ് പദ്ധതി നടപ്പാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

പുതുക്കാട് നിയോജകമണ്ഡലത്തിലെ കൊടകര ബ്ലോക്കിൽ പകൽസമയത്ത് അടിയന്തര വെറ്ററിനറി സേവനം ബ്ലോക്കിലെ മൃഗാശുപത്രികൾ വഴി ലഭ്യമാണ്. കൂടാതെ കർഷകർക്ക് വാതിൽപ്പടി സേവനം വ്യാപകമാക്കുന്നതിന് വകുപ്പ് നടപടികൾ സ്വീകരിച്ചുവരികയാണ്. കൊടകര ബ്ലോക്കിൽ പകൽസമയത്ത് അടിയന്തര വെറ്ററിനറി സേവനം പ്രത്യേക പദ്ധതിയായി നടപ്പിലാക്കിയിട്ടില്ല.

## <u>വൈപ്പിൻ മണ്ഡലത്തിൽ വെറ്ററിനറി പോളിക്ലിനിക്</u>

323(5447) <u>ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ മണ്ഡലത്തിൽ വെറ്ററിനറി പോളിക്ലിനിക്കോ വെറ്ററിനറി ഹോസ്പിറ്റലോ നിലവിലില്ലാത്തതിനാൽ മണ്ഡലത്തിൽ ഒരു വെറ്ററിനറി പോളിക്ലിനിക് ആരംഭിക്കുന്നതിന് പ്രൊപ്പോസൽ സമർപ്പിക്കാനുള്ള മൃഗസംരക്ഷണ വകുപ്പ് ഡയറക്ടറുടെ നിർദ്ദേശത്തിന്മേൽ സ്വീകരിച്ച നടപടി വിശദമാക്കാമോ?

വൈപ്പിൻ മണ്ഡലത്തിൽ ഒരു വെറ്ററിനറി പോളിക്ലിനിക് ആരംഭിക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാരിൽ ലഭിച്ചിട്ടില്ല.

(ബി) വെറ്ററിനറി പോളിക്ലിനിക്കിനായുള്ള പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്നത്തേയ്ക്ക് സമർപ്പിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

വൈപ്പിൻ മണ്ഡലത്തിൽ ഒരു വെറ്ററിനറി പോളിക്ലിനിക് ആരംഭിക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാരിൽ ലഭിച്ചിട്ടില്ല.

തിരുവമ്പാടി മണ്ഡലത്തിൽ വെറ്ററിനറി പോളിക്ലിനിക്

324(5448) ശ്രീ. ലിന്റോ ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്ഷീരകൃഷി, കാലിവളർത്തൽ എന്നിവ മുഖ്യതൊഴിലായെടുത്ത ധാരാളം കർഷകരുള്ള തിരുവമ്പാടി മണ്ഡലത്തിൽ ഒരു വെറ്ററിനറി പോളിക്ലിനിക്ക് അനുവദിക്കണമെന്ന ദീർഘകാല ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല. വൈപ്പിൻ മണ്ഡലത്തിൽ ഒരു വെറ്ററിനറി പോളിക്ലിനിക് ആരംഭിക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാരിൽ ലഭിച്ചിട്ടില്ല.

(ബി) പ്രസ്തുത മണ്ഡലത്തിൽ ഒരു വെറ്ററിനറി പോളിക്ലിനിക്ക് അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഇപ്പോൾ പരിഗണനയിലില്ല.

കോഴി വളർത്തൽ പ്രോത്സാഹിപ്പിക്കാൻ പദ്ധതികൾ

325(5449) ശ്രീ. എം. എസ്. അരുൺ കുമാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെപ്കോ വഴി കോഴിക്കുഞ്ഞുങ്ങളെ നല്കുന്ന പദ്ധതി നിലവിലുണ്ടോ; വിശദമാക്കുമോ?

കെപ്കോ വഴി മുട്ടക്കോഴികളെ വിതരണം ചെയ്യുന്ന നിലവിലുള്ള പദ്ധതികൾ കെപ്കോ വനിതാമിത്രം, ബ്ലോക്ക് പഞ്ചായത്തുതല 100 കോഴിയും കൂട്ടും പദ്ധതി എന്നിവയാണ്. ഫണ്ട് ലഭിക്കുന്ന മുറയ്ക്ക് 2022-23

സാമ്പത്തിക വർഷത്തിൽ നടപ്പാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

കെപ്കോ ആശ്രയ

തെരഞ്ഞെടുക്കപ്പെടുന്ന പഞ്ചായത്തുകളിലെ വിധവകൾക്കാണ് പദ്ധതിയുടെ ആനുകൂല്യം ലഭിക്കുന്നത്. ഒരു ഗുണഭോക്താവിന് 10 കോഴികൾ, 3 കിലോ തീറ്റ, മരുന്ന് എന്നിവ സൗജന്യമായി വിതരണം ചെയ്യുന്നു.

കുഞ്ഞുകൈകളിൽ കോഴിക്കുഞ്ഞ്

സംസ്ഥാനത്തെ ഗവൺമെന്റ്/എയ്ഡഡ് സ്കൂളിലെ യു.പി. വിഭാഗത്തിൽപ്പെട്ട 6,7 ക്ലാസുകളിലെ വിദ്യാർത്ഥികൾക്കും ഹൈസ്കൂൾ വിഭാഗത്തിൽപ്പെട്ട 8,9 ക്ലാസ്സുകളിലെ വിദ്യാർത്ഥികൾക്കും 5 കോഴിയും 1 കിലോ തീറ്റ, മരുന്ന് എന്നിവ വിതരണം ചെയ്യുന്നു.

100 കോഴിയും കൂടും പദ്ധതി (ബ്ലോക്ക് പഞ്ചായത്ത് തല പദ്ധതി)

സംസ്ഥാനത്തെ തെരഞ്ഞെടുക്കപ്പെടുന്ന ബ്ലോക്ക് പഞ്ചായത്തുകളിലെ ജെ.എൽ.ജി. ഗ്രൂപ്പുകളിൽ അംഗമായിട്ടുള്ള ഗുണഭോക്താവിന് 120 ദിവസം

പ്രായമായ ബി.വി-380 ഇനത്തിൽപ്പെട്ട 100 കോഴിയും 100 കോഴികളെ പാർപ്പിക്കാനുള്ള ഒരു ഹൈടെക് കൂട്ടം ആണ് നൽകുന്നത്.

കെപ്കോ വനിതാമിത്രം

സംസ്ഥാനത്തെ തെരഞ്ഞെടുക്കപ്പെടുന്ന പഞ്ചായത്തുകളിലെ കുടുംബശ്രീ യൂണിറ്റുകളിൽ നിന്നും 1000 വനിതാ ഗുണഭോക്താക്കൾക്കാണ് പദ്ധതിയുടെ പ്രയോജനം ലഭിക്കുന്നത്. ഒരു ഗുണഭോക്താവിന് 10 കോഴി, 3 കിലോ തീറ്റ മരുന്ന് എന്നിവയാണ് നൽകുന്നത്.

(ബി) ഗ്രാമശ്രീ, ഗ്രാമപ്രിയ ഇനങ്ങളിൽപ്പെട്ട കോഴികളെ വളർത്തുന്നത് പ്രോത്സാഹിപ്പിക്കാനായി നടപ്പിലാക്കുന്ന പദ്ധതികൾ വിശദമാക്കുമോ?

ഗ്രാമശ്രീ, ഗ്രാമപ്രിയ കോഴിക്കുഞ്ഞുങ്ങളെ വകുപ്പിന്റെ ഫാമുകൾ മുഖേന ഉല്പാദിപ്പിച്ച് എഗ്ഗർനഴ്സറി മുഖേന വളർത്തി തിരികെ ജനങ്ങൾക്ക് വിവിധ പദ്ധതികൾ മുഖേന വിതരണം നടത്തി കോഴിവളർത്തൽ പ്രോത്സാഹിപ്പിക്കുന്നു. സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷൻ (കെപ്കോ) ഇപ്പോൾ ഗ്രാമപ്രിയ ഇനത്തിൽപ്പെട്ട കോഴികളെ വളർത്തുകയോ വിതരണം ചെയ്യുകയോ ചെയ്യുന്നില്ല. കെപ്കോയുടെ കൊട്ടിയത്തുള്ള ഫാമിൽ ഉൽപ്പാദിപ്പിക്കുന്ന ഗ്രാമശ്രീ ഇനത്തിൽപ്പെട്ട

കോഴികളെ കെപ്കോയുടെ തന്നെ ഇന്റഗ്രേഷൻ ഫാമുകൾവഴി വളർത്തി വിവിധ പദ്ധതികളിലൂടെ വിതരണം ചെയ്യുകയും ആവശ്യക്കാരായ മുട്ടക്കോഴി കർഷകർക്ക് നൽകുകയും ചെയ്യുന്നു. കേരള വെറ്ററിനറി ആന്റ് അനിമൽ സയൻസസ് സർവ്വകലാശാലയുടെ കീഴിൽ മണ്ണുത്തിയിൽ പ്രവർത്തിക്കുന്ന യൂണിവേഴ്സിറ്റി പൗൾട്രി ആന്റ് ഡക്ക് ഫാമിൽ നടപ്പിലാക്കിയ " Augmenting backyard poultry production in Kerala" എന്ന പദ്ധതിയിൽ 60,000 ഗ്രാമശ്രീ പാരന്റ് സ്റ്റോക്ക് കോഴിക്കുഞ്ഞുങ്ങളെ കേരള മൃഗസംരക്ഷണ വകുപ്പിനുകീഴിലുള്ള ഫാമുകളിൽ വിതരണം ചെയ്യുകയും 4 ലക്ഷത്തോളം ഗ്രാമശ്രീ കോഴിക്കുഞ്ഞുങ്ങളെ കർഷകർക്ക് നൽകുകയും ചെയ്തു. ഇതുകൂടാതെ വെറ്ററിനറി സർവ്വകലാശാല തിരുവാഴംകുന്ന് ഏവിയൻ റിസർച്ച് സ്റ്റേഷൻ RKVY പദ്ധതി പ്രകാരം നവീന ഷെഡ്ഡുകൾ പണികഴിപ്പിക്കുകയും " Integrated Rural Poultry Production Centre എന്ന സർക്കാർ പ്ലാൻ പദ്ധതിയുടെ ധനസഹായത്തോടെ പ്രതിവർഷം 2 ലക്ഷം ഗ്രാമശ്രീ കുഞ്ഞുങ്ങളെ കർഷകർക്ക് വിതരണം ചെയ്യാനുള്ള അടിസ്ഥാന സൗകര്യങ്ങൾ സജ്ജമാക്കുകയും ചെയ്തിട്ടുണ്ട്.

<u>മൃഗസംരക്ഷണ വകുപ്പിൽ വിവിധ തസ്തികകളിലേക്കുള്ള നിയമനം</u>

326(5450) <u>ശ്രീ. കുറുക്കോളി മൊയ്തീൻ</u>: താഴെക്കാണുന്ന ചോദ്യത്തിന് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മൃഗസംരക്ഷണ വകുപ്പിൽ ജൂനിയർ ഇൻസ്ട്രക്ടർ, ചിക്സ് സെക്സിംഗ് എക്സ്പേർട്ട് തസ്തികയിലേയ്ക്ക് നിയമനം നടത്തുന്നതിന് സ്പെഷ്യൽ റൂൾസിൽ ആവശ്യമായ ഭേദഗതികൾ വരുത്തണമെന്ന 4.5.1993-ലെ ജി.ഒ.(പി)നം.104/93/എ.ഡി. നമ്പർ ഉത്തരവ്, കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ 23.9.2016-ലെ 948/2014 നമ്പർ ഉത്തരവ് എന്നിവപ്രകാരം പ്രസ്തുത സ്പെഷ്യൽ റൂൾസ് ഭേദഗതി വരുത്തുന്നതിന് സ്വീകരിച്ച നടപടികളുടെ വിശദാംശം ലഭ്യമാക്കുമോ?

OA 948/2014 നമ്പർ കേസിന്മേൽ കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ 23.9.2016-ലെ വിധിന്യായം, സർക്കാരിന്റെ 08.06.2017-ലെ G.O(Rt)No.315/2017/AHD നമ്പർ ഉത്തരവ് പ്രകാരം നടപ്പാക്കികൊണ്ട്, ചിക് സെക്സിംഗ് എക്സ്പെർട്ട് തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റം മുഖേന നിയമിക്കപ്പെടുന്നതിന്, ചിക് സെക്സർ തസ്തികയെ ഒന്നാമത്തെ ഫീഡർ കാറ്റഗറിയായി പരിഗണിക്കാനാകുംവിധത്തിൽ പ്രസ്തുത

സ്പെഷ്യൽ റൂൾസ് ഭേദഗതി വരുത്തുന്നതിന് നടപടി സ്വീകരിക്കുന്നതിന് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിരുന്നു. തുടർന്ന് സ്പെഷ്യൽ റൂൾസ് ഭേദഗതി വരുത്തുന്നതിന് കരട് പ്രൊപ്പോസൽ തയ്യാറാക്കുകയും ആയത് മൃഗസംരക്ഷണ വകുപ്പ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ വിവിധ സർവ്വീസ് സംഘടനകളെയും വകുപ്പ് ഉദ്യോഗസ്ഥരെയും ഉൾപ്പെടുത്തി 22.10.2021-ൽ ഓൺലൈൻ മീറ്റിംഗ് നടത്തുകയും അതിൽ അഭിപ്രായം നൽകിയ കൂടുതൽ സംഘടനകളും നിലവിലെ സ്പെഷ്യൽ റൂൾസ് ഭേദഗതിയെ എതിർത്തതിനാൽ ഈ വിഷയത്തിൽ സർവ്വീസ് സംഘടനകളുടെ നിർദ്ദേശങ്ങളും അഭിപ്രായങ്ങളും എഴുതി സമർപ്പിക്കുന്നതിനും വകുപ്പിൽ ചിക് സെക്സർമാരുടെ എത്ര എൻട്രി തസ്തികകൾ ഉണ്ടെന്നും എത്ര പ്രൊമോഷൻ തസ്തികകൾ ഉണ്ടെന്നും അവയുടെ പ്രൊമോഷൻ അനുപാതം എങ്ങനെയാണെന്നുമുള്ള അവലോകനം നടത്തി രേഖാമൂലം സർക്കാരിൽ സമർപ്പിക്കുവാനും ഡയറക്ടർക്ക് നിർദ്ദേശം നൽകുകയുണ്ടായി. അതിൻ പ്രകാരമുള്ള തുടർനടപടികൾ ഡയറക്ടർ തലത്തിൽ സ്വീകരിച്ചു വരുന്നു.

## ക്ഷീരവികസന വകുപ്പിന് കീഴിലുള്ള തസ്തികകളിലെ ഒഴിവുകൾ

327(5451) ശ്രീ. ഒ. ആർ. കേളു: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിൽ ക്ഷീരവികസന വകുപ്പിന് കീഴിൽ നിലവിൽ എത്ര ജീവനക്കാരാണ് ഉള്ളതെന്ന് അറിയിക്കാമോ?

വയനാട് ജില്ലയിൽ ക്ഷീരവികസന വകുപ്പിൽ നിലവിൽ വിവിധ തസ്തികകളിലായി 33 (മുപ്പത്തിമൂന്ന്) സ്ഥിരം ജീവനക്കാരും ക്ഷീരവികസന ഓഫീസർ തസ്തികയിൽ രണ്ട് താൽക്കാലിക ജീവനക്കാരുമാണുള്ളത്. ജീവനക്കാരുടെ ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു.+

(ബി) പ്രസ്തുത ജില്ലയിൽ ക്ഷീരവികസന വകുപ്പിൽ ഏതെങ്കിലും തസ്തികകളിൽ ഒഴിവുണ്ടോയെന്ന് അറിയിക്കാമോ?

ഡയറി ഫാം ഇൻസ്ട്രക്ടർ തസ്തികയിൽ നാല് ഒഴിവുകളുണ്ട്. രണ്ട് പേർ Diploma in Dairy Science (DDS) കോഴ്സിനായി പോയിരിക്കുന്നതിനാൽ ഫലത്തിൽ ആറ് ഒഴിവുണ്ട്.

ക്ഷീര വികസന ഓഫീസറുടെ തസ്തികയിൽ 2 ഒഴിവുകളുണ്ട്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) എങ്കിൽ പ്രസ്തുത തസ്തികകളിൽ എത്ര കാലമായി ഒഴിവുകളുണ്ടെന്നും ആയത് പരിഹരിക്കാൻ സ്വീകരിച്ച നടപടിയും വ്യക്തമാക്കാമോ?

നിലവിലുള്ള ഒൻപത് ഡയറി ഫാം ഇൻസ്ട്രക്ടർ തസ്തികയിൽ നാല് ഒഴിവുകളുണ്ട്. 2022 ജൂൺ മാസം മുതലാണ് ഒഴിവുവന്നത്. രണ്ട് ഡയറി ഫാം ഇൻസ്ട്രക്ടർമാർ Diploma in Dairy Science (DDS) കോഴ്സ് പഠനത്തിനായി പോയിരിക്കുന്നതിനാൽ ഫലത്തിൽ ആറ് ഒഴിവ് ആണുള്ളത്. ഡയറി ഫാം ഇൻസ്ട്രക്ടർമാരുടെ പി.എസ്.സി റാങ്ക് ലിസ്റ്റ് നിലവിലുണ്ട്. ആയതിൽ നിന്നുള്ള നിയമന നടപടികൾ നടന്നുവരുന്നു. ക്ഷീര വികസന ഓഫീസറുടെ തസ്തികയിൽ 2022 ജൂൺ മുതൽ രണ്ട് ഒഴിവുകളുണ്ട്. ക്ഷീരവികസന ഓഫീസർമാരുടെ പി.എസ്.സി. റാങ്ക്ലിസ്റ്റ് നിലവിലില്ല. ആയതിനാൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന രണ്ട് പേർ താൽക്കാലികമായി ഈ തസ്തികകയിലേയ്ക്ക് നിയമിക്കപ്പെട്ടിട്ടുണ്ട്.

## ക്ഷീരമേഖലയിൽ വിവര സാങ്കേതികവിദ്യ പ്രയോജനപ്പെടുത്തൽ

328(5452) ശ്രീ. വി. ജോയി: താഴെക്കാണുന്ന ചോദ്യത്തിന് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ക്ഷീരമേഖലയിലെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും മത്സരാധിഷ്ഠിതമായ വിപണി കണ്ടെത്തുന്നതിനുമായി വിവര സാങ്കേതികവിദ്യ ഉൾപ്പെടെയുള്ള നൂതന സാങ്കേതികവിദ്യ പ്രസ്തുത മേഖലയിൽ നടപ്പിലാക്കുന്നതിന് എന്തെങ്കിലും പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ?

ക്ഷീരമേഖലയിൽ വിവര സാങ്കേതികവിദ്യ പ്രയോജനപ്പെടുത്തുന്നതിന്റെ ഭാഗമായി ക്ഷീര സഹകരണ സംഘങ്ങളുടെ പ്രവർത്തനങ്ങൾ ഏകീകരിക്കുന്നതിനും അക്കൗണ്ടിംഗ് കുറ്റമറ്റതാക്കുന്നതിനും പാൽ സംഭരണം, ഗുണനിലവാരനിർണ്ണയം, പാൽവില നിശ്ചയിക്കൽ എന്നിവ സുതാര്യമാക്കുന്നതിനും ക്ഷീരസംഘങ്ങളെ കമ്പ്യൂട്ടർവത്കരിക്കുന്നതിനും ഒരു വെബ് അധിഷ്ഠിത യൂണിഫൈഡ് സോഫ്റ്റ്‌വെയർ തയ്യാറാക്കി വരികയാണ്. നാഷണൽ ഇൻഫോർമാറ്റിക്സ് സെന്റർ ആണ് വകുപ്പിനുവേണ്ടി ഈ സോഫ്റ്റ്‌വെയർ വികസിപ്പിക്കുന്നത്. സമീപഭാവിയിൽ തന്നെ ക്ഷീരസഹകരണ സംഘങ്ങൾ, വകുപ്പിന്റെ വിവിധ തലത്തിലുള്ള ഓഫീസുകൾ, മേഖലാ യൂണിയനുകൾ, സഹകരണ ഓഡിറ്റ് വിഭാഗം എന്നിവ ഈ സോഫ്റ്റ്‌വെയറിലൂടെ സംയോജിപ്പിക്കാൻ കഴിയുന്നതാണ്.

കൂടാതെ ഈ വർഷം മിൽക്ക് ഷെഡ് വികസന പദ്ധതിയുടെ കീഴിൽ ഇൻഫ്രാസ്ട്രക്ചർ ആന്റ് ആട്ടോമേഷൻ ഓഫ് കൊമേഷ്യൽ ഡയറി ഫാംസ് എന്ന ഘടകപദ്ധതിയിൽ ആധുനികവൽക്കരണത്തിനും യന്ത്രവൽക്കരണത്തിനുമായി തുക വകയിരുത്തിയിട്ടുണ്ട്. ശാസ്ത്രീയമായി വാണിജ്യാടിസ്ഥാനത്തിൽ നടത്തിവരുന്ന ഡെയറി ഫാമുകൾക്ക് മിൽക്കിംഗ് പാർലർ, കാലാവസ്ഥാ നിയന്ത്രണ സംവിധാനത്തോടുകൂടിയുള്ള തൊഴുത്തുകൾ, ഓട്ടോമാറ്റിക് വാട്ടർ ബൗൾ, ഫാം സോഫ്റ്റ്‌വെയർ, RFID (റേഡിയോ ഫ്രീക്വൻസി ഐഡന്റിഫിക്കേഷൻ സിസ്റ്റം), ഓട്ടോമാറ്റിക് ഡംഗ്-സ്ക്രാപ്പർ, ബയോഗ്യാസ് പ്ലാന്റിനോടനുബന്ധിച്ച ഊർജ്ജോത്പാദന യൂണിറ്റ്, മിൽക്ക് ATM മെഷീൻ തുടങ്ങിയ നൂതന സാങ്കേതിക ഉപകരണങ്ങൾക്ക് ഈ പദ്ധതിയിലൂടെ ധനസഹായം നൽകുന്നു. മത്സരാധിഷ്ഠിതമായ വിപണി കണ്ടെത്തുന്നതിന് വിവരസാങ്കേതികവിദ്യ ഉൾപ്പെടെയുള്ള നൂതന സാങ്കേതികവിദ്യകൾ ഉപയോഗിച്ച് മിൽമ വിപണന സാധ്യതകൾ കണ്ടെത്തുന്നുണ്ട്.

## ഒറ്റപ്പാലം മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികൾ

329(5453) ശ്രീ. കെ. പ്രേംകുമാർ: താഴെക്കാണുന്ന ചോദ്യത്തിന് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഒറ്റപ്പാലം മണ്ഡലത്തിൽ ക്ഷീരവികസന വകുപ്പ് 2016 മുതൽ നാളിതുവരെ നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശം പഞ്ചായത്ത്/മുനിസിപ്പാലിറ്റി അടിസ്ഥാനത്തിൽ ലഭ്യമാക്കാമോ?

ഒറ്റപ്പാലം മണ്ഡലത്തിൽ ക്ഷീരവികസന വകുപ്പ് 2016 മുതൽ നാളിതുവരെ നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശം അനുബന്ധമായി ചേർക്കുന്നു.+

## പാലുല്പാദനം അറിയാൻ ഡിജിറ്റൽ ആപ്പ്

330(5454) ശ്രീമതി കെ. കെ. രമ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) സംസ്ഥാനത്തെ ക്ഷീരകർഷകരുടെ സമ്പൂർണ്ണ സർവ്വേ തയ്യാറാക്കുന്നതിന്റെ ഭാഗമായി മൊബൈൽ ആപ്പ് നിർമ്മിക്കുന്നതിന് തീരുമാനിക്കുകയുണ്ടായോ; എങ്കിൽ അറിയിക്കാമോ?

സംസ്ഥാനത്തെ ക്ഷീരകർഷകരുടെ സമ്പൂർണ്ണ സർവ്വേ തയ്യാറാക്കുന്നതിന്റെ ഭാഗമായി മൊബൈൽ ആപ്പ് കേരള ഡിജിറ്റൽ യൂണിവേഴ്സിറ്റിയുടെ മേൽനോട്ടത്തിൽ നിർമ്മിക്കുന്നതിനായി പ്രാരംഭ ചർച്ചകൾ നടന്നു. ഇതുസംബന്ധിച്ച അപേക്ഷ ക്ഷീരവികസന വകുപ്പ് ഡിജിറ്റൽ യൂണിവേഴ്സിറ്റിക്ക് നൽകിയിട്ടുണ്ട്.

(ബി) ക്ഷീരവികസന വകുപ്പുമായി ബന്ധപ്പെട്ട എല്ലാ വിവരങ്ങളും അറിയുവാനായി സംസ്ഥാന ഡയറി മാനേജ്മെന്റ് ഇൻഫർമേഷൻ സെന്റർ രൂപീകരിക്കുന്നതിന്റെ ആദ്യപടിയായിട്ടാണ് പ്രസ്തുത ആപ്പ് തയ്യാറാക്കുന്നതെന്ന് കരുതാമോ; വിശദാംശം നൽകാമോ?

അതെ. കേരള ഡിജിറ്റൽ യൂണിവേഴ്സിറ്റിയുടെ മേൽനോട്ടത്തിൽ നിർമ്മിക്കാനുദ്ദേശിക്കുന്ന ഈ ആപ്പിന്റെ ഘടന സംബന്ധിച്ചും ഉള്ളടക്കം സംബന്ധിച്ചും വിശദാംശങ്ങൾ യൂണിവേഴ്സിറ്റിക്ക് നൽകിയിട്ടുണ്ട്. ക്ഷീരകർഷകരുടെ സമ്പൂർണ്ണ സർവ്വേയാണ് ലക്ഷ്യമിടുന്നത്.

(സി) ഈ ആപ്പ് ഇൻസ്റ്റാൾ ചെയ്യുന്നതിലൂടെ ക്ഷീരകർഷകർക്ക് എന്തൊക്കെ ആനുകൂല്യങ്ങളും സൗകര്യങ്ങളും ലഭിക്കുമെന്നാണ് കരുതുന്നതെന്ന് അറിയിക്കാമോ?

ക്ഷീരകർഷകരുടെ സമ്പൂർണ്ണ വിവരങ്ങൾ ലഭിക്കുക വഴി ക്ഷീരകർഷകർക്കായുള്ള വകുപ്പിന്റെ പദ്ധതികൾ ഫലപ്രദമായി ആസൂത്രണം ചെയ്ത് നടപ്പിലാക്കാൻ സാധിക്കുന്നതാണ്.

(ഡി) ആപ്പ് തയ്യാറാക്കുന്ന പദ്ധതി ഇപ്പോൾ ഏത് ഘട്ടത്തിലാണെന്നും ഏത് സ്ഥാപനമാണ് ഈ ആപ്പ് തയ്യാറാക്കുന്നതെന്നും ഇതിനായി എത്ര രൂപ ചെലവാകുമെന്നാണ് പ്രതീക്ഷിക്കുന്നതെന്നും അറിയിക്കാമോ?

പദ്ധതി ഇപ്പോൾ ആരംഭഘട്ടത്തിലാണ്. കേരള ഡിജിറ്റൽ യൂണിവേഴ്സിറ്റിയുടെ മേൽനോട്ടത്തിലാണ് ഈ ആപ്പ് നിർമ്മിക്കുന്നത്. ആപ്പിനായി ചെലവാകുന്ന തുക എത്രയാണെന്ന് നിജപ്പെടുത്തിയിട്ടില്ല.

(ഇ) ഓരോ സ്ഥലത്തെയും കർഷകരുടെ ലൊക്കേഷൻ വിവരങ്ങൾ അറിയുന്നതിനായി ഭൂമിക ആപ്പുമായി ബന്ധിപ്പിച്ചുകൊണ്ടാണോ പ്രസ്തുത ആപ്പ് തയ്യാറാക്കുന്നതെന്നും ആപ്പ് മുഖേന ശേഖരിക്കപ്പെടുന്ന, കർഷകരുമായി ബന്ധപ്പെട്ട ഡാറ്റ ഏതു സെർവറിലാണ് സൂക്ഷിക്കുന്നതെന്നും

ഇതിന്റെ സംരക്ഷണച്ചുമതല ഏത് ഏജൻസിക്ക് ആയിരിക്കും എന്നുമുള്ള വിശദാംശം ലഭ്യമാക്കുമോ?

കേരള ഡിജിറ്റൽ യൂണിവേഴ്സിറ്റിയുടെ മേൽനോട്ടത്തിലാണ് മൊബൈൽ ആപ്പ് നിർമ്മിക്കുന്നത്. ഭൂമിക ആപ്പുമായി പ്രസ്തുത മൊബൈൽ ആപ്പ് ബന്ധിപ്പിക്കുന്ന കാര്യങ്ങൾ തീരുമാനം ആയിട്ടില്ല. ഡാറ്റാ സെർവർ സംബന്ധിച്ച സാങ്കേതിക കാര്യങ്ങൾ ഡിജിറ്റൽ യൂണിവേഴ്സിറ്റിയുടെ മേൽനോട്ടത്തിൽ ആയിരിക്കും.

(എഫ്) ഈ ഡാറ്റ സുരക്ഷിതമായിരിക്കുമെന്ന് ഉറപ്പുവരുത്തുന്നതിനായി എന്തൊക്കെ മുൻകരുതൽ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്നതിന്റെ വിശദാംശം ലഭ്യമാക്കുമോ?

മൊബൈൽ ആപ്പ് നിർമ്മിക്കുന്ന പദ്ധതി ഇപ്പോൾ ആരംഭ ഘട്ടത്തിലാണ്. കേരള ഡിജിറ്റൽ യൂണിവേഴ്സിറ്റിയുടെ മേൽനോട്ടത്തിലാണ് ഈ ആപ്പ് നിർമ്മിക്കുന്നത്. ഈ ഡാറ്റയുടെ മേൽനോട്ടം ഡിജിറ്റൽ യൂണിവേഴ്സിറ്റിക്ക് ആയതിനാൽ സുരക്ഷിതത്വം ഉറപ്പാക്കാവുന്നതാണ്.

<u>കുന്നത്തുനാട് മണ്ഡലത്തിലെ ക്ഷീരവികസന പദ്ധതികൾ</u>

331(5455) <u>ശ്രീ. പി. വി. ശ്രീനിജിൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നത്തുനാട് മണ്ഡലത്തിൽ ക്ഷീരവികസന വകുപ്പ് മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ വിശദമാക്കാമോ?

ക്ഷീരവികസന വകുപ്പ് മുഖേന നടപ്പിലാക്കുന്നതിന് ഭരണാനുമതി നൽകിയ തീറ്റപ്പുൽകൃഷി ധനസഹായ പദ്ധതി, കാറ്റിൽ ഫീഡിംഗ് സബ്സിഡി (ക്ഷീരസംഘങ്ങൾ വഴി) വൈക്കോൽ വിതരണം, വിജ്ഞാന വ്യാപന പ്രവർത്തനങ്ങൾ, കന്നുകുട്ടി ദത്തെടുക്കൽ പദ്ധതി എന്നീ പദ്ധതികൾ കുന്നത്തുനാട് മണ്ഡലത്തിൽ നടപ്പിലാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

(ബി) പ്രസ്തുത മണ്ഡലത്തിൽ ക്ഷീരഗ്രാമം പദ്ധതി നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

നടപ്പ് സാമ്പത്തികവർഷം പദ്ധതി നടപ്പാക്കുന്നതിനായുള്ള പഞ്ചായത്തുകളെ തെരഞ്ഞെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച

വരുന്നതേയുള്ളൂ. കുന്നത്തുനാട് മണ്ഡലത്തിൽ ഗ്രാമപഞ്ചായത്തുകളിൽ ക്ഷീരഗ്രാമം പദ്ധതി നടപ്പാക്കുന്നതിന് ആവശ്യമായ പരിശോധനകൾക്ക് ശേഷം ഫണ്ടിന്റെ ലഭ്യതയ്ക്ക് അനുസരിച്ച് നടപടികൾ സ്വീകരിക്കുന്നതാണ്.

## ക്ഷീരകർഷകർക്കുള്ള സബ്സിഡി വർദ്ധിപ്പിക്കാൻ നടപടി

332(5456) ശ്രീ. നജീബ് കാന്തപുരം: താഴെക്കാണുന്ന ചോദ്യത്തിന് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ക്ഷീരകർഷകർക്ക് കാലിത്തീറ്റ വാങ്ങുന്നതിനും പാലിനുമുള്ള സബ്സിഡി വർദ്ധിപ്പിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; എങ്കിൽ വിശദമാക്കുമോ?

നിലവിൽ പരിഗണനയിലില്ല. എന്നാൽ കാലിത്തീറ്റയുടെ അമിത വിലവർദ്ധനവും കാലവർഷക്കെടുതിയുംമൂലം സംഭവിച്ച തീറ്റവസ്തുക്കളുടെ ലഭ്യതക്കുറവ് പരിഹരിക്കുന്നതിനായി ക്ഷീരകർഷകർക്ക് പച്ചപ്പുല്ലും വൈക്കോലും സബ്സിഡി നിരക്കിൽ നൽകി വരുന്നു. 2021-22 സാമ്പത്തിക വർഷം 314.77 ലക്ഷം രൂപ ഇതിനായി ചെലവഴിച്ചു. 2022-23 വർഷം പച്ചപ്പുല്ലും വൈക്കോലും സബ്സിഡി നിരക്കിൽ നൽകുന്നതിനായി

257 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. കൂടാതെ ക്ഷീരസംഘങ്ങളിൽ പാൽ നൽകുന്ന കർഷകർക്ക് ക്ഷീരവികസന വകുപ്പിന്റെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും ആഭിമുഖ്യത്തിൽ 4 -രൂപ വരെ പാലിന് ഇൻസെന്റീവും നൽകിവരുന്നു. മിൽമ മേഖലാ യൂണിയനുകൾ വഴി ഗുണനിലവാരമുള്ള കാലിത്തീറ്റ ക്ഷീര സംഘങ്ങൾ വഴി കർഷകർക്ക് ലഭ്യമാക്കി വരുന്നുണ്ട്. കഴിഞ്ഞ രണ്ട് വർഷക്കാലമായി മിൽമ കാലിത്തീറ്റയ്ക്ക് വില വർദ്ധിപ്പിച്ചിട്ടില്ല. കൃത്യമായ കാലയളവിൽ പാൽ വില കർഷകന് നൽകുന്നതിനോടൊപ്പം മേഖലായൂണിയനുകളുടെ അധിക വരുമാനത്തിൽനിന്ന് കർഷകർക്ക് സബ്സിഡി, മറ്റാനുകൂല്യങ്ങൾ എന്നിവയും നൽകി വരുന്നു.

## ക്ഷീരകർഷകരുടെ ക്ഷേമനിധി

333(5457) <u>ശ്രീമതി കാനത്തിൽ ജമീല</u>: താഴെക്കാണുന്ന ചോദ്യത്തിന് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ക്ഷീര കർഷകർക്ക് 60 വയസ്സ് കഴിഞ്ഞ് പെൻഷൻ പറ്റിയാലും ക്ഷേമനിധി വിഹിതം അടയ്ക്കണമെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഈ വിഷയത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ക്ഷീരസംഘത്തിൽ പാലളക്കുന്ന ഓരോ ക്ഷീര കർഷകനും ടിയാൻ പാൽ അളന്ന മാസത്തെ അംശദായ വിഹിതമായി 20 രൂപ ക്ഷീരസംഘങ്ങൾ മുഖേന ക്ഷേമനിധിയിൽ ഒടുക്കണമെന്നാണ് നിയമത്തിൽ വ്യവസ്ഥ ചെയ്തിരിക്കുന്നത്. അംശദായ ഇനത്തിൽ ക്ഷേമനിധിയിൽ ഒടുക്കുന്ന തുക ഉൾപ്പെടെയുള്ള മറ്റ് അംശദായ തുകകളാണ് ക്ഷേമനിധിയുടെ പ്രധാന വരുമാന സ്രോതസ്. പ്രസ്തുത തുകയിൽ നിന്നുമാണ് പെൻഷൻ (ക്ഷേമനിധി വിഹിതം) ഉൾപ്പെടെയുള്ള എല്ലാ ധനസഹായങ്ങളും വിതരണം ചെയ്തുവരുന്നത്. നിലവിലെ ക്ഷേമനിധി നിയമ പ്രകാരം അംശദായമായി അടവാക്കുന്ന തുക തിരികെ നൽകുന്നതിന് വ്യവസ്ഥയില്ല.

<u>മലപ്പുറം ജില്ലയിലെ ക്ഷീരവികസന ഓഫീസിൽ ടെക്നിക്കൽ അസിസ്റ്റന്റ് തസ്തിക</u>

334(5458) <u>ശ്രീ. പി. ഉബൈദുള്ള</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലാ ക്ഷീര വികസന വകുപ്പ് ഡെപ്യൂട്ടി ഡയറക്ടറുടെ ഓഫീസിൽ നിലവിലുള്ള സ്റ്റാഫ് പാറ്റേൺ വ്യക്തമാക്കാമോ?

<u>മലപ്പുറം ജില്ലാ ഡെപ്യൂട്ടി ഡയറക്ടറുടെ ഓഫീസിലെ സ്റ്റാഫ് പാറ്റേൺ</u>

| നം. | തസ്തിക | അനുവദിച്ച സ്റ്റാഫ് സ്ട്രെങ്ത് | റിമാർക്സ് |
|---|---|---|---|
| 1 | ഡെപ്യൂട്ടി ഡയറക്ടർ | 1 | |
| 2 | സീനിയർ സൂപ്രണ്ട് | 1 | |
| 3 | ഹെഡ് ക്ലാർക്ക് | 1 | നിലവിൽ സ്പെഷ്യൽ ഡ്യൂട്ടിയിൽ മാടശ്ശേരി ക്ഷീരവികസന യൂണിറ്റിൽ ജോലി ചെയ്യുന്നു. |
| 4 | ക്ലാർക്ക് & സീനിയർ ക്ലാർക്ക് | 5 | |
| 5 | ടൈപ്പിസ്റ്റ് | 1 | |
| 6 | ഡ്രൈവർ | 1 | |
| 7 | ഓഫീസ് അറ്റൻഡന്റ് | 2 | |
| 8 | പാർട്ട് ടൈം സ്വീപ്പർ | 1 | |
| | ആകെ | 13 | |

(ബി) പതിനഞ്ച് ബ്ലോക്കുതല ക്ഷീരവികസന യൂണിറ്റുകളും ഒരു ക്വാളിറ്റി കൺട്രോൾ യൂണിറ്റും പ്രവർത്തിക്കുന്ന ജില്ലയിൽ സാങ്കേതിക

വിഷയങ്ങളിൽ കൃത്യമായ അഭിപ്രായം രേഖപ്പെടുത്തുന്നതിനും ഉചിതമായ തീരുമാനമെടുക്കുന്നതിനും ഒരു ടെക്നിക്കൽ അസിസ്റ്റന്റ് തസ്തിക ഇല്ലാത്ത വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) എങ്കിൽ ഡെപ്യൂട്ടി ഡയറക്ടറുടെ ഓഫീസിൽ ഒരു ടെക്നിക്കൽ അസിസ്റ്റന്റ് തസ്തിക സൃഷ്ടിക്കുന്ന കാര്യം പരിഗണിക്കുമോ?

ക്ഷീരവികസന വകുപ്പിൽ നിന്നും പ്രൊപ്പോസൽ ലഭിക്കുന്ന മുറയ്ക്ക് പരിശോധിക്കുന്നതാണ്.

<u>വള്ളിക്കുന്ന് നിയോജകമണ്ഡലത്തിലെ ക്ഷീര ഗ്രാമം പദ്ധതി</u>

335(5459) <u>ശ്രീ. അബ്ദുൽ ഹമീദ് പി.:</u> താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വള്ളിക്കുന്ന് നിയോജകമണ്ഡലത്തിലെ വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നടത്തിവരുന്ന ക്ഷീരഗ്രാമം പദ്ധതിയുടെ പുരോഗതി വ്യക്തമാക്കാമോ?

കൃഷിയും അനുബന്ധ പ്രവർത്തനങ്ങളും ഉപജീവനമായിട്ടുള്ള കർഷകർ കൂടുതൽ ഉള്ളതും ക്ഷീരവികസനത്തിന് കൂടുതൽ സാധ്യതയുള്ളതുമായ പഞ്ചായത്തുകൾ തെരഞ്ഞെടുത്ത് അവിടെ പാലുല്പാദനം വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തിലാണ് ക്ഷീരഗ്രാമം പദ്ധതി നടപ്പിലാക്കി വരുന്നത്. വള്ളിക്കുന്ന് നിയോജകമണ്ഡലത്തിൽ ഉൾപ്പെടുന്ന ഗ്രാമ പഞ്ചായത്തുകളൊന്നും ഇതുവരെ ക്ഷീരഗ്രാമം പദ്ധതിയിൽ ഉൾപ്പെട്ടിട്ടില്ല. നടപ്പ് സാമ്പത്തികവർഷം പദ്ധതി നടപ്പാക്കുന്നതിനായുള്ള പഞ്ചായത്തുകളെ തെരഞ്ഞെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നതേയുള്ളൂ. വള്ളിക്കുന്ന് നിയോജകമണ്ഡലത്തിലെ ഗ്രാമ പഞ്ചായത്തുകളിൽ ക്ഷീരഗ്രാമം പദ്ധതി നടപ്പിലാക്കുന്നതിന്, ആവശ്യം വേണ്ട പരിശോധനകൾ നടത്തി ഫണ്ടിന്റെ ലഭ്യതയ്ക്ക് അനുസരിച്ച് നടപടികൾ സ്വീകരിക്കുന്നതാണ്.

(ബി) ഇനിയും നടപ്പാക്കാത്ത ഇടങ്ങളിൽ പദ്ധതി ആരംഭിക്കുവാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കാമോ?

കൃഷിയും അനുബന്ധ പ്രവർത്തനങ്ങളും ഉപജീവനമായിട്ടുള്ള കർഷകർ കൂടുതൽ ഉള്ളതും ക്ഷീരവികസനത്തിന് കൂടുതൽ സാധ്യതയുള്ളതുമായ പഞ്ചായത്തുകൾ തെരഞ്ഞെടുത്ത് അവിടെ പാലുല്പാദനം വർദ്ധിപ്പിക്കുക

എന്ന ലക്ഷ്യത്തിലാണ് ക്ഷീരഗ്രാമം പദ്ധതി നടപ്പിലാക്കി വരുന്നത്. വള്ളിക്കുന്ന് നിയോജകമണ്ഡലത്തിൽ ഉൾപ്പെടുന്ന ഗ്രാമപഞ്ചായത്തുകളൊന്നും ഇതുവരെ ക്ഷീരഗ്രാമം പദ്ധതിയിൽ ഉൾപ്പെട്ടിട്ടില്ല. നടപ്പ് സാമ്പത്തികവർഷം പദ്ധതി നടപ്പാക്കുന്നതിനായുള്ള പഞ്ചായത്തുകളെ തെരഞ്ഞെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നതേയുള്ളൂ. വള്ളിക്കുന്ന് നിയോജകമണ്ഡലത്തിലെ ഗ്രാമ പഞ്ചായത്തുകളിൽ ക്ഷീരഗ്രാമം പദ്ധതി നടപ്പിലാക്കുന്നതിന്, ആവശ്യം വേണ്ട പരിശോധനകൾ നടത്തി ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് നടപടികൾ സ്വീകരിക്കുന്നതാണ്.

## ക്ഷീര മേഖലയിൽ ഡെയറി പാർക്കുകൾ

336(5460)ശ്രീ. ഇ. ചന്ദ്രശേഖരൻ:
ശ്രീ. മുഹമ്മദ് മുഹസിൻ:
ശ്രീ. വി. ശശി:
ശ്രീ. പി. ബാലചന്ദ്രൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വ്യവസായ പാർക്കുകളുടെ മാതൃകയിൽ ഡെയറി പാർക്കുകൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ?

പരിഗണനയിലാണ്.

(ബി) എങ്കിൽ പ്രസ്തുത ഡെയറി പാർക്കുകളിലൂടെ സംസ്ഥാനത്തെ ക്ഷീരകർഷകർക്ക് ലഭ്യമാക്കുന്ന പ്രധാന സേവനങ്ങൾ വിശദമാക്കുമോ?

വിശദമായ പദ്ധതി രേഖ തയ്യാറാക്കി വരുന്നതേയുള്ളൂ.

(സി) ക്ഷീരമേഖലയുടെ ആധുനികവൽക്കരണത്തിനും നൂതന സാങ്കേതികവിദ്യകളുടെ പ്രചാരണത്തിനും പ്രസ്തുത പാർക്കുകൾ സഹായകമാകുമോയെന്ന് വ്യക്തമാക്കുമോ?

ക്ഷീരമേഖലയുടെ ആധുനികവൽക്കരണത്തിനും നൂതന സാങ്കേതികവിദ്യകളുടെ പ്രചാരണത്തിനും ഇത്തരം പാർക്കുകൾ വരുന്നത് ക്ഷീര മേഖലയുടെ വളർച്ചയ്ക്ക് സഹായകരമാണ്.

(ഡി) പാലിൽ നിന്നും മൂല്യവർദ്ധിത ഉല്പന്നങ്ങൾ നിർമ്മിക്കുന്നതിന് പ്രസ്തുത പാർക്കുകൾ മുഖേന കർഷകർക്ക് സാങ്കേതിക സഹായങ്ങളും പരിശീലന സൗകര്യങ്ങളും നൽകുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

പരിഗണനയിലാണ്.

ക്ഷീര മേഖലയിൽ സ്ഥിരത കൈവരിക്കാൻ നടപടികൾ

337(5461) ശ്രീ. മുരളി പെരുനെല്ലി:
ശ്രീ. പി. മമ്മിക്കുട്ടി:
ശ്രീ. കെ. എൻ. ഉണ്ണിക്കൃഷ്ണൻ:
ശ്രീമതി ഒ. എസ്. അംബിക: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പാൽ സംഭരണ വിതരണ വിപണന രംഗത്ത് സ്ഥിരത കൈവരിക്കുകയെന്ന ലക്ഷ്യത്തോടെ മലപ്പുറത്ത് ആരംഭിക്കാൻ തീരുമാനിച്ച പാൽപ്പൊടി നിർമ്മാണ ഫാക്ടറിയുടെ പ്രവർത്തനം നിലവിൽ ഏത് ഘട്ടത്തിലാണ്; ഇതിന്റെ ഭാഗമായി പാൽപ്പൊടിയിൽ നിന്നും മൂല്യവർദ്ധിത ഉല്പന്നങ്ങൾ നിർമ്മിക്കുന്ന സംവിധാനം ആരംഭിക്കുന്നുണ്ടോ; എന്തൊക്കെയാണ് ഇതുവഴി ലക്ഷ്യമിടുന്നത്; വിശദമാക്കാമോ?

സംസ്ഥാനത്ത് പാൽ സംഭരണ വിതരണ വിപണനരംഗത്ത് സ്ഥിരത കൈവരിക്കുകയെന്ന ലക്ഷ്യത്തോടെ മലപ്പുറത്ത് ആരംഭിച്ച പാൽപ്പൊടി നിർമ്മാണ ഫാക്ടറിയുടെ പദ്ധതി പ്രവർത്തനങ്ങൾ പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്. ആയതുപ്രകാരം പാൽപ്പൊടി

നിർമ്മാണശാലയ്ക്ക് ആവശ്യമായ യന്ത്രസാമഗ്രികളുടെ വിതരണം ടെട്രാപ്പാക്ക് ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനത്തിന് കരാർ നൽകിയ പ്രകാരം അവയുടെ രൂപകല്പനയും ഫാബ്രിക്കേഷൻ ജോലികളും പുരോഗമിച്ച് വരികയാണ്. യന്ത്രസാമഗ്രികളുടെ വിതരണം 2022 ജൂൺ മാസത്തോടെ ആരംഭിച്ചു. ഇതിനനുസൃതമായി പാൽപ്പൊടി നിർമ്മാണശാലയുടെ സിവിൽ ജോലികൾ എത്രയുംപെട്ടെന്ന് പൂർത്തീകരിക്കേണ്ടത് മുന്നിൽക്കണ്ട് ടെണ്ടർ ക്ഷണിച്ചതു പ്രകാരം 14.34 കോടി രൂപയ്ക്ക് മാപ്സ് ഗ്ലോബൽ കൺസ്ട്രക്ഷൻ പ്രൈവറ്റ് ലിമിറ്റഡ് എന്ന കമ്പനിക്ക് സിവിൽ ജോലികളുടെ കരാർ നൽകിയിട്ടുണ്ട്. 2023 ജൂൺ മാസത്തോടെ ഈ പദ്ധതി പ്രവർത്തനക്ഷമമാകുമെന്ന് പ്രതീക്ഷിക്കുന്നു. പാൽപ്പൊടി ഉല്പാദനത്തോടൊപ്പം മൂല്യവർദ്ധിത ഉല്പന്നങ്ങളായ ഡെയറി വൈറ്റ്നർ, ഇൻഫന്റ് മിൽക്ക് പൗഡർ തുടങ്ങിയ ഉല്പന്നങ്ങളും ഉല്പാദിപ്പിക്കുന്നതിന് പദ്ധതികളുണ്ട്.

(ബി) ക്ഷീരകർഷകർക്ക് ഒരു താങ്ങായി തീരുക എന്ന ലക്ഷ്യവുമായി ക്ഷീരവികസന വകുപ്പിന്റെ കീഴിൽ ക്ഷീരശ്രീ സംയുക്ത ബാധ്യത ഗ്രൂപ്പ്

രൂപീകരിക്കുന്നത് പരിഗണനയിലുണ്ടോ; എങ്കിൽ ഇതിലൂടെ എന്തൊക്കെ സേവനങ്ങളാണ് ക്ഷീരകർഷകർക്ക് ലഭ്യമാകുക; വിശദാംശം ലഭ്യമാക്കുമോ?

പരിഗണനയിലുണ്ട്, നാല് മുതൽ പത്ത് വരെ അംഗങ്ങളുള്ള ചെറിയ ഗ്രൂപ്പുകളായിട്ടാണ് ക്ഷീരശ്രീ സംയുക്ത ബാധ്യതാ ഗ്രൂപ്പ് രൂപീകരിക്കാൻ ഉദ്ദേശിക്കുന്നത്. സമാനചിന്താഗതികളുള്ള ക്ഷീരകർഷകരെ ഒരുമിച്ചുചേർത്ത് അംഗങ്ങളുടെ വരുമാനമാർഗ്ഗം വർദ്ധിപ്പിക്കുന്നതിനും സാമൂഹിക പ്രതിബന്ധത വളർത്തിയെടുക്കുന്നതിനും ലക്ഷ്യമിടുന്നു. തരിശുഭൂമിയിൽ പുൽകൃഷി ചെയ്ത് ആവശ്യക്കാർക്ക് തീറ്റപ്പുല്ല് വിൽപ്പന നടത്തുക, സൈലേജ്, ടോട്ടൽ മിക്സഡ് റേഷൻ, ചാണക സംസ്കരണം, യന്ത്രവത്കൃത കറവ യൂണിറ്റുകൾ തുടങ്ങി ഈ മേഖലയുമായി ബന്ധപ്പെട്ട മറ്റു പ്രവർത്തനങ്ങളും ഇത്തരം ഗ്രൂപ്പുകൾക്ക് ഏറ്റെടുത്ത് നടത്താവുന്നതാണ്.

(സി) വ്യാവസായിക അടിസ്ഥാനത്തിൽ ഡെയറി ഫാം നടത്തുന്ന ക്ഷീരകർഷകർക്ക് ധനസഹായം നൽകുന്നതിനായി പ്രത്യേക പദ്ധതികൾ നിലവിലുണ്ടോ; ആധുനിക ഡെയറി ഫാമുകളെ പ്രോത്സാഹിപ്പിക്കുന്നതിനായി സ്വീകരിച്ചുവരുന്ന നടപടികളുടെ വിശദാംശം നൽകാമോ?

മിൽക്ക് ഷെഡ് വികസന പദ്ധതിയുടെ കീഴിൽ ഇൻഫ്രാസ്ടക്ച്ചർ ആന്റ് ആട്ടോമേഷൻ ഓഫ് കൊമേഷ്യൽ ഡെയറി ഫാംസ് എന്ന ഘടകപദ്ധതിയിൽ ആധുനികവൽക്കരണത്തിനും യന്ത്രവൽക്കരണത്തിനുമായി തുക വകയിരുത്തിയിട്ടുണ്ട്. ശാസ്ത്രീയമായി വാണിജ്യാടിസ്ഥാനത്തിൽ നടത്തിവരുന്ന ഡയറി ഫാമുകൾക്ക് ഈ പദ്ധതിയിലൂടെ ധനസഹായം നൽകുന്നു. ഈ വർഷം 13.28 ലക്ഷം രൂപ ഇതിനായി വകയിരുത്തിയിട്ടുണ്ട്.

<u>പാലുല്പാദന രംഗത്ത് സ്വയം പര്യാപ്തത</u>

338(5462) <u>ശ്രീ. കെ. എം. സച്ചിൻദേവ്</u>: താഴെക്കാണുന്ന ചോദ്യത്തിന് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പാലുല്പാദന രംഗത്ത് സ്വയംപര്യാപ്തത കൈവരിക്കുന്നതിനായി ഈ സർക്കാർ നടപ്പിലാക്കി വരുന്ന വിവിധ പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

പാലുല്പാദന രംഗത്ത് സ്വയംപര്യാപ്തത കൈവരിക്കുന്നതിനായി നടപ്പിലാക്കി വരുന്ന വിവിധ പദ്ധതികൾ ചുവടെ ചേർക്കുന്നു.

മിൽക്ക് ഷെഡ് ഡെവലപ്പ്മെന്റ് പദ്ധതിയിൽ സബ്സിഡിയോടെ ഉരുക്കളെ വാങ്ങി നൽകുന്നു.

ആരോഗ്യപരവും അത്യുല്പാദനശേഷിയുള്ളതുമായ ഉരുക്കളെ സംസ്ഥാനത്തുതന്നെ ഉല്പാദിപ്പിക്കുക എന്നത് ലക്ഷ്യമിട്ട് കൊണ്ടുള്ള 'കിടാരി പാർക്ക്', തെരെഞ്ഞെടുക്കപ്പെട്ട ഗ്രാമപഞ്ചായത്തുകളിൽ ക്ഷീരവികസന വകുപ്പിന്റെ പദ്ധതികൾ കൂടുതൽ നൽകിക്കൊണ്ട് പാലുല്പാദനം വർദ്ധിപ്പിക്കുക എന്നത് ലക്ഷ്യമിട്ട് കൊണ്ടുള്ള 'ക്ഷീര ഗ്രാമം' എന്നീ പദ്ധതികൾക്കായി ധനസഹായം നൽകിവരുന്നു.

തീറ്റപ്പുൽകൃഷി വ്യാപന പദ്ധതിയിലെ തീറ്റപ്പുൽകൃഷിയും വിപണനവും എന്ന ഘടകപദ്ധതിയിലൂടെ തരിശുഭൂമിയിലെ തീറ്റപ്പുൽകൃഷി, യന്ത്രവൽക്കരണ പദ്ധതികൾ, മക്കച്ചോളം കൃഷി ചെയ്യുന്നതിനുള്ള പദ്ധതികൾ, ജലസേചന സൗകര്യത്തിനായുള്ള പദ്ധതികൾ എന്നിവ നടപ്പിലാക്കിവരുന്നു.

മിൽമ പാലുല്പാദനത്തിൽ സ്വയംപര്യാപ്തത എന്ന ലക്ഷ്യത്തിലേയ്ക്ക് അടുത്തുകൊണ്ടിരിക്കുകയാണ്. മലബാർ മേഖലാ യൂണിയനിൽ പാലുൽപ്പാദനം വർദ്ധിപ്പിക്കുന്നതിനും അതുവഴി സ്വയംപര്യാപ്തത

കൈവരിക്കുന്നതിനുമായി പശുവളർത്തൽ ഉപജീവനമായി സ്വീകരിച്ചവർക്ക് അവരുടെ ദൈനംദിന തീറ്റവസ്തുക്കളുടെ ആവശ്യകത അനുസരിച്ച് ഗുണമേന്മയുള്ള തീറ്റവസ്തുക്കളായ ഹൈബ്രിഡ് നേപ്പിയർ പച്ചപ്പുല്ല്, കായ്ഫലത്തോടുകൂടിയ ചോളത്തണ്ട്, ചോള സൈലേജ് എന്നിവ സബ്സിഡിയോടുകൂടി നൽകിവരുന്നു. കൂടാതെ ഗുണമേന്മയുള്ള വൈക്കോലും സമീകൃത കാലിത്തീറ്റയും ഇതര തീറ്റവസ്തുക്കളായ കടലപ്പിണ്ണാക്ക്, പരുത്തിപ്പിണ്ണാക്ക്, അരിത്തവിട്, ഗോതമ്പുതവിട് എന്നിവ ലഭ്യമാക്കുന്നുണ്ട്. അർഹരായ കർഷകർക്ക് പകുതിവിലയ്ക്ക് ധാതുലവണ മിശ്രിതം, ബൈപ്പാസ് ഫാറ്റ് എന്നിവ മലബാർ മിൽമ നൽകുന്നുണ്ട്. എറണാകുളം മേഖലാ യൂണിയന്റെ കീഴിലുള്ള സംഘങ്ങളിലൂടെയുള്ള പാൽ സംഭരണം വർദ്ധിച്ചിട്ടുള്ളതിനാൽ മേഖലാ യൂണിയന് പാലുല്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിന് ഒരു പരിധിവരെ സാധിച്ചിട്ടുണ്ട്.

## വേളം ഗ്രാമപഞ്ചായത്തിലെ ക്ഷീര ഗ്രാമം പദ്ധതി

339(5463) ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: താഴെക്കാണുന്ന ചോദ്യത്തിന് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വേളം ഗ്രാമപഞ്ചായത്തിലെ ക്ഷീരഗ്രാമം പദ്ധതി ഏതു ഘട്ടത്തിലാണെന്ന് വിശദമാക്കാമോ; പ്രസ്തുത പദ്ധതിയുടെ നേട്ടങ്ങൾ എന്തൊക്കെയെന്ന് അറിയിക്കാമോ; എത്ര കർഷകർക്ക് ഈ പദ്ധതി വഴി ഗുണം ലഭിക്കുന്നുണ്ടെന്ന് അറിയിക്കാമോ?

വേളം ഗ്രാമപഞ്ചായത്തിൽ 2021-22 സാമ്പത്തികവർഷം നടപ്പിലാക്കിയ ക്ഷീരഗ്രാമം പദ്ധതി 31.03.2022-ന് പൂർത്തിയാകുകയും 31.05.2022-നകം എല്ലാ ഗുണഭോക്താക്കളുടെയും ബാങ്ക് അക്കൗണ്ടിലേയ്ക്ക് ധനസഹായം ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്.

പ്രസ്തുത പദ്ധതി പ്രകാരം വേളം ഗ്രാമപഞ്ചായത്തിലെ നിരവധി ക്ഷീരകർഷകർക്ക് ധനസഹായം നൽകുന്നതിന് സാധിച്ചിട്ടുണ്ട്. ആയതിന്റെ വിവരം താഴെ കൊടുക്കുന്നു.

| പദ്ധതിയുടെ പേര് | ധനസഹായം അനുവദിച്ച കർഷകരുടെ എണ്ണം | ആകെ അനുവദിച്ച ധനസഹായം |
|---|---|---|
| 2 പശു യൂണിറ്റ് | 13 | ₹ 8,97,000 |
| 5 പശു യൂണിറ്റ് | 2 | ₹ 3,68,000 |
| സംയോജിത പശു യൂണിറ്റ് (1 പശു+ 1 കിടാരി) | 5 | ₹ 2,65,000 |
| സംയോജിത പശു യൂണിറ്റ് | 2 | ₹ 3,00,000 |

| | | |
|---|---|---|
| (3 പശു+ 2 കിടാരി) | | |
| ശാസ്ത്രീയമായ രീതിയിൽ കാലിതൊഴുത്ത് നിർമ്മാണം | 2 | ₹ 1,00,000 |
| ആവശ്യാധിഷ്ഠിത ധനസഹായം | 17 | ₹ 8,50,000 |
| സബ്സിഡി നിരക്കിൽ ധാതുലവണ മിശ്രിതം വിതരണം (കാൽസാഗർ പ്ലസ് 1 കി.ഗ്രാം പായ്ക്കറ്റ്) | 220 | ₹ 22,000 |

ആകെ 261 ക്ഷീര കർഷകർക്ക് പദ്ധതി വഴി ഗുണം ലഭിച്ചിട്ടുണ്ട്. ടി പദ്ധതി മുഖേന ആകെ 28,02,000 രൂപ ധനസഹായം അനുവദിച്ചിട്ടുണ്ട്.

<u>അവശവിഭാഗങ്ങൾക്ക് ക്ഷീരവികസന വകുപ്പിന്റെ പദ്ധതി</u>

340(5464) <u>ശ്രീ. വി. ജോയി</u>: താഴെക്കാണുന്ന ചോദ്യത്തിന് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വനിതകൾ, ദുർബ്ബല വിഭാഗക്കാർ, പട്ടികവിഭാഗങ്ങൾ എന്നിവരിൽ സമൂഹത്തിൽ അവശതയനുഭവിക്കുന്നവർക്ക് തൊഴിലും വരുമാനവും നൽകുന്നതിന് ക്ഷീരവികസന വകുപ്പ് എന്തെങ്കിലും പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ?

വനിതകൾ, ദുർബ്ബല വിഭാഗക്കാർ, പട്ടികവിഭാഗങ്ങൾ എന്നിവരിൽ സമൂഹത്തിൽ അവശത അനുഭവിക്കുന്നവർക്ക് തൊഴിലും വരുമാനവും നൽകുന്നതിന് ക്ഷീരവികസന വകുപ്പ് നടത്താനുദ്ദേശിക്കുന്ന പദ്ധതിയാണ് " അതിദരിദ്ര വിഭാഗത്തിൽപ്പെട്ട വനിതകൾക്ക് ഒരു പശു നൽകുന്ന പദ്ധതി." ദാരിദ്ര്യ നിർമ്മാർജ്ജനത്തിന്റെ ഭാഗമായി ക്ഷീരമേഖലയിൽ പശുവളർത്തലിൽ തൽപ്പരരായ വനിതകൾക്ക് 90 ശതമാനം സബ്സിഡിയോടെ ഒരു പശു യൂണിറ്റിന് ധനസഹായം നൽകുന്നതിനാണ് പ്രസ്തുത പദ്ധതിയിൽ ഉദ്ദേശിക്കുന്നത്.

പാലുല്പന്നങ്ങളുടെ മേൽ ജി.എസ്.ടി. ചുമത്തിയ കേന്ദ്ര നടപടി

341(5465) ശ്രീ. ജി. സ്റ്റീഫൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനം പാലുല്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിച്ചുകൊണ്ടിരിക്കുന്ന സാഹചര്യത്തിൽ പാലിന്റെ മൂല്യവർദ്ധിത ഉല്പന്നങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിന് പുതിയതായി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പ്രവർത്തനങ്ങൾ വിശദമാക്കാമോ?

സംസ്ഥാനം പാലുല്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിച്ചുകൊണ്ടിരിക്കുന്ന സാഹചര്യത്തിൽ കർഷകർ ഉല്പാദിപ്പിക്കുന്ന പാൽ മുഴുവൻ സംഭരിക്കുന്നതിനും കൂടുതൽ മൂല്യവർദ്ധിത ഉല്പന്നങ്ങൾ നിർമ്മിക്കുന്നതിനുള്ള പദ്ധതി പരിഗണനയിലുണ്ട്. പാൽ മൂല്യവർദ്ധിത ഉല്പന്നങ്ങളാക്കി വിൽക്കുന്നതിന് ക്ഷീരസംഘങ്ങൾക്കും ധനസഹായം നൽകുന്നുണ്ട്. ഇത്തരത്തിൽ ഉല്പാദിപ്പിക്കുന്ന ഉല്പന്നങ്ങൾ ക്ഷീരസംഘങ്ങൾ മുഖേന വിപണനം ചെയ്തുവരുന്നുണ്ട്. കൂടാതെ ക്ഷീരപരിശീലന കേന്ദ്രങ്ങൾ മുഖേന വ്യക്തികൾക്കും ഗ്രൂപ്പുകൾക്കും ചെറുകിട മൂല്യവർദ്ധിത ഉല്പന്ന യൂണിറ്റുകൾ ആരംഭിക്കുന്നതിനുള്ള പരിശീലനവും നൽകി വരുന്നു. ഇത്തരം ചെറുകിട മൂല്യവർദ്ധിത ഉല്പന്ന യൂണിറ്റുകൾ പ്രദേശികമായി പല സ്ഥലങ്ങളിലും വിജയകരമായി പ്രവർത്തിച്ചുവരുന്നു. പാലിന്റെ മൂല്യവർദ്ധിത ഉല്പന്നങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിന് മിൽമ പുതിയതായി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പ്രവർത്തനങ്ങൾ താഴെ ചേർക്കുന്നു.

വിതരണത്തിനുശേഷം വരുന്ന പാൽ സംസ്കരിച്ച് മൂല്യവർദ്ധിത ഉൽപ്പന്നങ്ങളാക്കുന്നതിന് വിവിധ പദ്ധതികൾ മേഖലായൂണിയനുകൾ നടപ്പിലാക്കി വരുന്നുണ്ട്. ഉൽപ്പന്ന വൈവിദ്ധ്യവത്കരണത്തിന്റെ ഭാഗമായി

മേഖല സഹകരണ ക്ഷീരോല്പാദക യൂണിയന്റെ ഒരു ആട്ടോമാറ്റഡ് പനീർ നിർമ്മാണ യൂണിറ്റ് തിരുവനന്തപുരം ജില്ലയിൽ സ്ഥാപിക്കുന്നതിനുള്ള പ്രോജക്ട് റിപ്പോർട്ട് സർക്കാർ പരിശോധിച്ചുവരുന്നു. എറണാകുളം മേഖലാ യൂണിയന്റെ കീഴിലുള്ള എറണാകുളം, കോട്ടയം, തൃശ്ശൂർ ഡയറികളിൽ തൈര്, സംഭാരം, നെയ്യ് എന്നിവയുടെ ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടിക്രമങ്ങൾ നടന്നുവരുന്നു. ബട്ടർ, പേഡ, പനീർ, പായസം മിക്സുകൾ എന്നീ അനുബന്ധ ഉൽപന്നങ്ങൾ നിർമ്മിക്കുന്നതിന് ഇടപ്പള്ളിയിൽ ഒരു പ്രോഡക്ട്സ് ഡയറി യൂണിറ്റ് നിലവിലുണ്ട്. പുതിയതരം ഫ്ലേവറുകളിലുള്ള (പാഷൻ ഫ്രൂട്ട്, കരിക്ക് മുതലായവ) ഐസ്ക്രീമുകൾ, കാരറ്റ് പേഡ, പനീർ, പായസം മിക്സുകൾ (പാലട, വെർമിസെലി, കരിക്ക് മുതലായവ) എന്നിവ പുതിയതായി വിപണിയിലിറക്കുന്നതിനും എറണാകുളം മേഖലാ യൂണിയന് സാധിച്ചിട്ടുണ്ട്. ഗ്രാമീണ മേഖലയിൽ പാലിന്റേയും പാലുല്പന്നങ്ങളുടേയും ഉപയോഗവും വിപണനവും വിപുലീകരിക്കുന്നതിനായി ക്ഷീരസംഘങ്ങളിൽ മിൽമ ഷോപ്പികൾ ആരംഭിച്ച് വിപണനം നടത്തി വരുന്നു. 2020-21 വർഷത്തിൽ 22 ക്ഷീരസംഘങ്ങളിൽ മിൽമ ഷോപ്പികൾ പ്രവർത്തനം ആരംഭിച്ചു. മലബാർ മേഖലയിൽ പാലുൽപ്പാദനം ഗണ്യമായി വർദ്ധിക്കുന്ന

സാഹചര്യമുള്ളതിനാൽ ഇനിയും വർദ്ധിച്ചേക്കാവുന്ന പാൽ കൈകാര്യം ചെയ്യുന്നതിനും മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ നിർമ്മിക്കുവാനുള്ള പദ്ധതിയുമായി ബന്ധപ്പെട്ട നിർമ്മാണ ജോലികൾ പുരോഗമിക്കുന്നു. ഈ പദ്ധതികളിൽ മലപ്പുറത്ത് മൂർക്കനാട്, നിർമ്മാണ ജോലികൾ പുരോഗമിച്ച് വരുന്ന പാൽപ്പൊടി നിർമ്മാണ ഫാക്ടറി, വയനാട് ജില്ലയിൽ സ്ഥാപിതമായ കണ്ടൻസിംഗ് പ്ലാന്റ് എന്നിവ ഉൾപ്പെടുന്നു.

(ബി) പാലുല്പന്നങ്ങളുടെ മേൽ ജി.എസ്.ടി. ചുമത്തിയ അശാസ്ത്രീയമായ കേന്ദ്ര നടപടി ക്ഷീരകർഷകരെയും ക്ഷീരമേഖലയെയും ബാധിക്കാതിരിക്കാനും സംസ്ഥാനത്ത് മേൽ തീരുമാനത്തെ മറികടക്കാനും സ്വീകരിക്കുവാൻ പോകുന്ന നടപടികൾ വ്യക്തമാക്കാമോ?

മിൽമയുടെ പാലുൽപ്പന്നങ്ങളുടെ മേൽ ജി.എസ്.ടി. ചുമത്തുന്ന നടപടി കർഷക ക്ഷേമ പ്രവർത്തനങ്ങളെ പ്രതികൂലമായി ബാധിക്കുന്നതാണ്. മിൽമ ഏകദേശം 200000 ലിറ്റർ പാൽ ദിവസേന വിവിധ മൂല്യവർദ്ധിത ഉൽപ്പന്നങ്ങളായി മാറ്റുന്നുണ്ട്. മൂല്യവർദ്ധിത ഉൽപ്പന്നങ്ങളിൽ ജി.എസ്.ടി. ചുമത്തുമ്പോൾ യൂണിയനുകളുടെ ഉൽപ്പന്നങ്ങളുടെ വിൽപ്പന കുറയാനിടയുണ്ട്. അത്തരത്തിൽ വിൽപ്പന കുറയുന്നപക്ഷം യൂണിയനുകളുടെയും ലാഭത്തിൽ

ഗണ്യമായ കുറവുണ്ടാവുകയും കർഷകർക്ക് നൽകിവരുന്ന വിവിധ ആനുകൂല്യങ്ങളിൽ അത് പ്രതിഫലിക്കുകയും ചെയ്യുന്നതാണ്. മൂല്യവർദ്ധിതോല്പന്നങ്ങൾക്ക് ജി.എസ്.ടി ചുമത്തുമ്പോൾ പാലുല്പന്നങ്ങളുടെ വില വർദ്ധിപ്പിക്കുന്നതിന് നിർബന്ധിതമാകുന്ന സാഹചര്യം സംജാതമാകും. ഇത്തരത്തിൽ വില വർദ്ധിപ്പിക്കുമ്പോൾ ഉൽപ്പന്നങ്ങളുടെ വിൽപ്പന കുറയുകയും ഉപഭോക്താക്കൾ ബ്രാന്റഡ് ഉൽപ്പന്നങ്ങളിൽനിന്നും നിലവാരം കുറഞ്ഞ ബ്രാന്റഡല്ലാത്ത ഉൽപ്പന്നങ്ങൾ വാങ്ങാൻ നിർബന്ധിതരാകും. ഇത് മൂല്യവർദ്ധിതോൽപ്പന്നങ്ങളുടെ വിപുലീകരണത്തിലൂടെ കർഷകർക്ക് മെച്ചപ്പെട്ട വില ഉറപ്പാക്കുന്നതിനുള്ള മിൽമയുടെ ശ്രമങ്ങളെ നിർവീര്യമാക്കും.

ടി കാരണങ്ങളാൽ പാലുൽപ്പന്നങ്ങളുടെ മേൽ ജി.എസ്.ടി. ചുമത്തിയിരിക്കുന്ന നടപടി ഒഴിവാക്കുന്നതിനുവേണ്ടി കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

## ക്ഷീരമേഖലയിൽ കുടുംബശ്രീ അംഗങ്ങൾക്ക് പ്രോത്സാഹനം

342(5466) ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി: താഴെക്കാണുന്ന ചോദ്യത്തിന് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ക്ഷീര മേഖലയിൽ കുടുംബശ്രീ അയൽക്കൂട്ടങ്ങൾക്ക് എന്തെല്ലാം പ്രോത്സാഹനങ്ങൾ നൽകുന്നുവെന്നും കുടുംബശ്രീ അംഗങ്ങൾക്ക് കന്നു കിടാരികളെ വാങ്ങുന്നതിന് സാമ്പത്തിക സഹായം നല്കുന്നുണ്ടോയെന്നും വിശദമാക്കാമോ?

ക്ഷീരവികസന വകുപ്പിന്റെ വാണിജ്യാടിസ്ഥാനത്തിലുള്ള തീറ്റപ്പുൽ കൃഷി, കിടാരി പാർക്ക് എന്നീ പദ്ധതികൾ കുടുംബശ്രീ അംഗങ്ങൾക്ക് ഏറ്റെടുത്ത് നടത്താവുന്നതാണ്. സ്വയം സഹായ സംഘങ്ങൾക്കും ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പുകൾക്കും വ്യക്തികൾക്കും ഈ പദ്ധതി നടത്താവുന്നതാണ്. 2022-23 വർഷം 90 ലക്ഷം രൂപ ഇതിനായി വകയിരുത്തിയിട്ടുണ്ട്.

തദ്ദേശസ്വയംഭരണ വകുപ്പ് മുഖേന ക്ഷീരമേഖലയിൽ കുടുംബശ്രീ അയൽക്കൂട്ടങ്ങൾക്ക് പിന്തുണ നൽകുന്നതിലേയ്ക്ക് ക്ഷീരസാഗരം എന്ന പദ്ധതി കുടുംബശ്രീ മുഖേന നടത്തുന്നുണ്ട്. ആദ്യഘട്ടത്തിൽ, ബഹുവർഷ പദ്ധതി രീതിയിൽ ഒരു തദ്ദേശസ്വയംഭരണ സ്ഥാപനത്തിൽ 10 അംഗങ്ങൾക്ക് ക്ഷീരമേഖലയിൽ കറവപ്പശുക്കളെ വാങ്ങുന്നതിന് ബാങ്ക്ലോൺ തുകയ്ക്കനുസൃതമായി സബ്സിഡി അനുവദിക്കുന്നു. 5 അംഗങ്ങളുള്ള ഒരു ഗ്രൂപ്പ് യൂണിറ്റിന് 2,18,750 രൂപ (പ്രോജക്ട് തുകയുടെ 35%) വരെ 10 പശുക്കളെ

വാങ്ങുന്നതിലേയ്ക്ക് ബാങ്ക് ലോൺ അക്കൗണ്ടിലേയ്ക്ക് സബ്സിഡി അനുവദിക്കുന്നു. കുടുംബശ്രീ കമ്മ്യൂണിറ്റി ഡെവലപ്മെന്റ് സൊസൈറ്റി വഴി 4% പലിശയ്ക്ക് 50,000 രൂപ വരെ വായ്പ കമ്മ്യൂണിറ്റി എന്റർപ്രൈസസ് ഫണ്ടായി കറവപ്പശുവിനെ വാങ്ങുന്നതിന് ലഭ്യമാണ്. ഇതുകൂടാതെ മൃഗസംരക്ഷണ വകുപ്പുമായി ചേർന്ന് നൈപുണ്യ വികസന പരിശീലന പിന്തുണകളും കർഷകർക്ക് നൽകുന്നുണ്ട്. നിലവിൽ 1878 പശുവളർത്തൽ യൂണിറ്റുകളിലായി 9372 അംഗങ്ങൾ കുടുംബശ്രീ സബ്സിഡി പിന്തുണയോടെ ക്ഷീരമേഖലയിൽ ഉപജീവന പ്രവർത്തനം നടത്തിവരുന്നു.

## മിൽക്ക് ഷെഡ് വികസന പദ്ധതി

343(5467) ശ്രീ. കെ. വി. സുമേഷ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മിൽക് ഷെഡ് വികസന പദ്ധതി പ്രകാരമുള്ള ധനസഹായത്തിനുള്ള അപേക്ഷയിന്മേൽ സ്വീകരിക്കുന്ന നടപടിക്രമങ്ങൾ വിശദമാക്കാമോ?

മിൽക് ഷെഡ് വികസന പദ്ധതി പ്രകാരമുള്ള ധനസഹായത്തിനുള്ള അപേക്ഷ ലഭിച്ചു കഴിഞ്ഞാൽ ഫീൽഡുപരിശോധനയ്ക്ക് വിധേയമാക്കും. ശേഷം അർഹതാമാനദണ്ഡങ്ങൾക്കനുസൃതമായി ഗുണഭോക്തൃ പട്ടിക തയ്യാറാക്കുന്നു. ഈ പട്ടികയിൽ നിന്നും മുൻഗണനാക്രമത്തിൽ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കും.

(ബി) ധനസഹായ പദ്ധതിയുടെ മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ?

വനിതകൾ, പട്ടിക വിഭാഗക്കാർ, പിന്നോക്ക വിഭാഗക്കാർ, ക്ഷീരസംഘങ്ങളിൽ പാലളക്കുന്നവർ എന്നിവർക്ക് മുൻഗണന നൽകുന്നുണ്ട്.

കോഴിക്കോട് ജില്ലയിലെ ഡെയറി സംഘങ്ങൾ

344(5468) ശ്രീ. ഇ. കെ. വിജയൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കോഴിക്കോട് ജില്ലയിൽ പുതുതായി എത്ര ഡെയറി സംഘങ്ങൾ ആരംഭിച്ചിട്ടുണ്ടെന്നുള്ള വിവരം മണ്ഡലം തിരിച്ച് ലഭ്യമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കോഴിക്കോട് ജില്ലയിൽ 3 (മൂന്ന്) ക്ഷീരസംഘങ്ങൾ പുതുതായി രജിസ്റ്റർ ചെയ്തിട്ടുണ്ട്. ആയതിന്റെ വിവരം താഴെ കൊടുക്കുന്നു.

| നം. | ക്ഷീരസംഘത്തിന്റെ പേര് | മണ്ഡലം | ബ്ലോക്ക് | രജിസ്റ്റർ ചെയ്ത തീയതി |
|---|---|---|---|---|
| 1 | പൈതോത്ത് ക്ഷീരോൽപ്പാദക സഹകരണ സംഘം ക്ലിപ്തം നമ്പർ ഡി 281 (ഡി) ആപ്കോസ്. | പേരാമ്പ്ര | പേരാമ്പ്ര | 2.2.2022 |
| 2 | എടോനി ക്ഷീരോൽപ്പാദക സഹകരണ സംഘം ക്ലിപ്തം നമ്പർ ഡി 282 (ഡി) ആപ്കോസ്. | നാദാപുരം | കുന്നമ്മൽ | 2.3.2022 |
| 3 | താനക്കോട്ടൂർ ക്ഷീരോൽപ്പാദക സഹകരണ സംഘം ക്ലിപ്തം നമ്പർ ഡി 283 (ഡി) ആപ്കോസ്. | നാദാപുരം | തൂണേരി | 5.7.2022 |

(ബി) നിലവിൽ ഡെയറി സംഘങ്ങൾക്ക് ക്ഷീരവികസന വകുപ്പ് എന്തൊക്കെ ആനുകൂല്യങ്ങളാണ് നൽകി വരുന്നതെന്ന് അറിയിക്കാമോ?

വാർഷിക പദ്ധതി പ്രകാരം ക്ഷീരവികസന വകുപ്പ് മുഖേന ക്ഷീരസംഘങ്ങൾക്ക് ധനസഹായം നൽകുന്ന പദ്ധതികൾ അനുബന്ധമായി ചേർക്കുന്നു.+

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## ക്ഷീര സംഘങ്ങളുടെ ശാക്തീകരണം

345(5469)ശ്രീ. കെ. ബാബു (നെന്മാറ):

ശ്രീമതി യു. പ്രതിഭ:

ശ്രീ. എ. പ്രഭാകരൻ:

ശ്രീ. പി. നന്ദകുമാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ക്ഷീരസംഘങ്ങളുടെ ശാക്തീകരണത്തിനായി ഈ സർക്കാരും കഴിഞ്ഞ സർക്കാരും നടത്തിയിട്ടുള്ള പ്രവർത്തനങ്ങൾ സംബന്ധിച്ച് അവലോകനം നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ?

അവലോകനം നടത്തിയിട്ടുണ്ട്. സംസ്ഥാനത്ത് ക്ഷീര സംഘങ്ങളുടെ ശാക്തീകരണത്തിനായി ഈ സർക്കാരും കഴിഞ്ഞ സർക്കാരും നടത്തിയിട്ടുള്ള പ്രവർത്തനങ്ങളുടെ ഭാഗമായി ക്ഷീര സഹകരണ മേഖലയിലെ 2016-17-ലെ പ്രതിദിന ശരാശരി പാൽ സംഭരണം 16.27 ലക്ഷം ലിറ്റർ ആയിരുന്നത് 2021-22-ൽ 21.19 ലക്ഷം ലിറ്റർ ആയി വർദ്ധിച്ചിട്ടുണ്ട്. അതായത് പ്രതിദിന സംഭരണത്തിൽ 4.92 ലക്ഷം ലിറ്റർ പാലിന്റെ വർദ്ധനവുണ്ടായിട്ടുണ്ട്. ക്ഷീരകർഷകരെ സംബന്ധിച്ച് ഈ മേഖലയിൽ തുടരുന്നതിന് ക്ഷീരസംഘങ്ങളുടെ പങ്ക് വളരെ വലുതാണ്.

പാൽവില മറ്റ് വിപണി വിലയെക്കാൾ കുറച്ചാണ് കർഷകർക്ക് ലഭിക്കുന്നതെങ്കിലും ക്ഷീരസംഘങ്ങളിൽ പാൽ നൽകുന്ന ക്ഷീരകർഷകർക്ക് വിവിധ ഏജൻസികളുടെ ധനസഹായങ്ങൾ ലഭിക്കുന്നുണ്ട്. മാത്രവുമല്ല എത്ര പാൽ നൽകിയാലും ക്ഷീരസംഘങ്ങൾ സ്വീകരിക്കുമെന്ന ഒരു ഉറപ്പ് കർഷകനുണ്ട്. ഇത് നിലവിലുള്ള ക്ഷീരകർഷകർക്ക് സഹായമാവുകയും പുതിയ കർഷകരെ ക്ഷീരമേഖലയിലേയ്ക്ക് ആകർഷിക്കുവാനും കാരണമാവുന്നു. കേരളത്തിൽ കഴിഞ്ഞ വർഷങ്ങളിൽ കാണുന്ന പാൽസംഭരണത്തിലെ വർദ്ധനവ് ക്ഷീരസംഘങ്ങളുടെ പ്രവർത്തനങ്ങളുടെ ഫലം കൂടിയാണ്. കോവിഡ് മഹാമാരി കാലഘട്ടത്തിൽ കർഷകർ ഏറ്റവും കൂടുതൽ വരുമാനത്തിനായി ആശ്രയിച്ചത് ക്ഷീരമേഖലയെയാണ്.

(ബി) കേരള സ്റ്റേറ്റ് ഡയറി മാനേജ്മെന്റ് ഇൻഫർമേഷൻ സെന്ററിന് തുടക്കം കുറിച്ചതിലൂടെ ഈ മേഖലയിൽ ഉന്നംവയ്ക്കുന്ന നേട്ടങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

ഡെയറി മേഖലയിൽ ശാസ്ത്രീയവും വ്യക്തവുമായ പദ്ധതി ആസൂത്രണത്തിനും അവയുടെ നിർവ്വഹണത്തിനും സഹായിക്കുക

എന്നതാണ് കേരള സ്റ്റേറ്റ് ഡെയറി മാനേജ്മെന്റ് ഇൻഫർമേഷൻ സെന്ററിലൂടെ ഉദ്ദേശിക്കുന്നത്.

(സി) ക്ഷീരോല്പാദനരംഗത്ത് ഉപയോഗിക്കുന്ന ഉപകരണങ്ങൾക്കും കറവ യന്ത്രങ്ങൾക്കും കേന്ദ്ര സർക്കാർ ചുമത്തിയിട്ടുള്ള ചരക്ക് സേവന നികുതിയിൽ വർദ്ധനവ് വരുത്തുവാനുള്ള ജി.എസ്.ടി. കൗൺസിൽ തീരുമാനം നടപ്പിലായാൽ അത് സംസ്ഥാനത്തെ കർഷകർക്കും പൊതുജനങ്ങൾക്കും ഏൽപ്പിക്കുന്ന ആഘാതം വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ?

സംസ്ഥാനത്ത് പാൽ ഉല്പാദന ചെലവ് മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് കൂടുതലാണ്. ക്ഷീരോല്പാദന രംഗത്ത് ഉപയോഗിക്കുന്ന ഉപകരണങ്ങൾക്കും കറവ യന്ത്രങ്ങൾക്കും കേന്ദ്ര സർക്കാർ ചുമത്തിയിട്ടുള്ള ചരക്ക് സേവന നികുതിയിൽ വർദ്ധനവ് വരുത്തുവാനുള്ള ജി.എസ്.ടി. കൗൺസിൽ തീരുമാനം നടപ്പിലായാൽ ഉല്പാദന ചെലവ് വീണ്ടും വർദ്ധിക്കും. ഇത് ഈ മേഖലയിൽ നിന്ന് ലഭിക്കുന്ന ലാഭം കുറയ്ക്കുന്നതിനോടൊപ്പം മേഖലയിൽ നിന്ന് കർഷകർ പിന്തിരിയാനും കാരണമാകും.

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു.)

10.00 A M]

**II ചരമോപചാരം**

ടി. ശിവദാസമേനോൻ

മി. സ്പീക്കർ: മുൻമന്ത്രിയും കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിന്റെ സമുന്നതനായ നേതാവുമായിരുന്ന ടി. ശിവദാസമേനോൻ 2022 ജൂൺ 28-ന് അന്തരിച്ചു. മണ്ണാർക്കാട് വെള്ളോലി ശങ്കരൻകുട്ടി പണിക്കർ, കല്ല്യാണിക്കുട്ടിയമ്മ ദമ്പതികളുടെ മകനായി 1932 ജൂൺ 14-ന് ടി. ശിവദാസമേനോൻ ജനിച്ചു. അവിഭക്ത കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ പെരിന്തൽമണ്ണ താലൂക്ക് കൗൺസിൽ അംഗമായിരുന്ന അദ്ദേഹം പിന്നീട് സി.പി.ഐ.(എം.) മണ്ണാർക്കാട് താലൂക്ക് സെക്രട്ടറിയായി. 1955 മുതൽ മണ്ണാർക്കാട് കെ.ടി.എം. ഹൈസ്കൂളിൽ അദ്ധ്യാപകനായും പിന്നീട് വളരെ ചെറുപ്പത്തിൽ, 25-ാം വയസ്സുമുതൽ ഹെഡ്മാസ്റ്ററായും പ്രവർത്തിച്ച ശിവദാസമേനോൻ 1973-ൽ രൂപീകൃതമായ സ്വകാര്യ സ്കൂൾ അദ്ധ്യാപകരുടെ സംഘടനയായ കെ.പി.ടി.യു-വിന്റെ സ്ഥാപകനേതാവായിരുന്നു. അക്കാലത്തുനടന്ന അദ്ധ്യാപകരുടെ 54 ദിവസം നീണ്ട പണിമുടക്ക് സമരത്തിന്റെ മുൻനിര നേതാവായിരുന്ന അദ്ദേഹം അദ്ധ്യാപകൻ,

അദ്ധ്യാപക സംഘടനാ നേതാവ്, കാലിക്കറ്റ് സർവ്വകലാശാല സിൻഡിക്കേറ്റ് അംഗം, സി.പി.ഐ.(എം.) പാലക്കാട് ജില്ലാ സെക്രട്ടറി, സംസ്ഥാന സെക്രട്ടേറിയറ്റ് അംഗം, മന്ത്രി എന്നീ നിലകളിലെല്ലാം പ്രവർത്തിച്ചു. മൂന്നുതവണ പാലക്കാട്ടുനിന്നും അദ്ദേഹം പാർലമെന്റിലേയ്ക്ക് മത്സരിച്ചിട്ടുണ്ട്. 1987-ൽ മലമ്പുഴയിൽനിന്നും ആദ്യമായി 8-ാം കേരള നിയമസഭയിൽ അംഗമായ ശിവദാസമേനോൻ ആദ്യ തവണതന്നെ രണ്ടാം നായനാർ മന്ത്രിസഭയിൽ വൈദ്യുതി-ഗ്രാമവികസന വകുപ്പുമന്ത്രിയായി. തുടർന്ന് 1991, 1996 വർഷങ്ങളിൽ മലമ്പുഴ നിയോജകമണ്ഡലത്തെ പ്രതിനിധീകരിച്ച അദ്ദേഹം മൂന്നാം നായനാർ മന്ത്രിസഭയിൽ ധനം-എക്സ്സൈസ് വകുപ്പുമന്ത്രിയായും ഭരണരംഗത്ത് പ്രാഗത്ഭ്യം തെളിയിച്ചു. പ്രതിപക്ഷ ചീഫ് വിപ്പായും പ്രവർത്തിച്ചിരുന്നു. 1993-1996 കാലയളവിൽ ഒൻപതാം കേരള നിയമസഭയുടെ പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റിയുടെ ചെയർമാനായും അദ്ദേഹം സേവനം അനുഷ്ഠിച്ചിരുന്നു. ആശയപ്രചരണ രംഗത്ത് അദ്ദേഹത്തിന്റെ സംഭാവനകൾ അതുല്യമായിരുന്നു. ഗഹനമായ കമ്മ്യൂണിസ്റ്റ് ആശയങ്ങളെ സാമാന്യ യുക്തികളായും ജനജീവിതത്തിലെ അനുഭവങ്ങളുമായും ബന്ധപ്പെടുത്തി സരളമായി അദ്ദേഹം ജനങ്ങളോട്

വിശദീകരിച്ചു. നിയമസഭയിലെ സമർത്ഥനായ പോരാളിയായിരുന്ന ശിവദാസമേനോൻ. സഭയ്ക്ക് പുറത്ത് ജനങ്ങളുടെ മുന്നിൽനിന്ന് അവരുടെ ജീവിതാവശ്യങ്ങൾക്കായി പോരാടി. മികവുറ്റ വാഗ്മിയായിരുന്ന അദ്ദേഹം രാഷ്ട്രീയ പൊതുയോഗങ്ങളെ ബഹുജന വിദ്യാഭ്യാസ പരിപാടിയാക്കി മാറ്റി. അടിയന്തരാവസ്ഥക്കാലത്തും പ്രതികൂലസന്ദർഭങ്ങളിലും ഒളിവിലും ജയിലിലുമൊക്കെ കഴിഞ്ഞ് ഇടതുപക്ഷ പ്രസ്ഥാനത്തെ ശക്തിപ്പെടുത്തിയ അദ്ദേഹം യാതനാപൂർണ്ണമായ സമരങ്ങളിലൂടെ അദ്ധ്യാപക പ്രസ്ഥാനത്തെ സുശക്തമായി കെട്ടിപ്പടുക്കുന്നതിൽ നിർണ്ണായക പങ്കുവഹിച്ചു. 2003-ൽ മുത്തങ്ങയിൽ ആദിവാസികൾക്കുനേരെ നടന്ന വെടിവയ്പ്പിനെതിരെ പ്രതിഷേധത്തിന്റെ അഗ്നിജ്വാലമായി ശിവദാസമേനോൻ മാറിയതും 70-ാം വയസ്സിൽ കൊടിയ മർദ്ദനം ഏറ്റുവാങ്ങിയതും കേരളത്തിന്റെ ഓർമ്മയിൽ ഇന്നുമുണ്ട്. ഇടതുപക്ഷ പ്രസ്ഥാനത്തെ ആശയതലത്തിലും സംഘടനാതലത്തിലും ഒരുപോലെ സജ്ജമാക്കുന്നതിൽ അവിസ്മരണീയ സംഭാവന നൽകിയ വിപ്ലവകാരിയെയും മികച്ച ഒരു നിയമസഭാ സാമാജികനെയുമാണ് ടി. ശിവദാസമേനോന്റെ നിര്യാണത്തിലൂടെ നമുക്ക് നഷ്ടമായിരിക്കുന്നത്.

## പി. രാഘവൻ

മുൻ എം.എൽ.എ.-യും മുതിർന്ന തൊഴിലാളി നേതാവുമായിരുന്ന പി. രാഘവൻ 2022 ജൂലൈ 5-ന് അന്തരിച്ചു. ചേവിരി രാമൻ നായർ, പേറയിൽ മാണിയമ്മ ദമ്പതികളുടെ മകനായി 1945 ഒക്ടോബർ 18-ന് പി. രാഘവൻ ജനിച്ചു. സ്കൂൾ കാലത്തുതന്നെ സംഘടനാ പ്രവർത്തനത്തിൽ സജീവമായിരുന്ന അദ്ദേഹം ഗവൺമെന്റ് കോളേജിൽനിന്ന് സാമ്പത്തിക ശാസ്ത്രത്തിൽ ബിരുദവും ഉടുപ്പി ലാ കോളേജിൽനിന്ന് നിയമ ബിരുദവും നേടി. പഠനകാലത്ത് കെ.എസ്.എഫ്. അവിഭക്ത കണ്ണൂർ ജില്ലാ പ്രസിഡന്റായിരുന്ന അദ്ദേഹം 1964-ൽ പാർട്ടി അംഗവും 1974-ൽ കാസർഗോഡ് ബാറിൽ അഭിഭാഷകനുമായി. ഇക്കാലത്ത് തൊഴിലില്ലായ്മാ വേതനം ആവശ്യപ്പെട്ട് ഡി.വൈ.എഫ്.ഐ-യുടെ ആദ്യരൂപമായ കെ.എസ്.വൈ.എഫ്. ഡൽഹിയിൽ നടത്തിയ തൊഴിൽ സമരത്തിൽ പങ്കെടുത്ത് തിഹാർ ജയിലിലായി. ബന്ദടുക്ക തലപ്പള്ളത്ത് ആയുധ ക്യാമ്പ് നടത്തിയെന്നാരോപിച്ച് നക്സലായി മുദ്രകുത്തി പോലീസ് ദിവസങ്ങളോളം ലോക്കപ്പിലിട്ട് മർദ്ദിച്ചു. കാസർഗോഡ് ജില്ല രൂപീകരിച്ചപ്പോൾ സി.പി.ഐ. (എം.) ജില്ലാ കമ്മിറ്റിയിലും പിന്നാലെ ജില്ലാ സെക്രട്ടേറിയറ്റിലും അംഗമായി.

മോട്ടോർ തൊഴിലാളികളെ സംഘടിപ്പിച്ച് ട്രേഡ് യൂണിയൻ രംഗത്ത് സജീവമായ അദ്ദേഹം ബസ് തൊഴിലാളി ഫെഡറേഷൻ സംസ്ഥാന പ്രസിഡന്റും ഫെഡറേഷന്റെ ദേശീയ പ്രവർത്തക സമിതി അംഗവുമായി. ചുമട്ട്, ബീഡി, കശുവണ്ടി, അടയ്ക്കാ തൊഴിലാളികളെയും കെൽ ഫാക്ടറി തൊഴിലാളികളെയും സംഘടിപ്പിച്ച പി. രാഘവൻ ഇവയുടെ യൂണിയനുകൾക്ക് നേതൃത്വവും വഹിച്ചു. ട്രേഡ് യൂണിയൻ പ്രസ്ഥാനം കെട്ടിപ്പടുക്കുന്നതിൽ മുൻനിരയിൽ പ്രവർത്തിച്ച അദ്ദേഹത്തിന്റെ അതുല്യമായ സംഘാടന മികവിനാൽ കാസർഗോഡ് ജില്ലയിൽ നിരവധി സഹകരണ സ്ഥാപനങ്ങൾ ആരംഭിച്ചു. മുന്നാട് പീപ്പിൾസ് സഹകരണ കോളേജും ചെങ്കള നായനാർ ആശുപത്രിയും സഹകരണ വഴിയിൽ പി. രാഘവന്റെ നേതൃത്വത്തിൽ സൃഷ്ടിക്കപ്പെട്ട മാതൃകകളാണ്. ദീർഘകാലം സി.പി.ഐ. (എം) കാസർഗോഡ് ജില്ലാ കമ്മിറ്റിയംഗം, ജില്ലാ സെക്രട്ടേറിയറ്റംഗം, എൽ.ഡി.എഫ്. ജില്ലാ കൺവീനർ, സി.ഐ.ടി.യു. സംസ്ഥാന വൈസ് പ്രസിഡന്റ്, സെക്രട്ടറി, ദേശീയ പ്രവർത്തക സമിതിയംഗം, ദിനേശ് ബീഡി കേന്ദ്ര സഹകരണ സംഘം ഡയറക്ടർ, സംസ്ഥാന സഹകരണ ബാങ്ക് വൈസ് പ്രസിഡന്റ് എന്നീ നിലകളിൽ പ്രവർത്തിച്ച അദ്ദേഹം ഉദുമ

നിയോജകമണ്ഡലത്തെ പ്രതിനിധീകരിച്ച് ഒൻപതും പത്തും കേരള നിയമസഭകളിൽ അംഗമായി. നിയമസഭാംഗമായിരിക്കെ പി. രാഘവൻ അവതരിപ്പിച്ച ബീഡി-സിഗാർ തൊഴിലാളി ക്ഷേമനിധി സ്വകാര്യ ബിൽ പിന്നീട് സർക്കാർ നിയമമാക്കി. ട്രേഡ് യൂണിയൻ സഹകരണ രംഗങ്ങളിൽ മാതൃകാപരമായ പ്രവർത്തനം കാഴ്ചവച്ച മനുഷ്യസ്നേഹിയെയും പരിശ്രമശാലിയായ ഒരു നേതാവിനെയുമാണ് പി. രാഘവന്റെ നിര്യാണത്തിലൂടെ നമുക്ക് നഷ്ടമായിരിക്കുന്നത്.

## പി. ഗോപിനാഥൻ നായർ

പ്രമുഖ ഗാന്ധിയൻ പി. ഗോപിനാഥൻ നായർ 2022 ജൂലൈ 5-ന് അന്തരിച്ചു. ബ്രിട്ടീഷ് ഭാരതത്തിൽ ജനിച്ച് കോളനിവാഴ്ചയ്ക്കെതിരെ പോരാടുകയും ആ പോരാട്ടത്തിന് നേതൃത്വം നൽകിയ മഹാത്മാ ഗാന്ധിയെയും മറ്റ് ദേശീയ നേതാക്കളെയും നേരിട്ടുകണ്ട് ഊർജ്ജം ഉൾക്കൊള്ളുകയും ചെയ്ത അപൂർവ്വം കേരളീയരിൽ ഒരാളായിരുന്ന പി. ഗോപിനാഥൻ നായർ. എം. പത്മനാഭ പിള്ളയുടെയും കെ. പി. ജാനകിയമ്മയുടെയും മകനായി 1922 ജൂലൈ 7-ന് പി. ഗോപിനാഥൻ നായർ ജനിച്ചു. നെയ്യാറ്റിൻകര സർക്കാർ ഹൈസ്കൂൾ, തിരുവനന്തപുരം

യൂണിവേഴ്സിറ്റി കോളേജ് എന്നിവിടങ്ങളിൽ പഠനം നടത്തിയ അദ്ദേഹം വിദ്യാർത്ഥി ആയിരുന്നപ്പോൾത്തന്നെ സ്വാതന്ത്ര്യസമരത്തിന്റെ ഭാഗമായ ക്വിറ്റ് ഇന്ത്യ സമരത്തിൽ പങ്കെടുത്ത് ജയിലിലായി. തുടർന്ന് 1946-1948 കാലത്ത് വിശ്വഭാരതി സർവ്വകലാശാലയിലെ ചീനാ ഭവനിൽ ഗവേഷണ വിദ്യാർത്ഥിയായി. 1934-ൽ ഹരിജനോദ്ധാരണ ഫണ്ട് സമാഹരിക്കാൻ കേരളത്തിലെത്തിയ മഹാത്മാ ഗാന്ധിയെ നെയ്യാറ്റിൻകരയിൽവച്ച് 11-ാം വയസ്സിൽ കണ്ടത് ആവേശകരമായ അനുഭവമായി മാറി. 1936-ൽ ക്ഷേത്രപ്രവേശനത്തോടനുബന്ധിച്ച് ഗാന്ധിജി കേരളത്തിൽ വന്നപ്പോഴും ശാന്തിനികേതൻ വിശ്വഭാരതി സർവ്വകലാശാലയിലെ പഠനകാലത്തും ഗാന്ധിജിയെ കാണുവാൻ അദ്ദേഹത്തിന് അവസരമുണ്ടായി. 1951-ൽ കെ. കേളപ്പന്റെ അദ്ധ്യക്ഷതയിൽ രൂപംകൊണ്ട ഗാന്ധി സ്മാരക നിധിയുടെ പ്രവർത്തനങ്ങളിൽ ആകൃഷ്ടനായി കേരളത്തിൽ പ്രവർത്തനം ആരംഭിച്ച പി. ഗോപിനാഥൻ നായർ പിന്നീട് അതിന്റെ അദ്ധ്യക്ഷസ്ഥാനത്തെത്തി. കർമ്മസമിതി അംഗമായും ദേശീയ പ്രസിഡന്റായും ഗാന്ധിജിയുടെ സർവ്വസേവാ സംഘത്തെ നയിച്ച പി. ഗോപിനാഥൻ നായർ മഹാത്മാ ഗാന്ധിയുടെ വാർധയിലെ സേവാഗ്രാം ആശ്രമത്തിൽ 11 വർഷം

പ്രസിഡന്റായും പ്രവർത്തിച്ചു. ഭൂദാന യജ്ഞത്തിന് നേതൃത്വം നൽകിയ വിനോബാ ഭാവെയുടെ പദയാത്രയിൽ 13 വർഷവും പി. ഗോപിനാഥൻ നായർ പങ്കെടുത്തു. ഗാന്ധിയൻ ആദർശങ്ങളുടെ പ്രചരണത്തിന് രാജ്യം മുഴുവൻ സഞ്ചരിച്ചിട്ടുള്ള പി. ഗോപിനാഥൻ നായർ സ്വാതന്ത്ര്യാനന്തരം കൽക്കത്തയിൽ വർഗ്ഗീയകലാപം നടന്ന തെരുവുകളിൽ ഗാന്ധിജിയുടെ സമാധാന പ്രവർത്തനങ്ങളിൽ നാല് സഹപാഠികൾക്കൊപ്പം പങ്കെടുത്തു. ഇന്ദിരാ ഗാന്ധിയുടെ വധത്തെ തുടർന്ന് പഞ്ചാബിൽ നടന്ന സിഖ്-ഹിന്ദു സംഘർഷ സമയത്ത് സാഹസികമായി അവിടെ എത്തിയതും ശാന്തിയുടെ പാതയിലേയ്ക്ക് ജനങ്ങളെ നയിച്ചതും അദ്ദേഹത്തിന്റെ സമരജീവിതത്തിലെ ഏടുകളാണ്. മദ്യവർജ്ജനത്തിനായി സമരം നയിക്കുന്നതിനും ഗാന്ധിയൻ ദർശനങ്ങളെക്കുറിച്ച് ക്ലാസ്സുകൾ എടുക്കുന്നതിനും പ്രായം ഒരു തടസ്സമാകാതിരുന്ന പി. ഗോപിനാഥൻ നായർക്ക് ഉപനിഷത്തുകളിലും ബൈബിളിലും ഖുർആനിലുമെല്ലാം തികഞ്ഞ അറിവുണ്ടായിരുന്നു. 2016-ൽ പത്മശ്രീ നൽകി രാജ്യം അദ്ദേഹത്തെ ആദരിച്ചു. 'എന്റെ ജീവിതമാണ് എന്റെ സന്ദേശം' എന്ന മഹാത്മാഗാന്ധിയുടെ പ്രശസ്തമായ വാക്യത്തെ അന്വർത്ഥമാക്കുന്നതായിരുന്നു അദ്ദേഹത്തിന്റെ ജീവിതം. ദേശീയ

സ്വാതന്ത്ര്യ സമരകാലഘട്ടത്തെ ഇന്നത്തെ കാലഘട്ടവുമായി ബന്ധിപ്പിച്ച് നിർത്തിയ വിലപ്പെട്ട കണ്ണിയായ പി. ഗോപിനാഥൻ നായരുടെ നിര്യാണത്തിലൂടെ തൂവെള്ള ഖദർ പോലെ കറയില്ലാത്ത ഒരു ഗാന്ധിയനെയാണ് നമുക്ക് നഷ്ടമായിരിക്കുന്നത്.

അന്തരിച്ച മഹദ്‌വ്യക്തികളോടുള്ള ആദരസൂചകമായി നമുക്ക് അൽപ്പസമയം എഴുന്നേറ്റ് നിൽക്കാം.

(അന്തരിച്ച മഹദ്‌വ്യക്തികളോടുള്ള ആദരസൂചകമായി സഭാംഗങ്ങൾ അൽപ്പനേരം എഴുന്നേറ്റുനിന്ന് മൗനം ആചരിച്ചു.)

10.11 A M]

## III അടിയന്തരപ്രമേയം

### കർഷക സമൂഹം നേരിടുന്ന പ്രതിസന്ധി

മി. സ്പീക്കർ: കാർഷിക വിളകളുടെ വിലത്തകർച്ച, വളത്തിന് ഉയർന്നവില, കാലാവസ്ഥാ വ്യതിയാനംമൂലമുള്ള രോഗങ്ങൾ, കൃഷിനാശം, വന്യമൃഗശല്യം, കടബാദ്ധ്യത തുടങ്ങിയ കാരണങ്ങളാൽ സംസ്ഥാനത്തെ കർഷകർ നേരിടുന്നതായി പറയപ്പെടുന്ന പ്രശ്നങ്ങൾ സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ ടി. സിദ്ദിഖ്,

കെ. പി. എ. മജീദ്, മോൻസ് ജോസഫ്, അനൂപ് ജേക്കബ്, മാണി സി. കാപ്പൻ, ശ്രീമതി കെ. കെ. രമ എന്നീ അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

കൃഷി വകുപ്പുമന്ത്രി (ശ്രീ. പി. പ്രസാദ്): സർ, കേരളത്തിന്റെ കാർഷിക മേഖലയെക്കുറിച്ച് സംസാരിക്കുന്നതിൽ എനിക്ക് യാതൊരു ബുദ്ധിമുട്ടുമില്ല. പക്ഷേ കേരളത്തിന്റെ കാർഷികമേഖലയിലെ പ്രശ്നങ്ങൾ സംബന്ധിച്ച് സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ഒരാവശ്യവുമില്ലെന്നുള്ളതാണ് യാഥാർത്ഥ്യം. കൃഷിയുമായി ബന്ധപ്പെട്ട ധനാഭ്യർത്ഥന ചർച്ചയിൽ കാർഷിക മേഖലയിൽ നാം അഭിമുഖീകരിച്ചുകൊണ്ടിരിക്കുന്ന പ്രശ്നങ്ങളും കാർഷിക മേഖലയുമായി ബന്ധപ്പെട്ട മറ്റു കാര്യങ്ങളും ഗൗരവതരമായി ചർച്ച ചെയ്തതാണ്. കേരളത്തിലെ എൽ.ഡി.എഫ്. ഗവൺമെന്റ് ഇക്കാര്യത്തിൽ ഉയർത്തിപ്പിടിക്കുന്ന നയവും പരിപാടികളുമെല്ലാം സംസ്ഥാനത്തെ കർഷകനെ സഹായിക്കുകയെന്ന ലക്ഷ്യംവച്ചുകൊണ്ടുള്ളതാണ്. ഞാൻ അതിന്റെ വിശദാംശങ്ങളിലേയ്ക്ക് പോകുന്നില്ല. കർഷകരുടെ പ്രതിസന്ധികൾ തിരിച്ചറിയുകയും അവരെ അതിൽനിന്നും കൈപിടിച്ചുയർത്തുകയും

നിരാശയിൽനിന്നും പ്രത്യാശയിലേയ്ക്ക് നയിക്കുകയും ചെയ്യുന്ന സർക്കാരാണ് രണ്ടാം പിണറായി വിജയൻ സർക്കാരും ഇതിനുമുമ്പുണ്ടായിരുന്ന സർക്കാരുമെന്ന് അഭിമാനത്തോടുകൂടി പറയാൻ കഴിയും. ഞാൻ ഓരോ ഇനങ്ങളെക്കുറിച്ചും പ്രത്യേകം എടുത്തുപറയുന്നില്ല. വിളകളുടെ വിലത്തകർച്ചയെക്കുറിച്ച് അടിയന്തരപ്രമേയ നോട്ടീസിൽ പ്രതിപാദിക്കുന്നുണ്ട്. ഇതുസംബന്ധിച്ച് ചോദ്യോത്തരവേളയിൽ വിശദമായി പറഞ്ഞതാണ്. 2020 നവംബർ 1-നാണ് ഇന്ത്യയിലാദ്യമായി കേരളത്തിൽ പതിനാറിനം പഴം-പച്ചക്കറികൾക്ക് തറവില നിശ്ചയിച്ചത്. സാധാരണഗതിയിൽ പുതിയ പദ്ധതികളെക്കുറിച്ച് പഠിക്കാൻ നാം മറ്റ് സ്ഥലങ്ങളിലേയ്ക്ക് പോകാറുണ്ട്. എന്നാൽ കേരളത്തിൽ നടപ്പിലാക്കുന്ന ഈ പദ്ധതിയെക്കുറിച്ച് പഠിക്കാൻ തമിഴ്നാട് അടക്കമുള്ള സംസ്ഥാനങ്ങളിൽനിന്നുള്ളവർ ഇങ്ങോട്ടെത്തിയത് സംസ്ഥാനം ഇന്ത്യയ്ക്കാകെ മാതൃകയായൊരു പരിപാടി നടപ്പിലാക്കിയതുകൊണ്ടാണെന്ന് അഭിമാനപൂർവ്വം പറയാൻ കഴിയും. മൂന്ന് കേന്ദ്ര നിയമങ്ങളുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട സുപ്രീംകോടതി നിയോഗിച്ച കമ്മീഷൻ പ്രത്യേകമായി പരിശോധിച്ചത് 2020-ലെ കേരളപ്പിറവിദിനത്തിൽ നാം പതിനാറിനം

പഴം-പച്ചക്കറികൾക്ക് തറവില നിശ്ചയിച്ചത് സംബന്ധിച്ചായിരുന്നു. കഴിഞ്ഞ വർഷം 8 കോടിയോളം രൂപ ഈയിനത്തിൽ കേരളത്തിലെ കർഷകർക്ക് നൽകി. ഈ ബഡ്ജറ്റിൽ 14.05 കോടി രൂപ വകയിരുത്തിയിട്ടുള്ളത് വിലത്തകർച്ചയ്ക്കുള്ള ഫലപ്രദമായ ഇടപെടലിന്റെ ഭാഗമായിട്ടുള്ളതാണെന്ന് നാം മനസ്സിലാക്കണം. വിലത്തകർച്ചയുണ്ടാകുന്നതിന്റെ കാരണം സംസ്ഥാന സർക്കാരിന്റെ നയം കൊണ്ടല്ലെന്ന് നമുക്കറിയാവുന്നതിനാൽ ഞാൻ അതിന്റെ വിശദാംശങ്ങളിലേയ്ക്ക് പോകുന്നില്ല. പ്രമേഹരോഗത്തിന്റെ പ്രശ്നങ്ങൾകൊണ്ടും അരി ഉപയോഗത്തിന്റെ കുറവുകൊണ്ടും മറ്റിടങ്ങളിലേയ്ക്ക് മലയാളികൾ മാറിതാമസിക്കുന്നതുകൊണ്ടും ഏതാണ്ട് 30 ലക്ഷം ടൺ അരിയാണ് നമുക്ക് ഒരു വർഷം ആവശ്യമുള്ളതായി കണക്കാക്കിയിരിക്കുന്നത്. നേരത്തെ ഇത് കൂടുതലായിരുന്നു. കേരളം നിലവിൽ ഉല്പാദിപ്പിക്കുന്നത് 6.34 ലക്ഷം ടൺ അരിയാണ്. അത് 30 ടണ്ണിലേയ്ക്ക് എത്തിക്കാൻ കഴിയുന്നതിനുള്ള നടപടികളാണ് ആലോചിക്കുന്നത്. 2006-ൽ 6.42 ലക്ഷം ടണ്ണും 2011-12-ൽ 5.69 ലക്ഷം ടണ്ണും 2012-13-ൽ 5.08 ലക്ഷം ടണ്ണും അരിയാണ് നാം ഉല്പാദിപ്പിച്ചിരുന്നത്.

എന്നാൽ 2020-21-ൽ 6.34 ലക്ഷം ടൺ അരിയുല്പാദിപ്പിക്കാൻ കേരളത്തിന് കഴിഞ്ഞുവെന്നത് ഗവൺമെന്റിന്റെ ഇടപെടൽ കർഷകർക്ക് സഹായകമായിയെന്നും കൃഷിക്കാരൻ കൃഷിയിലേയ്ക്കിറങ്ങുന്നുവെന്നുള്ളതിന്റെ ഫലമായിട്ടാണെന്നും നിസ്സംശയം നമുക്ക് പറയാൻ കഴിയും. 2016-17-ൽ 4.36 ടണ്ണായിരുന്നു അരിഉല്പാദനം. ഞാൻ രാഷ്ട്രീയം പറയുന്നതല്ല; കണക്ക് പരിശോധിച്ചാൽ മതിയാകും. നമുക്ക് ഉല്പാദനം വർദ്ധിപ്പിച്ചുകൊണ്ടുവരാൻ കഴിഞ്ഞിട്ടുണ്ട്. കർഷകർ കൃഷിയിടങ്ങൾ വിട്ടുപോകുന്നു അല്ലെങ്കിൽ വിലത്തകർച്ചകൊണ്ട് എല്ലാം മാറുന്നു എന്നായിരുന്നുവെങ്കിൽ ഇത്തരമൊരു ഇടപെടലും ഉല്പാദനവർദ്ധനവും ഉണ്ടാകുമായിരുന്നില്ല. അതോടൊപ്പം കാണേണ്ട മറ്റൊരു കാര്യം, ഉല്പാദനക്ഷമതയിൽ നമുക്ക് മുന്നോട്ട് പോകാൻ കഴിഞ്ഞുവെന്നുള്ളതാണ്. 2012-13-ൽ കേരളത്തിലെ അരിയുടെ ഉല്പാദനക്ഷമത ഒരു ഹെക്ടറിൽനിന്നും 2577 കിലോഗ്രാമായിരുന്നു. 2020-21-ലെ കണക്കുപ്രകാരം ഒരു ഹെക്ടറിൽ നിന്നുള്ള ഉല്പാദനക്ഷമത 3091 കിലോഗ്രാമാണ്. കേരളത്തിന്റെ ചരിത്രത്തിലാദ്യമായാണ് ഉല്പാദനക്ഷമത മൂന്ന് ടൺ പെർ ഹെക്ടർ എന്ന നിലയിലേയ്ക്കെത്തുന്നത്. കുറേ നാളുകളായുള്ള പ്രവർത്തനത്തിന്റെ ഭാഗമായിട്ടാണ് ഈ

നിലയിലെത്തിയത്. അതിൽ കൃഷി വകുപ്പിന്റെ ഇടപെടൽ ആർക്കാണ് കുറച്ചുകാണാൻ കഴിയുന്നത്; ഉല്പാദനക്ഷമത വെറുതെ വർദ്ധിക്കുന്നതാണോ? ഉല്പാദനക്ഷമത കൈവരിക്കുന്നതിനാവശ്യമായ ഇടപെടൽ സംസ്ഥാന സർക്കാർ നടത്തുകയും വിവിധ പദ്ധതികളിലൂടെ കൃഷിക്കാരന് സഹായവും ചെയ്യുമ്പോൾ കർഷകൻ ഈ രംഗത്തേയ്ക്ക് വരികയും ഉല്പാദനക്ഷമതയുള്ള മേൽത്തരം വിത്തിനങ്ങൾ കൃഷി ചെയ്യുകയും ചെയ്യുന്നു. ഉമ, ജ്യോതി, മനുരത്ന തുടങ്ങിയവ കേരള കാർഷിക സർവ്വകലാശാലയുടെ അഭിമാനകരമായ വിത്തിനങ്ങളാണ്. ഉല്പാദനക്ഷമതയുള്ള മേൽത്തരം വിത്തിനങ്ങളാണ് ഇന്ന് കൂടുതലായി കൃഷി ചെയ്യുന്നത്. ഉല്പാദനക്ഷമത മൂന്ന് ടൺ പെർ ഹെ്കടർ എന്നതും നമ്മുടെ ഒരു വാഗ്ദാനമായിരുന്നു. വാഗ്ദാനങ്ങളെല്ലാം പാലിക്കപ്പെടാതെ പോകുകയാണെന്ന് ഇന്നലെ ബഹുമാന്യനായ പ്രതിപക്ഷനേതാവ് പറയുകയുണ്ടായി. കൂടിയ ഉല്പാദനക്ഷമത കൈവരിക്കുന്നതിന് കേരളത്തിന് കഴിഞ്ഞതിൽ ഒരു ഭരണകൂടത്തിന്റെ ഇടപെടലുണ്ടെന്ന് നിസ്സംശയം പറയാൻ കഴിയും. നെല്ല് സംഭരണത്തിൽ എല്ലാക്കാലത്തും വലിയ പ്രതിസന്ധികളുണ്ടാകാറുണ്ട്. കൊയ്ത്തുകാലത്ത് യന്ത്രങ്ങൾ ലഭ്യമാകാതെ വരുന്നതും മഴമൂലമുണ്ടാകുന്ന പ്രശ്നങ്ങളുമാണ്

അതിൽ പ്രധാനം. വിളയുടെ വിധി എന്നത് മഴയെ ആശ്രയിച്ചാണിരിക്കുന്നതെന്നത് എല്ലാവർക്കുമറിയാവുന്ന കാര്യമാണ്. ഇപ്രാവശ്യം പ്രതിസന്ധികളും പ്രയാസങ്ങളുമില്ലാതെ നെല്ല് സംഭരിക്കാൻ നമുക്ക് കഴിഞ്ഞിട്ടുണ്ട്. കേരളത്തിലാണ് നെല്ലിന് ഇന്ത്യയിലെ ഏറ്റവും ഉയർന്ന സംഭരണവിലയായ 28.20 രൂപ നൽകുന്നത്. നെല്ലിന് കേന്ദ്രം 19.40 രൂപ നൽകുമ്പോഴും എല്ലാ സംസ്ഥാനങ്ങളും ആ വിലയ്ക്കുമാത്രം നെല്ല് സംഭരിക്കുമ്പോഴും കേരളം മാത്രം 28.20 രൂപയാണ് നൽകുന്നത്. കേന്ദ്ര സർക്കാർ ഇപ്പോൾ നെല്ല് സംഭരണത്തിന് 20.40 രൂപയാക്കിയിട്ടുള്ളതിനാൽ പുതുക്കിയ വില പിന്നീട് സർക്കാർ നിശ്ചയിക്കുന്നതായിരിക്കും. 14.7.2022-ലെ കണക്കനുസരിച്ച് 7.48 ലക്ഷം ടൺ നെല്ല് സംഭരിക്കാൻ നമുക്ക് കഴിഞ്ഞിട്ടുണ്ട്. ഇക്കൊല്ലത്തെ സംഭരണത്തിന്റെ തുകയായി സപ്ലൈകോ 2,059.61 കോടി രൂപ കർഷകർക്ക് നൽകിക്കഴിഞ്ഞു. സംഭരണത്തിന്റെയും സംഭരിക്കുന്ന നെല്ലിന്റെ വില കൊടുക്കുന്നതിന്റെയും കാര്യത്തിൽ ബാങ്കുകളുമായുള്ള ധാരണയുടെ അടിസ്ഥാനത്തിൽ പ്രതിസന്ധിയുണ്ടാകുന്ന നിലയിലേയ്ക്ക് എത്തുകയില്ല. മഴപെയ്യുമ്പോൾ മോയിസ്ചർ കണ്ടന്റിന്റെ കാര്യത്തിലാണ് പ്രതിസന്ധിയും

പ്രയാസവുമുണ്ടാകാറുള്ളത്. കേരളത്തിൽ കൂടുതലും സ്വകാര്യ മില്ലുകളാണുള്ളത്. കഴിഞ്ഞദിവസം ശ്രീ. സജി ചെറിയാന്റെ നിയോജകമണ്ഡലമായ ചെങ്ങന്നൂരിൽ വ്യവസായ വകുപ്പുമന്ത്രി നെല്ലുകുത്തി അരി ഉല്പാദിപ്പിക്കുന്ന ഒരു മില്ലിന് തുടക്കംകുറിച്ചിട്ടുണ്ട്. പ്രത്യേകമായൊരു സംവിധാനത്തെ സർക്കാർ ഇതിനുവേണ്ടി രൂപപ്പെടുത്തിയിട്ടുണ്ട്. അതനുസരിച്ച് നിരവധി ഫാക്ടറികൾ സ്ഥാപിക്കാനുള്ള പരിശ്രമവും നടത്തിവരികയാണ്. നെൽവയലിന് റോയൽറ്റി നൽകുന്ന വേറെ ഏതെങ്കിലും ഒരു സംസ്ഥാനം ഇന്ത്യയിലുണ്ടോ? നിങ്ങൾ രാഷ്ട്രീയമായി പറയുന്നതും കുറ്റപ്പെടുത്തുന്നതും ഈ സർക്കാർ ഒന്നും ചെയ്തില്ലായെന്നതാണ്. എന്നാൽ ഇന്ത്യയിൽ നെൽവയലിന് റോയൽറ്റി നൽകുന്ന ഒരേയൊരു സംസ്ഥാനം കേരളം മാത്രമാണ്. ആദരണീയനായ ധനകാര്യ വകുപ്പുമന്ത്രി ഈ വർഷത്തെ ബഡ്ജറ്റിൽ ഒരു ഹെക്ടർ നെൽവയലിനുള്ള റോയൽറ്റി 2,000 രൂപയിൽനിന്നും 3,000 രൂപയാക്കി വർദ്ധിപ്പിച്ചു. ഏപ്രിൽ 1-ാം തീയതി മുതൽ 3,000 രൂപയാണ് നൽകുന്നത്. ഇങ്ങനെയുള്ള ഇടപെടലുകളുടെ ഫലമായിട്ടാണ് ഉൽപ്പാദനക്ഷമതയിൽ വർദ്ധനവുണ്ടായതും കൂടുതൽ സ്ഥലങ്ങളിലേയ്ക്ക് കൃഷി വ്യാപിപ്പിച്ചതും കേരളത്തിൽ

അരിയുൽപ്പാദനത്തിൽ വർദ്ധനവുണ്ടായതും. കഴിഞ്ഞ സമ്മേളനത്തിൽ സുഭിക്ഷ കേരളം പദ്ധതിയെക്കുറിച്ച് ഞാൻ പറഞ്ഞിരുന്നു. സുഭിക്ഷ കേരളം പദ്ധതി എങ്ങനെ നിലവിൽ വന്നുവെന്ന് ഞാൻ വിശദീകരിക്കുന്നില്ല. കോവിഡ് കാലഘട്ടത്തിൽ ആദരണീയനായ മുഖ്യമന്ത്രി പ്രഖ്യാപിച്ചതനുസരിച്ച് എല്ലാ വിളകൾക്കും സബ്സിഡി മാനദണ്ഡങ്ങൾ പുതുക്കി നിശ്ചയിച്ചിട്ടുണ്ട്. ഓരോ വിളയുടെയും പ്രത്യേകിച്ച് നാളികേരത്തിന്റെ കാര്യം പല പ്രാവശ്യം പറഞ്ഞിട്ടുണ്ട്. നാളികേരോല്പാദനം കേരളത്തിൽ കുറഞ്ഞുവരുന്നുവെന്നത് മനസ്സിലാക്കിയാണ് ഒന്നാം പിണറായി വിജയൻ സർക്കാർ നാളികേര വികസന കൗൺസിലിന് രൂപം നൽകിയത്. ഒരു വർഷം 15 ലക്ഷം തെങ്ങിൻതൈകൾ ഉൽപ്പാദിപ്പിച്ച് 50 ശതമാനം സബ്സിഡി നിരക്കിലാണ് വിതരണം ചെയ്യുന്നത്. കേരളത്തിന്റെ പേരുതന്നെ നാളികേരവുമായി ബന്ധപ്പെട്ട് നിൽക്കുന്നതിനാൽ ഉല്പാദനത്തിൽ കുറവുണ്ടാകാൻ പാടില്ലായെന്നതിന്റെ പേരിലാണ് അത്തരമൊരു നടപടിയിലേയ്ക്ക് നീങ്ങിയത്. 'കേരകേരളം-സമൃദ്ധ കേരളം' എന്ന പേരിൽ നടപ്പിലാക്കുന്ന പദ്ധതിയിലൂടെ കൂടുതൽ നാളികേര തൈകൾ ഉൽപ്പാദിപ്പിക്കുന്നുണ്ട്. ഭരണ-പ്രതിപക്ഷ ഭേദമെന്യേ എല്ലാവരും പറഞ്ഞ

പദ്ധതിയാണ് കേരഗ്രാമം. ഈ വർഷത്തെ ബഡ്ജറ്റിൽ 100 കേര ഗ്രാമങ്ങൾക്കാണ് പണം അനുവദിച്ചിരിക്കുന്നതെന്നുള്ളതും പ്രത്യേകതയുള്ള കാര്യമാണ്. ഇതെല്ലാം ചൂണ്ടിക്കാണിക്കുന്നത് ഈ മേഖലകളിലെല്ലാം പ്രതിസന്ധിയുണ്ടാകുന്ന ഘട്ടത്തിൽ അവസരോചിതമായി ഇടപെടുമെന്നുള്ളതാണ്. അതുസംബന്ധിച്ച് നേരത്തേയും സൂചിപ്പിച്ചതാണ്. വിള ഇൻഷ്വറൻസിന് തുക അനുവദിച്ചിട്ടുണ്ട്. ഇപ്രാവശ്യം 30 കോടി രൂപയാണ് വിള ഇൻഷ്വറൻസ് പദ്ധതിയിൻകീഴിൽ നഷ്ടപരിഹാരമായി നൽകിയിരിക്കുന്നത്. സമയബന്ധിതമായി തുക കൊടുത്തുതീർക്കുന്നതിനാണ് സംസ്ഥാന സർക്കാർ ശ്രദ്ധ കേന്ദ്രീകരിച്ചിരിക്കുന്നത്. ഇതുകൂടാതെ രാസവളത്തിന്റെ വില വർദ്ധനവിനെക്കുറിച്ചും അടിയന്തരപ്രമേയനോട്ടീസിൽ സൂചിപ്പിച്ചിട്ടുണ്ട്. അതിന് ഉത്തരവാദി സംസ്ഥാന ഗവൺമെന്റല്ല. രാസവളത്തിന്റെ വില വർദ്ധിപ്പിക്കുന്നത് കേന്ദ്ര സർക്കാരാണ്. പൊട്ടാഷ് ക്ഷാമത്തിന്റെ പ്രശ്നവുമുണ്ട്. റഷ്യയിൽനിന്നാണ് പൊട്ടാഷ് ഏറ്റവും കൂടുതൽ വാങ്ങിക്കൊണ്ടിരുന്നത്. റഷ്യ-യുക്രൈൻ യുദ്ധം വന്നപ്പോഴാണ് ക്ഷാമം നേരിട്ടത്. കേന്ദ്ര സർക്കാർ ഫലപ്രദമായ ഇടപെടൽ നടത്തി രാസവളം

എത്തിക്കാത്തതിന് നമ്മൾ ഒന്നിച്ച് സമരം ചെയ്യുകയും ഇടപെടുകയും ചെയ്യേണ്ടതാണ്. അല്ലാതെ സംസ്ഥാന സർക്കാരിനെതിരായി അടിയന്തരപ്രമേയം അവതരിപ്പിക്കേണ്ട കാര്യമുണ്ടെന്ന് കരുതുന്നില്ല. കർഷകന്റെ കടബാദ്ധ്യതയും മറ്റും പരിഹരിക്കുന്നതിന് കേരളത്തിൽ ആരാണ് ആദ്യമായി നിലപാട് എടുത്തത്? കർഷകരുടെ കടത്തെ ഗൗരവമായി കണക്കിലെടുത്ത ഒരേയൊരു ഗവൺമെന്റ് ഇന്ത്യയിലുണ്ടെങ്കിൽ അത് കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റാണ്. ഇന്ത്യയിലാദ്യമായി കർഷക കടത്തിന്റെ കാര്യത്തിൽ ഇടപെടൽ നടത്താൻവേണ്ടി കാർഷിക കടാശ്വാസ കമ്മീഷനും കർഷക ക്ഷേമനിധി ബോർഡും രൂപീകരിച്ചത് കേരളത്തിലാണ്. അംഗങ്ങളെ ചേർക്കൽ നടന്നുകൊണ്ടിരിക്കുകയാണ്. ഇതൊക്കെ ഫലപ്രദമായി നടപ്പിലാക്കാനുള്ള പരിശ്രമത്തിലേയ്ക്ക് പോകുമ്പോൾ നമ്മളെല്ലാം കൂടിച്ചേർന്ന് കർഷകന് എല്ലാ അർത്ഥത്തിലും പിന്തുണയും പിൻബലവും കൊടുത്ത് മുന്നോട്ടുപോകുകയെന്നതാണ് അനിവാര്യമായിട്ടുള്ളത്. ഗവൺമെന്റ് എല്ലാ സഹായങ്ങളും ഇക്കാര്യത്തിൽ ചെയ്യുന്നുണ്ട്,

അക്കാര്യത്തിൽ ഒരിഞ്ചുപോലും പിറകോട്ടേയ്ക്ക് മാറുകയില്ലെന്നുകൂടി പറയാൻ ഞാൻ ഈ അവസരം ഉപയോഗിക്കുകയാണ്.

ശ്രീ. ടി. സിദ്ദിഖ്: സർ, നമ്മെ അന്നം ഊട്ടുന്ന, പാടത്തും വരമ്പത്തും ചെളിയിലും മലമുകളിലും എല്ലാ പ്രതിസന്ധികളോടും പടവെട്ടി മണ്ണിൽ കനകം വിളയിക്കുന്ന, നമ്മുടെ അന്നദാതാവായ കർഷകന്റെ ഗൗരവതരമായ പ്രശ്നങ്ങൾ സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്ന് അഭ്യർത്ഥിക്കുന്നതിനുവേണ്ടിയായിരുന്നു ഈ പ്രമേയം. 2018-ലെയും 2019-ലെയും പ്രളയം, അതിനുശേഷം വന്ന കോവിഡ്, കാലാവസ്ഥാ വ്യതിയാനം, വിലത്തകർച്ച, വിളത്തകർച്ച, വന്യമൃഗങ്ങളുടെ കടന്നാക്രമണം, രാസവളത്തിന്റേയും ജൈവവളത്തിന്റേയും വില വർദ്ധനവ്, സംഭരണത്തിലെ വലിയ പാളിച്ചകൾ, വിപണി ഇടപെടലിലെ അപര്യാപ്തത, സാമ്പത്തിക ബാധ്യത, സർഫാസി ആക്ടുപ്രകാരമുള്ള ജപ്തി നടപടികൾ, കാർഷിക കടാശ്വാസ കമ്മീഷന്റെ നിർജ്ജീവാവസ്ഥ തുടങ്ങി ഒറ്റയ്ക്കും കൂട്ടായുമുള്ള നിരവധി കാരണങ്ങളാൽ കേരളത്തിലെ കർഷകർ ചരിത്രത്തിലെ ഏറ്റവും രൂക്ഷമായ പ്രതിസന്ധിയിലൂടെ കടന്നുപോകുന്ന പ്രത്യേക സാഹചര്യമാണ് നിലനിൽക്കുന്നത്. ബഹുമാനപ്പെട്ട മന്ത്രി കാർഷിക

സർവ്വകലാശാലയെക്കുറിച്ച് പറയുകയുണ്ടായി, ഐ.സി.എ.ആർ. (ഇന്ത്യൻ കൗൺസിൽ ഓഫ് അഗ്രികൾച്ചറൽ റിസർച്ച്)-ന്റെ റാങ്കിംഗിൽ 2011 വരെ കേരള കാർഷിക സർവ്വകലാശാല ഒന്നാം സ്ഥാനത്തായിരുന്നു. ഗവേഷണത്തിലും മറ്റെല്ലാ നടപടികളിലും കർഷകർക്ക് പിൻബലം നൽകേണ്ട സർവ്വകലാശാല ഇന്ന് ഇന്ത്യയിൽ 28-ാം സ്ഥാനത്താണെന്നുള്ള ഗൗരവതരമായ സാഹചര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. കാർഷിക സർവ്വകലാശാലയ്ക്കുവരെ ദ്രുതവാട്ടം ഗൗരവതരമായി ബാധിച്ചൊരു ഘട്ടമാണിത്. കർഷകന്റെ വിലാപങ്ങൾ ഉയരുമ്പോൾ അതിന് പരിഹാരം കാണാനും അവർക്ക് ആത്മവിശ്വാസം നൽകുകയെന്നുള്ളതുമാണ് സർക്കാരിന്റെ ഏറ്റവും പ്രധാന ദൗത്യം.

{അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ}

സംസ്ഥാനത്ത് എത്ര കർഷകർ ആത്മഹത്യ ചെയ്തു? ആത്മഹത്യ ചെയ്തവരുടെ എണ്ണം ചൂണ്ടിക്കാണിക്കുന്നത് തുലനം ചെയ്യുകയെന്ന ഉദ്ദേശ്യത്തോടെയല്ല പറയുന്നത്. അത് ഇല്ലാതാക്കുക എന്നുള്ളതാണ് ഏറ്റവും പ്രധാന ദൗത്യം. നാഷണൽ ക്രൈം റെക്കോർഡ്സ് ബ്യൂറോയുടെയും ബഹുമാനപ്പെട്ട മന്ത്രി സഭയിൽ നൽകിയിരിക്കുന്ന മറുപടിയുടെയും

വെളിച്ചത്തിൽ ഈ സർക്കാരിന്റെയും കഴിഞ്ഞ എൽ.ഡി.എഫ്. സർക്കാരിന്റെയും ഭരണകാലത്തായി 29 കർഷക ആത്മഹത്യകൾ നടന്നതായി കണക്കുകൾ രേഖപ്പെടുത്തിയിട്ടുണ്ട്. തിരുവല്ലയ്ക്കടുത്ത് നിരണത്ത് 49 വയസ്സായ രാജീവ് എന്ന കർഷകൻ അദ്ദേഹത്തിന്റെ കൃഷിഭൂമിയിലാണ് ആത്മഹത്യ ചെയ്തത്. പാലക്കാട് നെല്ലിന്റെ നാമംപേറുന്ന നെന്മാറയിൽ ശാലുദ്ദീൻ എന്ന മധ്യവയസ്കൻ 5 ലക്ഷം രൂപയുടെ കടംപേറി അവസാനം ആത്മഹത്യ ചെയ്ത സാഹചര്യവും നമ്മൾ കാണുകയുണ്ടായി. മാനന്തവാടിയിൽ യുവ കർഷകനായ 35 വയസ്സുള്ള കെ. വി. രാജേഷിന്റെ മരണം ഏറെ വേദനിപ്പിക്കുന്നതായിരുന്നു. വയനാട്ടിൽ മാത്രം 2016 മുതൽ ഇതുവരെ 11 കർഷകരുടെ ജീവഹാനി നടന്നുവെന്ന് പറയുന്നത് ഏറെ ഖേദകരമാണ്. ശ്രീ. ഐ. സി. ബാലകൃഷ്ണന്റെ നിയോജകമണ്ഡലത്തിൽ അഡ്വക്കേറ്റ് ടോമി ആത്മഹത്യ ചെയ്തു. യുവകർഷകനായിരുന്ന അദ്ദേഹം അഡീഷണൽ പബ്ലിക് പ്രോസിക്യൂട്ടർ കൂടിയായിരുന്നു. എഫ്.ഐ.ആർ-ൽ രേഖപ്പെടുത്തിയിരിക്കുന്നത് കർഷക ആത്മഹത്യയല്ല എന്നാണെങ്കിലും അതായിരുന്നുവെന്നുള്ളത് എല്ലാവർക്കും അറിയാവുന്ന യാഥാർത്ഥ്യമാണ്. അദ്ദേഹത്തിന്റെ ഓഫീസിലേയ്ക്ക് പോലീസും ബാങ്ക് അധികാരികളുമുൾപ്പെടെ

തള്ളിക്കയറി; അവസാനം ആത്മഹത്യയല്ലാതെ മറ്റു മാർഗ്ഗമില്ലാതെ വന്നപ്പോൾ ആ കർഷകൻ ആത്മഹത്യ ചെയ്തതും നമ്മൾ കാണുകയുണ്ടായി. ഇതെല്ലാം നമ്മുടെ മനസ്സിനെ നൊമ്പരപ്പെടുത്തുന്ന നേർചിത്രങ്ങളാണ്. കേരളത്തിലെ കർഷകന് ഒരു പ്രശ്നവുമില്ലെന്ന് അങ്ങിവിടെ വരച്ചുകാണിക്കുകയുണ്ടായി. നാഷണൽ സ്റ്റാറ്റിസ്റ്റിക്കൽ വകുപ്പിന്റെ സർവ്വേ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കർഷക കുടുംബങ്ങളുടെ കടബാധ്യത സംബന്ധിച്ച പട്ടികയിൽ കേരളം ദേശീയതലത്തിൽ രണ്ടാം സ്ഥാനത്താണെന്നുള്ള ഗൗരവതരമായ കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. ഇന്ത്യയിലെ ഒരു കർഷക കുടുംബത്തിന്റെ ശരാശരി കടം 74,121 രൂപയാണ്. കേരളത്തിലെ ഒരു കർഷക കുടുംബത്തിന്റെ ശരാശരി കടം 2,42,282 രൂപയാണ്. ഇക്കാര്യത്തിൽ നമുക്ക് മുൻപിലുള്ളത് ആന്ധ്രാപ്രദേശാണ്. അതൊരു കാർഷിക സംസ്ഥാനമാണെന്ന് പറയാം. എന്നാൽ കേരളം അങ്ങനെയാണോ? കേരളത്തിലെ കർഷകനെ എല്ലാ തരത്തിലും സപ്പോർട്ട് ചെയ്യുന്നുവെന്ന് പറയുമ്പോഴും ഇവിടത്തെ അവസ്ഥയെന്താണ്? രാസവളത്തിന്റെ വില വർദ്ധനവിനെക്കുറിച്ചും ക്ഷാമത്തെക്കുറിച്ചും അങ്ങ് സൂചിപ്പിക്കുകയുണ്ടായി.

ചരിത്രത്തിലെ ഏറ്റവും ഉയർന്ന രാസവളത്തിന്റെ വിലവർദ്ധനവ് കേരളത്തിലെ കർഷകർ നേരിട്ടുകൊണ്ടിരിക്കുകയാണ്. 12 മാസത്തിനിടെ ഒരു ചാക്ക് ഫാക്ടംഫോസിന് അഞ്ഞൂറോളം രൂപയാണ് വില വർദ്ധിച്ചത്, ഇന്നതിന് 1,400 രൂപയാണ്. അമോണിയം ഫോസ്ഫേറ്റ് ഓരോ ചാക്കിനും 75 രൂപ കൂടി, എൻ.പി.കെ. മിശ്രിതം 940 രൂപയായിരുന്നത് 1,250 രൂപയായി, യൂറിയേറ്റ് ഓഫ് പൊട്ടാഷ് 1,040 ആയിരുന്നത് 1,700 രൂപയായി, റോക്ക് ഫോസ്ഫേറ്റ് മിശ്രിതങ്ങൾ ഉൾപ്പെടെ എല്ലാത്തിന്റെയും വിലവർദ്ധനവിന്റെ കൃത്യമായ കണക്കുണ്ട്. വ്യാപകമായ വിലക്കയറ്റമാണുണ്ടായിരിക്കുന്നത്. കർഷകരെ സപ്പോർട്ട് ചെയ്യാനായി എന്തുകൊണ്ട് രാസവളത്തിന് സബ്സിഡി നൽകാൻ ഈ സർക്കാർ തയ്യാറാകുന്നില്ല; ഇത് ഗൗരവമായി ചർച്ച ചെയ്യേണ്ടതല്ലേ?

ഇക്കാലയളവിൽ പെട്രോൾ-ഡീസൽ വില വർദ്ധിച്ചതിനാൽ മുഴവൻ കാർഷിക യന്ത്രങ്ങളുടെയും വാടകയും വർദ്ധിച്ചു. കൊയ്ത്തുയന്ത്രത്തിന് 1,800 രൂപയുണ്ടായിരുന്നത് 2,600 രൂപയായും ട്രാക്ടറിന് 800 രൂപ ആയിരുന്നത് 1,200 രൂപയുമായി വർദ്ധിച്ചു. ഓരോ മേഖലയിലും വിലവർദ്ധനവുണ്ടായി. വളത്തിന്റെയും കീടനാശിനികളുടെയും വിലയും വർദ്ധിച്ചു. ഉദാഹരണത്തിന്,

Glyphosate-490 രൂപയായിരുന്നത് 1,020 രൂപയായി, Glufosinate-750 രൂപയായിരുന്നത് 1,200 രൂപയായും Pretilachlor- 600 രൂപയായിരുന്നത് 900 രൂപയുമായി. ജൈവവളത്തിന്റെ വിലയും സമാനമായ രീതിയിൽ വർദ്ധിക്കുന്നതായി നാം കണ്ടു. ഒരു ഭാഗത്ത് കേന്ദ്രനയവും മറുഭാഗത്ത് സംസ്ഥാന നയവും. ഈ രണ്ട് നയങ്ങളുംകാരണം കേരളത്തിലെ കർഷകർ തീരാദുരിതത്തിലൂടെ കടന്നുപോകുകയാണ്. കർഷകൻ എന്തെല്ലാം പ്രശ്നങ്ങൾ നേരിടുന്നു! കർഷകൻ ഏതെല്ലാം സാധനങ്ങൾ വാങ്ങുന്നുവോ അവയ്ക്കെല്ലാം വിലവർദ്ധിക്കുന്ന ഗൗരവതരമായ സാഹചര്യമാണ് ഇന്നുള്ളത്....(ബഹളം)....

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: പ്ലീസ്... പ്ലീസ്.. ശ്രീ. കോവൂർ കുഞ്ഞുമോൻ, അദ്ദേഹം അവതരിപ്പിച്ചുകഴിയട്ടെ. അദ്ദേഹത്തെ നിങ്ങൾ പ്രകോപിപ്പിക്കാതിരിക്കൂ. അദ്ദേഹം പറഞ്ഞുകഴിയട്ടെ.

<u>ശ്രീ. ടി. സിദ്ദിഖ്</u>: സർ, കേരളത്തിലെ കാലിത്തീറ്റ വിലവർദ്ധനവിനെക്കുറിച്ച് ഞാൻ നേരത്തെ സംസാരിച്ചിട്ടുണ്ട്, 250 മുതൽ 400 രൂപവരെയാണ് ഒരു ചാക്ക് കാലിത്തീറ്റയ്ക്ക് വില വർദ്ധിച്ചത്. കാലിത്തീറ്റയ്ക്ക് നൽകിയിരുന്ന 70 രൂപ സബ്സിഡി ഇല്ലാതാക്കിയതും

എടുത്തുകളഞ്ഞു. ഏകദേശം 3 ലക്ഷത്തോളം ക്ഷീരകർഷകർ കേരളത്തിലുണ്ട്. പ്രതിസന്ധി ഘട്ടത്തിൽ ആശ്വാസം നൽകേണ്ടത് കാർഷിക കടാശ്വാസ കമ്മീഷനാണ്. ഇടതുപക്ഷം കൊണ്ടുവന്നതാണ് കാർഷിക കടാശ്വാസ കമ്മീഷനെന്ന് അങ്ങ് നേരത്തെ പറയുകയുണ്ടായി. ഞാൻ അങ്ങയോട് വളരെ വിനയത്തോടുകൂടി പറയുന്നത്, കാർഷിക കടാശ്വാസ കമ്മീഷൻ കൊടുത്തുതീർക്കാനുള്ള തുക 144 കോടി രൂപയാണെന്നാണ്. കർഷകർക്ക് അവാർഡ് ചെയ്ത തുകയിൽ ഇതുവരെ കൊടുത്തുതീർക്കാത്ത തുകയാണിത്. ഇത് 2021 ആഗസ്റ്റ് വരെയുള്ള കണക്കാണ്. 2022 മാർച്ചിൽ അത് 199 കോടി രൂപയും 2022 ജൂണിൽ 210 കോടി രൂപയായും വർദ്ധിച്ചു. കാർഷിക കടാശ്വാസ കമ്മീഷനിൽ പുതിയ അപേക്ഷകൾ സ്വീകരിക്കുന്നില്ലെന്ന് മാത്രമല്ല അതിന് ഒരു സെക്രട്ടറിപോലുമില്ല. മെമ്പർമാർക്ക് ടി.എ./ഡി.എ. പോലും എഴുതിയെടുക്കുവാൻ സാധിക്കുന്നില്ല. കാർഷിക കടാശ്വാസ കമ്മീഷനെ ഗതികേടിലേയ്ക്ക് തള്ളിവിട്ടിരിക്കുകയാണ്. കാർഷിക വിളകളുമായും സർഫാസി നിയമവുമായി ബന്ധപ്പെട്ട നിരവധി കാര്യങ്ങളുണ്ട്. മണ്ണിൽ പണിയെടുത്ത്, ചെളിയിൽ ജീവിച്ച്, കാട്ടാനയോടും മലമ്പാമ്പിനോടും

പോരാടി, കാട്ടുപോത്തിനോട് മല്ലിട്ട്, മണ്ണിൽ കനകം വിളയിക്കുന്നവനാണ് കേരളക്കരയിലെ കർഷകർ. അവർ നേരിടുന്ന ഗൗരവതരമായ പ്രശ്നങ്ങളെ അതേ ഗൗരവത്തോടെ ചർച്ചചെയ്യാൻ സംസ്ഥാന സർക്കാർ തയ്യാറാകണമെന്ന് അഭ്യർത്ഥിക്കുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ: പ്ലീസ്... പ്ലീസ്.. കൺക്ലൂഡ്...

ശ്രീ. ടി. സിദ്ദിഖ്: സർ, കാർഷിക കടാശ്വാസം അടിയന്തരമായി പുനഃസ്ഥാപിക്കാനും കാർഷികകടം എഴുതിത്തള്ളാനും വിലസ്ഥിരതാ ഫണ്ട് പുനഃസ്ഥാപിക്കാനും നടപടിയുണ്ടാകണം. കാർഷിക വികസന-അടിസ്ഥാന വികസനം ഗുരുതരമായ തകർച്ചയിലൂടെ കടന്നുപോകുകയാണ്, അതിനെ പുനരുജ്ജീവിപ്പിക്കാനാവശ്യമായ ഫണ്ട് കണ്ടെത്തുകയും അടിയന്തര മിഷൻ ഏർപ്പെടുത്തുകയും ചെയ്യണം. രാസവളത്തിന് സബ്സിഡി ഏർപ്പെടുത്തുകയും കാർഷിക കടങ്ങൾക്ക് പലിശരഹിത മൊറട്ടോറിയം പ്രഖ്യാപിക്കുകയും ചെയ്യണം. മേൽ സൂചിപ്പിച്ച വിഷയങ്ങൾ ഉൾപ്പെടെയുള്ള കാര്യങ്ങൾ സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്ന് വിനീതമായി അഭ്യർത്ഥിക്കുകയാണ്.

കൃഷി വകുപ്പുമന്ത്രി (ശ്രീ. പി. പ്രസാദ്): സർ, ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ച കാര്യങ്ങൾ അതേ ഗൗരവത്തിൽ ഉൾക്കൊള്ളുന്നു. കാർഷിക മേഖലയിലുണ്ടായ ആത്മഹത്യകളുടെ കണക്ക് അദ്ദേഹം പറയുകയുണ്ടായി. ഞാൻ ഒരുതരത്തിലും അദ്ദേഹത്തെ വേദനിപ്പിക്കുകയെന്ന അർത്ഥത്തിലല്ല മറുപടി പറയുന്നത്. എന്തായിരുന്നു കേരളത്തിന്റെ നേരത്തെയുള്ള അവസ്ഥ! 1500 കർഷകർ ആത്മഹത്യ ചെയ്ത അനുഭവം കേരളത്തിലുണ്ടായിട്ടില്ലേ? .... (ബഹളം).... ഭരണപക്ഷ-പ്രതിപക്ഷ സംവാദത്തിലേയ്ക്ക് പോകേണ്ടതില്ലെന്ന രൂപത്തിൽ പറഞ്ഞതാണ്. അങ്ങനെയാണ് കേരളത്തിൽ കർഷക കടാശ്വാസ കമ്മീഷൻ നിലവിൽ വന്നത്. ആ കാലഘട്ടത്തിൽ വയനാട്ടിലടക്കം എത്ര കർഷകർ ആത്മഹത്യ ചെയ്തു? (....ബഹളം...)

മി. ഡെപ്യൂട്ടി സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രീ, അങ്ങ് മറുപടി പറയൂ.

ശ്രീ. പി. പ്രസാദ്: സർ, കേരളത്തിൽ വ്യാപകമായ രീതിയിൽ കർഷകർ ആത്മഹത്യയിലേയ്ക്ക് നീങ്ങുന്നുവെന്ന് ശ്രീ. ടി. സിദ്ദിഖ് പറഞ്ഞതുകൊണ്ടാണ് ഇതിനെക്കുറിച്ച് എനിക്ക് പറയേണ്ടിവന്നത്. യു.ഡി.എഫ്. ഭരണകാലത്താണ് കേരളത്തിൽ അങ്ങനെ സംഭവിച്ചത്. ഞാൻ വീണ്ടും ചോദിക്കുകയാണ്, വയനാട്ടിൽ അന്ന് എത്രപേർ

ആത്മഹത്യ ചെയ്തു? പട്ടിണി പടികയറിയപ്പോൾ, വയനാട്ടിലെ ഒരുപാട് മാവിൻതുമ്പിലും മറ്റും കയറുകളുണ്ടായിരുന്നതാണ്. ....(ബഹളം)....

മി. ഡെപ്യൂട്ടി സ്പീക്കർ: പ്ലീസ്. അംഗങ്ങൾ എല്ലാവരുംകൂടി മറുപടി പറയേണ്ടതില്ല, ബഹുമനപ്പെട്ട മന്ത്രി പറയട്ടേ.

ശ്രീ. പി. പ്രസാദ്: സർ, ഒരു കർഷകൻപോലും ആത്മഹത്യ ചെയ്യാൻ ഇടവരരുതെന്നാണ് ഈ ഗവൺമെന്റ് ആഗ്രഹിക്കുന്നത്. അതിനുവേണ്ടി എന്തുചെയ്യാനും ഈ സർക്കാർ സന്നദ്ധമാണെന്ന് പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. അതുകൊണ്ടാണ് ഒന്നാം പിണറായി വിജയൻ സർക്കാരിന്റെ ആദ്യ ക്യാബിനറ്റ് യോഗത്തിൽ കാർഷിക കടങ്ങൾക്ക് മൊറട്ടോറിയം പ്രഖ്യാപിക്കുമെന്ന തീരുമാനം കൈക്കൊണ്ടത്. ഞാൻ അന്ന് ഒരു ജനപ്രതിനിധിയായിരുന്നില്ലെങ്കിലും അക്കാര്യം ഗൗരവത്തോടെ കേട്ടിരുന്നതാണ്. ഞാൻ ഒരു കർഷക കുടുംബത്തിൽനിന്നും വരുന്നയാളാണ്; ഇപ്പോഴും കൃഷിചെയ്യുന്നയാളുമാണ്. കൃഷി എന്നത് ഏതെങ്കിലുമൊരു തുണ്ടുപേപ്പറിനകത്തോ പത്രത്തിലെ വാർത്ത എന്നരീതിയിലോ സ്വീകരിക്കേണ്ട ഒരു കാര്യമല്ല. എല്ലാത്തരം വിളകളും കൃഷി ചെയ്യുന്നില്ലെങ്കിലും സാമാന്യേന സാധാരണ കർഷക

കുടുംബത്തിലേതുപോലെ കൃഷി ചെയ്യുന്നയാളാണ് ഞാൻ. കർഷകന്റെ വികാരങ്ങളും വിചാരങ്ങളും ബോദ്ധ്യമുള്ള ആളാണ്. ബാക്കിയെല്ലാവരും അങ്ങനെയല്ല എന്നല്ല ഞാൻ പറഞ്ഞത്. അങ്ങനെ ധാരാളംപേർ കർഷകകുടുംബങ്ങളിൽനിന്നും വരുന്നുണ്ട്, കൃഷിക്കാരായി ഇരിക്കുന്നവരുമുണ്ട്. ഒന്നാം പിണറായി വിജയൻ സർക്കാർ അധികാരമേറ്റശേഷമുള്ള ആദ്യ ക്യാബിനറ്റിൽത്തന്നെ കാർഷിക കടങ്ങൾക്ക് മൊറട്ടോറിയം പ്രഖ്യാപിക്കുമെന്ന തീരുമാനമെടുത്തത് ഒരു ചെറിയ കാര്യമായിരുന്നോ? കർഷകരെ ചേർത്തുപിടിച്ചുകൊണ്ടാണ് രണ്ടാം പിണറായി വിജയൻ സർക്കാരും മുന്നോട്ടുപോകുന്നത്. കർഷകനെ ചേർത്തുപിടിച്ച ഞങ്ങളുടെ കരങ്ങൾക്ക് ഒട്ടും ശക്തി കുറയില്ല. കാർഷിക സർവ്വകലാശാലയെക്കുറിച്ചും 'ഉമ, 'മനുരത്ന,' 'ജ്യോതി' തുടങ്ങിയ നെല്ലിനങ്ങളെക്കുറിച്ചും 2011-ൽ സർവ്വകലാശാലകൾക്ക് റാങ്കിംഗ് ഉണ്ടായിരുന്നുവെന്നും ബഹുമാനപ്പെട്ട അംഗം പറയുകയുണ്ടായി. നമുക്ക് പത്രവാർത്തകളെ ആശ്രയിക്കാം. എന്നാൽ അത്തരം വാർത്തകളുടെ സത്യസന്ധതകൂടി പരിശോധിക്കേണ്ടതുണ്ട്. ഐ.സി.എ.ആർ. റാങ്കിംഗ് ആരംഭിക്കുന്നതുതന്നെ 2017-ലാണ്. മാത്രമല്ല, ഇതുവരെയും നമ്മൾ ഒന്നാം

റാങ്കിലേയ്ക്ക് എത്തിയിട്ടുമില്ല. ശ്രീ. ടി. സിദ്ദിഖ് പറഞ്ഞ കാര്യങ്ങൾ ചില മാധ്യമങ്ങൾ പ്രചരിപ്പിച്ചതാണ്. ഞാൻ പറയുന്നതും റാങ്കിംഗിൽ ഒന്നാമതാകണം എന്നുതന്നെയാണ്, അങ്ങും അതാണ് ആഗ്രഹിക്കുന്നതെങ്കിൽ ഞങ്ങളുടെയും ആഗ്രഹം അതുതന്നെയാണ്. നമ്മുടെ സർവ്വകലാശാലകളെ ഒന്നാം സ്ഥാനത്തേയ്ക്ക് എത്തിക്കാനായി എല്ലാകാര്യങ്ങളും ചെയ്യും. ചില പ്രശ്നങ്ങളുണ്ടെന്നത് ശരിയാണ്. സർവ്വകലാശാലകളുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ കഴിഞ്ഞ ദിവസവും ഒരു പ്രത്യേക യോഗം ചേർന്നിരുന്നു. സർവ്വകലാശാലകളുടെ സംവിധാനം പ്രത്യേകമാണ്, അതിൽ സർക്കാർ ഇടപെടുന്നതല്ല. എന്നാൽ അവയെ മികവിന്റെ കേന്ദ്രങ്ങളാക്കി മെച്ചപ്പെടുത്തിക്കൊണ്ടുവരാൻ സാധ്യമായ കാര്യങ്ങൾ ചെയ്യാൻ പരിശ്രമിക്കുന്നതാണ്. കേരളത്തിലെ ഉന്നതവിദ്യാഭ്യാസ മേഖലയിൽ ഗൗരവമായ ഇടപെടലുകൾ നടത്താവുന്നതാണ്. കാർഷിക സർവ്വകലാശാലയുടെ റാങ്കിംഗിന്റെ കാര്യം ബഹു. അംഗം സൂചിപ്പിച്ചത് യാഥാർത്ഥ്യമല്ലെന്ന് ഞാൻ ചൂണ്ടിക്കാണിച്ചുവെന്ന് മാത്രമേയുള്ളൂ. ഇത്തരം പ്രതിസന്ധികളിൽ വിറങ്ങലിച്ച് നിൽക്കേണ്ടിവരുന്ന അവസ്ഥ നമ്മുടെ

നാട്ടിലെ കർഷകർക്കുണ്ടാകാൻ പാടില്ല. ഇന്ത്യയ്ക്ക് മാതൃകയായി കർഷക കടാശ്വാസ കമ്മീഷൻ ആദ്യമായി രൂപീകരിച്ചത് കേരളത്തിലാണ്. കർഷക കടാശ്വാസ കമ്മീഷന്റെ പ്രവർത്തനത്തിൽ ഒരു പോരായ്മയും വന്നിട്ടില്ല. അവരുടെ ശമ്പളത്തിലും മറ്റ് കാര്യങ്ങളിലും കർഷകന് കൊടുക്കേണ്ട ആനുകൂല്യത്തിന്റെ കാര്യത്തിലും ഒരു വിട്ടുവീഴ്ചയ്ക്കും തയ്യാറല്ല. കർഷക കടാശ്വാസ കമ്മീഷൻ മുഖേന 265.66 കോടി രൂപയുടെ ആനുകൂല്യം കർഷകർക്ക് നല്കിയിട്ടുണ്ട്. ഇന്ത്യയ്ക്കാകെ മാതൃകയായി കേരളമാണ് അങ്ങനെ ചെയ്തത്. തുക അവാർഡ് ചെയ്തതിന്റെ കാര്യവും ബഹുമാനപ്പെട്ട അംഗം പറയുകയുണ്ടായി. ഞാൻ അതിനെക്കുറിച്ച് വിശദീകരിക്കാം. അവാർഡ് ചെയ്ത തുക കൊടുത്തുതീർത്തിട്ടില്ല. അവാർഡിനുശേഷമാണ് രജിസ്ട്രാർ ഓഫ് കോ-ഓപ്പറേറ്റീവ് സൊസൈറ്റികളുടെയടക്കം പരിശോധന വരുന്നത്. അപേക്ഷകർ അർഹരാണോയെന്നും അർഹതയ്ക്കനുസരിച്ച് മറ്റാനുകൂല്യങ്ങൾ ലഭിച്ചിട്ടുണ്ടോയെന്നതുമുൾപ്പെടെ പരിശോധന നടത്തിയിട്ടാണ് കൊടുക്കുന്നത്. അവാർഡ് പ്രഖ്യാപിച്ചയുടൻ തുക നൽകുകയെന്നതല്ല കർഷക കടാശ്വാസ കമ്മീഷന്റെ രീതി. മുൻകാലങ്ങളിലും അതേ രീതിയിലുള്ള പ്രോസസ്സ് തന്നെയായിരുന്നു പിന്തുടർന്നുവന്നിരുന്നത്.

അതാണ് ഇപ്പോഴും നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്. എല്ലാ അപേക്ഷകളിന്മേലും സമയബന്ധിതമായി തുക കൊടുത്തുതീർക്കുന്നതിനുള്ള ഇടപെടൽ നടത്തുന്നതാണ്. 2018-ലെയും 2019-ലെയും പ്രളയം, അതിനുശേഷമുണ്ടായ കോവിഡ് പ്രതിസന്ധി എന്നിവമൂലം സിറ്റിംഗ് നടത്താൻ തടസ്സങ്ങളുണ്ടായിട്ടുണ്ട്. ഇപ്പോൾ കൂടുതൽ സിറ്റിംഗ് നടത്തി അപേക്ഷകൾ തീർപ്പാക്കുന്നതിനുള്ള തീവ്രയജ്ഞത്തിലേയ്ക്ക് കടന്നിരിക്കുകയാണെന്ന് സഭയെ അറിയിക്കുന്നതിൽ എനിക്ക് അതിയായ സന്തോഷമുണ്ട്.

ശ്രീ. ടി. സിദ്ദിഖ്: സർ, കർഷക കടാശ്വാസ കമ്മീഷന്റെ പ്രവർത്തനം സംബന്ധിച്ച് അങ്ങ് പറഞ്ഞതിൽ ഗുരുതരമായ പാളിച്ചകളുണ്ട്. അങ്ങേയ്ക്ക് നൽകിയിരിക്കുന്ന ഇൻഫർമേഷൻ പുന:പരിശോധിക്കണമെന്ന് ആവശ്യപ്പെടുകയാണ്. ഇടുക്കി, വയനാട് ഒഴികെയുള്ള മറ്റെല്ലാ ജില്ലകളിലും 2014 വരെയുള്ള അപേക്ഷകളും ഇടുക്കിയിലും വയനാട്ടിലും 2020 വരെയുള്ള അപേക്ഷകളും മാത്രമെ പരിഗണിച്ചിട്ടുള്ളൂ. പുതിയ അപേക്ഷകൾ ക്ഷണിച്ചിട്ടില്ല. ഒരു കാര്യംകൂടി പറഞ്ഞ് ഞാൻ അവസാനിപ്പിക്കാം. (മൈക്ക് ഓഫ്)

മി. ഡെപ്യൂട്ടി സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി, അങ്ങ് സംസാരിക്കു. അദ്ദേഹം ആവശ്യത്തിന് സമയമെടുത്ത് ഈ വിഷയം അവതരിപ്പിച്ച് കഴിഞ്ഞതാണ്.

ശ്രീ. പി. പ്രസാദ്: സർ, അവാർഡ് ചെയ്ത തുക നൽകാതെ കർഷകരെ ബുദ്ധിമുട്ടിലാക്കുന്നുവെന്ന് അദ്ദേഹം പറഞ്ഞത് ശരിയല്ല. അപേക്ഷകൾ സ്വീകരിക്കുന്നതുമായി ബന്ധപ്പെട്ട് ഗവൺമെന്റ് കാലാവധി നിശ്ചയിക്കുന്ന രീതിയാണ് അവലംബിക്കാറുള്ളത്. സമയപരിധി ദീർഘിപ്പിക്കണമെന്ന നിർദ്ദേശങ്ങൾ വരാറുണ്ട്. ഇപ്പോഴും ഗവൺമെന്റിന്റെ പരിഗണനയിലുള്ളൊരു വിഷയമാണ് അങ്ങ് പറഞ്ഞത്. അതുസംബന്ധിച്ച് പരിശോധിച്ച് ആവശ്യമായ ഇടപെടൽ നടത്തുന്നുണ്ട്. 265.66 കോടി രൂപയുടെ ആനുകൂല്യം നൽകിയത് ചെറിയ കാര്യമായി കണക്കാക്കാൻ കഴിയില്ല. കൃഷിനാശം സംഭവിച്ചവർക്ക് അർഹമായ നഷ്ടപരിഹാരം നൽകാനും തുക അനുവദിച്ചു. നിരവധി പ്രതിസന്ധികൾ നേരിട്ടപ്പോൾപോലും ഇതിനാവശ്യമായ പണം നൽകുന്നതിൽ കുറവ് വന്നിട്ടില്ലെന്ന് നിസ്സംശയം പറയാൻ കഴിയും. സർഫാസി ആക്ടിനെക്കുറിച്ച് പറഞ്ഞു. കേരളത്തിൽ ആരെങ്കിലും സർഫാസി ആക്ടിനെ അനുകൂലിക്കുന്നവരാണോ? 2002-ൽ

ഇന്ത്യൻ പാർലമെന്റ് പാസ്സാക്കിയ നിയമത്തിന്റെ ബുദ്ധിമുട്ടുകളും പ്രയാസങ്ങളുമെല്ലാം നമുക്ക് അറിയാവുന്നതാണ്. അതിന്റെ പേരിൽ സംസ്ഥാന സർക്കാരിനെ കുറ്റപ്പെടുത്താൻ കഴിയില്ല. പ്രതിസന്ധിയിലകപ്പെടുന്ന കർഷകനെ സഹായിക്കാൻ കഴിയുന്ന ഇടപെടലുകൾ നടത്തുകയാണ് ചെയ്യേണ്ടത്. അത് എൽ.ഡി.എഫ്. സർക്കാർ ചെയ്തിട്ടുമുണ്ട്. അങ്ങിവിടെ ആത്മഹത്യകളുടെ കണക്കുകൾ പറഞ്ഞു. ഞാനതിന്റെ വിശദാംശങ്ങളിലേയ്ക്ക് പോകുന്നില്ല. ഞങ്ങൾക്കെല്ലാം അറിയാവുന്ന ഒരു പ്രദേശത്തെ കാര്യമാണ് നേരത്തെ പറഞ്ഞത്. മുൻകാലങ്ങളിൽ പറഞ്ഞിട്ടുള്ളതുപോലെ ഒരു ആത്മഹത്യയും വിഷാദ രോഗമെന്നോ, മദ്യോപയോഗം കാരണമെന്നോ പറഞ്ഞ് തള്ളിക്കളയാൻ ഞാൻ തയ്യാറല്ല. എല്ലാ മരണങ്ങളും വേദനാജനകമാണ്. ഒരാൾ ആത്മഹത്യ ചെയ്യുന്നത് അങ്ങേയറ്റത്തെ വേദനാജനകമായ കാര്യമാണ്. ഒരു കർഷകനും ആത്മഹത്യ ചെയ്യരുതെന്നുള്ളതാണ് ഈ സർക്കാരിന്റെ നയവും നിലപാടും. അതിനാവശ്യമായ പദ്ധതികളാണ് നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്. അദ്ദേഹം പറഞ്ഞവരുടെ വിശദാംശം എന്റെ കയ്യിലുണ്ട്. രാജീവ് മരിക്കുന്നതിനുമുമ്പ് കൃഷിചെയ്തിരുന്ന 3.3 ഏക്കറിൽ 2.3 ഏക്കറിലെ നെല്ലും

കൊയ്തെടുത്തിരുന്നു. പ്രതിപക്ഷനേതാവ്, ശ്രീ. ഉമ്മൻ ചാണ്ടി, ശ്രീ. രമേശ് ചെന്നിത്തല എന്നിവരെല്ലാം എന്നെ വിളിച്ചിരുന്നു. കൃഷി വകുപ്പിലെ ഉന്നത ഉദ്യോഗസ്ഥരടങ്ങുന്ന സംഘം അദ്ദേഹത്തിന്റെ കൃഷിയിടം സന്ദർശിച്ചു. മരണത്തിനുമുമ്പ് 2.3 ഏക്കർ സ്ഥലത്തെ നെല്ല് കൊയ്തെടുത്തിരുന്നു. മരണത്തിനുശേഷം ശേഷിക്കുന്ന ഒരേക്കർ സ്ഥലത്തെ കൊയ്ത്തുംനടന്നു. മുഴുവൻ നെല്ലും സപ്ലൈകോ സംഭരിച്ചു. വെള്ളം കയറിയതിന്റെ പേരിൽ അദ്ദേഹം ആത്മഹത്യ ചെയ്തു എന്നൊന്നും പറയാൻ കഴിയില്ല. ബാങ്കുകളിലുള്ള അദ്ദേഹത്തിന്റെ കടങ്ങളിൽ 90 ശതമാനവും അടച്ചുതീർത്തിട്ടുള്ളതാണ്. രാജീവിനുണ്ടായിരുന്ന കടങ്ങൾകൊണ്ടും കൃഷിനാശം സംഭവിച്ചതിലുള്ള മനോവിഷമത്തിലുമായിരിക്കാം ആത്മഹത്യ ചെയ്തതെന്ന് അന്വേഷണത്തിലൊരിടത്തും കണ്ടെത്താനും കഴിഞ്ഞിട്ടില്ല. കുട്ടനാട്, അപ്പർകുട്ടനാട് മേഖലകളിലുള്ള കർഷകർക്ക് ഈ സർക്കാർ ചെയ്യുന്നതുപോലെയുള്ള സഹായം വേറെ എവിടെയെങ്കിലും നൽകുന്നുണ്ടോ? ഉഴവുകൂലിയടക്കമുള്ള കാര്യങ്ങൾ സംബന്ധിച്ച് ധനാഭ്യർത്ഥന ചർച്ചയിൽ പങ്കെടുത്ത് ഞാൻ പറഞ്ഞതാണ്. ജനകീയാസൂത്രണത്തിന്റെ ഭാഗമായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ തുക വർദ്ധിപ്പിച്ചതിനെക്കുറിച്ച്

പറഞ്ഞിട്ടുണ്ട്. ഇങ്ങനെയെല്ലാം ചെയ്യുന്ന വേറെയേതെങ്കിലും സംസ്ഥാനമുണ്ടോ? ഇതുകൊണ്ട് എല്ലാം തികഞ്ഞുവെന്നല്ല പറയുന്നത്. കർഷകർക്ക് കൂടുതൽ സഹായം നല്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും തുക വർദ്ധിപ്പിക്കുകയും ചെയ്യും. കുട്ടനാട്, അപ്പർ കുട്ടനാട് മേഖലകൾക്ക് പ്രത്യേക പരിഗണന നൽകുന്നതിന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ചെയർമാനായി സമിതി രൂപീകരിക്കുന്നതിനെക്കുറിച്ചാണ് സർക്കാർ ആലോചിക്കുന്നത്. കാർഷികോല്പന്നങ്ങൾ സംഭരിച്ച്, സംസ്കരിച്ച് വിപണനം ചെയ്യുന്നതിന് വാല്യൂ ആഡഡ് അഗ്രിക്കൾച്ചറൽ മിഷൻ എന്നപേരിൽ ഒരു സംവിധാനം കൊണ്ടുവരുന്നതിനെക്കുറിച്ചും ആലോചിച്ചുവരികയാണ്. അതും വളരെ വേഗത്തിൽ നടപ്പിലാക്കാൻ പോകുന്ന പദ്ധതിയാണ്. KABCO (Kerala Agro Business Company) കേരളത്തിൽ യാഥാർത്ഥ്യമായിത്തീരും. ഇതെല്ലാം കേരളത്തിലെ കർഷകനെ സഹായിക്കാൻ കഴിയുന്ന തരത്തിൽ സ്വീകരിക്കുന്ന നിലപാടുകളാണെന്ന് നിസ്സംശയം പറയാൻ കഴിയും. നാഷണൽ സാമ്പിൾ സർവ്വെ ഓർഗനൈസേഷന്റെ കണക്കിനെ സംബന്ധിച്ചും സൂചിപ്പിക്കുകയുണ്ടായി. അക്കാര്യങ്ങളെല്ലാം ധനാഭ്യർത്ഥന ചർച്ചയിൽ

ഞാൻ പറഞ്ഞതാണ്. ഇന്ത്യയിൽ കേരളം മൂന്നാം സ്ഥാനത്തേയ്ക്കെത്തിനിൽക്കുന്ന കാര്യംകൂടി കാണണം. കുറ്റങ്ങളും കുറവുകളുമെല്ലാം അടിയന്തരപ്രമേയാവതരണ വേളയിൽ ചൂണ്ടിക്കാണിക്കുന്നത് രാഷ്ട്രീയമായ തർക്കത്തിനുവേണ്ടിയാണ്. എന്നാൽ നാം ആർജ്ജിച്ച നേട്ടങ്ങളെ കണ്ടില്ലെന്ന് നടിക്കരുത്. കാർഷിക മേഖലയുമായി ബന്ധപ്പെട്ട് 'ഞങ്ങളും കൃഷിയിലേയ്ക്ക് ' എന്ന പദ്ധതിയും കൃഷിക്കൂട്ടങ്ങളുമടക്കം എല്ലാവരെയും സഹകരിപ്പിച്ചുകൊണ്ടാണ് ചെയ്യുന്നത്. കർഷക കടാശ്വാസ കമ്മീഷനിലും കർഷക ക്ഷേമനിധി ബോർഡിലും പ്രതിപക്ഷ പാർട്ടിയിൽപ്പെട്ട അംഗങ്ങളുമുണ്ട്. കേരളത്തിൽ ഇതിനെല്ലാം തുടക്കമിട്ട ഇടതുപക്ഷ ജനാധിപത്യമുന്നണി സർക്കാർ ഇക്കാര്യത്തിൽ എല്ലാവരെയും ചേർത്തുപിടിച്ചുകൊണ്ടുപോകുന്ന രീതിയാണ് സ്വീകരിച്ചിരിക്കുന്നത്. 'ഞങ്ങളും കൃഷിയിലേയ്ക്ക് എന്ന പദ്ധതിയിലും എല്ലാവരെയും ചേർത്തുകൊണ്ടുള്ള സമിതിയാണ് രൂപീകരിച്ചിട്ടുള്ളത്. കേരളത്തിന്റെ കാർഷിക മേഖലയിൽ മുൻകാലങ്ങളിലില്ലാത്ത തരത്തിലുള്ള ഇടപെടലുകൾ ഈ സർക്കാർ നടപ്പിലാക്കുന്നുണ്ട് എന്നതാണ് ഇതെല്ലാം ചൂണ്ടിക്കാണിക്കുന്നത്. അതുകൊണ്ട് അടിയന്തരപ്രമേയത്തിൽ

ചൂണ്ടിക്കാണിച്ച വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ലെന്നാണ് എനിക്ക് പറയാനുള്ളത്.

മി. ഡെപ്യൂട്ടി സ്പീക്കർ: ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിക്കുന്നു.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, റൂൾ 50 പ്രകാരം നോട്ടീസ് കൊടുക്കുന്നത് രാഷ്ട്രീയമായ ആരോപണമുന്നയിക്കുന്നതിനോ ചില പ്രധാനപ്പെട്ട വിഷയങ്ങളെ വഴിതിരിച്ചുവിടുന്നതിനോ അല്ല. The Intergovernmental Panel on Climate Change (IPCC)-ന്റെ റിപ്പോർട്ടിനെക്കുറിച്ച് റൂൾ 50 പ്രകാരം നോട്ടീസ് കൊടുത്ത് സഭയിൽ ചർച്ച ചെയ്തത് വിഷയത്തിന്റെ പ്രാധാന്യം കേരളത്തിന്റെ ഫോക്കസിൽ കൊണ്ടുവരുന്നതിനാണ്. IPCC റിപ്പോർട്ടിന്റെ മീതെയുള്ള നാസാ അനാലിസിസ് നമ്മളിവിടെ ചർച്ച ചെയ്തിട്ടുണ്ട്. പിണറായി വിജയൻ സർക്കാരിനെ വിമർശിക്കാനാണോ ഞങ്ങൾ അത് കൊണ്ടുവന്നത്; ഈ ഗവൺമെന്റാണോ അതിന് കാരണം? ഗൗരവതരമായ ചില വിഷയങ്ങൾ

സർക്കാരിന്റെയും മന്ത്രിമാരുടെയും ഉദ്യോഗസ്ഥരുടെയും പൊതു ഫോക്കസിൽ കൊണ്ടുവരാൻവേണ്ടിയാണ് അങ്ങനെയൊരു അടിയന്തരപ്രമേയം അവതരിപ്പിച്ചത്. കേരളത്തിലെ കാർഷികമേഖല കടുത്ത പ്രതിസന്ധിയിലൂടെ കടന്നുപോകുന്നുവെന്നതൊരു യാഥാർത്ഥ്യമാണ്. നമ്മളെല്ലാവരും ഇടുക്കി, വയനാട്, അപ്പർ കുട്ടനാട് എന്നീ പ്രദേശങ്ങൾ നിരന്തരം സന്ദർശിക്കുന്നവരാണ്. നാളികേര, നെൽകർഷകരുൾപ്പെടെയുള്ളവർ ജനപ്രതിനിധികളെ നേരിട്ടുകണ്ട് അവരവരുടേതായ സങ്കടങ്ങൾ ബോധിപ്പിക്കാറുണ്ട്. മുഖ്യമന്ത്രി, കൃഷി വകുപ്പുമന്ത്രി, പ്രതിപക്ഷനേതാവ്, എം.എൽ.എ. തുടങ്ങി എല്ലാവരെയും കാണാൻ വരുന്നത് സാധാരണമാണ്. ഞങ്ങൾ ഉന്നയിച്ച പ്രധാനപ്പെട്ട ആക്ഷേപം കേന്ദ്ര ഗവൺമെന്റിനെ സംബന്ധിച്ചാണ്. രാസവളത്തിന്റെ സബ്സിഡി കുറച്ചതും വില വർദ്ധനവുണ്ടാക്കിയതും സംസ്ഥാന ഗവൺമെന്റാണെന്ന് ഞങ്ങളാരും ആക്ഷേപമുന്നയിച്ചിട്ടില്ല. രാസവളത്തിന് നേരത്തെ അനുവദിച്ചിരുന്ന 25 ശതമാനം സബ്സിഡിയാണ് കേന്ദ്ര ഗവൺമെന്റ് വെട്ടിക്കുറച്ചത്. കഴിഞ്ഞവർഷം വകയിരുത്തിയിരുന്ന 1,40,122 കോടി രൂപ 1,05,022 കോടി രൂപയായി കുറച്ചു. യൂറിയയ്ക്ക് 17

ശതമാനവും എൻ.പി.കെ. (നൈട്രജൻ, ഫോസ്ഫറസ്, പൊട്ടാഷ്) വളങ്ങൾക്ക് 35 ശതമാനവും കുറവുവരുത്തി. ഒരു കർഷകന് ലഭ്യമാകുന്ന വളത്തിന്റെ അളവും ഗണ്യമായി കുറച്ചു. അന്താരാഷ്ട്രപ്രശ്നങ്ങളോ മറ്റ് കാരണങ്ങളോകൊണ്ട് ഫാക്ടംഫോസ് ഉൾപ്പെടെയുള്ള വളങ്ങളുടെ വിലയിൽ വലിയ വർദ്ധനവുണ്ടായി. ഇത് കാർഷിക മേഖലയിൽ ഗുരുതരമായ പ്രത്യാഘാതമുണ്ടാക്കി. ഇതെല്ലാം ഒരു സാധാരണ കർഷകന്റെ ജീവിതത്തെ സ്വാധീനിക്കുന്ന ഗൗരവതരമായ വിഷയങ്ങളാണ്. റബ്ബർ, ഏലം തുടങ്ങിയ വിളകളുടെ വിലത്തകർച്ചയെക്കുറിച്ച് നമുക്ക് അറിയാവുന്നതാണ്. തേയിലയുടെ വില ഇപ്പോൾ അല്പം കൂടിയിട്ടുണ്ട്. എത്ര ഫാക്ടറികളാണ് ഈ മേഖലയിൽ അടഞ്ഞുകിടക്കുന്നത്? കുമളിയിലും മൂന്നാറിലും കഴിഞ്ഞ ദിവസങ്ങളിൽ ഞാൻ പോയിരുന്നു. ലയത്തിൽ ജീവിക്കുന്ന തേയിലത്തൊഴിലാളികളുടെ ജീവിതം നമുക്ക് സങ്കൽപ്പിക്കാൻപോലും കഴിയാത്തവിധത്തിൽ ദുരിതപൂർണ്ണമായി മാറിയിരിക്കുകയാണ്. എസ്റ്റേറ്റ് തൊഴിലാളികളെല്ലാം വലിയ സാമ്പത്തിക തകർച്ചയിലാണ്. പട്ടിണിയിലേയ്ക്ക് പോകുന്ന ദയനീയ സ്ഥിതിയുണ്ടാകുന്നു. കേന്ദ്ര സർക്കാർ കുഴമ്പ് രൂപത്തിലുള്ള റബ്ബർ ഇറക്കുമതി ചെയ്യാൻ പോകുകയാണ്.

അത് റബ്ബർ മേഖലയിലും പ്രതിസന്ധി സൃഷ്ടിക്കും. കാലാവസ്ഥാ വ്യതിയാനംമൂലമുണ്ടാകുന്ന പ്രശ്നങ്ങളും അമിതമായ ചെലവുമാണ് കാർഷിക മേഖല നേരിടുന്ന മറ്റൊരു പ്രതിസന്ധി. കഴിഞ്ഞ പുഞ്ചകൃഷിയുടെ വിളവെടുപ്പ് സമയത്ത് കുട്ടനാട്ടിലും അപ്പർ കുട്ടനാട്ടിലും പാലക്കാടുമായി രണ്ട് ലക്ഷം കർഷകർക്ക് 800 കോടി രൂപയുടെ നാശനഷ്ടമുണ്ടായി. വിള ഇൻഷ്വറൻസായി അനുവദിച്ചത് 30 കോടി രൂപ മാത്രമാണ്. 15 കോടി രൂപ മാത്രമേ ഇപ്പോൾ വിതരണം ചെയ്തിട്ടുള്ളൂ. കാലാവസ്ഥാ വ്യതിയാനത്തിന്റെ ഭാഗമായി നെല്ലറകളിൽ 800 കോടി രൂപയുടെ നാശനഷ്ടമുണ്ടായപ്പോൾ 15 കോടി രൂപയുടെ ആശ്വാസം കൊടുക്കാൻ മാത്രമാണ് സാധിച്ചത്. കാർഷിക കലണ്ടറനുസരിച്ച് കൃഷിയിറക്കാൻ കഴിയുന്നില്ല, കിളിർപ്പുകേടുനിറഞ്ഞ വിത്ത് വിതരണം ചെയ്യുന്നു. മഴമൂലം നനഞ്ഞ നെല്ല് പ്രൈവറ്റ് മില്ലുകളെടുക്കാത്തതുകൊണ്ട് അവർക്കുണ്ടാകുന്ന നഷ്ടം സംബന്ധിച്ചാണ് കുട്ടനാട് മേഖലയിലെ കർഷകർ പരാതി പറയാറുള്ളത്. പ്രൈവറ്റ് മില്ലുകൾ നെല്ല് മുഴുവനെടുക്കാതെ കൂമ്പാരമായി മാറ്റിയിട്ടിരിക്കുന്ന കാഴ്ച ഞാൻ നേരിട്ട് കണ്ടതാണ്. അവർ കടമെടുത്ത് കൃഷി ചെയ്ത് മുഴുവൻ നഷ്ടത്തിലാകുകയാണ്. കർഷക ആത്മഹത്യകളെ സംബന്ധിച്ച് സംസാരിക്കുമ്പോൾ

യു.ഡി.എഫ്-ന്റെ ഭരണകാലത്ത് 1500 കർഷക ആത്മഹത്യകൾ റിപ്പോർട്ട് ചെയ്തുവെന്നാണ് പറയുന്നത്. ശ്രീ. വി. എസ്. അച്യുതാനന്ദൻ ഈ സീറ്റിലിരുന്ന സമയത്ത് അദ്ദേഹം അത് നിയമസഭയിൽ അവതരിപ്പിച്ചിരുന്നു. അന്നും 1500 കർഷകർ ആത്മഹത്യ ചെയ്തുവെന്ന് അദ്ദേഹം പറഞ്ഞിട്ടില്ല. അതിന് അന്നത്തെ കൃഷി വകുപ്പുമന്ത്രി കെ. ആർ. ഗൗരിയമ്മ നൽകിയ ചുട്ടമറുപടി അന്നത്തെ നവാഗതനായ അംഗമെന്ന നിലയിൽ ശ്രദ്ധയോടെ കേട്ടിരുന്നത് ഞാനിപ്പോഴും ഓർക്കുന്നു. അത് നിയമസഭയുടെ റെക്കോർഡിലുണ്ട്. ഞാൻ ഇതൊരു തർക്കത്തിനുവേണ്ടി പറയുന്നതല്ല. അന്ന് 1500 കർഷകർ മരിച്ചുവെന്ന് ബഹുമാനപ്പെട്ട മന്ത്രി പറയുമ്പോൾ ഭരണപക്ഷത്തിന് ഇത്ര സന്തോഷമുണ്ടാകാൻ പാടില്ല. യു.ഡി.എഫ്-ന്റെ ഭരണകാലത്ത് അട്ടപ്പാടിയിൽ 31 കുട്ടികൾ മരിച്ചെന്ന് കഴിഞ്ഞദിവസം ബഹുമാനപ്പെട്ട പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി പറഞ്ഞപ്പോൾ നിങ്ങൾ ഡെസ്കിലടിച്ചു. ആ സ്ഥിതിയിലേയ്ക്ക് കാര്യങ്ങൾ പോകരുത്. രാഷ്ട്രീയത്തിനുവേണ്ടി സംവാദത്തിലേർപ്പെടുമ്പോൾ അത്തരം രീതിയിലേയ്ക്ക് പോകാതിരിക്കാൻ നമ്മൾ ശ്രദ്ധിക്കണം. മറ്റൊരു കാര്യം

സൂചിപ്പിക്കാനുള്ളത്, സർഫാസി ആക്ട് സംബന്ധിച്ചാണ്. സർഫാസി നിയമം ഗുരുതരമായ പ്രശ്നങ്ങളുണ്ടാക്കുന്നുണ്ട്. അതുമൂലം കർഷകർ ജപ്തി ഭീഷണി നേരിടുന്നുമുണ്ട്. കോ-ഓപ്പറേറ്റീവ് ബാങ്ക്, നാഷണലൈസ്ഡ് ബാങ്ക്, ഷെഡ്യൂൾഡ് ബാങ്ക് തുടങ്ങിയവയിൽനിന്നും വായ്പയെടുത്ത കർഷകർ വലിയ കടക്കെണിയിലാണ്. ദുരിതപൂർണ്ണമായ പ്രശ്നമാണിത്. അത് അവരെ മാനസികമായ സമ്മർദ്ദത്തിലാക്കുന്നുണ്ട്. കടംവാങ്ങി കൃഷിയിറക്കിയശേഷം ഏതെങ്കിലും കാരണവശാൽ കൃഷിനാശം സംഭവിച്ചാൽ പണം തിരിച്ചടയ്ക്കാൻ കഴിയില്ലെന്നുമാത്രമല്ല അടുത്തവർഷം കൃഷിയിറക്കാനും കഴിയില്ല. ഇതാണ് അവരെ മാനസികസമ്മർദ്ദത്തിലാക്കുന്ന പ്രശ്നം. കടംവാങ്ങി കൃഷിയിറക്കിയശേഷം വന്യമൃഗശല്യം, മഴ, മണ്ണിടിച്ചിൽ എന്നിവകാരണം കൃഷിനാശം സംഭവിച്ചാൽ ചെലവഴിച്ച തുക നഷ്ടപ്പെടുകയും കടം തിരിച്ചടയ്ക്കേണ്ടിവരികയും അടുത്തപ്രാവശ്യം കൃഷിയിറക്കാൻ സാധിക്കാത്ത പ്രതിസന്ധിയുണ്ടാകുകയും ചെയ്യും. മണ്ണിനെ മാത്രം ആശ്രയിച്ച് ജീവിക്കുന്ന കർഷകന് ഇതുമൂലം മാനസിക സമ്മർദ്ദമുണ്ടാകും. അത്തരം സങ്കടങ്ങളും പ്രയാസങ്ങളുമാണ് അവർ നമ്മളുമായി പങ്കുവയ്ക്കുന്നത്. കർഷക കടാശ്വാസ കമ്മീഷൻ നേരത്തെ സഹായം ചെയ്തിട്ടില്ലെന്നൊന്നും

ഞാൻ പറയുന്നില്ല. കർഷക കടാശ്വാസ കമ്മീഷൻ നിയമം ഐകകണ്ഠ്യേനയാണ് നിയമസഭ പാസ്സാക്കിയത്. ഞങ്ങളെല്ലാവരും അതിനെ സ്വാഗതം ചെയ്തിട്ടുമുണ്ട്. യു.ഡി.എഫ്-ന്റെ ഭരണകാലത്തും ഈ കമ്മീഷൻ മുഖേന ധനസഹായം നൽകിയിട്ടുണ്ട്. പക്ഷേ, ഇപ്പോഴത് പ്രവർത്തനരഹിതമാണ്. ഞാൻ കമ്മീഷനെയല്ല കുറ്റപ്പെടുത്തുന്നത്. ഇപ്പോൾ കർഷകരിൽനിന്നും അപേക്ഷകൾ സ്വീകരിക്കുന്നില്ല. 2020 മുതൽ 2022 വരെയുള്ള രണ്ടുവർഷം വളരെ പ്രധാനപ്പെട്ടതാണ്. അവാർഡ് ചെയ്തതിന്റെ പകുതി തുകപോലും കൊടുത്തുതീർത്തിട്ടില്ല. അതിൽ അനാവശ്യമായ കാലതാമസമുണ്ടാകുന്നുണ്ട്. കർഷക കടാശ്വാസ കമ്മീഷനെക്കുറിച്ച് പ്രതീക്ഷ നഷ്ടപ്പെടുന്ന രീതിയിലാണ് ആളുകൾ ഇന്ന് സംസാരിക്കുന്നത്. ഈ രണ്ടുവർഷങ്ങളിലും പ്രകൃതിദുരന്തമുണ്ടായതിന്റെ ഫലമായി വൻതോതിലുള്ള നാശനഷ്ടമുണ്ടായി. നമ്മൾ കാണുന്ന പ്രകൃതി ദുരന്തം മാത്രമല്ല, കാർഷിക കലണ്ടർ പ്രകാരം മഴ പെയ്യാൻ പാടില്ലാത്ത സമയത്ത് പെയ്യുമ്പോഴുണ്ടാകുന്ന ദുരിതം വിവരണാതീതമാണ്. അത്തരം നാശനഷ്ടമുണ്ടാകുമ്പോൾ കടാശ്വാസ കമ്മീഷനിൽ ക്ലെയിം ചെയ്യാൻ

കഴിയാത്ത സാഹചര്യം നിലനിൽക്കുന്നുണ്ട്. അതെല്ലാം അവർക്ക് ബുദ്ധിമുട്ടുണ്ടാക്കുന്നു.

വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി): സർ, അങ്ങ് വളരെ പ്രധാനപ്പെട്ട കാര്യം പറയാൻ വിട്ടുപോയെന്നൊരു സങ്കടമുണ്ട്. Indo-Pacific കരാർ ഒപ്പിട്ടതിന്റെ ഫലമായി ഇന്തോനേഷ്യയിൽനിന്ന് നാളികേരവും വിയറ്റ്നാമിൽനിന്ന് കുരുമുളകും ആസ്ട്രേലിയ, യു.എസ്.എ. എന്നിവിടങ്ങളിൽ നിന്നും ഡെയറി ഉത്പ്പന്നങ്ങളും ഇറക്കുമതി ചെയ്യുന്നു. ഇതിന്റെ ഫലമെന്താണ്? കൃഷിക്കാരനെന്ന നിലയ്ക്ക് ഞാൻ പറയുകയാണ്. കഴിഞ്ഞവർഷം ഞാനൊരു നാളികേരം വിറ്റത് 23 രൂപയ്ക്കാണ്. ഇപ്രാവശ്യം വിറ്റത് ഏഴര രൂപയ്ക്കാണ്. ലോകത്ത് ഏറ്റവും കൂടുതൽ നാളികേരം ഉത്പ്പാദിപ്പിക്കുന്ന ഇന്തോനേഷ്യയിൽനിന്നും ഇന്ത്യയിലേയ്ക്ക് ഇത് ഇറക്കുമതി ചെയ്യുന്നതിനുള്ള കാരണം മലേഷ്യയുമായി Indo-Pacific കരാർ ഒപ്പിട്ടതാണ്. അവിടെനിന്നും പാമോയിൽ ധാരാളം ഇറക്കുമതി ചെയ്യുന്നതുകൊണ്ട് ഇപ്പോൾ ഇവിടെ പകുതി വിലയേയുള്ളൂ. അതിനെക്കുറിച്ച് ഒരു വാചകവും അങ്ങ് പറഞ്ഞില്ലെന്നുള്ള സങ്കടമുണ്ട്. കേന്ദ്ര ഗവൺമെന്റിന്റെ ഈ നയത്തിനെതിരെ ഒരു വാക്കുപോലും പറഞ്ഞില്ല. ചാണകം

ഉപയോഗിച്ചാൽ മീഥൈൽ വാതകമുണ്ടാകുമെന്നതുകൊണ്ട് അത് ഉപയോഗിക്കാൻ പാടില്ലെന്നാണ് പറയുന്നത്. സിന്തറ്റിക് രാസവളമുപയോഗിക്കുന്നതും തെറ്റാണ്. പ്രകൃതിസ്നേഹമെന്നാണ് ശ്രീ. നരേന്ദ്ര മോദി പറയുന്നത്. അങ്ങ് അതിനെക്കുറിച്ചൊരു വാക്കുപോലും പറയാത്തതിൽ സങ്കടമുണ്ടെന്നുമാത്രമേ ഞാൻ പറയുന്നുള്ളൂ.

മി. ഡെപ്യൂട്ടി സ്പീക്കർ: ഇന്ന് രണ്ട് ധനകാര്യ ബില്ലുകളുണ്ട്. ബഹുമാന്യരായ അംഗങ്ങൾ ആവശ്യപ്പെട്ടതുപ്രകാരമുള്ള സബ്മിഷനുകളും ധാരാളമുണ്ട്. അങ്ങ് സഹകരിക്കണമെന്ന് പറയുകയാണ്.

ശ്രീ. വി. ഡി. സതീശൻ: സർ, രണ്ടുമൂന്ന് മിനിറ്റ് ഞാൻ കൂടുതലായി എടുക്കുന്നതുകൊണ്ട് ഒരു കുഴപ്പവുമില്ല. പക്ഷേ അങ്ങ് നിർബന്ധിക്കുകയാണെങ്കിൽ ഞാൻ നിർത്താം.

മി. ഡെപ്യൂട്ടി സ്പീക്കർ: നിർത്തണമെന്നല്ല പറഞ്ഞത്. സഹകരിക്കണമെന്നാണ് പറഞ്ഞത്. (.......ബഹളം......)

ശ്രീ. വി. ഡി. സതീശൻ: സർ, ഇന്നലെ ഒരു സബ്മിഷന് മറുപടി പറയാൻ പത്ത് മിനിറ്റ് എടുത്തിരുന്നു........(ബഹളം......)

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: നിങ്ങൾ പ്രതിഷേധിക്കാനല്ല ഞാൻ പറഞ്ഞത്. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിനെ ഈ വിഷയം ഓർമ്മിപ്പിച്ചതാണ്. അങ്ങ് സംസാരിച്ചോളൂ. (.......ബഹളം......) നിങ്ങൾ എല്ലാവരും സംസാരിക്കേണ്ട, ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിനെ ഓർമ്മിപ്പിച്ചതാണ്. അല്ലാതെ അദ്ദേഹത്തോട് പ്രസംഗം നിർത്താനല്ല പറഞ്ഞത്. നിങ്ങൾ തെറ്റിദ്ധരിച്ചിരിക്കുകയാണ്. അദ്ദേഹം വാക്കൗട്ട് പ്രസംഗം നടത്തുകയാണ്. അതിൽ മറ്റ് അംഗങ്ങൾ ഇടപെടുന്നു. ഇന്ന് രണ്ട് ധനകാര്യ ബില്ലുകളുണ്ട്. അക്കാര്യം അങ്ങയെ ഓർമ്മിപ്പിച്ചതാണ്. അങ്ങ് സംസാരിക്കു.

<u>ശ്രീ. വി. ഡി. സതീശൻ</u>: സർ, നമുക്കറിയാവുന്ന കർഷകനായ ഒരു മന്ത്രി പറയുന്നത് കേൾക്കണമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി തന്നെ പറയുകയുണ്ടായി. ഭരണപക്ഷ അംഗങ്ങൾ ബഹളമുണ്ടാക്കുമ്പോൾ അങ്ങ് അവരോട് ബഹളമുണ്ടാക്കരുതെന്ന് പറയണം. ഞങ്ങൾ സംസാരിക്കുമ്പോൾ പുതിയ ചില അംഗങ്ങൾ അതിഭയങ്കരമായി ശല്യപ്പെടുത്തുകയാണ്. ഇന്നലെ അവർ അപകീർത്തികരമായ രീതിയിൽ സീറ്റിലിരുന്ന് സംസാരിച്ചു. അത് വളരെ മോശമാണ്. ചില അംഗങ്ങൾ നല്ല പാർലമെന്റേറിയനായും

ഡിബേറ്റർമാരായും അറിയപ്പെടും. ഏറ്റവും കൂടുതൽ അപശബ്ദങ്ങൾ ഉണ്ടാക്കുന്നവരായി നിങ്ങളിൽ പലരും ഒരു കാരണവശാലും അറിയപ്പെടാതിരിക്കണമെന്നാണ് ഞാൻ ആഗ്രഹിക്കുന്നത്. ദയവുചെയ്ത് അങ്ങനെ ചെയ്യരുത്. (.......ബഹളം......)

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് പറഞ്ഞ കാര്യം ശരിയാണ്. സഭയിൽ നമ്മളെല്ലാവരും പരസ്പര ബഹുമാനത്തോടെ ഇടപെടണം. ബഹുമാനപ്പെട്ട ഡെപ്യൂട്ടി സ്പീക്കർ അങ്ങയുടെ സഹകരണം അഭ്യർത്ഥിക്കുകയായിരുന്നു. അഭ്യർത്ഥന നടത്തിയ ഉടനെ പിന്നിൽനിന്നും ബഹളംവയ്ക്കുന്നതാണ് കണ്ടത്. കെ. മൊയ്തീൻകുട്ടി ഹാജി സ്പീക്കറും ഇ.എം.എസ്. നമ്പൂതിരിപ്പാട് പ്രതിപക്ഷനേതാവായുമായിരുന്ന അവസരത്തിലെ ഒരനുഭവം ഞാൻ ഓർക്കുകയാണ്. അന്ന് സംസാരിച്ചുകൊണ്ടിരുന്ന പ്രതിപക്ഷനേതാവിന്റെ സമയം കഴിയുന്നു. അങ്ങേയ്ക്ക് ഇനി എത്ര സമയമാണ് വേണ്ടതെന്ന് സ്പീക്കർ ചോദിച്ചപ്പോൾ രണ്ട് മിനിറ്റുകൂടി വേണമെന്ന് മറുപടി പറഞ്ഞു. ആ രണ്ട് മിനിറ്റുകൊണ്ട് പ്രസംഗം അവസാനിപ്പിക്കുകയും ചെയ്തു. ഇത് സാധാരണഗതിയിൽ ചെയറും പ്രതിപക്ഷനേതാവും തമ്മിൽ

സംസാരിക്കുന്നൊരു കാര്യമാണ്. ഇതിൽ ബഹളംവച്ച് തടയേണ്ട കാര്യമില്ല. നമ്മളെല്ലാവരും ശ്രദ്ധിക്കേണ്ടകാര്യം, സഭയിൽ പരസ്പര ബഹുമാനം നിലനിർത്തി പോകുകയെന്നതാണ്. അതിനോട് ഞാൻ പൂർണ്ണമായും യോജിക്കുന്നു.

ശ്രീ. വി. ഡി. സതീശൻ: സർ, എനിക്ക് മൂന്ന് മിനിറ്റ് വേണ്ടിവരുമെന്ന് പറഞ്ഞു. അപ്പോൾ ബഹുമാനപ്പെട്ട ഡെപ്യൂട്ടി സ്പീക്കറിന്റെ നടപടിയെ ചോദ്യം ചെയ്തുകൊണ്ട് ബഹളമുണ്ടാക്കിയപ്പോഴാണ് പ്രതിപക്ഷത്തുനിന്നും അംഗങ്ങൾ എഴുന്നേറ്റത്. (.......ബഹളം......) ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞ അഭിപ്രായത്തോട് ഞാനും യോജിക്കുകയാണ്. ഇത് അങ്ങ് ശ്രദ്ധിച്ചാൽ മതി.(.......ബഹളം......) ബഹുമാനപ്പെട്ട മുഖ്യമന്ത്രി സംസാരിക്കുമ്പോൾ പ്രതിപക്ഷത്തുനിന്നും ശബ്ദമുണ്ടാകാതിരിക്കാൻ ഞാൻ പരമാവധി ശ്രമിക്കാറുണ്ട്. ഞാൻ അത്ര മാത്രമേ പറയുന്നുള്ളൂ. ഇന്നലെ വളരെ അപകീർത്തിപരമായി അംഗങ്ങൾ സംസാരിച്ചുകൊണ്ടിരുന്നു. അത് ഒരുകാരണവശാലും ഉണ്ടാകാതിരുന്നാൽ എല്ലാവർക്കും നല്ലതാണ്. നിയമസഭയിൽ വന്നിട്ട് നിങ്ങളാരും അപശബ്ദങ്ങൾ ഉണ്ടാക്കുന്നവരായി

അറിയപ്പെടാൻ പാടില്ലെന്നുള്ളതുകൊണ്ടാണ് ഞാൻ പറഞ്ഞത്. ഞാൻ ദീർഘിപ്പിക്കുന്നില്ല.

തമിഴ്നാട് കാർഷിക സർവ്വകലാശാല കാർഷിക മേഖലയിലുണ്ടാക്കിയ സംഭാവനകളും നമ്മുടെ കാർഷിക സർവ്വകലാശാല കാർഷിക മേഖലയിലുണ്ടാക്കിയ വളർച്ചയും താരതമ്യം ചെയ്തുനോക്കണം. കേരളത്തിൽ കുട്ടനാട്, വയനാട്, ഇടുക്കി എന്നിങ്ങനെ പാക്കേജുകൾ പ്രഖ്യാപിക്കുകയുണ്ടായി. 7,000 കോടി രൂപയുടെ വയനാട് പാക്കേജ് പ്രഖ്യാപിച്ചശേഷം 50 ലക്ഷം രൂപ കാപ്പി സംഭരണത്തിന് മാത്രമാണ് കൊടുത്തത്. ഒരു പാക്കേജും നടപ്പിലായില്ല. ഇന്നത്തെ സാഹചര്യത്തിൽ വൈദ്യുതി വകുപ്പുമന്ത്രി ഇവിടെ സൂചിപ്പിച്ചതുപോലെ അന്താരാഷ്ട്ര കരാറുകളുണ്ടാക്കുന്ന പ്രത്യാഘാതം കാണേണ്ടതാണ്. നാളികേര സംഭരണം നടപ്പാക്കുന്ന ഒരു സംസ്ഥാനത്ത് ഈ മന്ത്രിസഭയിലെ ഒരു മന്ത്രിക്കാണ് 7.50 രൂപയ്ക്ക് നാളികേരം വിൽക്കേണ്ട സ്ഥിതി വന്നത്. നാളികേര സംഭരണം ഫലപ്രദമല്ല; എൽ.ഡി.എഫ്. സർക്കാർ അതിന് ശ്രമിക്കുന്നില്ലെന്നല്ല ഞാൻ പറഞ്ഞത്. അന്താരാഷ്ട്ര തലത്തിലും ദേശീയ തലത്തിലും സൃഷ്ടിക്കുന്ന പ്രത്യാഘാതവും മനസ്സിലാക്കണം. തറവില നിശ്ചയിച്ച് ഉൽപ്പന്നങ്ങൾ

സംഭരിക്കുന്നത് എന്തിനാണ്; റബ്ബറിനും നെല്ലിനും താങ്ങുവില കൊടുക്കുന്നത് എന്തിനാണ്? പൊതുമാർക്കറ്റിൽ ഭക്ഷ്യോൽപ്പന്നങ്ങളുടെ വില താഴോട്ടുപോയാലും കർഷകനെ അത് ബാധിക്കാതിരിക്കാൻവേണ്ടി, നഷ്ടമുണ്ടാതിരിക്കാൻവേണ്ടി നൽകുന്നതാണ് താങ്ങുവിലയും തറവിലയും. കേരളത്തിൽ ഇത്രയും വിലകൊടുത്ത് നാളികേരം സംഭരിക്കുമ്പോഴും 7.50 രൂപയ്ക്ക് ആളുകൾക്ക് വിൽക്കേണ്ടിവരുന്നുണ്ട്. നാളികേര സംഭരണത്തിൽ നിരവധി പ്രശ്നങ്ങളുണ്ട്. പരമ്പരാഗത രീതിയിൽമാത്രം കാർഷിക മേഖലയെ സമീപിക്കാതെ എല്ലാവരും ഗൗരവത്തോടുകൂടി ആലോചിച്ച് കർഷകരെ ചേർത്തുനിർത്താൻ ശ്രമിക്കണം. പദ്ധതികളൊന്നുമില്ലെന്ന് ഞങ്ങൾ ആക്ഷേപിക്കുന്നില്ല. കുരുമുളകും നാളികേരവും ഇറക്കുമതി ചെയ്യുമ്പോൾ ഉണ്ടാകുന്ന പ്രശ്നങ്ങളെക്കുറിച്ചും ഇവിടെ പറഞ്ഞു. വിയറ്റ്നാമിൽ നിന്നും കുരുമുളക് ഇറക്കുമതി ചെയ്യാൻ പോകുകയാണ്. നമ്മുടെ കുരുമുളക് ഉൽപ്പാദനം ഗണ്യമായി കുറഞ്ഞിരിക്കുകയാണ്. നമ്മളെക്കാൾ പത്തിരട്ടി ഉൽപ്പാദനശേഷി വിയറ്റ്നാമിലുണ്ട്. അതുകൊണ്ട് കേരളത്തിലെ വിലയെക്കാൾ കുറഞ്ഞവിലയ്ക്ക് അവർക്ക് വിൽക്കാൻ സാധിക്കും. ഇവിടെയുള്ള പല മാളുകളിലും ലഭിക്കുന്നത് വിയറ്റ്നാമിൽനിന്നുള്ള

കുരുമുളകാണെന്ന് മനസ്സിലാകും. കേരളത്തിലെ പല ഔട്ട്ലെറ്റുകളിലുമുള്ളത് വിയറ്റ്നാമിലെ കുരുമുളകാണ്; കേരളത്തിലെ കുരുമുളകല്ല. അത്രമാത്രം ഈ മേഖലയിലെ കർഷകർ തകരുകയാണ്. ഇക്കാര്യം ഗൗരവത്തോടെ കണക്കിലെടുത്ത് പുതിയൊരു സമീപനം സ്വീകരിക്കണം. ഇപ്പോൾ ചെയ്യുന്ന നല്ല കാര്യങ്ങൾക്കെല്ലാം പൂർണ്ണ പിന്തുണയുണ്ടാകും. അക്കാര്യത്തിൽ ഒരു സംശയവും വേണ്ട. കർഷകർ കനത്ത പ്രതിസന്ധിയിലാണ്. നമ്മളെല്ലാവരും ചേർന്ന് അവരുടെ പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

<u>ശ്രീ. പി. വി. ശ്രീനിജിൻ</u>: സർ, ബഹുമാനപ്പെട്ട പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി ശ്രീ. കെ. രാധാകൃഷ്ണൻ കഴിഞ്ഞ ദിവസം സംസാരിക്കവെ 31 ആദിവാസി കുട്ടികൾ യു.ഡി.എഫ്.-ന്റെ ഭരണകാലത്ത് മരിച്ചുവെന്ന് പറഞ്ഞപ്പോൾ ഭരണപക്ഷത്തെ അംഗങ്ങൾ ഡെസ്കിലടിച്ച് ആഹ്ലാദം പ്രകടിപ്പിച്ചുവെന്ന രീതിയിൽ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് സംസാരിച്ചത് വസ്തുതകൾക്ക് നിരക്കുന്നതല്ല. അത് സഭാരേഖകളിൽ നിന്നും നീക്കം ചെയ്യണം.

മി. ഡെപ്യൂട്ടി സ്പീക്കർ: അത് പരിശോധിക്കാം.+

11.08 a.m.]

## IV ശ്രദ്ധ ക്ഷണിക്കൽ

### (1) നേമം റെയിൽവേ ടെർമിനൽ പദ്ധതി

ശ്രീ. ഐ. ബി. സതീഷ്: സർ, കേരളത്തിന്റെ പൊതുവിലും തലസ്ഥാന ജില്ലയിലെ പ്രത്യേകിച്ചുമുള്ള റെയിൽവേ വികസനത്തിന് അനിവാര്യമായിരുന്ന നേമം റെയിൽവേ ടെർമിനൽ പദ്ധതി ഉപേക്ഷിക്കാനുള്ള കേന്ദ്ര സർക്കാർ തീരുമാനം സഭയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. മൊറാർജി ദേശായി സർക്കാരിന്റെ ഭരണകാലത്ത് മധു ദണ്ഡവതെ റെയിൽവേ വകുപ്പുമന്ത്രിയായിരിക്കുമ്പോഴാണ് തിരുവനന്തപുരം റെയിൽവേ ഡിവിഷൻ പ്രഖ്യാപിച്ചത്. അതിനുശേഷം കാലാനുസൃതമായ പുരോഗതി തിരുവനന്തപുരം റെയിൽവേ ഡിവിഷനുണ്ടായിട്ടില്ല. കാട്ടാക്കട നിയോജകമണ്ഡലത്തിൽപ്പെട്ട പള്ളിച്ചൽ പഞ്ചായത്തിൽ റെയിൽവേയുടെ സ്വന്തം സ്ഥലത്താണ് 2011-12 റെയിൽവേ ബഡ്ജറ്റിലുൾപ്പെടുത്തി നേമം കോച്ചിംഗ് ടെർമിനൽ സ്ഥാപിക്കാനുള്ള പ്രഖ്യാപനമുണ്ടാകുന്നത്. അതിനുശേഷം യു.പി.എ. സർക്കാരിന്റെ

+ ബഹുമാനപ്പെട്ട സഭാദ്ധ്യക്ഷന്റെ ഉത്തരവിൻപ്രകാരം (ഫയൽ നം. 13199/ഇ.ബി./2022/നി.സെ. തീയതി 22-07-2022) സഭാരേഖകളിൽ നിലനിർത്തി.

ഭരണകാലത്തുതന്നെ പള്ളിച്ചൽ പഞ്ചായത്തിലെ റെയിൽവേയുടെ സ്ഥലത്ത് മെഡിക്കൽ കോളേജ് ആരംഭിക്കുമെന്ന പ്രഖ്യാപനവുമുണ്ടായി. തിരുവനന്തപുരം റെയിൽവേ സ്റ്റേഷനിലെ തിരക്ക് കുറയ്ക്കുക എന്നതാണ് നേമം കോച്ചിംഗ് ടെർമിനൽ കൊണ്ടുദ്ദേശിക്കുന്നത്. നമുക്കെല്ലാവർക്കും അറിയാവുന്നതുപോലെ തിരുവനന്തപുരം റെയിൽവേ സ്റ്റേഷന്റെ കപ്പാസിറ്റിയുടെ രണ്ടര ഇരട്ടിയിലധികം സർവ്വീസുകളാണ് ഇപ്പോൾ ഓപ്പറേറ്റ് ചെയ്യുന്നത്. ഇത് പരിഹരിക്കുന്നതിനാണ് ചെന്നൈ ബേസിൻ ബ്രിഡ്ജ് കോച്ച് ഡിപ്പോയെ മാതൃകയാക്കി 30 ട്രെയിനുകൾ ഓപ്പറേറ്റ് ചെയ്യുന്നതിനുവേണ്ടി പത്ത് പിറ്റ് ലൈനുകളും പത്ത് സ്റ്റേബ്ലിംഗ് ലൈനുകളും സിക്ക് ലൈനുകളും സ്റ്റാഫ് ക്വാർട്ടേഴ്സുകളുമുൾപ്പെടുന്ന പദ്ധതിക്ക് രൂപംനൽകിയത്. അന്ന് ചിറയിൻകീഴ് പാർലമെന്റ് അംഗമായിരുന്ന ഡോ. എ. സമ്പത്തും സംസ്ഥാന സർക്കാരും നിരന്തരമായി ഇടപെട്ടതിനുശേഷമാണ് 2018-19-ൽ ഈ പദ്ധതി അംബ്രല പദ്ധതിയിൽപ്പെടുത്തി ആരംഭിക്കാൻ തീരുമാനിച്ചത്. 2019-ൽ റെയിൽവേ വകുപ്പുമന്ത്രി തറക്കല്ലിട്ടതിനുശേഷം ഒരു പുരോഗതിയും ഉണ്ടാകാത്തതിനെത്തുടർന്ന് രാജ്യസഭാംഗം ശ്രീ. ജോൺ ബ്രിട്ടാസ്

പാർലമെന്റിൽ നിരന്തരം ചോദ്യം ഉന്നയിക്കുകയും ഇത് പരിശോധിച്ചുവരികയാണ് എന്ന ഒഴുക്കൻ മറുപടി ലഭ്യമാകുകയും ഒടുവിൽ രാജ്യസഭാദ്ധ്യക്ഷന് പരാതി നൽകുകയും ചെയ്തതിന്റെ അടിസ്ഥാനത്തിലാണ് ഏറ്റവുമൊടുവിൽ ഈ പദ്ധതി ഉപേക്ഷിച്ചുവെന്ന വിവരം അറിയിച്ചത്. തലസ്ഥാന ജില്ലയുടെ റെയിൽവേ വികസനത്തിന് അത്യന്താപേക്ഷിതമായ നേമം റെയിൽവേ ടെർമിനൽ നിർമ്മാണം ആരംഭിക്കുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി (ശ്രീ. വി. അബ്ദുറഹിമാൻ): സർ, കേരളത്തിലെ റെയിൽവേ വികസനത്തിന് ഊർജ്ജം പകരുകയെന്ന ലക്ഷ്യത്തോടെ 2011-12-ലെ കേന്ദ്ര റെയിൽവേ ബഡ്ജറ്റിൽ പ്രഖ്യാപിച്ച നേമം റെയിൽവേ ടെർമിനൽ പദ്ധതിക്ക് 2019 മാർച്ച് 7-നാണ് അന്നത്തെ റെയിൽവേ മന്ത്രിയായിരുന്ന ശ്രീ. പീയൂഷ് ഗോയൽ വീഡിയോ കോൺഫറൻസിലൂടെ തറക്കല്ലിട്ടത്. തിരുവനന്തപുരം റെയിൽവേ സ്റ്റേഷനിലെ തിരക്ക് കുറയ്ക്കുക എന്നുള്ളതാണ് ഈ പദ്ധതിയുടെ ലക്ഷ്യം. സാറ്റലൈറ്റ് ടെർമിനൽ ആയിട്ടാണ് നേമം ടെർമിനലിനെ വിഭാവന ചെയ്തത്. ഈ പദ്ധതി സംസ്ഥാനത്തെയും തലസ്ഥാനനഗരിയെയും

സംബന്ധിച്ചിടത്തോളം ഏറ്റവും പ്രധാനപ്പെട്ട വികസന പദ്ധതിയാണ്. നേമം കോച്ചിംഗ് ടെർമിനലിന്റെ ആദ്യഘട്ട വികസനത്തിനായി ആകെ 2.3 ഹെക്ടർ ഭൂമി ഏറ്റെടുക്കേണ്ടതുണ്ട്. തിരുവനന്തപുരം ഡിവിഷണൽ മാനേജരിൽനിന്നും ലഭ്യമായ വിവരമനുസരിച്ച് ആദ്യഘട്ട പ്രവർത്തനങ്ങളുടെ ഡി.പി.ആർ-ന് റെയിൽവേ ബോർഡിൽനിന്നുള്ള അംഗീകാരം ലഭ്യമായതിനുശേഷം മാത്രമെ ഭൂമി ഏറ്റെടുക്കുന്നതിനുള്ള പ്രൊപ്പോസൽ സമർപ്പിക്കാൻ കഴിയുകയുള്ളൂവെന്നാണ് അറിയിച്ചിരിക്കുന്നത്. പദ്ധതി ഇഴഞ്ഞുനീങ്ങുന്നതുമായി ബന്ധപ്പെട്ട് 30.7.2021-ൽ രാജ്യസഭയിൽ നേമം ടെർമിനലിന്റെ നിർമ്മാണ പുരോഗതി സംബന്ധിച്ച് റെയിൽവേ മന്ത്രാലയത്തോട് രാജ്യസഭാ എം. പി. ശ്രീ. ജോൺ ബ്രിട്ടാസ് ഒരു ചോദ്യം ഉന്നയിക്കുകയുണ്ടായി. അതിന് നേമം ടെർമിനൽ അംബ്രല വർക്കിൽ ഉൾപ്പെടുത്തി അനുമതി നൽകാൻ തെരഞ്ഞെടുത്തിട്ടുണ്ടെന്നും പദ്ധതിയുടെ ഡി.പി.ആർ. തയ്യാറാക്കിക്കഴിഞ്ഞിട്ടുണ്ടെന്നും റെയിൽവേ മന്ത്രാലയം രേഖാമൂലം മറുപടി നൽകുകയുണ്ടായി. തുടർന്ന് 12.1.2022-ൽ ദക്ഷിണ റെയിൽവേ ജനറൽ മാനേജർ വിളിച്ചുചേർത്ത കേരളത്തിലെ എം.പി-മാരുടെ യോഗത്തിൽ ശ്രീ. ജോൺ ബ്രിട്ടാസ് വീണ്ടും ഈ വിഷയം ഉന്നയിക്കുകയും

ആയതിന്റെ മറുപടിയായി നേമം ടെർമിനൽ 116.57 കോടി രൂപ ചെലവിൽ നിർമ്മിക്കുന്നതിനുള്ള ഡി.പി.ആർ. ദക്ഷിണ റെയിൽവേ തയ്യാറാക്കി 2.11.2021-ൽ റെയിൽവേ ബോർഡിന്റെ അംഗീകാരത്തിന് സമർപ്പിച്ചിട്ടുണ്ടെന്നും റെയിൽവേ ബോർഡ് നാളിതുവരെ അംഗീകാരം നൽകിയിട്ടില്ലെന്നും ദക്ഷിണ റെയിൽവേ ജനറൽ മാനേജർ രേഖാമൂലം അറിയിച്ചു. ഇതിന്റെ അടിസ്ഥാനത്തിൽ എം.പി. രാജ്യസഭയിൽ വീണ്ടും ഈ വിഷയം ഉന്നയിക്കുകയും ഡി.പി.ആർ. അംഗീകരിക്കാനുള്ള കാലതാമസത്തിനുള്ള കാരണം വ്യക്തമായി വിശദീകരിക്കണമെന്ന് ആവശ്യപ്പെടുകയും ചെയ്തു. എന്നാൽ റെയിൽവേ മന്ത്രാലയം ഡി.പി.ആർ. ഇപ്പോഴും പരിശോധിച്ചുവരികയാണെന്നും അംബ്രല വർക്കിന്റെ കീഴിലാണ് നേമം റെയിൽവേ ടെർമിനൽ തെരഞ്ഞെടുത്തിട്ടുള്ളത് എന്നുമുള്ള മറുപടിയാണ് 4.2.2022-ൽ നൽകിയത്. ഈ വിഷയത്തിൽ രാജ്യസഭാദ്ധ്യക്ഷന് എം.പി. നൽകിയ പരാതിക്ക് മറുപടിയായി 15.5.2022-ലെ ഓഫീസ് മെമ്മോറാണ്ടത്തിലൂടെ തിരുവനന്തപുരം സെൻട്രൽ ടെർമിനലായി കൊച്ചുവേളിയുള്ള സ്ഥിതിക്ക് നേമം ടെർമിനൽ പദ്ധതി 16.2.2022-ൽത്തന്നെ ഉപേക്ഷിച്ചുവെന്ന വിവരം രാജ്യസഭാ സെക്രട്ടേറിയറ്റ്

മുഖാന്തരം ശ്രീ. ജോൺ ബ്രിട്ടാസിനെ അറിയിച്ചിട്ടുണ്ട്. എന്നാൽ നേമം ടെർമിനൽ പദ്ധതി കേന്ദ്ര റെയിൽവേ മന്ത്രാലയം പിൻവലിച്ചുവെന്ന തരത്തിൽ പല മാധ്യമങ്ങളും റിപ്പോർട്ട് ചെയ്യതിന്റെ അടിസ്ഥാനത്തിൽ 20.6.2022-ൽ റെയിൽവേ അധികാരികളും മറ്റ് ഉന്നത ഉദ്യോഗസ്ഥരുമായി ചീഫ് സെക്രട്ടറി നടത്തിയ ജോയിന്റ് റിവ്യൂ മീറ്റിംഗിൽ നേമം റെയിൽവേ ടെർമിനൽ പദ്ധതി സംബന്ധിച്ച് പരാമർശിച്ചപ്പോൾ മേൽ പദ്ധതി പിൻവലിക്കുന്ന തരത്തിലുള്ള തീരുമാനങ്ങളൊന്നും നിലവിൽ എടുത്തിട്ടില്ല എന്നാണ് റെയിൽവേ അധികൃതർ അറിയിച്ചത്. മാത്രമല്ല, നേമം റെയിൽവേ ടെർമിനൽ പദ്ധതി ഉപേക്ഷിക്കുകയാണെന്ന തരത്തിലുള്ള അറിയിപ്പുകളൊന്നും റെയിൽവേ ബോർഡിൽനിന്നോ റെയിൽവേ മന്ത്രാലയത്തിൽനിന്നോ സർക്കാരിന് ലഭിച്ചിട്ടില്ല. എന്നിരുന്നാലും, പ്രസ്തുത പദ്ധതി കേന്ദ്ര റെയിൽ മന്ത്രാലയം പിൻവലിച്ചു എന്നതരത്തിൽ പല മാധ്യമങ്ങളും റിപ്പോർട്ട് ചെയ്ത സാഹചര്യത്തിൽ നേമം റെയിൽവേ ടെർമിനൽ പദ്ധതിയുടെ പ്രാധാന്യം, അത് തലസ്ഥാന നഗരിയിൽ സെൻട്രൽ റെയിൽവേ സ്റ്റേഷൻ വികസനത്തിൽ എത്രത്തോളം ഒഴിച്ചുകൂടാനാകാത്ത പദ്ധതിയാണെന്നും വ്യക്തമാക്കിക്കൊണ്ട് പ്രസ്തുത

പദ്ധതി പിൻവലിക്കാനുള്ള നീക്കത്തിൽനിന്ന് പിൻമാറണമെന്ന് അപേക്ഷിച്ചുകൊണ്ട് കേന്ദ്ര റെയിൽവേ മന്ത്രാലയത്തിന് കത്തെഴുതിയിട്ടുണ്ട്.

ശ്രീ. ഐ. ബി. സതീഷ്: സർ, ബഹുമാനപ്പെട്ട മന്ത്രി സൂചിപ്പിച്ചതുപോലെ കഴിഞ്ഞ പാർലമെന്റ് തെരഞ്ഞെടുപ്പിന് തൊട്ടുമുൻപ് 2019 മാർച്ച് 7-നാണ് ബഹുമാനപ്പെട്ട റെയിൽവേ മന്ത്രി നേമം റെയിൽവേ ടെർമിനലിന് തറക്കല്ലിട്ടത്. എന്നാൽ അതിനുശേഷം തലസ്ഥാന ജില്ലയിലെ പാർലമെന്റ് അംഗങ്ങൾ നിർഭാഗ്യകരമായ അനാസ്ഥയാണ് ഇക്കാര്യത്തിൽ പ്രകടമാക്കിയത്. ബഹുമാനപ്പെട്ട രാജ്യസഭാംഗം ജോൺ ബ്രിട്ടാസിന്റെ നിരന്തര ഇടപെടലുണ്ടായതുകൊണ്ടുമാത്രമാണ് ഈ പദ്ധതി ഉപേക്ഷിക്കപ്പെട്ടുവെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടത്. ബഹുമാന്യരായ പാർലമെന്റ് അംഗങ്ങളുടെ സഹായം ഇക്കാര്യത്തിൽ ലഭ്യമാക്കുകയും സംസ്ഥാന സർക്കാരിന്റെതന്നെ ഒരു പ്രതിനിധി സംഘം കേന്ദ്ര റെയിൽവേ മന്ത്രിയെ സന്ദർശിച്ച് ഈ പദ്ധതിയുടെ ഗൗരവം ബോദ്ധ്യപ്പെടുത്താൻ ശ്രമിക്കുകയും ചെയ്യുമോ?

ശ്രീ. വി. അബ്ദുറഹിമാൻ: സർ, കേരളത്തിലെ, പ്രത്യേകിച്ച് തിരുവനന്തപുരം ജില്ലയിലെ മന്ത്രിമാരായ സർവ്വശ്രീ വി. ശിവൻകുട്ടി,

ജി. ആർ. അനിൽ, ആന്റണി രാജു എന്നിവർ ബഹുമാനപ്പെട്ട കേന്ദ്ര റെയിൽവേ മന്ത്രിയെക്കണ്ട് നിവേദനം സമർപ്പിക്കാൻ ആഗ്രഹിക്കുന്നുവെന്ന് അറിഞ്ഞു. അതോടൊപ്പം 28-ാം തീയതി മന്ത്രിതല സംഘം അവിടെ പോകുമ്പോൾ കേരളത്തിലെ എം.പി-മാർ അവരെ സഹായിക്കണം എന്നാണ് റെയിൽവേയുടെ ചുമതലയുള്ള മന്ത്രി എന്ന നിലയിൽ എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

## (2) ആശ്വാസകിരണം, സ്നേഹസ്പർശം, വി-കെയർ പദ്ധതി ഗുണഭോക്താക്കൾക്ക് സാമ്പത്തിക സഹായം

ശ്രീ. സജീവ് ജോസഫ്: സർ, സമൂഹത്തിലെ ദുർബലർക്കും അവശതയനുഭവിക്കുന്നവർക്കും രോഗികൾക്കുംവേണ്ടി ആവിഷ്കരിച്ച വിവിധ പദ്ധതികളിലുൾപ്പെട്ട ഗുണഭോക്താക്കൾക്ക് യഥാസമയം സാമ്പത്തിക സഹായം ലഭിക്കാത്തതുമൂലം അവർ നേരിടുന്ന പ്രശ്നങ്ങളിലേയ്ക്കാണ് സഭയുടെ ശ്രദ്ധ ക്ഷണിക്കുന്നത്. കിടപ്പുരോഗികളെയും ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്നവരെയും പരിചരിക്കുന്നവർക്കുള്ള പ്രതിമാസ ധനസഹായ പദ്ധതിയായ ആശ്വാസകിരണം പദ്ധതിയിൽ ആനുകൂല്യ വിതരണം വീണ്ടും മുടങ്ങിയിരിക്കുകയാണ്. ഒരുവർഷത്തോളമായി ടി പദ്ധതിപ്രകാരം ആനുകൂല്യം വിതരണം ചെയ്യുന്നില്ല. തീവ്രമായ

ശാരീരിക-മാനസിക വെല്ലുവിളി നേരിടുന്നവരെയും നൂറുശതമാനം അന്ധത ബാധിച്ചവരെയും ബുദ്ധിമാന്ദ്യം, ഓട്ടിസം, സെറിബ്രൽ പാൾസി എന്നീ രോഗങ്ങൾ ബാധിച്ചവരെയും പ്രായാധിക്യത്താലും കാൻസർ മുതലായ രോഗങ്ങൾകൊണ്ട് കിടപ്പിലാകുകയും ചെയ്തു, ദൈനംദിന കാര്യങ്ങൾക്ക് പരസഹായം ആവശ്യമാകുന്ന അവസ്ഥയിലുള്ളവരെ പരിചരിക്കുന്ന ഒരാൾക്ക് പ്രതിമാസം 600 രൂപ നിരക്കിൽ ധനസഹായം അനുവദിക്കുന്ന പദ്ധതിയാണ് ആശ്വാസകിരണം. ഏകദേശം ഒന്നേകാൽ ലക്ഷം ഗുണഭോക്താക്കൾ മാത്രമുള്ള പ്രസ്തുത പദ്ധതിയിലെ ധനസഹായ വിതരണം കഴിഞ്ഞ ഒരുവർഷമായി മുടങ്ങിയിരിക്കുകയാണ്. സാമ്പത്തിക പ്രതിസന്ധിയുടെ പേരുപറഞ്ഞാണ് സാമൂഹ്യനീതി വകുപ്പ് ധനസഹായം നിർത്തിവച്ചിരിക്കുന്നത്. പ്രതിമാസം 600 രൂപ എന്നത് തുച്ഛമായ തുകയാണ്. ഈ തുക നിധിപോലെ കരുതുന്ന പാവങ്ങളോടാണ് ഇങ്ങനെയൊരു നിലപാട് സ്വീകരിച്ചിരിക്കുന്നത്. 2018-നുശേഷമുള്ള അപേക്ഷകൾ പരിഗണിച്ചിട്ടുമില്ല. മാനസിക-ശാരീരിക വെല്ലുവിളികൾ നേരിടുന്ന ഒന്നിലധികം കുട്ടികളുള്ള കുടുംബങ്ങളിൽ പലപ്പോഴും ഒരു കുട്ടി മാത്രമാണ് ഈ പദ്ധതിയുടെ ഭാഗമായി മാറിയിട്ടുള്ളത്. രോഗിയെ

തനിച്ചാക്കി മറ്റ് ജോലികൾക്ക് പോകാൻ കഴിയാത്തതിനാൽ, ഈ ധനസഹായവുംകൂടി മുടങ്ങിയതോടെ ഭൂരിപക്ഷം കുടുംബങ്ങളും പ്രതിസന്ധിയിലാണ്. വി-കെയർ പദ്ധതിപ്രകാരം സ്വരൂപിക്കുന്ന ഫണ്ട് കിഡ്നി, ലിവർ ട്രാൻസ്പ്ലാന്റേഷൻ പോലുള്ള നിരവധി ചികിത്സാ പദ്ധതികൾക്കായി വിനിയോഗിക്കുന്നു. അതിനും അനുവദിക്കുന്ന തുക ഓരോ വർഷവും കുറഞ്ഞുവരികയാണ്. ചികിത്സ കഴിഞ്ഞിട്ടും ആശുപത്രികൾക്ക് പണം നൽകാത്തതുകൊണ്ട് രോഗികൾ ഇപ്പോഴും ആശുപത്രിയിൽ തുടരുന്ന സാഹചര്യംപോലുമുണ്ട്. ആയിരത്തോളം അപേക്ഷകളാണ് വിവിധ കമ്മിറ്റികളിൽ പരിഗണനയിലുള്ളത്. ചൂഷണത്തിന് വിധേയരായി അവിവാഹിതാവസ്ഥയിൽ അമ്മമാർ ആകുന്നവർ കുടുംബങ്ങളിൽനിന്നും സമൂഹത്തിൽനിന്നും ഒറ്റപ്പെട്ട് ജീവിക്കേണ്ടിവരുന്ന അവസ്ഥയുണ്ട്. ഇവർക്ക് ദൈനംദിന ജീവിത്തിനാവശ്യമായ സാമ്പത്തികസഹായം നൽകുന്ന പദ്ധതിയാണ് സ്നേഹസ്പർശം. 2,000 രൂപയാണ് നൽകിവരുന്നത്. 2020 ജൂൺ മാസത്തിനുശേഷം ഇവർക്കുള്ള സഹായവും നൽകിയിട്ടില്ല. ഡയാലിസിസിന് വിധേയരാകുന്ന രോഗികൾക്ക് 2022 മാർച്ച് മാസം വരെ സാമ്പത്തികസഹായം നൽകിയിട്ടുണ്ട്. 2018-നുശേഷം പുതിയ

അപേക്ഷകൾ പരിഗണിക്കുന്നില്ല. എച്ച്.ഐ.വി. രോഗബാധിതർക്കുള്ള പെൻഷൻ നിലച്ചിട്ട് ഒന്നരവർഷമായി. അവരുടെ പെൻഷൻ തുക ആയിരം രൂപയായിരുന്നു. ഹീമോഫീലിയ രോഗമുള്ളവർക്കുള്ള സഹായം ആറുമാസമായി മുടങ്ങിയിരിക്കുകയാണ്. ഈ പദ്ധതികളെല്ലാം ആരോഗ്യ-സാമൂഹിക-മാനസിക പരിചരണം ലഭിക്കാൻ നിർവ്വാഹമില്ലാത്തതോ അതിനുതീരെ നിവൃത്തിയില്ലാത്തതുമായ കേരളത്തിലെ ജനങ്ങൾക്കുവേണ്ടി രൂപീകരിച്ചതാണ്. സാമ്പത്തിക പ്രതിസന്ധിയുടെ പേരിൽ ഏറ്റവും അർഹതപ്പെട്ടവർക്ക് ലഭിക്കേണ്ട തുച്ഛമായ ആനുകൂല്യം തടഞ്ഞുവയ്ക്കുന്നത് ശരിയായ നടപടിയല്ല. അതുകൊണ്ട് സാമൂഹ്യസുരക്ഷാ മിഷന്റെ കീഴിലുള്ള വിവിധ പദ്ധതികളിലൂടെ വിതരണം ചെയ്യുന്ന ധനസഹായം കാലോചിതമായി വർദ്ധിപ്പിക്കാനും കുടിശ്ശിക വിതരണം അടിയന്തരമായി നടപ്പിലാക്കാനും നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു): സർ, ആശ്വാസകിരണം, സ്നേഹസ്പർശം, വി-കെയർ തുടങ്ങിയ പദ്ധതികളെക്കുറിച്ചാണ് ശ്രീ. സജീവ് ജോസഫ് ശ്രദ്ധ ക്ഷണിക്കലിലൂടെ പരാമർശിച്ചത്. തീവ്രമായ ശാരീരിക-മാനസിക വെല്ലുവിളി

നേരിടുന്നവരെയും ബുദ്ധിമാന്ദ്യം, ഓട്ടിസം, സെറിബ്രൽ പാൾസി എന്നീ രോഗങ്ങൾ ബാധിച്ചവരെയും നൂറുശതമാനം അന്ധത ബാധിച്ചവരെയും പ്രായാധിക്യംകൊണ്ടും കാൻസർ മുതലായ പലവിധ രോഗങ്ങളാലും കിടപ്പിലാവുകയും ദൈനംദിനകാര്യങ്ങൾക്ക് പരസഹായം ആവശ്യമാവുകയും ചെയ്യുന്ന അവസ്ഥയിലുള്ളവരെയും പരിചരിക്കുന്ന ഒരാൾക്ക് പ്രതിമാസം 600 രൂപ നിരക്കിൽ ധനസഹായം അനുവദിക്കുന്ന പദ്ധതിയാണ് ആശ്വാസകിരണം. നിലവിൽ 92000-ത്തിൽപരം ഗുണഭോക്താക്കൾ ഈ പദ്ധതിയുടെ കീഴിലുണ്ട്. സാമൂഹ്യക്ഷേമ വകുപ്പിന്റെ 11.10.2012-ലെ സർക്കാർ ഉത്തരവ് (എം.എസ്.)നം.60/2012 പ്രകാരം പ്രസ്തുത പദ്ധതിയുടെ മാനദണ്ഡം ലഘൂകരിക്കുകയും നിലവിൽ ആനുകൂല്യം ലഭിച്ചുകൊണ്ടിരുന്ന ശയ്യാവലംബർ, ബുദ്ധിമാന്ദ്യം, ഓട്ടിസം, സെറിബ്രൽ പാൾസി, മാനസിക വൈകല്യമുള്ളവർ, മാനസിക രോഗികൾ എന്നിവർക്ക് പുറമെ നൂറുശതമാനം അന്ധത ബാധിച്ചവരെയും പ്രായാധിക്യംകൊണ്ടും കാൻസർ മുതലായ പലവിധ ഗുരുതരമായ രോഗങ്ങളാലും കിടപ്പിലായവരെയും ദൈനംദിനകാര്യങ്ങൾക്ക് പരസഹായം ആവശ്യമാവുകയും ചെയ്യുന്ന മുഴുവൻ ആളുകളുടെ പരിചാരകരെയും ഈ പദ്ധതിയിൽ ഉൾപ്പെടുത്തുകയുണ്ടായി.

തുടക്കത്തിൽ അതിതീവ്ര ഭിന്നശേഷി വിഭാഗങ്ങൾക്കായി വിഭാവനം ചെയ്യപ്പെട്ട ഈ പദ്ധതിയിൽ ശയ്യാവലംബികളായ മുഴുവൻ ആളുകളെയും അതായത്, വാർദ്ധക്യസഹജമായ അസുഖങ്ങളാൽ ശയ്യാവലംബികളായ ആളുകളെക്കൂടി ഉൾപ്പെടുത്തുകയുണ്ടായി. തന്മൂലം പ്രസ്തുത പദ്ധതിയിലെ ഗുണഭോക്താക്കളുടെ എണ്ണം വൻതോതിൽ വർദ്ധിക്കുകയും ബഡ്ജറ്റ് വിഹിതത്തേക്കാൾ കൂടുതൽ തുക പദ്ധതിക്ക് ആവശ്യമായി വരുന്ന സാഹചര്യം സംജാതമാകുകയും ചെയ്തു. കഴിഞ്ഞ സാമ്പത്തികവർഷം ബഡ്ജറ്റ് വിഹിതമായി ലഭിച്ച 40 കോടി രൂപ ചെലവഴിച്ച് 9 ജില്ലകളിലെ ഗുണഭോക്താക്കൾക്ക് ഏഴുമാസത്തേയും 5 ജില്ലകളിലെ ഗുണഭോക്താക്കൾക്ക് ആറുമാസത്തേയും കുടിശ്ശിക ധനസഹായം വിതരണം ചെയ്തു. നടപ്പുസാമ്പത്തികവർഷം ബഡ്ജറ്റിൽ വകയിരുത്തിയ 42.5 കോടി രൂപ വിനിയോഗിച്ച് കുടിശ്ശിക വിതരണം ചെയ്യുന്നതാണ്. ഇക്കാര്യത്തിൽ അധികതുക ലഭ്യമാക്കുന്നതിനും നിലവിലുള്ള ഗുണഭോക്താക്കളുടെ ലൈഫ് സർട്ടിഫിക്കറ്റ് ശേഖരിക്കുന്നതിനും ആധാറുമായി ഗുണഭോക്താക്കളുടെ വിവരങ്ങൾ ബന്ധിപ്പിക്കുന്നതിനുമുള്ള നടപടി സ്വീകരിച്ചുവരികയാണ്. ഈ സഭാസമ്മേളനത്തിന്റെ കാലയളവിനുള്ളിൽ ബഹുമാനപ്പെട്ട ധനകാര്യ

വകുപ്പുമന്ത്രിയുമായി ഒരു മീറ്റിംഗ് ചേരുകയും ഈ പദ്ധതികൾക്കാവശ്യമായ ധനസഹായം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കാമെന്ന് അദ്ദേഹം അറിയിച്ചിട്ടുമുണ്ട്. അവിവാഹിത അമ്മമാർക്ക് ധനസഹായം നൽകുന്ന പദ്ധതിയാണ് "സ്നേഹസ്പർശം" . കേരള സാമൂഹ്യസുരക്ഷാ മിഷൻ മുഖേന 2010 മുതൽ നടപ്പിലാക്കിവരുന്ന ഈ പദ്ധതിയിലെ ഗുണഭോക്താക്കൾക്ക് പ്രതിമാസം 2,000 രൂപ നിരക്കിൽ ധനസഹായം അനുവദിച്ചുവരുന്നു. 2021-22 സാമ്പത്തികവർഷത്തിൽ അർഹരായ 1614 ഗുണഭോക്താക്കൾക്ക് രണ്ടുകോടി രൂപ ധനസഹായം അനുവദിച്ചുനൽകിയിട്ടുണ്ട്. നടപ്പുസാമ്പത്തിക വർഷത്തെ ബഡ്ജറ്റ് വിഹിതമായ 2 കോടി രൂപയുടെ ഭരണാനുമതി ലഭ്യമായിട്ടുണ്ട്. പ്രസ്തുത തുക ഗുണഭോക്താക്കൾക്ക് എത്രയുംവേഗം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. സാമൂഹ്യ സുരക്ഷാമിഷന്റെ എല്ലാ പദ്ധതികൾക്കും സർക്കാരിന്റെ ബഡ്ജറ്റ് വിഹിതം ലഭിക്കുന്നുണ്ട്. എന്നാൽ വി-കെയർ പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത് സർക്കാർ, അർദ്ധസർക്കാർ, പൊതുമേഖലാ സ്ഥാപനങ്ങൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, പൊതുജനങ്ങൾ, ദേശീയ-അന്തർദ്ദേശീയ ഏജൻസികൾ എന്നിവയിലൂടെ ധനസമാഹരണം നടത്താനാണ്. ഇപ്രകാരം

സമാഹരിച്ച തുക ഉപയോഗിച്ചുകൊണ്ട് ഇതുവരെ 1700 ഗുണഭോക്താക്കൾക്ക് ഈ പദ്ധതി വഴി ആനുകൂല്യം ലഭ്യമാക്കിയിട്ടുണ്ട്. 2021-22 സാമ്പത്തിക വർഷത്തിൽ 291 ഗുണഭോക്താക്കൾക്കായി 6,63,65,979 രൂപ വിതരണം ചെയ്തിട്ടുണ്ട്. ഇതുകൂടാതെ 210 ഗുണഭോക്താക്കൾക്ക് ചികിത്സിക്കുന്ന ആശുപത്രികളിൽനിന്നും ബില്ലുകൾ ലഭിക്കുന്നമുറയ്ക്ക് തുക വിതരണം ചെയ്യാമെന്ന് പറഞ്ഞ് 5,06,60,242 രൂപയുടെ സമ്മതപത്രം നൽകിയിട്ടുമുണ്ട്. എന്നാൽ കേരളത്തിലുണ്ടായ പ്രളയവും കോവിഡ് പ്രതിസന്ധിയുംകാരണം വി-കെയർ പദ്ധതിയിലേയ്ക്കുള്ള വിഹിതം ലഭിക്കുന്നതിൽ ഗണ്യമായ കുറവുവന്നിട്ടുണ്ട്. നിലവിൽ അപേക്ഷകളുടെ എണ്ണം അനുദിനം വർദ്ധിച്ചുവരുന്നതിനാലും ലഭിക്കുന്ന തുക അപര്യാപ്തമായതിനാലും യഥാസമയം ചികിത്സാനുകൂല്യം ലഭ്യമാക്കുന്നതിന് കാലതാമസം നേരിടുന്നുണ്ട്.

[അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ]

മി. സ്പീക്കർ: അഞ്ച് മിനിട്ടിൽ അധികമായതിനാൽ ബാക്കി മറുപടി മേശപ്പുറത്തുവയ്ക്കാവുന്നതാണ്.

ഡോ. ആർ. ബിന്ദു: സർ, ഉത്തരത്തിന്റെ ബാക്കി ഭാഗം ഞാൻ മേശപ്പുറത്തുവയ്ക്കുന്നു. +

ശ്രീ. സജീവ് ജോസഫ്: സർ, ആശ്വാസകിരണം പദ്ധതിപ്രകാരം 600 രൂപയാണ് പരിചരിക്കുന്നവർക്ക് പ്രതിമാസം ധനസഹായമായി നൽകുന്നത്. ഇത് തീർത്തും അപര്യാപ്തമാണ്. കൂട്ടിരിപ്പുകാർക്ക്/പരിചരിക്കുന്നവർക്ക് മറ്റുജോലികൾക്കൊന്നും പോകാൻ സാധിക്കാത്ത ഒരവസ്ഥയാണുള്ളത്. മരുന്നുവാങ്ങാൻ പോലും കഴിയാത്ത സ്ഥിതിയാണ്. പരിയാരം മെഡിക്കൽ കോളേജ്, മലബാർ ക്യാൻസർ സെന്റർ, ആർ.സി.സി. എന്നിവിടങ്ങളിലൊന്നും മരുന്നുകൾ ലഭ്യമല്ലാത്ത അവസ്ഥയാണുള്ളത്. ഈ സാഹചര്യത്തിൽ ധനസഹായമായ 600 രൂപ കാലോചിതമായി വർദ്ധിപ്പിക്കാനും ഇവർക്ക് മരുന്ന് സൗജന്യമായി നൽകാനും നടപടി സ്വീകരിക്കുമോ?

ഡോ. ആർ. ബിന്ദു: സർ, ഗുണഭോക്താക്കളിൽ തീവ്രഭിന്നശേഷി വിഭാഗങ്ങൾ, മറ്റ് അടിയന്തര സഹായം ആവശ്യമുള്ള വിഭാഗങ്ങൾ എന്നനിലയിൽ പരിശോധന നടത്താനാവശ്യമായ നടപടി സ്വീകരിച്ചുവരികയാണ്. സി.ഇ.ഒ-മാരുടെ മീറ്റിംഗ് നടത്തുക, സി.എസ്.ആർ.

+ അനുബന്ധമായി ചേർത്തിരിക്കുന്നു.

ഫണ്ട് സമാഹരിക്കുക, സാമൂഹ്യമാധ്യമങ്ങൾ വഴി ധനസമാഹരണം നടത്തുക, വി-കെയർ പേമെന്റ് ഗേറ്റ്‌വേ വഴി സംഭാവന നൽകാൻ കഴിയുന്നവരിലേയ്ക്ക് പദ്ധതിയുടെ വിവരങ്ങൾ എത്തിക്കുക, എൻ.എസ്.എസ്., എൻ.സി.സി. തുടങ്ങിയ സംഘടനകൾ മുഖാന്തരവും വി-കെയർ പദ്ധതിക്ക് ധനസമാഹരണം നടത്താൻ തീരുമാനമായിട്ടുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും സഹകരണ സ്ഥാപനങ്ങളുടെയും സഹായം ഉറപ്പാക്കാനുള്ള പ്രവർത്തനങ്ങൾ ത്വരിതഗതിയിൽ നടന്നുവരികയാണ്. നിരാശ്രയരും നിരാലംബരുമായ സാധാരണക്കാർ തന്നെയാണ് ഈ പദ്ധതിയുടെ ഗുണഭോക്താക്കൾ. സർക്കാർ സഹായം അടിയന്തരമായി എത്തിച്ചുനൽകേണ്ട വിഭാഗങ്ങൾക്ക് ഈ പദ്ധതികൾ മുഖാന്തരമുള്ള ധനസഹായം വിതരണം ചെയ്യുന്നതിനുള്ള സത്വരനടപടികളാണ് സ്വീകരിച്ചുവരുന്നത്. വി-കെയറിന്റെ കാര്യത്തിൽ ധനസമാഹരണത്തിന് പൊതുജനങ്ങൾ, ദേശീയ-അന്തർദ്ദേശീയ സ്ഥാപനങ്ങൾ എന്നിവരിൽനിന്നും സംഭാവന ലഭിക്കാൻ, അവരെ പ്രേരിപ്പിക്കാൻ ബഹുമാനപ്പെട്ട എല്ലാ അംഗങ്ങളുടെയും സഹകരണം ഞാൻ ഈ സന്ദർഭത്തിൽ അഭ്യർത്ഥിക്കുകയാണ്.

# 11.31 a.m.}

## V സബ്മിഷൻ

മി. സ്പീക്കർ: ഓർഡർ....ഓർഡർ....... ഇന്ന് 22 സബ്മിഷനുകൾ ലിസ്റ്റ് ചെയ്തിട്ടുണ്ട്. ഇതുവരെ അവസരം ലഭിക്കാത്ത അംഗങ്ങളെക്കൂടി പരിഗണിക്കുന്നതിനുവേണ്ടിയാണിത്. ഇന്ന് സഭ അനിശ്ചിതകാലത്തേയ്ക്ക് പിരിയുന്ന ദിവസംകൂടിയാണ്. അതുകൊണ്ട് ബഹുമാന്യരായ അംഗങ്ങൾ പരമാവധി ഒരു മിനിട്ടിൽ വിഷയം ഉന്നയിക്കാൻ ശ്രമിക്കണം. ബഹുമാന്യരായ മന്ത്രിമാർ നേരിട്ട് മറുപടി പറയേണ്ട വളരെ പ്രധാനപ്പെട്ട കാര്യങ്ങളുണ്ടെങ്കിൽ മാത്രം പറയുകയും ചെയ്യേണ്ടതാണ്. അല്ലാത്തവ മേശപ്പുറത്ത് വയ്ക്കുന്നതായിരിക്കും ഉചിതമെന്ന് അറിയിക്കുകയാണ്.

### (1) സ്വർണ്ണക്കള്ളക്കടത്ത് കേസ്

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, സംസ്ഥാനത്ത് നടന്ന സ്വർണ്ണക്കള്ളക്കടത്ത് കേസ് അട്ടിമറിക്കാൻ സംസ്ഥാന സർക്കാരും പോലീസും ചേർന്ന് ശ്രമിക്കുന്നുവെന്ന ഗുരുതരമായ ഒരു ആരോപണവുമായി, ഈ കേസ് വിചാരണ നടത്തുന്ന ഇവിടത്തെ എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റ് കോടതിയിൽനിന്ന് മറ്റൊരു സംസ്ഥാനത്തെ കോടതിയിലേയ്ക്ക് മാറ്റണമെന്ന

ആവശ്യവുമായി, എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റ് സുപ്രീംകോടതിയെ സമീപിച്ചിരിക്കുകയാണ്. (.....ബഹളം.....)

മി. സ്പീക്കർ: പ്ലീസ്.......അദ്ദേഹം പറയട്ടെ.

ശ്രീ. വി. ഡി. സതീശൻ: സർ, എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റ് സംസ്ഥാന സർക്കാരിനും പോലീസിനുമെതിരായി ഉന്നയിച്ചിരിക്കുന്ന പ്രധാനപ്പെട്ട ആരോപണങ്ങൾ ഇതെല്ലാമാണ്, (1) ഒന്ന് മുതൽ മൂന്ന് വരെ പ്രതികളെ സ്വാധീനിക്കാനും ഭീഷണിപ്പെടുത്താനും ശ്രമിക്കുന്നു. (2) ജുഡീഷ്യൽ കസ്റ്റഡിയിലിരിക്കെ ഉന്നതരുടെ പേര് പറയാതിരിക്കാൻ പോലീസ്/ജയിൽ അധികൃതർ ഭീഷണിപ്പെടുത്തി. (3) ശ്രീമതി സ്വപ്ന സുരേഷ് എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റിന് നൽകിയ മൊഴികൾ പിൻവലിപ്പിക്കാൻ വലിയ സമ്മർദ്ദമുണ്ട്. (4) വ്യാജ ആരോപണങ്ങൾവഴി അന്വേഷണ ഉദ്യോഗസ്ഥരെ ഭീഷണിപ്പെടുത്തുന്നു. (5) അന്വേഷണ ഉദ്യോഗസ്ഥർക്കെതിരായി ക്രൈംബ്രാഞ്ച് കേസ് രജിസ്റ്റർ ചെയ്യുന്നു. (6) ബഹുമാനപ്പെട്ട ഹൈക്കോടതി അത് റദ്ദാക്കിയിട്ടും വീണ്ടും വിവരങ്ങൾ ശേഖരിച്ചുകൊണ്ടിരിക്കുന്നു. (7) എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റ് നടത്തുന്ന അന്വേഷണം ശരിയാണോയെന്ന് പരിശോധിക്കാൻ ഏകാംഗ കമ്മീഷനെ

നിയമിച്ചു തുടങ്ങിയ ഗുരുതരമായ ആരോപണങ്ങളാണ് ഉന്നയിച്ചിരിക്കുന്നത്. ഇവ എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റ് സുപ്രീംകോടതിയിൽ നൽകിയ പരാതിയിൽ ഉന്നയിച്ച കാര്യങ്ങളാണെന്നാണ് ഞാൻ പറഞ്ഞത്. .... (.....ബഹളം.....)

മി. സ്പീക്കർ: ആരും ഇടപെടേണ്ട. അദ്ദേഹം ഉന്നയിക്കട്ടെ. ബഹുമാനപ്പെട്ട മുഖ്യമന്ത്രി അതിന് മറുപടി നൽകും.

ശ്രീ. വി. ഡി. സതീശൻ: സർ, ഈ വിഷയത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി മറുപടി പറയുമല്ലോ; നിങ്ങൾക്ക് മുഖ്യമന്ത്രിയിൽ ആത്മവിശ്വാസമില്ലേ? എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റിനെക്കുറിച്ച് രാജ്യവ്യാപകമായി ആരോപണങ്ങൾ ഉയർന്നുവരികയാണ്. അവർ നരേന്ദ്ര മോദി ഭരണകൂടത്തിന്റെ ഒരു ഉപകരണമായി പ്രവർത്തിക്കുകയാണെന്നുള്ള ആക്ഷേപമാണ് രാജ്യവ്യാപകമായി ഉയർന്നുവരുന്നത്. രാഷ്ട്രീയ എതിരാളികളെ ഇല്ലാതാക്കാൻ കേസ്സുകൾ അവർക്കനുകൂലമാക്കി മാറ്റുകയാണ് ചെയ്യുന്നത്. രാഷ്ട്രീയ എതിരാളികളെ ഇല്ലായ്മ ചെയ്യാനുള്ള ശ്രമം നടത്തുന്നു. അവർക്ക് ഇഷ്ടമുള്ളവരെ ചേർത്തുപിടിക്കുന്നു. ഇത് രാജ്യവ്യാപകമായി ഇ.ഡി-ക്ക് എതിരായി ഉയരുന്ന ഒരാരോപണമാണ്.

ഞാൻ പ്രതിനിധാനം ചെയ്യുന്ന ഇന്ത്യൻ നാഷണൽ കോൺഗ്രസ്സും എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റിന്റെ നടപടികളിൽ ഗൗരവമായി സംശയം പ്രകടിപ്പിക്കുകയും ആക്ഷേപം ഉന്നയിക്കുകയും ചെയ്യുന്ന പ്രതിപക്ഷ രാഷ്ട്രീയ പ്രസ്ഥാനമാണ്. Prevention of Money Laundering Act-ന്റെ പരിധിക്കകത്തുനിന്ന് അന്വേഷണം നടത്താൻ ഉത്തരവാദിത്വമുള്ള ഇ.ഡി. അവരുടെ അധികാരപരിധിയും കടന്ന് മറ്റ് മേഖലയിലേയ്ക്ക് വ്യതിചലിച്ചു. നിയമപരമായി അവർക്ക് അതിനുമാത്രമേ അവകാശമുള്ളൂ, ഇ.ഡി. ആവശ്യമില്ലാത്ത കാര്യങ്ങളിൽ രാഷ്ട്രീയ എതിരാളികളെ വേട്ടയാടുന്നുവെന്നുള്ള ആരോപണം ഉയർന്നുവന്നിരിക്കുകയാണ്. കേരളത്തിൽനിന്നും ഈ കേസ് ബംഗളൂരുവിലേയ്ക്ക് കൊണ്ടുപോകണമെന്നാണ് ആവശ്യപ്പെടുന്നത്. കേരള മുഖ്യമന്ത്രി സ്വർണ്ണക്കള്ളക്കടത്ത് കേസിന്റെ പേരിൽ പ്രത്യേകം കത്തെഴുതി പ്രധാനമന്ത്രിയോട് ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ കേന്ദ്ര ഏജൻസികൾ കേരളത്തിൽ വന്ന് നടത്തുന്ന അന്വേഷണമാണിത്. ഇവിടെ ഒരു കള്ളക്കടത്ത് നടന്നിട്ടുണ്ടെന്നുള്ളത് യാഥാർത്ഥ്യമാണ്. ഒരു പ്രാവശ്യമല്ല ഇരുപത്തിരണ്ട് പ്രാവശ്യം നടത്തിയിട്ടുണ്ട്. എൺപത് കോടി രൂപയുടെ

സ്വർണ്ണക്കള്ളക്കടത്ത് നടത്തിയെന്നാണ് ആക്ഷേപം. ഈ സ്വർണ്ണക്കള്ളക്കടത്ത് കേസ് അട്ടിമറിക്കാനാണോ എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റ് ശ്രമിക്കുന്നത്? അത് ഗുരുതരമായ ഒരു ചോദ്യമാണ്. നമ്മൾ അതിനെ എങ്ങനെ നേരിടും; സ്വർണ്ണക്കള്ളക്കടത്ത് കേസ് അട്ടിമറിച്ച് ഇല്ലാതാക്കാൻവേണ്ടിയുള്ള ശ്രമമാണോ ഇ.ഡി. ചെയ്തത്? ഇ.ഡി-യെ നമുക്ക് വിശ്വസിക്കാൻ കഴിയില്ല. ഞങ്ങൾക്ക് ഇ.ഡി-യെ വിശ്വാസമില്ല. അവർ പറയുന്ന കാര്യങ്ങളൊന്നും വിശ്വസിക്കാൻ കഴിയുന്നതല്ല. കാരണം, രാഷ്ട്രീയമായാണ് അവർ പ്രവർത്തിക്കുന്നത്. മുഖ്യമന്ത്രിക്കെതിരായി, പോലീസിനെതിരായി, സംസ്ഥാന സർക്കാരിനെതിരായുള്ള ഗുരുതരമായ ആരോപണം ഇതിൽ ഉന്നയിച്ചിരിക്കുകയാണ്. നമ്മുടെ നിരപരാധിത്വം തെളിയിക്കുകയും ഇ.ഡി-ക്ക് രാഷ്ട്രീയ ഉദ്ദേശ്യങ്ങളെന്തെങ്കിലുമുണ്ടെങ്കിൽ അതിനെ അട്ടിമറിക്കുകയും ചെയ്യണം. ഇതുരണ്ടും നടത്തണം. കേരള പോലീസിനോ കേരളത്തിലെ വിജിലൻസിനോ ഇന്റർപോളിനെക്കൊണ്ട് അന്വേഷിക്കാൻ സാധിക്കില്ല, central agencies are only competent agencies to investigate into the case. അതുകൊണ്ട് ഹൈക്കോടതിയുടെ മേൽനോട്ടത്തിൽ സി.ബി.ഐ. അന്വേഷണം സർക്കാർ

ആവശ്യപ്പെടണമെന്നാണ് എനിക്ക് പറയാനുള്ളത്. സി.ബി.ഐ. കേന്ദ്ര ഏജൻസിയായി വന്നുകഴിഞ്ഞാൽ അവർ എന്തായിരിക്കും ചെയ്യാൻ പോകുന്നതെന്ന് നമുക്കറിയില്ല. അതുകൊണ്ട് സർക്കാരിന് സ്വന്തം നിരപരാധിത്വം തെളിയിക്കുന്നതിനും സർക്കാരിനെതിരായി ഉയർന്നുവന്നിരിക്കുന്ന ആരോപണങ്ങൾ തെറ്റാണെന്ന് തെളിയിക്കുന്നതിനും ഈ കേസ് അട്ടിമറിക്കപ്പെടാതിരിക്കാനും കഴിയണം. സ്വർണ്ണം ഇതുപോലെ കടത്തിക്കൊണ്ടുവന്നാൽ കേരളത്തിന്റെ സ്ഥിതിയെന്താകും? പതിനായിരം കോടി രൂപയാണ് സ്വർണ്ണക്കള്ളക്കടത്തിലൂടെ അതത് വർഷം സംസ്ഥാനത്തിനുണ്ടാകുന്ന റവന്യൂ നഷ്ടം. കേരളത്തിന്റെ സമ്പദ്‌വ്യവസ്ഥയെവരെ തകർക്കുന്ന, ഒരു സമാന്തര സമ്പദ്‌വ്യവസ്ഥ കേരളത്തിലുണ്ടാക്കുന്ന സംവിധാനമാണ് സ്വർണ്ണക്കള്ളക്കടത്ത്. അതുകൊണ്ട് ഈ കേസ് അട്ടിമറിക്കാനുള്ള ശ്രമത്തെ തകർക്കാൻവേണ്ടി സി.ബി.ഐ. അന്വേഷണത്തിന് സർക്കാർ തയ്യാറാകണം. ഹൈക്കോടതിയുടെ മേൽനോട്ടത്തിൽ ഒരു സി.ബി.ഐ. അന്വേഷണത്തിന് ശിപാർശ ചെയ്യണമെന്നാണ് ഞാൻ ആവർത്തിച്ച് ആവശ്യപ്പെടുന്നത്.

മുഖ്യമന്ത്രി (<u>ശ്രീ. പിണറായി വിജയൻ</u>): സർ, ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് അവസാനം ഉന്നയിച്ച ആവശ്യത്തെക്കുറിച്ച് ഞാൻ പിന്നീട് മറുപടി പറയാം. പക്ഷേ, നേരത്തെയെടുത്ത നിലപാടിൽനിന്ന് വ്യക്തമായൊരു വേർതിരിവ് പ്രതിപക്ഷത്തിന്റെ ഭാഗത്തുനിന്ന് ഇപ്പോഴുണ്ടാകുന്നുവെന്നത് സന്തോഷകരമായ കാര്യംതന്നെയാണ്. അതിന് ആദ്യമായി നന്ദി പ്രകടിപ്പിക്കുന്നു. ഇത്തരമൊരു തിരിച്ചറിവിന് ഇടയായ സാഹചര്യത്തിൽ അദ്ദേഹത്തിന് കുറച്ച് സമയംകൂടി സഭയിലിരിക്കാൻ വിഷമം വരുമെന്ന് എനിക്ക് തോന്നുന്നു. കാരണം, എ.ഐ.സി.സി. പ്രസിഡന്റിനെ ചോദ്യം ചെയ്യുന്നതിന്റെ ഭാഗമായുള്ള പ്രതിഷേധ പരിപാടിയിൽ അദ്ദേഹത്തിനും പങ്കെടുക്കേണ്ടതുണ്ടാകും. രാജ്ഭവന്റെ മുമ്പിൽ ഇന്ന് നടക്കുന്ന പരിപാടിയിൽ സ്വാഭാവികമായും അദ്ദേഹത്തിന് പോകേണ്ടതുണ്ടെന്ന് ഞാൻ സംശയിക്കുകയാണ്. ഏതായാലും അത്തരമൊരു പരിപാടികൂടി വന്ന ദിവസം ഈ സബ്മിഷൻ ഉന്നയിക്കുമ്പോൾ ഇ.ഡി-യെക്കുറിച്ച് കൃത്യതയോടെതന്നെ അദ്ദേഹം പറഞ്ഞിരിക്കുകയാണ്. ഇ.ഡി. രാഷ്ട്രീയ എതിരാളികളെ ഇല്ലായ്മ ചെയ്യാൻ ശ്രമിക്കുന്നു, വേണ്ടപ്പെട്ടവരെ ചേർത്തുപിടിക്കുന്നു, അതോടൊപ്പംതന്നെ

ഇ.ഡി. അവരുടെ അധികാരപരിധി കടന്നുപോകുകയാണെന്നും കൃത്യമായി അദ്ദേഹം പറയുകയുണ്ടായി. ഇവിടത്തെ സംഭവങ്ങൾകൂടി പരാമർശിച്ചുകൊണ്ടാണ് അങ്ങനെ പറഞ്ഞത്. മാത്രമല്ല, അദ്ദേഹം വ്യക്തമാക്കിയ മറ്റൊരു കാര്യം, ബംഗളൂരുവിലേയ്ക്ക് ഈ കേസ് മാറ്റിയാൽ ഇവിടെ നടന്നുകൊണ്ടിരിക്കുന്ന ഈ കേസ് അട്ടിമറിക്കാൻ കഴിയുമെന്നും ആ നീക്കത്തിന്റെ ഭാഗമാണെന്നും പരാമർശിക്കുകയുണ്ടായി. ഇവിടെയുള്ള കേസ് അട്ടിമറിക്കാനുള്ള ശ്രമത്തിന്റെ ഭാഗമാണോയെന്നതാണ് അദ്ദേഹത്തിന് തോന്നിയിട്ടുള്ള ന്യായമായ സംശയം. അതോടൊപ്പം സർക്കാരിന്റെ നിരപരാധിത്വം തെളിയിക്കാനാകണമെന്നും അദ്ദേഹം പറഞ്ഞു. ഇ.ഡി-യുടെ രാഷ്ട്രീയ ഉദ്ദേശ്യം സംസ്ഥാന സർക്കാരിന്റെ ഇടപെടലുകളിലൂടെ തുറന്ന് കാണിക്കണമെന്നും അദ്ദേഹം പറയുകയുണ്ടായി. അതെല്ലാം നേരത്തെ സ്വീകരിച്ചതിൽനിന്നും തീർത്തും വ്യത്യസ്തമായ നിലപാടാണ്. അതുകൊണ്ടാണ് നന്ദിയുണ്ടെന്ന് ഞാൻ ആദ്യമേ പറഞ്ഞത്.

<u>ശ്രീ. വി. ഡി. സതീശൻ</u>: സർ, അങ്ങത് എസ്റ്റാബ്ലിഷ് ചെയ്തുപോകേണ്ടതില്ല. നേരത്തെ സ്വീകരിച്ച നിലപാടും ഇതുതന്നെയാണ്. ഈ സംഭവമുണ്ടായപ്പോൾ മുതൽ ഞങ്ങൾ ആവശ്യപ്പെട്ടിരുന്നത്

കോടതിയുടെ മേൽനോട്ടത്തിൽ സി.ബി.ഐ. അന്വേഷിക്കണമെന്നതാണ്. സ്വപ്ന സുരേഷിന്റെ വെളിപ്പെടുത്തലും കോടതിയിലെ 164(5) സ്റ്റേറ്റ്മെന്റും വന്നതിനുശേഷം പ്രതിപക്ഷം നടത്തിയ ആദ്യത്തെ പ്രതികരണം ഹൈക്കോടതിയുടെ മേൽനോട്ടത്തിൽ സി.ബി.ഐ. അന്വേഷിക്കണമെന്നതന്നെയാണ്. മാത്രമല്ല, ഇ.ഡി. അന്വേഷിക്കുന്നതിനപ്പുറത്ത് ഈ കേസ്സിൽ ഒരുപാട് മാനങ്ങളുണ്ട്. ഇ.ഡി-ക്ക് Prevention of Money Laundering Act-ന്റെ പരിധിയിൽ മാത്രമേ അന്വേഷിക്കാൻ സാധിക്കുകയുള്ളൂ. സ്വർണ്ണക്കള്ളക്കടത്ത്, കറൻസി കടത്ത് അങ്ങനെ ഒരുപാട് ആരോപണങ്ങൾ ഇതിലുണ്ട്. ആദ്യംതന്നെ ആ നിലപാടാണ് ഞങ്ങൾ സ്വീകരിച്ചിരുന്നത്. ഞങ്ങൾ ഇപ്പോൾ നിലപാട് മാറ്റിയെന്ന് അങ്ങ് സ്ഥാപിച്ചെടുക്കേണ്ടതില്ല.

<u>ശ്രീ. പിണറായി വിജയൻ</u>: സർ, അങ്ങനെ പറയുന്നതിലെ വൈരുദ്ധ്യത്തെ സംബന്ധിച്ച് വേണമെങ്കിൽ ഞാൻ പറയാം. കേന്ദ്ര ഗവൺമെന്റിന്റെ സ്വാധീനമാണ് ഇ.ഡി-യുടെമേലുള്ളത്. കേന്ദ്ര ഏജൻസികൾക്കുണ്ടാകുന്ന പരിമിതികൾക്ക് വിധേയമാണ് സി.ബി.ഐ-യും. യഥാർത്ഥത്തിൽ കേന്ദ്ര ഗവൺമെന്റിന്റെ

ഇടപെടലിലൂടെയാണ് ഇത്തരം കാര്യങ്ങൾ വരുന്നതെന്ന് അങ്ങ് കാണണം. ഇ.ഡി. സ്വതന്ത്രമായി കാര്യങ്ങൾ ചെയ്യുകയാണെന്ന് കാണേണ്ടതില്ല. കേന്ദ്ര ഗവൺമെന്റിന്റെ നിലപാടിന്റെ ഭാഗമായാണ് കേന്ദ്ര ഏജൻസികൾ ഇത്തരത്തിൽ മാറുന്നതെന്നത് കാണാതിരിക്കരുത്. ഇതിലുള്ള ചില പ്രശ്നങ്ങൾകൂടി അവതരിപ്പിക്കാൻ ഞാൻ ഉദ്ദേശിക്കുന്നു. അതിനുശേഷം അദ്ദേഹം അവസാനം ഉന്നയിച്ച പ്രശ്നത്തെ സംബന്ധിച്ച് പറയാം. സ്വർണ്ണക്കള്ളക്കടത്ത് കേസ് അട്ടിമറിക്കാൻ സംസ്ഥാന സർക്കാർ ശ്രമിക്കുന്നുവെന്ന് എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റ് ഉന്നയിച്ചിരിക്കുന്നുവെന്നതാണല്ലോ പ്രശ്നം. ഇത്തരത്തിലുള്ള ഒരു കാര്യവും ഇ.ഡി. സംസ്ഥാന സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടില്ല. അന്വേഷണത്തിന് സംസ്ഥാന സർക്കാർ ഏതെങ്കിലും വിധത്തിലുള്ള തടസ്സം സൃഷ്ടിക്കുന്നുവെന്ന് ഇ.ഡി. സംസ്ഥാന സർക്കാരിനെ ഇതുവരെ അറിയിച്ചിട്ടുമില്ല. പൂർണ്ണമായും കേന്ദ്ര വിഷയത്തിൽപ്പെട്ട ഒരു കേസ്സാണിത്. അതുമായി ബന്ധപ്പെട്ട് കേന്ദ്ര ഏജൻസികൾ അവരുടെ നിയമപരമായ അധികാരം ഉപയോഗിച്ച് അന്വേഷണം നടത്തുകയാണ് ചെയ്യേണ്ടത്. അതിൽ സംസ്ഥാന സർക്കാരിന് ഒരു തരത്തിലും ഇടപെടാൻ സാധിക്കില്ല.

സംസ്ഥാന സർക്കാർ ഏതെങ്കിലും തരത്തിൽ ഇടപെട്ടുവെന്ന ആരോപണം കേന്ദ്ര ഏജൻസികൾ ഔദ്യോഗികമായി ഉന്നയിച്ചിട്ടില്ല. പത്രമാധ്യമങ്ങളിലൂടെ വരുന്ന ചില വാർത്തകളുടെ അടിസ്ഥാനത്തിലാണ് പ്രശ്നങ്ങൾ ഉന്നയിക്കപ്പെട്ടിട്ടുള്ളത്. കേന്ദ്ര ഏജൻസികൾ സ്വർണ്ണക്കടത്തുൾപ്പെടെയുള്ള കേസ്സുകൾ കാര്യക്ഷമവും ഏകോപിതവുമായ രീതിയിൽ അന്വേഷിക്കണമെന്നതാണ് സംസ്ഥാന സർക്കാർ തുടക്കം മുതൽ സ്വീകരിച്ചിട്ടുള്ള നിലപാട്. ഇതിന് ആവശ്യമായ സഹായസഹകരണങ്ങൾ നൽകാൻ സംസ്ഥാന സർക്കാർ തയ്യാറാണെന്ന് കേന്ദ്ര സർക്കാരിനെ അറിയിച്ചിട്ടുണ്ട്. രാജ്യത്തിന്റെ സാമ്പത്തിക സുരക്ഷയെ ബാധിക്കുന്ന ഇത്തരം കേസ്സുകളിൽ സമഗ്രമായ അന്വേഷണം നടത്തി അതിന്റെ ഉറവിടവും അവസാന വിനിയോഗവും പുറത്തുകൊണ്ടുവരണമെന്നതാണ് സംസ്ഥാന സർക്കാരിന്റെ നിലപാട്. അതിന് സഹായകരമായ രീതിയിലല്ല അന്വേഷണത്തിന്റെ ഗതിയെന്ന ആശങ്ക ഉയർന്നപ്പോൾ കേന്ദ്ര സർക്കാരിനെ കത്തിലൂടെ ആ വിവരവും അറിയിച്ചിരുന്നു. ഇക്കാര്യത്തിൽ ചില പ്രതികളെക്കൊണ്ട് സംസ്ഥാന സർക്കാരിന്റെ രാഷ്ട്രീയ നേതൃത്വത്തിലുള്ളവരുടെ പേരുകൾ പറയാൻ അന്വേഷണ ഉദ്യോഗസ്ഥർ

നിർബന്ധിച്ചുവെന്ന വോയിസ് ക്ലിപ്പ് പുറത്തുവന്നിരുന്നു. കേരളത്തിലെ പൊതുസമൂഹത്തിൽ വലിയ രീതിയിലുള്ള പ്രത്യാഘാതങ്ങളുളവാക്കുന്ന ഒരു വെളിപ്പെടുത്തലായിരുന്നു അത്. ഭരണഘടനയുടെ 7-ാം ഷെഡ്യൂളിലെ ഇനം 1 ആയ പബ്ലിക് ഓർഡർ പരിപാലിക്കുന്നതിന്റെ സമ്പൂർണ്ണ ചുമതല സംസ്ഥാന സർക്കാരിനാണ്. അതുകൊണ്ട് ഈ വിഷയത്തിലെ സത്യാവസ്ഥ പുറത്തുകൊണ്ടുവരാൻ അന്വേഷണം നടത്തേണ്ട ഭരണഘടനാപരമായ ബാധ്യത സംസ്ഥാന സർക്കാരിനുണ്ട്. അത് നിറവേറ്റാനാണ് ക്രൈംബ്രാഞ്ച് അന്വേഷണവും ജുഡീഷ്യൽ അന്വേഷണവും സംസ്ഥാന സർക്കാർ പ്രഖ്യാപിച്ചത്. എന്നാൽ ഈ അന്വേഷണം മുന്നോട്ടുപോകാതിരിക്കുന്നതിനുവേണ്ടി തടസ്സം സൃഷ്ടിക്കുന്ന നടപടി ഇ.ഡി. സ്വീകരിച്ചിട്ടുണ്ട്. അക്കാര്യം അദ്ദേഹം പരാമർശിച്ചു. സുപ്രീംകോടതിയിൽ ഹർജി ഫയൽ ചെയ്ത് സ്റ്റേ ഉത്തരവ് വാങ്ങിയിട്ടുണ്ട്. സംസ്ഥാന സർക്കാർ നിയമപരമായ നടപടികൾ ഇക്കാര്യത്തിൽ സ്വീകരിക്കുന്നുണ്ട്. ഒരുവിധത്തിലും കേന്ദ്ര വിഷയങ്ങളിൽ ഒതുങ്ങി നിൽക്കുന്ന അന്വേഷണത്തെ തടസ്സപ്പെടുത്തുന്ന കാര്യമല്ല ഇത്. ഇക്കാര്യം PMLA കോടതിയുടെ പരിഗണനയിലാണ്. ഹൈക്കോടതി ഉത്തരവിനെത്തുടർന്നാണ്

ഇതുണ്ടായിട്ടുള്ളത്. ജൂഡീഷ്യൽ പ്രക്രിയയിലൂടെയാണ് അന്വേഷണം മുന്നോട്ടുപൊയ്ക്കൊണ്ടിരിക്കുന്നത്. ഇതിനെ കേന്ദ്ര ഏജൻസികളുടെ അന്വേഷണത്തെ തടസ്സപ്പെടുത്തുന്ന നടപടിയായി ഒരിക്കലും വ്യാഖ്യാനിക്കാൻ കഴിയില്ല. സ്വർണ്ണക്കള്ളക്കടത്തുപോലുള്ള കേസുകളുടെ അന്വേഷണം 1962-ലെ കസ്റ്റംസ് നിയമത്തിന്റെ കീഴിൽ വരുന്നതാണ്. ഇതിന്റെ അടിസ്ഥാനത്തിൽ കള്ളപ്പണം വെളുപ്പിക്കൽ നടന്നിട്ടുണ്ടോയെന്ന കാര്യം എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റാണ് കണ്ടെത്തേണ്ടത്. ഈ വിഷയങ്ങളിലെ അന്വേഷണത്തിൽ സംസ്ഥാന സർക്കാർ ഒരു തടസ്സവും ഒരവസരത്തിലും ഉന്നയിച്ചിട്ടില്ല. കേന്ദ്ര അന്വേഷണ ഏജൻസികളെ രാഷ്ട്രീയലക്ഷ്യത്തോടെ ദുരുപയോഗം ചെയ്യുന്നുവെന്ന് കോൺഗ്രസ് പാർട്ടിതന്നെ ദേശീയതലത്തിൽ ആരോപണം ഉന്നയിച്ചിട്ടുണ്ട്. ആ ഇടപെടലിനെതിരെ പ്രക്ഷോഭം നടത്തുകയും ചെയ്യുന്നുണ്ട്. പ്രൊഫഷണൽ രീതിയിലുള്ള അന്വേഷണം നടക്കണമെന്നും ചിലർ ഉന്നയിക്കുന്ന ആരോപണങ്ങളിൽ വസ്തുതകളുടെ പിൻബലം ഇല്ലാതിരുന്നിട്ടും അവയുടെ അടിസ്ഥാനത്തിൽ അന്വേഷണത്തിന്റെ ഗതി തീരുമാനിക്കപ്പെടണമെന്നുമുള്ള നിലപാട് കേരളത്തിൽ സ്വീകരിക്കുന്നത്

കൃത്യമായ രാഷ്ട്രീയ ലക്ഷ്യത്തോടെയാണ്. സ്വർണ്ണക്കടത്ത് കേസ് കേന്ദ്ര സർക്കാരിന്റെ ഏജൻസികൾ അവരുടെ സമ്പൂർണ്ണ അധികാരപരിധിയിൽ നിന്നുകൊണ്ട് അന്വേഷിക്കുന്നതായതിനാൽ സംസ്ഥാന സർക്കാരിന് ഇക്കാര്യത്തിൽ ഒരു ഇടപെടലും നടത്താൻ കഴിയില്ലായെന്നത് വ്യക്തമാണ്. ഇതുമായി ബന്ധപ്പെട്ട കാര്യങ്ങൾ വിവിധ കോടതികളുടെ പരിഗണനയിലുമാണ്. സംസ്ഥാന വിഷയങ്ങളെ ബാധിക്കുന്ന കാര്യത്തിൽ ശക്തമായ നടപടി സ്വീകരിക്കാനും നീതിയുക്തമായ അന്വേഷണത്തിന് എല്ലാ സഹകരണവും നൽകാനും സംസ്ഥാന സർക്കാർ തയ്യാറാണെന്ന് ആവർത്തിച്ച് വ്യക്തമാക്കിയിട്ടുണ്ട്. ഇപ്പോഴും ആ കാര്യം ഞാൻ ഉറപ്പുനൽകുകയാണ്. തെളിവുകൾ ശേഖരിച്ച് കണ്ടെത്തലുകൾ നടത്തി വസ്തുതകളുടെയും തെളിവുകളുടെയും പിൻബലത്തിൽ കോടതിക്കുമുമ്പാകെ സമർപ്പിക്കുന്ന നടപടിക്രമമാണ് അന്വേഷണത്തിന്റെ ഭാഗമായി നടക്കേണ്ടത്. അല്ലാതെ ചില പ്രതികളുടേയോ മറ്റുചില തൽപ്പരകക്ഷികളുടേയോ താല്പര്യങ്ങൾക്കനുസരിച്ചോ വാർത്തകളുടെ അടിസ്ഥാനത്തിലോ നടത്തേണ്ടതല്ല നീതിയുക്തമായ അന്വേഷണം. ഇന്ത്യൻ ഭരണഘടനയിൽ സംസ്ഥാനങ്ങളുടെയും കേന്ദ്രത്തിന്റെയും

അധികാരങ്ങൾ കൃത്യമായി നിർവ്വചിച്ചിട്ടുണ്ട്. യൂണിയൻ ലിസ്റ്റിൽപ്പെട്ട സാമ്പത്തിക കുറ്റകൃത്യങ്ങളുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ കേന്ദ്ര സർക്കാർ ഏജൻസികൾ നടത്തുന്ന അന്വേഷണം തടസ്സപ്പെടുത്താൻ സംസ്ഥാന സർക്കാരിന് ഒരു വിധത്തിലും സാധിക്കില്ല. അത്തരത്തിലുള്ള ഒരു നടപടിയും ഉണ്ടായതായി ചൂണ്ടിക്കാണിക്കാൻ ആർക്കും കഴിഞ്ഞിട്ടുമില്ല. അടിസ്ഥാനരഹിതമായ ആരോപണങ്ങൾ ഉന്നയിക്കപ്പെട്ടാൽ അത് വസ്തുതാപരമാവില്ല എന്നതാണ് അത്തരത്തിൽ ഉന്നയിക്കുന്നവരോട് എനിക്ക് പറയാനുള്ളത്. എ.ഐ.സി.സി. പ്രസിഡന്റ് ഇ.ഡി-യുടെ ചോദ്യം ചെയ്യലിന് ഹാജരാകുന്ന പ്രത്യേകത ഇന്നത്തെ ദിവസത്തിനുണ്ടെന്ന് ഞാൻ നേരത്തെ പറയുണ്ടായി. കേന്ദ്ര അന്വേഷണ ഏജൻസികളെ സങ്കുചിത രാഷ്ട്രീയ ലക്ഷ്യങ്ങൾക്കായി ബി.ജെ.പി. സർക്കാർ ദുരുപയോഗം ചെയ്യുന്നുവെന്ന് ആരോപിച്ച് രാജ്യത്താകെ പ്രക്ഷോഭം നടക്കുന്ന ദിവസമാണിന്ന്. ആ നിലയിൽ തന്നെയാണ് ബഹുമാന്യനായ പ്രതിപക്ഷനേതാവും നേരത്തെ ഇവിടെ സംസാരിച്ചത്. സംസ്ഥാനത്ത് എൽ.ഡി.എഫ്. സർക്കാരിനെതിരെ ദുഷ്ടലാക്കോടുകൂടിയുള്ള ആരോപണങ്ങൾ ഉന്നയിച്ച് ജനങ്ങളെ തെറ്റിദ്ധരിപ്പിക്കാനും അതിന്റെ

ഭാഗമായി നിരവധി സാങ്കല്പിക കഥകൾ കെട്ടിച്ചമച്ച് പ്രചരിപ്പിക്കാനും കേരളത്തിൽ സംഘടിതമായ ശ്രമം നടക്കുന്നുണ്ട്. വലതുപക്ഷ മാധ്യമങ്ങൾ അതിന്റെ മുന്നിൽത്തന്നെ നിൽക്കുകയാണ്. അന്വേഷണ ഏജൻസികളുടെ രാഷ്ട്രീയലക്ഷ്യത്തിനുവേണ്ടി ചോർത്തിക്കിട്ടിയ വാർത്തകൾ വലിയതോതിൽ പ്രതികളോടൊപ്പം കോൺഗ്രസ്സും ബി.ജെ.പി-യും ഒത്തുചേർന്നുകൊണ്ട് സംസ്ഥാനത്ത് പ്രചരിപ്പിക്കുന്ന നിലയാണ് നേരത്തെ ഇവിടെ കണ്ടിരുന്നത്. അതിൽനിന്നും ഒരു വ്യത്യസ്തത ഇന്ന് അദ്ദേഹത്തിന്റെ സംസാരത്തിലുണ്ടായെന്ന് ഞാൻ നേരത്തെ സൂചിപ്പിക്കുകയുണ്ടായി. സ്വർണ്ണക്കള്ളക്കടത്തുകേസ്സിലെ മുഖ്യപ്രതി മാധ്യമങ്ങളെ ഉപയോഗിച്ച് പ്രചരിപ്പിച്ച കള്ളപ്രചാരവേലകൾ കോൺഗ്രസ്സും ബി.ജെ.പി-യും ഏറ്റെടുത്ത് കേരളത്തിൽ കലാപം അഴിച്ചുവിടാൻ ശ്രമിച്ചു. അതിനെ കേരളത്തിലെ പ്രബുദ്ധരായ ജനത ഒറ്റപ്പെടുത്തിയതോടുകൂടി എൽ.ഡി.എഫ്. സർക്കാരിനെതിരെ വിചിത്രമായ കൂട്ടുകെട്ടും ഗൂഢാലോചനയും ഇവർ ഉയർത്തിക്കൊണ്ടുവരികയാണ്. അസാധാരണമായ ഐക്യമാണ് ഈ സംസ്ഥാനത്ത് രൂപപ്പെട്ടിട്ടുള്ളത്. കേന്ദ്ര സർക്കാരിന്റെ നിർദ്ദേശാനുസരണം ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളിലെന്നപോലെ കേന്ദ്ര ഏജൻസികൾ

ഇവിടെയും ചില ലക്ഷ്യങ്ങളോടെ നീങ്ങുകയാണ്. അതിനനുസൃതമായി ഇ.ഡി. ഉൾപ്പെടെയുള്ള അന്വേഷണ ഏജൻസികൾ കൽപ്പിത കഥകൾ മെനയുകയാണ്. ഗുരുതരമായ രാജ്യദ്രോഹം ഉൾപ്പെടെയുള്ള കേസുകളിൽനിന്ന് രക്ഷപ്പെടാൻ പ്രതികൾ അന്വേഷണ ഏജൻസികളുടെയും മറ്റും നിർദ്ദേശാനുസരണം കഥകളുണ്ടാക്കി മാധ്യമങ്ങളിലൂടെ പ്രചരിപ്പിക്കുന്നു. എന്നാൽ കേന്ദ്രസർക്കാർ നീക്കങ്ങളെയും ചില പ്രതികളുടെ പ്രസ്താവനകളെയും ഇതിനോടൊപ്പം നിൽക്കുന്ന ചില മാധ്യമ വാർത്തകളെയും പൊക്കിപ്പിടിച്ച് ഇത്തരക്കാരുടെ വാദങ്ങളെ സ്പോൺസർ ചെയ്യുന്നത് ശരിയായ നിലപാടല്ല. ഇരയ്ക്കൊപ്പം കിതയ്ക്കുന്നതായി നടിക്കുകയും വേട്ടക്കാർക്കൊപ്പം ആസ്വദിക്കുകയും ചെയ്യുന്ന മനോഭാവം പ്രകടിപ്പിക്കുന്നത് ശരിയായ രീതിയല്ല. ഇ.ഡി-യാൽ വേട്ടയാടപ്പെടുന്നതായി പറയപ്പെടുന്ന ശ്രീ. രാഹുൽ ഗാന്ധിയുടെ ഒപ്പമാണെന്ന് പറയുകയും ഇന്നത്തെ ദിവസത്തിനുമുമ്പുവരെയുള്ള സമയങ്ങളിൽ ഇ.ഡി-യുടെ കരുനീക്കങ്ങൾക്കൊപ്പം നീങ്ങുകയും ചെയ്യുന്ന മനോനിലയാണ് ബഹുമാന്യനായ പ്രതിപക്ഷനേതാവിനും കൂട്ടർക്കും ഉള്ളതെന്ന് ഞാൻ പറഞ്ഞാൽ അതിൽ അതിശയോക്തിയില്ല. ഒരുതരം ഇരട്ടത്താപ്പാണ്

ഇത്തരം കാര്യങ്ങളിലൂടെ പുറത്തുവരുന്നത്. ഇത്തരം പ്രവർത്തനത്തിലൂടെ തങ്ങൾ ഉൾപ്പെട്ട സ്വർണ്ണക്കള്ളക്കടത്ത്, രാജ്യദ്രോഹം ഉൾപ്പെടെയുള്ള കേസുകളിൽനിന്ന് രക്ഷപ്പെടാൻ സാധിക്കുമെന്ന് ഉറപ്പ് ലഭിച്ചുവെന്ന് പരസ്യമായി ഈ പ്രതികളിൽ ചിലർ പ്രഖ്യാപിച്ചത് ചില വാർത്തകളായി വന്നത് നാം കണ്ടിട്ടുണ്ട്. അതിന് അവരെ പിന്തുണയ്ക്കുന്ന നിലപാടാണ് ബി.ജെ.പി. സ്വീകരിക്കുന്നത്. കേസ്സിലെ പ്രതികളെയും കൂട്ടരെയും വെള്ളപൂശാനുള്ള നീക്കങ്ങൾക്ക് ഈ സഭയിൽ വാദിക്കുന്ന നില നേരത്തെ ഉണ്ടായിട്ടുണ്ട്; അത് ആവർത്തിക്കരുത്. ഇന്നത്തെ നിലപാട് സ്വീകരിച്ചുപോകുന്നതാണ് പൊതുവിൽ നല്ലതെന്നാണ് എനിക്ക് ഓർമ്മിപ്പിക്കാനുള്ളത്. സ്വർണ്ണക്കള്ളക്കടത്ത് ഉൾപ്പെടെയുള്ള സാമ്പത്തിക കുറ്റകൃത്യങ്ങൾ അന്വേഷിക്കാൻ ചുമതലപ്പെട്ട അന്വേഷണ ഏജൻസികൾ പ്രൊഫഷണലായ രീതിയിൽ അത് നടത്തണമെന്നുള്ളതാണ് സംസ്ഥാന സർക്കാരും പൊതുസമൂഹവും ആഗ്രഹിക്കുന്നത്. എന്നാൽ മൊഴിയെടുക്കാനായി ഏജൻസികൾ വിളിച്ചുവരുത്തുന്ന സാക്ഷികളുടെ പേരുവിവരം പ്രസ്തുത സാക്ഷികൾക്ക് സമൻസ് ലഭിക്കുന്നതിനുമുമ്പുതന്നെ മാധ്യമപ്രതിനിധികൾക്ക് നൽകുകയാണ്. ആഘോഷപൂർവ്വമായ ചർച്ചയും

അതിന്റെ ഭാഗമായി നടക്കുന്നു. മുൻ ധനകാര്യ വകുപ്പുമന്ത്രി ഡോ. ടി. എം. തോമസ് ഐസക്കിന്റെ പ്രശ്നം ഇതിനൊരുദാഹരണമാണ്. അദ്ദേഹത്തെ ഇ.ഡി. ചോദ്യം ചെയ്യാൻ വിളിക്കുന്നുവെന്ന വാർത്തയാണ് ആദ്യം വന്നത്. അദ്ദേഹത്തിന് നോട്ടീസ് അല്ല ആദ്യം വന്നത് എന്നുള്ളത് നാം ശ്രദ്ധിക്കേണ്ടതാണ്. എങ്ങനെയാണ് മാധ്യമങ്ങൾക്ക് ഇത്തരം വാർത്ത ആദ്യം ലഭിക്കുന്നത്? സംസ്ഥാനത്തെ ഒരു സംഭവത്തെക്കുറിച്ച് ഇന്ന് കൊടുത്ത ഒരു വാർത്തയുണ്ട്. നാട്ടിലെ ഒരു ഹർജി കോടതിക്കുമുമ്പിലെത്തി, അത് അന്വേഷിച്ച് നടപടിയെടുക്കാൻ കോടതി പോലീസിന് നിർദ്ദേശം നൽകുന്നു. അപ്പോൾ ഒരു പ്രധാന പത്രത്തിന്റെ ലീഡ് വാർത്ത, ' കോടതി ഇടപെട്ടു, സർക്കാർ കുടുങ്ങി, ഇ. പി. ജയരാജനെതിരെ ജാമ്യമില്ലാ കേസ് -ഒപ്പം ജയരാജനെ പരിഹസിക്കുന്ന കാർട്ടൂൺ. ഇതാണ് കേരളത്തിലെ വലതുപക്ഷ മാധ്യമങ്ങളുടെ ഒരു രീതി. അത് ഒരു തരത്തിലുള്ള ഒക്കത്തിരുത്തുന്ന ജേർണലിസമാണെന്ന് പറഞ്ഞാൽ അതിൽ ക്ഷോഭിക്കരുതെന്നാണ് എനിക്ക് ചൂണ്ടിക്കാണിക്കാനുള്ളത്. ഹൈക്കോടതിയുടെ മേൽനോട്ടത്തിൽ സി.ബി.ഐ. അന്വേഷണം നടത്തണമെന്ന് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് പറയുകയുണ്ടായി.

രാജ്യവ്യാപകമായി നിരവധി കേസ്സുകളിൽ വ്യാപകമായി ദുരുപയോഗം ചെയ്യപ്പെട്ട ഒരു ഏജൻസിയാണ് സി.ബി.ഐ. അതിപ്പോൾ മാത്രമല്ല, നേരത്തെയും അങ്ങനെയാണ്. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിന്റെ പാർട്ടി അധികാരത്തിലിരിക്കുമ്പോഴടക്കം ഉണ്ടായ കാര്യങ്ങൾ ഓർമ്മയില്ലേ? കൂട്ടിലെതത്ത പോലുള്ള അത്തരം വിമർശനം നമ്മളാരും ഉന്നയിച്ചതല്ലല്ലോ; സുപ്രീംകോടതിതന്നെ ഉന്നയിച്ചതാണല്ലോ? അത്തരമൊരു ഏജൻസിയാണ് സി.ബി.ഐ. കേന്ദ്രഗവൺമെന്റിന്റെ രാഷ്ട്രീയ താൽപ്പര്യം നടപ്പാക്കാനുള്ള ഏജൻസികളിലൊന്നാണ് അതെന്നത് നാം മറക്കരുത്. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് സി.ബി.ഐ. അന്വേഷണം ഹൈക്കോടതിയുടെ മേൽനോട്ടത്തിൽ വേണമെന്നാണ് ആവശ്യപ്പെട്ടത്. സ്വർണ്ണക്കള്ളക്കടത്ത് കസ്റ്റംസിന്റെ വിഷയമാണ്. പൂർണ്ണമായും കേന്ദ്രസർക്കാർ അധീനതയിലുള്ള ഏജൻസികളാണ് അനുബന്ധ കേസുകൾ അന്വേഷിക്കുന്നത്. ഇതിൽ എൻ.ഐ.എ., സി.ബി.ഐ., കസ്റ്റംസ്, ഇ.ഡി. തുടങ്ങിയ എല്ലാ ഏജൻസികളും അന്വേഷണം നടത്തിവരികയാണ്. സംസ്ഥാന വിഷയമല്ലാത്ത കാര്യത്തിൽ സംസ്ഥാന സർക്കാരിന് ഒരു പ്രത്യേക ഏജൻസിയെക്കൊണ്ട് അന്വേഷിക്കണമെന്ന് ആവശ്യപ്പെടാൻ കഴിയില്ല.

ഞാൻ നേരത്തെ ഇക്കാര്യം ഇവിടെ വ്യക്തമാക്കിയിട്ടുണ്ട്. ഇനി ഞങ്ങളല്ല അന്വേഷിക്കേണ്ടത്, ഇന്ന ഏജൻസി അന്വേഷിക്കണമെന്ന് പറയേണ്ടത് ഈ അന്വേഷണ ഏജൻസികളാണ്. അല്ലെങ്കിൽ ആ വകുപ്പോ, കേന്ദ്രഗവൺമെന്റോ ആണ് പറയേണ്ടത്, ആ ഒരു ഉത്തരവാദിത്വം സംസ്ഥാന സർക്കാർ ഏറ്റെടുക്കേണ്ട യാതൊരാവശ്യവും വരുന്നില്ല. സി.ബി.ഐ. അന്വേഷണം വന്ന സാഹചര്യം ഓർമ്മയുണ്ടല്ലോ? ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിന്റെ പാർട്ടിയിലെ ഒരംഗത്തിന്റെ അടിസ്ഥാനരഹിതമായ പരാതിയുടെ അടിസ്ഥാനത്തിലാണല്ലോ സി.ബി.ഐ., ഇ.ഡി. എന്നിവരൊക്കെ അനുബന്ധ കേസുകൾ എടുത്തിരുന്നത്. അത്തരം കേന്ദ്ര ഏജൻസികൾ ഏത് രീതിയിൽ അന്വേഷിക്കണമെന്ന് ആവശ്യപ്പെടേണ്ടത് സംസ്ഥാന സർക്കാരല്ല. അന്ന് സംസ്ഥാന സർക്കാർ ആവശ്യപ്പെട്ടിട്ടല്ല ആ അന്വേഷണം വന്നത്. സംസ്ഥാന സർക്കാരിന് അതിൽ പ്രത്യേകിച്ചൊന്നും ചെയ്യാനില്ല. അത് കേന്ദ്ര വിഷയമാണ്. കേന്ദ്ര ഏജൻസികൾ അന്വേഷിച്ചുകൊണ്ടിരിക്കുകയുമാണ്. അവർക്ക് എന്തെങ്കിലും പരിമിതികളുണ്ടെങ്കിൽ അവരാണ് അത് വ്യക്തമാക്കേണ്ടത്, അതിൽ

തീരുമാനമെടുക്കേണ്ടത് കേന്ദ്രഗവൺമെന്റാണ്. ഇതാണ് ഇതുമായി ബന്ധപ്പെട്ട് വ്യക്തമാക്കാനുള്ളത്.

മി. സ്പീക്കർ: എന്താണ് ബഹു. പ്രതിപക്ഷനേതാവേ? ഇത് സബ്മിഷനല്ലേ?

ശ്രീ. വി. ഡി. സതീശൻ: സർ, 20 മിനിറ്റെടുത്തല്ലേ സബ്മിഷന് മറുപടി പറഞ്ഞത്. അവാസ്തവമായ ഒരു കാര്യം ഇവിടെ പറഞ്ഞു, അന്വേഷണ ഏജൻസികളെയൊന്നും ബുദ്ധിമുട്ടിച്ചില്ലെന്ന് പറഞ്ഞു. സർക്കാരിന്റെ ഭാഗത്തുവന്ന തെറ്റാണ് ഞങ്ങൾ ചൂണ്ടിക്കാണിച്ചത്. ഒരു പ്രതിയുടെ വെളിപ്പെടുത്തൽ വരുമ്പോൾ നിയമപരമായ മാർഗ്ഗങ്ങൾ സ്വീകരിക്കുന്നതിനുപകരം നിയമവിരുദ്ധമായ മാർഗ്ഗങ്ങൾ ഈ സർക്കാർ സ്വീകരിച്ചു. ആ പ്രതിയെ വിജിലൻസിനെ ഉപയോഗിച്ച് തട്ടിക്കൊണ്ടുപോയി, ഇടനിലക്കാരെവിട്ട് ഈ സ്ത്രീയെ ഭീഷണിപ്പെടുത്തി തുടങ്ങിയ കുറെ കാര്യങ്ങൾ ചെയ്തു.

മി. സ്പീക്കർ: ഈ വിഷയം അടിയന്തരപ്രമേയത്തിൽ ചർച്ച ചെയ്തിരുന്നതാണ്. (....ബഹളം......)

<u>ശ്രീ. വി. ഡി. സതീശൻ</u>: സർ, രണ്ടാമത്തെ പ്രശ്നം, സ്വപ്ന സുരേഷിന്റെ ഗൗരവതരമായ വെളിപ്പെടുത്തലാണ്.

<u>മി. സ്പീക്കർ</u>: അതൊന്നും ആവർത്തിക്കേണ്ടതില്ല. എല്ലാം ചർച്ച ചെയ്തിരുന്നതാണ്.

<u>ശ്രീ. വി. ഡി. സതീശൻ</u>: സർ, രണ്ടുകാര്യംകൂടി പറയാനുണ്ട്.

<u>മി. സ്പീക്കർ</u>: ഈ വിഷയം അടിയന്തരപ്രമേയമായി ചർച്ച ചെയ്തതല്ലേ; സബ്മിഷനിൽ സാധാരണയായി ബഹുമാനപ്പെട്ട അംഗം വിഷയം ഉന്നയിക്കുകയും ബഹുമാനപ്പെട്ട മന്ത്രി മറുപടി പറയുകയുമാണ് പതിവ്.

<u>ശ്രീ. വി. ഡി. സതീശൻ</u>: സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി 20 മിനിറ്റ് സംസാരിച്ചു, എനിക്ക് രണ്ടുമിനിറ്റ് മതി.

<u>മി. സ്പീക്കർ</u>: അങ്ങ് ഇടയ്ക്ക് ഇടപെട്ടതാണ്. അദ്ദേഹം വഴങ്ങുകയാണെങ്കിൽ വിരോധമില്ലായിരുന്നു.

<u>ശ്രീ. വി. ഡി. സതീശൻ</u>: സർ, രണ്ട് മിനിറ്റ്. എന്തിനാണ് ഭയപ്പെടുന്നത്, ബഹുമാനപ്പെട്ട മുഖ്യമന്ത്രി മറുപടി പറയുകയല്ലേ; അദ്ദേഹം മറുപടി പറയുമല്ലോ; മുഖ്യമന്ത്രിയെ നിങ്ങൾക്ക് ഇത്ര വിശ്വാസമില്ലേ? ഒന്നാമത്തെ കാര്യം ഞാൻ പറഞ്ഞു.

<u>മി. സ്പീക്കർ</u>: ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ദയവായി സഹകരിക്കണം.

<u>ശ്രീ. വി. ഡി. സതീശൻ</u>: സർ, രണ്ടാമത്തെ കാര്യം, സ്വപ്ന സുരേഷിന്റെ വെളിപ്പെടുത്തലിന്റെ അടിസ്ഥാനത്തിൽ ഒരന്വേഷണവും നടന്നിട്ടില്ല.

<u>മി. സ്പീക്കർ</u>: പ്ലീസ്. ചെയറിനോട് ദയവായി സഹകരിക്കണം.

<u>ശ്രീ. വി. ഡി. സതീശൻ</u>: സർ, മൂന്നാമത്തെ കാര്യം, ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇപ്പോൾ സൂചിപ്പിച്ച, സി.ബി.ഐ. അന്വേഷിക്കാൻ പാടില്ല; സി.ബി.ഐ. കൂട്ടിലെ തത്തയാണെന്ന് പറഞ്ഞു. ഇതുപോലൊരു കേസിലെ പ്രതിയായ സ്ത്രീയുടെ കയ്യിൽനിന്ന് ആരുമറിയാതെ പരാതി എഴുതി വാങ്ങി മുഖ്യമന്ത്രിയായിരുന്ന ഒരാൾക്കെതിരായി സി.ബി.ഐ. അന്വേഷണത്തിന് ഉത്തരവിട്ട അങ്ങ് ഇപ്പോൾ എന്തിനാണ് സി.ബി.ഐ-യെ പേടിക്കുന്നത്?

(പ്രതിപക്ഷാംഗങ്ങൾ പ്രതിപക്ഷനേതാവിന്റെ സീറ്റിനരികിലേയ്ക്കുവന്നു)

<u>മി. സ്പീക്കർ</u>: ഇതെല്ലാം ചർച്ച ചെയ്തുകഴിഞ്ഞ കാര്യങ്ങളാണ്. ശ്രീ. എ. പി. അനിൽകുമാർ, അങ്ങ് സംസാരിക്കുന്നുണ്ടോ? ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ...(ബഹളം)... ദയവായി ചെയറിനോട് സഹകരിക്കണം.

ശ്രീ. വി. ഡി. സതീശൻ: സർ, മൈക്ക് ഓഫ് ചെയ്തിരിക്കുകയാണ്. മൈക്ക് ഓഫ് ചെയ്യുന്നത് ശരിയല്ല.

മി. സ്പീക്കർ: മൈക്ക് ഓഫ് ചെയ്തിട്ടില്ല. അത് പ്രവർത്തിക്കുന്നുണ്ട്. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് സംസാരിക്കുമ്പോൾ ഒരുഘട്ടത്തിലും മൈക്ക് ഓഫ് ചെയ്യാറില്ല.

ശ്രീ. വി. ഡി. സതീശൻ: സർ, ഞാൻ രണ്ട് മിനിട്ടല്ലേ ചോദിച്ചുള്ളൂ.

മി. സ്പീക്കർ: ബഹുമാന്യരായ അംഗങ്ങൾ സീറ്റിലേയ്ക്ക് പോകണം.

ശ്രീ. വി. ഡി. സതീശൻ: സർ, അവർ എന്നെ തടസ്സപ്പെടുത്തുകയല്ലേ; അവർക്ക് എന്താണ് ഇത്ര പേടി; എന്താ ഇത്ര ഭയം? പണ്ട് സി.ബി.ഐ കൂട്ടിലെ തത്ത ആയിരുന്നില്ലല്ലോ?

മി. സ്പീക്കർ: ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ദയവായി ചെയറിനോട് സഹകരിക്കണം.

ശ്രീ. വി. ഡി. സതീശൻ: സർ, അവർ ഇരുന്നാൽ ഞാൻ അവസാനിപ്പിക്കാം. ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ മേൽനോട്ടത്തിൽ സി.ബി.ഐ. അന്വേഷണം വേണമെന്നുള്ള ആവശ്യത്തിൽ ഞങ്ങൾ ഉറച്ച് നിൽക്കുന്ന....(ബഹളം).....

<u>മി. സ്പീക്കർ</u>: ദയവായി അങ്ങ് അവസാനിപ്പിക്കണം. ശ്രീ. കെ.പി.എ. മജീദ്, അങ്ങ് സംസാരിക്കുന്നുണ്ടോ? ശ്രീ. യു. എ. ലത്തീഫ്, ശ്രീ. കെ. ഡി. പ്രസേനൻ.

(മുഖ്യമന്ത്രിയുടെ മറുപടിയിൽ പ്രതിഷേധിച്ച് പ്രതിപക്ഷാംഗങ്ങൾ ഡയസ്സിനുമുന്നിൽവന്ന് ബാനർ ഉയർത്തിപ്പിടിച്ച് മുദ്രാവാക്യം വിളിച്ച് സഭാനടപടികൾ തടസ്സപ്പെടുത്തിക്കൊണ്ടിരുന്നു.)

(സർവ്വശ്രീ എ. പി. അനിൽ കുമാർ, കെ. പി. എ. മജീദ്, യു. എ. ലത്തീഫ് എന്നീ അംഗങ്ങൾ സീറ്റിലില്ലാതിരുന്നതിനാൽ സബ്മിഷനുകൾ അവതരിപ്പിക്കപ്പെട്ടില്ല.)

(2) <u>സബ്കനാലുകളുടെയും ഫീൽഡ് ചാലുകളുടെയും നവീകരണം</u>

<u>ശ്രീ. കെ. ഡി. പ്രസേനൻ</u>: സർ, പാലക്കാട് ജില്ലയിലെ ലക്ഷക്കണക്കിന് വരുന്ന നെൽകർഷകരും ഏതാണ്ട് മൂന്ന് ലക്ഷത്തോളം വരുന്ന തൊഴിലുറപ്പ് തൊഴിലാളികളും അനുഭവിക്കുന്ന ഒരു പ്രധാനപ്പെട്ട പ്രശ്നത്തിന് പരിഹാരം കാണണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു. നെൽകൃഷിക്കായി പാലക്കാട് ജില്ലയിൽ ഭൂരിപക്ഷവും ഇറിഗേഷൻ വകുപ്പിനെയാണ് ആശ്രയിക്കുന്നത്. ഇറിഗേഷൻ കനാലുകളും

നീർച്ചാലുകളുമെല്ലാം ഇന്ന് മണ്ണ് മൂടികിടക്കുകയാണ്. കഴിഞ്ഞ രണ്ട് വർഷമായി മണ്ണ് നീക്കിക്കൊണ്ടിരുന്നത് തൊഴിലുറപ്പ് തൊഴിലാളികളാണ്. ഇപ്പോൾ ദേശീയ തൊഴിലുറപ്പ് നിയമത്തിലെ വകുപ്പുകളുടെ പേരിൽ പ്രവൃത്തി തടസ്സപ്പെട്ടുത്തിയിരിക്കുകയാണ്. ഇത് തൊഴിലുറപ്പ് തൊഴിലാളികളെ പട്ടിണിയിലേയ്ക്ക് കൊണ്ടുചെന്നെത്തിക്കുന്നൊരു ഘടകമായി മാറുകയാണ്. അതുകൊണ്ട് ഇക്കാര്യത്തിൽ അടിയന്തരമായി സർക്കാർ ഇടപെടണം. വർഷത്തിൽ ഒരു തവണയെങ്കിലും സബ്കനാലുകൾ, നീർച്ചാലുകൾ എന്നിവയുടെ ശുചീകരണപ്രവൃത്തി തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്താനുള്ള ഉത്തരവുണ്ടാകണം. അതിവർഷത്തിന്റെ ഭാഗമായി തകർന്ന മൺകയ്യാലകൾ പുനർനിർമ്മിക്കാനും സംസ്ഥാന ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് പ്രത്യേക ഉത്തരവുണ്ടാകണമെന്ന് അഭ്യർത്ഥിക്കുകയാണ്.

തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ): സർ, മറുപടി മേശപ്പുറത്തുവയ്ക്കുന്നു.+

## (3) കണ്ണമാലിയിൽ വില്ലേജ് ഓഫീസ്

ശ്രീ. കെ. ജെ. മാക്സി: സർ, കൊച്ചി താലൂക്കിലെ കുമ്പളങ്ങി വില്ലേജിന്റെ പടിഞ്ഞാറ് ഭാഗത്ത് സ്ഥിതിചെയ്യുന്ന കണ്ടക്കടവ് മുതൽ

+ അനുബന്ധമായി ചേർക്കുന്നു.

പള്ളുരുത്തി വില്ലേജിന്റെയും രാമേശ്വരം വില്ലേജിന്റെയും പടിഞ്ഞാറ് ഭാഗത്തുള്ള ചെറിയ കടവ് മുതൽ മാനാശ്ശേരി വരെയുള്ള തീരദേശത്തെ ജനങ്ങൾക്ക് ഉപകാരപ്രദമായതും അവരുടെ ദൈനംദിന പ്രവൃത്തികൾക്ക് പരിഹാരമാകുന്നതിനുമായിട്ടുള്ള കണ്ണമാലി വില്ലേജ് രൂപീകരണം യാഥാർത്ഥ്യമാക്കണം. ഇതുവഴി രാമേശ്വരം, പള്ളുരുത്തി, കുമ്പളങ്ങി വില്ലേജുകളിലെ ജോലിഭാരം ലഘൂകരിക്കാനും സാധിക്കും. കടൽക്ഷോഭംമൂലമുണ്ടാകുന്ന തീരദേശവാസികളുടെ പ്രശ്നങ്ങൾ സർക്കാർ തലത്തിൽ കൊണ്ടുവരുന്നതിനും സാധിക്കും.

(പ്രതിപക്ഷാംഗങ്ങൾ മുദ്രാവാക്യം വിളിച്ച് സഭാനടപടികൾ തടസ്സപ്പെടുത്തിക്കൊണ്ടിരുന്നു.)

മി. സ്പീക്കർ: മുദ്രാവാക്യം രേഖയിൽ വരില്ല. പറയുന്നത് മാത്രമേ വരികയുള്ളൂ.

ശ്രീ. കെ. ജെ. മാക്സി: സർ, ജനസാന്ദ്രതയുള്ള ഈ പ്രദേശത്തിന് അത് ആശ്വാസകരമാകുന്നതാണ്. 16 കിലോമീറ്റർ മാത്രം ദൈർഘ്യം വരുന്ന കണ്ണമാലി വില്ലേജ് എത്രയും പെട്ടെന്ന് രൂപീകരിക്കണമെന്ന് സബ്മിഷനിലൂടെ ഞാൻ ആവശ്യപ്പെടുകയാണ്.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, മറുപടി മേശപ്പുറത്തുവയ്ക്കുന്നു.+

## (4) കഴക്കൂട്ടം സിവറേജ് പദ്ധതി

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, ആമയിഴഞ്ചാൻ തോട്ടിൽ അടിഞ്ഞുകൂടിയിട്ടുള്ള മാലിന്യക്കൂമ്പാരമാണ് തിരുവനന്തപുരം നഗരത്തിലെ വെള്ളക്കെട്ടിന് കാരണമെന്ന വസ്തുത അങ്ങേയ്ക്കും ബോദ്ധ്യമുള്ളതാണ്. ഇതിനുപുറമേ സിവറേജ് സംവിധാനം നിലവിലില്ലാത്തതിനാൽ വീടുകളിലെ കക്കൂസ് മാലിന്യം തോടുകളിലേയ്ക്ക് ഒഴുക്കിവിടുന്നതുനിമിത്തം മാലിന്യം നിറഞ്ഞ കറുത്ത നിറത്തിലുള്ള വെള്ളമാണ് ഇതിലൂടെ ഒഴുകുന്നത്. മഴക്കാലത്ത് തിരുവനന്തപുരം നഗരം അനുഭവിക്കേണ്ടിവരുന്ന ഈ ദുരിതം പരിഹരിക്കുന്നതിനായി ഡ്രെയിനേജ് സംവിധാനം ഏർപ്പെടുത്തി ഈ തോടിന് ശാപമോക്ഷം നൽകുന്നതിനായി കഴിഞ്ഞ ഗവൺമെന്റ് നടത്തിയ പരിശ്രമങ്ങളുടെ ഫലമായി 127 കോടി രൂപ ചെലവിൽ കഴക്കൂട്ടം-മുട്ടത്തറ സിവറേജ് പ്രോജക്ട്, 37 കോടി രൂപ ചെലവിൽ കണ്ണമ്മൂല-ആക്കുളം ആമയിഴഞ്ചാൻ തോട് നവീകരണം, 185 കോടി രൂപ ചെലവിൽ ആക്കുളം

+ അനുബന്ധമായി ചേർക്കുന്നു.

കായൽ പുനരുജ്ജീവനം എന്നീ പദ്ധതികൾ നടപ്പിലാക്കിവരികയാണ്. ആമയിഴഞ്ചാൻതോടിന് കണ്ണമ്മൂല മുതൽ നെല്ലിക്കുഴി പാലം വരെ ശരാശരി 35 മീറ്റർ വീതിയുണ്ട്. നെല്ലിക്കുഴി പാലം മുതൽ ആക്കുളം വരെ റീസർവ്വേ നടത്തിയിട്ടില്ല. ഈ പ്രദേശങ്ങളിൽ തോടും തോടുപുറമ്പോക്കും വ്യാപകമായി കയ്യേറിയിട്ടുണ്ട്. മേൽപ്പറഞ്ഞ സിവറേജ് പ്രോജക്ടിന്റെ ഭാഗമായി ഇടത്തറ പമ്പിംഗ് സ്റ്റേഷൻ മുതൽ കിംസ് പാലം വരെ ആമയിഴഞ്ചാൻ തോടിന്റെ സൈഡിലൂടെ മെയിൻ ലൈൻ സ്ഥാപിക്കേണ്ടതായിട്ടുണ്ട്. ടി പ്രവൃത്തി ആരംഭിക്കുന്ന വേളയിലാണ് ഈ പ്രദേശത്തെ ഭൂവുടമകൾ നടത്തിയിട്ടുള്ള വ്യാപകമായ കയ്യേറ്റം ശ്രദ്ധയിൽപ്പെട്ടത്. ടി ഭാഗത്ത് തോടിന്റെ ശരാശരി വീതി 18 മുതൽ 20 മീറ്റർ മാത്രമാണ്. ഈ ഭാഗത്ത് സിവറേജ് ലൈൻ ഇടുന്നത് കയ്യേറ്റക്കാർ തടസ്സപ്പെടുത്തിയപ്പോൾ ഉദ്യോഗസ്ഥർ അക്കാര്യം എന്റെ ശ്രദ്ധയിൽപ്പെടുത്തുകയും ഞാൻ നാട്ടുകാരോടൊപ്പം സ്ഥലം സന്ദർശിക്കുകയും കയ്യേറ്റം ബോദ്ധ്യപ്പെടുകയും ചെയ്തു. കയ്യേറ്റത്തെ ന്യായീകരിക്കുകയും സിവറേജ് പണി നടത്താൻ അനുവദിക്കാതിരിക്കുകയും ചെയ്യുന്ന കയ്യേറ്റക്കാരുടെ നിലപാടിൽ പ്രകോപിതരായ നാട്ടുകാർ കുറച്ച് ഭാഗത്തെ കയ്യേറ്റം ഒഴിപ്പിച്ചു. ഇതേത്തുടർന്ന് ഭൂവുടമകൾ എന്നെയും

കൗൺസിലറെയും ഉദ്യോഗസ്ഥരെയും പ്രതിയാക്കി തിരുവനന്തപുരം അഡീഷണൽ മുൻസിഫ് കോടതിയിൽ സിവറേജ് വർക്ക് സ്റ്റേ ചെയ്യുന്നതിന് കേസ് ഫയൽ ചെയ്തു. സംസ്ഥാനത്തെ ഭൂമിയുടെ ഉടമസ്ഥാവകാശമുള്ള റവന്യൂ വകുപ്പിന്റെ ജില്ലാ മേലധികാരിയായ തിരുവനന്തപുരം ജില്ലാ കളക്ടറോട് കേസിൽ കക്ഷി ചേർന്ന് കയ്യേറിയിട്ടുള്ള ഭൂമി തിരിച്ചുപിടിച്ച് സർക്കാർ താൽപ്പര്യം സംരക്ഷിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്ന എന്റെയും ജില്ലാ ഗവൺമെന്റ് പ്ലീഡറുടെയും അഭ്യർത്ഥന മുഖവിലയ്ക്കെടുക്കാൻ തയ്യാറാകുന്നില്ല. ഇത് ഞങ്ങളുടെ ഭൂമിയല്ല എന്നാണ് ടിയാളുടെ വാദം. ഭൂമിയുടെ യഥാർത്ഥ അധികാരി റവന്യൂ വകുപ്പാണ് എന്ന പരിമിതമായ അറിവ് മാത്രമേ എനിക്കുള്ളൂ. ബഹുമാനപ്പെട്ട കോടതി നിർദ്ദേശാനുസരണം 20-ാം തീയതിക്കകം റവന്യൂ വകുപ്പ് ടി കേസിൽ കക്ഷി ചേരുന്നതിനുള്ള അപേക്ഷ കോടതിയിൽ സമർപ്പിക്കാതിരുന്നാൽ കോടതി ടി പ്രവൃത്തി സ്റ്റേ ചെയ്യുകയും 127 കോടി രൂപ ചെലവിൽ നടപ്പിലാക്കി വരുന്ന ടി പ്രവൃത്തിയും തിരുവനന്തപുരം നഗരത്തിലെ വെള്ളക്കെട്ടിനും സിവറേജ് മാലിന്യ നിർമ്മാർജ്ജനത്തിനും ആമയിഴഞ്ചാൻ തോട്, ആക്കുളം കായൽ എന്നിവ മാലിന്യ വിമുക്തമാക്കുന്നതിനുമായി സർക്കാർ

നടപ്പിലാക്കുന്ന ഫ്ലാഗ്ഷിപ്പ് പ്രോജക്ടുകളും അവതാളത്തിലാകുമെന്ന ആശങ്ക എനിക്കുണ്ട്. ഈ സാഹചര്യത്തിൽ അങ്ങയുടെ ഇടപെടൽ അടിയന്തരമായി ഈ വിഷയത്തിലുണ്ടാകുകയും കയ്യേറ്റം നടത്തിയ മുഴുവൻ സ്ഥലങ്ങളും തിരിച്ചുപിടിക്കുന്നതിനും കയ്യേറ്റക്കാർക്ക് സഹായകമാകുന്ന ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ നിലപാട് തിരുത്തുന്നതിനും കോടതി അനുവദിച്ചിട്ടുള്ള സമയത്തിനകം റവന്യൂ വകുപ്പ് കക്ഷി ചേരുന്നതിനുള്ള അപേക്ഷ കോടതിയിൽ സമർപ്പിച്ച് കാര്യങ്ങൾ ബോദ്ധ്യപ്പെടുത്തുന്നതിനും തോടും തോടുപുറമ്പോക്കും അതിർത്തി നിർണ്ണയിച്ച് കല്ലിട്ട് സർക്കാർ താൽപ്പര്യം സംരക്ഷിക്കുന്നതിനാവശ്യമായ നടപടികൾ അടിയന്തരമായി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, മറുപടി മേശപ്പുറത്തുവയ്ക്കാം.

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, അങ്ങ് മറുപടി പറയണം.

മി. സ്പീക്കർ: മറുപടി ചുരുക്കിപ്പറഞ്ഞാൽ മതി. പ്രസക്തമായ കാര്യങ്ങൾ മാത്രം പറഞ്ഞാൽ മതിയാകും.

ശ്രീ. കെ. രാജൻ: സർ, തഹസിൽദാരുടെ പ്രാഥമിക റിപ്പോർട്ടിൽ തർക്കസ്ഥലം സ്വകാര്യഭൂമിയാണെന്ന് റിപ്പോർട്ട് ചെയ്തിട്ടുണ്ടെങ്കിൽക്കൂടി സർവ്വെ ടീമിനെ അടിയന്തരമായി നിയോഗിച്ച് ഭൂമിയുടെ ഉടമസ്ഥത സംബന്ധിച്ച് വ്യക്തത വരുത്തി സർക്കാർ ഭൂമിയാണെന്ന് കാണുന്നപക്ഷം ബഹുമാനപ്പെട്ട കോടതിയിൽ സത്യവാങ്മൂലം സമർപ്പിക്കാനാവശ്യമായിട്ടുള്ള നടപടികൾ സ്വീകരിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ കേസിൽ സർക്കാരിന് കൂടുതലായി പ്രതികളെ ചേർക്കാനുള്ള അഫിഡവിറ്റ് ഫയൽ ചെയ്യാനാവശ്യമായ നടപടികൾ സ്വീകരിക്കുകയും ചെയ്യും. വിശദമായ മറുപടി മേശപ്പുറത്തുവയ്ക്കുന്നു.+

മി.സ്പീക്കർ: സബ്മിഷൻ ഒന്നോ രണ്ടോ വാചകത്തിൽ ഉന്നയിക്കണം....(ബഹളം).....

## (5) കോതമംഗലത്ത് പ്രകൃതിക്ഷോഭംമൂലമുള്ള നാശനഷ്ടം

ശ്രീ. ആന്റണി ജോൺ: സർ, ഇത് എന്ത് പ്രതിപക്ഷമാണ്. പ്രധാനപ്പെട്ട വിഷയങ്ങളാണ് സബ്മിഷനിലൂടെ അംഗങ്ങൾ സഭയുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നത്. അതുപോലും അവതരിപ്പിക്കാൻ അനുവദിക്കുന്നില്ലെന്ന് പറയുമ്പോൾ ജനാധിപത്യവിരുദ്ധമായ നടപടിയല്ലേ

+ അനുബന്ധമായി ചേർക്കുന്നു.

ഇവർ സ്വീകരിക്കുന്നത്? എനിക്കിവിടെ അവതരിപ്പിക്കാനുള്ള വിഷയം ഏറെ സമയമെടുത്താലും വിവരിക്കാൻ കഴിയുന്നതിനുമപ്പുറമുള്ളതാണ്. ജൂലൈ മാസം 13-ാം തീയതി കോതമംഗലത്തുണ്ടായ കൊടുങ്കാറ്റിൽ കനത്ത നാശനഷ്ടമാണ് ആ പ്രദേശത്തുണ്ടായിട്ടുള്ളത്. എഴുപതോളം വീടുകൾക്ക് തകർച്ച സംഭവിക്കുകയും ഏക്കർകണക്കിന് കൃഷി നശിക്കുകയും ചെയ്തു. പ്രദേശത്തെ കർഷകർ ഇന്ന് പ്രതീക്ഷയറ്റ നിലയിലാണ്. അവിടത്തെ പല മനുഷ്യരും രക്ഷപ്പെട്ടത് ഭാഗ്യംകൊണ്ടുമാത്രമാണ്.

മി.സ്പീക്കർ: യെസ്... യെസ്... ചുരുക്കി പറയൂ.

ശ്രീ. ആന്റണി ജോൺ: സർ, വലിയപാറ, മലയിൻകീഴ്, തങ്കളം, രാമല്ലൂർ, പൊത്തുകുഴി, നെല്ലിമറ്റം, ഗോമേന്തപ്പടി ഉൾപ്പെടെയുള്ള പ്രദേശങ്ങളിൽ കാറ്റ് കനത്ത നാശമാണ് വിതച്ചിട്ടുള്ളത്. കാറ്റ് നാശം വിതച്ചുവെന്ന് പറയുമ്പോൾ ഒരു മരമൊടിഞ്ഞ് വീഴുകയല്ല ഉണ്ടായിട്ടുള്ളത്. കാറ്റിന്റെ ശക്തിയിൽ വലിയ മരങ്ങളൊടിഞ്ഞ് മീറ്ററുകളോളം അകലെയുള്ള പ്രദേശങ്ങളിലാണ് വന്നുപതിച്ചിട്ടുള്ളത്. കാർഷിക മേഖലയിൽ മാത്രമല്ല വീടുകൾക്കും കനത്ത നാശനഷ്ടങ്ങളുണ്ടായിട്ടുണ്ട്. അന്ന് നിയമസഭാ

സമ്മേളനം നടക്കുന്ന ദിവസമായിരുന്നു. ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രിയുടേയും കൃഷി വകുപ്പുമന്ത്രിയുടേയും ശ്രദ്ധയിൽ ആ വിഷയം കൊണ്ടുവന്നിരുന്നു. കൃഷിനാശം സംഭവിച്ച കർഷകർക്ക് അർഹമായ നഷ്ടപരിഹാരം വേഗത്തിൽ കൊടുക്കണമെന്നാണ് എനിക്ക് ഈ സബ്മിഷനിലൂടെ ഉന്നയിക്കാനുള്ളത്. ....(ബഹളം)....

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, വളരെ ഗൗരവമുള്ള ഒരു പ്രശ്നമാണിത്. രാജ്ഭവനിലേയ്ക്ക് നടത്തേണ്ട ഈ മാർച്ച് സ്പീക്കറുടെ ഡയസ്സിന് മുന്നിലേയ്ക്ക് നടത്തുന്നത് ഒഴിവാക്കിയാൽ നല്ലതായിരുന്നു. വളരെ ഗൗരവമായി മറുപടി പറയേണ്ട വിഷയമാണിത്. ചുഴലിക്കാറ്റ് ഗുരുതരമായ പ്രശ്നമായിരുന്നു. ബഹുമാനപ്പെട്ട അംഗത്തിന്റെ നിയോജകമണ്ഡലത്തിൽ മാത്രമല്ല, കേരളത്തിന്റെ വിവിധ മേഖലകളിലും ഈ ചുഴലിക്കാറ്റുണ്ടായിട്ടുണ്ട്. ബഹുമാനപ്പെട്ട അംഗം ഉന്നയിച്ച നാശനഷ്ടം സംബന്ധിച്ച അന്തിമറിപ്പോർട്ട് ഒരാഴ്ചയ്ക്കുള്ളിൽ സമർപ്പിക്കാൻ ബന്ധപ്പെട്ട എല്ലാ വകുപ്പ് മേധാവികൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. എസ്.ഡി.ആർ.എഫ്-ന്റെ പരിധിയിൽനിന്ന് അടിയന്തരമായി നഷ്ടപരിഹാരം നൽകുന്നതാണ്. അക്കാര്യത്തിൽ

ബഹുമാനപ്പെട്ട അംഗം നല്ലരീതിയിലുള്ള ഇടപെടൽ നടത്തിയിട്ടുണ്ടെന്നുള്ളത് യാഥാർത്ഥ്യമാണ്. ഇത്തരം പ്രശ്നങ്ങളിൽ കൂട്ടായി ഇടപെടുന്നതിനുപകരം അംഗങ്ങൾ ഉന്നയിക്കുന്ന പ്രശ്നങ്ങളിൽനിന്ന് പ്രതിപക്ഷം ശ്രദ്ധതിരിക്കുന്നത് ദുഃഖകരമാണ്.

മി. സ്പീക്കർ: സീറ്റിലിരിക്കുന്ന സർവ്വശ്രീ മുഹമ്മദ് മുഹസിൻ, സി. എച്ച്. കുഞ്ഞമ്പു, തോമസ് കെ. തോമസ്, എൻ. കെ. അക്ബർ, പി. എസ്. സുപാൽ, കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ, പി. നന്ദകുമാർ, ഡോ. എൻ. ജയരാജ് എന്നീ അംഗങ്ങളുടെ സബ്മിഷനുകൾ ഉന്നയിച്ചതായി പരിഗണിക്കുന്നു. ബഹുമാനപ്പെട്ട മന്ത്രിമാർ മറുപടികൾ മേശപ്പുറത്തുവയ്ക്കണമെന്നും അഭ്യർത്ഥിക്കുന്നു.+ ....(ബഹളം)....

## 12.12 p.m.

## VI ചട്ടം 300 അനുസരിച്ചുള്ള പ്രസ്താവന

സംസ്ഥാന താൽപ്പര്യങ്ങൾ സംരക്ഷിക്കേണ്ടതിന്റെ ആവശ്യകത

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, ഇത് വളരെ ദീർഘമായൊരു പ്രസ്താവനയാണ്. ....(ബഹളം).... വാസ്തവത്തിൽ സഭാരേഖകളിൽ വരേണ്ടതും വളരെ പ്രധാനപ്പെട്ടൊരു

\+ അനുബന്ധമായി ചേർത്തിട്ടുണ്ട്.

കാര്യവുമാണ്. ഇത് പ്രതിപക്ഷവും കേൾക്കുന്നത് വളരെ നല്ലതാണ്. ഇത് കേരളത്തിന്റെ പൊതുവിഷയമാണ്. ….(ബഹളം)….

1. കഴിഞ്ഞ കുറച്ചുവർഷങ്ങളായി, ഇന്ത്യൻ ഭരണഘടന വിഭാവന ചെയ്യുന്ന ഫെഡറൽ സാമ്പത്തിക സംവിധാനത്തെ അട്ടിമറിക്കാൻ കേന്ദ്രസർക്കാർ നിരന്തരമായ ശ്രമങ്ങൾ നടത്തിവരുന്നു. ഇത് പല വഴികളിലൂടെയാണ് ചെയ്തുവരുന്നത്. ഒന്നാമതായി, സംസ്ഥാന താൽപ്പര്യങ്ങളെ പ്രതികൂലമായി ബാധിക്കുന്നതരത്തിൽ ഭരണഘടനയിലെ വ്യവസ്ഥകൾ തെറ്റായി വ്യാഖ്യാനിക്കുന്നു. രണ്ടാമതായി, ധനകാര്യകമ്മീഷൻ വഴിയും ഇതരമാർഗ്ഗങ്ങൾ വഴിയുമുള്ള ധനകൈമാറ്റത്തിൽ കുറവ് വരുത്തുന്നു. കൂടാതെ, കേന്ദ്ര ഏജൻസികൾ, പ്രത്യേകിച്ച് റെഗുലേറ്ററി ഏജൻസികളായ കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ ഓഫ് ഇന്ത്യ (സി.&എ.ജി.), ആദായനികുതി വകുപ്പ്, എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റ് തുടങ്ങിയ സർക്കാരിന്റെ പ്രത്യക്ഷമോ പരോക്ഷമോ ആയ നിയന്ത്രണത്തിലുള്ളവയെ കേന്ദ്ര സർക്കാരിന്റെ

താൽപ്പര്യങ്ങൾക്കനുസൃതമായി ഉപയോഗിച്ചുകൊണ്ട് സംസ്ഥാനങ്ങളെ വിധേയപ്പെടുത്താൻ ഉപയോഗിക്കുന്നു.

2. ഈ ശ്രമങ്ങളിൽ പലതും പൊതുവെ സംസ്ഥാന താൽപ്പര്യങ്ങൾക്ക് എതിരും അവയിൽ പലതും പ്രത്യേകിച്ച് കേരളത്തിന്റെ പുരോഗതിയെ അട്ടിമറിക്കുന്നതിന് കാരണമാകുന്നതുമാണ്.

3. ഈ സഭയിൽ ഞാൻ പല തവണ സൂചിപ്പിച്ചതുപോലെ, കേന്ദ്ര സർക്കാരിന്റെ തുടർച്ചയായ അവഗണനയുടെ ഫലമായി കേരളത്തിന്റെ വികസനത്തെ ദുർബ്ബലപ്പെടുത്തുന്നവിധത്തിൽ അങ്ങേയറ്റം സമ്മർദ്ദം നിറഞ്ഞ സാമ്പത്തികസ്ഥിതിയാണ് കേരളം ഇന്ന് അഭിമുഖീകരിക്കുന്നത്. ഏകദേശം 7,000 കോടി രൂപയുടെ റവന്യൂ കമ്മി ഗ്രാന്റ് കുറവുവരുത്തിയതും സംസ്ഥാനത്തിന് ലഭിക്കേണ്ട 12,000 കോടിയോളം രൂപയുടെ ജി.എസ്.ടി. നഷ്ടപരിഹാരം തുടർന്ന് നൽകാൻ കേന്ദ്ര സർക്കാർ വിസമ്മതിച്ചതും സംസ്ഥാനത്തിന്റെ സാമ്പത്തികാരോഗ്യത്തെ സാരമായി ബാധിച്ചിട്ടുണ്ട്.

4. ഇതിനുപുറമേ, സംസ്ഥാനത്തിന് ലഭിക്കേണ്ട വായ്പാപരിധിയിൽ കുറവ് വരുത്തി 3.5 ശതമാനമാക്കി. ഇതുകൂടാതെ കിഫ്ബി, കേരള സ്റ്റേറ്റ് സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡ് (KSSPL) എന്നീ സ്ഥാപനങ്ങളുടെ പ്രവർത്തനത്തിനായി നൽകുന്ന ഗ്യാരന്റി സർക്കാരിന്റെ കടബാധ്യതയായി നിർവ്വഹിച്ചതുമൂലം 14,000 കോടി രൂപ സർക്കാരിന്റെ കടമായി വിലയിരുത്തിയിരിക്കുകയാണ്. ഇതുമൂലം ഈവർഷം 3,578 കോടി രൂപയുടെ കുറവ് കടമെടുപ്പ് പരിധിയിൽ വരുത്തി. ഇത്തരത്തിൽ 2021-22-നെ അപേക്ഷിച്ച് ഏകദേശം 23,000 കോടി രൂപയുടെ കുറവാണ് ഈ സാമ്പത്തിക വർഷത്തിൽ മാത്രം കേന്ദ്ര നിലപാടുകാരണം വന്നിരിക്കുന്നത്. പാവപ്പെട്ടവർക്കുള്ള ക്ഷേമപദ്ധതികൾ, ഭവനം, വിദ്യാഭ്യാസം, ആരോഗ്യം എന്നിവയുൾപ്പെടെയുള്ള ചെലവുകൾ കണ്ടെത്തുന്നതിന് ഇതുമൂലം ബുദ്ധിമുട്ടുണ്ടാകും. സംസ്ഥാനങ്ങൾ പൊതുവെയും കേരളം വിശേഷിച്ചും അഭിമുഖീകരിക്കുന്ന യാഥാർത്ഥ്യങ്ങളോടുള്ള കേന്ദ്രസർക്കാരിന്റെ നിസ്സംഗതമൂലമുള്ള ഈ സാമ്പത്തിക സമ്മർദ്ദം, കഴിഞ്ഞ

കുറേദശകങ്ങളായി സംസ്ഥാനം കഠിനാധ്വാനം ചെയ്ത് കെട്ടിപ്പടുത്ത സാമൂഹിക-സാമ്പത്തിക സുരക്ഷാ സംവിധാനത്തിന്റെ ഭദ്രതയ്ക്ക് പ്രഹരമേൽപ്പിക്കും. ഈ സഭ അംഗീകരിച്ച ബഡ്ജറ്റിൽ വിഭാവന ചെയ്തിട്ടുള്ള വിവിധ വികസന പദ്ധതികൾക്കും സാമൂഹ്യ സുരക്ഷാ പെൻഷൻ, ലൈഫ് മിഷൻ, വിദ്യാഭ്യാസം, ആരോഗ്യം എന്നിവയടക്കമുള്ള സർക്കാരിന്റെ പ്രതിജ്ഞാബദ്ധമായ ചെലവുകൾ നിർവ്വഹിക്കുന്നതിനും ഇത് ഭീഷണിയാകും.

5. സംസ്ഥാന സർക്കാരുകളെ ഇങ്ങനെ സാമ്പത്തിക സമ്മർദ്ദത്തിലാക്കുമ്പോൾതന്നെ, 2015-2019 കാലയളവിൽ കോർപ്പറേറ്റുകളുടെ കടം ഏതാണ്ട് 7.94 ലക്ഷം കോടി രൂപയോളം കേന്ദ്ര സർക്കാർ എഴുതിത്തള്ളുകയുണ്ടായി. ഇതുകൂടാതെയാണ് കോർപ്പറേറ്റുകൾക്ക് വർഷംതോറും നൽകുന്ന ഭീമമായ നികുതി ഇളവുകൾ. കോവിഡ് മഹാമാരി കാരണം രാജ്യത്ത് ഉടലെടുത്ത കടുത്ത സാമ്പത്തിക പ്രതിസന്ധിയുടെ പശ്ചാത്തലത്തിൽപോലും സാമ്പത്തിക സഹായം വർദ്ധിപ്പിക്കണമെന്ന സംസ്ഥാനത്തിന്റെ അഭ്യർത്ഥനകളോട് കേന്ദ്ര സർക്കാർ കണ്ണടച്ചിരിക്കുകയാണ്.

6. സംസ്ഥാനത്തിന്റെ സാമ്പത്തിക ബുദ്ധിമുട്ടുകൾ തരണം ചെയ്യാനും പ്രധാന വികസന-ക്ഷേമ പദ്ധതികൾ നടപ്പാക്കാനും സർക്കാർ സ്വീകരിച്ച മാർഗ്ഗങ്ങളിൽ ചിലതാണ് കേരള ഇൻഫ്രാസ്ട്രക്ച്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡും (കിഫ്ബി) കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ കമ്പനിയും. ഇവ സംബന്ധിച്ച നിയമങ്ങൾ സഭ ഐകകണ്ഠ്യേന പാസ്സാക്കിയത് ഓർക്കുമല്ലോ. ഇത്തരം വികസന-ക്ഷേമ ശ്രമങ്ങളെപ്പോലും മനഃപൂർവ്വം ദുർബ്ബലപ്പെടുത്താൻ കേന്ദ്ര സർക്കാർ ആസൂത്രിതനീക്കം നടത്തുന്നു.

7. 2022 മാർച്ച് 31-ന് കേന്ദ്ര ധനമന്ത്രാലയം സംസ്ഥാനങ്ങളുടെ നിയമപരമായ വായ്പാ അധികാരങ്ങൾ വെട്ടിക്കുറയ്ക്കുന്ന ഒരു ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി. കിഫ്ബി, കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡ് (കെ.എസ്.എസ്.പി.എൽ.) പോലുള്ള സ്പെഷ്യൽ പർപ്പസ് വെഹിക്കിളുകളുടെ (എസ്.പി.വി.) കടമെടുക്കൽകൂടി സംസ്ഥാനത്തിന്റെ അറ്റ വായ്പാ പരിധിയിലുൾപ്പെടുത്തും എന്നാണ് ഇതിൽ നിഷ്കർഷിച്ചിട്ടുള്ളത്. ഈ ലക്ഷ്യത്തോടെയാണ് ഭരണഘടനയുടെ ആർട്ടിക്കിൾ 293(3)-ന്റെ ഇദംപ്രഥമവും എന്നാൽ നിയമവിരുദ്ധവുമായ വ്യാഖ്യാനം കേന്ദ്ര സർക്കാർ സ്വീകരിച്ചത്. എന്നാൽ ഇങ്ങനെ ചെയ്യുമ്പോഴും

തങ്ങളുടെ വികസന പദ്ധതികൾ നടപ്പാക്കുന്നതിനും തിരിച്ചടവിന് ധനസഹായം നല്കുന്നതിനും കേന്ദ്ര സർക്കാരിന്റെ സമാന ഏജൻസികളെയും പൊതുമേഖലാ സ്ഥാപനങ്ങളെയും ബോധപൂർവ്വം ഒഴിവാക്കിയിട്ടുണ്ട്.

8. ഈ നിലപാടിന്റെ അടിസ്ഥാനത്തിൽ റിസർവ് ബാങ്ക് പുതിയൊരു സർക്കുലർ പുറപ്പെടുവിക്കാൻ നിർബന്ധിതമായി (DOR.CRE.REC.No.47/13.03.00/2022-23 dated 14th June, 2022). വികസന പദ്ധതികൾക്കായി സംസ്ഥാന സർക്കാർ ഏജൻസികൾ ധനസഹായം നൽകുന്ന എല്ലാ ബാങ്കുകളെയും ഈ സർക്കുലർ പരിമിതപ്പെടുത്തി. അങ്ങനെ, വയബിലിറ്റി ഗ്യാപ്പ് ഫണ്ടിംഗ് വഴി പദ്ധതികൾ ഏറ്റെടുക്കാനുള്ള സംസ്ഥാന സർക്കാരുകളുടെ ഭരണഘടനാദത്തമായ അധികാരം എടുത്തുമാറ്റപ്പെട്ടു. ലൈഫ് മിഷൻവഴി വിജയകരമായി നടന്നുകൊണ്ടിരിക്കുന്ന ഭവനപദ്ധതിക്കായി വായ്പ സമാഹരിക്കുന്നതുപോലും തടസ്സപ്പെടുന്ന രീതിയാണ് കണ്ടുവരുന്നത്. ഭരണഘടന വിഭാവന ചെയ്യുന്ന സാമ്പത്തികാധികാരങ്ങളെ അട്ടിമറിക്കാനുള്ള കേന്ദ്ര സർക്കാരിന്റെ ശ്രമങ്ങൾ ഒറ്റരാത്രികൊണ്ട് ഉയർന്നുവന്നതല്ലെന്ന് ഞാൻ ഈ സഭയെ അറിയിച്ചുകൊള്ളുന്നു.

<u>സംസ്ഥാനത്തിന്റെ പൊതു അക്കൗണ്ടിൽ ഭരണഘടനാ വിരുദ്ധമായ നിയന്ത്രണങ്ങൾ</u>

9. 2017 ആഗസ്റ്റ് 28-ന് ധനമന്ത്രാലയം ഭരണഘടന അനുശാസിക്കുന്ന എഴുപത് വർഷം പാരമ്പര്യമുള്ള ഫെഡറൽ ധനഘടനയെയും അതുവരെ നിലനിന്നിരുന്ന കീഴ്‌വഴക്കങ്ങളെയും കാറ്റിൽ പറത്തിക്കൊണ്ട് ഒരു ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി. അതിലൂടെ സംസ്ഥാനത്തിന്റെ മൊത്തം കടമെടുപ്പ് പരിധി കണക്കാക്കുന്നതിന് പബ്ലിക് അക്കൗണ്ടിൽ (പൊതു കണക്ക്) ബാക്കിയുള്ള തുകകൂടി ഉൾപ്പെടുത്താൻ തീരുമാനിച്ചു. ഒരു സംസ്ഥാനത്തിന്റെ പബ്ലിക് അക്കൗണ്ട് എന്നത് ഇന്ത്യൻ ഭരണഘടനയുടെ ആർട്ടിക്കിൾ 266 പ്രകാരമുള്ള സൃഷ്ടിയാണ്. ഭരണഘടനയുടെ ആർട്ടിക്കിൾ 283 സംസ്ഥാന നിയമസഭ പാസ്സാക്കുന്ന നിയമപ്രകാരം സംസ്ഥാനങ്ങൾക്ക് അതിന്റെ പൊതു അക്കൗണ്ട് നിയന്ത്രിക്കുന്നതിനുള്ള അധികാരങ്ങൾ നൽകുന്നു. സംസ്ഥാനത്തിന്റെ പബ്ലിക് അക്കൗണ്ട് അതിന്റെ ആഭ്യന്തര സാമ്പത്തിക ഇടപാടുകളെയാണ് പ്രതിഫലിപ്പിക്കുന്നത്. ഭരണഘടനാപരമായി സംസ്ഥാനം ഇക്കാര്യത്തിൽ ഒരു ബാങ്കറുടെ പങ്കാണ് നിർവ്വഹിക്കുന്നത്.

10. സംസ്ഥാന പുനഃസംഘടനാ വ്യവസ്ഥകൾ പ്രകാരം, സംസ്ഥാനത്തിന്റെ പബ്ലിക് അക്കൗണ്ടിന് കീഴിലുള്ള കേരളത്തിന്റെ ട്രഷറി സേവിംഗ്സ് ബാങ്കിന്റെ പ്രവർത്തനം അനുവദനീയമാണെന്നുള്ളത് ഞാൻ ഈ സഭയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു. കഴിഞ്ഞ 75 വർഷമായി കേരളത്തിൽ മാറിമാറി വന്ന സർക്കാരുകൾ സംസ്ഥാനത്തിന്റെ പബ്ലിക് അക്കൗണ്ടിനുള്ളിൽനിന്നുകൊണ്ട് സുസ്ഥിരമായി ട്രഷറി സേവിംഗ്സ് ബാങ്ക് പ്രവർത്തനങ്ങൾ നടത്തിവരുന്നു. പബ്ലിക് അക്കൗണ്ടിന്റെ പ്രവർത്തനങ്ങൾ പരിമിതപ്പെടുത്തുന്ന കേന്ദ്ര സർക്കാരിന്റെ ഇപ്പോഴത്തെ നടപടികൾ ഭരണഘടനാ വ്യവസ്ഥകളുടെ ലംഘനവും ഇന്ത്യൻ യൂണിയനിൽ അംഗത്വമെടുത്ത കാലംമുതൽ സംസ്ഥാനം അനുഭവിച്ചുവന്നിരുന്ന പ്രത്യേകാവകാശങ്ങൾ ഹനിക്കുന്നതുമാണ്.

## ഇന്ത്യൻ ഭരണഘടനയുടെ ആർട്ടിക്കിൾ 293(3), 293(4) എന്നിവയുടെ നിയമസാധുതയില്ലാത്ത വ്യാഖ്യാനങ്ങൾ

11. എക്സ്പെൻഡിച്ചർ വകുപ്പിന്റെ 31.3.2022-ലെ 40(2)PF-S/2022-23 നമ്പർ കത്തിൽ, 2022 സാമ്പത്തികവർഷത്തെ അറ്റവായ്പാ പരിധിയെക്കുറിച്ചുള്ള പുതുക്കിയ നിർദ്ദേശങ്ങൾ അടങ്ങിയിരിക്കുന്നു.

ഇനി മുതൽ ഇന്ത്യൻ ഭരണഘടനയുടെ ആർട്ടിക്കിൾ 293(3) പ്രകാരം വായ്പയെടുക്കാനുള്ള അനുമതി നൽകുമ്പോൾ സംസ്ഥാന ബഡ്ജറ്റിൽ നിന്നോ സംസ്ഥാന വരുമാനങ്ങളായ നികുതികൾ, സെസ്സുകൾ എന്നിവയിൽനിന്നോ മുതലോ പലിശയോ ഒടുക്കണം എന്ന നിലയിൽ സംസ്ഥാന പൊതുമേഖലാ കമ്പനികൾ/കോർപ്പറേഷനുകൾ, എസ്.പി.വി-കൾ, സമാനമായ മറ്റ് സ്ഥാപനങ്ങൾ എന്നിവ എടുക്കുന്ന ഏതുകടവും സംസ്ഥാനത്തിന്റെ കടമായി കണക്കാക്കേണ്ടതുണ്ടെന്ന് വ്യവസ്ഥ ചെയ്തിരിക്കുന്നു.

12. കേന്ദ്ര സർക്കാരിന്റെ ഈ പുതുക്കിയ നിർദ്ദേശങ്ങൾ ഇന്ത്യൻ ഭരണഘടനയുടെ ആർട്ടിക്കിൾ 293(3), 293(4) എന്നിവയുടെ ഉദ്ദേശ്യലക്ഷ്യങ്ങളുടെ കടുത്ത ലംഘനമാണ്. ഭരണഘടനയുടെ ആർട്ടിക്കിൾ 293(3) വായ്പാ സമാഹരണത്തിനുള്ള സംസ്ഥാനങ്ങളുടെ അധികാരത്തെ വ്യവസ്ഥാപിതമായി കടിഞ്ഞാണിടുന്നു എന്നതിൽ സംശയമില്ല. ഈ വ്യവസ്ഥപ്രകാരം കേന്ദ്ര സർക്കാർ സംസ്ഥാനത്തിന് നൽകിയ വായ്പയുടെ ഏതെങ്കിലും ഭാഗം തിരിച്ചടയ്ക്കാൻ ബാക്കി നിൽക്കുന്നുണ്ടെങ്കിൽ, അല്ലെങ്കിൽ കേന്ദ്ര സർക്കാരിന്റെ ഗ്യാരന്റി

നൽകിയിട്ടുണ്ടെങ്കിൽ, കേന്ദ്ര സർക്കാരിന്റെ അനുമതിയില്ലാതെ യാതൊരു വായ്പയും സംസ്ഥാന സർക്കാരുകൾ സമാഹരിക്കാൻ പാടുള്ളതല്ല. ഈ വ്യവസ്ഥ സംസ്ഥാന സർക്കാരുകളുടെ കടമെടുക്കലിന് മാത്രമേ ബാധകമാകു. സംസ്ഥാന സർക്കാരിന്റെ ഏജൻസികൾക്കും സ്ഥാപനങ്ങൾക്കും ഇവ ബാധകമല്ല. സ്റ്റാറ്റ്യൂട്ടറി ബോഡികളും കമ്പനികളും പോലെയുള്ള സംസ്ഥാന സർക്കാരിന്റെ മറ്റ് സ്ഥാപന സംവിധാനങ്ങളുടെ ബാധ്യതകൾ, ഭരണഘടനയുടെ പ്രസ്തുത അദ്ധ്യായത്തിൽ വിഭാവന ചെയ്യുന്ന സംസ്ഥാന കടത്തിന്റെ നിർവ്വചനത്തിൽ വരുന്നില്ല. ഭരണഘടനയുടെ ആർട്ടിക്കിൾ 12-ലെ 'സ്റ്റേറ്റ്' എന്നതിന്റെ നിർവ്വചനം ഭരണഘടനയുടെ മൂന്നാം ഭാഗത്തിലെ വ്യവസ്ഥകൾക്ക് മാത്രമേ ബാധകമാകു. ഭരണഘടനയുടെ ആർട്ടിക്കിൾ 293-ൽ നിർവ്വചിച്ചിരിക്കുന്ന 'സ്റ്റേറ്റ്' എന്നത് ഭരണഘടനയുടെ ഷെഡ്യൂൾ 1-മായി ചേർത്ത് വായിക്കേണ്ട ഭരണഘടനയുടെ ആർട്ടിക്കിൾ 1(2) പ്രകാരം നിർവ്വചിച്ചിരിക്കുന്ന 'സ്റ്റേറ്റ്' എന്ന് വ്യാഖ്യാനിക്കേണ്ടതുണ്ട്.

13. ഫെഡറലിസം ഭരണഘടനയുടെ അടിസ്ഥാന സ്വഭാവമാണെന്നും ഒരു നിയമവും ഫെഡറൽ സ്വഭാവത്തെ ഹനിക്കുന്നതാവരുതെന്നും എസ്.ആർ. ബൊമ്മൈ Vs യൂണിയൻ ഓഫ് ഇന്ത്യ (1994)-ലെ വിധിയിൽ സുപ്രീംകോടതി അസന്നിഗ്ദ്ധമായി പ്രസ്താവിച്ചിട്ടുണ്ട്. ഭരണഘടനയുടെ ഫെഡറൽ സ്വഭാവത്തെ മറികടക്കുന്ന തരത്തിൽ ആർട്ടിക്കിൾ 293-ന്റെ ഏത് വ്യാഖ്യാനവും അനുവദനീയമല്ലെന്നും അത് ഭരണഘടനയുടെ തീവ്രമായ ലംഘനമായിരിക്കുമെന്നും സുപ്രീംകോടതിയുടെ വ്യാഖ്യാനത്തിൽനിന്ന് വ്യക്തമാകും. ധനമന്ത്രാലയത്തിന്റേതായാലും റിസർവ് ബാങ്കിന്റേതായാലും കംപ്ട്രോളർ ആൻഡ് ഓഡിറ്റർ ജനറലിന്റേതായാലും അവയുടെ ഭരണഘടനാവിരുദ്ധമായ എല്ലാ നിർദ്ദേശങ്ങളും കേന്ദ്ര സർക്കാരിനെയും അതിന്റെ ഏജൻസികളെയും സൂക്ഷ്മമായി ഒഴിവാക്കുകയും അവയുടെ താല്പര്യങ്ങൾ പൂർണ്ണമായും സംരക്ഷിക്കുകയും ചെയ്യുന്നുവെന്ന് കാണാവുന്നതാണ്. ഉദാഹരണത്തിന്, കേന്ദ്ര സർക്കാരിന്റെ വികസനലക്ഷ്യങ്ങൾ നിറവേറ്റുന്നതിനായി കേന്ദ്ര പൊതുമേഖലാ കോർപ്പറേഷനുകൾക്കും നിയമാനുസൃത

സ്ഥാപനങ്ങൾക്കും ഇഷ്ടാനുസരണം കടമെടുക്കാം. ഇത് വിവേചനമാണ്.

റിസർവ് ബാങ്ക് ഓഫ് ഇന്ത്യയുടെ നടപടികൾ

14. മുകളിൽ സൂചിപ്പിച്ച ജൂൺ 14, 2022-ന് റിസർവ് ബാങ്ക് ഓഫ് ഇന്ത്യ പുറപ്പെടുവിച്ച DOR.CRE.REC.NO.47/13.03.00/2022-23 സർക്കുലർ അത്തരം കടുത്ത വിവേചനത്തെ വ്യക്തമായി പ്രതിഫലിപ്പിക്കുന്നു. ആർ.ബി.ഐ. സർക്കുലർ പ്രകാരം, പ്രോജക്ടിൽ നിന്നുള്ള പണംകൊണ്ട് മുഴുവൻ തിരിച്ചടവും ഉറപ്പാക്കാവുന്ന പദ്ധതികൾക്ക് മാത്രമേ ബാങ്കുകൾക്ക് ധനസഹായം നൽകാൻ കഴിയൂ. ഈ വാദം ഉപയോഗിച്ചാൽ സംസ്ഥാന ബഡ്ജറ്റിൽ നിന്നുള്ള വയബിലിറ്റി ഗ്യാപ്പ് ഫണ്ടിംഗിന്റെ (വി.ജി.എഫ്.) പിന്തുണയുള്ളതിനാൽ വിഴിഞ്ഞം തുറമുഖ പദ്ധതിപോലെയുള്ള ഒരു പദ്ധതി കേരള സർക്കാരിന് ഏറ്റെടുക്കാനാവില്ല.

15. തിരിച്ചടവ് ഉറപ്പുനൽകാത്ത വായ്പകൾക്ക് ബാങ്കുകൾ ധനസഹായം നൽകുന്നില്ലെന്ന് ഉറപ്പുവരുത്തേണ്ടത് ആർ.ബി.ഐ-യുടെ ചുമതലയാണ്. എന്നാൽ റിസർവ് ബാങ്ക്

നിയമപരമായ അതിന്റെ അധികാരസീമകൾ മറികടന്നുകൊണ്ട് സംസ്ഥാനങ്ങൾ തങ്ങളുടെ ഏജൻസികൾ, കോർപ്പറേഷനുകൾ, നിയമാനുസൃത സ്ഥാപനങ്ങൾ, യൂട്ടിലിറ്റികൾ എന്നിവ മുഖേന വികസന സംരംഭങ്ങൾക്ക് ധനസഹായം നൽകുന്നതിൽ ബാങ്കുകളെ നിയമവിരുദ്ധമായി നിയന്ത്രിക്കാനുള്ള കേന്ദ്ര സർക്കാരിന്റെ നിർദ്ദേശമാണ് പിന്തുടരുന്നത്. ബാങ്കുകളുടെമേലുള്ള ആർ.ബി.ഐ-യുടെ ഈ നിയന്ത്രണങ്ങൾ സംസ്ഥാന സർക്കാരുകളുടെ പദ്ധതികൾക്കുവേണ്ടി മാത്രമുള്ളതാണ്. കേന്ദ്ര സർക്കാർ അതിന്റെ പൊതുമേഖലാ ഏജൻസികളും കോർപ്പറേഷനുകളും മുഖേന ഏറ്റെടുക്കുന്ന പദ്ധതികൾക്ക് ഈ നിയന്ത്രണങ്ങൾ ബാധകമാക്കുന്നില്ല എന്നതാണ് വിരോധാഭാസം.

16. ഭരണഘടന വിഭാവനം ചെയ്യുന്ന ഫെഡറൽ സംവിധാനത്തെ നേരിട്ട് അട്ടിമറിക്കാനുള്ള ശ്രമങ്ങളാണിവയെങ്കിൽ, രാഷ്ട്രീയ ലക്ഷ്യങ്ങൾ നിറവേറ്റുന്നതിനായി കേന്ദ്ര സർക്കാർ അതിന്റെ നിയന്ത്രണത്തിലുള്ള ഏജൻസികളെ ദുരുപയോഗം ചെയ്യുന്ന

സംഭവപരമ്പരകളുടെ ഒരു രേഖാചിത്രമാണ് ഇനി ഞാൻ പരാമർശിക്കുന്നത്.

(1) <u>സി.&എ.ജി.-യുടെ സംസ്ഥാന ധനകാര്യ റിപ്പോർട്ടുകൾ</u>

i. 2019-20 കാലയളവിൽ, സി.&എ.ജി-യുടെ കീഴിലുള്ള അക്കൗണ്ടന്റ് ജനറലിന്റെ ഓഫീസ്, അതിന്റെ ഓഡിറ്റിനെ KIIFB എതിർക്കുന്നുവെന്ന തെറ്റായ ചില വാദങ്ങളുന്നയിച്ചു. 1971-ലെ കംപ്ട്രോളർ ആൻഡ് ഓഡിറ്റർ ജനറലിന്റെ (ഡ്യൂട്ടീസ്, പവേഴ്സ് ആന്റ് കണ്ടീഷൻസ് ഓഫ് സർവ്വീസ്) ആക്ട് പ്രകാരം, സംസ്ഥാന ബഡ്ജറ്റിൽനിന്ന് ഗ്രാന്റ് ലഭിക്കുന്ന ഏതൊരു സ്ഥാപനത്തെയും ഓഡിറ്റ് ചെയ്യാൻ സി.&എ.ജി-ക്ക് സമ്പൂർണ്ണവും അനിയന്ത്രിതവുമായ അവകാശമുണ്ടെന്ന് സംസ്ഥാന സർക്കാർ തുടക്കം മുതൽതന്നെ വ്യക്തമായ നിലപാട് സ്വീകരിച്ചിരുന്നു. സി.&എ.ജി. നടത്തുന്ന കിഫ്ബിയുടെ ഓഡിറ്റിനെ സംസ്ഥാന സർക്കാർ സ്വാഗതം ചെയ്തിരുന്നു. മുകളിൽ പറഞ്ഞ നിയമത്തിലെ ക്ലോസ് 14 പ്രകാരം കിഫ്ബിയുടെ ഓഡിറ്റ് സി.&എ.ജി. ആരംഭിച്ചു. ഓഡിറ്റ് സുഗമമാക്കുന്നതിന് കിഫ്ബി എല്ലാ പിന്തുണയും സൗകര്യങ്ങളും

നൽകി. നിർഭാഗ്യവശാൽ, സി.&എ.ജി-യുടെ ഓഡിറ്റ് സുഗമമായി പുരോഗമിക്കുമ്പോൾപോലും അതിന്റെ അക്കൗണ്ടുകളും സാമ്പത്തിക ഇടപാടുകളും ഓഡിറ്റ് ചെയ്യാൻ സി.&എ.ജി-യെ കിഫ്ബി അനുവദിക്കുന്നില്ല എന്ന ധാരണ മാധ്യമങ്ങളിൽ പ്രചരിപ്പിച്ചു.

ii. സി.&എ.ജി. ഓഡിറ്റിനെ കിഫ്ബി എതിർക്കുന്നുവെന്ന തെറ്റായ വിവരം മാധ്യമങ്ങളിൽ പ്രചരിച്ചപ്പോഴേയ്ക്കും 2020 മാർച്ചിൽ അവസാനിക്കുന്ന വർഷത്തേയ്ക്കുള്ള സ്റ്റേറ്റ് ഫിനാൻസ് സംബന്ധിച്ച ഓഡിറ്റ് സി.&എ.ജി. പൂർത്തിയാക്കിയിരുന്നു. ഈ റിപ്പോർട്ടിൽ അടങ്ങിയിരുന്ന പല പരാമർശങ്ങളും യുക്തിസഹമായിരുന്നില്ല. അവ സംസ്ഥാന സർക്കാരിന്റെ പ്രതിച്ഛായയെയും കിഫ്ബി, പെൻഷൻ കമ്പനി എന്നിവയുടെ പ്രവർത്തനങ്ങളെയും പ്രതികൂലമായി ബാധിക്കുന്നവയായിരുന്നു. ഇത്തരം പരാമർശങ്ങൾ, കിഫ്ബിക്ക് വിപണിയിൽനിന്ന് ഫണ്ട് സമാഹരിക്കാനുള്ള കഴിവിനെയും ഗണ്യമായ ബ്രാൻഡിംഗിനെയും തകർക്കാൻ ലക്ഷ്യമിട്ടുള്ളവയായിരുന്നു എന്നുവേണം കരുതാൻ.

iii. കേരളത്തിന്റെ സംസ്ഥാന ധനകാര്യത്തെക്കുറിച്ചുള്ള സി.&എ.ജി-യുടെ റിപ്പോർട്ട് ഈ നിയമസഭയുടെ മുമ്പാകെ വച്ചു. നിയമപരമായും ഭരണഘടനാപരമായും നിലനിൽക്കാത്തതും സാങ്കേതികമായി തെറ്റായതുമായ പരാമർശങ്ങൾ സ്വീകരിക്കേണ്ടതില്ലെന്ന് സഭ തീരുമാനിക്കുകയും അത്തരം മാറ്റങ്ങളോടെ സി.&എ.ജി-യുടെ റിപ്പോർട്ടുകൾ അംഗീകരിക്കുകയും ചെയ്തു.

iv. എന്നിരുന്നാലും, ഈ സഭയുടെ പ്രമേയത്തെ മാനിക്കാതെ, സംസ്ഥാന ധനകാര്യ റിപ്പോർട്ടിലെ സി.&എ.ജി-യുടെ തെറ്റായതും അടിസ്ഥാനരഹിതവുമായ അഭിപ്രായങ്ങൾ കിഫ്ബി, കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡ് പോലുള്ള സംസ്ഥാന സർക്കാർ ഏജൻസികളുടെ വായ്പകൾ അനുവദിക്കാതിരിക്കാനുള്ള കാരണമായി കേന്ദ്ര ധനമന്ത്രാലയം ഉപയോഗിച്ചു. ഈ സഭ നിരസിച്ച സി.&എ.ജി-യുടെ തെറ്റായ റിപ്പോർട്ടാണ് കേന്ദ്ര ധനകാര്യ മന്ത്രാലയത്തിന്റെ ഇപ്പോഴുള്ള നിർദ്ദേശങ്ങൾക്ക് തുടക്കംകുറിച്ചത്. കിഫ്ബിയിൽ തുടങ്ങി ഇപ്പോൾ 60 ലക്ഷത്തോളം വരുന്ന പാവപ്പെട്ടവരുടെ ക്ഷേമപെൻഷൻ വിതരണം ചെയ്യുന്ന

കെ.എസ്.എസ്.പി.എൽ.-ന്റെ പ്രവർത്തനത്തെയും തടസ്സപ്പെടുത്തുകയാണ്. ഭാവിയിൽ ലൈഫ് പദ്ധതിയുൾപ്പെടെയുള്ള ക്ഷേമപ്രവർത്തനങ്ങളെ ഈ നയം തടസ്സപ്പെടുത്തുമെന്ന ആശങ്ക അസ്ഥാനത്തല്ല.

(2) <u>എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റിന്റെ അന്വേഷണങ്ങൾ</u>

i. 2019 മാർച്ചിൽ പുറത്തിറക്കിയ മസാല ബോണ്ടിലൂടെ വിദേശ വാണിജ്യ വായ്പകളായി 2,150 കോടി രൂപ വിജയകരമായി കിഫ്ബി സമാഹരിച്ചിരുന്നു. 1999-ലെ ഫോറിൻ എക്സ്ചേഞ്ച് മാനേജ്മെന്റ് ആക്ട് നിഷ്കർഷിച്ച എല്ലാ അനുമതികളും നേടിയശേഷമാണ് അന്ന് പ്രസ്തുത മസാല ബോണ്ടുകൾവഴി കിഫ്ബി പണം സമാഹരിച്ചത്. മസാല ബോണ്ട്വഴി ഫണ്ട് സ്വരൂപിക്കുന്ന ആദ്യ സംസ്ഥാന സർക്കാർ ഏജൻസിയായി കിഫ്ബി ചരിത്രത്തിൽ ഇടം നേടി. ഇത് അന്താരാഷ്ട്ര തലത്തിൽ കിഫ്ബിക്ക് വളരെയധികം മതിപ്പ് നേടിത്തരുകയും തന്മൂലം അന്താരാഷ്ട്ര ആഭ്യന്തര നിക്ഷേപകർക്കിടയിൽ കിഫ്ബിയുടെ സ്ഥാനം ഉയരുവാൻ സഹായിക്കുകയും ചെയ്തു. ഈ ബോണ്ടുകൾ ലണ്ടൻ സ്റ്റോക്ക് എക്സ്ചേഞ്ചിലും സിംഗപ്പൂർ സ്റ്റോക്ക് എക്സ്ചേഞ്ചിലും

വിജയകരമായി ലിസ്റ്റ് ചെയ്യപ്പെട്ടു. മസാല ബോണ്ടിലൂടെ വായ്പ സമാഹരിച്ച കേന്ദ്ര ഏജൻസികൾകൂടിയുണ്ട് എന്നതാണ് വസ്തുത. എൻ.എച്ച്.എ.ഐ. (3,000 കോടി), എൻ.റ്റി.പി.സി. (4,000 കോടി), ഐ.ആർ.ഇ.ഡി.എ. (1,950 കോടി) മുതലായവ ഇതിൽ ഉൾപ്പെടുന്നു.

ii. 2021 ഫെബ്രുവരി 3-ന് 1999-ലെ ഫെമ ആക്ട് പ്രകാരം കിഫ്ബിയുടെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർക്ക് എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റ് സമൻസ് അയയ്ക്കുകയുണ്ടായി. എന്നാൽ സമൻസിന്റെ കാരണമോ അന്വേഷണവിഷയമോ വ്യക്തമാക്കിയിരുന്നില്ല.

iii. കിഫ്ബിയെ പ്രതിനിധീകരിച്ച് ജോയിന്റ് ഫണ്ട് മാനേജർ എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റ് ആവശ്യപ്പെട്ട എല്ലാ രേഖകളും സമർപ്പിച്ചു. 2021 ഫെബ്രുവരി 17, 2021 ഫെബ്രുവരി 25, 2021 മാർച്ച് 1, 2022 ജൂലൈ 19 എന്നീ തീയതികളിലായി ഇതിനകം നാലുതവണ അവർ കൊച്ചിയിലെ എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റിന് മുന്നിൽ ഹാജരാകേണ്ടി വന്നു. ചോദ്യം ചെയ്യുന്ന ഉദ്യോഗസ്ഥർ ആഗ്രഹിച്ച ഉത്തരങ്ങൾ പറയുവാൻ പ്രേരിപ്പിക്കുന്ന ശക്തമായ സമ്മർദ്ദവും അവർക്ക് നേരിടേണ്ടി വന്നുവെന്നാണ് മനസ്സിലാക്കുന്നത്.

iv. 2021 ഡിസംബർ 15-ന് ചീഫ് എക്സിക്യൂട്ടീവ് ഓഫീസറെ നേരിട്ട് ചോദ്യം ചെയ്യുന്നതിനായി കൊച്ചിയിലെ എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റിലേയ്ക്ക് വിളിപ്പിച്ചു. മസാല ബോണ്ടിന്റെ പേപ്പർ വർക്ക് കൈകാര്യം ചെയ്ത കിഫ്ബിയിലെ മറ്റ് ഉദ്യോഗസ്ഥരെയും ഒന്നിലധികം തവണ വിപുലമായ ചോദ്യം ചെയ്യലിന് വിധേയമാക്കി.

v. ഖേദകരമെന്ന് പറയട്ടെ, മുകളിൽ സൂചിപ്പിച്ച ചോദ്യംചെയ്യലുകളുടെ പരമ്പരയിൽ ചോദ്യം ചെയ്യലിന്റെ ഉദ്ദേശ്യത്തെക്കുറിച്ചോ അന്വേഷിക്കുന്ന വിഷയത്തെക്കുറിച്ചോ ഒരു വ്യക്തതയുമുണ്ടായിരുന്നില്ല എന്നാണ് മനസ്സിലാക്കുന്നത്. എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റ് ആവശ്യപ്പെട്ട ആയിരക്കണക്കിന് പേജുകൾ വരെയുള്ള എല്ലാ രേഖകളും ഈ ഓരോ അവസരത്തിലും ആ അന്വേഷണ ഏജൻസിക്ക് യഥാവിധി നൽകിയിട്ടുമുണ്ട്.

vi. കിഫ്ബിക്ക് അത്തരം സമൻസുകൾ ലഭിക്കുന്നതിന് മുമ്പുതന്നെ, ഈ അന്വേഷണം സംബന്ധിച്ച അറിയിപ്പുകൾ പലപ്പോഴും മാധ്യമങ്ങൾക്ക് നൽകിയിരുന്നുവെന്നത് ആശങ്കാജനകമായൊരു വസ്തുതയാണ്. ഈ ചോദ്യംചെയ്യലുകളും വാർത്താചോർച്ചകളും 2021 ഏപ്രിലിൽ

നടക്കാനിരുന്ന നിയമസഭാ തെരഞ്ഞെടുപ്പിന് തൊട്ടുമുമ്പുള്ള മാസങ്ങളിലായിരുന്നു. അതുകൊണ്ടുതന്നെ കേന്ദ്ര സർക്കാരിന്റെ രാഷ്ട്രീയലക്ഷ്യങ്ങൾ ലാക്കാക്കിയുള്ള അന്വേഷണങ്ങളായിരുന്നു ഇതെന്ന് സംശയിപ്പിക്കുന്നതാണ്.

vii. എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റിനെ ദുരുപയോഗം ചെയ്യുന്നതിന്റെ ഏറ്റവും പുതിയ ഉദാഹരണമാണ് മുൻ ധനകാര്യ വകുപ്പുമന്ത്രിയും കിഫ്ബി വൈസ് ചെയർപേഴ്സണുമായിരുന്ന ഡോ. ടി. എം. തോമസ് ഐസക്കിന് സമൻസ് അയച്ചത്. 2022 ജൂലൈ 12-ാം തീയതി വച്ചുള്ള ഈ സമൻസ് 2022 ജൂലൈ 18-ന് മാത്രമാണ് അദ്ദേഹത്തിന് ലഭിച്ചത്. സമൻസ് ഡോ. ടി. എം. തോമസ് ഐസക്കിന് യഥാസമയം ലഭിച്ചില്ലെങ്കിലും ഒരു പ്രമുഖ മലയാള ദിനപത്രം സമൻസ് സംബന്ധിച്ച വാർത്ത കാലേക്കൂട്ടി റിപ്പോർട്ട് ചെയ്തുവെന്നത് ശ്രദ്ധേയമാണ്. സംസ്ഥാന സർക്കാരിനെ അപകീർത്തിപ്പെടുത്താനും അതിന്റെ വികസന അജണ്ടയും പുരോഗതിയും തടയാനുള്ള ഗൂഢമായ ശ്രമമാണിത്.

(3) <u>ആദായനികുതി വകുപ്പിന്റെ നടപടികൾ</u>

i. സംസ്ഥാന സർക്കാരിനെതിരായ കേന്ദ്ര ഏജൻസികളുടെ ലക്ഷ്യംവച്ചുള്ള ആക്രമണങ്ങളിലും ദുരുപയോഗത്തിലും മറ്റൊരു ദൗർഭാഗ്യകരമായ സംഭവവികാസമാണ് കിഫ്ബിക്കെതിരായ ആദായ നികുതി വകുപ്പിന്റെ നടപടികളിൽ പ്രതിഫലിക്കുന്നത്. സ്പെഷ്യൽ പർപ്പസ് വെഹിക്കിൾസ് (എസ്.പി.വി.) ഏർപ്പെടുത്തിയ കരാറുകാർക്കുള്ള ബില്ലുകളുടെ പേമെന്റിന്റെ ടി.ഡി.എസ്., ഇൻകം ടാക്സ് ആക്ട് 1960-ന്റെ പരിധിയിൽ ഉൾപ്പെടുത്തി അന്വേഷണത്തിന് വിധേയമാക്കിയതായിരുന്നു ഈ നീക്കം.

ii. കിഫ്ബി അംഗീകരിച്ച ഓരോ പ്രോജക്ടിനെയും നിയന്ത്രിക്കുന്ന ഒരു കരാറുണ്ട്. ബന്ധപ്പെട്ട സർക്കാർ വകുപ്പിന്റെ സെക്രട്ടറി, സ്പെഷ്യൽ പർപ്പസ് വെഹിക്കിളിന്റെ (SPV) മേധാവി, കിഫ്ബിയുടെ സി.ഇ.ഒ. എന്നിവർ തമ്മിലാണ് ഈ ത്രികക്ഷി കരാർ. ഈ ത്രികക്ഷി കരാറിന്റെ നിബന്ധനകൾ പ്രകാരം പ്രോജക്ടുകളുടെ നിർമ്മാണം ഏറ്റെടുക്കുന്ന കരാറുകാരനുമായിട്ടുള്ള ഉടമ്പടിയുടെ പൂർണ്ണ ഉത്തരവാദിത്വം എസ്.പി.വി-ക്ക് മാത്രമായിരിക്കും. കൂടാതെ, ടി.ഡി.എസ്.

ഉൾപ്പെടെയുള്ള എല്ലാ നികുതി ബാധ്യതകളും അവർക്ക് നൽകുന്ന ബിൽ തുകയിൽനിന്ന് കിഴിവ് ചെയ്ത് ആദായനികുതി വകുപ്പിന് അടയ്ക്കേണ്ടത് എസ്.പി.വി-യുടെ ചുമതലയാണ്.

iii. ഈ ക്രമീകരണം ആദായനികുതി വകുപ്പിന്റെ അന്വേഷണ വേളയിൽ പലതവണ ശ്രദ്ധയിൽപ്പെടുത്തിയിരുന്നു. എന്നിരുന്നാലും, ഇത് വകവയ്ക്കാതെ കിഫ്ബി ധനസഹായം നൽകുന്ന പദ്ധതികളുടെ നടത്തിപ്പിന് ആധാരമായ ത്രികക്ഷി കരാറിലെ വ്യവസ്ഥകൾ അവഗണിച്ചാണ് ആദായനികുതി വകുപ്പ് കിഫ്ബിക്കെതിരെ നടപടി ആരംഭിച്ചത്.

iv. വളരെ ആശ്ചര്യകരമായ ഈ നീക്കത്തിൽ, കൊച്ചിയിലെ ആദായ നികുതി കമ്മീഷണറുടെ നേതൃത്വത്തിലുള്ള പതിനഞ്ചോളം ഉദ്യോഗസ്ഥർ അടങ്ങുന്ന സംഘം 2021 മാർച്ച് 25-ന് ഉച്ചയ്ക്ക് കിഫ്ബിയുടെ ഓഫീസിൽ മുന്നറിയിപ്പില്ലാതെ കടന്നുവന്ന് അന്വേഷണത്തിന്റെ പേരിൽ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറെയും കിഫ്ബിയിലെ മുതിർന്ന ഉദ്യോഗസ്ഥരെയും രാത്രി 10 മണി വരെ ഏകദേശം പത്ത് മണിക്കൂറോളം തടഞ്ഞുവച്ച് ചോദ്യം ചെയ്തു.

ആദായനികുതി വകുപ്പിന്റെ മൂല്യനിർണ്ണയ അതോറിറ്റി ടി.ഡി.എസ്. അടയ്ക്കുന്നവരിൽനിന്ന് വിവരങ്ങൾ ശേഖരിക്കുന്ന സാധാരണ രീതിയുമായി ഈ രീതി തികച്ചും വ്യത്യസ്തമായിരുന്നു എന്നതാണ് ഇതിനെ സംശയാസ്പദമാക്കുന്നത്.

v. സാധാരണരീതിയിൽ, നികുതിദായകർ അസെസ്സ്മെന്റ് അതോറിറ്റി/ഉദ്യോഗസ്ഥൻ ആവശ്യപ്പെടുന്ന എല്ലാ വിവരങ്ങളും നേരിട്ടോ പ്രതിനിധി വഴിയോ നൽകുകയാണ് ചെയ്യാറുള്ളത്. ഈ കീഴ്‌വഴക്കത്തിന് വിരുദ്ധമായി, കമ്മീഷണറുടെ നേതൃത്വത്തിലുള്ള ഒരു സംഘം കിഫ്ബി സന്ദർശിച്ച് 10 മണിക്കൂറിലധികം ചോദ്യം ചെയ്യുന്നതിനായി അതിലെ ഉദ്യോഗസ്ഥരെ തടഞ്ഞുവയ്ക്കാൻ പ്രേരിപ്പിച്ചത് എന്തിനാണെന്ന് വ്യക്തമല്ല. എന്നിരുന്നാലും, ഒരു റെയ്ഡിന്റെ സ്വഭാവത്തിലുള്ള ഈ ചോദ്യം ചെയ്യൽ മാധ്യമങ്ങളിൽ വിപുലമായി ചർച്ച ചെയ്യപ്പെട്ടു. 2021 ഏപ്രിലിൽ നിയമസഭാ തെരഞ്ഞെടുപ്പിന് പന്ത്രണ്ട് ദിവസം മുമ്പാണ് ഇത് നടന്നത് എന്നതും ശ്രദ്ധേയമാണ്. കൃത്യനിർവ്വഹണത്തിന്റെ ഭാഗമായോ ആദായനികുതി നിയമങ്ങൾക്ക് കീഴിലുള്ള ലക്ഷ്യങ്ങൾ നിറവേറ്റുന്നതിനോ അല്ല, മറിച്ച്

രാഷ്ട്രീയലക്ഷ്യങ്ങളോടെയാണ് അത്തരം നടപടികളുണ്ടായതെന്ന് ഉറപ്പിച്ച് പറയാവുന്നതാണ്. ഈ വിഷയം പിന്നീട് ഹൈക്കോടതിയുടെ മുമ്പാകെ എത്തുകയും അത് സ്റ്റേ ചെയ്യുകയുമുണ്ടായി.

17. ധനകാര്യ വകുപ്പുമന്ത്രി എന്ന നിലയിൽ, ഭരണഘടനയിൽ പ്രതിപാദിച്ചിരിക്കുന്ന ഫെഡറൽ സാമ്പത്തിക ഘടനയുടെ ഇത്തരം കടുത്ത ലംഘനങ്ങൾ ചൂണ്ടിക്കാണിച്ച് കേന്ദ്ര ധനകാര്യ വകുപ്പുമന്ത്രിക്ക് വിശദമായ ഒരു കത്ത് തയ്യാറാക്കി അയയ്ക്കുന്നുണ്ട്.

18. ഇന്ത്യൻ ഭരണഘടനയുടെ അടിസ്ഥാനപ്രമാണങ്ങൾ ഗുരുതരമായ ആക്രമണത്തിന് വിധേയമാകുന്ന ഈ സ്ഥിതിവിശേഷത്തെക്കുറിച്ച് നമ്മളോരോരുത്തരും ശ്രദ്ധാലുക്കളായിരിക്കണമെന്ന് ഞാൻ ഈ സഭയോട് അഭ്യർത്ഥിക്കുന്നു. ഭരണഘടനയുടെ അന്തഃസത്തയെ മാനിക്കാതെ ഫെഡറൽ സംവിധാനത്തെ തകർക്കുന്നതും കേന്ദ്ര സർക്കാരിന്റെ നിയന്ത്രണത്തിലുള്ള വിവിധ ഏജൻസികളെ ദുരുപയോഗം ചെയ്തുകൊണ്ട് സംസ്ഥാനത്തിന്റെ ധനകാര്യ അധികാരങ്ങളെ ഹനിക്കുന്നതുമായ നീക്കങ്ങളാണ് നടക്കുന്നത്.

നമ്മുടെ സംസ്ഥാനത്തിന്റെയും രാജ്യത്തിന്റെയും ഭാവിയെ ബാധിക്കുന്നതും ഫെഡറിലസത്തെ തകർക്കുന്നതുമായ ഈ വിഷയങ്ങൾ ഗൗരവമായ പരിശോധനയ്ക്കായി ഞാൻ ഈ സഭയിൽ സമർപ്പിക്കുന്നു.

സംസ്ഥാനത്തെ ആകെ തകർക്കുന്ന തരത്തിലുള്ള നിലപാടുകളാണ് ഇപ്പോൾ കേന്ദ്ര ഗവൺമെന്റ് സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. അത്തരം നിലപാടുകളെക്കുറിച്ച് ഒരക്ഷരം പറയുവാനോ ഇടപെടാനോ തയ്യാറാകാത്ത പ്രതിപക്ഷത്തിന്റെ നിലപാടിൽ എനിക്ക് അങ്ങേയറ്റം വിഷമമുണ്ട്. .... (ബഹളം).... കേരളത്തെ തകർക്കുന്ന, രാജ്യത്തിന്റെ ഐക്യത്തെ തകർക്കുന്ന നിലപാട് കേന്ദ്ര ഗവൺമെന്റ് എടുക്കുമ്പോൾ അതിന് ഓശാന പാടുന്ന പ്രതിപക്ഷം കേരളത്തിനെ വെല്ലുവിളിക്കുകയും വഞ്ചിക്കുകയുമാണ് ചെയ്യുന്നത്.

<u>മി. സ്പീക്കർ</u>: ബഹുമാനപ്പെട്ട അംഗങ്ങൾ സീറ്റിലേയ്ക്ക് പോകണം. ഇന്നലെ നടത്തിയ ഒരു റൂളിംഗിൽ സഭയിൽ പുലർത്തേണ്ട മര്യാദയെക്കുറിച്ചും കഴിഞ്ഞ ദിവസം വിളിച്ച മുദ്രാവാക്യങ്ങളിലെ സഭ്യതയില്ലായ്മയെക്കുറിച്ചുമൊക്കെ പരാമർശിച്ചതാണ്. 24 മണിക്കൂർ

തികയുന്നതിനുമുമ്പ് അത് ലംഘിക്കുന്നതും സഭ്യേതര മുദ്രാവാക്യങ്ങൾ മുഴങ്ങുന്നതുമാണ് ഇന്ന് കേൾക്കുന്നത്. ....(ബഹളം).... അത് വളരെ നിർഭാഗ്യകരമാണ്. കഴിഞ്ഞ തവണ ഇതേ സമ്മേളനത്തിൽത്തന്നെ ഗൗരവമായ വിഷയങ്ങൾ ഉന്നയിക്കുമ്പോൾ ബഹുമാന്യരായ അംഗങ്ങൾ പലരും ഉദാസീനമായി അതിനോട് പ്രതികരിക്കുന്നതും ശ്രദ്ധിക്കാതിരിക്കുന്നതും ചൂണ്ടിക്കാണിച്ചിരുന്നതുമാണ്. ഇന്ന് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ചട്ടം 300 പ്രകാരം നടത്തിയ പ്രസ്താവന കക്ഷിരാഷ്ട്രീയ പ്രശ്നത്തെ ആസ്പദമാക്കിയുള്ളതല്ല. സംസ്ഥാനത്തെ ആകെ ബാധിക്കുന്ന ഗൗരവമുള്ള ഭരണഘടനാ പ്രശ്നങ്ങൾകൂടി ഉൾപ്പെട്ട പ്രസ്താവനയാണ് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി നടത്തിയത് ....(ബഹളം)..... അത് സഭയിൽ ശാന്തമായ അന്തരീക്ഷത്തിൽ ഭരണ-പ്രതിപക്ഷഭേദമില്ലാതെ എല്ലാവരും കേൾക്കേണ്ടിയിരുന്ന, അതുവഴി സഭമുഖാന്തരം ജനങ്ങളാകെ കേൾക്കേണ്ടിയിരുന്ന ഒരു പ്രസ്താവനയാണ് ....(ബഹളം)..... അതും വളരെ നിർഭാഗ്യകരമായി പോയെന്ന് പറയാൻ ചെയർ ആഗ്രഹിക്കുകയാണ്.

12.18 p.m.}

## VII ഗവൺമെന്റ് പ്രമേയം

### അർഹരായ മുഴുവൻ ജനങ്ങളെയും റേഷൻ സമ്പ്രദായത്തിൽ ഉൾപ്പെടുത്താൻ നടപടി

ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി (ശ്രീ. ജി. ആർ. അനിൽ): സർ, രാജ്യത്ത് ആദ്യമായി സാർവ്വത്രിക റേഷൻ സമ്പ്രദായം നടപ്പിലാക്കിയ സംസ്ഥാനമാണ് കേരളം. സംസ്ഥാനത്തെ ജനങ്ങൾക്ക് സൗജന്യ നിരക്കിൽ ഭക്ഷ്യ ഭദ്രത പ്രദാനം ചെയ്യുന്നതിൽ സാർവ്വത്രിക റേഷൻ സമ്പ്രദായം വലിയ പങ്കുവഹിച്ചിട്ടുണ്ട്. 2013-ലെ ദേശീയ ഭക്ഷ്യ ഭദ്രത നിയമം നടപ്പിലാകുന്നതുവരെ കേരളത്തിൽ സാർവ്വത്രിക റേഷൻ സമ്പ്രദായം നിലനിന്നിരുന്നു. കേന്ദ്ര സർക്കാരിന്റെ ദേശീയ ഭക്ഷ്യ ഭദ്രത നിയമം 2016-ൽ സംസ്ഥാനത്ത് നടപ്പിലാക്കിയതോടുകൂടി കേരളത്തിലെ റേഷൻ സമ്പ്രദായം മുൻഗണനാ വിഭാഗങ്ങൾക്ക് മാത്രമായി പരിമിതപ്പെടുത്താൻ സംസ്ഥാനം നിർബന്ധിതമായി. കേരളത്തിലെ ജനസംഖ്യയുടെ 43 ശതമാനത്തിനുമാത്രമാണ് നിലവിൽ റേഷന് അർഹതയുള്ളതെന്നാണ് കേന്ദ്രസർക്കാർ കണ്ടെത്തിയിട്ടുള്ളത്. ഇതിന്റെയടിസ്ഥാനത്തിൽ കേരളത്തിലെ ഒരു കോടി അമ്പത്തിനാല് ലക്ഷത്തി എൺപതിനായിരത്തി

നാല്പത് പേർ മാത്രമാണ് നിലവിൽ റേഷൻ സമ്പ്രദായത്തിനുകീഴിൽ വരുന്നത്. ഇതോടെ ദേശീയ ഭക്ഷ്യ ഭദ്രത നിയമത്തിന്റെ ആനുകൂല്യത്തിന് അർഹരാകാൻ യോഗ്യതയുള്ള അര ലക്ഷത്തോളം കുടുംബങ്ങൾ മുൻഗണനാ പട്ടിക പ്രകാരമുള്ള റേഷൻ സമ്പ്രദായത്തിന് പുറത്തായിരിക്കുകയാണ്.

ഈ സാഹചര്യത്തിൽ, കേന്ദ്രസർക്കാർ മാനദണ്ഡങ്ങളിൽ ഇളവ് വരുത്തി, കേരളത്തിലെ അർഹരായ മുഴുവൻ ജനവിഭാഗങ്ങളെയും റേഷൻ സമ്പ്രദായത്തിന്റെ പരിധിയിൽ കൊണ്ടുവരുന്നതിനായി മുൻഗണനാ കാർഡുകളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിനും മാർച്ച് 2023 വരെ നിർത്തലാക്കിയ ടൈഡ് ഓവർ ഗോതമ്പ് വിഹിതം, മുൻവർഷങ്ങളിൽ നിരന്തരമായി വെട്ടിക്കുറച്ച മണ്ണെണ്ണ വിഹിതം എന്നിവ പുന:സ്ഥാപിക്കണമെന്നും ഈ സഭ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുന്നു" എന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

<u>ശ്രീ. ജി. ആർ. അനിൽ</u>: സർ, ബഹുമാനപ്പെട്ട ആറ് അംഗങ്ങൾ ഭേദഗതികൾ നിർദ്ദേശിച്ചിരുന്നു. അതിൽ ചില ഭേദഗതികൾ ആശയത്തിനകത്തുള്ളവയായതുകൊണ്ട് അത് ഉൾക്കൊള്ളാവുന്നതാണ്.

താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതികൾ ഞാൻ അവതരിപ്പിക്കുന്നു.

1. ഒന്നാം ഖണ്ഡികയുടെ അവസാന ഭാഗത്ത് അച്ചടി പിശകായി വന്നിട്ടുള്ള 'അരലക്ഷത്തോളം പേർ' എന്നത് 'അഞ്ച് ലക്ഷത്തോളം കുടുംബങ്ങൾ' എന്ന് മാറ്റണം.
2. 'കേന്ദ്ര സർക്കാരിന്റെ ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം 2016-ൽ സംസ്ഥാനത്ത് നടപ്പിലാക്കിയതോടുകൂടി കേരളത്തിലെ റേഷൻ സമ്പ്രദായം മുൻഗണനാ വിഭാഗങ്ങൾക്ക് മാത്രമായി പരിമിതപ്പെടുത്താൻ സംസ്ഥാനം നിർബന്ധിതമായി' എന്ന വാചകം ചുവടെ ചേർക്കും പ്രകാരം ഭേദഗതി വരുത്തണം.

'ദേശീയ ഭക്ഷ്യ ഭദ്രത നിയമം 2016-ൽ സംസ്ഥാനത്ത് നടപ്പിലാക്കിയതോടുകൂടി കേരളത്തിലെ റേഷൻ സമ്പ്രദായം മുൻഗണന വിഭാഗങ്ങൾക്ക് മാത്രമായി കേന്ദ്ര സർക്കാർ പരിമിതപ്പെടുത്തി'.

3. പ്രമേയത്തിന്റെ രണ്ടാം ഖണ്ഡികയിൽ അഞ്ചാമത്തെ വരിയിൽ 'എന്നിവ' യ്ക്കുശേഷം 'അടിയന്തരമായി' എന്ന് ചേർക്കണം.

<u>ശ്രീ. പി. പി. ചിത്തരഞ്ജൻ</u>: സർ, താഴെപ്പറയുന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

പ്രമേയത്തിലെ രണ്ടാമത്തെ ഖണ്ഡികയിൽ അഞ്ചാമത്തെ വരിയിൽ "പുനഃസ്ഥാപിക്കണമെന്നും" എന്ന വാക്കിനുപകരം "പുനഃസ്ഥാപിക്കുന്നതോടൊപ്പം" എന്ന് ചേർത്തതിനുശേഷം "മത്സ്യബന്ധനത്തിനുള്ള മണ്ണെണ്ണയുടെ വിഹിതം വർദ്ധിപ്പിച്ച് വില കുറയ്ക്കുന്നതിനുള്ള നടപടിയും സ്വീകരിക്കുവാൻ" എന്നത് കൂട്ടിച്ചേർക്കണം.

<u>മി. സ്പീക്കർ:</u> ബഹുമാനപ്പെട്ട മന്ത്രി, ഭേദഗതി സ്വീകരിക്കുന്നുണ്ടോ?

<u>ശ്രീ. ജി. ആർ. അനിൽ</u>: സർ, ഔദ്യോഗിക ഭേദഗതികൾ അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. ശ്രീ. പി. പി. ചിത്തരഞ്ജൻ അവതരിപ്പിച്ച ഭേദഗതി സ്വീകരിക്കുന്നു.

<u>മി. സ്പീക്കർ</u>: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതികളും ശ്രീ. പി. പി. ചിത്തരഞ്ജൻ അവതരിപ്പിച്ച ഭേദഗതിയും സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

12.20 p.m.}

**VIII നിയമനിർമ്മാണകാര്യം**

താഴെപ്പറയുന്ന ബില്ലുകളുടെ അവതരണവും അനന്തരഘട്ടങ്ങളും

(i) 2022-ലെ കേരള ധനവിനിയോഗ (7-ാം നമ്പർ) ബിൽ

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, 2022-ലെ കേരള ധനവിനിയോഗ (7-ാം നമ്പർ) ബിൽ ഞാൻ അവതരിപ്പിക്കുന്നു.

മി. സ്പീക്കർ: ബിൽ അവതരിപ്പിച്ചിരിക്കുന്നു.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, 2022-ലെ കേരള ധനവിനിയോഗ (7-ാം നമ്പർ) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: 2022-ലെ കേരള ധനവിനിയോഗ (7-ാം നമ്പർ) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ .......

പ്രതികൂലിക്കുന്നവർ .......

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ പരിഗണനയ്ക്കെടുക്കുന്നു.

2-ഉം 3-ഉം വകുപ്പുകൾ

(ഭേദഗതിയില്ല)

2-ഉം 3-ഉം വകുപ്പുകൾ ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ .......

പ്രതികൂലിക്കുന്നവർ .......

2-ഉം 3-ഉം വകുപ്പുകൾ ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

2-ഉം 3-ഉം വകുപ്പുകൾ ബില്ലിന്റെ ഭാഗമായിരിക്കുന്നു.

പട്ടിക

(ഭേദഗതിയില്ല)

പട്ടിക ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ .......

പ്രതികൂലിക്കുന്നവർ .......

പട്ടിക ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

പട്ടിക ബില്ലിന്റെ ഭാഗമായിരിക്കുന്നു.

1-ാം വകുപ്പും പീഠികയും പേരും

(ഭേദഗതിയില്ല)

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ .......

പ്രതികൂലിക്കുന്നവർ .......

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായിരിക്കുന്നു.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, 2022-ലെ കേരള ധനവിനിയോഗ (7-ാം നമ്പർ) ബിൽ പാസ്സാക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: 2022-ലെ കേരള ധനവിനിയോഗ (7-ാം നമ്പർ) ബിൽ പാസ്സാക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ .......

പ്രതികൂലിക്കുന്നവർ .......

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു. ബിൽ പാസ്സായിരിക്കുന്നു.

(സ്വർണ്ണക്കള്ളക്കടത്ത് കേസ് സംബന്ധിച്ച സബ്മിഷന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി നൽകിയ മറുപടിയിൽ പ്രതിഷേധിച്ച് പ്രതിപക്ഷം ഒന്നടങ്കം മുദ്രാവാക്യം വിളിച്ചുകൊണ്ട് സഭ ബഹിഷ്കരിച്ചു.)

### (ii) 2022-ലെ കേരള ധനവിനിയോഗ (8-ാം നമ്പർ) ബിൽ

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, 2022-ലെ കേരള ധനവിനിയോഗ (8-ാം നമ്പർ) ബിൽ ഞാൻ അവതരിപ്പിക്കുന്നു.

മി. സ്പീക്കർ: ബിൽ അവതരിപ്പിച്ചിരിക്കുന്നു.

<u>ശ്രീ. കെ. എൻ. ബാലഗോപാൽ</u>: സർ, 2022-ലെ കേരള ധനവിനിയോഗ (8-ാം നമ്പർ) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (<u>ശ്രീ. കെ. രാജൻ</u>): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

<u>മി. സ്പീക്കർ</u>: 2022-ലെ കേരള ധനവിനിയോഗ (8-ാം നമ്പർ) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ .......

പ്രതികൂലിക്കുന്നവർ .......

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു. ബിൽ പരിഗണനയ്ക്കെടുക്കുന്നു.

<u>2-ഉം 3-ഉം വകുപ്പുകൾ</u>

(ഭേദഗതിയില്ല)

2-ഉം 3-ഉം വകുപ്പുകൾ ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ .......

പ്രതികൂലിക്കുന്നവർ .......

2-ഉം 3-ഉം വകുപ്പുകൾ ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

2-ഉം 3-ഉം വകുപ്പുകൾ ബില്ലിന്റെ ഭാഗമായിരിക്കുന്നു.

<u>പട്ടിക</u>

(ഭേദഗതിയില്ല)

പട്ടിക ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ .......

പ്രതികൂലിക്കുന്നവർ .......

പട്ടിക ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

പട്ടിക ബില്ലിന്റെ ഭാഗമായിരിക്കുന്നു.

<u>1-ാം വകുപ്പും പീഠികയും പേരും</u>

(ഭേദഗതിയില്ല)

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ .......

പ്രതികൂലിക്കുന്നവർ .......

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായിരിക്കുന്നു.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, 2022-ലെ കേരള ധനവിനിയോഗ (8-ാം നമ്പർ) ബിൽ പാസ്സാക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: 2022-ലെ കേരള ധനവിനിയോഗ (8-ാം നമ്പർ) ബിൽ പാസ്സാക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ .......

പ്രതികൂലിക്കുന്നവർ .......

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു. ബിൽ പാസ്സായിരിക്കുന്നു.

# 12.23 p.m.

## IX അവകാശലംഘന പ്രശ്നങ്ങൾ

### 1. പരിഗണനയിലിരിക്കുന്നവ

മി. സ്പീക്കർ: സ്വർണ്ണക്കടത്ത് കേസ് അട്ടിമറിക്കപ്പെടുന്നത് സംബന്ധിച്ച് 28.6.2022-ൽ സഭയിൽ അവതരിപ്പിച്ച അടിയന്തരപ്രമേയ ചർച്ചാവേളയിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി നിയമസഭയേയും സാമാജികരേയും തെറ്റിദ്ധരിപ്പിക്കാൻ ശ്രമിച്ചെന്നും ഇതിലൂടെ സഭാംഗമെന്ന നിലയിലുള്ള തന്റെയും നിയമസഭയുടെയും സാമാജികരുടെയും പ്രത്യേക അവകാശങ്ങൾ ലംഘിക്കപ്പെട്ടിരിക്കുന്നുവെന്നും കാണിച്ചുകൊണ്ട് ഡോ. മാത്യു കുഴൽനാടൻ, എം.എൽ.എ. സമർപ്പിച്ച അവകാശലംഘന നോട്ടീസ് ചെയറിന്റെ പരിഗണനയിലാണ്.

### 2. അനുമതി നിഷേധിച്ചവ

കേരള നിയമസഭ പാസ്സാക്കിയ ലോകായുക്ത നിയമം ഭരണഘടനാ വിരുദ്ധമാണെന്ന രീതിയിൽ ബഹുമാനപ്പെട്ട നിയമവും വ്യവസായവും കയറും വകുപ്പുമന്ത്രി മാധ്യമങ്ങളോട് പൊതുപ്രസ്താവന നടത്തിയതും സമാന വാദഗതി ഉന്നയിച്ചുകൊണ്ട് സി.പി.ഐ.(എം.) സംസ്ഥാന സെക്രട്ടറി

ശ്രീ. കോടിയേരി ബാലകൃഷ്ണൻ ദേശാഭിമാനി ദിനപത്രത്തിൽ ലേഖനമെഴുതിയതും നിയമസഭയോടുള്ള കടുത്ത അവഹേളനമാകയാൽ പ്രസ്തുത വ്യക്തികൾക്കെതിരെ അവകാശലംഘനത്തിനുള്ള നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ട് ഡോ. മാത്യു കുഴൽനാടൻ, എം.എൽ.എ. ഒരു നോട്ടീസ് നൽകിയിരുന്നു. ചെയർ ഇക്കാര്യത്തിൽ ബഹുമാനപ്പെട്ട മന്ത്രിയുടെയും സി.പി.ഐ.(എം.) സംസ്ഥാന സെക്രട്ടറിയുടെയും പ്രതികരണം ലഭ്യമാക്കുകയുണ്ടായി. നോട്ടീസിലെ വിഷയങ്ങളും ബന്ധപ്പെട്ട വ്യക്തികളുടെ ഇതുസംബന്ധിച്ച മറുപടിയും ചെയർ പരിശോധിച്ചു. നോട്ടീസിൽ പരാമർശിച്ച വിഷയവുമായി ബന്ധപ്പെട്ട് അവകാശലംഘനത്തിന് ഹേതുവാകുന്ന യാതൊരു നടപടിയും ബഹുമാനപ്പെട്ട മന്ത്രിയുടെയും സി.പി.ഐ.(എം.) സംസ്ഥാന സെക്രട്ടറിയുടെയും ഭാഗത്തുനിന്നുണ്ടായിട്ടില്ലെന്ന് മറുപടികളിൽനിന്ന് ബോദ്ധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ അവകാശലംഘന നോട്ടീസിനുള്ള അനുമതി നിഷേധിക്കുന്നു.

**12.25 p.m.**

## X പ്രമേയം

<u>സഭ അനിശ്ചിതകാലത്തേയ്ക്ക് പിരിയുന്നത് സംബന്ധിച്ച്</u>

മുഖ്യമന്ത്രി (<u>ശ്രീ. പിണറായി വിജയൻ</u>): സർ, 'സഭ മുമ്പാകെ മറ്റ് അത്യാവശ്യ ബിസിനസ്സുകളൊന്നുമില്ലാത്തതിനാൽ സഭ

അനിശ്ചിതകാലത്തേയ്ക്ക് പിരിയാവുന്നതാണ് എന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

# 12.26 p.m.

**XI അവലോകനം**

2022-23 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിലെ ധനാഭ്യർത്ഥനകൾ വിശദമായി പരിഗണിച്ച് പാസ്സാക്കുന്നതിനായി ചേർന്ന അഞ്ചാം സമ്മേളനം നടപടികൾ പൂർത്തീകരിച്ച് ഇന്ന് അവസാനിക്കുകയാണ്. 2022 ജൂൺ 27-ന് ആരംഭിച്ച സമ്മേളനം ആകെ 23 ദിനങ്ങൾ ചേരാനാണ് ആദ്യ കലണ്ടർ തയ്യാറാക്കിയിരുന്നതെങ്കിലും വ്യത്യസ്ത കാരണങ്ങളാൽ 8 ദിവസത്തെ സമ്മേളനം വെട്ടിച്ചുരുക്കി 15 ദിവസങ്ങളാണ് യോഗം ചേർന്നത്. അതിൽ ധനാഭ്യർത്ഥനകളുടെ പരിഗണനയ്ക്കായി 11 ദിവസങ്ങളും നിയമനിർമ്മാണത്തിനായി രണ്ട് ദിവസവും ഉപധനാഭ്യർത്ഥനകൾ

പരിഗണിക്കുന്നതിനായി ഒരു ദിവസവും അനൗദ്യോഗികാംഗങ്ങളുടെ കാര്യത്തിനായി ഒരു ദിവസവും നീക്കിവയ്ക്കുകയുണ്ടായി.

നിയമനിർമ്മാണത്തിൽ രണ്ട് ധനകാര്യ ബില്ലുകളും 2022-ലെ കേരള സഹകരണ സംഘ (ഭേദഗതി) ബില്ലും സബ്ജക്ട് കമ്മിറ്റികളുടെ പരിശോധനയ്ക്കയയ്ക്കുകയും പിന്നീട് പാസ്സാക്കുകയും ചെയ്തു. 2022-23 വർഷത്തെ ബഡ്ജറ്റിനെ സംബന്ധിക്കുന്നതും ഉപധനാഭ്യർത്ഥനയെ സംബന്ധിക്കുന്നതുമായ രണ്ട് ധനവിനിയോഗ ബില്ലുകളും അതോടൊപ്പം സഭ പാസ്സാക്കുകയുണ്ടായി. ഈ സമ്മേളന കാലയളവിൽ അനൗദ്യോഗികാംഗങ്ങളുടെ കാര്യത്തിനായി 4 വെള്ളിയാഴ്ചകൾ മാറ്റിവയ്ക്കപ്പെട്ടിരുന്നെങ്കിലും യഥാർത്ഥത്തിൽ സഭ സമ്മേളിച്ച ഏക വെള്ളിയാഴ്ചയായ ജൂലൈ 15-ാം തീയതി രാവിലെതന്നെ സഭ പിരിയേണ്ട സാഹചര്യമുണ്ടായതിനാൽ അനൗദ്യോഗികാംഗങ്ങളുടെ കാര്യം സംബന്ധിച്ച ബിസിനസ്സുകൾ വേണ്ടത്ര നിർവ്വഹിക്കുവാൻ കഴിയാത്ത സാഹചര്യം ഈ സമ്മേളനകാലത്തും ആവർത്തിക്കപ്പെടുകയുണ്ടായി. ഈ അവസ്ഥയ്ക്ക് മാറ്റമുണ്ടാകണമെന്ന അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച

സമിതി അദ്ധ്യക്ഷന്റെ ആവശ്യത്തിന്മേൽ കാതലായ ചർച്ചകൾ നടത്തേണ്ടതാണെന്നാണ് തോന്നുന്നത്.

അഞ്ചാം സമ്മേളനം നടന്ന കാലയളവിൽ ചട്ടം 50 പ്രകാരമുള്ള 11 നോട്ടീസുകളാണ് സഭ പരിഗണിച്ചത്. അതിൽ സ്വർണ്ണക്കടത്ത് കേസ്, എ.കെ.ജി. സെന്റർ ആക്രമണം എന്നീ വിഷയങ്ങളിന്മേലുള്ള രണ്ട് നോട്ടീസുകൾക്ക് അവതരണാനുമതി ലഭിക്കുകയും തുടർന്ന് സഭ ഇപ്പോൾ നിർത്തിവയ്ക്കുന്നു എന്ന പ്രമേയത്തിന്മേൽ രണ്ട് മണിക്കൂറിലധികം സമയംവീതം ചർച്ച നടത്തുകയും ചെയ്തു. ഇക്കോ സെൻസിറ്റീവ് സോൺ സംബന്ധിയായി സംസ്ഥാനം നേരിടുന്ന ഗുരുതരമായ പ്രശ്നങ്ങളെ സംബന്ധിച്ചും പൊതുവിതരണ സമ്പ്രദായം കാര്യക്ഷമമാക്കുന്നതിന് സംസ്ഥാനത്തിനർഹമായ റേഷൻ വിഹിതം വർദ്ധിപ്പിക്കേണ്ടതിനെ സംബന്ധിച്ചും ചട്ടം 118 പ്രകാരമുള്ള രണ്ട് ഗവൺമെന്റ് പ്രമേയങ്ങളും ഈ സമ്മേളനകാലയളവിൽ സഭ പാസ്സാക്കുകയുണ്ടായി. കൂടാതെ, സംസ്ഥാനത്തിന്റെ പൊതു സാമ്പത്തികസ്ഥിതി സംബന്ധിച്ച് ചട്ടം 300 അനുസരിച്ച് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി സഭയിൽ ഒരു പ്രസ്താവനയും നടത്തുകയുണ്ടായി.

സമ്മേളന കാലയളവിൽ 24 ശ്രദ്ധക്ഷണിക്കലുകളും 120 സബ്മിഷനുകളും സഭ മുമ്പാകെ അവതരിപ്പിക്കുകയും ബന്ധപ്പെട്ട മന്ത്രിമാർ മറുപടി പറയുകയും ചെയ്തു. സമ്മേളനത്തിലാകെ 929 രേഖകൾ സഭയുടെ മേശപ്പുറത്തുവയ്ക്കുകയും നിയമസഭാ കമ്മിറ്റികളുടേതായ 78 റിപ്പോർട്ടുകൾ സഭയിൽ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.

ഈ സമ്മേളനത്തിൽ 2022 ജൂൺ 27 മുതൽ ജൂലൈ 21 വരെയുള്ള കാലത്ത് 15 ചോദ്യ ദിവസങ്ങളിൽ ഉത്തരം ലഭിക്കുന്നതിനായി നക്ഷത്രചിഹ്നമിട്ടതും നക്ഷത്രചിഹ്നമിടാത്തതുമായി ആകെ 5990 ചോദ്യങ്ങൾക്കുള്ള നോട്ടീസുകളാണ് ലഭ്യമായത്. ഇതിൽ 35 എണ്ണം വിവിധ കാരണങ്ങളാൽ നിരസിക്കുകയും 36 എണ്ണം പിൻവലിക്കുകയും ചെയ്തു. ശേഷിച്ചവയിൽ 450 എണ്ണം നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ലിസ്റ്റിലും 5469 എണ്ണം നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ലിസ്റ്റിലും ഉൾപ്പെടുത്തി ആകെ 5919 ചോദ്യങ്ങൾ അച്ചടിച്ചു. ഇതിൽ നക്ഷത്രചിഹ്നമിട്ട 450 ചോദ്യങ്ങൾക്കും നക്ഷത്രചിഹ്നമിടാത്ത 5027 ചോദ്യങ്ങൾക്കും ബന്ധപ്പെട്ട വകുപ്പുമന്ത്രിമാർ ഈ സമ്മേളനകാലത്തുതന്നെ ഉത്തരം ലഭ്യമാക്കിയിട്ടുണ്ട്. 442 ചോദ്യങ്ങൾക്കുള്ള മറുപടി ഇനിയും ലഭിക്കേണ്ടതുണ്ട്.

ചോദ്യോത്തര വേളകളിൽ 44 ചോദ്യങ്ങൾ വാക്കാൽ മറുപടി നൽകുന്നതിനായി പരിഗണിച്ചിട്ടുണ്ട്. 358 അവസരങ്ങളിലായി 398 ഉപചോദ്യങ്ങൾ ഉന്നയിക്കപ്പെട്ടു. അടിയന്തരചോദ്യത്തിനായി ഒരു നോട്ടീസ് ലഭിക്കുകയും ആയത് അനുവദിക്കുകയും ചെയ്തു.

പതിമൂന്നാം കേരള നിയമസഭയുടെയും പതിനാലാം കേരള നിയമസഭയുടെയും വിവിധ സമ്മേളനങ്ങളിലെയും പതിനഞ്ചാം കേരള നിയമസഭയുടെ ഒന്ന് മുതൽ നാലുവരെയുള്ള സമ്മേളനങ്ങളിലെയും മറുപടിയോ അന്തിമ മറുപടിയോ ലഭ്യമാക്കാതിരുന്ന ചോദ്യങ്ങളിൽ 96 എണ്ണത്തിന്റെ ഉത്തരം ചട്ടം 47(2) പ്രകാരമുള്ള കാലതാമസപത്രിക സഹിതം ഈ സമ്മേളനകാലത്ത് സഭയിൽ സമർപ്പിക്കുകയുണ്ടായി.

ബഹുമാന്യരായ തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി, റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി, ജലവിഭവ വകുപ്പുമന്ത്രി, വൈദ്യുതി വകുപ്പുമന്ത്രി, വനം-വന്യജീവി വകുപ്പുമന്ത്രി, പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി, നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി, കൃഷി വകുപ്പുമന്ത്രി, തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പുമന്ത്രി, സഹകരണ-രജിസ്ട്രേഷൻ,

സാംസ്കാരികം വകുപ്പുമന്ത്രി, പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി, മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി, ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി എന്നിവർ ഈ സമ്മേളനത്തിലെ എല്ലാ ചോദ്യങ്ങൾക്കും ഇതിനകം മറുപടി ലഭ്യമാക്കിയിട്ടുണ്ട്. നിയമസഭാ ചോദ്യങ്ങൾക്ക് യഥാസമയം മറുപടി ലഭ്യമാക്കുന്നതിൽ പൊതുവിൽ നല്ല പുരോഗതിയുണ്ടായിട്ടുണ്ട്. എല്ലാ മന്ത്രിമാരും ഈ മാതൃക സ്വീകരിക്കേണ്ടതാണ്. ഇനിയും മറുപടി നൽകാനുള്ള ചോദ്യങ്ങൾക്ക് പൂർണ്ണമായി ചട്ടം അനുശാസിക്കുന്നവിധം മറുപടി ലഭ്യമാക്കാൻ ശ്രദ്ധിക്കണമെന്ന് ചെയർ ഓർമ്മിപ്പിക്കുന്നു.

'ആസാദി കാ അമൃത് മഹോത്സവ്'-ന്റെ ഭാഗമായി നിയമസഭാ മ്യൂസിയത്തിന്റെ ആഭിമുഖ്യത്തിൽ സംസ്ഥാനത്തിന്റെ വിവിധ മേഖലകളിൽ വിപുലമായി സംഘടിപ്പിക്കാൻ തീരുമാനിച്ചിട്ടുള്ള ഓഡിയോ-വീഡിയോ പ്രദർശനത്തിന്റെ പ്രാരംഭമെന്ന നിലയിൽ ബഹുമാനപ്പെട്ട അംഗങ്ങൾക്കായി ഇന്നലെയും ഇന്നുമായി ആർ. ശങ്കരനാരായണൻ തമ്പി മെംബേഴ്സ് ലോഞ്ചിന്റെ പരിസരത്ത് ഒരുക്കിയ പ്രദർശനത്തിന് നല്ല പ്രതികരണമാണ് ലഭിച്ചിരിക്കുന്നത്. വരുംനാളുകളിൽ ബഹുമാനപ്പെട്ട അംഗങ്ങളുടെ

സഹകരണത്തോടെ അതത് മണ്ഡലങ്ങളിൽ ഇത്തരത്തിലുള്ള പ്രദർശനങ്ങൾ സംഘടിപ്പിക്കാമെന്നാണ് കരുതുന്നത്. അതോടൊപ്പം നിയമസഭാ ലൈബ്രറിയുടെ ശതാബ്ദി ആഘോഷങ്ങളുടെ ഭാഗമായുള്ള അന്താരാഷ്ട്ര പുസ്തകമേളയും മറ്റ് സാംസ്കാരിക പരിപാടികളും നടപ്പാക്കാനുള്ള തയ്യാറെടുപ്പുകൾ നടന്നുവരുന്നു.

കഴിഞ്ഞ വർഷം ഒക്ടോബർ-നവംബർ മാസങ്ങളിൽ നിയമനിർമ്മാണത്തിന് മാത്രമായി ഒരു സമ്മേളനം ചേർന്നുകൊണ്ട് വ്യത്യസ്തങ്ങളായ 34 നിയമങ്ങൾ പാസ്സാക്കിയതുപോലെ ഈ വർഷവും സഭയുടെ ഒരു പ്രത്യേക സമ്മേളനം അതിനായി ചേരുന്നത് ഉചിതമായിരിക്കുമെന്ന് കാണുന്നതിനാൽ സർക്കാർ അക്കാര്യത്തിൽ ഉചിതമായ തീരുമാനം കൈക്കൊള്ളുമെന്നാണ് കരുതുന്നത്.

സഭയുടെ അഞ്ചാം സമ്മേളന നടപടികൾ വിജയിപ്പിക്കുവാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രി, ബഹുമാന്യരായ മന്ത്രിമാർ, ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ്, പ്രതിപക്ഷ ഉപനേതാവ്, വിവിധ കക്ഷി നേതാക്കൾ, മറ്റ് സഭാംഗങ്ങൾ എന്നിവർ കാണിച്ച സഹകരണം അങ്ങേയറ്റം മാതൃകാപരമായിരുന്നു. അതിന്റെ പേരിൽ എല്ലാപേർക്കും നന്ദി

രേഖപ്പെടുത്തുന്നു. അതുപോലെ സമ്മേളനം വിജയിപ്പിക്കുവാൻ ആവശ്യമായ സഹായസഹകരണം നൽകിയ നിയമസഭാ സെക്രട്ടേറിയറ്റിലെയും വിവിധ വകുപ്പുതലങ്ങളിലെയും ഉദ്യോഗസ്ഥർ, പേഴ്സണൽ സ്റ്റാഫ് അംഗങ്ങൾ, പത്ര-ദൃശ്യ മാധ്യമ പ്രവർത്തകർ, വിവിധ സേനാ ഉദ്യോഗസ്ഥർ എന്നിവർക്കും ചെയർ നന്ദി അറിയിക്കുന്നു. എല്ലാവർക്കും ഇന്ത്യയുടെ 75-ാം സ്വാതന്ത്ര്യ വാർഷിക ദിനാശംസകൾ നേരുന്നു. അതോടൊപ്പം എല്ലാവർക്കും ആഹ്ലാദകരമായിട്ടുള്ള ഒരു ഓണവും ആശംസിക്കുന്നു.

ഓർഡർ.......... ഓർഡർ..........സഭ അനിശ്ചിതകാലത്തേയ്ക്ക് പിരിയുന്നു.

(ദേശീയഗാനാലാപനത്തോടെ 15-ാം കേരള നിയമസഭയുടെ അഞ്ചാം സമ്മേളനം 2022 ജൂലൈ മാസം 21-ാം തീയതി വ്യാഴാഴ്ച ഉച്ചയ്ക്കുശേഷം 12.34-ന് അനിശ്ചിതകാലത്തേയ്ക്ക് പിരിഞ്ഞു.)

*********

# SECRETARIAT OF THE KERALA LEGISLATURE

## NOTIFICATION

No.10149/Table-1/2022/Leg. Dated,Thiruvananthapuram,22nd July, 2022

In exercise of the powers conferred by sub-clause (a) of clause (2) of Article 174 of the Constitution of India, the Governor of the State of Kerala hereby prorogues the Fifth Session of the Fifteenth Kerala Legislative Assembly with effect from July 21, 2022 at the conclusion of its sitting.

ഇന്ത്യൻ ഭരണഘടനയുടെ 174-ാം അനുച്ഛേദം (2)-ാം ഖണ്ഡം (എ) ഉപഖണ്ഡപ്രകാരം നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിച്ച് കേരള സംസ്ഥാന ഗവർണർ പതിനഞ്ചാം കേരള നിയമസഭയുടെ അഞ്ചാം സമ്മേളനം 2022 ജൂലൈ 21-ാം തീയതി അതിന്റെ യോഗം അവസാനിച്ചത് മുതൽ സമാപിപ്പിച്ചിരിക്കുന്നു.

By order of the Governor
Kavitha Unnithan
Secretary-in-Charge
Legislative Assembly

**അനുബന്ധം**

1. നക്ഷത്രചിഹ്നമിട്ട 423-ാം നമ്പർ ചോദ്യത്തിന്റെ മറുപടി

(എ) റബ്ബറിനെ കാർഷിക വിളയായി പ്രഖ്യാപിക്കുന്നതിന് സംസ്ഥാന കൃഷി വകുപ്പ് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(ബി) റബ്ബറിന്റെ വിലത്തകർച്ചകാരണം ദുരിതമനുഭവിക്കുന്ന റബ്ബർ കർഷകരെ സഹായിക്കുന്നതിനായി കിലോയ്ക്ക് 150 രൂപ താങ്ങുവില നിശ്ചയിച്ച് റബ്ബർ കർഷകർക്ക് സാമ്പത്തിക സഹായം നേരിട്ട് ലഭ്യമാക്കുകയെന്ന ഉദ്ദേശ്യത്തോടുകൂടിയാണ് സർക്കാർ 03.07.2015-ലെ സ.ഉ. (പി) നം. 269/2015/ധന. പ്രകാരം റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് സ്കീം നടപ്പിലാക്കിയിട്ടുള്ളത്. ഈ പദ്ധതിപ്രകാരം റബ്ബറിന്റെ താങ്ങുവിലയും റബ്ബർ ബോർഡ് പ്രസിദ്ധീകരിക്കുന്ന ദൈനംദിന വിലസൂചികയും (Daily Reference Price) തമ്മിലുള്ള വിലവ്യത്യാസം കർഷകരുടെ ബാങ്ക് അക്കൗണ്ടുകളിലേയ്ക്ക് നേരിട്ട് നൽകിവരുന്നു. പ്രസ്തുത പദ്ധതിപ്രകാരം RSS-1, 2, 3, 4, 5 ഇനം റബ്ബറിനും ലാറ്റക്സിനും സബ്സിഡി നൽകിവരുന്നു. റബ്ബർ കർഷകരുടെ ബില്ലുകൾ റബ്ബർ ബോർഡ് ഉദ്യോഗസ്ഥർ പരിശോധിച്ച്

സാക്ഷ്യപ്പെടുത്തി സർക്കാരിന് സമർപ്പിക്കുന്നതനുസരിച്ചാണ് സബ്സിഡി തുക കർഷകർക്ക് നൽകുന്നത്.

റബ്ബറിന്റെ ഉല്പാദനച്ചെലവ് വർദ്ധിച്ച സാഹചര്യം കണക്കിലെടുത്ത് റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് സ്കീമിനുകീഴിൽ റബ്ബറിന്റെ താങ്ങുവില 2021 എപ്രിൽ 1 മുതൽ കിലോയ്ക്ക് 150 രൂപയിൽനിന്ന് 170 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. ഈ വർദ്ധനവ് ഷീറ്റ് റബ്ബറിനും ലാറ്റക്സിനും ബാധകമാണ്. എന്നാൽ, ഒരു കിലോ റബ്ബർഷീറ്റ് ഉല്പാദിപ്പിക്കാനുണ്ടാകുന്ന അധികച്ചെലവായ 9 രൂപ, താങ്ങുവിലയായ 170 രൂപയിൽനിന്ന് കിഴിച്ചുള്ള തുകയാണ് (കിലോയ്ക്ക് 161 രൂപ) ഒരു കിലോ ലാറ്റക്സിന് സബ്സിഡി തുക കണക്കാക്കുന്നതിനുള്ള താങ്ങുവിലയായി നിശ്ചയിച്ചിട്ടുള്ളത്.

14.7.2022 വരെ റബ്ബർ ബോർഡ് പരിശോധിച്ച് സർക്കാരിലേയ്ക്ക് സമർപ്പിച്ച കുടിശ്ശികയായി ഉണ്ടായിരുന്ന 2.31 കോടി രൂപയുടെ സബ്സിഡി തുക കർഷകർക്ക് കൈമാറുന്നതിനുള്ള നടപടി അന്തിമഘട്ടത്തിലാണ്. സ്വാഭാവിക റബ്ബറിന്റെ ഉപയോഗം വർദ്ധിപ്പിക്കാൻ റബ്ബറധിഷ്ഠിത വ്യവസായങ്ങൾക്ക് സർക്കാർ കൂടുതൽ ഊന്നൽ നൽകുന്നുണ്ട്. ഇക്കാര്യത്തിനായി വ്യവസായ വകുപ്പിനുകീഴിൽ റബ്ബർ മൂല്യവർദ്ധിത

ഉല്പന്നങ്ങൾ ഉല്പാദിപ്പിക്കുന്നതിനായി 'CIAL Model'-ൽ ഒരു റബ്ബർ കമ്പനി "കേരള റബ്ബർ ലിമിറ്റഡ്" എന്ന പേരിൽ സംസ്ഥാന സർക്കാർ രൂപം നൽകുകയും പ്രസ്തുത കമ്പനി 2021-ൽ പ്രവർത്തനമാരംഭിക്കുകയും ചെയ്തിട്ടുണ്ട്. ഈ സ്ഥാപനം പൂർണ്ണമായി പ്രവർത്തനസജ്ജമാകുന്നതോടെ ഈ ലക്ഷ്യം കൈവരിക്കാൻ സാദ്ധ്യമാകുന്നതാണ്.

പ്രകൃതിക്ഷോഭംമൂലം കൃഷിനാശത്തിനുള്ള സഹായധന പദ്ധതിയിൽ ഉൾപ്പെടുത്തി വിളനാശമുണ്ടാകുമ്പോൾ ടാപ്പ് ചെയ്യുന്ന റബ്ബറിന് 300 രൂപയും ടാപ്പ് ചെയ്യാത്ത റബ്ബറിന് 200 രൂപയും അനുവദിക്കുന്നു. കൂടാതെ സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതിയിലുൾപ്പെടുത്തി ഇൻഷ്വർ ചെയ്ത റബ്ബറിന് വിളനാശമുണ്ടാകുമ്പോൾ ടാപ്പ് ചെയ്ത റബ്ബറിന് 1,000 രൂപയും ടാപ്പ് ചെയ്യാത്ത റബ്ബറിന് 600 രൂപയും അനുവദിക്കുന്നു.

2. <u>വാനര വസൂരി പ്രതിരോധ നടപടികൾ സംബന്ധിച്ച അടിയന്തരചോദ്യത്തിനുള്ള വിശദമായ മറുപടി</u>

പൊതുജനങ്ങളുടെ ആശങ്ക ഒഴിവാക്കാനാവശ്യമായ ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തിവരുന്നു.

പനി ബാധിച്ചിട്ടുള്ള എല്ലാ അന്താരാഷ്ട്രയാത്രക്കാർക്കും കോവിഡ് -19 പരിശോധനയും ആവശ്യമായ മറ്റുപരിശോധനകളും നടത്തുന്നതിനുള്ള നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.

സംസ്ഥാന മാസ് മീഡിയാ വിഭാഗവും ജില്ലാ മാസ് മീഡിയാ വിഭാഗവും ബോധവൽക്കരണ സാമഗ്രികൾ തയ്യാറാക്കുകയും സാമൂഹ്യ മാധ്യമങ്ങൾ ഉൾപ്പെടെയുള്ള മാധ്യമങ്ങളിൽ പ്രചരിപ്പിച്ചുവരികയും ചെയ്യുന്നു.

ദിശ കാൾസെന്റർ ടീമിലെ അംഗങ്ങൾക്ക് ബോധവൽക്കരണം നൽകി.

ത്വക്‌രോഗവിദഗ്ധർ, ആയുഷ് ഡോക്ടർമാർ തുടങ്ങിയവർക്കും ബോധവൽക്കരണം നൽകി. എല്ലാ ജില്ലകളിലെയും ആരോഗ്യ പ്രവർത്തകർക്കും പൊതുജനങ്ങൾക്കും ബോധവൽക്കരണം നൽകി.

സംസ്ഥാനതലത്തിൽ രോഗ നിരീക്ഷണത്തിനായി കൺട്രോൾ റൂം പ്രവർത്തനക്ഷമമാക്കുകയും നോഡൽ ഓഫീസറെ ചുമതലപ്പെടുത്തിയിട്ടുമുണ്ട്.

രോഗസാധ്യത കൂടുതലുള്ള ഇമിഗ്രേഷൻ വിഭാഗം, ബാഗേജ് കൈകാര്യം ചെയ്യുന്ന ജീവനക്കാർ തുടങ്ങിയവരുടെ സമ്പർക്ക വിവരങ്ങൾ ശേഖരിക്കാൻ എയർപോർട്ട് അതോറിറ്റിയെ അറിയിച്ചിട്ടുണ്ട്. സമ്പർക്കപ്പട്ടികയിലുള്ളവരുടെ ലക്ഷണങ്ങൾ നിരീക്ഷിക്കാനും 21 ദിവസം

സ്വയം നിരീക്ഷണത്തിൽ കഴിയാനും നിർദ്ദേശം നൽകിയിട്ടുണ്ട്. ലക്ഷണങ്ങൾ എന്തെങ്കിലും കണ്ടാൽ ജില്ലാ അധികാരികളെ അറിയിക്കാനും അവരുടെ നിർദ്ദേശപ്രകാരം ഐസൊലേഷൻ സൗകര്യമുള്ളിടത്തേയ്ക്ക് മാറ്റുവാനും നിർദ്ദേശം നൽകിയിട്ടുണ്ട്.

വിമാനത്തിലുണ്ടായിരുന്ന മറ്റു സംസ്ഥാനത്തിലെ (തമിഴ്നാട്) യാത്രക്കാരുടെ വിവരം തമിഴ്നാടിനെയും സെൻട്രൽ സർവയലൻസ് യൂണിറ്റിനെയും അറിയിച്ചിട്ടുണ്ട്.

രോഗനിരീക്ഷണത്തിനും മാനേജ്മെന്റിനുമായുള്ള Standard Operating Procedure (SOP) 19.07.2022-ലെ സ.ഉ.(സാധാ)നം.1732/2022/ആ.കു.വ പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. ആയത് അനുബന്ധമായി+ ചേർത്തിട്ടുണ്ട്.

(ബി) മങ്കി പോക്സ് അഥവാ വാനര വസൂരി ഒരു ജന്തുജന്യരോഗമാണ്. ഓർത്തോപോക്സ് വിഭാഗത്തിൽപെട്ട DNA വൈറസാണ് രോഗം പരത്തുന്നത്. ചില ഇനങ്ങളിൽപെട്ട കുരങ്ങൻമാർ, അണ്ണാൻ, എലി എന്നീ ജീവികളിലാണ് ഈ രോഗം മുഖ്യമായും കാണുന്നത്. ഇതിന്റെ രോഗലക്ഷണങ്ങൾ വസൂരിക്ക് സമാനമാണെങ്കിലും രോഗതീവ്രത കുറവാണ്. രോഗത്തിന്റെ ഇൻകുബേഷൻ കാലയളവ് (രോഗാണുശരീരത്തിൽ പ്രവേശിച്ച് രോഗലക്ഷണം

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പ്രത്യക്ഷപ്പെടാനുള്ള സമയം) 6 മുതൽ 13 ദിവസം വരെയാണ് എന്നത് 5 മുതൽ 21 ദിവസം വരെ നീണ്ടുനിൽക്കാം. ആദ്യഘട്ടത്തിൽ 1 മുതൽ 5 ദിവസം വരെ നീണ്ടുനിൽക്കുന്ന പനി, തീവ്രമായ തലവേദന, ലസീകഗ്രന്ഥികളുടെവീക്കം (ലിംഫഡിനോപതി), പുറംവേദന, പേശിവേദന, ക്ഷീണം തുടങ്ങിയ ലക്ഷണങ്ങളാണ് കാണപ്പെടുന്നത്. രണ്ടാംഘട്ടത്തിൽ തിണർപ്പ് മുഖ്യമായും പ്രത്യക്ഷപ്പെടുന്നത് മുഖത്തും കൈപ്പത്തികളിലും ഉള്ളംകാലിലുമാണ്. അതുകൂടാതെ വായിലും ജനനേന്ദ്രിയങ്ങളിലും കണ്ണിലും റാഷ് കണ്ടുവരാറുണ്ട്. പിന്നീട് ഈ തിണർപ്പ് വിവിധഘട്ടങ്ങളിലൂടെ (കറുത്തപാട്, കരപ്പൻ) കടന്ന് ചലക്കുരുവായി (pustule) പരിണമിക്കുന്നു. പിന്നീട് രോഗിയുടെ പുറംതൊലി ഇളകിവരുന്നു. കുമിളകൾ പ്രത്യക്ഷപ്പെടുന്നതിന് രണ്ട് ദിവസം മുമ്പ് മുതൽ കുമിളകൾ കരിഞ്ഞുണങ്ങി അടർന്നുപോയി പുതിയ തൊലി വരുന്നതുവരെയുള്ള കാലയളവിൽ മറ്റുള്ളവരിലേയ്ക്ക് രോഗം പകരാനുള്ള സാധ്യതയുണ്ട്. ഇത് ഒരു ജന്തുജന്യ രോഗമായതിനാൽ മൃഗങ്ങളിൽനിന്നും മനുഷ്യരിലേയ്ക്കും മനുഷ്യരിൽനിന്നും മനുഷ്യരിലേയ്ക്കും പകരുന്നതാണ്.

മനുഷ്യനിൽനിന്ന് മനുഷ്യനിലേയ്ക്ക് രോഗം മുഖ്യമായും പകരുന്നത് നേരിട്ടുള്ള സമ്പർക്കംമൂലമുണ്ടാകുന്ന ശ്വസനസ്രവതുള്ളികളിലൂടെയാണ് (large respiratory droplets). കൂടാതെ, രോഗബാധിതനായ വ്യക്തിയുടെ

ശരീരസ്രവങ്ങളുമായോ കിടക്കയോ വസ്ത്രമോപോലുള്ള മലിനമായ വസ്തുക്കളുമായോ നേരിട്ട് സമ്പർക്കം പുലർത്തുന്നതിലൂടെയും മങ്കി പോക്സ് പകരാം. കൂടാതെ ലൈംഗിക ബന്ധത്തിലൂടെയും രോഗം പകരുന്നതായി യൂറോപ്യൻ രാജ്യങ്ങളിൽനിന്നുള്ള റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നു.

ജീവനുള്ളതോ ചത്തതോ ആയ മൃഗങ്ങളുമായുള്ള നേരിട്ടോ അല്ലാതെയോ ഉള്ള സമ്പർക്കത്തിലൂടെയുള്ള വൈറസ് പകരുന്നതാണ് മനുഷ്യനിൽ മങ്കി പോക്സ് അണുബാധയ്ക്കുള്ള പ്രധാനഘടകം. ഇത് മൃഗങ്ങളിൽ നിന്നുള്ള കടി, പോറൽ, വന്യമൃഗങ്ങളുടെ മാംസം കൈകാര്യംചെയ്യൽ, രോഗബാധയുള്ള മൃഗം അല്ലെങ്കിൽ അവയുടെ ശരീരസ്രവങ്ങളുമായുള്ള നേരിട്ടുള്ള സമ്പർക്കം, പരോക്ഷസമ്പർക്കം എന്നിവയിൽ നിന്ന് സംഭവിക്കാം. രോഗം ബാധിച്ച ഒരു മൃഗത്തിന്റെ വേണ്ടത്ര പാകം ചെയ്യാത്ത മാംസം കഴിക്കുന്നത് ഒരു അപകടഘടകമാണ്.

രോഗപ്പകർച്ച തടയുന്നതിനുള്ള മുൻകരുതലുകൾ ചുവടെ ചേർക്കുന്നു:

രോഗിയുമായി സമ്പർക്കത്തിൽ വന്നവർ വീട്ടിൽ 21 ദിവസം വരെ സ്വയം നിരീക്ഷണത്തിൽ കഴിയുക. രോഗലക്ഷണങ്ങൾ ഉണ്ടോയെന്ന് ദിവസേന നിരീക്ഷിക്കുക.

വീട്ടിലെ ഗർഭിണികളുമായോ കുട്ടികളുമായോ പ്രതിരോധശേഷി കുറഞ്ഞവരുമായോ അടുത്ത് ഇടപഴകരുത്.

മാസ്ക് നിർബന്ധമായും ധരിക്കുക.

പൊതുയിടങ്ങളിൽ പോകുന്നത് കഴിവതും ഒഴിവാക്കുക.

രോഗികൾ ഉപയോഗിച്ച സാധനസാമഗ്രികൾ സുരക്ഷിതമായി കൈകാര്യം ചെയ്യണം.

(സി) പരിശോധിച്ചിട്ടുണ്ട്. കൊല്ലം ജില്ലാ മെഡിക്കൽ ഓഫീസിൽനിന്ന് മാധ്യമങ്ങൾക്ക് നൽകിയ വാർത്താക്കുറിപ്പിൽ രോഗം സംശയിക്കപ്പെട്ട വ്യക്തിയെ പ്രവേശിപ്പിച്ച തിരുവനന്തപുരം മെഡിക്കൽ കോളേജിന് പകരം പാരിപ്പള്ളി മെഡിക്കൽ കോളേജ് എന്ന് തെറ്റായി കൊടുത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നാൽ അതേദിവസം ആരോഗ്യ വകുപ്പ് സംസ്ഥാനതലത്തിൽ ഔദ്യോഗികമായി ഇറക്കിയ വാർത്താകുറിപ്പിൽ എല്ലാ വിവരങ്ങളും കൃത്യമായി മാധ്യമങ്ങൾക്ക് നൽകിയിട്ടുണ്ട്.

12.7.2022-ന് ഷാർജയിൽനിന്നും എത്തിയ കൊല്ലം സ്വദേശിക്ക് വാനര വസൂരി സംശയിക്കുന്നതായി STATE PEID CELL Co-ordinator ആരോഗ്യവകുപ്പ് അഡീഷണൽ ഡയക്ടർ (പൊതുജനാരോഗ്യ വകുപ്പ്)-നെ

അറിയിക്കുകയുണ്ടായി. ഉടൻതന്നെ അഡീഷണൽ ഡയറക്ടർ, കൊല്ലം ജില്ലാ മെഡിക്കൽ ഓഫീസറേയും ജില്ലാ സർവ്വയലൻസ് ഓഫീസറേയും അറിയിക്കുകയും അടിയന്തര നിരീക്ഷണ നടപടികൾ നടത്തണമെന്ന് നിർദ്ദേശിക്കുകയും ചെയ്തു. രോഗിയുടെ സാമ്പിൾ എൻ.ഐ.വി. പൂനെയിലേയ്ക്ക് അയയ്ക്കുകയുണ്ടായി. തുടർന്ന് സംസ്ഥാന ആരോഗ്യ വകുപ്പ് അഡീഷണൽ ഡയറക്ടറുടെ നേതൃത്വത്തിൽ തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം എന്നിവിടങ്ങളിലെ ജില്ലാ മെഡിക്കൽ ഓഫീസറേയും ജില്ലാ സർവ്വയലൻസ് ഓഫീസറേയും മെഡിക്കൽ കോളേജുകളിലെ സാംക്രമിക രോഗവിദഗ്ധരേയും ഉൾപ്പെടുത്തിക്കൊണ്ട് സ്റ്റേറ്റ് ആർ.ആർ.റ്റി. കൂടുകയും പ്രതിരോധ നിയന്ത്രണങ്ങൾ ഊർജ്ജിതമാക്കുന്നതിനായി 5 ജില്ലകൾക്കും നിർദേശം നല്കുകയും ചെയ്തു. 14.07.2022 വൈകുന്നേരം 5 മണിയോടെ എൻ.ഐ.വി. പൂനെയിൽനിന്നും വാനര വസൂരി സ്ഥിരീകരിച്ച് റിപ്പോർട്ട് ലഭിക്കുകയുണ്ടായി. അടിയന്തരയോഗം ചേർന്ന് സ്ഥിതി സർക്കാർ വിലയിരുത്തുകയുണ്ടായി. രാജ്യത്ത് ആദ്യമായി റിപ്പോർട്ട് ചെയ്ത രോഗമെന്ന നിലയിൽ കൂട്ടായ്മയോടെയും ഗൗരവത്തോടെയുമാണ് സംസ്ഥാനം ഈ വിഷയം കൈകാര്യം ചെയ്തുവരുന്നത്.

(ഡി) വാനര വസൂരി രോഗം കൂടുതൽ ആളുകളിലേയ്ക്ക് പടരാതെ തുടക്കത്തിൽതന്നെ നിയന്ത്രണവിധേയമാക്കുന്നതിന് താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

എയർപോർട്ട് നിരീക്ഷണം, രോഗസാധ്യത കൂടുതലുള്ള രാജ്യങ്ങളിൽനിന്നും എത്തുന്ന അന്താരാഷ്ട്ര യാത്രക്കാരിലെ രോഗലക്ഷണങ്ങളുടെ പരിശോധന എന്നിവ ഊർജ്ജിതമാക്കിയിട്ടുണ്ട്. എയർപോർട്ട് നിരീക്ഷണത്തിനായി സംസ്ഥാനതലത്തിലും ജില്ലാതലത്തിലും നോഡൽ ഓഫീസർമാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

ബോധവൽക്കരണ പ്രവർത്തനങ്ങൾ എല്ലാ ജില്ലകളിലും ശക്തമായി നടത്തുന്നു. ഐസൊലേഷൻ, ചികിത്സാ മാനദണ്ഡങ്ങൾ, മങ്കി പോക്സിന്റെ സാഹചര്യത്തിൽ അനുവർത്തിക്കേണ്ട കാര്യങ്ങൾ, ചെയ്യുകൂടാത്ത കാര്യങ്ങൾ തുടങ്ങിയവയിൽ പൊതുജനങ്ങളുടെ ആശങ്ക ഒഴിവാക്കാനായി ബോധവൽക്കരണ സന്ദേശങ്ങൾ നൽകിയിട്ടുണ്ട്.

സംസ്ഥാനതലത്തിൽ രോഗ നിരീക്ഷണത്തിനായി ഒരു കൺട്രോൾ റൂം പ്രവർത്തനക്ഷമമാക്കിയിട്ടുണ്ട്. നോഡൽ ഓഫീസറെയും ചുമതലപ്പെടുത്തിയിട്ടുണ്ട്.

ജില്ലാതലത്തിൽ രോഗം സ്ഥിരീകരിച്ച ജില്ലകളിൽ കൺട്രോൾ റൂം തുടങ്ങിയിട്ടുണ്ട്. മറ്റു ജില്ലകളിൽ കൺട്രോൾ റൂം തുടങ്ങാനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്. രോഗ നിരീക്ഷണം, സമ്പർക്ക പട്ടിക തയ്യാറാക്കൽ എന്നിവ ശക്തമാക്കിയിട്ടുണ്ട്. സമ്പർക്കപ്പട്ടികയിലുള്ളവരുടെ ലക്ഷണങ്ങൾ നിരീക്ഷിക്കാനും 21 ദിവസം സ്വയം നിരീക്ഷണത്തിൽ കഴിയാനും നിർദ്ദേശം നൽകിയിട്ടുണ്ട്. ലക്ഷണങ്ങൾ എന്തെങ്കിലും കണ്ടാൽ ജില്ലാ അധികാരികളെ അറിയിക്കാനും അവരുടെ നിർദ്ദേശപ്രകാരം ഐസൊലേഷൻ സൗകര്യമുള്ളിടത്തേയ്ക്ക് മാറുവാനും നിർദ്ദേശം നൽകിയിട്ടുണ്ട്. വിമാനത്തിലുണ്ടായിരുന്ന മറ്റു സംസ്ഥാനത്തിലെ (തമിഴ്നാട്) യാത്രക്കാരുടെ വിവരം തമിഴ്നാടിനെയും സെൻട്രൽ സർവയലൻസ് യൂണിറ്റിനെയും അറിയിച്ചിട്ടുണ്ട്.

സമ്പർക്കപ്പട്ടിക തയ്യാറാക്കാനും പട്ടികയിലുള്ളവരുടെ തുടർ നിരീക്ഷണത്തിനും 'ദിശ' കാൾ സെന്ററിന്റെ സേവനം ഉപയോഗിക്കുന്നുണ്ട്.

എല്ലാ വിഭാഗം ആരോഗ്യപ്രവർത്തകർക്കും അവശ്യമായ മാർഗ്ഗനിർദ്ദേശങ്ങളും പരിശീലനവും അടിയന്തരമായി നൽകിവരുന്നുണ്ട്.

കൂടാതെ സംസ്ഥാന, ജില്ലാതല ജന്തുജന്യരോഗ നിയന്ത്രണ കമ്മിറ്റികൾ (State and District level Zoonotic committees) രൂപീകരിച്ചിട്ടുണ്ട്. നിപ, മങ്കി പോക്സ് ഉൾപ്പെടയുള്ള ജന്തുജന്യരോഗങ്ങളുടെ വ്യാപനം തടയുന്നതിനാവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ ആരോഗ്യ വകുപ്പ് നല്കിയിട്ടുണ്ട്.

നിലവിൽ രോഗനിർണ്ണയത്തിനായി പരിശോധനാ സൗകര്യം ആലപ്പുഴ NIV യൂണിറ്റിലും NIV പൂനെയിലും ലഭ്യമാക്കിയിട്ടുണ്ട്. തിരുവനന്തപുരം, തൃശ്ശൂർ, കോഴിക്കോട് എന്നിവിടങ്ങളിലെ സ്റ്റേറ്റ് പബ്ലിക് ഹെൽത്ത് ലാബുകളിൽ പരിശോധനാസൗകര്യം ലഭ്യമാക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. രോഗം സ്ഥിരീകരിക്കുന്നവർക്കാവശ്യമായ ചികിൽസാ സൗകര്യം എല്ലാ ജില്ലകളിലും ഉറപ്പാക്കിയിട്ടുണ്ട്. ആരോഗ്യപ്രവർത്തകർക്കും പൊതുജനങ്ങൾക്കും ആവശ്യമായ ബോധവൽക്കരണ സന്ദേശങ്ങൾ ദൃശ്യ-ശ്രവ്യ മാധ്യമങ്ങൾവഴി നല്കിവരുന്നുണ്ട്. എല്ലാ ആരോഗ്യസ്ഥാപനങ്ങളിലും അണുനശീകരണ പ്രവർത്തനങ്ങൾ ഊർജിതമാക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

3. ആശ്വാസകിരണം, സ്നേഹസ്പർശം, വി-കെയർ പദ്ധതി ഗുണഭോക്താക്കൾക്ക് സാമ്പത്തിക സഹായം നൽകുന്നത് സംബന്ധിച്ച് ശ്രീ. സജീവ് ജോസഫ്, എം.എൽ.എ. അവതരിപ്പിച്ച ശ്രദ്ധക്ഷണിക്കലിന് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി നൽകിയ വിശദമായ മറുപടി

വി-കെയർ പദ്ധതിയിലേയ്ക്ക് ധനസമാഹരണം നടത്തുന്നതിനായി CEO മീറ്റ് നടത്തുക, CSR ഫണ്ട് സമാഹരിക്കുക, സാമൂഹ്യ മാധ്യമങ്ങൾ വഴി ധനസമാഹരണം നടത്തുക, വി-കെയർ പേമെന്റ് ഗേറ്റ്‌വേ വഴി സംഭാവന നൽകാൻ കഴിയുന്നവരിലേയ്ക്ക് പദ്ധതിയുടെ വിവരങ്ങളെത്തിക്കുക, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും സഹകരണ സ്ഥാപനങ്ങളുടെയും സഹായം ഉറപ്പാക്കുക എന്നീ പ്രവർത്തനങ്ങൾ ത്വരിതഗതിയിൽ നടന്നുവരുന്നു. അതോടൊപ്പം വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പ്രവർത്തിക്കുന്ന എൻ.എസ്.എസ്., എൻ.സി.സി. തുടങ്ങിയ സംഘടനകൾ മുഖാന്തരവും വി-കെയറിലേയ്ക്ക് ധനസമാഹരണം നടത്താൻ തീരുമാനമായിട്ടുണ്ട്. നിരാശ്രയരും നിരാലംബരുമായ സാധാരണക്കാരാണ് ഈ പദ്ധതിയിലെ ഗുണഭോക്താക്കാൾ. സർക്കാരിന്റെ സഹായം അടിയന്തരമായി എത്തിച്ചു നൽകേണ്ട ഈ വിഭാഗങ്ങൾക്ക് ഈ പദ്ധതി വഴിയുള്ള ധനസഹായം വിതരണം ചെയ്യുന്നതിന് സത്വരനടപടികൾ സ്വീകരിച്ചുവരികയാണ്.

വി-കെയർ പദ്ധതിയിലേയ്ക്കുള്ള ധനസമാഹരണത്തിന് പൊതുജനങ്ങൾ, ദേശീയ-അന്തർദ്ദേശീയ സ്ഥാപനങ്ങൾ എന്നിവരിൽനിന്നും സംഭാവന ലഭിക്കാൻ അവരെ പ്രേരിപ്പിക്കാൻ ബഹുമാനപ്പെട്ട അംഗങ്ങളുടെ സഹകരണവും പ്രതീക്ഷിക്കുന്നു.

## 4. സബ്കനാലുകളുടെയും ഫീൽഡ് ചാലുകളുടെയും നവീകരണം സംബന്ധിച്ച ശ്രീ. കെ. ഡി. പ്രസേനൻ, എം.എൽ.എ.-യുടെ സബ്മിഷന് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി നൽകിയ മറുപടി

കാർഷിക ജില്ലയായ പാലക്കാട്, നെൽകൃഷി സുഗമമായി നടത്തുന്നത് ജില്ലയിലെ ഡാമുകളുമായി ബന്ധിപ്പിച്ചിട്ടുള്ള കനാലുകളിലെ ജലവിതരണത്തെ ആശ്രയിച്ചാണ്. നാശോന്മുഖമായതും ഇടിഞ്ഞുപോയതുമായ ഭൂരിഭാഗം കനാൽ ശൃംഖലകളിലും മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയും ജലസേചന വകുപ്പും സംയുക്തമായി കർമ്മ പദ്ധതികൾ ആവിഷ്കരിച്ച് പുനരുദ്ധാരണ പ്രവൃത്തികൾ നിർവ്വഹിച്ചിട്ടുള്ളതാണ്. കനാലുകളുടെ പുനരുദ്ധാരണ പ്രവർത്തനങ്ങൾ സംബന്ധിച്ച് ഓരോ വർഷവും ജലസേചന വകുപ്പ് ആവശ്യമുന്നയിക്കാറുണ്ട്. ആവർത്തനസ്വഭാവമുള്ള പ്രവൃത്തികളാണ് അവർ പലപ്പോഴും നിർദ്ദേശിക്കുന്നത്.

എന്നാൽ കനാലുകളിലൂടെയുള്ള ജലവിതരണം സുഗമമാക്കുന്നതിനായി മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി മൈനർ, സബ് മൈനർ, ഫീൽഡ് ചാനൽ എന്നിവയുടെ പുനരുദ്ധാരണം ഒറ്റത്തവണ ഏറ്റെടുക്കുന്നതിനാണ് തൊഴിലുറപ്പ് പദ്ധതിയുടെ മാർഗ്ഗരേഖ അനുവദിക്കുന്നത്. ഇതിന്റെ ഭാഗമായി desilting, repair of minor cracks, land levelling, repairs of earthen embankment, raising and resurfacing of canal base, lining of canals എന്നീ പ്രവൃത്തികൾ സമഗ്ര പ്രവർത്തനമായാണ് ഏറ്റെടുക്കേണ്ടത്. ആവർത്തനസ്വഭാവമുള്ള കാടുവെട്ടൽ, ചെളി നീക്കംചെയ്യൽ തുടങ്ങിയ ഒറ്റയായുള്ള പ്രവൃത്തികളും ആവർത്തനസ്വഭാവമുള്ള പരിപാലന പ്രവർത്തനങ്ങളും (operation & maintenance) അനുവദനീയമല്ല. പാടശേഖരങ്ങളിലെ മൺകയ്യാലകൾ വർഷാവർഷം പുനർനിർമ്മിക്കുന്നതിനും ബലപ്പെടുത്തുന്നതിനും തൊഴിലുറപ്പ പദ്ധതിയുടെ മാർഗ്ഗരേഖപ്രകാരം സാധിക്കില്ല. കേന്ദ്രസർക്കാർ പുറപ്പെടുവിച്ചിട്ടുള്ള മാസ്റ്റർ സർക്കുലറിന്റെ ഖണ്ഡിക 7.5.7 പ്രകാരം പുതിയ ബണ്ടുകൾ നിർമ്മിക്കാനാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്. നിലവിലുള്ള

ബണ്ടുകളുടെ പുനർനിർമ്മാണപ്രവൃത്തികൾ ഏറ്റെടുക്കാൻ പാടില്ലെന്നും പ്രസ്തുത ഖണ്ഡികയിൽ വ്യക്തമാക്കിയിട്ടുണ്ട്.

തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട് ഏറ്റെടുക്കുന്ന പ്രവൃത്തികൾ ഉൾപ്പെടുത്തി കേന്ദ്രസർക്കാർ പുറപ്പെടുവിച്ച 2021-22-ലെ വാർഷിക മാസ്റ്റർ സർക്കുലറിലെ ഖണ്ഡിക 7.4.10, 7.5.7 എന്നിവ പ്രകാരമുള്ള വ്യവസ്ഥകൾക്ക് വിധേയമായി മാത്രമേ കനാൽ പ്രവൃത്തികളും ഭൂവികസന പ്രവൃത്തികളും ഏറ്റെടുക്കുന്നതിന് നിലവിൽ സാധിക്കുകയുള്ളൂ എന്നതിനാലാണ് മിഷൻ ഡയറക്ടർ 10.6.2022-ൽ പാലക്കാട് ജില്ലാ കോർഡിനേറ്റർക്ക് സ്പഷ്ടീകരണം നല്കിയിട്ടുള്ളത്. കേന്ദ്ര ഗ്രാമവികസന മന്ത്രാലയത്തിന്റെ മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിരുദ്ധമായി അത്തരം പ്രവൃത്തികൾ ഏറ്റെടുക്കുന്നപക്ഷം അത് സംസ്ഥാനത്തിന്റെ മൊത്തം പദ്ധതിപ്രവർത്തനത്തെ പ്രതികൂലമായി ബാധിക്കുന്നതാണ്. അങ്ങനെ സംഭവിച്ചാൽ അത് സംസ്ഥാനത്ത് തൊഴിലുറപ്പ് പദ്ധതിയെ ആശ്രയിച്ച് ജീവിക്കുന്ന 26 ലക്ഷം കുടുംബങ്ങളെയും പ്രതികൂലമായി ബാധിക്കും. കേന്ദ്ര മാർഗ്ഗനിർദ്ദേശപ്രകാരം നടപ്പിലാക്കുന്ന ഒരു പദ്ധതിയെന്ന നിലയിൽ തൊഴിലുറപ്പ് പദ്ധതിയിൽ സംസ്ഥാനത്തിന്റെ താല്പര്യങ്ങൾക്ക്

അനുസൃതമായ പ്രവൃത്തികൾ ഏറ്റെടുക്കാൻ നിലവിൽ വ്യവസ്ഥയില്ല എന്നത് വസ്തുതയാണ്. സംസ്ഥാനത്തിന്റെ പ്രത്യേകതകൾക്ക് അനുസരിച്ചുള്ള പ്രവൃത്തികൾകൂടി തൊഴിലുറപ്പ് പദ്ധതിയിൽ ഏറ്റെടുക്കുന്നതിന് കേന്ദ്രസർക്കാരിന്റെ അനുമതി ലഭ്യമാക്കുവാൻ ആവശ്യമായ നടപടികൾ സർക്കാർ സ്വീകരിക്കുന്നതാണ്.

## 5. കണ്ണമാലിയിൽ വില്ലേജ് ഓഫീസ് ആരംഭിക്കുന്നത് സംബന്ധിച്ച ശ്രീ. കെ. ജെ. മാക്സി, എം.എൽ.എ.-യുടെ സബ്മിഷന് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി നൽകിയ മറുപടി

എറണാകുളം ജില്ലയിലെ കൊച്ചി താലൂക്കിൽപ്പെട്ട കണ്ണമാലി ചെറിയകടവ് കേന്ദ്രീകരിച്ച് ഒരു പുതിയ വില്ലേജ് ഓഫീസ് അനുവദിക്കണമെന്ന ബഹുമാനപ്പെട്ട അംഗത്തിന്റെ ആവശ്യം ന്യായവും പ്രാധാന്യം അർഹിക്കുന്നതുമാണ്. എറണാകുളം ജില്ലയിലെ തെക്ക്-പടിഞ്ഞാറ് ഭാഗത്തായി ഏകദേശം 16 കിലോമീറ്റർ നീളത്തിലും ½ കിലോമീറ്റർ വീതിയിലും പടിഞ്ഞാറ് ഭാഗം കടലും കിഴക്കുഭാഗം കായലുമായി കിടക്കുന്ന കൊച്ചി താലൂക്കിൽപ്പെട്ട പ്രദേശങ്ങളാണ് ചെല്ലാനം, കണ്ണമാലി, ചെറിയകടവ്, കാട്ടിപ്പറമ്പ്, സൗദി എന്നിവ. ഈ പ്രദേശങ്ങളിൽ ചെല്ലാനം ഒഴികെയുള്ള മറ്റുഭാഗങ്ങൾ കൊച്ചി താലൂക്കിലെ കുമ്പളങ്ങി,

പള്ളുരുത്തി, രാമേശ്വരം എന്നീ വില്ലേജുകളിൽ ഉൾപ്പെട്ടുകിടക്കുന്നു. ആയതിനാൽ ഈ പ്രദേശങ്ങളിലെ ജനങ്ങൾക്ക് വിവിധ ആവശ്യങ്ങൾക്കായി വില്ലേജാഫീസുകളിൽ എത്തുന്നതിന് വളരെയധികം കഷ്ടപ്പാടും ഏറെ സാമ്പത്തിക ചെലവുണ്ടാകുകയും ചെയ്യുന്നുണ്ടെന്നത് വസ്തുതയാണ്. കൂടാതെ ഈ പ്രദേശങ്ങളിലുണ്ടാകുന്ന കടൽക്ഷോഭം ഉൾപ്പെടെയുള്ള പ്രകൃതിക്ഷോഭ നിവാരണപ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് നടത്തുന്നതിന് റവന്യൂ വകുപ്പിന് വളരെയധികം പ്രയാസം ഉണ്ടാകുകയും ചെയ്യുന്നുണ്ട്. കണ്ണമാലി ചെറിയകടവ് കേന്ദ്രീകരിച്ച് ഒരു പുതിയ വില്ലേജ് ആഫീസ് അനുവദിക്കുന്നപക്ഷം ഇത്തരത്തിലുള്ള വിഷയങ്ങൾ പരിഹരിച്ച് പൊതുജനത്തിന് മെച്ചപ്പെട്ട സേവനം ലഭ്യമാക്കാൻ സാധിക്കും. കണ്ണമാലി ചെറിയകടവ് കേന്ദ്രീകരിച്ച് ഒരു പുതിയ വില്ലേജ് അനുവദിക്കുകയാണെങ്കിൽ അത് സൗകര്യപ്രദമായിരിക്കുമെന്ന് എറണാകുളം ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. സംസ്ഥാനത്തെ വില്ലേജുകളിലെ വർദ്ധിച്ച ജനസംഖ്യയും ഭൂപ്രകൃതിയും പരിഗണിച്ച് അടിയന്തര പ്രാധാന്യം നൽകി വില്ലേജുകളുടെ വിഭജന നടപടികൾ തുടർന്നുവന്നിരുന്നു. എന്നാൽ സംസ്ഥാനത്തിന്റെ നിലവിലെ സാമ്പത്തികസ്ഥിതി മോശമായതിനാൽ വില്ലേജുകളുടെ വിഭജനം

സംസ്ഥാനത്തിന്റെ സാമ്പത്തികസ്ഥിതി കൂടുതൽ മോശമാകുന്നതിന് ഇടയാകുമെന്നതിനാൽ തൽക്കാലത്തേയ്ക്ക് മാറ്റിവച്ചിട്ടുള്ളതും ബഹുമാനപ്പെട്ട അംഗത്തിന്റേത് ഉൾപ്പടെയുള്ള പുതിയ വില്ലേജുകളുടെ രൂപീകരണം ഗ്രൂപ്പ് വില്ലേജുകളുടെ വിഭജനവുമായി ബന്ധപ്പെട്ട നടപടികളിൽ തീരുമാനമാകുന്ന മുറയ്ക്ക് പരിഗണിക്കുന്നതുമാണ്.

### 6. കഴക്കൂട്ടം സിവറേജ് പദ്ധതി സംബന്ധിച്ച ശ്രീ. കടകംപള്ളി സുരേന്ദ്രൻ, എം.എൽ.എ.-യുടെ സബ്മിഷന് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി നൽകിയ വിശദമായ മറുപടി

ബഹുമാനപ്പെട്ട അംഗം ഉന്നയിച്ചിട്ടുള്ള വിഷയം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുള്ളതാണ്. അമൃത് പദ്ധതിയിൽ ഉൾപ്പെടുത്തി ആമയിഴഞ്ചാൻതോടിന്റെ വശത്തുകൂടി സീവറേജ് പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിനെതിരെ സ്വകാര്യ വ്യക്തികൾ തിരുവനന്തപുരം അഡീഷണൽ മുൻസിഫ് കോടതി മുമ്പാകെ O.S. 603/22, O.S. 742/22, O.D. 743/22 എന്നീ കേസുകൾ ഫയൽ ചെയ്തിട്ടുണ്ട്. പ്രസ്തുത കേസുകളിൽ വാട്ടർ അതോറിറ്റിക്കൊപ്പം ബഹുമാനപ്പെട്ട അംഗവും ബന്ധപ്പെട്ട വാർഡ് കൗൺസിലറും പ്രതികളാണ്. എന്നാൽ സർക്കാരിനെയോ ജില്ലാ കളക്ടറെയോ പ്രതികളാക്കിയിട്ടില്ല. ആമയിഴഞ്ചാൻ തോടിന്റെ തെക്ക്

വശത്തുകൂടി സ്വീവേജ് പൈപ്പ് ലൈൻ സ്ഥാപിക്കാൻ ഉദ്ദേശിച്ചിട്ടുള്ള ഭൂമി കേസിലെ വാദികളുടെ ഉടമസ്ഥതയിലുള്ള സ്വകാര്യ ഭൂമിയാണെന്നും ആയതിനാൽ പ്രസ്തുത ഭൂമിയിൽ നിർമ്മാണപ്രവർത്തനങ്ങൾ നടത്തുന്നത് ശാശ്വതമായി നിരോധിക്കണമെന്നുള്ളതാണ് കേസിലെ ആവശ്യം.

ഇക്കാര്യത്തിൽ തിരുവനന്തപുരം ഭൂരേഖാ തഹസിൽദാർ റവന്യൂ രേഖകളുടെ അടിസ്ഥാനത്തിൽ പ്രദേശത്ത് വിശദമായ സ്ഥലപരിശോധന നടത്തിയിരുന്നു. സ്ഥലപരിശോധനയിൽ സെറ്റിൽമെന്റും ലഭ്യമായ സ്കെച്ചും പരിശോധിച്ചതിൽ പരാതിക്കാസ്പദമായ സ്ഥലം കടകംപള്ളി വില്ലേജിൽ സർവ്വെ നമ്പർ 1441-ൽപ്പെട്ട 2.03 ഏക്കർ ഭൂമിയിൽ ഉൾപ്പെട്ടുവരുന്നതാണ്. ഇതിനോട് ചേർന്ന സർവ്വെ നമ്പർ 1442 തോട് എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. സ്ഥലപരിശോധനയിലും സർവ്വെയിലും ടി തോട്, സർവ്വെ നമ്പർ 1441-ൽപ്പെട്ട സ്വകാര്യ ഭൂമിയിലേയ്ക്ക് കയറി, പ്രസ്തുത ഭാഗത്ത് തോടിന്റെ വീതി കൂടിയിട്ടുള്ളതായി പരിശോധനയിൽ റിപ്പോർട്ട് ചെയ്തിട്ടുള്ളതാണ്. ഇതിനെ തുടർന്ന് കേസിൽ സർക്കാരിനെ എതിർകക്ഷി ആക്കിയിട്ടില്ലെന്നും അതിനാൽ സർക്കാർ ഭൂമിയിൽ നിർമ്മാണപ്രവർത്തനങ്ങൾ നിരോധിക്കുന്നതിനായി ഫയൽ ചെയ്തിട്ടുള്ള

കേസിൽ സർക്കാരിനെ കൂടുതലായി പ്രതി ചേർക്കാൻ അഫിഡവിറ്റ് ഫയൽ ചെയ്യേണ്ടതാണെന്നും ജില്ലാ ഗവൺമെന്റ് പ്ലീഡർ ജില്ലാ കളക്ടറെ അറിയിച്ചിട്ടുണ്ട്.

ഈ സാഹചര്യത്തിൽ തഹസിൽദാറുടെ പ്രാഥമിക റിപ്പോർട്ടിൽ തർക്കസ്ഥലം സ്വകര്യസ്ഥലമാണെന്ന് റിപ്പോർട്ട് ചെയ്തിട്ടുണ്ടെങ്കിൽക്കൂടി ഒരു സർവ്വെ ടീമിനെ അടിയന്തരമായി നിയോഗിച്ച് ഭൂമിയുടെ ഉടമസ്ഥത സംബന്ധിച്ച വ്യക്തത വരുത്തി, സർക്കാർ ഭൂമിയാണെന്ന് കാണുന്നപക്ഷം കോടതിയിൽ സത്യവാങ്മൂലം സമർപ്പിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

7. <u>മൂതിക്കയം റെഗുലേറ്റർ-കം-ബ്രിഡ്ജിന്റെ നിർമ്മാണം സംബന്ധിച്ച ശ്രീ. മുഹമ്മദ് മുഹസിൻ, എം.എൽ.എ.-യുടെ സബ്മിഷന് ജലവിഭവ വകുപ്പുമന്ത്രി നൽകിയ മറുപടി</u>

കിഫ്ബി ധനസഹായത്തോടെ കെ.ഐ.ഐ.ഡി.സി. മുഖേന നിർമ്മാണം പുരോഗമിച്ചുവരുന്ന പദ്ധതിയാണ് മലപ്പുറം ജില്ലയിലെ മൂർക്കനാട് പഞ്ചായത്തിൽ ഭൂതപ്പുഴയ്ക്ക് കുറുകെയുള്ള മൂതിക്കയം റെഗുലേറ്റർ-കം-ബ്രിഡ്ജ് നിർമ്മാണ പദ്ധതി. പ്രസ്തുത റെഗുലേറ്റർ-കം-ബ്രിഡ്ജ് പാലക്കാട് ജില്ലയിലെ പട്ടാമ്പി നിയോജകമണ്ഡലത്തിൽ ഉൾപ്പെടുന്ന

തിരുവേഗപ്പുറ ഗ്രാമപഞ്ചായത്തിനെയും മലപ്പുറം ജില്ലയിലെ മങ്കട നിയോജകമണ്ഡലത്തിലെ മൂർക്കനാട് ഗ്രാമപഞ്ചായത്തിനെയും തമ്മിൽ ബന്ധിപ്പിക്കുന്നു. 18 മാസം പൂർത്തീകരണ കാലാവധിയുള്ള ടി പദ്ധതിയുടെ നിർമ്മാണപ്രവൃത്തികൾ പുരോഗമിച്ചുവരികയാണ്. 36 ശതമാനം പദ്ധതി പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്.

ജലസേചന വകുപ്പിന്റെ രൂപകൽപ്പനാ വിഭാഗമായ ഐ.ഡി.ആർ.ബി. റെഗുലേറ്റർ-കം-ബ്രിഡ്ജ് പ്രദേശത്തെ ഉയർന്ന ജലനിരപ്പ് +18.000 എന്നത് അടിസ്ഥാനമാക്കിയാണ് രൂപകൽപ്പന തയ്യാറാക്കിയത്. അതുപ്രകാരം പാലത്തിന്റെ അടിഭാഗത്തെ ലെവൽ +20.000 ആണ്. കഴിഞ്ഞ ആഴ്ചകളിലുണ്ടായ ശക്തമായ മഴയെത്തുടർന്നും കാഞ്ഞിരപ്പുഴ ഡാം തുറന്നതുമൂലവും പാലത്തിന്റെ അടിഭാഗം വരെ ജലനിരപ്പ് ഉയരുകയുണ്ടായി.

ഭാരതപ്പുഴയുടെ പ്രധാന പോഷകനദികളിൽ ഒന്നാണ് തൂതപ്പുഴ. മൂതിക്കയം റെഗുലേറ്റർ-കം-ബ്രിഡ്ജ് നിർമ്മാണപ്രദേശത്തുനിന്ന് ഏകദേശം 11 കിലോമീറ്റർ താഴെയാണ് തൂതപ്പുഴ ഭാരതപ്പുഴയിൽ ചേരുന്നത്. നിർമ്മാണത്തിലിരിക്കുന്ന പ്രവൃത്തി ആയതിനാലും ഭാരതപ്പുഴയിലേയ്ക്കുള്ള ജലത്തിന്റെ ഒഴുക്ക് തടസ്സപ്പെട്ടതുമൂലവും കഴിഞ്ഞ ആഴ്ചയിലുണ്ടായ മഴയിൽ

പ്രസ്തുത നിർമ്മാണ പ്രദേശത്ത് വളരെയധികം മണ്ണടിയുന്നതിന് സാധ്യതയുണ്ട്. ഇതുമൂലമായിരിക്കാം പാലത്തിന്റെ താഴ്ഭാഗം വരെ ജലനിരപ്പ് ഉയരാൻ ഇടയായത്. നിലവിൽ ജലനിരപ്പ് താഴ്ന്നിട്ടുണ്ട്. ഡിസിൽറ്റേഷൻ പ്രവൃത്തികൾ നടപ്പിലാക്കുന്നതിനാവശ്യമായ യന്ത്രങ്ങൾ ഉപയോഗിക്കാൻ പാകത്തിൽ ജലനിരപ്പ് എത്തിയാലുടൻ പ്രസ്തുത പ്രവൃത്തികൾ നടത്തി ജലത്തിന്റെ സുഗമമായ ഒഴുക്ക് ഉറപ്പാക്കുന്നതാണ്. പ്രസ്തുത പദ്ധതിയുടെ മുഴുവൻ പ്രവൃത്തികളും 2023 മേയ് 31-ന് പൂർത്തീകരിക്കുന്നതിനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

8. കാസർഗോഡ് ജില്ലയിലെ ചിത്താരി റഗുലേറ്റർ (ഉപ്പുവെള്ള പ്രതിരോധ തടയണ) നബാർഡ് സാമ്പത്തിക സഹായത്തോടെ നടപ്പിലാക്കുന്നതിനായി സമർപ്പിച്ച പ്രോജക്ടിന് അനുമതി ലഭ്യമാക്കിത്തരണമെന്നത് സംബന്ധിച്ച ശ്രീ. സി. എച്ച്. കുഞ്ഞമ്പു, എം.എൽ.എ.-യുടെ സബ്മിഷന് ജലവിഭവ വകുപ്പുമന്ത്രി നൽകിയ മറുപടി

കാസർഗോഡ് ജില്ലയിലെ ചിത്താരി പുഴയിൽ ഉപ്പുവെള്ളം കയറുന്നത് തടയുന്നതിനും അജാനൂർ, പള്ളിക്കര പഞ്ചായത്തുകളിലെ കൃഷിസ്ഥലത്ത് ജലസേചനത്തിനുംവേണ്ടി വിഭാവനം ചെയ്ത പദ്ധതിയാണ് ചിത്താരി ഉപ്പുവെള്ള പ്രതിരോധ റെഗുലേറ്റർ. നിലവിലുള്ള ഉപയോഗശൂന്യമായ റെഗുലേറ്റർ-കം-ബ്രിഡ്ജിന്റെ 270 മീറ്റർ മുകൾഭാഗത്തായിട്ടാണ് പുതിയ

റെഗുലേറ്റർ നിർദ്ദേശിക്കപ്പെട്ടിരിക്കുന്നത്. പദ്ധതി പൂർത്തിയാകുന്നതോടെ കിഴക്കേക്കര, പൂച്ചക്കാട്, മുക്കുട്, ചിത്താരി തുടങ്ങിയ പ്രദേശത്തെ 1095 ഹെക്ടറോളം സ്ഥലത്തെ കൃഷിക്ക് പ്രയോജനപ്പെടും. ഏകദേശം 865 ഗുണഭോക്താക്കൾക്ക് പദ്ധതിയുടെ പ്രയോജനം ലഭിക്കും. കൂടാതെ, നിർദ്ദിഷ്ട കോവളം-ബേക്കൽ ദേശീയ ജലപാതയുടെ ഭാഗമായി വരുന്നതിനാൽ ബോട്ടുകൾ കടന്നുപോകാനുള്ള നാവിഗേഷൻ ലോക്കോട്ടുകൂടിയാണ് പദ്ധതി തയ്യാറാക്കിയിട്ടുള്ളത്.

നബാർഡ് RIDF ട്രാഞ്ചെ XXVIII-ൽ ഉൾപ്പെടുത്തി അനുമതി ലഭ്യമാക്കുന്നതിനായി 33.28 കോടി രൂപയുടെ പുതുക്കിയ വിശദമായ പദ്ധതി റിപ്പോർട്ട് സർക്കാരിൽ ലഭ്യമായിട്ടുണ്ട്. ആയത് പരിശോധിച്ചുവരുന്നു. സങ്കേതികാനുമതി ലഭ്യമാക്കി നബാർഡ് ട്രാഞ്ചെ XXVIII-ലേയ്ക്ക് അയയ്ക്കാൻ നടപടി സ്വീകരിക്കുന്നതാണ്.

9. കുട്ടനാട്ടിലെ വെള്ളപ്പൊക്കം തടയുന്നതിന് നടപടി സ്വീകരിക്കണമെന്നത് സംബന്ധിച്ച ശ്രീ. തോമസ് കെ. തോമസ്, എം.എൽ.എ.-യുടെ സബ്മിഷന് ജലവിഭവ വകുപ്പുമന്ത്രി നൽകിയ മറുപടി

കുട്ടനാട്ടിലെ ഫ്ലഡ് മുൻവർഷങ്ങളെ അപേക്ഷിച്ച് നിയന്ത്രണ വിധേയമാക്കുവാൻ ഈ വർഷം സാധിച്ചിട്ടുണ്ട്. തോട്ടപ്പള്ളി സ്പിൽവേ

മുഖാന്തരം അതിന്റെ ഒറിജിനൽ കപ്പാസിറ്റിയനുസരിച്ച് സെക്കന്റിൽ 1600 ഘനമീറ്റർ വെള്ളം കടത്തിവിടാൻ കഴിയുമായിരുന്നതിൽനിന്ന് തടസ്സങ്ങൾമൂലം സെക്കന്റിൽ ഏകദേശം 600 ഘനമീറ്ററായി കുറഞ്ഞു. ഇത് പമ്പ, മണിമല, അച്ചൻകോവിൽ നദികളിൽ നിന്നുള്ള വെള്ളം കടലിലേയ്ക്ക് സുഗമമായി ഒഴുകിപ്പോകുന്നതിന് തടസ്സമാകുകയും തൽഫലമായി കുട്ടനാട്ടിൽ വെള്ളപ്പൊക്കത്തിന് കാരണമാകുകയും ചെയ്തു. എന്നാൽ നിരവധി തടസ്സങ്ങൾ അതിജീവിച്ച് സ്പിൽവേയുടെ സമീപമുണ്ടായിരുന്ന ഏകദേശം 500-ൽപ്പരം അക്കേഷ്യ മരങ്ങൾ മുറിച്ചുമാറ്റി ആവശ്യമായ യന്ത്രങ്ങൾ ഉപയോഗിച്ച് ഇതുവരെ ഏകദേശം 2.5 ലക്ഷം ഘനമീറ്റർ അടിഞ്ഞുകൂടിയ മണൽ നീക്കം ചെയ്ത് ഒഴുക്ക് സുഗമമാക്കുകയും അപ്രകാരം സ്പിൽവേയുടെ ഒറിജിനൽ കപ്പാസിറ്റിയിലേയ്ക്ക് എത്തിച്ചേരുകയും ചെയ്തിട്ടുണ്ട്. ഇപ്രാവശ്യമുണ്ടായ മൺസൂണിലെ തീവ്രമഴയിൽപോലും കുട്ടനാട് ഭാഗത്ത് വെള്ളപ്പൊക്കം ഉണ്ടാകാതിരുന്നത് ഇതിന്റെ തെളിവാണ്. അതോടൊപ്പം സ്പിൽവേയുടെ ഷട്ടറുകൾക്ക് ആവശ്യമായ അറ്റകുറ്റപ്പണികൾ അടിയന്തരമായി ചെയ്ത് എല്ലാ ഷട്ടറുകളും പൂർണ്ണമായും പ്രവർത്തിക്കാവുന്ന അവസ്ഥയിലേയ്ക്ക് എത്തിച്ചിട്ടുണ്ട്. ഇതുകാരണം വേലിയേറ്റ സമയത്ത് ഉപ്പുവെള്ളം അകത്തേയ്ക്ക്

കയറുന്നത് ഒഴിവാക്കാനും തൽഫലമായുള്ള വെള്ളപ്പൊക്കം നിയന്ത്രിക്കുന്നതിനും സാധിക്കും. സ്പീൽവേയുടെ അപ്സ്ട്രീമിൽ പമ്പ, മണിമല, അച്ചൻകോവിൽ ആറുകളിൽ അടിഞ്ഞുകൂടിയ എക്കലും ചെളിയും പ്രത്യേക പ്രവൃത്തിയിലൂടെ ഇപ്പോൾ ഏകദേശം പൂർണ്ണമായി നീക്കം ചെയ്തിട്ടുണ്ട്. ഇതും പ്രസ്തുത നദികൾ കരകവിഞ്ഞ് വെള്ളപ്പൊക്കമുണ്ടാക്കുന്ന സാധ്യത ഗണ്യമായി കുറച്ചിട്ടുണ്ട്. കൈനകരി ഉൾപ്പെടെയുള്ള കുട്ടനാടിന്റെ വിവിധ കൃഷിയിടങ്ങളിൽ ഉചിതമായ ബണ്ട് കെട്ടി സംരക്ഷിക്കുന്നതിന് വിവിധ പ്രവൃത്തികൾക്ക് അംഗീകാരം നൽകി പുരോഗമിച്ചുവരുന്നു. തണ്ണീർമുക്കം ബാരേജിന്റെ ഇരുവശത്തും നീക്കം ചെയ്യുവാൻ ബാക്കിയുള്ള ബണ്ടിന്റെ അവശിഷ്ടങ്ങൾ ഉടൻ നീക്കം ചെയ്യുവാനുള്ള നടപടികളുടെ ഭാഗമായി അതിനെ സംബന്ധിച്ച് ബഹുമാനപ്പെട്ട ഹൈക്കോടതിയിലുള്ള കേസ് തീർപ്പാക്കാനുള്ള early posting petition ഫയൽ ചെയ്തിട്ടുള്ളതാണ്. ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ നിന്നുള്ള ഉത്തരവ് ഇക്കാര്യത്തിൽ അനിവാര്യമാണ്.

10. കടൽഭിത്തി നിർമ്മാണം സംബന്ധിച്ച ശ്രീ. എൻ. കെ. അക്ബർ, എം.എൽ.എ.-യുടെ സബ്മിഷന് ജലവിഭവ വകുപ്പുമന്ത്രി നൽകിയ മറുപടി

ഗുരുവായൂർ മണ്ഡലത്തിലെ എങ്ങണ്ടിയൂർ കടപ്പുറം പുന്നയൂർകുളം പഞ്ചായത്തിലെ രൂക്ഷമായ കടലാക്രമണം നേരിടുന്നതിന് താഴെപ്പറയുന്ന നടപികൾ സ്വീകരിച്ചിട്ടുണ്ട്. ഗുരുവായൂർ മണ്ഡലത്തിലെ കടപ്പുറം ഗ്രാമപഞ്ചായത്തിൽ 220 മീറ്റർ നീളത്തിൽ 28.75 ലക്ഷം രൂപയുടെ പോളിപ്രൊപ്പീലിൻ ബാഗ് ഉപയോഗിച്ചുള്ള ഒരു സംരക്ഷണഭിത്തിയുടെ നിർമ്മാണം (Urgent protection works to the seacoast using sand filled poly propylene bags for the length of 220 m. starting from 70m. north of CP 1388 towards south in Kadappuram Grama Panchayath) പൂർത്തീകരിച്ചിട്ടുണ്ട്. മഴക്കാല മുന്നൊരുക്കത്തിന്റെ ഭാഗമായി അടിയന്തര കടൽത്തീര സംരക്ഷണ പ്രവർത്തനങ്ങൾക്കുവേണ്ടി തൃശ്ശൂർ ജില്ലയ്ക്കായി GO (Rt) No. 418/2022/WRD dated 19.05.2022 പ്രകാരം 20 ലക്ഷം രൂപ അനുവദിച്ചതിനെ തുടർന്ന് " Urgent protection works to the seacoast using sand filled poly propylene bags for the length of 57 m. towards south from 150 m. south of CP 1388 in Kadappuram Grama Panchayath" എന്ന പ്രവൃത്തിക്ക് 7.44 ലക്ഷം രൂപയുടെ

സാങ്കേതികാനുമതി നൽകുകയും ടെണ്ടർ നടപടികൾ പൂർത്തിയാക്കി പ്രവൃത്തി സ്ഥലം കരാറുകാരന് കൈമാറുകയും ചെയ്തിട്ടുണ്ട്. പുന്നയൂർക്കുളം ഗ്രാമപഞ്ചായത്തിലെ കടൽഭിത്തി നിർമ്മാണത്തിനായി 425 ലക്ഷം രൂപയുടെ ഒരു പ്രവൃത്തിക്കായി 2022-23 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ (അനുബന്ധം II, Vol.II ക്രമ നം. 1632) 20% തുക വകയിരുത്തിയിട്ടുണ്ട്. ടി പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. ഭരണാനുമതിക്കായി നടപടി സ്വീകരിച്ചുവരുന്നു. പ്രസ്തുത പ്രദേശത്തെ കടലാക്രമണ പ്രതിരോധത്തിനായി 23 പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. ഫണ്ടിന്റെ ലഭ്യതയും പ്രവൃത്തിയുടെ മുൻഗണനയും അനുസരിച്ച് ടി പ്രവൃത്തികൾ ഏറ്റെടുത്ത് നടപ്പിലാക്കാവുന്നതാണ്.

## 11. തോട്ടം മേഖലയിലെ ശമ്പളപരിഷ്കരണം സംബന്ധിച്ച ശ്രീ. പി. എസ്. സുപാൽ, എം.എൽ.എ.-യുടെ സബ്മിഷന് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി നൽകിയ മറുപടി

1. 2019 ജനുവരി 1 മുതൽ പ്രാബല്യത്തിൽവരുത്തി മിനിമം വേതനം നിശ്ചയിച്ചിട്ടുണ്ട്. തോട്ടം മേഖലയിൽ മിനിമം വേതനം പുതുക്കി നിശ്ചയിക്കുന്നത് മൂന്നുവർഷം കൂടുമ്പോഴാണ്. മിനിമം വേതനം പുതുക്കി നിശ്ചയിക്കുന്നതിനുവേണ്ടി സംയുക്ത ട്രേഡ് യൂണിയൻ 2022 ജൂലൈ മാസം

ഡിമാൻഡ് നോട്ടീസ് നൽകിയിട്ടുണ്ട്. ആയതിൻപ്രകാരം പ്ലാന്റേഷൻ ലേബർ കമ്മിറ്റിയിൽ ചർച്ചകൾക്കുശേഷമാണ് വേതനം പുതുക്കി നിശ്ചയിക്കുന്നത്. ലേബർ കമ്മിറ്റി മീറ്റിംഗ് വിളിച്ച് കൂട്ടുന്നതിനുള്ള നടപടികൾ തൊഴിൽ വകുപ്പ് സ്വീകരിച്ചുവരുന്നുണ്ട്.

2. 1951-ലെ പ്ലാന്റേഷൻ ലേബർ ആക്ടിലേയും 1969-ലെ പ്ലാന്റേഷൻ ലേബർ റൂൾസിലെയും ചട്ടങ്ങൾ അനുശാസിക്കുന്ന വ്യവസ്ഥകൾ പാലിക്കുന്നതിനുവേണ്ടി പ്ലാന്റേഷന് ഇൻസ്പെക്ടർമാർ നിർദ്ദേശങ്ങൾ നൽകാറുണ്ട്. നിർദ്ദേശങ്ങൾ ലംഘിക്കുന്ന തോട്ടം ഉടമകൾക്കെതിരെ നടപടികൾ സ്വീകരിക്കാറുണ്ട്.

3. തോട്ടം മേഖലയിലെ ഭവനരഹിതരായ എല്ലാ തോട്ടം തൊഴിലാളികൾക്കും വീട് നിർമ്മിച്ചുനൽകുകയെന്ന സർക്കാർ പദ്ധതിയുമായി ബന്ധപ്പെട്ട് ഭവനം ഫൗണ്ടേഷന്റെ സഹകരണത്തോടെ തൊഴിൽ വകുപ്പ് പ്രാഥമിക സർവ്വേ നടത്തുകയുണ്ടായി. റിട്ടയർ ചെയ്തവരെ സംബന്ധിച്ച് സ്ഥലമോ വീടോ ഇല്ലാത്തവരായി 4303 പേരും സ്ഥലമുണ്ടായിട്ടും വീടില്ലാത്തവരായി 1045 പേരും നിലവിൽ ജോലിചെയ്യുന്നവരെ സംബന്ധിച്ച് സ്ഥലമുണ്ടായിട്ടും വീടില്ലാത്തവരായി 4715 പേരും സ്ഥലമോ

വീടോ ഇല്ലാത്തവരായി 22359 പേരുമുൾപ്പെടെ 32452 ഗുണഭോക്താക്കളെ കണ്ടെത്തുകയുണ്ടായി. പ്രസ്തുത ലിസ്റ്റ് ഭവനം ഫൗണ്ടേഷന് കൈമാറുകയും സർക്കാരിന്റെ ലൈഫ് മിഷൻ ലിസ്റ്റിനൊപ്പം പ്രത്യേക ലിസ്റ്റായി പരിഗണിക്കുന്നതിന് സർക്കാർ അംഗീകാരം നൽകിയിട്ടുള്ളതുമാണ്. ഭൂമി കണ്ടെത്തുവാൻ കഴിയാത്തതാണ് തോട്ടം മേഖലയിലെ ഭവനപദ്ധതിക്ക് വിഘാതമായി നിൽക്കുന്നത്. ഭൂമി വിട്ടുനൽകുന്നത് സംബന്ധിച്ച് തോട്ടം ഉടമകളുമായി ചർച്ചകൾ നടത്തിവരുന്നു. മൂന്നാർ മേഖലയിൽ ജോലിചെയ്യുന്ന സ്വന്തമായി സ്ഥലമുള്ള ഭവനരഹിതരായ തോട്ടം തൊഴിലാളികൾക്ക് 4 ലക്ഷം രൂപ വീതം ചെലവഴിച്ച് 400 ച.അടി വിസ്തീർണ്ണമുള്ള സ്വതന്ത്ര ഭവനങ്ങൾ നിർമ്മിച്ച് നൽകുവാൻ തീരുമാനിച്ചിട്ടുണ്ട്. ദേവികുളം താലൂക്കിൽ കുറ്റിയാർവാലി പഞ്ചായത്തിൽ തയ്യാറാക്കിയിട്ടുള്ള ഗുണഭോക്താക്കളുടെ ലിസ്റ്റിലുൾപ്പെട്ട 10 തോട്ടം തൊഴിലാളികൾക്ക് വീട് നിർമ്മിച്ച് കൈമാറിയിട്ടുള്ളതാണ്. കുളത്തുപ്പുഴയിലെ തിങ്കൾക്കരിക്കം വില്ലേജിൽ ആർ.പി.എൽ-ന്റെ കൈവശമുള്ള 5 ഏക്കർ സ്ഥലത്ത് കുളത്തുപ്പുഴ എസ്റ്റേറ്റിലുള്ള റീഹാബിലിറ്റേഷൻ പ്ലാന്റേഷൻ ലിമിറ്റഡിനുവേണ്ടി ഭവനം പ്രോജക്ട് ഓൺ

യുവർ ഓൺ ഹൗസിംഗ് സ്കീം നടപ്പിലാക്കാൻ തീരുമാനിക്കുകയും ഘട്ടം 1 ആയി 40 ഭവനങ്ങളുടെ നിർമ്മാണം M/s. കോസ്റ്റ്ഫോർഡിനെ ഏല്പിക്കുകയും ചെയ്തു. ഇരട്ടഭവന മാതൃകയിൽ 6 ഭവനങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങളും വീടുകളോട് ചേർന്നുള്ള ഭൂമി തയ്യാറാക്കൽ ജോലികളും പൂർത്തീകരിച്ച് ആർ.പി.എൽ.-ന് കൈമാറിയിട്ടുണ്ട്.

4. തോട്ടം മേഖലയിലെ പുനരുദ്ധാരണവുമായി ബന്ധപ്പെട്ട് റിട്ട. ജസ്റ്റിസ് കൃഷ്ണൻ നായർ കമ്മീഷന്റെ ശിപാർശ പ്രകാരം സർക്കാർ സമഗ്രമായ ഒരു തോട്ടം നയം രൂപീകരിച്ചിട്ടുണ്ട്. ഇടുക്കി, വയനാട് ജില്ലകളിലെ തോട്ടം മാനേജ്മെന്റുകളുടെ ഉടമസ്ഥതയിൽ തോട്ടം തൊഴിലാളികൾക്കുവേണ്ടി ഇടുക്കിയിൽ 3 ഗ്രൂപ്പ് ഹോസ്പിറ്റൽ, 42 ഗാർഡൻ ഹോസ്പിറ്റൽ, 22 ഡിസ്പെൻസറി, വയനാട് ജില്ലയിൽ 2 ഗ്രൂപ്പ് ഹോസ്പിറ്റൽ, 4 ഗാർഡൻ ഹോസ്പിറ്റൽ, 11 ഡിസ്പെൻസറി എന്നിവ പ്രവർത്തിച്ചുവരുന്നുണ്ട്. കേന്ദ്ര സർക്കാരിന്റെ പുതിയ സോഷ്യൽ സെക്യൂരിറ്റി കോഡിൽ തോട്ടം മേഖലയിൽക്കൂടി ഇ.എസ്.ഐ. പദ്ധതി നടപ്പിലാക്കുന്നതിനുള്ള വ്യവസ്ഥ ഉൾപ്പെടുത്തിയിട്ടുണ്ട്. ആയതിനാൽ കേന്ദ്ര സർക്കാർ സോഷ്യൽ സെക്യൂരിറ്റി

കോഡ് വിജ്ഞാപനം പുറപ്പെടുവിക്കുന്ന മുറയ്ക്ക് തോട്ടം തൊഴിലാളികൾക്ക് ഇ.എസ്.ഐ. പരിരക്ഷ ലഭിക്കുന്നതാണ്.

## 12. സ്പൈനൽ മസ്കുലാർ അട്രോഫി (SMA)രോഗ ചികിത്സ സംബന്ധിച്ച ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ, എം.എൽ.എ.-യുടെ സബ്മിഷന് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി നൽകിയ മറുപടി

സ്പൈനൽ മസ്കുലർ അട്രോഫി Type I തുടങ്ങി Type 4 വരെ നാലു തരത്തിലുള്ള വകഭേദങ്ങളായാണ് കണ്ടുവരുന്നത്. ജനിതക ഘടന, രോഗം പ്രകടമായി തുടങ്ങുന്ന പ്രായം, മറ്റു രോഗലക്ഷണങ്ങൾ എന്നിവ അനുസരിച്ചാണ് ഈ തരംതിരിവ് നടത്തിയിട്ടുള്ളത്. Type O (zero) എന്ന പുതിയ വകഭേദത്തെക്കുറിച്ചും ശാസ്ത്ര ജേർണലുകളിൽ പരാമർശമുണ്ട്. പൂർണ്ണമായി ചികിത്സിച്ച് ഭേദമാക്കുന്നതിനുള്ള മരുന്നുകൾ ലഭ്യമല്ലാത്തതിനാൽതന്നെ disease modifying agents എന്ന ഗണത്തിലുള്ള മരുന്നുകളോടൊപ്പം കൃത്യമായ പരിചരണം, ഫിസിയൊതെറാപ്പി, ജീവിതനിലവാരം മെച്ചപ്പെടുത്തുന്നതിനുതകുന്ന തെറാപ്പികൾ, Assistive devices കൊടുത്ത് സഹായിക്കുക തുടങ്ങിയ മാർഗ്ഗങ്ങളാണ് ലോകത്താകമാനം നൽകിവരുന്നത്.

സ്പൈനൽ മസ്കുലർ അട്രോഫിക്ക് നൽകുന്ന 18 കോടി രൂപയുടെ മരുന്ന് ജീൻ തെറാപ്പിയെന്ന നൂതന ചികിത്സാ രീതിക്കായാണ് ഉപയോഗിക്കുന്നത്. ഇത് ഇന്ത്യയിൽ ലൈസൻസ് ലഭിച്ചിട്ടില്ലാത്ത മരുന്നാണ്. അമേരിക്കയിലും ചില യൂറോപ്യൻ രാജ്യങ്ങളിലും മാത്രം നിയന്ത്രിത അനുവാദം (Conditional approval) ലഭിച്ചിട്ടുള്ളതും പൂർണ്ണമായും ഫലപ്രാപ്തിയുണ്ടാകുമെന്ന് തെളിവുകൾ ഒന്നുംതന്നെയുമില്ലാത്ത മരുന്നാണെന്ന് ശാസ്ത്ര ജേർണലുകളിൽ പരാമർശിച്ചിട്ടുള്ളതുമാണ്. രോഗബാധിതരായവർക്ക് മരുന്നുകൊണ്ടുള്ള ചികിത്സയോടൊപ്പം ഫിസിയോതെറാപ്പി, രോഗ തീവ്രതയുണ്ടാകുമ്പോൾ വേണ്ട ചികിത്സ ലഭ്യമാക്കുക തുടങ്ങി പല തരത്തിലുള്ള ചികിത്സകൾ നൽകേണ്ടതുണ്ട്. ഇതിനായി ദേശീയ rare disease policy 2021 മാനദണ്ഡങ്ങൾ അനുസരിച്ചുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. SMA രോഗത്തിന്റെ ചികിത്സയ്ക്ക് ഇന്ന് ലഭ്യമായ 3 മരുന്നുകളിൽ റെസ്ഡിപ്ലാം (Risdiplam) എന്ന മരുന്നിന് മാത്രമാണിന്ന് ഇന്ത്യയിൽ വില്പനയ്ക്ക് DCIG അംഗീകാരമുള്ളത്. അതിനാൽ പ്രിൻസിപ്പൽ സെക്രട്ടറി (ആരോഗ്യം) ചെയർമാനായി സർക്കാർ രൂപീകരിച്ച വിദഗ്ധ സമിതി പലവശങ്ങൾ പരിഗണിച്ച് ടി മരുന്ന് ചികിത്സയ്ക്കായി

ഉപയോഗിക്കുന്നതിനാണ് ശിപാർശ ചെയ്തിട്ടുള്ളത്. എസ്.എം.എ. ഉൾപ്പെടെയുള്ള അപൂർവ്വ രോഗങ്ങളുടെ ചികിത്സയ്ക്കായി ധനം സമാഹരിക്കുന്നതിന് ആരോഗ്യവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പേരിൽ ഒരു ബാങ്ക് അക്കൗണ്ട് സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയിൽ തുടങ്ങുകയും പ്രസ്തുത അക്കൗണ്ടിലേയ്ക്ക് കേരള സർക്കാർ എല്ലാ സാമ്പത്തിക വർഷവും 50 ലക്ഷം രൂപ ടി രോഗങ്ങളുടെ ചികിത്സയ്ക്കായി ലഭ്യമാക്കുകയും ചെയ്യുന്നുണ്ട്. നിലവിൽ പ്രസ്തുത അക്കൗണ്ടിൽ 32 കോടി രൂപയോളം വിവിധ ഉറവിടങ്ങളിൽ നിന്നായി ലഭിച്ചിട്ടുണ്ട്. തിരുവനന്തപുരം എസ്.എ.ടി. ആശുപത്രിയിൽ സർക്കാർ തലത്തിൽ ആദ്യമായൊരു SMA ക്ലിനിക് വിവിധ ചികിത്സാ വിഭാഗങ്ങളെ ഏകോപിപ്പിച്ച് ഈ സർക്കാരിന്റെ ആദ്യവർഷം തുടങ്ങിയിരുന്നു. ഇതിൽ പീഡിയാട്രിക് ന്യൂറോളജി, ജനറ്റിക്സ്, ഓർത്തോപീഡിക്സ്, പൾമണറി മെഡിസിൻ, ഫിസിക്കൽ മെഡിസിൻ & റീഹാബിലിറ്റേഷൻ എന്നീ വകുപ്പുകളിൽ നിന്നുള്ള വിദഗ്ധരെ ഉൾപ്പെടുത്തിയിട്ടുണ്ട്. എസ്.എം.എ. അസുഖവുമായി ബന്ധപ്പെട്ട് സർക്കാർ നൽകിയ പരസ്യത്തിന്റെ ഫലമായി ഇന്നത്തെ കണക്കനുസരിച്ച് 143 എസ്.എം.എ. രോഗബാധിതരിൽനിന്ന് അപേക്ഷ ലഭിക്കുകയുമുണ്ടായി.

എന്നാൽ ടി അപേക്ഷകരുൾപ്പെടെ മറ്റു രീതികളിൽ ശേഖരിച്ച ആകെ 175 എസ്.എം.എ. രോഗികളുടെ ലിസ്റ്റിൽനിന്നും 170 പേരെ ക്ലിനിക്കൽ പരിശോധനയ്ക്കായി വിളിച്ചിട്ടുണ്ട്. നിലവിലുള്ള ലഭ്യമായ അറിവനുസരിച്ച്, കൂടുതൽ ബുദ്ധിമുട്ടുകൾ തടയുന്നതിനും സ്ഥിരമായ വൈകല്യത്തിന് കാരണമാകാതിരിക്കുന്നതിനും എസ്.എം.എ. ഉള്ള കുട്ടികളെ പ്രാരംഭഘട്ടത്തിൽ ചികിത്സിക്കുകയെന്നതാണ് ഏറ്റവും പ്രധാനം. ഇത് കണക്കിലെടുത്ത് 5.4.2022 മുതൽ എസ്.എ.ടി. ഹോസ്പിറ്റലിൽ 0-18 വയസ്സിന് താഴെയുള്ള കുട്ടികളെയും കൂടാതെ എം.എസി.എച്ച്. കോട്ടയം, എം.സി.എച്ച്. കോഴിക്കോട് എന്നിവിടങ്ങളിൽ ഇതുവരെ പലഘട്ടങ്ങളിലായി 18 വയസ്സിന് മുകളിലുള്ളവരെയും പരിശോധനയ്ക്കായി വിളിച്ചിട്ടുണ്ട്. എസ്.എം.എ. ബാധിതരിൽ 170 പേരെ വിളിക്കുകയും 136 പേർ ക്ലിനിക്കൽ അസസ്സ്മെന്റിനായി ഹാജരാകുകയും ചെയ്തു (എസ്.എ.ടി. തിരുവനന്തപുരം 135/109, എം.സി.എച്ച്. കോട്ടയം 18/13, എം.സി.എച്ച്. കോഴിക്കോട് 17/14). കൂടാതെ ആദ്യം പരിശോധിച്ച 25 രോഗികളുടെ ക്ലിനിക്കൽ അസസ്സ്മെന്റിന്റെ റിപ്പോർട്ടും കമ്മിറ്റിക്ക് മുൻപാകെ സമർപ്പിച്ചിട്ടുണ്ട്. ഇതിൽ 25 പേരിൽ 22 എസ്.എം.എ. ടൈപ്പ് 1, 2

കുട്ടികൾക്ക് റിസ്ഡിപ്ലാം ചികിത്സയ്ക്ക് മുൻഗണന നൽകണമെന്നാണ് സാങ്കേതിക സമിതി ശിപാർശ ചെയ്തിട്ടുള്ളത്. ഇന്ത്യയിൽ ആദ്യമായി അപൂർവരോഗമായ സ്പൈനൽ മസ്കുലർ അട്രോഫി അസുഖം ബാധിച്ച് ചികിത്സ തേടുന്ന കുട്ടികൾക്ക് സൗജന്യമായി മരുന്ന് വിതരണം ചെയ്തു. സ്പൈനൽ മസ്കുലർ അട്രോഫി അസുഖത്തിന് നിലവിൽ ഇന്ത്യയിൽ ലഭ്യമായ ഏക മരുന്നാണ് റെസ്ഡിപ്ലാം (Risdiplam). ക്രൗഡ് ഫണ്ടിംഗ് മുഖേന മരുന്നുകളും സർക്കാർ ഫണ്ട് മുഖേന ചികിത്സയ്ക്ക് വേണ്ട അനുബന്ധ സൗകര്യങ്ങളും ഒരുക്കിയിരുന്നു. 14 കുട്ടികൾക്ക് ഒരു vial-ന് 6 ലക്ഷംരൂപ വീതം വിലവരുന്ന മരുന്നുകളാണ് നൽകിയത്. കോഴിക്കോട് ഒരു സ്വകാര്യ ആശുപത്രിയിൽ അത്യാസന്ന നിലയിൽ കഴിഞ്ഞിരുന്ന ഈ ലിസ്റ്റിൽ ഉൾപ്പെട്ട 11 മാസം പ്രായമുള്ള പെൺകുഞ്ഞിന് 2022 ജൂലൈ മാസം അഞ്ചാം തീയതി മരുന്ന് ആശുപത്രിയിൽ എത്തിച്ച് നൽകുകയുണ്ടായി. 21 കുട്ടികൾക്കാണ് ആദ്യഘട്ടത്തിൽ മരുന്ന് നൽകാൻ തീരുമാനിച്ചത്. രണ്ട് കുട്ടികൾക്ക് കഴിഞ്ഞ ദിവസം തിരുവനന്തപുരം എസ്.എ.ടി. ആശുപത്രിയിൽ വച്ച് മരുന്ന് നൽകിയിരുന്നു. 12 കുട്ടികൾക്ക് അവരുടെ സൗകര്യമനുസരിച്ച് കോഴിക്കോട്വച്ച് മരുന്ന് നൽകാൻ

തീരുമാനിക്കുകയായിരുന്നു. കോഴിക്കോട് മെഡിക്കൽ കോളേജ് മാതൃ-ശിശു സംരക്ഷണ കേന്ദ്രത്തിൽ പ്രത്യേക മെഡിക്കൽ ക്യാമ്പുകൾ നടത്തിയാണ് ഈ കുട്ടികൾക്ക് മരുന്നുകൾ നൽകിയത്.

13. പൊന്നാനിയിലെ പുനർഗേഹം പദ്ധതി സംബന്ധിച്ച ശ്രീ. പി. നന്ദകുമാർ, എം.എൽ.എ.-യുടെ സബ്മിഷന് മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി നൽകിയ മറുപടി

തീരദേശത്ത് വേലിയേറ്റ രേഖയിൽ നിന്നും 50 മീറ്റർ പരിധിക്കുള്ളിൽ അധിവസിക്കുന്ന മുഴുവൻ കുടുംബങ്ങളേയും സുരക്ഷിത മേഖലയിൽ പുനരധിവസിപ്പിക്കുന്നതിനായി നടപ്പാക്കി വരുന്ന 2,450 കോടി രൂപയുടെ ബൃഹദ് പദ്ധതിയാണ് പുനർഗേഹം. കടലാക്രമണ ഭീതിയിൽ കഴിയുന്ന മുഴുവൻ കുടുംബങ്ങളേയും സുരക്ഷിത മേഖലയിൽ പുനരധിവസിപ്പിക്കുന്നതിലൂടെ അവരുടെ ജീവനും സ്വത്തിനും സുരക്ഷ ഉറപ്പാക്കാനുള്ള ഈ പദ്ധതിക്ക് 1,398 കോടി രൂപ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നാണ് കണ്ടെത്തുന്നത്. ഫിഷറീസ് വകുപ്പ് 2018-ൽ നടത്തിയ സർവ്വേയുടെ അടിസ്ഥാനത്തിൽ കണ്ടെത്തിയ 18685 കുടുംബങ്ങളും അപ്പീൽ അപേക്ഷകളിൽ പരിഗണിക്കപ്പെട്ടവരും ഉൾപ്പെടെ ആകെ 20908 കുടുംബങ്ങളാണ് ഗുണഭോക്താക്കൾ. സർവ്വേപ്രകാരം മലപ്പുറം

ജില്ലയിൽ വേലിയേറ്റ രേഖയിൽനിന്ന് 50 മീറ്റർ പരിധിക്കുള്ളിൽ അധിവസിക്കുന്നവരായി കണ്ടെത്തിയ 1806 കുടുംബങ്ങളിൽ സുരക്ഷിത മേഖലയിലേയ്ക്ക് മാറിത്താമസിക്കാൻ സന്നദ്ധത അറിയിച്ചിട്ടുള്ള 1049 ഗുണഭോക്താക്കളുണ്ട്. ആയതിൽ 356 ഗുണോഭോക്താക്കൾ കണ്ടെത്തിയ ഭൂമിയുടെ വില ജില്ലാതല മോണിറ്ററിംഗ് കമ്മിറ്റി അംഗീകരിക്കുകയും 206 ഗുണോഭോക്താക്കൾ ഭൂമി രജിസ്ട്രേഷൻ നടപടികൾ പൂർത്തിയാക്കുകയും 103 കുടുംബങ്ങൾ ഭവന നിർമ്മാണം പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ, പൊന്നാനിയിൽ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിന്റെ അധീനതയിലുള്ള സ്ഥലത്ത് 12.8 കോടി രൂപ ചെലവിൽ കെട്ടിടസമുച്ചയം നിർമ്മിച്ച് 128 കുടുംബങ്ങളെ പുനരധിവസിപ്പിച്ചുകഴിഞ്ഞു. പൊന്നാനി ഫിഷിംഗ് ഹാർബറിനുസമീപം നിലവിൽ നിർമ്മിച്ച് കൈമാറിയ " നിള " ഫ്ലാറ്റിനോട് ചേർന്ന് phase -II ആയി 100 ഫ്ലാറ്റുകൾ കൂടി നിർമ്മിക്കുന്നതിന് 13.6 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ആയതിന്റെ സാങ്കേതികാനുമതിക്കുള്ള എസ്റ്റിമേറ്റ് തുറമുഖ എഞ്ചിനീയറിംഗ് വകുപ്പ് പരിശോധിച്ചുവരുന്നു. സാങ്കേതികാനുമതി ലഭ്യമാക്കി ഫ്ലാറ്റ് നിർമ്മാണം അടിയന്തരമായി തുടങ്ങുന്നതിന് സത്വര നടപടികളാണ് സ്വീകരിച്ചുവരുന്നത്.

ഒന്നാംഘട്ട ഫ്ലാറ്റ് നിർമ്മാണം പൂർത്തീകരിച്ചെങ്കിലും വാട്ടർ അതോറിറ്റി മുഖേന കണക്ഷൻ കൊടുക്കുന്ന പ്രവൃത്തിയും സീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് നിർമ്മാണവും സൈഡ് ഡ്രെയിൻ നിർമ്മാണവും പൂർത്തിയാക്കാനുണ്ട്. ഈ പ്രവൃത്തികൾ പൂർത്തീകരിച്ചതിനുശേഷം മാത്രമെ ചുറ്റുമതിൽ നിർമ്മിക്കുവാൻ കഴിയുകയുള്ളൂ. സീവേജ് ട്രീറ്റ്മെന്റ് പ്ലാന്റിനുവേണ്ടി ലഭിച്ച പ്രൊപ്പോസലുകൾ പരിഗണനയിലാണ്. ഫ്ലാറ്റിനടുത്തുള്ള ഹാർബറിലെ കെട്ടിടത്തിൽ ഷോപ്പിംഗ് സൗകര്യം ഒരുക്കുന്നതിനുള്ള നടപടിയും സ്വീകരിച്ചുവരുന്നു.

## 14. പൊൻകുന്നം കെ.എസ്.ആർ.ടി.സി. ഡിപ്പോയുടെ പ്രവർത്തനം സംബന്ധിച്ച ഡോ. എൻ. ജയരാജ്, എം.എൽ.എ.-യുടെ സബ്മിഷന് ഗതാഗത വകുപ്പുമന്ത്രി നൽകിയ മറുപടി

1. പൊൻകുന്നം ഡിപ്പോയിൽ നിന്നുമുണ്ടായിരുന്ന 5 ചെയിൻ സർവ്വീസുകളിൽ 3 എണ്ണം നിലവിൽ പൊൻകുന്നം-പത്തനംതിട്ടയായി ഓപ്പറേറ്റ് ചെയ്യുന്നുണ്ട്. കൂടാതെ പൊൻകുന്നം യൂണിറ്റിൽനിന്നും 9-ഉം പാല യൂണിറ്റിൽനിന്നും 6-ഉം ഉൾപ്പെടെ ആകെ 15 സർവ്വീസുകൾ പൊൻകുന്നം-പാല റൂട്ടിലൂടെ സർവ്വീസ് നടത്തിവരുന്നു.
2. പൊൻകുന്നം ഡിപ്പോയിൽനിന്ന് മുണ്ടക്കയം-കോട്ടയം റൂട്ടിൽ 12 ഷെഡ്യൂളുകളിലായി 21 ട്രിപ്പ് നടത്തുന്നുണ്ട്.

3. പൊൻകുന്നം-വെള്ളരിക്കുണ്ട്-പരപ്പ റൂട്ടിൽ സർവ്വീസ് ലാഭകരമല്ലാത്തതിനാൽ നിർത്തലാക്കുകയുണ്ടായി.

മൂവാറ്റുപുഴ-പുനലൂർ സംസ്ഥാന പാതയിലൂടെ നിലവിലുള്ള ട്രാഫിക് ഡിമാന്റ് നിറവേറ്റുന്നതിന് പര്യാപ്തമായ തരത്തിൽ 58 അന്തർജില്ലാ സർവ്വീസുകൾ നടത്തുന്നുണ്ട്.

നഷ്ടത്തിലോടുന്ന റൂട്ടുകളിൽ സർവ്വീസുകൾ നടത്തുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ തയ്യാറാകുന്നപക്ഷം ഡീസൽ ഒഴികെ മറ്റെല്ലാ ചെലവുകളും കെ.എസ്.ആർ.ടി.സി. വഹിക്കുന്ന "ഗ്രാമവണ്ടി" പദ്ധതിയിലുൾപ്പെടുത്തി കൂടുതൽ സർവ്വീസുകൾ ആരംഭിക്കാൻ തയ്യാറാണ്. 29-ന് പാറശ്ശാല കൊല്ലയിൽ പഞ്ചായത്തിൽ ഗ്രാമവണ്ടി പദ്ധതി ഉദ്ഘാടനം ചെയ്യും. തുടർന്ന് സംസ്ഥാനത്തിന്റെ വിവിധ പ്രദേശങ്ങളിൽ ഗ്രാമവണ്ടി ആരംഭിക്കും.

കെ.എസ്.ആർ.ടി.സി-യുടെ പുനരുദ്ധാരണത്തെക്കുറിച്ച് പ്രൊഫ. സുശീൽ ഖന്ന 2017-ൽ സമർപ്പിച്ച റിപ്പോർട്ടിനെ അടിസ്ഥാനമാക്കി ഭരണപരവും അക്കൗണ്ട്സ് സംബന്ധവുമായ നടപടികൾ ജില്ലാടിസ്ഥാനത്തിൽ സ്വീകരിക്കുന്നതിന് 93 ഓഫീസുകളെ പതിനഞ്ച്

ജില്ലാ ഓഫീസുകളായി കുറച്ച് ജൂലൈ 18-ന് പ്രവർത്തനം തുടങ്ങി. പൊൻകുന്നം യൂണിറ്റിലെ ഭരണവും അക്കൗണ്ട്സുമായി ബന്ധപ്പെട്ട സംവിധാനങ്ങൾ മാത്രമാണ് ജില്ലാ ഓഫീസിലേയ്ക്ക് മാറ്റിയത്. നിലവിൽ പൊൻകുന്നം യൂണിറ്റിലെ സർവ്വീസ് ഓപ്പറേഷൻ, T&C സംവിധാനം, കൺസഷൻ, പാസ് ഉൾപ്പെടെയുള്ള കാര്യങ്ങൾ പ്രസ്തുത യൂണിറ്റിൽതന്നെ പ്രവർത്തിക്കുന്നുണ്ട്. പൊൻകുന്നം കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ പൊതുജനങ്ങൾക്കുകൂടി ഉപകാരപ്രദമായ രീതിയിൽ യാത്രാ ഫ്യുവൽ Retail Outlet ആക്കി മാറ്റുന്നതിനുള്ള പ്രാരംഭഘട്ട പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. നിർമ്മാണത്തിന് തടസ്സമായി നിൽക്കുന്ന മരങ്ങൾ മുറിച്ചുമാറ്റുന്നതിന് Social Forestry Department-ന്റെ അനുമതിക്കായി കത്ത് നൽകിയിരിക്കുകയാണ്. ബഹുമാനപ്പെട്ട എം.എൽ.എ.കൂടി മുൻകയ്യെടുത്ത് അനുമതി ലഭ്യമാക്കിയാൽ Retail Outlet-ന്റെ നിർമ്മാണപ്രവർത്തനങ്ങൾ ആരംഭിക്കുന്നതാണ്.